# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂലൈ 4, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്ജ്

**ശ്രീ. ജി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

748/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....29

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...83

**II തിരുത്തിയ ഉത്തരം** ...390

**III അടിയന്തരപ്രമേയം**

ലോക്കപ്പ് മർദ്ദനം

(അവതരണാനുമതി നിഷേധിച്ചു) ...390

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) ലൈഫ് പദ്ധതിപ്രകാരമുള്ള ഭവന നിർമ്മാണം—

ശ്രീ. സി. കെ. ശശീന്ദ്രൻ ...409

(2) സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് —

ശ്രീ. പി.ജെ. ജോസഫ് ...411

**V സബ്മിഷൻ**

1. പോലീസ് മർദ്ദനം —

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...417

2. സഭാതർക്കം —

ശ്രീ. ആന്റണി ജോൺ

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ...419

3. പോലീസ് നടപടി —

ഡോ. എം. കെ. മുനീർ ...422

4. കോടതി സമുച്ചയം—

ശ്രീ. ആർ. രാമചന്ദ്രൻ ...423

| | പേജ് |
|---|---|
| 5. പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഫീസ് — | |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ...423 |
| 6. കോടതി കെട്ടിടനിർമ്മാണം— | |
| ശ്രീ. പി. ടി. എ. റഹീം | ...424 |
| 7. ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം— | |
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | ...424 |
| 8. ഇ-കോമേഴ്സ് ആരംഭിക്കൽ— | |
| ശ്രീ. ഐ.ബി. സതീഷ് | ...424 |
| 9. സ്റ്റീൽ ഫാക്ടറി— | |
| ശ്രീ. ബി. സത്യൻ | ...426 |
| 10. പുനരധിവാസം— | |
| ശ്രീ. വി.എസ്. ശിവകുമാർ | ...426 |
| 11. ഭൂമിയേറ്റെടുക്കൽ— | |
| ശ്രീ. പി. ഉണ്ണി | ...427 |
| 12. പട്ടയ വിതരണം— | |
| ഡോ. എൻ. ജയരാജ് | ...427 |
| 13. ഭൂമി സംബന്ധമായ പ്രശ്നങ്ങൾ— | |
| ശ്രീ. എ. പി. അനിൽ കുമാർ | ...428 |
| 14. കരം അടയ്ക്കുന്നതിലെ തടസ്സം— | |
| ശ്രീ. പി. സി. ജോർജ് | ...429 |
| 15. ഡിവിഷൻ ഓഫീസ്— | |
| ശ്രീ. ടി. വി. ഇബ്രാഹിം | ...430 |

പേജ്

16. കുടിവെള്ള പദ്ധതി—

ശ്രീ. പി. കെ. അബ്ദു റബ്ബ് ...430

17. മാറ്റിടാംപാറ സംരക്ഷിക്കൽ—

ശ്രീ. മുല്ലക്കര രത്നാകരൻ ...431

18. കയർ പ്രതിസന്ധി—

ശ്രീ. വി. ജോയി ...431

19. കന്യാസുരക്ഷാ പദ്ധതി—

ശ്രീമതി സി. കെ. ആശ ...434

20. ധനസഹായം—

ശ്രീ. സജി ചെറിയാൻ ...437

21. ഭരണാനുമതി—

ശ്രീ. ആർ. രാജേഷ് ...438

22. പച്ചത്തേങ്ങ സംഭരണം—

ശ്രീ. കെ. സി. ജോസഫ് ...439

23. കാർഷികവായ്പ എഴുതിത്തള്ളൽ—

ശ്രീ. മോൻസ് ജോസഫ് ...439

24. ജൂനിയർ ആർട്ടിസ്റ്റുകൾ—

ശ്രീ. കെ. ബി. ഗണേഷ് കുമാർ ...440

25. നിയമനം സ്ഥിരപ്പെടുത്തൽ—

ശ്രീ. ഡി. കെ. മുരളി ...442

26. റേഡിയോഗ്രാഫർ തസ്തിക—

ശ്രീ. എസ്. ശർമ്മ ...444

27. ട്രോമാകെയർ—

ശ്രീ. റ്റി. വി. രാജേഷ് ...445

*പേജ്*

28. സ്കൂൾ കൗൺസിലർമാരുടെ വേതനം—

ശ്രീ. എ. എൻ. ഷംസീർ ...446

29. തസ്തിക ഉയർത്തൽ—

ശ്രീ. കെ. ഡി. പ്രസേനൻ ...446

30. ആശാവർക്കർമാർ—

ശ്രീ. സി. കൃഷ്ണൻ ...447

31. സാമൂഹ്യാരോഗ്യ കേന്ദ്രം—

ശ്രീ. എം. വിൻസെന്റ് ...447

32. കൊല്ലം ബൈപ്പാസിലെ അപകടങ്ങൾ —

ശ്രീ. എം. നൗഷാദ് ...452

33. റോഡ് വികസനം—

ശ്രീ. റോജി എം. ജോൺ ...453

34. നാഷണൽ സ്കിൽ പാർക്ക്—

ശ്രീ. എം. രാജഗോപാലൻ ...454

35. ഐ.ടി.ഐ.—

ശ്രീ. സി. ദിവാകരൻ ...456

36. വള്ളംകളി മത്സരം —

ശ്രീ. എം. സ്വരാജ് ...456

37. ടൂർ പാക്കേജ്—

ശ്രീ. യു. ആർ. പ്രദീപ് ...458

38. സേവന വേതന വ്യവസ്ഥകൾ —

ശ്രീ. കെ. എൻ. എ. ഖാദർ ...459

39. കുടിവെള്ളപദ്ധതി—

ശ്രീമതി പി. അയിഷാ പോറ്റി ...461

പേജ്

40. യു. പി. സ്കൂളായി ഉയർത്തൽ—

ശ്രീ. കെ. ദാസൻ ...462

41. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം—

ശ്രീ. വി. പി. സജീന്ദ്രൻ ...463

42. നവീകരണ പ്രവർത്തനങ്ങൾ—

ശ്രീ. ബി. ഡി. ദേവസ്സി ...464

43. വനമേഖലയിലെ സർവ്വേ —

ശ്രീ. സി. കെ. ശശീന്ദ്രൻ ...466

44. ആർട്സ് ആന്റ് സയൻസ് കോളേജ്—

ശ്രീ. അബ്ദുൽ ഹമീദ്. പി. ...467

45. കേബിൾ വലിക്കുന്നതിന് വാടക—

ശ്രീ. മുരളി പെരുനെല്ലി ...468
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ** ...470
**VII റിപ്പോർട്ടുകളുടെ സമർപ്പണം** ...479

(i) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ...479

(ii) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ ...480

(iii) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ ...480

(iv) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് ...480

പേജ്

**VIII ക്രമപ്രശ്നം**

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ കൂട്ടുതൽ പരിഗണിക്കുന്നത് സംബന്ധിച്ച് —

ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...480

(2) ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച് —

ശ്രീ. പി. ടി. തോമസ് ...481

**റൂളിംഗ്** ...483

**IX ഗവൺമെന്റ് പ്രമേയം**

ആൾക്കൂട്ട കൊലപാതകങ്ങൾ ...487

**X നിയമനിർമ്മാണകാര്യം**

(1) 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും ...494

**XI അറിയിപ്പ്**

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച് ...510

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും ...510

**XII ക്രമപ്രശ്നം**

2019-ലെ കേരള ധനകാര്യ ബില്ലിൽ സെക്ഷൻ 33(എ) ഒഴിവാക്കുന്നത് സംബന്ധിച്ച് —

ശ്രീ. കെ. എൻ.എ. ഖാദർ ...531

**റൂളിംഗ്**

**നിയമനിർമ്മാണകാര്യം - തുടർച്ച** ...531

പേജ്

**XIII അവകാശലംഘന പ്രശ്നങ്ങൾ** ...632

**XIV പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച് ...633

**XV അവലോകനം** ...633

**അനുബന്ധം** ...638

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂലൈ 4, വ്യാഴം*

| വാല്യം 176] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 20 |
|---|---|---|

നിയമസഭ 2019 ജൂലൈ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...ഓർഡർ...ചോദ്യം നമ്പർ * 541... പ്ലീസ്... പ്ലീസ്

(3-7-2019-ന് നടന്ന കെ.എസ്.യു.-വിന്റെ സെക്രട്ടേറിയറ്റ് മാർച്ചിനിടെയുണ്ടായ ലാത്തിച്ചാർജ്ജിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്ലക്കാർഡുകളും ബാനറും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

### റവന്യൂ റിക്കവറി സംവിധാനത്തിലെ പരിഷ്കാരങ്ങൾ

1 (*541) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ റിക്കവറി സംവിധാനത്തിൽ കൊണ്ടുവന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) റവന്യൂ റിക്കവറി കേസ്സുകളുടെ കാര്യക്ഷമമായ നടത്തിപ്പിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റവന്യൂ റിക്കവറി തവണ അനുവദിക്കുന്നതിനുള്ള പ്രക്രിയ പൂർണ്ണമായും ഓൺലൈനാക്കിയിട്ടുണ്ടോ; ആയതിന്റെ ഗുണങ്ങൾ അറിയിക്കുമോ;

(ഡി) റവന്യൂ റിക്കവറി തവണ അനുവദിച്ച് കിട്ടുന്നതിന് തലസ്ഥാനത്തേയ്ക്ക് വരേണ്ടിവരുന്ന ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഇ) റവന്യൂ റിക്കവറി കേസ്സുകളിൽ ജില്ലാ കളക്ടർമാർക്കുള്ള അധികാരം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(എഫ്) റവന്യൂ റിക്കവറി തവണ സംബന്ധിച്ച് തഹസീൽദാർമാരുടെ അധികാരം എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) റവന്യൂ റിക്കവറി നടപടികളിൽ നിലനിന്നിരുന്ന കാലതാമസം ഒഴിവാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 1-1-2017 മുതൽ ആർ.ആർ. ഓൺലൈൻ നടപ്പിലാക്കിയിട്ടുണ്ട്. അർത്ഥനാധികാരികൾക്കും കുടിശ്ശികക്കാരനും ആർ.ആർ. നടപടിയുടെ സ്റ്റാറ്റസ് ആർ.ആർ. പോർട്ടലിലൂടെ വീക്ഷിക്കാവുന്നതാണ്. റവന്യൂ റിക്കവറി പ്രകാരം ലഭിക്കുന്ന തുക സ്വീകരിക്കുന്നതിനായി ReLIS e-payment സംവിധാനം ആർ.ആർ. ഓൺലൈൻ പോർട്ടലിലേയ്ക്ക് ഇന്റഗ്രേറ്റ് ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: ദയവായി ഇരിക്കൂ...വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ നമുക്ക് പ്രതിഷേധങ്ങൾ പ്രകടിപ്പിക്കാം. പ്ലീസ്...ഇരിക്കൂ...ഇരിക്കൂ....

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഇതുകൂടാതെ റവന്യൂ റിക്കവറി തുക വില്ലേജ് ഓഫീസുകളിൽ സൗകര്യപ്രദമായി അടവാക്കുന്നതിന് എല്ലാ വില്ലേജ് ഓഫീസുകളിലും e-POS മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 21-6-2019-ന് തിരുവനന്തപുരം താലൂക്ക് ഓഫീസിൽ വച്ച് നിർവ്വഹിച്ചിരിക്കുകയാണ്.

17-1-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഗഡുക്കൾ അനുവദിക്കാവുന്ന തുകയുടെ പരിധി ഉയർത്തുകയും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ rr.kerala.gov.in പോർട്ടലിലൂടെ റവന്യൂ മന്ത്രി, ജില്ലാ കളക്ടർ, തഹസീൽദാർ എന്നിവർക്ക് ഗഡുക്കൾ അനുവദിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവരെ സഹായിക്കുന്നതിനായി സർക്കാർ ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും 16-5-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിൽ അർഹരായവരുടെ വിദ്യാഭ്യാസ ലോണുകളിൽ റവന്യൂ റിക്കവറി നടപടികൾ തൽക്കാലത്തേയ്ക്ക്

നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ഇതിനുള്ള സംവിധാനമില്ലാത്തതിനാൽ ഇത്തരം കേസ്സുകളിൽ ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് 1-1-2018-ലെ കത്തുപ്രകാരം സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.ഐ.സി. മുഖാന്തരം rr.kerala.gov.in പോർട്ടലിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി റവന്യൂ റിക്കവറി ആക്ട് 1968-ലെ വിവിധ വകുപ്പുകൾ ഭേദഗതി വരുത്തണമെന്ന ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

<u>മി. സ്പീക്കർ</u>: ദയവായി ഇരിക്കൂ. അദ്ദേഹം ഉത്തരം പൂർത്തീകരിക്കട്ടെ.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: (ബി) ലാൻഡ് റവന്യൂ, റവന്യൂ റിക്കവറി ഇനങ്ങളിൽ പിരിവ് ഊർജ്ജിതമാക്കേണ്ടത് അനിവാര്യമായതിനാൽ ഓരോ സാമ്പത്തിക വർഷവും ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് നൽകാറുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ 15-5-2019-ലെ നടപടിക്രമം പ്രകാരം ലാൻഡ് റവന്യൂവിന് റിക്കവറി ഇനങ്ങളിൽ ജില്ലകൾക്ക് പ്രതിമാസ ടാർജറ്റ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. ടാർജറ്റിന് അനുസൃതമായി പിരിവ് കൈവരിക്കുന്നുണ്ടോയെന്ന് പ്രതിമാസം അവലോകനം ചെയ്തുവരുന്നുണ്ട്......(ബഹളം)......

<u>മി. സ്പീക്കർ</u>: പ്ലീസ്..പ്ലീസ്.... എന്താണ് ശ്രീ. പി. കെ. ബഷീർ? പ്രതിഷേധം പ്രകടിപ്പിക്കാൻ അടിയന്തരപ്രമേയമായിട്ടും സബ്മിഷനായിട്ടും എഴുതി നൽകിയിട്ടുണ്ട്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ഭൂനികുതി വരുമാനവും റവന്യൂ റിക്കവറി വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോടതികൾ അനുവദിച്ചു നൽകിയിട്ടുള്ള സ്റ്റേ റദ്ദാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് 20-9-2016-ൽ പരിപത്രം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത പരിപത്രത്തിൽ വിവിധ കോടതികളിൽ പെൻഡിംഗിലുള്ള സ്റ്റേ കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: എന്താണ്?....(ബഹളം).....അടിയന്തരപ്രമേയമായിട്ടും സബ്മിഷനായിട്ടും നിങ്ങൾ ഉന്നയിക്കുന്ന വിഷയങ്ങൾ എഴുതി നൽകിയിട്ടുണ്ടല്ലോ? പ്ലീസ്.... ഇരിക്കൂ...ഇരിക്കൂ....

(സി&ഡി) പൂർണ്ണമായും ഓൺലൈനാക്കിയിട്ടില്ല. റവന്യൂ റിക്കവറി കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തുകയുടെ സാമ്പത്തിക പരിധി ഉയർത്തി 17-1-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 20/2017/റവ. നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കുടിശ്ശിക തുകയ്ക്ക് ആനുപാതികമായി തഹസീൽദാർ, ജില്ലാ കളക്ടർ, റവന്യൂ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, മുഖ്യമന്ത്രി എന്നിവർക്ക് ഗഡുക്കളനുവദിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. rr.kerala.gov.in പോർട്ടലിൽ തഹസീൽദാർ, ജില്ലാ കളക്ടർ, റവന്യൂ വകുപ്പുമന്ത്രി എന്നിവർക്ക് ഗഡുക്കൾ അനുവദിക്കുന്നതിനുള്ള സംവിധാനം പൂർണ്ണമായും ഓൺലൈനായി ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നിവർക്ക് ഓൺലൈനായി ഗഡുക്കൾ അനുവദിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

റവന്യൂ റിക്കവറി കുടിശ്ശിക കേസ്സുകളിൽ ഗഡുക്കൾ അനുവദിക്കാവുന്ന തുകയുടെ പരിധി ഗണ്യമായി ഉയർത്തിയാൽ ഗഡുക്കൾ അനുവദിച്ച് കിട്ടുന്നതിനായി സമീപിക്കുന്നവരുടെ എണ്ണം കുറയ്ക്കാനും ജനങ്ങളുടെ പ്രത്യേകിച്ച്, വടക്കൻ ജില്ലയിലുള്ളവരുടെ പ്രായോഗിക ബുദ്ധിമുട്ട് കുറയ്ക്കാനും കഴിയുമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഗഡുക്കൾ അനുവദിക്കുന്നതിനുള്ള തുകയുടെ സാമ്പത്തിക പരിധി ഉയർത്തി 17-1-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 20/2017/റവ. നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളത്. ഇപ്രകാരം ഗഡുക്കൾ അനുവദിക്കാവുന്ന തുകയുടെ പരിധി ഗണ്യമായി ഉയർത്തിയതിനാൽ നിശ്ചിത കുടിശ്ശിക തുകയ്ക്ക് മുകളിലുള്ള കേസ്സുകളിൽ മാത്രം സർക്കാരിനെ സമീപിച്ചാൽ മതിയാകുന്നതാണ്. മാത്രമല്ല, ഓൺലൈൻ സംവിധാനത്തിലൂടെ ഗഡു ഉത്തരവ് അനുവദിച്ച് കഴിയുന്നതിനാൽ ബന്ധപ്പെട്ട അർത്ഥനയിൽ ഗഡു ഉത്തരവ് പ്രതിഫലിക്കുന്നതും ടി ഗഡു ഉത്തരവ് വിവരം ജില്ലാ കളക്ടർ, തഹസീൽദാർ, വില്ലേജ് ഓഫീസർ എന്നിവർക്ക് കാണാൻ സാധിക്കുന്നതുമാണ്. ഗഡു ഉത്തരവിന് വിപരീതമായി തുക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ സ്വമേധയാ ഗഡു ഇല്ലാതാകുന്നതും ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഇ) റവന്യൂ റിക്കവറി നിയമത്തിൽ കളക്ടർ, ജില്ലാ കളക്ടർ എന്നിവർക്ക് പ്രത്യേക അധികാരങ്ങൾ വിഭാവന ചെയ്തിരിക്കുന്നു. പ്രസ്തുത നിയമത്തിലെ 2 (സി) വകുപ്പനുസരിച്ച് കളക്ടറുടെ താഴെപ്പറയുന്ന അധികാരങ്ങൾ ജില്ലാ കളക്ടർമാർക്ക് മാത്രമേ വിനിയോഗിക്കാനാകൂ. അതായത് റവന്യൂ റിക്കവറി നിയമമനുസരിച്ച് കളക്ടറായി നിയോഗിപ്പിക്കപ്പെട്ട ഒരു ഉദ്യോഗസ്ഥന് ഈ അധികാരങ്ങൾ വിനിയോഗിക്കാനാകില്ല.

- കുടിശ്ശികക്കാരന്റെ വ്യാപാരം (ബിസിനസ്സ്) ജപ്തി ചെയ്ത് മാനേജ്മെന്റിൽ ഏറ്റെടുക്കുക (വകുപ്പ് 43) അനുസരിച്ചാണ്.

- കുടിശ്ശികക്കാരനെ അറസ്റ്റ് ചെയ്ത് തടങ്കലിൽ വയ്ക്കുക (വകുപ്പ് 65, 66) അനുസരിച്ചാണ്.
- 17-1-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 20/2017/റവ. നമ്പർ പ്രകാരം 1,00,000 (ഒരു ലക്ഷം) രൂപ വരെയുള്ള സർക്കാർ കുടിശ്ശികയ്ക്കും 2 ലക്ഷം രൂപ വരെയുള്ള ബാങ്ക് കുടിശ്ശികയ്ക്കും ജില്ലാ കളക്ടർക്ക് ഗഡുക്കൾ അനുവദിക്കാവുന്നതാണ്.

(എഫ്) 17-1-2017-ലെ സ.ഉ. (എംഎസ്.) നമ്പർ 20/2017/റവ. നമ്പർ പ്രകാരം 25,000 രൂപ വരെയുള്ള കുടിശ്ശികയ്ക്ക് പരമാവധി 10 ഗഡുക്കൾ തഹസീൽദാർക്ക് അനുവദിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ ചോദ്യോത്തരവേളയിൽ പ്രശ്നങ്ങളുണ്ടാക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യാറില്ല. പക്ഷേ ഇന്നലെയുണ്ടായ സംഭവം വളരെ ഗൗരവകരമാണ്. കെ.എസ്.യു. പ്രവർത്തകർ ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമാധാനപരമായ ജാഥയ്ക്കുനേരെയാണ് ലാത്തിച്ചാർജ്ജ് നടത്തിയത്. ഒരു കാലത്തും ചെയ്യാൻ പാടില്ലാത്ത തരത്തിലുള്ള ഭീകരമായ ലാത്തിച്ചാർജ്ജാണ് ഇന്നലെയുണ്ടായത്. പെൺകുട്ടികൾ അടക്കമുള്ളവരെയാണ് ഭീകരമായി മർദ്ദിച്ചിട്ടുള്ളത്. ആ വിഷയമാണ് ഞങ്ങൾ ഇവിടെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ഞാനത് സബ്മിഷനായി അവതരിപ്പിക്കാൻ എഴുതിത്തന്നിട്ടുണ്ട്. ആദ്യത്തെ സബ്മിഷനായി അങ്ങ് അനുവദിക്കണം.

മി. സ്പീക്കർ: അനുവദിച്ചിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ജനാധിപത്യ രാഷ്ട്ര സങ്കൽപ്പത്തെയാകെ ചോദ്യം ചെയ്യുന്ന ജനദ്രോഹപരമായ ഒരു കേന്ദ്ര നിയമമാണ് സർഫാസി ആക്ട്. തന്റേതല്ലാത്ത പ്രശ്നങ്ങൾകൊണ്ട് കിടപ്പാടംവരെ നഷ്ടമാകുന്ന ആളുകളുടെ ദയനീയ മുഖമാണ് കാണുന്നത്. സർഫാസി ആക്ട് പ്രകാരം ബാങ്കുകൾ കുടിശ്ശികക്കാരുടെ കിടപ്പാടം ജപ്തി ചെയ്യുന്നതിനെതിരെ സംസ്ഥാന സർക്കാരിന് എന്ത് നടപടി സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതു പോലെ ഇതൊരു കേന്ദ്ര നിയമമാണ്. അതിന്റെയടിസ്ഥാനത്തിൽ നടത്തുന്ന നടപടികൾ തടയുക എന്നത് സംസ്ഥാന സർക്കാരിന് വളരെ പ്രയാസമുള്ളതും സാദ്ധ്യമല്ലാത്തതുമാണ്. ജാമ്യവസ്തു ബാങ്ക് തന്നെ നേരിട്ട് കൈവശമെടുത്ത് വിൽപ്പന നടത്താനുള്ള വ്യവസ്ഥകളാണ് സർഫാസി നിയമത്തിലുള്ളത്. ഇതിന്റെ പേരിൽ ഒട്ടേറെ

വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രസ്തുത നിയമത്തിൽ 31-ാം വകുപ്പ് ഉചിതമായി ഭേദഗതി ചെയ്ത് വായ്പാ കുടിശ്ശികക്കാരന്റെ ഏക കിടപ്പാടം ആയിരം ചതുരശ്ര അടിയിൽ താഴെയാണെങ്കിൽ അത് ജപ്തി ചെയ്യാൻ പാടില്ലെന്ന രീതിയിൽ നിയമസഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിരിക്കുകയാണ്. കൂടാതെ സർഫാസി ആക്ടനുസരിച്ചുള്ള പ്രത്യാഘാതങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്ന തിനുവേണ്ടി എം.എൽ.എ.-മാരുടെ ഒരു കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എസ്. ശർമ്മ അദ്ധ്യക്ഷനായ അഡ്ഹോക് കമ്മിറ്റിയാണ് ഇതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. അതിൽ പതിനൊന്ന് അംഗങ്ങളുണ്ട്. ശ്രീമതി ഇ. എസ്. ബിജിമോൾ, സർവ്വശ്രീ ജെയിംസ് മാത്യു, മോൻസ് ജോസഫ്, എ. പ്രദീപ് കുമാർ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എസ്. ശർമ്മ, സി. കെ. ശശീന്ദ്രൻ, വി. ഡി. സതീശൻ, കെ. സുരേഷ് കുറുപ്പ്, എം. ഉമ്മർ, എൻ. വിജയൻ പിള്ള എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയമസഭ നിശ്ചയിച്ചിരിക്കുകയാണ്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് വരുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടപടി സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സർഫാസി ആക്ട് പ്രകാരമുള്ള പ്രത്യാഘാതങ്ങൾ പഠിക്കാനായി കമ്മിറ്റിയെ സർക്കാർ നിയോഗിച്ചത് നല്ല കാര്യമാണ്. സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിനുള്ള ഡിമാന്റ് നോട്ടീസ് വരുന്ന കേസ്സുകളിൽ വില്ലേജ് ഓഫീസർമാർ ഭൂനികുതി സ്വീകരിക്കുന്നില്ലെന്ന വ്യാപകമായ പരാതി നിലവിലുണ്ട്. ഇത് പരിഹരിക്കാനും ഇങ്ങനെ ക്രമവിരുദ്ധമായി പ്രവർത്തിക്കുന്ന ഓഫീസർമാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ജപ്തി നോട്ടീസ് അയയ്ക്കുന്നതിനെത്തുടർന്ന് കരമടയ്ക്കാൻ അനുവദിക്കുന്നില്ല എന്നുപറയുന്നത് നിയമാനുസൃതമല്ല. ജപ്തി നോട്ടീസ് അയച്ചാലും ഇത് അനുവദിക്കുന്നതിന് കുഴപ്പമില്ല. ലേലം നടക്കുന്നതിനുമുമ്പ് അതിലുള്ള ഏത് അവകാശവും അവർക്ക് ഇല്ലാതെ വരുന്നില്ല. അത്തരം നടപടികൾ എവിടെയെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ, അതായത്, ജപ്തിനടപടിക്ക് നോട്ടീസ് കൊടുത്തുവെന്ന ഒറ്റക്കാരണത്താൽ അവരുടെ കരം എടുക്കാതിരിക്കുകയോ രസീത് നൽകാതിരിക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടെങ്കിൽ അത്തരം നടപടികളെക്കുറിച്ച് തീർച്ചയായും പരിശോധിക്കും. അത്തരം നിലപാട് സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാരുണ്ടെങ്കിൽ അവർക്കെതിരെ കർശന നിലപാട് സ്വീകരിക്കും.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, സർഫാസി ആക്ട് നിലവിൽ വന്നതിനെ തുടർന്ന് ആർ.ആർ. നടപടികൾ വളരെയധികം കുറഞ്ഞിട്ടുണ്ടാകും. അതുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റവന്യൂ റിക്കവറി തുകയ്ക്ക് ഗഡുക്കൾ അനുവദിക്കുന്ന കാര്യത്തിൽ വളരെ ഉദാരമായ സമീപനം സ്വീകരിച്ചത് അഭിനന്ദനാർഹമാണ്, അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ബന്ധപ്പെട്ട വായ്പകളുടെ കാലാവധി എത്ര വർഷംവരെയാണ് ദീർഘിപ്പിച്ചതെന്ന് വിശദമാക്കാമോ; ബന്ധപ്പെട്ട വിഷയത്തിൽ വിദ്യാർത്ഥികൾ, ബാങ്കുകൾ, അതുപോലുള്ള സ്ഥാപനങ്ങൾക്കുള്ള റിക്കവറി എത്ര കാലത്തേയ്ക്കാണ് നീട്ടിയതെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, റവന്യൂ റിക്കവറിക്കുള്ള നോട്ടീസ് ലഭിക്കുന്ന തിനെത്തുടർന്ന് അതിന് ഗഡുക്കൾ അനുവദിക്കുന്നതിനും സ്റ്റേ ആവശ്യപ്പെട്ടുകൊണ്ടും ലഭിക്കുന്ന അപേക്ഷകളിൽ, സാധാരണഗതിയിൽ സർക്കാർ വായ്പകളുടെ കാര്യത്തിൽ രണ്ട് വർഷംവരെ അനുവദിക്കുന്നുണ്ട്. ബാങ്കുകളുടെ കാര്യത്തിലാണെങ്കിൽ മൂന്ന് വർഷംവരെ അനുവദിക്കുന്നുണ്ട്. എന്നുപറഞ്ഞാൽ 36 ഗഡുക്കൾ വരെ കൊടുക്കുന്നുണ്ട്. വിദ്യാഭ്യാസ വായ്പകളുടെ കാര്യത്തിലാണെങ്കിൽ 48 ഗഡുക്കൾ, അതായത് 4 വർഷംവരെ അനുവദിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി <u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, റവന്യൂ റിക്കവറി നടത്തുമ്പോൾ ലേലം പിടിക്കുന്ന വസ്തുവിന്റെ പണം ട്രഷറിയിൽ അടച്ച് വർഷങ്ങൾ കഴിഞ്ഞാലും ആധാരം രജിസ്റ്റർ ചെയ്തുകൊടുക്കുന്നില്ലെന്ന് പരാതി വരുന്നുണ്ട്. അതുകൊണ്ട് പലരും ലേലം പിടിക്കാൻ തയ്യാറാകുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അതിവേഗം ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതോടൊപ്പംതന്നെ റവന്യൂ റിക്കവറി നടപടികളിലൂടെ ജപ്തി ചെയ്ത വസ്തു ലേലത്തിൽ വിൽക്കുന്നതിനു മുമ്പായി പ്രസ്തുത വസ്തു വിറ്റ് കുടിശ്ശിക തീർക്കുന്നതിന് അവസരം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, നിലവിൽ അതിനുതന്നെ നിയമമുള്ളതാണ്. ജപ്തി നടപടികൾ പൂർത്തീകരിച്ചാലും ലേലം ചെയ്യുന്നതുവരെയുള്ള കാലയളവിൽ, ഏതാണ്ട് മൂന്ന് മാസക്കാലം അതിനാവശ്യമായ സാവകാശം നൽകുന്നുണ്ട്. ബന്ധപ്പെട്ട കക്ഷികളെ വിവരം അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ അവർക്ക് പണം ഒടുക്കി വസ്തു വീണ്ടെടുക്കാനുള്ള സാഹചര്യവും ഉണ്ടാകുന്നതാണ്. അതുപോലെ ബഹുമാന്യനായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച ആധാരം രജിസ്റ്റർ ചെയ്യാത്തതുമായി ബന്ധപ്പെട്ട വിഷയങ്ങൾ നേരത്തെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത് വരുന്ന മുറയ്ക്ക് അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, വളരെ പാവപ്പെട്ട ആളുകളുടെമേൽ ജപ്തി നടപടി സ്വീകരിക്കുകയും അവരുടെ സ്ഥലം പോകുകയും ചെയ്തു. എന്നാൽ അത് ലേലം ചെയ്യുന്ന സമയത്ത്, ആരും ഏറ്റെടുക്കാൻ തയ്യാറാകാതെ, വളരെ പാവപ്പെട്ടവരുടെ വീടിനും മറ്റും വില കിട്ടില്ലായെന്നതുകൊണ്ട് അത് ഗവൺമെന്റ് ഏറ്റെടുക്കാറുണ്ട്. അങ്ങനെ ഗവൺമെന്റ് ബോട്ട്-ഇൻ ലാന്റ് (bought-in land) ആയി ഏറ്റെടുത്ത സ്ഥലം കുറച്ചുകാലം കഴിഞ്ഞ് ഏതെങ്കിലും തരത്തിൽ ഈ പാവപ്പെട്ടവർക്കുതന്നെ തിരിച്ചുകിട്ടാനുള്ള സാദ്ധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാന്യനായ എം.എൽ.എ. ചൂണ്ടിക്കാണിച്ചുപോലെ, ലേലം വിളിക്കുമ്പോൾ എടുക്കാൻ ആരുമില്ലാത്ത സാഹചര്യം വന്നാൽ ബോട്ട്-ഇൻ ലാന്റായി സർക്കാരിൽ നിക്ഷിപ്തമാക്കുന്ന നടപടിയുണ്ട്. അത്തരം നടപടി സ്വീകരിച്ചുകഴിഞ്ഞാൽ സാധാരണഗതിയിൽ അവർ ഒടുക്കാനുള്ള സംഖ്യ പൂർണ്ണമായും ഒടുക്കുകയും നിശ്ചിത സമയത്തിനകത്ത്, അതായത്, രണ്ട് വർഷത്തിനകത്ത് പൂർണ്ണമായും ഒടുക്കിക്കഴിഞ്ഞാൽ അവർക്ക് അത് തിരിച്ചുകൊടുക്കാനുമുള്ള വ്യവസ്ഥയുണ്ട്. അതുമാത്രമല്ല, ചില സാഹചര്യത്തിൽ ഇതിന് കൺഫർമേഷൻ ലഭിക്കുന്നതുവരെയുള്ള കാലയളവുമുണ്ട്. അതിനകത്താണെങ്കിൽ വളരെ പെട്ടെന്നു തന്നെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. അതല്ലെങ്കിൽ രണ്ട് വർഷത്തിനിടയിലാകും. തുടർന്ന് അഞ്ച് വർഷത്തിനിടയിലാണെങ്കിൽ സർക്കാർ തലത്തിൽ ആലോചിച്ച് കാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതിനുപുറമെ, പല ബോട്ട്-ഇൻ ലാന്റായി എടുത്ത ഭൂമിയുടെ കാര്യത്തിൽ, ആളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അടയ്ക്കാനുള്ള സംഖ്യ പൂർണ്ണമായും അടച്ചു കഴിഞ്ഞുവെന്ന് ബോദ്ധ്യപ്പെട്ടാൽ ഭൂമി തിരിച്ചുകൊടുക്കാനുള്ള നടപടിയും കാബിനറ്റിന്റെ തീരുമാനത്തെത്തുടർന്ന് സ്വീകരിക്കുന്നുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്ന സമയത്തുതന്നെ റവന്യൂ റിക്കവറി നടപടികളുമായി റവന്യൂ അധികാരികൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഓരോ വില്ലേജ് ഓഫീസർക്കും ടാർജറ്റ് കൊടുത്തിരിക്കുകയാണ്. അവർ സാധാരണക്കാരെ സമ്മർദ്ദത്തിലാക്കുകയാണ്. മൂന്ന് സെന്റിലും നാല് സെന്റിലും താമസിക്കുന്നവരുടെ വീടുതന്നെ ജപ്തി ചെയ്യുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഒരു ഭാഗത്ത് എല്ലാവർക്കും വീട് നൽകുമെന്ന് പറയുകയും മറുഭാഗത്തുകൂടി രണ്ടും മൂന്നും സെന്റ് ഭൂമിയുള്ളവരെ വീട്ടിൽനിന്നും ഇറക്കിവിടുകയും ചെയ്യുന്നത് ശരിയല്ല. കടലാക്രമണംപോലുള്ള പ്രശ്നങ്ങൾകൊണ്ട് മത്സ്യത്തൊഴിലാളികളും കൃഷിക്കാരും ഇന്ന് പ്രതിസന്ധിയിലായിരിക്കുകയാണ്. ഈ സന്ദർഭത്തിൽ മൊറട്ടോറിയം ബാധകമായിട്ടുള്ള വിഭാഗങ്ങളുടെ റിക്കവറി നടപടികൾ നിർത്തിവയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, നേരത്തെ നൽകിയ മറുപടിയിൽ ചൂണ്ടിക്കാണിച്ചതു പോലെ പ്രളയാനന്തരകാലത്ത് ഇത്തരം റവന്യൂ റിക്കവറി നടപടികൾക്ക് യാതൊരു കാരണവശാലും നിർബന്ധം ചെലുത്തുന്ന ഒരു സ്ഥിതിയുണ്ടായിട്ടില്ല. മാത്രമല്ല, മൊറട്ടോറിയം പ്രഖ്യാപിച്ചിരിക്കുന്ന ഒരു ഘട്ടമെന്ന രീതിയിൽ ഈ സന്ദർഭത്തിൽ ജപ്തി നടത്തരുതെന്ന നിർദ്ദേശം തന്നെയാണ് പൊതുവിലുള്ളത്. ഏതെങ്കിലും പ്രത്യേക കേസുകൾ ഇത്തരം കാര്യത്തിൽ ചൂണ്ടിക്കാണിക്കാനുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കാവുന്നതാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ച ഏറ്റവും ശ്രദ്ധേയമായ നടപടിയാണ് തോട്ടം മേഖലയുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് പ്രഖ്യാപിച്ചത്. എന്നാൽ ആ പാക്കേജിന്റെ ഭാഗമായി പ്ലാന്റേഷൻ ടാക്സ്, അഗ്രിക്കൾച്ചറൽ ടാക്സ് അടക്കമുള്ള കാര്യങ്ങൾ ഒഴിവാക്കിക്കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചെങ്കിലും മുൻകാല പ്രാബല്യം കൊണ്ടുവരാൻ കഴിഞ്ഞില്ല. പത്തും ഇരുപതും വർഷത്തെ കുടിശ്ശിക പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ടുണ്ട്. ഈ കാര്യത്തിൽ അവർക്ക് തവണകൾനൽകി സഹായിക്കുകയോ അല്ലെങ്കിൽ അത് ഒഴിവാക്കിക്കൊടുക്കുന്നതിനെ സംബന്ധിച്ചോ ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ഇത്തരം കേസ്സുകളിൽ ആവശ്യമായ അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ ശ്രീമതി പ്രീത ഷാജിയുടെ പ്രശ്നം അഖിലേന്ത്യാതലത്തിൽ ശ്രദ്ധ പിടിച്ചുപറ്റിയ സംഭവമാണ്. ഭരണ-പ്രതിപക്ഷ എം.എൽ.എ.-മാരും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സംഭവസ്ഥലം സന്ദർശിക്കുകയും ബഹുമാനപ്പെട്ട സ്പീക്കർ അക്കാര്യത്തിൽ കാര്യമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ കോൺഫറൻസ് വിളിക്കുകയും വളരെ മനുഷ്യത്വപരമായ സമീപനം സ്വീകരിക്കുകയും ചെയ്തെങ്കിലും ഇത് സർഫാസി ആക്ടിൽ വരുമോ അതോ സാധാരണ രീതിയിലുള്ള റിക്കവറിയിൽ വരുമോ എന്നുള്ള നിയമപ്രശ്നങ്ങളാണ് അക്കാര്യത്തിൽ ഉടലെടുത്തത്. അത്യപൂർവ്വമായ ഇത്തരം ചില സംഭവങ്ങളുടെ പേരിൽ പല ആളുകളും കുടിയൊഴിപ്പിക്കപ്പെടുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന സ്ഥിതി കേരളത്തിൽ ഉണ്ടാകാറുണ്ട്. അഖിലേന്ത്യാ തലത്തിൽ പാർലമെന്റ് നിയമം പാസ്സാക്കിയിട്ടുണ്ട്. പക്ഷെ, അതിലും പെടില്ല, ഇതിലും പെടില്ല എന്നുള്ള സ്ഥിതിയാണുള്ളത്. ബാങ്കുകളുടെ ദുഷ്ടലാക്കോടുകൂടിയുള്ള സമീപനമാണിത്. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നിലപാടെടുക്കാനാണ് ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലുള്ള വിഷയങ്ങൾ നമ്മുടെ മുമ്പിൽ ഒരു വലിയ സാമൂഹിക പ്രശ്നമായി നിൽക്കുകയാണ്. സർഫാസി ആക്ടനുസരിച്ച് സ്വീകരിക്കുന്ന നടപടികളെ പ്രതിരോധിക്കാൻ കേന്ദ്ര നിയമമായതുകൊണ്ട് നമുക്ക് സാദ്ധ്യമാകാതെ പോകുന്നു വെന്നാണ് ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചത്. അതുപോലെ സാധാരണ റവന്യൂ ഡിപ്പാർട്ട്മെന്റിൽ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായുള്ളതാണെങ്കിൽ അത്തരം സാഹചര്യങ്ങൾ സ്റ്റേ ചെയ്യാനും ഗഡുക്കൾ അനുവദിക്കാനും, സ്വകാര്യ മേഖലയിലെ ബാങ്കുകൾ ഉൾപ്പെടെയുള്ളവ നേരിട്ട് നടത്തുന്ന നടപടികളെ സംബന്ധിച്ചും സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ചും പരിശോധിക്കാൻ ഗവൺമെന്റ് തലത്തിൽ തീരുമാനമെടുക്കേണ്ടതുണ്ട്.

ശ്രീ. ബി. സത്യൻ: സർ, സർഫാസി നിയമം പാർലമെന്റ് പാസ്സാക്കി നമ്മുടെ രാജ്യത്തും സംസ്ഥാനത്തും നടപ്പിലാക്കുകയാണ്. അതുവഴിയുണ്ടാകുന്ന പ്രയാസങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവന്നതിനെത്തുടർന്ന് അതിനായി ചില പ്രത്യേക നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് അതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ നിയമത്തിന്റെ എല്ലാ വശവും നമ്മുടെ നാട്ടിലെ സാധാരണക്കാരായ ആളുകൾക്ക് വ്യക്തമായി അറിയില്ല. ഒരു ലോൺ എടുത്തുകഴിഞ്ഞാൽ അറിഞ്ഞോ അറിയാതെയോ അവർ അതിന്റെ ഭാഗമായി മാറുന്നു. കിടപ്പാടം ഉൾപ്പെടെയുള്ളതെല്ലാം ബാങ്കിന്റെ/സ്ഥാപനത്തിന്റെ കൈവശം പോകുന്നു. ആ വസ്തുത അറിയാതെയാണ് പാവപ്പെട്ട ആളുകൾ അതിൽചെന്ന് ചാടുന്നത്. ഈ നടപടിക്രമങ്ങൾ ഒഴിവാക്കാൻ കഴിയുന്ന ഒരു എക്സംപ്ഷൻ ക്ലോസ് ഈ നിയമത്തിന്റെ ഭാഗമായി ഇല്ല, അത് ഉണ്ടാക്കിയെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് പ്രത്യേകമായി കഴിയുമോയെന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പാർലമെന്റ് പാസ്സാക്കിയ കേന്ദ്ര നിയമമെന്ന നിലയിൽ, ആവശ്യമായ നടപടികൾ നേരിട്ട് ബാങ്കുകൾക്കുതന്നെ സ്വീകരിക്കാനുള്ള സംവിധാനമാണ് നിലവിലുള്ളത്. അത്തരമൊരു സാഹചര്യത്തിൽ നിയമസഭ പൊതുവിൽ അംഗീകരിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുന്നത്, ആയിരം ചതുരശ്ര അടിയിൽ ഒതുങ്ങുന്ന ചെറിയ വീടുകളുൾപ്പെടെയുള്ള കിടപ്പാടങ്ങളെ ഒഴിപ്പിക്കാൻ പാടില്ല എന്നാണ്. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ ഒരു കമ്മിറ്റി ഇതിനായി രൂപീകരിച്ചിട്ടുണ്ട്, അവരുടെ റിപ്പോർട്ട് സ്വീകരിക്കുന്ന മുറയ്ക്ക് അക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരേണ്ട കാര്യങ്ങളും ഇതിൽ സ്വീകരിക്കാൻ കഴിയുന്ന നടപടികളെ സംബന്ധിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. പി. സി. ജോർജ്: സർ, 'സർഫാസി' നിയമം സംബന്ധിച്ച് പഠിക്കുന്നതിനായി എം.എൽ.എ.-മാരുടെ ഒരു കമ്മിറ്റിയെ നിയമിക്കുന്നുവെന്ന് കേട്ടപ്പോൾ എനിക്ക് സങ്കടം തോന്നി. ഈ നിയമം രാജ്യത്ത് ആവശ്യമാണോ? അതീവ സമ്പന്നന്മാർ ബാങ്കുകളിലെ പണം കൊള്ളയടിച്ചുകൊണ്ട് പോകാതിരിക്കാൻ ഈ നിയമം ആവശ്യമാണ്.

മി. സ്പീക്കർ: 'സർഫാസി' ആക്ട് പഠിക്കാൻവേണ്ടിയല്ല സമിതി അംഗങ്ങളെ നിയമിച്ചത്. അതിൽ ഇടപെടാൻ വേണ്ടിയാണ്.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ ജനങ്ങളോട് ചോദിച്ചാൽ എല്ലാപേർക്കും അറിയാവുന്ന കാര്യമാണ്. അതിനെപ്പറ്റി എന്തിനാണ് പഠിപ്പിക്കുന്നത്?

മി. സ്പീക്കർ: ആക്ട് പഠിക്കാൻ വേണ്ടി നിയമസഭാ സമിതിയെ നിയമിച്ചിട്ടില്ല, അതിൽ ഇടപെട്ട് അഭിപ്രായം രൂപീകരിക്കാനാണ്.

ശ്രീ. പി. സി. ജോർജ്: സർ, കേരളത്തിലെ ജനങ്ങൾക്ക് കാണാപ്പാഠമാണ്, അവർ അത് മുഴുവൻ പഠിച്ച് വച്ചിരിക്കുന്ന കാര്യമാണ്. സർഫാസി നിയമം കൊണ്ടുള്ള ബുദ്ധിമുട്ട് എന്താണെന്ന് കേരളത്തിലെ ജനങ്ങൾ നല്ലവണ്ണം പഠിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ ഒരംഗമാണ് ഞാൻ.

മി. സ്പീക്കർ: അത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വേണ്ടിയാണ് സമിതിയെ നിയമിച്ചത്.

ശ്രീ. പി. സി. ജോർജ്: സർ, നിയമിച്ചോളൂ, നല്ല കാര്യംതന്നെയാണ്, എനിക്ക് വിരോധമൊന്നുമില്ല. ഞാൻ പറയുന്നത്, ഈ വിഷയം സഭയിൽ തന്നെ എത്രപ്രാവശ്യം വന്നിട്ടുണ്ട്? ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രമേയം അവതരിപ്പിക്കുകയും എല്ലാവരുംകൂടി ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തതാണ്. സർഫാസി നിയമപ്രകാരം പാവപ്പെട്ടവരുടെ വിദ്യാഭ്യാസ ലോൺ, കാർഷിക കടങ്ങൾ, ചെറുകിട കച്ചവടക്കാരുടെ കടം എന്നിവയുണ്ട്. ഇരുപത് ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ നിയമത്തിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയാണ് വേണ്ടത്. അതല്ലാതെ ഇവിടത്തെ റിക്കവറി എങ്ങനെ നിർത്തലാക്കാൻ കഴിയും? അതുകൊണ്ട് ഈ നിയമത്തിൽ മാറ്റം വരുത്തുകയാണ് വേണ്ടത്. ഇരുപതുലക്ഷം രൂപ വരെയുള്ള കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുക മാത്രമല്ല, ഒരു കാരണവശാലും സർഫാസി നിയമത്തിൽ ഉൾപ്പെടുത്താൻ പാടില്ലായെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചോദിച്ച കാര്യങ്ങളെ സംബന്ധിച്ച് യാതൊരു തരത്തിലുള്ള തെറ്റിദ്ധാരണയുടെയും ആവശ്യമില്ല. എം.എൽ.എ.-മാരുടെ കമ്മിറ്റി രൂപീകരിച്ചത്, അതിനെക്കുറിച്ച് പഠിക്കാനല്ല, ആ നിയമത്തിന്റെ പരിധിക്കകത്തുനിന്നുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് എങ്ങനെ ഇടപെടാൻ കഴിയും, ഏതെല്ലാം കാര്യങ്ങളിൽ നമുക്ക് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യങ്ങൾ ഉന്നയിക്കാൻ സാധിക്കും എന്നതുസംബന്ധിച്ച് ഒരു പഠനം നടത്തി റിപ്പോർട്ട് നൽകാനാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം സ്വരൂപിച്ച് അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന് മുമ്പിൽ സമർപ്പിക്കുന്നതിന് പ്രശ്നമില്ല.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സർഫാസി നിയമത്തിന്റെ ആക്രമണത്തിന് ഇരയായിത്തീരുന്ന പാവപ്പെട്ടവരും അല്ലാത്തവരുമായ ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി, സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽനിന്നു കൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിൽ വരുന്ന പ്രശ്നങ്ങൾ മറികടക്കാൻ എന്തുനടപടി സ്വീകരിക്കണം എന്നതിന്റെ നാനാവശങ്ങളും വിശകലനം ചെയ്തുകൊണ്ട് പഠിക്കുന്നതിനാണ് കമ്മിറ്റിയെ നിയോഗിച്ചത്. കമ്മിറ്റിയെ നിയോഗിച്ച് ആദ്യ സിറ്റിംഗ് നടത്തി, രണ്ടാമത്തെ സിറ്റിംഗ് വയനാട്ടിൽ വച്ചുകൂടാൻ തീരുമാനിച്ചപ്പോഴാണ് കാലവർഷവും തെരഞ്ഞെടുപ്പും പോലുള്ള വിഷയങ്ങളുണ്ടായത്. അതുകഴിഞ്ഞ് കൂടാൻ നിശ്ചയിച്ചപ്പോഴാണ് നിയമസഭാ സമ്മേളനം കൂടാൻ തീരുമാനിച്ചത്. ഇപ്പോൾ വീണ്ടും ഞങ്ങളും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷനേതാക്കളും കൂടിയാലോചിച്ച് തീയതി തീരുമാനിക്കും. അതനുസരിച്ചുള്ള സിറ്റിംഗ് ആരംഭിക്കും. പക്ഷെ, അതിന്റെ ഫലമായുണ്ടായ ശ്രമത്തിന്റെ തുടർച്ചയിലും ഈ സഭയിൽ ഉയർന്നുവന്ന ചോദ്യത്തിന് മറുപടിയായി, സർഫാസി ആക്ടിൽനിന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ ഒഴിവാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയും അതനുസരിച്ച് നിർദ്ദേശം പോകുകയും ചെയ്തിട്ടുണ്ട്. അത് നല്ലൊരു റിലീഫാണ്. സഹകരണ മേഖലയിൽനിന്നും സർഫാസി നിയമത്തിന്റെ ഇരകളായി മാറുന്ന പാവങ്ങൾക്ക് സംരക്ഷണം കൊടുത്ത് അതിൽനിന്നും ഒഴിവാക്കുമെന്ന് പറയുന്നതു തന്നെ ഈ ഗവൺമെന്റ് ഗൗരവകരമായി പ്രശ്നങ്ങളെ കണ്ട് പരിഹരിക്കാൻ നടത്തിയ ഇടപെടലായി കണക്കാക്കുന്നില്ലേ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യം കഴിഞ്ഞ ദിവസം നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതാണ്. സർഫാസി നിയമത്തിന്റെ പരിധിയിൽനിന്നും സഹകരണ മേഖലയെ മോചിപ്പിക്കുന്നുവെന്ന് പറയുന്നത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമായിട്ടു തന്നെയാണ് ഞങ്ങൾക്ക് കാണാൻ കഴിയുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, സർഫാസി നിയമം, അടൽ ബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരുന്നപ്പോൾ പാർലമെന്റ് ചർച്ച ചെയ്യാതെ പാസ്സാക്കിയ ഒരു നിയമമാണ്. ഞാൻ എം.പി. ആയിരുന്ന കാലഘട്ടത്തിൽ ഇതിനെതിരെ.... (ബഹളം..) എന്താണ് സർ.....(ബഹളം..)

മി. സ്പീക്കർ: എന്താണെന്ന് എനിക്കും മനസ്സിലാകുന്നില്ല. എന്താണ് പ്രശ്നം?

ശ്രീ. പി. ടി. തോമസ്: വാജ്പേയിയെപ്പറ്റി സംസാരിക്കാൻ എന്നെ അനുവദിക്കില്ലേ? (ബഹളം..) നിങ്ങൾ രാവിലെ മുതൽ വൈകുന്നേരം വരെ ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കുമെതിരെ സംസാരിക്കുമല്ലോ; വാജ്പേയിയെപ്പറ്റി സംസാരിക്കാൻ സമ്മതിക്കാത്തതെന്താണ്?

മി. സ്പീക്കർ: അങ്ങ് ദയവായി അവരെ ശ്രദ്ധിക്കേണ്ട, ചെയറിനെ നോക്കി സംസാരിക്കൂ.

ശ്രീ. പി. ടി. തോമസ്: നിങ്ങൾ സംഘ് പരിവാറിനെതിരെ സംസാരിക്കുന്നുണ്ടെന്ന് പറയുന്നതെല്ലാം കാപട്യമാണ്. വാജ്പേയി ഗവൺമെന്റിന്റെ കാലത്ത് ചർച്ച ചെയ്യാതെ പാസ്സാക്കിയ ഒരു നിയമമാണിത്. ഞാൻ എം.പി. ആയിരുന്നപ്പോൾ....

മി. സ്പീക്കർ: നിങ്ങൾ അദ്ദേഹത്തെ fuel ചെയ്യരുതെന്ന് ഞാൻ എപ്പോഴും പറയാറുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, എനിക്ക് സംരക്ഷണം തരണം.

മി. സ്പീക്കർ : ഞാൻ അങ്ങേയ്ക്ക് സംരക്ഷണം തരണമെന്നോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ എം.പി. ആയിരുന്നപ്പോൾ പാർലമെന്റിൽ ഇതുസംബന്ധിച്ച് ഒരു സ്വകാര്യ ബിൽ കൊണ്ടുവന്നിരുന്നു. നിർഭാഗ്യവശാൽ അതംഗീകരിച്ചില്ല.

മി. സ്പീക്കർ: അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ..

ശ്രീ. പി. ടി. തോമസ്: സർ, പ്രീതാ ഷാജിയുടെ കാര്യം ബഹുമാനപ്പെട്ട അംഗങ്ങളായ വി. കെ. ഇബ്രാഹിം കുഞ്ഞും എസ്. ശർമ്മയും ഇവിടെ പറഞ്ഞു. അതുസംബന്ധിച്ച് നല്ലൊരു ഇടപെടലുണ്ടായി, ബഹുമാനപ്പെട്ട സ്പീക്കർ അതിൽ അവസരോചിതമായി ഇടപെട്ടു. കഴിഞ്ഞ രണ്ട് മാസത്തോളമായി വൈപ്പിൻകരയിൽ 67-ഓളം ആളുകളുടെ പേരിൽ ജനകീയ സമരം നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പല ഭാഗത്തും നടക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഇതിന്റെ മറവിൽ റിക്കവറി മാഫിയ എന്നൊരു ഗുണ്ടാസംഘം കേരളത്തിൽ രൂപപ്പെട്ടിരിക്കുകയാണ്.

അവരെ തടയാൻ ശക്തമായ ഇടപെടലുണ്ടാകുമോ; ഈ ജപ്തി നടപടി ഉണ്ടായി ക്കഴിഞ്ഞാൽ അത് പിടിച്ചെടുക്കാൻ വരുന്ന ആളുകളെ നിരീക്ഷിക്കാൻ ഒരു സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമ്പോൾ സർക്കാർ സ്വീകരിക്കുന്ന നയത്തെ സംബന്ധിച്ചല്ല ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. സ്വകാര്യ മേഖലയിൽ വാഹന വായ്പകളും മറ്റ് വിവിധ വായ്പകളും എടുക്കുന്നവരുടെ കയ്യിൽ നിന്നും പണം പിരിച്ചെടുക്കാൻ മാഫിയകൾ അല്ലെങ്കിൽ ഗുണ്ടാസംഘങ്ങൾ പലയിടങ്ങളിലും പ്രവർത്തിക്കുന്നുവെന്നത് അറിവുള്ള കാര്യമാണ്. ഇത്തരം സംഘങ്ങളെ കർശനമായി നിയന്ത്രിക്കുന്നതിനാവശ്യമായ നിയമമുൾപ്പെടെയുള്ള കാര്യങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലുള്ളതാണ്. യാതൊരു കാരണവശാലും അതിനെ അംഗീകരിക്കുന്ന കാര്യമില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സർഫാസി നിയമത്തിന്റെ ദുരിതം ഏറ്റവും കൂടുതൽ അനുഭവിക്കുന്നത് വ്യാപാരികളും വ്യവസായികളുമാണ്. അവരാണ് ബാങ്കുകളിൽനിന്നും വായ്പയെടുത്ത് സർഫാസി നിയമത്തിന് ഇരയാകുന്നത്. ഈ അടുത്ത ദിവസം ഒരു വ്യവസായി വഴിയാധാരമായി. സർഫാസി നിയമപ്രകാരം ബാങ്ക് ലേലം ചെയ്തു, ആ ലേലം ചെയ്തെടുത്ത ആളുകൾ അവരെ പിടിച്ച് പുറത്താക്കുകയും ചെയ്തു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഏതെങ്കിലും തരത്തിൽ ഗവൺമെന്റിന് അവരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സർഫാസി നിയമമനുസരിച്ച് നടപടികൾ സ്വീകരിച്ചതിന്റെ പേരിൽ പ്രയാസമനുഭവിക്കുന്ന ആളുകളുണ്ടായിരിക്കും. ഇല്ലെന്ന് പറയാൻ കഴിയില്ല. പല ജപ്തി നടപടികളെയും തുടർന്ന് പ്രയാസങ്ങൾ അനുഭ വിക്കുന്നവരുമുണ്ടാകും. അത്തരം വിഷയങ്ങളിൽ സർക്കാരിന് പ്രത്യേകിച്ച് ഒരു സഹായവും ചെയ്യാനുള്ള സംവിധാനം നിലവിലില്ല.

മി. സ്പീക്കർ: റിസർവ് ബാങ്ക് തന്നെ ഒരു സർക്കുലർ ഇറക്കിയിരുന്നു. അത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ സമിതിക്ക് അതിന്റെ കോപ്പി കൈമാറിയിരുന്നു. വ്യവസായ വായ്പകൾ എടുത്ത ആളുകളെ സംബന്ധിച്ച് റിസർവ് ബാങ്കുതന്നെ അക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിച്ച് 2020 വരെ നീട്ടി ക്കൊടുത്തിട്ടുണ്ട്. ആ സർക്കുലറിന്റെ കോപ്പി ശ്രീ. വി. ഡി. സതീശനും ശ്രീ. എസ്. ശർമ്മയ്ക്കും കൈമാറിയിട്ടുണ്ട്. സമിതി അത് പരിശോധിക്കുന്നതാണ്.

## സ്കൂൾ വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി

2 (*542) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ ബാഗുകളുടെ ഭാരം കുറയ്ക്കണമെന്ന കേന്ദ്ര സർക്കാർ ഉത്തരവ് സംസ്ഥാനത്ത് പാലിക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നിർദ്ദേശം സംസ്ഥാനത്തെ സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ അൺ എയ്ഡഡ് സ്കൂളുകൾ ഇക്കാര്യം പാടെ അവഗണിച്ചുകൊണ്ട് അവരുടേതായ നയം തുടരുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) പാലിക്കപ്പെട്ടിട്ടുണ്ട്. സ്കൂളുകളിലെ ടെക്സ്റ്റ് ബുക്കുകൾ 3 വാല്യങ്ങളായി അച്ചടിച്ചാണ് കുട്ടികൾക്ക് നൽകിവരുന്നത്. കൂടാതെ വാട്ടർ ബോട്ടിൽ ഒഴിവാക്കുന്നതിനായി തിളപ്പിച്ചാറ്റിയ വെള്ളം സ്കൂളുകളിൽ തന്നെ കുട്ടികൾക്ക് ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്. ടെക്സ്റ്റ് ബുക്കുകൾ 3 വാല്യങ്ങളാക്കി പ്രിന്റ് ചെയ്ത് നൽകുന്നതിനു പുറമെ, വലിപ്പവും പേജുകളും കുറഞ്ഞ നോട്ട് ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുന്നുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, രാജ്യസഭയിൽ നോമിനേറ്റഡ് അംഗമായിരുന്ന ആർ. കെ. നാരായൺ ആണ് കുട്ടികളുടെ ലഗേജിന്റെ ഭാരം കുറയ്ക്കുന്നതുസംബന്ധിച്ച് ആദ്യമായി പാർലമെന്റിൽ സംസാരിച്ചത്. അതിനെത്തുടർന്ന് ഗവൺമെന്റ് പ്രൊഫ. യശ്പാൽ കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റിയുടെ ശിപാർശപ്രകാരം രണ്ടാം ക്ലാസ്സുവരെ പരമാവധി ഒന്നര കിലോഗ്രാം ഭാരവും മൂന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകൾക്ക് മൂന്ന് കിലോഗ്രാം, ആറ്, ഏഴ് തരങ്ങളിൽ നാല് കിലോഗ്രാം, എട്ട് ഒൻപത് ക്ലാസ്സുവരെ നാലര കിലോഗ്രാം, പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്ക് പരമാവധി അഞ്ച് കിലോഗ്രാം വരെ ഭാരം എന്നിങ്ങനെയാണ് ഇതിന്റെ ലിമിറ്റ്

നിശ്ചയിച്ചിട്ടുള്ളത്. അതിനുശേഷം കേന്ദ്ര ഗവൺമെന്റ് ഒരു സർക്കുലർ സംസ്ഥാന ഗവൺമെന്റുകൾക്ക് അയച്ചു. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ സർക്കുലർ പ്രകാരമോ പ്രൊഫ. യശ്പാൽ കമ്മിറ്റിയുടെ ശിപാർശ പ്രകാരമോ നമ്മൾ എടുത്ത നടപടികൾ പര്യാപ്തമാണെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് കാര്യക്ഷമമായി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചുതന്നെ ഭാരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, 5-10-2018-ലാണ് കേന്ദ്ര സർക്കാരിന്റെ സർക്കുലർ വന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് ആദ്യത്തെയോ രണ്ടാമത്തെയോ നിയമസഭാ സമ്മേളനത്തിൽ കുട്ടികളുടെ സ്കൂൾബാഗിന്റെ ഭാരം കുറയ്ക്കുന്നതിനുവേണ്ടി പുസ്തകങ്ങളുടെ വാല്യം മൂന്നെണ്ണമാക്കി മാറ്റുക എന്ന നിർദ്ദേശം വച്ചിരുന്നു. വാസ്തവത്തിൽ കേന്ദ്ര സർക്കാരിന്റെ സർക്കുലർ വരുന്നതിന് മുൻപാണ് നമ്മുടെ നിയമസഭ കുട്ടികളുടെ സ്കൂൾബാഗുകളുടെ ഭാരം കുറയ്ക്കുന്നതിനുള്ള ആദ്യനടപടി സ്വീകരിച്ചത്. തീർച്ചയായും അത് കുട്ടികൾക്ക് വളരെ ഉപയോഗപ്രദമായി. അത് ഒരു ഭാഗം. പ്രൊഫ. യശ്പാൽ കമ്മിറ്റി റിപ്പോർട്ടായാലും കേന്ദ്ര സർക്കാരിന്റെ റിപ്പോർട്ടായാലും ബാഗിന്റെ ഭാരം കുറയ്ക്കുക എന്നത് ഒരു ദാർശനിക പ്രശ്നമാണ്. ഫിസിക്കലായി ഭാരം കുറയ്ക്കുക എന്നുള്ളതല്ല യഥാർത്ഥത്തിൽ അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. മറിച്ച്, അദ്ധ്യാപനത്തിൽ ഒരു രീതിവ്യത്യാസത്തിലൂടെ കുട്ടികൾ കൂടുതൽ ഹോംവർക്ക് ചെയ്യുകയും, ഹോംവർക്ക് ചെയ്തുകൂടി ടെക്സ്റ്റ്ബുക്കിനൊപ്പം ക്ലാസിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്ന രീതിയിലുള്ള പാഠ്യപദ്ധതിയിൽ മാറ്റം വേണമെന്നാണ് പറഞ്ഞതിന്റെ അർത്ഥം. ഇതിനുമുൻപ് കേരളത്തിലല്ലാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും അഖിലേന്ത്യാ തലത്തിലും Teacher centered education എന്ന രീതിശാസ്ത്രമാണ് ഇപ്പോഴും തുടരുന്നത്. പക്ഷെ മൂന്ന് വാല്യങ്ങളായി പാഠപുസ്തകങ്ങളെ മാറ്റുക എന്നതിന് തൊട്ടുമുൻപുതന്നെ കേരളത്തിലെ വിദ്യാഭ്യാസരീതി ശിശുകേന്ദ്രീകൃതമാക്കി നമ്മൾ പ്രഖ്യാപിച്ചിട്ടുണ്ട്. അഖിലേന്ത്യാ തലത്തിലും ചില നീക്കങ്ങൾ നടക്കുന്നുണ്ട്. പക്ഷെ ഇവിടെ അത് സാർവ്വത്രികമാക്കുകയാണ് ചെയ്യുന്നത്. ശിശുകേന്ദ്രീകൃത വിദ്യാഭ്യാസമെന്ന പാഠ്യരീതിയിൽ അധികം ഹോംവർക്കുകളോ ബാഗുകളിൽ പുസ്തകങ്ങളോ മറ്റെന്തെങ്കിലും അഡീഷണൽ രീതിയിലുള്ള പ്രവർത്തനങ്ങളോ ഇല്ല. അതുകൊണ്ടുതന്നെ പാഠപുസ്തകങ്ങൾ മൂന്ന് വാല്യങ്ങളാക്കി മാറ്റുകയും നോട്ടുബുക്കുകൾ അധികവും വീട്ടിൽനിന്നും എഴുതി കൊണ്ടുവരേണ്ട ആവശ്യകതയില്ല എന്നും വരുമ്പോൾ സ്വാഭാവികമായും പ്രൊഫ. യശ്പാൽ കമ്മിറ്റി നിർദ്ദേശിച്ചതുപോലെ കുട്ടികളുടെ സ്കൂൾബാഗുകളിലെ ഭാരം കുറയാൻ സാധ്യതയുണ്ട്.

മറ്റ് ചില കാര്യങ്ങൾ കൂടിയുണ്ട്. നമ്മൾ ടെക്നോളജി കൊണ്ടുവരുന്നത് ഇത്തരത്തിൽ ഭാരം കുറയ്ക്കുന്നതിനുവേണ്ടിയാണ്. ഇത് ഒൻപതാം ക്ലാസിലെ ബയോളജി ടെക്സ്റ്റാണ്. (ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി 9-ാം ക്ലാസിലെ ബയോളജി ടെക്സ്റ്റ് സഭയിൽ ഉയർത്തിക്കാണിച്ചു.) ഈ ബയോളജി ടെക്സ്റ്റിൽ ഒരു QR (Quick Reference) Code കാണാൻ സാധിക്കും. ഇത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്തെ പുസ്തകത്തിലുണ്ടോ എന്നെനിക്കറിയില്ല, ഇല്ലെന്നാണ് തോന്നുന്നത്. ഏറ്റവും അത്യന്താധുനിക ടെക്സ്റ്റ്ബുക്കാണിത്. QR code ഉള്ളപ്പോൾ പുസ്തകം കൊണ്ടുപോകണമെന്നില്ല. ഒരു സിംപിൾ മൊബൈലുണ്ടെങ്കിൽ ഇതിൽനിന്ന് സ്കാൻ ചെയ്തെടുത്താൽ ക്ലാസിൽ ഇപ്പോഴുള്ള ഹൈടെക് സംവിധാനങ്ങളായ പ്രൊജക്ടർ, 'സമഗ്ര പോർട്ടൽ' തുടങ്ങിയവ ഉപയോഗിച്ച് പഠിക്കാൻ സാധിക്കും. ഹൃദയത്തിന്റെ പ്രവർത്തനമാണ് ഞാനിവിടെ കാണിച്ചിട്ടുള്ളത്. ഹൃദയത്തിന്റെ പ്രവർത്തനം മൊബൈലിൽ എടുത്തുകൊണ്ട് പോയി ക്ലാസിൽ കാണാൻ സാധിക്കും. ഇത് ടെക്നോളജിയുടെ മാറ്റമാണ്.

പുസ്തകങ്ങളുടെ എണ്ണം, ബാഗിൽ ചേർക്കേണ്ട പെൻസിലിന്റെ എണ്ണം എന്നിവയൊക്കെ കുറച്ച് സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുക എന്നുള്ളതാണ് നേരത്തെയുള്ള നിർദ്ദേശങ്ങൾ. അതൊക്കെ കേരളത്തിൽ വിട്ടു. ഇവിടെ ടെക്നോളജി അപ്ലൈ ചെയ്യുന്നതിലൂടെ പാഠപുസ്തകത്തിലെ ഈ ചെറിയ കോഡ് മാത്രം മതി. ഈ പുസ്തകംവച്ച് ക്ലാസിൽ 2 Dimension മാത്രമേ പഠിപ്പിക്കാൻ സാധിക്കുകയുള്ളൂ. പക്ഷെ QR code ഉപയോഗിച്ച് ക്ലാസിൽ ഈ ചിത്രത്തിന്റെ 3 Dimensional effect കാണിക്കാൻ കഴിയും. ടെക്നോളജിയിൽ കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുവന്ന ഈ മാറ്റം ചെറുതല്ല. അക്കാദമിക് രംഗത്ത് നമ്മൾ എങ്ങോട്ട് പോകുന്നുവെന്നതിന്റെ സൂചനകളാണ്. ഞാൻ ഇതുമാത്രമേ സൂചിപ്പിക്കുന്നുള്ളൂ. പരീക്ഷയുടെ രീതിശാസ്ത്രം മാറേണ്ടതാണ്. ഇതെല്ലാം നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. ഈ ഒരു ചോദ്യം നന്നായി. കേരളത്തിലെ കുട്ടികളുടെ പഠനസൗകര്യങ്ങൾ എങ്ങനെയാണ് മാറുന്നതെന്ന കാര്യം നമ്മൾ അറിഞ്ഞിരിക്കേണ്ടതാണ്. വാസ്തവത്തിൽ ഒരു വിപ്ലവമാണ് കേരളത്തിൽ നടന്നിട്ടുള്ളത്. 'പാഠപുസ്തകത്തിൽ വിപ്ലവം, QR code' എന്ന് മലയാള മനോരമയുടെ ഒരു മാസികയിലെ ആദ്യത്തെ പേജിൽത്തന്നെ എഴുതിയിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ദാർശനികമായ ആശയങ്ങളോടൊക്കെ ഞാൻ യോജിക്കുന്നു. അത് അങ്ങയുടെ മനസ്സിൽത്തന്നെ നിൽക്കുകയാണ്. അത് പ്രായോഗികമായി നടപ്പിൽ വരുത്തുന്നതിന്... (...ബഹളം...) എന്താണിത്, ഒരു ചോദ്യം ചോദിക്കാൻ കഴിയുന്നില്ലല്ലോ; നിങ്ങൾക്കൊക്കെ എന്താണ് പറയാനുള്ളത്; വിദ്യാഭ്യാസ വകുപ്പുമന്ത്രിയെക്കുറിച്ച് ഞാൻ നല്ലതുപറഞ്ഞാൽ എതിർക്കാവുന്ന തരത്തിലാണോ അപ്പുറത്തിരിക്കുന്നവർ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മാനസികതലത്തിലുള്ള ഭാവനകളാണിവ. എനിക്കും നിങ്ങൾക്കുമൊക്കെ അതുപോലെ പല ഭാവനകളുമുണ്ട്. അത് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ എങ്ങനെ നടപ്പിലാക്കുമെന്നുള്ളതാണ് ചോദ്യം. പ്രായോഗികമായി ഇത് നടപ്പിൽവരുത്തുന്നതിനെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്. സ്കൂളുകളിൽ പുസ്തകം സൂക്ഷിക്കാനുള്ള ലോക്കറുകൾ, ബുക്ക് ഷെൽഫുകൾ എന്നിവ ഉണ്ടാക്കുക, ചാപ്റ്റർവൈസായി പുസ്തകം പ്രിന്റ് ചെയ്യുക. ഓരോ മാസത്തെ ഡയറി ഉണ്ടാക്കുന്നതുപോലെ ചാപ്റ്റർവൈസായി പുസ്തകം പ്രിന്റ് ചെയ്യുന്നത് നല്ലതാണ്. കുട്ടികൾക്ക് അതാത് ചാപ്റ്ററുകൾ പഠിക്കാൻ കഴിയുന്ന തരത്തിൽ പുസ്തകങ്ങളെ വീണ്ടും ലഘൂകരിക്കുക. അതുപോലെതന്നെ നോട്ടുബുക്കുകളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അവ ചെറുതാക്കുന്നതിനെ കുറിച്ചുള്ള ബോധവൽക്കരണംകൊണ്ട് കാര്യമില്ല. Is there any monitoring facility? ഭാരം കുറയ്ക്കുന്നതുസംബന്ധിച്ച് ഗവൺമെന്റ് ഉദ്ദേശിക്കുന്ന നടപടികൾ ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നതിന് എന്തെങ്കിലുമൊരു മോണിറ്ററിംഗ് സംവിധാനമുണ്ടോ? ഭാരം കുറയ്ക്കുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫിസിക്കലായിട്ടല്ല എന്നുള്ളത് I am also aware of that. പക്ഷെ ശിശുകേന്ദ്രീകൃതമായ വിദ്യാഭ്യാസത്തിന് അനുയോജ്യമായ വിധത്തിലുള്ള ഭൗതിക സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണിത്. അതിൽ എന്തൊക്കെ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്നുകൂടി പറഞ്ഞാൽ നന്നായിരുന്നു.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, വിശദമായ ഉത്തരം പറയേണ്ട ചോദ്യമാണ്, ഞാൻ ചുരുക്കിപ്പറയാം. ശിശുകേന്ദ്രീകൃത വിദ്യാഭ്യാസം വരുന്തോറും, പല എക്സർസൈസുകളും ഒഴിവാക്കി, ചിന്തയ്ക്ക് കൂടുതൽ ശക്തിയുണ്ടാക്കുക എന്നുള്ളതാണ്, അതാണ് വാസ്തവത്തിൽ പഠനത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. ക്ലാസ്സിൽ അതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉണ്ടാക്കുക എന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. അങ്ങ് പറഞ്ഞ ഓരോ ടെക്സ്റ്റ് ബുക്ക് സൂക്ഷിക്കുക എന്നുള്ളതൊക്കെ ക്ലാസിക്കലായ ക്ലാസ് സമ്പ്രദായത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായമാണ്.

ക്ലാസ്സുകൾ ഹൈടെക്കാകുമ്പോൾ നിങ്ങളുടെ കയ്യിൽ ടാബ് മാത്രം മതി. ടെക്സ്റ്റ് ബുക്കിലെ QR code-ൽ നിന്നും മൊബൈലിൽ ഇത് ഡീകോഡ് ചെയ്തെടുത്തുകഴിഞ്ഞാൽ അവിടെ നിന്ന് സമഗ്ര പോർട്ടൽ വഴി കമ്പ്യൂട്ടറിലൂടെ നിങ്ങളുടെ ക്ലാസ്സിലുള്ള പ്രൊജക്ടറിന്റെ സഹായത്തോടെ നേരിട്ട് സ്ക്രീനിൽ കാണാൻ സാധിക്കും. അത് എടുത്തുവയ്ക്കുകയും വേണ്ട. 'സമഗ്ര' എങ്ങനെയാണ് ഉപയോഗിക്കുന്നത് എന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ പഠിക്കണമെന്ന വിനീതമായ അഭ്യർത്ഥനയുണ്ട്. അപ്പോൾ മാത്രമേ മാറ്റം മനസ്സിലാകാൻ സാധിക്കൂ. നമ്മൾ ഉദ്ദേശിക്കുന്നതിനപ്പുറത്താണ് മാറ്റങ്ങൾ. ഈ പുസ്തകം മുഴുവൻ വേണമെങ്കിലും QR

code വഴി മൊബൈലിൽ എടുക്കാൻ സാധിക്കും. പുസ്തകം കൊണ്ടുപോകേണ്ട ആവശ്യമില്ല. ആ തലത്തിലേയ്ക്ക് നമ്മൾ എത്തുന്നതേയുള്ളൂ. അങ്ങ് സൂചിപ്പിച്ച രണ്ടാമത്തെ ഭാഗം, പരീക്ഷ എന്ന രീതിയിലും ഹോംവർക്ക് എന്ന രീതിയിലും അതിന്റെ ദാർശനികതലം കൂടി കാണേണ്ടതുണ്ട്. മുമ്പ് പല വിഷയങ്ങളും കാണാതെ പഠിച്ച് വയ്ക്കുമായിരുന്നു. അങ്ങനെ കാണാതെ പഠിച്ചിട്ടുണ്ടോ എന്ന് ചോദിക്കുന്നതല്ല ഇന്നത്തെ പരീക്ഷ. ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ, കിട്ടിയ ഒരു ഇൻഫർമേഷൻ അറിവാക്കി മാറ്റിയിട്ടുണ്ടോ എന്നാണ് നമ്മൾ അന്വേഷിക്കുന്നത്. പലപ്പോഴും ഇൻഫർമേഷന്റെ ശേഖരണമാണ് പഠനം എന്ന് കരുതുന്നു. ശേഖരിക്കപ്പെട്ട ഇൻഫർമേഷൻ ഓർക്കുന്നുണ്ടോയെന്ന് നോക്കുന്നതാണ് പരീക്ഷ. ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിലും ആധുനിക പാഠ്യപദ്ധതിയിലും അതല്ല. നിങ്ങൾ എന്തെല്ലാം ഇൻഫർമേഷൻ ശേഖരിച്ചിട്ടുണ്ടോ, അതിൽ നിന്നും നിങ്ങൾ അറിവ് നേടിയിട്ടുണ്ടോ എന്നതാണ് ഇപ്പോഴത്തെ പരീക്ഷാ രീതി. ഒരുദാഹരണം ഞാൻ പറയാം. സപ്തവർണ്ണങ്ങൾ നമ്മൾ മഴവില്ലിൽ കാണുന്നു. മഴവില്ലിൽ എത്ര വർണ്ണങ്ങളുണ്ടെന്നത് ക്ലാസിക്കൽ ചോദ്യമാണ്. മഴവില്ല് കണ്ടിട്ടുണ്ടോ; അതിൽ എത്ര വർണ്ണങ്ങളുണ്ട്? ഉണ്ട്, ഏഴ് നിറം. ഉത്തരം പൂർണ്ണമാണ്. ഇന്നത്തെ ഉത്തരം അതല്ല. മഴവില്ല് കണ്ടിട്ടുണ്ട്, മഴവില്ലിൽ ഏഴ് വർണ്ണങ്ങളുണ്ട് എന്നുള്ള കാര്യമാണ് വ്യക്തമാക്കുന്നത്. ആ ഇൻഫർമേഷൻ അറിവിലേയ്ക്ക് എത്തിയിട്ടുണ്ടോയെന്നാണ് ചോദ്യം. അതിൽ ചോദിക്കാവുന്ന ഒരു ചോദ്യം, VIBGYOR-ൽ വയലറ്റ് മുതൽ റെഡ് വരെ ഏഴ് വർണ്ണങ്ങളുണ്ട്. പക്ഷെ, ഇതിൽ എന്തുകൊണ്ടാണ് കറുപ്പുനിറം കാണാത്തത്? ഇത് അതിലുള്ളൊരു ചോദ്യമാണ്. ഇതാണ് ക്ലാസ്സിൽ പഠിപ്പിക്കുന്നത്.

മി. സ്പീക്കർ: ഇൻഫർമേഷൻസിനെ പ്രോസ്സസ് ചെയ്യണമെന്നാണ് അർത്ഥമാക്കുന്നത്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആ പ്രോസ്സസാണ് ഇന്നത്തെ പഠനം. അതാണ് പുതിയ പാഠ്യപദ്ധതി. ഏഴുനിറങ്ങളുണ്ടെന്ന് പറയും. ഏഴു നിറങ്ങളില്ലേ എന്നു ചോദിക്കുമ്പോൾ ഉണ്ട് എന്നാണ് ഉത്തരം. എട്ടാമത്തെ നിറമുണ്ടോ എന്ന് ചോദിക്കാം, എട്ടാമത്തെ നിറം എന്തുകൊണ്ട് കാണുന്നില്ല എന്നതാണ് അടുത്തത്, രണ്ടാമത്തെ ചോദ്യമാണെങ്കിൽ എട്ടാമത്തെ നിറം എന്താണെന്ന് മനസ്സിലാകും. ഞാൻ ദീർഘിപ്പിക്കുകയല്ല. ഇത്തരത്തിൽ ആധുനിക പാഠ്യപദ്ധതിയും ടെക്നോളജിയും വരുമ്പോൾ ക്ലാസിക്കലായി ഒന്നും വേണ്ട, ഈ വലിയ മാറ്റങ്ങളാണ് നമ്മുടെ ക്ലാസുകളിൽ നടക്കുന്നത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, പ്രൊഫ. യശ്പാൽ കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ നൂറ് പേജിലധികമുള്ള പാഠപുസ്തകങ്ങൾ സെപ്പറേറ്റ് ചെയ്ത് രണ്ട് വാല്യങ്ങളാക്കി കൊടുക്കാനുള്ള

തീരുമാനമെടുത്ത് നടപടികൾ കൈക്കൊണ്ടിരുന്നു. ഈ ഗവൺമെന്റ് വന്നതിനു ശേഷമാണ് കുറേക്കൂടി അതിലേയ്ക്ക് കടന്നുകൊണ്ട് രണ്ടാംഘട്ടമായി കാര്യങ്ങൾ ചെയ്തത്. ഇവിടെ 'ക്യൂആർ കോഡ് '-ന്റെ കാര്യം പറഞ്ഞു, ടെക്നോളജിയുടെ ഡെവലപ്മെന്റിന് അനുസരിച്ച് കുറേ കാര്യങ്ങൾ നടക്കുന്നതോടൊപ്പംതന്നെ ഇപ്പോൾ പാഠപുസ്തകങ്ങൾ ഡിജിറ്റൽ രൂപത്തിൽ കിട്ടുന്നുണ്ട്. പാഠപുസ്തകവും ബാഗും കൊണ്ടുപോകുന്നതിനുപകരമായി മറ്റു രാജ്യങ്ങളിലുള്ളതുപോലെ ലാപ്ടോപ്പിന്റെ ഒരു ചെറിയ വെർഷനായ Tablets കുട്ടികൾക്ക് വിതരണം ചെയ്യാൻ കഴിഞ്ഞാൽ ഈ Tablet കൊണ്ടുതന്നെ അവരുടെ പാഠപുസ്തകമടക്കമുള്ള എല്ലാ കാര്യങ്ങളും അവർക്ക് ചെയ്യാൻ സാധിക്കുന്ന സ്ഥിതിവരും. കുട്ടികൾ സ്കൂളുകളിലേയ്ക്ക് കൂടുതൽ ഭാരം കൊണ്ടുപോകേണ്ട അവസ്ഥ ഒഴിവാകുകയും ചെയ്യും. അതോടൊപ്പംതന്നെ നമ്മുടെ സ്മാർട്ട് ക്ലാസ്റൂമുകളും അതുപോലെ ഹൈടെക് വിദ്യാഭ്യാസവും വന്നതോടെ വളരെ എളുപ്പത്തിൽത്തന്നെ അതിലേയ്ക്ക് മാറാനായി സാധിക്കുന്ന സാഹചര്യമുണ്ട്. മാത്രമല്ല, ഓരോ വർഷവും പാഠപുസ്തകങ്ങളുടെ അച്ചടിക്കും മറ്റു കാര്യങ്ങൾക്കു വേണ്ടിയും കോടിക്കണക്കിന് രൂപ നമ്മൾ ചെലവഴിക്കുന്നുണ്ട്. ആ കോടികൾ ചെലവഴിക്കുന്നതിനുപകരം ഇങ്ങനെയൊരു സ്ഥിരം സംവിധാനമുണ്ടാക്കിയാൽ ഗവൺമെന്റിന് പണം ലാഭിക്കാനും സാധിക്കും. കുട്ടികൾക്ക് വളരെയേറെ സൗകര്യപ്രദമായി Tablet -ലൂടെ അവരുടെ പാഠങ്ങൾ കൃത്യമായി പഠിക്കുന്നതിനും ക്ലാസുകളിലെ മറ്റുകാര്യങ്ങൾ അറ്റന്റ് ചെയ്യുന്നതിനും കഴിയുന്ന ഒരു സ്ഥിതി വിശേഷം ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് പുസ്തകങ്ങളുടെയും വാട്ടർ ബോട്ടിലിന്റെയും നോട്ടുബുക്കിന്റെയും വലുപ്പം ചെറുതാക്കുക എന്നതിനുപകരം ഒരു വൺടൈം ഇൻവെസ്റ്റ്മെന്റ് വരുമെന്നത് ശരിയാണെങ്കിൽപ്പോലും, Tablets-ലേയ്ക്ക് നീങ്ങാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അവിടേയ്ക്കുതന്നെയാണ് നാം വന്നു കൊണ്ടിരിക്കുന്നതെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ടാകും. പടിപടിയായി ഇത് ചെയ്യും. ഇത്രയും വലിയ തോതിൽ ടെക്നോളജിയിൽ വ്യത്യാസം വന്നത് ഇപ്പോൾത്തന്നെ നമ്മളിൽ പലരും അറിഞ്ഞിട്ടില്ല. അതുകാണ്ട് ഇതെല്ലാം സ്വീകരിച്ച് അങ്ങ് പറഞ്ഞ തലത്തിലേയ്ക്ക് എത്തണമെങ്കിൽ ഓരോ സ്റ്റെപ്പിലൂടെയും പതുക്കെപ്പതുക്കെ കടന്നുപോകണം. എന്താണ് ഹൈടെക് വിദ്യാഭ്യാസം, എന്താണ് Technological Pedagogy എന്നതുപോലും കൃത്യമായി നമുക്ക് എല്ലാവരിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. Pedagogy-ലുള്ള മാറ്റംതന്നെ ഒരു ക്ലാസിൽ പൂർണ്ണമായും അപ്ലൈ ചെയ്തതിനുശേഷമാണ് Pedagogy-ക്ക് ഉപയോഗിക്കേണ്ട Instruments സപ്ലൈ ചെയ്യുന്നത്. അതാണ് അതിന്റെ ഫിലോസഫി. ആദ്യംതന്നെ ആർക്കും അറിയാത്ത ഒരു Pedagogy -ക്ക് ആവശ്യമായ Instruments കൊടുത്താൽ ആ Instrument ഉപയോഗശൂന്യമാകും. അതുകൊണ്ട് Pedagogy എന്താണെന്ന് കൃത്യമായി

ബോദ്ധ്യപ്പെട്ട് സമൂഹമടക്കം എല്ലാവരും അത് സ്വീകരിച്ചതിനുശേഷം അതിനാവശ്യമായ Instruments നമ്മൾ സപ്ലൈ ചെയ്യുമ്പോൾ Pedagogy-യും Instrument-ഉം പരസ്പരപൂരകമാകും. അപ്പോൾ അത് യഥാർത്ഥത്തിൽ നൈസർഗികമായിട്ടുള്ള ഒരു ക്ലാസായി മാറും. ആ രീതിയിലേയ്ക്കാണ് നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത്. പക്ഷെ സ്വപ്നം കാണുന്നതിനപ്പുറമുള്ള ഒരു ക്ലാസായി പെട്ടന്നുതന്നെ മാറുകയാണ്. ഒന്നുമുതൽ ഏഴുവരെയുള്ള ക്ലാസുകൾ ഹൈടെക് ക്ലാസുകളാക്കുന്ന പ്രവർത്തനത്തിന് നാളെ തുടക്കംകുറിക്കാൻ പോകുകയാണ്. പ്രൈമറി മുതൽ ഏഴാം ക്ലാസുവരെ ഹൈടെക്കായി മാറും. അങ്ങനെ ക്ലാസ് എന്ന രീതിയിൽ Technological Pedagogy എന്താണെന്ന് ബോദ്ധ്യപ്പെട്ടശേഷം അങ്ങ് പറഞ്ഞ രീതിയിലേയ്ക്ക് എത്താം. തീർച്ചയായും അതിന് പാരിസ്ഥിതികമായ ഗുണമുണ്ട്. ബുക്കുകൾ, പേജുകൾ ഇവ കുറയ്ക്കാം. മരങ്ങളാണ് പലപ്പോഴും പുസ്തകങ്ങളായി മാറുന്നത്. ഈ കാര്യങ്ങളെല്ലാം നമ്മുടെ മനസ്സിലുണ്ട്. അതുകൊണ്ട് ഇതെല്ലാം ഒഴിവാക്കി ആധുനിക ടെക്നോളജി സ്വീകരിച്ചാൽ അത് പാരിസ്ഥിതികമായ ഒരു നേട്ടംകൂടിയായിരിക്കും. അവിടേയ്ക്കുതന്നെയാണ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പോകുന്നത്.

ശ്രീ. കെ. എം. ഷാജി: സർ, ക്യൂ.ആർ കോഡ് വഴി ഒരു വിഷയത്തിന്റെ വിശദാംശം എടുക്കാമെന്ന് വലിയ അതിശയത്തോടുകൂടി അങ്ങിവിടെ പറയുന്നതുതന്നെ ഈ കാലത്ത് നമ്മൾ എവിടെയുമെത്തിയിട്ടില്ല എന്നതിന്റെ തെളിവാണ്. അങ്ങ് പറഞ്ഞതെല്ലാം വളരെ ശരിയാണ്. എങ്കിലും എന്റെ വീട്ടിൽ എന്റെ മകന്റെ മുതുകത്ത് ഒരു പത്ത്-പതിനഞ്ച് കിലോ പുസ്തകങ്ങൾ ഇപ്പോഴുമുണ്ട്, ഇന്നുരാവിലെയും അവൻ അങ്ങനെയാണ് ക്ലാസിലേയ്ക്ക് പോയത്. ഫിൻലാന്റ് സന്ദർശിച്ചപ്പോൾ ഞങ്ങൾ കണ്ട ഒരു കാര്യം അവിടെ കുട്ടികൾ പുസ്തകങ്ങൾ സ്കൂളിലേയ്ക്ക് കൊണ്ടുപോകുന്നില്ല, എന്നാൽ സ്കൂളിൽ പുസ്തകങ്ങളുണ്ട് എന്നതാണ്. അവരുടെ പുസ്തകത്തിന്റെ പകുതി വിലയ്ക്ക് അവരുടെ കയ്യിൽ പാഡുകളുണ്ട്. ഈ പാഡാണ് അവർ ഉപയോഗിക്കുന്നത്. എന്റെ മണ്ഡലത്തിൽ നൂറ് ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്റൂമുകളാക്കിയ കാര്യം അങ്ങേയ്ക്കുമറിയാം, അതിൽ വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതിയും വന്നിട്ടുണ്ട്. ഇത്തരത്തിൽ വേഗത്തിൽ മുമ്പോട്ടുപോകുന്ന ഈ ടെക്നോളജിയുടെ കാലത്ത് പുസ്തകങ്ങൾ പൂർണ്ണമായും ഒഴിവാക്കുന്ന കാര്യത്തിലുള്ള നടപടികൾ ഇപ്പോൾത്തന്നെ ആരംഭിച്ചുകൂടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്രയും നേരം അതുതന്നെയാണ് പറഞ്ഞത്, നമ്മൾ അങ്ങോട്ട് വരികയാണ്. ടെക്നോളജി നമുക്ക് ലഭ്യമാണെന്നുള്ളതുകൊണ്ട്, ഈ ടെക്നോളജി അഡാപ്റ്റ് ചെയ്യാതെ എത്തിച്ചാൽ, അവിടെ അത് ദഹിക്കാതെ കിടക്കുമെന്ന് നാടൻ ഭാഷയിൽ പറയാം. ക്യൂ.ആർ. കോഡ് അത്ഭുതമാണെന്ന് ഞാൻ പറഞ്ഞുവെന്ന് അങ്ങിവിടെ പറഞ്ഞു, ക്യൂ.ആർ. കോഡ് ലേറ്റസ്റ്റാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. പണ്ട് ബാർ കോഡായിരുന്നു, അന്നത് ലേറ്റസ്റ്റായിരുന്നു,

പിന്നീട് വന്നതാണ് ക്യൂ.ആർ. കോഡ്. ക്യൂ.ആർ. കോഡ് ഉണ്ടാക്കുന്ന ടെക്നോളജി സഭയിൽ പറയേണ്ട കാര്യമില്ല. ക്യൂ.ആർ കോഡ് ലേറ്റസ്റ്റാണെന്ന് ഞാൻ പറഞ്ഞില്ല. പക്ഷെ കേരളത്തിലെ ടെക്സ്റ്റ് ബുക്കിൽ ക്യൂ.ആർ കോഡ് വരുന്നത് ആദ്യമായാണെന്നാണ് ഞാൻ പറഞ്ഞത്. തീർച്ചയായും ഇതൊരു സന്ദേശമാണ്. വരാൻ പോകുന്ന ടെക്നോളജിയുടെ അവസ്ഥയിലേയ്ക്കുള്ള സിഗ്നലാണിത്. ഈ സിഗ്നൽ കുട്ടികൾക്കും അദ്ധ്യാപകർക്കും മനസ്സിലായി, ഇപ്പോൾ നിയമസഭയ്ക്കും മനസ്സിലായി. നാളെ ടെക്സ്റ്റ് ബുക്ക് ഇല്ലാത്തിടത്ത് എത്തുമ്പോൾ അത് അഡാപ്റ്റ് ചെയ്ത് ആ സിസ്റ്റത്തിലേയ്ക്ക് പതുക്കെ വരും. അതുകൊണ്ട് ഒരു സിസ്റ്റം മറ്റൊരു സിസ്റ്റത്തിലേയ്ക്ക് മാറുമ്പോൾ അതിനെയെല്ലാം പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് പ്രശ്നങ്ങളില്ലാത്ത രീതിയിൽ പോകണം. അതുകൊണ്ടാണ് സ്റ്റെപ് ബൈ സ്റ്റെപ്പായി ടെക്നോളജി അഡാപ്റ്റ് ചെയ്തുകൊണ്ടുവരുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വിദ്യാഭ്യാസ രംഗത്തെ ശാരീരികവും മാനസികവുമായ പീഡനങ്ങൾ ഒഴിവാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ധാരാളം നിയമങ്ങൾ നമ്മൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ എല്ലാവർക്കും അറിയാവുന്നതും എന്നാൽ ആരും അത് കാര്യത്തിലെടുക്കാത്തതുമായ ഒരു പ്രധാന കാര്യമാണ് എൻട്രൻസ് പരീക്ഷാ പരിശീലന കേന്ദ്രങ്ങളിലെ പരിശീലന മുറകൾ. കോൺസൻട്രേഷൻ ക്യാമ്പുകളെപ്പോലും വെല്ലുന്ന രീതിയിലുള്ള പല പദ്ധതികളും അവിടെ നടപ്പിലാക്കുന്നുണ്ടെന്നതാണ് സത്യം. രക്ഷിതാക്കളുടെ നിർബന്ധത്തിന് വഴങ്ങി 95-96% മാർക്ക് കിട്ടിയ കുട്ടികളെല്ലാം അവിടെ പോയി പഠിക്കുന്നുണ്ടെങ്കിലും മാനസിക സമ്മർദ്ദം സഹിക്കാൻ കഴിയാതെ പലർക്കും കൗൺസിലിംഗ് സെന്ററുകളെ ആശ്രയിക്കേണ്ടി വരുന്നു. പലരും ആത്മഹത്യയ്ക്ക് മുതിരുന്നുമുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരം പരീക്ഷാ കേന്ദ്രങ്ങളുടെ മാനസിക-ശാരീരിക പീഡനങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ സർക്കാരിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, നേരത്തേ ശ്രീ. കെ. എൻ. എ. ഖാദർ ചോദിച്ച ചോദ്യത്തിന്റെ ഉത്തരം തന്നെയാണ് ഇതിനുമുള്ളത്. ഫിസിക്കലായിട്ടുള്ള ഒരു കുറവ് എന്നതല്ല, അതൊരു ദാർശനികമായ പ്രശ്നമാണെന്ന് പറഞ്ഞതുപോലെ എൻട്രൻസ് പരീക്ഷയ്ക്കായി വല്ലാതെയുള്ള സമ്മർദ്ദം എന്നുപറയുന്നത് എൻട്രൻസ് പരീക്ഷ എന്താണെന്ന് കൃത്യമായി മനസ്സിലാകാതെ പല ട്യൂഷൻ സെന്ററുകളും തെറ്റായ രീതിയിലുള്ള പ്രാക്ടീസ് കൊടുക്കുന്നതുകൊണ്ടുള്ള പ്രശ്നമാണ്. വാസ്തവത്തിൽ പരീക്ഷ എന്നുള്ളത് എന്താണ്? ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തിൽ ഞാൻ നേരത്തേ പറഞ്ഞതുപോലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിലേയ്ക്ക് മാറിക്കഴിഞ്ഞാൽ പരീക്ഷ കുട്ടികൾക്ക് ബുദ്ധിമുട്ടല്ല. ഇപ്പോൾ പരീക്ഷ ബുദ്ധിമുട്ടാകാൻ കാരണം

പരീക്ഷയിലൂടെ കുട്ടിയെ പരീക്ഷിക്കണം എന്നുള്ള സങ്കൽപ്പം നിലനിൽക്കുന്നതു കൊണ്ടാണ്. അതുകൊണ്ട് പരീക്ഷാ സമ്പ്രദായം മാറ്റുക എന്നതാണ് ഈ പ്രശ്നം പരിഹരിക്കാനുള്ള മാർഗ്ഗം, അവിടേയ്ക്കാണ് നമ്മൾ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇപ്പോൾത്തന്നെ പത്താം ക്ലാസിലെ പരീക്ഷ, പ്ലസ് ടു പരീക്ഷ തുടങ്ങിയവയിൽ മൂന്നോ നാലോ വർഷങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നതിനേക്കാൾ വളരെ വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് വളരെ എളുപ്പത്തിൽ സമീപിക്കാൻ കഴിയുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. ഇത് കൂടുതൽ എക്സ്റ്റന്റ് ചെയ്തുപോകുമ്പോൾ പരീക്ഷയുടെ രീതിശാസ്ത്രം മാറി പരീക്ഷ എന്നുപറയുന്നത് കുട്ടിയുടെ സർഗ്ഗശേഷി പ്രകടിപ്പിക്കാനുള്ള അവസരമാണെന്ന് തിരിച്ചറിയുന്ന അവസ്ഥയിൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. അതല്ല, പ്രശ്നം വസ്തുനിഷ്ഠമായുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കും.

മി. സ്പീക്കർ: ഉപചോദ്യങ്ങൾക്ക് പ്രസക്തിയില്ലാത്തവിധം ഈ ചോദ്യത്തിന് വ്യക്തത വരുത്തിയിരിക്കുകയാണ്. അതുകൊണ്ട് അടുത്ത ചോദ്യത്തിലേയ്ക്ക് പോകാം.

**ദേശീയപാത നിർമ്മാണത്തിന് പുതിയ കേന്ദ്രനിർദ്ദേശങ്ങൾ**

3 (*543) ശ്രീ. സി. മമ്മൂട്ടി:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതയുടെ നിർമ്മാണത്തിന് പുതുതായി എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്കായി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്തെ ദേശീയപാതാ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി സുധാകരൻ): സർ,

(എ) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NAHI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority -2 ലേയ്ക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority -2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ,

3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ടുപോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. ഇതിനെതിരായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയുമായി പ്രതികരിച്ചു, വകുപ്പുമന്ത്രിയായ ഞാനും ബന്ധപ്പെട്ടു. മാധ്യമങ്ങൾ മൊത്തം ഇതിനെ എതിർത്തു, പ്രതിപക്ഷം അടക്കം കേരളം ഒന്നാകെ എതിർത്തു. തുടർന്ന് 15-6-2019 -ൽ കേന്ദ്രമന്ത്രി ബഹുമാനപ്പെട്ട നിതിൻ ഗഡ്കരി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചർച്ചയ്ക്ക് വിളിച്ചു, ഞാനും ചീഫ് സെക്രട്ടറിയും ചർച്ചയിൽ ഉണ്ടായിരുന്നു. ഇതെല്ലാം ഉദ്യോഗസ്ഥർ ചെയ്തതാണ് ഞാൻ അറിഞ്ഞിട്ടില്ല എന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. അത് നിരാകരിച്ചു. ഉടനെ പത്രസമ്മേളനം നടത്തി വിജ്ഞാപനം റദ്ദ് ചെയ്തതായി പറയുകയും 18-6-2019-ൽ കത്തിലൂടെ ഈ തീരുമാനം അറിയിക്കുകയും ചെയ്തു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പുമന്ത്രിയും കത്തുകളിലൂടെയും 15-6-2019-ൽ കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി നേരിട്ട് ചർച്ച ചെയ്തതിന്റെയും അടിസ്ഥാനത്തിൽ priority നിശ്ചയിച്ചുകൊണ്ടുള്ള മുൻ ഉത്തരവ് റദ്ദാക്കിയതായി 18-6-2019-ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിർത്തിവയ്ക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനായി NHAI-യ്ക്ക് നിലവിൽ തടസ്സങ്ങൾ ഇല്ല.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തവിധം കർത്തവ്യനിർവ്വഹണത്തിൽ മുന്നേറ്റമുണ്ടായി. അതുപോലെ തന്നെ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ ഇത് നടപ്പാക്കിയേ മതിയാകൂ എന്നമട്ടിൽ ഒരിക്കലുമില്ലാത്ത നിലപാട് നമ്മൾ സ്വീകരിച്ചത് എല്ലാവർക്കും അറിയാം. ഇത്തവ ണയില്ലെങ്കിൽ ഒരിക്കലുമില്ല എന്ന് ജനങ്ങളാകെ പറയുന്ന സ്ഥിതിയാണു ണ്ടായത്. ഗവൺമെന്റ് അങ്ങനെതന്നെ നീങ്ങി. അതിന്റെ ഭാഗമായി കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പൂർത്തിയായി. 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. ആലപ്പുഴ മുക്കാലും കഴിഞ്ഞു. കൊല്ലത്തിന്റെ തെക്കൻ ഭാഗം മുതൽ കഴക്കൂട്ടംവരെയാണ് 3D വിജ്ഞാപനം ഇറക്കാനുള്ളത്. നിരോധനം വന്ന കാലത്ത് ലോഡ് ചെയ്യാൻ സമ്മതിക്കാത്തതിന്റെ ഫലമായിട്ടാണ്, നമ്മൾ എല്ലാം റെഡിയാക്കിയിരുന്നു. ഇപ്പോൾ ലോഡ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാതാ വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി യിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ

എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര ചെലവ് കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്.

NHAI ഇത്തരത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽ പെട്ടപ്പോൾത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടു വരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-1 ൽ ഉൾപ്പെടുത്തണമെന്നാശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രിക്കും NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കത്തയയ്ക്കുകയുണ്ടായി. മാത്രമല്ല വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിട്ടുണ്ട്. High Priority-2 -ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി NHAI ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതി എങ്കിലും priority list-ൽ മാറ്റമൊന്നും വരുത്തിയിട്ടില്ലായിരുന്നു. എന്നാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പുമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി നിധിൻ ഗഡ്കരിയുമായി 15-6-2019-ൽ ചർച്ച നടത്തുകയും NHAI നിശ്ചയിച്ച മുൻഗണനാക്രമം അനുസരിച്ച് കേരളത്തെ രണ്ടാം പട്ടികയിൽപ്പെടുത്തിയ നടപടി പുനഃപരിശോധിക്കണമെന്നും ചർച്ചയിൽ ആവശ്യപ്പെട്ടു. ഇക്കാര്യം പുനഃപരിശോധിച്ച് തിരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടുതരം priority നിശ്ചയിച്ച മുൻ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 18-6-2019-ൽ ഇറക്കിയ ഒരു ഉത്തരവ് പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് ലഭിക്കുകയുണ്ടായി.

ആയതിനാൽ ദേശീയപാത വികസനം മുന്നോട്ടുകൊണ്ടുപോകുന്നതിൽ NHAI-ക്ക് നിലവിൽ തടസ്സങ്ങൾ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിൽ സ്വീകരിച്ച പോസിറ്റീവ് സമീപനം NHAI-യുടെ ഭാഗത്തുനിന്നും അതേ അളവിൽ ഉണ്ടായാൽ ദേശീയപാത വികസനം വേഗത്തിൽ യാഥാർത്ഥ്യമാക്കാവുന്നതാണ്. ദേശീയപാതാവികസനം ഒരുപക്ഷേ ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കാൻ കഴിയും, അല്ലെങ്കിൽ അടുത്ത ഗവൺമെന്റിന്റെ കാലത്ത് ആദ്യവർഷംതന്നെ പൂർത്തീകരിക്കാൻ കഴിയും, നമ്മുടെ വലിയൊരു

സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയും. കേന്ദ്രഗവൺമെന്റിന്റെയും NHAI-യുടെയും കോർട്ടിലാണ് ബോൾ കിടക്കുന്നത്, അവരാണ് ചെയ്യേണ്ടത്, ചെയ്യുമെന്ന് പ്രതീക്ഷിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പറയുമ്പോൾ, ഇപ്പോൾ ഒരു വീട്ടിൽ ഒരു വാഹനമെങ്കിലും ഇല്ലാത്ത സാഹചര്യമല്ല. വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ ദേശീയപാത വികസനവുമായി മുന്നോട്ട് പോകുമ്പോൾ പലഭാഗത്തുനിന്നുള്ള എതിർപ്പുകളും, പ്രശ്നങ്ങളും ഉണ്ടാകുന്നു. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് യാത്രാ ദുരിതം രൂക്ഷമായി കൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത പരിഹാരമായി ഇനിയുള്ള പത്ത് വർഷം മുന്നിൽ കണ്ടുകൊണ്ട് വിദേശരാജ്യങ്ങളിലുള്ളതുപോലെ എലിവേറ്റഡ് ഹൈവേ സംവിധാനം നല്ലതാണ്. കേരളത്തിൽ ഭൂമി വിലയ്ക്കെടുക്കാൻ കഴിയാത്തതിനെക്കുറിച്ച് മുഖ്യമന്ത്രിതന്നെ ഇവിടെ പറയുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഡെൻസിറ്റി കൂടുതലായതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിക്ക് ന്യായമായ വിലയാണെങ്കിലും അവർക്ക് അമിതമായ വിലയാണെന്ന് തോന്നും. ഇനി അങ്ങോട്ടുപോകുന്തോറും എലിവേറ്റഡ് ഹൈവേയാണ് പ്രായോഗികമായി നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. വിദേശരാജ്യങ്ങളിലൊക്കെ ഉള്ളതുപോലെ എലിവേറ്റഡ് ഹൈവേ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിൽ ഒരിക്കൽ ഭൂമിയുടെ വില കൊടുത്തുകഴിഞ്ഞാൽ പിന്നീട് കൊടുക്കേണ്ടി വരില്ല. ഇത്തരത്തിലുള്ള കാര്യങ്ങളെ കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; ബദൽ സംവിധാനങ്ങൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കുക?

ശ്രീ. ജി. സുധാകരൻ: സർ, ബദൽ സംവിധാനങ്ങളൊന്നും സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽപ്പെട്ടതല്ല. കൺസൾട്ടന്റിനെ തീരുമാനിച്ച് അവർ തന്നെ ചെയ്യുന്നതാണ്. ഭൂമി ഏറ്റെടുത്ത് കൊടുക്കാനുള്ള ഉത്തരവാദിത്തം മാത്രമാണ് സംസ്ഥാന സർക്കാരിനുള്ളത്. അത് പരമാവധി ചെയ്ത് പൂർത്തീകരണത്തിൽ വരുമ്പോഴാണ് ഇത്തരത്തിലുള്ള നിരോധനങ്ങൾ വന്നത്. അതെല്ലാം ഇപ്പോൾ മാറി. ബാക്കി കാര്യങ്ങളെല്ലാം അവരാണ് ചെയ്യുന്നത്. എലിവേറ്റഡ് ഹൈവേ 560-കിലോമീറ്റർ ദൂരത്തിൽ ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യങ്ങളിൽ തീരുമാനമുണ്ടാകണം. ഏതായാലും കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന ശരിയായ തീരുമാനം നമ്മൾ പ്രതീക്ഷിച്ചിരിക്കുകയാണ്. ഏതെങ്കിലും ഒരു ഭാഗത്ത് എലിവേറ്റഡ് ഹൈവേ വേണമെന്നുള്ള കാര്യമൊക്കെ ചർച്ച ചെയ്യാം. ബൈപാസ്, ഫ്ലൈ ഓവർ എന്നിവയുടെ കാര്യങ്ങളൊക്കെ പറയുന്നുണ്ട്. അതിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ നമുക്ക് പിന്നീട് ആവശ്യപ്പെടാം. നമ്മൾ ഇപ്പോൾ ആവശ്യപ്പെട്ടാൽ നമ്മൾ ആവശ്യപ്പെട്ടതുകൊണ്ടാണ് നടക്കാത്തതെന്ന് പറയും. ഇപ്പോൾ അവരുടെ ക്വാർട്ടിലാണ് ബോൾ എന്നതുകൊണ്ട് അനുകൂലമായി പ്രതികരിക്കുമ്പോൾ ആവശ്യപ്പെടാം എന്നുള്ളതാണ് ഇപ്പോൾ പറയാനുള്ളത്.

ശ്രീ. സി. മമ്മൂട്ടി: സർ, വൈഡനിംഗുമായി ബന്ധപ്പെട്ട് ഇപ്പോൾ റിപ്പയറും പാച്ചുവർക്കും മാത്രമെ നടക്കുന്നുള്ളൂ. 5-6 വർഷമായി അതിന്റെ പ്രവർത്തനങ്ങൾ നിലച്ചിരിക്കുകയാണ്. വൈഡനിംഗ് വരുമ്പോൾ വരട്ടെ, നിലവിലുള്ള വീതി പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് റോഡുകൾ റീ-ടാർ ചെയ്യാനും അറ്റകുറ്റപ്പണികൾ നടത്താനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, റീടാറിംഗ് ആവശ്യമായ കുറച്ച് സ്ട്രെച്ചസ്സ് മാത്രമേയുള്ളൂ. ബാക്കിയുള്ളത് പെർഫക്ടായി കിടക്കുകയാണ്. ഉദാഹരണമായി, കരുവാറ്റ-തോട്ടപ്പള്ളി-പുറക്കാട്, അരൂർ-ചേർത്തല റോഡുകൾ ഗതാഗതയോഗ്യമാക്കി. പലഭാഗങ്ങളിലും റീടാറിംഗ് ആയിട്ടുണ്ട്. റീടാറിംഗ് ചെയ്യാത്ത റോഡുകളിൽ റിപ്പയർ ആന്റ് മെയിന്റനൻസുകൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നാല് സ്ട്രെച്ചസിൽ റീടാറിംഗിനുള്ള അനുവാദം കിട്ടിയിട്ടില്ല. കാലതാമസം വന്നതുകൊണ്ട് അവിടെ റിപ്പയർ ആന്റ് മെയിന്റനൻസാണ് നടത്തുക. പൊതുവെ ദേശീയപാത ഗതാഗതയോഗ്യമാണെന്ന് എല്ലാവർക്കുമറിയാം.

ഡോ. എം. കെ. മുനീർ : സർ, കേന്ദ്രം പലപ്പോഴും കേരളത്തെ അവഗണന യോടുകൂടിയാണ് കാണാറുള്ളത്. അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയുടെ കാലത്ത് ഒരു ഗോൾഡൻ ക്വാഡ്രി ലാറ്ററൽ ഉണ്ടായിരുന്നു. ആദ്യത്തെ സ്കീമിൽ നോർത്ത്-സൗത്ത് എക്സ്പ്രസ് വേ പോലുള്ളൊരു വഴി അതിലുണ്ടായിരുന്നു. പക്ഷെ, പിന്നീട് അതവർ മാറ്റി ഒരു ചെറിയ സ്പർ മാത്രമാക്കി. അതാണ് നമുക്ക് കൊച്ചി വരെ കിട്ടിയിട്ടുള്ളത്. ഇതുപോലെതന്നെ ഇടയ്ക്ക് നമ്മളെ പ്രയോറിറ്റിയിൽ രണ്ടാം സ്ഥാനത്തേയ്ക്ക് മാറ്റി. ഉദ്യോഗസ്ഥവൃന്ദങ്ങളാണ് ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി എൻ.എച്ച്.എ.ഐ.-യും സ്റ്റേറ്റ് ഗവൺമെന്റും തമ്മിലുള്ള കോ-ഓർഡിനേഷൻ ശക്തമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, കഴിഞ്ഞ മൂന്ന് വർഷം ഇതാണ് നടപ്പാക്കി വരുന്നത്. നമ്മുടെ ചീഫ് സെക്രട്ടറിയും പി.ഡബ്ല്യു.ഡി. സെക്രട്ടറിയും മറ്റ് പി.ഡബ്ല്യു.ഡി ഉദ്യോഗസ്ഥൻമാരും എൻ.എച്ച്.എ.ഐ.-യുടെ ചീഫ് എഞ്ചിനീയറുമായി നിരന്തരമായി ബന്ധപ്പെടുന്നുണ്ട്. അതിനാൽ നല്ലൊരു ബന്ധം നമ്മളും കേന്ദ്ര ദേശീയപാത വകുപ്പുമന്ത്രിയുടെ ഓഫീസുമായിട്ടുണ്ട്. അതുകൊണ്ടാണ് നമുക്ക് ഇത്രയും മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞത്. വളരെ കരുത്തനെന്ന് അവകാശപ്പെടുന്ന കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരി പോലുമറിയാതെ ചില ഉദ്യോഗസ്ഥൻമാരാണ് ഇലക്ഷൻ കാലത്ത് ചില തീരുമാനങ്ങളെടുത്തത്. അക്കാര്യങ്ങളെല്ലാം മുഖ്യമന്ത്രിയോട് അദ്ദേഹം സൂചിപ്പിച്ചു. ലേറ്റസ്റ്റ് പ്രൊപ്പോസൽസ് ഇപ്പോൾ നടപ്പാക്കാൻ പറ്റുന്നതാണോ എന്ന് പരിശോധിച്ച് അവരുമായി ചർച്ച ചെയ്ത് ഒരു സമവായമുണ്ടാക്കി, ഒരു

പ്രൊപ്പോസൽ വന്നുകഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിയും ചർച്ച ചെയ്ത് ഫൈനലൈസ് ചെയ്യാൻ വേണ്ടി നമ്മൾ കാത്തിരിക്കുകയാണ്. നമുക്ക് യാതൊരു പ്രശ്നവുമില്ല. അവരാണ് ചെയ്യേണ്ടത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ നാട്ടുകൽ മുതൽ താണാവ് വരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് രണ്ട് വർഷമായി. ഞാൻ മനസ്സിലാക്കിയിടത്തോളം കരാർ അനുസരിച്ച് ഇതിന്റെ കാലാവധി ഈ ആഗസ്റ്റ് മാസം പണി പൂർത്തീകരിക്കേണ്ടതാണ്. അത് ഒന്നാംഘട്ടമാണ്. അതുകഴിഞ്ഞ് താണാവ് മുതൽ പാലക്കാട് വരെയും രണ്ടാം ഘട്ടമാണ്. അതുപോലെ മൂന്നാം ഘട്ടം മണ്ണാർക്കാട് ബൈപ്പാസുമാണ്. ഈ പ്രവർത്തനങ്ങൾ വളരെ പതുക്കെയാണ് പോകുന്നത്. ഈ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാത്തതുകൊണ്ട് മണ്ണാർക്കാട് ടൗൺ വെള്ളക്കെട്ടുകളും മറ്റു പ്രശ്നങ്ങളുമൊക്കെയായിട്ട് നിരന്തരം ഗതാഗതക്കുരുക്കിലാണ്. മണ്ണാർക്കാട് ടൗണിലെ പ്രവൃത്തിയും അതുപോലെതന്നെ ഈ മൂന്ന് ഘട്ടങ്ങളുടെയും പണി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അങ്ങയുടെ ചോദ്യം പ്രധാന ചോദ്യത്തിന്റെ ഭാഗമല്ല, എന്നാലും ദേശീയപാതയെപ്പറ്റിതന്നെയാണ്. എൻ.എച്ച്.എ.ഐ-ആണ് ഇതും ചെയ്യുന്നത്. അവരുടെ ഭാഗത്തുള്ള തെറ്റുകാരണം കോഴിക്കോട് ബൈപാസിന്റെ ടെണ്ടർ ഓപ്പൺ ചെയ്യാൻ കഴിയുന്നില്ല. ഇവിടെ ശ്രീ. കെ. രാജനും അവിടത്തെ മറ്റ് എം.എൽ.എ.-മാരും ഉണ്ടല്ലോ; ഞങ്ങൾ പോയി നോക്കിയ ശേഷമാണ് കഴിഞ്ഞവർഷം ഒരു റോഡ് തന്നെ വെട്ടിയത്. ആ തുരങ്കം കമ്മീഷൻ ചെയ്യേണ്ട കാലം കഴിഞ്ഞു. കമ്മീഷൻ ചെയ്തിട്ടില്ല. അവിടെ മണ്ണിടിഞ്ഞു വീണിട്ട് കോൺക്രീറ്റ് ചെയ്യാതെ മണൽ ചാക്ക് വച്ച് അടുക്കിയിരിക്കുകയാണ്. ഇതൊക്കെയാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥന്മാർ കാണിക്കുന്നത്. അവിടെ കടുത്ത പ്രശ്നങ്ങളാണ്. നമുക്ക് അവരുമായി സമവായത്തിന്റെ പ്രശ്നങ്ങൾ ഉള്ളതു കൊണ്ട് കൂടുതൽ വിമർശനത്തിലേയ്ക്ക് കടക്കുന്നില്ല. എൻ.എച്ച്.എ.ഐ.-യെപ്പറ്റിയാണ് ഞാൻ പറയുന്നത്. അല്ലാതെ കേന്ദ്രമന്ത്രിയെപ്പറ്റിയൊന്നുമല്ല. എൻ.എച്ച്.എ.ഐ-കാണിക്കുന്നത് പലതും ശരിയല്ല. അതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള കാലതാമസങ്ങൾ ഉണ്ടാകുന്നത്. അവർ കൊണ്ടുവരുന്ന കോൺട്രാക്ടർമാർ മിക്കവരും പാപ്പരാണ്. കുതിരാൻ തുരങ്കത്തിന്റെയും കോഴിക്കോട് ബൈപാസിന്റെയും കോൺട്രാക്ടർമാർ പാപ്പരായിരിക്കുകയാണ്. ഇത്തരം കോൺട്രാക്ടർമാരെ കേരളത്തിന് പുറത്തുനിന്ന് അവർ കൊണ്ടുവരികയാണ്. ഏതായാലും ശരി അത് ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റിന് സാധ്യമായതെല്ലാം ചെയ്യാം.

ശ്രീ. പി. കെ. ബഷീർ: സർ, ദേശീയപാത വികസനത്തിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കാനാവശ്യമായ ചെലവിന്റെ നാലിലൊന്നായ അയ്യായിരത്തി അഞ്ഞൂറ് കോടി രൂപ സംസ്ഥാനം വഹിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ച എന്നാണ് വാർത്തകളിൽ വരുന്നത്. ഈ തുക കണ്ടെത്തുന്നതിന് കേന്ദ്രം തന്നെ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമുള്ള മണലും കരിങ്കല്ലും സംസ്ഥാനം ലഭ്യമാക്കുന്നതിന്, അവയ്ക്ക് വില നിർണ്ണയിച്ച് കേരള വിഹിതമായി കണക്കാക്കുന്നതിന്, പാതയുടെ അടിയിൽ ഉപയോഗമില്ലാത്ത ഭൂമി ലോജിസ്റ്റിക് പാർക്കിന് നൽകുന്നതിനും ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട ജി.എസ്.ടി-ഇനത്തിൽ ലഭിക്കുന്ന ലാഭം എന്നിങ്ങനെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രം നൽകിയിട്ടുണ്ടെന്ന് അറിയുന്നു. ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സംസ്ഥാനം അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് ചർച്ചകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, കഴിഞ്ഞ 15-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കേരളത്തിലെ മറ്റ് പി.ഡബ്ല്യൂ.ഡി അധികാരികളുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ പല നിർദ്ദേശങ്ങളും വച്ചിട്ടുണ്ട്. സാമ്പത്തിക കാര്യങ്ങളടക്കമുള്ള കാര്യങ്ങളാണ്, നമ്മളതിന് സമ്മതംമൂളിയിട്ടില്ല. ഇതിനെപ്പറ്റി ഔദ്യോഗികമായി അവർ കത്തൊന്നും അയച്ചിട്ടില്ല. ഈ പറയുന്ന കാര്യങ്ങൾ മാധ്യമങ്ങളിൽ വന്നു. ഇതിനെപ്പറ്റി ചർച്ച ചെയ്യാൻ ചീഫ്സെക്രട്ടറിയെ ചുമതല പ്പെടുത്തിയിരിക്കുകയാണ്. ഏത് നിലയിലും നയപരമായ തീരുമാനം നടപ്പിലാ ക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പും നിലകൊള്ളുന്നത്. അങ്ങ് പറഞ്ഞ പല നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. അന്തിമമായ തീരുമാനമൊന്നും എടുത്തിട്ടില്ല. സമവായത്തിനുവേണ്ടി ശ്രമിക്കും.

മി. സ്പീക്കർ: ഓർഡർ... ഓർഡർ.. ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജ്

4(*544) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഉണ്ടായ കടൽക്ഷോഭം സംസ്ഥാനത്തെ തീരദേശ മേഖലയിൽ കനത്ത നാശം വിതയ്ക്കുകയും മത്സ്യത്തൊഴിലാളികളുടെ വീട് ഉൾപ്പെടെ യുള്ളവയ്ക്ക് നാശനഷ്ടം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) എല്ലാ വർഷവും തീരദേശത്ത് ഉണ്ടാകുന്ന ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കുവാൻ തീരദേശത്തുള്ള കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യ ത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുന്നതിനായി പ്രത്യേക പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത പുനരധിവാസ പാക്കേജിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എത്ര മത്സ്യത്തൊഴിലാളികൾക്കാണ് പുനരധിവാസ പാക്കേജ് നടപ്പിലാക്കേണ്ടതെന്നും ഇതിനായി എന്ത് തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനായി പ്രത്യേക ഭാഗ്യക്കുറി ഇറക്കുന്ന കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിഗണിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്. 2019 ജൂൺ മാസത്തെ കടലാക്രമണത്തിന്റെ ഫലമായി ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്തൊട്ടാകെ മത്സ്യത്തൊഴിലാളികളുടെ 83 വീടുകൾ പൂർണ്ണമായി നഷ്ടപ്പെടുകയും 126 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 575-ലധികം വീടുകളിൽ വെള്ളം കയറിയ അവസ്ഥയും ഉണ്ടായിട്ടുണ്ട്.

(ബി&സി) തീരുമാനിച്ചിട്ടുണ്ട്. തീരദേശത്ത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭൂമി കണ്ടെത്തി ഭവനം നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപവരെ അനുവദിക്കുന്നതാണ് പദ്ധതി. തീരദേശവാസികളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ മാറി താമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി ഫിഷറീസ് വകുപ്പ് മുഖേന കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതമാണ് പദ്ധതി പ്രകാരം ധനസഹായമായി അനുവദിക്കുന്നത്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതിയിൽ 1798 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ഇതിൽ 1193 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.

കടലാക്രമണത്തിൽ വീടുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകി. 2018-19 വർഷത്തിൽ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് അപ്പാർട്ട്മെന്റുകൾ നിർമ്മിക്കുന്നതിനായി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നത്.

(ഡി) കേരളത്തിന്റെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന മേഖലയാണ്. 2016-ൽ ഫിഷറീസ് വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 24454 കുടുംബങ്ങൾ താമസിക്കുന്നതായി കണക്കാക്കിയിരുന്നു. ഇതിൽ 4320 കുടുംബങ്ങൾ മത്സ്യത്തൊഴിലാളി ഇതര വിഭാഗവുമായിരുന്നു. തുടർന്ന് ഫിഷറീസ് വകുപ്പ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹായത്തോടെ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി ആവശ്യമായ തുക ബന്ധപ്പെട്ട വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തിയും നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

തീരദേശത്ത് വേലിയേറ്റ മേഖലയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 പേരിൽ 3367 പേർ 10 മീറ്ററിനുള്ളിലും 3921 പേർ 10 മുതൽ 20 മീറ്റർ വരെയും 4577 പേർ 20-30 മീറ്ററിനുള്ളിലും 6820 പേർ 30-50 മീറ്ററിനുള്ളിലും അധിവസിക്കുന്നവരാണ്. ഇതിൽ 8487 പേർ മാറി താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. 1309 പേർ ഷെഡ്ഡുകളിലും കുടിലുകളിലും താമസിക്കുന്നവരുമാണ്. 4326 പേർ 3 സെന്റിൽ കുറവ് വസ്തു ഉള്ളവരുമാണ്. തീരത്ത് വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികളേയും പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തുന്നതാണ്.

(ഇ) നിലവിൽ ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

## പ്രീ-സ്കൂൾ വിദ്യാഭ്യാസം

5(*545) ശ്രീ. പി. ഉബൈദുള്ള :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പ്രീ-സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും മെച്ചപ്പെട്ട വേതനം ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രീ-സ്കൂൾ രംഗത്തുള്ള സ്വകാര്യ മേഖലയുടെ ചൂഷണം ഒഴിവാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്):

(എ) സർക്കാർ, സർക്കാർ അംഗീകൃത വിദ്യാലയങ്ങളോട് ചേർന്നും അല്ലാതെയും പ്രീ-സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ശാരീരികവും ബൗദ്ധികവുമായ വികാസത്തിന്റെ കാലഘട്ടമാണ് പ്രീ-സ്കൂൾ കാലഘട്ടം. അതിനാവശ്യമായ സമഗ്രമായ അനുഭവ പ്രവർത്തനങ്ങളാണ് പ്രീ-സ്കൂളുകളിൽ നടക്കുന്നത്. അതിന് അനുയോജ്യമായ പാഠ്യ പദ്ധതി പ്രീ-സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. അദ്ധ്യാപക സഹായിയായ ' കളിപ്പാട്ടം' എന്ന പുസ്തകവും പ്രീ-സ്കൂൾ കുട്ടികൾക്കുള്ള പ്രവർത്തന കാർഡുകളായ 'കളിത്തോണി'-യും പ്രാഥമിക വിദ്യാഭ്യാസത്തിനുതകുന്ന രീതിയിൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നു. പ്രീ-സ്കൂൾ അദ്ധ്യാപക സഹായി 'കളിപ്പാട്ടം', പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള പ്രവർത്തന കാർഡുകൾ 'കളിത്തോണി ' എന്നിവയെ അടിസ്ഥാനമാക്കി സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്ക് 'പ്രശിക്ഷ ' എന്ന പേരിൽ പരിശീലനം നൽകുന്നു. സർക്കാർ നേരിട്ട് നടത്തുന്ന 54 സ്കൂളുകളിലെ അദ്ധ്യാപകർക്കും ആയമാർക്കും ശമ്പള സ്കെയിൽ അനുസരിച്ചും പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 2182 സ്കൂളുകളിലെ അദ്ധ്യാപകർക്ക് 10,000 രൂപ വീതവും ആയമാർക്ക് 6,000 രൂപ വീതവും പ്രതിമാസ ഓണറേറിയമായി നൽകിവരുന്നു.

(സി) പ്രീ-സ്കൂൾ മേഖലയിലെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനും സ്വകാര്യമേഖലയുടെ ചൂഷണം ഒഴിവാക്കുന്നതിനുമുള്ള പ്രവർത്തന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. പ്രീ-സ്കൂൾ നയരേഖ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ തയ്യാറാക്കിവരുന്നു.

## വിദ്യാഭ്യാസ അവകാശ നിയമവും വിദ്യാലയങ്ങളും

6(*546) ശ്രീ പുരുഷൻ കടലുണ്ടി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) എട്ടാം ക്ലാസുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം എന്ന കേന്ദ്ര നയത്തിനപ്പുറം പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്കെല്ലാം സൗജന്യ പഠനം ഏർപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) സംസ്ഥാനത്തെ അൺ എയിഡഡ് വിദ്യാലയങ്ങൾ വിദ്യാഭ്യാസ അവകാശ നിയമത്തിനനുസൃതമായാണോ പ്രവർത്തിക്കുന്നതെന്ന് നിരീക്ഷിക്കാറുണ്ടോ; വിവേചനരഹിതമായ സ്കൂൾ പ്രവേശനം, ശാരീരിക ശിക്ഷയും മാനസിക പീഡയുമില്ലാത്ത വിദ്യാഭ്യാസം, മാനദണ്ഡങ്ങൾക്കനുസൃതമായ സൗകര്യം എന്നിവ ഇത്തരം സ്കൂളുകളിൽ എത്രമാത്രം പ്രാവർത്തികമായിട്ടുണ്ടെന്ന് പരിശോധിക്കുമോ;

(ഡി) പൊതുവിദ്യാലയങ്ങളിലെ ക്ലാസ് മുറികൾ ഹൈടെക് ആയി പരിണമിപ്പിച്ചതിനാൽ സാങ്കേതിക വിദ്യകളും ഉപകരണങ്ങളും കാര്യക്ഷമമായി വിനിയോഗിച്ചു കൊണ്ട് ബോധന നിലവാരം ഉയർത്താൻ അദ്ധ്യാപകരെ പ്രാപ്തമാക്കുന്നതിനുള്ള പ്രവർത്തനം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്):

(എ) വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുന്നതിനായി എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരള) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നൽകുന്നു. കൂടാതെ 1 മുതൽ 8 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടികൾക്കും എസ്.സി./എസ്.റ്റി. ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്ന ആൺകുട്ടികൾക്കും സൗജന്യമായി രണ്ടു ജോഡി യൂണിഫോമും നൽകുന്നു. സൗജന്യവും സാർവത്രികവുമായ പഠനം 1 മുതൽ 8 വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് ഉറപ്പുവരുത്തുന്നതിനായി താഴെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ എസ്.എസ്.കെ. നടത്തുന്നു.

1. മലയോര പ്രദേശത്തെയും ദുർഘടമായതും മറ്റ് യാത്രാ സൗകര്യമില്ലാത്തതുമായ സ്ഥലത്ത് താമസിക്കുന്ന കുട്ടികൾക്കായി യാത്രാ സൗകര്യം ഏർപ്പെടുത്തുന്നു.

2. മലയോര പ്രദേശത്തുള്ള കുട്ടികൾക്ക് താമസിച്ച് പഠിക്കുന്നതിനായി മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ എന്നീ സ്ഥലങ്ങളിലായി മൂന്ന് ഹോസ്റ്റലുകൾ നടത്തിവരുന്നു.

3. എസ്.എസ്.കെ.-യുടെ നേതൃത്വത്തിൽ ഇനിയും സ്കൂളിൽ ചേരാത്തതും എന്തെങ്കിലും കാരണവശാൽ കൊഴിഞ്ഞുപോയതുമായ കുട്ടികളെ കണ്ടെത്തി ബ്രിഡ്ജ് കോഴ്സ് നടത്തി വയസ്സിനനുസൃതമായ ക്ലാസുകളിൽ ചേർക്കുന്നു.

(ബി) ഇക്കാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്.

(സി) ഉണ്ട്. വിദ്യാഭ്യാസ അവകാശ നിയമം 2009, കേരള വിദ്യാഭ്യാസ ചട്ടങ്ങൾ എന്നിവയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിത്തന്നെയാണോ സ്കൂൾ പ്രവർത്തിക്കുന്നതെന്നതും ഈ നിരീക്ഷണങ്ങളുടെ ഭാഗമാണ്.

(ഡി) പഠന-ബോധന പ്രവർത്തനങ്ങളിൽ ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുക എന്നതാണ് പൊതുവിദ്യാലയങ്ങളിൽ ഹൈടെക് സംവിധാനം ഒരുക്കുന്നതിലൂടെ ലക്ഷ്യമാക്കുന്നത്. ഹൈടെക് ക്ലാസ് മുറികളിലെ നൂതന ബോധന ഉപാധികൾ അദ്ധ്യാപകർ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി അവരെ സഹായിക്കത്തക്കവിധം അനുയോജ്യമായ ഡിജിറ്റൽ വിഭവങ്ങൾ ഒരുക്കി 'സമഗ്ര' എന്ന പേരിൽ ഒരു പോർട്ടൽ തയ്യാറാക്കി ഡിജിറ്റൽ വിഭവങ്ങൾ ഉൾക്കൊള്ളിച്ച് ബോധന പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുതകുന്ന സമഗ്രാസൂത്രണ സൂക്ഷ്മാസൂത്രണ രേഖകളും ഈ പോർട്ടൽ വഴി അദ്ധ്യാപകർക്ക് ലഭ്യമാക്കി അവരെ ഡിജിറ്റൽ വിഭവങ്ങൾ സ്വയം നിർമ്മിച്ച് ഉപയോഗിക്കാൻ പരിശീലനങ്ങളിലൂടെ പ്രാപ്തരാക്കി. ഈ അവധിക്കാലത്ത് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം എല്ലാ അദ്ധ്യാപകർക്കും സാങ്കേതികവിദ്യ ഉപയോഗിച്ച് പാഠഭാഗങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള പ്രത്യേക ഐ.ടി. പരിശീലനവും നൽകിയിട്ടുണ്ട്.

## പാലങ്ങളുടെ പുനർനിർമ്മാണം

7(*547) ശ്രീ. ജോർജ് എം. തോമസ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. സ്വരാജ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനെട്ട് വർഷം മാത്രം പഴക്കമുണ്ടായിരുന്ന ഏനാത്ത് പാലം തകർന്നതിന്റെ പശ്ചാത്തലത്തിൽ നടത്തിയ പരിശോധനയെത്തുടർന്ന് പതിനഞ്ച് ശതമാനത്തിലധികം പാലങ്ങൾ പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യണമെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുടെ പുനർനിർമ്മാണ/ പുനരുദ്ധാരണത്തിനായി നടത്തുന്ന പ്രവർത്തനം അറിയിക്കാമോ; ഇതിന് എത്ര ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പാലങ്ങൾക്കുമാത്രമായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് നിർമ്മിച്ച പാലങ്ങളിൽ ചിലത് അഴിമതിയുടെ ഫലമായി നിർമ്മാണത്തിൽ വീഴ്ചകൾ വരുത്തിയതുകൊണ്ട് ഉപയോഗ ശൂന്യമായതിന്റെ പശ്ചാത്തലത്തിൽ നിർമ്മാണരംഗത്ത് ഉദ്യോഗസ്ഥ-കരാറുകാർ കൂട്ടുകെട്ടിന്റെ അഴിമതി തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ;

(സി) വിശദപരിശോധന നടത്തി അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും കുറ്റക്കാരായ കരാറുകാർക്കെതിരെയും മാതൃകാപരമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുകെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിനും ആധുനീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഏനാത്ത് പാലത്തിന്റെ തകർച്ചയെത്തുടർന്ന് നടത്തിയ പരിശോധനയിൽ സംസ്ഥാനത്തെ ഏകദേശം മൂവായിരത്തോളം പാലങ്ങളിൽ 162 പാലങ്ങൾ പുനർനിർമ്മിക്കേണ്ടവയും 208 പാലങ്ങൾ പുനരുദ്ധരിക്കേണ്ടവയുമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇങ്ങനെ പുനർനിർമ്മിക്കേണ്ടവയും പുനരുദ്ധരിക്കേണ്ടവയുമായ ഈ പാലങ്ങൾ ആകെ പാലങ്ങളുടെ ഏകദേശം 15% വരുന്നുണ്ട്. പാലങ്ങളുടെ പുനർനിർമ്മാണവും പുനരുദ്ധാരണവും ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, ഡി.പി.ആർ. തയ്യാറാക്കൽ തുടങ്ങിയവയ്ക്കുശേഷം മാത്രമേ പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി,

അധികമായി ആവശ്യമുള്ള സ്ഥലം ഏറ്റെടുക്കേണ്ടി വരുന്നതിനാൽ നിർമ്മാണത്തിന് കാലതാമസം ഉണ്ടാകുന്നുണ്ട്. പുനർ നിർമ്മിക്കേണ്ട പാലങ്ങളിൽ 38 എണ്ണത്തിന് മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കിഫ്ബിയിലും ബഡ്ജറ്റിലും ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 15 പാലങ്ങളുടെ നിർമ്മാണം നടന്നുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന നടപടികൾമൂലം മറ്റ് പാലങ്ങളുടെ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പുനർനിർമ്മിക്കേണ്ട പാലങ്ങളിൽ 124 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും ഡിസൈനും പൂർത്തിയായി വരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഈ പ്രവൃത്തികളും ആരംഭിക്കാൻ കഴിയുന്നതാണ്. പുനരുദ്ധരിക്കേണ്ട 208 പാലങ്ങളിൽ ഏറ്റവും ഗുരുതരമായ 25 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 370 പാലങ്ങളുടെ നിർമ്മാണ പുനരുദ്ധാരണ ചിലവുകൾ അവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മാത്രമേ നിജപ്പെടുത്താൻ കഴിയുകയുള്ളൂ. അതായത് ഇൻവെസ്റ്റിഗേഷനും ഡിസൈനും പൂർത്തീകരിച്ചാൽ മാത്രമേ യഥാർത്ഥ ചിലവ് കണക്കാക്കാൻ കഴിയുകയുള്ളൂ. പാലങ്ങളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പ ണികൾക്കുമായി ഇപ്പോൾ ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ പാലങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക വിഭാഗം പൊതുമരാമത്ത് വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. ഇത് കേരള പി.ഡബ്ല്യൂ.ഡി.-യുടെ ചരിത്രത്തിൽ ഒരു ചരിത്ര പ്രാധാന്യമുള്ള നടപടിയായിരുന്നു.

(ബി&സി) പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കർശന ഗുണനിലവാര പരിശോധന പൊതുമരാമത്തിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നുണ്ട്. നിർമ്മാണത്തിൽ വരുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ഊർജ്ജിതമായി അന്വേഷണം നടത്തുകയും കുറ്റക്കാർക്കെതിരെ ആവശ്യമായ ശിക്ഷാ നടപടികൾ സ്വീകരിക്കാറുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 103 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തു. 379 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചു.

(ഡി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്ടും എറണാകുളത്തും മേഖല ഡിസൈൻ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കെട്ടിടങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും ഭൂകമ്പങ്ങളെ പ്രതിരോധിക്കുന്ന രീതിയിലുള്ള സാങ്കേതികവിദ്യയിലാണ് ചെയ്തുവരുന്നത്. പ്രവൃത്തി ആരംഭിക്കുന്ന മുറയ്ക്ക് സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്തു വരുന്നുണ്ട്. എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും PRICE-1. 1-4-2015 നിലവിൽ വന്നു. കൂടാതെ G.O(Rt) 2997/2019/Fin dated 11-4-2019 പ്രകാരം PRICE-11, 1-6-2019 മുതൽ

നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടറുകൾക്ക് അനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ നിലവിൽ വന്നു. കൂടാതെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളും നിർമ്മാണ വസ്തുക്കളുടെ പരിശീലനവും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

**അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായം**

8(*548) ശ്രീ. പി. വി. അൻവർ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പ്രക്രിയക്ക് പുറത്തുള്ള നിരക്ഷരർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇവരെ സാക്ഷരരാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യ പിന്നോക്കാവസ്ഥകൊണ്ട് ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉൾച്ചേരാൻ കഴിയാതെ അതുവഴി കൂടുതൽ പിന്നോക്കാവസ്ഥയിലേക്ക് തള്ളപ്പെട്ടുപോകാനിടയായ പട്ടികഗോത്രവർഗ്ഗക്കാരെ അനൗപചാരിക വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ശാക്തീകരിക്കാനുദ്ദേശിച്ചുകൊണ്ടുള്ള സമഗ്ര പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) തുല്യതാ കോഴ്സുകൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് പരിപാടിയുണ്ടോ; മുഴുവൻ കുടുംബശ്രീ വനിതകളെയും പത്താംതരം യോഗ്യതയുള്ളവരാക്കാൻ പദ്ധതിയുണ്ടോ; തുടർവിദ്യാഭ്യാസ പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ കണക്ക് പ്രകാരം കേരളത്തിൽ 18 ലക്ഷത്തോളം നിരക്ഷരരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിനും അവർക്ക് തുടർവിദ്യാഭ്യാസത്തിന് അവസരം ഒരുക്കിക്കൊടുക്കുന്നതിനുമായി അക്ഷരലക്ഷം പദ്ധതി, 2000 പട്ടികജാതി-പട്ടികവർഗ്ഗ-തീരദേശ മേഖലയിലെ കോളനികളിൽ പ്രത്യേക സാക്ഷരതാ പരിപാടി, അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി, നവചേതന പദ്ധതി, സമഗ്ര പദ്ധതി, അക്ഷരസാഗരം പദ്ധതി, ചങ്ങാതി പദ്ധതി, സമന്വയ പദ്ധതി, അക്ഷരശ്രീ പദ്ധതി എന്നീ വിവിധ പദ്ധതികൾ സാക്ഷരതാമിഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരരെ സാക്ഷരരാക്കുന്നതിനും ഇവർക്ക് തുടർവിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതിനുംവേണ്ടി സംസ്ഥാന സാക്ഷരതാമിഷൻ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണ് 'സമഗ്ര' ആദിവാസി സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി. പട്ടികവർഗ്ഗ വികസന വകുപ്പ് തെരഞ്ഞെടുത്ത 100 പട്ടികവർഗ്ഗ കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ കോളനികളിൽ 2296 നിരക്ഷരർ ഉള്ളതായി കണ്ടെത്തുകയും ഇവരിൽ 2179 പേരെ ക്ലാസുകളിൽ പങ്കെടുപ്പിച്ച് പരീക്ഷ എഴുതിപ്പിക്കുകയും ഇതിൽ 1996 പേർ വിജയിച്ച് സാക്ഷരരാവുകയും ചെയ്തു. വിജയിച്ച മുഴുവൻ പഠിതാക്കൾക്കും സർട്ടിഫിക്കറ്റ് നൽകി. സാക്ഷരതാ പരീക്ഷ വിജയിച്ചവർ നാലാംതരം തുല്യതാകോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠനം നടത്തിവരുന്നു. അവശേഷിക്കുന്ന നിരക്ഷരർക്കുവേണ്ടി സാക്ഷരതാ ക്ലാസുകൾ നടന്നുവരുന്നു.

(സി) സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി നടത്തിവരുന്ന തുടർ വിദ്യാഭ്യാസ പരിപാടിയാണ് തുല്യതാ പരിപാടി. വിവിധ ജീവിത സാഹചര്യങ്ങളാൽ പഠനം തുടരാൻ കഴിയാതെ പോയവർക്കും വിവിധ കാരണങ്ങളാൽ പാതിവഴിയിൽ പഠനം ഉപേക്ഷിക്കേണ്ടിവന്നവർക്കുമായി അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ ആരംഭിച്ച തുടർവിദ്യാഭ്യാസ പരിപാടിയാണ് സാക്ഷരതാമിഷന്റെ നാല്, ഏഴ്, പത്ത്, ഹയർസെക്കൻഡറി എന്നീ തുല്യതാ കോഴ്സുകൾ. സാക്ഷരതാമിഷന്റെ പത്താംതരം തുല്യതാകോഴ്സ് സർട്ടിഫിക്കറ്റ് പി.എസ്.സി. അംഗീകരിക്കുകയും പത്താംക്ലാസ് യോഗ്യതയായി പി.എസ്.സി. നിശ്ചയിക്കപ്പെട്ടിട്ടുള്ള പരീക്ഷകളെ ഴുതുന്നതിന് യോഗ്യരാവുകയും ചെയ്തിട്ടുണ്ട്. പത്താംതരം തുല്യത വിജയിച്ചവർക്കും പ്രീഡിഗ്രി/ഹയർസെക്കൻഡറി പരാജയപ്പെട്ടവർക്കും തുടർപഠനാവസരം നൽകുന്നതിന് 2015-ൽ ആരംഭിച്ചതാണ് ഹയർസെക്കൻഡറി തുല്യതാകോഴ്സ്. ഈ കോഴ്സിലൂടെ പഠനം നടത്തി വിജയിച്ചവർക്ക് തുടർപഠനത്തിനായി വിവിധ യൂണിവേഴ്സിറ്റികളിൽ ചേർന്ന് പഠിക്കുന്നതിനുള്ള അവസരവും സാക്ഷരതാമിഷന്റെ ഈ കോഴ്സിലൂടെ ലഭിച്ചിട്ടുണ്ട്. കുടുംബശ്രീയിലെ പത്താംതരം വിജയിക്കാത്ത മുഴുവൻ വനിതകളെയും പത്താംതരം തുല്യതാവിദ്യാഭ്യാസം നേടിയെടുക്കുന്നതിന് 'സമ' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

1998-ൽ കേരളത്തിൽ സാക്ഷരതാമിഷൻ ആരംഭിക്കുമ്പോൾ കേവല സാക്ഷരത എന്ന ലക്ഷ്യം മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ, സാക്ഷരതയ്ക്കുമപ്പുറം തുടർവിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് സാക്ഷരത കൈവരിക്കുന്നവരെ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർ സെക്കൻണ്ടറി എന്നീ തുടർ വിദ്യാഭ്യാസത്തിലേയ്ക്ക് എത്തിക്കുകയാണ് സാക്ഷരതാമിഷൻ ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇതുകൂടാതെ, സാക്ഷരതാമിഷൻ പച്ചമലയാളം, ഗുഡ് ഇംഗ്ലീഷ്, അച്ഛീ ഹിന്ദി എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്.

## റോഡുകളുടെ പുനർനിർമ്മാണവും നവീകരണവും

9(*549) ശ്രീമതി സി. കെ. ആശ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പുനർനിർമ്മാണത്തിനും നവീകരണത്തിനും നിലവിലുള്ള റോഡ് പ്രതലം പൊളിച്ചെടുത്ത് പുനരുപയോഗിക്കുന്ന തരത്തിലുള്ള സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള നിർമ്മാണത്തിന്റെ ഗുണദോഷങ്ങൾ വെളിപ്പെടുത്തുമോ;

(സി) റോഡിന്റെ ഉപരിതല റിപ്പയറിംഗ് അടിയന്തരമായി നടപ്പാക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ഗുണദോഷങ്ങൾ അറിയിക്കുമോ;

(ഡി) റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ അടയ്ക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ മൊബൈൽ റോഡ് റിപ്പയറിംഗ് യൂണിറ്റ് എന്ന ആശയം നടപ്പാക്കുമോ; കന്താൾ മിക്സിന്റെ ഉപയോഗം വ്യാപകമാക്കുന്നത് പരിഗണിക്കുമോ;

(ഇ) ശബരിമലയിലേക്കുള്ള റോഡുകളും കെ.എസ്.ടി.പി. റോഡുകളുമടക്കം സംസ്ഥാനത്തെ പ്രധാന റോഡുകൾക്കായി ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് ഉൾപ്പെടെ നടപ്പാക്കുന്നത് പരിഗണിക്കുമോ;

(എഫ്) കേരളത്തിലെ എല്ലാ സംസ്ഥാന പാതകളും ബി.എം. ആന്റ് ബി.സി. റോഡുകളാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ;

(ജി) പ്രധാനപ്പെട്ട ജില്ലാ റോഡുകൾ ബി.എം. ആന്റ് ബി.സി. റോഡുകളാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) റോഡ് പുനർനിർമ്മാണത്തിനും നവീകരണത്തിനും നിലവിലുള്ള റോഡ് പ്രതലം പൊളിച്ചെടുത്ത് പുനരുപയോഗിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യയായ ഫുൾ ഡെപ്ത്ത് റീക്ലമേഷൻ ടെക്നോളജി ഉപയോഗിച്ച് അടൂർ റോഡ്സ്

ഡിവിഷന്റെ പരിധിയിലുള്ളതും അടൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതുമായ കൂടൽ റോഡ് 5.9 കി.മീ. ദൂരം റോഡ് നിർമ്മാണം വിജയകരമായി പൂർത്തിയാക്കി യിട്ടുണ്ട്. ദേശീയപാതയിൽ ആലപ്പുഴ ജില്ലയിലെ പുറക്കാട്-പാതിരപ്പള്ളി റോഡിൽ ജർമ്മൻ സാങ്കേതികവിദ്യയായ കോൾഡ് ഇൻ പ്ലേസ് റീസൈക്ലിംഗ് മാതൃകയിൽ 22 കി.മീ. റോഡും പുനരുദ്ധാരണം നടത്തി. നിലവിലുള്ള പ്രതലം പൊളിച്ചെടുത്ത് അത് പുനരുപയോഗിച്ച് നിർമ്മിക്കുന്ന രീതിയാണിത്. അനുയോജ്യമായ സ്ഥലങ്ങളിൽ ഈ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ടി.പി. രണ്ടാം ഘട്ട പദ്ധതിയിൽ എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് & കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുള്ള 82 കി.മീ. പുനലൂർ-പൊൻകുന്നം റോഡ് പുനർ നിർമ്മാണത്തിന്റെ വിശദമായ രൂപരേഖയിൽ നിലവിലുള്ള റോഡ് പ്രതലം പൊളിച്ചെടുത്ത് പുനരുപയോഗിക്കുന്ന തരത്തിലുള്ള സാങ്കേതികവിദ്യ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്.

(ബി) നിർമ്മാണ വസ്തുക്കളായ പാറ, മെറ്റൽ എന്നിവയ്ക്ക് വൻതോതിലുള്ള ദൗർലഭ്യം നേരിടുകയും അവയുടെ ഖനനംമൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്ന ഈ സന്ദർഭത്തിൽ നിലവിലുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന രീതി അവലംബിക്കുന്നതുകൊണ്ട് പ്രകൃതി വിഭവങ്ങളുടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ സാധിക്കും. ഇതിനുവേണ്ടിവരുന്ന നിർമ്മാണ ചെലവ് ഏറെക്കുറെ തുല്യമാണെങ്കിലും നിർമ്മാണ വസ്തുക്കളുടെ സേവിംഗ്സിൽ കൂടിയുണ്ടാകുന്ന സാമൂഹികമായ ലാഭം വളരെ വലുതാണ്. കൂടാതെ ടി സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിലൂടെ റോഡിന്റെ ബെയ്സ്, സബ് ബെയ്സ് എന്നിവ 10 വർഷത്തിൽ കൂടുതൽ നിലനിൽക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഒരു ദിവസം ഏകദേശം അര കിലോമീറ്ററോളം റോഡ് പൂർത്തിയാക്കാൻ ആകുമെന്നുള്ളതിനാൽ നിർമ്മാണ സമയത്തിലും വലിയ തോതിലുള്ള ലാഭം ഉണ്ടാകുന്നതാണ്. അന്തരീക്ഷ മലിനീകരണവും താരതമ്യേന കുറവായിരിക്കും. എന്നാൽ പര്യാപ്തമായ സാങ്കേതിക നിലവാരത്തിലുള്ള റോഡുകളിൽ മാത്രമേ ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. ആദ്യഘട്ടത്തിൽ പഴയ റോഡിൽ നിന്നും ലഭിക്കുന്ന നിർമ്മാണ വസ്തുക്കൾ, പുതുതായി ചേർക്കേണ്ട നിർമ്മാണ വസ്തുക്കൾ എന്നിവയുടെ അനുപാത കണക്കുകൾ അടങ്ങുന്ന ഡിസൈൻ, ഇതിനുവേണ്ടുന്ന യന്ത്ര സാമഗ്രികൾ ലഭ്യമാക്കുന്നത് നിലവിൽ ഏറെ ശ്രമകരമായ കാര്യമാണ്. തുടക്കത്തിൽ ചെലവേറിയതാണെന്നതാണ് ഈ സാങ്കേതിക വിദ്യയുടെ പരിമിതി. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ ഇവ താരതമ്യേന ചെലവ് കുറഞ്ഞതാണെന്ന് കാണാം.

(സി) റോഡിന്റെ ഉപരിതല റിപ്പയറിംഗ് അടിയന്തരമായി നടപ്പാക്കുന്നതിനായി അധികം ആഴമില്ലാത്ത കുഴികളാണെങ്കിൽ കോൾഡ് മിക്സ് ഉപയോഗിച്ച് കുഴി അടയ്ക്കാറുണ്ട്. ഇത്തരം കോൾഡ് മിക്സുകൾ ചൂടാക്കേണ്ട ആവശ്യമില്ലാത്തതിനാൽ മഴക്കാലത്തും ഉപയോഗിക്കാൻ കഴിയുന്നതാണ്. കൂടാതെ ഇത്തരത്തിൽ കുഴികൾ അടയ്ക്കുന്നതിന് വലിയ യന്ത്ര സാമഗ്രികളുടെ ആവശ്യമില്ലാത്തതിനാൽ അടിയന്തര സാഹചര്യങ്ങളിൽ ഇത് ഉപയോഗിക്കാവുന്നതാണ്. കോൾഡ് മിക്സുകൾ പൊതുവെ ചെലവേറിയതാണ്. കൂടാതെ വലിയ ആഴത്തിലുള്ളതും വ്യാപ്തിയുള്ളതുമായ കുഴികൾ അടയ്ക്കാൻ ഇത് ഉപയോഗിക്കുന്നത് അനുയോജ്യമല്ല.

(ഡി) റോഡിലുണ്ടാകുന്ന കുഴികൾ വേഗത്തിൽ അടയ്ക്കുന്നതിനായി മൊബൈൽ റോഡ് റിപ്പയറിംഗ് യൂണിറ്റ് തിരുവനന്തപുരം ഡിവിഷനിൽ ഉപയോഗിച്ചു വരുന്നുണ്ട്. റോഡുകളുടെ കുഴികൾ അടയ്ക്കുന്നതിന് കെ.എച്ച്.ആർ.ഐ. നിർമ്മിക്കുന്ന കന്താൾ മിക്സ് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഉപയോഗം വ്യാപകമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലകളിലേയ്ക്ക് പരീക്ഷണാടിസ്ഥാനത്തിൽ സപ്ലൈ ചെയ്തിട്ടുണ്ട്.

(ഇ) ശബരിമലയിലേയ്ക്കുള്ള പ്രധാന റോഡുകളിൽ ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ മറ്റ് പ്രധാന റോഡുകളിലും ദീർഘകാല മെയിന്റനൻസ് കോൺട്രാക്ട് നടപ്പാക്കുന്നത് പരിഗണിക്കുന്നതാണ്. അടൂർ മുതൽ കഴക്കൂട്ടം വരെ (80 കി.മീ.) മാതൃക സുരക്ഷിത ഇടനാഴി പദ്ധതിയുടെ കരാറിൽ 5 വർഷത്തെ മെയിന്റനൻസ് കാലാവധി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. റൈഡിംഗ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് &മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട്-വഴയില, മണ്ണന്തല-തൈക്കാട്, കൊല്ലം-ആയൂർ, വർക്കല-കല്ലമ്പലം, ചിത്രപ്പുഴ-പൂഞ്ഞാശ്ശേരി, മുട്ടം-പാറമട, തൊടുപുഴ-ഊന്നുകൽ എന്നീ റോഡുകൾ 5 വർഷ മെയിന്റനൻസ് കാലാവധിയിലാണ് ചെയ്തിട്ടുള്ളത്.

(എഫ്) കേരളത്തിലെ എല്ലാ സംസ്ഥാന പാതകളും ബി.എം. ആന്റ് ബി.സി. ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 475.73 കി.മീ. സംസ്ഥാന പാതകൾ ബി.എം. ആന്റ് ബി.സി. ചെയ്തിട്ടുണ്ട്.

(ജി) പ്രധാനപ്പെട്ട ജില്ലാ റോഡുകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബി.എം. ആന്റ് ബി.സി. ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2419.65 കി.മീ. ജില്ലാ റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്തിട്ടുണ്ട്.

## റോഡുകളിലെ വാഹന പാർക്കിംഗിനുള്ള ഫീസ്

10(*550) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും പാർക്കുചെയ്യുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്നും ഫീസ് പിരിക്കുന്നതിന് ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ബി) അനുമതിയില്ലാതെ ചില സ്വകാര്യ ഏജൻസികൾ ഉൾപ്പെടെ വാഹന പാർക്കിംഗിന് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാഹന പാർക്കിംഗിന് അനധികൃതമായി ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഇരുവശങ്ങളിലും പാർക്കുചെയ്യുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽനിന്നും ഫീസ് ഈടാക്കുന്നതിന് ഈ വകുപ്പിൽ നിന്നും ആർക്കും അനുമതി നൽകിയിട്ടില്ല. എന്നാൽ തിരുവനന്തപുരം നഗരസഭയിൽ 3-11-2015-ൽ ബഹുമാനപ്പെട്ട കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മൂന്നംഗ ഭരണസമിതിയാണ് നഗരസഭാ പരിധിയിൽ എം.ജി. റോഡിൽ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തിയത്. ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിയന്ത്രണത്തിലുള്ള ട്രാഫിക് വാർഡന്മാരാണ് ട്രാഫിക് ഫീസ് പിരിവ് നടത്തുന്നത്. ഇത്തരത്തിൽ പിരിവ് നടത്തുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) തിരുവനന്തപുരം നഗരസഭയുടെ പരിധിയിൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതിയില്ലാതെ പൊതുമരാമത്ത് റോഡിന്റെ വശങ്ങളിൽ പാർക്ക് ചെയ്തിരിക്കുന്ന വാഹനങ്ങളുടെ ഉടമസ്ഥരിൽ നിന്ന് നഗരസഭ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത 66-ന്റെ പ്ലാമൂട് മുതൽ കേശവദാസപുരം വരെയുള്ള ഭാഗത്ത് വകുപ്പിന്റെ അനുമതി ഇല്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത് ബുക്കുപയോഗിച്ച് ട്രാഫിക് വാർഡന്മാർ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായും അത് കോർപ്പറേഷനിൽ അടയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം നഗരസഭയുടെ ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ നിർദ്ദേശാനുസരണം കെ.ആർ.എഫ്.ബി.-യുടെ പരിധിയിലുള്ള എൽ.എം.എസ്. അട്ടക്കുളങ്ങര (എം.ജി.റോഡ്), ആർ.എം.എസ്.-തമ്പാനൂർ-ഓവർബ്രിഡ്ജ് റോഡിലും പേ & പാർക്കിംഗ് സംവിധാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില ഐ.എ.എസ്.-കാർക്കുപോലും ചട്ടങ്ങൾ അറിയില്ല. ഇതിനു കൂട്ടുനിന്നവർ വാളെടുത്തവർ വെളിച്ചപ്പാട് എന്ന മട്ടിലാണ്. പിരിവ് നടത്താൻ ഉപദേശക സമിതിക്ക് യാതൊരു നിയമാധികാരവുമില്ല.

(സി) വാഹന പാർക്കിംഗിന് ഫീസ് പിരിക്കുന്നത് പൊതുമരാമത്ത് വിഭാഗത്തിൽ നിന്നുള്ള യാതൊരു അനുമതിയും കൂടാതെ നടത്തുന്നതിനാൽ ടി പ്രവൃത്തി അടിയന്തരമായി നിർത്തലാക്കാൻ തിരുവനന്തപുരം ദേശീയപാതാ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡി1-ജന/2019 തീയതി 22-5-2019 പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കെ.ആർ.എഫ്.ബി.-യുടെ എൽ.എം.എസ്.-അട്ടക്കുളങ്ങര (എം.ജി. റോഡ്), ആർ.എം.എസ്. - തമ്പാനൂർ (ഓവർബ്രിഡ്ജ് റോഡ്) എന്നിവ ഒഴികെയുള്ള മറ്റ് റോഡുകളിൽ പേ & പാർക്കിംഗ് സംവിധാനം ട്രാഫിക് അഡ്വൈസറി കമ്മിറ്റി ഏർപ്പെടുത്തിയത് കെ.ആർ.എഫ്.ബി. നിർത്തലാക്കിയിട്ടുണ്ട്.

## മലയാളത്തിളക്കം പദ്ധതി

11(*551) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷരം അറിഞ്ഞുകൂടാത്ത കുട്ടികളെ പഠിപ്പിക്കുന്നതിനായുള്ള മലയാളത്തിളക്കം എന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികസമയം കണ്ടെത്തണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പദ്ധതികൾ കൂടുതൽ ഫലപ്രദമാക്കുന്നതിനായി ബി.ആർ.സി.-കളിൽ നിന്നുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ബി.ആർ.സി.-കളിൽ നിലവിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; 'മലയാളത്തിളക്കം' പദ്ധതിയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനപുരോഗതി അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് മാതൃഭാഷയിൽ പ്രാവീണ്യം നൽകുക എന്ന ലക്ഷ്യത്തോടെ തുടങ്ങിയ പദ്ധതിയാണ് 'മലയാളത്തിളക്കം'. പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. 2018-19-ലെ അദ്ധ്യയന വർഷം 3 മുതൽ 10 വരെ ക്ലാസ്സുകളിൽ പദ്ധതി നടപ്പിലാക്കി. കഴിഞ്ഞ 3 വർഷം 321531 കുട്ടികൾ പദ്ധതിയിലൂടെ കടന്നുപോയിട്ടുണ്ട്. അതിൽ 276884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി അധികസമയം കണ്ടെത്തണമെന്ന നിർദ്ദേശം നൽകിയിട്ടില്ല. ഒരു സ്കൂളിലെ എല്ലാ കുട്ടികൾക്കും മാതൃഭാഷയിൽ ആശയവിനിമയശേഷി ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത്തരം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടതില്ല.

(സി) ബി.ആർ.സി.-കളിൽ നിന്നുള്ള അദ്ധ്യാപകരുടെ സേവനം പ്രയോജന പ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ബി.ആർ.സി. ട്രെയിനർമാരാണ് ഈ പദ്ധതിക്ക് വിദ്യാലയങ്ങളിൽ നേതൃത്വം നൽകിയത്.

(ഡി) ബി.ആർ.സി.കളിൽ നിലവിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു :

1. അദ്ധ്യാപകർക്ക് വിവിധ വിഷയങ്ങളിലുള്ള പരിശീലനം നൽകുക.
2. വിദ്യാലയങ്ങൾ സന്ദർശിച്ച് തത്സമയ പിന്തുണ നൽകുക.
3. അസസ്മെന്റ് പ്രവർത്തനങ്ങളിൽ അദ്ധ്യാപകരെ സഹായിക്കുക.
4. സമഗ്രശിക്ഷാ കേരളം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

കഴിഞ്ഞവർഷം 321531 കുട്ടികൾ മലയാളത്തിളക്കം പദ്ധതിയിലൂടെ കടന്നുപോയി അതിൽ 276884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു.

## പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ

12(*552) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 9941 പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷനും (കൈറ്റ്) സ്കൂളുകളും തമ്മിൽ ധാരണാപത്രം ഒപ്പുവയ്ക്കുന്നത് സംബന്ധിച്ച സർക്കാർ മാനദണ്ഡങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ധാരണാപത്രത്തിൽ സ്കൂളുകൾ ഏറ്റെടുത്ത് നടത്തേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്കൂളിനെയും കുട്ടികളെയും സംബന്ധിക്കുന്ന വിവരങ്ങളുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കാനും ദുരുപയോഗം ഒഴിവാക്കുവാനും ആവശ്യമായ എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഹൈടെക് ലാബ് സജ്ജമാക്കുന്നതിന് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സ്കൂളുകളിലേയ്ക്ക് നൽകുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ആവശ്യകതയ്ക്കനുസരിച്ച് ഏത് ക്ലാസിലും ഉപയോഗിക്കാവുന്നതാണ്. അതിനാൽ ലോവർ പ്രൈമറി, അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ സൗകര്യമുള്ള എല്ലാ ക്ലാസ് മുറികളിലും ഹൈടെക് സംവിധാനം പ്രയോജനപ്പെടുത്താവുന്ന വിധത്തിലാണ് ക്രമീകരണങ്ങൾ ഒരുക്കിയിരിക്കുന്നത്. പദ്ധതി പ്രകാരം സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന ലാപ്ടോപ്പ് കമ്പ്യൂട്ടർ, മൾട്ടി മീഡിയ പ്രൊജക്ടർ, യു.എസ്.ബി. സ്പീക്കർ എന്നിവയുടെ വിതരണ ഉദ്ഘാടനം 2019 ജൂലൈ ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്തുവച്ച് നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. സ്കൂളുകൾക്ക് മൾട്ടി ഫങ്ഷൻ പ്രിന്റർ, ടെലിവിഷൻ എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം (ലോവർ പ്രൈമറി, അപ്പർ പ്രൈമറി) സ്കൂളുകളിൽ ഐ.സി.ടി. ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളും തമ്മിൽ ഒപ്പുവയ്ക്കേണ്ട ധാരണാ പത്രത്തിന് 6-6-2019-ലെ സ.ഉ.(സാധാ) നമ്പർ 2177/2019/പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന സർക്കാർ ഉത്തരവിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. *

(ഡി) സ്കൂളിനെയും കുട്ടികളെയും സംബന്ധിക്കുന്നതുൾപ്പെടെ വിവരങ്ങളുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പാക്കാനും ദുരുപയോഗം ഒഴിവാക്കാനും സ്കൂൾ കുട്ടികൾക്കുവേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോകോൾ വികസിപ്പിച്ചെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 2060 ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ അംഗങ്ങൾ വഴി സ്കൂൾ കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്.

## റോഡ് നിർമ്മാണത്തിന് മുന്നോടിയായി ശാസ്ത്രീയ പഠനം

13(*553) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണത്തിന് മുന്നോടിയായി നടത്തേണ്ട ശാസ്ത്രീയ പഠനത്തിന്റെ അഭാവമാണ് സംസ്ഥാനത്തെ റോഡുകൾ വളരെപ്പെട്ടെന്ന് പൊട്ടിപ്പൊളിഞ്ഞ് സഞ്ചാരയോഗ്യമല്ലാതാകുന്നതിന് കാരണമാകുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) റോഡ് ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം, മണ്ണിന്റെ പ്രത്യേകത, വെള്ളക്കെട്ടിന്റെ സാന്നിദ്ധ്യം എന്നിവയൊക്കെ പഠന വിധേയമാക്കിയാണോ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിൽ ഇതിനായി നിലവിലുള്ള സംവിധാനം എന്താണെന്ന് അറിയിക്കാമോ;

(ഡി) ഗ്രാമീണ റോഡുകളുടെയും മലയോര പാതകളുടെയും കാര്യത്തിൽ ശാസ്ത്രീയമായ പഠനം നടത്തി മാത്രമേ റോഡ് നിർമ്മിക്കുവാൻ അനുമതി നൽകാവൂ എന്ന് നിഷ്കർഷിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിന് കീഴിൽ നിലവിൽ പ്രോജക്ടുകളിലും കിഫ്ബി, മലയോര ഹൈവേ തുടങ്ങിയ പ്രവൃത്തികളിലും മണ്ണിന്റെ പ്രത്യേകത, വാഹനങ്ങളുടെ എണ്ണം, വെള്ളക്കെട്ടിന്റെ സാന്നിദ്ധ്യം എന്നിവയൊക്കെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പഠന വിധേയമാക്കിയശേഷം ഡിസൈൻ ചെയ്താണ് റോഡുകൾ നിർമ്മിക്കുന്നത്. എന്നാൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കേണ്ട സാധാരണ ഉപരിതലം പുതുക്കൽ പ്രവൃത്തികൾ സാധാരണ ഗതിയിലാണ് ചെയ്യുന്നതെങ്കിലും ശാസ്ത്രീയ പഠനങ്ങൾ ആവശ്യമാണെന്ന് തോന്നുന്ന സാഹചര്യത്തിൽ ആവശ്യമായ പഠനങ്ങൾ നടത്താറുമുണ്ട്. നിലവിലെ ദേശീയപാതകളുടെ വികസനം വിദഗ്ദ്ധ കൺസൾട്ടന്റ് മുഖാന്തരം വിശദ പദ്ധതി രൂപരേഖ തയ്യാറാക്കിയാണ് നടപ്പിലാക്കുന്നത്.

(സി) പ്രധാന പ്രവൃത്തികളുടെയെല്ലാം ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ഇൻവെസ്റ്റിഗേഷൻ നടത്തുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ ഡിസൈൻ തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ ഇൻവെസ്റ്റിഗേഷനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും പൊതുമരാമത്ത് ഡിസൈൻ വിഭാഗം മുഖേന തന്നെ നടപ്പിലാക്കാറുണ്ട്. ദേശീയപാതാ വിഭാഗത്തിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം നിഷ്കർഷിക്കുന്ന യോഗ്യതയുള്ള കൺസൾട്ടൻസി സ്ഥാപനങ്ങൾ മുഖാന്തരമാണ് വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നത്.

(ഡി) മലയോര പാതയുടെ ഡി.പി.ആർ. തയ്യാറാക്കുന്നത് വിശദമായ ശാസ്ത്രീയ പഠനം നടത്തിയശേഷം മാത്രമാണ്. ഗ്രാമീണ റോഡുകൾ ഒന്നുംതന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കേണ്ടതില്ലെന്നാണ് സർക്കാർ തീരുമാനം.

## മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന പരിശീലനം

14(*554) ശ്രീ. ബി. സത്യൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് പരിശീലനം നൽകുന്നതിനും അതിനുതകുന്നതരത്തിൽ യന്ത്രങ്ങളുടെ ആധുനീകരണത്തിനും അതോടൊപ്പം മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും മാനേജ്മെന്റിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഫിഷിംഗ് ഹാർബറുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിനും അവയുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾക്ക് പങ്കാളിത്തം നൽകുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) മത്സ്യത്തൊഴിൽമേഖലയിലെ സാമൂഹ്യപിന്നാക്കാവസ്ഥയ്ക്ക് ഒരു പരിഹാരമെന്ന നിലയിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിദഗ്ദ്ധ പരിശീലനവും ധനസഹായവും നൽകി ഇതരമേഖലകളിൽ ഉപജീവനം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിങ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സഹായത്തോടെ 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner) വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. പരിഷ്കരിച്ച KMFR ആക്ട് പ്രകാരം സംസ്ഥാനതല ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. മത്സ്യ സമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തൽ, തീരദേശ സംരക്ഷണം, മത്സ്യമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കുക എന്നതാണ് മാനേജ്മെന്റ് കൗൺസിലുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സംരക്ഷണാർത്ഥം മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(a) തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട് മുതൽ പരവൂർ പൊഴിക്കര വരെ 30 മീറ്റർ ആഴം വരെയും പരവൂർ പൊഴിക്കര മുതൽ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം വരെ 20 മീറ്റർ ആഴം വരെയും മെക്കനൈസ്ഡ് ഫിഷിംഗ്, പുതുക്കിയ KMFR ചട്ടങ്ങൾ പ്രകാരം നിരോധിച്ചിട്ടുണ്ട്.

(b) 2018-19 വർഷം മുതൽ ട്രോൾബാൻ കാലയളവ് 47 ദിവസത്തിൽ നിന്ന് 52 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

(c) 2018-19 വർഷം പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(d) അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി കേരള കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിച്ചും പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ പുറപ്പെടുവിച്ചും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് പ്രകാരം ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്.

(e) പ്രധാന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്.

(f) പേഴ്സിൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്.

(g) സംസ്ഥാനത്തിന്റെ തീരക്കടലിൽ മത്സ്യബന്ധനം നടത്തുന്നതിനുള്ള ലൈസൻസ് 20 മീറ്റർ വരെ നീളവും 250 എച്ച്.പി. വരെ എഞ്ചിൻ കപ്പാസിറ്റിയുമുള്ള യാനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(h) മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് പുതുതായി രൂപീകരിച്ചിട്ടുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുന്നുണ്ട്.

(i) സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(j) 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്. ആർ.ഐ.-യിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ MLS (Minimum Legal Size) നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാംതന്നെ സി.എം.എഫ്.ആർ. ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കാമെന്നും MLS നടപ്പിലാക്കാമെന്നും ധാരണയാകുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും പരിപാലനത്തിനും നിരീക്ഷണത്തിനുമായി പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കിയുള്ള മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചു. ഹാർബറുകളുടെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിനും ഹാർബറുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം, തങ്കശ്ശേരി, നീണ്ടകര, കായംകുളം, ചേറ്റുവ, ബേപ്പൂർ, പുതിയാപ്പ, കൊയിലാണ്ടി, ചോമ്പാൽ, തലായ്, മാപ്പിളബേ, ചെറുവത്തൂർ തുടങ്ങിയ 12 മത്സ്യബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സൊസൈറ്റിക്ക് ഒരു

ഗവേണിംഗ് കൗൺസിലും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ഉണ്ട്. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ നിർദ്ദിഷ്ട ഗവേണിംഗ് കൗൺസിലിന്റെ ചെയർമാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർ ആയിരിക്കും. കൂടാതെ അതാത് ഹാർബറുകളിലെ മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും അംഗീകൃത ട്രേഡ് യൂണിയനുകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ചിൽ കുറയാത്ത പ്രതിനിധികളും സമിതിയിൽ അംഗമായിരിക്കും. അതാത് ഹാർബറുകളിൽ പിരിച്ചെടുക്കുന്ന യൂസർഫീകളുടെ നിശ്ചിത വിഹിതം പ്രയോജനപ്പെടുത്തി ഹാർബർ വികസനം നടത്തുന്നതിന് ഈ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

(സി) കടൽ സുരക്ഷയ്ക്കും കടലിൽ അപകടത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കുംവേണ്ടി അഭ്യസ്തവിദ്യരായ യുവജനങ്ങളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തിലെ 9 മറൈൻ ജില്ലകളിലായി 900 മത്സ്യത്തൊഴിലാളികളെ കടൽ സുരക്ഷാ സ്ക്വാഡിന്റെ രൂപീകരണത്തിനായി തെരഞ്ഞെടുക്കുന്നുണ്ട്. ഇവർക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർബോട്ട് പ്രവർത്തിപ്പിക്കുന്നതിനും കടൽ രക്ഷാ പ്രവർത്തനങ്ങളിലും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. ഇതിനകം 317 പേരുടെ പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശത്തെ മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 200 പേരെ കോസ്റ്റൽ വാർഡന്മാരായി നിയമിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുഖേന നടപടി സ്വീകരിച്ചു. മത്സ്യത്തൊഴിലാളി മേഖലയിലെ സാമൂഹിക പിന്നോക്കാവസ്ഥ പരിഹരിക്കാൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ഫിഷറീസ് വകുപ്പ് മുഖേന വിദ്യാതീരം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, ബാങ്ക് ടെസ്റ്റ് പരിശീലനം, പി.എസ്.സി. പരീക്ഷാ പരിശീലനം എന്നിവ സൗജന്യമായി നൽകിവരുന്നു. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/പെൻഷണറുടെ മകൻ/മകൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുന്നത്.

ഡിഗ്രിതലത്തിൽ നടന്ന പരീക്ഷയിൽ കുറഞ്ഞത് 60% മാർക്ക് നേടി വിജയിച്ചവർക്ക് ബാങ്ക് ടെസ്റ്റ് പരിശീലനവും സിവിൽ സർവ്വീസിൽ പരീക്ഷാ പരിശീലനവും 50% മാർക്ക് നേടി വിജയിച്ചവർക്ക് പി.എസ്.സി. പരീക്ഷാ പരിശീലനവും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവരുന്നു. ഹയർസെക്കൻഡറി/വി.എച്ച്.എസ്.സി. തലത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയത്തിൽ കുറഞ്ഞത് 85% മാർക്ക് നേടി വിജയിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകിവരുന്നു. സിവിൽ സർവ്വീസ്,

ബാങ്ക് ടെസ്റ്റ് എന്നിവയ്ക്ക് റസിഡൻഷ്യൽ പരിശീലനമാണ് നൽകിവരുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ +2 പാസ്സായ 20-നും 35-നും ഇടയിൽ പ്രായമുള്ള യുവതികൾക്കായി തീരനൈപുണ്യ പദ്ധതി നടപ്പിലാക്കിവരുന്നു. 2 മാസം നീണ്ടുനിൽക്കുന്ന പരിശീലനത്തിൽ ഒരു മാസം വീതം ക്ലാസ്സും പരിശീലനവും അതിനുശേഷം ജോലി ലഭിക്കുന്നതിനുവേണ്ടി വിവിധ സ്ഥാപനങ്ങളിലുള്ള പ്രായോഗിക പരിശീലനവും നൽകിവരുന്നു. പരിശീലനം പൂർത്തിയാക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും സ്റ്റൈപന്റ്, പാസ്പോർട്ട് എന്നിവയും നൽകുന്നു. 2016-17 മുതൽ 2018-19 വരെ 85 പേർക്ക് ബാങ്ക് കോച്ചിംഗ്, 21 പേർക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം, 198 പേർക്ക് പി.എസ്.സി. പരീക്ഷാ പരിശീലനവും നൽകിയിട്ടുണ്ട്. 2016-17 മുതൽ 186 പേർക്ക് മെഡിക്കൽ എൻട്രൻസ് പരീക്ഷാ പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ 24 പേർക്ക് MBBS-നും 14 പേർക്ക് BDS, BAMS, BHMS, BVSC-ക്കും 33 പേർക്ക് ഇതര കോഴ്സുകൾക്കും ഉൾപ്പെടെ ആകെ 71 പേർക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

**പരിസ്ഥിതി അനുകൂലവും ശാസ്ത്രീയവുമായ ഭൂവിനിയോഗം**

15(*555) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായ പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനയും ഭൂമിയുടെ പ്രത്യേകതയും സംബന്ധിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയിട്ടുണ്ടോ; ഭൂവിനിയോഗം പരിസ്ഥിതി അനുകൂലവും ശാസ്ത്രീയവുമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കുമോ;

(ബി) തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിന് ഐ.എസ്.ആർ.ഒ.-യുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വയലുകളുടെ ഡാറ്റാ ബാങ്ക് രൂപീകരണം പൂർത്തിയായോ; വയൽ നികത്തൽ തടയാൻ സ്വീകരിച്ചുവരുന്ന കർശന നടപടികൾ ഫലം കാണുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) പുഴയോരങ്ങളും കായൽത്തീരങ്ങളും കയ്യേറുന്നത് അവസാനിപ്പിക്കാൻ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; നദീതീര സംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 2018-ലെ പ്രളയത്തിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലുമുണ്ടായ പ്രദേശങ്ങളിലെ മണ്ണിന്റെ ഘടനയും ഭൂമിയുടെ പ്രത്യേകതയും സംബന്ധിച്ച് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ പഠനം നടത്തിയിട്ടുള്ളതാണ്. മേൽ സ്ഥലങ്ങളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും പാടില്ലെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലങ്ങളിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും തഹസിൽദാർമാർക്കും അത്തരം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ പഠനത്തിന്റെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ കേരളത്തിലെ 15% ഭൂപ്രദേശം ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂപടം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിൽ High Hazard സോൺ ആയി കാണിച്ചിട്ടുള്ള പ്രദേശങ്ങളിൽ പാറ വെടിമരുന്ന് ഉപയോഗിച്ച് പൊട്ടിക്കുവാൻ അനുവദിക്കരുതെന്ന് സംസ്ഥാന ദുരന്തലഘൂകരണ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ കേരളത്തിലെ മൂന്ന് റാംസാർ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു സമഗ്ര കർമ്മ പദ്ധതി വെറ്റ് ലാന്റ് ഇന്റർ നാഷണൽ സൗത്ത് ഏഷ്യയും കേന്ദ്ര ജലവിഭവ വികസന വിനിയോഗ കേന്ദ്രവും ചേർന്ന് തയ്യാറാക്കുകയും പ്രസ്തുത കർമ്മ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകരിക്കുകയും ഈ സാമ്പത്തിക വർഷം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാബാങ്കുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ

ഊർജ്ജിതമായി നടത്തിവരുന്നു. സംസ്ഥാനത്തൊട്ടാകെ 1076 കൃഷിഭവൻ പ്രദേശങ്ങൾ ഉള്ളതിൽ, 3 ജില്ലകളിലായി 29 കൃഷിഭവൻ പ്രദേശങ്ങളിൽ നെൽവയൽ തണ്ണീർത്തടം ഇല്ലാത്തതാണ്. ശേഷിക്കുന്ന 1047 കൃഷി ഭവൻ പ്രദേശങ്ങളിൽ 817 എണ്ണത്തിന്റെ ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കൂടാതെ 36 എണ്ണത്തിന്റെ ഡാറ്റാബാങ്ക് പുതിയതായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ 19 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിനായി കൈമാറിയിട്ടുണ്ട്. 10 പ്രദേശങ്ങളുടെ ഡാറ്റാബാങ്ക് ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നെൽവയൽ തണ്ണീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും ആയവ അനിയന്ത്രിതമായി പരിവർത്തനപ്പെടുത്തുന്നത് ഫലപ്രദമായി നിയന്ത്രിക്കുന്നതിനും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി പരിവർത്തനം വരുത്തിയിട്ടുള്ളവ കണ്ടെത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തണ്ണീർത്തടങ്ങളുടെയും നെൽവയലുകളുടെയും സംരക്ഷണത്തിനായി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, വകുപ്പ് 12-ൽ അനുശാസിക്കും വിധമുള്ള നടപടികളും വകുപ്പ് 13 പ്രകാരം അനധികൃതമായി തരം മാറ്റിയ ഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടിയും വകുപ്പ് 20 പ്രകാരം വാഹന സാമഗ്രികൾ പിടിച്ചെടുത്ത് കണ്ടുകെട്ടുന്ന നടപടിയും വകുപ്പ് 23 പ്രകാരം പ്രോസിക്യൂഷൻ നടപടിയും സ്വീകരിച്ചുവരുന്നു. കൂടാതെ തരിശായി കിടക്കുന്ന എല്ലാ നെൽവയലുകളും കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപടികൾ സ്വീകരിക്കുകയും മറ്റ് കൃഷികൾ ചെയ്തുവരുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതിനുപുറമെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് തടയുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിലേയ്ക്കുമായി താലൂക്ക്തലത്തിൽ ഭൂരേഖാ തഹസീൽദാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(സി) നദീതീരങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും 1958-ലെ ചട്ട പ്രകാരവും 2009-ലെ ഭേദഗതി നിയമപ്രകാരവുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വേയറുടെ സഹായത്തോടെ പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അനധികൃത കയ്യേറ്റം കണ്ടെത്തുന്ന പക്ഷം ടി നിയമപ്രകാരം കയ്യേറ്റ കക്ഷികളെ നിയമാനുസൃതം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുകയും ചെയ്യുന്നു. മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധീനതയിലുള്ള ഭൂമിയിലാണ് കയ്യേറ്റം കണ്ടെത്തുന്നതെങ്കിൽ കേരള ഭൂസംരക്ഷണ നിയമത്തിലെ സെക്ഷൻ 15 പ്രകാരം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിക്ക് കയ്യേറ്റം ഒഴിപ്പിക്കുന്ന തിനായി കയ്യേറ്റ ഭൂമിയുടെ മഹസ്സർ, സ്കെച്ച്

സഹിതം കൈമാറി വരുന്നു. സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടാൽ ത്വരിത നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് സെൽ രൂപീകരിച്ച് അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നിരീക്ഷിച്ചുവരുന്നു. അതോടൊപ്പം ഗവൺമെന്റ് ഭൂമിയിലെ കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനായി ഉപയോഗിക്കാതെ കിടക്കുന്ന സർക്കാർ ഭൂമി, ഇതിൽ അനധികൃത കയ്യേറ്റമുള്ള ഭൂമി, ഉടമസ്ഥരില്ലാതെ കിടക്കുന്ന ഭൂമി, വിട്ടൊഴിഞ്ഞ ഭൂമി തുടങ്ങിയ വിശദവിവരങ്ങൾ ഉൾക്കൊണ്ടുള്ള ഒരു ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നിൽകിയിട്ടുള്ളതും അത്തരത്തിലുള്ള വിവരശേഖരണം നടന്നുവരുന്നതുമാണ്.

കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22(3) അനുശാസിക്കുന്ന കാര്യങ്ങൾക്കാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കുന്നത്. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കാനുള്ള ചെലവ്, മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുവേണ്ടി വരുന്ന തുക, ജില്ലാതല വിദഗ്ദ്ധ സമിതി എന്നിവയിലെ അംഗങ്ങളുടെ യോഗ നടപടികളുമായി ബന്ധപ്പെട്ട യാത്രാബത്ത, ദിനബത്ത, ഓഡിറ്റ് ഫീസ്, പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി നൽകുന്ന ചെലവുകൾ, ജീവനക്കാരുടെ ദിവസ വേതനത്തിലുള്ള ചെലവുകൾ, വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ, സാൻഡ് ഓഡിറ്റിംഗ്, റിവർബാങ്ക് മാപ്പിംഗ് തുടങ്ങിയവയ്ക്കുള്ള ചെലവുകൾ എന്നിവ റിവർമാനേജ്മെന്റ് ഫണ്ടിൽ നിന്നാണ് വഹിക്കുന്നത്.

## സ്കൂളുകളിലെ സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി

16(*556) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പരിപാടി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ആരോഗ്യ പോഷകാഹാര പരിപാടി കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പരിപാടിയുടെ ചുമതല പ്രഥമ അദ്ധ്യാപകരിൽനിന്ന് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സ്കൂളുകളിലെ ഉച്ചഭക്ഷണ സംവിധാനത്തിൽ കൃത്യത ഉറപ്പാക്കുന്നതിനും ഇത് കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഇ) ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(എഫ്) പോഷകഗുണമുള്ള ആഹാരം കുട്ടികൾക്ക് നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്. സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികളും സർക്കാർ അംഗീകൃത പ്രീപ്രൈമറി, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (എം.ജി.എൽ.സി.) സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുമാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായ സ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ സ്കൂൾ പ്രവൃത്തി ദിനവും പോഷകപ്രദവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം നൽകി വരുന്നു. ഉച്ചഭക്ഷണ മെനു നിശ്ചയിക്കുന്നത് അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളാണ്. ഉച്ചഭക്ഷണത്തിന് കുട്ടികൾക്ക് ചോറും അതോടൊപ്പം ഏറ്റവും കുറഞ്ഞത് രണ്ട് കറികളും (ഇല വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി, പയർ വർഗ്ഗങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കുന്ന) നൽകുന്നു. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് ആവശ്യമായ ഭക്ഷ്യധാന്യം (അരി) എഫ്.സി.ഐ. മുഖാന്തരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിക്കുന്നതിന് സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാസ സെക്രട്ടറി ചെയർമാനും പൊതുവിദ്യാഭ്യാസ ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ സ്റ്റേറ്റ് സ്റ്റിയറിംഗ് കം മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലാതലത്തിലും ബ്ലോക്ക്തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്ന എല്ലാ സ്കൂളുകളിലും പദ്ധതിയുടെ നടത്തിപ്പിനായി ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ടി കമ്മിറ്റികൾക്കാണ്. കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിളുകൾ

മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കുന്നു. വിവിധ തലങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്ന തിനുമായി വെബ്സൈറ്റ് കം സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. 2019-20 വർഷം 12335 സ്കൂളുകളിലെ ഇരുപത്തിയാറ് ലക്ഷം വിദ്യാർത്ഥികൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) നിരന്തരമായ പരിഷ്കരണത്തിന് വിധേയമായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്.

(സി) പരിഗണനയിലില്ല.

(ഡി) കേന്ദ്ര മാനവവിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണം ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് " Automated Monitoring System (AMS)" നടപ്പിലാക്കി. ഇതിന്റെ ഫലമായി സ്കൂൾ പ്രവൃത്തി ദിവസം ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം (ആൺകുട്ടികൾ, പെൺകുട്ടികൾ എന്നിങ്ങനെ വേർതിരിച്ച്) അന്നേ ദിവസം ഉച്ചയ്ക്ക് 2 മണിക്കുമുമ്പായി ഉപജില്ല, സംസ്ഥാനതലങ്ങളിൽ ലഭ്യമാകുന്നു. സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ തലങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപി പ്പിക്കുന്നതിനുമായി വെബ്സൈറ്റ് കം സോഫ്റ്റ്വെയർ വികസിപ്പിച്ചു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സ്കൂളുകളിൽ എഴുതി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കാലാനുസൃതമായി പരിഷ്കരിക്കുകയും രജിസ്റ്ററുകൾ മിക്കവയും ഡിജിറ്റൽ രൂപത്തിലാക്കുകയും ചെയ്തു. ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ അദ്ധ്യാപക-രക്ഷാകർതൃ പങ്കാളിത്തവും സർവ്വോപരി പൊതുസമൂഹത്തിന്റെ പങ്കാളിത്തവും ഉറപ്പുവരുത്തുന്നതിനായി സ്കൂൾതല ഉച്ചഭക്ഷണ കമ്മിറ്റികൾ രൂപീകരിക്കുകയും പദ്ധതി നടത്തിപ്പും മേൽനോട്ടവും പ്രസ്തുത കമ്മിറ്റികളെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനം നിരന്തരം നിരീക്ഷിക്കുന്നതിനും സ്കൂൾതല പരിശോധനകൾ കൃത്യമായി നടത്തുന്നതിനുമായി ഓരോ ഉപജില്ലയിലും ഒരു നൂൺമീൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

(ഇ) ഇതുസംബന്ധിച്ച് കർശനമായ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. പലവ്യഞ്ജനങ്ങൾ, കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട്ലെറ്റുകളിൽ നിന്നും (മാവേലിസ്റ്റോർ, ലാഭം, സപ്ലൈകോ സൂപ്പർ/ഹൈപ്പർ മാർക്കറ്റ്, ത്രിവേണി, നീതി സ്റ്റോർ, നന്മ സ്റ്റോർ എന്നിവ) വാങ്ങുവാനും ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കുവാനും സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ചഭക്ഷണത്തിന്റെയും

കുടിവെള്ളത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് NABL അക്രഡിറ്റേഷനുള്ള ലബോറട്ടറിയിൽ പരിശോധിപ്പിക്കുന്ന സംവിധാനം 2018 ഫെബ്രുവരി മുതൽ നടപ്പിലാക്കി. ഭക്ഷണത്തിന്റെ ഗുണമേന്മ, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിന് ഇത്തരത്തിലുള്ള പരിശോധനകൾ സഹായിക്കുന്നു. എഫ്.സി.ഐ., സപ്ലൈകോ എന്നീ ഏജൻസികളുമായി നിരന്തരം ബന്ധപ്പെട്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യം സ്കൂളുകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

(എഫ്) പോഷകസമൃദ്ധവും ഗുണമേന്മയുള്ളതുമായ ഉച്ചഭക്ഷണം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഭക്ഷണത്തിന്റെ വൈവിധ്യം ഉറപ്പാക്കിക്കൊണ്ടുവേണം പ്രതിദിന ഉച്ചഭക്ഷണ മെനു നിശ്ചയിക്കേണ്ടതെന്നും ഭക്ഷണത്തിൽനിന്നും കുട്ടികൾക്ക് ലഭിക്കേണ്ട കലോറിമൂല്യം, പ്രോട്ടീൻ എന്നിവ ലഭിക്കത്തക്ക വിധത്തിലുള്ള ഭക്ഷണ സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും പ്രഥമാദ്ധ്യാപകർക്കും സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. ഉച്ചഭക്ഷണത്തോടൊപ്പം പച്ചക്കറികൾ, പയർവർഗ്ഗങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് തയ്യാറാക്കിയ പോഷക സമൃദ്ധമായ രണ്ട് കറികളെങ്കിലും ഏറ്റവും കുറഞ്ഞത് നൽകണമെന്ന് കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഉച്ചഭക്ഷണത്തോടൊപ്പം ആഴ്ചയിൽ രണ്ട് പ്രാവശ്യം പാലും (150 മി.ലി. വീതം) ഒരു പ്രാവശ്യം പുഴുങ്ങിയ മുട്ടയും നൽകിവരുന്നുണ്ട്.

## സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം

17(*557) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസത്തിൽ എയ്ഡഡ് മാനേജ്മെന്റുകൾ സ്വാഗതാർഹമായ നിലപാടല്ല സ്വീകരിക്കുന്നതെങ്കിലും ഇത്തരം സ്കൂളുകളിലെ വർഷങ്ങളായ നിയമനത്തിന് അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിരുന്നോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണയം, നിയമനാംഗീകാരം എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണത്തിനനുസൃതമായി സർക്കാർ വിദ്യാലയങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 29-1-2016-ലെ സ.ഉ.(പി)നമ്പർ 29/2016/പൊ.വി.വ. പ്രകാരമാണ് തസ്തിക നഷ്ടപ്പെടുന്ന ജീവനക്കാർക്ക് സംരക്ഷണം അനുവദിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഇപ്രകാരം സംരക്ഷണം അനുവദിച്ചിട്ടുള്ളത്.

1. 31-3-2011-ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/അനദ്ധ്യാപകർ.
2. അദ്ധ്യാപക പാക്കേജ് വഴി 1-6-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ.
3. മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും.
4. അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ചഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെതന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേയ്ക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ.
5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവരും 29-1-2016-ലെ ഉത്തരവിലെ ഖണ്ഡിക II(2)-ൽ പ്രതിപാദിക്കുന്ന അനുപാതങ്ങളിൽ തസ്തിക ലഭ്യമായി നിയമനാംഗീകാരം നേടിയവരും. 29-1-2016 പ്രാബല്യത്തിൽ പുറപ്പെടുവിച്ച 3-12-2016-ലെ ജി.ഒ.(പി) നമ്പർ 199/2016/ പൊവിവ. പ്രകാരം എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തി.

ഇതിനെതിരെ പല മാനേജർമാരും ബഹു മാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 1356/2017-ഉം മറ്റും സമർപ്പിക്കുകയും ചെയ്തു. ടി റിട്ട് പെറ്റീഷനുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 11-10-2017-ലെ വിധിന്യായ പ്രകാരം ചുരുക്കം ചില ഭേദഗതികളോടെ മേൽ കെ.ഇ.ആർ. ഭേദഗതി ശരിവച്ചു. ഇതിനെതിരെ മാനേജർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിലും ഡിവിഷൻ

ബഞ്ചിൽ റിട്ട് അപ്പീൽ നമ്പർ 2440/2017-ഉം മറ്റുള്ളവയും ഫയൽ ചെയ്തു. കെ.ഇ.ആർ. ഭേദഗതി ഉത്തരവിന് 19-12-2017-ലെ തൽസ്ഥിതി തുടരുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഇടക്കാല ഉത്തരവായി.

തുടർന്ന് 28-2-2019-ലെ ജി.ഒ(പി) നമ്പർ 3/2019/പൊവിവ പ്രകാരം കെ.ഇ.ആർ. ഭേദഗതി ഉത്തരവിന് ചില ഇളവുകൾ കൂടി സർക്കാർ നൽകി. ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് 8-3-2019-ലെ സർക്കുലർ നമ്പർ ജെ 2/57/2019/പൊവിവ. പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കുന്ന മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചു നൽകുന്നുണ്ട്.

(ബി) ഉണ്ട്. എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും 2019-20 അധ്യയന വർഷം മുതൽ 'സമന്വയ' സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് നടത്തുന്നത്.

(സി) സർക്കാർ വിദ്യാലയങ്ങളിൽ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ഉണ്ടാകുന്ന പുതിയ തസ്തികകൾ ആനുപാതികമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേശീയ പാത വികസനം**

18(*558) <u>ശ്രീ. വി. ടി.ബൽറാം</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയ പാത വികസനത്തിനായി ആവശ്യമായ ഭൂമിയുടെ എത്ര ശതമാനം ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റിക്ക് ഇതിനകം കൈമാറിയെന്നറിയിക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികളിൽ ഏറ്റവും കൂടുതൽ കാലതാമസം ഏതൊക്കെ ജില്ലകളിലാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലിന്റെ രണ്ടാം ഘട്ടമായ 3 ഡി നോട്ടിഫിക്കേഷൻ നടപടികൾ ഇതിനകം പൂർത്തിയായത് എത്ര ഹെക്ടർ സ്ഥലത്താണ്;

(ഡി) നിലവിലെ സ്ഥിതിയിൽ 2021-ന് മുമ്പ് ദേശീയ പാത വികസനം പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>):

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ദേശീയപാതാ വികസനത്തിനായി 68.2% ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 9.14% ഭൂമി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ദേശീയപാതാ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളിൽ എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ കാലതാമസം വന്നിട്ടുള്ളത്.

(സി) ഭൂമി ഏറ്റെടുക്കലിന്റെ രണ്ടാം ഘട്ടത്തിൽ ആകെ ഏറ്റെടുക്കേണ്ട 1177.62 ഹെക്ടറിൽ 803.21 ഹെക്ടറിനാണ് 3D നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) ദേശീയപാത വികസനം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും ദേശീയപാത അതോറിറ്റിയുടെയും നിയന്ത്രണത്തിലായതിനാൽ 2021-നുമുമ്പ് പൂർത്തീകരിക്കാനാകുമോയെന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് കൃത്യമായ കാലാവധി പറയാനാവുകയില്ല. MORTH-ന്റെയും NHAI-യുടേയും സമീപനത്തിനനുസരിച്ച മാത്രമേ ഇക്കാര്യത്തിൽ ഒരു ഉറപ്പ് പറയാനാവുകയുള്ളൂ.

## ദുരന്ത സാധ്യതാ മുന്നറിയിപ്പ് സംവിധാനം

19(*559) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി.എസ്.ജയലാൽ :
ശ്രീ. കെ. രാജൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ, കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ ചുമതലയിലുള്ള സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പ്രളയം, ഓഖി ദുരന്തങ്ങളെത്തുടർന്ന് സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(സി) കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം ഉപയോഗപ്പെടുത്തുമോ; ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ അറിയിക്കുമോ;

(ഡി) പ്രാദേശികമായ ദുരന്ത സാധ്യതയുടെ പ്രവചനം സംബന്ധിച്ച് കേന്ദ്ര ഏജൻസികളിൽ നിന്ന് അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് ആയത് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി അറിയിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുൻപ് വീടുണ്ടായിരുന്നതും നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്തതുമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിന് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും ആവശ്യപ്പെട്ടിരുന്നു. 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 68 മാനുവൽ മഴമാപിനികളിൽ നിന്നും ദൈനംദിന വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന് കേരളത്തിലുള്ള 15 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളിൽ 7 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു റഡാർ കൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ വകുപ്പ് 100 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ സ്ഥലം നൽകണമെന്നാവശ്യപ്പെട്ടു. ഈ വിഷയത്തിൽ വിശദമായ ഒരു ചർച്ച ദുരിതാശ്വാസ കമ്മീഷണർ കേന്ദ്ര കാലാവസ്ഥാ വകുപ്പുമായി നടത്തുകയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ നിലവിലെ എല്ലാ മഴമാപിനികളും പരിശോധിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുകയും 35 സ്ഥലങ്ങൾ ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാൻ ഉചിതമാണെന്ന് കണ്ടെത്തുകയും ചെയ്തു. മേൽ റിപ്പോർട്ട് പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിന് ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കുവാനായി കൈമാറിയിട്ടുണ്ട്. 65 സ്ഥലങ്ങൾ കണ്ടെത്തുവാൻ സർവ്വെ നടത്തിവരുന്നു. കൂടാതെ 10 തീർത്ഥാടന/ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടു. ഇവയ്ക്കുപുറമെ 39 മാനുവൽ മഴമാപിനികൾ സ്ഥാപിക്കുവാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പ് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ട്. ഇവ കണ്ടെത്തുന്നതിനുള്ള നടപടികൾ നടക്കുന്നു. ദൈനംദിന കാലാവസ്ഥാ പ്രവചനം കൂടുതൽ സൂക്ഷ്മമാക്കുവാൻ പ്രാദേശിക മോഡൽ തയ്യാറാക്കി ഉപയോഗിക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും പ്രവർത്തനക്ഷമമാക്കുവാൻ അവരോടും ആവശ്യപ്പെട്ടു.

(ബി) ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ 2016-ൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ അവ പുതുക്കിവരുന്നു.

(സി) കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കുവാൻ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കുന്നത് ഉചിതമാണോ എന്ന് പരീക്ഷിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ ഉൾക്കടലിൽ പരീക്ഷണം നടത്തി. പരീക്ഷണം വിജയകരമായതിനാൽ ആകാശവാണിയുടെ മീഡിയം വേവ് സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചു.

(ഡി) പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System എന്ന സാങ്കേതിക വിദ്യ നടപ്പാക്കുവാൻ നടപടി ആരംഭിച്ചു. കേന്ദ്ര ഏജൻസികളിൽ നിന്നും സംസ്ഥാന ദുരന്ത നിവാരണ ഏജൻസി വഴി ലഭിക്കുന്ന മുന്നറിയിപ്പുകൾ ഫിഷറീസ് ജില്ലാ ഓഫീസുകൾ വഴിയും ഫിഷറീസ് സ്റ്റേഷനുകൾ വഴിയും മേഖലയിലെ മത്സ്യത്തൊഴിലാളി സഹകരണ ക്ഷേമ സംഘങ്ങൾ, കടലോര ജാഗ്രതാ സമിതികൾ ആരാധനാലയങ്ങൾ മത്സ്യത്തൊഴിലാളി നേതാക്കൾ, മൈക്ക് അനൗൺസ്മെന്റ് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ അറിയിപ്പ് നൽകുന്നതാണ്. ഫിഷറീസ് വകുപ്പ് NIC-യുടെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ വഴിയും തീരക്കടലിലൂടെ തീരദേശത്തും മുന്നറിയിപ്പുകൾ നൽകാൻ കഴിയും.

(ഇ) പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ നിലവിൽ 701 വീടുകൾ മാറ്റണമെന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. അവരുടെ പഠനം തീർന്നിട്ടില്ല. ഇത്തരത്തിൽ മാറ്റണമെന്ന് ആവശ്യപ്പെട്ട വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ 10 ലക്ഷം രൂപ നൽകുന്നതാണ്. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യമല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്ത ബാധിതർക്ക് വാസയോഗ്യമായ 3 സെന്റ് മുതൽ പരമാവധി സ്ഥലം വാങ്ങുവാൻ 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ടെണ്ടർ നടപടി പരിഷ്കരണം

20(*560) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ടെണ്ടർ നടപടികൾ കാരണം മരാമത്ത് പണികൾ നീണ്ടുപോകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ടെണ്ടർ നടപടികൾ ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ടെണ്ടറിൽ പങ്കെടുത്ത് ആവശ്യമായ തുകയേക്കാൾ കുറഞ്ഞ തുക കാണിച്ച് കരാർ ഏറ്റെടുത്തശേഷം കോൺട്രാക്ടർമാർ വർക്ക് തുടങ്ങാതെ ഉപേക്ഷിക്കുന്ന സാഹചര്യം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) ടെണ്ടർ നടപടികളിൽ കാലോചിതമായ പരിഷ്കാരം വരുത്തുന്നതിനും പ്രവൃത്തി ഇടയ്ക്ക് വച്ച് ഉപേക്ഷിക്കുന്ന കോൺട്രാക്ടർമാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിൽ വരുന്ന ടെണ്ടറുകൾ ഇ-ടെണ്ടർ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിടുന്നില്ല. ടെണ്ടർ അംഗീകരിക്കുന്നതിനുള്ള അധികാരം അതാത് വിഭാഗം ചീഫ് എഞ്ചിനീയർ ഉൾപ്പെട്ട കമ്മിറ്റിക്ക് പുതുക്കി നൽകിയതിനാൽ ടെണ്ടർ അംഗീകാരത്തിലും കാലതാമസം ഇപ്പോൾ ഉണ്ടാകുന്നില്ല. എന്നാൽ Single tender മാത്രം ലഭിക്കുന്ന പ്രവൃത്തികൾ റീടെണ്ടർ ചെയ്യേണ്ടി വരികയും അതിനുള്ള സമയം നീണ്ടുപോകുന്ന അവസ്ഥ ഉണ്ടാകാറുമുണ്ട്.

(ബി) ഏറ്റവും ലഘൂകരിച്ച രീതിയിലുള്ള ഇ-ടെണ്ടറിംഗ് രീതിയാണ് പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളത്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത സാഹചര്യം ഗൗരവമായി തന്നെ പരിഗണിച്ചിട്ടുണ്ട്. അത്തരത്തിൽ ഒരു സാഹചര്യം ഉണ്ടാവുകയാണെങ്കിൽ കരാറുകാരന്റെ നിരതദ്രവ്യം കണ്ടുകെട്ടുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഇത്തരം കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പ്രൈസ് 2 സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ നടപടികളിൽ കാലോചിതമായ പരിഷ്കാരം നടപ്പിലാകുന്നതാണ്. ദ്രുതഗതിയിൽ ഇതിന്റെ നടപടികൾ നടന്നുവരുന്നു. പ്രവൃത്തി ഇടയ്ക്കുവച്ച് ഉപേക്ഷിക്കുന്ന കാര്യം വളരെ ഗൗരവമുള്ള വിഷയമായി പരിഗണിച്ച് കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റത്തവണ കെട്ടിട നികുതി നിർണ്ണയം

21(*561) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നികുതി നിർണ്ണയം നടത്താത്ത കെട്ടിടങ്ങൾ കണ്ടെത്തി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അപ്പാർട്ട്മെന്റ്/ഫ്ലാറ്റുകളുടെ കെട്ടിട നികുതി നിർണ്ണയം ഏതുതരത്തിലാണെന്നും ആയതിന്റെ മാനദണ്ഡങ്ങളും അറിയിക്കുമോ;

(ഡി) കെട്ടിടങ്ങൾക്ക് ആഡംബര നികുതി നിർണ്ണയിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ഇ) ആഡംബര നികുതി സ്ലാബ് സംബന്ധിച്ച പുതുക്കിയ നിയമഭേദഗതി പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. സംസ്ഥാനത്തെ 77 താലൂക്കുകളിലേയും കെട്ടിട നികുതി നിർണ്ണയം സംബന്ധിച്ച പ്രവർത്തന പുരോഗതി ഓരോ മാസവും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം വിലയിരുത്തുന്നുണ്ട്. അതാത് താലൂക്കാഫീസുകളിലെ ചാർജ്ജ് ഓഫീസർമാരും കളക്ടറേറ്റുകളിലെ പരിശോധനാ വിഭാഗവും താലൂക്ക്‌തലത്തിലും ജില്ലാതലത്തിലുമുള്ള പ്രതിമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർക്ക് ലഭ്യമാക്കുന്നു. ടി റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ പരിശോധനാ വിഭാഗം അവലോകനം ചെയ്യുകയും ഓരോ മാസത്തേയും പ്രവർത്തന പുരോഗതി റിപ്പോർട്ട് സർക്കാരിൽ

സമർപ്പിക്കുകയും ചെയ്യുന്നു. ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും ലഭിക്കുന്ന പ്രതിമാസ പ്രവർത്തന പുരോഗതി റിപ്പോർട്ട് സർക്കാർതലത്തിൽ അവലോകനം നടത്തുകയും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഇപ്രകാരം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനുമായി 11-9-2018-ൽ പുറപ്പെടുവിച്ച സർക്കുലറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* കൂടാതെ, 2019 ജനുവരി 1 മുതൽ ജൂൺ 30 വരെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി 'സ്പെഷ്യൽ ഡ്രൈവ് നടത്താൻ തീരുമാനിക്കുകയും ടി ആവശ്യത്തിനായി താലൂക്ക് അടിസ്ഥാനത്തിൽ ഒരു വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് അനുവാദം നൽകുകയും ചെയ്തിരുന്നു. സ്പെഷ്യൽ ഡ്രൈവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ 17-11-2018-ലെ സർക്കുലറിന്റെ പകർപ്പുംഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ബിൽഡിംഗ് രജിസ്റ്ററിലെ വിവരങ്ങൾ ശേഖരിച്ച് നികുതി ചുമത്തലിൽനിന്ന് ഒഴിവായിപ്പോയ കെട്ടിടങ്ങൾ കണ്ടുപിടിച്ച് നികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഒരു കെട്ടിടം വ്യത്യസ്ത ഉടമസ്ഥതയിലുള്ള ഒന്നിലധികം ഫ്ലാറ്റുകൾ അടങ്ങിയതായിരിക്കുകയും കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് വ്യക്തികൾ കൂട്ടായി വഹിച്ചിരിക്കുകയും ചെയ്യുന്ന കേസുകളിൽ ഓരോ അപ്പാർട്ടുമെന്റിനേയും പ്രത്യേക കെട്ടിടമായി കണക്കാക്കി നികുതി നിർണ്ണയിക്കുന്നു. താമസത്തിനായുള്ള ഫ്ലാറ്റുകളെ താമസിക്കുന്നതിനുള്ള കെട്ടിടങ്ങളുടെ നികുതി കണക്കാക്കുന്ന രീതിയിൽത്തന്നെ കണക്കാക്കുന്നു. ആഡംബര നികുതി അടച്ചുവരുന്ന ഫ്ലാറ്റ്/അപ്പാർട്ടുമെന്റുകൾ ഉൾപ്പെടെയുള്ള താമസകെട്ടിട സമുച്ചയങ്ങൾക്ക് വിൽപ്പന/ആധാരം നടന്നശേഷം സ്വതന്ത്രമായ കെട്ടിട ഭാഗങ്ങളുടെ തറവിസ്തീർണ്ണത്തോട് പൊതുവായി ഉപയോഗിക്കുന്ന ഭാഗങ്ങൾ തുല്യമായി വീതിച്ച ചേർത്തശേഷം 278.7 ച.മീറ്ററിന് (3000 Sq. feet) താഴെയാണെങ്കിൽ തുടർന്ന് ആഡംബര നികുതിയിൽ നിന്ന് ഒഴിവാക്കുന്നു. ഫ്ലാറ്റ് കെട്ടിടങ്ങളിലെ പൊതുവായി ഉപയോഗിക്കുന്ന ഭാഗങ്ങളുടെ വിസ്തീർണ്ണം ഓരോ പ്രത്യേക അപ്പാർട്ടുമെന്റിന്റെയും വിസ്തീർണ്ണത്തോട് ആനുപാതികമായി കൂട്ടിച്ചേർത്ത് ലഭിക്കുന്ന ആകെ തറവിസ്തീർണ്ണമാണ് നികുതി നിർണ്ണയത്തിനായി കണക്കിലെടുക്കുന്നത്.

(ഡി) 278.7 ച.മീറ്ററോ (3000 Sq. feet) അതിൽ കൂടുതലോ പ്ലിന്ത് ഏരിയയുള്ളതും 1999 ഏപ്രിൽ ഒന്നിനുശേഷം പൂർത്തിയാക്കിയിട്ടുള്ളതുമായ താമസാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 1975-ലെ കേരള കെട്ടിട നികുതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിയമം വകുപ്പ് 5(എ) പ്രകാരം ആഡംബര നികുതി ചുമത്തിവരുന്നു. 10-2-1992-നു ശേഷം പണി കഴിപ്പിച്ചതും എന്നാൽ 1-4-1999-നു മുമ്പ് പണി പൂർത്തിയാക്കിയതുമായ ഒരു കെട്ടിടത്തിൽ അതിനുശേഷം കൂട്ടിച്ചേർക്കലുകൾ നടത്തുകയാണെങ്കിൽ മുമ്പ് പണി കഴിപ്പിച്ച കെട്ടിട ഭാഗത്തിന്റെ തറവിസ്തീർണ്ണമുൾപ്പെടെ കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം കണക്കാക്കി 278.7 ച.മീറ്ററോ അതിൽ കൂടുതലോ വരുന്ന പക്ഷം ആഡംബര നികുതി ചുമത്തിവരുന്നു. താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കെട്ടിട നികുതി, ആഡംബര നികുതി എന്നിവ ചുമത്തിയശേഷം അവ ഭാഗികമായി വിൽപ്പന നടത്തുന്ന സാഹചര്യത്തിൽ ഓരോ കെട്ടിട ഭാഗത്തിന്റെയും തറവിസ്തീർണ്ണം പ്രത്യേകമായി തിട്ടപ്പെടുത്തി വിൽപ്പനയ്ക്കുശേഷം കുറഞ്ഞത് 278.7 ച.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കുമാത്രം ആഡംബര നികുതി ചുമത്തുന്നു.

(ഇ) ഉണ്ട്. The Kerala Finance Bill, 2019 പ്രകാരം 1-4-2019 മുതൽ ആഡംബര നികുതിക്ക് സ്ലാബ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. ആഡംബര നികുതിയുടെ പുതിയ നിരക്ക് ചുവടെ ചേർക്കുന്നു :

SHEDULE II

(See Section 5A)

TABLE

Rate of Luxury Tax

| Sl. No. | Plinth Area Limit | Rate (Rs.) |
|---|---|---|
| (1) | (2) | (3) |
| 1 | Not exceeding 278.7 Square metres | Nil |
| 2 | Above 278.7 Square metres but not exceeding 464.50 Square metres | 4000 |
| 3 | Above 464.50 Square metres but not exceeding 696.75 Square metres | 6000 |
| 4 | Above 696.75 Square metres but not exceeding 929 Square metres | 8000 |
| 5 | Exceeding 929 Square metres | 10000 |

1-4-1999-നോ അതിനുശേഷമോ പണി പൂർത്തീകരിച്ചിട്ടുള്ള 278.7 ച.മീറ്ററോ അതിനുമുകളിലോ തറവിസ്തീർണ്ണമുള്ള താമസാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും 1-4-2019 മുതൽ പുതിയ നിരക്കിലുള്ള ആഡംബര നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം

22(*562) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാപ്രളയത്തിന് ശേഷം പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുള്ള റോഡുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ടോ;

(ബി) റോഡിന്റെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവയുടെ തുടർച്ചയായ വിശകലനത്തിനും നിരീക്ഷണങ്ങൾക്കും എന്തെങ്കിലും ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റോഡുകളുടെ നിർമ്മാണത്തിൽ ലോകോത്തര നിലവാരം പുലർത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക സഹായം നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി ന്യൂഡൽഹി ആസ്ഥാനമായ സെൻട്രൽ റോഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ നിയമിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ 4000 കി.മീ. സംസ്ഥാന പാതയിൽ നെറ്റ് വർക്ക് സർവ്വേ നടത്തുന്നതിനായി 19-6-2019-ൽ കരാർ ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഉണ്ട്. റോഡിന്റെ അവസ്ഥ, വാഹന സാന്ദ്രത, ഗുണനിലവാരം എന്നിവയുടെ തുടർച്ചയായ വിശകലനത്തിനുവേണ്ടി കമ്പ്യൂട്ടർ നെറ്റ്‌വർക്ക് സംവിധാനം ഉപയോഗപ്പെടുത്തിയിട്ടുള്ള നിരത്ത് പരിപാലന നിർവ്വഹണ പദ്ധതി

(ആർഎം.എം.എസ്.) നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ നടന്നു വരുന്നത്. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ച് പി.ഡബ്ല്യു.ഡി. റോഡുകളുടെ ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ സംസ്ഥാന പാത (എസ്.എച്ച്.)-യിലെ 4000 കി.മീ. റോഡ് സി.ആർ.ഐ.-യുടെ മേൽനോട്ടത്തിൽ സാങ്കേതിക പിന്തുണയോടെ പ്രാരംഭഘട്ടത്തിലും തുടർന്ന് മറ്റ് റോഡുകളിലും ജി.ഐ.എസ്. മാപ്പിംഗ് ചെയ്ത് ഘട്ടം ഘട്ടമായി ആർ.എം.എം.എസ്. നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. നെറ്റ് വർക്ക് സർവ്വേ വെഹിക്കിൾ (എൻ.എസ്.വി.) ഉപയോഗിച്ചാണ് റോഡിന്റെ ആസ്തി വിവരപ്പട്ടിക തയ്യാറാക്കുന്നത്. ആർ.എം. എം.എസ്. നിലവിൽ വരുന്നതോടുകൂടി റോഡ് പരിപാലനവും നിരീക്ഷണവും കാര്യക്ഷമമായി നടപ്പിലാക്കാനും ഓരോ റോഡിന്റെയും നിലവിലെ സ്ഥിതിയും അതിന്റെ ഗുണ നിലവാരവും എന്താണെന്നും തുടർന്നുള്ള പരിപാലന പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും എങ്ങനെ നടപ്പിലാക്കണമെന്നും കമ്പ്യൂട്ടർ നെറ്റ് വർക്ക് പ്രയോജനപ്പെടുത്തി വേണ്ട വിധത്തിൽ ഏകോപിപ്പിക്കാൻ സാധിക്കും.

(സി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകൾ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ചെയ്താണ് നിർമ്മിക്കുന്നത്. കൂടാതെ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 15 വർഷം ഈട് നിൽക്കുന്ന ഡിസൈൻ റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യകളായ കയർ ഭൂവസ്ത്രം, സിമന്റ് സ്റ്റെബിലൈസ്ഡ് സോയിൽ എന്നിവ ഉപയോഗിച്ച് റീ സൈക്കിൾ റോഡുകളുടെ നിർമ്മാണം നടത്തി വരുന്നു. കൂടാതെ റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ഷ്രെഡ്ഡ് പ്ലാസ്റ്റിക്, NRMB എന്നിവ ഉപയോഗിച്ചുവരുന്നു. ആർ.എം.എം.എസ്. നടപ്പിലാക്കുന്നതിന്റെ ഭാഗമായി റോഡിന്റെ ഇൻവെന്ററി സർവ്വേയും പേവ്മെന്റ് കണ്ടീഷൻ സർവ്വേയും നടത്തി ആവശ്യമായ ഡാറ്റ, ആർ.എം.എം.എസ്.-ന്റെ ഭാഗമായുള്ള ഹൈവേ ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (എച്ച്.ഡി.എം.4) സോഫ്റ്റ് വെയറിന്റെ സഹായത്തോടെ വിശകലനം ചെയ്ത് സാമ്പത്തിക നേട്ടവും സുരക്ഷിതത്വവും കണക്കിലെടുത്ത് മെയിന്റനൻസ്, പുനരുദ്ധാരണം, പുനർനിർമ്മാണം എന്നിങ്ങനെ ഏതുതരം പ്രവൃത്തികളാണ് ഓരോ റോഡിലും നടപ്പിലാക്കേണ്ടത് എന്ന് തീരുമാനിക്കാൻ സാധിക്കും.

## വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുകയെന്ന നയം

23(*563) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്കണ്ടറി, ഹയർസെക്കണ്ടറി തലത്തിലെ വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുകയെന്ന കേന്ദ്രസർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം നടപ്പാക്കണമെന്ന നിർദ്ദേശം നിർബന്ധിതമാക്കിയതിനാൽ ഇതിനായി സംസ്ഥാനത്ത് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ തൊഴിലധിഷ്ഠിത കോഴ്സുകളാണ് ഇതിനായി നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്; ഇവ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളിലേക്കും വ്യാപിപ്പിക്കാൻ നിർദ്ദേശമുണ്ടോ; നിർദ്ദിഷ്ട കോഴ്സുകളുടെ പ്രസക്തി പഠനവിധേയമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) നിർദ്ദിഷ്ട എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എല്ലാ സ്കൂളുകളിലേക്കും വ്യാപകമാക്കുന്നതോടെ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ടെക്നിക്കൽ ഹൈസ്കൂളുകൾക്കും പ്രത്യേക പ്രാധാന്യമുണ്ടാകാനിടയില്ലാത്തതിനാൽ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഏകീകരണത്തെക്കുറിച്ച് പരിശോധിക്കുമോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിതമാക്കണമെന്ന കേന്ദ്ര സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ National Skill Qualification Framework (എൻ.എസ്.ക്യൂ.എഫ്.) നടപ്പിലാക്കുന്നതിന് പ്രൊഫ. ആർ.വി.ജി. മേനോൻ ചെയർമാനായ ഒരു ഹൈപവർ കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെയും എസ്.സി.ഇ.ആർ.ടി. ഡയറക്ടറുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ 2018-19 അധ്യയന വർഷത്തിൽ 66 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലും 2019-20 വർഷം 35 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിലും എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ കമ്മിറ്റി അയ്യായിരത്തിൽപ്പരം ജോബ് റോളുകൾ അംഗീകരിച്ചിട്ടുണ്ട്. ആയതിൽ നിന്നും കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയം ശിപാർശ ചെയ്ത 17 കോഴ്സുകളാണ് നിലവിൽ സംസ്ഥാനത്തെ 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ളത്. ടി 17 കോഴ്സുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 27-12-2013-ലെ വിജ്ഞാപന പ്രകാരം എല്ലാ ട്രെയിനിംഗ്, എഡ്യൂക്കേഷൻ പ്രോഗ്രാമുകൾ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതി പ്രകാരമുള്ളവയാക്കണമെന്ന് നിർദ്ദേശമുണ്ട്. കോഴ്സുകളുടെ പ്രസക്തി സംബന്ധിച്ച് കാലാകാലങ്ങളിൽ നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പഠന വിധേയമാക്കിയിട്ടുള്ളതാണ്. എസ്.സി.ഇ.ആർ.ടി.-യിലും തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വകുപ്പിലും യഥാക്രമം രൂപീകരിച്ചിട്ടുള്ള എൻ.എസ്.ക്യൂ.എഫ്. സെല്ലും ഐ.ഐ.ഐ. സെല്ലും ടി കോഴ്സുകൾ പരിശോധിച്ചതിനുശേഷമാണ് 17 പുതിയ കോഴ്സുകൾ സംസ്ഥാനത്തെ 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിലവിൽ നടപ്പിലാക്കിയിട്ടുള്ളത്.

(സി) എൻ.എസ്.ക്യൂ.എഫ്. കോഴ്സുകൾ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതോടുകൂടി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ പ്രസക്തി നഷ്ടപ്പെടുകയല്ല മറിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് അവരുടെ റെഗുലർ പഠനത്തോടൊപ്പം ഒരു തൊഴിലധിഷ്ഠിത കോഴ്സുംകൂടി പഠിക്കുവാനുള്ള അവസരമാണുണ്ടാവുന്നത്. എന്നാൽ മികവിനായുള്ള വിദ്യാഭ്യാസം, വിദഗ്ദ്ധ സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസം എന്നിവ ഏകീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ (Director of General Education) 31-5-19-ലെ സ.ഉ.(കൈ)നമ്പർ 53/19/പൊ.വി.വ. ഉത്തരവ് പ്രകാരം കൊണ്ടുവന്നിട്ടുള്ളതുമാണ്.

### റോഡുകളുടെയും പാലങ്ങളുടെയും കാര്യക്ഷമമായ പ്രവൃത്തി നിർവ്വഹണം

24(*564) ശ്രീ. പി. ഉണ്ണി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പാതകളും പ്രധാന ജില്ലാപാതകളും ബി.എം. ആന്റ് ബി.സി. ആയി ഉയർത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; റോഡുകളുടെ നിർമ്മാണത്തിൽ ദീർഘകാല മെയിന്റനൻസ് വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണോ പ്രവൃത്തി നിർവ്വഹണം നടത്തുന്നത്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കിഫ്ബി മുഖേന നിരവധി റോഡുകളും പാലങ്ങളും പൊതുകെട്ടിടങ്ങളും നിർമ്മിക്കാൻ പദ്ധതിയുള്ളതിനാൽ ഇവയുടെ കാര്യക്ഷമമായ പ്രവൃത്തി നിർവ്വഹണത്തിന് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വിവിധ പ്രത്യേകോദ്ദേശ്യസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കുമോ;

(സി) അഴിമതി നിർമ്മാർജ്ജനത്തിനും വിവിധ ആസ്തികളുടെ കാര്യക്ഷമമായ പരിപാലനത്തിനും നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള സംസ്ഥാന പാതകളെല്ലാംതന്നെ ബി.എം.&ബി.സി. ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ജില്ലാ റോഡുകൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 475.73 കി.മീ. സംസ്ഥാനപാതകളും 2619.65 കി.മീ. ജില്ലാ റോഡുകളും ബി.എം.&ബി.സി. ചെയ്തിട്ടുണ്ട്. പ്രധാനപ്പെട്ട ശബരിമല റോഡുകൾ ദീർഘകാല മെയിന്റനൻസ് വ്യവസ്ഥ ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മറ്റു പ്രധാന റോഡുകളിലും BM&BC നടപ്പാക്കുന്നുണ്ട്. ഈ റോഡുകൾക്കെല്ലാം തന്നെ G.O(Ms) No.73/2013/PWD തീയതി 31-8-2013 പ്രകാരമുള്ള ഡിഫക്റ്റ് ലയബിലിറ്റി പീരീഡ് ബാധകമാണ്. ദേശീയപാത വിഭാഗത്തിൽ 2018-19 സാമ്പത്തിക വർഷം സംസ്ഥാന പാതകളും ജില്ലാ റോഡുകളും ഉൾപ്പെടുത്തി സെൻട്രൽ റോഡ് ഫണ്ട് സ്കീമിൽ 56 പദ്ധതികൾക്ക് (റോഡ് - 54 എണ്ണം, പാലങ്ങൾ - 2 എണ്ണം) 801 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ ബി.എം.& ബി.സി. റോഡുകളാക്കി നവീകരിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പദ്ധതികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ ബി.എം.&ബി.സി. വർക്കുകൾ 3 വർഷം defect liability period വച്ചാണ് പ്രവൃത്തി നിർവ്വഹണം നടത്തുന്നത്.

ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ എല്ലാ റോഡ് പ്രവൃത്തികളും ബി.എം.&ബി.സി. ഉപരിതലത്തോടെയാണ് നിർമ്മിച്ചുവരുന്നത്. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ 281 കി.മീ. റോഡിന്റെ പുനർനിർമ്മാണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ 226 കി.മീ. റോഡ് ബി.എം.&ബി.സി. നിലവാരത്തിൽ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കൂടാതെ 82 കി.മീ. പുനലൂർ-പൊൻകുന്നം റോഡ്, ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ്

പ്രൊക്യുയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. (മൊത്തം 363 കി.മീ.) മാതൃക സുരക്ഷിത ഇടനാഴി പദ്ധതിയായ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. പുനരുദ്ധാരണ പ്രവൃത്തിയുടെ കരാറിൽ 5 വർഷത്തെ മെയിന്റനൻസ് കാലാവധികൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. റൈഡിംഗ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ആന്റ് മാനേജ്മെന്റ് പദ്ധതിയിൽ നിർമ്മിച്ച നെടുമങ്ങാട്-വഴയില, മണ്ണന്തല-തൈക്കാട്, കൊല്ലം-ആയൂർ, വർക്കല-കല്ലമ്പലം, ചിത്രപ്പുഴ-പൂഞ്ഞാശ്ശേരി, മുട്ടം-പാറമട, തൊടുപുഴ-ഊന്നുകൽ എന്നീ റോഡുകൾ 5 വർഷ മെയിന്റനൻസ് കാലാവധിക്കുള്ളിലാണ്.

സംസ്ഥാന പാതകളും ജില്ലാ പാതകളും ബി.എം.&ബി.സി. ആയി ഉയർത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ കിഫ്ബിയിൽ നിന്ന് സഹായം ലഭ്യമാക്കി ചെയ്യാൻ ഉത്തരവായിട്ടുണ്ട്. ഇതിലേയ്ക്കായി 2016-17 ബഡ്ജറ്റിലുൾപ്പെടുത്തിയ 174 റോഡുകൾ, 2017-18 ബഡ്ജറ്റിലുൾപ്പെടുത്തിയ 176 റോഡുകൾ, മലയോര ഹൈവേ (1251 കി.മീ.) തീരദേശ ഹൈവേ (654 കി.മീ.) എന്നിവയുടെയും നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 1278 കി.മീ. നീളം വരുന്ന 90 റോഡുകളുടെയും 177.7 കി.മീ. നീളം വരുന്ന 7 മലയോരഹൈവേ പ്രവൃത്തികളുടെയും 15 കി.മീ. നീളം വരുന്ന ഒരു തീരദേശ ഹൈവേ പ്രവൃത്തിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് നടന്നുവരുന്നു. കിഫ്ബിയിൽ നിന്ന് മെയിന്റനൻസിനായി പ്രത്യേക ഫണ്ട് ലഭ്യമല്ല. ആയതിനാൽ ഈ പ്രവൃത്തികൾ നിർമ്മാണം പൂർത്തീകരിച്ച് 3 വർഷത്തിനകം ഉണ്ടാകുന്ന തകരാറുകൾ കരാറുകാരന്റെ ബാധ്യതയിൽ പരിഹരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് പ്രവൃത്തി നിർവ്വഹണം നടത്തുന്നത്.

(ബി) കിഫ്ബി മുഖേന ഏറ്റെടുത്തിട്ടുള്ള വിവിധ പൊതുമരാമത്ത് പദ്ധതികളുടെ കാര്യക്ഷമമായ പ്രവൃത്തി നിർവ്വഹണത്തിനുവേണ്ടി വകുപ്പിന് കീഴിലുള്ള വിവിധ പ്രത്യേകോദ്ദേശ്യ സ്ഥാപനങ്ങളെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് ഏർപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന എസ്.പി.വി. ആണ് കെ.ആർ.എഫ്.ബി. കിഫ്ബിയിൽ നിന്ന് സാമ്പത്തികാംഗീകാരം ലഭ്യമാക്കുന്നതിനായി ഡി.പി.ആർ. സമർപ്പിക്കൽ, അംഗീകാരം ലഭിച്ച പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കൽ, പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുറപ്പിക്കൽ, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ ബിൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവരുന്നു. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ നടപ്പിലാക്കേണ്ടത് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ്

(SPV). പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായി നിശ്ചിതമായ ഇടവേളകളിൽ ഭരണവകുപ്പുകളുമായും പദ്ധതി നിർവ്വഹണ ഏജൻസികളുമായും അവലോകനയോഗങ്ങൾ കിഫ്ബി നടത്തിവരുന്നു. ഇതുകൂടാതെ കിഫ്ബിയുടെ പരിശോധനാ വിഭാഗം തെരഞ്ഞെടുത്ത പദ്ധതികളുടെ പുരോഗതി നേരിട്ട് വിലയിരുത്താറുണ്ട്.

(സി) അഴിമതി നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കിയിട്ടുണ്ട്. പൊതുമരാമത്ത് ഗുണനിലവാര പരിശോധന വിഭാഗങ്ങൾ ശക്തിപ്പെടുത്തി. ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും എല്ലാ ജില്ലകളിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാ ലാബുകളും പ്രവർത്തിക്കുന്നുണ്ട്. എല്ലാ പ്രവൃത്തികൾക്കും 1st Tier, 2nd Tier, 3rd Tier എന്നിങ്ങനെ ഗുണനിലവാര പരിശോധന നടപ്പിലാക്കിയിട്ടുണ്ട്. അവശ്യംവേണ്ട ഗുണനിലവാര റിപ്പോർട്ട് സമർപ്പിച്ചാൽ മാത്രമേ പ്രവൃത്തിയുടെ ബിൽ തുക നൽകാറുള്ളൂ. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ പരിപാലനത്തിനായി സമയബന്ധിതമായി പരിശോധനകൾ നടത്തി ആവശ്യമായ അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും നടത്തിവരുന്നുണ്ട്. റോഡുകളുടെ പരിപാലനത്തിനായി പ്രത്യേകമായി ഒരു വിഭാഗം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആസ്തികളുടെ കാര്യക്ഷമമായ പരിപാലനത്തിനായി കയ്യേറ്റം ചെയ്ത സ്ഥലങ്ങൾ റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് അളന്ന് തിട്ടപ്പെടുത്തി അത് ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി സോഷ്യൽ ഓഡിറ്റിംഗ് നിലവിലുണ്ട്. ആയതിനായി സർക്കാർ ഉത്തരവ് നമ്പർ G.O(Ms) No.1/2018/PWD dated 5-1-2018 പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ സമിതികളിൽ അതാത് പ്രവൃത്തി സ്ഥലങ്ങളിലെ എം.എൽ.എ., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സമിതികൾ രൂപീകരിക്കുകയും പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും ചെയ്യുന്നു. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിരതാമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്. പരാതി ലഭിച്ച് ഒരു മാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് താഴെപ്പറയുന്ന ശിപാർശകൾക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

(a) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

(b) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് ശിപാർശ ചെയ്യുക

(c) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക

(d) സി.റ്റി.ഇ. അന്വേഷിക്കണമെന്ന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുക.

ദേശീയപാത വിഭാഗത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നുണ്ട്. കൂടാതെ പൊതുജനങ്ങൾക്ക് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളെപ്പറ്റിയുള്ള പരാതി അറിയിക്കുന്നതിനായി ടോൾ ഫ്രീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനെ അഴിമതി വിമുക്തമാക്കുവാൻ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികളും സ്വീകരിച്ചുവരുന്നു. പാലങ്ങൾ വിഭാഗത്തിനു കീഴിൽ അഴിമതി നിർമ്മാർജ്ജനത്തിനായി പ്രവൃത്തികളുടെ ഗുണമേന്മ പരിശോധന വളരെ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ റീജിയണൽ ലാബുകളും പൊതു മേൽ നോട്ടത്തിനായി കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും സജ്ജമാക്കിയിരിക്കുന്നു. എല്ലാ മേജർ നിർമ്മാണ സൈറ്റിലും ലാബുകൾ സെറ്റ് ചെയ്യുന്നതിനും അതിന്റെ പരിശോധന ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. ബില്ലുകൾ പാസാക്കുന്നതിന് തൃപ്തികരമായ ഗുണപരിശോധന ഫലം നിർബന്ധമാക്കിയിട്ടുണ്ട്. വർക്ക് സൈറ്റുകളിൽ എഞ്ചിനീയർമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്. നിർമ്മാണത്തിനായി ഉപയോഗിക്കുന്ന സാമഗ്രികളുടെ ഗുണനിലവാരം ഉറപ്പാക്കു ന്നതിനും എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആസ്തികളുടെ പരിപാലന ത്തിനായി പൊതുമരാമത്ത് വകുപ്പിൽ ഒരു ചീഫ് എഞ്ചിനീയറുടെ കീഴിൽ പുതിയ മെയിന്റനൻസ് വിഭാഗം ആരംഭിച്ചുകഴിഞ്ഞു. അഞ്ച് വർഷ മെയിന്റനൻസ് കാലാവധി കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള കെ.എസ്.ടി.പി. റോഡുകൾ അതിനുശേഷവും അല്ലാത്തവ ഡിഫക്ട് ലയബിലിറ്റി കാലാവധിക്കുശേഷവും അതാത് പൊതുമരാമത്ത് നിരത്തുവിഭാഗങ്ങൾക്ക് പരിപാലനത്തിനായി തിരിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്.

അഴിമതി നിർമ്മാർജ്ജനത്തിനും വിവിധ ആസ്തികളുടെ കാര്യക്ഷമമായ പരിപാലനത്തിനും ആവശ്യമായ നടപടികൾ എടുക്കുന്നുണ്ട്. PRICE സോഫ്റ്റ് വെയറിന്റെ രണ്ടാം പതിപ്പ് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതാണ്. കൂടാതെ അളവുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് അതാത് ദിവസങ്ങളിൽത്തന്നെ ഓൺലൈനായി രേഖപ്പെടുത്തേണ്ടതുണ്ട്. ഇതുപ്രകാരം അളവുകളുടെ രേഖപ്പെടുത്തൽ സുതാര്യമാക്കുകയും അളവുകൾ ഇരട്ടി ക്കുന്നതുകൊണ്ടുള്ള അഴിമതി ഒഴിവാക്കപ്പെടുകയും ചെയ്യുന്നതാണ്. കൂടാതെ ക്വാളിറ്റി മാന്വൽ പ്രകാരമുള്ള ടെസ്റ്റുകളും നടപടികളും പാലിച്ചാണ് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നത്.

## റോഡുകളുടെ കാര്യക്ഷമമായ പരിപാലനം

25(*565) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എം. രാജഗോപാലൻ :
ശ്രീമതി യു. പ്രതിഭ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള മുപ്പത്തൊന്നായിരം കിലോമീറ്ററോളം വരുന്ന റോഡുകളുടെ കാര്യക്ഷമമായ പരിപാലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കാമോ;

(ബി) വാഹനങ്ങളുടെ ആധിക്യവും വളരെ ഭാരവാഹകശേഷിയുള്ള വാഹനങ്ങൾ ഏറിവരുന്നതും കാലാവസ്ഥയുടെ പ്രത്യേകതയും അതോടൊപ്പം ഉദ്യോഗസ്ഥ-കരാറുകാർ കൂട്ടുകെട്ടിന്റെ ഫലമായുള്ള നിർമ്മാണത്തിലെ അഴിമതിയും റോഡുകൾ വേഗം തകരാൻ കാരണമാകുന്നതിനാൽ നിർമ്മാണ സമ്പ്രദായം അടിമുടി പരിഷ്കരിച്ച്, പതിനഞ്ച് വർഷമെങ്കിലും ഈടുനിൽക്കുന്ന രീതിയിലാക്കുന്നതിന് പ്രാരംഭം കുറിച്ചിട്ടുണ്ടോ;

(സി) ഡിസൈനിംഗ് മുതൽ നിർമ്മാണപ്രക്രിയയിൽ വരെ ആധുനികവൽക്കരണം നടത്താൻ പദ്ധതിയുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതു കെട്ടിടങ്ങളുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കൽ, അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണം തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. റോഡുകളുടെ പരിപാലനത്തിനാവശ്യമായ അറ്റകുറ്റപ്പണികൾ, മഴക്കാല പൂർവ്വ പ്രവർത്തനങ്ങൾ, ഓടകളുടെയും കലുങ്കുകളുടെയും അറ്റകുറ്റപ്പണികൾ എന്നിവ നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. റോഡുകളുടെ പുനരുദ്ധാരണം പ്ലാൻ ഫണ്ട്, നബാർഡ്, പ്രളയാനന്തര പുനർനിർമ്മാണ ഫണ്ട് എന്നിവ ഉപയോഗിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ കിഫ്ബി ഫണ്ട് ഉപയോഗിച്ചും റോഡുകളുടെ പുനർനിർമ്മാണവും പുനരുദ്ധാരണവും നടപ്പിലാക്കുന്നു. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ഡിഫക്ട് ലയബിലിറ്റി പീരിഡ് കഴിയുന്ന മുറയ്ക്ക് കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഉപരിതലം പുതുക്കാറുണ്ട്. വാർഷിക

പദ്ധതിയിൽത്തന്നെ സ്പെഷ്യൽ പ്രവൃത്തികളും നടപ്പിലാക്കാറുണ്ട്. കൂടാതെ മറ്റ് അത്യാവശ്യ അറ്റകുറ്റപ്പണികൾക്കായി ഓർഡിനറി റിപ്പയറിംഗ് ഫണ്ട് ഉപയോഗിച്ചും ഫ്ളഡ് ഡാമേജ് റിപ്പയർ ഫണ്ട് ഉപയോഗിച്ചും നവീകരിച്ച് സഞ്ചാരയോഗ്യമാക്കാറുണ്ട്.

(ബി) നിലവിൽ കിഫ്ബി, മലയോര ഹൈവേ തുടങ്ങിയ പ്രവൃത്തികളെല്ലാം തന്നെ മണ്ണിന്റെ ഘടന, വാഹനങ്ങളുടെ ആധിക്യം, കാലാവസ്ഥയുടെ പ്രത്യേകത തുടങ്ങിയ ഘടകങ്ങൾ സംബന്ധിച്ച് ആവശ്യമായ ശാസ്ത്രീയ പരിശോധനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ചെയ്താണ് നിർമ്മിക്കുന്നത്. കൂടാതെ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 15 വർഷം ഈട് നിൽക്കുന്ന റോഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ മണ്ണിന്റെ ഘടനയനുസരിച്ച് ആവശ്യമുള്ള പഠനങ്ങൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ മണ്ണ് ബലപ്പെടുത്തുന്നതിനായി കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. മണ്ണിന്റെ സ്വാഭാവിക ചരിവ് സംരക്ഷിക്കുന്നതിനായി ടർഫിംഗ്, പിച്ചിംഗ്, ഗാബിയോൺ വാൾ നിർമ്മാണം തുടങ്ങിയ സാങ്കേതിക വിദ്യകൾ അവലംബിച്ചുവരുന്നു.

നിലവിൽ ടാർ ചെയ്ത റോഡുകളുടെ ഉപരിതലം ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ ഇളക്കിമാറ്റി അതിനോടൊപ്പം ആവശ്യമായ അഡിറ്റീവുകളും ബിറ്റുമിനും മെറ്റലും ചേർത്ത് റീ സൈക്കിൾ ചെയ്ത് ഉപയോഗിക്കുന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് റോഡ് നിർമ്മിക്കുന്നരീതി നടപ്പിലാക്കുന്നുണ്ട്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് അടൂർ നിയോജക മണ്ഡലത്തിൽ 5.9 കി.മീ. റോഡിന്റെ നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് റബ്ബറൈസ്ഡ് ബിറ്റുമിൻ, ഷ്രെഡഡ് പ്ലാസ്റ്റിക് എന്നിവ ഉപയോഗിച്ചുവരുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കോഴിക്കോട്ടും എറണാകുളത്തും മേഖല ഡിസൈൻ കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കെട്ടിടങ്ങളുടെ രൂപകൽപ്പനയും നിർമ്മാണവും ഭൂകമ്പങ്ങളെ പ്രതിരോധിക്കുന്ന രീതിയിലുള്ള സാങ്കേതിക വിദ്യയിലാണ് ചെയ്തുവരുന്നത്. പ്രവൃത്തി ആരംഭിക്കുന്ന മുറയ്ക്ക് സർക്കാർതലത്തിലും ഉദ്യോഗസ്ഥതലത്തിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പ് വരുത്തുകയും ചെയ്തു വരുന്നുണ്ട്. എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി നൽകുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും PRICE-1 1-4-2015-ൽ നിലവിൽ വന്നു. കൂടാതെ GO.(Rt) No, 2997/2019/Fin dated 11-4-2019 പ്രകാരം PRICE-II 1-6-2019 മുതൽ

നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടറുകൾക്ക് അനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റികൾ നിലവിൽ വന്നു. കൂടാതെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികളിലും, നിർമ്മാണ വസ്തുക്കളുടെ പരിശീലനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

**ദുരന്തലഘൂകരണ പദ്ധതികൾ**

26(*566) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന കനത്തമഴയും കഠിനമായ ചൂടും കടൽക്ഷോഭവും ശക്തമായ കാറ്റും ഇടിമിന്നലും വൻ അഗ്നിബാധയും കണക്കിലെടുത്ത്, ഓരോ സ്ഥലത്തിന്റെയും ഭൂപ്രകൃതിയനുസരിച്ച് ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിന് അനുയോജ്യമായ നിർമ്മാണരീതികൾ സ്വീകരിക്കുന്നതിന് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അടുത്ത സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ദുരന്തലഘൂകരണ പദ്ധതികൾ തയ്യാറാക്കുന്നതിനും അതിനാവശ്യമായ തുക തനതു ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും നിർദ്ദേശം നല്കുമോ;

(സി) സംസ്ഥാനത്ത് ശാസ്ത്രീയമായ വെള്ളപ്പൊക്ക മാനേജ്മെന്റ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) കേരളത്തിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ (KMBR 99, KPBR 2011) ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിനുള്ള ചട്ടങ്ങൾ ഭാഗികമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തിന്റേയും ഭൂപ്രകൃതി അനുസരിച്ച് ദുരന്ത സാധ്യതകൾ പ്രതിരോധിക്കുന്നതിനുതകുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരുന്നതിനായി വിശദമായ പഠനം ആവശ്യമാണ്. അതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

(ബി) ദുരന്ത നിവാരണ നിയമത്തിന്റെ വെളിച്ചത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ് ദുരന്ത ലഘൂകരണത്തിന് ഫണ്ട് കണ്ടെത്തുകയെന്നത്. ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ദുരന്ത നിവാരണ നിയമം, വകുപ്പുതല ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. വെള്ളപ്പൊക്കം സംബന്ധിച്ച മാനേജ്മെന്റ് പ്ലാൻ പ്രത്യേകമായി തയ്യാറാക്കുവാൻ നിയമം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയോട് നിർദ്ദേശിക്കുന്നില്ല. പ്രളയ സാധ്യതകൾ പരിഗണിച്ച് സംസ്ഥാനത്ത് പ്രളയ മുന്നൊരുക്ക പ്രതിരോധ പദ്ധതികൾ തയ്യാറാക്കി നൽകേണ്ട ചുമതല ദുരന്ത ലഘൂകരണ പദ്ധതി 2016 പ്രകാരം ജലസേചന വകുപ്പിനാണ്. ജലസേചന വകുപ്പിന് കീഴിലുള്ള 14 ഡാമുകൾക്ക് കേന്ദ്ര ജല കമ്മീഷൻ Inundation Map തയ്യാറാക്കി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇതിൽ 4 എണ്ണത്തിന്റെ Emergency Action Plan കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചു. 4 എണ്ണം പൂർത്തിയാക്കി സമർപ്പിക്കുന്നതിന് നടപടിയെടുത്തു. 6 എണ്ണം അന്തിമ ഘട്ടത്തിലാണ്.

## വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നതിലെ വെല്ലുവിളികൾ

27(*567) ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ൽ നിലവിൽവന്ന വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ നിയമത്തിന്റെ ഭാഗമായി രൂപീകരിക്കേണ്ട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഘടനയും വിദ്യാഭ്യാസ അവകാശ നിയമം 2009 മുന്നോട്ടുവച്ച എലിമെന്ററി സ്കൂൾ ഘടനയും വ്യത്യസ്തപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ. പ്രകാരം സ്കൂൾഘടന കേരളത്തിൽ 1 മുതൽ 4 വരെയും 5 മുതൽ 7 വരെയും 8 മുതൽ 10 വരെയുമാണ്. വിദ്യാഭ്യാസാവകാശ നിയമത്തിൽ (RTE)-ലാവട്ടെ 6-നും 14-നും ഇടയിൽ പ്രായമുള്ള കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസ ഘടന 1 മുതൽ 5 വരെയും 6 മുതൽ 8 വരെ മാത്രവുമാണ്. വിദ്യാഭ്യാസാവകാശ നിയമത്തിൽ എലിമെന്ററി സ്റ്റേജിൽ ചേർത്തിരിക്കുന്ന 8-ാം ക്ലാസ് സംസ്ഥാനത്ത് ഹൈസ്കൂൾ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. കൂടാതെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രായം 5 ആണ്. കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം പ്രകാരം പ്രൈമറി ക്ലാസ്സിലേയ്ക്കുള്ള പ്രവേശനത്തിനുള്ള പ്രായം 6 ആണ്.

(ബി) വിദ്യാഭ്യാസ അവകാശ നിയമം 2009 സംസ്ഥാനത്ത് നടപ്പിലാക്കു ന്നതിന്റെ ഭാഗമായി സ്കൂൾതലത്തിൽ രൂപീകരിക്കേണ്ട സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ സംസ്ഥാനത്തെ സ്കൂളുകളിൽ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ 20-8-2012-ലെ എച്ച് 1/38613/2012/ഡിപിഐ നമ്പർ സർക്കുലറിലൂടെ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുമുണ്ട്.

## വെട്ടിപ്പൊളിച്ച റോഡുകൾ ടാർ ചെയ്യുന്നതിന് നടപടി

28(*568) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ജല അതോറിറ്റി റോഡുകൾ വെട്ടിപ്പൊളിച്ചശേഷം അത് യഥാസമയം ടാർ ചെയ്യാത്തതിനാൽ മഴക്കാലത്ത് പ്രസ്തുത റോഡുകളിലൂടെയുള്ള യാത്ര ദുഷ്കരമായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും തമ്മിലുള്ള തർക്കം ഒത്തുതീർപ്പാക്കാത്തതിനാലാണ് റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിക്കാത്തതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തർക്കം നിമിത്തം അമ്പലപ്പുഴ-തിരുവല്ല റോഡ് ഉൾപ്പെടെ സംസ്ഥാനത്തെ പല റോഡുകളും സഞ്ചാരയോഗ്യമല്ലാതായത് പരിഗണിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സാധാരണഗതിയിൽ മഴക്കാലത്തിനുമുമ്പ് നൽകിയ അനുമതി പ്രകാരം മഴക്കാലത്ത് റോഡ് വെട്ടിപ്പൊളിക്കുന്നതിന് അനുവദിക്കാറില്ല. എന്നാൽ ഒഴിവാക്കാൻ പറ്റാത്ത അടിയന്തര സാഹചര്യങ്ങളിൽ അനുമതി നൽകേണ്ടതായി വരാറുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്നതിനാലാണ് റെസ്റ്റൊറേഷൻ പ്രവൃത്തികൾ മഴക്കാലത്തിനുമുമ്പായി പൂർത്തിയാക്കാൻ താമസം നേരിടുന്നത്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ഇടീൽ പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് കാലതാമസമുണ്ടാകാതെ തന്നെ റിസ്റ്റൊറേഷൻ പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പാക്കാറുണ്ട്. കുറേ വൈദ്യുതി വകുപ്പ് ജീവനക്കാരുടെ മനോഭാവവും സഹായ കരമല്ല.

(ബി) ചില റോഡുകളിൽ റീസ്റ്റൊറേഷൻ ചാർജ്ജ് ഒടുക്കാതെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെ അനുമതി ഇല്ലാതെ വാട്ടർ അതോറിറ്റി റോഡ് വെട്ടി പ്പൊളിക്കുന്നതുമൂലം തർക്കമുണ്ടാകാറുണ്ട്. ഇത് റോഡ് പൂർവ്വസ്ഥിതിയിലാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് തടസ്സമാകാറുണ്ട്. ദേശീയപാതയിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രമേ റോഡ് കട്ടിംഗിന് അനുമതി നൽകാറുള്ളൂ.

(സി) അമ്പലപ്പുഴ തിരുവല്ല റോഡിൽ 9 ഇടങ്ങളിൽ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി 30-ൽ കൂടുതൽ സ്ഥലങ്ങളിൽ വെട്ടിപ്പൊളിക്കുകയും അതിനുശേഷം വെറ്റ് മിക്സ് മെക്കാഡം ഉപയോഗിച്ച് നിരപ്പാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായി സഞ്ചാരയോഗ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് 69,79,400 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിക്ക് കൊടുത്തിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥരുടെ ചട്ടവിരുദ്ധമായ നടപടിമൂലം സംസ്ഥാനത്തെ റോഡുകൾ സഞ്ചാരയോഗ്യമല്ലാതാവുന്നത് ശ്രദ്ധയിൽപ്പെടുന്ന ഉടനെതന്നെ അടിയന്തര നടപടി കൈക്കൊണ്ട് അത് പരിഹരിക്കാറുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സമീപകാല ഇടപെടൽ കാരണം പ്രശ്നങ്ങൾ വളരെ കുറഞ്ഞുവരുന്നതായി കാണുന്നു.

## കശുവണ്ടി മേഖലയിൽ തൊഴിൽ ഉറപ്പാക്കുവാൻ നടപടി

29(*569) ശ്രീ. ആർ. രാജേഷ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നൗഷാദ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളികൾക്ക് മിനിമം ഇരുനൂറ് തൊഴിൽ ദിനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്തെ വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ അതാതിടത്തെ സർക്കാരുകൾ മുഖാന്തരം തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് നടത്തുന്ന ശ്രമം അറിയിക്കാമോ; ടാൻസാനിയയിൽ നിന്നും കശുവണ്ടി ലഭിക്കാനുള്ള സാധ്യത വിനിയോഗിക്കുന്നുണ്ടോ;

(സി) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികളിൽ മൂവായിരം പേർക്കുകൂടി തൊഴിൽ നൽകുംവിധം പ്രവർത്തനം വിപുലീകരിക്കാനായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) തൊഴിൽ നഷ്ടത്തിനിടയാകാത്തവിധം യന്ത്രവൽക്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയിലുള്ള ഫാക്ടറികൾ എല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാർ ഇടപെടലിലൂടെ 2016 ഓണത്തിന് മുമ്പ് ഫാക്ടറികളെല്ലാംതന്നെ തുറന്നു പ്രവർത്തിപ്പിക്കുകയും തുടർച്ചയായി പ്രവർത്തിച്ചുവരികയുമാണ്. തോട്ടണ്ടിയുടെ ദൗർലഭ്യമായിരുന്നു കശുവണ്ടി വ്യവസായം അഭിമുഖീകരിച്ച പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കുന്നതിനായി കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനായി കേരളാ കാഷ്യു ബോർഡ് രൂപീകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളായ കാപെക്സിനും കെ.എസ്.സി. ഡി.സി.-ക്കും ആവശ്യമായ തോട്ടണ്ടി നൽകിവരികയാണ്. ആവശ്യപ്പെടുന്നപക്ഷം സ്വകാര്യ വ്യവസായികൾക്കും എസ് ക്രൊ അക്കൗണ്ട് അടിസ്ഥാനത്തിൽ തോട്ടണ്ടി ലഭ്യമാക്കാൻ കാഷ്യു ബോർഡ് സന്നദ്ധമാണ്. കോർപ്പറേഷനും കാപ്പക്സിനും ഈ വർഷം അവസാനം പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ബോർഡ് മുഖാന്തരം സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

കടക്കെണിയിലായ സ്വകാര്യ വ്യവസായങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പ്രവർത്തന മൂലധനം ലഭ്യമാക്കി തുറപ്പിക്കുന്നതിനുള്ള പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കിവരികയാണ്. നിരവധി വ്യവസായങ്ങൾക്ക് ഇതിനകം ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുണ്ട്. ബാങ്കുകൾ അനുവദിക്കുന്ന പ്രവർത്തന മൂലധനത്തിന്റെ പലിശ സർക്കാർ വഹിക്കുന്നുവെന്നുള്ളതാണ് പുനരുദ്ധാരണ പാക്കേജിന്റെ പ്രത്യേകത. തോട്ടണ്ടി സംസ്കരണ യൂണിറ്റുള്ള വ്യവസായികളുടെ KGST/VAT കുടിശ്ശികയിന്മേലുള്ള റവന്യൂ റിക്കവറി നടപടികൾ ഒരു വർഷത്തേയ്ക്ക് നിർത്തിവച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(ബി) കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് ഗവൺമെന്റ്-ടു- ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനുള്ള ശ്രമങ്ങൾ കാഷ്യു ബോർഡ് നടത്തിവരുന്നു. ഇതിന്റെ ഭാഗമായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യു കൗൺസിലുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. സെനഗലും ഇപ്രകാരമുള്ള

ഒരു ധാരണയ്ക്ക് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ടാൻസാനിയ ഗവൺമെന്റ് അവിടെ സ്റ്റോക്കുള്ള തോട്ടണ്ടിയുടെ വിപണനത്തിന് കേരള കാഷ്യൂ ബോർഡിന്റെ സഹകരണം ആഭ്യർത്ഥിച്ചിട്ടുണ്ട്. ഗുണനിലവാരവും ന്യായവിലയും ഉറപ്പാക്കി ടാൻസാനിയയിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ്.

(സി) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഭാഗീക യന്ത്ര വൽക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കട്ടിംഗിൽ പുതിയ തൊഴിലാളികളെ എടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് വർക്ക് നടത്തിയിട്ടുള്ളതും ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും കട്ടിംഗിലേയ്ക്ക് പരമാവധി തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്കതരത്തിൽ ഇതിനനുസരണമായി പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിലും ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ ഭാഗികമായ യന്ത്രവത്ക്കരണവും ആധുനികവത്ക്കരണവും നടത്തിവരികയാണ്.

## എയ്ഡഡ് വിദ്യാലയങ്ങളുടെ അക്കാദമിക സൗകര്യം

30(*570) ശ്രീ. കെ. ബാബു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങൾക്ക് തുല്യമായ പരിഗണന എയ്ഡഡ് വിദ്യാലയങ്ങൾക്ക് നൽകി അവയുടെ ഭൗതിക അക്കാദമിക സൗകര്യം മെച്ചപ്പെടുത്താൻ പദ്ധതിയുണ്ടോ; സ്വകാര്യ വിദ്യാലയങ്ങൾക്കുള്ള ചാലഞ്ച് ഫണ്ടിനായി എത്ര വിദ്യാലയങ്ങൾ മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ട്;

(ബി) വിദ്യാലയങ്ങളുടെ അക്കാദമിക പരിസരം മെച്ചപ്പെടുത്താൻ പി.റ്റി.എ.-യുടെയും വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തന പരിമിതി മറികടക്കാൻ ജനകീയ കമ്മിറ്റികൾ വ്യാപകമാക്കാൻവേണ്ട ഇടപെടൽ സാധ്യമാകുമോ;

(സി) അറിവ് മാതൃഭാഷയിൽ പകർന്നു നൽകുകയെന്ന ലക്ഷ്യം എത്രമാത്രം പ്രാവർത്തികമായിട്ടുണ്ട്; ഹയർസെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധിതമാക്കാൻ സാധ്യമായിട്ടുണ്ടോ;

(ഡി) പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ പൊതുധാരയിൽ ഉൾച്ചേർക്കുന്നതിനുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. എയ്ഡഡ് വിദ്യാലയങ്ങൾക്കുള്ള ചാലഞ്ച് ഫണ്ടിനായി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള 44 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഉദ്ദേശ്യമില്ല.

(സി) 2017-ലെ മലയാളഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരംവരെ മലയാളം പഠിപ്പിക്കുന്നു വെന്ന് ഉറപ്പുവരുത്തുന്നതിന് മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരംവരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാതലങ്ങളിലും പരിശോധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ നടന്നുവരികയും ചെയ്യുന്നു. ഹയർ സെക്കണ്ടറിതലത്തിൽ മാതൃഭാഷാ പഠനം നിർബന്ധമാക്കിയിട്ടില്ല.

(ഡി) വൈദ്യപരിശോധന ക്യാമ്പ്, ഭിന്നശേഷി കുട്ടികൾക്കായുള്ള കലാകായിക പ്രകടനങ്ങൾ, സാമൂഹിക ഉൾചേർക്കൽ സഹായ ഉപകരണ വിതരണം, തെറാപ്പികൾ, ഭൗതിക സാഹചര്യം ഒരുക്കൽ, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സി. ആന്റ് എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങൾ

1(5875) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആന്റ്എ.ജി.-യുടെ 2017-18-ലെ റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പിനെ സംബന്ധിച്ച പ്രസക്തമായ പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സി.ആന്റ്എ.ജി. റിപ്പോർട്ട് പുറത്തുവരുന്നതിനുമുൻപ് പ്രസ്തുത പരാമർശങ്ങൾ സംബന്ധിച്ച് എ.ജി.(കേരള) പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് എ.ജി. (കേരള)-യ്ക്ക് മറുപടി നൽകിയിരുന്നോ; വ്യക്തമാക്കുമോ;

(ഡി) സി.ആൻഡ്എ.ജി. റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയത്തിൽ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സി. ആന്റ് എ.ജി.യുടെ 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടുകളിൽ ഉൾപ്പെടുത്തുന്നതിനായുള്ള കരട് ഓഡിറ്റ് ഖണ്ഡികകൾ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ഇവ പരിശോധിക്കുകയും ചില ഖണ്ഡികകൾക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഖണ്ഡികകൾ പരിശോധിച്ചു വരുന്നു.

(ഡി) സി.ആന്റ് എ.ജി.-യുടെ 2018 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് വകുപ്പിൽ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ടിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ഉൾപ്പെടുന്നുണ്ടെങ്കിൽ അവ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പി.ഡബ്ല്യു.ഡി. ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

2(5876) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) പൊതുമരാമത്ത് റോഡുകളുടെ ഇരുപുറവും കയ്യേറിയിട്ടുള്ളതായി ബോധ്യപ്പെട്ടാൽ ഒഴിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് എൻജിനീയർക്കോ മറ്റേതെങ്കിലും ഉദ്യോഗസ്ഥർക്കോ അധികാരമുണ്ടോ;

(സി) കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് റോഡുനിർമ്മാണവും ഗതാഗതവും സുഗമമാക്കുന്നതിന് പി.ഡബ്ല്യു.ഡി. നടത്തിവരുന്ന നടപടികൾ വിജയകരമാണോ; പി.ഡബ്ല്യു.ഡി.-യ്ക്ക് ഒഴിപ്പിക്കാൻ കഴിയാതെ വരികയാണെങ്കിൽ എന്തെല്ലാം അനന്തര നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) കയ്യേറ്റം ഒഴിഞ്ഞുപോകാൻ നോട്ടീസ് നൽകിയിട്ടും ഒഴിയാതിരിക്കുകയും ഒരിക്കൽ ഒഴിവാക്കിയ സ്ഥലം വീണ്ടും കയ്യേറുകയും ചെയ്തതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കയ്യേറ്റം നടന്ന സ്ഥലങ്ങളിൽ ഒഴിപ്പിക്കുന്നതിനുവേണ്ടി നോട്ടീസ് നൽകാറുണ്ട്. നോട്ടീസിന്റെ കാലാവധിക്കുശേഷവും ഒഴിഞ്ഞുപോകാത്തവരെ റവന്യൂ, പോലീസ് അധികൃതരുടെ സഹായത്തോടെ ഒഴിപ്പിക്കുന്നതിന് പൊളിച്ച് മാറ്റൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി ഇതിന്റെ ഉടമസ്ഥാവകാശം ഉറപ്പുവരുത്തുന്നതിന് താലൂക്ക് സർവ്വേയറുടെ സേവനവും ആവശ്യപ്പെടാറുണ്ട്.

(ബി) ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം ഓരോ ജില്ലകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്.

(സി) ശരിയായി നടപ്പിലാക്കിയാൽ വിജയകരമാണ്. റവന്യൂ, പോലീസ് വകുപ്പുകളുടെ സഹകരണത്തോടെയാണ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത്. ഒഴിപ്പിച്ചവർ വീണ്ടും കയ്യേറുമ്പോൾ തുടർനടപടി സ്വീകരിക്കുന്നില്ല.

(ഡി) ഉണ്ട്. ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതാണ് കാരണം. ലോക്കൽ പോലീസ്, റവന്യൂ, എൽ.എസ്.ജി.ഡി. എന്നിവർക്ക് പ്രാദേശിക ഘടകങ്ങളുടെ സഹായം കിട്ടാത്തതാണ് പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ അനാസ്ഥയ്ക്ക് കാരണം. പ്രാദേശിക സാമൂഹ്യപ്രവർത്തകരും പലപ്പോഴും ഒഴിപ്പിക്കലിനെതിരെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമമാണ് ആവശ്യം. ഹൈവേ പ്രൊട്ടക്ഷൻ ആക്ട്, റോഡ് സേഫ്റ്റി ആക്ട്, പൊതുമരാമത്ത് വകുപ്പ് മാന്വൽ, പരിസ്ഥിതി നിയമങ്ങൾ, ഐ.പി.സി. എന്നീ നിയമങ്ങൾ കണക്കിലെടുത്തുള്ള പുതിയ നിയമം കേരളത്തിൽ ആവശ്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കയ്യേറി വാടകയ്ക്ക് വാഹനങ്ങൾ പാർക്ക് ചെയ്യും പണം ഈടാക്കാൻ സ്വകാര്യ വ്യക്തികളെ നിയമിച്ച് കടുത്ത നിയമലംഘനം നടത്തിവരുന്നു. ഇങ്ങനെ പിരിക്കുന്ന പണം മുഴുവൻ കോർപ്പറേഷൻ അക്കൗണ്ടിൽ ഇടുന്നുണ്ടോയെന്നറിയില്ല. പണത്തിന്റെ കണക്ക് നാളിതുവരെ റോഡിന്റെ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. അനുവാദവും വാങ്ങിയിട്ടില്ല. ഇത് അവസാനിപ്പിക്കാൻ ഔദ്യോഗികമായി പൊതുമരാമത്ത്

വകുപ്പുമന്ത്രി തന്നെ നിർദ്ദേശിച്ചിട്ടും അനുസരിച്ചിട്ടില്ല. ക്യാരേജ് വേയിലെ രണ്ടു സൈഡിലും പണം വാങ്ങി കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വാഹന പാർക്കിംഗ് നടത്തുന്നു. ഇങ്ങനെ കേരളത്തിൽ വ്യാപകമായി നടക്കുന്ന നിയമ ലംഘനങ്ങളും കയ്യേറ്റങ്ങളും അവസാനിപ്പിക്കാൻ കർശന നിയമം വേണം.

## റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി

3(5877) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിലെയും റോഡിന്റെ ഇരുഭാഗങ്ങളിലെയും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഈ നടപടികൾകൊണ്ട് ഉണ്ടായ പുരോഗതിയും വ്യക്തമാക്കാമോ;

(ബി) റോഡിന്റെ ഇരുപുറങ്ങളിലുമുള്ള സ്ഥലം കയ്യേറി കച്ചവടസ്ഥാപനങ്ങൾ നടത്തുകയോ മതിൽ കെട്ടിമറയ്ക്കുകയോ ചെയ്യുവർ സ്വയം ഒഴിഞ്ഞുപോകുന്നതിന് അതത് പ്രദേശത്തെ ബന്ധപ്പെട്ട പൊതുമരാമത്ത് ഓഫീസിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ നോട്ടീസ് നൽകാറുണ്ടോ;

(സി) പ്രസ്തുത നടപടികൾക്ക് ശേഷവും ഒഴിഞ്ഞുപോകാത്തവരെ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ;

(ഡി) റോഡിന്റെയും കാനയുടെയും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുന്നതിനും നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നവർക്കെതിരെ പിഴ ചുമത്തുന്നതിനും കേസെടുക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഒഴിഞ്ഞുപോകാൻ ആവശ്യപ്പെടുകയും ചെയ്യാറുണ്ട്. നോട്ടീസ് കാലാവധി കഴിഞ്ഞിട്ടും ഒഴിഞ്ഞുപോകാത്തവരെ പോലീസ്, റവന്യൂ വകുപ്പുകളുടെ സഹായത്തോടെ ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ഉണ്ട്.

(സി) നോട്ടീസ് കൊടുത്തിട്ടും ഒഴിഞ്ഞുപോകാത്തവരെ പോലീസ്, റവന്യൂ അധികൃതരുടെ സഹായത്തോടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് പൊളിച്ചു മാറ്റൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) റോഡിന്റേയും കാനയുടേയും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുകയും ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഉപയോഗിച്ച് ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഉദ്യോഗസ്ഥർ അനാസ്ഥ കാണിക്കുന്നതാണ് കാരണം. ലോക്കൽ പോലീസ്, റവന്യൂ, എൽ.എസ്.ജി.ഡി. എന്നിവർക്ക് പ്രാദേശിക ഘടകങ്ങളുടെ സഹായം കിട്ടാത്തതാണ് പൊതുമരാമത്ത് ഉദ്യോഗസ്ഥരുടെ അനാസ്ഥയ്ക്ക് കാരണം. പ്രാദേശിക സാമൂഹ്യ പ്രവർത്തകരും പലപ്പോഴും ഒഴിപ്പിക്കലിനെതിരെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്യുന്നതിന് ശ്രമിച്ചിട്ടുണ്ട്. സമഗ്രമായ ഒരു നിയമമാണ് ആവശ്യം. ഹൈവേ പ്രൊട്ടക്ഷൻ ആക്ട്, റോഡ് സേഫ്റ്റി ആക്ട്, പൊതുമരാമത്ത് വകുപ്പ് മാന്വൽ, പരിസ്ഥിതി നിയമങ്ങൾ, ഐ.പി.സി. എന്നീ നിയമങ്ങൾ കണക്കിലെടുത്തുള്ള പുതിയ നിയമം കേരളത്തിൽ ആവശ്യമാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ കയ്യേറി വാടകയ്ക്ക് വാഹനങ്ങൾ പാർക്ക് ചെയ്തും പണം ഈടാക്കാൻ സ്വകാര്യ വ്യക്തികളെ നിയമിച്ച് കടുത്ത നിയമലംഘനം നടത്തിവരുന്നു. ഇങ്ങനെ പിരിക്കുന്ന പണം മുഴുവൻ കോർപ്പറേഷൻ അക്കൗണ്ടിൽ ഇടുന്നുണ്ടോ എന്നറിയില്ല. പണത്തിന്റെ കണക്ക് നാളിതുവരെ റോഡിന്റെ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടില്ല. അനുവാദവും വാങ്ങിയിട്ടില്ല. ഇത് അവസാനിപ്പിക്കാൻ ഔദ്യോഗികമായി പൊതുമരാമത്ത് വകുപ്പുമന്ത്രി തന്നെ നിർദ്ദേശിച്ചിട്ടും അനുസരിച്ചിട്ടില്ല. ക്യാരേജ് വേയിലെ രണ്ടു സൈഡിലും പണം വാങ്ങി കോർപ്പറേഷൻ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം വാഹന പാർക്കിംഗ് നടത്തുന്നു. ഇങ്ങനെ കേരളത്തിൽ വ്യാപകമായി നടക്കുന്ന നിയമലംഘനങ്ങളും കയ്യേറ്റങ്ങളും അവസാനിപ്പിക്കാൻ കർശന നിയമം വേണം.

## റോഡുകളുടെ പാർശ്വങ്ങളിലെ അപകടകരമായ വൃക്ഷങ്ങൾ

4(5878) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പാർശ്വങ്ങളിൽ അപകടകരമായ രീതിയിലുള്ള വൻവൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അപകടകരമായ രീതിയിൽ സ്ഥിതി ചെയ്യുന്ന വൃക്ഷങ്ങളെ മുറിച്ചുമാറ്റണമെന്ന് ആവശ്യപ്പെട്ടുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെയോ വനം വകുപ്പിന്റെയോ അനുമതി ആവശ്യമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റോഡിന്റെ പാർശ്വങ്ങളിൽ അപകടകരമായ രീതിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് സോഷ്യൽ ഫോറസ്ട്രിയിൽ നിന്നുള്ള ഉദ്യോഗസ്ഥർ മരം പരിശോധിച്ച് വാല്യുവേഷൻ നൽകുകയും അതുപ്രകാരം ലേലം ചെയ്ത് മരം മുറിച്ചു മാറ്റുകയുമാണ് ചെയ്യാറുള്ളത്.

(ബി) ഇത്തരം പരാതികൾ ലഭിച്ചാൽ ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി അധികൃതർക്ക് വാല്യുവേഷനുവേണ്ടി കൈമാറുകയും വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് മരം ലേലം ചെയ്ത് നൽകുകയും ചെയ്യുന്നു.

(സി) വനം വകുപ്പിന് കീഴിലുള്ള സോഷ്യൽ ഫോറസ്ട്രിയുടെ അനുമതി ആവശ്യമുണ്ട്.

## മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് പൂർത്തിയാകാത്ത പ്രവൃത്തികൾ

5(5879) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പണി പൂർത്തീകരിക്കാത്തതുമായ എത്ര പ്രവൃത്തികളുണ്ടെന്നും (റോഡുകളും പാലങ്ങളും) അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികളുടെ നിർമ്മാണം നിർത്തിവച്ചിട്ടുണ്ടെന്നും നിർത്തിവയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) നിർത്തിവയ്ക്കപ്പെട്ട പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന് കീഴിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളും പാലം വിഭാഗത്തിനു കീഴിലുള്ള പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു.* ആലപ്പുഴ ബൈപ്പാസ് നിർമ്മാണ പ്രവൃത്തിയിൽ റെയിൽവേ മേൽപ്പാലങ്ങളുടെ പണികളും എൻ.എച്ച് 744 കൊല്ലം-തിരുമംഗലം റോഡിൽ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കഴുതുരുട്ടി, മുരുഗൻപാഞ്ചാൽ എന്നീ പാലങ്ങളുടെ അപ്രോച്ച് റോഡുകളുടെ നിർമ്മാണവുമാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം ആരംഭിച്ചതും നാളിതുവരെ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികൾ കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട തിരുവല്ല ബൈപ്പാസ്, തലശ്ശേരി-വളവുപാറ റോഡ് എന്നിവ പൂർത്തീകരിച്ചിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച എയർപോർട്ട് സീപോർട്ട് റോഡിന്റെ 2-ാം ഘട്ടത്തിലെ എച്ച്.എം.ടി മുതൽ എൻ.എ.ഡി റോഡ് വരെയുള്ള 2.7 കി.മീ റോഡിന്റെ പ്രവൃത്തിയാണ് ആർ.ബി.ഡി.സി.കെ.-യെ ഏൽപിച്ചതിൽ പൂർത്തീകരിക്കാനുള്ളത്.

(ബി) പൊതുമരാമത്ത് പാലം വിഭാഗത്തിനു കീഴിൽ

- കോട്ടയം ജില്ലയിലെ കൊട്ടരാറിനു കുറുകെ കോടിമാത പാലത്തിന്റെ ഒരു അബട്ട്മെന്റ് നിൽക്കുന്നത് മുനിസിപ്പാലിറ്റി പുറമ്പോക്കിലാണ്. പുറമ്പോക്കിൽ രണ്ട് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഈ കുടുംബങ്ങളെ റവന്യൂ വകുപ്പ് പുനരധിവസിപ്പിക്കുന്ന മുറയ്ക്ക് പാലത്തിന്റെ പ്രവൃത്തി തുടങ്ങുന്നതാണ്.

- എറണാകുളം ജില്ലയിലെ ഏലൂർക്കര ഉളിയന്നൂർ പാലം, ആലുങ്കൽ കടവ് പാലം എന്നിവയുടെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കാത്തതിനാൽ അപ്രോച്ച് റോഡുകളുടെ നിർമ്മാണം ഇതുവരെ പൂർത്തീകരിച്ചിട്ടില്ല.

- തൃശ്ശൂർ ജില്ലയിലെ കച്ചേരിക്കടവ് പാലത്തിന്റെ അനുബന്ധ റോഡ് നിർമ്മാണത്തിന് വരന്തരപ്പള്ളി ഭാഗത്ത് സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചിട്ടില്ല.

- കോഴിക്കോട് ജില്ലയിലെ കോവിലംതാഴം പാലത്തിന്റെ അപ്രോച്ച് റോഡ് പ്രവൃത്തിക്കായി കോട്ടൂർ ഭാഗത്ത് സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി നിർത്തിവയ്ക്കേണ്ടിവന്നു.

- വയനാട് ജില്ലയിലെ തുർക്കി പാലത്തിന് ഭരണാനുമതി പ്രകാരം ലഭിച്ച 220 കോടി രൂപ അപര്യാപ്തമാണ്. പുതുക്കിയ ഭരണാനുമതി ആവശ്യമാണ്.

കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട തിരുവല്ല ബൈപ്പാസ് സ്ഥലം പൂർണ്ണമായും ലഭ്യമല്ലാത്തത് കാരണം 3-5-2017 വരെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുവേണ്ടി സമയം നീട്ടികൊടുക്കുകയും എന്നാൽ കോൺട്രാക്ടർക്ക് പണി പൂർത്തീയാക്കാൻ സാധിക്കാത്തതിനാൽ റിസ്ക് & കോസ്റ്റിൽ പിരിച്ചു വിടുകയും ചെയ്തു. തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾക്കായി റീടെണ്ടർ നടത്തുകയും ആയതിന്റെ പണികൾ പുരോഗമിക്കുകയും ചെയ്യുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തലശ്ശേരി-വളവുപാറ റോഡിന്റെ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചു. എന്നാൽ നിർമ്മാണ പുരോഗതി ഇല്ലാത്തതിനാൽ റീ-ടെണ്ടർ നടത്തുകയും തലശ്ശേരി-കളറോഡ്, കളറോഡ്-വളവുപാറ എന്നീ രണ്ട് പ്രവൃത്തികളായി പണി പുരോഗമിച്ചു വരികയും ചെയ്യുന്നു. ദേശീയപാത വിഭാഗത്തിനുകീഴിൽ ഫോറസ്റ്റ് വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിയ്ക്കുന്നതിലുണ്ടായ കാലതാമസവും അതിർത്തി തർക്കവും കാരണം പണി ആരംഭിക്കുവാൻ താമസം നേരിട്ടു. ഫോറസ്റ്റ് വകുപ്പിൽ നിന്നും എൻ.ഒ.സി. കിട്ടിയതിനുശേഷം പണി പുരോഗമിച്ചെങ്കിലും അതിർത്തി തർക്കം കാരണം ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ പണി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ എച്ച്.എം.ടി.-യുടേയും എൻ.എ.ഡി.-യുടേയും ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ലഭ്യമാകാത്തതിനാലാണ് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തത്. സ്ഥലം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കോട്ടയം ജില്ലയിലെ കോടിമാതാ പാലത്തിന് 5,70,15,132 രൂപ ചെലവായിട്ടുണ്ട്. എറണാകുളം ജില്ലയിലെ ഏലൂർക്കര ഉള്ളിയന്നൂർ പാലത്തിന് 6,29,19,897 രൂപ ആലുങ്കൽ കടവ് പാലത്തിന് 8,18,24,950 രൂപ ചെലവായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ കച്ചേരിക്കടവ് പാലത്തിന് 3,19,02,766 രൂപ ചെലവായിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കോവിലകം താഴം പാലത്തിന് 232 ലക്ഷം രൂപ ചെലവായിട്ടുണ്ട്. വയനാട് ജില്ലയിലെ തുർക്കി പാലത്തിന് 252 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കെ.എസ്.ടി.പി.-യുടെ കീഴിൽ നിർത്തിവച്ച രണ്ട് പ്രവൃത്തികളും പുനരാരംഭിക്കുകയും പണികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ആദ്യ കരാറുകാർ ചെയ്ത പണികൾക്ക് തിരുവല്ല ബൈപ്പാസിന് 17.12 കോടി രൂപയും തലശ്ശേരി-വളവുപാറ റോഡിന് 13.36 കോടി രൂപയും നൽകിയിട്ടുണ്ട്.

**അഴിമതി ആരോപണങ്ങൾ സംബന്ധിച്ച അന്വേഷണം**

6(5880) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള പാലങ്ങളുടെയും റോഡുകളുടെയും കെട്ടിടങ്ങളുടെയും സുരക്ഷ സംബന്ധിച്ച് വകുപ്പുതല എക്സ്പെർട്ട് കമ്മിറ്റി പരിശോധനകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് ഉയർന്നുവന്നിട്ടുള്ള ക്രമക്കേടുകളും ആരോപണങ്ങളും സംബന്ധിച്ച് ഈ സർക്കാർ പ്രാഥമികമായ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിലെ വസ്തുതകൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കാലയളവിൽ, അടിസ്ഥാനസൗകര്യ വികസനത്തിന്റെ മറവിൽ രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും കരാറുകാരും കൈകോർത്ത് നടത്തിയ ഇടപാടുകൾ അഴിമതിയിൽ കലാശിക്കുകയും ഗുരുതരമായ സ്ഥിതിവിശേഷം ക്ഷണിച്ചുവരുത്തുകയും ചെയ്തതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇരുന്നൂറ് മീറ്റർ നീളവും മൂന്ന് മീറ്റർ വീതിയും രണ്ടുതൂണുകളും മാത്രമുള്ള ആലുവയിലെ നടപ്പാലത്തിന്റെ ടെൻഡർ ആറ് കോടി രൂപ ആയിരുന്നത് പണി പൂർത്തിയാക്കിയപ്പോൾ പതിനേഴ് കോടി രൂപയാവാൻ ഇടയായ സാഹചര്യം എന്തായിരുന്നു;

(ഇ) ആരോപണവിധേയമായ പ്രവൃത്തികളെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഏനാത്ത് പാലത്തിന് ബലക്ഷയം ഉണ്ടായതുമായി ബന്ധപ്പെട്ട് 2017-ൽ എല്ലാ പാലങ്ങളും പരിശോധിക്കുകയും നിലവിലുള്ള 2529 പാലങ്ങളിൽ 370 പാലങ്ങൾക്ക് പുനർ നിർമ്മാണം/പുനരുദ്ധാരണം ആവശ്യമാണെന്ന് കണ്ടെത്തുകയും ചെയ്തു. 2018 ഓഗസ്റ്റ് മാസത്തിലെ പ്രളയത്തിനുശേഷമുള്ള രണ്ടാം ഘട്ട പരിശോധനയിൽ 54 പാലങ്ങൾ കൂടി പുനർ നിർമ്മിക്കേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് പാലാരിവട്ടം പാലവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം നിർമ്മിച്ച

കൊണ്ടിരിക്കുന്ന എല്ലാ പാലങ്ങളും സന്ദർശിക്കുന്നതിനും പാലങ്ങളുടെ ഭരണപരവും സാങ്കേതികപരവും ഗുണമേന്മാപരവും പുരോഗതിപരവുമായ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉത്തരമേഖല, ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുകയും പരിശോധന പൂർത്തിയാക്കി വരികയും ചെയ്യുന്നു. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ പരിപാലനവും സുരക്ഷാ വിലയിരുത്തലുകളും പൊതുമരാമത്ത് വകുപ്പ് മാന്വലിലെ നിബന്ധനകൾ പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ ഉത്തരവാദിത്തമാണ്.

(ബി) ഉണ്ട്. അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കിറ്റ്കോയുമായി ബന്ധപ്പെട്ട് 2001 മുതൽ 2019 വരെയുള്ള കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ, ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(വിജിലൻസ്) -കൺവീനർ എന്നിവരെ അംഗങ്ങളാക്കി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ആലുവ ശിവരാത്രി മണപ്പുറത്തേയ്ക്കുള്ള കോൺക്രീറ്റ് നടപ്പാലത്തിന് 3 സ്പാനുകളിലായി ആകെ 200 മീറ്റർ നീളവും ഇരുഭാഗത്തേയ്ക്കും 3 മീറ്റർ വീതമുള്ള നടപ്പാത ഉൾപ്പെടെ 7.20 മീറ്റർ വീതിയുമുണ്ട്. ഈ പാലത്തിന് 2 അബട്ട്മെന്റുകളും 2 പിയറുകളുമാണുള്ളത്. ഈ പാലത്തിന് 10 കോടി രൂപയുടെ ഭരണാനുമതി യാണുണ്ടായിരുന്നത്. പാലത്തിന്റെ നിർമ്മാണത്തിനായി ഡിസൈനും നിർമ്മാണവും ഉൾപ്പെടെ ഡിസൈൻ ടെണ്ടർ ക്ഷണിക്കുകയും കുറവ് തുക രേഖപ്പെടുത്തിയ കരാറുകാരന് 141974400 രൂപയ്ക്ക് നിർമ്മാണത്തിനായി കരാർ നൽകുകയും ചെയ്തു. 28-2-2016-ന് പാലം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തു.

(ഇ) ആരോപണ വിധേയമായ പ്രവൃത്തികളെക്കുറിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

## പൊതുമരാമത്ത് വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ

7 (5881) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇതിനായി പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച് കഴിഞ്ഞാൽ മൂന്നു മാസത്തിനുള്ളിൽ സാങ്കേതികാനുമതിയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചും പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രവൃത്തി തുടങ്ങിയശേഷം കരാറുകാരുടെ വീഴ്ചമൂലമുണ്ടാകുന്ന കാലതാമസത്തിന് കരാറുകാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ റോഡിലൂടെയുള്ള യൂട്ടിലിറ്റികൾ നീക്കുന്നതിലുള്ള കാലതാമസം, അതിർത്തി തർക്കങ്ങൾ, പുറമ്പോക്ക് കൈയ്യേറ്റങ്ങൾ എന്നിവ കാരണം ചില സന്ദർഭങ്ങളിൽ പ്രവൃത്തികൾ നീണ്ടു പോകാറുണ്ട്. ഇത്തരം അവസരങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ പ്രവൃത്തികൾ പൂർത്തീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്. ഒരോ പ്രവൃത്തിക്കും പൂർത്തീകരണ കാലാവധി നിശ്ചയിച്ചാണ് ടെണ്ടർ ക്ഷണിക്കുന്നത്. ഈ കാലാവധിക്കുള്ളിൽ തന്നെ പദ്ധതികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താറുണ്ട്. എന്നാൽ കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പദ്ധതി കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാതെ വന്നാൽ ഫൈൻ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി പദ്ധതി പൂർത്തിയാക്കാറുണ്ട്. കൂടാതെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി പൂർത്തിയാക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്. തുടർന്നും പൂർത്തിയാക്കാത്ത സാഹചര്യങ്ങളിൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽപെടുത്തി കരാർ റദ്ദ് ചെയ്യ് വേണ്ട നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

പൊതുമരാമത്ത് പാലം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ഉദ്യോഗസ്ഥതലത്തിലുള്ള അവലോകന യോഗങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ മാസംതോറും പ്രവൃത്തികൾ അവലോകനം ചെയ്യുകയും തടസ്സങ്ങൾ നീക്കുന്നതിന് മുൻഗണന നൽകുകയും ചെയ്യുന്നു. സംസ്ഥാന തലത്തിലുള്ള അവലോകനയോഗങ്ങൾ ചീഫ് എഞ്ചിനീയർമാരുടേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും നേതൃത്വത്തിൽ ക്രമമായി നടത്തുന്നതും നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർനടപടികൾ സ്വീകരിച്ചു പ്രവർത്തിക്കുന്നതും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സഹായമാകുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായിതന്നെ പൂർത്തീകരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നുണ്ട്. താഴെ സൂചിപ്പിക്കുന്ന ചില ഒഴിവാക്കാനാവാത്ത കാരണങ്ങളാൽ പ്രവൃത്തികൾ നീണ്ടുപോകുന്നുണ്ട് :

- സമയബന്ധിതമായി സ്ഥലം ലഭ്യമാകാത്തതിനാൽ
- ക്ലൈന്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും ആവശ്യപ്പെടുന്ന മാറ്റങ്ങൾ വരുത്തേണ്ടതിനാൽ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡ്രോയിംഗ് എന്നിവയിൽ മാറ്റങ്ങൾ വരുത്തുവാൻ നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റേണ്ടി വരുമ്പോൾ കാലതാമസം എടുക്കുന്നതിനാൽ
- ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നും മരം മുറിച്ചു മാറ്റുന്നതിനുള്ള അനുമതി ലഭ്യമാകാത്തതിനാൽ കാറുകാരൻ പ്രവൃത്തി അകാരണമായി നീട്ടുന്ന സാഹചര്യത്തിൽ ആയതിന് എഗ്രിമെന്റ് പ്രകാരം ഫൈൻ ചുമത്തി വരുന്നുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പരിപാലനം 15 വർഷത്തേക്ക് പദ്ധതി കൺസഷണറിൽ നിക്ഷിപ്തമാണ്. സമയബന്ധിതമായി കൺസഷണർ പരിപാലനം നടത്തിവരികയും കെ.ആർ.എഫ്.ബി അവ ഉറപ്പു വരുത്തുകയും ചെയ്തു പോരുന്നു. കെ.എസ്.റ്റി.പി. പ്രവൃത്തികളെല്ലാം തന്നെ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നവയാണ്. ഏതെങ്കിലും കാരണത്താൽ പദ്ധതി നീണ്ടു പോകുകയാണെങ്കിൽ ലോകബാങ്ക് പ്രതിനിധികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തോടെ മാത്രമേ സമയം നീട്ടി നൽകാറുള്ളൂ. കരാറുകാരന്റെ ഭാഗത്തു നിന്നുള്ള കാരണത്താലാണ് ഈ കാലതാമസമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം പിഴ ഈടാക്കുകയോ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. കാലതാമസം ശ്രദ്ധയിൽപ്പെടുന്ന പ്രവൃത്തികളുടെ കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക അവലോകന യോഗങ്ങൾ പൊതുമരാമത്തു വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന് പ്രശ്ന പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്.

## സീബ്ര ലൈനുകൾ സംബന്ധിച്ച ചുമതല

8(5882) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളിൽ സീബ്ര ലൈനുകൾ സ്ഥാപിക്കാനുള്ള ചുമതല ആർക്കാണെന്ന കാര്യം വിശദമാക്കാമോ;

(ബി) നിലവിലുള്ള ഒരു സീബ്ര ലൈൻ പുതുക്കി വരയ്ക്കുന്നതിനുള്ള കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുൻവശത്തെ റോഡുകളിൽ സീബ്ര ലൈൻ തെളിഞ്ഞ് കാണുന്ന രീതിയിൽ വരച്ചിട്ടുണ്ടെന്ന കാര്യം ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുവേണ്ടി ചെയ്ത പ്രവർത്തനങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) റോഡുകളിൽ സീബ്ര ലൈൻ/റോഡ് മാർക്കിംഗ്സ് സ്ഥാപിക്കാനുള്ള അധികാരം ഇന്ത്യൻ റോഡ് കോൺഗ്രസ് ഗൈഡ് ലൈൻസ് പ്രകാരം റോഡ് ഓണിംഗ് അതോറിറ്റിക്കാണ്. (Road Owning Authority)

(ബി) നിലവിലുള്ള ഒരു സീബ്രാലൈൻ പുതുക്കി വരയ്ക്കുന്നതിനുള്ള കാലാവധി IRC: 67 മാനദണ്ഡ പ്രകാരം 2 മുതൽ 3 വർഷം വരെയാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സീബ്രാലൈൻ മാർക്ക ചെയ്യുമ്പോൾ ആ പദ്ധതിയുടെ ഡി.എൽ.പി. കാലാവധിവരെ അതാത് കോൺട്രാക്ടറുടെ ഉത്തരവാദിത്വമാണ്. അതിനുശേഷം മാഞ്ഞുപോകുകയാണെങ്കിൽ മാറ്റിവരയ്ക്കുന്നതാണ്.

(സി) തൃശ്ശൂർ, കണ്ണൂർ, മൂവാറ്റുപുഴ എന്നീ ഡിവിഷനുകളുടെ കീഴിലുള്ള റോഡുകളിൽ മിക്കവാറും സ്കൂളുകളുടെ മുൻപിൽ സീബ്രാലൈനുണ്ട്. മറ്റു ഡിവിഷന്റെ കീഴിലുള്ള റോഡുകളിൽ സ്കൂൾ സോൺ നവീകരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിനായി കെ.ആർ.എസ്.എ.-യ്ക്ക് സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. റീസർഫസിംഗ് പ്രവൃത്തികളുടെ ഡിഫക്ട് ലയബിലിറ്റി ഘട്ടങ്ങളിൽ സീബ്രാ ലൈനുകൾ മങ്ങുന്ന പക്ഷം ബന്ധപ്പെട്ട കരാറുകാരൻ വരയ്ക്കാൻ ബാധ്യസ്ഥനാണ്. അല്ലാത്ത സാഹചര്യത്തിൽ റോഡ് സുരക്ഷാ പദ്ധതിയിൽ വരകൾ പുതുക്കാറുണ്ട്. എന്നാൽ നമ്മുടെ അനുഭവത്തിൽ സീബ്രാവരകൾ 3 മാസത്തിൽ കൂടുതൽ നിൽക്കുന്നില്ല. ചിലത് ഒരു മാസം കഴിയുമ്പോൾ മായുന്നു. പലതിലും സീബ്രാലൈനില്ല. തിരുവനന്തപുരം നഗരത്തിൽ സീബ്രാലൈൻ കുറവാണ്. എന്നാൽ ചില ഗ്രാമങ്ങളിലെ MDR-ൽ കാണാം. ഇനിമുതൽ എല്ലാ PWD റോഡുകളിലും NH കളിലും ഗുണമേന്മയുള്ള സീബ്രാലൈനുകൾ ഉണ്ടാകുന്നതിന് ഉത്തരവ് നൽകുന്നതാണ്.

## വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണം

9(5883) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുപ്പത് വർഷത്തിലധികം കാലം നീണ്ടുനിൽക്കുന്ന തരത്തിൽ വൈറ്റ് ടോപ്പിംഗ് റോഡ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം റോഡ് നിർമ്മിക്കുന്നതിന് ഒരു കിലോമീറ്ററിന് എത്ര കോടി രൂപയാണ് നിർമ്മാണച്ചെലവ് വരുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത രീതിയിലുള്ള നിർമ്മാണ പ്രക്രിയ പ്രാവർത്തികമാക്കി റോഡ് നിർമ്മിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള പൊതുമരാമത്ത് മാനുവൽ Clause 2407.10.1 പ്രകാരം വൈറ്റ് ടോപ്പിംഗ് റോഡ് നിർമ്മാണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. നിലവിലുള്ള Asphalt Pavement-ന് പുറത്ത് Concrete overlay ചെയ്യുന്നതാണ് White topping. കൂടാതെ IRC-SP 76-2015 പ്രകാരം White topping പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിനു കീഴിൽ എറണാകുളം ഡിവിഷനിൽ Budget Work 2012-13 White topping of Seaport Airport Road 5/500 from HMT junction to Manalimukku എന്ന പ്രവൃത്തി ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ reinforcement bars ഉപയോഗിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് 1 കിലോമീറ്ററിന് 3,44,43,220 രൂപ നിർമ്മാണ ചെലവ് വരുന്നതാണ്. ബാംഗ്ലൂരിൽ കി.മീ. ഒന്നിന് 10 കോടി ആവശ്യമാണെന്നാണ് അവിടത്തെ ചീഫ് എഞ്ചിനീയർ അവിടം സന്ദർശിച്ച പൊതുമരാമത്ത് മന്ത്രിയോട് പറഞ്ഞത്.

(സി) ബാംഗ്ലൂർ രീതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. അതിനായി ചീഫ് എഞ്ചിനീയർ (റോഡ്സ്), സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ, KRFB, CEO എന്നിവർ പോയി പരിശോധിച്ചു വരാൻ നിർദ്ദേശിക്കുന്നതാണ്.

## മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ്

10(5884) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ മൊബൈൽ റോഡ് റിപ്പയർ യൂണിറ്റ് ആരംഭിച്ച് റോഡിലുണ്ടാകുന്ന കുഴികൾ കാലതാമസം കൂടാതെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗത്തിനു കീഴിൽ റോഡിലുണ്ടാകുന്ന കുഴികൾ കാലതാമസം കൂടാതെ അറ്റകുറ്റപ്പണി ചെയ്യുന്നതിനായി Pot hole filling machine വാങ്ങുന്നതിനായി ലഭ്യമായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയിൽ നിർമ്മാണം പൂർത്തീകരിച്ച റോഡുകളുടെ പരിപാലനം 15 വർഷത്തേക്ക് പദ്ധതി കൺസഷണറിൽ നിക്ഷിപ്തമാണ്. ആയതിനാൽ റോഡുകളിൽ രൂപപ്പെടുന്ന കുഴികളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി കൺസഷണർ ചെയ്തു പോരുന്നു. കെ.എസ്.റ്റി.പി. പ്രവൃത്തികളിൽ നിലവിൽ മൊബൈൽ റോഡ് റിപ്പയർ എന്ന സംരംഭം ഉദ്ദേശിച്ചിട്ടില്ല. കെ.എസ്.റ്റി.പി പദ്ധതിയിൽ ഡിഫക്ട് ലയബിലിറ്റി പീരീഡിനുള്ളിൽ വരുന്ന അറ്റകുറ്റപ്പണികൾ അതാത് കോൺട്രാക്ടർമാർ പരിഹരിക്കുന്നതാണ്. 5 വർഷ മെയിന്റനൻസ് കരാറുള്ള പ്രവൃത്തികളിൽ റോഡിന്റെ മെയിന്റനൻസ് നടപ്പിലാക്കുന്നതാണ്.

## ഗ്രാമീണ റോഡുകൾ പരിഷ്കരിക്കുന്നതിന് പദ്ധതികൾ

11(5885) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന ആറ് മീറ്ററിൽ കൂടുതൽ വീതിയുള്ള ഗ്രാമീണ റോഡുകൾ പരിഷ്കരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഹൈവേ, പ്രധാന ജില്ലാ പാതകൾ എന്നിവ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വകുപ്പ് പുനരുദ്ധരിക്കുന്നുണ്ട്. ഗ്രാമീണ റോഡുകളുടെ പരിപാലനം പൊതുമരാമത്ത് വകുപ്പല്ല നടത്തുന്നത്. തദ്ദേശ ഭരണവകുപ്പാണ്. 6 മീറ്ററിൽ കുറവുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നത് PWD റോഡ് നയത്തിനെതിരാണ്. 2011-16 കാലയളവിൽ ഇപ്രകാരമുള്ള നിരവധി റോഡുകൾ ഏറ്റെടുത്തത് പൊതുമരാമത്ത് വകുപ്പിന് വലിയ ഭാരമായി മാറിയിരിക്കുന്നു.

## ഗ്രാമീണ റോഡുകളുടെ നിർമ്മാണം

12(5886) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ റോഡുകൾക്ക് 20 എം.എം. ചിപ്പിംഗ് കാർപ്പറ്റ് ഉപയോഗിക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ; അത് ഗ്രാമീണ റോഡുകളുടെ നിർമ്മിതിയിൽ പാലിക്കാറുണ്ടോ;

(സി) സർക്കാർ നിഷ്കർഷിച്ച വിധത്തിൽ ഗ്യാരന്റി റോഡുകൾ ഗുണമേന്മയോടെ ഒരു കിലോമീറ്റർ നിർമ്മിക്കുവാൻ നിലവിൽ എന്തു തുക വേണ്ടിവരും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന് സർക്കാർ തീരുമാനപ്രകാരം കൈമാറി കിട്ടുന്ന ഗ്രാമീണ റോഡുകളിൽ മാത്രമേ പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവർത്തനം നടത്തുകയുള്ളൂ. ഇത്തരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭിക്കുന്ന റോഡുകളുടെ നിർമ്മാണം മറ്റ് പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണത്തിന് പാലിക്കുന്ന നിബന്ധനകളായ മോർത്ത് സ്പെസിഫിക്കേഷൻ, പി.ഡബ്ല്യൂ.ഡി. മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. ഗ്രാമീണ റോഡുകൾ ഏറ്റെടുക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല. ഗ്രാമീണ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്നില്ല.

(സി) പൊതുമരാമത്ത് റോഡുകൾ വകുപ്പിന്റെ മാനദണ്ഡത്തിനനുസരിച്ച് നിർമ്മിക്കുമ്പോൾ റോഡിന്റെ നിലവിലെ സ്ഥിതി, റോഡിന്റെ ഉപരിതലം, നിലവിൽ നിർമ്മിച്ചിരിക്കുന്ന മെറ്റീരിയിൽ, ട്രാഫിക് സാന്ദ്രത, വീതി, യൂട്ടിലിറ്റി സംവിധാനങ്ങളുടെ ക്രമീകരണങ്ങൾ, മണ്ണിന്റെ ഘടന, കാലാവസ്ഥ, വെള്ളത്തിന്റെ ഉറവയുടെ സാന്നിധ്യം, ചരക്കുവാഹനങ്ങളുടെ എണ്ണം എന്നിവയ്ക്കനുസരിച്ച് വ്യത്യാസം വരുന്നുണ്ട്. എന്നിരുന്നാലും ബി.എം.& ബി.സി നിലവാരത്തിൽ ഗ്യാരണ്ടി റോഡുകൾ ചെയ്യുന്നതിന് ശരാശരി കിലോമീറ്ററിന് ഒരു കോടി രൂപ ചെലവ് കണക്കാക്കുന്നു. 8 മീറ്ററിൽ കുറവ് വീതിയുള്ള ഗ്രാമീണ-നഗര റോഡുകൾ ഏറ്റെടുക്കാൻ പാടുള്ളതല്ല. എന്നാൽ ചില കാലത്ത് ചില അധികാരികൾ ഭരണ സ്വാധീനം ഉപയോഗിച്ച് 4 മീറ്റർ വരെയുള്ള റോഡുകൾ പി.ഡബ്ല്യു.ഡി. റോഡായി ഏറ്റെടുത്ത്

ആയിരക്കണക്കിന് കിലോമീറ്റർ റോഡുകൾ പി.ഡബ്ല്യു.ഡി. റോഡാക്കി മാറ്റി. ഇടുക്കി, കോട്ടയം ജില്ലകളിലാണ് ഇതിൽ 80% റോഡുകളും കാണുന്നത്. ഒരു വിധത്തിലും ഇവ MDR ആക്കി മാറ്റാൻ കഴിയുന്നില്ല. അവ തിരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചു വരികയാണ്.

## റോഡുകളിൽ പാർക്കിംഗിനായി ഫീസ് പരിക്കുന്നതിന് അനുമതി

13(5887) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡരികിൽ പാർക്കിംഗിനായി തിരുവനന്തപുരം നഗരസഭ ഫീസ് പിരിക്കുന്നത് വകുപ്പിന്റെ അനുമതിയോടു കൂടിയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിയമപ്രകാരമല്ല പാർക്കിംഗ് ഫീസ് പിരിക്കുന്നത് എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) വകുപ്പിന്റെ അനുമതിയോടുകൂടിയല്ല. അറിവോടെയുമല്ല.

(ബി&സി) പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് വകുപ്പിന്റെ അനുമതി ആവശ്യമാണ്. റോഡരികിലെ പാർക്കിംഗ് റോഡ് സുരക്ഷയേയും വാഹന ഗതാഗതത്തേയും റോഡിന്റെ നേരിട്ടല്ലാതെയുള്ള തകരാറിനേയും ബാധിക്കും എന്നുള്ളതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ അനുമതി തേടേണ്ടതാണ്. കേരള റോഡ് ഫണ്ട് ബോർഡിന്റെ അധീനതയിലുള്ള തിരുവനന്തപുരം നഗരപാത വികസന പദ്ധതിയിൽ ഉൾപ്പെടുന്ന എം.ജി റോഡ്, തമ്പാനൂർ റോഡ്, ദേശീയപാത 66-ന്റെ പ്ലാമൂട് മുതൽ കേശവദാസപുരം വരെയുള്ള ഭാഗങ്ങൾ എന്നിവിടങ്ങളിൽ വകുപ്പിന്റെ അനുമതിയില്ലാതെ തിരുവനന്തപുരം കോർപ്പറേഷൻ നൽകുന്ന രസീത് ബുക്കുപയോഗിച്ച് ട്രാഫിക് വാർഡന്മാർ പാർക്കിംഗ് ഫീസ് ഈടാക്കുന്നതായും അത് കോർപ്പറേഷനിൽ അടയ്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ അനുമതി കൂടാതെ അനധികൃതമായി നടത്തുന്ന പാർക്കിംഗ് ഫീസ് പിരിവ് നിർത്തലാക്കുന്നതിന് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ടിനും മുനിസിപ്പാലിറ്റി ആക്ടിനും വിരുദ്ധമായിട്ടാണ് കോർപ്പറേഷൻ പ്രവർത്തിക്കുന്നത്. പി.ഡബ്ല്യു.ഡി മാന്വലിനും റോഡ് സേഫ്റ്റി ആക്ടിനും IPC-ക്കും എതിരാണ്. ക്യാരേജ്‌വേയിലാണ് പാർക്ക് ചെയ്യുന്നത്. ഇത് നിയമവിരുദ്ധമാണ്.

**റോഡുകളുടെ വീതി**

14(5888) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ വീതിയുടെ കാര്യത്തിൽ എന്തെല്ലാം നിബന്ധനകളാണുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഐ.ആർ.സി 73-1980-ലെ ക്ലോസ് നമ്പർ 6.1.1 പ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നിവയുടെ വീതി സംബന്ധിച്ച് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**റോഡുകളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

15(5889) ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ കീഴിലുള്ള പ്രവൃത്തികൾക്കായി ഡി.പി.ആർ. തയ്യാറാക്കുന്നത് ത്വരിതപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇവയിൽ റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് നെ ഏൽപ്പിച്ച പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് വകുപ്പിലെ ഡിസൈൻ വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി G.O. (Ms) No. 15/2017/PWD തീയതി 23-2-2017 പ്രകാരം സർക്കാർ അനുമതി നൽകി. നിലവിലുള്ള തിരുവനന്തപുരത്തെ ഡിസൈൻ കാര്യാലയത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ട്രക്ച്ചറൽ ഡിസൈൻ യൂണിറ്റ്, ബ്രിഡ്ജ് ഡിസൈൻ യൂണിറ്റ്, ഹൈവേ ഡിസൈൻ യൂണിറ്റ്, പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ്, ജിയോ ടെക്നിക്കൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് യൂണിറ്റ്, എം.ഇ.പി (മെക്കാനിക്കൽ, ഇലക്ട്രിക്കൽ & പ്ലാനിംഗ്) ഡിസൈൻ യൂണിറ്റ് തുടങ്ങിയ 7 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം, കോഴിക്കോട് റീജിയണൽ ഡിസൈൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളിൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റുകളും തിരുവനന്തപുരത്ത് ഒരു റീജിയണൽ ഇൻവെസ്റ്റിഗേഷൻ & ക്വാളിറ്റി കൺട്രോൾ ലാബും ആരംഭിച്ചിട്ടുണ്ട്. G.O. (Ms) No. 24/2017/PWD തീയതി 10-4-2017 പ്രകാരം പുതിയ യൂണിറ്റുകളിലേക്ക് ആവശ്യമായ തസ്തികകൾ ഡിപ്ലോയ് ചെയ്തുവരുന്നു.

കെ.എസ്.ടി.പി.-യുടെ രണ്ടാം ഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ)-യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീ-ടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ പൊൻകുന്നം റോഡ്, ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആന്റ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടേയും നിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച് 66-ഉം, എൻ.എച്ച് 544- ഉം 4/6 വരിപ്പാതയാക്കുവാനുള്ള പ്രവൃത്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരം നടന്നുവരുന്നു. മറ്റ് ദേശീയപാതകളായ എൻ.എച്ച് 85, എൻ.എച്ച് 744, എൻ.എച്ച് 766, എൻ.എച്ച് 966, എൻ.എച്ച് 183, എൻ.എച്ച് 183 എ, എൻ.എച്ച് 185 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുവാനുള്ള വിശദമായ പദ്ധതി രൂപരേഖ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം അംഗീകരിച്ചതനുസരിച്ച് സംസ്ഥാന പൊതുമരാമത്ത് വകുപ്പ് വിദഗ്ദ്ധ കൺസൾട്ടൻസി മുഖാന്തിരം നടത്തിവരുന്നു. ഇതിൽ എൻ.എച്ച് 85-ലെ ബോഡിമെട്ട്-മൂന്നാർ ഭാഗത്തേയും എൻ.എച്ച് 966-ലെ നാട്ടുകൽ-താണാവ് ഭാഗത്തേയും നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത്

674 കി.മീ. ദൈർഘ്യത്തിൽ തീരദേശത്ത് കൂടിയുള്ള കോസ്റ്റൽ ഹൈവേ പദ്ധതിക്കുള്ള വിശദമായ പദ്ധതി രൂപരേഖ (ഡി.പി.ആർ.) നടപടികൾ പുരോഗമിക്കുന്നു. എല്ലാ ഡി.പി.ആർ.-കളുടേയും പുരോഗതി അവലോകനം ചെയ്യാറുണ്ട്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ കൊല്ലം, കോട്ടയം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ, പത്തനംതിട്ട, പയ്യന്നൂർ, കാസർഗോഡ്, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി എന്നീ നഗരപാത വികസനത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ രണ്ടാം ഘട്ട പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ഏൽപ്പിച്ചിരിക്കുന്നു. കാസർഗോഡ്, പയ്യന്നൂർ, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി ടൗണുകളുടെ നഗര റോഡ് വികസന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി കൺസൾട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

റിക്ക് ലിമിറ്റഡിന് കീഴിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1200 കി.മീ. റോഡുകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (SRIP). സംസ്ഥാന റോഡ് വികസന പദ്ധതിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ടു പാക്കേജുകളാണ്. 6-12-2012-ലെ G.O. (Ms) No. 91/2012/പൊ.മ.വ. ഉത്തരവ് പ്രകാരം പ്രസ്തുത പാക്കേജുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുമുണ്ടായി. റീഹാബിലിറ്റേഷൻ പാക്കേജിന് 551 കി.മീ.ന് 892.11 കോടിയുടെ ഭരണാനുമതിയും അപ്ഗ്രഡേഷൻ പാക്കേജിന് 653 കി.മീ. റോഡ് പ്രവർത്തനത്തിന് ഉചിതമായ ധനകാര്യ സ്രോതസ്സുകളിൽ നിന്നുള്ള ധനസഹായത്തോടെ റോഡു വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡിനെ ഏൽപ്പിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്ഥലമേറ്റെടുക്കുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### കരുനാഗപ്പള്ളിയിലെ റോഡുപ്രവൃത്തികൾ

16(5890) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ ഒന്നിനുശേഷം ബി.എം.&ബി.സി. നിലവാരത്തിൽ പുനർനിർമ്മിക്കുന്ന റോഡുകളുടെ വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ കാലയളവിൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുകയുടെയും ചെയ്ത പ്രവൃത്തികളുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

**കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത വികസനം**

17(T 5891) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത വികസനം അട്ടിമറിക്കുവാൻ കേന്ദ്ര സർക്കാർ ആസൂത്രിതമായ നീക്കം നടത്തുന്നതായ ആക്ഷേപം വസ്തുതാപരമാണോ; വ്യക്തമാക്കുമോ;

(ബി) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളും സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) സ്ഥലമെടുപ്പ് പൂർത്തിയാക്കിയ ഏതൊക്കെ റീച്ചുകളിലാണ് ഇതിനകം ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ദേശീയപാത വികസനം പൂർത്തിയാക്കാതിരിക്കുവാൻ എന്തെങ്കിലും ഗൂഢനീക്കം നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ ദേശീയപാത വികസനം ഒന്നാം മുൻഗണന പട്ടികയിലേക്ക് മാറ്റണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആസൂത്രിതമായ നീക്കം നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മൂന്ന് വർഷമായി കേരളം തയ്യാറായി ഇരുന്നിട്ടും വികസനം നീട്ടിക്കൊണ്ടുപോയതിന് ന്യായീകരണമില്ല. മന:പൂർവ്വമാണ് അതെന്ന് കരുതാവുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയപാത വികസനം മുഖ്യ അജണ്ടയായി കണക്കാക്കുകയും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതും 3G അവാർഡുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാത്രമല്ല എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ 3D വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലുമാണ്.

(സി) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള റീച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ദേശീയപാത 66-തലപ്പാടി മുതൽ ചെങ്ങള വരെ ആറുവരിപ്പാതയായി വികസിപ്പിക്കൽ
2. ദേശീയപാത 66 ചെങ്ങള മുതൽ നീലേശ്വരം വരെ ആറുവരിപ്പാതയായി വികസിപ്പിക്കൽ
3. നീലേശ്വരം റെയിൽവേ മേൽപ്പാലം നാലുവരിപ്പാത നിർമ്മാണം.
4. തലശ്ശേരി-മാഹി ബൈപ്പാസ് നാലുവരിപ്പാത നിർമ്മാണം.
5. കോഴിക്കോട് ബൈപ്പാസ് ആറുവരിപ്പാത നിർമ്മാണം.
6. കഴക്കൂട്ടം ഫ്ലൈഓവർ നിർമ്മാണം.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഫലത്തിൽ അങ്ങനെ സംഭവിച്ചതായി സംശയമുണ്ടാക്കിയിട്ടുണ്ട്.

(ഇ) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHA/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാത വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority-2-ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കത്തുകളിലൂടെയും 15-6-2019-ൽ കേന്ദ്ര മന്ത്രി നിധിൻ ഗഡ്കരിയുമായി നേരിട്ടു ചർച്ച ചെയ്തതിന്റേയും അടിസ്ഥാനത്തിൽ priority നിശ്ചയിച്ചുകൊണ്ടുള്ള മുൻ ഉത്തരവ് റദ്ദാക്കിയതായി 18-6-2019-ലെ കത്തിലൂടെ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. നിർത്തിവയ്ക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങൾ തുടരുന്നതിനു NHAI-ക്കു നിലവിൽ തടസ്സങ്ങളില്ല.

## ദേശീയപാത വികസനത്തിലെ പുതിയ കേന്ദ്ര നിർദ്ദേശം

18(5892) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിലെ മുൻഗണനാ പദവി മാറ്റുകയും പിന്നീട് പുനസ്ഥാപിക്കുകയും ചെയ്തെങ്കിലും നിർമ്മാണച്ചെലവിന്റെ വിഹിതം സംസ്ഥാനം വഹിക്കണമെന്ന നിർദ്ദേശത്തിൽ കേന്ദ്രം ഇപ്പോൾ എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ജി.എസ്.ടി. വരുമാനത്തിലെ സംസ്ഥാന വിഹിതം ഒഴിവാക്കണമെന്ന കേന്ദ്ര നിർദ്ദേശം സർക്കാർ അംഗീകരിക്കുമോ;

(സി) നിർമ്മാണവസ്തുക്കളായി കേരളത്തിലെ പാറയും മണലുമൊക്കെ ഉപയോഗിക്കുന്നത് സംസ്ഥാനവിഹിതമായി കേന്ദ്രം പരിഗണിക്കുമോ; എങ്കിൽ ഇതിനായി കേന്ദ്രാനുമതി ആവശ്യമാണോ എന്നറിയിക്കാമോ;

(ഡി) ചില ഘട്ടങ്ങളിൽ, സംസ്ഥാനവുമായി കൂടിയാലോചിക്കാതെ കേന്ദ്രം ഒറ്റയ്ക്കെടുക്കുന്ന തീരുമാനങ്ങൾ ദേശീയപാത നിർമ്മാണത്തിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന ആശങ്ക സർക്കാരിനുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ എന്ത് നടപടികൾ കൈക്കൊള്ളുമെന്നറിയിക്കാമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ദേശീയപാത അതോറിറ്റി 2-5-2019, 9-5-2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2-ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരത്തുക വിതരണം ചെയ്യൽ/കെട്ടിവയ്ക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടായിരുന്നു. ഈ തീരുമാനം പുനഃപരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിധിൻ ഗഡ്കരിയോടു ആവശ്യപ്പെടുകയുണ്ടായി. 15-6-2019-ന് ഡൽഹിയിൽ വച്ചു ചർച്ച നടത്തുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ വച്ച് കേരളത്തിലെ ദേശീയപാത വികസനത്തെ (NH 66) മുൻഗണനാക്രമം നിശ്ചയിച്ച് രണ്ടാം പട്ടികയിൽപ്പെടുത്തി ഇറക്കിയ ഉത്തരവ് റദ്ദാക്കിയതായി പ്രഖ്യാപിച്ചു. അതു റദ്ദാക്കിക്കൊണ്ട് NHAI ഇറക്കിയ 18-6-2019-ലെ ഓഫീസ് മെമ്മോറാണ്ടം സംസ്ഥാന സർക്കാരിന് ലഭിക്കുകയും ചെയ്തിട്ടുണ്ട്. 15-6-2019-ലെ

യോഗത്തിൽ NH 66-ന്റെ ഭൂമിയെടുപ്പിനു കേരളത്തിൽ വലിയ തുക നൽകേണ്ടി വരുന്നുണ്ടെന്നും അതിന്റെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്നും കേന്ദ്രമന്ത്രി ആവശ്യപ്പെടുകയുണ്ടായി. അല്ലാത്തപക്ഷം പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്നും ചർച്ചയിൽ പറഞ്ഞു. ഇക്കാര്യം സംസ്ഥാന സർക്കാർ ആലോചിച്ച് അറിയിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിക്കുകയും ചെയ്തു. പ്രസ്തുത വിഷയത്തിലെ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ 19-6-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാസർഗോഡ്, തിരുവനന്തപുരം ദേശീയപാത 66 വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് ചെലവാകുന്ന തുകയുടെ 25% സംസ്ഥാനം വഹിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ദേശീയപാത വികസനത്തിനായി ദേശീയപാത അതോറിറ്റി മുൻഗണനാക്രമം നിശ്ചയിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-I-ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രമന്ത്രിക്കും NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി കത്തയയ്ക്കുകയുണ്ടായി. മാത്രമല്ല വകുപ്പ് സെക്രട്ടറിയെ ഡൽഹിയിൽ അയച്ച് ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിരിക്കുന്നു. High Priority-2-ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ടായെന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നുമാണ് ഭേദഗതിയെങ്കിലും Priority list-ൽ മാറ്റമൊന്നും വരുത്തിയിട്ടില്ലായിരുന്നു. എന്നാൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്തു വകുപ്പുമന്ത്രിയും ഉന്നത ഉദ്യോഗസ്ഥരോടൊപ്പം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി ശ്രീ. നിഥിൻ ഗഡ്കരിയുമായി 15-6-2019-ൽ ഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ വച്ച് ചർച്ച നടത്തുകയും NHAI നിശ്ചയിച്ച മുൻഗണനാക്രമം അനുസരിച്ച് കേരളത്തെ രണ്ടാം പട്ടികയിൽപ്പെടുത്തിയ നടപടി പുനഃപരിശോധിക്കണമെന്നും ചർച്ചയിൽ ആവശ്യപ്പെട്ടു. ഇക്കാര്യം പുനഃപരിശോധിച്ച് തിരുത്താനവശ്യമായ നടപടി സ്വീകരിച്ചതായും അദ്ദേഹം പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ രണ്ടുതരം priority നിശ്ചയിച്ച മുൻ ഉത്തരവ് റദ്ദാക്കിക്കൊണ്ട് 18-6-2019-ൽ ഇറക്കിയ NHAI-യുടെ ഒരു ഉത്തരവ് പൊതുമരാമത്തുവകുപ്പു മന്ത്രിക്ക് ലഭിക്കുകയുണ്ടായി. ആയതിനാൽ ദേശീയപാത വികസനം മുന്നോട്ടു കൊണ്ടുപോകുന്നതിൽ NHAI-ക്കു നിലവിൽ തടസ്സങ്ങളില്ലെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന സർക്കാർ ദേശീയപാത വികസനത്തിൽ സ്വീകരിച്ച പോസിറ്റീവ് സമീപനം NHAI -യുടെ ഭാഗത്തുനിന്നും അതേ അളവിലുണ്ടായാൽ ദേശീയപാത വികസനം വേഗത്തിൽ യാഥാർത്ഥ്യമാക്കാവുന്നതാണ്.

## പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തികൾ

19(5893) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖാന്തരം നടപ്പിലാക്കുന്നതിനായി ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; കാലതാമസം ഉണ്ടാകാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) കാലതാമസം ഒഴിവാക്കി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി&സി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളും കാലതാമസമുണ്ടാകാനുള്ള കാരണവും അവയിൽ സ്വീകരിച്ച നടപടികളും ഡിവിഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## മാതൃകാ റെസ്റ്റ് ഹൗസുകൾ

20(5894) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റെസ്റ്റ് ഹൗസുകൾ നവീകരിച്ച് മാതൃകാ റെസ്റ്റ് ഹൗസുകൾ ആക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത മാതൃകാ റെസ്റ്റ് ഹൗസുകളിൽ ഒരുക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി അധിക തസ്തിക സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസുകൾ നവീകരിച്ച് മാതൃകാ റെസ്റ്റ് ഹൗസുകളാക്കി മാറ്റാൻ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ആദ്യപടിയായി സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഭരണാനുമതി നൽകിയ റെസ്റ്റ് ഹൗസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2019-20-ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമ കേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട നടപടികളും പുരോഗമിച്ചു വരുന്നുണ്ട്. റെസ്റ്റ് ഹൗസ് നവീകരണത്തിന്റെ ഭാഗമായി പല കേന്ദ്രങ്ങളിലും പുതുതായി ബ്ലോക്കുകൾ പണിയുകയും നിലവിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു വരുന്നു. റെസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകി വരുന്നുണ്ട്. ക്യാന്റീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ അവ പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. ഇതിനുപുറമെ റെസ്റ്റ് ഹൗസുകളുടെ ഓൺലൈൻ ബുക്കിംഗിനായി പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ഫെസിലിറ്റിക്കായുള്ള സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 25/2019/പി.ഡബ്ള്യു.ഡി തീയിതി 14-6-2019 പ്രകാരം നിലവിൽ വന്നു.

(സി) ഉദ്ദേശിക്കുന്നുണ്ട്. റെസ്റ്റ് ഹൗസുകളിൽ തസ്തിക സൃഷ്ടിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഭരണവിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും ശിപാർശ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

**തമിഴ്നാട്ടിലെ കുറ്റാലത്തുള്ള ഭൂമിയും കെട്ടിടസമുച്ചയങ്ങളും**

21(5895) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലത്തുള്ള തിരുവിതാംകൂർ രാജവംശത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന എത്ര ഏക്കർ ഭൂമിയും കെട്ടിട സമുച്ചയങ്ങളുമാണ് പിന്നീട് കേരള സർക്കാർ ഏറ്റെടുത്തത്; വിശദമാക്കാമോ;

(ബി) ഈ ഭൂമിയുടെയും കെട്ടിടത്തിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഇതിൽ കയ്യേറ്റമുണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഭൂമിയിൽ ഉണ്ടായ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇപ്പോൾ സർക്കാരിന്റെ പക്കൽ എത്ര ഏക്കർ ഭൂമിയും കെട്ടിടവുമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) തമിഴ്നാട്ടിലെ തിരുനെൽവേലി ജില്ലയിൽപ്പെട്ട തെങ്കാശി താലൂക്കിൽ സ്ഥിതി ചെയ്യുന്ന കുറ്റാലം കൊട്ടാരവും അത് സ്ഥിതി ചെയ്യുന്ന 56.68 ഏക്കർ സ്ഥലവും മുൻ തിരുവിതാംകൂർ രാജാവിൽ നിന്നും കേരള സർക്കാരിന് കൈമാറി ലഭിച്ചതാണ്. കൊട്ടാരവും അനുബന്ധമായി അതിഥികൾക്ക് താമസത്തിന് അനുയോജ്യമായ 10 കെട്ടിടങ്ങളും അവിടെയുണ്ട്.

(ബി) റോഡിന്റെ ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്ന ഭൂമിക്ക് ചുറ്റുമതിലും അതിനു മുകളിലായി 12 അടി ഉയരത്തിൽ കമ്പിവേലിയും സ്ഥാപിച്ച് സംരക്ഷിച്ചിട്ടുണ്ട്. സ്ഥലത്തിന് ചുറ്റും തകർന്നുപോയിട്ടുള്ള സംരക്ഷണ ഭിത്തിയുടെ ഭാഗങ്ങൾ പുനർനിർമ്മിക്കുകയും അനധികൃതമായ നടപടികളും കയ്യേറ്റങ്ങളും തടയാനായി കേരള പോലീസിന്റെ സ്ഥിര സംരക്ഷണം ഏർപ്പെടുത്തിയിട്ടുമുണ്ട്. കൊട്ടാരത്തിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും കൊട്ടാരത്തിലേയ്ക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനുമുള്ള എസ്റ്റിമേറ്റുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി വാടകയ്ക്ക് നൽകുന്നുമുണ്ട്. കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും തട്ടിയെടുക്കുവാൻ പാലസ് സൂപ്രണ്ട് ഗൂഢാലോചന നടത്തുകയും ആയതിനാൽ ടിയാനെ സർവ്വീസിൽനിന്നും പുറത്താക്കി അന്വേഷണം നടത്തുകയും തമിഴ്നാട്ടിലെ ഹൈക്കോടതി അടക്കമുള്ള വിവിധ കോടതികളിൽ കേരള സർക്കാർ കേസുകൾ നടത്തുകയും ഭരണപരവും നിയമപരവുമായി ശക്തമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ കാലത്തെ കെടുകാര്യസ്ഥതമൂലം നിരവധി കയ്യേറ്റശ്രമങ്ങൾ നടക്കുകയും എന്നാൽ എല്ലാ കയ്യേറ്റങ്ങളും നിഷ്പ്രഭമാക്കിക്കൊണ്ട് ഈ സർക്കാരിന്റെ അദമ്യമായ പരിശ്രമ ഫലമായി കുറ്റാലം കൊട്ടാരവും അനുബന്ധ വസ്തുക്കളും തിരിച്ചുപിടിക്കാൻ കഴിഞ്ഞിട്ടുമുണ്ട്. ഈ സർക്കാർ വന്നില്ലായിരുന്നുവെങ്കിൽ കൊട്ടാരവും സ്വത്തും നഷ്ടപ്പെടുന്ന സ്ഥിതിയായിരുന്നു. അവയെല്ലാം സംരക്ഷിച്ച് തിരിച്ചുപിടിച്ചത് കഠിനാധ്വാനം ചെയ്തിട്ടാണെങ്കിലും കേരളത്തിന് ചരിത്രത്തിൽ രേഖപ്പെടുത്താവുന്ന ഒരു നേട്ടമായി മാറിയിരിക്കുന്നു.

(സി) ഭൂമിയിലുണ്ടായ കയ്യേറ്റം ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കേരള സർക്കാരിന്റെ പക്കൽ 56.68 ഏക്കർ ഭൂമിയും 10 കെട്ടിടങ്ങളുമാണുള്ളത്.

**ഉദുമ മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം**

22(5896) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ ഹൈവേ പ്രോജക്ടിൽ കാസർഗോഡ് ജില്ലയിലെ എത്ര കിലോമീറ്റർ റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഉദുമ നിയോജകമണ്ഡലത്തിൽ ഏതൊക്കെ റോഡുകൾ കണക്ട് ചെയ്താണ് പ്രസ്തുത ഹൈവേ നിർമ്മിക്കുന്നത്; എവിടെയൊക്കെ പാലങ്ങൾ വേണം; വിശദാംശം അറിയിക്കാമോ;

(സി) ഹൈവേ നിർമ്മാണത്തിന് ഉദുമ മണ്ഡലത്തിൽ എവിടെയൊക്കെ സ്ഥലം ആവശ്യമുണ്ട്; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) തീരദേശ ഹൈവേ പ്രോജക്ടിൽ കാസർഗോഡ് ജില്ലയിൽ 89.5 കി.മീ. റോഡാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉദുമ നിയോജക മണ്ഡലത്തിലെ നോർത്ത് കോട്ടച്ചേരി-കാഞ്ഞങ്ങാട് നിന്നും നിലവിലെ കാഞ്ഞങ്ങാട് -കാസർഗോഡ് കെ.എസ്.ടി.പി റോഡ് വഴി കാപ്പിൽ ബീച്ച്-ഉദുമ ബീച്ച്-ചെമ്പരിക്ക ബീച്ച്-കീഴൂർ ബീച്ച്-കാസർഗോഡ് ഹാർബർ വഴിയാണ് തീരദേശ ഹൈവേയുടെ അലൈൻമെന്റ് കടന്നുപോകുന്നത്. ഇതിൽ ഉദുമ ബീച്ചിനേയും ചെമ്പരിക്ക ബീച്ചിനേയും ബന്ധപ്പെടുത്തി പാലം നിർമ്മിക്കേണ്ടതുണ്ട്.

(സി) ചെമ്പരിക്ക ബീച്ച് മുതൽ കീഴൂർ ബീച്ച്വരെ 100 മീറ്റർ നീളത്തിൽ പുതിയ റോഡ് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കേണ്ടതും ബാക്കി ഭാഗത്ത് നിലവിലുള്ള റോഡ് 14.00 മീറ്റർ വീതിയാക്കുന്നതിനും സ്ഥലം ഏറ്റെടുക്കേണ്ട തായിട്ടുമുണ്ട്.

## കൊച്ചി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവൃത്തി

23(5897) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കൊച്ചി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന റോഡുകൾ മെച്ചപ്പെടുത്തു ന്നതിന് എത്ര തുക നാളിതുവരെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകൾ ഏതെല്ലാമാണെന്നും ഓരോ റോഡിനും എത്ര തുക എപ്പോഴാണ് അനുവദിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി നൽകിയ റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്; ഇനി ടെണ്ടർ ചെയ്യാനുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 11,26,83,431 രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2016-17 & 2017-18 റോഡുകളുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. 2018-19 -ലെ ടെണ്ടർ പൂർത്തീകരിച്ച പ്രവൃത്തികൾ

1. 0/R 18-19 -Urgent Construction of drain in Fr. Mathew Kothakath Road between Ch. 0/000 to 0/900
2. 0/R 18-19-Urgent Construction of drain in Jawahar Road between Ch.1/000 to 1/750

2018-2019-ലെ ടെണ്ടർ ചെയ്യാനുള്ള പ്രവൃത്തികൾ

1. 0/R 18-19 Urgent Construction of drain in Moulana Azad Road between Ch. 1/000 to 3/000
2. Improvements to Amaravathy Road Ch.0/000 to 2/000.

**കൊല്ലം-തേനി റോഡിന്റെ പുനർ നിർമ്മാണം**

24(5898) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിന്റെ പുനർനിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ കോട്ടുകുളഞ്ഞി മുതൽ ആഞ്ഞിലി ചുവട് വരെയുള്ള റോഡിലെ അപകടകരമായ ഗർത്തങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കൊല്ലം-തേനി ദേശീയപാത 183 (പഴയ എൻ.എച്ച് 220) പേവ്ഡ് ഷോൾഡറോഡുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തീരുമാനിക്കുകയും അതനുസരിച്ച് കൊല്ലം-ആഞ്ഞിലിമൂട്, കോട്ടയം-പൊൻകുന്നം, മുണ്ടക്കയം-വണ്ടിപ്പെരിയാർ എന്നീ സ്ട്രെച്ചുകളുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിശദ രൂപരേഖ തയ്യാറാക്കി വരുന്നു. ഇവയുടെ അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അംഗീകരിച്ചാൽ മാത്രമേ തുടർ നടപടി എടുക്കുവാൻ കഴിയൂ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വാർഷിക പദ്ധതി 2018-19 ൽ ഉൾപ്പെടുത്തി ദേശീയപാത 183-ലെ (പഴയ എൻ.എച്ച്.220) മാങ്ങാങ്കുഴി (കി.മീ. 50/300) മുതൽ കൊച്ചാലുംമൂട് (കി.മീ. 51/800) വരെയും കൊല്ലക്കടവ് (കി.മി. 53/800) മുതൽ ആഞ്ഞിലിമൂട് (കി.മീ. 62/100)വരെയുള്ള സ്ട്രെച്ചുകളുടെ സ്ട്രെംഗ്തനിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. എഗ്രിമെന്റ് വച്ചാലുടൻതന്നെ ഉപരിതല നവീകരണത്തിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലവിലെ കുഴികൾ പാച്ച് വർക്ക് ചെയ്ത് അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## അമരവിള-ശൂരവക്കാണി, കീഴാറൂർ-പശുവണ്ണറ-തെള്ളുകുഴി റിംഗ് റോഡ് പ്രവൃത്തികൾ

25(5899) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അമരവിള-ശൂരവക്കാണി, കീഴാറൂർ-പശുവണ്ണറ-തെള്ളുകുഴി റിംഗ് റോഡ് എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായുള്ള ഡി. പി. ആർ. തയ്യാറാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അമരവിള-ശൂരവക്കാണി റോഡിന്റെ ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാമ്പത്തികാനുമതി നൽകുന്നതിനുള്ള പരിശോധന നടന്നു വരികയാണ്. പശുവണ്ണറ-തെള്ളുകുഴി റിംഗ് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി, പൊതുമരാമത്ത് വകുപ്പിന്റെ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റിൽ ഡി.പി.ആർ. തയ്യാറാക്കി പ്രാഥമിക പരിശോധനയ്ക്കുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാകുന്ന മുറയ്ക്കേ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## കൊല്ലം ജില്ലയിലെ സി.ആർ.എഫ്. റോഡുകൾ

26(5900) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ അനുവദിച്ച റോഡുകൾ ഏതെല്ലാമാണെന്നും അവയുടെ അടങ്കൽ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ചേലക്കര നിയോജകമണ്ഡലത്തിൽ റോഡ് പുനരുദ്ധാരണം

27(5901) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് 2011-2012 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ചേലക്കര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; ഓരോ റോഡിനും അനുവദിച്ച തുക പ്രത്യേകം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുമരാമത്ത് റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; സി.ആർ.എഫ്.-ൽ നിന്നും അനുവദിച്ചതടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തിൽ ചേലക്കര നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് 13 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡുകൾ പുനരുദ്ധാരണം ചെയ്യുന്നതിന് 36.07 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാനപാത**

28(5902) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാം ഘട്ടത്തിലുള്ള ഒൻപത് കിലോമീറ്റർ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കൾവർട്ട്, കാന എന്നിവയുടെ പ്രവൃത്തികൾ 60% പൂർത്തിയായി. ബിറ്റുമിൻ മെക്കാഡം ടാറിംഗ് പകുതിയോളം പൂർത്തിയായി.

(ബി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജൻസി തുകയായ 50 ലക്ഷം രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. 12-2-2019-ലെ 13/2019-ധന നമ്പർ സർക്കുലർ പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് plan head-ൽ മതിയായ ബഡ്ജറ്റ് പ്രൊവിഷനുണ്ടെന്ന് ഉറപ്പുവരുത്തി സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുകയ്ക്ക് ഭരണാനുമതിക്ക് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ 30-3-2019-ൽ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തൃശ്ശൂർ-വാടാനപ്പള്ളി സംസ്ഥാന പാതയിൽ രണ്ടാംഘട്ടമായ 9/000 മുതൽ 16/002 വരെ ബി.എം. & ബി.സി പ്രവർത്തനങ്ങൾക്കുവേണ്ടി ജി.ഒ. (ആർ.ടി.) നമ്പർ 1978/2018/പൊ.മ.വ. തീയതി 22-12-2018 പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മലപ്പുറം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

29(5903) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ 2018-19-ൽ പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ റോഡുകളുടെയും കെട്ടിടങ്ങളുടെയും നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ;

(ബി) മലപ്പുറം നിയോജകമണ്ഡലത്തിനായി 2018-19-ലെ ബജറ്റിൽ പ്രഖ്യാപിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണ പുരോഗതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം നിയോജകമണ്ഡലത്തിൽ 2018-19-ൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിനു കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശവും 2018-19 -ലെ ബജറ്റിൽ പ്രഖ്യാപിച്ച കെട്ടിട വിഭാഗം പ്രവൃത്തികളും അനുബന്ധമായി ചേർക്കുന്നു.* ഇവയിൽ മലപ്പുറം ഗവ.ടി.ടി.ഐ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രസ്തുത വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. മലപ്പുറം കുടുംബകോടതി കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഫൈനൽ ആർകിടെക്ചറൽ ഡ്രോയിംഗ് ലഭിക്കേണ്ടതുണ്ട്. മറ്റു പ്രവൃത്തികൾക്ക് ഭരണാനുമതി ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കോങ്ങാട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

30(5904) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-20-ലെ ബജറ്റിൽ കോങ്ങാട് മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ എണ്ണം വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ തുക സഹിതമുള്ള വിശദാംശം നൽകുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ എത്ര പ്രവൃത്തികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാലവർഷം കഴിയുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) 2019-20-ലെ ബഡ്ജറ്റിൽ കോങ്ങാട് മണ്ഡലത്തിനായി ഭരണാനുമതിയുള്ള വിഭാഗത്തിൽ നിരത്ത് വിഭാഗത്തിൽ 2 പ്രവൃത്തികളും കെട്ടിട വിഭാഗത്തിൽ ഒരു പ്രവൃത്തിയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

നിരത്ത് വിഭാഗം

1. പത്തിരിപ്പാല-കോങ്ങാട് റോഡ് കി.മീ 6/300-10/960-350 ലക്ഷം

2. പറളി ക്രോസ് വേ ബി.എം. & ബി.സി. പ്രവൃത്തി കി.മീ. 0/000-2/400 -80 ലക്ഷം

മേൽപ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. അനുമതി ലഭ്യമാക്കാനും പ്രവൃത്തി തുടങ്ങാനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

കെട്ടിട വിഭാഗം

1. കോങ്ങാട് റസ്റ്റ്ഹൗസ് കെട്ടിട നിർമ്മാണം-1 കോടി രൂപ

   മേൽപ്രവൃത്തിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടില്ല. റഫ് കോസ്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഇതുവരെ നിർണ്ണയിച്ച് തന്നിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണം**

31(5905) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) നാട്ടുകാണി ചുരം മുതൽ നിലമ്പൂർ വരെ റബ്ബറൈസ്ഡ് ടാറിംഗ് നടത്തുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് അറിയിക്കുമോ;

(സി) ഈ പാതയുടെ ഭാഗമായി വീതി കൂട്ടുന്നതിൽ നിന്നും നിലമ്പൂർ ടൗണിനെ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നാട്ടുകാണി-പരപ്പനങ്ങാടി പാത എപ്പോൾ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നാട്ടുകാണി-പരപ്പനങ്ങാടി പാത നവീകരണത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ല.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) ഇല്ല. ഡി.എൽ.പി.യ്ക്കുശേഷം കെ.എസ്.ടി.പി.യിൽ നിന്നും കൈമാറിയിട്ടില്ല. നിലമ്പൂർ ഉൾപ്പെടെയുള്ള ഭാഗം ഉൾപ്പെടുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുള്ളത്.

(ഡി) പ്രവൃത്തി പുരോഗതിയിലാണ്. പ്രവർത്തന കാലാവധി 31-5-2020 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

**മുപ്പളം അണ്ടർ പാസേജ്**

32(5906) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് മണ്ഡലത്തിലെ പറളി ഗ്രാമപഞ്ചായത്തിലുള്ള മൂപ്പള്ളം അണ്ടർ പാസ്സേജിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിയ്ക്ക് റെയിൽവേയുടെ പെർമിസീവ് സാംഗ്ഷൻ/ സാംഗ്ഷൻ ലഭിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ സഹിതം വിശദവിവരം നൽകുമോ;

(സി) ഈ പ്രദേശത്തെ ജനങ്ങൾക്ക് ഏറെ പ്രയോജനപ്രദമായിത്തീരുന്ന പ്രസ്തുത പദ്ധതി പൊതുമരാമത്ത് വകുപ്പ് മുഖേന അടിയന്തരമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കോങ്ങാട് മണ്ഡലത്തിലെ പറളി ഗ്രാമപഞ്ചായത്തിലുള്ള മുപ്പള്ളം അണ്ടർ പാസ്സേജിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലില്ല.

## വേങ്ങരയിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം

33(5907) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേങ്ങര നിയോജകമണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ആവശ്യത്തിനായി ലഭ്യമാക്കിയ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം നിലവിൽ പൂർത്തീകരിച്ചുവെന്നും പൂർത്തിയാക്കുവാൻ ശേഷിക്കുന്നവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വേങ്ങര നിയോജക മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തികളിൽ എസ്.എൽ.റ്റി.എഫ് 2018-19 പ്രകാരം 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) വേങ്ങര നിയോജകമണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പൊതുമരാമത്ത് റോഡുകളുടെ പൂർത്തീകരണത്തിന് പാച്ച് വർക്കുകൾക്കായി 9 ലക്ഷം രൂപയും പത്ത് SR വർക്കുകൾക്കായി 186.50 ലക്ഷം രൂപയും ബജറ്റ് വർക്കുകൾക്കായി 300 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളിൽ പാച്ച് വർക്കുകൾ മുഴുവൻ പൂർത്തിയായി. SR വർക്കുകളിൽ 8 പ്രവൃത്തികൾ പൂർത്തിയായി, രണ്ട് പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. ബഡ്ജറ്റ് പ്രവൃത്തി 2018-19 വേങ്ങര-കച്ചേരിപ്പടി-കക്കാടംപുറം റോഡ് ബി.എം. & ബി.സി. പ്രവൃത്തി (300 ലക്ഷം രൂപ) ടെണ്ടർ ചെയ്തിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

34(5908) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് സംബന്ധിച്ച സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാത വിഭാഗത്തിനുകീഴിൽ 2016-17 സാമ്പത്തിക വർഷം ആലത്തൂർ, ചിറ്റൂർ നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കുഴൽമന്ദം-കൊടുവായൂർ റോഡ് (10 കി.മീ.-10 കോടി രൂപ) സി ആർ എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്. പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിന് കീഴിൽ ചുള്ളിമട പാലം (FS)-9.78 കോടി രൂപയും ആലത്തൂർ പറക്കുന്നം പാലവും അപ്രോച്ച് റോഡും (in principle sanction)-15.00 കോടി രൂപയും ഉൾപ്പെടെ 24.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനു കീഴിൽ ആലത്തൂർ പ്രീ-മെട്രിക് ഹോസ്റ്റൽ അറ്റകുറ്റപണികൾ എന്ന പ്രവൃത്തിക്ക് (എസ്റ്റിമേറ്റ് തുക 10.50 ലക്ഷം രൂപ) ജി.ഒ. (ആർ.ടി.) 2099/2016/ എസ്.സി. എസ്.റ്റി.ഡി. തീയതി 16-12-2016 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 27-12-2017-ന് പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൻ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**താമരശ്ശേരി ചുരത്തിന്റെ വികസനം**

35(5909) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പ്രധാന പ്രവേശന മാർഗ്ഗമായ താമരശ്ശേരി ചുരത്തിലെ യാത്ര സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ചുരത്തിന്റെ മൂന്ന്,അഞ്ച് വളവുകൾ വീതി കൂട്ടുന്ന പണി പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) ചുരം വികസിപ്പിക്കുവാൻ ആവശ്യമായ വനഭൂമി ലഭ്യമാക്കുവാൻ കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വയനാട് ജില്ലയിലെ പ്രധാന പ്രവേശനമാർഗ്ഗമായ താമരശ്ശേരി ചുരം റോഡിലെ ഗതാഗതം സുഗമമാക്കുന്നതിനായി പ്രളയത്തിൽ തകർന്ന കി.മി. 47/500-ലെ സംരക്ഷണ ഭിത്തിയുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കൂടാതെ ചുരത്തിലെ 3.5 ഹെയർ പിൻവളവുകൾ വീതികൂട്ടുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പുതുപ്പാടി മുതൽ മുത്തങ്ങവരെ വീതികൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തിയുടെ സാധ്യതാപഠനം നടത്തുന്നതിനായി L&T എന്ന Consultancy യെ MORTH ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) 6,7, 8 വളവുകൾ വീതികൂട്ടി ചുരം റോഡ് വികസിപ്പിക്കുവാനുള്ള വനഭൂമി ലഭ്യമായിട്ടുണ്ട്.

## കാട്ടാക്കട മണ്ഡലത്തിലെ റോഡുകൾ

36(5910) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് (2011-2016) പൊതുമരാമത്ത് വകുപ്പിന് കീഴിൽ കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടന്ന പ്രവൃത്തികളുടെ (റോഡിന്റെ പേരും തുകയും ഉൾപ്പെടെ) വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലെ ആകെ റോഡുകളുടെ ദൈർഘ്യം എത്രയെന്ന് വ്യക്തമാക്കാമോ; റോഡുകളുടെ പേരും അവയുടെ ദൈർഘ്യവും പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി )മറുപടി അനുബന്ധമായി ചേർക്കുന്നു.*

## ഒറ്റപ്പാലം ബൈപ്പാസിനുള്ള ഭൂമിയുടെ വിശദാംശം

37(5911) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി അക്വിസിഷൻ നടത്തേണ്ട ഭൂമിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം ബൈപ്പാസിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ എന്നാണ് ആർ.ബി.ഡി.സി.കെ. റവന്യൂ വകുപ്പിന് നല്കിയത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഒറ്റപ്പാലം ബൈപ്പാസ് പദ്ധതിക്കായി ഒറ്റപ്പാലം താലൂക്കിലെ വിവിധ സർവ്വെ നമ്പരുകളിൽ ഉൾപ്പെട്ട 3.2500 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഒറ്റപ്പാലം ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ 3-9-2018-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാ പത്രം സമർപ്പിക്കുകയും അതിനെത്തുടർന്ന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഒറ്റപ്പാലം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ താലൂക്ക്, വില്ലേജ്, ഏകദേശ വിസ്തീർണ്ണം, സർവ്വേ നമ്പർ എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, പ്രൊഫോർമ എന്നിവ ഉൾപ്പെടെ ആർ.ബി.ഡി.സി.കെ. സർക്കാരിൽ ലഭ്യമാക്കിയ പ്രൊപ്പോസൽ തുടർ നടപടിയ്ക്കായി 12-4-2019-ൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## കഴക്കൂട്ടം -അടൂർ റോഡ്

38(5912) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ടി.പി. സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കഴക്കൂട്ടം-അടൂർ റോഡിന്റെ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം വർക്കുകൾ പൂർത്തീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് 13-2-2013-ലെ G.O.(Ms) No.16/2013/PWD ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ഇതിൽ കഴക്കൂട്ടം-അടൂർ റോഡ് ഉൾപ്പെട്ടിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ഇതേവരെ ഉപരിതലം പുതുക്കൽ-66 കി.മീ. ഓട നിർമ്മാണം-13.813 കി.മീ., കലുങ്ക് നിർമ്മാണം-17 എണ്ണം, ക്രാഷ് ബാരിയർ-8.295 കി.മീ., സോളാർ സ്ട്രീറ്റ് ലൈറ്റ്- 745 എണ്ണം, ഹാൻഡ് റെയിൽ -6.300 കി.മീ. തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 26 ജംഗ്ഷൻ നവീകരണ പ്രവൃത്തികളും 17 സ്കൂൾ സോൺ/ഗേറ്റ് വേ പ്രവൃത്തികളും റോഡ് സ്റ്റഡ്, സൈൻ ബോർഡുകൾ, റോഡ് മാർക്കിംഗ് തുടങ്ങിയ പ്രവൃത്തികളും പുരോഗതിയിലാണ്. ഈ പദ്ധതി 2019 സെപ്റ്റംബർ 30-നു പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

39(5913) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് വകുപ്പ് ശിപാർശ ചെയ്ത് മണ്ഡലത്തിൽ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എം.സി. റോഡിൽ വാമനപുരം പാലം (32/650) മുതൽ വാഴോട് (43/000) വരെയാണ് ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃക സുരക്ഷിത ഇടനാഴി പദ്ധതിയുടെ ഭാഗമായി കെ.എസ്.റ്റി.പി.-യുടെ കീഴിൽ ഓട നിർമ്മാണം, വാഴോട്, കാരേറ്റ് എന്നിവിടങ്ങളിൽ കലുങ്ക് നിർമ്മാണം, റോഡിന്റെ ഉപരിതലം പുതുക്കൽ, റോഡ് മാർക്കിംഗ്, സൈൻ ബോർഡ് സ്ഥാപിക്കൽ, തട്ടത്തുമല, കിളിമാനൂർ, വാമനപുരം, കാരേറ്റ് തുടങ്ങിയ ജംഗ്ഷനുകളുടെ നവീകരണം, സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഈ സർക്കാരിന്റെ കാലത്ത് ആറ്റിങ്ങൽ മണ്ഡലത്തിൽ നടന്നിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ ഗതാഗതകുരുക്കിന് പരിഹാരം കാണുന്നതിനായി 24.77 കോടി രൂപയുടെ പ്രവൃത്തിക്ക് സ.ഉ. (സാധാ) നമ്പർ 1662/2017/പൊ.മ.വ. തീയതി 7-11-2017 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗത്തിനു കീഴിൽ പാലം നിർമ്മാണത്തിനായി അനുവദിച്ചത് 2017-18-ലെ കിഫ്ബി പ്രവൃത്തിയായ വക്കം കായിക്കരക്കടവ് പാലം നിർമ്മാണമാണ്. ഇതിനായി 25 കോടി രൂപ അനുവദിച്ചു. വിശദമായ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സാമ്പത്തികാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പൊതുമരാമത്ത് വകുപ്പ് ശിപാർശ ചെയ്ത് ആറ്റിങ്ങൽ മണ്ഡലത്തിൽ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ താഴെപറയുന്നവയാണ് :

1. പൂവൻപാറ പാലത്തിന് സമീപം എൻ.എച്ച്. 66 (പഴയ 47)-ന്റെ ഇടത് വശത്ത് സംരക്ഷണ ഭിത്തിയുടെ നിർമ്മാണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ചാത്തൻപാറ ജംഗ്ഷനിൽ വെള്ളപ്പൊക്കം കാരണം അതിർ വരമ്പ് തകർന്ന റോഡിന്റെ ബലപ്പെടുത്തൽ നിർമ്മാണവും ബസ് ബേ നിർമ്മാണവും (ചെ. 530/000 RHS on NH 66 (Old 47)

3. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം ഉൾപ്പെടുത്തിയ വർക്ക് [ improvement of identified black spot KL-021, KL-022, KL-023 on NH 66 (Old NH 47]

4. FDR -2018-19 (NH 66) ആലംകോട് മുതൽ പൂവമ്പാറ വരെയുള്ള ഓടയുടെ പുനർ നിർമ്മാണവും ആലംകോട് ജംഗ്ഷൻ നവീകരണവും

5. FDR-2018-19 (NH 66) കി.മീ. 536/200 കൾവർട്ടിന്റെ പുനർനിർമ്മാണവും മാമം മുതൽ മൂന്നുമുക്ക് വരെയുള്ള ഓടയുടെ പുനർനിർമ്മാണവും.

6. CRF 2016-17 MDR NH 47 കല്ലമ്പലം പുതുശ്ശേരിമുക്ക് നഗരൂർ കാരേറ്റ് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

7. അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ഒ.ആർ. വർക്കിലുൾപ്പെടുത്തി വെയിലൂർ ചെയിനേജ് 527-ൽ ബസ് ബേ നിർമ്മാണം.

## മഞ്ചേരിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

40 (5914) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശവും അതിനനുവദിച്ച തുകയും പ്രത്യേകം വ്യക്തമാക്കാമോ;

(സി) നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിനായി സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ പൊതുമരാമത്ത്പ്രവൃത്തികൾ സംബന്ധിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനായി ഈ സർക്കാർ ആകെ 713 ലക്ഷം രൂപ അനുവദിച്ചു.

(ബി) ഓരോ പ്രവൃത്തിയുടെയും വിശദാംശവും അതിനനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) മഞ്ചേരി നിയോജകമണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) മഞ്ചേരി നിയോജക മണ്ഡലത്തിനായി സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കാസർഗോഡ് ബൈപ്പാസിനുപകരം മറ്റ് പ്രവൃത്തികൾ

41(5915) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ കാസർഗോഡ് ബൈപ്പാസിനുപകരം മറ്റ് പ്രവൃത്തികൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ 6-4-2019-ലെ പിഎസ്2/30/2019/പിഡബ്ല്യുഡി കത്ത് പ്രകാരം ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ഇതിൻപ്രകാരം റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി &സി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി റോഡുകൾ

42(5916) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച കിഫ്ബി റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തിരുവനന്തപുരം-കാട്ടാക്കട-മണ്ഡപത്തിൻകടവ് സംസ്ഥാന പാത വികസനം

43(5917) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-കാട്ടാക്കട-മണ്ഡപത്തിൻകടവ് സംസ്ഥാന പാത വീതി കൂട്ടി വികസിപ്പിക്കുന്നതിന് നിലവിൽ പദ്ധതികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംസ്ഥാന പാത കടന്നുപോകുന്ന പ്രധാന ജംഗ്ഷനുകളിലെ വികസനം എപ്രകാരമാണ് ആസൂത്രണം ചെയ്യുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തിരുമല-തൃക്കണ്ണാപുരം പാത വീതി കൂട്ടി വികസിപ്പിച്ച് റോഡ് പുനരുദ്ധാരണം നടത്തുന്നതിലെ കാലതാമസം സംബന്ധിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 10-12-2012-ലെ സർക്കാർ ഉത്തരവ് നമ്പർ 91/2012/ പി.ഡബ്ല്യു.ഡി. പ്രകാരം സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്ന കരമന-വെള്ളറട റോഡിന്റെ ഒരു ഭാഗമായി പ്രസ്തുത കാട്ടാക്കട മുതൽ മണ്ഡപത്തിൻകടവ് വരെയുള്ള ഭാഗം ഉൾപ്പെടുന്നുണ്ട്.

(ബി) പ്രധാന ജംഗ്ഷനുകളിൽ 18 മുതൽ 20 മീറ്റർ വരെയാണ് സ്ഥല ലഭ്യതയനുസരിച്ച് പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) തിരുമല തൃക്കണ്ണാപുരം റോഡ് വീതികൂട്ടുന്നതിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. ഏകദേശം 75% ഭൂമി ഏറ്റെടുത്ത് കഴിഞ്ഞെങ്കിലും റോഡിന്റെ പല ഭാഗങ്ങളിലായി വിട്ടുപോയ സ്ഥലങ്ങൾ ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. ഇതുകൂടി പൂർത്തിയായാൽ മാത്രമേ റോഡ് വികസനം സാധ്യമാകു. റവന്യൂ വകുപ്പ് ഏറ്റെടുത്ത് പൊതുമരാമത്തു വകുപ്പിന് കൈമാറിയ സ്ഥലത്ത് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകളും ട്രാൻസ്ഫോർമറുകളും റോഡിന്റെ സൈഡിലേയ്ക്ക് മാറ്റുന്നതിനായി 3,83,60,200 രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിരുന്നു. പ്രസ്തുത തുക അനുവദിക്കുന്നതിനായി ഭരണാനുമതി ശിപാർശ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും പ്രസ്തുത പോസ്റ്റുകൾ പൊതുമരാമത്ത് വകുപ്പിന്റെ അനുവാദമില്ലാതെ കെ.എസ്.ഇ.ബി. സ്ഥാപിച്ചതാകയാൽ കെ.എസ്.ഇ.ബി. തന്നെ ടി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയറെ അറിയിച്ചിട്ടുള്ളതാണ്.

## അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ്

44(5918) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ അങ്ങാടിപ്പുറം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമസഭാ സ്പീക്കറുടെ ഓഫീസിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(സി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ ഒരാടംപാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിയമസഭാ സ്പീക്കറുടെ ഓഫീസിൽ 5-2-2019-ന് കൂടിയ യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) റെയിൽവേ മേൽപ്പാലം വരുന്ന ഭാഗത്ത് റെയിൽവേയ്ക്ക് അടയ്ക്കാനുള്ള പി&ഇ ചാർജ് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അലൈൻമെന്റിലുള്ള സ്ഥലത്തിന് ഓരോ ഉടമസ്ഥനും നൽകേണ്ട തുക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കണക്കാക്കി റവന്യൂ വകുപ്പിൽ നിന്നും അറിയിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ആർ.ഒ.ബി.-യുടെ റെയിൽവേയുടെ മുകളിലുള്ള ഭാഗത്തിന്റെ പണികൾ റെയിൽവേ നേരിട്ട് ചെയ്യേണ്ടതാണ്. റെയിൽവേ എസ്റ്റിമേറ്റ് തയ്യാറാക്കിയ ശേഷം മാത്രമേ ഇതുസംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ സർവ്വെ പ്രാരംഭ ഘട്ടത്തിലാണ്.

**മങ്കട മണ്ഡലത്തിലെ ഒരാടംപാലം വീതികൂട്ടൽ**

45(5919) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ ഒരോടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്നതിലേയ്ക്കായി 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയ്ക്കായി സമർപ്പിച്ചതിന്മേൽ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) അനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചശേഷം ഇക്കാര്യത്തിലുണ്ടായ പുരോഗതി എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി. ആർ. തയ്യാറാക്കുന്ന ജോലി പൂർത്തികരിച്ചോ എന്നറിയിക്കാമോ;

(ഡി) ഇൻവെസ്റ്റിഗേഷൻ ചാർജ് ഇനത്തിൽ ദേശീയ പാത വിഭാഗത്തിന് നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിലെ ഒരാടം പാലം വീതികൂട്ടി പുനരുദ്ധാരണം നടത്തുന്ന പ്രവൃത്തിക്ക് 2017-18-ൽ കേന്ദ്രാനുമതി ലഭിച്ചിരുന്നില്ല.

(ബി) മങ്കട മണ്ഡലത്തിലെ ഒരാടം പാലം വീതികൂട്ടി പുനരുദ്ധാരണ പ്രവൃത്തിക്ക് 2018-19-ലെ കേന്ദ്ര വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 2018-19-ലെ കേന്ദ്ര വാർഷിക പദ്ധതിയുടെ അനുമതി ലഭ്യമായാൽ ഉടൻതന്നെ ഡി.പി.ആർ. കേന്ദ്ര ഹൈവേ മന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

(ഡി) കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതിയായതിനാൽ ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് ഇനത്തിൽ സംസ്ഥാന ദേശീയപാത വിഭാഗത്തിന് നീക്കിവച്ച തുകയിൽ നിന്നും വിനിയോഗിച്ചിട്ടില്ല.

## പെരുമ്പ പുതിയ പാലത്തിന് ഭരണാനുമതി

46(5920) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പയ്യന്നൂർ മണ്ഡലത്തിലെ നാഷണൽ ഹൈവേയെയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പ പുതിയപാലത്തിന് ഭരണാനുമതി നൽകുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ നാഷണൽ ഹൈവേയേയും പയ്യന്നൂർ നഗരത്തെയും ബന്ധിപ്പിക്കുന്ന പെരുമ്പ പുതിയ പാലത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിനു വേണ്ടി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചുള്ളിമട പാലത്തിന്റെ നിർമ്മാണ പുരോഗതി

47 (5921) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ചുള്ളിമട പാലത്തിന്റെ നിർമ്മാണ പുരോഗതി വിവരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ കിഫ്ബി 2016-17-ൽ ഉൾപ്പെടുത്തി ചുള്ളിമട പാലത്തിന് G.O. (Rt)1496/2016/PWD dated 31-10-2016 പ്രകാരം 10 കോടി രൂപയുടെ തത്വത്തിലുള്ള അംഗീകാരവും (Order No. PWD 001-36-PA-01 dated 21-5-2018 പ്രകാരം) KIIFB-യിൽ നിന്നും 9.78 കോടി രൂപയുടെ സാമ്പത്തിക അനുമതിയും ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. സാങ്കേതികാനുമതി ലഭ്യമാക്കിയതിനുശേഷം മാത്രമേ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**ചേലക്കര മണ്ഡലത്തിൽ പുതുക്കിപ്പണിയേണ്ട പാലങ്ങൾ**

48(5922) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള എത്ര പാലങ്ങൾ ചേലക്കര നിയോജകമണ്ഡലത്തിൽ ഉണ്ട്; ഇവയുടെ പേരുവിവരം വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പാലങ്ങളാണ് പുതുക്കിപ്പണിയേണ്ട അവസ്ഥയിലുള്ളത്; പേരുവിവരം വ്യക്തമാക്കാമോ;

(സി) ഇവ പുതുക്കിപ്പണിയുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ചേലക്കര നിയോജകമണ്ഡലത്തിൽ 11 പാലങ്ങളുണ്ട്.

1. പുതുപ്പാലം-വാഴക്കോട് - പ്ലാഴി റോഡ്
2. കല്ലേപ്പാടം പാലം (പഴയന്നൂർ റോഡ്)
3. പഴമ്പാലക്കോട് പാലം (പഴമ്പാലക്കോട് റോഡ്)
4. പൈങ്കുളം പാലം (ചെറുതുരുത്തി - കിള്ളിമംഗലം റോഡ്)
5. കിള്ളിമംഗലം പാലം (ചെറുതുരുത്തി - പൊന്നാനി റോഡ്
6. പള്ളം പാലം (ചെറുതുരുത്തി - പൊന്നാനി റോഡ്)
7. കദർപള്ളം പാലം (ചെറുതുരുത്തി - പൊന്നാനി റോഡ്)
8. കുമരപ്പനാൽ പാലം (മുള്ളൂർക്കരം വരവൂർ റോഡ്)
9. ന്യൂ കൊച്ചി പാലം (കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ റോഡ്)
10. ചെറുതുരുത്തി ROB (കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ്)
11. ചീരക്കുഴി പാലം (പഴയന്നൂർ ലക്കിടി റോഡ്)

(ബി) ഇതിൽ പുതുക്കി പണിയേണ്ട അവസ്ഥയിലുള്ളത് 3 പാലങ്ങളാണ്.

1. പുതുപ്പാലം

2. കല്ലേപ്പാടം പാലം

3. പഴയന്നൂർ പഴമ്പാലക്കോട് റോഡിൽ പഴമ്പാലക്കോട് പാലം

(സി) പുതുക്കി പണിയേണ്ട പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്.

**പട്ടാമ്പി പാലത്തിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

49(5923) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള പട്ടാമ്പി പാലത്തിന്റെ കൈവരികളിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വിളക്കുകൾ സ്ഥാപിക്കുന്നതിനായി നൽകിയ പ്രൊപ്പോസലിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി പാലത്തിന്റെ കൈവരികളിൽ വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗമാണ് നിർവ്വഹിക്കുന്നത്. പ്രസ്തുത പ്രവൃത്തിക്കുള്ള 15,20,000 രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പാലക്കാട് ജില്ലാ കളക്ടർക്ക് തൃശ്ശൂർ വൈദ്യുതി വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കോഴിക്കോട് ബ്രിഡ്ജസ് ഡിവിഷന് കീഴിലെ പ്രവൃത്തികൾ**

50(5924) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബ്രിഡ്ജസ് ഡിവിഷന് കീഴിൽ കാക്കേരി, ചെട്ടിക്കടവ് പാലങ്ങൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ഭരണാനുമതി ലഭ്യമാക്കിയത് എന്നാണ്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നാണ് ടെണ്ടർ ചെയ്തത്; ആരെല്ലാമാണ് കരാർ എടുത്തിട്ടുള്ളത്; കരാർ എടുത്തവർക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നാണ് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സെലക്ഷൻ നോട്ടീസ് നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) കോഴിക്കോട് പാലങ്ങൾ വിഭാഗത്തിൽ പുതിയ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിച്ചശേഷം പ്രസ്തുത ഡിവിഷന് കീഴിലുള്ള പാലം പ്രവൃത്തികളിൽ എന്തെങ്കിലും പുരോഗതിയുണ്ടായിട്ടുണ്ടോ;

(ഇ) പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രത്യേക സ്റ്റാഫിനെ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാക്കേരി പാലത്തിന് 15-8-2018-ന് കെ.കെ.ഡി/2018/4391 ഉത്തരവ് പ്രകാരം 2,40,000 രൂപയ്ക്ക് ഭരണാനുമതി നൽകി. ചെട്ടിക്കടവ് പാലത്തിന് 6-12-2018-ന് കെ.കെ.ഡി/2018/7986 ഉത്തരവ് പ്രകാരം 2,40,000 രൂപയ്ക്ക് ഭരണാനുമതി നൽകി.

(ബി) കാക്കേരി പാലം ടെണ്ടർ ചെയ്തത് 31-10-2018-ലാണ്. കരാർ ഏറ്റെടുത്തത് യു.എൽ.സി.സി.എസ്. ലിമിറ്റഡാണ്. ചെട്ടിക്കടവ് പാലം ടെണ്ടർ ചെയ്തത് 23-1-2019 തീയതിയിലാണ്. കരാർ ഏറ്റെടുത്തത് ജി.എസ്. ഇൻഫ്രാസ്ട്രക്ച്ചർ, എറണാകുളമാണ്. രണ്ട് പ്രവൃത്തികൾക്കും പൊതുമരാമത്ത് റോഡ്സ് വിഭാഗം സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(സി) കാക്കേരി പാലത്തിന് 5-3-2019-നും ചെട്ടിക്കടവ് പാലത്തിന് 8-3-2019-നും സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) കോഴിക്കോട്, വയനാട് ജില്ലകൾ കോഴിക്കോട്, പാലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലാണ് ഉൾപ്പെടുന്നത്. കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മണ്ഡലത്തിലെ തോട്ടുമുക്കം പാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ച് വരുന്നു. ബാലുശ്ശേരി മണ്ഡലത്തിലെ തൃക്കുറ്റിശ്ശേരി പാലത്തിന്റെ പ്രവൃത്തിയും ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വർഷങ്ങളായി ആരംഭിക്കാൻ കഴിയാതെയിരുന്ന ചെടിയാലക്കടവ് പാലത്തിന്റെ പ്രവൃത്തി 27-2-2019-ന് ആരംഭിക്കുകയും നല്ല രീതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെമ്പായിത്തോട് പാലം 3-3-2019-ൽ ആരംഭിച്ച് പുരോഗമിച്ചുവരുന്നു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം

ലഭിച്ച ചാലിയാർ പുഴയ്ക്ക് കുറുകെയുള്ള കൂളിമാട് പാലത്തിന്റെ പൈലിംഗ് പ്രവൃത്തി തുടങ്ങിയിട്ടുണ്ട്. കൂടാതെ, കോഴിക്കോട് ജില്ലയിലെ തന്നെ മറ്റ് പാലങ്ങളായ പുതിയ പാലം, ഉള്ളൂർക്കടവ് പാലം, തൊണ്ടിലക്കടവ് പാലം, തെയ്യാപ്പാറക്കടവ് പാലം, നടമ്മൽക്കടവ് പാലം, ഇലന്തക്കടവ് പാലം, കോവിലകംതാഴംപാലം, അകലാപ്പുഴ പാലം, പടനിലം പാലം, തോരായിക്കടവ് പാലം എന്നീ പാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തി ത്വരിതപ്പെടുത്തുകയും കാര്യങ്ങൾ നല്ല രീതിയിൽ പുരോഗമിച്ചുവരുകയും ചെയ്യുന്നു. ഇതിൽ കോവിലകം താഴം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കൽ രജിസ്ട്രേഷൻ ഘട്ടത്തിലാണ്. പുതിയ പാലം പാലത്തിന്റെ സ്ഥലം ഏറ്റെടുക്കാനുള്ള ഫണ്ട് ലഭ്യമാക്കി എൽ.എ. ഡിപ്പാർട്ടുമെന്റിന് കൈമാറിയിട്ടുണ്ട്.

വയനാട് ജില്ലയിലെ പൊള്ളൻപാറ പാലം സമീപന റോഡ്, മാമ്പിലിച്ചിക്കടവ് പാലം, താളിപ്പാറക്കടവ് പാലം എന്നീ പാലങ്ങളുടെ പ്രവൃത്തികളും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ പുതിയതായി അംഗീകാരം ലഭിക്കേണ്ട പല പ്രവൃത്തികളുടെയും ഇൻവെസ്റ്റിഗേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി രൂപകൽപ്പനാ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ മാത്രമാണ് നിയോഗിച്ചിട്ടുള്ളത്. മറ്റ് ഉദ്യോഗസ്ഥരെ ഒന്നും നിയോഗിച്ചിട്ടില്ല. ഓവർസിയർമാരേയും മറ്റ് മിനിസ്റ്റീരിയൽ സ്റ്റാഫിനേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചീഫ് എഞ്ചിനീയറുടെ പരിപത്രം (നമ്പർ സി.ഇ./ഭരണ/പ്ലാനിംഗ്/2139/ജി.എൽ./2018 തീയതി 15-10-2018) പ്രകാരം റോഡ്സ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തിയാണ് കാര്യങ്ങൾ ചെയ്യുന്നത്. നിലവിൽ പാലങ്ങൾ ഉപവിഭാഗം ഓഫീസിലാണ് ബ്രിഡ്ജസ് ഡിവിഷൻ ഓഫീസ് താൽക്കാലികമായി പ്രവർത്തിക്കുന്നത്. പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിനുള്ള സൗകര്യം പുതിയ ഓഫീസിന് ലഭ്യമല്ലാത്തതിനാലും ടെക്നിക്കൽ സ്റ്റാഫ് ഇല്ലാത്തതിനാലും ടെണ്ടർ നടപടികളെല്ലാം നിലവിൽ റോഡ്സ് വിഭാഗം തന്നെയാണ് ചെയ്തുവരുന്നത്.

## കാട്ടാക്കട മണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം

51(5925) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിലെ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടി എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാട്ടാക്കട മണ്ഡലത്തിലെ കുടുവീട്ടുകടവ് പാലം നിർമ്മാണത്തിനായി KIIFB-യിൽ നിന്ന് 1235 ലക്ഷം രൂപയുടെ സാമ്പത്തിക അനുമതി 21-8-2017-ൽ നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പിൽ നടന്നുവരുന്നു.

(ബി) പാലം നിർമ്മാണത്തിലെ സ്ഥലം ഏറ്റെടുക്കൽ നടപടി റവന്യൂ വകുപ്പിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി Social Impact study നടത്തുന്നതിനു വേണ്ടി Contigent charge ഇനത്തിൽ 9,47,520 രൂപ ബന്ധപ്പെട്ട സ്പെഷ്യൽ തഹസീൽദാർക്ക് നൽകിയിട്ടുണ്ട്.

**പാലാരിവട്ടം പാലം നിർമ്മാണത്തിലെ പാകപ്പിഴകൾ**

52(5926) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാരിവട്ടം പാലത്തിൽ ഇ. ശ്രീധരന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ പാകപ്പിഴകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പാലാരിവട്ടം പാലം നിർമ്മാണത്തിലുണ്ടായ പാകപ്പിഴകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന മറ്റ് പാലങ്ങളുടെ നിർമ്മാണത്തിൽ കൂടുതൽ ജാഗ്രത പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 17-6-2019-ന് ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ പാലാരിവട്ടം മേൽപ്പാലം പരിശോധിച്ചുവെങ്കിലും പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**പാലാരിവട്ടം ഫ്ലൈഓവർ**

53(5927) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പണി ആരംഭിച്ച പാലാരിവട്ടം ഫ്ലൈഓവർ ഉദ്ഘാടനം ചെയ്തത് എന്നാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത പാലം ഉദ്ഘാടനം ചെയ്യുന്നതിന് മുമ്പ് പി.ഡബ്ല്യു.ഡി. മാനുവൽ പ്രകാരം നിർമ്മാണ കരാർ ഒപ്പിട്ട എഗ്രിമെന്റ് അതോറിറ്റി അത് പരിശോധിച്ച് പാലം ഗതാഗത യോഗ്യമാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് എന്ന് വെളിപ്പെടുത്താമോ;

(സി) പാലത്തിന്റെ നിർമ്മാണത്തിൽ കണ്ടെത്തിയ അപാകതകളുടെ പേരിൽ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 12-10-2016

(ബി) പാലം നിർമ്മിച്ചുകഴിഞ്ഞ് കമ്മീഷൻ ചെയ്യുവാൻ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്യുമ്പോൾ ഉദ്ഘാടനം നടത്തുകയാണ് പതിവ്.

(സി) നടപടികൾ തുടങ്ങിയിട്ടില്ല. മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്.

**കുട്ടിലങ്ങാടി പാലം**

54(5928) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി പാലം പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നാഷണൽ ഹൈവേ വിഭാഗം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) 2017-18-ലെ കേന്ദ്ര വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച പട്ടിക പ്രകാരം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഡി.പി.ആർ. പ്രകാരം എത്ര രൂപയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടി പാലം പുനരുദ്ധാരണ പ്രവൃത്തി 2018-19-ലെ കേന്ദ്ര വാർഷിക പദ്ധതിയിലുൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017-18-ൽ ഈ പ്രവൃത്തിക്ക് കേന്ദ്രാനുമതി ലഭിച്ചിരുന്നില്ല.

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 2018-19-ൽ സമർപ്പിച്ച കേന്ദ്ര വാർഷിക പദ്ധതിയുടെ പട്ടികയ്ക്ക് അനുമതി ലഭ്യമായാൽ ഉടൻതന്നെ, ഡി.പി.ആർ. കേന്ദ്ര ഹൈവേ മന്ത്രാലയത്തിൽ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഇരുമ്പു പാലത്തിന്റെ പുനർ നിർമ്മാണം

55(5929) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഇരുമ്പു പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഇവിടെ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പാലം നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇരുമ്പുപാലത്തിന്റെ അപകടാവസ്ഥ ജില്ലാ ഭരണകൂടത്തിന് റിപ്പോർട്ട് ചെയ്യുകയും തുടർന്ന് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം 4-3-2019 മുതൽ പാലത്തിലൂടെ ഇരുചക്ര വാഹനമൊഴികെയുള്ള വാഹനങ്ങളുടെ ഗതാഗതം നിരോധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പുതിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഡിസൈൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തിയുടെ ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം

56(5930) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് കോതമംഗലം മുനിസിപ്പൽ പ്രദേശത്തെ നിവാസികൾ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലുള്ള 32846/പി 3/16/റവന്യൂ നമ്പർ ഫയൽ, പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പാലം നിർമ്മിക്കുന്ന കാര്യം പരിഗണിക്കണം എന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പിലേക്ക് അയച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർ നമ്പർ 1776319, ഫയൽ നമ്പർ ഡി1/350/17 പ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ;

(സി) കോഴിപ്പിള്ളി-പാലിയത്ത് കടവ് പാലം നിർമ്മിക്കണമെന്ന ആവശ്യം ന്യായവും പരിഗണനാർഹവുമാണെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ആവശ്യകത മുൻനിർത്തി പ്രസ്തുത പാലം നിർമ്മിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 19-9-2017-ലെ ഡി1/350/17/പി.ഡബ്ല്യു.ഡി. കത്തിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിലെ കോഴിപ്പിള്ളി പാലിയത്ത് കടവ് പാലം നിർമ്മിക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്.

(സി) ടി പ്രവൃത്തിക്ക് 2019-20 ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഡിസൈൻ ലഭിച്ചാൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കഞ്ഞിക്കുഴിയിൽ മേൽപ്പാലം

57(5931) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മണ്ഡലത്തിലെ കഞ്ഞിക്കുഴിയിൽ അസാധാരണമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി മേൽപ്പാലം നിർമ്മിക്കാൻ നിർദ്ദേശമുണ്ടോ; പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കായി നൽകിയ ഭരണാനുമതി ഉത്തരവിന്റെ വിവരങ്ങൾ (നമ്പർ, തീയതി) വ്യക്തമാക്കുമോ;

(ബി) മേൽപ്പാലം നിർമ്മാണത്തിന് കരാർ ക്ഷണിച്ചിരുന്നോ; കരാറിലേർപ്പെട്ട തീയതി, കരാർ തുക, കരാറിലേർപ്പെട്ട വ്യക്തി എന്നീ വിവരങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കോട്ടയം മണ്ഡലത്തിലെ കഞ്ഞിക്കുഴിയിൽ അസാധാരണമായ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി മേൽപ്പാലം നിർമ്മിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിക്കായി 4-12-2015-ൽ G.O.(Rt) No. 1804/2015/PWD പ്രകാരം സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്താതെ 3071 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ഫണ്ടിൽനിന്നും നൽകുമെന്നാണ് ഭരണാനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്നത്.

(ബി) മേൽപ്പാല നിർമ്മാണത്തിന് ദേശീയപാതാ വിഭാഗം മധ്യമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ 12/SE/NH/CC/Kochi/2015-16 നമ്പർ പ്രകാരം ടെണ്ടർ ക്ഷണിക്കുകയും ആയതിൻപ്രകാരം, 16-2-2016-ൽ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്തിട്ടുമുണ്ട്. ഇതിൽ പങ്കെടുത്തവരുടെ ഇവാല്യുവേഷൻ നടത്തി ക്വാളിഫൈ ചെയ്ത കോൺട്രാക്ടർമാരുടെ ഫിനാൻഷ്യൽ ബിഡ് 2-3-2016-ൽ തുറന്നു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 30,82,27,700 രൂപ ക്വാട്ട് ചെയ്തത് M/s EKK Infrastructure Pvt.Ltd ആയിരുന്നു. എസ്റ്റിമേറ്റ് തുകയേക്കാൾ 7.8% അധികം ക്വാട്ട് ചെയ്തതിനാൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഫണ്ടിംഗ് ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് ഈ പ്രവൃത്തിക്കായി അധിക ഫണ്ട് വകയിരുത്തി നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് നിലവിൽ അനുവദിക്കാൻ ആകില്ലെന്ന് അറിയിച്ചു. ഈ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. സ്ഥലം ഏറ്റെടുത്ത് ഭൂമി ലഭിക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് ഉള്ളതിനാൽ സ്ഥലമേറ്റെടുക്കുന്നതുൾപ്പെടെയുള്ള തുകയ്ക്കാണ് ഭരണാനുമതി നൽകേണ്ടത്. ബഡ്ജറ്റിൽ മതിയായ തുക നീക്കിവയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാവുന്നതാണ്.

(സി) ഫ്ളൈഓവർ, സർവ്വീസ് റോഡ്, കാനകൾ, റീട്ടെയിനിംഗ് വാൾ എന്നിവയുടെ നിർമ്മാണവും ഹൈവേ ലൈറ്റുകൾ, റോഡ് സേഫ്റ്റി measures എന്നിവ സ്ഥാപിക്കലും ഉൾപ്പെട്ടിട്ടുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 29,58,99,840 രൂപയായിരുന്നു.

## നന്തി ടോൾ ബൂത്തുമായി ബന്ധപ്പെട്ട വിവരങ്ങൾ

58(5932) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ദേശീയപാതയിലെ നന്തി ടോൾ ബൂത്തിൽ നിന്നും പണം പിരിക്കുവാൻ എത്ര വർഷത്തേക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം മേൽപ്പാലങ്ങളുടെ ടോളാണ് നന്തി ടോൾ ബൂത്തിൽ നിന്നും പിരിച്ചെടുക്കുന്നത്;

(സി) ഏത് തീയതി മുതൽ ഏത് തീയതി വരെയുള്ള ടോൾ പിരിക്കുവാനാണ് നിലവിൽ അനുമതി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ടോൾ പിരിക്കുവാൻ എത്ര തുകയ്ക്കാണ് കരാർ ഉറപ്പിച്ചിരിക്കുന്നതെന്നും ഓരോ വർഷമാണോ കരാർ പുതുക്കുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കരാർ ഉറപ്പിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

### ഉത്തരം

(എ) നന്തി ടോൾ ബൂത്തിൽ നിന്നും 12-4-2005 മുതൽ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കാനുള്ള അനുമതി നൽകിയിട്ടുള്ളത്.

(ബി) കൊയിലാണ്ടി മേൽപ്പാലത്തിന്റെയും നന്തി മേൽപ്പാലത്തിന്റെയും ടോൾ ഒരുമിച്ചാണ് പിരിക്കുന്നത്.

(സി) 1-7-2018 മുതൽ 1-7-2019 വരെയാണ് നിലവിൽ ടോൾ പിരിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്.

(ഡി) ഓരോ വർഷവും ടെണ്ടർ ക്ഷണിച്ചാണ് കരാർ പുതുക്കുന്നത്. 1-7-2018 മുതൽ 1-7-2019 വരെയുള്ള കരാർ തുക 2,33,10,000 രൂപയാണ്. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുകയും ലഭിക്കുന്ന ടെണ്ടറുകളിൽ ഏറ്റവും ഉയർന്ന തുക അംഗീകരിച്ചു നൽകുകയുമാണ് ചെയ്തുവരുന്നത്.

## കോഴിക്കോട് ജില്ലയിലെ ദേശീയപാത വികസനം

59(T5933) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിലെ അഴിയൂർ വില്ലേജ് മുതൽ കോഴിക്കോട് താലൂക്കിലെ രാമനാട്ടുകര വില്ലേജ് വരെ 185.950 കി.മീ. മുതൽ 260.200 കി.മീ. വരെ വടകര, കൊയിലാണ്ടി, കോഴിക്കോട് താലൂക്കുകളിൽ നിന്നുമായി 74.22 കി.മീ. നീളത്തിൽ 124.5697 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. മേൽ പ്രവൃത്തി കൊയിലാണ്ടി, വടകര എന്നീ 2 യൂണിറ്റുകളിലായി സ്പെഷ്യൽ തഹസിൽദാരുടെ കീഴിൽ നടന്നുവരുന്നു. ഏറ്റെടുക്കേണ്ട സ്ഥലങ്ങളുടെ മുഴുവൻ 3 എയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. വടകര താലൂക്കിൽ അഴിയൂർ ബൈപ്പാസിന് ആകെ കൈമാറേണ്ട 9.9947 ഹെക്ടർ ഭൂമിയിൽ 9.5876 ഹെക്ടർ ഭൂമിയും NHAI-ക്ക് കൈമാറിയിട്ടുണ്ട്. ബാക്കി ഭൂമി ഉടൻ കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നാളിതുവരെയായി NHAI-ൽ നിന്നും 73,20,97,368 രൂപ ലഭിച്ചതിൽ 51,04,12,307 രൂപ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. വടകര ഡിവിഷനിൽ ഉൾപ്പെടുന്ന അഴിയൂർ, ഒഞ്ചിയം ചേറോട്, വടകര, നടക്കുതാഴ എന്നീ വില്ലേജുകളിലെ ഭൂമിക്ക് അടിസ്ഥാന വില നിർണ്ണയവും നടത്തി. ഡീറ്റെയിൽഡ് വാല്വേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. കൊയിലാണ്ടി താലൂക്കിൽ ദേശീയപാത 66-ന്റെ വികസനത്തിനാവശ്യമായ സ്ഥലം കൊയിലാണ്ടി എൻ.എച്ച്. ഡിവിഷനും കൊയിലാണ്ടി ബൈപ്പാസുമായി തിരിച്ച് 93.7373 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. കൊയിലാണ്ടി ബൈപ്പാസിനായി നന്തി മുതൽ ചെങ്ങോട്ടുകാവുവരെ 11 കി.മീ. ദൂരത്തിൽ സ്ഥലം ഏറ്റെടുക്കുവാനുണ്ട്. ആയതിന്റെ 3 എ പ്രസിദ്ധീകരിച്ച കഴിഞ്ഞു. 3 ഡി ഭാഗികമായും പ്രസിദ്ധീകരിച്ചു.

കൊയിലാണ്ടി താലൂക്ക് കൊയിലാണ്ടി എൻ.എച്ച്. ഡിവിഷൻ ഉൾപ്പെട്ടുവരുന്ന ഇരിങ്ങൽ വില്ലേജിലെ 2.0991 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 41,37,97,859 രൂപ NHAI-യിൽ നിന്നും അനുവദിച്ച കിട്ടിയതിൽ 16,51,46,659

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി വിതരണം ചെയ്തു. അവശേഷിക്കുന്ന സ്ഥലങ്ങളുടെ വില നിർണ്ണയം പൂർത്തിയാക്കി DVS തയ്യാറാക്കിവരുന്നു. കോഴിക്കോട് ബൈപ്പാസിന്റെ അക്വിസിഷൻ ജോലികൾ പൂർത്തിയാക്കുന്നതിനായി ചേമഞ്ചേരി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിനായി 13,35,40,392 രൂപ അനുവദിച്ചതിൽ 3,92,97,713 രൂപ ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഓരോ മാസവും ദേശീയപാത സ്ഥലം ഏറ്റെടുപ്പ് പുരോഗതി അവലോകനം ചെയ്തുവരുന്നു. കോഴിക്കോട് ജില്ലയിൽ 95% സ്ഥലത്തിന്റെ 3 ഡി നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊയിലാണ്ടി ബൈപ്പാസിന്റെ ഒഴികെയുള്ള അടിസ്ഥാന ഭൂമി വില നിർണ്ണയം പൂർത്തിയായിട്ടുണ്ട്. വില നിർണ്ണയം പൂർത്തിയായ ഇരിങ്ങൽ, അഴിയൂർ (അഴിയൂർ-മാഹി ബൈപ്പാസ് ഭാഗം), ചേമഞ്ചേരി എന്നീ വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അനുവദിച്ച നൽകിയ തുകയിൽ 72 കോടിയോളം രൂപ നഷ്ടപരിഹാര ഇനത്തിൽ നൽകിയിട്ടുണ്ട്.

(ബി) അഴിയൂർ (നാഷണൽ ഹൈവേ ഭാഗം) നടക്കുതാഴ, ഇരിങ്ങൽ, മൂടാടി, തിക്കൊടി, ചെങ്ങോട്ടുകാവ് എന്നീ വില്ലേജുകളിലെ DVS തയ്യാറാക്കി ഫണ്ടിനായി നാഷണൽ ഹൈവേയോട് അപേക്ഷിച്ചിട്ടുണ്ട്. അടിസ്ഥാന വിലനിർണ്ണയം പൂർത്തിയായ ബാക്കി വില്ലേജുകളിൽ DVS തയ്യാറാക്കി വരുന്നു. DVS-ന്റെ അടിസ്ഥാനത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അനുവദിച്ചുതരുന്ന നഷ്ടപരിഹാര തുക കക്ഷികൾക്ക് വിതരണം ചെയ്ത് സ്ഥലം ഏറ്റെടുത്ത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറേണ്ടതുണ്ട്.

**കച്ചേരിക്കടവ് പാലവും രാജാ റോഡ് വികസനവും**

60(5934) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ, നാഷണൽ ഹൈവേയിൽ കച്ചേരിക്കടവ് പാലവും രാജാ റോഡ് വികസനവും സംബന്ധിച്ച പ്രവൃത്തി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.ആർ.ഐ.ക്യു. ബോർഡ്, പാലം നിർമ്മാണത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുള്ളതിനാൽ ഈ പ്രവൃത്തിയുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കച്ചേരിക്കടവ് പാലത്തിന്റെ സാമ്പത്തികാനുമതി ലഭിച്ചാൽ ഉടൻതന്നെ ടെണ്ടർ ചെയ്ത് പണി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയും.

(ബി) കച്ചേരിക്കടവ് പാലത്തിന്റെ ഡി.പി.ആർ. പൂർത്തിയായിട്ടുണ്ട്. സാമ്പത്തികാനുമതിക്കുവേണ്ടി ഉടൻ കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നാഷണൽ ഹൈവേ 66-ൽ അരൂർ-ഓച്ചിറ നാലുവരിപ്പാത

61(5935) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 66 (പഴയ NH47)-ൽ നാലുവരിപ്പാതയ്ക്കായി മുപ്പതരമീറ്റർ വീതിയിൽ അരൂർ മുതൽ ഓച്ചിറ വരെ സ്ഥലം ഏറ്റെടുത്തിട്ട് നാല് പതിറ്റാണ്ട് പിന്നിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അരൂർ മുതൽ ചേർത്തല വരെയുള്ള നാലുവരിപ്പാത പ്രാരംഭഘട്ടത്തിൽത്തന്നെ പൂർത്തീകരിച്ചതും തുടർന്ന് കേന്ദ്ര സർക്കാരിന്റെ നയ വ്യതിയാനംമൂലം നിർമ്മാണ പ്രവർത്തനം നടക്കാതെ പോകുകയും ചെയ്തതിനെ തുടർന്ന് റോഡിന്റെ ഇരുവശവുമുള്ള സ്ഥലങ്ങളിൽ കയ്യേറ്റം നടന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ;

(സി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കഴിഞ്ഞ കൊല്ലം കി.മീ. 387/300 മുതൽ കി.മീ. 400/400 വരെയുള്ള റീച്ചിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതാണ്. നിലവിൽ കി.മീ. 400/400 മുതൽ കി.മീ. 462/000 വരെയുള്ള റീച്ചുകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുവരുന്നു.

## പൊഴിയൂർ യു.പി. സ്കൂൾ കെട്ടിട നിർമ്മാണം

62(5936) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി. സ്കൂളിൽ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ കരാറുകാരനുമായി എഗ്രിമെന്റ് നടപടി പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പൊഴിയൂർ യു.പി. സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി ലഭിച്ചിട്ടും ടെണ്ടർ നടപടി വൈകിയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പൊഴിയൂർ യു. പി. സ്കൂളിൽ നിർമ്മിക്കുന്ന സ്കൂൾ കെട്ടിടത്തിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുള്ളതാണ്. കരാറുകാരനുമായിട്ടുള്ള എഗ്രിമെന്റ് നടപടി പൂർത്തിയാക്കിയിട്ടുള്ളതാണ്.

(ബി&സി) ടെണ്ടർ നടപടികൾ ഇലക്ഷൻ കമ്മീഷന്റെ പൊതു പെരുമാറ്റച്ചട്ടം നിലവിൽ ഉണ്ടായതിനാൽ വൈകുകയുണ്ടായി. ഇതൊഴിച്ചാൽ സാങ്കേതികാനുമതി നൽകുമ്പോൾ സ്വാഭാവികമായി എടുത്ത സമയമല്ലാതെ യാതൊരു കാലതാമസവും ഉണ്ടായിട്ടില്ല.

## മുണ്ടക്കയം ടൗണിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം

63(5937) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ 2015-16-ൽ ഉൾപ്പെടുത്തിയ മുണ്ടക്കയം ടൗണിൽ വെയിറ്റിംഗ് ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്ത് ടോമി ജോസഫ്, പന്തലാനിക്കൽ എന്ന കരാറുകാരൻ 28-6-2016-ൽ 68-ഇഇ/2016-17 എന്ന കരാർ ഉടമ്പടി പ്രകാരം നിർമ്മാണം ഏറ്റെടുത്തിരുന്നു എങ്കിലും തടസ്സരഹിതമായി സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

(ബി) മുണ്ടക്കയം പഞ്ചായത്ത് നിർദ്ദേശിച്ചിരുന്ന സ്ഥലത്ത് ഓട്ടോ തൊഴിലാളികളുടെയും കച്ചവടക്കാരുടെയും ശക്തമായ എതിർപ്പ് കാരണം ടി പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ കരാറുകാരന് സാധിച്ചില്ല.

## ശബരിമലയിലെ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടം

64(5938) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ ശബരിമലയിൽ ഉള്ള കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് എന്തെങ്കിലും തർക്കങ്ങളോ കോടതി വ്യവഹാരങ്ങളോ ഉണ്ടായിട്ടുണ്ടോ; നിലവിൽ ഇതിന്റെ അവസ്ഥ എന്താണ്; വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) ഹൈക്കോടതിയിൽ മുൻ പൊതുമരാമത്ത് ഉദ്യോഗസ്ഥർ നൽകിയ ഹർജിയിൽ പൊതുമരാമത്ത് വകുപ്പിനുവേണ്ടി ഹാജരായത് ഏത് വക്കീലാണ്;

(സി) ഏത് സാഹചര്യത്തിലാണ് പി.ഡബ്ല്യു.ഡി.-യുടെ ഒഴിപ്പിക്കൽ നടപടിക്ക് ഹൈക്കോടതി സ്റ്റേ ഓർഡർ നൽകിയത്; സ്റ്റേ വെക്കേറ്റ് ചെയ്യാൻ സ്വീകരിച്ച നടപടി എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കേസ് കോടതി പിന്നീട് എത്ര പ്രാവശ്യം പരിഗണിച്ചു; എന്ത് വിധിയാണ് നൽകിയത്; അന്തിമ വിധി ആയിട്ടില്ലെങ്കിൽ എന്ത് തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സർക്കാർ ഭാഗം വ്യക്തമായി കോടതിയിൽ അവതരിപ്പിക്കാൻ വക്കീലിന് കഴിഞ്ഞില്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശബരിമലയിൽ അനധികൃതമായി പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം കയ്യേറി നിർമ്മാണം നടത്തിയ എഞ്ചിനീയേഴ്സ് പിൽഗ്രിം സെന്റർ, കയ്യേറ്റം ഒഴിപ്പിക്കുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(C) 35830/2016 നമ്പരായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനായി 18-9-2015-ന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്ക് നോട്ടീസ് നൽകിയിരുന്നു. ശബരിമല സന്നിധാനത്തുള്ള പി.ഡബ്ല്യു.ഡി. ക്യാമ്പ് ഷെഡ്ഡിന്റെ ഭൂരിഭാഗം സ്ഥലവും എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ എന്ന പേരിൽ ഒരുകൂട്ടം ആളുകൾ നിരവധി വർഷങ്ങളായി അനധികൃതമായി കൈവശം വച്ച് വരികയാണ്. 1968-69 കാലഘട്ടത്തിൽ, ശബരിമലയിൽ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ നിർമ്മിച്ചെന്നും, ടി സ്ഥലം ദേവസ്വം ബോർഡ്, കേരള സർക്കാർ ഉത്തരവുകൾ പ്രകാരം അനുവദിച്ചതാണെന്നുമുള്ള അവകാശവാദത്തിലാണ്

സ്ഥലം അനധികൃതമായി എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റി കൈവശപ്പെടുത്തിയത്. പ്രസ്തുത സ്ഥലം പെരിയാർ ടൈഗർ റിസർവ്വിന്റെ പരിധിയിലായതിനാൽ സ്ഥലം അതിർത്തി നിർണ്ണയിച്ച് നൽകാൻ റിസർവ്വ് അധികൃതരോട് ആവശ്യപ്പെടുകയും ഫോറസ്റ്റിൽ നിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ള 50 ഏക്കർ സ്ഥലത്തിനുള്ളിലായതുകൊണ്ട് ഡീമാർക്കേറ്റ് ചെയ്യാൻ കഴിയില്ലെന്ന് അറിയിക്കുകയുണ്ടായി. 26-11-2015-ൽ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് ദേവസ്വം ബോർഡ് സെക്രട്ടറിക്ക് കത്ത് നൽകുകയും രേഖകൾ ലഭിക്കാത്തതിനെ തുടർന്ന് ദേവസ്വം ബോർഡിന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ നേരിട്ട് അന്വേഷിക്കുകയും ചെയ്തുവെങ്കിലും ആവശ്യമായ രേഖകൾ ലഭിച്ചിട്ടില്ല. പത്തനംതിട്ട ജില്ലാ വികസന സമിതിയുടെ തീരുമാനപ്രകാരം 18-6-2016-ൽ റവന്യൂ പൊതുമരാമത്ത് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച വേളയിൽ ദേവസ്വം ബോർഡിൽ നിന്നും ആരും പങ്കെടുത്തില്ല.

8-9-2016-ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും കയ്യേറ്റം ഒഴിയുന്നതിന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്ക് വീണ്ടും നോട്ടീസ് നൽകുകയും ചെയ്തു. എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടറിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ഒറിജിനൽ രേഖകൾ ഹാജരാക്കാത്തതുമൂലം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 29-10-2016-ലെ ഉത്തരവ് പ്രകാരം 31-10-2016-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ കയ്യേറ്റഭാഗം പൂട്ടിട്ട് സീൽ ചെയ്തിരുന്നു. എന്നാൽ 13-11-2016-ൽ എതിർ കക്ഷികൾ പ്രസ്തുത പൂട്ട് പൊളിക്കുകയും തുടർന്ന് പമ്പ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകുകയും ക്രൈം നമ്പർ 334/16 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്ന് എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ കമ്മിറ്റിക്കുവേണ്ടി അതിന്റെ സെക്രട്ടറിയായ ശ്രീ. അരവിന്ദാക്ഷൻ എം. കെ.-യും കൂട്ടാളികളും WP(C) 35830/2016 പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കെട്ടിടം ഒഴിപ്പിച്ചതിനെതിരെ പെറ്റീഷൻ ഫയൽ ചെയ്തു. 30-11-2016-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പരാതിക്കാരനും കയ്യേറ്റക്കാരിൽ ഒരാളുമായ ശ്രീ. എ. കെ. അരവിന്ദാക്ഷൻ എന്ന റിട്ടയേർഡ് പി.ഡബ്ല്യൂ.ഡി. എഞ്ചിനീയറെ എഞ്ചിനീയേഴ്സ് പിൽഗ്രിം ഷെൽട്ടർ പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിട ഭാഗത്തിന്റെ റിസീവറായി നിയമിക്കുകയുണ്ടായി. ടിയാൻ വരവുചെലവ് കണക്കുകൾ 31-12-2016-ന് മുമ്പായി ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കണമെന്നും ഉത്തരവായി.

(ബി) കേസിൽ വകുപ്പിനുവേണ്ടി ഹാജരാകുന്നത് കെ. വി. മനോജ്കുമാർ എന്ന സീനിയർ ഗവൺമെന്റ് പ്ലീഡറാണ്. മുൻ പ്ലീഡറായിരുന്ന വക്കീൽ വിശ്വസ്തതയോടെ ജോലി ചെയ്തതായി കണ്ടിരുന്നില്ല. അദ്ദേഹത്തിന്റെ കാലത്താണ് അനർഹനായ അരവിന്ദാക്ഷൻ എന്നയാൾ കോടതി വിധിയിലൂടെ റിസീവർ ആയി

സ്ഥാനമേറ്റത്. ദേവസ്വം വകുപ്പിന്റെ സമീപനം സർക്കാരിനെ സഹായിക്കുന്നതല്ല. സർക്കാരിന്റെ സ്ഥലവും കെട്ടിടവും ഒരുകൂട്ടം അനർഹർ കയ്യേറി സർക്കാർ വക കെട്ടിടം വാടകയ്ക്ക് നൽകി പണമുണ്ടാക്കി യഥേഷ്ടം ഉപയോഗിക്കുന്ന ദുസ്ഥിതിയിൽ ദേവസ്വം ഉദ്യോഗസ്ഥർക്കും യാതൊരു മനോവിഷമവും കാണുന്നില്ല. എന്നാൽ സർക്കാർ പ്ലീഡർ തെറ്റായി പെരുമാറി നഷ്ടം ഉണ്ടാക്കിയെങ്കിലും നല്ല പ്ലീഡറെ വച്ച് PWD ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നടത്തിവരികയാണ്. വൈക്കം, മൂന്നാർ, കുറ്റാലം റസ്റ്റ് ഹൗസുകൾ ഈ സർക്കാർ വന്നശേഷം സ്വകാര്യ വ്യക്തികളിൽ നിന്നും വീണ്ടെടുത്തു.

(സി) സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനായി കേസിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ വിശദമായ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തു. പ്രസ്തുത കേസിന്റെ വാദം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നടന്നതിൽ, മണ്ഡല-മകരവിളക്ക് സീസൺ തുടങ്ങിക്കഴിഞ്ഞതിനാലും പരാതിക്കാർക്ക്, അനന്തര ഉത്തരവുകൾക്ക് വിധേയമായി ഉടമസ്ഥാവകാശം താൽക്കാലികമായി തിരികെ നൽകുന്നതിനാണ് ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലിക ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. കേസ് ഹൈക്കോടതിയിൽ പെൻഡിംഗിലാണ്. സ്റ്റേ വെക്കേറ്റ് ചെയ്തിട്ടില്ല.

(ഡി) കേസ് അവസാനമായി ബഹുമാനപ്പെട്ട ഹൈക്കോടതി പരിഗണിച്ചത് 14-8-2017-നാണ്. അന്തിമ വിധിയായിട്ടില്ല.

(ഇ) ദേവസ്വം ബോർഡിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ വിശദമായ കൗണ്ടർ ഫയൽ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ സ്വന്തം നിലയ്ക്ക് കൗണ്ടർ ഫയൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മുമ്പ് ദേവസ്വം ബോർഡിനും സർക്കാരിനുംവേണ്ടി ഒരു വക്കീലാണ് ഹാജരായിരുന്നത്.

## ചെങ്ങന്നൂർ ആയൂർവ്വേദ ആശുപത്രി കെട്ടിട നിർമ്മാണം

65(5939) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ആയൂർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ താമസിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ആയുർവ്വേദ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണോദ്ഘാടനം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാൻ താമസിക്കുന്നതിന്റെ കാരണം ചുവടെ പറയും പ്രകാരമാണ്: സൈറ്റ് ക്ലിയറൻസ് നടത്തിയപ്പോൾ പ്രസ്തുത സ്ഥലത്ത് പാറ ഉള്ളതായി ബോദ്ധ്യപ്പെട്ടു. പാറ നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചു. നിർദ്ദിഷ്ട സൈറ്റിന് മുകളിലൂടെ 110 കെ.വി. ഇലക്ട്രിക് ലൈൻ കടന്നു പോകുന്നതിനാൽ ഇലക്ട്രിക് ഇൻസ്പെക്ടറേറ്റ് ആലപ്പുഴയുടെ B1-739/18/EIA ഉത്തരവ് പ്രകാരം 17.60 മീറ്റർ ദൂരപരിധി തറനിരപ്പും ലൈനുമായി പാലിക്കേണ്ടതിനാലും ചെങ്കുത്തായ പ്രദേശമായതിനാലും മണ്ണ് നീക്കം ചെയ്യുന്ന പ്രവൃത്തി അധിക അളവിൽ ചെയ്യേണ്ടി വന്നു. പാറ പൊട്ടിച്ച് ക്ലിയർ ചെയ്ത സ്ഥലത്ത് നിലവിലുള്ള പ്ലാൻ പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ ചീഫ് ആർക്കിടെക്ട്, തിരുവനന്തപുരത്തിന്റെ 141/16 (ഡി) പ്ലാൻ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് അനുസരിച്ച് ഗ്രൂപ്പ് സി മെഡിക്കൽ/ഹോസ്പിറ്റൽ ഒക്കുപെൻസി കാറ്റഗറിക്ക് അനുസൃതമായി പുതുക്കി ലഭിക്കേണ്ടതുണ്ട്.

(ബി) തുടർ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകരയിലെ പൊതുമരാമത്ത് കെട്ടിട വിഭാഗ പ്രവൃത്തികൾ

66(5940) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി പി.ഡബ്ള്യൂ.ഡി.(ബിൽഡിംഗ്സ്) വിഭാഗം എത്ര എസ്റ്റിമേറ്റുകൾ ആണ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റുകളുടെ പേരുവിവരവും അടങ്കൽ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പി.ഡബ്ള്യൂ.ഡി.(ബിൽഡിംഗ്സ്)വിഭാഗം നൽകിയ പ്രസ്തുത എസ്റ്റിമേറ്റുകളിൽ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി ലഭിക്കുന്നതിനായി പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ നിന്ന് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമായശേഷം ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓഫീസ് അറ്റൻഡന്റുമാർക്ക് വകുപ്പുതല സ്ഥാനക്കയറ്റം

67(5941) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഓഫീസ് അറ്റൻഡന്റായി ജോലി ചെയ്യുന്ന ജീവനക്കാർക്ക് ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികയിലേക്ക് പത്ത് ശതമാനം വകുപ്പുതല സ്ഥാനക്കയറ്റം നൽകുന്ന നടപടി നിലവിലുണ്ടോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന പ്രസ്തുത തീരുമാനം റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ലാത്തതിനാൽ ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രസ്തുത തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് സാദ്ധ്യതയില്ല.

(ബി) ബാധകമല്ല.

## പാലക്കാട് മെഡിക്കൽ കോളേജിൽ ഇലക്ട്രിക്കൽ സെക്ഷൻ

68(5942) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ ആകെ 325 സാങ്കേതിക വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയാണ് സമർപ്പിച്ചിരുന്നതെങ്കിലും 66 സാങ്കേതിക വിഭാഗം തസ്തികകൾ സൃഷ്ടിക്കുന്നതിനാണ് ധനകാര്യ വകുപ്പിൽ നിന്നും അനുമതി ലഭ്യമായിട്ടുള്ളത്. ഇതിൽ 7 അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളും ഉൾപ്പെടും. വൈദ്യുത വിഭാഗത്തിന് സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുമ്പോൾ പാലക്കാട് മെഡിക്കൽ കോളേജിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ടോൾ പിരിവ്

69(5943) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഏർപ്പെടുത്തിയ ടോൾ പിരിവ് നിലനിൽക്കുന്ന റോഡുകൾ, പാലങ്ങൾ എന്നിവയുടെ പ്രവൃത്തി പൂർത്തിയാക്കിയ ഇനത്തിൽ ചെലവായ തുക, നാളിതുവരെയായി കരാറുകാർ ടോൾ ഇനത്തിൽ നേടിയ തുക എന്നീ ക്രമത്തിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ടോൾ പിരിവിലൂടെ നിർമ്മാണച്ചെലവും ലാഭവും നേടിയ റോഡ്, പാലം ഇവ ഏതെല്ലാമെന്ന് പരിശോധിച്ച് ജനങ്ങൾക്ക് പ്രയാസമാകുന്ന ടോൾ പിരിവ് പ്രസ്തുത സ്ഥലങ്ങളിൽ ഒഴിവാക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്ത്/പാലങ്ങൾ/ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ ടോൾ പിരിക്കുന്ന റോഡുകളൊന്നും നിലവിലില്ല. നാഷണൽ അതോറിറ്റി ഓഫ് ഇന്ത്യ, ആർ.ബി.ഡി.സി.കെ. എന്നിവ മുഖേന ടോൾ പിരിവ് നിലനിൽക്കുന്ന റോഡുകൾ, പാലങ്ങൾ എന്നിവയുടെ പ്രവൃത്തി പൂർത്തിയാക്കിയ ഇനത്തിൽ ചെലവായ തുക, പിരിച്ചെടുത്ത തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ടോൾ പിരിവിലൂടെ നിർമ്മാണ ചെലവും ലാഭവും നേടിയ റോഡുകൾ, പാലങ്ങൾ എന്നിവ നിലവിലില്ല.

## നെന്മാറ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

70(5944) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ 2018-19, 2019-20 കാലയളവിൽ ഏതെല്ലാം പുതിയ പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടുള്ള എത്ര പദ്ധതികളിലാണ് ടെണ്ടർ നടപടി പൂർത്തീകരിച്ചതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ-സി) നെന്മാറ നിയോജകമണ്ഡലത്തിൽ പാലങ്ങൾ വിഭാഗത്തിന് കീഴിൽ 2018-19 കാലയളവിൽ കുണ്ടറ പാലം നിർമ്മാണത്തിന് 1.5 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 2019-2020 കാലയളവിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളില്ല. പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കും. കെട്ടിടം, നിരത്തു വിഭാഗങ്ങളുടെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

**അഴിമതിക്കെതിരെ സ്വീകരിച്ച നടപടികൾ**

71(5945) ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെടുകാര്യസ്ഥതയും അഴിമതിയും വ്യാപകമായിരുന്ന അവസ്ഥയിൽ നിന്നും അഴിമതിരഹിതവും സുതാര്യവുമായ ഭരണസംവിധാനത്തിലേയ്ക്ക് വകുപ്പിനെ എത്തിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ ;

(ബി) അഴിമതി നടത്തുന്നതിന് അവസരമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ, പൊതുമരാമത്ത് വകുപ്പിൽ വിവിധ വിഭാഗങ്ങളിലെ ജീവനക്കാരെ വർഷത്തിൽ പലതവണ സ്ഥലം മാറ്റിയിരുന്ന തെറ്റായ രീതി തിരുത്തുന്നതിനായി കൊണ്ടുവന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നടപ്പാക്കിയ പരിഷ്കാരങ്ങളുടെ ഫലമായുണ്ടായ ഗുണപരമായ മാറ്റം എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലേറ്റ ശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി അധികമായി വിജിലൻസ് വിഭാഗത്തിൽ 3 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ വിന്യസിക്കുകയും ജില്ലാതല ക്വാളിറ്റി കൺട്രോൾ വിഭാഗം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് ജില്ലാ വിജിലൻസ് ഓഫീസറുടെ അധിക ചുമതല നൽകുകയുമുണ്ടായി. കൂടാതെ സർക്കാർ നടപ്പിലാക്കിയ സോഷ്യൽ ഓഡിറ്റിംഗും ത്രിതല ഗുണനിലവാര പരിശോധനയും പ്രവൃത്തികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ കുറ്റക്കാരായി കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ, സ്ഥലംമാറ്റം, വാർഷിക വേതന വർദ്ധനവ് തുടങ്ങിയ ആനുകൂല്യങ്ങൾ തടയൽ, നഷ്ടപരിഹാരം ഈടാക്കൽ എന്നിവയുൾപ്പെടെ കർശന ശിക്ഷാനടപടികളും അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ചു വരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിൽ പൊതുസ്ഥലംമാറ്റം നടത്തുന്നത് 21-6-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 42/2016/പൊ.മ.വ. 22-7-2016-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 55/2016/പൊ.മ.വ., 25-2-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 3/2017/ഉ.ഭ.പ.വ. എന്നീ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ പാലിച്ചാണ്.

(സി) വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തിയതുമൂലം പരാതികളിൽ ദ്രുതഗതിയിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുകയും അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതു വഴി ഗുണനിലവാരം ഉറപ്പാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

**ആധാരമെഴുത്തുകാർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി**

72(5946) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നൂറ്റിയൻപതിൽപരം വർഷത്തിലധികം പഴക്കമുള്ള തൊഴിലാളി വിഭാഗമായ ആധാരം എഴുത്തുകാർ സാങ്കേതിക വിദ്യയുടെ കടന്നു കയറ്റവും നോട്ടുനിരോധനം ഉൾപ്പെടെയുള്ള പുത്തൻ സാമ്പത്തിക നയങ്ങളും കാരണം ഒട്ടേറെ വിഷമതകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരമ്പരാഗത ആധാരം എഴുത്ത് തൊഴിലാളികളുടെ തൊഴിൽ ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ചികിത്സാസഹായം ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അറുപത്തിയഞ്ച് വയസ്സ് കഴിഞ്ഞ അംഗത്തിന് ക്ഷേമനിധി മുഖേന കൂടുതൽ ചികിത്സാസഹായം ഉറപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നും അംഗത്വം മുടങ്ങിയവർക്ക് അത് പുന:സ്ഥാപിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുമോ എന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള മാറ്റങ്ങൾ ആധാരമെഴുത്ത് ലൈസൻസികളുടെ തൊഴിലിനെ യാതൊരു വിധത്തിലും ബാധിച്ചിട്ടില്ലെന്ന് കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയശേഷം രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണവും സ്വയം തയ്യാറാക്കിയ ആധാരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

| വർഷം | ആകെ ആധാരങ്ങൾ | സ്വയം തയ്യാറാക്കിയവ |
|---|---|---|
| 2016 | 885983 | 81 |
| 2017 | 865607 | 560 |
| 2018 | 896273 | 833 |

(ബി) പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിനായി ആധുനികവത്ക്കരണം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല. മാത്രമല്ല, ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആധാരം തയ്യാറാക്കൽ പരീക്ഷ നടത്തിയിട്ടുള്ളതും 1661 പേർക്ക് പുതുതായി ആധാരം തയ്യാറാക്കൽ ലൈസൻസ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ 1960-ലെ ചട്ടം 15 പ്രകാരം തയ്യാറാക്കൽ ലൈസൻസികൾക്ക് കൈപ്പട ലൈസൻസും വകുപ്പിൽനിന്നും നൽകിവരുന്നു.

(സി)കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ചികിത്സാ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ച് നൽകിവരുന്നുണ്ട്. ചികിൽസാ ധനസഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് 1-7-2017 പ്രാബല്യത്തിൽ പരിഷ്കരിച്ച നിരക്കുകളാണ് നിലവിലുള്ളത്.

(ഡി) അറുപത്തിയഞ്ച് വയസ്സ് കഴിഞ്ഞ അംഗത്തിന് ക്ഷേമനിധി മുഖേന കൂടുതൽ ചികിൽസാ ധനസഹായം അനുവദിക്കുന്നത് ക്ഷേമനിധി ബോർഡിന്റെ പരിഗണനയിലാണ്. മുടങ്ങിപ്പോയ ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ക്ഷേമനിധി ആക്ടിൽ ഭേദഗതി ആവശ്യമാണ്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ഭൂമിയുടെ ന്യായവില ഉത്തരവ് വൈകിയതുമൂലമുണ്ടായ നഷ്ടം**

73(5947) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധിപ്പിച്ച ഉത്തരവ് ലഭ്യമാകാൻ വൈകിയതുമൂലം പ്രസ്തുത ഇനത്തിൽ സർക്കാരിലേക്ക് ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ പരിഹാര നടപടികൾ വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് ലഭിച്ചിട്ടും രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിൽ പ്രസ്തുത ഉത്തരവ് സംബന്ധിച്ച അറിയിപ്പ് നൽകാൻ വൈകിയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവില 10 ശതമാനം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചയുടൻ തന്നെ രജിസ്ട്രേഷൻ വകുപ്പിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ നഷ്ടമുണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട് വന്നിട്ടില്ല.

(ബി) ഇക്കാര്യത്തിൽ കാലതാമസമുണ്ടായിട്ടില്ല.

**ഭവനനിർമ്മാണ സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്**

74(5948) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് നൽകിയിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ബി) സഹകരണനിയമത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവ് ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും രജിസ്ട്രേഷൻ വകുപ്പ് അനുകൂല തീരുമാനം എടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഒരേ പ്രവർത്തനം നടത്തുന്ന ഹൗസിംഗ് സംഘങ്ങൾക്ക് രണ്ട് തരത്തിലുള്ള നിയമവും നീതിയും നടപ്പിലാക്കുന്ന നടപടി പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) സഹകരണ സംഘങ്ങൾക്ക് വസ്തു വാങ്ങുന്നതിനായി അനുവദിച്ചിരുന്ന 18-10-1960-ലെ ജി.ഒ.(എംഎസ്.)795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരമുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 17973/10-ാം നമ്പർ കേസിൽ 19-11-2011-ൽ പുറപ്പെടുവിച്ചിട്ടുള്ള വിധി ന്യായത്തിൽ സ്ഥാവര വസ്തു വാങ്ങുന്നത് സഹകരണ സംഘത്തിന്റെ കാര്യ നിർവ്വഹണത്തിന്റെ ഭാഗമായി കണക്കാക്കാനാവില്ലെന്ന് പ്രസ്താവിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും W.A. 1216/07 ഉടങ്ങിയ ബാച്ച് കേസുകളിൽ 18-12-2014-ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഫുൾ ബഞ്ച് വിധി ന്യായത്തിനെതിരെ Kerala Land Reforms and Development Society Ltd. (LADDER) എന്ന സൊസൈറ്റി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLP(C) No. 13146/2015 നമ്പരായി Special Leave Petition ഫയൽ ചെയ്തിട്ടുള്ളതിനാൽ ടി വിഷയം നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. മേൽ സാഹചര്യത്തിൽ നിലവിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുന്നില്ല.

(സി) രണ്ട് തരത്തിലുള്ള നിയമവും നീതിയും നടപ്പിലാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം**

75(5949) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ & ബി) കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിലെ 52 ഓഫീസുകൾക്ക് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 100 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് മുമ്പ് നിലനിന്നിരുന്ന സ്ഥലത്ത് റോഡ്

വികസനത്തിനായി എടുത്തത് കഴിച്ച്, ശേഷിക്കുന്ന 12.35 സെന്റ് സ്ഥലത്ത് ടി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ 59.30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് കണസ്ട്രക്ഷൻ കോർപ്പറേഷന് 15-10-2018-ന് കൈമാറി നൽകിയ സൈറ്റിൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കുകയും അംഗീകരിച്ച ടെൻഡർ 5-12-2018-ന് എഗ്രിമെന്റ് ഒപ്പുവച്ച് നടപടികൾ പൂർത്തീകരിച്ച് 11-12-2018-ന് കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുമുണ്ട്. എന്നാൽ, ടി കെട്ടിട നിർമ്മാണത്തിനെതിരെ ഒരു സ്വകാര്യ വ്യക്തി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് നിർമ്മാണ നടപടികൾക്ക് സ്റ്റേ വാങ്ങിയതിനാൽ നാളിതുവരെ നിർമ്മാണ നടപടികൾ തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത സ്റ്റേയുടെ കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ, കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. നിർമ്മാണ നടപടികൾ എന്നാരംഭിക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ കരാറുകാരന് സൈറ്റ് കൈമാറി കിട്ടിയ 11-12-2018 മുതൽ 12 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## കൊച്ചുവേളി ടെർമിനലിന്റെ വികസനം

76(5950) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത ടെർമിനൽ വികസനത്തിനായി തിരുവനന്തപുരം ഡിവിഷൻ പ്രൊപ്പോസൽ സമർപ്പിച്ചിട്ട് എട്ടുമാസം പിന്നിട്ടിട്ടും ഈ പ്രൊപ്പോസലിന് അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ എം.പി.മാരുടെ സഹായത്തോടുകൂടി റെയിൽവേ ബോർഡിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊച്ചുവേളി ടെർമിനലിന്റെ വികസനം അനന്തമായി നീളുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പൂർത്തിയാക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി എം.പി.-മാർ ഉൾപ്പെടെയുള്ളവരുടെ സഹായത്തോടുകൂടി റെയിൽവേ ബോർഡിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## കൊച്ചുവേളി-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ

77(T5951) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചുവേളി-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പ്രായോഗികമാക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച കേരള റെയിൽവേ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(സി) പദ്ധതിക്ക് വരുന്ന ചെലവ് എത്രയാണെന്നും പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാകുമെന്നും അറിയിക്കാമോ; ഇതു നടപ്പിൽ വരുന്നതുമൂലമുള്ള പ്രയോജനങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും പാതയ്ക്കായുള്ള (സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ) സാധ്യതാ പഠന റിപ്പോർട്ട് ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുത്ത " സിസ്ട്" എന്ന സ്ഥാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരും റെയിൽവേ മന്ത്രാലയവും ചേർന്ന് 51:49 എന്ന മൂലധനത്തിൽ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന ഒരു സംയുക്ത സംരംഭക കമ്പനി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കമ്പനി താഴെപ്പറയുന്ന പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുവാൻ ഊർജ്ജിത ശ്രമം നടത്തിവരുന്നു.

1. തലശ്ശേരി-മൈസൂർ ബ്രോഡ്ഗേജ് പാത
2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

3. നിലമ്പൂർ-നഞ്ചൻഗുഡ് ബ്രോഡ്ഗേജ് പാത

4. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി.

(സി) 56,442 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന സെമി ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ 5 വർഷത്തിനകം നടപ്പിലാക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഈ പാത യാഥാർത്ഥ്യമാകുമ്പോൾ തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെ നാല് മണിക്കൂറിൽ എത്തിച്ചേരാൻ സാധിക്കും.

## നിലമ്പൂർ യാർഡ് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

78(5952) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ നിലമ്പൂർ യാർഡ് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രതീക്ഷിക്കുന്ന നിർമ്മാണച്ചെലവ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നിലവിൽ സ്ഥലം ലഭ്യമായതിനാൽ ടെണ്ടർ നടപടികളിലേക്ക് കടക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളിൽ നിലമ്പൂർ യാർഡും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) നിലമ്പൂർ യാർഡ് നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ) കേരള സർക്കാർ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.)-നെ നിർമ്മാണ ചുമതല ഏർപ്പെടുത്തിയ 27 റോഡ് ഓവർ ബ്രിഡ്ജുകളിൽ (ആർ.ഒ.ബി.) എൽ.സി.നമ്പർ 12-നിലമ്പൂർ യാർഡ് ആർ.ഒ.ബി. ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ റോഡ് ഓവർ ബ്രിഡ്ജിന് പകരം റോഡ് അണ്ടർ ബ്രിഡ്ജാണ് (ആർ.യു.ബി.) നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ പ്രതീക്ഷിത നിർമ്മാണച്ചെലവ് 35.27 കോടി രൂപയാണ്. പദ്ധതിയുടെ ജി.എ.ഡി. പൂർത്തീകരിക്കുകയും റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

(ബി) പ്രസ്തുത ആർ.യു.ബി.-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെറിയ തോതിലുള്ള സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട് (1.85 ആർ). സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു. ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമന ഘട്ടത്തിലാണ്.

(സി) പദ്ധതിയുടെ ജി.എ.ഡി. റെയിൽവേ അംഗീകരിക്കുന്ന മുറയ്ക്കും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്കും നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ കഴിയുന്നതാണ്.

## കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ

79(5953) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ നിർമ്മിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്കൂളുകളിലെ ശുചിമുറികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ ശുചിമുറികൾ വൃത്തിയാക്കി പരിസര സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത വിഷയത്തിൽ നിരന്തര പരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകളിലെ ശുചിമുറികൾ വൃത്തിഹീനമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഉദുമ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

80(5954) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അഞ്ഞൂറ് മുതൽ ആയിരംവരെ കുട്ടികൾ പഠിക്കുന്ന എത്ര സ്കൂളുകൾക്ക് ഉദുമ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തികൾ ചെയ്യുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഉദുമ നിയോജക മണ്ഡലത്തിലെ അഞ്ഞൂറ് മുതൽ ആയിരംവരെ കുട്ടികൾ പഠിക്കുന്ന താഴെപ്പറയുന്ന സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ഫണ്ട് അനുവദിച്ചിട്ടില്ല.

1. ജി.എച്ച്.എസ്.എസ്., കല്ലിയോട്ട്
2. ജി.യു.പി.എസ്., കോളിയടുക്കം
3. ജി.എച്ച്.എസ്.എസ്., പക്കം
4. ജി.എച്ച്.എസ്.എസ്., ബേത്തൂർപ്പാറ
5. ജി.എച്ച്.എസ്., കൊളത്തൂർ
6. ജി.എച്ച്.എസ്., തച്ചങ്ങാട്
7. ജി.എച്ച്.എസ്.എസ്., ചന്ദ്രഗിരി
8. ജി.എഫ്.എച്ച്.എസ്.എസ്., ബേക്കൽ
9. ജി.എം.യു.പി.എസ്., പള്ളിക്കര
10. ജി.എച്ച്.എസ്., ബാര
11. ജി.യു.പി.എസ്., മൂളിയാർ മാപ്പിള
12. ജി.വി.എച്ച്.എസ്.എസ്., ദേലംപാടി
13. ജി.എച്ച്.എസ്., അമ്പലത്തറ
14. ജി.യു.പി.എസ്., ചെമ്മനാട് വെസ്റ്റ്
15. ജി.വി.എച്ച്.എസ്.എസ്., കുണിയ

(ബി&സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ 'കൈറ്റി'നെയാണ് (Kerala Infrastructure and Technology for Education) ചുമതലപ്പെടുത്തിയിട്ടുള്ളത്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

## കായിക അദ്ധ്യാപക നിയമനം

81(5955) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ 3,367 സ്കൂളുകളിൽ കായിക അദ്ധ്യാപകർ ഇല്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനായി എട്ട്, ഒൻപത് ക്ലാസ്സുകളിൽ 5 ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ പരിഗണിക്കു എന്നുള്ളപ്പോൾ ഈ അദ്ധ്യാപകരെ കൊണ്ട് പത്താം ക്ലാസും പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിലും കായിക പരിശീലനം നൽകുന്നു എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആനുപാതികമായി തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമോ;

(സി) നിലവിലെ യു.പി. സ്കൂൾ സർവ്വീസിൽ ഇരിക്കുന്ന കായിക അദ്ധ്യാപകരുടെ അനുപാതം അനുസരിച്ച് തസ്തികകൾ കണക്കാക്കി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ള ഉദ്യോഗാർത്ഥികളിൽനിന്നും നിയമനം നടത്തുമോ; യു.പി.,എച്ച്.എസ്. റാങ്ക് ലിസ്റ്റുകൾ നിലനിൽക്കെ ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിച്ചുകൊണ്ട് എസ്. എസ് .കെ.വഴി നിയമനം നടത്തുന്നത് ഗൗരവമായി കാണുമോ;

(ഡി) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ മറ്റു വിഷയങ്ങളിൽ കാലോചിതമായി കെ.ഇ.ആർ. പരിഷ്കരണം നടത്തുമ്പോൾ കായിക വിദ്യാഭ്യാസത്തെ ഒഴിവാക്കുകയും മറ്റു വിഷയങ്ങളിൽ പുതിയ പോസ്റ്റുകൾ സൃഷ്ടിക്കുമ്പോൾ സാമ്പത്തിക ബാധ്യതകൾ പറഞ്ഞ് കായിക അദ്ധ്യാപകരെ പിൻതള്ളുന്നത് കായിക മേഖലയോടും കായിക അദ്ധ്യാപകരോടും കാണിക്കുന്ന അവഗണനയായി കാണുമോ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും കായിക അദ്ധ്യാപകരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹൈസ്കൂൾ ക്ലാസുകളിൽ കായിക അദ്ധ്യാപകർ പരിശീലനം നൽകുന്നുണ്ട്. എന്നാൽ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിൽ ഹൈസ്കൂൾ അദ്ധ്യാപകർ പരിശീലനം നൽകുന്നില്ല.

(സി) നിലവിലെ തസ്തിക നിർണ്ണയത്തിനുവേണ്ട കുട്ടികളുടെ എണ്ണം/പിരീഡ് അനുസരിച്ച് തസ്തികകൾ കണക്കാക്കി ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ അവസരം നിഷേധിച്ചുകൊണ്ട് എസ്.എസ്.കെ. വഴി നിയമനം നടത്തുന്നില്ല.

(ഡി) നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും അനുസൃതമായാണ് കായിക അദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നത്.

## എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികമാറ്റ നിയമനം

82(5956) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ. (എംഎസ്. ) 296/2015 തീയതി 1-12-2015 പൊ.വി.വ, സ.ഉ. (പി) നമ്പർ 144/2016/പൊ.വി.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2016 മുതലുള്ള എച്ച്.എസ്.എസ്.റ്റി. ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനം നാളിതുവരെ എത്രയെണ്ണം നടന്നു;

(ബി) മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എത്ര ഒഴിവുകൾ 31-5-2019 തീയതി വരെ വിവിധ വിഷയങ്ങളിൽ നിയമനത്തിന് റിപ്പോർട്ട് ചെയ്തു;

(സി) തസ്തികമാറ്റം വഴി നികത്താൻ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ വീണ്ടും നേരിട്ടുള്ള നിയമനം നടത്തണമെന്ന കോടതി ഉത്തരവുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഏതൊക്കെ വിഷയത്തിലാണ് മേൽപ്പറഞ്ഞ കോടതി ഉത്തരവുകൾ നിലവിൽ ഉള്ളത്?

ഉത്തരം

(എ) 2016 മുതൽ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനങ്ങൾ നടന്നിട്ടില്ല.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഫിസിക്സ്, സുവോളജി വിഷയങ്ങളിൽ തസ്തികമാറ്റ നിയമനം നടത്തുന്നതിന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നേരിട്ടുള്ള നിയമനം നടത്തണമെന്ന് കോടതി ഉത്തരവുണ്ട്.

## ഖാദർ കമ്മീഷൻ ശിപാർശ

83(5957) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദർ കമ്മീഷൻ ശിപാർശ അംഗീകരിച്ചുകൊണ്ട് ഡി.പി.ഐ., ഹയർസെക്കണ്ടറി, വി.എച്ച്.എസ്.ഇ. എന്നിവ ഏകീകരിച്ച് ഒരു ഡയറക്ടറുടെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഖാദർ കമ്മീഷൻ റിപ്പോർട്ടിലുള്ള ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഏതെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ തള്ളിക്കളഞ്ഞിട്ടുള്ളത് അറിയിക്കാമോ;

(ഡി) ഏതെല്ലാം നിർദ്ദേശങ്ങളാണ് ഭാഗികമായി നടപ്പിലാക്കാൻ തീരുമാനി ച്ചിട്ടുള്ളത്;

(ഇ) സർക്കാർ അംഗീകരിച്ച ഓരോ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അറിയിക്കുമോ;

(എഫ്) ഓരോ നിർദ്ദേശങ്ങളും നടപ്പിലാക്കുന്നതിന് വരുന്ന സാമ്പത്തിക ബാധ്യത കണക്കാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ജി) ഖാദർ കമ്മീഷൻ രണ്ടാം ഘട്ടത്തിലെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) ഖാദർ കമ്മീഷൻ റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) ശിപാർശകളിലെ മൂന്നുംനാലും നിർദ്ദേശങ്ങളാണ് ഭേദഗതികളോടുകൂടി നടപ്പിലാക്കിയിട്ടുള്ളത്.

(ഇ) ഇപ്പോൾ സമയക്രമം നിശ്ചയിച്ചിട്ടില്ല.

(എഫ്) സാമ്പത്തിക ബാദ്ധ്യത വരുന്ന നിർദ്ദേശങ്ങൾ വിശദമായി പരിശോധിക്കുമ്പോൾ സാമ്പത്തിക ബാദ്ധ്യതയും കണക്കാക്കുന്നതാണ്.

(ജി) ഖാദർ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ 3-10-2018-ലെ സ.ഉ. (സാധാ) നമ്പർ 3906/2018/പൊ.വി.വ. പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ടി കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നത്.

## ഏറനാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

84(5958) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ / എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഏറനാട് മണ്ഡലത്തിൽ നിന്നുള്ള ഏതൊക്കെ സ്കൂളുകളെയാണ് മികവിന്റെ കേന്ദ്രം, അടിസ്ഥാന സൗകര്യ വികസനം, യു.പി സ്കൂൾ വികസനം എന്നീ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; സ്കൂളുകളുടെ വിശദാംശം, ഭരണാനുമതി, പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കും എന്നുള്ള വിശദാംശം ഉൾപ്പെടെ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ/ എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വികസനത്തിനായി നാല് മേഖലകളിൽ ഊന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

1. ഭൗതിക സൗകര്യവികസനം
2. സാങ്കേതിക വിദ്യാസൗഹൃദ ക്ലാസ്സ് മുറികൾ/വിദ്യാലയം
3. അക്കാദമിക പ്രവർത്തനങ്ങൾ
4. സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ

ഭൗതിക സൗകര്യ വികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടം എന്ന നിലയ്ക്ക് 2017-18 വർഷം, ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടി 'കിഫ്ബി' ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കി സ്കൂളുകളുടെ ടെണ്ടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ കിഫ്ബിയുടെ 3 കോടി ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 115 സ്കൂളുകളുടെ DPR കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി വരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് 'കിഫ്ബി ' അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 500-1000 കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുപുറമെ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടും നൽകിവരുന്നു.

(ബി) 1. മികവിന്റെ കേന്ദ്രം - കുഴിമണ്ണ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

2. അടിസ്ഥാന സൗകര്യ വികസനം - ജി.വി.എച്ച്.എസ്.എസ്. കീഴുപറമ്പ്, ജി.എച്ച്.എസ്.എസ്. അരീക്കോട്, സീതിഹാജി മെമ്മോറിയൽ ഡി.വി.എച്ച്.എസ്.എസ്. എടവണ്ണ, ജി.എച്ച്.എസ്.എസ്., കാവനൂർ എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

3. 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾ - ജി.എച്ച്.എസ്. പേരകമണ്ണ, ജി.യു.പി.എസ്. പത്തപ്പിരിയം, ജി.എച്ച്.എസ്.എസ്. എരഞ്ഞിമങ്ങാട് എന്നീ സ്കൂളുകൾക്ക് 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ- വടശ്ശേരി ജി.എച്ച്.എസ്.എസ്., ജി.എം.യു.പി.എസ്. മുണ്ടാംമ്പ്ര, ജി.യു.പി.എസ്. മൂർക്കനാട്, ജി.യു.പി.എസ്. മൈത്ര, ജി.എച്ച്.എസ്. വെറ്റിലപ്പാറ, ജി.യു.പി.എസ്. എരഞ്ഞിമങ്ങാട്, ജി.എം.യു.പി.എസ്. അരീക്കോട്, ജി.എൽ.പി.എസ്. കീഴുശ്ശേരി, ജി.യു.പി.എസ്. ചെങ്ങറ, ജി.എച്ച്.എസ്.പന്നിപ്പാറ എന്നീ സ്കൂളുകൾക്ക് ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർ

85(5959) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിൽ എട്ട് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ ആകെ മൂന്ന് ഡിവിഷനുകൾ മാത്രമുള്ള സ്കൂളുകളിൽ മലയാളത്തിനും ഹിന്ദിക്കും ഫിസിക്കൽ സയൻസിനും കണക്കിനും അതാത് വിഷയങ്ങളിൽ ടിച്ചേഴ്സ് തസ്തിക അനുവദിക്കുന്നുണ്ടോ;

(ബി) ഇംഗ്ലീഷ് മാത്രം അഞ്ച് ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ടീച്ചർ തസ്തിക അനുവദിക്കുകയുള്ളൂ എന്ന നിയമം ലോക ഭാഷയായ ഇംഗ്ലീഷിനോടുള്ള അവഗണനയായതിനാൽ മറ്റ് വിഷയങ്ങളെപ്പോലെ ഇംഗ്ലീഷിന് മൂന്ന് ഡിവിഷന് ഒരു ടീച്ചർ തസ്തിക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കിയിട്ടും സംസ്ഥാനത്തെ 344 സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പിന്നോക്ക ജില്ലയായ ഇടുക്കി ജില്ലയിൽ ആകെയുള്ള 81 സർക്കാർ ഹൈസ്കൂളുകളിൽ 56 സ്ഥലത്തും ഇംഗ്ലീഷ് പഠിപ്പിക്കാൻ ഒരു ഇംഗ്ലീഷ് ടീച്ചർ പോലും ഇല്ലാത്തത് കുട്ടികളുടെ ഭാഷാ പരിജ്ഞാനത്തെ സാരമായി ബാധിച്ചിട്ടില്ലേ;

(ഇ) ഖാദർ കമ്മിറ്റിയുടെ പ്രധാന ശിപാർശയായ അദ്ധ്യാപക പ്രൊഫഷണലിസം അതിപ്രധാനമായി എടുത്ത് പറയുമ്പോഴും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ മറ്റ് കോർ സബ്ജക്ടുകാർ മതിയെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുവാൻ ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 7-1-2002-ലെ ജി.ഒ. (എംഎസ്.) നമ്പർ 11/2002/പൊവിവ-ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 5 ഡിവിഷനുകൾ എങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആദ്യത്തെ എച്ച്.എസ്.എ (ഇംഗ്ലീഷ്) തസ്തിക ലഭിക്കൂ. അതായത് 8 മുതൽ 10 വരെ ക്ലാസുകളിൽ ആകെ 4 ഡിവിഷനുകൾ വരെ മാത്രമുള്ള വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി.(ഇംഗ്ലീഷ്) തസ്തിക അനുവദിക്കാൻ നിലവിൽ നിയമമില്ല. അതിനാൽ ഇംഗ്ലീഷിന് 3 ഡിവിഷന് ഒരു ടീച്ചർ തസ്തിക അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഉണ്ട്.

(ഡി) 7-1-2002-ന് മുമ്പ് കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡും ഉള്ള അദ്ധ്യാപകർ എല്ലാ ജില്ലയിലെയും ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട്.

(ഇ) 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ 4 ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റു വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡ്.-ഉം ഉള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. നിലവിൽ തുടർന്നുവരുന്ന രീതിയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാഭ്യാസ വായ്പയെടുത്ത് വഞ്ചിതരാകുന്നത് തടയാൻ നടപടി

86(5960) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് ചതിക്കുഴിയിലാകുന്നവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ വിദ്യാഭ്യാസ വായ്പയെടുക്കുന്നവർ പരമാവധി കേരളത്തിൽ തന്നെ പഠിക്കുന്നതാണ് നല്ലതെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി വിദ്യാർത്ഥികൾക്ക് ഉപദേശം നൽകിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ തന്നെ മികച്ച കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യം ഉള്ളപ്പോൾ അത് ഉപയോഗിക്കാതെ കർണ്ണാടക, ആന്ധ്ര, തമിഴ്നാട് സംസ്ഥാനങ്ങളിലെ അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ പോകുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിൽ നിന്നും പോകുന്ന അയ്യായിരം വിദ്യാർത്ഥികളെങ്കിലും പ്രതിവർഷം വഞ്ചിതരാകുന്നുവെന്ന ബാങ്കേഴ്സ് സമിതിയുടെ കണ്ടെത്തൽ സർക്കാർ ഗൗരവമായി പരിഗണിച്ച് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുമോ?

ഉത്തരം

(എ-സി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അങ്ങനെ ഒരു ഉപദേശം നൽകുകയോ അത്തരമൊരു കണ്ടെത്തൽ നടത്തുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## തസ്തികയില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകർ

87((5961) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അദ്ധ്യാപകർ തസ്തികയില്ലാതെ ജോലി ചെയ്യുന്നു; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) ഇവർ ഇപ്പോൾ എവിടെ ജോലി ചെയ്യുന്നു; വ്യക്തമാക്കുമോ;

(സി) ഇനി എത്ര അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) സംരക്ഷിത അദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിച്ചതുമൂലം എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി. വിഭാഗങ്ങൾക്ക് സംവരണം നഷ്ടമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2018-19 വർഷത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ജില്ല | തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 441 |
| കൊല്ലം | 487 |
| പത്തനംതിട്ട | 177 |
| ആലപ്പുഴ | 267 |
| കോട്ടയം | 107 |
| ഇടുക്കി | 26 |
| എറണാകുളം | 423 |
| തൃശ്ശൂർ | 406 |

| (1) | (2) |
|---|---|
| പാലക്കാട് | 462 |
| മലപ്പുറം | 303 |
| കോഴിക്കോട് | 404 |
| വയനാട് | 9 |
| കണ്ണൂർ | 300 |
| കാസർഗോഡ് | 50 |
| ആകെ | 3862 |

(ബി) 5-8-2016-ലെ സ.ഉ.(പി) നമ്പർ 134/2016/പൊ.വി.വ.-യിലെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന രീതിയിൽ പുനർവിന്യസിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കുന്ന എൽ.പി./യു.പി. സ്കൂളുകളിലെ പ്രധാനാധ്യാപകരെ സഹായിക്കുന്നതിന്.
2. എയ്ഡഡ് സ്കൂളുകളിൽ നിന്ന് എസ്.എസ്.എ. തുടങ്ങിയ പ്രോജക്ടുകൾ ഉൾപ്പെടെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടിട്ടുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ ഒഴിവുകളിൽ.
3. എസ്.എസ്.എ.-യുടെ കീഴിൽ പഞ്ചായത്ത്തല ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി (ഒരേ മാനേജ്മെന്റിന് കീഴിലുള്ള അദ്ധ്യാപകർ തമ്മിലുള്ള സീനിയോറിറ്റി പാലിച്ച്)
4. ആർ.ടി.ഇ. ആക്ടനുസരിച്ച് എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ലഭ്യമാക്കേണ്ടതിനാൽ പുനർവിന്യസിക്കപ്പെടുന്ന കലാ കായിക പ്രവൃത്തി പരിചയം ഉന്നൽ തുടങ്ങിയ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഒന്നിലധികം സർക്കാർ/എയ്ഡഡ് സ്കൂളുകൾ ക്ലബ് ചെയ്തുകൊണ്ട് നിയമിക്കേണ്ടതാണ്. അങ്ങനെ ക്ലബ് ചെയ്യുമ്പോൾ യു.പി. വിഭാഗത്തിൽ നിയമിച്ചവരെ അതിന്റെ തന്നെ എൽ.പി. വിഭാഗത്തിലും തിരിച്ചും വിന്യസിക്കാവുന്നതാണ്.

5. ആർ.എം.എസ്.എ. സ്കൂളുകളിൽ അധികം വരുന്ന ഒഴിവുകളിൽ

6. ഐ.ടി.@സ്കൂളുകളിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരുന്ന അദ്ധ്യാപകർക്ക് പകരം.

7. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അക്കാദമിക മോണിറ്ററിംഗ് സമിതികളിലേയ്ക്ക് നിയമിക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് പകരം (ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കപ്പെട്ടവർ)

8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ/ അനധ്യാ പകരായ ജനപ്രതിനിധികളുടെ ദീർഘകാലാവധി ഒഴിവുകൾ ഉൾപ്പെടെ എയ്ഡഡ് അദ്ധ്യാപക/അനധ്യാപകരുടെ 3 മാസത്തിലധികമുള്ള എല്ലാ അവധി ഒഴിവുകളിലും.

9. ഇൻ സർവ്വീസ് കോഴ്സുകൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്ക് പകരം (മൂന്നു മാസത്തിൽ കൂടുതലുള്ള ഒഴിവിൽ)

10. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ.

11. പുതുതായി ആരംഭിച്ച/അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് സ്കൂളുകളിലെ ഒരു ഒഴിവിൽ.

12. അനദ്ധ്യാപക സംരക്ഷണ ജീവനക്കാരെ എസ്.എസ്.എ., ആർ.എം.എസ്.എ. തുടങ്ങിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകളിൽ.

(സി) തസ്തിക നഷ്ടപ്പെട്ട എല്ലാ അദ്ധ്യാപകരെയും താൽക്കാലികമായി ട്ടെങ്കിലും പുനർവിന്യസിച്ചിട്ടുണ്ട്.

(ഡി) നഷ്ടമായിട്ടില്ല.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള അദ്ധ്യാപക തസ്തികകൾ

88(5962) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിലവിൽ എത്ര അദ്ധ്യാപക തസ്തിക 2018-19 വർഷം അംഗീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) അനുവദിച്ച അദ്ധ്യാപക തസ്തികയ്ക്ക് പുറമേ എത്ര അദ്ധ്യാപകർ ജോലിനോക്കുന്നുണ്ട്;

(സി) 2016-17, 2017-18, 2018-19 വർഷങ്ങളിൽ പുനർവിന്യാസത്തിന്റെ ഭാഗമായി തസ്തിക ഇല്ലാത്ത സ്കൂളുകളിൽ നിന്നു മാറ്റിനിയമിച്ച എത്ര അദ്ധ്യാപകർ പുതിയ സ്കൂളുകളിൽ റിപ്പോർട്ട് ചെയ്തു; എത്ര പേർ ജോലിയിൽ പ്രവേശിച്ചില്ല; വ്യക്തമാക്കുമോ; ജില്ല തിരിച്ച കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

89(5963) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അവസാന ഘട്ടത്തിൽ ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാർ ചെയ്യുന്നതിന് ചുമതല നൽകിയിട്ടുള്ളത് ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച് നാളുകളായിട്ടും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ 1000 കുട്ടികളിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 500-നും 1000-നുമിടയിൽ കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭേദഗതി വരുത്തിയ ഭരണാനുമതി ഉത്തരവ് നൽകിയത് 2019 ജൂൺ മാസ രണ്ടാം വാരത്തിലാണ്. ആയതിന്റെ തുടർപ്രവർത്തനങ്ങൾക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ കൈറ്റിനെയാണ് ചുമതലപ്പെടുത്തിയത്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

90(5964) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന വിവിധ പദ്ധതികളും, ഇവയ്ക്കായി ചെലവഴിക്കുന്ന തുകയുടെയും വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ ഓരോ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള റാന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയിൽ എത്ര സ്കൂളുകളുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഇവയുടെ നിർമ്മാണപുരോഗതി സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നൈപുണ്യം സംബന്ധിച്ച ഏതെങ്കിലും തരത്തിലുള്ള പഠനമോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) ഭാഷാവിഷയങ്ങൾ കൂടാതെ മറ്റേതൊക്കെ വിഷയങ്ങളിലാണ് കുട്ടികളുടെ പഠന നിലവാരത്തിൽ പിന്നോക്കാവസ്ഥ ബോദ്ധ്യപ്പെട്ടിട്ടുള്ളത്; ഈ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ഇ) ചെറിയ ക്ലാസ്സുമുതൽ കുട്ടികളുടെ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷാ വിഷയങ്ങളിലും സയൻസ് ഉൾപ്പെടെയുള്ള മറ്റു വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ സ്കൂൾ തലത്തിൽ കണ്ടെത്താനും, അത് പരിഹരിക്കാനും, എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഭൗതിക സൗകര്യവികസനത്തിനുള്ള പ്രവർത്തനങ്ങളുടെ ഒന്നാം ഘട്ടമെന്ന നിലയ്ക്ക് 2017-18 വർഷം ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് 5 കോടി 'കിഫ്ബി' ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി 141 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാക്കി സ്കൂളുകളുടെ ടെണ്ടർ

നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 'കിഫ്ബി'യുടെ 3 കോടി രൂപ ധനസഹായത്തോടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 229 സ്കൂളുകളെ തെരഞ്ഞെടുക്കുകയും അതിൽ 70 സ്കൂളുകൾക്ക് കിഫ്ബി ധനസഹായം അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 115 സ്കൂളുകളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരുന്നു. ബാക്കിയുള്ള സ്കൂളുകൾക്ക് കിഫ്ബി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ (കിഫ്ബി ധനസഹായത്തോടെ) 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 500-1000 കുട്ടികൾ പഠിക്കുന്ന 446 സ്കൂളുകൾക്ക് ഒരു കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനുപുറമെ എയ്ഡഡ് വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യവികസനത്തിനായി ചലഞ്ച് ഫണ്ടും നൽകിവരുന്നു.

(ബി) മികവിന്റെ കേന്ദ്രമാക്കുന്നതിന് കിഫ്ബിയുടെ 5 കോടി ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടത്തുന്ന വെച്ചൂച്ചിറ കോളനി ഗവ. ഹയർസെക്കന്ററി സ്കൂളിലെ ഒരു ബ്ലോക്കിന്റെ നിർമ്മാണം സ്ലാബ് വരെ എത്തിയിട്ടുണ്ട്. രണ്ടാമത്തെ ബ്ലോക്കിന്റെ ഫൗണ്ടേഷൻ പണികൾ പുരോഗമിച്ചു വരുന്നു. 28% പണികൾ പൂർത്തിയായിട്ടുണ്ട്. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ അടിസ്ഥാന സൗകര്യവികസനത്തിനായാി തെരഞ്ഞെടുത്ത എഴുമറ്റൂർ ഹയർസെക്കന്ററി സ്കൂൾ, എടമുറി ഹയർസെക്കന്ററി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിലയിരുത്തൽ പൊതുവായ പ്രക്രിയയുടെ ഭാഗമായി നടന്നുവരുന്നു. ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'ഹലോ ഇംഗ്ലീഷ് പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ജേർണൽസ് പ്രിന്റ് ചെയ്ത് അദ്ധ്യാപകർക്ക് നൽകിക്കഴിഞ്ഞു. കൂടാതെ പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്തു ന്നതിനുവേണ്ടി റെലീഷ് ഇംഗ്ലീഷ് (RELISH ENGLISH) എന്ന പേരിൽ ഒരു ഗവേണാധിഷ്ഠിത പ്രോജക്ട് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ നടപ്പിലാക്കി. സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പരിപാടി ഗവേഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ പത്ത് വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർപ്രവർത്തനം എന്ന നിലയിൽ ഇന്ററാക്ടീവ് ഇംഗ്ലീഷ് ലേണിംഗ് സിസ്റ്റം എന്ന പദ്ധതി വികസിപ്പിച്ചു വരുന്നു.

(ഡി) ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ കുട്ടികളുടെ പഠനനിലവാരത്തിൽ പിന്നോക്കാവസ്ഥ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതുപരിഹരിക്കുന്നതിനായി 'ഗണിതവിജയം,' 'ശാസ്ത്രകൗതുകം,' 'ശാസ്ത്രപഥം,' 'ശാസ്ത്രപാർക്കുകൾ' തുടങ്ങിയ പരിപാടികൾ കഴിഞ്ഞവർഷം സ്കൂളുകളിൽ നടപ്പിലാക്കി. പ്രസ്തുത പരിപാടികൾ ഈ വർഷവും തുടരുന്നതാണ്.

(ഇ) ഈ അക്കാദമിക വർഷം മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നഡ, അറബി, ഉറുദു ഭാഷാ വിഷയങ്ങളിലും ശാസ്ത്രം-സാമൂഹിക ശാസ്ത്രം എന്നീ വിഷയങ്ങളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ സ്കൂൾതലത്തിൽ കണ്ടെത്തുന്നതിനും അതുപരിഹരിക്കുന്നതിനും ചുവടെ കൊടുത്തിരിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

1. 'മലയാളത്തിളക്കം'
2. 'ഹലോ ഇംഗ്ലീഷ്'
3. 'സുരീലി ഹിന്ദി'
4. 'വായനാ കാർഡുകൾ' (എല്ലാ ഭാഷയിലും)
5. 'ശാസ്ത്ര പാർക്ക്'
6. 'ഉല്ലാസഗണിതം' (1, 2 ക്ലാസിലെ കുട്ടികൾക്ക്)
7. 'ഗണിതവിജയം'
8. 'ശാസ്ത്രകൗതുകം'
9. 'ശാസ്ത്രപഥം' (11, 12 ക്ലാസിലെ കുട്ടികൾക്ക്)
10. 'ഭൂമിശാസ്ത്ര ലാബ്.'

**പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കാൻ നടപടി**

91(5965) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ ഭാഷാപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തേണ്ടത് പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കാനുള്ള പ്രധാനപ്പെട്ട ഉപാധിയായതിനാൽ ആയതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഭാഷാശേഷി വികസിപ്പിക്കുന്നതിനായുള്ള മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, സുരേലി ഹിന്ദി എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പൊതുവിദ്യാഭ്യാസ രംഗത്തെ കുട്ടികൾക്ക് ഗണിതശാസ്ത്രത്തോട് ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) കുട്ടികളുടെ പഠന സമയം (അദ്ധ്യാപക വിദ്യാർത്ഥി ആശയവിനിമയ സമയം) ഇരുനൂറ് പ്രവൃത്തി ദിവസം കൃത്യമായി ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാഷാപരവും ബുദ്ധിപരവുമായ കഴിവുകൾ വികസിപ്പിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ എസ്.എസ്.എ. നടപ്പിലാക്കിവരുന്നു.

1. മലയാളത്തിളക്കം
2. സുരീലി ഹിന്ദി
3. ഹലോ ഇംഗ്ലീഷ്
4. സർഗ വിദ്യാലയം
5. ടാലന്റ് ലാബ്
6. ക്ലാസ് ഗണിത ലാബ്
7. ക്ലാസ് ലൈബ്രറി
8. വായനാക്കാർഡുകൾ
9. ശാസ്ത്രകൗതുകം
10. ശാസ്ത്രപാർക്കുകൾ.

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി റെലീഷ് ഇംഗ്ലീഷ് (RELISH ENGLISH) എന്ന പേരിൽ ഒരു ഗവേഷണാധിഷ്ഠിത പ്രോജക്ട് എസ്.സി.ഇ.ആർ.ടി.-യുടെ

നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. സെക്കണ്ടറി തലത്തിലെ ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയ പരിപാടി ഗവേഷണാടിസ്ഥാനത്തിൽ സംസ്ഥാനത്തെ പത്ത് വിദ്യാലയങ്ങളിലാണ് നടപ്പിലാക്കിയത്. പഠനറിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. തുടർപ്രവർത്തനം എന്ന നിലയിൽ 'എ ഇന്ററാക്ടീവ് ഇംഗ്ലീഷ് ലേണിംഗ് സിസ്റ്റം' വികസിപ്പിച്ചുവരുന്നു. ഇംഗ്ലീഷ് ഭാഷാ പദ്ധതിയുമായി ബന്ധപ്പെട്ട് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷയുടെ റിസൾട്ട് വന്നതിനുശേഷം വിജയശതമാനം കുറഞ്ഞ പതിനഞ്ചോളം സ്കൂളുകളെ QIP (Quality Improvement Programme) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് വിഭാഗവും, സർവ്വശിക്ഷാ അഭിയാനും സംയുക്തമായി ഇംഗ്ലീഷ് ലേണിംഗ് എൻഹാൻസ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം അകറ്റി ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവരാക്കുക എന്നതാണ് പ്രധാനമായും ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. സമഗ്ര ശിക്ഷാ കേരളയുടെ സഹായത്തോടു കൂടിയാണ് ഇതിന്റെ മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളതും മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം നൽകിയിട്ടുള്ളതും. പിന്നീട് മാസ്റ്റർ ട്രെയിനർമാരുടെ രണ്ടുമൂന്നു പേരടങ്ങിയ ഒരു ബാച്ച്, ലിസ്റ്റിലുള്ള സ്കൂളുകളിൽ ചെല്ലുകയും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതിനുപുറമെ എസ്.എസ്.എ.-യുടെ സഹായത്തോടെ മേൽ സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇത്തരം പ്രോഗ്രാമുകളുടെ മോണിറ്ററിംഗ് സ്റ്റേറ്റ് ലെവലിൽ ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ എന്നിവരും റീജിയണൽ ലെവലിൽ ആർ.ഡി.ഒ. മാരും നടത്താറുണ്ട്.

(സി) ഭാഷാശേഷി വികസിപ്പിക്കുന്നതിനുള്ള മലയാളതിളക്കം, ഹലോ ഇംഗ്ലീഷ്, സുരേലി ഹിന്ദി എന്നീ പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം 3,21,531 കുട്ടികൾ മലയാളത്തിളക്കം പദ്ധതിയിലൂടെ കടന്നുപോയി. അതിൽ 2,76,884 കുട്ടികൾ ലക്ഷ്യം കൈവരിച്ചു. 3479 സ്കൂളുകളിലായി 64254 കുട്ടികൾക്ക് സുരീലി ഹിന്ദി പദ്ധതി പ്രയോജനപ്പെട്ടു. 844 ഹലോ ഇംഗ്ലീഷ് ക്യാമ്പുകൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. പദ്ധതിയുടെ ഫലമായി കുട്ടികളിൽ ഇംഗ്ലീഷ് ഭാഷയിൽ ആശയവിനിമയശേഷി വർദ്ധിച്ചിട്ടുണ്ട്.

(ഡി) ഗണിതവിജയം, ഗണിതോത്സവം, ക്ലാസ് ഗണിത ലാബ് എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഈ അദ്ധ്യയനവർഷം മുതൽ 1, 2 ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി ഉല്ലാസ ഗണിതം എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കുന്നതാണ്.

(ഇ) 2019-20 അദ്ധ്യയനവർഷത്തിൽ ജൂൺ 3-ന് സ്കൂൾ തുറക്കുന്ന തരത്തിൽ 203 പ്രവൃത്തി ദിനങ്ങൾ ഉറപ്പുവരുത്തിയിരുന്നു. വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയത്. എന്നാൽ സ്കൂൾ തുറന്നത് ജൂൺ 6-ന് ആയതിനാൽ നിലവിൽ 201 പ്രവൃത്തി ദിനങ്ങൾ ലഭ്യമാകും.

## പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കണക്കെടുപ്പും തസ്തിക നിർണ്ണയവും

92(5966) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കണക്കെടുപ്പും തസ്തിക നിർണ്ണയവും പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ അദ്ധ്യയന വർഷം വരെ തസ്തിക നഷ്ടപ്പെട്ട എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ഉണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) തസ്തിക നഷ്ടമായി സംരക്ഷണത്തിന് അർഹതയില്ലാതെ എത്ര ജീവനക്കാർ പുറത്തായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് (അംഗീകൃതം) തിരിച്ച് അനുബന്ധമായി ചേർക്കുന്നു.* തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. കെ.ഇ.ആർ. അധ്യായം XXIII, ചട്ടം 12 പ്രകാരം ജൂലൈ 15 പ്രാബല്യത്തിലാണ് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ബി & സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ടി.ടി.ഐ. കളിലെ തമിഴ് വിദ്യാർത്ഥികൾ

93(5967) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ടി.ടി.ഐ. കളിൽ തമിഴ് മീഡിയം ഉണ്ട്; ഈ ടി.ടി.ഐ.കളിൽ എത്ര സീറ്റ് വീതം തമിഴ് വിദ്യാർത്ഥികൾക്കായി സംവരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഡി.എൽ.എഡ്. പരിഷ്കരിച്ച പാഠ്യ പദ്ധതി പ്രകാരം കരിക്കുലം, സ്റ്റുഡന്റ് ടെക്സ്റ്റ് എന്നിവ തമിഴിൽ ലഭ്യമാണോ;

(സി) ചിറ്റൂർ സർക്കാർ ടി.ടി.ഐ.യിൽ തമിഴ് മീഡിയം ആരംഭിച്ചത് ഏത് വർഷമാണ്; കെ.ടെറ്റ് സംബന്ധമായ ചോദ്യങ്ങൾ തമിഴ് ഭാഷയിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച വിദ്യാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ സർക്കാർ മേഖലയിൽ 3 തമിഴ് റ്റി.റ്റി.ഐ.-കളും സ്വാശ്രയ മേഖലയിൽ ഒരു തമിഴ് റ്റി.റ്റി.ഐ.-യും പ്രവർത്തിച്ചുവരുന്നു. സർക്കാർ മേഖലയിൽ 69 സീറ്റും സ്വാശ്രയ മേഖലയിൽ 20 സീറ്റും തമിഴ് മീഡിയം കുട്ടികൾക്കായി ലഭ്യമാണ്.

(ബി) ഡി.എൽ.എഡ്. പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം കരിക്കുലം തമിഴിൽ എസ്.സി.ഇ.ആർ.ടി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റുഡന്റ് ടെക്സ്റ്റ് ബുക്ക് നിർമ്മാണത്തിലാണ്.

(സി) ചിറ്റൂർ സർക്കാർ ടി.ടി.ഐ. യിൽ തമിഴ് മീഡിയം ആരംഭിച്ചത് 1963-ലാണ്. കെ ടെറ്റ് സംബന്ധമായ ചോദ്യങ്ങൾ തമിഴ് ഭാഷയിൽ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2012-ൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ ഗൈഡ്ലൈൻ പ്രകാരമാണ് നാലു കാറ്റഗറികളിലായി (എൽ.പി., യു.പി., ഹൈസ്കൂൾ, സ്പെഷ്യൽ സബ്ജക്ട്) കെ ടെറ്റ് പരീക്ഷ നടന്നു വരുന്നത്. ഭാഷാ വിഷയങ്ങളിലൊഴികെ സബ്ജക്ടിൽ മലയാളത്തിലും ഇംഗ്ലീഷിലുമായാണ് ചോദ്യങ്ങൾ തയ്യാറാക്കാൻ എസ്.സി.ഇ.ആർ.ടി. ഗൈഡ്ലൈനിൽ നിഷ്കർച്ചിരിക്കുന്നത്.

## കെ.ബി.പി.എസ്.-ന് സർക്കാർ നൽകുവാനുള്ള തുക

94(5968) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പുസ്തകം അച്ചടിക്കാൻ പേപ്പർ വാങ്ങിയ ഇനത്തിൽ കെ.ബി.പി.എസ്.-ന് സർക്കാർ എത്ര രൂപ കൊടുക്കുവാനുണ്ട് എന്നുള്ള വിശദവിവരം നൽകുമോ; ഇത് എന്നത്തേക്ക് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അച്ചടിക്കൂലി ഇനത്തിൽ വിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്.-ന് എത്ര രൂപ കൊടുക്കുവാനുണ്ട് എന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ;

(സി) സ്കൂളുകളിൽ പാഠപുസ്തകം വിതരണം ചെയ്ത ഇനത്തിൽ കെ.ബി.പി.എസ്.ന് സർക്കാർ എത്ര രൂപ കൊടുക്കുവാനുണ്ടെന്ന് വിശദമാക്കുമോ; ഇത് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണമെന്തെന്ന് വിശദമാക്കുമോ; ഈ തുക എന്നത്തേക്ക് നൽകാൻ കഴിയും എന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 അദ്ധ്യയനവർഷത്തെ ഒന്നാംഘട്ട പാഠപുസ്തക അച്ചടി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ 2016-17 അദ്ധ്യയനവർഷം മുതലാണ് പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറും അച്ചടി സാമഗ്രികളും സ്റ്റോർപർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങാൻ കെ.ബി.പി.എസ്.-നെ (കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി) ചുമതലപ്പെടുത്തിയത്. പേപ്പർ വാങ്ങിയ ഇനത്തിൽ 2016-17 അദ്ധ്യയന വർഷത്തിൽ കെ.ബി.പി.എസ്.-ന് 12.41 കോടി രൂപ (പന്ത്രണ്ട് കോടി നാൽപത്തൊന്ന് ലക്ഷം രൂപ) നൽകാനുണ്ട്. പ്രസ്തുത തുക, പേപ്പറിന്റെ ഗുണനിലവാരത്തിലുള്ള വ്യത്യാസം കാരണം തടഞ്ഞുവച്ചിരിക്കുകയാണ്.

നിയമസഭാ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശ പ്രകാരമുള്ള കമ്മിറ്റിയുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ആഡിറ്റ് വിഭാഗത്തിന്റെയും കണ്ടെത്തൽ പ്രകാരം 150 കോടിയിലധികം വേസ്റ്റേജ് ഇനത്തിൽ സർക്കാരിന് ഇനിയും ലഭിക്കുവാനുണ്ട്. സർക്കാർ കെ.ബി.പി.എസ്.-നെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ്/പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ്. ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാൽ ആയതിന് നടപടി സ്വീകരിക്കുന്ന മുറയ്ക്ക് കെ.ബി.പി.എസിന് കുടിശ്ശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതാണ്.

(ബി) പാഠപുസ്തക അച്ചടിക്കൂലി ഇനത്തിൽ വിദ്യാഭ്യാസ വകുപ്പ് കെ.ബി.പി.എസ്.-ന് കൊടുക്കുവാനുള്ള തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു :

| | |
|---|---|
| 2010-11 | 50,38,258 |
| 2011-12, 2012-13, 2013-14 | ഇല്ല |
| 2014-15 | 3,02,08,305 |
| 2015-16 | 2,42,94,191 |
| 2016-17 | 1,61,84,767 |
| 2017-18 | 1,32,65,775 |
| 2018-19 | തുക കണക്കാക്കിയിട്ടില്ല. |

അച്ചടിയിനത്തിൽ കെ.ബി.പി.എസ്.-ന് തുക അനുവദിക്കുന്നതിനായി കെ.ബി.പി.എസിന്റെ ഇൻവോയ്സുകളും മറ്റ് അനുബന്ധരേഖകളും സർക്കാർ പ്രസ് സൂപ്രണ്ട് സൂക്ഷ്മപരിശോധന നടത്തി മേലൊപ്പ് ചാർത്തിയാൽ മാത്രമേ സർക്കാരിന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കൂ. ആയത് പരിശോധിക്കാൻ സമർപ്പിച്ചിരിക്കുന്നതിനാലും, സർക്കാർ കെ.ബി.പി.എസിനെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ്/പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ്. ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാലും ആയതിന് നടപടി കൈക്കൊണ്ടശേഷം കെ.ബി.പി.എസ്.-ന് കുടിശ്ശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതായിരിക്കും.

(സി) പാഠപുസ്തകം വിതരണം ചെയ്ത ഇനത്തിൽ 2011-12 മുതൽ 2017-18 വരെ 20,20,44,618 രൂപ (ഇരുപതു കോടി ഇരുപതു ലക്ഷത്തി നാൽപ്പത്തി നാലായിരത്തി അറുന്നൂറ്റി പതിനെട്ട് രൂപ) കെ.ബി.പി.എസ്.-ന് കുടിശ്ശിക നൽകാനുണ്ട്. ടി കാലയളവിൽ കെ.ബി.പി.എസ്. ഗോഡൗൺ വാടകയിനത്തിലും ഹബ് മെയിന്റനൻസ് ഇനത്തിലും സർവ്വീസ് ചാർജിനത്തിലും ഭീമമായ തുക ചെലവാക്കിയത് അനുവദനീയമല്ലെന്ന് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റിൽ തടസ്സവാദം ഉന്നയിച്ചതിനാലും, സർക്കാർ കെ.ബി.പി.എസി.-നെ പാഠപുസ്തക അച്ചടിയും വിതരണവും ഏൽപ്പിച്ചതു മുതലുള്ള പേപ്പറിന്റെ കട്ടിംഗ്/പേപ്പർ വേസ്റ്റ് ഇനത്തിൽ സർക്കാരിലേയ്ക്ക് കെ.ബി.പി.എസ്. ഇതുവരെ ഒരു തുകയും അടച്ചിട്ടില്ലാത്തതിനാലും ആയതിന് നടപടി കൈക്കൊണ്ടശേഷം കെ.ബി.പി.എസ്.-ന് കുടിശ്ശികയായ തുകകൾ നൽകുന്നത് സർക്കാർ പരിഗണിക്കുന്നതായിരിക്കും.

### പ്രീ-പ്രൈമറി സ്കൂളുകളുടെ അംഗീകാരം

95(5969) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-നു ശേഷം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2011-നുശേഷം പ്രീ പ്രൈമറി സ്കൂളുകളുടെ അംഗീകാരത്തിനായി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-നുശേഷം കോടതി/കമ്മീഷനുകളുടെ നിർദ്ദേശപ്രകാരവും വകുപ്പു തലത്തിൽ നടത്തിയ ഹിയറിംഗുകൾ മുഖാന്തിരം 1-8-2012 തീയതി പ്രാബല്യത്തിലുള്ള പ്രീ പ്രൈമറികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

### അധിക ഡിവിഷനുകളിലെ നിയമനങ്ങൾ

96(5970) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 1979-ന് മുമ്പുള്ള എയിഡഡ് സ്കൂളുകളിൽ 2016-ന് മുമ്പ് ഉണ്ടായ അധിക ഡിവിഷനുകളിലെ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്തത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ നിയമനങ്ങൾക്കാണ് അംഗീകാരം നൽകാത്തതെന്നും അതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.ഇ.ആർ. പ്രകാരം ഓരോ വർഷത്തെയും അദ്ധ്യാപകരുടെ എണ്ണം നിശ്ചയിക്കുന്നത് അതത് വർഷം നടക്കുന്ന തസ്തിക നിർണ്ണയത്തിലൂടെയാണ്. 2015-16 വർഷത്തെ തസ്തിക നിർണ്ണയം നടക്കുന്നത് 29-1-2016-ലെ ജി.ഒ.(പി) 29/16/പൊ.വി.വ. ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചാണ്. ഇതനുസരിച്ചുള്ള നിയമനങ്ങൾ സംബന്ധിച്ച് കെ.ഇ.ആർ. ചട്ടങ്ങളിൽ ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഇപ്രകാരം

2016-ന് മുമ്പുണ്ടായ അധിക തസ്തികകൾ ആയാലും നിയമിക്കപ്പെട്ടത് 29-1-2016-ന് ശേഷമാണെങ്കിൽ കെ.ഇ.ആർ. അധ്യായം XXI, ചട്ടം 7(2) പ്രകാരം 1:1 അനുപാതത്തിൽ സംരക്ഷിത ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥ പാലിക്കാതിരുന്നാൽ അംഗീകാരത്തിന് തടസ്സം നേരിടും.

## ടെറ്റ് യോഗ്യത

97(5971) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെറ്റ് യോഗ്യത നേടിയതിനുശേഷം ഏഴു വർഷത്തിനുള്ളിൽ സർവ്വീസിൽ കയറിയില്ലെങ്കിൽ വീണ്ടും സി-ടെറ്റ് യോഗ്യത നേടിയാലേ ജോലിക്ക് അപേക്ഷിക്കാൻ കഴിയൂ എന്ന നിയമം കെ-ടെറ്റ്-നും ബാധകമാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) 2012 ഓഗസ്റ്റിൽ കെ-ടെറ്റ് യോഗ്യത നേടിയവരുടെ ഏഴു വർഷ കാലാവധി ഓഗസ്റ്റിൽ തീരുന്നതിനാൽ പ്രസ്തുത യോഗ്യത വച്ച് ഒരു പരീക്ഷ പോലും അവർക്ക് എഴുതാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മേൽ സൂചിപ്പിച്ച വിഷയത്തിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികൾ അവഹേളിക്കപ്പെടാത്തവിധം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (എൻ.സി.റ്റി.ഇ.) മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് സംസ്ഥാനങ്ങളിൽ ടെറ്റ് പരീക്ഷ നടത്തുന്നത്. കേരളത്തിൽ കെ-ടെറ്റ് പരീക്ഷയും ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽതന്നെയാണ് നടത്തുന്നത്. 11-2-2011-ലെ കത്ത് നമ്പർ 764/2010/NCTE/Acad. പ്രകാരം എൻ.സി.റ്റി.ഇ. സെക്രട്ടറി പുറപ്പെടുവിച്ച ടെറ്റ് പരീക്ഷാ ഗൈഡ്‌ലൈനിലെ ഖണ്ഡിക 11-ൽ പറയുന്നത് "അദ്ധ്യാപക നിയമനങ്ങൾക്കുള്ള ടെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് (validity period) പരമാവധി 7 വർഷം എന്നതിന് വിധേയമായി അതത് സർക്കാരുകൾക്ക് തീരുമാനിക്കാം" എന്നാണ്. കേരളത്തിന്റെ കെ-ടെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല. ആയതിനാലാണ് ടെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുതാ കാലയളവായ 7 വർഷം കെ-ടെറ്റ് സർട്ടിഫിക്കറ്റിനും ബാധകമാകുന്നത്.

(ബി&സി) എൽ.പി. സ്കൂൾ ടീച്ചർ നിയമനങ്ങൾക്കും യു.പി. സ്കൂൾ നിയമനങ്ങൾക്കും പി.എസ്.സി. 2014-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും പരീക്ഷ നടത്തുകയും ചെയ്തിട്ടുണ്ട്. അക്കാലയളവിനുള്ളിൽ കെ-ടെറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത കാലയളവിലെ നോട്ടിഫിക്കേഷനുകൾ പ്രകാരം അപേക്ഷിച്ച് പരീക്ഷ എഴുതാനുള്ള അവസരം ലഭ്യമായിരുന്നു.

**ചലഞ്ച് ഫണ്ട്**

98(5972) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് അനുവദിച്ചത് നൽകിയത്; വിശദമാക്കാമോ;

(ബി) ഇനി എത്ര അപേക്ഷകളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) കറുത്തേടത്ത് എ.എം.എൽ.പി. സ്കൂളിന് കെട്ടിടനിർമ്മാണത്തിനായി ചലഞ്ച് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 5 അപേക്ഷകൾ പരിഗണനയിലാണ്.

**പരീക്ഷ എഴുതുന്ന കുട്ടികൾക്കുള്ള സൗകര്യങ്ങൾ**

99(5973) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൗകര്യങ്ങൾ ഒരുക്കണമെന്ന് ബാലാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ സൗകര്യങ്ങളാണ് കമ്മീഷൻ നിർദ്ദേശിച്ചത്;

(ബി) കടക്കൽ സ്കൂളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥി ശുചിമുറിയിൽ പോകണമെന്ന് ആവശ്യപ്പെട്ടിട്ടും അതിന് അനുമതി നൽകാതെ കുട്ടിക്ക് മാനസികമായ ബുദ്ധിമുട്ട് ഉണ്ടാക്കിയ പ്രശ്നത്തിൽ അന്വേഷണം നടത്തിയോ;

(സി) ബാലാവകാശ കമ്മീഷന്റെ ശിപാർശകൾ കർശനമായി നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) ടൈപ്പ് വൺ പ്രമേഹം ബാധിച്ച വിദ്യാർത്ഥികൾക്കുവേണ്ടി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നമ്പർ 799/2019/പൊവിവ, തീയതി 28-2-2019 മേൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട്, ടൈപ്പ് വൺ ഡയബറ്റിക് വെൽഫയർ സൊസൈറ്റി വൈസ് പ്രസിഡന്റ് ശ്രീ. ശിഹാബുദ്ദീൻ സമർപ്പിച്ച അപേക്ഷയിന്മേൽ ബഹു. ബാലാവകാശ കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം ഹയർ സെക്കന്ററി ഡയറക്ടർ കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് സൗകര്യങ്ങൾ ഒരുക്കണമെന്ന് ബാലാവകാശ കമ്മീഷനിൽ നിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ) നേരിട്ട് സ്കൂളിൽ പോയി അന്വേഷണം നടത്തുകയും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പരീക്ഷാവേളകളിൽ കുട്ടികൾക്ക് പ്രാഥമിക കൃത്യം നിർവ്വഹിക്കണമെന്ന് ആവശ്യപ്പെട്ടാൽ മാനുഷിക പരിഗണന നൽകി അനുവാദം നൽകുന്നതിന് എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബാധകമല്ല.

## ഖാദർ കമ്മീഷൻ റിപ്പോർട്ട്

100(5974) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തെ കേരള വിദ്യാഭ്യാസ നിയമവുമായി എങ്ങിനെ ഘടനാപരമായി ബന്ധപ്പെടുത്താമെന്ന് പഠിക്കാനാണോ സർക്കാർ ഖാദർ കമ്മീഷനെ നിയമിച്ചത്;

(ബി) എങ്കിൽ റിപ്പോർട്ടിൽ അക്കാര്യം പരാമർശിക്കാതെ സ്കൂൾ ലയന തീരുമാനത്തിനാണ് കമ്മീഷൻ ഊന്നൽ നൽകിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) ഇത് വികേന്ദ്രീകരണം എന്ന ജനാധിപത്യ തത്വത്തിനെതിരും പകരം കേന്ദ്രീകൃത സംവിധാനത്തെ ശക്തിപ്പെടുത്തുന്നതുമായ റിപ്പോർട്ടാണോ; അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇത് വർഷങ്ങളായി സംസ്ഥാനം അവലംബിക്കുന്ന കോത്താരി കമ്മീഷന്റെ പല നിർദ്ദേശങ്ങൾക്കും എതിരായിട്ടുള്ളതും അദ്ധ്യാപക-വിദ്യാർത്ഥി താൽപ്പര്യം പരിഗണിക്കാത്തതുമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-ഡി) 2009-ലെ Right of Children to Free and Compulsory Education Act (വിദ്യാഭ്യാസ അവകാശ നിയമം) സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഘടനാപരവും അക്കാദമികവുമായ എല്ലാ വശങ്ങളും സമഗ്രമായി പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിനായിട്ടാണ് സർക്കാർ പ്രൊഫ. ഡോ. എം.എ. ഖാദർ അദ്ധ്യക്ഷനായി ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചത്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമത്തിലെ ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളും ഉൾക്കൊണ്ട് മാത്രമേ അത് സാധിക്കുകയുള്ളൂ എന്ന് തുടർന്ന് കണ്ടെത്തുകയും അതിൻപ്രകാരം സമിതിയുടെ പരിഗണനാ വിഷയങ്ങൾ പുതുക്കി നിശ്ചയിക്കുകയും അതിൻപ്രകാരം വിദഗ്ദ്ധസമിതി അക്കാര്യങ്ങൾ വിശദമാക്കി റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമം പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസരംഗത്തെ ഒന്നാം തലമുറ പ്രശ്നങ്ങളായ സ്കൂൾ പ്രാപ്യതയും പഠന തുടർച്ചയുമാണ്. ഈ രണ്ട് കാര്യങ്ങൾ ഏതാണ്ട് പൂർണ്ണമായും ഉറപ്പാക്കിയ സംസ്ഥാനമാണ് കേരളം. ഇനി ക്ലാസിൽ എത്തിച്ചേർന്ന മുഴുവൻ കുട്ടികൾക്കും ശരിയായ പഠനത്തിനും വികാസത്തിനും അനുഗുണമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഒരുക്കുക യെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിന്റെ ഭാഗമായി വേണ്ടിവന്ന ഘടനാപരമായും ഉള്ളടക്കപരമായും മാറ്റങ്ങളാണ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ളത്. കോത്താരി കമ്മീഷൻ റിപ്പോർട്ടിലും പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്ക ണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച വിവരങ്ങൾ

101(5975) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ പക്കലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലായെങ്കിൽ ആയത് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അടിസ്ഥാനവിവരങ്ങൾ പോലും വിദ്യാഭ്യാസ വകുപ്പിന്റെ പക്കലില്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുമോ; ഓരോ ആവശ്യത്തിനും പ്രസ്തുത സ്കൂളുകൾ വിവരങ്ങൾ നൽകുകയും ആയത് സൂക്ഷിക്കാതെ തുടർന്നും നൽകിയ വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പ് ചോദിച്ചു കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് കമ്പ്യൂട്ടർ സംവിധാനം വിദ്യാഭ്യാസ വകുപ്പിൽ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഒരു സ്കൂൾ മാത്രമുള്ള മാനേജ്മെന്റിന്റെയും ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റിന്റെയും വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പക്കലുണ്ട്. എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അവശ്യമുണ്ടായിരിക്കേണ്ട ഏതെങ്കിലും വിവരം നിലവിൽ ലഭ്യമല്ലെന്നുണ്ടെങ്കിൽ ആയത് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ വിവരങ്ങൾ 'hscap' വഴി എല്ലാ വർഷവും അപ്ഡേറ്റ് ചെയ്യാറുണ്ട്. തൊഴിലധിഷ്ഠിത ഹയർസെക്കന്ററി സ്കൂളുകളുടെ വിവരം ശേഖരിച്ചിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ പക്കൽ ലഭ്യമാണ്. വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുകയും ആയതിന് കമ്പ്യൂട്ടർ സംവിധാനങ്ങളുടെ സഹായം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(സി) ഒരു സ്കൂൾ മാത്രമുള്ള മാനേജ്മെന്റിന്റെയും ഒന്നിലധികം സ്കൂളുകളുള്ള മാനേജ്മെന്റിന്റെയും വിവരങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഹയർ സെക്കന്ററി വിഭാഗത്തിലെ മാനേജ്മെന്റിന്റെ കീഴിലുള്ള ഹയർസെക്കന്ററി സ്കൂളുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ ഉപമേഖലാ മേധാവിയുടെയും പക്കൽ ലഭ്യമാണ്.

## മാനസിക വൈകല്യമുള്ള കുട്ടികളുടെ പഠന നിലവാരം

102(T 5976) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ തുടങ്ങിയ വൈകല്യമുള്ള കുട്ടികളെ പരിപാലിക്കാൻ ബി.ആർ.സി.(ബ്ലോക്ക് റിസോഴ്സ് സെന്റർ)-യിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേഷൻ ടീച്ചർ എന്നിവരുടെ സേവനം ഇരുപത്തിനാലുമണിക്കൂറും ലഭ്യമാകുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓട്ടിസം പാർക്ക് പോലെയുള്ള കേന്ദ്രങ്ങളിൽ ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനം സ്ഥിരമായി ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ;

(സി) ആർ.പി.ഡബ്ല്യൂ.ഡി.(റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ) 2016 ആക്ട് പ്രകാരം, നിലവിൽ 8,14,18 എന്നീ വയസ്സുകളിൽ സൈക്ക്യാട്രിസ്റ്റ് നൽകിയിരുന്ന പഠന വൈകല്യ സർട്ടിഫിക്കറ്റ് ഇപ്പോൾ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, പീഡിയാട്രീഷ്യൻ, ഒക്കുപേഷണൽ തെറാപ്പിസ്റ്റ് എന്നിവരടങ്ങുന്ന മെഡിക്കൽ ബോർഡ് നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പത്താം ക്ലാസ് മൂല്യനിർണയത്തിനു മുൻപായി വളരെ തിരക്കുപിടിച്ച രീതിയിൽ ഇത്തരം വൈകല്യ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുപകരം ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് നിർബന്ധമായും പഠനവൈകല്യ നിർണ്ണയം നടത്തുകയും പഠന വൈകല്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ കീഴിൽ ട്രയിനിംഗും തെറാപ്പിയും നൽകിയാൽ ഇത്തരം കിട്ടികൾക്ക് നല്ല രീതിയിലുള്ള പുരോഗതി കൈവരിക്കാനാകുമെന്നതിനാൽ ഇതിനായി എന്തെല്ലാം തുടർനടപടികളാണ് വിദ്യാഭ്യാസ വകുപ്പ് കൈകൊണ്ടിട്ടുള്ളത്; വിശദമാക്കാമോ;

(ഇ) ആർ.പി.ഡബ്ല്യൂ.ഡി.(റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ) 2016 ആക്ട് പ്രകാരം, ഐക്യൂ ലെവൽ 86-നും അതിന് മുകളിലുമുള്ള കുട്ടികൾക്ക് പഠന വൈകല്യ സർട്ടിഫിക്കറ്റും ഐക്യൂ ലെവൽ 70-ന് താഴെയുള്ള കുട്ടികൾക്ക്

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

മെന്റൽ റിട്ടാർഡേഷൻ സർട്ടിഫിക്കറ്റും നൽകുന്നുണ്ടോ; 70-നും 86-നും ഇടയിൽ (ബോർഡർ ലൈൻ ഐക്യൂ ) ഐക്യൂ ഉള്ള കുട്ടികൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റിനെ കുറിച്ച് പ്രസ്തുത നിയമത്തിൽ പരാമർശിക്കാസത്ത തിനാൽ ഇത്തരം കുട്ടികൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റിനെ കുറിച്ചും വിദ്യാഭ്യാസ അനുകൂല്യങ്ങളെ കുറിച്ചും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) സ്കൂളുകളിൽ നിലവിൽ റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ വേണ്ടത്ര യോഗ്യതയും പ്രാവീണ്യവും ഇല്ലാത്തവരാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) വേണ്ടത്ര യോഗ്യതയും പ്രാവീണ്യവും ആർ.സി.ഐ.(റീഹാബിലി റ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ )-ന്റെ രജിസ്ട്രേഷനും ഇല്ലാത്ത റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്നവരെ മാറ്റി പ്രത്യേക പരിഗണന വേണ്ട ഇത്തരം കുട്ടികളെ പഠിപ്പിക്കുന്നതിന് പ്രത്യേക യോഗ്യതയുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയോഗിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) പ്രതിവർഷം നടക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ ഡോക്ടർമാർ നിർദ്ദേശിക്കുന്ന കുട്ടികൾക്ക് ആവശ്യമുള്ള തെറാപ്പികൾ നൽകുന്നതിനുള്ള തെറാപ്പിസ്റ്റുകളെ ബ്ലോക്ക് റിസോഴ്സ് സെന്റർ തലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഓട്ടിസം പാർക്കുകൾ സംസ്ഥാനത്ത് പ്രവർത്തനസജ്ജമായിട്ടില്ല.

(സി) മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് ആന്റ് എംപവർമെന്റ് മന്ത്രാലയത്തിലെ ഡിപ്പാർട്ട്മെന്റ് ഓഫ് എംപവർമെന്റ് ഓഫ് പേഴ്സൺ വിത്ത് ഡിസ്എബിലിറ്റീസിന്റെ എസ്.ഒ. 76(ഇ) വിജ്ഞാപനപ്രകാരമുള്ള മാർഗ്ഗനിർദ്ദേശം അനുസരിച്ചാണ് 8, 14, 18 പ്രായത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത്.

(ഡി) പഠനവൈകല്യം പ്രൈമറി ക്ലാസുകളിൽ വച്ച് തന്നെ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ എസ്.ഒ. 76(ഇ) വിജ്ഞാപനപ്രകാരം 8 വയസ്സിനുമുമ്പ് പഠനവൈകല്യം തിട്ടപ്പെടുത്തുവാൻ സാധിക്കില്ല.

(ഇ) മെഡിക്കൽ ബോർഡിനെ സമീപിക്കുന്നവർക്ക് മാനദണ്ഡപ്രകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ബോർഡർ ലൈൻ ഐ.ക്യൂ. ഉള്ള കുട്ടികൾക്ക് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, ടി.എൽ.എം. ലഭ്യത, അനുരൂപീകരണം

നടത്തിയ പഠനസാമഗ്രികൾ തുടങ്ങി വിവിധതരത്തിലുള്ള പിന്തുണ നൽകി വരുന്നു. എന്നാൽ ഇവരുടെ സർട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആരോഗ്യ വകുപ്പാണ് നടപടി സ്വീകരിക്കുന്നത്.

(എഫ്) നിലവിൽ യോഗ്യതയുള്ളവരും പ്രാവീണ്യമുള്ളവരുമാണ് റിസോഴ്സ് ടീച്ചർമാരായി പ്രവർത്തിക്കുന്നത്.

(ജി) റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ.) യുടെ രജിസ്ട്രേഷൻ ഉള്ളവരെയാണ് റിസോഴ്സ് ടീച്ചർമാരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്. എന്നാൽ ആർ.സി.ഐ. രജിസ്ട്രേഷൻ പുതുക്കുവാനുള്ളവരെ നിശ്ചിത കാലാവധിക്കുള്ളിൽ (6 മാസം) പുതുക്കാമെന്ന വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്.

## പരീക്ഷാ പേടി അകറ്റുന്നതിന് പ്രത്യേക സംവിധാനം

103(5977) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കുട്ടികൾക്ക് പരീക്ഷ അടുക്കുമ്പോഴും എൻട്രൻസ് പരീക്ഷയെ അഭിമുഖീകരിക്കുമ്പോഴും ഉണ്ടാകുന്ന പരീക്ഷാപ്പേടി അകറ്റുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പ്രത്യേക പരിശീലനം ആലോചിക്കുന്നുണ്ടോ;

(ബി) എൻട്രൻസ് പരീക്ഷയിലെ പരാജയംമൂലം ആത്മഹത്യ പോലും ഉണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ പ്രത്യേക സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ പരീക്ഷാപ്പേടി അകറ്റുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഒരു ടോൾഫ്രീ ടെലികൗൺസിലിംഗ് സംവിധാനം, "വീ ഹെൽപ്പ്" എന്ന പേരിൽ പരീക്ഷയോടനുബന്ധിച്ച് ഒരു മാസക്കാലം നടപ്പിലാക്കിവരുന്നുണ്ട്. കൗമാരക്കാരുടെ ശാക്തീകരണത്തിനായി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. ക്ലബ്ബുകളുടെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഹയർ സെക്കന്ററി അദ്ധ്യാപികയെ/അദ്ധ്യാപകനെ സൗഹൃദ കോ-ഓർഡിനേറ്റർമാരായി നിയമിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ മാനസിക

സമ്മർദ്ദങ്ങൾ ലഘൂകരിക്കുന്നതിനും കൗൺസിലിംഗ് ഉൾപ്പെടെയുള്ള ശാക്തീകരണം നൽകുന്നതിനും ടി അദ്ധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്. അതിനുപുറമെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളിലും സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ ഫോൺ നമ്പരുകൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാനും കുട്ടികളുടെ മാനസിക സമ്മർദ്ദങ്ങൾ കുറയ്ക്കാനായി കൗൺസിലിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനായി പ്രസ്തുത നമ്പറുകൾ ഉപയോഗപ്പെടുത്താനും പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പഠനത്തോടുള്ള വിമുഖതയും പരീക്ഷയെ അഭിമുഖീകരിക്കുവാനുമുള്ള പേടിയും അകറ്റുന്നതിനായി കൗൺസിലിംഗ് രംഗത്തെ പ്രഗത്ഭരുമായി വിദ്യാർത്ഥികൾക്ക് നേരിട്ട് സംസാരിക്കുന്നതിനായി വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് നടപ്പിലാക്കിവരുന്നതാണ് ഹാപ്പി ലേണിംഗ്.

(ബി) പത്താം ക്ലാസ് വരെയുള്ള കുട്ടികളുടെ കൗൺസിലിംഗ് കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. ഹയർ സെക്കണ്ടറിയിലെ സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ സേവനം എൻട്രൻസ് പരീക്ഷാ സമയത്തും ഉപയോഗപ്പെടുത്താവുന്നതാണ്. പ്രത്യേക പരിശീലനം ലഭിച്ച സൗഹൃദ കോ-ഓർഡിനേറ്റർമാർ ഇത്തരത്തിലുള്ള കൗൺസിലിംഗും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് സദാസമയവും സന്നദ്ധരാണ്. ഈ സംവിധാനം തുടർന്നും എൻട്രൻസ് പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ആത്മവിശ്വാസത്തോടും സ്പഷ്ടമായ മനോഭാവത്തോടും കൂടി കഴിവുകൾ പ്രകടമാകാൻ കുട്ടികളെ പ്രാപ്തമാക്കുന്നതാണ് വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പ് നടപ്പിലാക്കിവരുന്ന ഇൻസൈറ്റ്.

## ഓട്ടിസം പാർക്ക്

104(5978) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തെ ബഡ്ജറ്റിൽ എല്ലാ ജില്ലകളിലും ഓട്ടിസം പാർക്ക് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും നാളിതുവരെയായി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

ഉണ്ട്. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഓട്ടിസം പാർക്ക് 'എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 8 സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് (കെട്ടിട വിഭാഗം) നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം

105(5979) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒമ്പതാം ക്ലാസ് മുതൽ ഓരോ വിഷയത്തിലും ബിരുദാനന്തര ബിരുദം നേടിയ അദ്ധ്യാപകർ കുട്ടികളെ പഠിപ്പിക്കണമെന്ന് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളെ കമ്പ്യൂട്ടർ പഠിപ്പിക്കുന്നത് നിലവിൽ ആരാണ്; കമ്പ്യൂട്ടർ പഠിപ്പിക്കുന്നത് കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദം ഉള്ള അദ്ധ്യാപകരാണോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ 1 മുതൽ 8 വരെ ക്ലാസുകളിലെ അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വ്യവസ്ഥയാണ് നിഷ്കർഷിച്ചിരിക്കുന്നത്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളെ കമ്പ്യൂട്ടർ പഠിപ്പിക്കുന്നതിനായി പ്രത്യേകം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. KITE-ന്റെ പരിശീലനം നേടിയ അദ്ധ്യാപകരാണ് നിലവിൽ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്നത്. ഈ അദ്ധ്യാപകർക്ക് കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തര ബിരുദമുണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

## സ്കൂൾ കുട്ടികളുടെ ബാഗിന്റെ ഭാരം

106(5980) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ ബാഗിന്റെ ഭാരം നിശ്ചയിച്ച് ആയത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ക്ലാസ്സ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂൾ കുട്ടികളുടെ പുസ്തകഭാരവും പഠനഭാരവും കുറയ്ക്കുന്നതിനും ആനുപാതികമായി പഠനസമയം പരിഷ്കരിക്കുന്നതിനും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായോ അല്ലാതെയോ ഉള്ള സർക്കാർ പദ്ധതികളിൽ കുട്ടികളുടെ പഠനത്തിന്റെ ഭാഗമായുള്ള ശാരീരികവും മാനസികവുമായ പ്രയാസങ്ങൾ കുറവ് ചെയ്യുന്നതിനുള്ള പദ്ധതികൾ കൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്കൂൾ കുട്ടികളുടെ പുസ്തക ഭാരം കുറയ്ക്കുന്നതിനായി ടെക്സ്റ്റ് ബുക്കുകൾ മൂന്ന വാല്യങ്ങളിലായി അച്ചടിച്ച് കുട്ടികൾക്ക് വിതരണം ചെയ്തുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

## സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം

107(5981) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾ സുരക്ഷക്കായി വിദ്യാഭ്യാസവകുപ്പ് എന്തെല്ലാം നിബന്ധനകളാണ് നിർദ്ദേശിച്ചിട്ടുള്ളത്; പൂർണ്ണ വിവരങ്ങൾ നൽകുമോ?

ഉത്തരം

മോട്ടോർ വാഹന വകുപ്പിന്റെ സഹകരണത്തോടെ എല്ലാ സ്കൂൾ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും ആയതു സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകരുതെന്ന നിർദ്ദേശം നൽകുകയും ബസിലെ ഡ്രൈവർമാർക്കും മറ്റ് ജീവനക്കാർക്കും സ്കൂൾ ബസുകൾ ഓടിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ചും കുട്ടികളുടെ സുരക്ഷ സംബന്ധിച്ചും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

## അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്)

108(5982) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്) നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഏതൊക്കെ കോഴ്സുകളാണ് ഇത്തരം സ്കൂളുകളിൽ നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) അസാപ് നടപ്പിലാക്കുന്നതിന് സ്കൂൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കിയ സ്കൂളുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) അസാപിന്റെ ഭാഷാ പ്രയോഗ നൈപുണ്യവും വിവരസാങ്കേതിക വിദ്യയും പരിശീലിപ്പിക്കുന്ന ഫൗണ്ടേഷൻ പരിശീലനം എല്ലാ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ലഭ്യമാകുന്ന വ്യവസായ ബന്ധിത നൈപുണ്യ കോഴ്സുകൾ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കോഴ്സുകളുടെ പട്ടികയും തനതുവർഷം നടപ്പാക്കി വരുന്ന കോഴ്സുകളുടെ പട്ടികയും അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) സർക്കാർ, എയ്ഡഡ് മേഖകളിലുള്ള എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും അസാപ് പരിശീലനത്തിനു താൽപര്യ പത്രം നൽകാവുന്നതാണ്. ഇത്തരം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമും 15 കമ്പ്യൂട്ടറുകളുടെ ലഭ്യതയും ആവശ്യമുണ്ട്. ഒന്നാം വർഷ ഹയർ സെക്കണ്ടറി ക്ലാസിലെ കുറഞ്ഞത് 25 കുട്ടികൾ താല്പര്യപ്പെടുന്ന പക്ഷം അസാപ് പരിശീലനം അനുവദിച്ചു വരുന്നു.

## അംഗീകാരം നൽകാത്ത അദ്ധ്യാപക തസ്തികകൾ

109(5983) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഞ്ച് വർഷമായി ശമ്പളമോ സർവ്വീസ് ആനുകൂല്യങ്ങളോ ഇല്ലാതെ ആയിരക്കണക്കിന് ഹയർ സെക്കന്ററി അദ്ധ്യാപകർ ദുരിതത്തിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അമ്പതിൽ താഴെ വിദ്യാർത്ഥികൾ മാത്രമേ ഉള്ളു എന്നതിനാൽ 2014-ൽ തുടങ്ങിയ നാല്പത് എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക തസ്തികയ്ക്ക് അംഗീകാരം നൽകാത്ത സ്ഥിതിവിശേഷമുണ്ടോ;

(സി) ധനവകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും ശിപാർശ പ്രകാരം യു.ഡി.എഫ്. സർക്കാർ 2016-ൽ മേല്പറഞ്ഞ അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകി ഉത്തരവായിരുന്നോ; ഈ തീരുമാനം നടപ്പിലാക്കുന്നത് തടഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ സംരക്ഷണത്തിന് എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയന വർഷം മുതൽ എയ്ഡഡ് മേഖലയിൽ അനുവദിച്ച പുതിയ സ്കൂളുകളിലും/അധിക ബാച്ചുകളിലും നിയമിക്കപ്പെട്ട് അംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തസ്തിക സൃഷ്ടിക്കുന്നതിന് വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച മാനദണ്ഡം പാലിച്ചിട്ടില്ലാത്ത 20 പുതിയ സ്കൂളുകളിലും 8 പുതിയ ബാച്ചുകളിലും തസ്തിക സൃഷ്ടിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പിരിവ് (സി)ക്ക് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**അദ്ധ്യാപക യോഗ്യതാ പരീക്ഷ**

110(5984) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക യോഗ്യതാ പരീക്ഷ (കെ-ടെറ്റ്) എന്നുമുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ; ഓരോ വർഷവും അപേക്ഷിച്ചവരുടെയും വിജയികളുടെയും എണ്ണം കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) കെ.ടെറ്റ് പാസ്സായി നിശ്ചിത വർഷത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കണമെന്ന നിബന്ധനയുണ്ടോ; യോഗ്യതയ്ക്ക് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഹയർസെക്കണ്ടറി അദ്ധ്യാപക യോഗ്യതാ പരീക്ഷയുമായി (സെറ്റ്) താരതമ്യപ്പെടുത്തുമ്പോൾ കെ-ടെറ്റിനുള്ള താഴ്ന്ന വിജയ ശതമാനത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ അവ പരിശോധിച്ച് നടപടികളെടുക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2012 മുതലാണ് കെ-ടെറ്റ് പരീക്ഷ ആരംഭിച്ചത്. 2012 മുതൽ 2019 വരെയുള്ള പരീക്ഷകളിൽ അപേക്ഷിച്ചവരുടെയും വിജയികളുടെയും എണ്ണം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) NCTE ഗൈഡ്‌ലൈൻസ് പ്രകാരം TET പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് (validity period) പരമാവധി 7 വർഷം എന്നതിന് വിധേയമായി അതത് സർക്കാരുകൾക്ക് തീരുമാനിക്കാം എന്നാണ്. കേരളത്തിൽ കെ-ടെറ്റ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടില്ല. ആയതിനാലാണ് പരീക്ഷാ സർട്ടിഫിക്കറ്റിന്റെ പരമാവധി സാധുതാ കാലയളവായ 7 വർഷം കെ-ടെറ്റ് സർട്ടിഫിക്കറ്റിനും ബാധകമായത്. NCTE ഗൈഡ്‌ലൈൻസിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) സെറ്റ് പരീക്ഷ എഴുതുന്നത് പി.ജി. യോഗ്യതയുള്ളവരാണ്. എന്നാൽ കെ-ടെറ്റ് പരീക്ഷ ഡിഗ്രി വരെ മാത്രം യോഗ്യതയുള്ളവരെ ഉദ്ദേശിച്ചാണ്. അതിനാൽ താരതമ്യപഠനം പ്രായോഗികമല്ല. എന്നാൽ ഇതുവരെയുള്ള കെ-ടെറ്റ് പരീക്ഷാ റിസൾട്ടുകൾ അവലോകനം ചെയ്താൽ വിജയശതമാനത്തിൽ ക്രമാനുഗതമായ വർദ്ധനവുണ്ടായതായി കാണാം.

## പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക്

111(5985) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക് ചേർക്കരുതെന്ന നിർദ്ദേശം എസ്.സി.ഇ.ആർ.റ്റി.സി.യും, ബാലാവകാശ കമ്മീഷനും നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത ശിപാർശകൾ നിലനിൽക്കുമ്പോൾ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകൾക്ക് മാർക്കിനോടൊപ്പം ഗ്രേസ് മാർക്കും ചേർക്കുന്ന രീതി ഇപ്പോഴും തുടരുന്നുണ്ടോ;

(സി) ലിറ്റിൽ കൈറ്റ്സിൽ പഠിക്കുന്നവർക്കും അവധികാലത്ത് നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കുന്നതുമായ കുട്ടികൾക്ക് പുതിയതായി ഗ്രേസ് മാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പരീക്ഷയുടെ മാർക്കിനോടൊപ്പം ഗ്രേസ് മാർക്ക് ചേർക്കരുതെന്ന നിർദ്ദേശം എസ്.സി.ഇ.ആർ.റ്റി.സി.-യിൽ നിന്നോ ബാലാവകാശ കമ്മീഷനിൽ നിന്നോ ലഭിച്ചിട്ടില്ല. ഗ്രേസ് മാർക്ക് വിവിധ വിഷയങ്ങളുടെ സ്കോറിനോടൊപ്പം ചേർത്തു ഫലപ്രഖ്യാപനം നടത്തുന്ന നിലവിലെ രീതിയെ സംബന്ധിച്ച് പല വിമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രേസ് മാർക്ക് സംബന്ധിച്ച പഠനം നടത്താൻ എസ്.സി.ഇ.ആർ.റ്റി. തീരുമാനിക്കുകയുണ്ടായെങ്കിലും പഠനം പൂർത്തിയായിട്ടില്ല.

(ബി) മുൻവർഷങ്ങളിലെ പോലെ ഈ വർഷവും എസ്.എസ്.എൽ.സി./പ്ലസ്ടു പരീക്ഷയുടെ മാർക്കിനൊപ്പം ഗ്രേസ് മാർക്ക് ചേർത്ത് നൽകിയിട്ടുണ്ട്.

(സി) ലിറ്റിൽ കൈറ്റ്സിൽ പഠിക്കുന്നവർക്കോ അവധിക്കാലത്ത് നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കുന്നവർക്കോ പുതിയതായി ഗ്രേസ് മാർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടില്ല.

## വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായുള്ള കമ്മിറ്റികൾ

112(5986) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-ൽ നിലവിൽ വന്ന വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ രൂപീകരിക്കേണ്ട കമ്മിറ്റികൾ ഏതെല്ലാം. ഇതിൽ ഏതെല്ലാം കമ്മിറ്റികൾ നിലവിലുണ്ട്; പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ പേരും സ്ഥാനപ്പേരും ചുമതലകളും അറിയിക്കാമോ;

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പ്രസ്തുത കമ്മിറ്റികൾ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ഈ കമ്മിറ്റികൾ നടത്തിയ യോഗങ്ങളുടെ നടപടിക്കുറിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന ഘടനയും വിദ്യാഭ്യാസ അവകാശ നിയമം 2009 മുന്നോട്ട് വച്ച പ്രൈമറി, എലിമെന്ററി സ്കൂൾ ഘടനയും വ്യത്യസ്തപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ. പ്രകാരം കേരളത്തിൽ 1 മുതൽ 4 വരെയും 5 മുതൽ 7 വരെയും 8 മുതൽ 10 വരെയും ആണ് സ്കൂൾ വിദ്യാഭ്യാസ ഘടന.

ഇത് 1 മുതൽ 5 വരെയും 6 മുതൽ 8 വരെയും ആയി പരിമിതപ്പെടുത്തി കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ വിവക്ഷിച്ചിരിക്കുന്നു. വിദ്യാഭ്യാസാവകാശ നിയമത്തിൽ എലിമെന്ററി സ്റ്റേജിന്റെ ഭാഗമാണ് 8-ാം ക്ലാസ്. കൂടാതെ സംസ്ഥാനത്ത് പ്രൈമറി വിദ്യാഭ്യാസത്തിനുള്ള പ്രായം 5 ആയിരുന്നെങ്കിലും കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമത്തിൽ പ്രൈമറി ക്ലാസിലേയ്ക്കുള്ള പ്രവേശനത്തിനുള്ള പ്രായം 6 ആണ്. ഇവയൊക്കെ കേന്ദ്ര വിദ്യാഭ്യാസാവകാശ നിയമം നടപ്പാക്കുമ്പോൾ അനുഭവപ്പെടുന്ന വിഷയങ്ങളായി കാണുന്നു.

(ബി-ഡി) ഈ നിയമത്തിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ രൂപീകരിക്കേണ്ട സംസ്ഥാന ഉപദേശക സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ ജി.എഫ്.സി. അദ്ധ്യാപകരുടെ ഒഴിവുകൾ**

113(5987) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കൻണ്ടറിയിൽ ജി.എഫ്.സി. അദ്ധ്യാപക തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ മേഖലയിലെ വി.എച്ച്.എസ്.സി. സ്കൂളുകളിൽ രണ്ട് ബാച്ചുകളുള്ള എത്ര സ്കൂളുകളുണ്ട് എന്ന് അറിയിക്കുമോ; പ്രസ്തുത സ്കൂളുകളിൽ ജി.എഫ്.സി. തസ്തികയിൽ എത്ര സ്ഥിരം അദ്ധ്യാപകരുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഒഴിവുകളില്ല.

(ബി) 147 സ്കൂളുകൾ. പ്രസ്തുത സ്കൂളുകളിൽ ജി.എഫ്.സി. തസ്തികയിൽ സ്ഥിരം അദ്ധ്യാപകരില്ല.

**അദ്ധ്യാപകരുടെ തസ്തിക നഷ്ടം**

114(5988) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ റഹ്മാനിയ വികലാംഗ വിദ്യാലയത്തിൽ തസ്തിക നഷ്ടംമൂലം പുറത്തായ സംരക്ഷിത അദ്ധ്യാപകരിൽ ജൂനിയർ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുകയും സീനിയർ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാതിരിക്കുകയും ചെയ്ത സാഹചര്യം വിശദമാക്കാമോ;

(ബി) വേതനം നൽകാത്ത കാലയളവിലെ ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ റഹ്മാനിയ വികലാംഗ വിദ്യാലയത്തിൽ തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിച്ചപ്പോൾ ജൂനിയർ അദ്ധ്യാപകർക്ക് ശമ്പളം പൂർണ്ണമായും ലഭിക്കുകയും സീനിയർ അദ്ധ്യാപകർക്ക് ഏതാനും മാസത്തെ ശമ്പളം ലഭിക്കാതെയും വരികയും ചെയ്തിട്ടുണ്ട്. എസ്.എസ്.എ.-യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതിനാലാണ് അപ്രകാരം സംഭവിച്ചത്.

(ബി) വേതനം നൽകാത്ത കാലയളവിലെ ശമ്പളം ലഭ്യമാക്കാനുള്ള വിഷയം പരിശോധിച്ചുവരികയാണ്.

**പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകൾ**

115(5989) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കൈമാറ്റം ചെയ്യാതെ തന്നെ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്കൂളുകൾ അടച്ചുപൂട്ടിക്കഴിഞ്ഞാൽ ഇത്തരം കെട്ടിടത്തിൽ ഗ്രാമപഞ്ചായത്തിന് മറ്റ് സ്ഥാപനങ്ങൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ അടച്ചുപൂട്ടുന്ന സ്കൂളുകളുടെ ഫർണീച്ചറുകൾ, അടുക്കള സാധനങ്ങൾ തുടങ്ങിയവ സമാനമായ ആവശ്യമുള്ള സ്കൂളുകൾക്ക് നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ സ്കൂളുകളുടെ മേൽനോട്ടവും നിയന്ത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത് കൊടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്കൂളുകളുടെ ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിൽക്കുന്നതിനാൽ ടി സ്കൂളുകൾ അടച്ചുപൂട്ടിക്കഴിഞ്ഞാൽ അത് വിദ്യാഭ്യാസ വകുപ്പിന്റെ അനുവാദം കൂടാതെ ഗ്രാമപഞ്ചായത്തിന്റെ മറ്റ് സ്ഥാപനങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. കൂടാതെ സ്കൂളുകൾ വിദ്യാഭ്യാസേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാൻ പാടില്ലായെന്ന സർക്കാർ ഉത്തരവും നിലവിലുണ്ട്.

(ബി) അടച്ചുപൂട്ടുന്ന സർക്കാർ സ്കൂളുകളുടെ ഫർണിച്ചറുകൾ, അടുക്കള സാധനങ്ങൾ തുടങ്ങിയവ സമാന ആവശ്യമുള്ള സ്കൂളുകൾക്ക് നൽകുന്നതിൽ നിലവിൽ യാതൊരു തടസ്സവുമില്ല.

## പൊതുവിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

116 (5990) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകനിയമനം, തസ്തികനിർണ്ണയം, സ്ഥലംമാറ്റം, പ്രൊമോഷൻ എന്നീ ഭരണപരമായ പ്രവർത്തനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ബി) സ്ഥലംമാറ്റം പൂർണ്ണമായും ഓൺലൈൻ ആക്കിക്കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) കെ.ഇ.ആർ. വ്യവസ്ഥയ്ക്ക് അനുസൃതമായി അക്കാദമിക് മോണിറ്ററിംഗ് ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ;

(ഡി) അക്കാദമിക് മോണിറ്ററിംഗ് സംബന്ധിച്ച് ഖാദർകമ്മിറ്റി സമർപ്പിച്ച ശിപാർശകൾ വ്യക്തമാക്കുമോ; ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) പുതിയ പാഠ്യപദ്ധതി ശരിയായ രീതിയിൽ നടപ്പിലാക്കാൻ പറ്റുന്നവിധം അദ്ധ്യാപകരുടെ പ്രീസർവ്വീസ്, ഇൻസർവ്വീസ് പരിശീലനങ്ങൾ നടപ്പാക്കുമോ; വ്യക്തമാക്കുമോ;

(എഫ്) ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള അദ്ധ്യാപകർക്ക് പരിശീലനം നല്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) 2019-2020 മുതൽ തസ്തിക നിർണ്ണയം 'സമന്വയ' എന്ന സോഫ്റ്റ്‌വെയർ വഴി ഓൺലൈൻ സംവിധാനത്തിലാണ് നടത്തുന്നത്. സർക്കാർ സ്കൂൾ അദ്ധ്യാപകരുടെ സ്ഥലംമാറ്റം (കമ്പാഷണൽ ഗ്രൗണ്ടിൽ അല്ലാത്തത്) നിലവിൽ ഓൺലൈൻ സംവിധാനത്തിലാണ് നടത്തുന്നത്. എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും 2019-20 മുതൽ 'സമന്വയ' വഴി ഓൺലൈനായാണ് നിർവ്വഹിക്കുന്നത്.

(ബി) അദ്ധ്യാപക സ്ഥലംമാറ്റം (കമ്പാഷണൽ ഗ്രൗണ്ട് ഒഴികെ) പൂർണ്ണമായും ഓൺലൈനായിട്ടാണ് നടത്തുന്നത്.

(സി) അക്കാദമിക് മോണിറ്ററിംഗ് സ്കൂളുകളിൽ നടപ്പാക്കുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അക്കാദമിക് മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കാനുള്ള ടൂളുകളും ഫോർമാറ്റുകളും വികസിപ്പിച്ചെടുത്ത് വിദ്യാഭ്യാസ ഓഫീസർമാരുടെ നേതൃത്വത്തിൽ എല്ലാ സ്കൂളുകളും മോണിറ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന് സമർപ്പിച്ച ഖാദർ കമ്മിറ്റി ശിപാർശയുടെ ആദ്യഭാഗത്തിൽ വിദ്യാഭ്യാസഘടന, അദ്ധ്യാപക യോഗ്യത, അദ്ധ്യാപക പരിശീലനം, വിദ്യാഭ്യാസ മേഖലയിലെ വിവിധ സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത ശിപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* ആയത് നടപ്പിലാക്കുന്നതു സംബന്ധിച്ച് സ.ഉ.(കൈ) നമ്പർ 53/19/പൊവിവ തീയതി 31-5-2019 പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) അദ്ധ്യാപകർക്ക് അവധിക്കാല പരിശീലനങ്ങൾ എസ്.സി.ഇ.ആർ.ടി. -യുടെ നേതൃത്വത്തിൽ സമഗ്രശിക്ഷ കേരള നടപ്പിലാക്കിവരുന്നു. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് സമഗ്ര ശിക്ഷ കേരള നടപ്പിലാക്കുന്ന മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി, ഗണിതവിജയ, ശാസ്ത്രവാർത്ത തുടങ്ങിയ പരിപാടികളുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നുണ്ട്.

(എഫ്) അദ്ധ്യാപകർക്ക് സമഗ്രശിക്ഷ കേരളയും എസ്.സി.ഇ.ആർ.ടി.-യുമായി ചേർന്ന് നടത്തുന്ന പരിശീലനത്തിൽ കോർ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പരിശീലനം, ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ് പരിശീലനം എന്നിവ സംഘടിപ്പിച്ച ശേഷം ഫീൽഡ് തലത്തിൽ എട്ടുദിവസത്തെ പരിശീലനം നൽകിവരുന്നു. പരിശീലനം ആരംഭിക്കുന്നതിനു മുന്നോടിയായി ആശയവിനിമയത്തിലൂടെ മൊഡ്യൂൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പരിശീലനം സംഘടിപ്പിക്കുന്നത്. പരിശീലനത്തിൽ ചർച്ച ചെയ്ത വിഷയങ്ങൾ ക്ലാസ് മുറികളിൽ മികച്ച രീതിയിൽ നടത്തുന്നതിന് അദ്ധ്യാപകർക്ക് (എൽ.പി., യു.പി.) കൈപ്പുസ്തകം (കൈത്തിരി) നൽകുന്നുണ്ട്.

## വിദ്യാർത്ഥികൾ കുറവുള്ള സ്കൂളുകൾ

117(5991) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പത്തിൽ താഴെ വിദ്യാർത്ഥികളുള്ള എത്ര വിദ്യാലയങ്ങളുണ്ട്; എയ്ഡഡ്/സർക്കാർ മേഖല തിരിച്ച് വിശദാംശം നൽകുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപകരാണ് നിലവിലുള്ളത്;

(സി) ഇരുപത്തിയഞ്ചോ അതിൽ താഴെയോ വിദ്യാർത്ഥികളുള്ള സ്കൂളുകൾ അടച്ച് പൂട്ടുന്നതിനോ സമീപ സ്കൂളുകളുമായി ലയിപ്പിക്കുന്നതിനോ ഉദ്ദേശമുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പത്തിൽ താഴെ വിദ്യാർത്ഥികളുള്ള 37 സർക്കാർ സ്കൂളുകളും 93 എയ്ഡഡ് സ്കൂളുകളും നിലവിലുണ്ട്. സർക്കാർ സ്കൂളുകളിൽ 103-ഉം എയ്ഡഡ സ്കൂളുകളിൽ 227 അദ്ധ്യാപകരും ജോലി ചെയ്യുന്നു. ഇതുസംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പൊതുവിദ്യാലയങ്ങൾ (സർക്കാർ/എയ്ഡഡ്) സംരക്ഷിക്കുക എന്നതാണ് സർക്കാർ നയം. ആകയാൽ സ്കൂളുകൾ അടച്ചുപൂട്ടുന്നത്/സമീപ സ്കൂളുകളുമായി ലയിപ്പിക്കുന്നത് എന്നിവ സർക്കാരിന്റെ പരിഗണനയിലില്ല.

**ഉച്ചഭക്ഷണത്തിനുള്ള അരിവിതരണം**

118(5992) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനുള്ള അരി വിതരണം ചെയ്യുന്നതാരാണെന്ന് വ്യക്തമാക്കാമോ;

(ബി) അദ്ധ്യയനവർഷം തുടങ്ങി ദിവസങ്ങൾ കഴിഞ്ഞിട്ടും ജില്ലയിൽ മിക്ക സ്കൂളുകൾക്കും ഉച്ചഭക്ഷണത്തിനുള്ള അരി കിട്ടിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതിനുള്ള തുക വിദ്യാഭ്യാസ വകുപ്പ് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് നൽകാൻ വൈകിയതാണ് അരി ലഭിക്കാത്തതിന് കാരണമെന്ന് പറയുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) സാധാരണ ഏത് മാസത്തിലാണ് ഈ തുക അടയ്ക്കാറുള്ളതെന്നും ഇക്കുറി വൈകിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഇ) ഏത് ക്ലാസ്സുകളിലെ കുട്ടികൾക്കാണ് ഉച്ചയൂണ് നൽകിവരുന്നതെന്നും കാസർഗോഡ് ജില്ലയിൽ ഇതിനുവേണ്ടി വരുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരിയുടെ ഗുണനിലവാരം കുറഞ്ഞതു കാരണം ചില സ്കൂളുകൾ സപ്ലൈകോയിൽ നിന്നും അരി വാങ്ങിയിരുന്നില്ല. പല മാവേലി സ്റ്റോറുകളിൽ നിന്നും മോശമായ അരിയാണ് സ്കൂളുകൾക്ക് ലഭിച്ചത്. ഈ പ്രശ്നങ്ങളെല്ലാം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് ഇതിനകം പരിഹരിച്ചിട്ടുണ്ട്.

(സി) ശരിയല്ല. കഴിഞ്ഞ അദ്ധ്യയന വർഷക്കാലത്ത് എഫ്.സി.ഐ.- ക്ക് നൽകുവാനുള്ള മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) എഫ്.സി.ഐ.-യിൽ നിന്ന് ബില്ല് ലഭിക്കുന്ന മുറയ്ക്ക് തുക എഫ്.സി.ഐ. യുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-ട്രാൻസ്ഫർ മുഖേന കൈമാറുന്നു.

(ഇ) സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ ഒന്നു മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളും, എം.ജി.എൽ.സി., സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളോടനുബന്ധമായി നടത്തപ്പെടുന്ന പ്രീപ്രൈമറി കുട്ടികളും പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കഴിഞ്ഞ അദ്ധ്യയന വർഷം കാസർഗോഡ് ജില്ലയിലെ ഉച്ചഭക്ഷണ പദ്ധതിക്കായി 17,84,19,200 രൂപ (പതിനേഴ് കോടി എൺപത്തിനാല് ലക്ഷത്തി പത്തൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) ചെലവഴിച്ചു.

## വിദ്യാർത്ഥികളുടെ കായികക്ഷമത

119(5994) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പകുതിയോളം സ്കൂളുകൾക്ക് കളിസ്ഥലം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് കളിസ്ഥലം ഒരുക്കുന്നതിന് നടപടിയും പ്രോൽസാഹനങ്ങളും നൽകുവാൻ തയ്യാറാകുമോ;

(ബി) വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പി.ടി. പിരീയഡുകൾ കുട്ടികൾക്ക് അനുവദിക്കാത്തത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ;

(സി) വിദ്യാർത്ഥികളുടെ കായികക്ഷമതയും ആരോഗ്യവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ദിവസവും ഒരു പിരീയഡെങ്കിലും വ്യായാമങ്ങളോ, കളികളോ, പരിശീലനങ്ങളോ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളിസ്ഥലമില്ലാത്ത സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങൾക്ക് സ്കൂളുകളുടെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് ഒരുക്കുന്നതിനായി കായിക, യുവജനക്ഷേമ, തദ്ദേശ വകുപ്പുകളുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരമുള്ള പീരീഡുകൾ ഉൾപ്പെടുത്തി കുട്ടികൾക്കായി കായികപരിശീലനവും വ്യായാമങ്ങളും നടത്തിവരുന്നു.

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ പദ്ധതി**

120 (5994) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പിതാവിന്റെ മദ്യപാനംമൂലം പഠനം ഉപേക്ഷിച്ചവർ എത്ര ശതമാനമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ഡി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം 2017-18 അദ്ധ്യയനവർഷം വിശദമായ സർവ്വേ നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കൊഴിഞ്ഞുപോയ മുഴുവൻ കുട്ടികളുടെയും മറ്റ് ജില്ലകളിൽ തെരഞ്ഞെടുത്ത കുട്ടികളുടെയും വീടുകൾ സന്ദർശിച്ചാണ് സർവ്വേ നടത്തിയിട്ടുള്ളത്.

(ബി) കുട്ടികൾ പഠനം ഉപേക്ഷിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) മദ്യപാനം, മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയിലൂടെ അശാന്തമാക്കപ്പെടുന്ന കുടുംബാന്തരീക്ഷംമൂലം സർവ്വേ ചെയ്യപ്പെട്ടവരിൽ 11% പേർ പഠനം ഉപേക്ഷിച്ചതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാലയങ്ങളിലെ സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് ത്രിതലപഞ്ചായത്തുകളുടെ സഹായത്തോടെ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ എസ്.സി., എസ്.ടി. വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ് നൽകുന്നതു വഴി ഈ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഇത് സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

## വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്

121(5995) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സ് വഴിയിൽ വീണുകിട്ടിയെന്ന പരാതി അന്വേഷിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയൊക്കെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് വഴിയിൽ നിന്നും വീണു കിട്ടിയെന്ന പരാതിയിന്മേൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽ 2019 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസ് വഴിയിൽ വീണ വിഷയത്തിൽ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ പ്രാഥമികാന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ പ്രഥമാധ്യാപികയും ചീഫ് സൂപ്രണ്ടുമായ ശ്രീമതി പുഷ്പലത ഇ.ടി., സ്കൂളിലെ

ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടും കോഴിക്കോട് കല്ലാനോട് സെന്റ് മേരീസ് എച്ച്.എസ്.-ലെ അദ്ധ്യാപകനുമായ ശ്രീ. സണ്ണി ജോസഫ് എന്നിവരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും വേലവിലക്കിയിരുന്നു. പ്രസ്തുത ജീവനക്കാരെ അച്ചടക്ക നടപടി തുടർന്നുകൊണ്ടുതന്നെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിൽനിന്നും മൂല്യനിർണ്ണയ ക്യാമ്പിൽ എത്തിക്കുവാൻ കൊണ്ടുപോയ ഉത്തരക്കടലാസുകൾ വഴിയിൽ നഷ്ടപ്പെടുന്നതിന് ഇടവരുത്തിയത് കായണ്ണ സർക്കാർ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. സിബി എം.വി.-യാണ്. ടിയാനെ കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടർ വേലവിലക്കുകയും ചട്ടപ്രകാരമുള്ള അച്ചടക്കനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

## ഹൈടെക് സ്കൂൾ പദ്ധതി

122(5996) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിക്ക് ലഭ്യമാക്കിയ ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും ഉപയോഗം സംബന്ധിച്ച് എന്തെങ്കിലും ഓഡിറ്റ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018 ഒക്ടോബർ, നവംബർ മാസങ്ങളിൽ പ്രത്യേക ചോദ്യാവലി തയ്യാറാക്കി ഹൈടെക് സ്കൂൾ പദ്ധതിയുടെ ഒന്നാം ഘട്ട അവസ്ഥാപഠനം കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നടത്തിയിട്ടുണ്ട്.

(ബി) ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാ പഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രോജക്ടറുകളും ലാപ്ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ സമഗ്ര പോർട്ടലിലെ വിഭവങ്ങൾക്കുപുറമെ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വമെടുത്തിട്ടുണ്ട്. 1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ, 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ,

ലാപ്ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നു എന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രൊജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായി കാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ കൈറ്റ് നടത്തിയ പഠനത്തിന് ഉപരി ഹൈടെക് പ്രവർത്തനങ്ങളുടെ അനന്തരഫലത്തെക്കുറിച്ച് പഠനം നടത്തുന്നതിന് വേൾഡ് ബാങ്കും പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

123(5997) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമപ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്;

(സി) കേന്ദ്ര-സംസ്ഥാന അനുപാതങ്ങൾ തമ്മിൽ അന്തരമുണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം I-V വരെ ക്ലാസുകളിൽ 1:30 ഉം VI-VIII വരെ 1:35 ഉം ആണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ അനുപാതം തന്നെയാണ് സംസ്ഥാനത്ത് VIII വരെയുള്ള ക്ലാസുകളിൽ തുടർന്നു വരുന്നത്. IX, X ക്ലാസുകളിൽ 1:45 അനുപാതമാണുള്ളത്.

(സി) വിദ്യാഭ്യാസ അവകാശ നിയമം 2009, VIII വരെയുള്ള ക്ലാസുകൾക്ക് മാത്രം ബാധകമാണ്. പ്രസ്തുത ക്ലാസുകൾക്ക് വിദ്യാഭ്യാസാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അനുപാതം പുതുക്കി നിശ്ചയിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതിനാൽ ഇവ തമ്മിൽ ഇപ്പോൾ അന്തരമില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുന്നത്തുനാട് മണ്ഡലത്തിലെ വിദ്യാലയങ്ങളെ ഹൈടെക് ആക്കാൻ നടപടി

124(5998) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങൾ ഹൈടെക് ആക്കുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ എത്ര വിദ്യാലയങ്ങളാണ് ഹൈടെക് ആക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ എത്ര എൽ.പി., യു.പി. സ്കൂളുകളിൽ പ്രസ്തുത പദ്ധതി ഈ വർഷം പ്രാവർത്തികമാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ 38 വിദ്യാലയങ്ങളെ ഹൈടെക് ആക്കിയിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ 56 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലാണ് ഹൈടെക് ലാബ് പദ്ധതി നടപ്പാക്കുന്നത്.

## മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ

125(5999) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയനവർഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെയാണ് ഹൈടെക് ആക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിനായുള്ള പദ്ധതികളിൽ മഞ്ചേരി നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന സ്കൂളുകൾ ഉൾപ്പെട്ടിട്ടുണ്ട്.

1. മികവിന്റെ കേന്ദ്രം(5 കോടി)-പാണ്ടിക്കാട് ഗവ. ഹയർസെക്കണ്ടറി സ്കൂൾ.

2. അടിസ്ഥാന സൗകര്യ വികസനം (3 കോടി)- ജി.ബി.എച്ച്.എസ്.എസ്. മഞ്ചേരി, ജി.വി.എച്ച്.എസ്.എസ്., നെല്ലിക്കോത്ത്, ജി.എച്ച്.എസ്.എസ്. കാരക്കുന്ന്.

3. ആയിരം കുട്ടികളിൽ കൂടുതലുള്ള സ്കൂളുകൾ (3 കോടി) - ജി.ജി.എച്ച്.എസ്.എസ്, മഞ്ചേരി, ജി.എച്ച്.എസ്.എസ്. പട്ടിക്കാട്.

4. 500 -നും 1000 -നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ (1 കോടി)- വീമ്പൂർ ജി.യു.പി.എസ്., ഒരവമ്പറം ജി.എം.യു.പി.എസ്., പുല്ലൂർ ജി.യു.പി.എസ്.

8 മുതൽ 12 വരെ ക്ലാസുകളെ സാങ്കേതിക വിദ്യാസൗഹൃദമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി മഞ്ചേരി മണ്ഡലത്തിലെ 26 സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതിയും സർക്കാർ എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് നടപ്പിലാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 99 സ്കൂളുകളിൽ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്കൂളുകളിലെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി നടപ്പിലാക്കിവരുന്ന എല്ലാ പദ്ധതികളും മഞ്ചേരി മണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

(ബി) ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകൾക്ക് പൊതുവായി വിതരണം ചെയ്യുന്ന മൾട്ടി ഫങ്ഷൻ പ്രിന്റർ, ക്ലാസ് മുറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ്, പ്രൈമറി ഹൈടെക് ലാബ് പദ്ധതി പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഈ അദ്ധ്യയന വർഷം നടത്താനുദ്ദേശിക്കുന്ന എല്ലാ അക്കാദമിക പ്രവർത്തനങ്ങളും മഞ്ചേരി മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്.

(സി) ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള ഉപകരണങ്ങൾ പദ്ധതി നടപ്പിലാക്കുന്ന മണ്ഡലത്തിലെ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കി.

## തലശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

126(6000) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി എന്നിവ മുഖാന്തിരം ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും ഇതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചിറക്കര ഗവ. എച്ച്.എസ്.എസ്.-ന് 5 കോടി രൂപയും കതിരൂർ ഗവ. വി.എച്ച്.എസ്.എസ്.-ന് 3 കോടി രൂപയും കിഫ്ബി മുഖാന്തിരവും തലശ്ശേരി ഗവ. എൽ.പി. സ്കൂളിന് ഒരു കോടി രൂപ സംസ്ഥാന ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്കൂളുകളിൽ കിഫ്ബി മുഖാന്തരം ഫണ്ട് അനുവദിച്ച സ്കൂളുകളുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി കരാറുകാരനെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗവ. എൽ.പി. സ്കൂളിന്റെ താഴത്തെ നിലയുടെ പണി പൂർത്തിയായിട്ടുണ്ട്. മൂന്ന് സ്കൂളുകളുടെയും നിർമ്മാണ പ്രവൃത്തികൾ സത്വരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാറശ്ശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

127(6001) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നാളിതുവരെ ഏതൊക്കെ സ്കൂളുകൾക്കാണ് കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ ഇടപ്പള്ളിയിലെ കാര്യാലയം

128(6002) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കണ്ടറി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ ഇടപ്പള്ളിയിലെ കാര്യാലയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസ് എസ്.ആർ.വി.ഗവൺമെന്റ് എച്ച്.എസ്.എസ്. ഓഫീസ് കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷയിൽ അനുമതി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) എറണാകുളം ഹയർസെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപമേധാവിയുടെ ഇടപ്പള്ളി കാര്യാലയം പ്രവർത്തിക്കുന്നതിന് വേണ്ടി എറണാകുളം എസ്.ആർ.വി. ഗവൺമെന്റ് എച്ച്. എസ്. കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കസ്തൂരിരംഗൻ ഹാൾ താൽക്കാലികമായി വിട്ടുനൽകിക്കൊണ്ട് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## കരുനാഗപ്പള്ളിയിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

129(6003) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഏതെല്ലാം സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഭരണാനുമതി നൽകിയതെന്ന് വിശദീകരിക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചുവെന്നും അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദീകരിക്കുമോ;

(സി) ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ പരിശോധനാ ചുമതല ഏതെല്ലാം ഏജൻസികൾക്കാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്കുള്ള പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

## ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് കരുനാഗപ്പള്ളി ഗവൺമെന്റ് വൊക്കേഷണൽ ആന്റ് ഹയർ സെക്കന്ററി സ്കൂളിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ ഭൗതിക സാഹചര്യ വികസനത്തിന് തഴവ ഗവൺമെന്റ് വി.എച്ച്.എസ്.എസ്., കുലശേഖരപുരം ജി.എച്ച്.എസ്.എസ്. എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന തഴവ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്.-ന് ഭൗതിക സാഹചര്യ വികസനത്തിന് 3 കോടി രൂപയുടെയും 500-നും 1000-നും ഇടയിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന താഴെപ്പറയുന്ന 6 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. തഴവ എ.വി.എൽ.പി.എസ്.
2. തൊടിയൂർ ഗവൺമെന്റ് എച്ച്.എസ്.എസ്.
3. ആദിനാട് ജി.യു.പി.എസ്.
4. ചെറിയഴീക്കൽ ഗവ. വി.എച്ച്.എസ്.എസ്.
5. കരുനാഗപ്പള്ളി യു.പി.ജി.എസ്.
6. കുഴിത്തറ ഗവൺമെന്റ് എഫ്.എച്ച്.എസ്.എസ്.

(ബി) മികവിന്റെ കേന്ദ്രമായി (5 കോടി വിഭാഗം) തെരഞ്ഞെടുത്ത കരുനാഗപ്പള്ളി ഗവ. വൊക്കേഷണൽ ആന്റ് ഹയർസെക്കന്ററി സ്കൂളിന്റെ പൈൽ ഫൗണ്ടേഷന്റെ നിർമ്മാണം കഴിഞ്ഞ് ആദ്യനിലയുടെ പണികൾ നടന്നുവരുന്നു. 26% നിർമ്മാണം പൂർത്തിയായി. അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം അനുവദിച്ച തഴവ ഗവൺമെന്റ് വി.എച്ച്.എസ്.-ന്റെ 8% നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കുലശേഖരപുരം ജി.എച്ച്.എസ്.എസ്. -ന്റെ 33% നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ SPV (Special Purpose Vehicle) ആയ 'കൈറ്റി'നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രാരംഭനടപടികൾ നടന്നുവരുന്നു.

**ധനുസ്സ് പദ്ധതി**

130(6004) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിരുദ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി ഇന്ത്യയിലെ മികച്ച സർവ്വകലാശാലകളിലും, കോളേജുകളിലും ഉപരിപഠനത്തിന് അവസരം ലഭിക്കുന്നതിന് സഹായകമായ ധനുഷ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ അക്കാദമിക് സഹായത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേനയാണ് ധനുസ്സ് പദ്ധതി നടപ്പിലാക്കുന്നത്. ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയ തലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലുമുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിനുവേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയാണ് 'ധനുസ്സ്.' കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിലുള്ള ഉന്നതവിദ്യാഭ്യാസ ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ മൂന്നുവർഷം നീണ്ടുനിൽക്കുന്ന സൗജന്യ പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. പരീക്ഷണാർത്ഥം കോഴിക്കോട് ജില്ലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിജയകരമാണെന്ന് കണ്ടാൽ മറ്റ് ജില്ലകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നത് ആലോചനയിലുണ്ട്. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിലെ മാർക്ക്, പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം.

**ചലഞ്ച് ഫണ്ട്**

131(6005) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ചലഞ്ച് ഫണ്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ചലഞ്ച് ഫണ്ടിനായുള്ള അപേക്ഷകൾക്ക് സമയപരിധി ഏർപ്പെടു ത്തിയിട്ടുണ്ടോ;

(സി) ഈ ഫണ്ടിനായി നാളിതുവരെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട്;

(ഡി) ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 30/2018/ധന. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരണമായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുന്ന എയ്ഡഡ് സ്കൂളുകൾക്കാണ് ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിന് ഭരണാനുമതി നൽകുന്നത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) അപേക്ഷകൾ സമയബന്ധിതമായി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി 44 എയ്ഡഡ് സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള സ്കൂൾ ലിസ്റ്റ് അനുബന്ധം 2-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) ആലപ്പുഴ ജില്ലയിലെ സെന്റ് ജോസഫ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

**ചലഞ്ച് ഫണ്ട്**

132 (6006) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വികസന പരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങൾക്കുള്ള ചലഞ്ച് ഫണ്ട് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങളാണ് വിദ്യാഭ്യാസ വകുപ്പ് എടുത്തിട്ടുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിൽ സഹായധനം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ്, അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 1-3-2018-ലെ സ.ഉ. (അച്ചടി) നമ്പർ 30/2018/ധന. സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ ശിപാർശ സഹിതം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിൽ മാനേജ്മെന്റ് വിഹിതം പ്രധാനാദ്ധ്യാപകന്റെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ രേഖകൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(ബി) ചലഞ്ച് ഫണ്ട് അനുവദിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ 12 എയ്ഡഡ് സ്കൂളുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്കൂൾ ലിസ്റ്റ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

**കുന്ദമംഗലം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് കെട്ടിടം**

133(6007) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര സ്കൂളുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികളാണ് ടെണ്ടർ ചെയ്തിട്ടുള്ളത്;

(സി) ഏതൊക്കെ സ്കൂളുകളുടെ പ്രവൃത്തികളാണ് കരാർ നൽകിയത്; ഓരോ പ്രവൃത്തികളും എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 'കിഫ്ബി' പദ്ധതിയിലുൾപ്പെടുത്തി മികവിന്റെ കേന്ദ്രമാക്കുന്നതിന് അഞ്ച് കോടി രൂപ അനുവദിച്ചിരിക്കുന്നത് ചാത്തമംഗലം ആർ.ഇ.സി. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനും, ഭൗതികസാഹചര്യ വികസനത്തിന് മൂന്ന് കോടി രൂപ വീതം കുറ്റിക്കാട്ടൂർ ജി.എച്ച്.എസ്.എസ്., മാവൂർ ജി.എച്ച്.എസ്.എസ്. എന്നിവയ്ക്കും അനുവദിച്ചിട്ടുണ്ട്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ചാത്തമംഗലം ആർ.ഇ.സി. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, കുറ്റിക്കാട്ടൂർ ജി.എച്ച്.എസ്.എസ്., മാവൂർ ജി.എച്ച്.എസ്.എസ്. എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ ചാത്തമംഗലം ആർ.ഇ.സി. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ചാത്തമംഗലം ആർ.ഇ.സി. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കരാർ നൽകുകയും പ്രവൃത്തികൾ 80 ശതമാനത്തോളം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിൽ പുതിയ പദ്ധതികൾ

134(6008) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ അദ്ധ്യയനവർഷം നടത്താൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

സ്കൂൾ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി സമഗ്ര പാഠ്യപദ്ധതി പരിഷ്കരണത്തിന് സഹായകമായ 'പാഠ്യപദ്ധതി ചട്ടക്കൂട്' തയ്യാറാക്കുന്നതാണ്. ഡിജിറ്റൽ വിഭവങ്ങളുടെ ദൗർബല്യം പരിഹരിക്കുന്നതിന് 'ദിക്ഷ' പോർട്ടലിലൂടെയും 'സമഗ്ര' പോർട്ടലിലൂടെയും ഡിജിറ്റൽ വിഭവങ്ങൾ ലഭ്യമാക്കുന്നതാണ്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ ട്രെയിനിംഗും നിലവിലുള്ള അദ്ധ്യാപകർക്ക് 14 ദിവസത്തെ റസിഡൻഷ്യൽ ട്രെയിനിംഗും വിവിധ പരിശീലന രീതികൾ സമന്വയിപ്പിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് കോഴ്സും നടപ്പിലാക്കുന്നതാണ്. അതോടൊപ്പം ഹയർ സെക്കന്ററി മേഖലയിൽ ടീച്ചേഴ്സ് കോൺഗ്രസ്, സ്മൈൽ (സ്കിൽ മെന്റർഷിപ്പ് ഫോർ ഇനോവേറ്റീവ് ലൈഫ് എക്സ്പീരിയൻസ്) എന്നീ പദ്ധതികളും വിഭാവനം ചെയ്യുന്നു. 35 സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ എൻ.എസ്.ക്യൂ.എഫ്. അധിഷ്ഠിത പാഠ്യപദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സംഗീതം, നൃത്തം, ചിത്രകല തുടങ്ങിയ മേഖലകളിൽ പ്രതിഭാധനരായ കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് മികച്ച സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയുള്ള പദ്ധതി, മൂന്ന് ഭാഷയിലും പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, ഭൂമിശാസ്ത്ര ലാബുകൾ സ്ഥാപിക്കുക, ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളിലെ ഗണിതശേഷി വർദ്ധിപ്പിക്കുന്നതിനുള്ള 'ഉല്ലാസഗണിതം' പദ്ധതി, ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് ശാസ്ത്ര, സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ പ്രാവീണ്യം നേടാനാവശ്യമായ പദ്ധതികൾ എന്നിവയും 2019-20 അദ്ധ്യയന വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

കൂടാതെ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിലേയ്ക്ക് ഹൈടെക് സ്കൂൾ ലാബ് പദ്ധതിക്കുള്ള ഉപകരണ വിതരണവും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രവർത്തനം ഹയർ സെക്കന്ററി തലത്തിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. കുടുംബശ്രീയിലെ പത്താംതരം വിജയിക്കാത്ത മുഴുവൻ വനിതകളെയും പത്താംതരം തുല്യതാവിദ്യാഭ്യാസം നേടിയെടുക്കുന്നതിനുള്ള 'സമ' പദ്ധതി, മലയാളം ഡിപ്ലോമ കോഴ്സ് എന്നീ പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്നു.

## കൊട്ടാരക്കരയിലെ സ്കൂളുകളിൽ സമഗ്രശിക്ഷ അഭിയാൻ പദ്ധതി

135(6009) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ശിക്ഷ അഭിയാൻ പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിലെ എൽ.പി, യു.പി. സ്കൂളുകളിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാമെന്ന് വ്യക്തമാക്കുമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സമഗ്രശിക്ഷാ കേരളയുടെ നേതൃത്വത്തിൽ സർക്കാർ മേഖലയിലെ എൽ.പി., യു.പി. സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു : ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി.എസ്.ടി., ബി.പി.എൽ. എന്നീ വിഭാഗങ്ങളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി.എസ്.ടി., ബി.പി.എൽ. എന്നീ വിഭാഗങ്ങളിലെ എല്ലാ ആൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം, ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യ പാഠപുസ്തകം, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠന പരിപോഷണ പരിപാടികൾ, മലയാളം, ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളിൽ പ്രത്യേക പദ്ധതികൾ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിപാടികൾ, ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ പരിശോധന, ഉപകരണ വിതരണം, പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, ചങ്ങാതിക്കൂട്ടം, സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം, ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ, ക്ലാസ്സ് ലൈബ്രറി, ലൈബ്രറി ശാക്തീകരണം, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, സർഗ്ഗ വിദ്യാലയം, കിഡ്സ് അത്‌ലറ്റിക്സ്, സ്കൂളിന് പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ, ദുർഘട സ്ഥലങ്ങളിൽനിന്നും സ്കൂളിൽ എത്തിച്ചേരുന്നതിന്

കുട്ടികൾക്ക് യാത്രാ സൗകര്യമൊരുക്കൽ, ശാസ്ത്രപാർക്ക്, ക്ലാസ് ഗണിതലാബ്, വിദ്യാലയക്കൂട്ടുചേരൽ പരിപാടി, രക്ഷാകർത്തൃ വിദ്യാഭ്യാസം, നീന്തൽ പരിശീലനം, പ്രീ സ്കൂൾ അദ്ധ്യാപകർക്കും ആയമാർക്കും പരിശീലനവും കുഞ്ഞുവായന കുഞ്ഞെഴുത്ത്, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സോളാർ പദ്ധതി, ഭൂമിശാസ്ത്ര ലാബ്, ഗണിതോത്സവം, ശാസ്ത്രകിറ്റ് ഗണിതകിറ്റ്, ടാലന്റ് ലാബ്, ജ്വാല ഗേൾസ് തിയേറ്റർ, ശാസ്ത്ര കൗതുകം, വായനാ കാർഡുകൾ, പഠനോത്സവം.

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയവ ചുവടെ ചേർക്കുന്നു. ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ പെൺകുട്ടികൾക്കും എസ്.സി.എസ്.ടി., ബി.പി.എൽ. എന്നീ വിഭാഗങ്ങളിലെ എല്ലാ ആൺകുട്ടികൾക്കും രണ്ട് ജോഡി സൗജന്യ യൂണിഫോം, ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യ പാഠപുസ്തകം, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്, പഠന പ്രയാസം നേരിടുന്ന കുട്ടികൾക്ക് പഠന പരിപോഷണ പരിപാടികൾ, മലയാളം, ഇംഗ്ലീഷ്, ഹിന്ദി വിഷയങ്ങളിൽ പ്രത്യേക പദ്ധതികൾ, ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിപാടികൾ, ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് മെഡിക്കൽ പരിശോധന, ഉപകരണ വിതരണം, പെൺകുട്ടികൾക്ക് സ്കോളർഷിപ്പ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, ചങ്ങാതിക്കൂട്ടം, സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനം, ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ, ക്ലാസ്സ് ലൈബ്രറി, ലൈബ്രറി ശാക്തീകരണം, പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ, സർഗ്ഗ വിദ്യാലയം, കിഡ്സ് അത്‌ലറ്റിക്സ്, സ്കൂളിന് പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കൽ, ദുർഘട സ്ഥലങ്ങളിൽനിന്നും സ്കൂളിൽ എത്തിച്ചേരുന്നതിന് കുട്ടികൾക്ക് യാത്രാ സൗകര്യമൊരുക്കൽ, ശാസ്ത്രപാർക്ക്, ക്ലാസ് ഗണിതലാബ്, വിദ്യാലയക്കൂട്ടുചേരൽ പരിപാടി, രക്ഷാകർത്തൃ വിദ്യാഭ്യാസം.

## പാഠ്യപദ്ധതി പരിഷ്കരണം

136(6010) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ പാഠ്യപദ്ധതി സമഗ്രമായി പരിഷ്കരിക്കുന്നതിന് കരിക്കുലം കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് അദ്ധ്യയനവർഷം മുതൽ ഇത് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സയൻസ്, സോഷ്യൽ സയൻസ്, കണക്ക് പാഠപുസ്തകങ്ങൾ എൻ.സി.ഇ.ആർ.റ്റി. സിലബസ് അനുസരിച്ച് ലഘൂകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി പഠനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഒന്ന് മുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠ്യപദ്ധതി സമഗ്രമായി പരിഷ്ക്കരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ മുന്നൊരുക്കങ്ങൾ എസ്.സി.ഇ.ആർ.ടി. നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കരട് പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചു വരുന്നു. 2019-ൽ കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വെളിച്ചത്തിൽ കരട് ചട്ടക്കൂട് ഭേദഗതി വരുത്തി തയ്യാറാക്കിയതിനുശേഷം പാഠപുസ്തക പരിഷ്ക്കരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 2021-22 വർഷം ഇതിനുതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) നിലവിൽ അത്തരം തീരുമാനമില്ല. പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുമ്പോൾ ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

(സി) വിവര വിനിമയ സാങ്കേതികവിദ്യ പാഠ്യപദ്ധതിയുമായി പരമാവധി സമന്വയിപ്പിച്ച് നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ വിൽക്കുന്ന നടപടി**

137(6011) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് ഒമ്പത്,പത്ത് ക്ലാസ്സുകളിലെ കാലഹരണപ്പെട്ട പാഠപുസ്തകങ്ങൾ തൂക്കി വിൽക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എത്ര ലക്ഷം പാഠപുസ്തകങ്ങളാണ് ഇപ്രകാരം തൂക്കി വിൽക്കുന്നത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലഹരണപ്പെട്ടതായി പ്രഖ്യാപിച്ച പാഠപുസ്തകങ്ങളുടെ കണക്ക് പ്രിന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പാഠപുസ്തകങ്ങളുടെ എണ്ണം, തൂക്കം എന്നിവ തയ്യാറാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

**പ്രീ-പ്രൈമറിക്കായി പ്രത്യേക പാഠ്യക്രമം**

138(6012) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീപ്രൈമറി സ്കൂൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെ യോഗ്യത, ശമ്പളം എന്നിവയിൽ ഏകീകരണം ഇല്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏകീകരണം വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രീപ്രൈമറി വിദ്യാർത്ഥികൾക്കായി എസ്.സി.ഇ.ആർ.ടി. പ്രത്യേക പാഠ്യക്രമം തയ്യാറാക്കിയിട്ടുണ്ടോ; ഇത് എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാനത്ത് 2182 സർക്കാർ സ്കൂളുകളിൽ പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറിയും 54 സർക്കാർ സ്കൂളുകളിൽ സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറിയും പ്രവർത്തിക്കുന്നു.

(ബി&സി) സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്ക് യോഗ്യത, ശമ്പള സ്കെയിൽ തുടങ്ങിയവ നിശ്ചയിച്ചിട്ടുണ്ട്. ഇവരെ പി.എസ്.സി. വഴിയാണ് നിയമിക്കുന്നത്. ഗവൺമെന്റ് സ്കൂളുകളിലെ പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാർക്ക് നിശ്ചിത ഓണറേറിയം നൽകിവരുന്നു. പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി വിഭാഗം സർക്കാർ സംവിധാനമല്ലാത്തതു കൊണ്ടും ഈ സ്കൂളുകളിലെ അദ്ധ്യാപകരെ നിയമിക്കുന്നത് പി.ടി.എ. ആയതുകൊണ്ടും ഇത്തരം സ്കൂളുകളിലും സർക്കാർ പ്രീ-പ്രൈമറി സ്കൂളുകളിലും ഈ വിഷയത്തിൽ ഏകീകരണമില്ല.

(ഡി) ഉണ്ട്. അതിൻപ്രകാരമുള്ള സിലബസാണ് പ്രീ-പ്രൈമറി സ്കൂളുകളിൽ കൈകാര്യം ചെയ്തുവരുന്നത്. അതിന്റെയടിസ്ഥാനത്തിൽ 'കളിത്തോണി', 'കളിപ്പാട്ടം' എന്നീ പുസ്തകങ്ങൾ അച്ചടിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

**പൊതുവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികൾ**

139(6013) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിൽ മൂന്ന് വർഷങ്ങളിലായി എത്രകുട്ടികൾ പൊതു വിദ്യാലയത്തിൽ ചേർന്നിട്ടുണ്ട്; അറിയിക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ ഈ വർഷം ഒന്നാം ക്ലാസിൽ ചേർന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ച് പട്ടിക ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 3680740 |
| 2018-19 | 3703818 |
| 2019-20 | 3716897 |

(ബി) വയനാട് ജില്ലയിൽ മൂന്ന് വർഷങ്ങളിലായി പൊതുവിദ്യാലയങ്ങളിൽ ചേർന്ന കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 109986 |
| 2018-19 | 109945 |
| 2019-20 | 109762 |

(സി) പ്രസ്തുത ജില്ലയിൽ ഈ വർഷം ഒന്നാം ക്ലാസ്സിൽ ചേർന്ന 2380 പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണം സ്കൂൾ തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

**പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് പ്രൈമറി സ്കൂളുകൾ**

140(6014) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുവിദ്യാലയങ്ങളോടനുബന്ധിച്ച് എത്ര അംഗീകൃത പ്രൈമറി സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ടെന്ന് സർക്കാർ/എയ്ഡഡ് ഇനം തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ഓണറേറിയം നൽകുന്നുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) നിലവിൽ ഇവിടെ എത്ര സർക്കാർ /എയ്ഡഡ് വിദ്യാലയങ്ങൾ പ്രീ-പ്രൈമറി വിഭാഗത്തിന്റെ അംഗീകാരത്തിനുവേണ്ടി അപേക്ഷിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) അപേക്ഷ നൽകിയ മുഴുവൻ വിദ്യാലയങ്ങളുടെയും പ്രീ-പ്രൈമറി വിഭാഗത്തിന് അംഗീകാരം നൽകുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ 303 സർക്കാർ സ്കൂളുകളിൽ പി.ടി.എ. -യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളും സർക്കാർ നേരിട്ട് നടത്തുന്ന 4 പ്രീ-പ്രൈമറി സ്കൂളുകളും പ്രവർത്തിക്കുന്നു. എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിച്ചിട്ടില്ല. ആയതിനാൽ വിവരം ശേഖരിച്ചിട്ടില്ല.

(ബി) ഇല്ല. നിലവിൽ എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികൾക്ക് സർക്കാർ തലത്തിൽ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ അവിടത്തെ ജീവനക്കാർക്ക് ഓണറേറിയത്തിന് അർഹതയില്ല.

(സി&ഡി) കോടതി, കമ്മീഷനുകൾ എന്നിവിടങ്ങളിലും നേരിട്ടും നിരവധി അപേക്ഷകൾ ലഭ്യമാകുന്നുണ്ട്. 7-12-2012-നുശേഷം പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ പാടില്ലെന്ന് സർക്കാർ ഉത്തരവുള്ളതിനാൽ വിവരം ശേഖരിച്ചിട്ടില്ല.

## ഇംഗ്ലീഷ് മീഡിയം ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ ഹൈസ്കൂളുകൾ

141(6015) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഇംഗ്ലീഷ് മീഡിയം ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ ഹൈസ്കൂളുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ എട്ട്, ഒൻപത്, പത്ത് എന്നീ ക്ലാസുകളിലെ ഇംഗ്ലീഷ് മീഡിയം, മലയാളം മീഡിയം കുട്ടികൾ എത്രവീതമുണ്ട്; ഓരോ മീഡിയത്തിലും എത്ര ക്ലാസ് ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സ്കൂളുകളിൽ നിലവിലുള്ള ഇംഗ്ലീഷ് അദ്ധ്യാപകരുടെ എണ്ണമെത്രയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം കുട്ടികളെയും മലയാളം മീഡിയം കുട്ടികളെയും ഒരേ ക്ലാസ്സിൽ ഇരുത്തി പഠിപ്പിക്കുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ സ്കൂളുകളിലാണെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2019-20 അദ്ധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിലെ ഇംഗ്ലീഷ് മീഡിയത്തിലും മലയാളം മീഡിയത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം, നിലവിൽ ഓരോ ക്ലാസ്സിലുമുള്ള ഡിവിഷനുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* 2019-20 അദ്ധ്യയന വർഷത്തിൽ ഓരോ മീഡിയത്തിലും എത്ര ക്ലാസ്സ് ഡിവിഷനുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ളത് ജൂലൈ 15-ലെ തസ്തികനിർണ്ണയത്തിനുശേഷം മാത്രമേ വ്യക്തമാവുകയുള്ളൂ.

(സി) ജൂലൈ 15 അടിസ്ഥാനമാക്കിയുള്ള തസ്തികനിർണ്ണയത്തിനുശേഷം മാത്രമേ വ്യക്തമാവുകയുള്ളൂ.

(ഡി) ഇല്ല.

## ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാൻ നടപടി

142(6016) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തിയ സർക്കാർ ഹൈസ്കൂളുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകരില്ലാത്തവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ള സർക്കാർ ഹൈസ്കൂളുകൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്കൂളുകളിൽ ഇംഗ്ലീഷ് അദ്ധ്യാപകർ ഇല്ലാത്തവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(സി) അന്താരാഷ്ട്ര നിലവാരത്തിലേക്കുയത്തിയ ഇംഗ്ലീഷ് അധ്യാപകരില്ലാത്ത സർക്കാർ ഹൈസ്കൂളുകളിൽ അവരെ നിയമിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിനെ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ ഹൈസ്കൂൾ/ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിലെ 14 സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ താഴെപ്പറയുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. വർക്കല ഗവൺമെന്റ് എച്ച്.എസ്.എസ്.
2. ആറ്റിങ്ങൽ ഗവൺമെന്റ് മോഡൽ ബോയ്സ് എച്ച്.എസ്.എസ്.
3. നെടുമങ്ങാട് ഗവൺമെന്റ് ജി.എച്ച്.എസ്.എസ്.
4. വെഞ്ഞാറമൂട് ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്.
5. കഴക്കൂട്ടം ഗവൺമെന്റ് എച്ച്.എസ്.എസ്.
6. ഗവൺമെന്റ് മോഡൽ ഗേൾസ് എച്ച്.എസ്.എസ്., പട്ടം
7. കാർത്തിക തിരുനാൾ ജി.വി. & ജി.എച്ച്.എസ്.എസ്., മണക്കാട്
8. മുദാക്കൽ, ഇളമ്പ ജി.എച്ച്.എസ്.എസ്.
9. കാലടി ജി.എച്ച്.എസ്.
10. മാരായമുട്ടം ജി.എച്ച്.എസ്.എസ്.
11. മലയിൻകീഴ് ജി.ജി.എച്ച്.എസ്.എസ്.
12. ബാലരാമപുരം ജി.എച്ച്.എസ്.എസ്.
13. നെയ്യാറ്റിൻകര ജി.എച്ച്.എസ്.എസ്.
14. പൂവച്ചൽ ഗവൺമെന്റ് വി&എച്ച്.എസ്.എസ്.

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തിയ സ്കൂളുകളിൽ 13 ഹൈസ്കൂളുകളിലും എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപകരുണ്ട്. ഗവൺമെന്റ് എച്ച്.എസ്. കാലടിയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് അദ്ധ്യാപകരില്ല.

(സി) സ്റ്റാഫ് ഫിക്സേഷൻ പ്രകാരം മതിയായ എണ്ണം വിദ്യാർത്ഥികളി ല്ലാത്തതിനാലാണ് ഇംഗ്ലീഷ് അദ്ധ്യാപകരെ നിയമിക്കാത്തത്.

**ഹൈസ്കൂളുകളിൽ പ്ലസ് ടു അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

143(6017) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ പ്ലസ് ടു അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ പുതുതായി പ്ലസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്കൂളുകളിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 20-8-2015-ലെ ബഹു. മാനപ്പെട്ട ഹൈക്കോടതി ഉത്തരവനുസരിച്ച് രൂപീകൃതമായ റീജിയണൽ ലെവൽ കമ്മിറ്റികളുടെയും സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെയും ആവശ്യകതാ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പ്ലസ് ടു ബാച്ചുകൾ അനുവദിക്കുന്നത്.

(ബി) ഇല്ല.

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി. സ്കൂൾ

144(6018) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ യു.പി.എസ്. -ൽ ഫർണിച്ചർ വാങ്ങിയതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ഇൻസ്പെക്ഷൻ വിംഗ് ബി വിഭാഗം നടത്തിയ അന്വേഷണത്തിൽ അഴിമതി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫർണിച്ചർ വാങ്ങിയ അഴിമതിയിൽ ധനകാര്യ വകുപ്പിന്റെ ശിപാർശ വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള അഴിമതി ആണ് ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഫർണിച്ചർ വാങ്ങിയ വിവരം വിദ്യാഭ്യാസ വകുപ്പിനെ സ്കൂൾ അധികൃതർ അറിയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അഴിമതി നടത്തിയവരുടെ മേൽ എന്ത് നടപടി സ്വീകരിക്കും എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്ലസ് ടു യോഗ്യത നേടിയ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

145(6019) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം പ്ലസ് ടു യോഗ്യത നേടിയ എത്ര വിദ്യാർത്ഥികളാണ് ഉള്ളത്; ഇവരിൽ എത്ര പേർക്ക് ഗ്രേസ് മാർക്ക് ലഭ്യമായിട്ടുണ്ട്;

(ബി) ഗ്രേസ് മാർക്കില്ലാതെ യോഗ്യത നേടിയ വിദ്യാർത്ഥികൾ നേടിയ ഏറ്റവും ഉയർന്ന മാർക്ക് എത്രയാണ്;

(സി) ആയിരത്തി ഇരുനൂറു മാർക്ക് ലഭിച്ച എത്ര വിദ്യാർത്ഥികളാണ് ഈ വർഷത്തെ യോഗ്യത നേടിയവരിൽ ഉള്ളത്; ഇവരിൽ ഗ്രേസ് മാർക്ക് ഇല്ലാത്തവർ ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേരെന്നും വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഈ വർഷം 345761 വിദ്യാർത്ഥികൾ ഹയർ സെക്കണ്ടറി വിഭാഗത്തിൽനിന്നും 22881 വിദ്യാർത്ഥികൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽനിന്നും പ്ലസ് ടു യോഗ്യത നേടിയിട്ടുണ്ട്. ഇവരിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 78129 പേർക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 13864 പേർക്കും ഗ്രേസ് മാർക്ക് ലഭ്യമായിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി വിഭാഗത്തിൽ 1199-ഉം വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ 1557-ഉം.

(സി) ഹയർ സെക്കണ്ടറിയിൽ 188 വിദ്യാർത്ഥികൾക്ക് 1200 മാർക്ക് ലഭിച്ചിട്ടുണ്ട്. ഇവരിൽ ഗ്രേസ് മാർക്ക് ലഭിക്കാത്തവരില്ല. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ മുഴുവൻ മാർക്കും (1600/1600) ലഭിച്ച ആരുംതന്നെ ഇല്ല.

## ദേശീയ നൈപുണ്യ വികസന (എൻ.എസ്.ക്യൂ.എഫ്.) പദ്ധതി

146(6020) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ നൈപുണ്യ വികസന പദ്ധതിയായ എൻ.എസ്.ക്യു.എഫ്. നടപ്പിലാക്കിയതോടുകൂടി പരമ്പരാഗത വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് കുട്ടികൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ വർഷം എത്ര സ്കൂളുകളിലാണ് എൻ.എസ്.ക്യു.എഫ്.പദ്ധതി നടപ്പിലാക്കിയത്;

(സി) സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഭാവിയിൽ എൻ.എസ്.ക്യൂ.എഫ്. പഠിക്കാത്ത കുട്ടികൾക്ക് തൊഴിലധിഷ്ഠിത ജോലികൾക്ക് അപേക്ഷിക്കുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടാകുമോ; വിശദമാക്കാമോ;

(ഡി) കുട്ടികൾ കുറഞ്ഞ പരമ്പരാഗത വി.എച്ച്.എസ്.ഇ. കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളെ മറ്റ് കോഴ്സുകളിലേക്ക് മാറ്റണമെന്ന നിർദ്ദേശം വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള സർക്കാർ നിലപാട് എന്താണ്; വ്യക്തമാക്കാമോ;

(ഇ) എൻ.എസ്.ക്യൂ.എഫ്. നടപ്പിലാക്കുമ്പോൾ വി.എച്ച്.എസ്.ഇ.-യിൽ അധികമാകുന്ന പരമ്പരാഗത കോഴ്സുകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ എപ്രകാരം സംരക്ഷിക്കുവാനാണ് എൻ.എസ്.ക്യൂ.എഫ് ഉദ്ദേശിക്കുന്നത്; വിവശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 35 ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ

(സി) നിലവിൽ അത്തരം സാഹചര്യമില്ല.

(ഡി) ഇല്ല.

(ഇ) എൻ.എസ്.ക്യൂ.എഫ്. പാഠ്യപദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 101 സർക്കാർ തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി സ്കൂളുകളിൽ മാത്രമാണ് ടി പാഠ്യപദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ അദ്ധ്യാപകരെ പുനർവിന്യസിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല. മാത്രവുമല്ല ടി പാഠ്യപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതിയ വൊക്കേഷണൽ അദ്ധ്യാപകരെ തല്ക്കാലം നിയമിക്കണ്ടായെന്ന് സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും പി.എസ്.സി.-ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പഠനയാത്രക്കായി കേരളത്തിന് പുറത്തുപോകുന്നതിന് വിലക്ക്

147(6021) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ പഠനയാത്രക്കായി കേരളത്തിന് പുറത്ത് പോകുന്നത് വിലക്കിയിട്ടുണ്ടോ;

(ബി) പഠനയാത്രക്ക് പോകുന്നതിനുമുമ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും അനുമതി തേടണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള വിലക്ക് കുട്ടികളുടെ കുറ്റാലം, കന്യാകുമാരി യാത്രകളെ ബാധിച്ച സാഹചര്യത്തിൽ ഇക്കാര്യത്തിൽ ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ പഠനയാത്ര പരമാവധി രണ്ട് ദിവസമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പഠന ദിനങ്ങൾ നഷ്ടപ്പെടുത്തി കൂടുതൽ ദിവസങ്ങൾ യാത്രപോകുന്ന പ്രണതകൾ പല സ്കൂളുകളിലും കണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് രണ്ട് ദിവസമായി നിജപ്പെടുത്തിയത്. പഠനയാത്രയിൽ അദ്ധ്യാപകർ അനുഗമിക്കേണ്ടതിനാൽ മറ്റ് കുട്ടികളുടെ ക്ലാസ്സുകൾ ഈ ദിവസങ്ങളിൽ നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ ആവശ്യമാണെങ്കിൽ സർക്കാർ അക്കാര്യം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഖാദർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച തുടർനടപടികൾ സ്റ്റേ ചെയ്ത ഹൈക്കോടതി വിധി

148(6022) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച തുടർ നടപടികൾ സ്റ്റേ ചെയ്ത ഹൈക്കോടതി വിധി മറികടക്കാൻ കേരള വിദ്യാഭ്യാസചട്ടം (കെ.ഇ.ആർ.) ഭേദഗതി ചെയ്യുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിയമസഭയുടെ നടപ്പ് സമ്മേളനം കഴിഞ്ഞാലുടൻ സ്കൂൾലയനം സംബന്ധിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുമോ;

(സി) ഹൈക്കോടതി സ്റ്റേക്കെതിരെ അപ്പീൽ നൽകിയാലും പ്രയോജനമുണ്ടാകാനിടയില്ലെന്ന നിയമോപദേശത്തെ തുടർന്നാണോ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്;

(ഡി) അല്ലെങ്കിൽ വിധിക്കെതിരെ അപ്പീൽ പോകുമെന്ന തീരുമാനത്തിൽ മാറ്റം വരാനുള്ള കാരണമെന്താണ്;

(ഇ) വിദ്യാഭ്യാസ രംഗത്ത് പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംവിധാനം മതിയായ ചർച്ചപോലുമില്ലാതെ ഒരു സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് കാരണമാവുമോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-ഡി) 28-2-2019-ലെ സ.ഉ. (കൈ) നമ്പർ 19/2019/പൊ.വി.വ. പ്രകാരം ഖാദർ കമ്മിറ്റി റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. തുടർന്ന് 2019-20 അദ്ധ്യയന വർഷാരംഭത്തിൽ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ സ.ഉ. (കൈ) നമ്പർ 53/2019/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ നിർവിഘ്നം നടപ്പിലാക്കുന്നതിനാവശ്യമായിവരുന്ന ചില ഭേദഗതികളുൾപ്പെടുത്തി 1-7-2019-ലെ SRO. No. 433/2019 (30-6-2019-ൽ സ.ഉ. (അച്ചടി) നമ്പർ 6/2019/പൊ.വി.വ.) പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവി ച്ചിട്ടുമുണ്ട്. ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ട അവസരങ്ങളിൽ ആയത് വരുത്തുകയെന്നത് സർക്കാരിന്റെ അനിവാര്യ ചുമതലയാണ്.

(ഇ) വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകൾക്കുശേഷമാണ് ടി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

## തിരുവനന്തപുരം ജില്ലയിലെ പുതിയ ഹയർ സെക്കന്ററി കോഴ്സുകൾ/അഡീഷണൽ ബാച്ചുകൾ

149(6023) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് പുതിയതായി ഹയർ സെക്കൻഡറി കോഴ്സുകൾ/ അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി ഹയർ സെക്കന്ററി കോഴ്സുകൾ/അഡീഷണൽ ബാച്ചുകൾ എന്നിവ അനുവദിക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ സേതു പാർവ്വതി ഭായി ഹൈസ്കൂൾ, കടയ്ക്കാവൂർ, തിരുവനന്തപുരത്ത് പുതിയ ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ബി) പുതുതായി ഹയർ സെക്കന്ററി സ്കൂളുകളോ അധിക ഹയർ സെക്കന്ററി ബാച്ചുകളോ അനുവദിക്കുന്നതിനായി സർക്കാർ ഇതുവരെയും നയപരമായ തീരുമാനമെടുത്തിട്ടില്ല.

## ഹയർ സെക്കന്ററി സ്കൂളുകളിലെ റാഗിംഗ്

150(6024) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിലെ കുട്ടികളിൽ റാഗിങ്ങ് എന്ന കടുത്ത സാമൂഹ്യ വിരുദ്ധപ്രവർത്തനം കടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാ ഹയർസെക്കന്ററി സ്കൂളുകളിലും റാഗിങ്ങ് വിരുദ്ധ സമിതികൾ രൂപീകരിക്കണമെന്ന ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് ഇതുവരെ നടപ്പാക്കാത്ത എത്ര സ്കൂളുകൾ സംസ്ഥാനത്തുണ്ട്; ഇതിൻമേൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ;

(ഡി) റാഗിങ്ങ് വിരുദ്ധ നിയമത്തിലെ വകുപ്പുകളെപ്പറ്റിയും അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റിയും പ്രസ്തുത സ്കൂളുകളിലെ കുട്ടികളിൽ നിരന്തരം ബോധവത്കരണം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ഹയർ സെക്കന്ററി സ്കൂളുകളിൽ റാഗിംഗിന് സമാനമായ ചില അതിക്രമങ്ങൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) റാഗിംഗ് വിരുദ്ധ സമിതികൾ രൂപീകരിക്കാനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ഡി) ഹയർ സെക്കന്ററി കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് വിഭാഗത്തിൽനിന്നും വിദ്യാർത്ഥികൾക്ക് ടി വിഷയവുമായി ബന്ധപ്പെട്ട് ബോധവത്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ട്.

## ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി ലയനം

151(6025) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കണ്ടറി-വൊക്കേഷണൽ ഹയർസെക്കണ്ടറി ലയനത്തിന്റെ ഭാഗമായി നിലവിലുള്ള തസ്തികകൾക്ക് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റുകളിൽ നിന്ന് വിവിധ തസ്തികകളിലേക്കുള്ള നിയമനം താൽക്കാലികമായി നിർത്തിവെച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം തസ്തികയിൽ നിയമനം വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. ലയനമില്ല. ഏകീകരണമാണ് നടപ്പിലാക്കിയത്.

(ബി) ഏകീകരണവുമായി ബന്ധപ്പെട്ട് നിർത്തിവച്ചിട്ടില്ല.

(സി) ഒഴിവുകളെല്ലാം അടിയന്തരമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഇതിനോടകം നിയമനാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹയർ സെക്കന്ററി അദ്ധ്യാപകരെ നിയമിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി

152(6026) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ രൂപീകരിക്കാനുള്ള ആലോചനയുണ്ടോ എന്നും വ്യക്തമാക്കാമോ;

(ബി) ഈ സെലക്ഷൻ കമ്മിറ്റിയുടെ ഘടനയും ഉത്തരവാദിത്തവും എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണെന്നും അവരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ സെലക്ഷൻ കമ്മിറ്റി മറ്റ് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിനും രൂപീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരെ നിയമിക്കുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്കൂൾ മാനേജരോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ചെയർമാനായും സ്കൂൾ പ്രിൻസിപ്പാൾ സർക്കാർ നോമിനി എന്നിവർ അംഗങ്ങളായുമുള്ളതാണ് സെലക്ഷൻ കമ്മിറ്റി ഇന്റർവ്യൂ നടത്തി അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നതാണ് സെലക്ഷൻ കമ്മിറ്റിയുടെ ഉത്തരവാദിത്വം.

(സി) സ്കൂൾ മാനേജരോ അദ്ദേഹത്തിന്റെ പ്രതിനിധിയോ ചെയർമാനായും സ്കൂൾ പ്രിൻസിപ്പാൾ, ഓരോ അക്കാഡമിക് വർഷത്തേയ്ക്കായി ഹയർ സെക്കന്ററി വകുപ്പ് തയ്യാറാക്കുന്ന ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി/ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥരുടെ പാനലിൽനിന്നും മാനേജർ തെരഞ്ഞെടുക്കുന്ന പ്രതിനിധി എന്നിവരടങ്ങുന്നതാണ് സെലക്ഷൻ കമ്മിറ്റിയിലെ അംഗങ്ങൾ.

(ഡി) മറ്റ് എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടാമ്പി മണ്ഡലത്തിലെ ഹയർ സെക്കന്ററി സീറ്റുകളിലെ കുറവ്

153(6027) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി മണ്ഡലത്തിൽ ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ; ഈ മണ്ഡലത്തിലെ സ്കൂളുകളിൽ ഹയർസെക്കൻഡറിയിൽ എത്ര സീറ്റുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 4061 വിദ്യാർത്ഥികൾ 2700 സീറ്റുകൾ.

(ബി) ഈ അദ്ധ്യയന വർഷം സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവുകൂടി വരുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

## സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഉപരിപഠനം

154(6028) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ച എല്ലാ കുട്ടികൾക്കും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഉപരിപഠനത്തിനുള്ള അവസരം നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

2019 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിച്ച എല്ലാ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള പരമാവധി അവസരം സർക്കാർ ഒരുക്കിയിട്ടുണ്ട്. ഹയർ സെക്കന്ററി വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള സീറ്റുകൾക്കുപുറമേ 30 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിലും ഉപരിപഠന അവസരങ്ങൾ ലഭ്യമാണ്.

**കായിക അദ്ധ്യാപകരുടെ നിയമനം**

155(6029) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ പൊതുവിദ്യാലയങ്ങളിലും യു.പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ വിഭാഗങ്ങളിൽ കായികാദ്ധ്യാപകരെ നിയമിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) യു.പി. കായിക അദ്ധ്യാപക തസ്തികാ നിർണ്ണയ മാനദണ്ഡമായ 1:500 എന്നത് കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) അഞ്ച് മുതൽ ഒൻപത് വരെ ക്ലാസ്സുകളിൽ പാഠപുസ്തകവും പരീക്ഷയുമുള്ള ആരോഗ്യ-കായിക വിദ്യാഭ്യാസം പഠിപ്പിക്കുവാൻ എല്ലാ വിദ്യാലയങ്ങളിലും കായികാദ്ധ്യാപകരെ നിയമിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഹൈസ്കൂളുകളിൽ ജോലി ചെയ്യുന്ന കായിക അദ്ധ്യാപകരുടെ ശമ്പള നിരക്ക് പ്രൈമറി അദ്ധ്യാപകരുടേതിന് തുല്യമായതിനാൽ ആയത് കാലോചിതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണമനുസരിച്ച് കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം തസ്തിക നിർണ്ണയംനടത്തി കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

(സി) കെ.ഇ.ആർ. പ്രകാരം അനുവദനീയ തസ്തികകളിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) വിശദമായ പഠനം ആവശ്യമാണ്.

## ഐ.ടി. അറ്റ് സ്കൂൾ

156(6030) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് ഐ.റ്റി. അറ്റ് സ്കൂൾ വഴി നൽകുന്ന വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാൻസ് സംവിധാനത്തിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പുതിയ സംവിധാനത്തിന്റെ മെച്ചമെന്താണ്; ഈ പുതിയ പദ്ധതിയെകുറിച്ച് വിദ്യാഭ്യാസ സ്ഥാപന അധികൃതർക്ക് പരിശീലനം സംഘടിപ്പിച്ചിട്ടുണ്ടോ; വിവരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസാനുകൂല്യങ്ങൾ (ഡയറക്റ്റ് ബാങ്ക് ട്രാൻസ്ഫർ) ഡി.ബി.റ്റി. ആയി വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഐ.ടി.@ സ്കൂളിന്റെ പോർട്ടൽ മുഖേന പ്രധാനാദ്ധ്യാപകരുടെ അക്കൗണ്ടിലേയ്ക്കാണ് തുക വിതരണം ചെയ്തിരുന്നത്. നടപ്പുവർഷം മുതൽ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന വിദ്യാർത്ഥികളുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് തുക വിതരണം നടത്തുന്നതിന് സാധിക്കും. അക്കൗണ്ടുകളിലെ ന്യൂനതമൂലം തുക റിജക്റ്റ് ചെയ്യപ്പെട്ടാൽ സ്കൂൾ തലത്തിൽത്തന്നെ അത് പരിഹരിച്ച് എളുപ്പത്തിൽ അർഹതപ്പെട്ടവർക്ക് തുക ലഭ്യമാക്കാനാവും. ഒ.ബി.സി., ഒ.ഇ.സി., എസ്.സി. വിഭാഗങ്ങൾക്കുള്ള പ്രീ-മെട്രിക് തല വിദ്യാഭ്യാസാനുകൂല്യ വിതരണത്തിന് ഏകീകൃത പോർട്ടലായി ഇ-ഗ്രാന്റ്സ് 3.0 ഉപയോഗിക്കുന്നതുമൂലം സ്ഥാപനങ്ങൾക്ക് പ്രസ്തുത വിഭാഗങ്ങളുടെ ഡാറ്റാ എൻട്രി ഏകജാലക സംവിധാനത്തിലൂടെ നടത്താൻ സാധിക്കും. ഇ-ഗ്രാന്റ്സ് ഡാറ്റാ എൻട്രി സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പുമുഖേന പരിശീലനം നടത്തിയിട്ടുണ്ട്.

## സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റ് ഉപയോഗം

157(6031) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റ് ഉപയോഗം വർദ്ധിക്കുകയും പൊതുവിദ്യാഭ്യാസം ഹൈടെക് ആകുകയും ചെയ്യുതുമൂലം ഉണ്ടായിട്ടുള്ള പ്രത്യേക സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്കൂൾ കുട്ടികളിൽ സൈബർ സുരക്ഷ ഒരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) സ്ഥാപന മേധാവികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും പ്രത്യേകം മാർഗ്ഗനിർദ്ദേശം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. സ്കൂൾ കുട്ടികൾക്കുവേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോകോൾ വികസിപ്പിച്ചെടുത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 2060 ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റിലെ അംഗങ്ങൾവഴി സ്കൂൾ കുട്ടികൾക്ക് പരിശീലനവും നൽകുന്നുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വികസിപ്പിച്ചെടുത്ത സൈബർ സേഫ്റ്റി പ്രോട്ടോകോൾ kite.keral.gov.in-ൽ NOTIFICATIONS-ൽ ലഭ്യമാണ്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവർക്ക് പ്രത്യേക ഐ.ടി. പരിശീലനം കാലാകാലങ്ങളിൽ ക്രമീകരിക്കാറുണ്ട്. സൈബർ സുരക്ഷ സംബന്ധിച്ച മൊഡ്യൂൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത പരിശീലനങ്ങൾ ക്രമീകരിക്കുന്നത്.

## പൊതുവിദ്യാലയങ്ങൾ ഡിജിറ്റലാക്കുന്നതിനുള്ള പദ്ധതി

158(6033) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങൾ മുഴുവൻ ഡിജിറ്റലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ഹൈടെക് പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) എൽ.പി., യു.പി. സ്കൂളുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിനായി അദ്ധ്യാപക പരിശീലനവും സമഗ്ര വിഭവ പോർട്ടൽ എന്നിവ പൂർത്തിയാക്കിയിട്ടുണ്ടോ;

(ഡി) എൽ.പി, യു.പി. സ്കൂളുകളിൽ നൽകുന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേടുവന്നാൽ നന്നാക്കുന്നതിനുള്ള സംവിധാനം എന്താണ്;

(ഇ) ഈ പദ്ധതിക്കായി എത്ര കോടി രൂപ ഇതിനകം ചെലവഴിച്ചു ?

<u>ഉത്തരം</u>

(എ) ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ 44705 ക്ലാസ്സ് മുറികളിലേയ്ക്ക് 59772 ലാപ്ടോപ്പ്, 43422 മൾട്ടിമീഡിയ പ്രൊജക്ടർ, 41794 പ്രൊജക്ടർ മൗണ്ടിംഗ് കിറ്റ്, 41778 എച്ച്.ഡി.എം.ഐ. കേബിൾ, 40614 ഫേസ് പ്ലേറ്റ്, 23104 വൈറ്റ് സ്ക്രീൻ, 42739 യു.എസ്.ബി. സ്പീക്കർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 എൽ.ഇ.ഡി. ടെലിവിഷൻ (42"), 4720 എച്ച്.ഡി. വെബ് ക്യാം എന്നീ ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈടെക് സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കിയതോടൊപ്പം 9046 സർക്കാർ, എയ്ഡഡ് പ്രൈമറി, അപ്പർ പ്രൈമറി വിദ്യാലയങ്ങൾക്കും ബ്രോഡ്ബാൻഡ് ലഭ്യമാക്കിയിട്ടുണ്ട്. ഹൈടെക് സംവിധാനം പ്രൈമറി ക്ലാസ്സുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള ഉപകരണ വിതരണ ഉദ്ഘാടനം 2019 ജൂലൈ 5-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തെ ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിൽ ഹൈടെക് സംവിധാനം 2019-20 അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി ഈ അദ്ധ്യയന വർഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിയുടേതുൾപ്പെടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സ്കൂളുകൾക്ക് നൽകുന്ന എല്ലാ ഹാർഡ്‌വെയർ ഉപകരണങ്ങൾക്കും 5 വർഷത്തെ വാറണ്ടി ഉറപ്പുവരുത്തിയിട്ടുണ്ട്. ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചാൽ ഉടൻതന്നെ അത് ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് കംപ്ലയിന്റ് രജിസ്ട്രേഷൻ സിസ്റ്റവും കോൾ സെന്റർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതിക്കായി 292 കോടി രൂപ (ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) കിഫ്ബി അനുവദിച്ചിട്ടുണ്ട്.

## ആർ.എം.എസ്.എ. പദ്ധതിയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളുടെ ഭൗതിക സാഹചര്യം

159(6034) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതിയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് നബാഡ് മുഖേന സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പ്രവൃത്തികൾ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നത്;

(ഡി) ഈ ഏജൻസി മേൽ പ്രവൃത്തി ടെൻണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതിയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ആർ.എം.എസ്.എ. മുഖേന നബാർഡ് സാമ്പത്തിക സഹായം അനുവദിച്ചിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## സമഗ്രശിക്ഷാ അഭിയാൻ പദ്ധതി

160(6035) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിനു സംസ്ഥാന വിഹിതം, കേന്ദ്ര വിഹിതം ഇവ എത്രയാണ്; നടപ്പ് സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ കേന്ദ്ര സഹായമാണ് സർക്കാരിന് ലഭ്യമായത് വിശദമാക്കുമോ;

(സി) നിലവിലുള്ള പൊതു വിദ്യാഭ്യാസ പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങളാണ് പുതിയ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വശിക്ഷാ അഭിയാനും (എസ്.എസ്.എ.) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും (ആർ.എം.എസ്.എ.) യോജിപ്പിച്ചുകൊണ്ട് സമഗ്ര ശിക്ഷ, കേരളം എന്ന പദ്ധതി രൂപീകരിച്ചതിന്റെ ഭാഗമായി പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള വിവിധ ഘടകങ്ങൾ ഒരു കുടക്കീഴിലാകുന്നു. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന വിദ്യാലയ മികവ് വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകാൻ സമഗ്ര ശിക്ഷയുടെ പദ്ധതി പ്രവർത്തനങ്ങൾക്ക് കഴിയും. വിവിധ വിദ്യാഭ്യാസ പരിശീലന പദ്ധതികളുടെ പ്രവർത്തനങ്ങളും അക്കാദമിക സ്ഥാപനങ്ങളും ഒരു കുടക്കീഴിലാകുന്നതോടെ മെച്ചപ്പെട്ട പദ്ധതി നിർവ്വഹണത്തിനുള്ള അവസരമാണ് നിലവിൽ ഇതുകൊണ്ടുദ്ദേശിക്കുന്നത്.

(ബി) 1506.41 കോടി രൂപ (ആയിരത്തിയഞ്ഞൂറ്റിയാറ് കോടി നാല്പത്തിയൊന്ന് ലക്ഷം രൂപ മാത്രം) യുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുക അംഗീകരിച്ചുകൊണ്ടുള്ള മിനിട്ട്സ് ഇതുവരെ ലഭ്യമായിട്ടില്ല. അംഗീകരിക്കുന്ന പദ്ധതിയുടെ 60 ശതമാനം തുക കേന്ദ്രസർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരുമാണ് നൽകുന്നത്.

(സി) നിലവിലുള്ള പൊതുവിദ്യാഭ്യാസ പദ്ധതികൾക്കുപുറമേ ഈ വർഷം കേരളത്തിലെ 100 ഗവൺമെന്റ് സ്കൂളുകളിൽ സോളാർ പദ്ധതി, ആദിവാസി മേഖലകളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ ഇപ്പോൾ നിലവിലുള്ള മൂന്ന് ഹോസ്റ്റലിനുപുറമേ കണ്ണൂർ, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മൂന്ന് ഹോസ്റ്റലുകൾകൂടി നടത്തുന്നതിനും ടീച്ചർ എഡ്യൂക്കേഷൻ മെച്ചപ്പെടുത്തുന്നതിനും 'ഡയറ്റ്'കളെ ശാക്തീകരിക്കുന്നതിനും കണ്ണൂരിൽ ഡയറ്റിന് പ്രത്യേകം കെട്ടിടം പണിയുന്നതിനും ഭിന്നശേഷി സൗഹൃദ വിദ്യാലയ അന്തരീക്ഷം കാര്യക്ഷമമാക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് തനതായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ടി പദ്ധതികളുടെ അംഗീകാരത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**അരിമ്പ്ര ഗവൺമെന്റ് യു.പി.സ്കൂൾ കളിസ്ഥലം ഭൂമി ഏറ്റെടുക്കൽ**

161(6036) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം മണ്ഡലത്തിലെ അരിമ്പ്ര ഗവ. യു.പി.സ്കൂൾ കളിസ്ഥലത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ പരിഗണനയിലുള്ള എം1/198/18 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഫയൽ റവന്യൂവകുപ്പ് കാണേണ്ടതുണ്ടോ; എങ്കിൽ റവന്യൂ വകുപ്പിനു അയയ്ക്കുന്നതിനുള്ള കാലതാമസം എന്താണ്; കാരണം വ്യക്തമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് എത്രയും വേഗം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലപ്പുറം അരിമ്പ്ര ഗവൺമെന്റ് യു.പി. സ്കൂൾ കളിസ്ഥലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി&ഡി) അരിമ്പ്ര ഗവൺമെന്റ് യു.പി. സ്കൂൾ കളിസ്ഥലത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള പ്രൊപ്പോസലും ഭരണാനുമതിയും തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്.

## ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ എൽ.പി. സ്കൂളുമായി ബന്ധപ്പെട്ട അപേക്ഷ

162(6037) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭയിലെ ഇന്ത്യൻ റിപ്പബ്ലിക് മെമ്മോറിയൽ എൽ.പി.സ്കൂൾ (ഐ.ആർ.എം.എൽ.പി.എസ്.) നഗരസഭയ്ക്ക് പൂർണ്ണമായി അധികാരപ്പെടുത്തി നൽകുന്നത് സംബന്ധിച്ച അപേക്ഷ സർക്കാരിന്റെ പരിഗണന യിലുണ്ടോ;

(ബി) ഇതിനായി നഗരസഭ സമർപ്പിച്ച അപേക്ഷയിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ, ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവരോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുകയും ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തമായ രേഖകൾ ലഭ്യമല്ലാത്തതിനാൽ വ്യക്തത വരുത്തുന്നതിനായി റവന്യൂ/രജിസ്ട്രേഷൻ വകുപ്പുകളുമായി ബന്ധപ്പെട്ട് രേഖകൾ കണ്ടെത്തുന്നതിനുള്ള നടപടികൾ ചാലക്കുടി ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ സ്വീകരിച്ചുവരികയുമാണ്.

## ഇടക്കൊച്ചി ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണം

163(6038) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 3-8-2018-ലെ 2975/2018 നമ്പർ ഉത്തരവ് പ്രകാരം ഒരു കോടി രൂപ അനുവദിച്ച ഇടക്കൊച്ചി ഗവൺമെന്റ് ഹൈസ്കൂളിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകി ഉത്തരവിറക്കിയപ്പോൾ സ്കൂളിന്റെ പേര് ഗവൺമെന്റ് ഹൈസ്കൂൾ, ഇടക്കൊച്ചി എന്നതിനുപകരം ഗവൺമെന്റ് യു.പി. സ്കൂൾ, ഇടക്കൊച്ചി എന്നാണ് രേഖപ്പെടുത്തി യിരുന്നത്. ഈ പിശക് തിരുത്തി ഉത്തരവിറങ്ങിയാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്.

## മൂന്ന് കോടി രൂപയുടെ പദ്ധതിയിൽ നിറമരുതൂർ ഗവൺമെന്റ് യു.പി.എസ്.-നെ ഉൾപ്പെടുത്തുന്നതിന് നടപടി

164(6039) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുള്ള മൂന്ന്കോടി രൂപയുടെ പദ്ധതിയിൽ താനൂർ സബ്ജില്ലയിൽ ഉൾപ്പെട്ട ഗവ. യു.പി.എസ്. നിറമരുതൂർ (സ്കൂൾ കോഡ് -19699) ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷം ബൈഫർക്കേഷനിലൂടെ നിലവിൽ വന്ന നിറമരുതൂർ ഗവ. യു.പി.എസ്.-നെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്ഥല സൗകര്യത്തിലെ പരിമിതിമൂലം വീർപ്പുമുട്ടുന്ന പ്രസ്തുത വിദ്യാലയത്തിൽ ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആയിരത്തിൽ കൂടുതൽ കുട്ടികളുള്ള സ്കൂളുകളെ മാത്രമാണ് കിഫ്ബി ധനസഹായത്തോടെ മൂന്ന് കോടി രൂപ ധനസഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ളത്.

## ലോവർ പ്രൈമറി അദ്ധ്യാപകരാകാൻ ടി.ടി.സി. യോഗ്യത

165(6040) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദവും ബി.എഡും ഉള്ളവർക്കും ലോവർ പ്രൈമറി അദ്ധ്യാപകരാവാൻ ടി.ടി.സി.യോഗ്യത വേണമെന്ന് വ്യവസ്ഥ ചെയ്തത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ബി.എഡും ടി.ടി.സി.യും ട്രെയിനിംഗ് യോഗ്യതകൾ ആയതിനാലും ബിരുദംകൂടി ഉള്ള അദ്ധ്യാപകർ ലോവർ പ്രൈമറി ക്ലാസ്സുകളിൽ പഠിപ്പിക്കുന്നത് അദ്ധ്യാപനം മെച്ചപ്പെടുത്താൻ ഉപകരിക്കുമെന്നതിനാലും നിലവിലുള്ള വ്യവസ്ഥ പുനഃപരിശോധിക്കുമോ;

(സി) മുമ്പുണ്ടായിരുന്ന വ്യവസ്ഥ പോലെ, ബിരുദവും ബി.എഡും ഉള്ളവർക്ക് ടി.ടി.സി. ഇല്ലെങ്കിലും ലോവർ പ്രൈമറി അദ്ധ്യാപകരാവാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് ഇറക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8-6-2000-ലെ ജി.ഒ. (പി) നമ്പർ 188/2000/പൊ.വി.വ. ഉത്തരവ് പ്രകാരമാണ് എൽ.പി. സ്കൂൾ ടീച്ചർമാർക്ക് ടി.ടി.സി. നിർബന്ധിത ട്രെയിനിംഗ് യോഗ്യതയായി നിശ്ചയിച്ചത്. 8-6-2000 മുതൽ ടി.ടി.സി. യോഗ്യതയുള്ളവർക്കു മാത്രമേ എൽ.പി. സ്കൂൾ ടീച്ചറായി നിയമനം നേടാൻ അർഹതയുള്ളൂ.

(ബി) ബിരുദധാരികളെ എൽ.പി. സ്കൂൾ ടീച്ചറായി നിയമിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. എന്നാൽ ട്രെയിനിംഗ് യോഗ്യതയായി ടി.ടി.സി. ഉണ്ടായിരിക്കണം. അതിനാൽ നിലവിലെ വ്യവസ്ഥ പുനഃപരിശോധിക്കേണ്ടതില്ല.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എൽ.പി.എസ്. ടീച്ചർ തസ്തികയിലെ ഒഴിവുകൾ

166(6041) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ എൽ.പി.എസ്. ടീച്ചർ തസ്തികകളിൽ നിലവിൽ എത്ര സ്ഥിരം ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുകളുടെ എണ്ണം എ.ഇ.ഒ./ഡി.ഇ.ഒ. സബ് ജില്ല തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവയുടെ എണ്ണം എത്രയാണെന്ന് വിശദമാക്കാമോ;

(സി) 2018-19 അദ്ധ്യയനവർഷം കൊല്ലം ജില്ലയിൽ എൽ.പി. സ്കൂളുകളിൽ പുതിയതായി സൃഷ്ടിച്ച അധിക ഡിവിഷനുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2019 വർഷം അദ്ധ്യാപകരുടെ വിരമിക്കൽ മൂലവും പ്രമോഷൻമൂലവും ഉണ്ടാകുന്ന എൽ.പി.എസ്. ടീച്ചർ തസ്തികയിലെ ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ 216 ഒഴിവുകൾ നിലവിലുണ്ട്. ജില്ലാ വിദ്യാഭ്യാസ ഓഫീസ്/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് തിരിച്ച് ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് | എൽ.പി.എസ്.ടി. ഒഴിവുകളുടെ എണ്ണം |
|---|---|---|
| | ജില്ലാ വിദ്യാഭ്യാസ ഓഫീസ് | |
| 1 | കൊല്ലം | 2 |
| 2 | കൊട്ടാരക്കര | 5 |
| 3 | പുനലൂർ | 17 |
| | ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് | |
| 1 | ചവറ | 3 |
| 2 | ചാത്തന്നൂർ | 7 |
| 3 | കരുനാഗപ്പള്ളി | 1 |
| 4 | കൊല്ലം | 1 |
| 5 | കൊട്ടാരക്കര | 16 |
| 6 | കുളക്കട | 28 |
| 7 | ശാസ്താംകോട്ട | 3 |
| 8 | വെളിയം | 1 |
| 9 | പുനലൂർ | 48 |
| 10 | അഞ്ചൽ | 58 |
| 11 | ചടയമംഗലം | 26 |
| | ആകെ | 216 |

(ബി) 200 ഒഴിവുകൾ.

(സി) 67 അധിക ഡിവിഷനുകൾ.

(ഡി) നിലവിലെ രേഖകൾ പ്രകാരം വിരമിക്കൽ ഒഴിവ് - 34, പ്രൊമോഷൻ ഒഴിവുകൾ - 13. വിരമിക്കൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ ഒഴിവുകൾ അർഹമായ വിഹിതം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

## എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ്

167(6042) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നിലവിലുള്ള എച്ച്.എസ്.എ. (സോഷ്യൽ സ്റ്റഡീസ്) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്യാനായി എത്ര ഒഴിവുകൾ ബാക്കിയുണ്ട്; വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിലെ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നും കാലതാമസം കൂടാതെ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികയിൽ നിലവിൽ 34 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2019-20-ലെ സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായതിനുശേഷം മാത്രമേ പുതിയ ഒഴിവുകൾ ലഭ്യമാവുകയുള്ളൂ.

(ബി) ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിലെ ഒഴിവുകൾ

168(6043) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ എച്ച്.എസ്.ടി.ഇംഗ്ലീഷ് തസ്തികകളിൽ 1:40 അനുപാതത്തിൽ താൽക്കാലികമായി നിലനിർത്തിയിരുന്ന അദ്ധ്യാപകരെ യഥാക്രമം സ്ഥിരം ഒഴിവിലേക്ക് പുനർവിന്യസിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) 1:40 അനുപാതത്തിൽ നിലനിർത്തിയിരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചശേഷം നിലവിൽ എത്ര എച്ച്.എസ്.ടി. ഇംഗ്ലീഷ് തസ്തികയിലെ ഒഴിവുകൾ ഡി.ഡി.ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; 20-6-2019-ന് മുൻപായി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**അന്തർ ജില്ലാ സ്ഥലംമാറ്റം**

169(6044) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.ഒ.(പി)നമ്പർ 36/91 എന്ന സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല നിയമനങ്ങളിലൂടെ സർക്കാർ സർവീസിൽ കയറിയ ജീവനക്കാർക്ക് അന്തർജില്ല സ്ഥലം മാറ്റം ഒരു വർഷം ഉണ്ടാകുന്ന ഒഴിവിന്റെ 10% -നേ അർഹതയുള്ളൂ എന്ന നിയമം മറ്റെല്ലാ വകുപ്പിനും ബാധകമായിരിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പിൽ മാത്രം 1992-മുതൽ 25 മുതൽ 35% വരെയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ 2015-മുതൽ നിരവധി പരാതികൾ വിദ്യാഭ്യാസ വകുപ്പിൽ ലഭിക്കുകയും അതിൻ പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ഒരു അവകാശമല്ലെന്നും ആനുകൂല്യം മാത്രമാണെന്നും അടിയന്തര ഘട്ടത്തിൽ മാത്രമേ അത് ഉപയോഗിക്കുവാൻ പാടുള്ളൂ എന്നും അത് 10% കഴിയാൻ പാടില്ല എന്നും സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയത്തിൽ എച്ച്.എസ്.ടി. നിയമനവുമായി 2017 ജൂലൈയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ സമർപ്പിച്ച OA(Ekm) 1515/2017 എന്ന ഒ.എ. പ്രകാരം 2019 മേയ് 27-ന് നിലവിൽ വന്ന അന്തർജില്ലാ സ്ഥലം മാറ്റം സ്റ്റേ ചെയ്തുകൊണ്ടുള്ള ഓർഡർ നിലവിൽവന്നതിനുശേഷം അതിനെ മറികടന്നുകൊണ്ടുള്ള നിയമനങ്ങളും അതിനെകുറിച്ച് വന്ന പത്ര വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇത്തരമൊരു തീരുമാനം വിദ്യാഭ്യാസ വകുപ്പ് കൈക്കൊണ്ടിട്ടില്ല. മറ്റ് വകുപ്പുകളിലേതിന് സമാനമായ വ്യവസ്ഥയല്ല അദ്ധ്യാപകരുടെ പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവയ്ക്ക് നിലവിലുള്ളത്. എന്നാൽ ജി.ഒ. (പി) നമ്പർ 36/91/പൊ.വി.വ. പ്രകാരം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അന്തർജില്ലാ സ്ഥലംമാറ്റത്തിന് നീക്കിവയ്ക്കാവുന്ന ഒഴിവുകൾ (ഓരോ വകുപ്പിനും ഓരോ വർഷവും ഓരോ കാറ്റഗറിയിലുമുണ്ടാകുന്ന മൊത്തം ഒഴിവുകളുടെ) 10 ശതമാനം കവിയാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) ട്രൈബ്യൂണൽ ഉത്തരവ് മറികടന്നുകൊണ്ടുള്ള സ്ഥലംമാറ്റ നിയമനങ്ങൾ നടക്കുന്നതായി ലഭിച്ച പരാതികളിന്മേൽ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പ്രൈമറി സ്കൂൾ പ്രധാന അദ്ധ്യാപകന്റെ ചുമതലകൾ

170(6045) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിലെ പ്രൈമറി സ്കൂൾ പ്രധാനാദ്ധ്യാപകന്റെ ചുമതലകൾ നിലവിൽ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) പ്രധാനാദ്ധ്യാപകന്റെ ചുമതലകൾക്ക് പുറമേ ഒരു ക്ലാസിന്റെ പ്രത്യേക ചുമതലയും പ്രധാന അദ്ധ്യാപകനിൽ നിക്ഷിപ്തമാണോ എന്നറിയിക്കുമോ;

(സി) പ്രധാനാദ്ധ്യാപകന്റെ ചുമതലകൾക്ക് പുറമേ ഒരു ക്ലാസ്സിന്റെ പ്രത്യേക ചുമതലയും നല്കുന്നത് വഴി താങ്ങാനാകാത്ത ജോലി ഭാരം പ്രധാന അദ്ധ്യാപകനുള്ളതായി അദ്ധ്യാപക സംഘടനകൾ നിവേദനങ്ങൾ നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.ഇ.ആർ. അദ്ധ്യായം IX ചട്ടം 11-ൽ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ ചുമതലകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ആയത് പ്രകാരമുള്ള ചുമതലകൾ ചുവടെ ചേർക്കുന്നു :

1. ഗവൺമെന്റിൽനിന്നും ഡിപ്പാർട്ട്മെന്റിൽനിന്നും പുറപ്പെടുവിക്കുന്ന നിയമങ്ങളും ഉത്തരവുകളും അനുസരിച്ച് പ്രവർത്തിക്കുക.

2. സ്കൂളിൽ അച്ചടക്കം പാലിക്കുക.

3. ടൈംടേബിൾ രൂപീകരിച്ചും അദ്ധ്യാപകർക്കിടയിൽ ജോലി വിഭജിച്ചും പരീക്ഷകൾ നടത്തിയും പാഠ്യേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിച്ചും സ്കൂൾ ജോലി സംഘടിപ്പിക്കുക.

4. നിശ്ചിത ചട്ടങ്ങൾക്കുവിധേയമായി കുട്ടികളുടെ പ്രൊമോഷൻ നടപ്പിലാക്കുക.

5. അദ്ധ്യാപകരുടെ ജോലി പരിശോധിക്കുക.

6. സ്കൂൾ റിക്കാർഡുകളും രജിസ്റ്ററും ശരിയായ വിധത്തിൽ എഴുതി സൂക്ഷിക്കുകയും സ്കൂൾ സംബന്ധമായ കത്തിടപാടുകൾ ശരിയായ വിധത്തിൽ നടത്തുകയും ചെയ്യുന്നത് ഉറപ്പുവരുത്തുക.

7. നിശ്ചിത ചട്ടങ്ങളനുസരിച്ച് കുട്ടികളിൽനിന്നും അദ്ധ്യാപകർ വഴി ഫീസ് പിരിച്ച് ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളാണെങ്കിൽ ട്രഷറിയിൽ അടയ്ക്കുക. അൺഎയ്ഡഡ്, അംഗീകൃത സ്കൂൾ ആണെങ്കിലും വിദ്യാഭ്യാസ ഏജൻസിക്ക് അയയ്ക്കണം.

8. സ്കൂൾ പരിസരം ശുചിയായും ഭംഗിയായും ആരോഗ്യ പ്രദായകമായ നിലയിലും സൂക്ഷിക്കുക.

9. സ്റ്റാഫ് കൗൺസിൽ സംഘടിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക, സ്റ്റാഫ് കൗൺസിലിൽ അദ്ധ്യാപകർ എല്ലാവരും അംഗങ്ങളും ഹെഡ്മാസ്റ്റർ ചെയർമാനും ആയിരിക്കണം.

(ബി) കുട്ടികളുടെ എണ്ണം 101-ൽ കുറവുള്ള യു.പി. സ്കൂളിലും 151-ൽ കുറവുള്ള എൽ.പി. സ്കൂളിലും പ്രഥമാദ്ധ്യാപകൻ ഒരു ക്ലാസ്സിന്റെ ചുമതല വഹിക്കണം.

(സി) ഉണ്ട്. കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ I (5) പ്രകാരം (v) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു അപ്പർ പ്രൈമറി സ്കൂളിലെ കുട്ടികളുടെ അംഗബലം 100-ൽ കവിയുകയോ (i) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു സ്കൂളിലെ കുട്ടികളുടെ അംഗബലം (i) മുതൽ (v) വരെ സ്റ്റാൻഡേർഡുകളിൽ 150-ൽ കൂടുകയോ (v) മുതൽ (vii) വരെ സ്റ്റാൻഡേർഡുകളിൽ 100-ൽ കൂടുകയോ ചെയ്താൽ ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**സർക്കാർ അന്ധവിദ്യാലയങ്ങളിലെ ദിവസവേതന ജീവനക്കാർ**

171(6046) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ അന്ധവിദ്യാലയങ്ങളിൽ ദിവസവേതനാടി സ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം വിദ്യാലയങ്ങളിൽ ഏതൊക്കെ തസ്തികകളിലാണ് ജീവനക്കാർ ജോലി ചെയ്യുന്നത്; ഇവരുടെ ജോലിയുടെ സ്വാഭാവം വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിദ്യാലങ്ങളിലെ മെയിൽ ഗൈഡ്,ഫീമെയിൽ ഗൈഡ് എന്നീ തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ എന്തൊക്കെയാണ്; ഇവരുടെ ജോലിയുടെ സ്വാഭാവം എന്താണ്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകളിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;പ്രസ്തുത തസ്തികകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെയുള്ള നാല് സർക്കാർ അന്ധ വിദ്യാലയങ്ങളിലുമായി 28 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു. എച്ച്.എസ്.ടി. മെയിൽ മേട്രൺ, ഫീമെയിൽ മേട്രൺ, പി.റ്റി.ഇൻസ്ട്രുമെന്റ് മ്യൂസിക് ടീച്ചർ, ആയ, വാച്ച്മാൻ, കുക്ക്, മെയിൽ ഗൈഡ്, ഫീമെയിൽ ഗൈഡ് മുതലായ തസ്തികകളിലാണ് ദിവസവേതന വ്യവസ്ഥയിൽ ജീവനക്കാർ ജോലി നോക്കി വരുന്നത്.

(ബി&സി) അന്ധവിദ്യാലയങ്ങളിൽ ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് ടീച്ചർമാർ, മ്യൂസിക് ടീച്ചർ, ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ, പി.റ്റി.ഇൻസ്ട്രുമെന്റ് മ്യൂസിക് ടീച്ചർ, ഫീമെയിൽ മേട്രൺ, മെയിൽ മേട്രൺ, ആയ, കുക്ക്, മെയിൽ ഗൈഡ്, ഫീമെയിൽ ഗൈഡ്, ഓഫീസ് അറ്റൻഡന്റ്, സ്വീപ്പർ, വാച്ച്മാൻ മുതലായ തസ്തികകളിൽ ജീവനക്കാർ ജോലി നോക്കിവരുന്നു. എസ്.എസ്.എൽ.സി. പാസ്സായവരും 8, 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വായിക്കാനുള്ള പരിജ്ഞാനവുമുള്ള വരെയാണ് മെയിൽ ഗൈഡ്, ഫീമെയിൽ ഗൈഡ് തസ്തികയിൽ നിയമിച്ചു വരുന്നത്. സംസ്ഥാനത്തെ അന്ധവിദ്യാലയങ്ങളിൽ ഒന്നു മുതൽ ഏഴുവരെ ക്ലാസ്സുകൾ മാത്രമാണുള്ളത്. എട്ടാം ക്ലാസ്സുമുതൽ പ്രസ്തുത വിഭാഗം കുട്ടികൾ പൊതു വിദ്യാലയങ്ങളിലാണ് പഠനം തുടരുന്നത്. 8, 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഹോസ്റ്റലിൽനിന്നും അവർ പഠിക്കുന്ന പൊതു വിദ്യാലയങ്ങളിലെത്തിക്കുകയും തിരികെ ഹോസ്റ്റലിൽ കൊണ്ടുവരികയും ചെയ്യുക, കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വായിച്ച് കൊടുക്കുക എന്നിവയാണ് മെയിൽ ഗൈഡ്, ഫീമെയിൽ ഗൈഡ് എന്നിവരുടെ ഡ്യൂട്ടി. ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളായ 3-11-1969-ലെ സ.ഉ. (പി) 412/69/EDN, 22-11-1979-ലെ സ.ഉ. (കൈ) 198/79/EDN എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തുന്ന തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സ്റ്റാഫ് ഫിക്സേഷൻ പൂർത്തിയായശേഷം നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ**

172(6047) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂൾ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിതാപകരമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി കൊടുക്കുന്നത് പഠിക്കുന്നതിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കമ്മീഷന്റെ ശിപാർശ പ്രകാരം 33 സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ എയ്ഡഡ് പദവി നൽകിയിരുന്നോ; അത് ഈ സർക്കാർ റദ്ദാക്കിയിട്ടുണ്ടോ;

(ഡി) സ്പെഷ്യൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരെ സംരക്ഷിച്ചുകൊണ്ട് പ്രത്യേക പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ലഭിച്ചു വരുന്ന ശമ്പളവുമായി താരതമ്യം ചെയ്യുമ്പോൾ സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കും ലഭിക്കുന്ന ഓണറേറിയം കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്മീഷനെ നിയമിച്ചിട്ടില്ല.

(സി&ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവിയനുസരിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016

വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. പാക്കേജ് സർക്കാരിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അത് നടപ്പാക്കുന്നത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരികയാണ്.

## ഉപജീവനബത്ത നൽകിയില്ലെന്ന പരാതി

173 (6048) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് സബ്ജില്ലയിൽ ഉൾപ്പെട്ട ഇടനില ഗവൺമെന്റ് യു.പി.എസ്-ലെ അദ്ധ്യാപകനായിരുന്ന ശ്രീ. രഞ്ജിത്ത് എം. ദാസിന് ഫെബ്രുവരി മാസം മുതൽ നാളിതുവരെ ഉപജീവനബത്ത നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപജീവനബത്തയ്ക്കായി രഞ്ജിത്ത് എം. ദാസ് ഡി.പി.ഐ. യിൽ പരാതി നൽകിയതിൻമേൽ (ഫയൽ നമ്പർ എ 6/5580/2019) നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഉപജീവനബത്ത നൽകാത്ത ഉദ്യോഗസ്ഥനെതിരെ നിയമപരമായി നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ;

(ഡി) രഞ്ജിത്ത് എം.ദാസിന് മുടക്കം വന്ന ഉപജീവനബത്ത അടിയന്തരമായി നൽകുവാനുള്ള നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി വിഷയത്തിൽ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉപജീവനബത്ത അകാരണമായി തടഞ്ഞുവച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടില്ല.

(ഡി) ഉപജീവനബത്ത അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സർക്കാർ അന്ധവിദ്യാലയങ്ങളിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ

174(6049) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ അധീനതയിലുള്ള അന്ധ വിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്നവരുണ്ടോ; എങ്കിൽ അവരുടെ പേരു വിവരവും വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ബി) വിജിലൻസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ആരോപണ വിധേയരായ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ് മാസ്റ്റർമാർ അന്ധ വിദ്യാലയങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നുണ്ടോ; വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വികലാംഗ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി. വിഭാഗത്തിലെ മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. രാജനെതിരെ നമ്പർ വി.ഇ.4/2018/ എസ്.ഐ.യു.-2 പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്. നിയമയോഗ്യതയുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. രാജനെ കോട്ടയം ജില്ലയിലെ ഒളശ്ശ ഗവൺമെന്റ് അന്ധവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയുണ്ടായി. തുടർന്ന് സ്കൂളിൽനിന്നും 31-3-2019-ന് ശ്രീ. രാജൻ സേവനത്തിൽനിന്നും വിരമിച്ചു.

(ബി) ശ്രീ. രാജനെതിരെ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം സർക്കാർ അന്ധവിദ്യാലയത്തിൽ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. കെ. എം. അബ്ദുൾ ഹക്കീമിനെതിരായി ഇ 8/(എസ്.സി.) 13/16/ടി.എസ്.ആർ.) 1425/2016 നമ്പർ പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) റൂൾ 15 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചുവരുന്നു.

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ്മാസ്റ്റർമാർ അന്ധവിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പത്തനംതിട്ട ജില്ലയിലെ എച്ച്.എസ്.എ. (സാമൂഹ്യശാസ്ത്രം) തസ്തികയിലെ ഒഴിവുകൾ

175(6050) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ എച്ച്.എസ്.എ. (സാമൂഹ്യശാസ്ത്രം) തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലെ നിയമന നില അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിന്നും 2019 മാർച്ചിൽ പത്തനംതിട്ട ജില്ലയിൽ നിന്നും എത്രപേർ വിരമിച്ചു എന്ന വിവരം അറിയിക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിന്നും 2020 മാർച്ചിൽ പത്തനംതിട്ട ജില്ലയിൽ നിന്നും വിരമിക്കുന്നവരുടെ എണ്ണം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയയ്ക്കായി നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം അറിയിക്കുമോ?

ഉത്തരം

(എ) എച്ച്.എസ്.എ. (സാമൂഹ്യശാസ്ത്രം) തസ്തികയിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 1-7-2019 വരെ 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഒന്ന്.

(സി) ഒന്ന് (31-5-2019-ന് റിട്ടയർ ചെയ്തു)

(ഡി) നിലവിൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

## കുട്ടികളുടെ എണ്ണത്തിനനുസരിച്ച് പുതുതായി സൃഷ്ടിക്കപ്പെടുന്ന അദ്ധ്യാപക തസ്തികകൾ

176(6051) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളുടെ എണ്ണത്തിനനുസരിച്ച് എത്ര അദ്ധ്യാപക തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെടുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) വർഷാരംഭത്തിൽ തന്നെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയിൽ എത്ര പ്രൈമറി അദ്ധ്യാപക തസ്തികകൾ നികത്തിയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2019-20 വർഷത്തെ തസ്തിക നിർണ്ണയം ജൂലൈ 15-ന് മാത്രമേ പൂർത്തിയാകുകയുള്ളൂ. ആയതിനുശേഷം മാത്രമേ ഈ വർഷം പുതുതായി എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കപ്പെടുകയുള്ളൂവെന്ന് കണക്കാക്കാനാകൂ.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിൽ ഈ വർഷം 1241 പ്രൈമറി അദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തിയിട്ടുള്ളതായി വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഹൈസ്കൂൾ അദ്ധ്യാപക തസ്തിക**

177(6052) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ അദ്ധ്യാപക റാങ്ക് ലിസ്റ്റ് നിലനിൽക്കേ പ്രസ്തുത തസ്തികയ്ക്കായി രൂപപ്പെടുന്ന ഒഴിവുകളിലേയ്ക്ക് സംരക്ഷിത അദ്ധ്യാപകരെ നിയമിക്കുവാനോ നിയമിക്കാതിരിക്കുവാനോ എന്തെങ്കിലും സർക്കാർ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സെറ്റ് യോഗ്യത നേടിയ വ്യക്തിയ്ക്ക് എൽ.പി.,യു.പി., ഹൈസ്കൂൾ എന്നിവിടങ്ങളിൽ പഠിപ്പിക്കുന്നതിന് കെ-ടെറ്റ് യോഗ്യത നേടണമോ; വിശദമാക്കാമോ;

(സി) സെറ്റ് യോഗ്യത നേടിയ യു.പി.സ്കൂൾ അദ്ധ്യാപകർ, എച്ച്.എസ്.എ. അദ്ധ്യാപകർ എന്നിവർക്ക് തസ്തിക മാറ്റം വഴി എച്ച്.എസ്.എസ്.ടി.-ക്ക് അപേക്ഷിക്കാമോ; തസ്തിക മാറ്റം വഴി നടത്തുന്ന എച്ച്.എസ്.എസ്.ടി. നിയമനത്തിലെ റേഷ്യോ തരംതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത തസ്തികകളിൽ റഗുലർ നിയമനം നടക്കുന്നതുവരെ താല്ക്കാലികമായി സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ 5-8-2016-ലെ ജി.ഒ. (പി) നമ്പർ 134/2016/പൊ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാലുടൻതന്നെ ഇപ്രകാരം പുനർവിന്യസിക്കപ്പെട്ടിരിക്കുന്ന സംരക്ഷിത ജീവനക്കാരെ മറ്റ് ഒഴിവുകളിലേയ്ക്ക് മാറ്റണമെന്നും ഇപ്രകാരം പുനർവിന്യാസം നടത്തുന്നതുമൂലം ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കരുതെന്നും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശവും നൽകിയിട്ടുണ്ട്. 5-8-2016-ലെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 9-3-2018-ലെ പരിപത്രം നമ്പർ 1866829/ജെ3/2017/പൊ.വി.വ. പ്രകാരം സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് കാറ്റഗറി I മുതൽ IV വരെ നേടുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങളുൾപ്പെടുന്ന പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(സി) അപേക്ഷിക്കാം. ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) തസ്തികയിലെ 25 ശതമാനം ഒഴിവുകൾ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഇവരുടെ അഭാവത്തിൽ യോഗ്യത നേടിയ എൽ.പി./യു.പി. അദ്ധ്യാപകരെ പരിഗണിക്കുന്നുണ്ട്. ഇതുകൂടാതെ ഹയർ സെക്കണ്ടറി ടീച്ചർ (സീനിയർ) തസ്തികയിലുണ്ടാകുന്ന ഒഴിവുകളിൽ യോഗ്യത നേടിയ ഹയർ സെക്കന്ററി ടീച്ചർ (ജൂനിയർ) അദ്ധ്യാപകരുടെ അഭാവത്തിൽ 1:3 എന്ന അനുപാതത്തിൽ യോഗ്യത നേടിയ ഹൈസ്കൂൾ അദ്ധ്യാപകർ, എൽ.പി./യു.പി. അദ്ധ്യാപകർ എന്നിവരുടെ തസ്തികമാറ്റ നിയമനത്തിനും പി.എസ്.സി. മുഖേനയുള്ള നേരിട്ടുള്ള നിയമനത്തിനും പരിഗണിക്കുന്നുണ്ട്.

## അന്ധവിദ്യാലയങ്ങളിലെ വിജിലൻസ് അന്വേഷണം നേരിടുന്ന ഹെഡ്മാസ്റ്റർമാർ

178(6053) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ അന്ധവിദ്യാലയങ്ങളിലെ ഹെഡ് മാസ്റ്റർമാരിൽ വിജിലൻസ് അന്വേഷണം നേരിടുന്ന എത്രപേരുണ്ട്; ഇവരുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; കുറ്റക്കാരാണെന്ന് വിജിലൻസ് കണ്ടെത്തിയിട്ടുള്ള ഹെഡ് മാസ്റ്റർമാരെ സസ്പെൻഡ് ചെയ്യുകയോ പ്രസ്തുത തസ്തികയിൽ തരംതാഴ്ത്തുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

സർക്കാർ അന്ധവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകരിൽ നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നേരിടുന്ന ആരുംതന്നെയില്ല. എന്നാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഐ.ഇ.ഡി. വിഭാഗത്തിലെ വിദ്യാഭ്യാസ ഉപഡയറക്ടറായിരുന്ന ശ്രീ. രാജനെ നിലവിലുണ്ടായിരുന്ന തസ്തികയിൽ നിന്നും നിയമയോഗ്യതയുമായി ബന്ധപ്പെട്ട് ബഹു.മാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. രാജനെ കോട്ടയം ജില്ലയിലെ ഒളശ്ശ ഗവൺമെന്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അന്ധവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപക തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയുണ്ടായി. വികലാംഗ വിദ്യാർത്ഥികൾക്ക് ഉപകരണങ്ങൾ നൽകിയതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വി.ഇ. 4/2018/ എസ്.ഐ.യു. 2 നമ്പർ പ്രകാരം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്. സ്കൂളിൽനിന്നും 31-3-2019-ന് ശ്രീ. രാജൻ സേവനത്തിൽനിന്നും വിരമിച്ചു. ശ്രീ. രാജനെതിരെ വിജിലൻസ് നടത്തുന്ന അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയതിനാൽ വകുപ്പുതല നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം സർക്കാർ അന്ധവിദ്യാലത്തിൽ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. കെ. എം. അബ്ദുൽ ഹക്കീമിനെതിരായി ഇ 8/(എസ്.സി.) 13/16/ടി.എസ്.ആർ.) 1425/2016 നമ്പർ പ്രകാരമുള്ള വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.&എ) റൂൾ 15 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽനിന്നും ടിയാനെതിരെ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാനെ സസ്പെന്റ് ചെയ്യുകയോ, പ്രസ്തുത തസ്തികയിൽനിന്നും തരംതാഴ്ത്തുകയോ ചെയ്തിട്ടില്ല. അച്ചടക്ക നടപടി പൂർത്തീകരിക്കാത്തതിനാൽ ശ്രീ. കെ. എം. അബ്ദുൾ ഹക്കീമിന് ശിക്ഷ നിശ്ചയിച്ച് നൽകിയിട്ടില്ല.

### എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം

179(6054) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാരുടെ അധികാരം ഭാഗികമായി പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പുതിയ ഉത്തരവ് പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്ന് അദ്ധ്യാപകരെ നിയമിക്കുന്ന തീയതി മുതൽ മാത്രമേ സ്കൂൾ മാനേജർമാർ നടത്തുന്ന നിയമനത്തിന് അംഗീകാരം ലഭിക്കുകയുള്ളൂവെന്ന് വ്യക്തത വരുത്തിയിട്ടുണ്ടോ;

(സി) 2016 ജനുവരി 29 മുതലുള്ള അധിക തസ്തികയിലെ അദ്ധ്യാപക നിയമനം എപ്രകാരമായിരിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ മാനേജർമാരുടെ അധികാരങ്ങളൊന്നുംതന്നെ സർക്കാർ പിൻവലിക്കുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല.

(ബി) കെ.ഇ.ആർ. അദ്ധ്യായം XIV A-ലെ ചട്ടം 43, 51 എ, 51 ബി എന്നീ ചട്ടങ്ങൾക്കുവിധേയമായി കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടങ്ങൾ 7(1), 7(2), 7(3)(a), 7(3)(b), 7(4) എന്നിവ പ്രകാരം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ നിയമിക്കുന്നതിലേയ്ക്കായി നീക്കിവച്ചിട്ടുള്ള തസ്തികകളിലേയ്ക്കോ ഒഴിവുകളിലേയ്ക്കോ അദ്ധ്യാപക ബാങ്കിൽ നിന്നല്ലാതെ മാനേജർമാർ നിയമനം നടത്താൻ പാടില്ല. അതേ ദിവസത്തിലോ തുടർന്നുവരുന്ന മറ്റേതെങ്കിലും ദിവസത്തിലോ ഉണ്ടാകുന്ന മറ്റൊഴിവുകളിൽ മാനേജർമാർ നടത്തുന്ന നിയമനങ്ങൾ മേൽപ്പറഞ്ഞ തസ്തികകളിലോ ഒഴിവുകളിലോ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ജോലിക്കുചേരുന്ന തീയതി മുതൽ പ്രാബല്യത്തിൽ മാത്രമേ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂവെന്ന് കെ.ഇ.ആർ. അദ്ധ്യായം XXI, ചട്ടം 7(5)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എങ്കിലും അദ്ധ്യാപകരുടെ പുനർവിന്യാസ കാര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 'സ്റ്റാറ്റസ്കോ' ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ 8-3-2019-ലെ നമ്പർ ജെ2/57/2019/പൊ.വി.വ. സർക്കുലർ പ്രകാരം സംരക്ഷിതാദ്ധ്യാപകരെ മാത്രം നിയമിക്കുന്നതിനായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് അംഗീകൃത ഒഴിവ് മാറ്റിവയ്ക്കുകയാണെങ്കിൽ ബന്ധപ്പെട്ട മറ്റ് നിയമനങ്ങൾക്ക് നിയമന തീയതി മുതൽതന്നെ അംഗീകാരം നൽകാവുന്നതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്.

(സി) കെ.ഇ.ആർ. അദ്ധ്യായം XIV A, ചട്ടങ്ങൾ 43, 51 എ, 51 ബി എന്നിവയ്ക്ക് വിധേയമായി അധിക തസ്തികകളിൽ കാറ്റഗറി പരിഗണിക്കാതെതന്നെ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ അനുമതിയോടെ ആദ്യ ഒഴിവ് അദ്ധ്യാപക ബാങ്കിൽനിന്നും (സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റ്), രണ്ടാമത് ഒഴിവ് അദ്ധ്യാപക ബാങ്കിൽ നിന്നല്ലാതെയും യഥാക്രമം 1:1 അനുപാതത്തിൽ നിയമനം നടത്തി ഒഴിവുകൾ നികത്തണമെന്നാണ് ചട്ടം 7(2)-ൽ (അദ്ധ്യായം XXI) വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഇതിന് 29-1-2016 മുതൽ പ്രാബല്യമുണ്ട്.

### ഇടുക്കി ജില്ലയിൽ യു.പി.എസ്.എ (മലയാളം മീഡിയം)തസ്തിക

180(6055) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ യു.പി.എസ്.ടി. (മലയാളം മീഡിയം) എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) നിലവിൽ എത്ര വേക്കൻസികളാണ് പ്രസ്തുത തസ്തികയിൽ നിലവിലുള്ളത്; ആയതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ യു.പി.എസ്.ടി (മലയാളം മീഡിയം) വിഭാഗത്തിൽ 310 തസ്തികകളുണ്ട്.

(ബി) ടി തസ്തികയിൽ 45 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിൽ 29 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കരാഞ്ചിറ സെന്റ് ജോർജസ് സി.യു.പി. സ്കൂളിലെ അദ്ധ്യാപികയുടെ നിയമനാംഗീകാരം**

181(6056) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കരാഞ്ചിറ സെൻറ് ജോർജസ് സി.യു.പി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി സൗമ്യ റ്റി.ഐ.-യുടെ നിയമനവുമായി ബന്ധപ്പെട്ട് ഡി.പി.ഐ.-യിലെ എഫ് 2 സെക്ഷനിലുള്ള 90172 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) ടിയാളുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപേക്ഷ എന്നാണ് ഡി.പി.ഐ.-യിൽ ലഭിച്ചത്;

(സി) പ്രസ്തുത ഫയലിൽ തീർപ്പു കല്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ടി അദ്ധ്യാപികയ്ക്ക് എന്ന് നിയമനാംഗീകാരം നല്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കരാഞ്ചിറ സെന്റ് ജോർജസ് സി.യു.പി. സ്കൂളിലെ അദ്ധ്യാപിക ശ്രീമതി സൗമ്യ. റ്റി.ഐ.-യുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നതിന് എഫ്2/86698/2018/ഡി.പി.ഐ. എന്ന ഫയലിലാണ്. 90172 നമ്പറിൽ ലഭിച്ച ഹർജിയും മേൽ ഫയലിനൊപ്പം ചേർത്ത് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) ടിയാളുടെ നിയമനാംഗീകാരം സംബന്ധിച്ച അപ്പീൽ അപേക്ഷ 6-8-2018-നാണ് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചത്. പ്രസ്തുത ഫയൽ 28-6-2019-ലെ എഫ്2/86698/2018/ഡി.പി.ഐ/കെ.ഡിസ് ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) നിയമനാംഗീകാരം നൽകേണ്ടത് ഇരിങ്ങാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. ആയത് നൽകുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ തസ്തികയിൽ നിയമനം

182(6057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. വിജ്ഞാപനം ചെയ്ത് എഴുത്ത് പരീക്ഷയും കൂടിക്കാഴ്ചയും പൂർത്തീകരിച്ച വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ നിയമനം നടക്കാൻ സാധ്യതയുണ്ടോ; വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിൽ സംസ്ഥാനത്ത് നിലവിൽ ഒഴിവുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഘട്ടം ഘട്ടമായി ദേശീയ തൊഴിൽ നൈപുണ്യ വികസന പാഠ്യ പദ്ധതി (എൻ. എസ്.ക്യു.എഫ്) നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി വൊക്കേഷണൽ ഇൻസ്ട്രക്ടർ, വൊക്കേഷണൽ ടീച്ചർ, ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ താത്ക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രിക്കൾച്ചർ തസ്തികയിൽ 47 ഒഴിവുകൾ നിലവിലുണ്ട്. നിയമനം സംസ്ഥാനാടിസ്ഥാനത്തിൽ ആകയാൽ ജില്ലാടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

## ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ പോസ്റ്റ് ക്രിയേഷൻ

183(6058) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിലെ അദ്ധ്യാപകരുടെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് ഇറക്കിയിരിക്കുന്ന ഉത്തരവിലെ അവ്യക്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച് വിവിധ അദ്ധ്യാപകർ നൽകിയ പരാതികളിൽ സർക്കാർ ആവശ്യമായ പരിശോധന നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂൾ / അധിക ബാച്ചുകൾ എന്നിവയിൽ നിശ്ചിത എണ്ണം വിദ്യാർത്ഥികളുള്ള ബാച്ചുകൾക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപകരിൽ നിന്നും ലഭിച്ചിട്ടുള്ള പരാതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## എൽ. പി. സ്കൂൾ ടീച്ചർ തസ്തിക

184(6059) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ എൽ.പി.സ്കൂൾ ടീച്ചർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ ജില്ലയിൽ 2018-19 വർഷം എൽ.പി. സ്കൂളുകളിൽ എത്ര അധിക ഡിവിഷനുകൾ ഉണ്ടായിട്ടുണ്ട് എന്നറിയിക്കുമോ;

(ഡി) 2019-ൽ അദ്ധ്യാപകരുടെ വിരമിക്കൽ, പ്രൊമോഷൻ എന്നിവ മുഖേന ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 216 ഒഴിവുകളുണ്ട്.

(ബി) 200 ഒഴിവുകൾ.

(സി) 67 അധിക ഡിവിഷനുകൾ.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

## തൃശ്ശൂർ ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ നിയമനങ്ങൾ

185(6060) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ സർക്കാർ യു.പി. സ്കൂളുകളിൽ നിലവിൽ എത്ര യു.പി.എസ്.എ. തസ്തികകളാണുള്ളത്; ഇതിൽ എത്ര തസ്തികയിലെ ഒഴിവുകൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ എത്ര ഒഴിവുകളാണ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) 2019-20 ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരമുള്ള ഒഴിവുകൾ ഉൾപ്പെടെ ആകെ എത്ര ഒഴിവുകളാണ് പ്രസ്തുത ജില്ലയിലെ സർക്കാർ സ്കൂളുകളിൽ യു.പി.എസ്.എ. തസ്തികയിൽ ഈ അദ്ധ്യയന വർഷം പ്രതീക്ഷിക്കുന്നത്; അറിയിക്കുമോ;

(സി) ഈ ജില്ലയിലെ യു.പി.എസ്.എ. തസ്തികയിൽ 5-1-2019-ന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം ദിവസ വേതന നിരക്കിൽ ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലിയിൽ തുടരുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ എത്ര ലീവ് വേക്കൻസിയിലാണ് ജീവനക്കാർ ഇപ്പോഴും തുടരുന്നത്; വ്യക്തമാക്കുമോ;

(ഡി) ലീവ് വേക്കൻസി വഴി സംജാതമായ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഈ ഒഴിവുകളിൽ നടത്തിയ ദിവസ വേതന നിയമനം ഒഴിവാക്കി പകരം നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അടിയന്തരമായി നിയമനം നടത്താൻ നടപടി സ്വീകരിയ്ക്കുമോ;

(ഇ) നിലവിൽ തൃശ്ശൂർ ജില്ലയിൽ സർക്കാർ യു.പി.എസ്.എ. തസ്തികയിലുള്ള എത്ര പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്; പ്രസ്തുത തസ്തികയിൽ സംരക്ഷിത അദ്ധ്യാപകരും പി.ഡി. അദ്ധ്യാപകരും എത്ര പേർ വീതമാണുള്ളത് എന്ന് അറിയിക്കുമോ?

## ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ 2018-19 സ്റ്റാഫ് ഫിക്സേഷൻ പ്രകാരം 644 യു.പി.എസ്.എ. തസ്തികകളാണുള്ളത്. ആയതിൽ 120 യു.പി.എസ്.എ. ഒഴിവുകളാണ് വിദ്യാഭ്യാസ ഉപ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 25 ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായും 8 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2019-2020-ലെ തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടില്ല. ആയതിനു ശേഷം മാത്രമേ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

(സി) ഉണ്ട്. 32 യു.പി.എസ്.എ. അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി) ഇല്ല. ഹ്രസ്വകാല അവധി ഒഴിവുകളിൽ പി.എസ്.സി. നിയമനം നടത്താറില്ല.

(ഇ) നിലവിൽ തൃശ്ശൂർ ജില്ലയിൽ സ്ഥാനക്കയറ്റം ലഭിച്ച യു.പി. അദ്ധ്യാപകർ ആരുംതന്നെ ഇല്ല. അടച്ചുപൂട്ടപ്പെട്ട സ്കൂളുകളിൽ നിന്നുള്ള 2 യു.പി. സംരക്ഷിതാദ്ധ്യാപകർ മാത്രമേ നിലവിൽ സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നുള്ളൂ.

## കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ തസ്തികയിലെ ഒഴിവുകൾ

186(6061) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താനായി ടി ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വിവിധ തസ്തികകളിലായി നിലവിലുള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | LPSA Malayalam | 90 |
| 2 | UPSA Malayalam | 157 |
| 3 | LPSA Kannada | 47 |
| 4 | UPSA Kannada | 11 |
| 5 | HST Maths | 22 |
| 6 | HST Phy.Science | 41 |
| 7 | HST Soc.Science | 16 |
| 8 | HST Nat.Science | 7 |
| 9 | HST English | 6 |
| 10 | HST Maths Kannada | 13 |

| | | |
|---|---|---|
| 11 | HST Phy.Science Kannada | 1 |
| 12 | HST Soc.Science Kannada | 6 |
| 13 | HST Kannada | 3 |
| 14 | HST Malayalam | 5 |
| 15 | HST Hindi | 5 |
| 16 | PET HS | 14 |
| 17 | HST Sanskrit FT | 4 |
| 18 | HST Sanskrit PT | 2 |
| 19 | HST Arabic FT | 14 |
| 20 | HST Arabic PT | 2 |
| 21 | PET UP | 1 |
| 22 | Music Teacher | 1 |
| 23 | Drawing Teacher | 8 |
| 24 | Jr. Lang.Arabic UP FT | 14 |
| 25 | Jr. Lang. Sanskrit FT | 2 |
| 26 | Jr. Lang.Hindi FT | 13 |
| 27 | Jr. Lang.Hindi PT | 8 |
| 28 | Jr. Lang.Arabic LP FT | 42 |

| | | |
|---|---|---|
| 29 | Jr. Lang.Arabic LP PT | 6 |
| 30 | Jr. Lang.Arabic PT | 1 |
| | Total | 562 |

(ബി)

| ക്രമ നമ്പർ | തസ്തിക | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് | റിപ്പോർട്ട് ചെയ്ത തീയ്യതി |
|---|---|---|---|
| 1 | LPSA Malayalam | 90 | 29-6-2019 |
| 2 | UPSA Malayalam | 157 | 28-6-2019 |
| 3 | LPSA Kannada | 47 | 17-5-2019 |
| 4 | UPSA Kannada | 11 | 4-2-2019 |
| 5 | HST Maths | 20 | 30-6-2019 |
| 6 | HST Phy.Science | 38 | 31-3-2019 |
| 7 | HST Soc.Science | 14 | 30-6-2019 |
| 8 | HST Nat.Science | 5 | 30-6-2019 |
| 9 | HST English | 3 | 25-3-2019 |
| 10 | HST Maths Kannada | 12 | 17-5-2019 |
| 11 | HST Phy.Science Kannada | 1 | 17-5-2019 |
| 12 | HST Soc.Science Kannada | 2 | 22-9-2018 |
| 13 | HST Kannada | 2 | 30-6-2019 |

| | | | |
|---|---|---|---|
| 14 | HST Malayalam | 2 | 6-6-2019 |
| 15 | HST Hindi | 5 | 29-5-2019 |
| 16 | PET HS | 13 | 30-6-2019 |
| 17 | HST Sanskrit FT | 4 | 13-7-2018 |
| 18 | HST  Sanskrit PT | 2 | 31-12-2018 |
| 19 | HST Arabic FT | 14 | 22-4-2018 |
| 20 | HST Arabic PT | 2 | 31-12-2018 |
| 21 | PET UP | 0 | |
| 22 | Music Teacher | 0 | |
| 23 | Drawing Teacher | 5 | 17-5-2019 |
| 24 | Jr. Lang.Arabic UP FT | 14 | 30-3-2019 |
| 25 | Jr. Lang. Sanskrit FT | 2 | 19-11-2018 |
| 26 | Jr. Lang.Hindi FT | 12 | 13-11-2017 |
| 27 | Jr. Lang.Hindi PT | 5 | 30-6-2019 |
| 28 | Jr. Lang.Arabic LP FT | 42 | 26-2-2018 |
| 29 | Jr. Lang.Arabic LP PT | 6 | 31-12-2018 |
| 30 | Jr. Lang.Arabic PT | 1 | 14-6-2019 |
| | Total | 531 | |

## തിരുവനന്തപുരം ജില്ലയിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ നിയമനം

187(6062) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ഹൈസ്കൂൾ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽനിന്നും നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഈ തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഇതിലെ എത്ര ഒഴിവുകൾ അന്തർ ജില്ലാ സ്ഥലമാറ്റത്തിന് വേണ്ടി നീക്കിവെച്ചിട്ടുണ്ട്; ആയതിന്റെ അനുപാതം എത്രയാണ്;

(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) നിയമനങ്ങൾ നടത്തിയിട്ടില്ല. നിലവിലുള്ള മൂന്ന് ഒഴിവുകൾ ഉടൻതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ബി) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഒഴിവുകൾ നീക്കിവച്ചിട്ടില്ല.

(സി) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം കായികാധ്യാപക തസ്തികകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അഞ്ചുകുടി ബദൽ സ്കൂളിനെ എൽ.പി. സ്കൂളായി ഉയർത്തുന്നതിനുള്ള നടപടികൾ

188(6063) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ അഞ്ചുകുടി ആദിവാസി കോളനിയിൽ പ്രവർത്തിക്കുന്ന അഞ്ചുകുടി ബദൽ സ്കൂൾ (എം.ജി.എൽ.സി.) എൽ.പി.സ്കൂൾ ആയി ഉയർത്തുന്നതിനായി എസ്.എസ്.എ. മുഖേന സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച തീരുമാനങ്ങൾ വിശദമാക്കാമോ;

(സി) ആദിവാസിഗോത്ര മേഖലകളിലെ കുട്ടികളുടെ വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ഒരേക്കറിൽ അധികം സ്ഥലസൗകര്യമുള്ള അഞ്ചുകുടി ബദൽ സ്കൂൾ എൽ.പി.സ്കൂൾ ആയി ഉയർത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) പരിശോധിക്കുന്നതാണ്.

**അൺ എയ്ഡഡ് സ്കൂളുകളിലെ തൊഴിൽ ചൂഷണം**

189(6064) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ എയ്ഡഡ് സ്കൂളുകളിൽ തൊഴിൽ ചൂഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അദ്ധ്യാപക അനദ്ധ്യാപകരുടെ വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് എന്തെല്ലാം സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വേതനം ബാങ്കുവഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് നിയമ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ അംഗീകാരമുള്ള അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പേമെന്റ് ഓഫ്

മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശാധിച്ചുവരുന്നു. സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധ്യാപകരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനുമായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ വേതനം ബാങ്കു വഴി വിതരണം ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ഡി) കരട് ബിൽ സർക്കാർ പരിശോധിച്ചു വരുന്നു.

**പുതിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി**

190(6065) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്കൂളുകൾക്ക് നിരാക്ഷേപ പത്രം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കുമോ;

(സി) പുതിയ അൺ എയ്ഡഡ് സ്കൂളുകൾക്ക് അനുമതി നൽകില്ലായെന്ന നയം തിരുത്തുവാനുണ്ടായ സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകർക്ക് സർക്കാർ സർവ്വീസിലെ അദ്ധ്യാപകരുടേതിനു തുല്യമായ ശമ്പളം നൽകണമെന്ന നിബന്ധന നിരാക്ഷേപ പത്രം നൽകുന്ന വേളയിൽ ഉൾക്കൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ, 1-3-2019-ലെ സ.ഉ.(കൈ)നമ്പർ 22/2019 G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

(സി) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം സർക്കാരിന്റെ അംഗീകാരമോ എൻ.ഒ.സി.-യോ ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുവാൻ പാടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ 19-7-2017-ലെ സർക്കാർ കത്ത് നമ്പർ എഫ് 1-27-2017 പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ആയതിന്മേൽ സ്റ്റേ വാങ്ങുകയും ചെയ്തു. പ്രസ്തുത സ്കൂളുകൾ സമർപ്പിച്ച ഹർജികളിന്മേലുള്ള വിധിന്യായത്തിലും അംഗീകാരത്തിനും എൻ.ഒ.സി.-ക്കും വേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുവാനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി.-ക്കുവേണ്ടി 1-3-2019-ലെ സ.ഉ.(കൈ) നമ്പർ 22/2019/G.Edn. പ്രകാരം മർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക യുണ്ടായി.

(ഡി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ അധ്യാപകർക്ക് സർക്കാർ സർവ്വീസിലെ അദ്ധ്യാപകരുടേതിനു തുല്യമായ ശമ്പളം നൽകണമെന്ന നിബന്ധന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി.ക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ച 1-3-2019-ലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ

191(6066) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ തുടങ്ങിയ സ്കൂളുകളിലെ അക്കാഡമിക്, അൺഅക്കാഡമിക് കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളും പദ്ധതികളും നടപ്പിലാക്കാറുണ്ടോ;

(സി) സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളെക്കുറിച്ച് 2018 ജനുവരി മുതൽ നാളിതുവരെ ലഭിച്ച പരാതികൾ എത്ര; ഇതിൽ എത്ര പരാതികൾ ഡി.ഇ.ഒ./ ഡി.ഡി.(ഇ) പരിശോധനകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഡി) പരിശോധനയിൽ കണ്ടെത്തിയ വസ്തുതകൾ സർക്കാരും ഡി.പി.ഐ.യും പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ അക്കാഡമിക്, അൺ അക്കാഡമിക്, ഭരണപരം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വകുപ്പിന് ലഭിച്ച പരാതികൾ എത്ര; ഏതെല്ലാം സ്കൂളുകളെക്കുറിച്ചാണ് പരാതികൾ ലഭിച്ചത്; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(എഫ്) സംസ്ഥാനത്ത് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ./ ഇന്റർനാഷണൽ വിഭാഗത്തിൽ എത്ര സ്കൂളുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്; ജില്ലതിരിച്ച് ലഭ്യമാക്കുമോ; അംഗീകാരം ഇല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട്; ഇത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സ്കൂളുകളിലെ അക്കാഡമിക്, അൺ അക്കാഡമിക് കാര്യങ്ങളിൽ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. നിലവിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അക്കാഡമിക്, അൺഅക്കാഡമിക് വിഷയങ്ങളിൽ പരാതി ലഭിക്കുന്ന സാഹചര്യത്തിലും ഇത്തരം പരിശോധനകൾ നടത്താറുണ്ട്. സെൻട്രൽ ബോർഡിന്റെ പരിഷ്കരിച്ച നോട്ടിഫിക്കേഷനിൽ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പളത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റുകളിലും മറ്റും ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഒപ്പുവച്ച് നൽകേണ്ടതായിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളും പദ്ധതികളും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലും ഇത്തരം പരിപാടികൾ നടത്താറുണ്ട്.

(സി) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ഡി) പരിശോധനയിൽ കണ്ടെത്തിയ വസ്തുതകളെ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) സംസ്ഥാനത്ത് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ./ ഇന്റർനാഷണൽ വിഭാഗത്തിൽ 1501 സ്കൂളുകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്* അംഗീകാരം ഇല്ലാത്ത 1585 സ്കൂളുകൾ ഉണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് എൻ.ഒ.സി./ അംഗീകാരം നല്കുന്നതിനായിട്ടുള്ള അപേക്ഷകൾ ലഭിക്കുകയും അതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചും വരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓരോ നിയോജകമണ്ഡലത്തിലും ഒരു നീന്തൽക്കുളം

192(6067) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനത്തിനായി ഓരോ നിയോജക മണ്ഡലത്തിലും ഒരു സ്വിമ്മിംഗ് പൂൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി സ്വിമ്മിംഗ് പൂൾ നിർദ്ദേശിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ?

ഉത്തരം

ബഹു. കേരള മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രകാരം എല്ലാ മണ്ഡലത്തിലെയും ഒരു സർക്കാർ സ്കൂളിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്. മറ്റ് കാര്യങ്ങൾ പ്ലാൻ പ്രൊപ്പോസൽ അംഗീകരിച്ച ശേഷമേ തുടങ്ങുകയുള്ളൂ.

## ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

193(6068) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൽ.പി. സ്കൂൾ മുതൽ ഹൈസ്കൂൾ വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പരിശോധിച്ച് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നത് കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഈ വർഷം നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്ന പരിഷ്കരണ പരിപാടികൾ ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ പ്രധാന രാഷ്ട്രീയ കക്ഷികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിദ്യാഭ്യാസ രംഗത്ത് ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുന്ന ശിപാർശകൾ അടങ്ങുന്ന ഈ റിപ്പോർട്ട് വേണ്ടത്ര ചർച്ച നടത്താതെ ധൃതി പിടിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ചതിന്റെ കാരണമെന്താണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി 31-5-2019 -ലെ സ.ഉ.(കൈ) നമ്പർ 53/2010/ പ്രൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ 17-6-2019-ലെ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ തടഞ്ഞിരുന്നു. 28-6-2019-ൽ കേസുകൾ വീണ്ടും ഹൈക്കോടതി പരിഗണിക്കുകയും 17-6-2019-ലെ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി.

(സി) ഇല്ല.

(ഡി) ഇല്ല. എന്നാൽ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുമുമ്പ് സർവ്വീസ് സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും സ്കൂൾ മാനേജർമാരുടെ പ്രതിനിധികളുമായും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ചെയർപെഴ്സൺമാരുടെ സംഘടനാ പ്രതിനിധികളുമായും ചർച്ച ചെയ്യുകയും ആ ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിലാക്കാൻ തീരുമാനിക്കുകയുമാണ് ഉണ്ടായത്. ആദ്യഘട്ടം 2019-2020 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നുവെന്നേയുള്ളൂ

## സ്കൂൾ വിദ്യാർത്ഥികൾക്ക് കോളേജ് ലാബുകളിൽ പരീക്ഷണം നടത്തുവാൻ അനുമതി

194(6069) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര വിഷയങ്ങളിലെ പ്രതിഭകളായ സ്കൂൾ വിദ്യാർത്ഥികൾക്ക് കോളേജ് ലാബുകളിൽ പരീക്ഷണം നടത്തുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതിനായുള്ള കുട്ടികളെ എപ്രകാരമാണ് തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) മികച്ച പ്രോജക്ടുകൾ ദേശീയ തലത്തിൽ അവതരിപ്പിച്ച് പ്രസിദ്ധീകരിക്കുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ബാധകമല്ല.

(സി) കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് നടത്തുന്ന ഇൻസ്പെയർ പദ്ധതി വഴി അവസരം ലഭിക്കുന്നുണ്ട്.

## ഹിൽടാക്സ് അലവൻസ്

195(6070) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുർഘട പ്രദേശങ്ങളിൽ/ഹിൽ ഏരിയകളിൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകർക്ക് ഹിൽ ടാക്സ് അലവൻസ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളെയാണ് വിദ്യാഭ്യാസ വകുപ്പ് ദുർഘട മേഖല/ ഹിൽ ഏരിയ എന്നിങ്ങനെ തരംതിരിച്ചിട്ടുള്ളത് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) ഇത്തരത്തിൽ തരംതിരിച്ചിട്ടുള്ള മേഖലകളിൽ ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് ഹിൽടാക്സ് അലവൻസ് നൽകിവരുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ ദുർഘട മേഖല/ഹിൽ ഏരിയ എന്ന് തരംതിരിച്ച പ്രദേശത്ത് ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് നിലവിൽ ഹിൽടാക്സ് അലവൻസ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവർക്ക് കൂടി പ്രസ്തുത അലവൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സർവ്വീസ് റൂൾസ് വോള്യം-I അപ്പന്റിക്സ് -IX -ൽ പ്രതിപാദിച്ചിട്ടുള്ള ക്ലാസ് I ഹിൽടാക്സുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് അപ്പന്റിക്സ് IV-ൽ വിവക്ഷിച്ചിരിക്കുന്ന പ്രകാരമുള്ള ഹിൽടാക്സ് അലവൻസ് അനുവദിച്ച് നൽകുന്നുണ്ട്.

(ബി) കേരള സർവ്വീസ് റൂൾസ് -വോള്യം I, അപ്പന്റിക്സ് -IX-ൽ ക്ലാസ് -I, ക്ലാസ് -II ഹിൽടാക്സുകളെ സംബന്ധിച്ച് വിശദമാക്കിയിട്ടുണ്ട്. അപ്പന്റിക്സ് -IX-ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അപ്പന്റിക്സ് -IX -ൽ ക്ലാസ് -I ഹിൽടോക്കായി വിശദമാക്കിയിട്ടുള്ളതും അപ്പന്റിക്സ് -IV-ൽ ഉൾപ്പെടുത്തിയിരിക്കുന്നതുമായ മേഖലകളിൽ/പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള സർക്കാർ ജീവനക്കാർക്ക് ഹിൽടോക്ക് അലവൻസ് നൽകുന്നുണ്ട്.

(ഡി&ഇ) മലപ്പുറം ജില്ല പൊതുവായി ക്ലാസ്- I ഹിൽടോക്കിൽപ്പെട്ട പ്രദേശമല്ല. ആയതിനാൽ ഹിൽടോക്ക് അലവൻസ് പൊതുവായി അനുവദിച്ചു നൽകുന്നില്ല. എന്നാൽ അപ്പെന്റിക്സ് -IX-ൽ പ്രതിപാദിച്ചിട്ടുള്ള ക്ലാസ്-I ഹിൽടോക്കിൽ ഉൾപ്പെട്ടിട്ടുള്ള ഏതെങ്കിലും പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുള്ള പക്ഷം അവർക്ക് ഹിൽടോക്ക് അലവൻസിന് അർഹതയുള്ളതാകുന്നു. ടി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ചട്ടപ്രകാരമുള്ള ഹിൽടോക്ക് അലവൻസ് ലഭിക്കുന്നില്ലെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

## സാക്ഷരതാ മിഷൻ

196(6071) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സാക്ഷരതാ മിഷൻ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത മിഷൻ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സാക്ഷരതാ മിഷനിലെ ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിന്റെയും ജില്ലാ ഓഫീസുകളുടെയും അഡ്രസ്സ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ എണ്ണവും ഔദ്യോഗിക മേൽവിലാസവും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2016-2019 കാലയളവിൽ സാക്ഷരത-തുടർവിദ്യാഭ്യാസ രംഗത്ത് മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സാക്ഷരതാ മിഷൻ ആവിഷ്കരിച്ച് കേരളത്തിലാകമാനം നടപ്പിലാക്കിയ 'അക്ഷരലക്ഷം' പദ്ധതിയിലൂടെ 42933 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

2. പട്ടികജാതി-പട്ടികവർഗ്ഗ തീരദേശ മേഖലകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി തുടർ വിദ്യാകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും തെരഞ്ഞെടുത്ത കോളനികളിലാണ് പ്രത്യേക സാക്ഷരതാ പരിപാടി ആരംഭിച്ചിട്ടുള്ളത്. 2000 കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

3. പാലക്കാട് ജില്ലയിലെ ആദിവാസി മേഖലയായ അട്ടപ്പാടിയിൽ സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 'അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി' യിലൂടെ വിവിധ ഊരുകളിലായി 3670 പേരെ സാക്ഷരരാക്കാൻ സാധിച്ചു.

4. വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന 'വയനാട് ആദിവാസി സാക്ഷരതാ പദ്ധതി' യിലൂടെ 4309 പേർ സാക്ഷരരായി. ഈ പദ്ധതി 200 ഊരുകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

5. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർക്കായി നടപ്പിലാക്കി വരുന്ന 'നവചേതന' പദ്ധതിയിലൂടെ 1756 പേരെ സാക്ഷര രാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി 100 കോളനികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

6. സംസ്ഥാന സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പട്ടികവർഗ്ഗ വിഭാഗക്കാർക്കായി നടപ്പിലാക്കിവരുന്ന 'സമഗ്ര' പദ്ധതിയിലൂടെ ആദിവാസി വിഭാഗത്തിൽപ്പെട്ട 1996 പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

7. കേരളത്തിൽ നിരക്ഷരത കൂടുതലാണെന്ന് കണ്ടെത്തിയിട്ടുള്ള തീരദേശ മേഖലകളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഫിഷറീസ് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന 'അക്ഷരസാഗരം' തീരദേശസാക്ഷരതാ പദ്ധതിയുടെ രണ്ടു ഘട്ടങ്ങളിലൂടെ 6756 നിരക്ഷരരെ സാക്ഷരരാക്കി. ഇതിന്റെ മൂന്നാം ഘട്ടം കണ്ണൂർ, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ആരംഭിച്ചു.

8. കേരളത്തിലെത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിലും ഹിന്ദിയിലും സാക്ഷരരാക്കുന്നതിനായി സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി 'ചങ്ങാതി'

പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ മാതൃകാ പദ്ധതി എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലാണ് നടപ്പിലാക്കിയത്. തുടർന്ന് 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 2725 ഇതര സംസ്ഥാന തൊഴിലാളികളെ സാക്ഷരരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

9. കേരളത്തിലെ ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർവിദ്യാഭ്യാസത്തിനായി സാക്ഷരതാ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'സമന്വയ'. ഈ പദ്ധതിയിലൂടെ 2018-19 അധ്യയന വർഷത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 21 പേർ പത്താംതരം തുല്യതാ പരീക്ഷ വിജയിക്കുകയുണ്ടായി.

10. തിരുവനന്തപുരം കോർപ്പറേഷനുമായി ചേർന്ന് 'അക്ഷരശ്രീ' പദ്ധതി ആരംഭിച്ചു. 8500 പേർ സാക്ഷരതാ - തുല്യതാ കോഴ്സിന്റെ ഗുണഭോക്താക്കളാണ്.

(ബി) 'അക്ഷരലക്ഷം', 'നവചേതന', 'ചങ്ങാതി', 'സമന്വയ' എന്നീ പദ്ധതികൾ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പത്തനംതിട്ട ജില്ലയിൽ 'സമഗ്ര' പദ്ധതിയും ആലപ്പുഴ ജില്ലയിൽ 'അക്ഷരസാഗരം ' പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി&ഡി) കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റിയിൽ കരാർ, ദിവസവേതനം, ഡെപ്യൂട്ടേഷൻ എന്നീ വ്യവസ്ഥകളിലാണ് സംസ്ഥാന-ജില്ലാ ഓഫീസുകളിൽ ഉദ്യോഗസ്ഥർ ജോലി നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത ഓഫീസുകളുടെ ഔദ്യോഗിക വിലാസവും ജീവനക്കാരുടെ എണ്ണവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സാക്ഷരതാ മിഷൻ ജില്ലാ പ്രേരക് തസ്തിക**

197(6072) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ മിഷൻ ജില്ലാ പ്രേരക് തസ്തികക്ക് പകരം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ എന്ന തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സാക്ഷരതാ മിഷൻ ജില്ലാ പ്രേരക് തസ്തികക്ക് പകരം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ എന്ന തസ്തിക സൃഷ്ടിച്ചതിലൂടെ ലക്ഷക്കണക്കിന് രൂപ അധിക ബാധ്യതവന്നുവെന്നതു സംബന്ധിച്ച് എന്തെങ്കിലും അന്വേക്ഷണം നടത്തിയിട്ടുണ്ടോ; അന്വേക്ഷണത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ

<u>ഉത്തരം</u>

(എ&ബി) സാക്ഷരതാ മിഷൻ ജില്ലാ പ്രേരക് എന്ന തസ്തിക നിലവിലുണ്ടായിരുന്നില്ല. ഇപ്പോഴും നിലവിലില്ല.

**ഭൂമി കൈമാറുന്നതിന് ജില്ലാകളക്ടർക്ക് അനുമതി**

198(6073) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വകുപ്പിന്റെ അധീനതയിലുള്ള അൻപത് സെന്റിൽ താഴെയുള്ള ഭൂമി മറ്റൊരു വകുപ്പിന് കൈമാറുന്നതിന് ജില്ലാകളക്ടർക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഈ അധികാരം ജില്ലാകളക്ടർമാർക്ക് നൽകിയ ശേഷം കോഴിക്കോട് ജില്ലയിൽ ഏതെങ്കിലും സ്ഥലം കൈമാറ്റം ചെയ്തിട്ടുണ്ടോ;

(സി) മാവൂർ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ച ഫയലിന്മേൽ ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജി.ഒ.(പി)നമ്പർ 31/2018/ആർ.ഡി. തീയതി 5-6-2018 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർക്ക് ഭൂമി കൈമാറ്റം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. ചാത്തമംഗലം വില്ലേജ് കോയിമണ്ണ ദേശം റി.സ.20/1 എ 1-ൽപ്പെട്ട 10.00 സെന്റ് റവന്യൂ പുറമ്പോക്ക് കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിനും, വടകര വില്ലേജ് വടകര ദേശം റി.സ.69/3 എ 1 -ൽപ്പെട്ട 09.8 സെന്റ് സ്ഥലം ട്രഷറി വകുപ്പിനും, പന്തലായനി വില്ലേജ് പന്തലായനി ദേശം റി.സ. 25/11-ൽപ്പെട്ട 03.00 സെന്റ് സ്ഥലം സാമൂഹ്യക്ഷേമ വകുപ്പിനും, ഏറാമല വില്ലേജ് കുറിഞ്ഞിയാട് ദേശം റി.സ.22/13-ൽപ്പെട്ട 3.00 സെന്റ് സ്ഥലം വനിത ശിശുവികസന വകുപ്പിനും അനുവദിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർ 11448/17/L11 തീയതി 6-10-2017-ന് ഇ.ഇ.പി.ഡബ്ല്യൂ.ഡി. (റോഡ്സ്) കോഴിക്കോടിന് കത്ത് നൽകിയിട്ടുണ്ട്.

## ഫയൽ തീർപ്പ്

199(6074) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കാഫീസിലെ അഡീ. തഹസിൽദാറിന്റെ 20-11-2011-ലെ എച്ച്.10/20299/10 നമ്പർ ഫയലിലെ കക്ഷികൾ ആരൊക്കെയെന്ന് പേര് സഹിതം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫയലിലെ കുറിപ്പുകളുടെയും കൈക്കൊണ്ടിട്ടുള്ള നടപടികളുടെയും ഉത്തരവുകളുടെയും മുഴുവൻ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) എന്ത് നടപടി എടുത്താണ് പ്രസ്തുത ഫയൽ തീർപ്പുകല്പിച്ചത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം താലൂക്കാഫീസിലെ ഒൻപത് വർഷം പഴക്കമുള്ള എച്ച്. 10/20299/10 നമ്പർ ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ല. ഫയൽ കണ്ടെത്തുന്നതിനുള്ള ഊർജിത ശ്രമങ്ങൾ നടന്നുവരുന്നു. പ്രസ്തുത ഫയൽ കണ്ടെത്തി അതിനു മറുപടി കാലതാമസം കൂടാതെ സമർപ്പിക്കുന്നതാണ്.

## ബോട്ട്-ഇൻ-ലാൻഡായ ഭൂമി സംബന്ധിച്ച കേസ്സുകൾ

200(6075) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കാനായി ഭൂമി ആവശ്യമാണെന്നിരിക്കെ വർഷങ്ങളായി കോടതിയുടെ പരിഗണനയിലിരിക്കുന്ന ബോട്ട്-ഇൻ-ലാൻഡായ ഭൂമി സംബന്ധിച്ച കേസ്സുകൾ തീർപ്പാക്കുന്നതിനും തീർപ്പായിട്ടുള്ള കേസ്സുകളിൽപ്പെട്ട ഭൂമി ഉപയോഗപ്രദമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ സർവ്വെ നമ്പർ 349/12, 350/1, 2, 4, 5 എന്നിവയിൽപ്പെട്ട 1 ഏക്കർ 23 സെന്റ് ഭൂമിയും സർവ്വെ നമ്പർ 287/2, 289/1, 2, 3, 4, 8-ൽപ്പെട്ട 1.69420 ഏക്കർ ഭൂമിയും സംബന്ധിച്ച് സുപ്രീം കോടതിയുടെ പരിഗണനയിലുള്ള ബോട്ട്-ഇൻ-ലാൻഡ് കേസ്സുകളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ഡി) ഈ കേസ്സുകൾ തീർപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കോടതി കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനായി കേസ്സുകളുടെ പുരോഗതി പ്രതിമാസ സ്യൂട്ട് കോൺഫറൻസിൽ ചർച്ച ചെയ്യണമെന്നും അഡ്വക്കേറ്റ് ജനറൽ, ഗവ. പ്ലീഡർമാർ എന്നിവരുമായി ബന്ധപ്പെട്ട കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിന് ആവശ്യമായ കാര്യവിവരപത്രിക, കൗണ്ടർ അഫിഡവിറ്റ് എന്നിവ ബന്ധപ്പെട്ട കോടതികളിൽ ഫയൽ ചെയ്യണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോട്ട്-ഇൻ-ലാൻഡായ ഭൂമികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കലയപുരം വില്ലേജിൽ 73.11 സെന്റ് സ്ഥലം 18 പ്ലോട്ടുകളായി തിരിച്ചും ടി താലൂക്കിൽ മേലില വില്ലേജിൽ 10 സെന്റ് സ്ഥലം മൂന്ന് പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ പവിത്രേശ്വരം വില്ലേജിൽ 15.19 സെന്റ് സ്ഥലം അഞ്ചു പ്ലോട്ടുകളായി തിരിച്ചും ടി താലൂക്കിൽ പൂയപ്പള്ളി വില്ലേജിൽ 15.31 സെന്റ് സ്ഥലം അഞ്ച് പ്ലോട്ടുകളായി തിരിച്ചും, ടി താലൂക്കിൽ നെടുവത്തൂർ വില്ലേജിൽ 42 സെന്റ് സ്ഥലം 12 പ്ലോട്ടുകളായി തിരിച്ചും ZLP യിൽ ഉൾപ്പെടുത്തി പട്ടയം നൽകിയിട്ടുണ്ട്. കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ 40 സെന്റ് സ്ഥലം പട്ടികജാതി പ്രീമെട്രിക് ഹോസ്റ്റലിന് കൈമാറുകയും കുന്നത്തൂർ താലൂക്കിൽ കുന്നത്തൂർ വില്ലേജിൽ 1.04 ഏക്കർ സ്ഥലം ലൈഫ് മിഷൻ പദ്ധതിക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ വെള്ളത്തുവൽ വില്ലേജിലെ ബോട്ട്-ഇൻ-ലാൻഡ് ഭൂമിയിൽ 36 ഭൂരഹിതർക്ക് പട്ടയം നൽകിയിട്ടുണ്ട്. കീഴാന്തൂർ വില്ലേജിലെ ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം കീഴാന്തൂർ വില്ലേജിലെ 13 പേർക്കും, മറയൂർ വില്ലേജിലെ 15 പേർക്കും ഭൂമി നൽകിയിട്ടുണ്ട്. പീരുമേട് താലൂക്കിലെ പെരുവന്താനം വില്ലേജിലെ സർവ്വെ നമ്പർ 958/3-ൽപ്പെട്ട 83.320 സെന്റ് ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം

പദ്ധതി പ്രകാരം 20 പ്ലോട്ടുകളായി വിതരണം ചെയ്തിട്ടുണ്ട്. ഇതിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും, ടി കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. തൊടുപുഴ താലൂക്കിന് കീഴിലുള്ള ബോട്ട്-ഇൻ-ലാൻഡ് ആക്കിയിട്ടുള്ള ഭൂമികൾ ജനോപകാരപ്രദമായ പദ്ധതികൾക്ക് വിനിയോഗിക്കുന്നതിനായി ലാൻഡ് ബാങ്കിലേയ്ക്ക് റിപ്പോർട്ട് ചെയ്ത് നടപടി സ്വീകരിച്ചിട്ടുള്ളതും, വാസയോഗ്യമായ ബോട്ട്-ഇൻ-ലാൻഡ് ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ജനങ്ങൾക്ക് പതിച്ചു നൽകിയിട്ടുള്ളതുമാണ്. ഇടുക്കി താലൂക്കിലെ തങ്കമണി വില്ലേജിൽ ബോട്ട്-ഇൻ-ലാൻഡ് ഇനത്തിൽപ്പെട്ട ഭൂമിയുടെ പകുതിയോളം ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകിയിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ ഉപയോഗപ്രദമായ ബോട്ട്-ഇൻ-ലാൻഡ് പ്രളയബാധിതർക്ക് പതിച്ച് നൽകുന്നതിന് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലാണ്. പാലക്കാട് ജില്ലയിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തി പുരോഗമന പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചു വരുന്നു. സംസ്ഥാന സർക്കാരിന്റെ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ നീർച്ചാൽ വില്ലേജിൽ റീസർവ്വേ നമ്പർ 311/1, 312/2 ബി3 എന്നിവയിൽപ്പെട്ട 123 ഏക്കർ ഭൂമി ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പതിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ഹോസ്ദുർഗ് താലൂക്കിൽ പിലിക്കോട് വില്ലേജിൽ റീസർവ്വേ നമ്പർ 198/5-ൽപ്പെട്ട 0.23 ഏക്കർ ഭൂമി പിലിക്കോട് വില്ലേജ് ഓഫീസിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി മാറ്റിവച്ചിട്ടുള്ളതുമാണ്.

(സി) ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുള്ള SLP 32524/10[ SLP 33802/10 എന്നീ കേസ്സുകൾ പെൻഡിംഗിലാണ്.

(ഡി) ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുള്ള SLP 32524/10, 33802/10 എന്നീ കേസുകൾ തീർപ്പു കൽപ്പിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഭൂമിയുടെ ഉടമസ്ഥാവകാശം**

201(6076) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിൽ തോപ്പുംപടി, പ്യാരി ജംഗ്ഷനിൽ പള്ളിച്ചാൽ റോഡിന് വടക്കുവശം സർവ്വേ നമ്പർ 1743-ൽപ്പെട്ട 8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി, നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന 114-ാം നമ്പർ അംഗനവാടിക്കുള്ള കെട്ടിടവും വനിതകൾക്കായുള്ള മുറിയും നിർമ്മിക്കുന്നതിനായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്ലേജ് റിക്കാർഡുകൾ പ്രകാരം കൊച്ചി താലൂക്ക് രാമേശ്വരം വില്ലേജ് സർവ്വേ നമ്പർ 1743-ൽപ്പെട്ട 03.44 ആർ (8 സെന്റ്) ഭൂമി റവന്യൂ പുറമ്പോക്കാണ്. ആയതിന്റെ ഉടമസ്ഥാവകാശം കൊച്ചി കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടുള്ളതാണ്.

(ബി) ടി ഭൂമിയിൽ അങ്കണവാടി നിർമ്മിക്കുന്നതിന് അപേക്ഷ ലഭിച്ചതു പ്രകാരം ആയതിലേയ്ക്ക് കൊച്ചി നഗരസഭയുടെ തീരുമാനത്തിനായി തഹസിൽദാർ കത്ത് നൽകിയിട്ടുള്ളതാണ്. റോഡ് പുറമ്പോക്ക് വസ്തു റോഡ് വികസനത്തിന് ആവശ്യമില്ലാത്തപക്ഷം വനിത-ശിശു വികസന വകുപ്പിന് ടി ഭൂമി കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രവും റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവും ബന്ധപ്പെട്ട വകുപ്പിന്റെ ഭരണാനുമതിയും ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറ്റ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## നിലമ്പൂർ റവന്യൂ ടവർ നിർമ്മാണം

202(6077) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ ഏജൻസി ഏതെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ടവർ നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കുമോ;

(സി) ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) നിലമ്പൂർ റവന്യൂ ടവറിന്റെ നിർമ്മാണ ഏജൻസി കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡാണ്. തുക കണക്കാക്കിയിട്ടില്ല.

(ബി) റവന്യൂ ടവറിന്റെ ആർക്കിടെക്ചറൽ ഡ്രോയിംഗ്സ് തയ്യാറാക്കി മണ്ണ് പരിശാധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ ഭവനനിർമ്മാണ ബോർഡ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ ലഭ്യമാക്കുന്ന മുറയ്ക്ക് അംഗീകാരം നല്കുന്നതാണ്.

(സി & ഡി) സ്ട്രക്ചറൽ ഡിസൈൻ, സ്ട്രക്ചറൽ ഡ്രോയിംഗ്, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി കിഫ്ബി/സർക്കാരിന്റെ അംഗീകാരം വാങ്ങിയതിനുശേഷം മാത്രമേ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി പണികൾ ടെണ്ടർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ ഭവനനിർമ്മാണ ബോർഡിന് കഴിയുകയുള്ളൂ. കെട്ടിടം നിർമ്മാണം ആരംഭിക്കുന്നതിന് നിലവിലുള്ള അംഗീകൃത നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്.

**കാസർഗോഡ് സംഘടിപ്പിച്ച ഒപ്പരം എന്ന പുതുവർഷാഘോഷം**

203(6078) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ഡിസംബർ 31-ന് ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ കാസർകോട് സംഘടിപ്പിച്ച ഒപ്പരം എന്ന പുതുവർഷാഘോഷത്തിന് ക്ഷണക്കത്തോ നോട്ടീസോ മറ്റ് പ്രസിദ്ധീകരണങ്ങളോ തയ്യാറാക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഒപ്പരം എന്ന് പേരു നൽകിയ പുതുവർഷാഘോഷത്തിൽ കലാ-കായിക-സാംസ്കാരിക മത്സരങ്ങളും വിനോദപരിപാടികളും സംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ മത്സരങ്ങൾ ഏതൊക്കെയായിരുന്നുവെന്നും ഇതിൽ പങ്കെടുത്ത ടീമുകളും വ്യക്തികളും ഏതൊക്കെ/ആരൊക്കെയായിരുന്ന എന്നും വിജയികൾക്ക് നൽകിയ സമ്മാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 'ഒപ്പരം' എന്ന പുതുവർഷാഘോഷത്തിന് നോട്ടീസ് തയ്യാറാക്കിയിരുന്നു. നോട്ടീസിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) 'ഒപ്പരം' പരിപടിയിൽ മത്സര ഇനങ്ങൾ സംഘടിപ്പിച്ചിരുന്നില്ല. പ്രദർശന പരിപാടികളാണ് സംഘടിപ്പിച്ചിരുന്നത്. സമ്മാനങ്ങൾ നൽകിയിരുന്നില്ല. പ്രദർശന പരിപാടികളായി അവതരിപ്പിച്ചവയുടെ വിവരം ചുവടെ ചേർക്കുന്നു :

1. രംഗപൂജ
2. പൂരക്കളി
3. മാർഗ്ഗംകളി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. യക്ഷഗാനം
5. ഒപ്പന
6. അലാമിക്കളി
7. മംഗലംകളി
8. കൊറഗ നൃത്തം
9. കോൽക്കളി
10. അമതൻ.

## തണ്ടപ്പേര് രജിസ്റ്ററുകളിലെ മേൽവിലാസം

204(6079) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ആഫീസുകളിൽ ഉള്ള തണ്ടപ്പേര് രജിസ്റ്ററുകളിൽ വസ്തു ഉടമ പ്രമാണം ചമയ്ക്കുന്ന സമയത്ത് പ്രമാണത്തിൽ വിവരിച്ചിരിക്കുന്ന മേൽ വിലാസം രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റി വസ്തു ഉടമയുടെ നിലവിലെ പുതിയ മേൽവിലാസം തിരുത്തി രേഖപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; അറിയിക്കുമോ;

(ബി) മേൽപ്രകാരം തിരുത്ത് വരുത്തുന്നതിന് സഹായകരമായ നടപടി ക്രമങ്ങൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) വില്ലേജ് ആഫീസുകളിലുള്ള തണ്ടപ്പേർ രജിസ്റ്ററുകളിൽ വസ്തു ഉടമ പ്രമാണം ചമയ്ക്കുന്ന സമയത്ത് പ്രമാണത്തിൽ വിവരിച്ചിരിക്കുന്ന മേൽവിലാസം രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റി വസ്തു ഉടമയുടെ പുതിയ മേൽവിലാസം തിരുത്തി രേഖപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി) വസ്തു ഉടമ, നിലവിലെ മേൽവിലാസം നിയമപരമായി രേഖപ്പെടുത്തിയ ആധാരം വില്ലേജ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ തണ്ടപ്പേര് രജിസ്റ്ററിൽ പുതിയ മേൽവിലാസം രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ. അപ്രകാരമല്ലാത്ത തിരുത്തൽ വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സർക്കാർ സംരംഭം ആരംഭിക്കുന്നതിനായി ബി.ടി.ആർ.-ൽ മാറ്റം വരുത്താൻ നടപടി

205(6080) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് തുടങ്ങുവാൻ പ്രാഥമിക പരിശോധന പൂർത്തിയാക്കിയ റബ്ബർ തോട്ടം, റവന്യൂ റിക്കാർഡ് പ്രകാരം "തോട്ടം"എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഈ സർക്കാർ സംരംഭത്തിന് പ്രത്യേക ഇളവ് വരുത്തി വ്യവസായ പാർക്ക് തുടങ്ങുന്നതിന് ആവശ്യമായ അനുകൂലനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) സമാനമായി ഏതെങ്കിലും സർക്കാർ സംരംഭം ആരംഭിക്കുന്നതിനായി റവന്യൂ റിക്കാർഡിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം കരഭൂമിയാക്കി മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ സംരംഭങ്ങൾ തുടങ്ങുവാൻ ഇപ്രകാരം പ്രത്യേക ഇളവുകൾ ലഭ്യമാക്കുവാൻ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള ഭൂപരിഷ്കരണ നിയമപ്രകാരം തോട്ടമെന്ന നിലയിൽ ഇളവ് ലഭിച്ചിട്ടുള്ള ഭൂമിയുടെ കാര്യത്തിൽ പൊതുതാത്പര്യം കണക്കിലെടുത്ത് നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇളവ് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(ബി) കോട്ടയം ജില്ലയിൽ അനുമതി നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ സംരംഭങ്ങൾ തുടങ്ങുവാൻ ഇപ്രകാരം പ്രത്യേക ഇളവുകൾ ലഭ്യമാക്കുവാൻ വേണ്ടി സർപ്പിക്കുന്ന അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ 81(3) വകുപ്പിന്റെ അടിസ്ഥാനത്തിൽ ജി.ഒ. (ആർ.റ്റി.) നമ്പർ 2544/2012 ഉത്തരവ് പ്രകാരം അതാത് ജില്ലകളിൽ ഇതിനുവേണ്ടി രൂപീകരിക്കുന്ന ജില്ലാതല സമിതികൾ പരിശോധിച്ച് ശിപാർശ സഹിതം നൽകുമ്പോൾ ആയത് പരിശോധിച്ച് നിയമപ്രകാരം അനുവദിക്കാൻ കഴിയുന്നതാണെങ്കിൽ വിജ്ഞാപന പ്രകാരം അനുവദിക്കുന്നതാണ്.

## തഹസീൽദാർമാർക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പദവി

206(6081) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എത്ര തഹസിൽദാർമാർക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേട്ടിന്റെ പദവിയുണ്ട്; അവർ ആരെല്ലാമാണെന്നതിന്റെ വിശദവിവരം നൽകുമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും എൽ.എ. തഹസിൽദാർക്ക് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ പദവി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എൽ.എ. തഹസിൽദാർമാരായ പല ഉദ്യോഗസ്ഥരും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ബോർഡ് ഉപയോഗിച്ച് സർക്കാർ വാഹനത്തിൽ സഞ്ചരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലനടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ 6 തഹസിൽദാർമാർ 1973 -ലെ സി.പി.ആർ. സെക്ഷൻ 20 (1) പ്രകാരമുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി ചുമതല നിർവ്വഹിച്ചുവരുന്നു. അവരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*. 21 തഹസീൽദാർ / സ്പെഷ്യൽ തഹസിദാർമാർ 1973 -ലെ സി.ആർ.പി.സി. സെക്ഷൻ 21 പ്രകാരമുള്ള സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായും ചുമതല നിർവ്വഹിച്ചുവരുന്നു. അവരുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) ഉണ്ട്. 26-2-2019 -ലെ 438 ാം നമ്പർ നോട്ടിഫിക്കേഷൻ അനുസരിച്ച് തിരുവനന്തപുരം ജില്ലയിലെ 8 സ്പെഷ്യൽ തഹസീൽദാർമാർ (എൽ.എ.) മാർക്ക് 1973-ലെ സി.ആർ.പി.സി. സെക്ഷൻ 21 പ്രകാരമുള്ള സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുടെ ചുമതല നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**പ്രളയക്കെടുതി സംബന്ധിച്ച നാശനഷ്ടം**

207((6082) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2018 ആഗസ്റ്റ് മാസം ഉണ്ടായ കാലവർഷ പ്രളയക്കെടുതി സംബന്ധിച്ച നാശനഷ്ടം റവന്യൂ വകുപ്പ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് റവന്യൂവകുപ്പ് മുഖേന എത്ര തുക ധനസഹായം അനുവദിച്ചു ; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ പ്പെട്ടവർക്കാണ് ധനസഹായം ലഭ്യമാക്കിയത്; വിശദാംശം നൽകാമോ ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസം ഉണ്ടായ കാലവർഷ പ്രളയക്കെടുതി സംബന്ധിച്ച നാശനഷ്ടം തദ്ദേശസ്വയംഭരണ വകുപ്പ് പ്രത്യേക ആപ്പ് ഉപയോഗിച്ചാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്.

(ബി) ധനസഹായം അനുവദിച്ചതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | അനുവദിച്ച തുക |
|---|---|
| തിരുവനന്തപുരം | 27,72,05,276 |
| കൊല്ലം | 21,13,98,100 |
| പത്തനംതിട്ട | 190,97,70,700 |
| ആലപ്പുഴ | 580,68,95,000 |
| കോട്ടയം | 186,53,00,000 |
| ഇടുക്കി | 171,80,26,073 |
| എറണാകുളം | 364,27,10,000 |
| തൃശ്ശൂർ | 226,57,06,750 |
| പാലക്കാട് | 102,66,00,000 |
| മലപ്പുറം | 68,11,92,900 |
| കോഴിക്കോട് | 71,82,28,000 |

| | |
|---|---|
| വയനാട് | 45,11,65,675 |
| കണ്ണൂർ | 14,51,73,978 |
| കാസർഗോഡ് | 7,84,41,500 |

(സി) ഒറ്റപ്പാലം അംസംബ്ലി മണ്ഡലത്തിൽ ചുവടെ ചേർത്തിരിക്കുന്ന വില്ലേജുകളിൽപ്പെട്ടവർക്കാണ് ധനസഹായം ലഭ്യമാക്കിയിട്ടുള്ളത്.

| | |
|---|---|
| ഒറ്റപ്പാലം-1 | 38 |
| ഒറ്റപ്പാലം-2 | 128 |
| ലക്കിടി പേരൂർ-1 | 23 |
| ലക്കിടി പേരൂർ-2 | 66 |
| അമ്പലപ്പാറ-1 | 27 |
| അമ്പലപ്പാറ-2 | 51 |
| ശ്രീകൃഷ്ണപുരം-1 | 32 |
| ശ്രീകൃഷ്ണപുരം-2 | 15 |
| കടമ്പഴിപ്പുറം-1 | 31 |
| കടമ്പഴിപ്പുറം-2 | 37 |
| കരിമ്പുഴ-1 | 30 |
| കരിമ്പുഴ-2 | 55 |
| പൂക്കോട്ടുകാവ് | 37 |
| ആകെ | 570 |

## ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസ്സുകൾ

208(6083) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ശക്തികുളങ്ങര വില്ലേജിൽ സർക്കാർ പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറിയതും കയ്യേറ്റ ഭൂമിയ്ക്ക് നിയമവിരുദ്ധമായി പട്ടയം ലഭിച്ചതുമായി ബന്ധപ്പെട്ട് കേസ്സുകൾ എടുത്തിട്ടുണ്ടോ;

(ബി) കേസ്സുകളുടെ വിശദാംശം വെളിപ്പെടുത്തുമോ ; കേസ്സുകളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലയിൽ ശക്തികുളങ്ങര വില്ലേജിൽ സർക്കാർ പുറമ്പോക്ക് ഭൂമി അനധികൃതമായി കയ്യേറിയതുമായി ബന്ധപ്പെട്ട് 26 എൻ.സി. കേസ്സുകൾ ബുക്ക് ചെയ്തിട്ടുള്ളതും 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ച് വരുന്നതുമാണ്. എന്നാൽ കയ്യേറ്റഭൂമിക്ക് നിയമവിരുദ്ധമായി പട്ടയം ലഭിച്ചതുമായി ബന്ധപ്പെട്ട കേസ്സുകളൊന്നും തന്നെ നിലവിലില്ലാത്തതുമാണ്.

## കോതമംഗലം വില്ലേജിൽ ഭൂമി കയ്യേറിയ പരാതി

209(6084) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ നാട് കോതമംഗലം കൂട്ടായ്മയുടെ ചെയർമാൻ ഷിബു തെക്കുമ്പുറം കോതമംഗലം വില്ലേജിൽ ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട പരാതി വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി അന്വേഷണത്തിനും നിയമാനുസൃത നടപടിക്കും റിപ്പോർട്ടിനുമായി കോതമംഗലം ഭൂരേഖ തഹസിൽദാർക്ക് നൽകിയിട്ടുള്ളതാണ്.

## വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന

210(6085) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിൽ 1-1-1977-ന മുൻപായി വനഭൂമി കൈവശം വച്ച് കൃഷിചെയ്തു ജീവിച്ചുവരുന്ന 5000 ത്തോളം കർഷകർ അവരുടെ ഭൂമിക്ക് പട്ടയം ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷ നൽകി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാകാത്തതിനാൽ ഇവർക്ക് യഥാസമയം പട്ടയം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) റവന്യൂ (എൽ) വകുപ്പിൽ നിന്നുള്ള ജി.ഒ.നമ്പർ 478/റവന്യൂ പ്രകാരം 1-1-1977-നു മുൻപ് ഭൂമി കൈവശം വച്ചിരിക്കുന്ന കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുവേണ്ടി അടിയന്തരമായി ജോയിന്റ് വേരിഫിക്കേഷൻ നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഉത്തരവ് പ്രകാരം കോതമംഗലം മണ്ഡലത്തിൽ ജോയിന്റ് വേരിഫിക്കേഷനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോതമംഗലം മണ്ഡലത്തിൽ അടിയന്തരമായി ജോയിന്റ് വേരിഫിക്കേഷൻ പൂർത്തിയാക്കി പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) 8-2-2019-ലെ സ.ഉ. (സാധാ) 476/19/ റവ പ്രകാരം കേന്ദ്ര സർക്കാർ അനുമതി ലഭിച്ച ഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും 1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശങ്ങൾ ക്രമീകരിക്കുന്നതിനുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന പൂർത്തികരിക്കുന്നതിനും നിർദ്ദേശംനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി & ഇ) സംയുക്ത പരിശോധന നടത്തുന്നതിനായി സർക്കാർ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടി സംയുക്ത പരിശോധന നടത്തേണ്ട മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് കോതമംഗലം, ആലുവ തഹസിൽദാർമാർക്ക് എറണാകുളം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. സംയുക്ത പരിശോധന പൂർത്തിയാക്കി കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

## പട്ടയവും കെ.എൽ.യു.വും ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകൾ

211(6086) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളും കെ.എൽ.യു. (കേരള ലാൻഡ് യൂട്ടിലൈസേഷൻ) ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഓരോ മാസവും അദാലത്ത് നടത്തി അപേക്ഷകൾ തീർപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അർഹരായ എല്ലാപേർക്കും പട്ടയം നൽകുകയെന്ന ലക്ഷ്യത്തോടെ നടത്തിയ ഊർജ്ജിത പ്രവർത്തനത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 106450 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. പട്ടയവിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാൻഡ് ട്രിബ്യൂണലുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ആഴ്ചയിൽ പരമാവധി ദിവസങ്ങളിൽ കക്ഷികളെ നേരിൽ കേട്ട് പട്ടയ അപേക്ഷകളിൽ വളരെ പെട്ടന്ന് തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ താലൂക്കുകളിലും അസൈൻമെന്റ് കമ്മിറ്റികൾ സമയാസമയങ്ങളിൽ യോഗം ചേർന്ന് അർഹമായ എല്ലാ അപേക്ഷകർക്കും പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരള ലാൻഡ് യൂട്ടിലൈസേഷൻ (കെ.എൽ.യു.) പ്രകാരം ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നിയമാനുസരണ നടപടികൾ റവന്യൂ ഡിവിഷണൽ ഓഫീസ് മുഖേന സ്വീകരിച്ചു വരുന്നുണ്ട്.

(ബി) താലൂക്ക് തലത്തിൽ അദാലത്ത് നടത്തി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

## മിച്ചഭൂമി വാങ്ങി കൃഷി ചെയ്യുന്നവർക്ക് പട്ടയം

212(6087) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തിമിരി വില്ലേജിൽ മിച്ചഭൂമി ലഭിച്ചവരിൽ നിന്നും ഭൂമി വാങ്ങി 40 വർഷത്തിലധികമായി കൃഷി ചെയ്തു ജീവിക്കുന്നവരിൽ പട്ടയം ലഭിക്കാത്തവർ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് എപ്പോൾ പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മിച്ചഭൂമി ലഭിച്ചവരിൽ കാലാവധിക്കുമുമ്പേ കൈമാറ്റം നടത്തി കൈവശം വയ്ക്കുന്നവരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്ന വിഷയത്തിൽ അകാലകൈമാറ്റ സാധൂകരണമാണ് അനുവദിച്ചു കൊടുക്കുന്നത്. നാളിതുവരെ ലഭിച്ച 110 അപേക്ഷകരിൽ കാസർഗോഡ് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമായ 73 അപേക്ഷകളിൽ (69 അകാലകൈമാറ്റത്തിന്റെയും 4 വിൽപ്പന അനുമതിക്കും) 40 അപേക്ഷകൾ സാധൂകരിച്ച് നൽകിയിട്ടുള്ളതും ശേഷിക്കുന്നവ പരിശോധിച്ചു വരികയുമാണ്.

(ബി) കൈമാറ്റ സാധൂകരണ കേസ്സുകളിൽ പട്ടയം അനുവദിക്കാൻ നിർവ്വാഹ മില്ലാത്തതിനാൽ കൈമാറ്റം സാധൂകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്ന തിനായുള്ള 33 അപേക്ഷകളിൽ നിലവിൽ നടപടി നടന്നുവരുന്നു.

## എണ്ണായിരം ഹെക്ടറിൽപരം വനഭൂമിക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി

213(6088) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ എണ്ണായിരം ഹെക്ടറിൽപരം വനഭൂമിക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി ഹൈക്കോടതിയുടെ മാർച്ച് 18-ലെ വിധിയെത്തുടർന്ന് അസാധു ആകുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സംരക്ഷിതവനം, നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബ്ബലപ്രദേശം എന്നിവയിലെ കൈവശങ്ങൾ ഭൂമിയുടെ നിർവ്വചനത്തിൽ വരില്ലെന്ന് വിധിയിൽ വ്യക്തമാക്കുന്നുണ്ടോ;

(സി) മറിച്ച് പട്ടയം അസാധുവാകുന്ന സാഹചര്യം വന്നാൽ പതിനായിര ത്തിൽപരം കർഷക കുടുംബങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുമോ;

(ഡി) ഇത്തരം വനഭൂമികളിലും പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങളിലും 1977-ന് മുമ്പുള്ള കൈവശം കണ്ടെത്തി റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി കേന്ദ്രാനുമതിക്കായി നൽകിയ അപേക്ഷകളും ഹൈക്കോടതി വിധിയെത്തുടർന്ന് അനിശ്ചിതത്വത്തിലാവുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ വനഭൂമിക്ക് സംസ്ഥാന സർക്കാർ പട്ടയം നൽകിയ നടപടി ഹൈക്കോടതിയുടെ മാർച്ച് 2018-ലെ വിധിയെത്തുടർന്ന് അസാധു ആകുന്നതല്ല. ശ്രീ. ചന്ദ്രശേഖരപ്പണിക്കർ തുടങ്ങി 15 പേർ പാലക്കാട് ജില്ലയിലെ കേരളശ്ശേരി വില്ലേജ് റീസർവ്വേ നമ്പർ 7/1, 7/2,

7/4,7/7 എന്നീ സർവ്വേ നമ്പറുകളിലുള്ള 19.46 ഏക്കർ സ്ഥലം മുൻഗാമികൾ തൊട്ട് ടിയാന്മാരുടെ കൈവശമുണ്ടെന്നും ആയതിന് 1-1-1977-ന് മുമ്പുള്ള കയ്യേറ്റം ക്രമീകരിച്ച് പട്ടയം നൽകുന്ന Kerala Land Assignment (Regularization of Occupation of Forest Lands Prior to 1-1-1997) Special Rules, 1993 പ്രകാരം പട്ടയത്തിന് അർഹതയുണ്ടെന്നും കാണിച്ചാണ് WP(C) 4501/2018 നമ്പർ കേസ് നൽകിയത്. ഹർജിക്കാരുടെ ആവശ്യം തള്ളി 8-11-2018-ന് ബഹു. കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചു. വിധിപ്രകാരം 1993-ലെ Kerala Land Assignemnt (Regularization of Occupation of Forest Lands Prior to 1-1-1997) Special Rules, 2(f)-ൽ നിർവ്വചിച്ചിരിക്കുന്ന 'ഭൂമി' എന്നതിൽ നിക്ഷിപ്ത വനഭൂമി, പരിസ്ഥിതി ദുർബ്ബല പ്രദേശം, വന്യജീവി സങ്കേതങ്ങൾ എന്നിവ ഉൾപ്പെടുന്നില്ല. WP(C) 4501/2018 കേസിൽ 8-11-2018 ലെ വിധിക്കെതിരെ 5-1-2019-ൽ ഹർജിക്കാർ വീണ്ടും ഹൈക്കോടതിയിൽ റിട്ട് അപ്പീൽ 694/2019 ഫയൽ ചെയ്യുകയുണ്ടായി. ടി അപ്പീൽ തള്ളിക്കൊണ്ടുള്ള വിധിയാണ് ബഹു. കേരള ഹൈക്കോടതി 18-3-2019-ൽ പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ ടി വിഷയത്തിൽ നിലവിൽ WP(C) 4501/2018 കേസിൽ 8-11-2018-ലെ വിധിയാണ് നിലനിൽക്കുന്നത്. ടി വിധി പ്രകാരം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാർ നൽകിയ പട്ടയങ്ങൾ റദ്ദാകുന്ന സാഹചര്യമില്ല.

(ബി) ഉണ്ട്.

(സി) റിസർവ് വനങ്ങളായി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വനഭൂമികളിലെ 1-1-1977-ന് മുമ്പ് കുടിയേറിയവരും പട്ടയം ലഭ്യമായവരുമായ കർഷകരെ WP(C) 4501/2018-ലെ 8-11-2018-ലെ വിധിയോ, W,A.No.694/ 2019-ലെ 18-3-2019-ലെ വിധിയോ യാതൊരു കാരണവശാലും പ്രതികൂലമായി ബാധിക്കുന്നതല്ല. ഇപ്രകാര മുള്ളവരുടെ പട്ടയം അസാധു ആകുന്നതിനുള്ള സാഹചര്യം ഇല്ലാത്തതാകുന്നു.

(ഡി) 1-1-1977-ന് മുമ്പ് കയ്യേറിയതും റീ-സർവ്വേ നടത്തി, സംയുക്ത പരിശോധന പൂർത്തിയാക്കി, കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുവാൻ വേണ്ടി തയ്യാറാ ക്കിയിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെടുന്നതുമായ റിസർവ് വനങ്ങളിലെ കുടിയേറ്റക്കാരെ ടി വിധി ബാധിക്കുകയില്ലാത്തതും കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് ടിയാന്മാർക്ക് പട്ടയം നൽകുന്നതിന് തടസ്സങ്ങളില്ലാത്തതുമാണ്. ഇക്കാര്യത്തിൽ യാതൊരു അനിശ്ചിതത്വവും ഇല്ലാത്തതാകുന്നു. പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ നിലവിൽ വന്നിരിക്കുന്നതുമായ 2-6-2000 തീയ്യതിയിലാകയാൽ ഇപ്രകാരമുള്ള സ്ഥലങ്ങളിൽ 1-1-1977-ന് മുമ്പുള്ള കയ്യേറ്റം എന്ന സംഗതി ഉദിക്കുന്നില്ല. പരിസ്ഥിതി ദുർബ്ബലപ്രദേശമായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങളുടെ കൈവശക്കാർക്ക് ട്രിബ്യൂണലിനെ സമീപിക്കുന്നതുൾ പ്പെടെയുള്ള നിയമത്തിൽ അനുശാസിക്കുന്ന ഇതര പദ്ധതി പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതുമാണ്.

## പുതിയങ്ങാടി വില്ലേജിലെ പട്ടയവിതരണം

214(6089) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി വില്ലേജ് ഓഫീസ് പരിധിയിൽ പട്ടയം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇവർക്ക് പട്ടയം നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് എന്നുമുതൽ പട്ടയം നൽകുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 24 പേർ പട്ടയം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമികൾ CRZ പരിധിയിൽ വരുന്നതും തുറമുഖ വകുപ്പിന്റെ കീഴിൽവരുന്ന ഭൂമികളുമാണ്. പ്രസ്തുത വകുപ്പിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകളിന്മേൽ കേരള തുറമുഖ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി. അനുവദിക്കുന്നതിന് നിർവ്വാഹമില്ലെന്ന മറുപടിയാണ് ലഭിക്കാറുള്ളത്.

(ബി) നിലവിലെ നിയമപ്രകാരം തുറമുഖ വകുപ്പിന്റെ സമ്മതപത്രം ലഭിച്ചാൽ മാത്രമേ പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകാൻ സാധിക്കുകയുള്ളൂ.

## കോഴിക്കോട് ജില്ലയിൽ കോട്ടക്കടപ്പുറത്തെ കുടുംബങ്ങളുടെ പട്ടയം

215(6090) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളി നഗരസഭയിലെ 36-ാം വാർഡിലെ കോട്ടക്കടപ്പുറം ഭാഗത്തെ പതിമൂന്നോളം കുടുംബങ്ങളുടെ പട്ടയത്തിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ ഉള്ള ഫയൽ കോഴിക്കോട് കളക്ടേറ്റിൽ നിലവിലുണ്ടോ ;

(ബി) ആയത് റവന്യൂ വകുപ്പിലേക്ക് അനന്തരനടപടികൾക്കായി കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയൽ അയച്ചതിന്റെ ഉപരിപത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫയൽ റവന്യൂ വകുപ്പിലെ ഏത് ഓഫീസിലാണ് ഉള്ളതെന്നും ഫയലിന്മേലുള്ള തൽസ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടർ സമർപ്പിച്ച കത്ത് അനുബന്ധമായി ചേർക്കുന്നു.*

(സി) കൊയിലാണ്ടി താലൂക്കിലെ ഇരിങ്ങൽ വില്ലേജിലെ കോട്ടക്കടപ്പുറം നിവാസികളായ 9 കുടുംബങ്ങൾ പുഴ പുറമ്പോക്കിലുള്ള തങ്ങളുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ ഹർജി സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടാണ് ജില്ലാ കളക്ടർ മേൽ പരാമർശിച്ച റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. ടി വിഷയം സർക്കാർ തലത്തിൽ 189/L2/17/റവ. നമ്പർ ഫയലിൽ പരിശോധിക്കുകയും ചട്ടങ്ങളിൽ ഇളവ് വരുത്തി പുഴ പുറമ്പോക്കിന് പട്ടയം നൽകുന്നത് തെറ്റായ കീഴ്‌വഴക്കമായി വ്യാഖ്യാനിക്കപ്പെടും എന്നതിനാൽ പ്രവചനാതീതമായ കാലാവസ്ഥാ വ്യതിയാനം സംഭവിച്ചുവരുന്ന ഈ കാലഘട്ടത്തിൽ കൈവശം വയ്ക്കുന്ന പുഴ പുറമ്പോക്കിന് പട്ടയം നൽകണമെന്ന ടി 9 പേരുടെ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന വിവരം സമിതിയെ അറിയിക്കുകയും ചെയ്തിരുന്നു.

**പത്തുചെയിൻ പ്രദേശങ്ങളിൽ പട്ടയം നൽകുന്നത്**

216(T6091) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവൈദ്യുത പദ്ധതിയോട് ചേർന്നുള്ള പത്തുചെയിൻ പ്രദേശങ്ങളായ കാഞ്ചിയാർ, അയ്യപ്പൻകോവിൽ, ഇരട്ടയാർ, ഉപ്പുതറ എന്നീ മേഖലകളിൽ പട്ടയം നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടംവരെയായി; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

24-10-2017-ലെ സ.ഉ.(കൈ) 352/2017/ റവന്യൂ പ്രകാരം ഇടുക്കി ജില്ലയിലെ ഇരട്ടയാർ പദ്ധതി പ്രദേശത്തെ മൂന്നു ചെയിൻ വിട്ടിട്ടുള്ള ഏഴുചെയിൻ പ്രദേശത്തും പട്ടയം നൽകുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും പട്ടയം അനുവദിച്ചിട്ടുള്ളതുമാണ്. ജലവൈദ്യുത പദ്ധതികളുടെ ക്യാച്ച്മെന്റ് ഏരിയയിൽ വരുന്ന പത്തുചെയിൻ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്നതും നിയന്ത്രണങ്ങൾ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

Tമാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഇല്ലാതിരിക്കുന്നതും മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും തദ്വാരാ ഈ മണ്ണ് വീണ് ജലസംഭരണിയുടെ ആഴം കുറയുന്നതിനും ഇടയാക്കും എന്നതിനാൽ ഈ വിഷയം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 29-1-2019-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാൽ ജലവൈദ്യുത പദ്ധതികളുടെ മൂന്ന് ചെയിൻ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

217(6092) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പുറമ്പോക്കിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) പട്ടയം ലഭ്യമാക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 12.

(ബി) പട്ടയത്തിനായി ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നിയമാനുസൃത നടപടികൾ സ്വീകിരിച്ചുവരുന്നു. അർഹമായവ പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പത്തനംതിട്ടയിൽ ' ഗ്രോ മോർ ഫുഡ് ' പദ്ധതി പ്രകാരം അനുവദിച്ച ഭൂമിക്ക് പട്ടയം**

218(6093) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ 'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം അനുവദിച്ച എത്ര ഏക്കർ ഭൂമിക്കാണ് ഇനിയും പട്ടയം വിതരണം ചെയ്യാനുള്ളതെന്ന് കർഷകരുടെ എണ്ണം, വില്ലേജ് എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ബി) 1-1-1977-ന് മുമ്പുള്ള ഇത്തരം കൃഷി ഭൂമിയിൽ വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത സർവ്വേ നടത്തി അതിരുകല്ലുകൾ സ്ഥാപിച്ചത് എത്ര ഭൂമിക്കാണ്; ഇവർക്ക് പട്ടയം നൽകാൻ കഴിയാത്തതിന്റെ കാരണവും പട്ടയം നൽകാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1942 -ൽ ധാന്യവിളകൾക്കും കപ്പ കൃഷിക്കുമായി 3 വർഷക്കാലത്തേയ്ക്ക് വനഭൂമി വിട്ടുകൊടുത്ത പ്രദേശങ്ങളാണ് നിലവിൽ ഭക്ഷ്യോത്പാദന മേഖലയായി അറിയപ്പെടുന്നത്. ടി മേഖലയിലെ കൈവശക്കാർക്ക് മുൻപ് കുറച്ചു പട്ടയങ്ങൾ FP പട്ടയം എന്ന് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കൈവശക്കാർ കൃഷിക്കായി വിട്ടുനൽകിയ ഭൂമി കൂടാതെ വനഭൂമിയും അനധികൃതമായി കയ്യേറിയിരുന്നു. നിലവിലെ കൈവശങ്ങളിൽ ഭൂരിഭാഗവും 1-1-1977-ന് മുമ്പുള്ള വനഭൂമി കയ്യേറ്റത്തിൽ ഉൾപ്പെട്ടിട്ടുള്ളതും 90% കൈവശങ്ങളും ജോയിന്റ് വെരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ കേന്ദ്രഗവൺമെന്റിന്റെ അനുമതിക്ക് വിധേയമായി മാത്രമേ പട്ടയം നൽകാൻ സാധിക്കുകയുള്ളൂ. നിലവിൽ വനം വകുപ്പ് സ്ഥാപിച്ചിട്ടുള്ള ജണ്ടകളല്ലാതെ വനഭൂമിയേത്, റവന്യൂ ഭൂമിയേത്, വനഭൂമിയിൽ തന്നെ ഡിസ്റിസർവ് ചെയ്തതേത്, ചെയ്യാത്തതേത്, ഭക്ഷ്യോത്പാദന മേഖലയായി പ്രഖ്യാപിക്കപ്പെട്ട പ്രദേശമേത് എന്ന് ആധികാരികമായി മനസ്സിലാക്കാൻ വേണ്ട അടിസ്ഥാന രേഖകൾ ലഭ്യമല്ലാത്തതിനാലും 90% കൈവശങ്ങളും ജോയിന്റ് വെരിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (1-1-1977-നു മുമ്പുള്ള വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഇനിയും പട്ടയ വിതരണം ചെയ്യാനുള്ള കർഷകരുടെ എണ്ണവും ഭൂമിയും സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) പത്തനംതിട്ട ജില്ലയിൽ 1-1-1977-ന് മുമ്പ് വനഭൂമി കയ്യേറി വച്ചുവരുന്ന ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിലേയ്ക്കായി വനംവകുപ്പുമായി ചേർന്നു നടത്തിയ സംയുക്ത പരിശോധനയിൽ 1970.04 ഹെക്ടർ (റാന്നി 223.72.37, കോന്നി 1642.16.63, മല്ലപ്പള്ളി 104.15.00) വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതും 5154 പേരടങ്ങുന്ന സംയുക്ത പരിശോധനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. 1993-ലെ കേരള ഭൂമി പതിച്ചു നൽകൽ (1-1-1977-നു മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് പട്ടയം നൽകേണ്ടത്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ഇതിനായി വനഭൂമി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള 1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ വനം വകുപ്പിന്റെ സഹായത്തോടെ കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വനം വകുപ്പുമായി ഭൂമി സംബന്ധിച്ച തർക്കവും മതിയായ റവന്യൂ രേഖകളുടെ അഭാവംമൂലവുമാണ് പ്രസ്തുത ഭൂമിക്ക് പട്ടയം നൽകാൻ കാലതാമസമുണ്ടായത്.

## പ്രളയവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുള്ള നസഹായം

219(6094) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിൽ പ്രളയവുമായി ബന്ധപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച എത്രപേരിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം നൽകിയെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ;

(സി) ധനസഹായം നൽകാത്തവരുടെ പേരുവിവരവും ഇവർക്ക് ഇതുവരെ ധനസഹായം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ?

ഉത്തരം

(എ-സി) റീബിൽഡ് കേരള ആപ്പിൽ ഉൾപ്പെട്ടവർക്കും സംയുക്ത പരിശോധന നടത്തി കണ്ടെത്തിയവർക്കുമാണ് ഭവനനാശത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുള്ളത്. റീബിൽഡ് കേരള ആപ്പിൽ ഉൾപ്പെടാത്ത പരാതികളിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിലും നഷ്ടം ശതമാനത്തിലല്ല കണക്കാക്കിയത് എന്നതിനാൽ ഇത്തരം പരാതികളിൽ ധനസഹായ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്. അപ്പീൽ അപേക്ഷകൾ പരിഗണിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ അത്തരം അപേക്ഷകളും പരിഗണിക്കാൻ ശേഷിക്കുന്നുണ്ട്. ധനസഹായം നൽകിയവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. (CD)*

## ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക കേന്ദ്രം

220(6095) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ദുരന്ത പ്രതികരണ സേനയുടെ പ്രാദേശിക കേന്ദ്രം സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം തീരുമാനങ്ങളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതു സംബന്ധിച്ച നിയമസഭാ സമിതിയുടെ റിപ്പോർട്ട് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) നിലവിലുള്ള ദുരന്തനിവാരണ അതോറിറ്റിയുടെ ഘടന പരിഷ്കരിക്കണമെന്നും, ഓരോ സ്ഥലത്തിന്റെയും ഭൂപ്രകൃതിയനുസരിച്ച് ദുരന്തസാധ്യതകളെ പ്രതിരോധിക്കുന്നതിന് അനുയോജ്യമായ നിർമ്മാണ രീതികൾ അവലംബിക്കണമെന്നും പ്രസ്തുത റിപ്പോർട്ടിൽ നിഷ്കർഷിച്ചുണ്ടോ;

(ഡി) എല്ലാ മുനിസിപ്പാലിറ്റി, പഞ്ചായത്ത് വാർഡുകളിലും ഒന്നിൽ കുറയാത്ത എണ്ണമെന്ന നിലയിൽ സിവിൽ ഡിഫൻസ് സന്നദ്ധ സേന രൂപീകരിക്കണമെന്ന സമിതിയുടെ ശിപാർശ അടിയന്തരമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദുരന്ത പ്രതികരണ പ്രവർത്തനങ്ങൾക്ക് ശക്തി നൽകിക്കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശിപാർശ പ്രകാരം ദേശീയ ദുരന്ത പ്രതികരണ സേനയുടെ (National Disaster Responde Force) ഒരു പ്രാദേശിക പ്രതികരണ കേന്ദ്രം സ്ഥാപിക്കുവാൻ എറണാകുളം ജില്ലയിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സേനയുടെ ഒരു ടീമിനെ പ്രസ്തുത കേന്ദ്രം നിലവിൽ വരുന്നതുവരെ തൃശ്ശൂർ ജില്ലയിൽ Civil Defence Institute -ൽ നിലനിർത്തിയിട്ടുണ്ട്.

(ബി&സി) നിയമസഭാ സമിതിയുടെ ഇത്തരമൊരു റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടില്ല.

## വാമനപുരം നിയോജകമണ്ഡല പരിധിയിൽഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

221(6096) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പുനരുദ്ധാരണത്തിന് വാമനപുരം നിയോജകമണ്ഡല പരിധിയിൽ 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുന്ന പുരോഗതി റിപ്പോർട്ട് നൽകുമോ?

ഉത്തരം

(എ-സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതിയും ഫണ്ടും അനുവദിക്കാറില്ല.

**സൂര്യാഘാതം**

222(6097) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂര്യാഘാതത്തെ തുടർന്ന് ആകെ എത്രപേർ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മരണമടഞ്ഞിട്ടുണ്ട്;

(ബി) ഇത്തരത്തിൽ മരണമടഞ്ഞവർക്ക് സർക്കാർ എന്തെങ്കിലും തരത്തിലുള്ള സഹായം നൽകിയിട്ടുണ്ടോ;

(സി) സൂര്യാഘാതത്തെ പ്രകൃതി ദുരന്തമായി കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനനുസരിച്ചുള്ള സഹായമാണോ ഇത്തരത്തിൽ അപകടത്തിൽപ്പെടുന്നവർക്ക് നൽകിവരുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 7 പേർ സൂര്യാഘാതത്തെ തുടർന്ന് മരണമടഞ്ഞിട്ടുണ്ട്.

(ബി) സൂര്യാഘാതംമൂലം മരണപ്പെടുന്നവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ധനസഹായത്തിന് വ്യവസ്ഥയുണ്ട്. ആയത് പ്രകാരം മരണപ്പെട്ടവരിൽ ഒരാളുടെ അനന്തരാവകാശികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 4 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാത്തതിനാൽ മറ്റുള്ളവർക്ക് ധനസഹായം വിതരണം ചെയ്തിട്ടില്ല. ബന്ധപ്പെട്ട രേഖകളോടൊപ്പം അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്.

(സി) സ.ഉ.(കൈ) നമ്പർ 9/2019 -ഡി.എം.ഡി തീയതി, 9-3-2019 പ്രകാരം ഉഷ്ണതരംഗം, സൂര്യതാപം എന്നിവയെ സംസ്ഥാനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ബാധിക്കപ്പെടുന്ന പൊതുജനങ്ങൾക്കും കർഷകർക്കും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ

നിന്നും ദുരിതാശ്വാസ സഹായത്തിന് അവസരമുണ്ട്. ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യതാപം എന്നിവമൂലമാണ് മരണം എന്ന് ആരോഗ്യ വകുപ്പിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 4 ലക്ഷം രൂപയും, കണ്ണ്/കാഴ്ച ശക്തി 40% മുതൽ 60% വരെ നഷ്ടപ്പെട്ടവർക്ക് 59,100 രൂപയും 60%-ന് മുകളിൽ കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് 2,00,000 രൂപയും ആശുപത്രിയിൽ ഒരാഴ്ചയിൽ കൂടുതൽ കിടത്തി ചികിത്സിച്ചവർക്ക് 12,700 രൂപയും ആയതിനാൽ കുറവ് ദിവസം കിടത്തി 4,300 രൂപയും അനുവദിക്കാൻ മേൽ ഉത്തരവ് പ്രകാരം വ്യവസ്ഥയുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽപ്പെട്ട റോഡുകളുടെയും കെട്ടിടങ്ങളുടെയും പുനരുദ്ധാരണം

223(6098) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ വകുപ്പിന് കീഴിൽ കാലവർഷ കെടുതിയിൽപ്പെട്ട റോഡുകളുടെയും കെട്ടിടങ്ങളുടെയും പുനരുദ്ധാരണത്തിനായി കൽപ്പറ്റ മണ്ഡലത്തിൽ 2015-16 മുതൽ നാളിതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കൽപ്പറ്റ മണ്ഡലത്തിൽ 2015-16 മുതൽ ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ടെന്നുമുള്ള വിശദാംശങ്ങൾ പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കൽപ്പറ്റ മണ്ഡലത്തിൽ ഇത്തരത്തിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്തുകൊണ്ടാണ് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് കാര്യകാരണ സഹിതം വിശദമാക്കുമോ;

(ഇ) ഭരണാനുമതി നൽകിയ തീയതി മുതൽ ഒന്നര വർഷത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദാക്കാമെന്നിരിക്കെ ഏതെങ്കിലും കാരണത്താൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഭരണാനുമതി പുതുക്കി നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്യാറില്ല.

(ഇ) ദുരന്തശേഷം 90 ദിവസത്തിനകം തീർക്കുന്ന അടിയന്തര പ്രവൃത്തികൾക്കാണ് ദുരന്ത പ്രതികരണ നിധിയിൽനിന്നും തുക നൽകാവുന്നത്. അംഗീകൃത പ്രകൃതിദുരന്തങ്ങളിൽ നാശനഷ്ടം സംഭവിക്കുന്ന റോഡുകളുടെയും മറ്റ് എടുപ്പുകളുടെയും അടിയന്തര പുനരുദ്ധാരണമാണ് (immediate repair/restoration) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദനീയമായിട്ടുള്ളത്. അപ്രകാരം അനുവദിക്കപ്പെടുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടണം എന്നതുകൊണ്ടാണ് പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി പരമാവധി ഒന്നര വർഷക്കാലത്തെ ഭരണാനുമതി കാലാവധി അനുവദിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾ ദീർഘകാലയളവിലേയ്ക്ക് നീട്ടിക്കൊണ്ട് പോയി ചെയ്യാവുന്ന പ്രവൃത്തികളല്ല. സമയബന്ധിതമായി ആരംഭിക്കുകയും എന്നാൽ ആകസ്മികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തതുമായ ചില പ്രവൃത്തികൾക്ക് അവയുടെ കാലതാമസം മാപ്പാക്കി ബിൽ തുക മാറി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഭരണാനുമതി തീയതി മുതൽ 6 മാസത്തിനകം അപ്രതീക്ഷിത കാരണങ്ങളാൽ കരാറിൽ ഏർപ്പെടാൻ സാധിക്കാത്ത ചില പ്രവൃത്തികൾക്ക് അവയുടെ ഭരണാനുമതി റദ്ദാക്കിയതിനു ശേഷവും പ്രസ്തുത പ്രവൃത്തികൾ നിർവ്വഹണം നടത്തേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ കാര്യകാരണ സഹിതം റിപ്പോർട്ട് ചെയ്തിട്ടുള്ള സംഗതിയിൽ പ്രസ്തുത പ്രവൃത്തികൾക്ക് പുതിയ ഭരണാനുമതി നൽകിയിട്ടുമുണ്ട്.

## പ്രളയബാധിത പ്രദേശങ്ങൾ രേഖപ്പെടുത്തുന്നതിന് നടപടി

224(6099) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഭാവിയിലേക്ക് എന്തൊക്കെ കരുതൽ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളം കയറിയ ഉയരം എന്നിവ രേഖപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഏതൊക്കെ ഏജൻസികളെയാണ് ഈ വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് ചുമതലപ്പെടുത്തിയത് എന്നറിയിക്കുമോ;

(സി) ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേക്ക് വിവരങ്ങൾ നല്കുന്നതിന് പ്രളയം ബാധിച്ച, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രളയം സംബന്ധിച്ച വിവര ശേഖരണത്തിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുന്നതിനായി മൊബൈൽ ആപ്പ് തയ്യാറാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ ഭാവിയിൽ ഏതൊക്കെ തരത്തിൽ ഉപയോഗപ്പെടുത്താമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസ്സം നേരിടാതിരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി.

1. പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കുവാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുങ്ങി എസ്.എം.എസ്. സന്ദേശങ്ങളായി നൽകുവാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ നടപ്പാക്കുവാൻ നടപടി ആരംഭിച്ചു.

2. സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചു.

3. പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ മുൻപ് വീടുണ്ടായിരുന്ന നിലവിൽ വീട് നിർമ്മിക്കുവാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ നിലവിൽ 701 വീടുകൾ മാറ്റണമെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. അവരുടെ പഠനം തീർന്നിട്ടില്ല. ഇത്തരത്തിൽ മാറ്റണമെന്നാവശ്യപ്പെട്ട വീടുകൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കാൻ 10 ലക്ഷം രൂപ നൽകുന്നതാണ്.

4. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/ മണ്ണിടിച്ചിൽ സാധ്യതാ പ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതുതരം സ്ഥലങ്ങളിൽ വീട് വയ്ക്കാം എന്നതുസംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ്

ഇന്ത്യയുടെ Deputy Director General,പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഇവരുടെ ആദ്യ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്തുവാൻ ജില്ലാ ജിയോളജിസ്റ്റ്, തദ്ദേശ സ്ഥാപന എഞ്ചിനീയർ എന്നിവർ പ്രത്യേക പരിശോധനാ ഫോറം സ്ഥലം പരിശോധിച്ച് തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ പ്രസ്തുത നിർദ്ദേശം പരിശോധിച്ചുവരുന്നു.

5. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് incident Response System-വും താലൂക്ക് തലം വരെ G.O.(Rt) No.280/2019/DMD dated 9-5-2019 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

6. സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം- സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന അതോറിറ്റി അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. തൃശ്ശൂരിൽ അഗ്നി രക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ അപതാമിത്ര എന്ന പ്രേജക്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് ആദ്യമായി കോട്ടയം ജില്ലയിൽ ഒരു സന്നദ്ധ സേന രൂപീകരിച്ചു.

7. കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതിപ്രകാരം കേന്ദ കാലാവസ്ഥ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥാനിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുവാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

8. ഐ.എസ്.ആർ.ഒ.-യുടെ 65 ഓട്ടോമാറ്റിക് കാലാവസ്ഥാമാപിനികളും പ്രവർത്തന ക്ഷമമാക്കുവാൻ അവരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേയ്ക്ക് വിവരങ്ങൾ നൽകാൻ വേണ്ടി വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിലും പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കുവാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, MG University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കുവാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കുവാൻ നൽകി.

(സി) സർക്കാർ കാര്യാലയങ്ങളിൽ ഉയരം അടയാളപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഒരു നിശ്ചിത സമയം വരെ ഉപയോഗിക്കുവാനാണ് ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. പ്രളയജല ഉയരം രേഖപ്പെടുത്താനും ഉരുൾപൊട്ടൽ സ്ഥലങ്ങൾ രേഖപ്പെടുത്താനും പൊതുജനങ്ങൾക്ക് പങ്കെടുക്കാനാണ് Kerala Floods 2018 എന്ന Android App നിർമ്മിച്ച് പ്രസിദ്ധീകരിച്ചത്.

(ഇ) പ്രളയ ഭൂപടം തയ്യാറാക്കാൻ കേന്ദ്ര ജല കമ്മീഷന് നൽകാൻ IDRB-ക്ക് നൽകുകയാണ് ചെയ്തത്. പ്രളയ ഭൂപടം ലഭിച്ചശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കടലാക്രമണം പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ**

225(6100) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കടലാക്രമണം മൂലമുള്ള നാശനഷ്ടം വർദ്ധിക്കുന്ന സാഹചര്യം സർക്കാർ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; ഈ വർഷം ഉണ്ടായ കടലാക്രമണത്തിൽ എത്ര കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിട്ടുള്ളത്; വെളിപ്പെടുത്തുമോ;

(ബി) കടൽക്ഷോഭം കൂടുതലുള്ള സ്ഥലങ്ങളിൽ സംരക്ഷണഭിത്തി കെട്ടുന്ന കാര്യം പ്രായോഗികമാണോ; അല്ലെങ്കിൽ ഇതിനുപകരം എന്ത് പുതിയ പദ്ധതിയാണ് ആവിഷ്കരിക്കുന്നത്; വ്യക്തമാക്കുമോ;

(സി) മറ്റ് രാജ്യങ്ങളിൽ കടലാക്രമണം നേരിടുന്നതിന് നടപ്പിലാക്കുന്ന മാർഗ്ഗങ്ങൾ ഇവിടെ പ്രായോഗികമാണോ എന്ന കാര്യം പരിശോധിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുരിതപൂർണ്ണമാക്കുന്ന ഈ സാഹചര്യം മറികടക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം മത്സ്യത്തൊഴിലാളികളുടെ 83 വീടുകൾക്ക് പൂർണ്ണമായും 126 വീടുകൾക്ക് ഭാഗികമായും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കടലാക്രമണംമൂലം കടൽഭിത്തികൾക്കുൾപ്പെടെ വിവിധ മേഖലകളിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദമായ കണക്കെടുപ്പ് നടന്നുവരുന്നു.

(ബി) കടക്ഷോഭം കൂടുതലുള്ള സ്ഥലങ്ങളിൽ ഐ.ഐ.റ്റി. മദ്രാസ്, സി.ഡബ്ല്യൂ.പി.ആർ.എസ്.(Central Water and Power Research Station) പൂനെ, എന്നിവയുടെ പഠന പ്രകാരമാണ് കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകൾ നിർമ്മിച്ചുവരുന്നത്. എന്നാൽ അടുത്ത കാലങ്ങളിൽ ആവശ്യത്തിന് കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ആയതിനാൽ ജിയോറ്റ്യൂബ് ഉപയോഗിച്ചുള്ള കടൽത്തീരസംരക്ഷണ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. കൂടാതെ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിച്ചുവരുന്നു. കടൽത്തീരത്ത് നിർമ്മിക്കുന്ന ഏത് സ്ഥിരം നിർമ്മാണങ്ങളും കടലിൽ കൂടിയുള്ള കടലിന്റെ ഒഴുക്കിനെ മാറ്റം വരുത്തുകയും അത് മറ്റ് തീരപ്രദേശങ്ങളിൽ രൂക്ഷമായ കടലാക്രമണത്തിന് വഴിതെളിയിക്കുകയും ചെയ്യും എന്നതാണ് കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2017-ലെ കയർ കേരളയിൽ നടത്തിയ സെമിനാറിൽ ഉയർന്നുവന്ന പ്രധാന നിരീക്ഷണങ്ങൾ. ആയതിനാൽ പ്രകൃതി സൗഹൃദവും നിർമ്മാണ സൗഹൃദവുമായ താരതമ്യേന വില കുറഞ്ഞതും എളുപ്പത്തിൽ ലഭിക്കുന്നതുമായ നിർമ്മാണ വസ്തുക്കളും കണ്ടൽച്ചെടി പോലുള്ള കടൽത്തീരത്ത് വളരുന്ന സസ്യങ്ങളുടെ ആവരണങ്ങളും ഒരു പരിധിവരെ കടൽക്ഷോഭത്തെ നിയന്ത്രിക്കാൻ പര്യാപ്തമാണെന്നാണ് പ്രസ്തുത സെമിനാറിൽ വിദഗ്ധർ അഭിപ്രായപ്പെട്ടിരുന്നത്. എൻ.സി.ആർ.എം.ഐ.(National Coir Research and Management Institute)-യും ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡും സംയുക്തമായി നടത്തിയ ഗവേഷണ പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ഓമനപ്പുഴ തീരപ്രദേശത്ത് ലാറ്റക്സ് ബാക്ക് ചെയ്ത കയർ പനാമ മാറ്റ് ഉപയോഗിച്ചുള്ള ബാഗുകൾ മണൽ നിറച്ച് കടൽഭിത്തി നിർമ്മിച്ചിരുന്നു. അതിന് പിന്നിലായി കയർ ജിയോസെല്ലുകളിൽ വിവിധതരം കണ്ടൽച്ചെടികൾ നട്ടുപിടിപ്പിക്കുകയുണ്ടായി.

എന്നാൽ കണ്ടൽച്ചെടികൾ വളർച്ചയെത്തുന്നതിന് മുമ്പായിതന്നെ ഓഖി നിമിത്തമുണ്ടായ വലിയ കടൽക്ഷോഭത്തിൽ ഈ സംരക്ഷണഭിത്തി ഭാഗികമായി തകരുകയാണുണ്ടായത്.

(സി) മറ്റ് രാജ്യങ്ങൾ കടലാക്രമണം നേരിടുന്നതിന് പിന്തുടരുന്ന മാർഗ്ഗങ്ങൾ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പ്രായോഗികമാണോയെന്ന കാര്യം പരിശോധിക്കുന്നതിന് ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ പഠനം നടത്തേണ്ടതുണ്ട്.

(ഡി) കടലാക്രമണംമൂലമുള്ള തീരശോഷണം (Coastal Erosion) ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതുപ്രകാരം കേന്ദ്ര മാനദണ്ഡങ്ങൾക്ക് വിധേയമായി ദുരന്ത ബാധിതർക്ക് ദുരിതാശ്വാസം (relief assistance) അനുവദനീയവുമാണ്. മൺസൂൺ മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ മറൈൻ ജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി 20 റെസ്ക്യൂ ബോട്ടുകളും 80 സീ റെസ്ക്യൂ ഗാർഡുകളെയും അധികമായി സജ്ജമാക്കിയിട്ടുണ്ട്. മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് 1500 കി.മീ. വരെ സന്ദേശം എത്തിച്ചുകൊടുക്കുവാൻ പര്യാപ്തമായ നാവിക് ഉപകരണം വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് ലഭ്യമാക്കുന്നതിനും സാറ്റലൈറ്റ് ഫോൺ, വെസ്സൽ മോണിറ്ററിംഗ് സംവിധാനം എന്നിവ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ സാഗര മൊബൈൽ ആപ്ലിക്കേഷൻ വഴിയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ നൽകാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. മത്സ്യബന്ധനയാനങ്ങൾക്ക് ജി.പി.എസ്., ലൈഫ് ബോയ് എന്നിവയും നൽകിയിട്ടുണ്ട്. കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത കേന്ദ്രത്തിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതിയും നടപ്പാക്കുന്നുണ്ട്. സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതമാണ് ധനസഹായമായി അനുവദിക്കുന്നത്. 2016-17 മുതൽ ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന വിവിധ പദ്ധതികളിലായി 1798 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ഇതിൽ 1193 പേർ സ്ഥലം വാങ്ങി ഭവനനിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്. കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 192 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകി. 2018-19 വർഷത്തിൽ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ

പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് അപ്പാർട്ടുമെന്റുകൾ നിർമ്മിക്കുന്നതിനായി 78.20 കോടി രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും കടലാക്രമണ ഭീഷണി നേരിടുന്നവരുമായ മത്സ്യത്തൊഴിലാളികളെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുംപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിച്ചു നൽകുന്നത്. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നത്. നിലവിൽ കരിങ്കല്ല് ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോ ബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിച്ചുവരുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണ ഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷൻ (സി.ഡബ്ല്യൂ.പി.ആർ.എസ്.)/ ഐ.ഐ.ടി.-യിൽ നിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. കൂടാതെ ശാസ്ത്രീയമായ രീതിയിലുള്ള കടലാക്രമണ പ്രതിരോധ നടപടികളുടെ ഭാഗമായി രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ 9 തീരപ്രദേശങ്ങളിൽ അടിയന്തര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിക്കാനും ആയത് ധനകാര്യ നിയന്ത്രണം ബാധകമാക്കാതെ ധനവകുപ്പിൽ നിന്നും ജലസേചന വകുപ്പിന്റെ ചീഫ് എഞ്ചിനീയർക്ക് അനുവദിക്കുന്നതിനും ജിയോ ബാഗുകൾ വാങ്ങുന്നതിന് ആവശ്യമായ തുക ജില്ലാ ദുരന്ത നിവാരണ സമിതിയുടെ ലഭ്യമായ ഫണ്ടുകളിൽ നിന്നും ജില്ലാ ദുരന്ത നിവാരണ സമിതി അനുവദിക്കുന്ന തുക തിരികെ അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥയോടെ എസ്റ്റിമേറ്റുകളനുസരിച്ച് അതാത് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം ഇതുവരെ കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് 859.32 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്.

## വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്കുള്ള ധനസഹായ പദ്ധതി

226(6101) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രളയദുരിതത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചവർക്കുള്ള ധനസഹായ പദ്ധതിയിൽ ആറന്മുള മണ്ഡലത്തിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ട് ; താലൂക്ക് തിരിച്ച് കണക്ക് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത തുക വീടുകൾക്ക് പറ്റിയ കേടുപാടുകളുടെ ശതമാനമനുസരിച്ച് എത്ര പേർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ; തുക പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ആറന്മുള മണ്ഡലത്തിലുൾപ്പെട്ട തിരുവല്ല താലൂക്കിൽ 2024 പേരും കോഴഞ്ചേരി താലൂക്കിൽ 2687 പേരും ഉൾപ്പെടെ ആകെ 4711 പേർക്ക് വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും ധനസഹായം വിതരണം ചെയ്തിട്ടുള്ളതുമാണ്.

(ബി) തിരുവല്ല താലൂക്ക്:

15% വരെ -373

16% മുതൽ 29%-690

30% മുതൽ 59%-662

60% മുതൽ 74% വരെ-250

>75% മുകളിൽ -49

ആകെ -2024 പേർക്ക്

തിരുവല്ല താലൂക്കിൽ 15%, 16-29%, 30-59%, 60-74% നാശനഷ്ടം സംഭവിച്ച വീടുകളുടെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പൂർണ്ണമായി വീട് തകർന്ന ആറന്മുള മണ്ഡലത്തിലെ

49 ഗുണഭോക്താക്കളിൽ 8 പേർക്ക് കെയർ ഹോം പദ്ധതിയിലുൾപ്പെടുത്തി ആദ്യ ഗഡുവായ 95,100 രൂപ നൽകിയിട്ടുണ്ട്. സ്വന്തം നിർമ്മാണം നടത്തുന്ന ശേഷിക്കുന്ന 41 ഗുണഭോക്താക്കൾക്ക് ആദ്യഗഡു നൽകിയിട്ടുള്ളതും നിർമ്മാണ പുരോഗതി അനുസരിച്ച് 38 പേർക്ക് 2-ാം ഗഡുവും 29 പേർക്ക് 3-ാം ഗഡുവും തുക അനുവദിച്ചു.

കോഴഞ്ചേരി താലൂക്ക്:

15% വരെ -916

16% മുതൽ 29%-818

30% മുതൽ 59%-503

60% മുതൽ 74% വരെ-172

>75% മുകളിൽ -118

ആകെ -2527 പേർക്ക്

15%, 16-29%, 30-59%, 60-74% നാശനഷ്ടം സംഭവിച്ച വീടുകളുടെ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 75% -ന് മുകളിൽ നാശനഷ്ടം സംഭവിച്ച വീടുകളുടെ 101 ഗുണഭോക്താക്കൾക്ക് 3 ഘട്ടമായി 4 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും ആയത് നിർമ്മാണ പുരോഗതി അനുസരിച്ച് 1-ാം ഗഡു ധനസഹായം 101 പേർക്കും 2-ാം ഗഡു 79 പേർക്കും മൂന്നാം ഗഡു 33 പേർക്കും വിതരണം ചെയ്തിട്ടുണ്ട്. 118 പേരിൽ സ്പോൺസർഷി പ്പോടെയുള്ള 17 പേർക്ക് അർഹതപ്പെട്ട 95,100 രൂപ വീതവും അനുവദിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ആർ.എം.എഫ്. പ്രവൃത്തികൾ

227(6102) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 വർഷം മലപ്പുറം ജില്ലയിൽ ആർ.എം.എഫ്. ഉപയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും മണ്ഡലംതിരിച്ച് അറിയിക്കാമോ;

(ബി) പ്രളയത്തിനുശേഷവും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ പലതും ആർ.എം.എഫ്.ൽ ഉൾപ്പെടുന്നില്ലെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ജില്ലയിൽ സിവിൽ സ്റ്റേഷന് സമീപം നമ്പ്രാണി കടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ആർ.എം.എഫ്.ൽ നിന്നും ഫണ്ട് അനുവദിക്കുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) പുഴയുടെ ഗതിയും സ്ഥാനവും അടിസ്ഥാനപ്പെടുത്തിയാണ് RMF പ്രവൃത്തികൾ നിശ്ചയിക്കുന്നത്. മണ്ഡലാതിർത്തികൾ അനുസരിച്ച് ഇത് കണക്കാക്കാറില്ല. ജില്ലാടിസ്ഥാനത്തിലാണ് സാധാരണ ഇത് ചെയ്യുന്നത്. എങ്കിലും ലഭ്യമായ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നമ്പർ | മണ്ഡലം | റിമാർക്സ് |
|---|---|---|---|---|
| 1 | ആർ.എം.എഫ്. കീഴുപറമ്പ് പഞ്ചായത്തിലെ വാർഡ് 10, കുനിയിൽ കോലോത്തും തൊടി കക്കുഴി കുന്നത് ചാലിയാർ പുഴയുടെ വലതുകര സംരക്ഷണം | സ.ഉ.(കൈ) നമ്പർ 337/2018/റവന്യൂ തിരുവനന്തപുരം തീയതി 18-9-2018- Rs.16.75 ലക്ഷം | ഏറനാട് | ടെണ്ടർ- അംഗീകാരത്തിനുവേണ്ടി മുകൾതലങ്ങളിൽ സമർപ്പിച്ചിട്ടുണ്ട്. (2018/4799/IA) |
| 2 | ആർ.എം.എഫ്. മമ്പാട് ഗ്രാമപഞ്ചായത്തിലെ വള്ളിക്കെട്ട് കുടിവെള്ള പദ്ധതിക്കുസമീപം കുതിര പുഴയുടെ ഇടതുകര സംരക്ഷണം | സ.ഉ.(സാധാ) നമ്പർ 731/2019/റവന്യൂ തിരുവനന്തപുരം തീയതി 01-03-2019- Rs.45.70 ലക്ഷം | വണ്ടൂർ | (2018/5641/IA) ടെണ്ടർ നടപടികളിലാണ് |

| | | | | |
|---|---|---|---|---|
| 3 | ആർ.എം.എഫ്. കോഡൂർ ഗ്രാമപഞ്ചായത്തിലെ നൂറാടി പാലത്തിന് താഴെ ചോളശ്ശേരി കടവിൽ കടലുണ്ടി പുഴയിൽ സംരക്ഷണഭിത്തി നിർമ്മാണം | സ.ഉ.(സാധാ) നമ്പർ 731/2019/റവന്യൂ തിരുവനന്തപുരം തീയതി 1-3-2019- Rs.55 ലക്ഷം | മലപ്പുറം | (2018/2882/IA) സാങ്കേതികാനുമതി ലഭ്യമാവേണ്ടതുണ്ട്. |

(ബി) എം.എൽ.എ.-മാരുടെ ശിപാർശയുള്ള പ്രവൃത്തികളടക്കം ആർ.എം.എഫ്. പരിഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ജില്ലാ വിദഗ്ദ്ധ സമിതിയും സംസ്ഥാന ഉന്നതതല സമിതിയും സ്ഥല പരിശോധന നടത്തി അടിയന്തര പ്രാധാന്യമുള്ള അനുയോജ്യമായ പ്രവൃത്തികൾക്ക് സർക്കാർ തലത്തിൽ ഭരണാനുമതി നൽകിവരുന്നു.

(സി) നമ്പ്രാണി കടവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ പരിഗണനയ്ക്കായി ലഭിച്ചിട്ടില്ല.

**ചാലക്കുടിപ്പുഴയുടെ സംരക്ഷണം**

228(6103) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടും പ്രളയത്തെ തുടർന്ന് ചാലക്കുടിപ്പുഴയുടെ വിവിധ ഭാഗങ്ങളിൽ പാലങ്ങളോടു ചേർന്ന് വലിയ മുളകളും, മരങ്ങളും തടഞ്ഞ് നിൽക്കുന്നത് ഇനിയും നീക്കം ചെയ്യാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മുളങ്കാടുകളും, മരങ്ങളും പുഴയിൽ വിവിധ ഭാഗങ്ങളിൽ തടഞ്ഞ് കിടക്കുന്നത് മാറ്റുന്നതിനും പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനും പാലങ്ങൾ, റെയിൽവേ പാലങ്ങൾ ഉൾപ്പെടെയുള്ളവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 169.218 പ്രകാരം നദികളുടെ സംരക്ഷണം, കയ്യേറ്റം ഒഴിപ്പിക്കൽ എന്നീ കാര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കഴിഞ്ഞ പ്രളയത്തിൽ ചാലക്കുടിപ്പുഴയിൽ അടിഞ്ഞുകൂടിയ മരങ്ങളും മുളംകാടുകളും നീക്കം ചെയ്യേണ്ട താണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്.

## കുന്നത്തുനാട് വില്ലേജിലെ ഭൂമി നികത്തുന്ന കാര്യത്തിൽ നിയമോപദേശം

229(6104) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നെൽവയൽ തണ്ണീർത്തട നിയമം ലംഘിച്ചു കൊണ്ടും കലക്ടറുടെ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും എറണാകുളം കുന്നത്തുനാട് വില്ലേജിലെ പതിനഞ്ച് ഏക്കർ ഭൂമി നികത്തുന്ന കാര്യത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം എന്തായിരുന്നു; അഡ്വക്കറ്റ് ജനറലിന്റെ ഉപദേശം മറി കടന്നിട്ടുണ്ട് എങ്കിൽ പ്രസ്തുത സാഹചര്യം വിശദമാക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

കുന്നത്തുനാട്ടിൽ Speaks Properties Ltd., എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്മേലും ടി ഉത്തരവ് മരവിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്മേലും അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയിരുന്നു. നിയമോപദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.* കേസ്സ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## വെള്ളായണി കായലിൽ ഉൾപ്പെട്ട കൃഷിഭൂമി

230(6105) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളയണി കായൽ പ്രദേശത്ത് 87.19 ഹെക്ടർ കൃഷിഭൂമി വെള്ളം കയറി ഉപയോഗയോഗ്യമല്ലാതായതുമായി ബന്ധപ്പെട്ട് 10-5-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ 626 കുടുംബങ്ങളുടെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനുള്ള തീരുമാനത്തിൻമേൽ റവന്യൂവകുപ്പ് എടുത്ത നടപടി എന്തെല്ലാം; വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റവന്യൂ വകുപ്പിന്റെ B3/9458/16 Date.13-6-2017 പ്രകാരം കൂടിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ വെള്ളായണി കായലിൽ ഉൾപ്പെട്ട കൃഷിഭൂമിയുടെ സർവ്വേനമ്പരുകൾ ലഭ്യമായിട്ടുണ്ടോ;

(സി) കർഷകരുടെ കൈവശം ഉള്ള ഭൂമിയുടെ പട്ടയം നൽകിയിട്ടുണ്ടോ; എത്രപേർക്ക് ആണ് കായൽഭൂമിയിൽ പട്ടയം നൽകിയത്; എത്ര ഏക്കർ സ്ഥലം ഉണ്ട്; വ്യക്തമാക്കുമോ;

(ഡി) കായൽഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ ഫണ്ട് നൽകാൻവേണ്ടി ധനകാര്യ വകുപ്പിന് ശിപാർശ നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്റെ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16-5-2017-ൽ ചേർന്ന യോഗത്തിൽ വെള്ളായണി കായൽ പ്രദേശത്തെ വെള്ളം മൂടി കിടക്കുന്ന കർഷകരുടെ പട്ടയഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നു. ഇതിനായി ജില്ലാ കളക്ടർ സ്ഥലം സർവ്വേ ചെയ്ത് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പട്ടിക തയ്യാറാക്കി ജലവിഭവ വകുപ്പിന് സമർപ്പിക്കുന്ന മുറയ്ക്ക് ന്യായവില നൽകി സ്ഥലം ഏറ്റെടുക്കാൻ ജലവിഭവ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടപടികൾ പൂർത്തീകരിച്ച് ഭൂമി കൈവശം വച്ചിരിക്കുന്ന കർഷകരുടെ പേരുവിവരം ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളുടെ ന്യായവില നൽകി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടില്ല. പ്രസ്തുത ഭൂമി എന്നാണോ കൃഷിയോഗ്യമല്ലാതായത് അന്നത്തെ വിലയുടെ അടിസ്ഥാനത്തിൽ ജലവിതാനത്തിൽപ്പെട്ട് പോയതും ഏറ്റെടുക്കേണ്ടതുമായ വസ്തുക്കളുടെ വില നിർണ്ണയിച്ച് ലഭ്യമാക്കുവാൻ ജലവിഭവ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിരുന്നു. അതിൻപ്രകാരം വിലനിർണ്ണയം നടത്തുന്നതിന് തിരുവനന്തപുരം തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വെള്ളായണി കായൽപ്രദേശത്ത് വെള്ളം കയറി കിടക്കുന്നുവെന്ന് കണ്ടെത്തിയിട്ടുള്ള 87.17.58 ഹെക്ടർ ഭൂമിയുടെ സർവ്വേ നമ്പർ ലഭ്യമാണ്.

(സി) വെള്ളായണി കായലിലെ വെള്ളം കയറി കിടക്കുന്നതായി കണ്ടെത്തിയ 87.19.58 ഹെക്ടർ ഭൂമി നിലവിൽ പട്ടയഭൂമിയാണ്. അതിൽ എത്ര ഭൂമിക്ക് സർക്കാർ പട്ടയം നൽകിയിട്ടുണ്ടെന്ന് പ്രത്യേകമായി പരിശോധിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) IR2/210/17/WRD തീയതി 25-8-2017

## കുന്നത്തുനാട് വില്ലേജിൽ സ്ഥലം നികത്തുന്നതിന് അനുമതി

231(6106) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ കുന്നത്തുനാട് വില്ലേജിൽ 15 ഏക്കർ സ്ഥലം നികത്തുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവ് വകുപ്പുമന്ത്രി മരവിപ്പിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നടപടിയിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയിരുന്നോ;

(സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കളക്ടർ സ്വീകരിച്ച നടപടി വീണ്ടും നിയമോപദേശത്തിനയക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കുന്നത്ത് നാട്ടിൽ Speaks Properties Ltd., എന്ന സ്ഥാപനത്തിന് തരം മാറ്റിയ നിലം വിഭാഗത്തിൽ ഉൾപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും അപേക്ഷകന് സ്ഥലം ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരികളെ സമീപിക്കുന്നതിനും അനുമതി നൽകികൊണ്ടും 31-1-2019-ലെ സ.ഉ.(സാധാ) 337/19/റവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ 8-5-2019-ലെ സ.ഉ.( സാധാ) 1090/19/റവ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഉത്തരവ് മരവിപ്പിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശമാണ് കളക്ടർക്ക് ലഭിച്ചിരുന്നത്.

(ഡി) 8-5-2019-ലെ സ.ഉ.(സാധാ) 1090/19/റവ നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം സ്വീകരിക്കുകയുമുണ്ടായി. ടി നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് എൻവയോൺമെന്റൽ & റിമോട്ട് സെൻസിങ്ങ് സെന്ററിൽ നിന്നും ഉപഗ്രഹചിത്രങ്ങൾ ഉൾപ്പെടെയുള്ള റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്.

**നിർമ്മാണ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി**

232(6107) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടുകളായ കുടുവീട്ടുകടവ് പാലം, അമരവിള-ഒറ്റശേഖരമംഗലം റോഡ് എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് കണ്ടിജൻസി ചാർജ് ഒടുക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാനാകും;

(ഡി) ഓരോ പ്രവൃത്തിക്കും എത്ര വീതം സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കുടുവീട്ടുകടവ് പാലം

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ ഒറ്റശേഖരമംഗലം, കുളത്തുമ്മൽ വീരണകാവ് വില്ലേജുകളിൽപ്പെട്ട 94 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകികൊണ്ട് 26-3-2018-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1107/2018/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് സ്പെഷ്യൽ തഹസീൽദാർ, അഡീഷണൽ എൽ.എ. യൂണിറ്റിനെ 20-4-2018-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പ്രാഥമിക സ്ഥല പരിശോധനയിൽ അലൈൻമെന്റ് സ്കെച്ചിൽ അപാകതയുള്ളതായി കണ്ടെത്തുകയും വിവരം അർത്ഥനാധികാരിയെ അറിയിക്കുകയും ചെയ്തതനുസരിച്ച് ന്യൂനത പരിഹരിച്ച അലൈൻമെന്റ് സ്കെച്ച് 17-6-2019-ൽ ലഭ്യമാക്കുകയും ലാൻഡ് അക്വിസിഷൻ ഓഫീസർ സ്ഥലപരിശോധന നടത്തിവരുന്നതുമാണ്. സ്ഥലപരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് എസ്.ഐ.എ. പഠനം നടത്തുന്നതിനായി പ്ലാനറ്റ് കേരളയെ നിയമിച്ചുകൊണ്ടുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്.

അമരവിള-ഒറ്റശേഖരമംഗലം റോഡ്

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര-കാട്ടാക്കട താലൂക്കുകളിലെ കീഴാറ്റൂർ, പെരുങ്കടവിള, കൊല്ലയിൽ, നെയ്യാറ്റിൻകര വില്ലേജുകളിൽപ്പെട്ട 86.125 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി നൽകികൊണ്ട് 24-4-2018-ലെ ജി.ഒ.(ആർറ്റി.) നമ്പർ 1487/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും സ്പെഷ്യൽ തഹസീൽദാർ പി.ഡബ്ല്യു.ഡി.(സതേൺ സർക്കിൾ) യൂണിറ്റിനെ 30-4-2018-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. അലൈൻമെന്റ് കല്ലുകൾ സ്ഥാപിക്കുന്നതിനും മെഷർമെന്റ് സ്കെച്ച് ലഭ്യമാക്കുന്നതിനും അർത്ഥനാധികാരിയായ പി.ഡബ്ല്യൂ.ഡി. നിരത്ത് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയവ ലഭിക്കുന്ന മുറയ്ക്ക് എസ്.ഐ.എ. പഠനം നടത്തുന്നതിനായി സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഇൻ ഹ്യൂമൻ ബിഹേവിയറിനെ നിയമിച്ചുകൊണ്ടുള്ള 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) കുടുവീട്ടിൽക്കടവ് പാലം പ്രസ്തുത പ്രോജക്ടിനായി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 9,47,520 രൂപ 3-12-2018-ൽ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്.

അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രസ്തുത പ്രോജക്ടിനായി കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ 15,00,000 രൂപ 24-10-2018-ൽ അർത്ഥനാധികാരി ലഭ്യമാക്കിയിട്ടുണ്ട്.

(സി) സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് വിദഗ്ദ്ധ സമിതിയുടെ ശിപാർശ ജില്ലാ കളക്ടർ വിലയിരുത്തി സ്ഥലമേറ്റെടുക്കുന്നതിനുള്ള സമുചിത തീരുമാനം കൈക്കൊള്ളുന്നതും 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതുമാണ്. ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസവും പുന:സ്ഥാപനവും നിശ്ചയിച്ചതിനുശേഷം ഡിക്ലറേഷൻ പുറപ്പെടുവിച്ച് അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(ഡി) കുടുവീട്ടിൽക്കടവ് പാലം പദ്ധതിക്കുവേണ്ടി കാട്ടാക്കട താലൂക്കിലെ ഒറ്റശേഖരമംഗലം (69.00 ആർ) കുളത്തുമ്മൽ (14.50 ആർ) വീരണകാവ് (10.50 ആർ) എന്നീ വില്ലേജുകളിലായി ആകെ 94.00 ആർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

അമരവിള-ഒറ്റശേഖരമംഗലം റോഡ് പ്രസ്തുത പ്രോജക്ടിനായി നെയ്യാറ്റിൻകര, പെരുങ്കടവിള, കീഴാറ്റൂർ എന്നീ വില്ലേജുകളിൽനിന്നും ആകെ 86.125 സെന്റ് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

## മങ്കടയിൽ ഐ.ടി.ഐ.-ക്ക് ഭൂമി

233(6108) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കടയിൽ പുഴക്കാട്ടിരിയിൽ ഐ.ടി.ഐ.ക്കുവേണ്ടി 3.82 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(സി) പെരിന്തൽമണ്ണയിലെ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് ഭൂമി അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിൽ സർവ്വേ നമ്പർ 48/1-ൽപ്പെട്ട 3.63 ഏക്കർ മിച്ചഭൂമിയും 48/12-ൽപ്പെട്ട 19 സെന്റ് മിച്ചഭൂമിയും ഉൾപ്പെടെ 3.82 ഏക്കർ ഭൂമി ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച എൽ1/34/2019/ റവ നമ്പർ ഇ-ഫയൽ പരിശോധനയിലാണ്. ടി ഭൂമി ഐ.ടി.ഐ.-യ്ക്കായി ലഭ്യമാക്കുന്നതിന് വിരോധമില്ലായെന്ന് തൊഴിലും നൈപുണ്യവും വകുപ്പ് അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ സമ്മതത്തോടെയും മന്ത്രിസഭയുടെ അംഗീകാരത്തോടെയും ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(സി) പെരിന്തൽമണ്ണ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് വേണ്ടി കൈമാറുന്നതിന് ടൂറിസം ഡയറക്ടർ ആവശ്യപ്പെട്ടിരുന്ന ഭൂമിയും പുഴക്കാട്ടിരി ഐ.ടി.ഐ.-യ്ക്ക് കൈമാറാൻ ശിപാർശ സമർപ്പിച്ചിരുന്ന ഭൂമിയും ഒന്നുതന്നെയാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ഐ.ടി.ഐ.-യ്ക്ക് ഭൂമി കൈമാറി കഴിഞ്ഞാലും ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുവാൻ ഭൂമി ലഭ്യമാണോ എന്നതിൽ റിപ്പോർട്ട് സമർപ്പിക്കാൻ തഹസിൽദാരോടും ടി ഭൂമി കൈമാറുന്നതിന് നിയമപ്രകാരമുള്ള റിക്വിസിഷനും അനുബന്ധരേഖകളും സമർപ്പിക്കുന്നതിന് ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്കും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മാവേലിക്കര മിച്ചൽ ജംഗ്ഷൻ വികസനം

234(6109) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് റവന്യൂവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുത്ത് പ്രസ്തുത ജംഗ്ഷൻ വികസനം അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) മാവേലിക്കര മിച്ചൽ ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ മാവേലിക്കര വില്ലേജിലെ വിവിധ സർവ്വെ നമ്പരുകളിൽപ്പെട്ട 38 ആർസ് സ്ഥലം എൽ.എ.ആർ.ആർ. ആക്ട്, 2013 മുഖേന ഏറ്റെടുക്കുന്നതിന് 17-4-2019-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1036/2019/റവ പ്രകാരം അനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് ആലപ്പുഴ പൊന്നുംവില സ്പെഷ്യൽ തഹസീൽദാരെ 14-6-2019-ൽ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്. അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് അലൈൻമെന്റ് സ്കെച്ചും കണ്ടിജൻസി ചാർജ്ജും ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

## ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി സ്ഥലം ഏറ്റെടുക്കൽ

235(6110) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ബൈപ്പാസിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷൻ ആർ.ബി.ഡി.സി.-യിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ബൈപ്പാസിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി ആർ.ബി.ഡി.സി. നൽകിയ പ്രൊപ്പോസലിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് ജില്ലാകളക്ടർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റപ്പാലം ബൈപ്പാസിനുവേണ്ടി ഏറ്റെടുക്കപ്പെടേണ്ട ഭൂമിയുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. 3-9-2018-ന് ആർ.ബി.ഡി.സി.കെ.-യിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് അർത്ഥനാപത്രം ലഭിച്ചിരുന്നു.

(ബി&സി) നിർദ്ദിഷ്ട ഒറ്റപ്പാലം കാക്കത്തോട് ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് ഒറ്റപ്പാലം 2 വില്ലേജിൽപ്പെട്ട 3.2500 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥനാപത്രം ലഭിച്ചിരുന്നു. ജില്ലാ കളക്ടറുടെ 4-10-2018-ലെ DCPKD/5362/18/C4 നമ്പർ ഉത്തരവ് പ്രകാരം ലാൻഡ് അക്വിസിഷൻ ഓഫീസറെ നിയമിച്ചിട്ടുണ്ട്. 1961-ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ വകുപ്പ് 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ 7-11-2018-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 2755 പ്രകാരം പ്രസിദ്ധപ്പെടുത്തിയിരുന്നു.

പ്രസ്തുത റോഡിന്റെ അലൈൻമെന്റിനെതിരെ പ്രദേശവാസികളായ 32 പേർ ബഹു മാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C) 39213/2018 നമ്പറായി ഫയൽ ചെയ്ത കേസിന്റെ 4-12-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും ഏറ്റവും ദൈർഘ്യം കുറഞ്ഞതും കെട്ടിടം/കുഴിക്കൂർ ചമയങ്ങളുള്ള സ്ഥലമുടമകളുടെ എണ്ണം കുറവുള്ളതുമായ മേൽ അലൈൻമെന്റാണ് ഏറ്റവും അനുയോജ്യമായതെന്ന് കണ്ടെത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 3-6-2019-ലെ സ.ഉ.(സാധാ)1419/2019/റവ നമ്പർ ഉത്തരവിൽ പ്രദേശവാസികളുടെ മേൽ ആവശ്യം നിരസിക്കുകയും, 28-6-2019-ലെ സ.ഉ.(സാധാ)1676/2019/റവ പ്രകാരം 2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലമേറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

## വെള്ളരിക്കുണ്ട് താലൂക്കിൽ സർക്കാർ ഭൂമി

236(6111) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ സർവ്വേ നമ്പർ 155/P4-ൽപ്പെട്ട നാല് ഏക്കർ സ്ഥലം സർക്കാർ ഭൂമിയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഈ സ്ഥലം ഏതെങ്കിലും ട്രസ്റ്റിനോ സംഘത്തിനോ പതിച്ചുനൽകാൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ എപ്പോഴാണ് തീരുമാനിച്ചതെന്നും സ്ഥലം പതിച്ചുനൽകിയോ എന്നും വ്യക്തമാക്കാമോ; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സർവ്വേ നമ്പറിൽപ്പെട്ട സ്ഥലത്ത് ഏതെങ്കിലും സ്കൂൾ സ്ഥിതി ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഏത് സ്കൂളാണെന്നും അത് സർക്കാർ തലത്തിലോ എയ്ഡഡ് തലത്തിലോ സ്വകാര്യ മാനേജ്മെന്റ് തലത്തിലോ ഉള്ളതാണോയെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സ്കൂൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ ഏതെങ്കിലും കാലത്ത് റിപ്പോർട്ട് നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) വെള്ളരിക്കുണ്ട് താലൂക്കിലെ സർവ്വേ നമ്പർ 155/Pt-യിൽപ്പെട്ട നാല് ഏക്കർ സ്ഥലം സർക്കാർ ഭൂമിയാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) വെള്ളരിക്കുണ്ട് താലൂക്കിലെ പരപ്പ വില്ലേജിൽ സർവ്വെ നമ്പർ 155/Pt-ൽ ബിരിക്കുളം എ.യു.പി. സ്കൂൾ നിലവിൽ സ്ഥിതി ചെയ്യുന്നു. ആയത് എയ്ഡഡ് സ്കൂളാണ്.

(ഇ) ഉണ്ട്. 15-11-2014-ലെ സി1-43381/14 നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## കോഴിക്കോട് കൽപ്പൂര് വയലിലെ മിച്ചഭൂമി വിതരണം

237(6112) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് താലൂക്കിലെ കുമാരനല്ലൂർ വില്ലേജിൽ ഭൂരഹിത കർഷർക്ക് വിതരണം ചെയ്യാനായി സർക്കാർ ഏറ്റെടുത്ത കൽപൂര് വയലിലെ മിച്ചഭൂമി അധികൃതമായി കൈയേറിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നീർത്തടമായിരുന്ന പ്രസ്തുത മിച്ചഭൂമി മണ്ണിട്ട് നികത്തിയതിന് കാരണക്കാരായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അവശേഷിക്കുന്ന മിച്ചഭൂമി കൈയ്യേറ്റം ഒഴിപ്പിച്ച് അളന്ന് തിട്ടപ്പെടുത്തി അർഹരായവർക്ക് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മിച്ചഭൂമി പതിവ് നടപടി പൂർത്തിയാകാത്തതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ ടി ഭൂമിയിൽ അനധികൃതമായി അൻപതിലധികം ലോഡ് മണ്ണിട്ടതിൽ സ്റ്റോപ്പ് മെമ്മോ പതിപ്പിച്ച് കേരള നെൽവയൽ സംരക്ഷണ നിയമപ്രകാരം തുടർ നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചുവരുന്നതും പ്രസ്തുത നടപടി പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് തീരുമാനം ജില്ലാ കളക്ടർ കൈക്കൊള്ളുന്നതുമാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പെട്രോൾ പമ്പിനായി പാട്ടത്തിന് സർക്കാർ ഭൂമി

238(6113) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല കളക്ടേറ്റിൽ നിന്നും D3/34389/17 നമ്പർ ആയി 17-3-2018-ൽ കാസർഗോഡ് കാഞ്ഞങ്ങാട് എസ്.എച്ച്.ൽ ഗുരുപുരത്തിനടുത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് സ്വകാര്യ ഭൂമിയോട് ചേർന്ന് കിടക്കുന്ന സർക്കാർ ഭൂമിക്ക് പാട്ടം അനുവദിച്ചതിനുശേഷം മാത്രം പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കണമെന്ന വ്യവസ്ഥയിൽ നിരാക്ഷേപ പത്രം നൽകിയിട്ടുണ്ടോ;

(ബി) പെട്രോൾ പമ്പ് സ്ഥാപിക്കുന്നവർ ഈ വ്യവസ്ഥ ഒട്ടും പാലിക്കാതെ പെട്രോൾ പമ്പിന്റെ പ്രവർത്തനം പൂർണ്ണമായി തുടങ്ങത്തക്കവിധം പണി പൂർത്തികരിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗുരുതരമായ ഈ ചട്ടലംഘനം ശ്രദ്ധയിൽപ്പെട്ടിട്ടും നാളിതുവരെയായി പെട്രോൾ പമ്പ് തുടങ്ങാൻ നൽകിയ കണ്ടീഷണൽ എൻ.ഒ.സി.റദ്ദ് ചെയ്യുന്നതിന് എന്തെങ്കിലും നടപടി ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; വിശദാം ശങ്ങൾ അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് കേട്ട് കേൾവി പോലും ഇല്ലാത്ത കണ്ടിഷണൽ എൻ.ഒ.സി.യെ സംബന്ധിച്ചുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ഉത്തര മേഖല റവന്യൂ വിജിലൻസ് ഡെപ്യൂട്ടി കളക്ടർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ട് എത്ര മാസമായി; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ടീഷണൽ എൻ.ഒ.സി. ക്യാൻസൽ ചെയ്യുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെയായി എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥർ എൻ.ഒ.സി.-യെ സാധൂകരിക്കുന്ന നടപടികളുമായി മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(എഫ്) ഇതേ വിഷയത്തിൽ ധനകാര്യ പരിശോധന വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് (1762 PW1/asst1kgd/2018/Fin) റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ജി) റവന്യൂ (എൽ) സെഷനിൽ (L4/44/2019) ഉള്ള ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിരാക്ഷേപ പത്രത്തിലെ നിബന്ധനകൾക്ക് വിധേയമല്ലാതെ പെട്രോൾ പമ്പിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും എന്നാൽ സർക്കാർ ഭൂമിയിൽ കയ്യേറ്റങ്ങൾ നിലവിലില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പെട്രോൾ പമ്പിന്റെ പ്രവർത്തനങ്ങൾ സർക്കാർ ഭൂമി പാട്ടത്തിന് ലഭിക്കാതെ തുടരരുതെന്ന് കാണിച്ച് പമ്പിന്റെ തുടർപ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ കക്ഷിക്ക് സ്റ്റോപ്പ് മെമ്മോ നൽകുന്നതിന് വെള്ളരിക്കുണ്ട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതിനെ തുടർന്ന് ബേളൂർ വില്ലേജോഫീസർ കക്ഷിക്ക് നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്. ഇതിനെതിരെ ശ്രീ. സുഹൈൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) 30128/2018 കേസിൽ വില്ലേജോഫീസറുടെ സ്റ്റോപ്പ് മൊമ്മോയും സ്റ്റോപ്പ് മൊമ്മോ നൽകാൻ 20-8-2018-ൽ നൽകിയ നിർദ്ദേശവും ബഹുമാനപ്പെട്ട കോടതിയുടെ 19-9-2018-ലെ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരുന്നു. ടി കേസിൽ സത്യവാങ്മൂലം, കൗണ്ടർ അഫിഡവിറ്റ് എന്നിവ ഫയൽ ചെയ്തിട്ടുണ്ടെന്നും ലീസ് അനുവദിക്കുന്നതിന് മുമ്പ് അപേക്ഷകന് സർക്കാർ ഭൂമി വിട്ടുനൽകിയിട്ടില്ലെന്നും സർക്കാർ ഭൂമിയിൽ കയ്യേറ്റമോ നിർമ്മാണ പ്രവർത്തനങ്ങളോ നടന്നിട്ടില്ലെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. WP(C) 30128/2018 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 26-2-2019-ലെ അന്തിമ വിധി പ്രകാരം സർക്കാർ ഭൂമി പാട്ടത്തിന് നൽകുന്ന വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുമുണ്ട്.

(ഡി&ഇ) കാസർഗോഡ് ജില്ലയിൽ ബേളൂർ വില്ലേജിൽ പെട്രോൾ പമ്പിന് ഭൂമി ലീസ് നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. അഖിലേഷ് സി.എം., എന്നയാൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ഉത്തരമേഖലാ (വിജിലൻസ്) ഡെപ്യൂട്ടി കളക്ടർ സമർപ്പിച്ച 10-8-2018-ലെ സി/328/2018 നമ്പർ റിപ്പോർട്ട് 19-9-2018-ലെ കത്ത് പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു. തഹസിൽദാർ ആർ.ഡി.ഒ. എന്നിവർ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് അനുമതി നൽകേണ്ടതില്ലായെന്ന് വ്യക്തമായി ശിപാർശ ചെയ്ത കേസിൽ എ.ഡി.എം. സ്ഥല പരിശോധന നടത്തി സർക്കാർ A.W. ഭൂമി നിർദ്ദിഷ്ട പെട്രോൾ ബങ്കിന്റെ വഴി സൗകര്യത്തിനുവേണ്ടി വിട്ടുകൊടുത്തുവെന്നും സർക്കാരിൽ നിന്നും ലീസ് ഉത്തരവാകുന്നതിന് മുമ്പ് കണ്ടീഷണൽ എൻ.ഒ.സി. അനുവദിച്ചിട്ടുള്ളതായും അതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമിയിൽ നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതായും ഇതിനെതിരെ നടപടിയെടുക്കുന്നതിന് എ.ഡി.എം.-നോട് പരാതി കക്ഷി ആവശ്യപ്പെട്ടെങ്കിലും ടിയാൻ അതിന് തയ്യാറായില്ലായെന്നും വിജിലൻസ് ഡെപ്യൂട്ടി കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി AW- ഭൂമി നാഷണൽ ഹൈവേയുടെ കണ്ണായ ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഭൂമിയാണെന്നും പ്രസ്തുത ഉത്തരവ് നൽകിയതിലൂടെ സർക്കാർ ഭൂമി അന്യകൈവശത്തിലാകുന്നതിനുള്ള സാധ്യതയുണ്ടെന്നും ടി റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത വിഷയത്തിൽ ഡെപ്യൂട്ടി കളക്ടർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിന്മേലുള്ള അഭിപ്രായം ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെട്ടിട്ടുള്ളതാണ്.

(എഫ്) ലഭിച്ചിട്ടുണ്ട്.

(ജി) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ ബേളൂർ വില്ലേജിൽ റവന്യൂ ഭൂമി പെട്രോൾ പമ്പ് തുടങ്ങുന്നതിനായി പാട്ടത്തിന് നൽകുന്നതിൽ ക്രമക്കേടുകൾ നടക്കുന്നുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ നിന്ന് ലഭ്യമായ പരിശോധനാ റിപ്പോർട്ടിലെ ക്രമ നമ്പർ1-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കി ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് 12-4-2019-ലെ എൽ.4/44/19/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രമ നമ്പർ 2,3 എന്നിവയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വെള്ളരിക്കുണ്ട് താലൂക്കിൽ സേവനമനുഷ്ഠിച്ചിരുന്ന തഹസിൽദാർ ശ്രീ. കുഞ്ഞിക്കണ്ണൻ ബേളൂർ വില്ലേജ് ഓഫീസർ ശ്രീ. ക്രിസ്തുദാസ് ടിയാളുകളുടെ സൂപ്പർ ആനുവേഷൻ റിട്ടയർമെന്റ് തീയതി സഹിതം ലഭ്യമാക്കാൻ റവന്യൂ (ഡി) വകുപ്പിന്റെ 30-4-2019-ലെ 56/ഡി3/19/റവ നമ്പർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുള്ളതും ആവശ്യപ്പെട്ടിട്ടുള്ള മേൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടില്ലാത്തതുമാണ്.

## ബ്രൈമൂർ എസ്റ്റേറ്റ്

239(6114) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ ബ്രൈമൂർ എസ്റ്റേറ്റ് പാട്ടഭൂമിയിലാണോ പ്രവർത്തിച്ചുവരുന്നത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത എസ്റ്റേറ്റിൽ സ്വകാര്യ റിസോർട്ട് പ്രവർത്തിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ റിസോർട്ട് പ്രവർത്തിക്കുന്നതിന് നൽകിയ അനുമതിയുടെ വിവരങ്ങൾ നൽകാമോ;

(ഡി) പ്രസ്തുത എസ്റ്റേറ്റിൽ റോഡിലൂടെ പ്രവേശിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ബ്രൈമൂർ എസ്റ്റേറ്റ് പ്രവർത്തിച്ചുവരുന്നത് സ്വകാര്യ ഭൂമിയിലാണ്. എന്നാൽ നെടുമങ്ങാട് താലൂക്ക് ലാൻഡ് ബോർഡിൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് ഒരു മിച്ചഭൂമി കേസ് നിലവിലുള്ളതാണ്.

(ബി) ഉണ്ട്.

(സി) പ്രസ്തുത റിസോർട്ട് പ്രവർത്തിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടില്ല.

(ഡി) റവന്യൂ വകുപ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഫീസ് പിരിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കൃത്യമായ ഫീസ് നിരക്ക് എഴുതി പ്രദർശിപ്പിച്ചിട്ടില്ല. എന്നാൽ ഒരാൾക്ക് 200 രൂപ നിരക്കിൽ ഫീസ് വാങ്ങുന്നതായി അന്വേഷണത്തിൽ അറിയുന്നു.

**അനധികൃതമായി അനുവദിച്ചു നൽകിയ റവന്യൂഭൂമി**

240(6115) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 കാലയളവിൽ മുൻ സർക്കാർ അനധികൃതമായി അനുവദിച്ചു നൽകിയിട്ടുള്ള റവന്യൂ ഭൂമിയുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) ഇപ്രകാരം നൽകിയിട്ടുള്ള ഭൂമി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരികെ സർക്കാരിലേക്ക് കണ്ടുകെട്ടിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ സർവ്വെ നമ്പർ 634-ൽപ്പെട്ട 40 സെന്റ് ഭൂമി 1995-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടപ്രകാരം സർക്കാരിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് ദേശീയ മഹിളാ സമാജത്തിന് പതിച്ച് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ ചിറക്കൽ വില്ലേജിലെ പൂഴാതിദേശത്ത് റീ സർവ്വെ 17/4-ലെ 5 സെന്റ് ഭൂമി ശ്രീമതി ചിത്രലേഖയ്ക്ക് അനുവദിച്ചു നൽകിയിരുന്നു. മറ്റ് ജില്ലകളിൽ 2011-16 കാലയളവിൽ അനധികൃതമായി ഭൂമി അനുവദിച്ചു നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) വയനാട് ജില്ലയിൽ സൗജന്യമായി പതിച്ചുനൽകിയത് നിയമാനുസൃതമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സൗജന്യമായി പതിച്ചു നൽകിക്കൊണ്ടുള്ള മുൻ സർക്കാരിന്റെ കാലത്തെ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ മറ്റ് തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതും ഭൂമി ദേശീയ മഹിളാസമാജം കൈവശം വച്ച് വരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ഭൂമി പതിച്ചുനൽകിയ ഈ സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ശ്രീമതി ചിത്രലേഖ ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള WP(C)14071/18 നമ്പർ കേസിൽ കോടതി തുടർ നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഭൂമി തിരികെ എടുക്കാൻ സാധിച്ചിട്ടില്ല.

**വേങ്ങരയിലെ പ്രളയ നഷ്ടങ്ങളുമായി ബന്ധപ്പെട്ട നിവേദനം**

241(6116) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേങ്ങര നിയോജകമണ്ഡലത്തിലെ വേങ്ങര, ഒതുക്കുങ്ങൽ, ഊരകം, കണ്ണമംഗലം, എ.ആർ.നഗർ, പറപ്പൂർ തുടങ്ങിയ പഞ്ചായത്തുകളിൽ 2018 ആഗസ്റ്റിലെ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിച്ചുകിട്ടുന്നതിനായി സമഗ്രമായി തയ്യാറാക്കിയ ഒരു നിവേദനം മലപ്പുറം ജില്ലയുടെ ചുമതല വഹിച്ചിരുന്ന മന്ത്രിയ്ക്ക് സമർപ്പിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) പ്രളയക്കെടുതിയിൽ ഉൾപ്പെട്ട എല്ലാ വിഷയങ്ങളും സമാഹരിച്ച് നൽകിയ ഈ നിവേദനത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ നവീകരണം

242(6117) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ നവീകരണത്തിന് എത്ര തുക അനുവദിച്ചു ; വിശദാംശം വാർഷികാടിസ്ഥാനത്തിൽ നൽകാമോ ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലെ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് ഫണ്ട് അനുവദിച്ചത് ; ഓരോ റോഡിന്റെയും പേരും അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും റോഡുകളുടെ പുനരുദ്ധാരണത്തിനായി 2016-17 സാമ്പത്തിക വർഷം 73,64,09,000 രൂപയുടെയും 2017-18 സാമ്പത്തിക വർഷം 61,90,28,760 രൂപയുടെയും 2018-19 സാമ്പത്തിക വർഷം 111,73,53,000 രൂപയുടെയും 2019-20 സാമ്പത്തിക വർഷം ഇതുവരെ 10,97,92,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം നടപ്പിലാക്കുന്ന ഏതെങ്കിലും പ്രവൃത്തികൾക്കായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്യാറില്ല.

## കരം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം

243(6118) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽ ഭൂമിയുടെ കരം അടയ്ക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഓൺലൈൻ സംവിധാനം മുഴുവൻ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ടോ;

(സി) പൊതുജനങ്ങൾക്ക് എപ്രകാരമാണ് ഓൺലൈൻ സംവിധാനം ഉപയോഗിക്കാൻ സാധിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) ഓൺലൈൻ സംവിധാനം നടപ്പാക്കാത്ത വില്ലേജ് ഓഫീസുകളിൽ രസീത് ബുക്കുകൾ ലഭിക്കാത്തതുമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ആകെയുള്ള 1664 വില്ലേജ് ഓഫീസുകളിൽ 1649 എണ്ണത്തിൽ നിലവിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) www.revenue.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി കരം അടയ്ക്കാവുന്നതാണ്. ആദ്യത്തെ തവണ മേൽ സൈറ്റിൽ ലോഗ് ഇൻ ചെയ്ത്, വില്ലേജ് ഓഫീസിലേയ്ക്ക് റിക്വസ്റ്റ് അയയ്ക്കേണ്ടതും ആയതിന് അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് നെറ്റ് ബാങ്കിംഗ് മുഖേനയോ ക്രെഡിറ്റ്/ഡെബിറ്റ് കാർഡ് മുഖേനയോ കരം അടവാക്കാവുന്നതുമാണ്. തുടർന്ന് വരും വർഷങ്ങളിൽ QuickPay എന്ന സംവിധാനം ഉപയോഗിക്കാവുന്നതാണ്. ആയതിന് വില്ലേജ് ഓഫീസിൽനിന്നും തുടർ അപ്രൂവൽ ആവശ്യമില്ലാത്തതാണ്.

(ഡി) അത്തരത്തിൽ ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വേങ്ങര കേന്ദ്രമായി താലൂക്ക് രൂപീകരണം**

244(6119) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ താലൂക്കുകളുടേയും വില്ലേജുകളുടേയും എണ്ണം ജനസംഖ്യാനുപാതികമായി വളരെ പരിമിതമാണെന്ന കാര്യം കണക്കിലെടുത്ത് കൂടുതൽ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വേങ്ങര കേന്ദ്രമായി ഒരു താലൂക്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) താലൂക്ക് ഓഫീസിലെ തിരക്ക് ഒഴിവാക്കുന്നതിനും ജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനുമായി എന്ത് നടപടിയാണ് കൈക്കൊള്ളുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജനസംഖ്യ മാത്രം കണക്കിലെടുത്ത് കൂടുതൽ താലൂക്കുകളും വില്ലേജുകളും രൂപീകരിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുനഃസംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ടീമിന്റെ റിപ്പോർട്ട് ലഭ്യമായതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇ-ഡിസ്ട്രിക്ട്, റവന്യൂ സേവനങ്ങൾ ലഭ്യമാക്കുന്നതിനായുള്ള റവന്യൂ പോർട്ടൽ, സംയോജിത ഓൺലൈൻ പോക്കുവരവ്, ഇ-ഓഫീസ് എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ

245(6120) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പൊതുജന സൗഹൃദമാക്കുന്നതിനും ഏതെങ്കിലും സംഘടനകളോ ഏജൻസികളോ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം ജില്ല/താലൂക്ക്/സംഘടന എന്ന് തരംതിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ&ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. സംഘടന/ഏജൻസിതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## വിളപ്പിൽ വില്ലേജ് ഓഫീസ്

246(6121) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2019-20 വർഷത്തെ പ്ലാൻ സ്കീമിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് പണിയുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച ലിസ്റ്റിൽ വിളപ്പിൽ വില്ലേജിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതവും സ്ഥലലഭ്യതയും അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുന്നത്തുകാൽ, വെള്ളറട വില്ലേജാഫീസുകൾക്ക് കെട്ടിടം

247(6122) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത വെള്ളറട വില്ലേജാഫീസിന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വെള്ളറട വില്ലേജാഫീസ് പ്രവർത്തിച്ചുവന്നിരുന്ന സ്ഥലം റവന്യൂ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പൂർണ്ണമായ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കുന്നത്തുകാൽ വില്ലേജാഫീസ് കെട്ടിടം തകർന്നുവീണതിനാൽ നിലവിൽ വില്ലേജാഫീസ് വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കുന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജാഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വെള്ളറട വില്ലേജ് ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) വെള്ളറട വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം റവന്യൂ വകുപ്പിന് കൈമാറി നൽകിയിട്ടില്ല.

(സി) കുന്നത്തുകാൽ വില്ലേജ് ഓഫീസ് പഴയ കെട്ടിടം അപകടാവസ്ഥ യിലായതിനാൽ ജീവനക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷ കണക്കിലെടുത്ത് വില്ലേജ് ഓഫീസ് പ്രവർത്തനം താൽക്കാലികമായി വാടക കെട്ടിടത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) കുന്നത്തുകാൽ, വെള്ളറട എന്നീ വില്ലേജ് ഓഫീസുകൾ പ്ലാൻ സ്കീം പ്രകാരം സ്മാർട്ട് വില്ലേജ് ഓഫീസുകളായി പുതുക്കി പണിയേണ്ട വില്ലേജുകളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതവും സ്ഥലലഭ്യതയും അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത്.

## അന്തർ വകുപ്പ് സ്ഥലംമാറ്റം

248(6123) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലാ റവന്യൂ എസ്റ്റാബ്ലിഷ്മെന്റിന് കീഴിൽ തൃശ്ശൂർ താലൂക്കാഫീസിലെ ഓഫീസ് അറ്റന്റന്റായി ജോലി ചെയ്തു വരുന്ന സ്മിത വി.എസ്. -ന് തൃശ്ശൂർ ജില്ലാ ജലസേചന വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രീമതി സ്മിത. വി. എസ്., തൃശ്ശൂർ ജില്ലാ ജലസേചന വകുപ്പിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലമാറ്റം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്ക് തുടർനടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) അപേക്ഷയിന്മേൽ ഇറിഗേഷൻ വകുപ്പാണ് തുടർ നടപടി സ്വീകരിക്കേണ്ടത്.

## വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ

249(6124) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ പദ്ധതികളും സേവനങ്ങളും ജനങ്ങളിലെത്തിക്കുന്നതിലും സർക്കാർ ഖജനാവിലേക്ക് വിവിധ ഇനം നികുതികൾ ഉൾപ്പെടെ സമാഹരിച്ച് എത്തിക്കുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്ന വില്ലേജ് ഓഫീസുകളിൽ സമയബന്ധിതമായി സേവന പ്രവർത്തനം നടത്തുന്നതിന് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പര്യാപ്തമാണോ;

(ബി) ഇതേപ്പറ്റി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വില്ലേജ് ഓഫീസുകളിൽ അധിക തസ്തിക സൃഷ്ടിക്കണമെന്ന് ഏതെങ്കിലും ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) വില്ലേജ് ആഫീസുകളിലെ സേവനം സമയബന്ധിതമായി നടപ്പിൽവരുന്നതിന് പഴയ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി P&ARD പഠനം നടത്തുകയും നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) ധനകാര്യ കമ്മീഷനുകൾ ടി വിഷയം സംബന്ധിച്ച് പഠനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വില്ലേജ് ഓഫീസർക്കെതിരെയുള്ള അച്ചടക്ക നടപടി**

250(6125) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസർമാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ നിയമപരമായി തീർപ്പാക്കുന്നതിന് ഉണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മാവേലിക്കര വെട്ടിയാർ വില്ലേജ് ഓഫീസറായ ശ്രീമതി സിന്ധുകുമാരി കെ.-യ്ക്ക് എതിരെയുള്ള ശിക്ഷാനടപടി രണ്ട് വർഷത്തിലധികമായിട്ടും തീർപ്പാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) വില്ലേജ് ഓഫീസർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചില്ല എന്ന കാരണത്താൽ ഡെപ്യൂട്ടി തഹസിൽദാർ/ജൂനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റം ലഭിക്കാത്ത 8973 സീനിയോറിറ്റി നമ്പരിലുള്ള വെട്ടിയാർ വില്ലേജ് ആഫീസറുടെ അപേക്ഷയിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ തീർപ്പ് താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിജിലൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വില്ലേജോഫീസർമാർക്കെതിരായ അച്ചടക്ക നടപടി ആരംഭിക്കുന്നതിനായി KCS (CC&A) ചട്ടങ്ങൾ പ്രകാരം നിരവധി നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. വിജിലൻസ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ ഏതുതരത്തിലുള്ള ശിക്ഷ (ലഘുശിക്ഷ/കഠിനശിക്ഷ)-യാണ് സ്വീകരിക്കേണ്ടതെന്ന് വകുപ്പ് സെക്രട്ടറി തലത്തിൽ തീരുമാനമെടുക്കുകയും തുടർന്ന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്യേണ്ടതായുണ്ട്. പിന്നീട് ടി കുറ്റപത്രത്തിന്റെ നടത്തുപ്രതി, കുറ്റപത്രത്തിന്മേലുള്ള കുറ്റാരോപിതന്റെ പ്രതിവാദ പത്രിക എന്നിവ ലഭ്യമാക്കുവാൻ കുറ്റപത്രം നടത്തിയ

തീയതി മുതൽ 15 ദിവസത്തെ സമയപരിധി നൽകേണ്ടതുണ്ട്. ടിയാൻ സമർപ്പിക്കുന്ന മറുപടിയിന്മേൽ മിക്ക കേസുകളിലും ലാൻഡ് റവന്യൂ കമ്മീഷണർ/ജില്ലാ കളക്ടറുടെ അഭിപ്രായം ലഭ്യമാക്കാറുണ്ട്. ടിയാന്റെ വിശദീകരണം തൃപ്തികരമല്ലായെങ്കിലും കഠിനശിക്ഷയുള്ള കുറ്റപത്രമാണ് നൽകിയിട്ടുള്ളതെങ്കിലും ആരോപണ വിഷയത്തിൽ KCS (CC&A) ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കേണ്ടതുണ്ട്. ടി അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി, കുറ്റക്കാരെ നേരിൽകേട്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുവാൻ 4-5 മാസക്കാലയളവ് എടുക്കാറുണ്ട്. ടി അന്വേഷണ റിപ്പോർട്ടിൽ ടിയാൻ കുറ്റക്കാരനെന്ന് കണ്ടെത്തിയാൽ ടിയാന് ശിക്ഷ നിശ്ചയിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതുണ്ട്. ഇതിനും 15 ദിവസം സമയം നൽകേണ്ടതുണ്ട്. ആയതിന് സമർപ്പിക്കുന്ന മറുപടി പരിശോധിച്ച് ടിയാനെ നേരിൽ കേൾക്കാൻ നോട്ടീസ് നൽകേണ്ടതുണ്ട്. നേരിൽക്കേട്ടതിനുശേഷം കുറ്റം തെളിയുകയാണെങ്കിൽ പ്രസ്തുത ശിക്ഷ അന്തിമമാകുന്നതിന് മുമ്പ് വിജിലൻസ് വകുപ്പിന്റെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷണറുടെയും ഉപദേശം വാങ്ങേണ്ടതുണ്ട്. ഈ നടപടിക്രമത്തിനും കാലതാമസം ഉണ്ടാവാറുണ്ട്. KCS (CC&A) ചട്ടങ്ങൾ പാലിച്ച് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ സ്വാഭാവിക കാലതാമസം മാത്രമാണ് അച്ചടക്ക നടപടികളിൽ ഉണ്ടാകാറുള്ളത്.

(ബി) മാവേലിക്കര വെട്ടിയാർ വില്ലേജ് ഓഫീസറായ ശ്രീമതി സിന്ധുകുമാരിയുടെ അച്ചടക്ക നടപടിയിന്മേൽ (എ) ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടികൾ പാലിക്കേണ്ടതായുണ്ട്. ആയതിന്റെ ഭാഗമായി നടപടിക്രമങ്ങൾ പാലിച്ചുവരികയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനായി ഫയൽ 29-4-2019 തീയതിയിലെ കത്ത് പ്രകാരം നൽകിയിട്ടുള്ളതുമാണ്. (File No.D1/34740/16) കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. ടി ഫയലിന്മേൽ KCS (CC&A) ചട്ടങ്ങൾ, 1960 പാലിച്ച് അച്ചടക്ക നടപടി തീർപ്പാക്കുന്നതിന്റെ സ്വാഭാവിക കാലതാമസം മാത്രമാണ് ഉണ്ടായിട്ടുള്ളത്.

(സി) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ വെട്ടിയാർ വില്ലേജോഫീസറായ ശ്രീമതി സിന്ധുകുമാരി കെ.-യുടെ (വില്ലേജ് ഓഫീസർ/എച്ച്.സി./ആർ.ഐ. സീനിയോറിറ്റി നമ്പർ 8973) പ്രൊബേഷൻ പൂർത്തികരിക്കുന്നതും സ്ഥാനക്കയറ്റം അനുവദിക്കുന്നതും സംബന്ധിച്ച് സമർപ്പിച്ച അപേക്ഷയിൽ ടിയാളുടെ പേരിൽ നിലവിലുള്ള അച്ചടക്ക നടപടിയുടെ തീർപ്പിന് വിധേയമായി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 28-6-2019 തീയതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർ ഉത്തരവായിട്ടുള്ളതാണ്.

## കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിനായുള്ള ഭൂമി

251(6126) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ആവശ്യങ്ങൾക്കായി മാറ്റിവെച്ച ഭൂമിയിൽനിന്നും കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫീസിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാടാമ്പുഴ കെ.എസ്.ഇ.ബി. ഓഫിസിന് ഭൂമി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് മലപ്പുറം ജില്ലാ കളക്ടറോട് ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ 6-10-2018-ൽ സർക്കാർ ആവശ്യപ്പെട്ടിരുന്നു.

(ബി) ഇല്ല. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് 28-6-2019-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതായി മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## കടയ്ക്കൽ ടൗൺ ജനകീയ സംരക്ഷണ സമിതി ചെയർമാൻ നൽകിയ നിവേദനം

252(6127) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ കടയ്ക്കൽ ടൗൺ ജനകീയ സംരക്ഷണ സമിതി ചെയർമാൻ ചടയമംഗലം എം.എൽ.എ.-യുടെ ഉപരി കത്തോടുകൂടി നൽകിയ നിവേദനം (സി ഡി എൽ എം 24/2018 ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പരാതിക്കാരൻ ഉന്നയിച്ച രീതിയിൽ പുറമ്പോക്ക കയ്യേറ്റവും പാറഖനനവും നടന്നിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) പ്രസ്തുത പരാതിയിൻമേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടി പരാതിയിൽ തഹസീൽദാർ (ഭൂരേഖ) കൊട്ടാരക്കര മുഖാന്തരം അന്വേഷണം നടത്തിയതിൽ ഈ സ്ഥലം കടയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 49-ൽ റീസർവ്വേ 56/1-ൽപ്പെട്ട 5.70 ആർസ് പാറ പുറമ്പോക്ക് സ്ഥലമാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. ഈ സർക്കാർ പാറ പുറമ്പോക്ക് സ്ഥലത്ത് ശ്രീ. അനിൽകുമാർ എന്ന കക്ഷിയുടെ അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ടിയാന്റെ പേരിൽ എൽ.സി. കേസ് ബുക്ക് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(സി) പരാതിക്കാരൻ ഉന്നയിച്ച പ്രകാരം പുറമ്പോക്ക് ഭൂമി കയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. നിലവിൽ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ അന്വേഷണത്തിലൂടെ കണ്ടെത്തി നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന നടപടി**

253(6130) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താലൂക്കുകളും വില്ലേജുകളും വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

(ബി) ജനസംഖ്യാനുപാതികമായി ഓരോ ജില്ലയിലും ആവശ്യമായിട്ടുള്ള വില്ലേജുകളുടെയും താലൂക്കുകളുടെയും എണ്ണമെത്രയാണ്; ഇത് സംബന്ധിച്ച കണക്കെടുപ്പുകൾ നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ മലപ്പുറം ജില്ലയിൽ മാത്രം എത്ര വില്ലേജുകൾ അധികമായി വേണ്ടി വരും; അറിയിക്കുമോ;

(ഡി) മലപ്പുറം ജില്ലയിൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജുകളുടെ പട്ടിക തയ്യാറാക്കിയിക്കുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ജനസംഖ്യാനുപാതികമായിട്ട് മാത്രമല്ല, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയും കൂടി പരിഗണിച്ചാണ് വില്ലേജുകളും താലൂക്കുകളും രൂപീകരിക്കുന്നത്.

(ഡി) മലപ്പുറം ജില്ലയിൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജുകളുടെ പട്ടിക തയ്യാറാക്കിയിട്ടില്ല.

## കരുനാഗപ്പള്ളിയിലെ പ്രളയബാധിതർക്ക് ധനസഹായം

254(6131) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ എത്ര പ്രളയബാധിതർക്ക് പതിനായിരം രൂപ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രളയത്തിൽ ഇവിടെ എത്ര കുടുംബങ്ങളുടെ വീട് തകർന്നുവെന്നും എത്രപേർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയെന്നും വിശദമാക്കുമോ;

(സി) ഭാഗികമായി തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം എത്രപേർക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ പ്രളയബാധിതരായ 978 പേർക്ക് പതിനായിരം രൂപ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(ബി) 2018-ലെ പ്രളയത്തിൽ 10 വീടുകൾ തകർന്നു. 9 പേർക്ക് വീട് വയ്ക്കുന്നതിന് തുക വിതരണം ചെയ്തിട്ടുണ്ട്.

(സി) ഭാഗികമായി തകർന്ന വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനുള്ള ധനസഹായം 324 പേർക്ക് നൽകി.

## കാസർഗോഡ് ബേഡഡുക്ക വില്ലേജിലെ സർവ്വേ 82/9-ൽപ്പെട്ട സ്ഥലം

255(6132) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക വില്ലേജിൽ എൽ.എ. 214/85 പ്രകാരം സർവ്വേ നമ്പർ 82/9-ൽ പ്പെടുന്ന 51 സെന്റ് സ്ഥലം ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് പതിച്ചു കൊടുത്ത സ്ഥലമാണോ; ആണെങ്കിൽ എപ്പോഴാണ് പതിച്ചുകൊടുത്തതെന്നും ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) പതിച്ചുകൊടുത്ത ആൾക്ക് രേഖ കൈമാറിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) ഈ സ്ഥലം ഇപ്പോൾ ഏതെങ്കിലും വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ അധീനതയിലാണോ എന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ പ്രസ്തുത വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരുവിവരം വിശദമാക്കാമോ; എത്രവർഷമായി ഈ സ്ഥലം ഇവരുടെ അധീനതയിലെന്ന് വ്യക്തമാക്കാമോ;

(ഇ) അർഹരായ അവകാശികൾക്ക് സ്ഥലത്തിന്റെ രേഖ കൈമാറാൻ തയ്യാറാകുമോയെന്നും ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും രേഖ എപ്പോൾ കൈമാറുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക വില്ലേജിൽ സർവ്വെ നമ്പർ 821/9-ൽപ്പെട്ട 20.647 ആർ ഭൂമിക്ക് 23-7-1990 തീയതിയിലെ എൽ.എ.214/85 നമ്പർ പ്രകാരം പതിവ് ഉത്തരവ് ശ്രീ. എച്ച്. മലിൻഗൻ എന്നയാൾക്ക് നൽകിയിരുന്നു. ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ 15-12-2018-ലെ എൽ.എ.214/85/ബേഡഡുക്ക പ്രകാരം ശ്രീ. മലിൻഗന്റെ അവകാശികളായ ശ്രീ. മധുസൂദനൻ എം., കമലാ എം., സനിത കെ. & കാർത്തിക കെ., എന്നിവർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ടി വസ്തു വർഷങ്ങളായി ജി.എച്ച്.എസ്.എസ്. കുണ്ടംകുഴി എന്ന സ്ഥാപനത്തിന്റെ കൈവശത്തിലാണ്.

(ഇ) ശ്രീ. മലിൻഗന്റെ അവകാശികളായ ശ്രീ. മധുസൂദനൻ എം., കമലാ എം., സനിത കെ. & കാർത്തിക കെ., എന്നിവർക്ക് 15-12-2018-ലെ എൽ.എ.214/85 പ്രകാരം 17-12-2018-തീയതിയിൽ ടി ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

## ഈസ്മെന്റ് അവകാശം

256(6133) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ലാന്റ് ട്രൈബ്യൂണലിന്റെ OA-2450/70-ാം നമ്പർ കുടികിടപ്പ് സർട്ടിഫിക്കറ്റ്, 13-2-1974-ലെ തീർപ്പ് പ്രകാരം 23/09/1978-ലെ ഉത്തരവ് അനുസരിച്ച് കടകംപള്ളി വില്ലേജ് സർവ്വേ നമ്പർ 1781-ൽ പെട്ട 10 സെന്റ് വസ്തുവിലെ T.C. No.79/459(1) വീട്ടിലേക്ക് പോകുവാൻ 3 ലിംഗ്സ് (മൂന്ന്) 33 മീറ്റർ നടപ്പു വഴി ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ പ്രസ്തുത വസ്തുവിന് ചുറ്റും സ്ഥലം വാങ്ങിയ ആൾ /കമ്പനി ഈ നടപ്പ് വഴിയുടെ രണ്ട് സൈഡിലും വളരെ ഉയരത്തിൽ മതിൽ നിർമ്മിച്ചതിനാൽ പ്രസ്തുത വഴിയിൽ (33 മീറ്റർ നീളം) കൂടി ഇപ്പോൾ സാധാരണ നിലയിൽ നടക്കാൻ സാധിക്കാതെ, ചെരിഞ്ഞ് നടന്ന് കഷ്ടത അനുഭവിക്കുന്നതിന് പരിഹാരം കാണാൻ എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ;

(ബി) ഈസ്മെന്റ് അവകാശപ്രകാരം നടപ്പുവഴിക്ക് 1 മീറ്റർ വീതി വിട്ടുകിട്ടണമെന്ന് സർക്കാർ ഉത്തരവ് ഉണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഉത്തരവ് ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) Easement by necessity ആയി വഴി ലഭ്യമാക്കുന്നത് Easement Act-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്മേൽ സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല.

## റാന്നി താലൂക്കിൽ റീ-സർവ്വെ നടപടികൾ

257(6134) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിൽ എത്ര വില്ലേജുകളിലാണ് ഭൂമിയുടെ റീ-സർവ്വെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി എത്ര വില്ലേജുകളിൽ പൂർത്തീകരിക്കാനുണ്ട്; ഏതെങ്കിലും വില്ലേജിൽ ഇനി റീ-സർവ്വെ നടപടികൾ ആരംഭിക്കാനുണ്ടോ എന്നറിയിക്കാമോ;

(ബി) റാന്നി വില്ലേജിൽ നേരത്തെ നടത്തിയ റീ-സർവ്വേയിൽ നിരവധി തെറ്റുകൾ കടന്നുകയറിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; വ്യാപകമായ രീതിയിൽ റീ-സർവ്വെയിൽ തെറ്റ് സംഭവിച്ചതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) തെറ്റായ റീ-സർവ്വെ നടപടികൾക്കെതിരെ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്ര പരാതികൾ ഇതിനോടകം പരിഹരിച്ചിട്ടുണ്ട്; ബാക്കിയുള്ളവ എന്നത്തേക്ക് പരിഹരിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി താലൂക്കിലെ ആകെ 10 വില്ലേജുകളിൽ 6 വില്ലേജുകളുടെ റീസർവ്വെ പൂർത്തീകരിച്ച് റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. പൂർത്തീകരിക്കാൻ ശേഷിക്കുന്ന അത്തിക്കയം, ചേത്തക്കൽ, പെരിനാട്, കൊല്ലമുള എന്നീ വില്ലേജുകളിൽ കൊല്ലമുള വില്ലേജിന്റെ റീസർവ്വെ നടപടി ആരംഭിച്ചിട്ടില്ലാത്തതാണ്.

(ബി) ഉണ്ട്. റാന്നി വില്ലേജിന്റെ റീസർവ്വെ ജോലികൾ 1993-2000 കാലഘട്ടത്തിൽ നടന്നിട്ടുള്ളതും, 10-8-2015-ൽ കേരള സർവ്വെ അതിരടയാള നിയമപ്രകാരം സെക്ഷൻ 9 (2) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ലഭ്യമായ 3297 എ.എൽ.സി. അപേക്ഷകൾ പരിഹരിച്ച് 31-7-2017-ൽ സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും 3-10-2014-ന് ടി വില്ലേജിന്റെ റിസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. റിസർവ്വെ നടപടി പുരോഗതിയിലിരുന്ന കാലയളവിൽ നടന്ന ഭൂക്രയവിക്രയങ്ങൾ സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിനുശേഷം റീസർവ്വെ പരാതികളായി ലഭ്യമായിട്ടുള്ളതിനാൽ ആയത് റിക്കാർഡുകളിൽ ഉൾപ്പെടുത്താൻ കഴിയാതിരുന്നതാണ് പ്രധാന പരാതിയായി ശ്രദ്ധയിൽപ്പെട്ടിരുന്നത്. ഇത്തരത്തിലുള്ള അപേക്ഷകൾ പൂർണ്ണമായും റിസർവ്വെയിലെ തെറ്റുമൂലം ലഭിച്ചവയല്ല.

(സി) റാന്നി വില്ലേജിന്റെ റിസർവ്വെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയതിനുശേഷം ലഭ്യമായ 3253 പരാതികളിൽ 2113 പരാതികൾ പരിഹരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ആറന്മുള മണ്ഡലത്തിൽ റീ-സർവ്വേയിലെ കാലതാമസം**

258(6135) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ റീ-സർവ്വേ നടത്താനുള്ള വില്ലേജുകൾ ഏതെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റീസർവ്വേ നടപടികൾ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴഞ്ചേരി താലൂക്കിലെ 10 വില്ലേജുകളിലും തിരുവല്ല താലൂക്കിലെ 3 വില്ലേജുകളും ഉൾപ്പെട്ടുവരുന്നതാണ് ആറന്മുള നിയോജകമണ്ഡലം. ഇതിൽ തിരുവല്ല താലൂക്കിലെ എല്ലാ വില്ലേജുകളും കോഴഞ്ചേരി താലൂക്കിലെ 8 വില്ലേജുകളും റീസർവ്വെ നടപടികൾ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള പത്തനംതിട്ട, കോഴഞ്ചേരി എന്നീ വില്ലേജുകളാണ് റീസർവ്വെ നടപടി പൂർത്തീകരിക്കുവാനുള്ളത്. പത്തനംതിട്ട വില്ലേജ് ബ്ലോക്ക് നമ്പർ 24,44 എന്നിവയുടെ ഫീൽഡ് ജോലികൾ പുരോഗതിയിലാണ്. കോഴഞ്ചേരി വില്ലേജ് ബ്ലോക്ക് നമ്പർ 13-ന്റെ 9(2) നോട്ടിഫിക്കേഷൻ 6-2-2016-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(ബി) സർവ്വേ വകുപ്പിൽനിന്നും റീസർവ്വെ ജോലികൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള നല്ലൊരു ശതമാനം ജിവനക്കാരെ റവന്യൂ വകുപ്പ് ആവശ്യപ്പെടുന്നതിനനുസരിച്ച് താലൂക്കിലെ എൽ.ആർ.എം. ജോലികൾക്കും സർക്കാരിന്റെ വികസന പ്രവർത്തനം മുൻനിർത്തിയുള്ള അടിയന്തര സർവ്വെ ജോലികൾക്കും മറ്റ് സ്പെഷ്യൽ സർവ്വെ ജോലികൾക്കും നിയോഗിക്കുന്നതിനാൽ റീസർവ്വെ നടപടികളിൽ കാലതാമസം ഉണ്ടാകാറുണ്ട്.

**പത്തനംതിട്ട വില്ലേജിലെ റീസർവ്വെ**

259(6136) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട വില്ലേജിലെ റീസർവ്വേ എന്തു കൊണ്ടാണ് വൈകുന്നതെന്ന് വിശദമാക്കാമോ;

(ബി) റീസർവെയ്ക്കുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) റീസർവ്വേ എന്ന് ആരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പത്തനംതിട്ട ജില്ലയിൽ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ ജോലി ചെയ്യുന്ന 77 സർവ്വെയർമാരിൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ നിർവ്വഹിക്കുന്നത് 22 സർവ്വെയർമാരാണ്. ബാക്കിയുള്ള ജീവനക്കാരെ താലൂക്കിലെ എൽ.ആർ.എം. ജോലികൾക്കും കൂടാതെ ശബരിമല സ്പെഷ്യൽ സർവ്വെ, പവർഗ്രിഡ്, ആലപ്പുഴ എൽ.എ.എൻ.എച്ച്., വഖഫ് ബോർഡ്, ഇൻഡസ്ട്രിയൽ

വകുപ്പ് എന്നിവിടങ്ങളിലെ സർവ്വെ ജോലികൾക്കുമായി നിയോഗിച്ചിരിക്കുകയാണ്. ഇപ്രകാരം റീസർവ്വെ ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തര പ്രാധാന്യമുള്ള മറ്റ് സർവ്വെ ജോലികൾക്കായി നിയോഗിക്കുന്നത് കാരണമാണ് ടി വില്ലേജിന്റെ റീസർവ്വെ വൈകുന്നത്.

(ബി) പത്തനംതിട്ട വില്ലേജിന്റെ ആകെ വിസ്തൃതി 2271.31 ഹെക്ടറാണ്. റീസർവ്വെ പ്രാരംഭ ജോലിയായ ലൊക്കേഷൻ സർവ്വെ അവസാനഘട്ടത്തിലാണ്.

(സി) പത്തനംതിട്ട വില്ലേജിന്റെ റിസർവ്വെ ജോലികൾ 1-1-2017-ന് ആരംഭിച്ചിട്ടുണ്ട്. റീസർവ്വേയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ അടിയന്തര പ്രാധാന്യമുള്ള മറ്റ് സർവ്വെ ജോലികൾക്കും നിയോഗിക്കുന്നതിനാൽ പത്തനംതിട്ട വില്ലേജിന്റെ റീസർവ്വെ ജോലികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. എന്നിരുന്നാലും നിലവിലുള്ള ജീവനക്കാരെ വിനിയോഗിച്ച് സമയബന്ധിതമായി റീസർവ്വെ പൂർത്തിയാക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

## വില്ലേജുകളിലെ റീസർവ്വെ

260(6137) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു റീസർവ്വേ നടത്തിയിട്ടില്ലാത്ത എത്ര വില്ലേജുകൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റീസർവ്വേ നടപടികൾ ആരംഭിക്കാത്ത വില്ലേജുകളിൽ ആയതു ആരംഭിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീസർവ്വെ പ്രവർത്തനം പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 758 വില്ലേജുകളുടെ റീസർവ്വെ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നുണ്ട്. റീസർവ്വെ ജോലികൾ പൂർത്തിയാക്കാത്ത വില്ലേജുകളുടെയും/ദേശങ്ങളുടെയും വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനത്ത് നിജപ്പെടുത്തിയിരുന്ന റീസർവ്വെ പ്രവർത്തനങ്ങൾ 24-1-2017-ലെ സ.ഉ.(എംഎസ്.)28/2017 റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റരീതിയിലും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടുകൂടി പുനരാരംഭിച്ചിട്ടുള്ളതാണ്. റീസർവ്വെ കൂടാതെ സംസ്ഥാനത്തിന്റെ വികസനം മുൻനിർത്തി നടന്നുവരുന്ന സ്പെഷ്യൽ സർവ്വെ പ്രവർത്തനങ്ങൾക്ക് മുഖ്യപ്രാധാന്യം നൽകിക്കൊണ്ടും പൊതുജനങ്ങളുടെ അടിയന്തരാവശ്യങ്ങളും ബുദ്ധിമുട്ടുകളും പരിഹരിച്ചുകൊണ്ടുമുള്ള എൽ.ആർ.എം. പ്രവർത്തനങ്ങൾക്കും അടിയന്തരഘട്ടങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന മറ്റു സർവ്വെ പ്രവർത്തനങ്ങൾക്കും കോടതി ആവശ്യങ്ങൾക്കുമെല്ലാം റീസർവ്വെയിൽ നിയോഗിച്ചിട്ടുള്ള ജീവനക്കാരെ വിനിയോഗിക്കുന്നതിനാലാണ് സംസ്ഥാനത്തെ റീസർവ്വെ പുരോഗതി കൈവരിക്കുവാൻ സാധിക്കാത്തത്. ഈ സാഹചര്യത്തിൽ 10-5-2018-ലെ സ.ഉ.(എംഎസ്.)181/2018/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ ട്രെയിനിംഗ് സ്കൂളിൽനിന്ന് ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തി വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ ഉദ്യോഗസ്ഥരെ ക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

## കാലഹരണപ്പെട്ട ജന്മി-കുടിയാൻ വ്യവസ്ഥ

261(6138) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഭൂപരിഷ്കരണ നിയമത്തിലെ ജന്മി-കുടിയാൻ വ്യവസ്ഥ അവസാനിപ്പിച്ച് കുടിയാന് ഭൂമിയിൽ ജന്മാവകാശം നൽകുന്നതിന് നിലവിലുള്ള വ്യവസ്ഥയുടെ അപ്രായോഗികത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വ്യവസ്ഥ പ്രകാരം ജന്മിമാരിൽ നിന്നും പട്ടയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) പ്രസ്തുത വ്യവസ്ഥ കാലഹരണപ്പെട്ടതാകയാൽ പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമം പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1964-ലെ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 72 പ്രകാരം, 1-4-1964-ന് മുമ്പ് ജന്മി കുടിയാൻ വ്യവസ്ഥയിൽ പാട്ട ബന്ധത്തോടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് വന്നിരുന്ന നടപ്പ് കുടിയാന്മാർ കൈവശം വച്ചിരുന്ന ഭൂമി പ്രസ്തുത 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. നടപ്പ് കുടിയാന്റെ നിയമാനുസൃത അവകാശവും അർഹതയും പരിശോധിച്ച് അവർക്ക് തന്നെ പതിവ്

നൽകി ക്രയ സർട്ടിഫിക്കറ്റ് നൽകുകയാണ് ചെയ്യുന്നത്. ഈ നടപടി ഇപ്പോഴും 1-1-1970 മുതൽ നടന്നുവരുന്നതും ലക്ഷക്കണക്കിനാളുകൾക്ക് ജന്മാവകാശം നൽകിയതും 1-1-1970-ൽ കുടിയാന്മ സ്ഥിരതയ്ക്കർഹമായ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള 72-ാം വകുപ്പും അനുബന്ധമായി ചേർത്തിട്ടുള്ള എ മുതൽ എസ് വരെയുള്ള വകുപ്പുകളും നടപടികൾ ലളിതമാക്കുവാനും കൃത്യതയോടെ നടത്തുന്നതിനും സഹായകമാണ്. ചട്ടങ്ങളിലും അപ്രയോഗികമായ നടപടി ക്രമങ്ങൾ ഇല്ലാത്തതാണ്.

(ബി) പാട്ടവ്യവസ്ഥയിൽ കുടിയാന്മാർ കൈവശം വച്ച് കൃഷി ചെയ്തിരുന്ന കുടിയാന്മാർക്ക് സ്ഥിരത നൽകി ക്രയസർട്ടിഫിക്കറ്റ് നൽകുന്ന നടപടി 1-4-1964 മുതൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമികളെല്ലാം 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. ടി ഭൂമികൾ നിയമാനുസൃതമായി അർഹതയും അവകാശവും പരിശോധിച്ച് കുടിയാന്മാർക്ക് ലാൻഡ് ട്രൈബ്യൂണലുകൾ വഴി പതിച്ച് നൽകുന്നു. 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലും അതിൻകീഴിലെ ചട്ടങ്ങളിലും പ്രതിപാദിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചാണ് ഈ നടപടികൾ നിർവ്വഹിക്കുന്നത്.

(സി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമവും അതിൻകീഴിലെ ചട്ടങ്ങളും കാലഹരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലോചിതമായ മാറ്റങ്ങൾ സമയോ ചിതമായി ഭേദഗതികൾ പ്രകാരം നടത്തുന്നുണ്ട്. അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിലെ നിയമങ്ങളിലും ചട്ടങ്ങളിലും അവ്യക്തതയും അപ്രായോഗികതയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഭവന നിർമ്മാണ ബോർഡിന്റെ ഗോത്രവർഗ്ഗ ഭവന പദ്ധതികൾ

262(6139) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്തിട്ടുള്ള ഗോത്രവർഗ്ഗ ഭവന പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ്; എത്ര വീടുകൾ ഈ പദ്ധതികൾ പ്രകാരം നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്; ഇനി എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ പ്രാക്തന ഗോത്ര വർഗ്ഗങ്ങൾക്കായുള്ള ഭവന പദ്ധതിയാണ് ബോർഡ് ഏറ്റെടുത്ത ഗോത്ര വർഗ്ഗ ഭവന പദ്ധതി.

(ബി) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെയേൽപ്പിച്ച 270 വീടുകളുടേയും നിർമ്മാണം ബോർഡ് പൂർത്തീകരിച്ചു.

## ഭവന ബോർഡിൽ നിന്നുള്ള വായ്പാകുടിശ്ശിക ഒഴിവാക്കുന്നതിന് അദാലത്ത്

263(6140) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന ബോർഡിൽനിന്നും വായ്പയെടുത്തവരുടെ കുടിശ്ശിക ഒഴിവാക്കുന്നതിന് നടത്തിയ അദാലത്തിൽ കൽപ്പറ്റ മണ്ഡലത്തിൽപ്പെട്ട എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; എത്രകോടി രൂപയുടെ ആശ്വാസം ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഭവന ബോർഡിൽനിന്നും വായ്പയെടുത്തവരുടെ കുടിശ്ശിക തീർപ്പാക്കുന്നതിനായി കൽപ്പറ്റയിൽ വച്ച് 8-2-2019-ന് നടന്ന വയനാട് ജില്ലാ അദാലത്തിൽ കൽപ്പറ്റ മണ്ഡലത്തിൽപ്പെട്ട 39 പേർ തുകയടച്ച് വായ്പ തീർപ്പാക്കാൻ സമ്മതപത്രം നൽകിയിട്ടുള്ളതിൽ 18 പേർ ഇതിനകം അദാലത്ത് ആനുകൂല്യത്തോടെ വായ്പ തീർപ്പാക്കിയിട്ടുണ്ട്. മറ്റുള്ളവർക്ക് തുക അടയ്ക്കാനുള്ള തീയതി 12-7-2019-ൽ അവസാനിക്കുകയാണ്. ടി 18 പേർക്കായി 64,42,983 രൂപയുടെ ആനുകൂല്യം നൽകുകയും ബോർഡിന് 25,87,270 രൂപ ലഭിക്കുകയും ചെയ്തു.

## ഹൗസിംഗ് ബോർഡ് മുഖേനയുള്ള പുതിയ പദ്ധതികൾ

264(6141) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹൗസിംഗ് ബോർഡ് മുഖേന ഏതെല്ലാം പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് അറിയിക്കുമോ;

(ബി) ഹൗസിംഗ് ബോർഡ് മുഖേന പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ചികിത്സയ്ക്കായെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുറഞ്ഞ വാടക നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള

നടപടികൾ അടിയന്തരമായി സ്വീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി വയനാട് ജില്ലയിലെ മാനന്തവാടിയിലും കാസർഗോഡ് ജില്ലയിലെ മധൂരിലും നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അംഗീകാരം ലഭ്യമായിട്ടുണ്ട്. മാനന്തവാടിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കാസർഗോഡ് ജില്ലയിൽ സർക്കാർ ജീവനക്കാർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി നടപ്പിലാക്കുന്നതിനായി മഞ്ചേശ്വരം, വെള്ളരിക്കുണ്ട് എന്നിവിടങ്ങളിൽ ജില്ലാകളക്ടർ നിർദ്ദേശിച്ച സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. ഇടുക്കി ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായുള്ള പ്രീ-ഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള വാടകവീട് പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് ഗൃഹശ്രീ ഭവന പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു. എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റവീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർ നിർമ്മിക്കുന്നതിനുമായി Special Bumber Lottery നടത്തി സമാഹരിച്ച 6.16 കോടി രൂപ ഉപയോഗിച്ച് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതി പുരോഗമിക്കുന്നു.

ലൈഫ് മിഷന് കീഴിലുള്ള ഭവന നിർമ്മാണ ബോർഡ് ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പാർപ്പിട സമുച്ചയ പദ്ധതികളായ കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തുമുള്ള രണ്ട് പദ്ധതികൾക്കുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

## കോട്ടയം ജില്ലയിലെ ഉഴവൂർ കോളനിയിലെ ശോചനീയാവസ്ഥ

265(6142) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് കോട്ടയം ജില്ലയിലെ ഉഴവൂർ വില്ലേജിൽ 1994-ൽ നിർമ്മിച്ച കോളനിയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ 25 വർഷത്തിനിടയ്ക്ക് ഇവിടെ ഏതെങ്കിലും അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടോ;

(സി) ഈ ഭൂമിയും വീടുകളും ഗുണഭോക്താക്കൾക്ക് പതിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള തുകയും പട്ടയത്തിനുള്ള രജിസ്ട്രേഷൻ ഫീസും കോളനി നിവാസികൾ വഹിക്കണമെന്ന വ്യവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ഭവന നിർമ്മാണ ബോർഡ് കോട്ടയം ജില്ലയിലെ ഉഴവൂർ വില്ലേജിൽ രാജീവ് ദശലക്ഷ പാർപ്പിട പദ്ധതിയിൽ (ROMHS) 50 വീടുകൾ നിർമ്മിച്ച് 1996-ൽ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ തന്നെ വീടിന്റെ അറ്റകുറ്റപ്പണികൾ നടത്തണമെന്നുള്ള വ്യവസ്ഥയിലാണ് നൽകിയത്.

(സി) 14 വർഷം കൊണ്ട് 28,346 രൂപയും ഇതിന്റെ 12 ശതമാനം പലിശയും തവണകളായി തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലാണ് വീടുകൾ ഗുണഭോക്താക്കൾക്ക് നൽകിയതെങ്കിലും ആരും തുകയൊന്നും അടച്ചിട്ടില്ല. ടി പ്ലോട്ടുകൾ ഗുണഭോക്താക്കളുടെ പേരിൽ ദാനാധാരം സ്വന്തം ചെലവിൽ രജിസ്റ്റർ ചെയ്ത് വാങ്ങണമെന്ന് ആവശ്യപ്പെട്ട് 2010 മുതൽ കത്തുകൾ അയച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ മാത്രമാണ് സ്വന്തം പേരിൽ ആധാരം രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ളത്. 4 പേർ രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ പരിഗണനയിലില്ല.

## ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലെ സ്ഥലം ഉടമകൾക്ക് തീറാധാരം

266(6143) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 30 വർഷങ്ങൾക്ക് മുൻപ് ഭൂമി ലഭിച്ച ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലെ അക്കോമഡേഷൻ സ്കീമിൽ ഉൾപ്പെട്ട സ്ഥലം ഉടമകൾക്ക് തീറാധാരം നൽകുന്നതിന് ഇനിയും നടപടി സ്വീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിലുണ്ടായ കാലതാമസത്തിന് അറുതി വരുത്തി പ്രസ്തുത സ്കീമിലെ അലോട്ടികൾക്ക് തീറാധാരം നൽകുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ ഉൾപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി ബോർഡിന് പതിച്ച് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത 18 സെന്റിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ ചാലക്കുടി നഗരസഭയുടേതായതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഭൂമി ഭവന നിർമ്മാണ ബോർഡിന് പതിച്ച് ലഭ്യമാക്കുന്നതിന്

ദ്രുതഗതിയിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഭൂമി കൂടി ബോർഡിന്റെ ചാലക്കുടി ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയശേഷം പദ്ധതിക്ക് ചെലവായ മുഴുവൻ തുകയും അലോട്ടികളിൽ നിന്ന് ഈടാക്കിക്കൊണ്ട് സമ്പൂർണ്ണ വിലയാധാരം നൽകുന്നതാണ്. എന്നാൽ ബോർഡിന് ടി പദ്ധതിയിലേയ്ക്കായി നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30 ശതമാനം അധിക തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20-10-1998 (ഇനം-2) ബോർഡ് തീരുമാനം എടുത്തതിൻപ്രകാരം അലോട്ടികൾക്ക് വിലയാധാരം നൽകിവരുന്നു. ടി പദ്ധതിയിലെ മൊത്തം 124 അലോട്ടികളിൽ 103 പേർക്ക് നാളിതുവരെയായി വിലയാധാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 21 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം ലഭ്യമാക്കുന്നതിന് തടസ്സമില്ലാത്തതുമാണ്.

## വിദേശ കപ്പലുകളുടെ നിരോധിത മത്സ്യബന്ധനം

267(6144) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനം നിലവിൽ വന്നതോടെ കടലിൽ വിദേശ മത്സ്യബന്ധനക്കപ്പലുകൾ മത്സ്യക്കൊയ്ത്ത് ആരംഭിച്ചതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) നിരവധി വിദേശക്കപ്പലുകൾ 12 നോട്ടിക്കൽ മൈലിനപ്പുറത്തുള്ള ഭാഗങ്ങളിൽ മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യങ്ങളുടെ പ്രജനനകാലത്തുള്ള പ്രസ്തുത നിരോധിതമത്സ്യബന്ധനം സാമ്പത്തിക നഷ്ടത്തിനു പുറമേ വിലപ്പെട്ട മത്സ്യസമ്പത്ത് നശിക്കുവാനും ഇടവരുത്തുമോ;

(ഡി) കേന്ദ്രസർക്കാർ ഉത്തരവ് പ്രകാരം വിദേശ കപ്പലുകൾക്ക് മത്സ്യബന്ധനം നടത്തുവാനുള്ള ലെറ്റർ ഓഫ് പെർമിറ്റ് റദ്ദാക്കിയിട്ടും പഴയ പെർമിറ്റിന്റെ മറവിൽ അനധികൃത മത്സ്യബന്ധനം നടത്തുന്ന സാഹചര്യം പരിശോധിക്കുമോ;

(ഇ) എങ്കിൽ അത് തടയുന്നതിനും വിദേശ കപ്പലുകളെ നിയന്ത്രിക്കുകവഴി മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാർ വിജ്ഞാപനം അനുസരിച്ച് ജൂൺ 1 മുതൽ ജൂലൈ 31 വരെ ഇന്ത്യയുടെ EEZ (Exclusive Economic Zone) 200 NM പ്രദേശത്ത് നോൺ മോട്ടോറൈസ്ഡ് യാനമൊഴികെ മത്സ്യബന്ധന നിരോധനം പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി&ഇ) അനധികൃത മത്സ്യബന്ധനം നടത്തുന്നത് തടയുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**ട്രോളിംഗ് നിരോധനം**

268 (6145) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ട്രോളിങ് നിരോധനകാലത്ത് സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് എന്തൊക്കെ അധികസഹായങ്ങളാണ് നടപ്പാക്കിവരുന്നത്; ഇതിന്റെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിക്കുന്നു; വ്യക്തമാക്കുമോ;

(ബി) ട്രോളിങ് നിരോധനകാലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസകരമാകുംവിധം അടിയന്തര മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഇപ്രാവശ്യം നാളിതുവരെ ട്രോളിങ് നിരോധനം ലംഘിച്ച എത്ര ബോട്ടുകൾ പിടികൂടി; എവിടെ നിന്നുള്ള ബോട്ടുകളെയാണ് പിടികൂടിയത്; പിഴയിനത്തിൽ എത്ര തുക ഈടാക്കി ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700 രൂപയിൽനിന്ന് 4,500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഈ വർഷം മെയ് മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു. ജൂൺ മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നുണ്ട്. ട്രോൾബാൻ

കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം (2019-2020) 1,95,817 മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നുണ്ട്.

(ബി) ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യബന്ധനത്തിന് തടസ്സങ്ങളൊന്നുമില്ല. മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണ നയിലില്ല.

(സി) 2019 ട്രോൾബാൻ ആരംഭിച്ച് നാളിതുവരെ 6 ബോട്ടുകൾ ട്രോളിംഗ് നിരോധനം ലംഘിച്ചതിന് പിടികൂടിയിട്ടുണ്ട്. എറണാകുളത്ത് 5 ബോട്ടുകൾ തോപ്പുംപടി ഹാർബർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതുമായ തമിഴ്നാട് രജിസ്ട്രേഷനുള്ള ബോട്ടുകളാണ് പിടികൂടിയത്. ഇതിൽ 3 ബോട്ടുകൾക്ക് 2.5 ലക്ഷം രൂപ വീതം ആകെ 7.5 ലക്ഷം രൂപ പിഴ ഈടാക്കി. മറ്റ് രണ്ട് ബോട്ടുകൾ പിഴ ഒടുക്കാത്തതിനാൽ എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (Adjudication Officer) കസ്റ്റഡിയിലാണ്. കാസർഗോഡ് ട്രോളിംഗ് നിരോധനം ലംഘിച്ച തമിഴ്നാട് രജിസ്ട്രേഷനുള്ള ബോട്ട് ഇംപൗണ്ട് ചെയ്ത് 2.5 ലക്ഷം രൂപ പിഴ വിധിച്ചിട്ടുണ്ട്. പിഴ അടയ്ക്കാത്തതിനാൽ ടി ബോട്ട് കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കസ്റ്റടിയിൽ സൂക്ഷിച്ചി രിക്കുകയാണ്.

## ട്രോളിംഗ് നിരോധന മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ

269(6146) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ട്രോളിംഗ് നിരോധനം നിലവിൽ വരുന്ന മാസങ്ങളിൽ ഉപജീവനമാർഗം നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ നൽകുന്നതിനായി ഫിഷറീസ് വകുപ്പ് നടത്തിയ മുന്നൊരുക്കങ്ങളെന്തെല്ലാം പൂർത്തിയായെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യ സമാശ്വാസ പദ്ധതി 2700 രൂപയിൽനിന്ന് 4500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഈ വർഷം മെയ് മാസത്തിലെ ആനുകൂല്യം വിതരണം ചെയ്തു. ജൂൺ മാസത്തിലെ ആനുകൂല്യം വിതരണം

ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും സൗജന്യറേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മത്തിയുടെ ലഭ്യതയിൽ കുറവ്**

270(6147) ശ്രീ. പി. കെ.അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർ കൂടുതലായി ഉപയോഗിക്കുന്ന മത്സ്യമായ മത്തിയുടെ ലഭ്യതയിൽ കുറവ് സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വരുംവർഷങ്ങളിൽ കേരള സമുദ്രതീരത്ത് മത്തിയുടെ ലഭ്യത കുറയുമെന്ന കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിന്റെ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മത്തിയുടെ ലഭ്യതയിൽ കുറവുവന്നിട്ടുണ്ട്. 2017-ൽ മത്തിയുടെ ഉൽപ്പാദനം 1,26,988 ടണ്ണായിരുന്നത് 2018-ൽ 77,000 ടണ്ണായി കുറഞ്ഞിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷങ്ങളിൽ പിടിച്ചെടുക്കാവുന്ന പരിധിയിൽനിന്നും അധികമായി പിടിച്ചെടുത്തതും കാലാവസ്ഥാ വ്യതിയാനങ്ങൾ, ആഹാരത്തിന്റെ ലഭ്യതക്കുറവ്, വളർച്ച എത്തുംമുന്നേ പിടിച്ചെടുക്കൽ എന്നിവയും ഓരോ 10 വർഷം കൂടുമ്പോൾ ഈ ഉപരിതല മത്സ്യത്തിനുണ്ടാകുന്ന സ്വാഭാവിക പരിണാമങ്ങളുമൊക്കെയാണ് മത്തിയുടെ ലഭ്യതയിൽ കുറവ് വരാനുള്ള പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത്.

(സി) സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ 58 മത്സ്യ ഇനങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം

ഇറക്കിയിട്ടുണ്ട്. ആയതിനാൽ മത്തിയുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം 10 സെന്റീമീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരം മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കെ.എം.എഫ്.ആർ. ആക്ടിൽ വരുത്തിയ ഭേദഗതിക്കുശേഷം പട്രോളിംഗ് ശക്തമാക്കുകയും നിയമലംഘനം നടത്തുന്ന യാനങ്ങൾ കണ്ടെത്തി പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്കുള്ള പിഴ തുക വർദ്ധിപ്പിച്ചിട്ടുണ്ട്. 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ.-യിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ എം.എൽ.എസ്. നടപ്പിലാക്കുന്ന വിഷയം ചർച്ച ചെയ്യുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെല്ലാംതന്നെ സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കർശന നടപടികൾ സ്വീകരിക്കാമെന്നും എം.എൽ.എസ്. നടപ്പിലാക്കാമെന്നും ധാരണയാകുകയും ചെയ്തിട്ടുണ്ട്. എല്ലാ പ്രധാന വലകളുടെയും ആകെ വലിപ്പവും ഏറ്റവും കുറഞ്ഞ കണ്ണിവലിപ്പവും നിശ്ചയിച്ചിട്ടുണ്ട്.

**പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ**

271(6148) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ ഉപയോഗിച്ചുവരുന്ന ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാത്ത പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) പരമ്പരാഗത വള്ളങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് വള്ളങ്ങളുടെ നീളം അളന്ന് തിട്ടപ്പെടുത്തുമ്പോൾ മുൻഭാഗത്തെ കൊമ്പും പിൻ ഭാഗത്തെ കൂടും ഒഴിവാക്കി നീളം കണക്കാക്കാൻ നിർദ്ദേശിക്കുമോ; നീളം അളന്ന് തിട്ടപ്പെടുത്തുമ്പോഴുള്ള ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് മത്സ്യത്തൊഴിലാളികളുടെ പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ആയതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വള്ളങ്ങൾക്ക് രജിസ്ട്രേഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. രേഖകളോടൊപ്പം നിശ്ചിത മാതൃകയിൽ സമർപ്പിക്കുന്ന അപേക്ഷകൾ പ്രകാരമുള്ള യാനവും എഞ്ചിനും ഭൗതിക പരിശോധനയ്ക്ക്

വിധേയമാക്കിയശേഷം രജിസ്ട്രേഷനും ലൈസൻസും അനുവദിക്കുന്നുണ്ട്. രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം യാനം, എഞ്ചിൻ എന്നിവ വാങ്ങിയ ടാക്സ് ബില്ലുകൾ, ആധാർ/തിരിച്ചറിയൽ കാർഡ്, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കേണ്ടതാണ്. യാനങ്ങൾ കടൽ സഞ്ചാരയോഗ്യമായിരിക്കേണ്ടതും യാനത്തിൽ മതിയായ ജീവൻ രക്ഷാ വാർത്താവിനിമയ ഉപകരണങ്ങളുണ്ടായിരിക്കേണ്ടതുമാണ്. യാനവും എഞ്ചിനും ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നത് തന്നെയായിരിക്കണം. നോൺ മോട്ടോറൈസ്ഡ് പരമ്പരാഗത യാനങ്ങൾക്ക് ലൈസൻസ് ആവശ്യമില്ല.

(ബി) വള്ളങ്ങൾ അളക്കുമ്പോൾ (OAL) ഓവറോൾ ലെങ്ത് (മൊത്തം നീളം) ആണ് എടുക്കുന്നത്. ഇതിൽ വള്ളത്തിന്റെ മുൻഭാഗത്തെ കൊമ്പും പിൻഭാഗത്തെ കൂടും ഉൾപ്പെടും. ഭാരത സർക്കാരിന്റെ മെർച്ചന്റ് ഷിപ്പിംഗ് ആക്ട് 1956-ൽ മത്സ്യബന്ധനയാനങ്ങൾക്ക് നിഷ്കർഷിച്ചിരിക്കുന്ന രജിസ്ട്രേഷൻ മാനദണ്ഡമനുസരിച്ചാണ് OAL എടുക്കുന്നത്. മേൽപ്പറഞ്ഞ നിയമമനുസരിച്ചുള്ള രജിസ്ട്രേഷനാണ് ഫിഷറീസ് വകുപ്പ് നടത്തുന്നത്.

(സി) രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് യാന ഉടമയുടെ ഭാഗത്തുനിന്നുണ്ടാകുന്ന സംശയങ്ങൾക്ക് മറുപടി നൽകുകയും വ്യക്തമായി മനസ്സിലാക്കിക്കൊടുക്കുകയും ആവശ്യമെങ്കിൽ യാനം വീണ്ടും അളക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. മത്സ്യബന്ധന യാനങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പരാതികൾ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ എന്നിവർക്ക് സമർപ്പിക്കാവുന്നതാണ്.

## കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

272(6149) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ പ്രവൃത്തികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ഡി) ഈ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ കിഫ്ബി ധനസഹായത്തോടെ ജൂനിയർ ബോയ്സ് സ്കൂൾ, കുണ്ടന്നൂർ, എറണാകുളം പുനരുദ്ധരിക്കുന്നതിനായി 398.00 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. കൂടാതെ ഇടക്കൊച്ചി മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിന് 111.75 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു.

(സി&ഡി) തൃപ്പൂണിത്തുറ മണ്ഡലത്തിൽ കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ഭരണാനുമതി ലഭിച്ചതും പ്രവൃത്തി ആരംഭിക്കാത്തതുമായ പ്രവൃത്തികൾ നിലവിലില്ല.

**മഹാപ്രളയത്തിലുണ്ടായ നഷ്ടം**

273(6150) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2018-ലെ മഹാപ്രളയത്തിൽ പന്നിവേലിച്ചിറയിൽ ഉൾപ്പെടെ പത്തനംതിട്ടയിൽ വകുപ്പിന് എത്രത്തോളം നഷ്ടം ഉണ്ടായിട്ടുണ്ട്; ഏതൊക്കെ രീതിയിലാണ് നഷ്ടമുണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

2018-ലെ മഹാപ്രളയത്തിൽ പന്നിവേലിച്ചിറ ഉൾപ്പെടെ പത്തനംതിട്ട ജില്ലയിൽ ഫിഷറീസ് മേഖലയിൽ 10.6603 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 111 വീടുകൾ നഷ്ടം | 1.34 കോടി രൂപ |
| 90 ജീവനോപാധികൾ നഷ്ടപ്പെട്ട ഇനത്തിൽ | 0.2881 കോടി രൂപ |
| മത്സ്യകൃഷിക്കുണ്ടായ നാശനഷ്ടം (57.09 ഹെക്ടർ) | 4.89 കോടി രൂപ |

| | |
|---|---|
| 4 അക്വാകൾച്ചർ യൂണിറ്റിന് | 1.9 കോടി രൂപ |
| പന്നിവേലിച്ചിറ എഫ്.സി.പി. | 0.4722 കോടി രൂപ |
| നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ | 1.77 കോടി രൂപ |
| ആകെ | 10.6603 കോടി രൂപ |

**മത്സ്യമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ**

274(6151) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യമേഖലയിലെ വിവിധങ്ങളായ വികസനപ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനായി വിവിധ വകുപ്പുകളെയും പദ്ധതികളെയും സംയോജിപ്പിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതഭവനം ഒരുക്കിയതിനും ഭവനനവീകരണത്തിനും സാനിറ്ററി സംവിധാനം ഏർപ്പെടുത്തുന്നതിനും ഭവനങ്ങളുടെ പുനർവൈദ്യുതീകരണത്തിനുമായി നടത്തിയ പ്രവർത്തനം വിശദമാക്കാമോ;

(സി) തിരുവനന്തപുരത്ത് മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചു നൽകിയ മാതൃകയിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത നിർമ്മാണപ്രവൃത്തികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

ഉത്തരം

(എ) മത്സ്യമേഖലയിൽ വിവിധ വികസന പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 1. വിവിധ ഭവന പദ്ധതികളിലായി 3549 മത്സ്യത്തൊഴിലാളി കൾക്ക് ഭവന നിർമ്മാണ ധനസഹായം-എഗ്രിമെന്റിലേർപ്പെട്ട 3407 പേരിൽ 3032 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

2. വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമേഖലയിലേയ്ക്ക് പുനരധി വസിപ്പിക്കുന്നതിന് 2016-2017-ൽ നടപ്പാക്കിയ പദ്ധതികളിൽ ആകെ 1798 പേർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിടുകയും ഇതിൽ 1193 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവന നിർമ്മാണം ആരംഭിച്ചിട്ടുമുണ്ട്.

3. 4500 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നവീകരണത്തിന് 50,000 രൂപ വീതം ധനസഹായം-വകുപ്പുമായി എഗ്രിമെന്റി ലേർപ്പെട്ട 4381 പേരിൽ 4231 പേർ നിർമ്മാണം പൂർത്തീകരിച്ചു.

4. 1700 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വ്യക്തിഗത ടോയ്‌ലറ്റ് നിർമ്മാണത്തിന് 17,500 രൂപ വീതം ധനസഹായം-വകുപ്പുമായി എഗ്രിമെന്റിലേർപ്പെട്ട 1637 പേരിൽ 1413 പേർ നിർമ്മാണം പൂർത്തീകരിച്ചു.

5. 4000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പുനർവൈദ്യുതീ കരണത്തിന് 20,000 രൂപ വീതം ധനസഹായം-എഗ്രിമെന്റി ലേർപ്പെട്ട 3907 പേരിൽ 3590 പേർ പദ്ധതി പൂർത്തീകരി ച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിലെ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ജില്ലയിലെ ക്യൂ.എസ്.എസ്. കോളനി, ആലപ്പുഴ ജില്ലയിലെ മണ്ണുപുറം, മലപ്പുറം ജില്ലയിലെ പൊന്നാനി, കണ്ണൂർ ജില്ലയിലെ ആയിരക്കര ഉപ്പാലവളപ്പിൽ എന്നിവിടങ്ങളിലാണ് ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നത്. മേൽ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

275(6152) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്തു മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് വേണ്ടി കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ; എത്ര മത്സ്യമാർക്കറ്റുകൾക്ക്, എത്ര തുകയെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം മൽസ്യമാർക്കറ്റുകളാണ് ഉൾപ്പെട്ടിട്ടുള്ളത്; ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക, അനുവദിച്ച തുക എന്നിവ അറിയിക്കാമോ;

(സി) ഈ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ വന്നതിനുശേഷം സംസ്ഥാനത്ത് മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനുവേണ്ടി കിഫ്ബിയിൽ പദ്ധതി സമർപ്പിച്ചിരുന്നു. ആയതനുസരിച്ച് 65 മാർക്കറ്റുകളുടെ നിർമ്മാണത്തിനായി 193.47 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകളുടെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു. തെരഞ്ഞെടുത്ത മാർക്കറ്റുകളുടെ ലിസ്റ്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) മലപ്പുറം ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുത്ത മാർക്കറ്റുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | മത്സ്യമാർക്കറ്റ് | തത്വത്തിൽ അംഗീകാരം ലഭ്യമായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | പരപ്പനങ്ങാടി | 83.89 |
| 2. | പൊന്നാനി | 246.96 |
| 3. | കൊണ്ടോട്ടി | 323.86 |
| 4. | തിരൂർ | 232.25 |

(സി) കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുത്ത മാർക്കറ്റുകൾ സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. പദ്ധതി പരിശോധിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ

276(6153) ശ്രീ. കെ. ദാസൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) മത്സ്യബന്ധനത്തിനിടയിൽ ഉണ്ടാകുന്ന അപകടമരണം, കാണാതാകൽ, സ്ഥിരമായ വൈകല്യം എന്നിവയ്ക്കായി നിലവിൽ നൽകിവരുന്ന സാമ്പത്തിക സഹായം എത്ര വീതമാണ്; ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതിനായി മൊത്തം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ സമ്പൂർണമായി മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുന്നതിനും തൊഴിലാളികളുടെ ക്ഷേമവും പരിരക്ഷയും ഉറപ്പാക്കുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി, തണൽ പദ്ധതി, മത്സ്യത്തൊഴിലാളി ക്ഷേമപെൻഷനുകൾ, ആംആദ്മി ബീമ യോജന, PMJJBY/ PMSBY എന്നീ പദ്ധതികൾ ക്ഷേമനിധി ബോർഡ് മുഖേന നടത്തിവരുന്നു. കൂടാതെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം തുകയും സർക്കാരിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പരിഷ്കരിക്കുന്നതിനും നിലവിലുണ്ടായിരുന്ന ആംആദ്മി ബീമയോജന പദ്ധതി 1-3-2018-ൽ PMJJBY/PMSBY പദ്ധതികളുമായി സംയോജിപ്പിച്ച് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി വഴി 2019 ജൂൺ 1 മുതൽ അനുബന്ധ ത്തൊഴിലാളികൾക്കുകൂടി ആനുകൂല്യം ലഭ്യമാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

(ബി) മത്സ്യബന്ധനത്തിനിടയിലുണ്ടാകുന്ന അപകടമരണം, കാണാതാകൽ, സ്ഥിരവും പൂർണ്ണവുമായ അവശത എന്നിവയ്ക്ക് വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം നിലവിൽ 10 ലക്ഷം രൂപയും സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് 5 ലക്ഷം രൂപയും നൽകിവരുന്നു. ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ പ്രീമിയം ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| പദ്ധതി കാലയളവ് | സർക്കാർ ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| 17-12-2016 മുതൽ 16-12-2017 വരെ | 5,68,15,900 |
| 17-12-2017 മുതൽ 16-12-2018 വരെ | 8,41,04,825 |
| 17-12-2018 മുതൽ 16-12-2019 വരെ | 14,50,55,637 |

(സി) 1985-ലെ കേരള ക്ഷേമനിധി ആക്ട് പ്രകാരം ഉപജീവനത്തിനുള്ള മുഖ്യതൊഴിലായി മത്സ്യബന്ധന പ്രവർത്തനങ്ങളിലേർപ്പെടുന്നവരെയാണ് മത്സ്യ ത്തൊഴിലാളികളായി കണക്കാക്കുന്നത്. ആയത് പ്രകാരം 18 വയസ്സിനുമുകളിൽ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബോർഡിലെ ഫിഷറീസ് ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും പരിരക്ഷയും ഉറപ്പാക്കുന്നതിന് നടത്തിവരുന്ന പദ്ധതികൾ അനുബന്ധമായി *ചേർക്കുന്നു :

## മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ നടപടി

277(6154) ശ്രീമതി യു. പ്രതിഭ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പഠിക്കുന്ന മത്സ്യ ത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ പഠനച്ചെലവ് സർക്കാർ വഹിച്ചു തുടങ്ങിയത് എന്നുമുതലാണെന്നും പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തി തീരദേശ സ്കൂളുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി നടത്തിയ പരിശീലനത്തിന്റെ ഫലമായി നടപ്പുവർഷം എത്ര വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-ന് അഡ്മിഷൻ ലഭിക്കുന്നതിനിടയായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പരിശീലനപരിപാടി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 1-8-2009 മുതൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം, ഓൺലൈനായി നൽകുന്ന ഇ-ഗ്രാന്റ്സ് പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ഡിഗ്രിതലം മുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകളുൾപ്പെടെ 4123 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഇതിൽ സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലെ മെറിറ്റ് സീറ്റുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളും ഉൾപ്പെടുന്നു.

(ബി) മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി (2018-2019)-ൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തീരദേശസ്കൂളുകളെ സെന്റർ ഓഫ് എക്സലൻസാക്കുന്നതിനായി 24.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 4 പ്രവൃത്തികൾക്കും സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തിട്ടുണ്ട്. 3 പ്രവൃത്തികൾ ആരംഭിച്ച് പണി പുരോഗമിക്കുന്നു. ഒരു പ്രവൃത്തി നിലവിലുള്ള കെട്ടിടം പൊളിച്ചുമാറ്റുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്. ടി പ്രവൃത്തികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്കൂൾ | ഭരണാനുമതി തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ജി.ആർ.എഫ്.ടി & വി.എച്ച്.എസ്.എസ്., വലിയതുറ | 4.76 | പ്രവൃത്തി പ്രാരംഭഘട്ടത്തിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., താനൂർ | 10.02 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 3 | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., ബേപ്പൂർ | 4.35 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| 4 | ജി.ആർ.എഫ്.ടി. & വി.എച്ച്.എസ്.എസ്., അഴീക്കൽ | 5.58 | പ്രവൃത്തി പുരോഗമിച്ചുവരുന്നു |
| | ആകെ | 24.71 | |

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്നതിനായി നടപ്പാക്കുന്ന വിദ്യാതീരം പദ്ധതി വഴി മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി 2018-2019-ൽ 56 വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയിരുന്നു. ടി വിദ്യാർത്ഥികളുടെ NEET സ്കോർ/റാങ്ക് എന്നിവ ലഭിച്ചിട്ടേയുള്ളൂ. അഡ്മിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. 2017-2018 മെഡിക്കൽ എൻട്രൻസ് പരിശീലനം ലഭിച്ച 50 പേരിൽ 6 പേർക്ക് MBBS-നും 19 പേർക്ക് മെഡിക്കൽ ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 2019-20-ൽ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി 90 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

## കടലാക്രമണ ഭീഷണിയിൽനിന്ന് മത്സ്യത്തൊഴിലാളികളെയും കുടുംബങ്ങളെയും രക്ഷിക്കുന്നതിന് നടപടി

278(6155) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണ ഭീഷണിയിൽനിന്ന് മത്സ്യത്തൊഴിലാളികളെയും കുടുംബങ്ങളെയും രക്ഷിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കടലാക്രമണം തടയുന്നതിനുള്ള ജിയോട്യൂബ് സാങ്കേതിക വിദ്യ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കടലാക്രമണം രൂക്ഷമായ പ്രദേശങ്ങളിൽ അത് തടയുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വേലിയേറ്റരേഖയിൽ നിന്ന് അൻപത് മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(ഇ) കടലാക്രമണഭീഷണി നേരിടുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ അവർക്ക് താല്പര്യമുണ്ടെങ്കിൽ നിലവിലുള്ള ഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടുതന്നെ സുരക്ഷിതമേഖലയിലേക്ക് മാറ്റുന്നതിന് ധനസഹായം നല്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപ വീതമാണ് പദ്ധതി പ്രകാരം ധനസഹായമായി അനുവദിക്കുന്നത്.

(ബി) ജിയോട്യൂബുകൾ കട്ടിയേറിയ പോളിപ്രൊപ്പിലിൻ ഫാബ്രിക്ക് കൊണ്ടാണ് നിർമ്മിക്കുന്നത്. ഇവയ്ക്ക് ഏകദേശം മൂന്ന് മുതൽ ഏഴ് മീറ്റർ വരെ വ്യാസവും 15-20 മീറ്റർ നീളവുമുണ്ടാകും. ഡ്രഡ്ജ് ചെയ്ത മണൽ നിറച്ച് ഇത്തരം ട്യൂബുകളെ തീരത്തോ കടലിലോ അടുക്കാവുന്നതാണ്. ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, തിരമാലയുടെയും കാറ്റിന്റെയും ഗതിവിഗതികൾ, കടലിന്റെ അടിത്തട്ടിലുള്ള മണ്ണിന്റെ ഘടന എന്നിവയെല്ലാം പരിശോധിച്ച് വിശദമായ പഠനത്തിനുശേഷം ജിയോ ട്യൂബുകൾ കരയിലോ കരയിൽ നിന്നും ഒരു നിശ്ചിത ദൂരത്തിലോ ആണ് നിക്ഷേപിക്കുക. ഇവ കടലിൽ നിക്ഷേപിക്കുന്നതുമൂലം ശക്തമായ തിരയിൽനിന്നും തീരത്തെ ഒരു പരിധിവരെ രക്ഷിക്കാനാകും.

(സി) സംസ്ഥാനത്തിന്റെ തീരശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽനിന്നും കരയേയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുമായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന കിഫ്ബി ഫണ്ടുപയോഗിച്ച് 82.02 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) അനുബന്ധമായി * ചേർക്കുന്നു.

(ഇ) കേരളത്തിലെ 590 കിലോമീറ്റർ ദൈർഘ്യമുള്ള തീരപ്രദേശത്ത് ഏകദേശം 350 കിലോമീറ്റർ ദൂരം അതിരൂക്ഷമായ കടലാക്രമണഭീഷണി നേരിടുന്ന മേഖലയാണ്. ഫിഷറീസ് വകുപ്പ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ സഹായത്തോടെ വിശദമായ സർവ്വേ നടത്തി തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ ആകെ 18685 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അധിവസിക്കുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്. കടലാക്രമണഭീഷണിയിൽ കഴിയുന്നതും തീരദേശത്ത് അധിവസിക്കുന്നതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പദ്ധതി നടപ്പിലാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ മാറിതാമസിക്കാൻ സന്നദ്ധരായ 8487 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകാനുദ്ദേശിക്കുന്നു.

### മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

279(6156) ശ്രീ. വി. ജോയി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ആപൽക്കരമായ തൊഴിലായ കടൽ മത്സ്യബന്ധനത്തിൽ കേരളത്തിൽ നൂറ്റിഅൻപതോളം പേർ പ്രതിവർഷം മരിക്കുന്നതായുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിലായി നടത്തിയ രക്ഷാ പ്രവർത്തനങ്ങളുടെ ഫലമായി എത്ര മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) കൂടുതൽ വേഗത്തിലും കാര്യക്ഷമമായും കടൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിന് അത്യാധുനിക സാങ്കേതികസൗകര്യങ്ങളുള്ള യാനങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.-യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കിവരികയുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 50 സാഗര ഫെസിലിറ്റേറ്റർമാരെ നിയമിക്കുകയും അവർ പ്രധാനപ്പെട്ട ഹാർബറുകളും ലാന്റിംഗ് സെന്ററുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഇതിനകം 13,261 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. അടിയന്തരഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാനും സാഗരയിലൂടെ കഴിയും. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 40,000 മത്സ്യത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിനുള്ള പദ്ധതി പ്രകാരം ആദ്യഘട്ടമായി 30,000 എണ്ണം വിതരണം ചെയ്തുവരികയാണ്. 2018-2019 വർഷത്തെ 'കടൽസുരക്ഷ ' പദ്ധതിയിലുൾപ്പെടുത്തി 500 എണ്ണം ജി.പി.എസും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. കൂടാതെ "ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും" പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ 1500 കിലോമീറ്റർ അകലെവരെ കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകാൻ കഴിയുന്ന 'നാവിക് ' ഉപകരണങ്ങൾ 15000 എണ്ണം വിതരണം ചെയ്യുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിടുകയും വിതരണം ചെയ്ത് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന 1000 മത്സ്യബന്ധനയാനങ്ങൾക്ക് ബി.എസ്.എൻ.എൽ.-മായി ചേർന്ന് സാറ്റ്ലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകുകയും അപേക്ഷകൾ ലഭ്യമാകുന്നതിനനുസരിച്ച് ആയത് വിതരണം ചെയ്തുവരുന്നു. കൂടാതെ കേരള തീരത്തെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ ഒരു സ്ഥലത്ത് 15 മത്സ്യത്തൊഴിലാളികളും 5 യാനങ്ങളും പുനക്രമത്തിൽ ആകെ 300 യാനങ്ങളും 900 മത്സ്യത്തൊഴിലാളികളും ഉൾപ്പെടുന്ന കടൽ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിക്കുന്ന നടപടികൾ നടന്നുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം നൽകിവരുന്നു. ഇതിനകം 3178 പേരുടെ പരിശീലനം പൂർത്തിയായിക്കഴിഞ്ഞു. ഓഖി പോലുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ ഇവരുടെ സേവനം രക്ഷാപ്രവർത്തനത്തിന് പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ രക്ഷാപ്രവർത്തനങ്ങളുടെ ഫലമായി 11,617 മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിച്ചിട്ടുണ്ട്.

(സി) കടൽ രക്ഷാപ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഫിഷറീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 3 മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതി നൽകുകയും കൊച്ചിൻ ഷിപ്യാർഡുമായി കരാറിലേർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ മറൈൻ ആംബുലൻസ് നവംബർ 2019-ഓടെ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള നടപടികൾ കൊച്ചിൻ ഷിപ്യാർഡിൽ പുരോഗമിച്ചുവരികയാണ്. നിലവിൽ 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ടുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. ആവശ്യത്തിന് ലൈഫ് ഗാർഡിനെയും നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ രക്ഷാസ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. ഓരോ ഗ്രാമത്തിലും 5 യാനങ്ങളും ഒരു യാനത്തിൽ 3 പേർ എന്ന ക്രമത്തിൽ 15 മത്സ്യത്തൊഴിലാളികളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളെ ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കികഴിഞ്ഞു. ഓഖി, പ്രളയം പോലുള്ള അടിയന്തര സാഹചര്യത്തിൽ രക്ഷാപ്രവർത്തനത്തിന് ഇവരുടെ സേവനം ഉപയോഗപ്പെടുത്തു കയെന്നതാണ് ലക്ഷ്യമിടുന്നത്. കൂടാതെ സ്ക്വാഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന യാനങ്ങളിൽ രക്ഷാ ഉപകരണങ്ങളും കമ്യൂണിക്കേഷൻ ഉപകരണങ്ങളും ലഭ്യമാക്കും.

### ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് പദ്ധതി

280(6157) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം അതിർത്തി നിശ്ചയിച്ച് ഭവനരഹിതരായ മത്സ്യ ത്തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിന് പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ കുലിയൂർ (വെങ്കിടങ്ങ്) വില്ലേജിൽ സർവ്വേ നമ്പർ 148/4 ബി-യിൽപ്പെട്ട 25 സെന്റ് സ്ഥലം വില്ലേജ് ആഫീസിലെ ഭൂനികുതി രജിസ്റ്റർ പ്രകാരം ഗവൺമെന്റ് ഫിഷറീസ് സ്കൂൾ എന്നും എന്നാൽ പുറമ്പോക്ക് നോട്ട് ബുക്കിൽ പുറമ്പോക്ക് ഫിഷറീസ് സ്കൂൾ എന്നും രേഖപ്പെടുത്തിയിരിക്കുന്നതായും കാണുന്നു. ഈ സ്ഥലം ഫിഷറീസ് വകുപ്പിന്റെ കൈവശമാണെന്നുള്ളത് സംബന്ധിച്ച രേഖകളൊന്നുംതന്നെ ബന്ധപ്പെട്ട വില്ലേജ് ആഫീസിലില്ലെന്ന് കാണുന്നു. ഈ സ്ഥലത്ത് മുമ്പ് ഫിഷറീസ് സ്കൂൾ പ്രവർത്തിച്ചിരുന്നുവെന്നും വർഷങ്ങൾക്കുമുമ്പ് സ്കൂൾ പൂട്ടുകയും അതിനുശേഷം നശിച്ചുപോവുകയും ചെയ്തുവെന്നുമാണ് ഫിഷറീസ് വകുപ്പ് നടത്തിയ അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്.

(ബി) നിലവിൽ ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

## മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനുള്ള ആനുകൂല്യങ്ങൾ

281(6158) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആനുകൂല്യം മത്സ്യബന്ധനത്തിനിടയിൽ കടലിൽ വച്ച് ഹൃദയസ്തംഭനം മൂലമോ, മസ്തിഷ്കാഘാതംമൂലമോ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ഇവർക്കും കൂടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് നിലവിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. കൂടാതെ മരണമടഞ്ഞ

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനാവശ്യങ്ങൾക്ക് പരമാവധി 10,000 രൂപ (ഒരാൾക്ക് 5000 രൂപ വീതം) നൽകിവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡ്, എൽ.ഐ.സി. മുഖേന നടപ്പിലാക്കിവരുന്ന ആം ആദ്മി ബീമായോജന, PMJJBY/PMSBY എന്നീ പദ്ധതികൾ പ്രകാരം അപകടംമൂലമുണ്ടാകുന്ന മരണത്തിന് 4,00,000 രൂപ സാമ്പത്തിക സഹായം നൽകുന്നു.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ ഇൻഷ്വറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗതഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടമരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്ക് 2500 രൂപയും മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപ (ഒരാളിന് 5,000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് പദ്ധതി (1) പ്രകാരം നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയ അസുഖങ്ങളാലുണ്ടാകുന്ന സ്വാഭാവിക മരണങ്ങൾ ഉൾപ്പെടുന്നില്ല. അപകട മരണങ്ങൾക്ക് മാത്രമാണ് ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി ക്ലെയിമിന് അർഹതയുള്ളത്.

(സി) ക്ഷേമനിധി ബോർഡ് പദ്ധതി (1) പ്രകാരം നടപ്പിലാക്കുന്ന വ്യക്തിഗത അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഹൃദയാഘാതം, സ്ട്രോക്ക് തുടങ്ങിയ അസുഖങ്ങളാലുണ്ടാകുന്ന സ്വാഭാവിക മരണങ്ങൾ ഉൾപ്പെടുന്നില്ല. അപകട മരണങ്ങൾക്ക് മാത്രമാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ക്ലെയിമിന് അർഹതയുള്ളത്. സ്വാഭാവിക മരണങ്ങൾക്ക് പരിരക്ഷ നൽകുന്നതിനാണ് ക്ഷേമനിധി ബോർഡ് എൽ.ഐ.സി.-യുമായി ചേർന്ന് 1-3-2018 മുതൽ 2 ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്ന പി.എം.ജെ.ജെ.ബി.വൈ. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ സ്വാഭാവിക മരണത്തിന് ക്ഷേമനിധി ബോർഡ് 15,000 രൂപ ധനസഹായം നൽകിവരുന്നു. മത്സ്യഫെഡ് നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം,

ഉയർന്ന രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിലുൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് "മത്സ്യ ത്തൊഴിലാളി ക്ഷേമനിധി" എന്ന ശീർഷകത്തിൽനിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ നൽകിവരുന്നുണ്ട്.

## ഫിഷറീസ് സ്കൂൾ

282(6159) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മേഖലകളിലെ ഫിഷറീസ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ തീരദേശത്തെ ജനങ്ങളുടെ അഭിരുചിക്കിണങ്ങുന്ന സിലബസ്, പാഠ്യപ്രവർത്തന പദ്ധതികൾ എന്നീ പരിഷ്ക്കാരങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ഇതിനായി ഫിഷറീസ് വകുപ്പ് മുൻകൈയെടുക്കുമോ;

(ബി) തീരദേശവാസികളുടെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് തീരദേശ മേഖലകളിലെ വിദ്യാലയങ്ങൾക്കായി ഫിഷറീസ്, മറൈൻ ബയോളജി, സ്കൂബാ ഡൈവിംഗ്, മറൈൻ എൻജിനീയറിങ് മുതലായ മേഖലകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്ന പാഠ്യപദ്ധതികൾ പൊതുവിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി സഹകരിച്ച് തയ്യാറാക്കുന്നതിന് മത്സ്യബന്ധന വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 21-2-2018-ൽ വി.എച്ച്.എസ്.ഇ. ഡയറക്ടറുമായി യോഗം ചേരുകയും അനുകൂല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## ഫിഷർമെൻ സ്കോളർഷിപ്പ്

283(6160) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന ഫിഷർമെൻ സ്കോളർഷിപ്പ് പോലെയുള്ള ആനുകൂല്യങ്ങൾ നടപടിക്രമങ്ങളിലെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാവുന്ന അനാസ്ഥയുംമൂലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലതാമസം ഒഴിവാക്കുന്നതിന് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നടപടി ക്രമങ്ങളിലെ പ്രശ്നങ്ങളും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടാകുന്ന അനാസ്ഥയുംമൂലം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വിദ്യാർത്ഥികൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ ന്യൂനതകൾമൂലവും സ്ഥാപനങ്ങൾ യഥാസമയം ആനുകൂല്യത്തിനായുള്ള ക്ലെയിമുകൾ അയക്കാത്തതുകൊണ്ടും ഏതാനും ചില വിദ്യാർത്ഥികളുടെ ആനുകൂല്യം വൈകിയതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിലേക്കുമായി നിലവിൽ പോസ്റ്റ് മെട്രിക് തലം മുതലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഫിഷറീസ് വകുപ്പിന്റെ ഇ-ഗ്രാന്റ്സ് പദ്ധതി മുഖേന ഓൺലൈൻ ആയാണ് നൽകുന്നത്. ഏതെങ്കിലും തരത്തിലുള്ള കാലതാമസം ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**വാടാനപ്പള്ളി യു.പി.എസ്.-ന്റെ നവീകരണം**

284(6161) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ ഏക ഫിഷറീസ് സ്കൂളായ വാടാനപ്പള്ളി യു.പി.എസ്.-ന്റെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മണലൂർ മണ്ഡലത്തിലെ ഏക ഫിഷറീസ് സ്കൂളായ വാടാനപ്പള്ളി യു.പി.എസ്. കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി 100.00 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

**തീരദേശമേഖലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ പദ്ധതി**

285(6162) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ തീരദേശമേഖലയിലെ സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയിൽ എത്ര സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പ്രവൃത്തി നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേനയാണ്;

(സി) ഈ ഏജൻസി പരിഗണിച്ച സ്കൂളുകളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി വാങ്ങി ടെണ്ടർ നടപടികളുമായി മുന്നോട്ടുപോയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) കാസർഗോഡ് ജില്ലയിൽ ഉദുമ നിയോജകമണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ തീരദേശമേഖലയിലെ 6 സർക്കാർ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനായി വിശദമായ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. അംഗീകാരം ലഭ്യമായാലുടൻ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | സ്കൂൾ | ഭരണാനുമതി നൽകിയ തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഗവ.യു.പി.സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 99.00 |
| 2 | ഗവ.യു.പി.സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 112.00 |
| 3 | ഗവ.യു.പി.എസ്., കല്ലിംഗൽ, ഉദുമ | 326.00 |
| 4 | ഗവ.യു.പി.എസ്., കോട്ടിക്കുളം, ഉദുമ | 109.00 |
| 5 | ഗവ.യു.പി.എസ്., അഗസരഹോള, ഉദുമ | 112.00 |
| 6 | ഗവ.എച്ച്.എസ്.എസ്., പാക്കം, കള്ളിക്കര, ഉദുമ | 269.00 |

## ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപനം

286(6163) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോ പാധികളുടെ നിലവാരം ഉയർത്തുന്നതിനും തൊഴിൽ പുനഃസ്ഥാപനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എഫ്.ആർ.പി. ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ പദ്ധതിയിൻ കീഴിൽ വിഴിഞ്ഞം തുറമുഖത്ത് ആധുനിക സമഗ്ര ഭക്ഷ്യസംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളുടെ നിലവാരം ഉയർത്തുന്നതിനും തൊഴിൽ പുനഃസ്ഥാപനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(a) ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യ ബന്ധനോ പകരണങ്ങൾക്ക് നഷ്ടപരിഹാരം:

ഓഖിദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 367 മത്സ്യത്തൊഴിലാളികൾക്ക് അഞ്ച് ഘട്ടങ്ങളിലായി 6.4797 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ച് നൽകി.

(b) FRP ബോട്ട് :

ഓഖി ദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട യാനത്തിൽ ജോലി ചെയ്തുവന്നിരുന്ന മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി കണ്ടെത്തുന്നതിന് 120 FRP ബോട്ടുകൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയും 9.88 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തു. 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ല്യൂറവല്യൂഷനിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്.

(c) ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും :

ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.

(d) ദുരന്തത്തിൽ മരിച്ചവരുടെ /കാണാതായവരുടെ വിധവകൾക്ക് തൊഴിൽദാന പദ്ധതി :

ഓഖിയിൽ മരണപ്പെടുകയും കാണാതാവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് (പത്താം തരത്തിൽ താഴെ വിദ്യാഭ്യാസമുള്ളവരും 40 വയസ്സിന് താഴെയുള്ളവരുമായ) മത്സ്യഫെഡ്ഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. നിലവിൽ 32 പേർ ജോലി ചെയ്തുവരുന്നു. 10-ാം ക്ലാസ്സും അതിനുമുകളിലും വിദ്യാഭ്യാസ യോഗ്യതയുള്ള 12 വിധവകൾക്ക് ജോലികൾ നൽകുന്നകാര്യം പരിശോധിച്ചുവരുന്നു.

(e) തീരദേശ കോസ്റ്റൽ വാർഡന്മാരുടെ നിയമനം:

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്നും 200 പേരെ കോസ്റ്റൽ വാർഡന്മാരായി നിയമിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ 177 പേരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്.

(f) കടൽ സുരക്ഷാ സ്ക്വാഡ്:

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവയിലെ നാഷണൽ ഇൻസ്റ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ നിന്നും ഇതുവരെ എട്ട് ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു.

(ബി) 120 FRP ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ ബ്ലൂറവല്യൂഷനിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായമായി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണയൂണിറ്റും വിപണന ഔട്ട്ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചു. CIFT-മായി ചർച്ച ചെയ്തു. പദ്ധതി രൂപകല്പന നടത്തി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

## സമഗ്ര തീരവികസന പദ്ധതി

287(6164) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര തീരവികസന പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ട പഠനം പൂർത്തിയാക്കി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) അടിസ്ഥാനസൗകര്യവും പശ്ചാത്തലസൗകര്യവും ഒരുക്കി മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ വികസനത്തിന് കേരളസംസ്ഥാന തീരദേശവികസന കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ;

(സി) മത്സ്യബന്ധനത്തിനുൾപ്പെടെ നവീനസാങ്കേതികവിദ്യകൾ പ്രയോഗിക്കുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ആധുനികരീതിയിലുള്ള മത്സ്യച്ചന്തകൾ സ്ഥാപിക്കുന്നതിനും കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനം അറിയിക്കാമോ;

(ഡി) റോഡുനിർമ്മാണം, സ്കൂളുകൾ സ്ഥാപിക്കൽ, കുടിവെള്ളവിതരണ പദ്ധതികൾ തുടങ്ങിയ മേഖലകളിൽ കോർപ്പറേഷന്റെ പ്രവർത്തനം അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല. പ്രസ്തുത പാക്കേജിനായി ജീവനോപാധി സംബന്ധിച്ചുള്ള പഠനങ്ങൾ IRMA (Institute of Rural Management Anand) മുഖാന്തരവും Basic Human Needs, Coastal Infrastructure, Human Development, Social Security, Quality of Public Services, Self Help Groups and Co-Operatives, Safety, Disaster Management എന്നിവ സംബന്ധിച്ച പഠനങ്ങൾ TISS (Tata Institute of Social Sciences) മുഖാന്തരവുമാണ് നടത്തുന്നത്. പഠനത്തിനും പ്രോജക്റ്റ് തയ്യാറാക്കുന്നതിനുമായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. TISS പഠനം ആരംഭിച്ചിട്ടുണ്ട്. IRMA-യുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. DPR തയ്യാറാക്കി സമർപ്പിക്കുന്നതിന് KPMG-യെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. TISS, IRMA മുഖേനയുള്ള പഠനവും, KPMG മുഖേനയുള്ള DPR തയ്യാറാക്കലും 6 മാസംകൊണ്ട് പൂർത്തീകരിച്ച് പദ്ധതി നിർവ്വഹണ നടപടിയിലേയ്ക്ക് പോകുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ കാര്യക്ഷമത വിലയിരുത്തുന്നതിനായി വ്യത്യസ്ത തലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. ഫിഷറീസ് ഡയറക്ടർ, ഫിഷറീസ് സെക്രട്ടറി, ഫിഷറീസ് വകുപ്പുമന്ത്രി തലത്തിലും നിരന്തരമായി അവലോകനയോഗങ്ങൾ നടത്താറുണ്ട്.

(സി) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനുൾപ്പെടെ നവീന സാങ്കേതിക വിദ്യകൾ പ്രയോഗിക്കുന്നതിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനും ആധുനികരീതിയിലുള്ള മത്സ്യച്ചന്തകൾ സ്ഥാപിക്കുന്നതിനും ദേശീയ മത്സ്യവികസന ബോർഡ്/കേന്ദ്ര സർക്കാർ സഹായത്തോടെ ആധുനിക ശുചിത്വ പൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ നടപ്പാക്കുന്നു. ഇതിൻപ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി നൽകുകയും ഇതിൽ 35 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2 മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്, ഒരെണ്ണം നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ഒരു മത്സ്യമാർക്കറ്റ് നിർമ്മാണത്തിൽ കേസ് നിലനിൽക്കുന്നു. 2 എണ്ണത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതിയും ഫണ്ടും ലഭ്യമാകാത്തതിനാൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല. ഓരോ മത്സ്യമാർക്കറ്റിലും പച്ചമത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം

മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേല ഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ളേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയ്‌ലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

(ഡി) 2007-2008 മുതൽ 2013-2014 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഏകദേശം 24.30 കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതികളും 2007-2008 മുതൽ 2014-2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 99.92 കോടി രൂപയുടെ കുടിവെള്ള പദ്ധതികളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഏറ്റെടുത്ത് നടപ്പിലാക്കിയിരുന്നു. വിവിധ പദ്ധതികളിലുൾപ്പെടുത്തി 2016-2017 സാമ്പത്തികവർഷം മുതൽ തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

## മത്തിയുടെ ലഭ്യതക്കുറവ് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിക്കുന്നത്

288(6165) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യഗവേഷണ സ്ഥാപനങ്ങളെല്ലാം മത്തിയുടെ ഉല്പാദനം തകർച്ചയിലാണെന്ന് പ്രവചിക്കുന്നുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) 2012-ൽ എത്ര ലക്ഷം ടൺ മത്തി സംസ്ഥാനത്ത് നിന്നും ലഭിച്ചു ; ആയത് 2018 ആയപ്പോഴേക്കും എത്രയായി കുറഞ്ഞു ; വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം മത്തിയുടെ ലഭ്യതയിൽ വന്നിട്ടുള്ള കുറവ് സംസ്ഥാനത്തെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ട്രോളിംഗ് നിരോധനകാലത്ത് ബാധിക്കും ; എപ്രകാരമാണ് ബാധിക്കുക; വ്യക്തമാക്കുമോ ;

(ഡി) ജപ്തി ഭീഷണിയും കടക്കെണിയും നേരിടുന്ന ഇത്തരം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അടിയന്തര മത്സ്യവരൾച്ചാ പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) CMFRI നടത്തിയ പഠനത്തിൽ മത്തിയുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. CMFRI-യുടെ കണക്ക് പ്രകാരം കേരളത്തിൽ മത്തി ഏറ്റവും കൂടുതൽ അതായത് 3.99 ലക്ഷം ടൺ ലഭ്യമായ വർഷം 2012 ആണ്. 2010 മുതൽ 2014 വരെ മത്തിയുടെ ലഭ്യത പിടിച്ചെടുക്കാവുന്ന പരമാവധി അളവിന് മുകളിലായിരുന്നു. അതിനുശേഷം 2016 വരെ ഓരോ വർഷം കഴിയുന്തോറും മത്തിയുടെ ലഭ്യത കുറഞ്ഞുവരികയും 2016 ആയപ്പോഴേയ്ക്കും 46,000 ടണ്ണായി കുറയുകയും ചെയ്തു. 2017-ൽ 1.27 ലക്ഷം ടണ്ണായി വർദ്ധിച്ചുവെങ്കിലും 2018-ൽ വീണ്ടും അത് കുറഞ്ഞ് 77,000 ടണ്ണിലെത്തുകയാണുണ്ടായത്. ഇതിന്റെ പ്രധാന കാരണങ്ങളായി കണ്ടെത്തിയിട്ടുള്ളത് കഴിഞ്ഞ വർഷങ്ങളിൽ പിടിച്ചെടുക്കാവുന്ന പരിധിയിൽനിന്നും അധികമായി പിടിച്ചെടുത്തതും കാലാവസ്ഥ വ്യതിയാനങ്ങൾ, ആഹാരത്തിന്റെ ലഭ്യതക്കുറവ്, വളർച്ച എത്തുംമുന്നേ പിടിച്ചെടുക്കൽ എന്നിവയും ഓരോ 10 വർഷം കൂടുമ്പോൾ ഈ ഉപരിതല മത്സ്യത്തിനുണ്ടാകുന്ന സ്വാഭാവിക പരിണാമങ്ങളുമാണ്.

(ബി) CMFRI-യുടെ കണക്കനുസരിച്ച് 2012-ൽ മത്തിയുടെ ഉൽപ്പാദനം 3.99 ലക്ഷം ടണ്ണായിരുന്നു. അത് 2018 ആയപ്പോഴേയ്ക്കും 77,000 ടണ്ണായി കുറഞ്ഞു.

(സി) ഉപരിതല മത്സ്യമായതുകൊണ്ടുതന്നെ പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് പ്രധാനമായും മത്തി പിടിച്ചെടുക്കുന്നത്. ട്രോളിംഗ് നിരോധനവുമായി മത്തിയുടെ ലഭ്യതയ്ക്ക് ബന്ധമില്ല. എങ്കിലും മത്തിയുടെ ലഭ്യതയിലുണ്ടായിട്ടുള്ള കുറവ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഇത് മുൻകൂട്ടികണ്ട് MLS (Minimum Legal Size) നടപ്പിലാക്കുകയും കെ.എം.എഫ്.ആർ. ആക്ട് പരിഷ്കരിച്ച് ആയതിൽ മത്തിയുടെ പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം 10 സെന്റീമീറ്ററായി നിജപ്പെടുത്തിയിട്ടുമുണ്ട്. പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ നടപ്പിലാക്കിയും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കിയതുവഴി 2018 വർഷം ആകെ സമുദ്ര മത്സ്യോല്പാദനം 6.09 ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) മത്സ്യവരൾച്ച പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിന് നടപടി

289(6166) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം നടപടികൾ ആണ് ഈ സർക്കാർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ശുചിത്വ പൂർണ്ണമായ വിപണനം ഉറപ്പുവരുത്തുന്നതിനുമായി നിയമനിർമ്മാണത്തിന് ലക്ഷ്യമിട്ടുകൊണ്ടുള്ള കരട് ബിൽ സർക്കാർ പരിഗണനയിലാണ്. ഹാർബറുകളിൽ ശുചിത്വം ഉറപ്പാക്കാനും അവയുടെ പരിപാലനം ഉറപ്പാക്കാനും മുനമ്പം ഉൾപ്പെടെ സംസ്ഥാനത്തെ പതിമൂന്ന് ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മത്സ്യഫെഡിന്റെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന തീരമത്സ്യ ലേലം പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാകുന്നതിന് സർക്കാർ ധനസഹായത്തോടെയുള്ള മത്സ്യഫെഡിന്റെ 36 ഫിഷ് മാർട്ടുകൾ വിവിധ ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. തീരത്തുനിന്നും പച്ചമത്സ്യം ശേഖരിച്ച് 'അന്തിപച്ച' എന്ന പേരിൽ പ്രത്യേകം സജ്ജമാക്കിയ വാഹനങ്ങളിൽ നഗരപ്രദേശങ്ങളിലെത്തിച്ച് മത്സ്യഫെഡ് നടത്തുന്ന മൊബൈൽ ഫിഷ് മാർട്ടുകളിലൂടെയുള്ള മത്സ്യവിപണനവും നടപ്പാക്കിവരുന്നു.

## രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേട്ടുകൂടാതെ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് പദ്ധതി

290(6167) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങളിൽ എൺപത് ശതമാനത്തോളം മത്സ്യാഹാരികൾ ആയിരിക്കുന്നതിനാൽ പുറത്തുനിന്ന് കൊണ്ടുവരുന്നതും സംസ്ഥാനത്ത് പിടിക്കുന്നതുമായ മത്സ്യങ്ങളിൽ വ്യാപകമായ തോതിൽ മാരക രാസവസ്തുക്കൾ ചേർക്കുന്നത് സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം കണക്കിലെടുത്ത് രാസവസ്തുക്കൾ ചേർക്കാത്ത മത്സ്യം കേട്ടുകൂടാതെ ഉപഭോക്താക്കൾക്കെത്തിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വിഴിഞ്ഞത്ത് ആരംഭിച്ചിട്ടുള്ള റെഡി ടു കുക്ക് മാതൃക സംസ്ഥാനത്ത് എല്ലായിടത്തേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും ഉപഭോക്താക്കളുടെയും താല്പര്യം സംരക്ഷിക്കാൻ മത്സ്യത്തിന് തറവില നിശ്ചയിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പിടിക്കുന്ന മത്സ്യത്തിന്റെ അഞ്ചിലൊന്നോളം ഭാഗം വിതരണ ശൃംഖലയിൽ ഉപയോഗശൂന്യമായിത്തീരുന്നത് കണക്കിലെടുത്ത് ശീതീകരണശൃംഖല ഒരുക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ) ഗുണമേന്മയുള്ളതും ശുചിത്വപൂർണ്ണവുമായ മത്സ്യങ്ങളാണ് വിപണിയിലെത്തുന്നതെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി ജില്ലകൾതോറും രൂപീകരിച്ച ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കാര്യക്ഷമമായി നടന്നുവരുന്നു. സിഫ്റ്റിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അമോണിയ, ഫോർമാലിൻ എന്നിവ കണ്ടെത്തുന്നതിന് നിർമ്മിച്ച പേപ്പർ സ്ട്രിപ്പ് ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് മത്സ്യത്തിന്റെ ഗുണമേന്മ വിലയിരുത്താവുന്നതാണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്ന മത്സ്യങ്ങൾ ചെക്ക്പോസ്റ്റുകളിലും പരിശോധന നടത്തിവരുന്നു. സംസ്ഥാനത്തെ മത്സ്യ വിപണിയിൽ ഇടപെടുക, സുരക്ഷിതവും ഗുണനിലവാരമുള്ള മത്സ്യങ്ങളും മത്സ്യോല്പന്നങ്ങളും ഗുണഭോക്താക്കൾക്ക് ശുചിത്വമുള്ള അന്തരീക്ഷത്തിൽ ലഭ്യമാക്കുക എന്നീ ഉദ്ദേശത്തോടുകൂടി മത്സ്യഫെഡ്ഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 36 ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി 2 മൊബൈൽ ഫിഷ് മാർട്ടും പ്രവർത്തിച്ചുവരുന്നു.

(ബി) ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിത സാഹചര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖപ്രദേശത്ത് 4 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മാതൃക വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികൾക്ക് അവർ പിടിച്ചെടുക്കുന്ന മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനും ഉതകുമാറുള്ള നിയമനിർമ്മാണം പരിഗണനയിലാണ്.

(ഡി) ശീതീകരണ ശൃംഖല ഒരുക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും തീരദേശ വികസനകോർപ്പറേഷൻ മുഖേന ആധുനികവൽക്കരിച്ച 37 മാർക്കറ്റുകളിലും അധികം വരുന്ന മത്സ്യം സൂക്ഷിക്കുന്നതിന് ശീതീകരണ സംവിധാനം ഒരുക്കിയിട്ടുണ്ട്.

**മത്സ്യവിലയിലെ വർദ്ധനവ്**

291(6168) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ട്രോളിംഗ് നിരോധനത്തെത്തുടർന്ന് മത്സ്യവില കുത്തനെ ഉയർന്നത് സാധാരണക്കാരെ പ്രതികൂലമായി ബാധിച്ചുവെന്നത് വസ്തുതയല്ലേ ;

(ബി) മത്സ്യഫെഡ്ഡിന്റെ സ്റ്റാളുകൾ മുഖേന ന്യായമായ വിലയ്ക്ക് കൂടുതൽ മത്സ്യം ലഭ്യമാക്കുവാനും സഞ്ചരിക്കുന്ന ഫിഷ് സ്റ്റാളുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന സമയത്ത് മത്സ്യലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) മത്സ്യഫെഡ്ഡിന്റെ 36 ഫിഷ്മാർട്ടുകൾവഴി ഗുണനിലവാരമുള്ള മത്സ്യം ന്യായവിലയ്ക്ക് കൃത്യമായ അളവിൽ ശുചിത്വത്തോടുകൂടി വിതരണം ചെയ്തുവരുന്നു. അന്നന്നുള്ള മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരത്തും കൊല്ലം ശക്തികുളങ്ങര കേന്ദ്രീകരിച്ചും ഓരോ സഞ്ചരിക്കുന്ന സ്റ്റാളും പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ സഞ്ചരിക്കുന്ന രണ്ടെണ്ണംകൂടി ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിന് സജ്ജമായിട്ടുണ്ട്. ഫിഷ് സ്റ്റാളുകളും ശുചിത്വ പൂർണ്ണമായ മത്സ്യ വില്പനയും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**പൊഴിയൂരിൽ അനുവദിച്ച പ്രവൃത്തികൾ**

292(6169) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂരിൽ 2019-20 സാമ്പത്തിക വർഷത്തിൽ മത്സ്യബന്ധന വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികൾക്കാണ് പ്രൊപ്പോസൽ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ പൊഴിയൂരിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദീകരിക്കുമോ;

(സി) 2016 മുതൽ പൊഴിയൂരിൽ മത്സ്യബന്ധന വകുപ്പ് എത്ര തുകയാണ് നിർമ്മാണ പ്രവൃത്തികൾക്കായി ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) 2019-2020 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂരിൽ ഫിഷറീസ് വകുപ്പിൽനിന്നും പുതിയ പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല. പൊഴിയൂരിൽ ഒരു മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പഠനങ്ങൾക്ക് 2015-2016 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതനുസരിച്ച് Investigation & data collection പൂർത്തീകരിച്ച് മോഡൽ സ്റ്റഡിക്കായുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) 2018-2019 സാമ്പത്തിക വർഷത്തിൽ കുളത്തൂർ-കാരോട് പഞ്ചായത്തിൽ 128 വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ കണക്കിൽ 12.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2018-2019 സാമ്പത്തിക വർഷത്തിൽ പൊഴിയൂരിലെ കാരോട് പഞ്ചായത്തിലെ തുണ്ടുവിള നടപ്പാതയുടെ നിർമ്മാണത്തിനായി 6.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 2016 മുതൽ പൊഴിയൂരിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശറോഡുകളുടെ നിലവാരമുയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 123.51 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളിയിൽ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി പദ്ധതികൾ

293(6170) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ ഒന്നിനുശേഷം മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനും വേണ്ടി എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്ന് വിശദീകരിക്കുമോ; പട്ടിക ലഭ്യമാക്കുമോ;

(ബി) കായംകുളം ഫിഷിംഗ് ഹാർബറിന്റെ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓഖി ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ടോ; ആയതിന്റെ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2016 ഏപ്രിൽ ഒന്നിനുശേഷം മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനും വേണ്ടി ഭരണാനുമതി നൽകി ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖാന്തരം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം അനുബന്ധമായി * ചേർക്കുന്നു.

(ബി) കായംകുളം ഫിഷിംഗ് ഹാർബറിലെ നവീകരണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഓഖി ദുരന്തത്തിൽ ആർക്കുംതന്നെ ജീവനോപാധി നഷ്ടപ്പെട്ടിട്ടില്ല.

**തീരദേശ റോഡ് നിർമ്മാണം**

294(6171) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഫിഷറീസ് & ഹാർബർ എൻജിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയ റോഡ് നിർമ്മാണ പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാമ്പത്തികവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചു; ഏതെല്ലാം; വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും സാങ്കേതികപ്രശ്നങ്ങളാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്ത എത്ര പ്രവൃത്തികളുണ്ട്; ഏതെല്ലാം; വിശദമാക്കാമോ?

ഉത്തരം

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ 2016-2017, 2017-2018, 2018-2019 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഫിഷറീസ് ആന്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിലുൾപ്പെടുത്തി 18 റോഡ് പ്രവൃത്തികൾക്ക് 780.41 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തികളുടെ വർഷം തിരിച്ചുള്ള പട്ടിക ചുവടെചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി നൽകിയ തീയതി | തുക (ലക്ഷം) |
|---|---|---|---|
| | 2016-2017 സാമ്പത്തിക വർഷം | | |
| 1 | അയ്മനം ഗ്രാമപഞ്ചായത്ത് വാർഡ് 19-ലെ അമ്പലക്കടവ് നാലുതോട് പാടശേഖരം റോഡ് | 8-8-2016 | 58.00 |
| 2 | കുമരകം ഗ്രാമപഞ്ചായത്തിലെ എഴുപതിൽ തൊണ്ണാംതറ റോഡ് | 26-11-2016 | 42.93 |
| 3 | ചക്രംപടി വരമ്പിനകം തോണിക്കടവ് റോഡ് | 18-2-2017 | 28.28 |
| 4 | അയ്മനം ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് കാട്ടാടി മൂന്ന് മൂല റോഡ് | 28-3-2017 | 90.00 |
| | 2017-2018 സാമ്പത്തിക വർഷം | | |
| 5 | തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ കുമ്മനം എസ്.എൻ.ഡി.പി. വാഴക്കാല കുളത്തൂർ റോഡ് | 23-8-2017 | 27.00 |
| 6 | ഏറ്റുമാനൂർ ഐമനം പഞ്ചായത്തുകളിലെ കുമ്മിണിപത്ത് കോട്ടപ്പറമ്പ് റോഡ് | 4-7-2017 | 31.00 |
| 7 | കുന്നപ്പള്ളി കൊഞ്ചുമട റോഡ് ടാറിംഗ് | 4-7-2017 | 48.00 |
| 8 | തിരുവാർപ്പ് പഞ്ചായത്തിലെ മാലത്തുശ്ശേരി പട്ടണംകരി റോഡ് | 4-7-2017 | 57.00 |
| 9 | തിരുവാർപ്പ് പഞ്ചായത്തിലെ ആറുപുറ പള്ളിക്കാര്യം റോഡ് | 3-7-2017 | 21.00 |
| 10 | കുമരകം പഞ്ചായത്തിലെ അട്ടിപീടിക ചട്ടിയാകുളം വഴി കൊഞ്ചുമട റോഡ് | 27-3-2018 | 82.00 |

| | | | |
|---|---|---|---|
| | 2018-2019 സാമ്പത്തിക വർഷം | | |
| 11 | വട്ടപ്പള്ളി കോതടിച്ചിറ പുതിയത്തുറോഡ് | 15-10-2018 | 43.00 |
| 12 | കുമരകം പഞ്ചായത്തിലെ കണ്ണാടിച്ചാൽ വിത്തുവീട്ടിൽ മൂലയിൽ റോഡ് | 29-6-2019 | 81.00 |
| 13 | തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 1-ലെ കുട്ടോളമഠം പള്ളിച്ചിറ റോഡ് | 17-10-2018 | 26.00 |
| 14 | തിരുവാർപ്പ് പഞ്ചായത്തിലെ വാർഡ് 12 - ലെ വട്ടപ്പള്ളി കുമ്പളശ്ശേരി പള്ളിച്ചിറ റോഡ് | 25-10-2018 | 55.00 |
| 15 | ആർപ്പൂക്കര പഞ്ചായത്ത് വാർഡ് 13 ചെറുപുഷ്പം ചോഴിയക്കിരി റോഡ് | 26-12-2018 | 22.70 |
| 16 | അയ്മനം പഞ്ചായത്തിലെ വാർഡ് 14-ൽ സെന്റ് ജോർജ്ജ് ചർച്ച് കോട്ടമല കോളനി റോഡ് | 5-11-2018 | 21.00 |
| 17 | ആർപ്പൂക്കര പഞ്ചായത്ത് വാർഡ് - വാർഡ് 1 കൈപ്പുഴ മുക്ക് മഞ്ചാടിക്കരി റോഡ് കൊച്ചു നാരായണൻ ബ്രിഡ്ജ് റോഡ് | 26-12-2018 | 22.00 |
| 18 | കുമരകം പഞ്ചായത്ത് വാർഡ് 9 നാലുപങ്ക് പള്ളിയാക്കൽ റോഡ് | 26-12-2018 | 24.50 |

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ 5 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു :

1. കുമരകം ഗ്രാമപഞ്ചായത്തിലെ എഴുപതിൽ തൊണ്ണൂറാംതറ റോഡ്.
2. ചക്രംപടി വരമ്പിനകം തോണിക്കടവ് റോഡ്.
3. അയ്മനം ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് കാറ്റാടി മൂന്ന് മൂല റോഡ്.
4. കുമ്മിണിപത്ത് കോട്ടപ്പറമ്പ് റോഡ്.
5. ആറുപറ പള്ളിക്കാര്യം റോഡ്.

(സി) ഭരണാനുമതി നൽകിയിട്ടും റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്തിൽനിന്നും രേഖാമൂലം കൈമാറി നൽകാത്തതിനാൽ 6 റോഡ് പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി റോഡുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കുന്നപ്പള്ളി കൊഞ്ചുമട റോഡ് ടാറിംഗ് |
| 2 | വട്ടപ്പള്ളി കോതടിച്ചിറ പുതിയത്തു റോഡ് |
| 3 | തിരുവാർപ്പ് പഞ്ചായത്ത് വാർഡ് 1-ലെ കുട്ടോളമഠം പള്ളിച്ചിറ റോഡ് |
| 4 | തിരുവാർപ്പ് പഞ്ചായത്തിലെ വാർഡ് 12 -ലെ വട്ടപ്പള്ളി കുമ്പളശ്ശേരി പള്ളിച്ചിറ റോഡ് |
| 5 | അയ്മനം പഞ്ചായത്തിലെ വാർഡ് 14-ൽ സെന്റ് ജോർജ്ജ് ചർച്ച് കോട്ടുമല കോളനി റോഡ് |
| 6 | കുമരകം പഞ്ചായത്ത് വാർഡ് 9 നാലുപങ്ക് പള്ളിയാക്കൽ റോഡ് |

ശേഷിക്കുന്ന പ്രവൃത്തികളിൽ 3 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒരു റോഡ് പ്രവൃത്തിക്ക് കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 3 റോഡ് പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്.

### തീരദേശറോഡ് പ്രവൃത്തികൾക്ക് അനുമതി

295(6172) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഹാർബർ വകുപ്പ് മുഖേന എത്ര തീരദേശ റോഡ് പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ഹാർബർ വകുപ്പുമുഖേന 72 തീരദേശ റോഡുകൾക്ക് 34.68 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കണ്ണൂർ ജില്ലയിലെ നീർക്കടവ് മത്സ്യബന്ധന തുറമുഖം

296(T6173) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് ഗ്രാമപഞ്ചായത്തിലെ നീർക്കടവിൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ച സാധ്യതാപഠന റിപ്പോർട്ടിന്മേൽ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുറമുഖ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) കണ്ണൂർ ജില്ലയുടെ വികസനത്തിന് അനിവാര്യമായ നീർക്കടവ് മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നീർക്കടവ് മത്സ്യബന്ധന തുറമുഖ നിർമ്മാണം തൽക്കാലം സർക്കാർ പരിഗണനയിലില്ല.

## ചെല്ലാനം മത്സ്യബന്ധന തുറമുഖ വികസനം

297(6174) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്യേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഉത്തരം

(എ) ചെല്ലാനം മത്സ്യബന്ധന തുറമുഖം പൂർത്തീകരിക്കുന്നതിന് 171.30 ആർ സ്ഥലം നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഏറ്റെടുക്കുവാൻ 4-6-2012 തീയതിയിലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ചില സ്ഥലമുടമകൾ സർക്കാർ നിശ്ചയിച്ച നിരക്കിൽ ഭൂമി വിട്ടുതരാത്തതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ ഹാർബറിലേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പുതിയ അലൈൻമെന്റ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് 31-1-2018-ലെ സ.ഉ.(സാധാ)നമ്പർ 72/18 മ.തു.വ. ഉത്തരവ് പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതി നൽകി. 141.911 ആർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. ടി സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് RR പാക്കേജിലുൾപ്പെടുത്തി നൽകിയ അപേക്ഷയ്ക്ക് Land Revenue Commissioner അനുമതി നൽകി. ഇതുവരെ 80.46 ആർ സ്ഥലം റവന്യൂവകുപ്പിൽനിന്നും കൈമാറി ലഭിച്ചിട്ടുണ്ട്. ബാക്കി സ്ഥലത്തിന്റെ ഡോക്യുമെന്റ് സമർപ്പിക്കാത്തതിനാൽ ഉടമകൾക്ക് നോട്ടീസ് നൽകി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നോട്ടീസ് കൈപ്പറ്റിയിട്ടുള്ള സ്ഥലമുടമകൾ ഡോക്യുമെന്റ്സ് റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. ഡോക്യുമെന്റ്സ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) സ്ഥലമുടമകളിൽനിന്ന് ഡോക്യുമെന്റ്സ് ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## കുമ്പളം-നെട്ടൂർ പാലം നിർമ്മാണം

298(6175) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിച്ച കുമ്പളം-നെട്ടൂർ പാലത്തിന്റെ ഭരണാനുമതി ലഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം സാങ്കേതികാനുമതി നൽകിയതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതും സംബന്ധിച്ച വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പാലത്തിനും അപ്രോച്ച് റോഡിനുമാവശ്യമായ സ്ഥലം ഏറ്റെടുത്തത് എന്നാണെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പാലം യഥാസമയം നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണവും നിർമ്മാണത്തിന്റെ വിശദാംശങ്ങളും തീയതി സഹിതം അറിയിക്കുമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നബാർഡ് RIDF XVII-ൽ ഉൾപ്പെടുത്തി 11-1-2012-ൽ 1500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

(ബി) പ്രസ്തുത ഭരണാനുമതി പ്രകാരം 19-12-2012-ൽ 1500 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി മദ്ധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 14-8-2013-ൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. 13-9-2013-ൽ കരാറുകാരൻ കരാറിലേർപ്പെട്ടു. പാലം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകാമെന്ന് ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് യഥാസമയം ലഭിച്ചില്ല. കാരാർ കാലാവധിയായ 12 മാസത്തിനുള്ളിലും സ്ഥലം ലഭിക്കാത്ത സാഹചര്യത്തിൽ കരാർ പ്രകാരമുള്ള നിരക്കിന് പ്രവൃത്തി ചെയ്യാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചു. എന്നാൽ ടിയാൻ സമർപ്പിക്കുന്ന പുതിയ ഡിസൈൻ പ്രകാരം പ്രവൃത്തി ചെയ്യാൻ തയ്യാറാണെന്ന് കരാറുകാരൻ അറിയിക്കുകയും ചെയ്തു. കരാറുകാരൻ സമർപ്പിച്ച ഡിസൈൻ തയ്യാറാക്കിയത് സർക്കാരിന്റെ ടെക്നിക്കൽ കൺസൾട്ടന്റായിട്ടുള്ള I.I.T പ്രൊഫസർ ശ്രീ. അരവിന്ദനാണ്. ഈ ഡിസൈൻ റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽനിന്ന് 3rd party ചെക്കിംഗ് കൂടി നടത്തിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്കുശേഷം 9,32,51,106 രൂപയ്ക്ക് അംഗീകാരം നൽകി. പുതിയ കരാർ തുക 9,32,51,106 രൂപയാണ്. ഇതിന്റെ ഒർജിനൽ കരാർ തുക 11,48,86,910 രൂപയായിരുന്നു.

(സി) അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് 9-2-2018-ലാണ് പൂർത്തിയാക്കിയത്.

(ഡി) കുമ്പളം നെട്ടൂർ പാലം പണി 3/2018-ൽ പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലമെടുപ്പ് 9-2-2018-ൽ പൂർത്തിയായി. എന്നാൽ അവിടെയുണ്ടായിരുന്ന കെട്ടിടവും മതിലും പൊളിച്ചുമാറ്റി അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിക്കാനുള്ള സാഹചര്യം ഉണ്ടായത് 20-4-2018-ലാണ്. അപ്രോച്ച് റോഡിനുള്ള സൈറ്റ് സംബന്ധിച്ചുണ്ടായിരുന്ന തർക്കങ്ങൾ പരിഹരിച്ച് റോഡിന് പുതിയ ഡിസൈൻ തയ്യാറാക്കേണ്ടതായി വന്നു. അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്ക് മണ്ണ് പരിശോധന നടത്തിയപ്പോൾ ബലം കുറഞ്ഞ

ചെളിയാണെന്ന് ബോധ്യപ്പെട്ടതിനെത്തുടർന്ന് ടെക്നിക്കൽ എക്സ്പെർട്ടിന്റെ നിർദ്ദേശാനുസരണം സാങ്കേതികാനുമതിയിലുൾപ്പെടുത്തിയിരുന്ന പി.വി.ഡി-യും RE വാളും ഒഴിവാക്കി സർക്കാരിന്റെ ടെക്നിക്കൽ കൺസൾട്ടന്റായ ഐ.ഐ.റ്റി. പ്രൊഫസർ ശ്രീ. അരവിന്ദൻ തയ്യാറാക്കിയ ഡിസൈൻ പ്രകാരം അപ്രോച്ച് റോഡ് പ്രവൃത്തി ഫെബ്രുവരി 2019-ൽ പൂർത്തീകരിക്കുകയും ചെയ്തു. മേൽ കാരണങ്ങളാലാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാലം പണിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. 10 ശതമാനം പ്രവൃത്തിയാണ് അന്ന് പൂർത്തീകരിച്ചിരുന്നത്. തുടർന്ന് 3/2018-ൽ പാലം പണി പൂർത്തിയായി. അപ്രോച്ച് റോഡിനുള്ള സ്ഥലം 9-2-2018-ലാണ് ഏറ്റെടുത്തത്. തുടർന്ന് അപ്രോച്ച് റോഡ് നിർമ്മാണം 2/2019-ൽ പൂർത്തീകരിച്ചു.

**രാമന്തളി- പാണ്ഡ്യാലക്കടവ് പാലം**

299(6176) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, പയ്യന്നൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന രാമന്തളി-പാണ്ഡ്യാലക്കടവ് പാലത്തിന് ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി, ടെണ്ടർ നടപടികൾ എന്നിവ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

തൃക്കരിപ്പൂർ, പയ്യന്നൂർ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന രാമന്തളി-പാണ്ഡ്യാലക്കടവ് പാലം പി.ഡബ്ല്യു.ഡി. നിർമ്മിക്കാനുദ്ദേശിക്കുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റിലാണ് വരുന്നത്. ആയതിനാൽ ഈ പദ്ധതി നിലവിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പരിഗണനയിലില്ല.

**കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് നടപടി**

300(6177) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം വരാത്ത രീതിയിൽ കശുവണ്ടി ഫാക്ടറികളെ ആധുനികവൽക്കരിച്ച് കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കശുവണ്ടിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്വയം സഹായ സംഘങ്ങൾ മുഖേന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വിദേശരാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്നതിന് രൂപീകരിച്ച കേരള കാഷ്യൂ ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ എത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ ഭാഗികമായ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടത്തി വരികയാണ്. ഫാക്ടറി ഷെഡ്ഡുകളിൽ ഷെല്ലിംഗ് സെക്ഷനുകളിൽ ആവശ്യാനുസരണം കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ മുതലവായവ ആവശ്യാനുസരണം പീലിംഗ് സെക്ഷനിലും ഗ്രേഡിംഗ് സെക്ഷനിലും നൽകുന്നതിനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ചുവരികയാണ്. ആയതുപോലെ തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട അന്തരീക്ഷമുണ്ടാക്കുന്നതിനും ആധുനിക സൗകര്യങ്ങളോടുകൂടിയ വിശ്രമമുറികളും ടോയ്‌ലറ്റുകളും നിർമ്മിച്ചുവരികയാണ്.

അടിസ്ഥാനസൗകര്യ വികസനം, കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണം എന്നിവയ്ക്കായി ഈ ഗവൺമെന്റ് 2017-2018 ബഡ്ജറ്റിൽപ്പെടുത്തി 40 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ളതിൽ 12 കോടി രൂപ വിനിയോഗിച്ചുള്ള നിർമ്മാണ നവീകരണ പ്രവർത്തികളാണ് കോർപ്പറേഷനിൽ ഇപ്പോൾ പൂർത്തിയായി വരുന്നത്. പുതിയ ഷെഡ്യൂളുകളോടെ സ്ഥാപനം ആധുനിക രീതിയിലുള്ള ഫില്ലിംഗ് പാക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഇതിനാവശ്യമായ പരിശീലനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ, കാഷ്യൂ പാർക്ക്, സി.സി.ടി.വി. സർവെയലൻസ് ക്യാമറ, ബയോ മെടിക് പഞ്ചിംഗ് സിസ്റ്റം, ചൂട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്ക് ഡൈനിംഗ് ഹാൾ, ക്യാന്റീൻ, തൊട്ടിപ്പുര, വായനാ മുറി, ഷെഡ്ഡുകളിൽ ആവശ്യാനുസരണം ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് നവീകരിച്ച കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ. കൂടാതെ കോർപ്പറേഷനിൽ ഫുൾ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ

കെൽട്രോണുമായി ബന്ധപ്പെട്ട് നടന്നുവരികയാണ്. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഭാഗീക യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി ഷെല്ലിംഗിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കട്ടിംഗിൽ പുതിയ തൊഴിലാളികളെ എടുക്കുന്നതിന് അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് വർക്ക് നടത്തിയിട്ടുള്ളതും ഇപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നും കട്ടിംഗിലേയ്ക്ക് പരമാവധി തൊഴിലാളികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ ഇതിനനുസരണമായി പീലിംഗ് ഗ്രേഡിംഗ് സെക്ഷനുകളിലും ആവശ്യാനുസരണം തൊഴിലാളികളെ നിയോഗിക്കാനാണുദ്ദേശിക്കുന്നത്.

(ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി 2019-2020 കാലയളവിൽ വൈവിധ്യങ്ങളായ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലിറക്കാനുള്ള നടപടികൾ കാപെക്സ് സ്വീകരിച്ചുവരികയാണ്. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കശുമാവ് കർഷകർക്ക് കാർഷിക സർവ്വകലാശാലയുടെ കാഷ്യൂ റിസർച്ച് സ്റ്റേഷൻ, മാടക്കത്തറ, തൃശ്ശൂർ സ്റ്റേഷനുമായി ബന്ധപ്പെട്ട് കശുമാങ്ങയിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പരിശീലനം നൽകിവരുന്നു.

കശുവണ്ടി ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് കശുവണ്ടി പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സ്ക്വാഷ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജൂ, മിൽക്കി കാജൂ എന്നിവ ഉൽപ്പാദിപ്പിച്ച് കശുവണ്ടി വികസനകോർപ്പറേഷൻ വിപണനം നടത്തിവരുന്നു. കശുമാങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ സോഡ, കാഷ്യൂ പൈൻ ജ്യാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും കാഷ്യൂ സ്ക്വാഷ്, കാഷ്യൂ വിറ്റാ എന്നിവ ചൂടോടെ അപ്പപ്പോൾ ഉപയോഗിക്കാവുന്ന വിധത്തിലും വിപണിയിലിറക്കിയിട്ടുള്ളതാണ്. കൂടാതെ കേരളാ ബ്രാൻഡ് ജംബോ സൈസ് കശുവണ്ടി പരിപ്പ് കമ്പോളത്തിൽ ഇറക്കിയിട്ടുള്ളതാണ്. കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങളുടേയും ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷൻ മാർക്കറ്റ് ഫെഡ്ഡുമായി കരാറിലേർപ്പെട്ടിട്ടുള്ളതും മാർക്കറ്റ് ഫെഡ്ഡ് വഴി കേരളത്തിനകത്തും പുറത്തും കശുവണ്ടി പരിപ്പ് വിറ്റഴിക്കുന്നതിനുള്ള വിപണി ശൃംഖല ആരംഭിച്ചിട്ടുള്ളതുമാണ്. ആഭ്യന്തര മാർക്കറ്റിലെ കശുവണ്ടി പരിപ്പിന്റെ വിപണനം ഇതിലൂടെ ഗണ്യമായതരത്തിൽ മെച്ചപ്പെട്ടിട്ടുള്ളതാണ്. കൂടാതെ ഡിസ്ട്രിബ്യൂട്ടർമാർ, ഫ്രാഞ്ചൈസികൾ, ഗവൺമെന്റ് ഏജൻസികൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ മുഖാന്തിരം കശുവണ്ടി പരിപ്പിന്റെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടേയും വിപണനം നടത്തിവരുന്നു.

(സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ സ്വയം സഹായ സംഘങ്ങൾ മുഖേന ചെറുകിട യൂണിറ്റുകൾ ആരംഭിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ് തീരുമാനമെടുക്കേണ്ടത്.

(ഡി) വിദേശ രാജ്യങ്ങളിൽനിന്ന് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന പ്രവർത്തനം കേരള കാഷ്യൂ ബോർഡ് തൃപ്തികരമായി നിർവ്വഹിച്ചുവരുന്നു. കാഷ്യൂ ബോർഡ് ഇതിനകം 17000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വിതരണം ചെയ്തിട്ടുണ്ട്. ഗിനി ബിസാവുവിൽനിന്ന് 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽനിന്ന് ഗവൺമെന്റ്-ടു-ഗവൺമെന്റ് സംവിധാനത്തിൽ തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യൂ കൗൺസിലുമായി കേരള കാഷ്യൂ ബോർഡ് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കേരളാ കാഷ്യൂ ബോർഡിന്റെ രൂപീകരണത്തോടെ അന്താരാഷ്ട്ര മാർക്കറ്റിലെ കുറഞ്ഞ വിലയ്ക്ക് കേരളത്തിൽ തോട്ടണ്ടി ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി പരിപ്പിന് പരമാവധി വില ലഭ്യമാക്കുന്നതിനുള്ള ശ്രമവും ബോർഡ് മുഖാന്തരം ആരംഭിച്ചിട്ടുണ്ട്.

## കാഷ്യൂ ബോർഡ് ചുമതലകൾ

301(6178) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച കാഷ്യൂബോർഡ് എന്തെല്ലാം ചുമതലകളാണ് നിർവ്വഹിച്ചു പോരുന്നത് എന്നുള്ള വിശദവിവരം നൽകുമോ;

(ബി) കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നതിനാവശ്യമായ അസംസ്കൃത കശുവണ്ടി സംഭരിച്ച് ലഭ്യമാക്കുന്നതിനുള്ള ചുമതലയാണ് കേരള കാഷ്യൂ ബോർഡ് പ്രധാനമായും നിർവ്വഹിച്ചുവരുന്നത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഗിനി-ബിസാവു, മൊസാംബിക്, ഘാന എന്നീ രാജ്യങ്ങളിൽനിന്നായി 17,000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതിചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ഗിനി-ബിസാവുവിൽനിന്ന് 2019 സീസണിലെ 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടിയും സ്വീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽനിന്ന് ഗവൺമെന്റ്-ടു-ഗവൺമെന്റ് സമ്പ്രദായത്തിൽ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ശ്രമങ്ങളും ബോർഡ് നടത്തി വരുന്നു. ഐവറികോസ്റ്റ്, സെനഗൽ എന്നീ രാജ്യങ്ങൾ ഇപ്രകാരമുള്ള ഒരു സംവിധാനത്തിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഐവറി കോസ്റ്റിലെ കോട്ടൺ &കാഷ്യൂ കൗൺസിലുമായി ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. കേരളത്തിലെ കശുവണ്ടി വ്യവസായത്തെ രക്ഷിക്കുന്നതിന് തോട്ടണ്ടിയുടെ വില

പിടിച്ചുനിർത്തുക, പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കുക എന്നിവയായിരുന്നു ബോർഡിന്റെ മുഖ്യ ചുമതല. മാർക്കറ്റിൽ ലഭ്യമായ കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി സംഭരിക്കാൻ കാഷ്യൂ ബോർഡിന് ഇതിനകം സാധിച്ചിട്ടുണ്ട്. അടുത്ത ലക്ഷ്യം കേരളത്തിലെ കശുവണ്ടി പരിപ്പിന് പരമാവധി വില ലഭ്യമാക്കുക എന്നുള്ളതാണ്. അതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

(ബി) കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി ഇറക്കുമതിയിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ പ്ലാന്റേഷൻ കോർപ്പറേഷൻ, ആറളം ഫാം, കശുമാവ് കർഷകർ മുതലായവരിൽ നിന്നും സർക്കാർ രൂപീകരിച്ച വിലനിർണ്ണയസമിതി നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിലും തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് ലഭ്യമാക്കിയ തോട്ടണ്ടി കോർപ്പറേഷനും കാപെക്സും സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. ഈ വർഷം ഒക്ടോബർവരെ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള തോട്ടണ്ടി കേരളാ കാഷ്യൂ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. കാഷ്യൂ ബോർഡുവഴി തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽദിനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ പ്രവർത്തിച്ചുവരുന്നത്. കൂടാതെ അടഞ്ഞു കിടന്നിരുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിന് ഒരു സ്പെഷ്യൽ പാക്കേജ് സർക്കാർ പ്രഖ്യാപിച്ച് നടപടി സ്വീകരിച്ചുവരികയാണ്. കടക്കെണിയിൽപ്പെട്ട വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി നൽകുന്നതാണ്.

### കാഷ്യൂ ബോർഡ് ഇ-ടെണ്ടറില്ലാതെ വാങ്ങിയ കശുവണ്ടി

302(6179) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പക്സും കശുവണ്ടി വികസന കോർപ്പറേഷനും ഇ-ടെൻഡർ വഴി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കശുവണ്ടി വാങ്ങുമ്പോൾ കാഷ്യൂ ബോർഡ് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ഇ-ടെൻഡറില്ലാതെ കശുവണ്ടി വാങ്ങിയിട്ടുണ്ടോ; അതിനുള്ള സാഹചര്യമെന്തായിരുന്നു; വിശദമാക്കാമോ;

(ബി) കാഷ്യൂ ബോർഡ് മൊസാംബിക്കിൽ നിന്നും ഇ-ടെൻഡറില്ലാതെ വാങ്ങിയ തോട്ടണ്ടി ഗുണനിലവാരമുള്ളതായിരുന്നോ;വ്യക്തമാക്കുമോ;

(സി) കാഷ്യൂ ബോർഡ് വാങ്ങിയ തോട്ടണ്ടി കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും വിറ്റതിലൂടെ ബോർഡിന് ലഭിച്ച ലാഭം എത്രയാണ്; വിശദമാക്കാമോ;

(ഡി) കാപ്പക്സിനും കശുവണ്ടി വികസന കോർപ്പറേഷനും ഗുണനിലവാര മില്ലാത്ത കശുവണ്ടി നല്കിയതുമൂലം അവർക്ക് നഷ്ടം സംഭവിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നഷ്ടമാണ് ഉണ്ടായിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-ൽ കേരള കാഷ്യൂ ബോർഡ് രൂപീകൃതമായതിനുശേഷം തോട്ടണ്ടി സപ്ലയർമാരെ ഷോർട്ട് ലിസ്റ്റ് ചെയ്യാനായി താല്പര്യപത്രം (Expression of Interest) ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചെങ്കിലും അവസാന തീയതിക്കു ശേഷവും വിദേശരാജ്യങ്ങളിലെ സ്ഥാപനങ്ങളിൽനിന്നും വ്യക്തികളിൽനിന്നും ഒരു ഓഫറും ലഭിച്ചിട്ടില്ല. രണ്ട് തദ്ദേശസ്ഥാപനങ്ങളിൽനിന്ന് അപൂർണ്ണമായ ഓഫറുകൾ ലഭിച്ചെങ്കിലും നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്കനുസൃതമല്ലാത്തതിനാൽ അവ സ്വീകരിക്കപ്പെട്ടിട്ടില്ല. നിലവിലുള്ള ഇ-ടെണ്ടർ സംവിധാനത്തിന് ആഗോള ടെണ്ടറുകൾ സ്വീകരിക്കുന്ന കാര്യത്തിൽ ചില പരിമിതികളുള്ളതായി കണ്ടിരുന്നു. വിദേശരാജ്യങ്ങളിലെ സ്ഥാപനങ്ങൾക്ക് ഈ രാജ്യത്തെ ഇ-ടെണ്ടർ സംവിധാനത്തിൽ പങ്കെടുക്കുന്നതിനായി ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനവും ഇ-പേമെന്റ് സംവിധാനവും ഉപയോഗിക്കാൻ സാധിക്കുകയില്ലെന്നതായിരുന്നു പ്രധാന പരിമിതി. Indian Informaion Tecdhnology Act-ന്റെ വ്യവസ്ഥകൾ പ്രകാരം വിദേശ കമ്പനികൾക്കോ ഡിജിറ്റൽ സിഗ്നേച്ചറിനായി നേരിട്ട് ഈ രാജ്യത്ത് അപേക്ഷിക്കാനാവില്ല. അതിനാൽ അവർക്ക് ഇന്ത്യയിലെ ഇ-ടെണ്ടറുകളിൽ നേരിട്ട് പങ്കെടുക്കാനാകില്ല. ഈ സാഹചര്യത്തിൽ കശുവണ്ടി ഉല്പാദക രാജ്യങ്ങളിലെ കമ്പനികളെയും സ്ഥാപനങ്ങളെയുംകൂടി പങ്കെടുപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുന്നതിലേയ്ക്കായി കശുവണ്ടി ഇറക്കുമതിക്കായി ആദ്യഘട്ടത്തിൽ ഇ-ടെണ്ടറിന് പകരം സീൽഡ് ടെണ്ടർ സ്വീകരിക്കാൻ കേരള കാഷ്യൂ ബോർഡിന് സർക്കാർ അനുമതി നൽകിയിരുന്നു. ഇപ്പോൾ കാഷ്യൂ ബോർഡ് ജൂൺ മുതൽ തോട്ടണ്ടി ഇറക്കുമതിക്ക് ഇ-ടെണ്ടർ സമ്പ്രദായം സ്വീകരിച്ചുവരുന്നു.

(ബി) ഗുണനിലവാരമുള്ളതായിരുന്നു. ഈ തോട്ടണ്ടിയുടെ ഔട്ട് ടേൺ 45.334 ആയിരുന്നു. ഇത് ആവശ്യപ്പെട്ട ഔട്ട് ടേണായ 46-നേക്കാൾ നേരിയ കുറവുമാത്രമുള്ളതായിരുന്നു. അതിനാൽ ഗുണനിലവാരത്തിൽ ഗണ്യമായ കുറവുണ്ടായിട്ടില്ല. ഔട്ട് ടേണിലുണ്ടായിട്ടുള്ള നേരിയ കുറവിനാനുപാതികമായ വില മാത്രമേ കാഷ്യൂ ബോർഡ് കട്ടിംഗ് ടെസ്റ്റിനുശേഷം നൽകിയിട്ടുള്ളൂ.

(സി) കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്ത തോട്ടണ്ടി ടണ്ണിന് 15 ഡോളർ എന്ന വളരെ ചെറിയ മാർജിനിലാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും ലഭ്യമാക്കിയത്. ഇതിലൂടെ കാഷ്യൂ ബോർഡിന് 32 ലക്ഷം രൂപയോളം മിച്ചമുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു.

(ഡി) ഗുണനിലവാരമില്ലാത്ത തോട്ടണ്ടി കാഷ്യൂ ബോർഡ് ഇറക്കുമതി ചെയ്തിട്ടില്ല. കാഷ്യൂ ബോർഡ് കടമായിട്ടാണ് തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും നൽകുന്നത്. മാസങ്ങൾ കഴിഞ്ഞ് പരിപ്പ് വിറ്റതിനുശേഷമാണ് പണം കാഷ്യൂ ബോർഡിന് നൽകുന്നത്. അതിനാൽ മിച്ചമുണ്ടെന്ന് കാഷ്യൂ ബോർഡ് പറയുന്ന തുകയൊന്നും ഫലത്തിൽ കാഷ്യൂ ബോർഡിന് ലഭിക്കുകയില്ല. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി കശുവണ്ടി വികസന കോർപ്പറേഷന്റെ നഷ്ടത്തിന്റെ തോത് ക്രമാനുഗതമായി ഇപ്പോൾ കുറഞ്ഞുവരികയാണ്.

## കാഷ്യൂ ബോർഡിൽനിന്ന് വാങ്ങിയ തോട്ടണ്ടി

303(6180) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഷ്യൂ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഫാക്ടറികളിൽ എത്രയെണ്ണം നിലവിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്; 2018-ൽ ഈ ഫാക്ടറികളിലെ തൊഴിലാളി കൾക്ക് എത്ര ദിവസം തൊഴിൽ നൽകുവാൻ സാധിച്ചു;

(ബി) കാഷ്യൂ ബോർഡിൽ നിന്നും ഇതുവരെ എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് കാഷ്യൂ വികസന കോർപ്പറേഷൻ വാങ്ങിയത്;

(സി) ഒരു കിലോ തോട്ടണ്ടിക്ക് എന്ത് വില വച്ചാണ് കാഷ്യൂ ബോർഡിൽ നിന്നും വാങ്ങിയത്;

(ഡി) കാഷ്യൂ ബോർഡിൽ നിന്നും ഓരോ തവണ ലഭിച്ച തോട്ടണ്ടിയും ഒരു ചാക്ക് (80 കിലോ) സംസ്കരിച്ചപ്പോൾ എത്ര കിലോ പരിപ്പ് ലഭിച്ചു.

(ഇ) എത്ര ഔട്ട് ടേൺ ഉള്ള തോട്ടണ്ടിയാണ് കാഷ്യൂ ബോർഡ് കാഷ്യൂ കോർപ്പറേഷന് നൽകിയത്;

(എഫ്) കാഷ്യൂ ബോർഡിൽനിന്നും വാങ്ങിയ തോട്ടണ്ടി സംസ്കരിച്ച് വില്പന നടത്തിയ വകയിൽ കാഷ്യൂ വികസന കോർപ്പറേഷനുണ്ടായ ലാഭം എത്രയാണ്;

(ജി) ലാഭമുണ്ടായിട്ടില്ലെങ്കിൽ എത്ര നഷ്ടം സംഭവിച്ചുവെന്നും അതിനുള്ള കാരണമെന്തെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കാഷ്യൂ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 30 ഫാക്ടറികളും നിലവിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. 2018-ൽ ഈ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 135 ദിവസം തൊഴിൽ നൽകാൻ സാധിച്ചു.

(ബി) കാഷ്യൂ ബോർഡിൽനിന്നും 11493.064 മെട്രിക് ടൺ തോട്ടണ്ടിയാണ് ഇതുവരെ കാഷ്യൂ കോർപ്പറേഷൻ വാങ്ങിയത്.

(സി) ഒറിജിൻ അനുസരിച്ച് കിലോഗ്രാമിന് ചുവടെ പറയുംപ്രകാരമുള്ള നിരക്കിലാണ് കോർപ്പറേഷൻ തോട്ടണ്ടി വാങ്ങിയിട്ടുള്ളത് ;

| | | |
|---|---|---|
| ഗിനിബിസാവോ തോട്ടണ്ടി | - | 126 രൂപ |
| മൊസാംബിക് തോട്ടണ്ടി | - | 101 രൂപ |
| ഘാന – 1 | - | 98 രൂപ |
| ഘാന - 2 | - | 91 രൂപ |
| ഘാന - 3 | - | 70 രൂപ |

(ഡി) കാഷ്യൂ ബോർഡിൽനിന്നും ലഭിച്ച തോട്ടണ്ടി പ്രോസസ് ചെയ്തപ്പോൾ 80 കിലോഗ്രാം വരുന്ന ഒരു ചാക്കിന് ലഭിച്ച കശുവണ്ടി പരിപ്പിന്റെ കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ഗിനിബിസാവോ | - | 22.10 Kg ( 1 ചാക്കിന്) |
| മൊസാംബിക് | - | 18.35 Kg (1 ചാക്കിന്) |
| ഘാന | - | 20.59 Kg (1 ചാക്കിന്) |

(ഇ) കാഷ്യൂ ബോർഡ് കാഷ്യൂ കോർപ്പറേഷന് നൽകിയ തോട്ടണ്ടിയുടെ എഗ്രിമെന്റ് പ്രകാരമുള്ള ഔട്ട് ടേൺ ചുവടെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗിനിബിസാവോ | - | 53 Ibs |
| മൊസാംബിക് | - | 46 Ibs |
| ഘാന | - | 50 Ibs |

(എഫ്&ജി) ഉല്പാദന ചെലവ് കൂടിയും പരിപ്പിന്റെ വില താഴ്ന്നും നിൽക്കുന്ന സാഹചര്യത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് ലാഭമുണ്ടാകാനുള്ള സാദ്ധ്യത വിരളമാണ്.

## കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണം

304(6181) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി കാനറാ ബാങ്കിന്റെ സഹകരണത്തോടെ (COTVM / AFPS /CASHEW REV/2019 dtd 25-2-2019 പ്രകാരം) 2019 മാർച്ചിൽ ബഹു. മുഖ്യമന്ത്രി ഇടപെട്ട് വിതരണംചെയ്ത സഹായധനം പ്രസ്തുത വ്യവസായികൾക്ക് നാളിതുവരെ ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ;

(സി) പത്തനംതിട്ടയിലും കൊല്ലത്തുമുള്ള പല കാഷ്യു കമ്പനികളും ചില ബാങ്കുകളുടെ നിർദ്ദേശപ്രകാരം അടച്ചുപൂട്ടിയിരിക്കുകയാണെന്നതും അവ കാട് കയറി നശിച്ചുകൊണ്ടിരിക്കുകയാണെന്നതും പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത വിഷയം പരിശോധിച്ച് കമ്പനികൾ തുറന്ന് പ്രവർത്തിപ്പി ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-ഡി) പുനരുദ്ധാരണത്തിനായുള്ള അധിക വായ്പ അനുവദിക്കുന്ന കാര്യത്തിൽ ലോകസഭാ തെരഞ്ഞെടുപ്പുകാരണം ചില തടസ്സങ്ങൾ നേരിട്ടിരുന്നു. ഇപ്പോൾ ധനസഹായം ലഭിച്ചുതുടങ്ങിയിട്ടുണ്ട്. 14-6-2019-ലും 5-7-2019-ലും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് നടപടികൾ അവലോകനം ചെയ്തതിന്റെ ഭാഗമായി വ്യവസായികൾ ധനകാര്യ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുന്നപക്ഷം ജൂലൈ 31-നകം വായ്പ ലഭ്യമാക്കുമെന്ന് കാനറാബാങ്ക് സമ്മതിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളും തുടർനടപടികൾ വേഗത്തിലാക്കിയിട്ടുണ്ട്. എൻ.പി.എ. അക്കൗണ്ടായിട്ടുള്ള വ്യവസായികളുടെ ഫാക്ടറികളാണ് അടഞ്ഞുകിടക്കുന്നത്. ടി അക്കൗണ്ട് ഹോൾഡേഴ്സിന് റീ-ഫിനാൻസ് കൊടുക്കുകയാണെങ്കിൽ 9 ശതമാനം പലിശ സർക്കാർ നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ആയതിൻപ്രകാരം 32 കാഷ്യൂ ഫാക്ടറികൾക്കായി 43.64 കോടി രൂപ വിതരണം ചെയ്തിട്ടുണ്ടെന്ന് കാനറാ ബാങ്കിന്റെ കൊല്ലം റീജിയണൽ ഓഫീസിൽനിന്നും വിവരം ലഭിച്ചിട്ടുണ്ട്. റീ-ഫൈനാൻസ് നൽകുന്നത് സംബന്ധിച്ച് കാഷ്യൂ വ്യവസായവുമായി ബന്ധപ്പെട്ട 17 ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി കൺവീനർ അറിയിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ തോട്ടണ്ടിയുടെ അഭാവം കാരണവും സാമ്പത്തിക മാന്ദ്യംമൂലവും 226 കശുവണ്ടി ഫാക്ടറികൾ പൂട്ടിക്കിടക്കുന്നുണ്ടെന്ന വിവരം ലഭിച്ചിട്ടുണ്ട്. സാദ്ധ്യമായ എല്ലാ ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ചെറുകിട വ്യവസായികൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി ബാങ്ക് നൽകുന്ന എല്ലാ വായ്പകൾക്കും സർക്കാർ പലിശ സബ്സിഡി നൽകുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 6032, 6128, 6129 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

ചോദ്യോത്തര സമയം കഴിഞ്ഞു.

10.00 AM]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4414-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: 14-ാം കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ 25-6-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4414-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 14-ാം കേരള നിയമസഭയുടെ 15-ാം സമ്മേളനത്തിൽ 25-6-2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4414-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## III അടിയന്തരപ്രമേയം

### ലോക്കപ്പ് മർദ്ദനം

മി. സ്പീക്കർ: റൂൾ 50 പ്രകാരം നൽകിയ നോട്ടീസിൽ, ആവർത്തിച്ച് ഒരേ വിഷയംതന്നെ വന്നിരിക്കുകയാണെന്നുള്ള നിർഭാഗ്യകരമായ ഒരു സാഹചര്യമുണ്ടെന്ന് ചെയർ പറയുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ കാര്യങ്ങൾ നിരന്തരമായി രണ്ട് തവണ നമ്മൾ ചർച്ച ചെയ്തതായിരുന്നു. സമൂഹത്തിൽ ഇക്കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നതുകൊണ്ട് ഇത് എടുക്കേണ്ട എന്നൊരു സമീപനം സ്വീകരിക്കുന്നില്ല. പക്ഷേ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ പുതിയ വിഷയത്തെ കേന്ദ്രീകരിച്ചുകൊണ്ട് മാത്രം സംസാരിക്കുന്നതാണ് യുക്തി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 52(iii)-ന് എതിരാണ് ഈ അടിയന്തരപ്രമേയം. ഇടുക്കി നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കുടുംബപ്രശ്നത്തിന്റെ പേരിൽ കസ്റ്റഡിയിലെടുത്ത ഓട്ടോ ഡ്രൈവർ ഹക്കിമിന്റെ പ്രശ്നം ഈ വിശദീകരണക്കുറിപ്പിൽ പറയുന്നുണ്ട്. അതോടൊപ്പംതന്നെ വരാപ്പുഴ ശ്രീജിത്തിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട പ്രശ്നവും ഇന്നലെ വിദ്യാർത്ഥികൾക്കുനേരെ തലസ്ഥാനത്ത് നടന്ന മർദ്ദനത്തെപ്പറ്റിയും നെടുങ്കണ്ടം സ്വദേശി രാജ്കുമാറിനെ നിഷ്ഠൂരമായി ഉരുട്ടി കൊലപ്പെടുത്തിയതും ഇതിൽ വരുന്നുണ്ട്. ഏതെങ്കിലും ഒരു പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ടുമാത്രമേ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകാൻ പാടുള്ളൂ. .....(ബഹളം)..... വിദ്യാർത്ഥികളുമായി ബന്ധപ്പെട്ട് ഇന്നലെ നടന്ന ലാത്തിച്ചാർജ്ജ് ബഹുമാനപ്പെട്ട

* അനുബന്ധമായി ചേർത്തിരിക്കുന്നു

പ്രതിപക്ഷനേതാവിന്റെ ആദ്യത്തെ സബ്മിഷനാണ്. അതേ പ്രശ്നം തന്നെയാണ് ഇവിടെ അടിയന്തരപ്രമേയത്തിന്റെ നോട്ടീസിലും കൊടുത്തിട്ടുള്ളത്. മിനിഞ്ഞാന്ന് അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത ശ്രീജിത്തിന്റെ പ്രശ്നം വീണ്ടും വരികയാണ്. നാല് പ്രശ്നങ്ങളാണ് അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഇവിടെ ബഹുമാനപ്പെട്ട സ്പീക്കറുടെ മുമ്പിലുള്ളത്. ഇതിൽ ഏത് പ്രശ്നമാണ് ചർച്ച ചെയ്യാൻ പോകുന്നത്? ഇന്നലെ നടന്ന വിദ്യാർത്ഥികളുടെ ലാത്തിച്ചാർജ്ജാണോ; ഓട്ടോ ഡ്രൈവർ ഹക്കിമിന്റെ പ്രശ്നമാണോ? ഏതാണ്? (...ബഹളം...)

മി. സ്പീക്കർ: ഞാൻ പറയട്ടെ. ബഹുമാനപ്പെട്ട അംഗങ്ങൾ എഴുതി നൽകിയ നോട്ടീസ് ഞാൻ വായിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി അങ്ങ് നൽകിയ ഒരുത്തരവിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല.

മി. സ്പീക്കർ: ചോദ്യം ചെയ്തില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കർ ഒരു റൂളിംഗ് നൽകിയാൽ പിന്നെ അതിനെ ചോദ്യം ചെയ്യുന്നത് ശരിയല്ല. പാർലമെന്ററികാര്യ വകുപ്പുമന്ത്രി അങ്ങയെ സഹായിക്കാൻ ബാധ്യസ്ഥനായ ആളാണ്. സഭാനടപടികൾ നന്നായി കൊണ്ടുപോകാൻ ചെയറിനെ സഹായിക്കാനും ഗവൺമെന്റിനെ സഹായിക്കാനും പ്രതിപക്ഷവുമായി യോജിപ്പിച്ചുകൊണ്ടുപോകേണ്ട ഏറ്റവും വലിയ ഉത്തരവാദിത്തമുള്ളയാളാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി. ഒന്ന്, അദ്ദേഹം സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്തിരിക്കുന്നു. രണ്ട്, ഇതൊരു പുതിയ വിഷയമാണ്. അത് പറയുമ്പോൾ വിശദീകരണക്കുറിപ്പിൽ പല സംഭവങ്ങളും പറഞ്ഞുകാണും. ഇപ്പോൾ പുതിയതായി ഉണ്ടായത്, ഓട്ടോ ഡ്രൈവർ ഹക്കിമുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അതാണ് ഞങ്ങൾ പ്രധാനമായും ഫോക്കസ് ചെയ്യുന്നത്. അതിനോട നുബന്ധമായി പോലീസ് ചെയ്ത ക്രൂരകൃത്യങ്ങളെപ്പറ്റി പ്രതിപാദിച്ചുകാണും. അതുകൊണ്ട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

മി. സ്പീക്കർ: വിശദീകരണക്കുറിപ്പിൽ.....(ബഹളം).....ഞാൻ ഒന്ന് പറഞ്ഞോട്ടെ.....

ശ്രീ. വി. ഡി. സതീശൻ : സർ, ചട്ടം 52(iii)-ൽ പറയുന്നത് "The motion shall be restricted to a specific matter of recent occurrence" എന്നാണ്. അതാണ് അദ്ദേഹം പറഞ്ഞത്. Motion അതാണ്. Motion-ന് ഒരു single instance മാത്രമാണ് പറയുന്നത്. ബഹുമാനപ്പെട്ട അംഗം അത് പ്രസന്റ് ചെയ്യുമ്പോൾ ആ പോയിന്റ് substantiate ചെയ്യുന്നതിനുവേണ്ടി അഡീഷണലായിട്ടുള്ള കാര്യങ്ങൾ പറയും. Adjournment motion-ൽ അത് സ്വാഭാവികമല്ലേ? Motion-നകത്ത് single instance മാത്രമേയുള്ളൂ. വേറെ ഇഷ്യൂസൊന്നുമില്ല.

മി. സ്പീക്കർ: വിശദീകരണക്കുറിപ്പിൽ ഒട്ടനവധി കാര്യങ്ങൾ പറഞ്ഞതു കൊണ്ടാണ് ഞാൻ ഈ മുന്നറിയിപ്പ് നൽകിയത്. പൊന്തക്കാട്ടിൽ അടിക്കുന്നതു പോലെ എല്ലാ കാര്യങ്ങളും പറയുന്നത് അടിയന്തരപ്രമേയത്തിന്റെ അവതരണ സമയത്ത് ശരിയല്ല എന്നതാണ് ഞാൻ ഉദ്ദേശിച്ചത്. ബഹുമാനപ്പെട്ട അംഗങ്ങൾ എഴുതി നൽകിയ നോട്ടീസ് പ്രകാരം "നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ക്രൂരമർദ്ദനംമൂലം രാജ്കുമാർ കൊല്ലപ്പെട്ട ജൂൺ 13-ന് തന്നെ മുണ്ടിയെരുമ സ്വദേശിയായ ഓട്ടോ ഡ്രൈവർ ഹക്കിം ക്രൂരമർദ്ദനത്തിനിരയായി എന്ന വാർത്തകൾ കേരളാ പോലീസിന് തികച്ചും അപമാനകരമാണ്. തുടർച്ചയായ ലോക്കപ്പ് മർദ്ദനങ്ങളും പോലീസിന്റെ നരനായാട്ടും ആവർത്തിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം." ഇത്രയേ അദ്ദേഹത്തിന്റെ നോട്ടീസിലുള്ളൂ. ആ നോട്ടീസിലുള്ള കാര്യങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്നാണ് അദ്ദേഹത്തോട് ആവശ്യപ്പെട്ടത്. അതുകൊണ്ട് വിശദീകരണക്കുറിപ്പിൽ ഇത്തരം കാര്യങ്ങൾ കൂടി പറയുന്നുവെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. അതുകൊണ്ടാണ് ഞാനത് മുൻകൂട്ടി പറഞ്ഞത്. ഈ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം.

നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ മുണ്ടിയെരുമ സ്വദേശിയായ ഓട്ടോ ഡ്രൈവർ ഹക്കിം ക്രൂരമർദ്ദനത്തിനിരയായതുമൂലവും പോലീസിന്റെ നരനായാട്ട് ആവർത്തിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. എം. ഷാജി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ ഷാഫി പറമ്പിലിന്റെ അടിയന്തരപ്രമേയ നോട്ടീസും പിന്നീട് അതിന്റെ തിരുത്തൽ കുറിപ്പും കിട്ടി. തിരുത്തൽ കുറിപ്പിൽ കൊല്ലപ്പെട്ട രാജ്കുമാറിനെ കസ്റ്റഡിയിലെടുത്ത ദിവസം തന്നെയാണ് ഹക്കിമിനെയും കസ്റ്റഡിയിലെടുത്തതെന്ന് പറയുന്നു. ഇവിടെ, ബഹുമാന്യനായ പി. ടി. തോമസ് അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ പറഞ്ഞത് ജൂൺ 12-ന് രാജ്കുമാറിനെ കസ്റ്റഡിയിലെടുത്ത പോലീസ് അഞ്ച് ദിവസം കഴിഞ്ഞ് ജൂൺ 17-ാം തീയതി മാത്രമാണ് കോടതിയിൽ ഹാജരാക്കിയതും റിമാൻഡ് ചെയ്തതും എന്നായിരുന്നു. എന്നാൽ പോലീസ് റെക്കോർഡ് പ്രകാരം നേരത്തേ സൂചിപ്പിച്ചതുപോലെ, ജൂൺ മാസം 15-ാം തീയതിയെന്നാണ് കാണുന്നതെന്നും ഇക്കാര്യങ്ങൾ ഉൾപ്പെടെ അന്വേഷണത്തിന്റെ ഭാഗമായി പരിശോധിച്ച് നിജസ്ഥിതി കണ്ടെത്തുന്നതാണെന്നുമാണ് അന്ന് ആ പ്രശ്നം സംബന്ധിച്ച് ഞാൻ പറഞ്ഞിരുന്നത്. അതിന്റെ വസ്തുത അന്വേഷണത്തിലൂടെ തെളിയട്ടെ. ഇവിടെ ബഹുമാന്യനായ

ഷാഫി പറമ്പിൽ പറയുന്നത്, രാജ്കുമാറിനെ കസ്റ്റഡിയിലെടുത്ത ദിവസം തന്നെയാണ് ഹക്കിമിനെയും കസ്റ്റഡിയിലെടുത്തത് എന്നാണ്. എന്നാൽ ഹക്കിമിനെ കസ്റ്റഡി യിലെടുത്തത് ജൂൺ 14-ന് രാത്രി പത്തേകാലിന് ആണെന്നാണ് പോലീസ് റിപ്പോർട്ട്. കസ്റ്റഡിയിലെടുത്തതുമായി ബന്ധപ്പെട്ട് രണ്ട് തീയതി ഇവിടെ പറയുന്നുണ്ട്. ഇതിൽ ഏതാണ് ശരിയെന്ന് നിങ്ങൾ തമ്മിൽ ചർച്ച ചെയ്ത് തീരുമാനിച്ചാൽ മതി. ഇവിടെ അദ്ദേഹം ഉന്നയിച്ച പ്രശ്നം, ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷൻ പരിധിയിൽ മുണ്ടിയെരുമ ഭാഗത്ത് ബ്ലോക്ക് നമ്പർ 997-ാം നമ്പർ വീട്ടിൽ താമസിക്കുന്ന ഹക്കിമിന്റെ ഭാര്യ റസീനയെ 13-6-2019-ന് വൈകുന്നേരം ഭർത്താവായ ഹക്കിം ദേഹോപദ്രവം ഏൽപ്പിച്ചതായും ഭീഷണിപ്പെടുത്തിയതായും വലത് കൈത്തണ്ടയിലെ അസ്ഥിക്ക് പൊട്ടൽ സംഭവിച്ചതായും 14-6-2019-ൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ഹാജരായി മൊഴി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ IPC 323, 326, 506 (1) എന്നീ വകുപ്പുകൾപ്രകാരം ക്രൈം നമ്പർ 305/19 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 14-6-2019-ന് രാത്രി 10.15-ന് പ്രതിയെ അറസ്റ്റ് ചെയ്ത് 15-6-2019-ന് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. 1-7-2019-ൽ ജാമ്യത്തിൽ പുറത്തിറങ്ങിയ ഹക്കിം കണ്ടാലറിയാവുന്ന രണ്ട് പോലീസ് ഉദ്യോഗസ്ഥർ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ വച്ച് ദേഹോപദ്രവം ഏൽപ്പിച്ചുവെന്നാരോപിച്ച് 2-7-2019-ൽ നെടുങ്കണ്ടം താലൂക്കാശുപത്രിയിൽ ചികിത്സയ്ക്കായി ചെല്ലുകയും പരിശോധിച്ച ഡോക്ടർ എക്സ്റേ എടുക്കാൻ നിർദ്ദേശി ച്ചെങ്കിലും പുറത്തിറങ്ങിയ ഹക്കിം ആശുപത്രിയിൽ മടങ്ങിയെത്താതെ നെടുങ്കണ്ടം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സ തേടിയിട്ടുള്ളതുമാണ്. വിവരമറിഞ്ഞ് നെടുങ്കണ്ടം സ്റ്റേഷൻ ഹൗസ് ഓഫീസർ ആശുപത്രിയിലെത്തി ഹക്കിമിന്റെ മൊഴി രേഖപ്പെടുത്തി. കണ്ടാലറിയാവുന്ന രണ്ട് പോലീസ് ഉദ്യോഗസ്ഥരെ പ്രതിയാക്കി IPC 341, 323, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 321/19 ആയി നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 15-6-2019-ൽ കോടതിയിൽ ഹാജരാക്കിയപ്പോഴോ മെഡിക്കൽ പരിശോധനാ വേളയിലോ ഇത്തരത്തിൽ പരാതികളൊന്നും ഉന്നയിച്ചിട്ടില്ലാത്തതാണ്.

പൊതുവിദ്യാഭ്യാസ മേഖലയിലുള്ള ഒരു പ്രശ്നം ഇതിന്റെ കൂടെ പറയുന്നു. അത് ഇതിന്റെ ഭാഗമായി പറയേണ്ടതുണ്ടോ; അതിന് മറുപടി സബ്മിഷനിൽ പറഞ്ഞാൽ പോരേ?

മി. സ്പീക്കർ: അതിൽ പറഞ്ഞാൽ മതി.

ശ്രീ. പിണറായി വിജയൻ: സർ, ഈ പ്രശ്നം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ....(ബഹളം)....

ശ്രീ. ഷാഫി പറമ്പിൽ: സർ, എല്ലാ ദിവസവും കസ്റ്റഡി മരണങ്ങളുടെ വിഷയം ഇവിടെ പറയുന്നു എന്നുള്ളതാണ് ഇത് അവതരിപ്പിക്കുന്നതിനുള്ള തടസ്സമായി പറഞ്ഞത്. ആഗ്രഹം ഉണ്ടായിട്ടല്ല, കൃത്യമായ ഇടവേളകളിൽ ആളെ കൊല്ലുന്നത് നിർത്താൻ പോലീസിനോട് പറയണമെന്നുള്ളതാണ് ഞങ്ങളുടെ ആദ്യത്തെ അഭ്യർത്ഥന. ഇവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് നല്ലകാര്യം തന്നെയാണ്. പോലീസ് സ്റ്റേഷനിലെ കാര്യങ്ങൾ ഓർഡറിലാണെന്ന് ഉറപ്പുവരുത്താൻ മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പിനും ഗവൺമെന്റിനും കഴിഞ്ഞാൽ ഇവിടെ കാര്യങ്ങൾ ഓർഡർ അനുസരിച്ച് നടക്കുമെന്നുള്ള കാര്യത്തിൽ സംശയം വേണ്ട. കെവിന്റെ സംഭവത്തിൽ മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞ വാചകങ്ങൾ വായിക്കാം, "പോലീസും അതുമായി ബന്ധപ്പെട്ടവരും ഗൗരവമായ നടപടി എടുത്തിട്ടില്ലെന്നുള്ളതാണ് പോലീസ് കണ്ടെത്തിയിരിക്കുന്നത്. അതിന്റെ ഭാഗമായാണ് പോലീസിനെതിരെയും ഉത്തരവാദപ്പെട്ട ആളുകൾക്കെതിരെയും സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ ഇത്തരം വീഴ്ചകൾ അംഗീകരിക്കാൻ കഴിയുന്നതല്ല. അതുമായി ബന്ധപ്പെട്ട് കർക്കശമായ നിലപാടിലേയ്ക്ക് സർക്കാർ നീങ്ങുമെന്നാണ് വ്യക്തമാക്കാനുള്ളത്. തെറ്റുപറ്റിയ, ബോധപൂർവ്വം വീഴ്ച വരുത്തിയ, ഇതിന്റെ ഭാഗമായി ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ ചെയ്ത, ഒരു പോലീസ് ഉദ്യോഗസ്ഥനെയും സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ല. കർക്കശമായ നടപടികളിലേയ്ക്കുതന്നെ കടക്കും.”
ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമ്പോൾ നിങ്ങൾ കയ്യടിക്കാറുണ്ട്. അദ്ദേഹം പിന്നീട് പറഞ്ഞത്, “ഇന്നത്തെ ദിവസത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഇതൊക്കെ വിധിവൈപരീത്യമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ഇന്ന് അടിയന്തരാവസ്ഥയുടെ ഓർമ്മ വരുന്ന ദിനമാണല്ലോ. പോലീസ് ലോക്കപ്പിൽ ഭീകരമായ മർദ്ദനത്തിനിരയായി മരണപ്പെട്ട സംഭവത്തിന് മറുപടി പറയേണ്ട അവസ്ഥ എനിക്കുതന്നെ വരേണ്ടിവന്നതിലാണ് ഞാൻ വിധിവൈപരീത്യമെന്ന് പറയുന്നത്". അങ്ങ് വിധിയിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതല്ല ഞങ്ങളുടെ പ്രശ്നം, പോലീസ് സ്റ്റേഷനകത്ത് വരുന്നയാളുകളുടെ വിധി അധോഗതിയായി മാറുന്നു എന്നുള്ളതാണ് ഇപ്പോൾ കേരളത്തിന്റെ പ്രശ്നം. എന്നിട്ട് അദ്ദേഹംതന്നെ പറയുന്നുണ്ട് "അത്തരത്തിലുള്ള ഒരു നടപടിയെയും ന്യായീകരിക്കേണ്ട ആവശ്യം സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇല്ല. ഒരു തെറ്റിനെയും അംഗീകരിക്കാൻ സർക്കാർ തയ്യാറുമല്ല. അദ്ദേഹം നടത്തിയ തട്ടിപ്പുമായി ബന്ധപ്പെട്ട് പോലീസ് കസ്റ്റഡിയിലെടുത്താൽ സാധാരണ നിലയിലുള്ള നടപടിക്രമങ്ങൾ പാലിച്ച് കോടതിയിൽ ഹാജരാക്കുകയാണ് വേണ്ടത്. അതിന് വിപരീതമായി സംഭവിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് ഗൗരവമായിതന്നെ സർക്കാർ കാണും. ഇതുമായി ബന്ധപ്പെട്ട ഉത്തരവാദികൾ ആരായാലും അവർക്കെതിരെ കർക്കശ നടപടിയുണ്ടാകും.” ഇത്

രാജ്കുമാറിന്റെ മരണവുമായി ബന്ധപ്പെട്ട് പറഞ്ഞതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഈ സി.ഡി. ഒന്ന് മാറ്റിയിടാൻ തയ്യാറാകണമെന്നുള്ളതാണ് കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഞങ്ങൾക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോഴിതാ പുതിയൊരു സംഭവം വന്നിരിക്കുന്നു. അതേ നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ മറ്റൊരു കൊല്ലാക്കൊല. ഞങ്ങൾ പറഞ്ഞതല്ല. പത്രങ്ങളിൽ വെണ്ടയ്ക്ക അക്ഷരത്തിൽ മുൻപേജിൽ അച്ചടിച്ച് വന്നതാണ്. ഇവിടെയൊരു മന്ത്രി ഇരുന്ന് ചോദിക്കുകയാണ് 'ഭാര്യയെ തല്ലിയതുകൊണ്ടല്ലേ" എന്ന്. ഭാര്യയെ തല്ലിയാൽ പോലീസിന് അയാളെ തല്ലിക്കൊല്ലാൻ അവകാശമുണ്ടെന്ന് ഒരു മന്ത്രിപോലും വിശ്വസിക്കുമ്പോൾ എങ്ങനെയാണ് ഈ നാട്ടിൽ പോലീസ് സ്റ്റേഷനകത്ത് ക്രമസമാധാനവും നിയമപാലനവും നടക്കുകയെന്നുള്ളത് പരിശോധിക്കേണ്ടതാണ്. മർദ്ദിച്ച് അവസാനം അയാൾ ലോക്കപ്പിന്റെ കമ്പിയിൽ പിടിച്ചുനിന്നപ്പോൾ, ലോക്കപ്പിന്റെ കമ്പി വരെ വളഞ്ഞു പോയി എന്നാണ് പത്രങ്ങൾ പറയുന്നത്. അതിൽ ഏറ്റവും വേദനാജനകമായ കാര്യം, ലോക്കപ്പിന്റെ കമ്പി നേരെയാക്കാൻ അടിയന്തരമായി 4,000 രൂപ കൊണ്ടുവരാൻ ഈ പറയുന്ന ആളുടെ അമ്മയോട് പോലീസ് ആവശ്യപ്പെട്ടു. 4,000 രൂപ പെട്ടെന്ന് ഉണ്ടാക്കാൻ വഴിയില്ലാത്തതുകൊണ്ട് തൊട്ടപ്പുറത്തുള്ള ഒരു ലെയ്ത്തിൽ നിന്ന് ആളെ കൊണ്ടുവന്ന് 700 രൂപയ്ക്ക് അവർ ആ പണി നടത്തിയിട്ട് പോയി. അതിൽപോലും ലാഭം കണ്ടെത്തുന്ന ആളുകളെയുംകൊണ്ട് നാട്ടിലെ ക്രമസമാധാനം നടത്താൻ തീരുമാനിച്ചാൽ ഇത്തവണ മാത്രമല്ല എല്ലാത്തവണയും ഇത്തരത്തിൽ പറയേണ്ടതായിവരും. കസ്റ്റഡി മരണങ്ങളെ സംബന്ധിച്ച് പത്രങ്ങൾ പറയുന്നുണ്ട്. പക്ഷേ മുഖ്യമന്ത്രി പറയുന്നു, അതൊക്കെ ഒറ്റപ്പെട്ട കസ്റ്റഡി മരണങ്ങളാണെന്ന്. ഞാൻ പറയാം, ഒറ്റപ്പെട്ട മരണം 1. കുഞ്ഞുമോൻ, കുണ്ടറ 2. വിനായകൻ, പാവറട്ടി 3. സാബു, പെരുമ്പാവൂർ 4. വിക്രമൻ, മാറനെല്ലൂർ 5. രജീഷ്, തൊടുപുഴ 6. സുമി, ബിച്ചു, കഞ്ഞിക്കുഴി 7. അപ്പുനാടാർ 8. സന്ദീപ്, കാസർഗോഡ് 9. ഉനൈസ്, പിണറായി 10. അനീഷ് 11. സ്വാമിനാഥൻ 12. നവാസ് 13. ശ്രീജിത്ത് 14. രാജ്കുമാർ. എല്ലാ ദിവസവും ആളെ കൊല്ലുന്നതിനാണോ ഒറ്റപ്പെട്ട മരണമെന്ന് ഇവിടെ പറയുന്നത്? ഇതൊന്നും ഞങ്ങൾ കൃത്രിമമായി പറയുന്നതോ രജിസ്റ്റർ ചെയ്യതോ അല്ല. ഈ സർക്കാരിന്റെ കാലത്ത് പ്രത്യക്ഷമായും പരോക്ഷമായും പോലീസുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ 7 കസ്റ്റഡി മരണങ്ങളിലുൾപ്പെടെ മരണമടഞ്ഞവർ 32 ആണെന്നാണ് പത്രങ്ങൾ പറയുന്നത്. ഇതൊന്നും ഞങ്ങൾ പറയുന്നതല്ല. പോലീസ് പിന്തുടരേണ്ടത് രാജ്യത്തെ നീതിയും നിയമവ്യവസ്ഥയുമാണ്. അല്ലാതെ പാർട്ടി കോടതിയുടെ ശൈലിയിലേയ്ക്ക് പോലീസ് മാറരുത് എന്നുള്ളത് നിങ്ങൾ ഒരു അറിയിപ്പായി കൊടുക്കണം. പോലീസ് നോക്കുമ്പോൾ പാർട്ടി കോടതി ആളെ വിധിക്കുന്നു, കൊല്ലുന്നു, ഇവിടെ ചില ചാനലുകളൊക്കെ പറഞ്ഞതുപോലെ 'ഒരു മരണം, അത് പാർട്ടിക്ക് പെട്ടെന്നുണ്ടായ ഒരു തീരുമാനത്തിന്റെ പേരിൽ തീരുമാനിച്ചതാണ്

എന്നാണ്. പരസ്യമായി ആളുകളുടെ മുന്നിൽ പിടിച്ചുകൂട്ടി ആളെ കൊല്ലാം. ഷുഹൈബിനെ കൊല്ലാം, ഷുക്കൂറിനെ കൊല്ലാം, കൃപേഷിനെ കൊല്ലാം, ശരത് ലാലിനെ കൊല്ലാം. അവർ നോക്കുമ്പോൾ ആ പ്രതികൾക്കെല്ലാം രാജകീയ സ്വീകരണമാണ് ലഭിക്കുന്നത്. ടി. പി. ചന്ദ്രശേഖരനെ കൊന്ന കേസിലെ പ്രതികൾക്ക് എല്ലാവിധ മാനുഷിക പരിഗണനകളും പരോളും സംരക്ഷണവുമൊക്കെ നൽകുന്നു. ശ്രീജിത്തിനെ പോലീസ് സ്റ്റേഷനിൽ വച്ച് അടിച്ച് അവശനാക്കിയ സമയത്ത് വെള്ളം ചോദിച്ച മകന്റെ മുന്നിൽ ഒരു മൊന്ത വെള്ളവുമായി വന്നപ്പോൾ അതുപോലും കൊടുക്കാൻ അനുവദിക്കാതെ തട്ടിമാറ്റി അവരെ ആക്ഷേപിച്ചയച്ച് അവനെ തല്ലിക്കൊന്നപ്പോഴും ശക്തമായ നടപടിയുണ്ടാകുമെന്ന് പറഞ്ഞു. ഇപ്പോൾ രാജ്കുമാറിനെ കൊന്നതും അങ്ങനെതന്നെയാണ്. ആഹാരവും വെള്ളവും കൊടുക്കാതെ തല്ലിക്കൊല്ലുകയാണ് ചെയ്തത്. കുറ്റം ചെയ്തവർ ഫ്രോഡാണെന്ന് ഒരു മന്ത്രിയും ഇവിടെ പറയുന്നുണ്ട്. കഴിഞ്ഞ ദിവസം ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ, ആഭ്യന്തരവകുപ്പ് ഇടുക്കിയിൽ ഒരു ബ്രാഞ്ച് തുടങ്ങിയിട്ടുണ്ടോ? അവിടെ വേറൊരു സഹമന്ത്രിയെ വച്ചിട്ടുണ്ടോ? ഇപ്പോൾ വാർത്തകൾ പുറത്തുവരുന്നത്, രാജ്കുമാറിന്റെ കേസിലുൾപ്പെടെയുള്ള അന്വേഷണത്തിൽപ്പെട്ട ഉദ്യോഗസ്ഥനെ ഒരു കല്യാണചടങ്ങിൽവച്ച് കസേരയിൽ തൊട്ടടുത്തിരുത്തി ആ ജില്ലയിൽ നിന്നുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണി വിശദമായി ചർച്ച നടത്തി എന്നാണ്. ഇതൊന്നും ഞങ്ങൾ പറയുന്നതല്ല. നിങ്ങൾക്കും വായിക്കാൻ കഴിയുന്നുണ്ടാകും.

മി. സ്പീക്കർ: അങ്ങ് എഴുതി നൽകിയ പ്രമേയത്തിൽ അത് പറഞ്ഞിരുന്നോ? ഹക്കിമിനെ സംബന്ധിച്ച് പറയാനുള്ളത് പറയൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇതിനെല്ലാം ഉത്തരവാദികളായ എസ്.പി. ഉൾപ്പെടെയുള്ള ആളുകൾക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്നുള്ളതുകൊണ്ടാണ് വീണ്ടും പറയേണ്ടിവരുന്നത്. അതുകൊണ്ടാണ് രാജ്കുമാറിന്റെയും ഹക്കിമിന്റെയും സംഭവവുമുണ്ടായത്. ശ്രീ. പി. ടി. തോമസും ഞാനും തമ്മിൽ ഒരു ധാരണയിലെത്തണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങേയ്ക്ക് ഒരു ധാരണയുണ്ടായാൽ മതി. അങ്ങ് ഒന്ന് പറയണം, ഈ രാജ്കുമാറിനെ സ്റ്റേഷനിലേക്ക് കൊണ്ടുവന്നത് പോലീസ് പറയുന്നതുപോലെ ജൂൺ 15-നാണോ അതോ ജൂൺ 12-നാണോ എന്നതിൽ കേരളത്തിന്റെ ആഭ്യന്തരവകുപ്പ് മന്ത്രിക്ക് ഒരു ധാരണയുണ്ടോ? പോലീസ് അങ്ങയെപ്പോലും തെറ്റിദ്ധരിപ്പിക്കുകയല്ലേ. അങ്ങേയ്ക്ക് കൃത്യമായൊരു വിവരം തരുന്നുണ്ടോ? പിന്നെയാണോ ശ്രീ. പി. ടി. തോമസും, ഷാഫി പറമ്പിലും?

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...നോട്ടീസിലൊതുങ്ങി നിന്ന് സംസാരിച്ച് അവസാനിപ്പിക്കൂ.

ശ്രീ. ഷാഫി പറമ്പിൽ: കേരളത്തിന്റെ ആഭ്യന്തരവകുപ്പ് മന്ത്രിയെപ്പോലും തെറ്റിദ്ധരിപ്പിക്കുന്ന റിപ്പോർട്ട് നൽകുമ്പോൾ പിന്നെ ഞങ്ങൾക്കെങ്ങനെയാണ് വ്യക്തമായ ചിത്രം ലഭിക്കുന്നത്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.

ശ്രീ. വി. ഡി. സതീശൻ: മുമ്പ് സംസാരിച്ചവർക്കൊക്കെ പത്ത് മിനിട്ട് സമയം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: 10 മിനിട്ടെന്ന് നിയമമൊന്നുമില്ല. അങ്ങനെ ആരാണ് പറഞ്ഞത്. ചട്ടം വായിച്ചുനോക്കൂ.

ശ്രീ. ഷാഫി പറമ്പിൽ: ഒരാളെ വധശിക്ഷയ്ക്ക് വിധിക്കുമ്പോൾ കോടതി പാലിക്കുന്ന ചില നടപടിക്രമങ്ങളുണ്ട്. ഒരു സെഷൻ കോടതി വധശിക്ഷയ്ക്ക് വിധിച്ചാൽ ഹൈക്കോടതി റാറ്റിഫിക്കേഷന് വിധേയമായി, പിന്നെയും വധിക്കുന്നതിനുമുമ്പ് പ്രസിഡന്റ് ഓഫ് ഇന്ത്യവരെയെത്തി നടപ്പിലാക്കുന്ന വിധി, ഇപ്പോൾ പോലീസ് സ്റ്റേഷനിലേയ്ക്ക് കൊണ്ടുവന്ന് നേരിട്ട് നടപ്പിലാക്കാൻ പോലീസുകാർ തീരുമാനിക്കുകയാണ്. അത് പാർട്ടി കോടതിയുടെ രീതിയാണ്. അതല്ല പോലീസ് പിന്തുടരേണ്ടത്. ഇനി അതല്ല, കുറ്റത്തിന്റെ തീവ്രത വച്ചിട്ടാണ് ആളുകളെ ശിക്ഷിക്കേണ്ടതെന്നാണ് പോലീസ് നിയമമെങ്കിൽ, എങ്ങനെയാണ് ആരോഗ്യ പ്രശ്നങ്ങളുടെ പേരിൽ പരോളിലിറങ്ങിയ മുഹമ്മദ് ഷാഫിക്ക് സർക്കാർ ഉല്ലാസത്തിനുവേണ്ടി മൈക്കിൾ ജാക്സനെ തോൽപ്പിക്കുന്ന പാട്ടും നൃത്തവും സോഷ്യൽ മീഡിയയിലൂടെ സംപ്രേക്ഷണം ചെയ്യുന്ന അവസ്ഥയുണ്ടാകുന്നത്? എങ്ങനെയാണ് ജയിലിൽ കിടന്നതിനെക്കാളും കൂടുതൽ ദിവസം പലർക്കും പരോൾ ലഭിക്കുന്നത്? എങ്ങനെയാണ് ജയിലിനകത്തുവച്ച് ക്വട്ടേഷനെടുത്തിട്ട് പുറത്തുവന്ന് കാശ് വാങ്ങുന്നത്? എങ്ങനെയാണ് ജയിലിനകത്തുനിന്ന് ഐ.എസ്.ഡി. ഫോണിൽ വിളിച്ച് ആളുകളോട് കള്ള സ്വർണ്ണമെടുക്കാൻ ഭീഷണിപ്പെടുത്തുന്നത്? അവർക്കൊക്കെ ലഭിക്കുന്നത് രാജകീയ സൗകര്യങ്ങളാണ്. അതുപോലെതന്നെ ഉത്തരവാദപ്പെട്ട ഉന്നത ഉദ്യോഗസ്ഥൻ എസ്.പി.യായിരുന്ന സ്ഥലത്ത്, ശ്രീജിത്തിന്റെ മരണവുമായി ബന്ധപ്പെട്ട് സസ്പെൻഷൻ കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഡി.ഐ.ജി.യായി കിട്ടുന്ന പ്രൊമോഷൻ, ഇതൊക്കെ ആളുകളെ കൊതിപ്പിക്കുന്നുണ്ടാകും, ആളുകളെ കൊന്നാൽ സംരക്ഷിക്കാൻ ആളുണ്ടെന്നുള്ള ബോധമാണ്. അങ്ങ് പോലീസിന്റെ ജാഗ്രതയെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. വേണ്ടപ്പെട്ടവരെ തെരഞ്ഞ് വേണ്ടപ്പെട്ടവർ വരുമ്പോൾ അവർക്ക് മുൻകൂർജാമ്യം കിട്ടുന്നതുവരെ അറസ്റ്റുചെയ്യാതിരിക്കാൻ ജാഗ്രത കാണിക്കുന്ന പോലീസ്, അതേ ജാഗ്രത ഈ തെരുവിൽ സമരം നടത്തുന്ന പാവപ്പെട്ട വിദ്യാർത്ഥികളുടെ തലയും താടിയെല്ലും തല്ലിപ്പൊളിക്കാതിരിക്കാനും കാണിക്കണമെന്നുള്ള

ഒരഭ്യർത്ഥനകൂടി ഞങ്ങൾ മുന്നോട്ട് വയ്ക്കുകയാണ്. കെ.എസ്.യു. പ്രവർത്തകർക്ക് നേരെ നടന്ന മൃഗീയമായ ആക്രമണം, അവർക്ക് ചികിത്സ നിഷേധിക്കുന്ന സംഭവം, ഇതൊന്നും അംഗീകരിക്കാൻ കഴിയാവുന്ന സംഭവങ്ങളായി ഞങ്ങൾക്ക് അനുഭവ പ്പെടുന്നില്ല അതുകൊണ്ട് ഇത് ആവർത്തിക്കപ്പെടാതിരിക്കണം. ഇവിടെ ഒരു കസ്റ്റഡി മരണവും നടക്കാത്ത കാലഘട്ടമുണ്ടായിട്ടുണ്ട്.

മി. സ്പീക്കർ : പ്ലീസ്... കൺക്ലൂഡ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, നടന്ന കസ്റ്റഡി മരണത്തിൽ ജുഡീഷ്യൽ അന്വേഷണം ഈ സഭയ്ക്കകത്ത് പ്രഖ്യപിച്ച കാലഘട്ടമുണ്ടായിട്ടുണ്ട്. അതൊന്നും പരിഗണിക്കാതെ ഇവിടെ ആളുകളെ തല്ലിക്കൊല്ലുന്നവരെ ന്യായീകരിക്കുന്ന തരത്തിലുള്ള ഇടപെടലുകളുണ്ടാകുന്നത് സംഭവം ആവർത്തിക്കാനേ കാരണമാകുന്നുള്ളൂ. അങ്ങ് ദയവായി ആഭ്യന്തര മന്ത്രി പദം ഒഴിയുന്നതായിരിക്കും നല്ലത്, അല്ലെങ്കിൽ അഞ്ച് വർഷംകൊണ്ട് ഏറ്റവും കൂടുതൽ നിരപരാധികളെ പോലീസ് സ്റ്റേഷനകത്ത് ക്രൂരമായി പീഡിപ്പിച്ച കാലഘട്ടമെന്നുള്ള പേരിലായിരിക്കും ഈ ഭരണകാലയളവ് അറിയപ്പെടുന്നത്. ആവർത്തിച്ചുവരുന്ന ഈ സംഭവം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽകൂടി ആവശ്യപ്പെടുന്നു.(....ബഹളം....)

മി. സ്പീക്കർ: പത്ത് മിനിട്ടെന്ന് ആര് തീരുമാനിച്ചതാണ്. അങ്ങനെ തീരുമാനിച്ചിട്ടൊന്നുമില്ല, ചട്ടം വായിച്ചുനോക്കൂ. (...ബഹളം...) നിങ്ങൾ തുടർച്ചയായി ചെയറിനെ ഭീഷണിപ്പെടുത്തരുത്. പരമാവധി പ്രതിപക്ഷത്തിനെ ഞാൻ സംരക്ഷിക്കുന്നുണ്ട്. (....ബഹളം....) ഈ ചട്ടത്തിൽ അത് പറഞ്ഞിട്ടുണ്ടോ? ഇത് ശരിയല്ല. തുടർച്ചയായിട്ടുള്ള ഈ സമീപനം ശരിയല്ല. പ്രസ്താവന വായിക്കാം, ഒരു ചെറുപ്രസ്താവന നടത്താം. പക്ഷെ തുടർച്ചയായിട്ട് ഇത് ശരിയല്ല. ചട്ടങ്ങളാണ് നമ്മളെ നയിക്കുന്നത്. (....ബഹളം....) സമ്മർദ്ദത്തിലാക്കരുത്, പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും സംരക്ഷിക്കുന്നതിന് തുടർച്ചയായി നിലപാട് സ്വീകരിക്കുന്നുണ്ട്. അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് നൽകിയ അംഗത്തിന് ഒരു ചെറുപ്രസ്താവന നടത്താമെന്നാണ് ഈ ചട്ടത്തിൽ പറയുന്നത്. ചട്ടം ഒന്ന് വായിച്ചുനോക്കൂ.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിലും ഭരണപക്ഷാംഗങ്ങൾ മുഖ്യമന്ത്രിയുടെ സീറ്റിനരികിലും വന്നുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

പ്ലീസ്... പ്ലീസ്....സീറ്റിൽ പോയിരിക്കൂ. ദയവായി നിങ്ങൾ സീറ്റിൽ പോകൂ. ഓർഡർ...ഓർഡർ... പ്ലീസ്...പ്ലീസ്... ദയവായി നിങ്ങൾ സീറ്റിൽ പോയിരിക്കൂ. നിങ്ങൾ ആദ്യം സീറ്റിൽ പോയി ഇരിക്കൂ. you please take your seat. കുട്ടികളെപ്പോലെ, അവർ പോയാലെ നിങ്ങളും പോകുകയുള്ളൂവെന്നാണോ പറയുന്നത്. അവരും

പോകും. (....ബഹളം....) ഭരണകക്ഷി അംഗങ്ങളാണ് നിങ്ങൾ, ശ്രീ. എ. എൻ. ഷംസീർ, ശ്രീ. വി. ജോയി സീറ്റിൽ പോയി ഇരിക്കൂ. സീറ്റിൽ പോയി ഇരിക്കൂ. (....ബഹളം....). ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കാൻ എഴുന്നേറ്റ് നിൽക്കുകയാണ്, ശ്രീ. കെ. എം. ഷാജി, ശ്രീ. വി. പി. സജീന്ദ്രൻ സീറ്റിൽ പോയി ഇരിക്കൂ. പാർലമെന്ററി ജനാധിപത്യത്തിൽ ചെയർ എഴുന്നേറ്റ് നിന്നതിൽതന്നെ ഒരു മിനിമം മര്യാദയുണ്ട്.

(ബഹുമാനപ്പെട്ട സ്പീക്കർ എഴുന്നേറ്റുനിന്ന് അഭ്യർത്ഥിച്ചതിനെത്തുടർന്ന് സഭാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്കുപോയി.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇവിടെ ബഹുമാന്യനായ ഷാഫി പറമ്പിൽ സംസാരിക്കുമ്പോൾ ഈ നോട്ടീസിൽ പറയുന്ന ഓട്ടോ ഡ്രൈവർ ഹക്കിമിന്റെ കാര്യവുമായി ബന്ധപ്പെട്ട് ഒന്നും സംസാരിച്ചതായി കേട്ടില്ല. ഏതിനാണ് ഞാൻ വിശദീകരണം നൽകേണ്ടതെന്ന് എനിക്ക് തന്നെ മനസ്സിലാകുന്നില്ല. ഇവിടെ കൊലചെയ്യപ്പെട്ട ചില പേരുകൾ അദ്ദേഹം പറയുന്നതായി കേട്ടു. ആ കൂട്ടത്തിൽ ലാൽജി കൊള്ളന്നൂരിന്റെയും മധു ഈച്ചരത്തിന്റെയും ഹനീഫയുടെയും പേര് എന്താണ് അദ്ദേഹം പറയാതിരുന്നതെന്ന് എനിക്ക് അപ്പോൾ മനസ്സിലായില്ല. അതെന്താണെന്ന് പിടികിട്ടിയില്ല. ഇവിടെ കസ്റ്റഡിയിൽവച്ച് തല്ലിക്കൊന്നുവെന്ന ആരോപണത്തെ സംബന്ധിച്ച് നേരത്തെ ഞാൻ വ്യക്തമാക്കിയതാണ് അതിനെക്കുറിച്ച് വീണ്ടും ആവർത്തിച്ചുപറയേണ്ടതായിട്ടില്ല, എന്താണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അന്നുതന്നെ ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ 22-7-2015-ന് ഇപ്പോഴത്തെ പ്രതിപക്ഷനേതാവ് അന്നത്തെ ആഭ്യന്തരവകുപ്പ് കൈകാര്യം ചെയ്ത മന്ത്രി ശ്രീ. എം. ഹംസയുടെ 4507-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ഒരു മറുപടി പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞത്, 'ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, അതായത് അന്നത്തെ യു.ഡി.എഫ്. സർക്കാർ സംസ്ഥാനത്ത് 13 കസ്റ്റഡി മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. വാർഷിക ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു' എന്നാണ്. ഇവിടെ പോലീസ് സംവിധാനത്തിൽ എല്ലാ കാലത്തും ചില തെറ്റായ പ്രവണതകൾ ഉണ്ടാകാറുണ്ട്. അത് എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നതാണ് പ്രശ്നം. മർദ്ദകവീരന്മാരായ പോലീസുകാരെ സംരക്ഷിച്ച പാരമ്പര്യം ഇവിടെ നേരത്തെയുണ്ടായിട്ടുണ്ട്. ഉരുട്ടിക്കൊന്നവരെയടക്കം സംരക്ഷിച്ച് നിർത്തിയ അവസ്ഥയും നേരത്തെ നമ്മൾ കണ്ടതാണ്. അടിയന്തരാവസ്ഥയുടെയൊക്കെ അനുഭവങ്ങൾ നമ്മുടെ ഓർമ്മയിലുള്ള കാര്യമാണ്. ഈ സർക്കാർ കുറ്റക്കാരായ ഒരാളെയും സംരക്ഷിക്കുകയില്ല എന്നുള്ളത് വ്യക്തമാക്കിയതാണ്. പോലീസ് സേനയിലുണ്ടാകുന്ന അരുതായ്മകൾ കണ്ടെത്തി യഥാസമയം നടപടിയും

എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി സർവ്വീസിൽ നിന്ന് നീക്കുന്നതും പിരിച്ചു വിടുന്നതും അടക്കമുള്ള നടപടികൾ ഈ സർക്കാർ എടുത്തിട്ടുമുണ്ട്. ക്രിമിനൽ കേസ്സുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരോട് നിർദാക്ഷിണ്യത്തോടെയുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ക്രിമിനൽ കേസ്സുകളിലുൾപ്പെട്ട ചില പോലീസ് ഉദ്യോഗസ്ഥരെ ഈ സർക്കാർ വന്നശേഷം സർവ്വീസിൽനിന്ന് നീക്കിയിട്ടുമുണ്ട്. അങ്ങനെ 12 പോലീസുകാരെ സർവ്വീസിൽനിന്നും നീക്കുകയും മൂന്നുപേരെ പിരിച്ചുവിടുകയും ചെയ്തിട്ടുണ്ട്. ഇവിടെ സമീപനങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് നാം കാണേണ്ടത്. പോലീസിനെ ദുരുപയോഗം ചെയ്യുന്ന നില ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. ഇവിടെ ക്രമസമാധാന പാലനം കൃത്യമായി നിർവ്വഹിക്കുക എന്നതുതന്നെയാണ് ഉദ്ദേശിക്കുന്നത്. തെറ്റായ പ്രവണതകൾ സേനയിലുണ്ടായാൽ അതിനെതിരെ കർക്കശമായ നടപടിയുണ്ടാകും എന്നത് സംശയിക്കേണ്ടതായിട്ടില്ല, ഇതുവരെ ഉണ്ടായിട്ടുമുണ്ട്. അദ്ദേഹം ഉന്നയിച്ച മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. പോലീസുകാർ വഴിവിട്ട് കാര്യങ്ങൾ നീക്കിയെങ്കിൽ കർക്കശമായ നടപടിയുണ്ടാകും. ഇവിടെ രാജ്കുമാറുമായി ബന്ധപ്പെട്ട കാര്യത്തിൽ ചില പോലീസ് ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അതിന്റെ അന്വേഷണങ്ങൾ നടക്കുകയാണ്. ആ അന്വേഷണത്തിന്റെ ഭാഗമായി ആരൊക്കെയാണോ പ്രതികളായി വരുന്നത് അവരുടെയെല്ലാം പേരിൽ കൃത്യമായ നടപടിയുണ്ടാകും. ആവർത്തിച്ച് ഒരുകാര്യംകൂടി വ്യക്തമാക്കുകയാണ്, കസ്റ്റഡി മരണത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തുന്നവർക്ക് സർവ്വീസിൽ തുടരാൻ കഴിയുന്നൊരു അന്തരീക്ഷം ഈ സർക്കാർ ഉണ്ടാക്കിയിട്ടില്ല. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇന്നലെ വൈകുന്നേരം നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലുണ്ടായ സംഭവത്തെ സംബന്ധിച്ച വിവരം അറിഞ്ഞപ്പോൾത്തന്നെ ഞാൻ ശ്രീ. ഹക്കിമുമായി ഫോണിൽ സംസാരിക്കാൻ ശ്രമിച്ചു. രാവിലെ സംസാരിക്കാൻ ശ്രമിച്ചപ്പോൾ കിട്ടിയില്ല. വൈകിട്ട് സംസാരിച്ചു. നെടുങ്കണ്ടം പോലീസ് സ്റ്റേഷന് എന്താണ് ഇത്ര വലിയ പ്രത്യേകത; ആളുകളെ പീഡിപ്പിക്കുന്ന ഒരു പോലീസ് സ്റ്റേഷനായി ഈ പോലീസ് സ്റ്റേഷൻ എങ്ങനെ മാറുന്നുവെന്നുള്ളത് വളരെ ഗൗരവമായ ഒരു കാര്യമാണ്. അവിടെയുള്ള പോലീസുകാർ എന്ത് തെറ്റ് ചെയ്താലും അവരെ സംരക്ഷിക്കാൻ ഒരു മന്ത്രിയും ബന്ധപ്പെട്ട ആളുകളും ഉള്ളതുകൊണ്ടാണോ നിരന്തരമായി ഇത്തരം സംഭവങ്ങൾ

നടക്കുന്നത്. കേരളത്തിൽ എഴുന്നൂറ്റിയൻപതോളം പോലീസ് സ്റ്റേഷനുകളുണ്ടല്ലോ; എന്താണ് ഉണ്ടായതെന്ന് ഞാൻ ഹക്കിമിനോട് ചോദിച്ചു. അദ്ദേഹവും ഭാര്യയുമായി തർക്കമുണ്ടാകുന്നു. അതിനെത്തുടർന്ന് ഭാര്യയുടെ പരാതി കാരണം പോലീസ് സ്റ്റേഷനിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടുപോകുന്നു. ചെന്നപ്പോൾത്തന്നെ നടയടി അടിച്ചാണ് അദ്ദേഹത്തെ അങ്ങോട്ട് കയറ്റിയതെന്ന് ഹക്കിം എന്നോട് പറഞ്ഞു. ഇതെല്ലാം പഴയ കാലത്തെ, ബ്രിട്ടീഷുകാരുടെ കാലത്തെ സംവിധാനങ്ങളാണ്. അവിടെ വച്ച് ഇയാളെ ഒരു പോലീസുകാരൻ ഭീകരമായി മർദ്ദിക്കുന്നു. അതിനു ശേഷം 'നീ എന്റെ പേര് പറഞ്ഞാൽ നിന്നെ ഇനിയും അടിക്കും' എന്ന് പോലീസ് പറയുകയാണ്. അയാളെ അവിടെ നിന്നും നേരെ മജിസ്ട്രേറ്റിന്റെ അടുത്തേയ്ക്കാണ് കൊണ്ടുപോയത്. അവിടെനിന്നും തിരിച്ചു കൊണ്ടുവന്നതിനു ശേഷവും രണ്ടു പോലീസുകാർ ചേർന്ന് അയാളെ വീണ്ടും അടിക്കുന്നു. അതിനുശേഷം ലോക്കപ്പിലിടുന്നു. ലോക്കപ്പിലിട്ട് വീണ്ടും മർദ്ദിക്കുന്നു. രാജ്കുമാറിന്റെ നിലവിളി മുകളിൽ കേട്ടപ്പോൾ, ആരെയാണ് മർദ്ദിക്കുന്നതെന്ന് ചോദിച്ചതിന്റെ പേരിലാണ് ഹക്കിമിനെ രണ്ടാമത് മർദ്ദിച്ചതെന്നാണ് പറയുന്നത്. അവിടത്തെ പോലീസ് ലോക്കപ്പിലെ സെല്ലിന്റെ കമ്പി വളഞ്ഞുപോയി എന്നുള്ളതാണ് പരാതി. സെല്ലിന്റെ കമ്പി വളഞ്ഞതിന്റെ പേരിൽ അയാളുടെ മാതാവിനോട് അത് നന്നാക്കി തരാൻ പോലീസ് പറയുന്നു. ഇതെല്ലാം ഈ പോലീസ് സ്റ്റേഷനിൽ നടക്കുന്ന ഗൗരവമുള്ള കാര്യമല്ലേ? നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലെ പോലീസിന്റെ വിക്രിയകളെക്കുറിച്ചുള്ള വാർത്തകൾ കേൾക്കുമ്പോൾ ഇത് കേരളത്തിലാണോ സംഭവിക്കുന്നതെന്ന് അത്ഭുതം തോന്നുന്നു. മനുഷ്യരെ പച്ചയോടെ ഇടിച്ചു കൊല്ലുകയും കൊള്ളയടിക്കുകയും ചെയ്യുന്ന കേന്ദ്രങ്ങളായി നമ്മുടെ പോലീസ് സ്റ്റേഷനുകൾ മാറുന്നത് ശരിയാണോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഞാൻ അതിനുമുമ്പുള്ള ഒരുത്തരം വായിച്ചു കേൾപ്പിക്കാം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്ത് 13 കസ്റ്റഡി മരണങ്ങളാണുണ്ടായത്. എൽ.ഡി.എഫ്./യു.ഡി.എഫ്. കാലത്തെ കസ്റ്റഡി മരണങ്ങൾ താരതമ്യപ്പെടുത്താനല്ല ഞാൻ പറയുന്നത്. അങ്ങ് താരതമ്യപ്പെടുത്തിയത് ശരിയായില്ല. ഞാൻ ആഭ്യന്തര മന്ത്രിയായിരുന്ന കാലത്ത് 13-7-2015-ൽ മുൻസ്പീക്കറായിരുന്ന ശ്രീ. കെ. രാധാകൃഷ്ണൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചു. ആ അടിയന്തരപ്രമേയത്തിന്റെ അവസാനം ഞാൻ പറഞ്ഞത് എന്താണ്; ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. 'തെറ്റ് ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല, ഈ സഭയിൽ വച്ചുതന്നെ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുകയാണ്' എന്ന് പറഞ്ഞു. അന്ന് ഞാൻ പ്രഖ്യാപിച്ചതുപോലെ നെടുങ്കണ്ടം സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കാൻ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ വെല്ലുവിളിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറുണ്ടോ? ജുഡീഷ്യൽ അന്വേഷണം വൈകുമെന്നാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. വൈകാതെതന്നെ ജുഡീഷ്യൽ അന്വേഷണം മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. ചോദിക്കാനും പറയാനും ആരുമില്ലാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. അതുകൊണ്ടാണ് പോലീസിന് എന്ത് തോന്ന്യാസവും കാണിക്കാമെന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിനിൽക്കുന്നത്. പോലീസ് ഉൾപ്പെട്ടിട്ടുള്ള 32 കൊലപാതകങ്ങളെപ്പറ്റി ഇന്ന് മാധ്യമം ദിനപത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് പ്രത്യക്ഷവും പരോക്ഷവുമായി പോലീസുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ മരണമടഞ്ഞവർ 32. കസ്റ്റഡി മരണങ്ങൾ 7, നൂറനാട്-രാജു, ഈരാട്ടുപേട്ട-നസീർ, വാരാപ്പുഴ-ശ്രീജിത്ത്, അഗളി-മധു, മലപ്പുറം വണ്ടൂരിൽ - അബ്ദുൾ ലത്തീഫ്, തലശ്ശേരി-കാളിമുത്തു, ഒട്ടുവിൽ രാജ്കുമാർ. ഈ പേരുകൾ പറഞ്ഞത് ശ്രീ. ഷാഫി പറമ്പിലല്ല. അദ്ദേഹം വേറെ കുറെ പേരുകൾ ചേർക്കണമെന്നാണ് പറഞ്ഞത്. അരിയിൽ ഷുക്കൂറിന്റെ പേര് അല്ലെങ്കിൽ കൃപേഷിന്റെ പേര് ചേർക്കാത്തതാണോ പ്രശ്നം. അതൊക്കെ നിങ്ങൾ നടത്തിയ രാഷ്ട്രീയ കൊലപാതകങ്ങളാണ്. ഞങ്ങൾ പോലീസിനെപ്പറ്റിയാണ് പറഞ്ഞത്. നെടുങ്കണ്ടത്ത് പോലീസ് നടത്തിയ നരനായാട്ടിന് പോലീസ് ഭരണം കൈകാര്യം ചെയ്യുന്ന സി.പി.ഐ.(എം.)-ഉം അതിന്റെ മന്ത്രിയും കൂട്ടുനിൽക്കുകയാണ്. ഇവരുടെ സംരക്ഷണമുള്ളതുകൊണ്ടാണ് നെടുങ്കണ്ടം പോലീസിന് കയ്യിൽ കിട്ടുന്ന ആരെയും മർദ്ദിക്കാമെന്നുള്ള ധൈര്യം വന്നിരിക്കുന്നത്. എത്ര ലജ്ജാകരമായിട്ടാണ് ഇടുക്കി എസ്.പി.-യെ സംരക്ഷിക്കുന്നത്. ഇടുക്കി എസ്.പി.-യെ സംരക്ഷിക്കാനുള്ള നടപടികളല്ലേ ഇപ്പോൾ കൈക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് ആ എസ്.പി.-യെ മാറ്റി നിർത്താൻ പാടില്ലേ? ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുമ്പോൾ ജില്ലാ എസ്.പി.ക്കെതിരെ ഗുരുതരമായ ആക്ഷേപങ്ങൾ ഉണ്ടായിരിക്കുന്നു, സി.പി.ഐ. ജില്ലാ സെക്രട്ടറി വരെ ആക്ഷേപം ഉന്നയിച്ചിട്ട് അയാളെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷണം നടത്താനുള്ള സാമാന്യ ധാർമ്മിക നടപടി എന്തുകൊണ്ട് നിങ്ങൾ സ്വീകരിക്കുന്നില്ല. നെടുങ്കണ്ടത്ത് രാജ്കുമാർ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തത് 12-ാം തീയതിയാണെന്ന് ശ്രീ. പി. ടി. തോമസ് പറഞ്ഞു. അങ്ങ് 15-ാം തീയതിയാണെന്ന് പറഞ്ഞു. എല്ലാം അന്വേഷിക്കട്ടെ, എന്നാണ് അറസ്റ്റ് ചെയ്തതെന്ന് അന്വേഷണത്തിലൂടെ തെളിയട്ടെ. പോലീസ് ആളുകളെ കസ്റ്റഡിയിലെടുക്കുമ്പോൾ പലപ്പോഴും 24 മണിക്കൂറിന്റെ ഗ്യാപ് വച്ചിട്ടാണ് രജിസ്റ്റർ ചെയ്യുന്നത്. അതിനുമുമ്പ് കസ്റ്റഡിയിൽ എടുക്കാറുണ്ട്. അതുകൊണ്ട് അങ്ങ് അതിനെ ന്യായീകരിക്കാൻ പാടില്ല. എന്നാണ് കസ്റ്റഡിയിൽ എടുത്തതെന്ന് അന്വേഷണത്തിലൂടെ തെളിയട്ടെ. ശ്രീ. പി. ടി. തോമസും ശ്രീ. ഷാഫി പറമ്പിലും തമ്മിൽ തർക്കമൊന്നും വേണ്ട. യഥാർത്ഥത്തിൽ എന്നാണ് കസ്റ്റഡിയിൽ എടുത്തതെന്ന് തെളിയട്ടെ; പോലീസ് അന്വേഷിക്കട്ടെ; ഈ പാവപ്പെട്ട ഹക്കിമിനെ മർദ്ദിക്കേണ്ട യാതൊരു കാര്യവും ഉണ്ടായിരുന്നില്ല. ഞാൻ അയാളോട് വിശദമായി ചോദിച്ചു. ചെറിയ കുടുംബവഴക്കിനെ

തുടർന്ന് കസ്റ്റഡിയിലെടുത്ത ഒരു മനുഷ്യനെ എന്ത് അടിസ്ഥാനത്തിലാണ് ഇത്രയും ഭീകരമായി മർദ്ദിച്ചത്? വയറ്റിൽ ബൂട്ടിട്ട് ചവിട്ടി. സി.സി.ടി.വി. ക്യാമറ മറച്ചു വച്ചുകൊണ്ടാണ് മർദ്ദനം നടത്തിയത്. ചവിട്ടും അടിയും സഹിക്കാൻ കഴിയാതെ വന്നപ്പോൾ അയാൾ നിലവിളിച്ചു. ഇതുകേട്ടിട്ടും പോലീസുകാർക്ക് ദയയുണ്ടായില്ല. ഭീകരമായ മർദ്ദനമാണുണ്ടായത്. ഹക്കിമിനെ സ്റ്റേഷനിൽ വച്ച് ഇടിക്കുമ്പോൾ തന്നെയാണ് രാജ്കുമാറിനെയും തല്ലി ചതച്ചുകൊണ്ടിരുന്നത്. ഒരാളെ താഴത്തെ നിലയിലും മറ്റൊരാളെ മുകളിലത്തെ നിലയിലുമായാണ് മർദ്ദിച്ചത്. ആയുസ്സിന്റെ ബലംകൊണ്ടാണ് രക്ഷപ്പെട്ടതെന്ന് ഹക്കിം എന്നോട് പറയുകയുണ്ടായി. പണത്തിനുവേണ്ടിയായിരുന്നു പോലീസ് ഇത് ചെയ്തതെന്ന് ഞാൻ കഴിഞ്ഞ വാക്കൗട്ട് പ്രസംഗത്തിൽ പറഞ്ഞു. പോലീസുകാർക്ക് പണം കിട്ടാൻ വേണ്ടിയിട്ടായിരുന്നു, പണത്തിന്റെ ഉറവിടം തേടിയായിരുന്നു ഇയാളെ ഇത്രയും ഭീകരമായി മർദ്ദിച്ചത്. പണം എവിടെയാണെന്ന് പറയിപ്പിക്കാൻ ജനനേന്ദ്രിയത്തിൽ കാന്താരി മുളക് അരച്ച് തേയ്ക്കുകപോലും ചെയ്തുവെന്നാണ് പത്രവാർത്തകൾ. നെടുങ്കണ്ടം പോലീസ് സ്റ്റേഷനുമുമ്പിൽ ഈ പരിപാടിക്കായി കാന്താരിതൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ടെന്നാണ് അവിടത്തെ പത്രങ്ങൾ റിപ്പോർട്ടുചെയ്യുന്നത്. ഇതെല്ലാം അന്വേഷിക്കട്ടെ, രാജ്കുമാറിനെ മർദ്ദിക്കുന്ന കാര്യം എസ്.പി. അറിഞ്ഞില്ല എന്നത് ശുദ്ധ നുണയാണ്. സ്പെഷ്യൽ ബ്രാഞ്ച് എല്ലാകാര്യങ്ങളും എസ്.പി.-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടായിരുന്നു. സ്പെഷ്യൽ ബ്രാഞ്ചുകാരെപ്പോലും എസ്.പി. ഭീഷണിപ്പെടുത്തി എന്നുള്ളതാണ് പുതുതായി വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ. ഏതായാലും എസ്.പി. അറിയാതെ യാതൊരു സംഭവവും അവിടെ നടക്കില്ല. എസ്.പി.-യെക്കുറിച്ച് ഇത്രയും വലിയ പരാതികളാണ് ഉണ്ടായിരിക്കുന്നത്. യഥാർത്ഥത്തിൽ ഈ കൊടുംപാതകത്തിന്റെ ഉത്തരവാദിത്വം എസ്.പി.-ക്ക് തന്നെയാണ്. ആ എസ്.പി.-യെ സംരക്ഷിക്കാൻ പോലീസ് ശ്രമിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, ഏതുകാലത്തും ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ടെന്ന്. ആ സന്ദർഭങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികളെടുക്കുകയും അവരെ നിയന്ത്രിക്കുകയുമാണ് ചെയ്യേണ്ടത്. എന്തുകൊണ്ട് അത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു എന്നുള്ളത് അങ്ങ് പരിശോധിക്കണം. മിടുമിടുക്കരായ ഡയറക്ട് ഐ.പി.എസ്. ഉദ്യോഗസ്ഥന്മാരുള്ളപ്പോൾ പ്രൊമോട്ടികളെമാത്രം വച്ച് ജില്ലയിലെ ഭരണം കയ്യാളുന്നതിന്റെ ഏറ്റവും വലിയ ദുരന്തമാണ് ഇടുക്കിയിൽ സംഭവിച്ചതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇന്ന് പോലീസ് സംവിധാനത്തെ രാഷ്ട്രീയവൽക്കരിക്കുകയും പോലീസിനെ സി.പി.ഐ.(എം.)-ന്റെ പാദ സേവകരാക്കുകയും ചെയ്യുന്ന ഏറ്റവും ദുർഘടവും അപമാനകരവുമായ സംഭവം ഉണ്ടാകുന്നതിന്റെ പരിണിതഫലമാണിതെല്ലാം. പോലീസിലെ അച്ചടക്കം തകർന്നു. ജനങ്ങളുടെമേൽ തേർവാഴ്ച നടത്തുന്ന ക്രിമിനൽ സംഘമായി പോലീസ് മാറുന്നു. ജനകീയ

സമരങ്ങളെ ചോരയിൽ മുക്കിക്കൊല്ലാൻ പോലീസിനെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപയോഗിക്കുന്നത് ശരിയാണോ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് സ്റ്റേഷനുകൾ ഭരിക്കുന്നത് സി.പി.ഐ.(എം.)കാരായി മാറുന്നു. മാറനല്ലൂരിൽ ഒരു പാർട്ടി പ്രവർത്തകൻ പാർട്ടിവിട്ട് കോൺഗ്രസ്സിൽ ചേർന്നതിന്റെ പേരിൽ ഡി.വൈ.എഫ്.ഐ.-ക്കാരും ബന്ധുമിത്രാദികളുംകൂടി വാഹനവും വീടും തകർത്തിട്ടും ജാമ്യം കിട്ടുന്ന വകുപ്പിട്ടാണ് പോലീസ് കേസെടുക്കുന്നത്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും നടക്കുന്ന സംഭവം ഇതാണ്. എത്രയോ അക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു; നിരപരാധികൾക്ക് നീതി കിട്ടാത്ത അവസ്ഥയുണ്ടാകുന്നു. ഇവിടെ ഉണ്ടാകുന്ന ഇത്തരം സംഭവവികാസങ്ങളിൽ പോലീസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പെരുമാറാത്തതുകൊണ്ടാണ് അക്രമങ്ങൾ വർദ്ധിച്ചു വരുന്നത്. നെടുങ്കണ്ടം പോലീസ് സ്റ്റേഷനിലുണ്ടായ അതിക്രമങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവത്തോടെ കാണുന്നില്ല എന്നുള്ളതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ മറുപടി. ഇത്തരത്തിൽ കേരളത്തിൽ പോലീസ് കസ്റ്റഡി മരണങ്ങളും അതിക്രമങ്ങളും ക്രിമിനലുകളുടെ എണ്ണവും വർദ്ധിച്ചുവരുന്നു. അവർക്കെതിരെ നടപടികൾ ഉണ്ടാകുന്നില്ല. നിരപരാധികൾ പോലീസ് സ്റ്റേഷനിൽവച്ച് ജീവൻ ബലിയർപ്പിക്കുന്ന അവസ്ഥാ വിശേഷമുണ്ടാകുന്നു. പോലീസിന്റെ ഈ ക്രൂരമായ നടപടികളെ പിന്താങ്ങുന്ന നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉപേക്ഷിക്കണം. വാചകങ്ങളിൽ മാത്രമാണ് അങ്ങ് അവർക്കെതിരായി പറയുന്നത്, നടപടിയിലൂടെ ഉണ്ടാകുന്നില്ല. ഞാൻ പറഞ്ഞല്ലോ, അന്വേഷണ ഉദ്യോഗസ്ഥനുമായി സംസ്ഥാനത്തെ ഒരു മന്ത്രി ദീർഘനേരം സംസാരിച്ചു എന്നുള്ള വാർത്തകൾ പുറത്തുവന്നിരിക്കുന്നു. അപ്പോൾ അന്വേഷണത്തെ പോലും സ്വാധീനിക്കാൻ ഒരു മന്ത്രിതന്നെ ഇടപെടുന്നു എന്നുള്ളത് അതീവ ഗൗരവതരമാണ്. ഇതിന് പരിഹാരം കാണാൻ വേണ്ടിയാണ് ഞങ്ങൾ ഈ കാര്യങ്ങൾ ഉന്നയിക്കുന്നത്. ഈ സംഭവങ്ങൾ നിസ്സാരവൽക്കരിക്കാൻ ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ശ്രമിക്കുകയാണ്. ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, അടിയന്തരപ്രമേയത്തിൽ ഒരു പ്രശ്നം മാത്രമേ ഉന്നയിക്കാൻ പാടുള്ളൂവെന്നാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. ഞങ്ങൾ ഒരു പ്രശ്നം മാത്രമേ ഉന്നയിക്കുന്നുള്ളൂ. കേരളത്തിലെ ജനമൈത്രി പോലീസ് സ്റ്റേഷനുകൾ കൊലമൈത്രീ സ്റ്റേഷനുകളായി മാറുന്നു എന്ന വിഷയം മാത്രമാണ് ഞങ്ങൾ ചർച്ച ചെയ്യുന്നത്. 'നെടുങ്കണ്ടം' എന്ന വിഷയം നിരന്തരം ഇവിടെ ചർച്ച

ചെയ്യേണ്ട ഒരു സാഹചര്യം എങ്ങനെയുണ്ടായി എന്നല്ലേ നമ്മൾ പരിശോധിക്കേണ്ടത്; അത് പറയുമ്പോൾ, നെടുങ്കണ്ടത്തെ മുൻ വിഷയം പരാമർശിക്കാനേ പാടില്ലെന്ന് പറയുന്നതിൽ എന്താണ് അർത്ഥം; മുണ്ടിയെരുമ സ്വദേശിയായ ഹക്കിം എന്ന ഓട്ടോ ഡ്രൈവറെ ക്രൂരമായി മർദ്ദിച്ചു. അവസാനം അദ്ദേഹം ഗ്രില്ലിൽ പിടിച്ച് ഇവരിൽനിന്ന് രക്ഷനേടാൻ ശ്രമിച്ചപ്പോൾ വീണ്ടും മർദ്ദിച്ചപ്പോഴാണ് ഗ്രിൽ വളഞ്ഞു പോയത്. മാത്രമല്ല, സി.സി.ടി.വി.-യിൽ ഇത് കാണാതിരിക്കാൻ പോലീസുകാർ മറഞ്ഞുനിന്നുവെന്നും പറയുന്നു. അവസാനം ഹക്കിമിന്റെ മാതാവിനെ വിളിച്ചു വരുത്തി; അതിനുശേഷം എന്താണ് പറയുന്നതെന്ന് അറിയാമോ; '4,000 രൂപ ഗ്രിൽ നന്നാക്കാൻ തന്നില്ലെങ്കിൽ നിങ്ങളുടെ പേരിലും ജാമ്യമില്ലാത്ത വകുപ്പുചേർത്ത് അകത്താക്കും' എന്നാണ് വീട്ടിലിരിക്കുന്ന മാതാവിനെ വിളിച്ചുവരുത്തി 4,000 രൂപ കൊടുത്തില്ലെങ്കിൽ ജാമ്യമില്ലാ വകുപ്പിൽ കേസ്സെടുക്കുമെന്ന് പറഞ്ഞ് ഇതുപോലത്തെ ഭാഷ പ്രയോഗിക്കുന്നത് എന്തർത്ഥത്തിലാണ്; ഇതൊരു വലിയ പാതകമാണ്. ഇതിലെ പ്രധാന പ്രതി ആരാണ്? തൊലിപ്പുറത്ത് മരുന്നുപുരട്ടിയതുകൊണ്ട് രക്ഷപ്പെടുന്ന ഒരു രോഗമല്ല ഇത്. രോഗത്തിന്റെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കി ശസ്ത്രക്രിയ ആവശ്യമുണ്ടെങ്കിൽ ശസ്ത്രക്രിയ ചെയ്യേണ്ട ഒരു കേസാണിത്. അതുകൊണ്ട് എസ്.പി. അറിയാതെ ഇത്തരം കാര്യങ്ങൾ നടത്തുന്നു എന്നുപറയുന്നത് വിശ്വസിക്കാൻ സാധിക്കില്ല. ഏതായാലും അവിടത്തെ ഒരു മന്ത്രിയെക്കുറിച്ച് ഇവിടെ പറഞ്ഞു, ഞാൻ പറയുന്നില്ല. അദ്ദേഹത്തിന് ഒരു നാട്ടുഭാഷാ നിഘണ്ടു ഉണ്ട്. ഇപ്പോൾ പോലീസുകാരും അതിലെ വാക്കുകൾ പ്രയോഗിക്കാൻ തുടങ്ങിയിരിക്കുകയാണ്. ഇന്നലെ ഞങ്ങൾ ഒരു പുതിയ വാക്ക് കേട്ടു, 'ഉലത്തുക' എന്ന വാക്ക് കേട്ടു. 'എന്നെയങ്ങ് ഉലത്തിക്കളയും' എന്നുപറയുന്ന ഒരു പുതിയ പ്രയോഗം. എന്നിട്ട് പത്രക്കാരോട് പറയുകയാണ് നിങ്ങൾ അതേ ഭാഷതന്നെ എഴുതിക്കോളൂ എന്ന്. ഇങ്ങനെയുള്ള നാട്ടുഭാഷ ഇനി ഞങ്ങൾക്ക് വേണ്ട. അത് കേൾക്കാൻ പറ്റുന്ന ഒരവസ്ഥയിലല്ല ഞങ്ങളുള്ളത്. അതിന് പറ്റുന്ന കർണ്ണങ്ങളല്ല ഞങ്ങളുടേത്. ഇത്തരത്തിൽ പോലീസിനെ ന്യായീകരിക്കുന്ന ഒരു മന്ത്രിയും പോലീസിനെതിരെ നടപടിയെടുക്കുന്ന ഒരു മുഖ്യമന്ത്രിയും കൂടി എങ്ങനെ ചേർന്നുപോകും; ഇങ്ങനെയുള്ള ആളുകളുള്ള കാലത്തോളം ഇനിയും പോലീസ് അതിക്രമങ്ങൾ നടത്തും; ഇനിയും മരണങ്ങളുണ്ടാകും; രാജ്കുമാറിനും ഹക്കീമിനും വെള്ളംപോലും കൊടുത്തില്ല, ആ പോലീസ് സ്റ്റേഷനിൽ ശുദ്ധജലമില്ലേ; ഇങ്ങനെ ആളുകളെ വെള്ളംകൊടുക്കാതെയും ഭക്ഷണം കൊടുക്കാതെയും മർദ്ദിക്കുന്ന ഈ പ്രാകൃത നിയമം മറ്റ് രാജ്യങ്ങളിലുണ്ട്. കട്ടാൽ കൈ വെട്ടും; കൊലപാതകം ചെയ്താൽ തല വെട്ടും; അങ്ങനെയൊരു നിയമം കേരളത്തിൽ ഇല്ലല്ലോ; അത് ഇല്ലാത്തിടത്തോളംകാലം ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവരെ കൊല്ലേണ്ട ജോലി പോലീസിന്റേതല്ല എന്ന് മനസ്സിലാക്കാനുള്ള ഒരു സാമാന്യബുദ്ധിപോലും കാണിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ഒരേ ദിവസമാണ് ഈ മർദ്ദനങ്ങൾ നടന്നത്. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയാത്ത കുറെ പോലീസുകാർ അവിടെയുണ്ട്. അതുകൊണ്ടാണ് ഇതുപോലുള്ള മർദ്ദനം നടക്കുന്നത്. എസ്.പി. ഇതൊന്നും അറിഞ്ഞിട്ടില്ല എന്നുള്ള ഭാഷ്യം ആരും വിശ്വസിക്കില്ല. അന്വേഷണം ഏർപ്പെടുത്തിയിരിക്കുന്ന പശ്ചാത്തലത്തിൽ എസ്.പി. കുറ്റക്കാരനാണെങ്കിലും അല്ലെങ്കിലും അവിടെനിന്നും മാറ്റിനിർത്തി അന്വേഷിക്കുക എന്നുള്ളത് ആ അന്വേഷണത്തിന്റെ വിശ്വാസ്യതയ്ക്ക് ഏറ്റവും ആവശ്യമാണ്. അടിയന്തരമായി എസ്.പി.-യെ മാറ്റിനിർത്തുകയും നിഷ്പക്ഷമായി കേസ് അന്വേഷിക്കുകയും വേണം. ഇക്കാര്യത്തിൽ തെറ്റ് ചെയ്തുവെന്ന് വളരെ വ്യക്തമായിരിക്കുന്നു; ഇതിനി ആവർത്തിക്കാൻ പാടില്ല, ആ പോലീസ് സ്റ്റേഷനിൽ മാത്രമല്ല, ലോക്കപ്പ് മർദ്ദനം അവസാനിപ്പിക്കണം. അതിന് അനുകൂലമായ സ്ഥിതിയും കർശനമായ നടപടിയുമുണ്ടാക്കണം. എസ്.പി.-യെ മാറ്റിനിർത്തിക്കൊണ്ട് അന്വേഷിച്ചാൽ മാത്രമേ ജനങ്ങൾ ഈ അന്വേഷണത്തിൽ വിശ്വസിക്കുകയുള്ളൂ. അത്തരം നടപടികളൊന്നും ഉണ്ടാകാത്തതിലും ഇത് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അനൂപ് ജേക്കബ്: സർ, നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ കസ്റ്റഡി മർദ്ദനങ്ങൾ ആവർത്തിക്കുകയാണ്. നെടുങ്കണ്ടം പോലീസിന്റെ മനോനില ഗവൺമെന്റ് പരിശോധിക്കുന്നത് നന്നായിരിക്കും. രാജ്കുമാറിനെ മർദ്ദിച്ചത് അദ്ദേഹം തട്ടിപ്പു കേസിൽ പ്രതിയാണെന്ന പേരിലാണ്. അങ്ങനെ 105 മണിക്കൂർ തുടർച്ചയായ മർദ്ദനത്തിൽ ആ മനുഷ്യൻ കൊല്ലപ്പെട്ടു. ഇവിടെ ഹക്കിമിനെ അദ്ദേഹത്തിന്റെ കുടുംബപ്രശ്നവുമായി ബന്ധപ്പെട്ടാണ് പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ചത്. നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ ഒരു പരാതിയുമായി ചെന്നാൽ അടി ഉറപ്പാണെന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ മാറുകയാണ്. ഇടുക്കി എസ്.പി.-യെ കുറിച്ച് ധാരാളം ആക്ഷേപങ്ങൾ ഉണ്ടായിട്ടും ഗവൺമെന്റ് എന്തുകൊണ്ട് ഈ അന്വേഷണ സന്ദർഭത്തിൽ അദ്ദേഹത്തെ മാറ്റിനിർത്തുന്നില്ല; അതാണ് പ്രതിപക്ഷം ഇവിടെ ചൂണ്ടിക്കാട്ടിയത്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി അക്കാര്യത്തിൽ ഇടപെടുന്നുവെന്ന ആക്ഷേപം പ്രതിപക്ഷം ഉന്നയിക്കാനുള്ള കാരണം അതാണ്.

ബഹുമാനപ്പെട്ട മന്ത്രി ഇതുവരെയും അതുസംബന്ധിച്ച് യാതൊരു മറുപടിയും ഈ സഭയിൽ നൽകിയിട്ടില്ല. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഞങ്ങൾ പറഞ്ഞതൊക്കെ ശരിവയ്ക്കുകയാണ്. ആന്തൂരിൽ സാജന്റെ മരണവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞത്, 'ആന്തൂരിലെ സാജന്റെ മരണത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് വരുമ്പോൾ നിങ്ങൾ ഞെട്ടും' എന്നാണ്. അപ്പോൾ അന്വേഷണം ഏത് നിലയിലേയ്ക്ക് പോകുന്നുവെന്നതിന്റെ സൂചനയാണ് അദ്ദേഹം നൽകിയിരിക്കുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): നിങ്ങൾ ഈ സഭയിൽ അവരെ കുറ്റവാളിയാക്കിയല്ലേ സംസാരിക്കുന്നത്; നിങ്ങൾ ഒരാളെ കുറ്റവാളിയായി പ്രഖ്യാപിക്കുകയാണ്, അത് ഇതിനെയൊന്നും ബാധിക്കില്ലേ?

ശ്രീ. അനൂപ് ജേക്കബ്: ഞങ്ങൾ ആരെ കുറ്റവാളിയാക്കിപ്പറഞ്ഞു? ഞങ്ങൾ പറഞ്ഞത്, അവിടത്തെ ചെയർപേഴ്സൺ അതിൽ ഇടപെട്ടു എന്നാണ്.

ശ്രീ. ഇ. പി. ജയരാജൻ: ചെയർപേഴ്സണാണ് കുറ്റവാളി; അവർക്കെതിരെ നടപടിയെടുക്കണമെന്നല്ലേ നിങ്ങൾ ഡിമാന്റ് ചെയ്യുന്നത്?

ശ്രീ. അനൂപ് ജേക്കബ്: ചെയർപേഴ്സണെതിരെ നടപടിയെടുക്കണം. സാജന്റെ മരണം ഉദ്യോഗസ്ഥരുടെ മേൽ കെട്ടിവച്ച് ചെയർപേഴ്സണെ രക്ഷിക്കുവാനുള്ള നടപടികളിലേയ്ക്കാണ് ഗവൺമെന്റ് നീങ്ങുന്നത്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം നൽകിയ മറുപടിയിൽ അത് വളരെ വ്യക്തമാണ്. അതൊരു കുടുംബ പ്രശ്നമാണെന്ന നിലയിലേയ്ക്ക് ആ അന്വേഷണത്തെ ഇപ്പോൾ ഡൈവെർട്ട് ചെയ്ത് കൊണ്ടുപോകുകയാണെന്ന ശക്തമായ ആക്ഷേപം ഇവിടെ ഉയരുന്നുണ്ട്; മാധ്യമ വാർത്തകൾ ഉയരുന്നുണ്ട്; അവരുടെ കുടുംബത്തിനുതന്നെ ആക്ഷേപമുണ്ട്. കുടുംബ പ്രശ്നം കൊണ്ട് സാജൻ ആത്മഹത്യ ചെയ്തുവെന്ന് വരുത്തിതീർക്കാനാണ് ഇന്ന് പോലീസ് ശ്രമിക്കുന്നത്. പോലീസിനെ ബൊമ്മയാക്കിവച്ചുകൊണ്ടുള്ള സമീപനമാണ് ഇവിടെ ഉണ്ടാകുന്നത്. ഇതിനെയൊക്കെ സംബന്ധിച്ച് വസ്തുനിഷ്ഠമായ യാതൊരന്വേഷണവും ഇവിടെ നടക്കുന്നില്ല. ഹക്കിമിനെതിരെ ക്രൂരമർദ്ദനമാണ് നടന്നത്. ഒരു കുടുംബ പ്രശ്നവുമായി ബന്ധപ്പെട്ട് കുറ്റം ആരോപിക്കപ്പെട്ട് സ്റ്റേഷനിൽ എത്തിയ ഒരു വ്യക്തിക്ക് ക്രൂരമായ മർദ്ദനമേറ്റിരിക്കുന്നു. തങ്ങളുടെ പ്രധാന ഉത്തരവാദിത്തം എന്താണെന്ന് മറന്നുകൊണ്ടാണിന്ന് കേരളത്തിലെ പോലീസ് നീങ്ങുന്നത്. ഇക്കാര്യത്തിൽ ശക്തമായി പ്രതിഷേധിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇത് ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിൽ തർക്കമുണ്ടാക്കേണ്ട ഒരു പ്രശ്നമായി ഞാൻ കാണുന്നില്ല. അതിനു കാരണം, പോലീസ് എല്ലാക്കാലത്തും ഇത്തരം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. അവയെ നിയന്ത്രിക്കാൻ കഴിയുന്നില്ല. ഇതുസംബന്ധിച്ച ഒരു ചോദ്യത്തിന് ഉത്തരമായി 31 മരണമെന്ന് പറഞ്ഞു. പ്രതിപക്ഷം ഭരിച്ചുകൊണ്ടിരുന്നപ്പോഴും ഇതുപോലെ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഭരണകക്ഷിയും പ്രതിപക്ഷവും പരസ്പരം പഴിചാരാതെ, പോലീസിന്റെ ഈ നായാട്ട് എങ്ങനെ അവസാനിപ്പിക്കുവാൻ കഴിയുമെന്ന കാര്യമാണ് ചർച്ച ചെയ്യേണ്ടത്. എന്തുകൊണ്ടോ ആ ചർച്ചയിലേക്ക് പോകാൻ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും കഴിയുന്നില്ല. ഇവിടെ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥനെമാത്രം കുറ്റപ്പെടുത്തി അയാളെ മാത്രം ശിക്ഷിച്ച് പ്രശ്നം പരിഹരിക്കാമെന്ന് കരുതിയാലും പരിഹാരമാകുന്നില്ല. ഇത് എൻ.ഡി.എ.-യുടെ കാര്യമല്ല. ഇത് അടിയന്തരപ്രമേയത്തിന്റെ വാക്കൗട്ട് പ്രസംഗമാണ്. ഞാൻ ചില കാര്യങ്ങൾ എൻ.ഡി.എ. നേതൃത്വത്തോട് പറഞ്ഞിട്ടുണ്ട്. ഞാൻ നിഷ്പക്ഷമായ കാഴ്ചപ്പാടുകാരനാണ്. ഞാൻ സ്വതന്ത്രനായി ജയിച്ചുവന്നവനാണ്. ജനങ്ങളെന്നെ അങ്ങനെയാണ് നിയമസഭയിലേയ്ക്ക് പറഞ്ഞു വിട്ടിരിക്കുന്നത്. ആ നിലയിൽ നിന്നുകൊണ്ടേ എനിക്ക് പോകുവാൻ കഴിയൂ. അതുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നത്. നിങ്ങൾ പിണറായി സഖാവിനെ കാണുമ്പോഴും കോൺഗ്രസുകാരനെ കാണുമ്പോഴും മുട്ടുവിറച്ചുകൊണ്ട് വർത്തമാനം പറയും. എനിക്കതിന്റെ ആവശ്യമില്ല. ഞാൻ ആരെക്കണ്ടാലും മുട്ടുവിറയ്ക്കാൻ ഉദ്ദേശിക്കുന്നുമില്ല. എന്റെ മനഃസാക്ഷി അതിന് ശരി പറയും. ബഹുമാനപ്പെട്ട സ്പീക്കർ അങ്ങ് ആലോചിക്കണം, ഞാൻ പറഞ്ഞതല്ലേ ശരി? പിണറായി സഖാവ് ഭരിക്കുമ്പോഴും ഇവിടെ ശ്രീ. ഉമ്മൻ ചാണ്ടി ഭരിച്ചപ്പോഴും പോലീസിന്റെ നരനായാട്ട് ഉണ്ടായിട്ടുണ്ട്. നിഷേധിക്കാൻ പറ്റുമോ? പോലീസിന്റെ സ്വഭാവത്തിലാണ് മാറ്റംവരുത്തേണ്ടത്. കേരളത്തിൽ ഒരു മുഖ്യമന്ത്രി മാത്രമേ പോലീസിനെ ന്യായീകരിച്ചിട്ടുള്ളൂ. അത് പട്ടം താണുപിള്ളയാണ്. പോലീസ് വെടിവച്ചു. വെടിവയ്പ്പ് കഴിഞ്ഞപ്പോഴാണ് പട്ടം താണുപിള്ള തിരുവനന്തപുരം വിമാനത്താവളത്തിൽ വിമാനമിറങ്ങിയത്. പത്രക്കാരെല്ലാം ഓടിയടുത്ത് ചോദിച്ചു, എന്താണ് പ്രശ്നം? അദ്ദേഹം 'എന്റെ പോലീസാണ് എന്നുപറഞ്ഞ് ആ വെടിവയ്പിനെ ന്യായീകരിച്ചു. വെടിവയ്പ്പ്, പേലീസ് മർദ്ദനം എന്നൊക്കെ പറയുന്ന തിനെപ്പറ്റി എനിക്കൊരഭിപ്രായമുണ്ട്. ചിലപ്പോൾ മർദ്ദനം വേണ്ടിവരുമെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ടാണ് ഞാനിത് പറയുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്, പ്ലീസ്.

<u>ശ്രീ. പി. സി. ജോർജ്</u>: ചിലപ്പോൾ അതൊക്കെ വേണ്ടി വരും. പക്ഷെ അതൊരു സ്ഥിരം നായാട്ടായി പോലീസ് മാറ്റുന്നെങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. ആ നടപടി സ്വീകരിക്കു ന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പൂർണ്ണ വിജയം കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. സി. ജോർജ് സഭ വിട്ട് പുറത്തുപോയി.

പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയം കഴിഞ്ഞ് സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ലൈഫ് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് ലൈഫ് മിഷൻ. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് കൊടുക്കുക എന്നുള്ളത് നാടാകെ ശ്രദ്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയായി നമുക്ക് കാണാൻ സാധിക്കും. എന്നാൽ കേരളത്തിലാകെ ഏകദേശം പതിനായിരത്തോളം വരുന്ന ആദിവാസികൾ ലൈഫ് മിഷന്റെ വീടുനിർമ്മാണത്തിനുള്ള പട്ടികയിൽനിന്ന് ഒഴിവായിരിക്കുകയാണ്. ഒരു റേഷൻ കാർഡിൽ ഒന്നിലേറെ കുടുംബങ്ങളുണ്ട്. അത്തരത്തിൽ ഉപകുടുംബങ്ങളായി താമസിക്കുന്നവർ ഉൾപ്പെടെയുള്ള ആളുകൾ ഈ പട്ടികയിൽ ഉൾപ്പെടാതിരിക്കുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൂട്ടുകുടുംബ രീതിയിൽ ജീവിക്കുന്ന ഒരു ശൈലിയാണ് അവർക്കുള്ളതെന്ന് കാണാൻ സാധിക്കും. വയനാട് ജില്ലയിൽ പട്ടികവർഗ്ഗ വകുപ്പ് തയ്യാറാക്കിയ കണക്കനുസരിച്ച് 5193 കുടുംബങ്ങൾക്ക് വീട് ലഭിക്കേണ്ടതായിട്ടുണ്ട്. എന്നാൽ 480 കുടുംബങ്ങൾ മാത്രമാണ് ലൈഫ് മിഷനിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇത് ഒരു വിഭാഗം പൂർണ്ണമായും ഒഴിവാക്കപ്പെടുന്നതിന് ഇടയാക്കും. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട മറ്റൊരു ജനവിഭാഗമാണ് തോട്ടം തൊഴിലാളികൾ. തോട്ടം തൊഴിലാളികൾ ഇപ്പോൾ പാഡിയിലും ലയത്തിലുമൊക്കെയാണ് താമസിക്കുന്നത്. പഴയ കൊളോണിയൽ ഭരണത്തിന്റെ അവശിഷ്ടങ്ങളായി ഒരു ജീവിത സൗകര്യവുമില്ലാതെ ഒരു ചെറിയ ലൈനിനകത്ത് ഒരു തോട്ടം തൊഴിലാളി കുടുംബം വസിക്കുന്നത് നമുക്ക് കാണുവാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ പാഡി/ലയം ഒഴിവാക്കുമെന്ന് പ്രഖ്യാപിക്കുകയും അതിനുള്ള നടപടികളെടുക്കുകയും ചെയ്തതാണ്. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ തയ്യാറാക്കിയ കണക്കുപ്രകാരം കേരളത്തിൽ 32,452 തോട്ടം തൊഴിലാളികൾക്ക് വീടില്ലെന്ന കാര്യം വ്യക്തമാകുന്നുണ്ട്. വയനാട് ജില്ലയിൽ 3487 പേർക്ക് വീടില്ലെന്ന് നമുക്ക് കാണുവാൻ സാധിക്കും. സ്ഥലമുണ്ടായിട്ടും വീടില്ലാത്തവർ 944 പേരും ഒരു സെന്റ് സ്ഥലമോ വീടോ ഇല്ലാത്തവരായി 2541 പേരുമുണ്ട്. ഇവർക്കും അടിയന്തരമായി വീട് കൊടുക്കുവാനുള്ള പദ്ധതി ആരംഭിക്കാൻ കഴിയണം. തോട്ടം തൊഴിലാളികളുടേതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കുടുംബശ്രീ നടത്തിയ സർവ്വേയിൽ റേഷൻ കാർഡിന്റേയും മറ്റും കണക്കനുസരിച്ച് പരിശോധിച്ചപ്പോൾ തോട്ടം തൊഴിലാളികളുടെയും ആദിവാസികളുടെയും ഉപകുടുംബങ്ങളാകെ ഒഴിവായിപ്പോയതിന്റെ കണക്കുകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ തന്നെ

ഔദ്യോഗികമായി തയ്യാറാക്കിയിട്ടുണ്ട്. തൊഴിൽ വകുപ്പ് തയ്യാറാക്കിയ കണക്കാണ് ഞാൻ ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. മറ്റൊന്ന് പട്ടികവർഗ്ഗ വകുപ്പ് തയ്യാറാക്കിയ കണക്കാണ്. രണ്ടും ഔദ്യോഗികമായുള്ള കണക്കാണ്. അവയും കൂടി ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരില്ലാത്ത കേരളമെന്ന നമ്മുടെ സ്വപ്നം നടപ്പിലാക്കാനായി അടിയന്തരമായി ഇടപെടണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലൈഫ് മിഷന്റെ മാനദണ്ഡമനുസരിച്ച് ഒരു റേഷൻ കാർഡ് ഒരു കുടുംബമെന്നുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ സർവ്വേയിലൂടെ ഭവനരഹിതരെ കണ്ടെത്തിയത്. എന്നാൽ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവർതന്നെ നിരവധി ഉപകുടുംബങ്ങളായി അധിവസിക്കുന്ന പട്ടികവർഗ്ഗ മേഖലയിലെ നിരവധി കുടുംബങ്ങൾ ഇത് കാരണം അർഹതാലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥിതിയുണ്ടായി. ഇത് കണക്കിലെടുത്ത് 2018 ഫെബ്രുവരി 23-ന് ചേർന്ന ലൈഫ് മിഷന്റെ ഉപദേശക സമിതി റേഷൻ കാർഡിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽ വരുന്ന ഉപകുടുംബങ്ങളേയും പരിഗണിക്കുവാൻ തീരുമാനിച്ചു. 5193 പട്ടികവർഗ്ഗ ഭവനരഹിതർ വയനാട്ടിൽ ഉള്ളതായി പട്ടികവർഗ്ഗ വികസന വകുപ്പ് കണക്കാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ രീതിയിൽ ലൈഫ് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും വീട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ലൈഫ് മിഷൻ മുഖേന തോട്ടം തൊഴിലാളികൾക്ക് വീട് വച്ചുനൽകുന്നതിനുവേണ്ടി വയനാട് ജില്ലയിൽ തൊഴിൽ വകുപ്പ് 4622 ഗുണ ഭോക്താക്കളെ അർഹരെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ളവർക്ക് ഈ വർഷം തന്നെ വീട് വച്ചുനൽകുന്നതാണ്. തോട്ടം മേഖലയിലെ ഭൂരഹിത ഭവനരഹിതരെ സംബന്ധിച്ചിടത്തോളം വീട് നിർമ്മിച്ച് നൽകുന്നതിനുവേണ്ടി തോട്ടം ഉടമകളിൽ നിന്ന് സ്ഥലം ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്. ഇങ്ങനെ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് അവിടെ ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ആദിവാസികളുടെ ഭവന നിർമ്മാണത്തിന് ഗവൺമെന്റ് ഇപ്പോൾ എടുത്തിട്ടുള്ള നടപടികൾ തികച്ചും സ്വാഗതാർഹമാണ്. ഉപകുടുംബങ്ങളെക്കൂടി ഉൾപ്പെടുത്താമെന്ന് പറഞ്ഞതിലൂടെ കുറേപേരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. നേരത്തെ ആദിവാസികൾക്ക് വീട് നൽകിയപ്പോൾ ഹഡ്കോ പദ്ധതിയിൽ മൂന്നര ലക്ഷം രൂപ മാത്രമാണ് നൽകിയിരുന്നത്. 2016 മുതൽ തന്നെ അത് ആറ് ലക്ഷം രൂപയായി ഉയർത്തണമെന്ന് നിരന്തരമായി ഗവൺമെന്റിന് മുമ്പാകെ ഉന്നയിക്കുകയാണ്. ആ പ്രശ്നവും കൂടി പരിഹരിക്കാൻ

കഴിയണം. ഏകദേശം ഒൻപതോളം തോട്ടമുടമകളാണ് ഭൂമി വിട്ടുനൽകുവാൻ തയ്യാറായിരിക്കുന്നത്. വയനാട്ടിൽ ഏറ്റവും കൂടുതൽ തോട്ടമുള്ളതും ഭൂമി കൈവശ മുള്ളതുമായ കമ്പനിയാണ് ഹാരിസൺ മലയാളം പ്ലാന്റേഷൻ. അവരുൾപ്പെടെയുള്ള ആളുകൾക്ക് ഭൂമി വിട്ടുനൽകുന്നതിനുവേണ്ടി ഗവൺമെന്റ് ഇടപെട്ട് ഭൂമി തിരികെ വാങ്ങി തോട്ടം തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തോട്ടമുടമകളുമായി ഇക്കാര്യത്തിൽ ബന്ധപ്പെടുന്നുണ്ട്. ആവശ്യമായത്ര ഭൂമി ലഭ്യമാക്കാൻ തന്നെയാണ് പരിശ്രമിച്ചു വരുന്നത്.

11.00 AM]

## (2) സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, മാലിന്യ പ്രശ്നം ഏറ്റവും ഗുരുതരമായ നിലയിൽ എത്തിയിരിക്കുകയാണ്. എറണാകുളത്തുമാത്രം 5000 ലിറ്റർ മാലിന്യം വഹിച്ചുകൊണ്ടുപോകുവാൻ സാധിക്കുന്ന 150-ൽപ്പരം ലോറികൾ ഓടിക്കൊണ്ടി രിക്കുകയാണ്. കക്കൂസ് മാലിന്യങ്ങളാണ് ഇതിൽ കൊണ്ടുപോകുന്നത്. ഇത് എവിടെ പോകുന്നുവെന്ന് ഗവൺമെന്റ് അന്വേഷിക്കുന്നുണ്ടോ? നിശയുടെ നിശബ്ദതയിൽ പെരിയാറുൾപ്പെടെയുള്ള സ്ഥലങ്ങളിൽ സൈഡിൽ പിടിപ്പിച്ചിരിക്കുന്ന ബട്ടൺ അമർത്തിയാൽ രണ്ട് മിനിട്ടുകൊണ്ട് എല്ലാ മാലിന്യങ്ങളും താഴെ വീഴുന്ന രീതിയിലുള്ള പ്രത്യേകതരം ലോറിയിലാണ് മാലിന്യം നിക്ഷേപിക്കുന്നത്. ഒരു ലോറിയിൽ രണ്ട് വീട്ടിൽ നിന്നുള്ള സെപ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാൻ സാധിക്കും. ഒരു വീട്ടിൽനിന്നും 4,000 രൂപ ഈടാക്കി, രണ്ടുവീട്ടിൽ നിന്നും 8,000 രൂപ ചാർജ്ജ് ചെയ്താണ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത്. മിനിട്ടുകൾക്കകം ലോറികൾ തിരികെവന്ന് അടുത്ത സ്ഥലത്തേയ്ക്ക് പോകും. ഈ വാഹനങ്ങളെ പിൻതുടർന്നപ്പോൾ പെരിയാറിന്റെ തീരത്ത് സൗകര്യമായ സ്ഥലത്ത് ഒഴുക്കുക യാണെന്നാണ് അറിയാൻ കഴിഞ്ഞത്. കക്കൂസ് മാലിന്യങ്ങളുടെ പ്രശ്നം ഇത് ആദ്യമല്ല. 2009-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി താമസിച്ചിരുന്ന വീടിനടുത്ത് മാലിന്യങ്ങൾ നിക്ഷേപിച്ചതിനെത്തുടർന്ന് കേസ്സെടുക്കുകയുണ്ടായി. അടിയന്തരമായ നടപടികൾ സ്വീകരിക്കുമെന്ന ഉറപ്പാണ് ഗവൺമെന്റിൽനിന്നും ലഭിച്ചത്. എന്നാൽ 2009 മുതൽ 2013 വരെ ആയിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല. ഒരു എൻവയോൺമെന്റലിസ്റ്റ് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതി സംസ്ഥാന ഗവൺമെന്റിന് നോട്ടീസ് അയച്ചു. 2009 മുതൽ ഒരു നടപടിയും സ്വീകരിച്ചില്ല. പ്രധാനപ്പെട്ട സിറ്റികളിലും ജില്ലകളിലുമെല്ലാം കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന്

കാണിച്ച് ക്യാബിനറ്റിൽ പ്രത്യേക യോഗം ചേർന്ന് ഉത്തരവിറക്കി. Treatment with sewage in Trivandrum, Kollam, Kochi, Kozhikode and other 9 districts. അവിടെയെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് കാണിച്ച് സുപ്രീം കോടതിക്ക് ഇവിടെ നിന്ന് ഉറപ്പ് നൽകി, കുറച്ച് നടപടികൾ ആരംഭിച്ചു. CDS Smith എന്ന ഏജൻസിയോട് പ്രോജക്ട് തയ്യാറാക്കാൻ ആവശ്യപ്പെടുകയും, ആ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തു. ബ്രഹ്മപുരത്തും പോർട്ട് ട്രസ്റ്റിലുമായി രണ്ട് പ്രോജക്ടുകൾ മാത്രമാണ് ഇതുവരെ തയ്യാറാക്കിയിരിക്കുന്നത്. അവിടെ അന്വേഷിച്ചപ്പോൾ 20 ലോഡ് ലോറികളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ സൗകര്യമുണ്ട്. രണ്ട് പ്രോജക്ടിലുമായി 40. അന്ന് 220 വാഹനങ്ങളുണ്ടായിരുന്നു. ഏറ്റവും ചുരുങ്ങിയത് 180 വാഹനങ്ങളിൽ കൊച്ചിയിൽ നിന്നു മാത്രം സെപ്റ്റിക് ടാങ്കിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യങ്ങളെടുത്ത് അലസമായി ആറുകളിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഈ വാഹനങ്ങൾക്ക് ലൈസൻസുണ്ടോയെന്ന് ആരും അന്വേഷിക്കുന്നില്ല. കുടിവെള്ളത്തിലേക്ക് മാലിന്യങ്ങൾ നിക്ഷേപിക്കുകയാണ്. ഇത് ദിവസവും നടന്നുകൊണ്ടിരിക്കുകയാണ്. 2015-ൽ രണ്ട് മാലിന്യ പ്ലാന്റുകൾ പൂർത്തിയാക്കുകയും അവിടത്തെ സംസ്കരണം ശരിയായ രീതിയിലുള്ള താണെന്നും പുറത്തേയ്ക്ക് വിടുന്ന ജലത്തിന് പ്രശ്നമില്ലെന്നും പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് നൽകി. അപ്പോഴാണ് അമൃത് പദ്ധതി നിലവിൽ വന്നത്. അമൃത് പദ്ധതി വന്നപ്പോൾ ഉന്നതതല കമ്മിറ്റി യോഗം ചേർന്ന് കൺസൾട്ടന്റായി വാപ്കോസിനെ ചുമതലപ്പെടുത്തിയിരുന്നു. 2020 മാർച്ചിൽ ഈ പദ്ധതി അവസാനിക്കുകയാണ്, 600 കോടി രൂപ കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ടതാണ്. എന്നാൽ ഒന്നും ചെയ്തിട്ടില്ല. ചുരുങ്ങിയത് ഇനി അഞ്ച് യൂണിറ്റെങ്കിലും കൊച്ചിയിൽ ആവശ്യമാണ്. കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിലെല്ലാം കക്കൂസ് മാലിന്യങ്ങൾ അലസമായി നിക്ഷേപിക്കുകയാണ്. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് ടെക്നോളജികളുണ്ട്. അതനുസരിച്ച് ചെയ്യാമായിരുന്നു. കഴിഞ്ഞ മൂന്ന് വർഷം എന്താണ് ചെയ്തത്? എന്തെങ്കിലും നടന്നോ. സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് ഏഴ് മാസം മതിയായിരുന്നു. ഇപ്പോൾ ഗവൺമെന്റ് നടപടി സ്വീകരിച്ചാൽ ഏഴ് മാസം കൊണ്ട്, അതായത് മാർച്ച് 31-ന് മുമ്പായി പ്ലാന്റ് നിർമ്മിക്കുവാൻ സാധിക്കും. കൊച്ചിയിലുൾപ്പെടെ 30 പ്ലാന്റുകൾക്ക് 150 കോടി രൂപകൊണ്ട് നിർമ്മാണം പൂർത്തിയാക്കാമായിരുന്നു. ബ്രഹ്മപുരത്തെ പ്ലാന്റിന് 5 കോടി രൂപയായിരുന്നു. ശുചീകരണത്തിന് പ്രാധാന്യം നൽകുന്നുവെങ്കിൽ ഇപ്പോൾ ഗവൺമെന്റ് നടപടി സ്വീകരിച്ച് ടെണ്ടർ ചെയ്താൽ 600 കോടി രൂപ ലാപ്സായി പോകാതിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുകയാണ്, പോലീസ് ഇതിനെക്കുറിച്ച് അന്വേഷിച്ചാൽ മാലിന്യങ്ങൾ എവിടെ പോകുന്നുവെന്ന് കണ്ടു

പിടിക്കുവാൻ സാധിക്കും. 150 വാഹനങ്ങൾ മുടങ്ങാതെ ഓടിക്കൊണ്ടിരിക്കുകയാണ്. വീടുകളിൽനിന്നും ഫ്ലാറ്റുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിച്ച് കുടിവെള്ളത്തിലേയ്ക്ക് നിക്ഷേപിക്കുകയാണ്. 600 കോടി രൂപ ലാപ്സാകുവാൻ പോകുകയാണെന്ന് ഇന്നത്തെ പത്രത്തിൽ റിപ്പോർട്ടുണ്ട്. ഇപ്പോൾ ലഭിച്ചിട്ടുള്ള ടെക്നോളജിയെന്ന് പറയുന്നത് Anaerobic treatment followed by aerobic treatment എന്നതാണ്. ആ ടെക്നോളജിയുടെ സഹായത്തോടെ നടപ്പിലാക്കുവാൻ സാധിക്കും. അല്ലാതെ ഇപ്പോഴുള്ള ടെക്നോളജി ഗുണകരമാകില്ല. അതുകൊണ്ട് മാലിന്യം സംസ്കരിക്കപ്പെടാൻ സാധ്യതയില്ല. ഇപ്പോഴത്തെ ടെക്നോളജിയിൽ ടെണ്ടർ വിളിച്ചിട്ട് ആരും എടുക്കുന്നില്ല. അതുകൊണ്ട് ഇതുപോലൊരു പ്രൂവൺ ടെക്നോളജിയാണെങ്കിൽ ടെണ്ടർ എടുക്കാൻ ആളുണ്ടാകും. കക്കൂസ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി രണ്ട് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ വിജയകരമായി പൂർത്തിയാക്കിയിരിക്കുന്നു. അതേ രീതിയിൽ 30 എണ്ണം കൂടി നിർമ്മിച്ചാൽ ഈ പ്രശ്നം പരിഹരിക്കുവാൻ സാധിക്കും. അതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിലെ ഏകദേശം 87% വീടുകളും മലിനജല/കക്കൂസ് മാലിന്യ സംസ്കരണത്തിന് ഉപയോഗിക്കുന്നത് സെപ്റ്റിക് ടാങ്കുകൾ അല്ലെങ്കിൽ ഡബിൾ/സിംഗിൾ ലീച്ച് പിറ്റ്സ് സംവിധാനങ്ങളാണ്. 12% വീടുകൾ കേന്ദ്രീകൃത മലിനീകരണ സംസ്കരണ പ്ലാന്റുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ദ്രവമാലിന്യ സംസ്കരണത്തിന് കേന്ദ്രീകൃത മാതൃകയായ Sewage Treatment Plant (STP)-കൾ ഇപ്പോൾ തിരുവനന്തപുരത്ത് മുട്ടത്തറയിലും എറണാകുളത്ത് വെല്ലിംഗ്ടൺ ഐലന്റിലും പ്രവർത്തിക്കുന്നുണ്ട്. ഭൂഗർഭ പൈപ്പുകൾ വഴി സെപ്റ്റിക് മാലിന്യം വീടുകളിൽ നിന്ന് നേരിട്ട് പ്ലാന്റുകളിലേയ്ക്ക് എത്തിച്ചാണ് സ്വീവേജ് സംസ്കരണ പ്ലാന്റുകളിൽ മാലിന്യം സംസ്കരിക്കുന്നത്. 2013-ൽ നിർമ്മിച്ച തിരുവനന്തപുരം ജില്ലയിലുള്ള മുട്ടത്തറ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കപ്പാസിറ്റി പ്രതിദിനം 107 മില്യൺ ലിറ്ററാണ്. മാലിന്യം പ്ലാന്റിലെത്തിക്കാനുള്ള പൈപ്പുകൾ ഇടാനുള്ള പ്രായോഗിക ബുദ്ധിമുട്ട് കാരണം സംസ്കരണശേഷിയുടെ 45%-ഓളം സ്വീവേജ് മാലിന്യം മാത്രമേ ഇവിടെ സംസ്കരിക്കപ്പെടുന്നുള്ളൂ. മാത്രമല്ല, പൊതുജനങ്ങളുടെ എതിർപ്പ് കാരണം കേരളത്തിൽ ഒട്ടുമിക്ക സ്ഥലങ്ങളിലും അതാണ് ഏറ്റവും ഗൗരവപ്പെട്ട പ്രശ്നം. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം കണ്ടെത്തുന്നതിന് വലിയ ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇതിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുവേണ്ടി ജനങ്ങളുടെയും ചില പരിസ്ഥിതി സംഘടനകളുടെയും എതിർപ്പുമുണ്ടെന്നുള്ള വലിയൊരു പ്രശ്നമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ കക്കൂസ് മാലിന്യം സംസ്കരിക്കു

ന്നതിന് ഗവൺമെന്റ് തലത്തിൽ പുതിയ മാതൃകകൾ തേടിയതിന്റെ ഫലമായി എറണാകുളത്ത് ബ്രഹ്മപുരത്തും വെല്ലിംഗ്ടൺ ഐലന്റിലും കക്കൂസ് മാലിന്യം സംസ്കരിക്കാൻ പ്രതിദിനം 100 കിലോ ലിറ്റർ വീതം സംസ്കരണശേഷിയുള്ള രണ്ട് ഫീക്കൽ സ്ലഡ്ജ് സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സെപ്റ്റിക് ടാങ്കുകളിൽ നിന്നും വാക്വം ട്രക്കുകൾ മുഖേന ശേഖരിക്കുന്ന കക്കൂസ് മാലിന്യം ഈ പ്ലാന്റുകളിൽ എത്തിച്ച് സംസ്കരിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള ഒരു പ്ലാന്റ് ഗുരുവായൂർ നഗരത്തിലും പ്രവർത്തിച്ചുവരുന്നു. ആലപ്പുഴ കനാലിന്റെ നവീകരണത്തിന്റെ ഭാഗമായി മുനിസിപ്പൽ കോളനിയിൽ വികേന്ദ്രീകരണ മാതൃകയിൽ ഒരു പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി താലൂക്കാശുപത്രി, വടകര ജില്ലാശുപത്രി, പുറക്കാട്ടിൽ സർക്കാർ ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ എല്ലാ ജില്ലകളിലും ഓരോ സർക്കാർ ആശുപത്രികളിലും സംസ്ഥാനത്ത് വിവിധ ഇൻസ്റ്റിറ്റ്യൂട്ടുകളിലും 'കില' പോലുള്ള സ്ഥാപനങ്ങളിലും മാതൃകാ സീവേജ് സംസ്കരണ പ്ലാന്റുകൾ ഈ വർഷം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 'അമൃത് പദ്ധതി' -യിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളും സീവേജ് ആന്റ് സെപ്റ്റേജ് സംവിധാന സെക്ടറിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതനുസരിച്ച് കൊച്ചി കോർപ്പറേഷനിൽ 16 എം.എൽ.ഡി.-യുടെ അഞ്ച് സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും തിരുവനന്തപുരം കോർപ്പറേഷൻ മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ 5 എം.എൽ.ഡി.-യുടെ ഒരു പ്ലാന്റും കൊല്ലം കോർപ്പറേഷനിൽ 12 എം.എൽ.ഡി.-യുടെ ഒരു പ്ലാന്റും കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ 2.86 എം.എൽ.ഡി.-യുടെ രണ്ട് പ്ലാന്റുകളും കോഴിക്കോട് 16 എം.എൽ.ഡി.-യുടെ നാല് പ്ലാന്റുകളും കണ്ണൂർ 1 എം.എൽ.ഡി. -യുടെ ഒരു പ്ലാന്റും ആലപ്പുഴയിൽ രണ്ട് പ്ലാന്റുകളും പാലക്കാട് രണ്ട് പ്ലാന്റുകളും അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു പൂർത്തീകരിക്കുമ്പോൾ 54.185 എം.എൽ.ഡി.ശേഷിയുള്ള 18 സ്വീവറേജ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാകും. ആ നിലയിൽ 54.185 എം.എൽ.ഡി. സ്വീവറേജ് മാലിന്യം ദിനംപ്രതി സംസ്കരിക്കുന്നതിന് കഴിയുന്നതാണ്. അമൃത് പദ്ധതിയിൽ നേരത്തെ പറഞ്ഞ തദ്ദേശ സ്ഥാപനങ്ങളിൽ 820 കെ.എൽ.ഡി. ആകെ ശേഷിയുള്ള ഒൻപത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി കഴിഞ്ഞിട്ടുണ്ട്. അതിൽ 100 കെ.എൽ.ഡി. വീതം ശേഷിയുള്ള അഞ്ച് പ്ലാന്റുകളുടെ പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഏഴ് നഗരങ്ങളിൽ ഒൻപത് പ്ലാന്റുകളുടെ പ്രവർത്തനം പൂർത്തീകരിച്ച് പ്ലാന്റുകൾ പ്രവർത്തനക്ഷമമാകുന്നതോടെ പ്രസ്തുത നഗരങ്ങളുടെ

820 കെ.എൽ.ഡി.സെപ്റ്റേജ് മാലിന്യം ദിനംപ്രതി ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സാധിക്കുന്നതാണ്. 2010-ലെ കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർക്കുലർ പ്രകാരം 2,000 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഹൈറെയ്സ് കെട്ടിടങ്ങൾ, അപ്പാർട്ട്മെന്റുകൾ എന്നിവയുടെ നിർമ്മാണത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കൺസെന്റ് ലഭിക്കുന്നതിന് കേന്ദ്രീകൃത സിവറേജ് സംവിധാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്. പുഴകളുടേയും കായലുകളുടേയും സമീപത്തുള്ള പ്രദേശങ്ങൾ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗാർഹിക സ്ഥാപന പൊതുയിടങ്ങളിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തുവരുന്നുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ നിർമ്മാണ പുരോഗതിയനുസരിച്ച് മാലിന്യത്തിന്റെ തോത് ഗണ്യമായി കുറയുകയും ജലാശയങ്ങളിൽ ഖര-ദ്രവ്യ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത കുറയുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. ജലാശയങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാനുള്ള നിയമം ജലവിഭവ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം നിയമം ലംഘിക്കുന്നവർക്ക് മൂന്നുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന ശിക്ഷയും അല്ലെങ്കിൽ രണ്ട് ലക്ഷം രൂപ വരെ പിഴയും അല്ലെങ്കിൽ തടവും ഒരുമിച്ച് ലഭിക്കാവുന്നതാണ്. കൂടാതെ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനു വേണ്ടി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. അനധികൃത വാഹനങ്ങളിൽ സംഭരിച്ചുകൊണ്ടുപോയി ചില സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നുവെന്ന ഗൗരവതരമായ പ്രശ്നമുണ്ട്. അക്കാര്യം പരിശോധിക്കാനും അന്വേഷണം നടത്തി അനധികൃത വാഹനങ്ങൾ പിടിച്ചെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പലവിധ സാങ്കേതികവിദ്യകളൊക്കെ പ്രയോഗിച്ച് സംസ്കരിക്കുന്നതിന് സ്ഥലത്തിന്റെ വിഷയമാണ് എല്ലായിടത്തും പ്രശ്നമായി വരുന്നത്. അതിന് കൂട്ടായ ശ്രമം ഇതിന്റെ ഭാഗമായി ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. എയ്റോബിക് സാങ്കേതികവിദ്യയിൽ ഇ-കിഡ് എന്ന സാങ്കേതികവിദ്യ ഇതിന് ഫലപ്രദമായുള്ള സാങ്കേതികവിദ്യയാണ്. മുട്ടത്തറയിൽ എയ്റോബിക് സാങ്കേതികവിദ്യയാണ് ഉപയോഗിച്ചിട്ടുള്ളത്.

ശ്രീ. പി. ജെ. ജോസഫ്: സർ, Central Public Health and Environmental Engineering Organisation-ന്റെ ഒരു മാന്വലുണ്ട്. ആ മാന്വലിൽ ഉൾപ്പെട്ട സാങ്കേതികവിദ്യകളെ ഉപയോഗിക്കാൻ പാടുള്ളൂ എന്നൊരു നിർദ്ദേശമുണ്ട്. ഇപ്പോൾ ഇവിടെ ടെണ്ടർ വിളിച്ചിരിക്കുന്നത് ഇലക്ട്രോ കൊയാഗുലേഷൻ എന്നൊരു ടെക്നോളജിയാണ്. ഇത് Central Public Health and Environmental Engineering Organisation മാന്വലിൽ ഉൾപ്പെട്ട ടെക്നോളജിയല്ല. അഞ്ച് കൊല്ലം ഇതിന്റെ മെയിന്റനൻസിന് ആവശ്യമാണ്. എന്നാൽ, ഇതിനുമുൻപ് നടപ്പാക്കിയ പദ്ധതിയായ

Anaerobic treatment followed by aerobic treatment അനുസരിച്ച് രണ്ടു പ്രോജക്ടുകൾ ബ്രഹ്മപുരത്തും പോർട്ട് ട്രസ്റ്റിലും നല്ലരീതിയിൽ നടക്കുന്നു. ഇതിന് ടെണ്ടർ വിളിച്ചപ്പോൾ ആറേഴ് ആളുകളുണ്ടായിരുന്നു. ഇനി എട്ട് മാസമേയുള്ളൂ, 600-ലധികം കോടി രൂപയുടെ പദ്ധതിയാണ്. 150 വാഹനങ്ങൾ പാർക്ക് ചെയ്യാനായി ബ്രഹ്മപുരത്ത് ധാരാളം സ്ഥലമുണ്ട്. അവിടെ നൂറോളം ഏക്കർ സ്ഥലമുണ്ട്. ഇതിന് 50 സെന്റ് സ്ഥലം മതി. ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന ടെക്നോളജിയനുസരിച്ച് ടെണ്ടർ ചെയ്താൽ ആളുകളെ കിട്ടും. എന്തുകൊണ്ട് ഇതുവരെ പ്രൂവൺ ആയിട്ടുള്ള ഈ ടെക്നോളജി ഉപയോഗിച്ച് ടെണ്ടർ വിളിക്കുന്നില്ല?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, Aerobic, Anaerobic എന്നീ സാങ്കേതിക വിദ്യയുപയോഗിച്ച് മുട്ടത്തറയിലും ബ്രഹ്മപുരത്തും സംസ്കരണം നടക്കുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞു. അതിനുള്ള സാങ്കേതിക പ്രശ്നം ഒരു നിശ്ചിത അളവിൽ സാധനം ലഭ്യമാകണമെന്നതാണ്. മുട്ടത്തറയിൽ പൈപ്പുമായി ഘടിപ്പിക്കാനുള്ള സാങ്കേതിക പ്രശ്നം കാരണം 47% മാത്രമാണ് അവിടെ സംസ്കരണം നടക്കുന്നത്. പൂർണ്ണമായി ചെയ്യാൻ കഴിയുന്നില്ല എന്നൊരു പ്രശ്നം നിലനിൽക്കുകയാണ്. അതുകൊണ്ടാണ് അത്തരം കാര്യങ്ങൾ പരിഗണിച്ച് സാങ്കേതികവിദ്യയിലുള്ള മാറ്റങ്ങളെ ഉന്നതതല ഹൈപവർ കമ്മിറ്റി പരിഗണിച്ചത്. അതിൽ നേരത്തെ പറഞ്ഞ ഇലക്ട്രോ കൊയാഗുലേഷൻ സാങ്കേതികവിദ്യയനുസരിച്ച് ഇലക്ട്രോട്ടുകളിൽ കൂടി ഇത് വിഘടിപ്പിച്ച് ശുദ്ധജലം പുറത്തേയ്ക്ക് വിടുകയെന്ന സാങ്കേതികവിദ്യയാണ് ഉപയോഗിക്കുന്നത്. ടെണ്ടർ നടപടികളിൽ ഇതിന്റെ ഭാഗമായുള്ള അഞ്ച് വർഷകാലാവധി എന്നുള്ളതിൽ ഇളവുകൊടുത്തിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ച് നടപടികൾ പൂർത്തിയാക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വാഭാവികമായും ഇത് നിർവ്വഹിക്കാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, (..മൈക്ക് ഓഫ്..) ഗവൺമെന്റിന് ആറ് മാസം കൊണ്ട് തീർക്കാം. അല്ലെങ്കിൽ ഇതിന്റെ തുക ലാപ്സായി പോകും.

<u>മി. സ്പീക്കർ</u>: അങ്ങും മന്ത്രിയുമായി നേരിട്ട് സംസാരിച്ച് വ്യക്തത വരുത്തിയാൽ മതി.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഏത് ഉപയോഗിക്കണമെന്നുള്ളത് മന്ത്രിയല്ല സാങ്കേതിക സമിതിയാണ് തീരുമാനിക്കുന്നത്. അവരുടെ ഉപദേശമനുസരിച്ചാണ് ഇത് ചെയ്യുന്നത്. അങ്ങ് പറഞ്ഞ പ്രയാസങ്ങൾ ഇപ്പോൾ ഉണ്ടാകില്ല. ടെണ്ടർ നടപടികളിൽ ലഘൂകരണം വരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ടെണ്ടർ നടക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

# V സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥന മാനിച്ച് എല്ലാ സബ്മിഷനുകളും ഇന്ന് എടുക്കുകയാണ്. 47 സബ്മിഷനുകളുണ്ട്. ഉത്തരങ്ങൾ ടേബിൾ ചെയ്താൽ മതിയാകും. വളരെ നിർബന്ധമായി സഭയുടെ മുൻപിൽ പറയേണ്ട കാര്യങ്ങൾക്ക് ഒന്നോ രണ്ടോ വാചകത്തിൽ മന്ത്രിമാർക്ക് പറയാവുന്നതാണ്.

## 1. പോലീസ് മർദനം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേന്ദ്രവിദ്യാഭ്യാസ നയത്തിന്റെ കരടിനെതിരെയും ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ടും സമാധാനപരമായി സെക്രട്ടേറിയറ്റ് മാർച്ച് നടത്തിയ കെ.എസ്.യു. പ്രവർത്തകരെ പോലീസ് ക്രൂരമായി ഇന്നലെ മർദ്ദിച്ചു. ശത്രു സൈന്യത്തെ നേരിടുന്നതുപോലെയാണ് വിദ്യാർത്ഥികളെ പോലീസ് നേരിട്ടത്. ജലപീരങ്കിയും കണ്ണീർവാതകവും ഒരുമിച്ച് പ്രയോഗിച്ച് പ്രവർത്തകരെ പോലീസ് തലങ്ങും വിലങ്ങും ആക്രമിക്കുകയായിരുന്നു. റോഡിൽ കുത്തിയിരുന്നു മുദ്രാവാക്യം വിളിച്ച കെ.എസ്.യു. പ്രവർത്തകരെപോലും പോലീസ് വെറുതെ വിട്ടില്ല. റോഡിൽ വീണുപോയ കുട്ടികളെ പോലീസുകാർ വളഞ്ഞിട്ട് ക്രൂരമായി അടിക്കുകയായിരുന്നു. അതിന്റെ ആവശ്യം എന്താണ്? താഴെ വീണുകിടക്കുന്ന കെ.എസ്.യു. പ്രവർത്തകരെ വീണ്ടും പോലീസിന്റെ ലാത്തികൊണ്ട് അടിക്കേണ്ട കാര്യമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പെൺകുട്ടികളെപോലും ലാത്തികൊണ്ട് ക്രൂരമായി അടിച്ചു. പലരുടേയും തലപൊട്ടി. എല്ലാ നിയന്ത്രണങ്ങളും വിട്ടുപോലെയാണ് പോലീസ് പെരുമാറിയത്. പേടിച്ച് അടുത്തുള്ള ഹോട്ടലിലേയ്ക്ക് ഓടിക്കയറിയ പ്രവർത്തകരെ അവിടെയും പോലീസുകാരെത്തി ഭീകരമായി മർദ്ദിക്കുകയാണുണ്ടായത്. ഇതിനിടയിൽ യാത്രക്കാർക്കും മർദ്ദനമേറ്റു. ആ വഴി പോകുകയായിരുന്ന ഒരു ഭാര്യയെയും ഭർത്താവിനെയും തടഞ്ഞുനിർത്തി മർദ്ദിക്കാൻ ശ്രമിച്ചെന്ന വാർത്തയാണ് ഇന്ന് പത്രത്തിൽ വന്നത്. ഉച്ചയ്ക്ക് 12.00 മണിക്ക് പാളയത്തുനിന്നാണ് പ്രവർത്തകർ മുദ്രാവാക്യം വിളിച്ച് സെക്രട്ടേറിയറ്റ് പടിക്കലേയ്ക്ക് നീങ്ങിയത്. കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രനാണ് ജാഥ ഉദ്ഘാടനം ചെയ്തത്. കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എം. അഭിജിത്തും എം.എൽ.എ.-മാരായ ശ്രീ. റോജി എം. ജോൺ, ശ്രീ. ഷാഫി പറമ്പിൽ എന്നിവരും ആ ചടങ്ങിൽ പങ്കെടുത്തു. സമാധാനപരമായി പ്രകടനം നടത്തിവരുന്ന സന്ദർഭത്തിലാണ് കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. എം. അഭിജിത്ത്, സംസ്ഥാന ഭാരവാഹികളായ രഞ്ചു പടിപ്പുരയ്ക്കൽ, ജസ്സി പള്ളിവേൽ, ശ്രീലാൽ, യദുകൃഷ്ണ, അരുൺരാജ് തുടങ്ങിയ പത്തോളം പേർക്ക് ക്രൂരമായി പോലീസ് മർദ്ദനമുണ്ടായത്. ഏറ്റവും വേദനയുണ്ടാക്കുന്ന ഒരു കാര്യം, അവരെ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം അവിടെ നിന്നും മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു,

മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്തില്ല. ഏഴ് മണിക്കൂർ നേരം കാത്തുനിന്നു. അവസാനം വിവരമറിഞ്ഞ് ഞാനവിടെ ചെന്നതിനുശേഷമാണ് അവരെ മെഡിക്കൽ കോളേജിൽ അഡ്മിറ്റ് ചെയ്യാൻ തയ്യാറായത്. പല്ലുപോയ കുട്ടികൾ, തലപൊട്ടിയ കുട്ടികൾ, ശരീരം മുഴുവൻ ലാത്തിയടിയേറ്റ കുട്ടികൾ എന്നിവരെ അഡ്മിറ്റ് ചെയ്യാൻ പോലും തയ്യാറാകുന്നില്ല. ഏഴ് മണിക്കൂറാണ് അവർ വെളിയിൽ നിന്നത്. ഇത്രയും ഭീകരമായ പോലീസ് മർദ്ദനത്തിന്റെ എന്താവശ്യമാണ് അവിടെ ഉണ്ടായിരുന്നത്? സ്നേഹ എന്നൊരു പെൺകുട്ടിയുടെ പല്ലുവരെ അടിച്ച് കൊഴിച്ചു. ഇത്രയും ഭീകരമായ പോലീസ് മർദ്ദനം നടത്തേണ്ട എന്ത് കാര്യമാണുള്ളത്? പ്രവർത്തകർ അവസാനം ഒരു ഹോട്ടലിൽ കയറിയപ്പോൾ ആ ഹോട്ടലിന്റെ ഷട്ടറിട്ട് അതിനുള്ളിലിട്ട് അടിച്ചു. വളരെ ഭീകരമായ പോലീസ് മർദ്ദനമാണ് ഇന്നലെ ഉണ്ടായത്. ഇതിൽ കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കുനേരെ കർശന നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പൊതുവിദ്യാഭ്യാസ മേഖലയിൽ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനുള്ള സർക്കാർ തീരുമാനത്തിൽ പ്രതിഷേധിച്ച് 3-7-2019-ന് ഉച്ചയ്ക്ക് 12 മണിയോടെ വിദ്യാർത്ഥി സംഘടനാ പ്രവർത്തകരായ നൂറോളം പേർ ജാഥയായി സെക്രട്ടേറിയറ്റിന് മുൻവശം എത്തി പൊതുജനങ്ങളുടെയും വാഹനങ്ങളുടെയും ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുകയായിരുന്നു. സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റിൽ ക്രമസമാധാന ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥർ പിരിഞ്ഞു പോകാനാവശ്യപ്പെട്ടെങ്കിലും പിരിഞ്ഞുപോകുന്നതിനുപകരം കല്ല്, കമ്പ് തുടങ്ങിയവ പോലീസിനുനേരെ വലിച്ചെറിയുകയാണുണ്ടായത്. ഇതിന്റെ ഫലമായി ഡ്യൂട്ടിയിലുണ്ടായിരുന്ന രണ്ട് പോലീസുദ്യോഗസ്ഥർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. സ്ഥലത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിർദ്ദേശാനുസരണം നിയമപരമായ മുന്നറിയിപ്പുകൾ നൽകിയതിനുശേഷം ജലപീരങ്കി ഉപയോഗിച്ച് അക്രമാസക്തരായ പ്രവർത്തകരെ പിരിച്ചുവിടാൻ ശ്രമിച്ചുവെങ്കിലും പോലീസിനുനേരെയുള്ള ആക്രമണം അവർ തുടരുകയാണുണ്ടായത്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ തുടർന്നുള്ള നിർദ്ദേശാനുസരണം മതിയായ മുന്നറിയിപ്പുകൾ നൽകിയതിനുശേഷം കണ്ണീർവാതക ഷെല്ലുകൾ പ്രയോഗിച്ച് അക്രമാസക്തരായ പ്രവർത്തകരെ പിരിച്ചുവിട്ടിട്ടുള്ളതാണ്. സംഭവത്തിൽ പരിക്കേറ്റ പ്രവർത്തകരെ പോലീസ് ആശുപത്രിയിലെത്തിക്കുകയും അക്രമാസക്തരായ പ്രവർത്തകരുടെ കല്ലും കമ്പുംകൊണ്ടുള്ള ആക്രമണത്തിൽ പരിക്കേറ്റ പോലീസുദ്യോഗസ്ഥർക്ക് ജനറൽ ആശുപത്രിയിൽ ചികിത്സ നൽകിയിട്ടുള്ളതാണ്. ഈ സംഭവവുമായി ബന്ധപ്പെട്ട് ഐ.പി.സി. 143, 147, 148, 149, 283, 323, 324, 332, 353 കേരള പോലീസ് ആക്ടിലെ 39, 121 എന്നീ വകുപ്പുകൾ പ്രകാരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 1403/19 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഞ്ചുപേരെ അറസ്റ്റുചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. .... (ബഹളം)..

മി. സ്പീക്കർ: സബ്മിഷനിൽ വീണ്ടും ചോദ്യമില്ല. പ്ലീസ്..... (ബഹളം).. യെസ്..

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ ആദ്യമായിട്ടല്ലല്ലോ സമരം നടക്കുന്നത്? മർദ്ദനമേറ്റ ആ കുട്ടികളെ ജനറൽ ആശുപത്രിയിൽനിന്ന് റഫർ ചെയ്ത് മെഡിക്കൽ കോളേജിൽ കൊണ്ടുപോയി. പക്ഷേ 7 മണിക്കൂർവരെ അവരെ അഡ്മിറ്റ് ചെയ്തില്ല. അതിനെപ്പറ്റി അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; അക്കാര്യമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സാധാരണഗതിയിൽ അങ്ങനെ സംഭവിക്കില്ല. എന്താണ് സംഭവിച്ചതെന്നുള്ളത് അന്വേഷിക്കാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് നൽകിയ സമയം ഇനിയുള്ള അംഗങ്ങൾക്ക് നൽകാൻ പ്രയാസമാണ്. 30 സെക്കന്റുകൊണ്ട് പറഞ്ഞ് അവസാനിപ്പിക്കണം.

## 2. സഭാതർക്കം

ശ്രീ. ആന്റണി ജോൺ: സർ, യാക്കോബായ ഓർത്തഡോക്സ് സഭാതർക്കവുമായി ബന്ധപ്പെട്ട വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്. നൂറ്റാണ്ടുകളായി യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന തർക്കം പരിഹരിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് മന്ത്രിസഭാ ഉപസമിതിയെ ഉൾപ്പെടെ നിശ്ചയിച്ചത്. ഇരുകൂട്ടരുമായി വിഷയങ്ങൾ പറഞ്ഞ് അവസാനിപ്പിക്കുന്നതിനുവേണ്ടി സർക്കാർ നടത്തുന്ന ഇടപെടലുകളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. വർഷങ്ങളായി നിലനിൽക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ ഇടപെടൽ നടത്തുമ്പോൾത്തന്നെ ഇന്ന് നൂറുകണക്കിന് പള്ളികളിൽ സംഘർഷ സാധ്യത നിലനിൽക്കുകയാണ്. ആത്മീയാന്തരീക്ഷത്തിൽ മുന്നോട്ടുപോകേണ്ട ആരാധനാലയങ്ങളിലും അതോടൊപ്പംതന്നെ സെമിനാരികളിൽപ്പോലും ഇതുമായി ബന്ധപ്പെട്ടുകൊണ്ട് പലപ്പോഴും സംഘർഷമുണ്ടാകുന്ന ഒരു സാഹചര്യമാണ് ഇന്നുള്ളത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ നൂറുകണക്കിന് പള്ളികളിലും എറണാകുളത്തെ 15 പള്ളികളിലും എന്റെ നിയോജക മണ്ഡലമായ കോതമംഗലത്തെ രണ്ട് പള്ളികളിലും ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. ഏതായാലും മുൻ യു.ഡി.എഫ്. ഗവൺമെന്റുകളുടെ സമീപനത്തിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് വളരെ നല്ല നിലയിൽത്തന്നെയാണ് രണ്ടുവിഭാഗങ്ങളെയും ഒരുമിച്ചിരുത്തി സംസാരിച്ച് പ്രശ്നം തീർക്കുന്നതിനുവേണ്ടി ഇടപെടുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ആന്റണി ജോൺ: 2005-ൽ യു.ഡി.എഫ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിലിരിക്കുമ്പോഴാണ് ആലുവയിൽ തൃക്കുന്നത്ത് സെമിനാരിയിൽ വൈദികരെയും മെത്രാപ്പൊലീത്തമാരെയും വിശ്വാസികളെയുമൊക്കെ വലിയ തോതിൽ പോലീസ് ആക്രമിക്കുന്ന സമീപനമുണ്ടായിട്ടുള്ളത്. ഏതായാലും സർക്കാർ രണ്ടുവിഭാഗത്തെയും ഒരുമിച്ചിരുത്തിക്കൊണ്ട് ചർച്ചയിലൂടെ ഈ വിഷയം പരിഹരിക്കാൻ നന്നായി ശ്രമിക്കുന്നുണ്ട്. അത് കുറേക്കൂടി വേഗത്തിലാക്കി ഒരു ശാശ്വത പരിഹാരമുണ്ടാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് സർവ്വശ്രീ അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ അംഗങ്ങളും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട ആന്റണി ജോൺ എം.എൽ.എ. ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. ഞങ്ങൾ ഈ വിഷയത്തിൽ പൂർണ്ണമായും സഹകരിച്ച് ഒരു സമവായമുണ്ടാക്കണമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിന്റെ മുന്നോട്ടുവച്ചിട്ടുള്ളത്. കോതമംഗലം എം.എൽ.എ. അങ്ങനെ പറയുന്നത് ശരിയല്ല. ഇത് രാഷ്ട്രീയവൽക്കരിക്കുന്നത് തീർത്തും നിർഭാഗ്യകരമാണ്. ഈ വിഷയം രമ്യമായി പരിഹരിക്കണം. ഗവൺമെന്റ് നിയോഗിച്ചിരുന്ന ഉപസമിതിയെ ഞങ്ങൾ ചെറുതായി കാണുന്നില്ല. എത്രയുംപെട്ടെന്ന് നടപടിയുണ്ടാകണം. ഇരുവിഭാഗങ്ങൾക്കും സ്വീകാര്യമായ ഒരു ഫോർമുലയിലൂടെ ഈ വിഷയം പരിഹരിക്കണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വളരെ രൂക്ഷമായ ഒരു പ്രശ്നമാണിത്. രണ്ട് സഭകളും സഹോദര സഭകളാണ്. പക്ഷെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു സഭ പ്രശ്നമില്ലാത്ത സ്ഥലങ്ങളിൽപ്പോയി പ്രശ്നമുണ്ടാക്കുന്ന ഒരു സാഹചര്യമുണ്ട്. ഈ ഗവൺമെന്റ് തെരഞ്ഞെടുപ്പിനുമുമ്പെടുത്ത സമീപനമല്ല ഇപ്പോൾ കാണിക്കുന്നത്. യാക്കോബായ സഭയുടെ വോട്ടുനേടാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആ നയത്തിലേയ്ക്കുവരുന്നില്ല. ഉപസമിതി ക്രിയാത്മകമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാനും അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തെരഞ്ഞെടുപ്പിനുമുമ്പോ തെരഞ്ഞെടുപ്പിനുശേഷമോ എന്നൊരു നിലപാടില്ല. ഈ കാര്യത്തിൽ ഒരേ സമീപനം മാത്രമേ സർക്കാരിനുള്ളൂ. ആ സമീപനം തുടർന്നുപോകുകയും ചെയ്യും. ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ തമ്മിൽ വിവിധ പള്ളികളിൽ ആരാധന നടത്തുന്നത് സംബന്ധിച്ച തർക്കം ദീർഘകാലമായി നിലനിൽക്കുന്നതാണ്. 3-7-2017-ലെ

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് സഭാകാര്യങ്ങളിൽ 1934-ലെ ഭരണഘടനയാണ് ഇരുവിഭാഗങ്ങളും അംഗീകരിക്കേണ്ടത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിൽ പറയുന്ന കാര്യങ്ങൾ അതേ രീതിയിൽ തന്നെ ഉദ്ധരിക്കുന്നതായിരിക്കും നല്ലത്. അത് ഞാൻ ഉദ്ധരിക്കാം. 'Both the factions, for the sake of the sacred religion they profess and to preempt further bickering and unpleasantness precipitating avoidable institutional degeneration, ought to resolve their differences if any, on a common platform if necessary by amending the Constitution further in accordance with law, but by no means, any attempt to create parallel systems of administration of the same Churches resulting in law and order situations leading to even closure of the Churches can be accepted.' ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിൽ രണ്ട് സഭകളും പിന്തുടരുന്ന വിശുദ്ധ മതത്തിന്റെ പാവനതയ്ക്കുവേണ്ടിയും ഇനിയും സ്ഥാപനത്തിന്റെ ജീർണ്ണത ഒഴിവാക്കാനായി തർക്കവും അനിഷ്ട സംഭവങ്ങളും തുടരാതിരിക്കാനായി അഭിപ്രായഭിന്നതകൾ പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ 1934-ലെ ഭരണഘടന നിയമപ്രകാരം ഭേദഗതി ചെയ്ത് ഒരു പൊതുവേദിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിക്കുകയാണ് വേണ്ടത്. എന്നാൽ അതൊരിക്കലും പള്ളികളിൽ സമാന്തര ഭരണസംവിധാനമുണ്ടാക്കാനോ ക്രമസമാധാന പ്രശ്നമുണ്ടാക്കാനോ പള്ളികൾ അടച്ചുപൂട്ടുന്ന നിലയിൽ എത്തിക്കാനോ ആകരുത്, അതംഗീകരിക്കാവുന്നതല്ലെന്ന് വിധിയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് കാണിക്കുന്നത് വിധി നടപ്പിലാക്കുമ്പോൾ പള്ളികളിൽ ക്രമസമാധാന പ്രശ്നമോ അടച്ചുപൂട്ടുന്ന നിലയോ ഉണ്ടാകാതെ പ്രവർത്തിക്കണമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ വിധി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇരുസഭകളിലുംപ്പെട്ട സമാധാന കാംഷികളായവരുമായി സർക്കാർ പല ആവർത്തി സമവായ സംഭാഷണങ്ങൾ നടത്തുകയുണ്ടായി. അതിനാണ് ഒരു ക്യാബിനറ്റ് സബ് കമ്മിറ്റിതന്നെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അനിഷ്ട സംഭവങ്ങളൊഴിവാക്കുന്നതിനും ക്രമസമാധാനപാലനത്തിനും ആവശ്യമായ ഘട്ടങ്ങളിൽ പോലീസ് ഇടപെടലും വേണ്ടിവന്നു. വിശ്വാസികൾക്ക് അവരുടെ ആരാധനയ്ക്ക് തടസ്സമാകുന്ന ഒരു സാഹചര്യവും ഉണ്ടാകരുതെന്നുള്ള സർക്കാരിന്റെ ദൃഢനിശ്ചയത്തിന്റെ ഭാഗമായിരുന്നു അത്. സുപ്രീംകോടതി വിധി നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അങ്ങനെ നടപ്പിലാക്കുമ്പോൾ സംഘർഷങ്ങൾ ഒഴിവാക്കി അത് പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് നടത്താറുള്ളത്. ഭരണഘടനാ ബഞ്ചിന്റെ വിധി നടപ്പിലാക്കുന്ന കാര്യത്തിലുൾപ്പെടെ ഇത്തരത്തിലുള്ള ഒരു സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. പള്ളിത്തർക്കവുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനെതിരെ കോടതിയലക്ഷ്യമാരോപിക്കുന്ന ഹർജി സുപ്രീംകോടതിയിൽ നേരത്തെ വന്നിരുന്നു. എന്നാൽ സംസ്ഥാന

സർക്കാരിനെതിരെ കോടതിയലക്ഷ്യ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കാനാവില്ലെന്ന കാര്യം സുപ്രീംകോടതി ആ അവസരത്തിൽ വ്യക്തമാക്കിയിരുന്നു. അതുകൊണ്ടുതന്നെ സർക്കാരിനെതിരെ കോടതിയലക്ഷ്യം ആരോപിക്കുന്ന ഹർജി, ഹർജിക്കാരൻ പിൻവലിക്കുകയും ചെയ്ത സംഭവം നേരത്തെയുണ്ടായിട്ടുണ്ട്. കോടതി ഇതുസംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഏത് വിധിയും നടപ്പിലാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സുപ്രീംകോടതി വിധി പ്രകാരവും കേസിന്റെ സവിശേഷതകൾ കണക്കിലെടുത്തു കൊണ്ടും സമാധാനപരമായി നടപ്പിലാക്കാനാണ് എക്കാലത്തും സർക്കാർ പരിശ്രമിച്ചിട്ടുള്ളത്. കോടതിവിധിയെ ബഹുമാനിച്ചുകൊണ്ടുള്ള സമീപനമാണ് സംസ്ഥാന സർക്കാർ എക്കാലത്തും എടുത്തിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായ സമീപനം ഒരു വിധിയുടെ കാര്യത്തിലും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ഇക്കാര്യത്തിലും സുപ്രീംകോടതി വിധി കഴിയുന്നത്ര സമാധാനപരമായും സമവായത്തോടും നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുന്നതായിരിക്കും.

## (3) പോലീസ് നടപടി

ഡോ. എം. കെ. മുനീർ : സർ, ശ്രീ. ജേക്കബ് തോമസ്, ഐ.പി.എസ് എഴുതിയ 'സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ' എന്ന സാഹിത്യകൃതി സർവ്വീസ് ചട്ട ലംഘനമാണെന്ന പേരിൽ അദ്ദേഹത്തിനെതിരെ സർക്കാരെടുത്ത കേസ് കോടതിയിൽ പരിഗണനയിലാണ്. ആ വിഷയത്തിൽ തർക്കമില്ല. അത് മുന്നോട്ടുപോകേണ്ട വിഷയംതന്നെയാണ്. ഈ പുസ്തകം പ്രസിദ്ധീകരിച്ചത് തൃശ്ശൂർ കറന്റ് ബുക്സാണ്. അതിന്റെ പേരിൽ പോലീസ് ഇപ്പോൾ തൃശ്ശൂർ കറന്റ് ബുക്സിലെ ഡി.റ്റി.പി. ഓപ്പറേറ്ററേയും എഡിറ്റ് ചെയ്ത ആളിനെയും പ്രൂഫ് റീഡറെയുമെല്ലാം ചോദ്യം ചെയ്യുകയും കമ്പ്യൂട്ടർ സെർച്ച് ചെയ്യുകയും ചെയ്തിരിക്കുന്നു. അതിനുശേഷം ജൂൺ 15-ന് CrPC 91 പ്രകാരം ശ്രീ. ജേക്കബ് തോമസ്സുമായി കറന്റ് ബുക്സ് നടത്തിയ എല്ലാ കമ്മ്യൂണിക്കേഷൻ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയിരിക്കുന്നു. ഇത് അങ്ങേയറ്റം സങ്കീർണ്ണമായ പ്രശ്നമാണ്. കാരണം, ഇദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകം സർവ്വീസ് ചട്ടലംഘനത്തിൽപ്പെടുന്ന കാര്യമാണോയെന്ന് പരിശോധിക്കേണ്ട ജോലി പ്രസാധകനുള്ളതല്ല. അത് സർക്കാരും ഈ ഉദ്യോഗസ്ഥനും തമ്മിലുള്ള വിഷയമാണ്. ഇതിന്റെപേരിൽ പ്രസാധകശാലയിലേയ്ക്ക് പോലീസ് കയറി അതിക്രമം കാണിക്കുന്നത് ശരിയല്ല. അദ്ദേഹം സാമൂഹ്യ കലാപത്തിന് വഴിയൊരുക്കുന്നതോ, മതസ്പർദ്ധ വളർത്തുന്നതോ ആയ ഒന്നും ചെയ്യാത്തൊരു പ്രസാധകനാണ്. കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ജോസഫ് മുണ്ടശ്ശേരിയുടെ ചെറുമകനാണ് ഈ പ്രസാധകൻ. ഇതിൽ എല്ലാ പ്രസാധകരും വ്രണിതഹൃദയരാണ്. ആവിഷ്കാര സ്വാതന്ത്ര്യം തകർക്കുന്ന രീതിയിൽ പ്രസാധകശാലകളിൽക്കയറി പോലീസ് ഇതുപോലെ പ്രശ്നമുണ്ടാക്കുന്നത് ഒഴിവാക്കണം. ഇത്തരം സർവ്വീസ് വിഷയങ്ങൾ സർക്കാരും

ഉദ്യോഗസ്ഥനും തമ്മിലാകട്ടെ. പ്രസാധകരെ ഇതിൽനിന്നും ഒഴിവാക്കണമെന്നതാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

## (4) കോടതി സമുച്ചയം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിവിധ കോടതികൾ പ്രവർത്തിക്കുന്നത് പല സ്ഥലങ്ങളിലായിട്ടാണ്. മുൻസിഫ്/മജിസ്ട്രേറ്റ് കോടതികൾ മിനി സിവിൽ സ്റ്റേഷനിലും സബ് കോടതി വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ഈ കോടതികൾക്ക് ഒരു സമുച്ചയമുണ്ടാക്കാൻ നേരത്തെ നിർദ്ദേശമുണ്ടായിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നില്ല. തഴവയിലോ കരുനാഗപ്പള്ളിയിലെ കെ.ഐ.പി. പ്രവർത്തിച്ചിരുന്ന സ്ഥലത്തോ കോടതി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിച്ച് എത്രയുംവേഗത്തിൽ പ്രശ്നം പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

മി. സ്പീക്കർ: മറുപടികൾ എത്രയുംവേഗം അംഗങ്ങൾക്ക് ലഭ്യമാക്കണം.

## (5) പൊല്യൂഷൻ സർട്ടിഫിക്കറ്റ് ഫീസ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ചെറുകിട-ഇടത്തരം വർക്ക്ഷോപ്പുകളെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിബന്ധനകളിൽ നിന്നൊഴിവാക്കിയാൽ മറ്റ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് അവയ്ക്ക് ലൈസൻസെടുക്കാവുന്നതേയുള്ളൂ. ഈ സ്ഥാപനങ്ങൾ പരിസ്ഥിതിക്ക് ദോഷം വരുത്തുന്നതേയല്ല. അവർ വളരെയധികം വിഷമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സർട്ടിഫിക്കറ്റ് വാങ്ങുന്നതിനുള്ള ഫീസ് വളരെയധികം വർദ്ധിപ്പിക്കുകയും മൂന്നുവർഷത്തെ ഫീസ് ഒന്നിച്ച് അടയ്ക്കുകയെന്ന പഴയ വ്യവസ്ഥ മാറ്റി അഞ്ച് വർഷത്തേയ്ക്ക് മൊത്തത്തിൽ അടയ്ക്കണമെന്ന തീരുമാനമെടുക്കുകയും ചെയ്തിരിക്കുകയാണ്. ഇതൊക്കെ സംസ്ഥാന ഗവൺമെന്റിന് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന കാര്യമാണ്. ചെറുകിട വർക്ക്ഷോപ്പ് ഉടമകളെ ബുദ്ധിമുട്ടിക്കാത്ത വിധത്തിലുള്ള നല്ലൊരു തീരുമാനം അങ്ങ് പ്രഖ്യാപിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

---

*അനുബന്ധമായി ചേർത്തിരിക്കുന്നു

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (6) കോടതി കെട്ടിടനിർമ്മാണം

ശ്രീ. പി. ടി. എ. റഹീം: സർ, കുന്ദമംഗലം കോടതി കെട്ടിടനിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. പി.ടി.എ. റഹീം എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (7) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മാണം

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മലപ്പുറം ജില്ലയിലെ കോഴിക്കോട്-തൃശ്ശൂർ നാഷണൽ ഹൈവേയിലെ ഏറ്റവും അപകടകരമായ പ്രദേശമാണ് വട്ടപ്പാറ. വട്ടപ്പാറയിൽ ഫയർസ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികൾ നേരത്തെ ആരംഭിച്ചതാണ്. ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനാവശ്യമായ ഭരണാനുമതി നൽകി കെട്ടിടത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ തുടങ്ങുകയാണ്, ആവശ്യമായ സ്ഥലം നൽകിയിട്ടുണ്ട്. അവിടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടിയുണ്ടാകണമെന്നതാണ് എന്റെ സബ്മിഷൻ. അതിനെക്കുറിച്ചുള്ള മറ്റ് കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. എല്ലാം ബഹുമാന്യനായ മന്ത്രിക്ക് അറിയാവുന്നതാണ്, ഞാൻ എഴുതി കൊടുത്തിട്ടുള്ളതുമാണ്. ആ ഫയർ സ്റ്റേഷൻ നിർമ്മിക്കാനാവശ്യമായ നടപടികളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## (8) ഇ-കോമേഴ്സ് ആരംഭിക്കൽ

ശ്രീ. ഐ. ബി. സതീഷ്: സർ, ഇന്ന് ലോക വ്യാപാരത്തിന്റെ 18 ശതമാനവും ഓൺലൈൻ സൈറ്റുകൾ വഴിയാണ്. കഴിഞ്ഞ 20 വർഷത്തെ പ്രവണത പരിശോധിച്ചാൽ വളരെ കുറച്ചുകാലംകൊണ്ട് ലോകവിപണി ഓൺലൈൻ വ്യാപാരം കീഴടക്കുമെന്നാണ് അനുമാനിക്കുന്നത്. എന്നാൽ ഈ സംവിധാനം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നമ്മുടെ സംസ്ഥാനത്തിന് കഴിയുന്നില്ല. കേരള

---

* അനുബന്ധമായി ചേർത്തിരിക്കുന്നു

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ വിവിധ ഉത്പന്നങ്ങൾ, പ്രാദേശികവും പ്രത്യേകതയുമുള്ള സവിശേഷതകൾ വഴി ലോകശ്രദ്ധയാർജ്ജിച്ച കേരളീയ ഉത്പന്നങ്ങൾ എന്നിവ ഇ-കോമേഴ്സ് സൈറ്റുവഴി ഓൺലൈൻ വ്യാപാര മേഖലയിലൂടെ വിറ്റഴിക്കാനുള്ള ശ്രമം നടത്താനാകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ശ്രീ. ഐ.ബി.സതീഷ് എം.എൽ.എ.-യുടെ സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു. *

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (മൈക്ക് ഓഫ്)... മറുപടി കയ്യിൽ തന്നാൽപോരെ. ഇങ്ങനെയൊരു പ്രഹസനത്തിന്റെ ആവശ്യമുണ്ടോ?

മി. സ്പീക്കർ: പാർലമെന്റിലൊക്കെ ഇങ്ങനെതന്നെയാണ്. സഭയുടെ മുമ്പാകെ സബ്മിറ്റ് ചെയ്താൽ അതിന്റെ ഉത്തരം നിങ്ങൾക്ക് കൃത്യമായി ലഭിക്കും. അതൊരു പുതിയ കാര്യമൊന്നുമല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ...(മൈക്ക് ഓഫ്)...ഇതിൽ എല്ലാ കാര്യങ്ങളുമുണ്ട്. എനിക്ക് തോന്നുന്ന എല്ലാവരുമായി ഒരു സമവായത്തിലാണ് ഇങ്ങനെയൊരു ധാരണയിലെത്തിയിട്ടുള്ളതെന്നാണ്. മറുപടി വായിക്കുന്നതിൽ ബുദ്ധിമുട്ടില്ല. ...(ബഹളം).....

മി.സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇതിൽ തർക്കത്തിന്റെ കാര്യമില്ല. സഭയിൽ സബ്മിറ്റ് ചെയ്യുന്ന, സബ്മിറ്റ് ചെയ്ത മറുപടി നിങ്ങൾക്കെല്ലാം ലഭ്യമാകുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങനെയാണെങ്കിൽ സബ്മിഷനും ഞങ്ങൾ എഴുതി അങ്ങയുടെ അക്കൗണ്ടിൽ തന്നാൽപോരെ. .....(ബഹളം).... എന്തിനാണ് ഇങ്ങനെ പ്രഹസനം കാണിക്കുന്നത്.

മി. സ്പീക്കർ: ഇതൊന്നും ശരിയല്ല. 47 സബ്മിഷനുള്ളതുകൊണ്ടാണ്. ഇതിൽ ഒരു പ്രഹസനവുമില്ല. വളരെ പ്രധാനമാണെന്ന് തോന്നുന്ന സബ്മിഷന് മന്ത്രിമാർക്ക് ഒന്നോ രണ്ടോ വാചകത്തിൽ മറുപടി പറയാമെന്ന് ഞാൻ ആദ്യമേ പറഞ്ഞിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) സർ, (മൈക്ക് ഓഫ്)..... പാർലമെന്റിൽ സബ്മിഷൻ ഉന്നയിക്കുക മാത്രമേയുള്ളൂ, ഒരു മന്ത്രിയും മറുപടി പറയാറില്ല. .......(ബഹളം).......

---

*അനുബന്ധമായി ചേർത്തിരിക്കുന്നു

## (9) സ്റ്റീൽ ഫാക്ടറി

ശ്രീ. ബി. സത്യൻ: സർ, ആറ്റിങ്ങലിൽ അടച്ചുപൂട്ടപ്പെട്ട സ്റ്റീൽ ഫാക്ടറി തുറന്ന് പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള MSME (Micro, Small & Medium Enterprises)-യ്ക്ക് കീഴിൽ ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചുവന്ന സ്റ്റീൽ ഫാക്ടറി അടഞ്ഞുകിടന്നിട്ട് ഏതാണ്ട് രണ്ട് പതിറ്റാണ്ടായി. നാടിന് അഭിമാനമായി മാറിയ സ്റ്റീൽ ഫാക്ടറിയായിരുന്നു അവിടെ പ്രവർത്തിച്ചുവന്നിരുന്നത്. അങ്ങും വ്യവസായ വകുപ്പും കേന്ദ്ര സർക്കാരും എം.എസ്.എം.ഇ.-യുമായി ഇതിനകം ചർച്ചകൾ നടത്തുകയുണ്ടായി. ആ ഫാക്ടറി പ്രവർത്തിച്ചിരുന്ന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥലത്ത് അടിയന്തരമായി ഒരു പുതിയ സംരംഭം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ആറ്റിങ്ങൽ മൂന്നുമുക്കിലുള്ള ഈ സ്ഥലം കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണ്. കേന്ദ്രഗവൺമെന്റിൽനിന്നും സ്ഥലം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അത് വിട്ടുകിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

## (10) പുനരധിവാസം

ശ്രീ. വി. എസ്. ശിവകുമാർ: സർ, തിരുവനന്തപുരം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന വേളി ടൂറിസ്റ്റ് വില്ലേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2000-ത്തിൽ 25 ഏക്കർ സ്ഥലം സംസ്ഥാന ടൂറിസം വകുപ്പ് ഏറ്റെടുത്തു. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 21 കുടുംബങ്ങളെ കുടിയൊഴിപ്പിക്കുകയുണ്ടായി. കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിനായി അഞ്ച് സെന്റ് സ്ഥലംവീതം അനുവദിക്കാമെന്ന് സർക്കാർ ഉറപ്പുനൽകിയിരുന്നു. എന്നാൽ 18 വർഷം പിന്നിടുമ്പോഴും ഇവർക്ക് സ്ഥലം അനുവദിച്ച് നൽകിയിട്ടില്ല. തുടർന്ന് 2014-ൽ ബഹുമാനപ്പെട്ട ലോകായുക്തയിൽ ഒരു കേസ് ഫയൽ ചെയ്തു. 2017-ൽ കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് അനുകൂലമായി ലോകായുക്ത ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഒരു മാസത്തിനുള്ളിൽ വിധി നടപ്പിലാക്കണമെന്ന നിർദ്ദേശം ചീഫ് സെക്രട്ടറിക്കും ടൂറിസം വകുപ്പ് സെക്രട്ടറിക്കും നൽകുകയുണ്ടായി. ഇക്കാലത്തിനിടയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ ചന്ദ്രബാലൻ, കരുണാകരൻ, കുഞ്ഞി, വേലുക്കുട്ടി തുടങ്ങിയവർ കിടപ്പാടമില്ലാതെ മരണപ്പെട്ടു. അവരുടെ ആശ്രിതരിൽ പലരും ഇപ്പോഴും ബുദ്ധിമുട്ടിലാണ്. അതിലുപരി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് സർക്കാർ നൽകാനുദ്ദേശിക്കുന്ന സ്ഥലം താഴ്ന്ന വെള്ളക്കെട്ടുള്ള ഭൂമിയാണ്. ഈ സ്ഥലം നികത്തി അളന്ന് തിരിച്ച് നൽകുന്നതിന് ടൂറിസം വകുപ്പ്

---

*അനുബന്ധമായി ചേർത്തിരിക്കുന്നു.

നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ലോകായുക്തയുടെ വിധി നടപ്പിലാക്കാത്തൊരു പശ്ചാത്തലമുണ്ട്. അടിയന്തരമായി, കാലതാമസം വരുത്താതെ പ്രസ്തുത ഭൂമി അളന്നുതിരിച്ച് ഇവർക്ക് കൈമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (11) ഭൂമിയേറ്റെടുക്കൽ

ശ്രീ. പി. ഉണ്ണി: സർ, ഒറ്റപ്പാലം ടൗൺ ഏറ്റവും കൂടുതൽ വാഹനക്കുരുക്ക് അനുഭവപ്പെടുന്ന പ്രദേശമാണ്. അതിന് പരിഹാരമായി ഒറ്റപ്പാലം ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും 79.42 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കൽ നടപടിയാണ് മുന്നോട്ട് പോകാത്തത്. അതിനാൽ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2015-ലെ എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുകയാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (12) പട്ടയ വിതരണം

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമല പഞ്ചായത്തിൽ ഏതാണ്ട് 600-ൽപ്പരം കുടുംബങ്ങൾക്ക് ഇന്നും പട്ടയം ലഭിച്ചിട്ടില്ല. പൊന്തൻപുഴ വനവുമായി ബന്ധപ്പെട്ട് നേരത്തെ ഒരു കേസ് നിലവിലുണ്ടായിരുന്നു. ഇപ്പോഴത് സുപ്രീം കോടതി വിധിയിൽ നിൽക്കുന്നു. പക്ഷെ പത്തനംതിട്ടയിൽ, തൊട്ടടുത്തുള്ള ശ്രീ. രാജു എബ്രഹാം എം.എൽ.എ.-യുടെ മണ്ഡലത്തിൽ ഇതേവിഷയം നിൽക്കുമ്പോൾ അവിടെ താമസക്കാരായിട്ടുള്ള ആളുകളുടെ സ്ഥലത്തിന്റെ ജോയിന്റ് സർവ്വേ റവന്യൂ വകുപ്പും വനം വകുപ്പും ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ജണ്ടയ്ക്ക് പുറത്തുള്ള ആളുകൾക്ക് പട്ടയം ലഭിക്കാനുള്ള നടപടി സ്വീകരിക്കുക എന്നുള്ളതാണ്. കേസ് ഒരിക്കലും അവസാനിക്കാൻ പോകുന്നില്ല. വർഷങ്ങളായി നടക്കുന്ന കേസാണ്. ഇതുവരെ കൈവശാവകാശമുള്ള ആളുകൾക്ക് പട്ടയം കൊടുത്തിട്ടില്ല. 600-ഓളം കുടുംബങ്ങളുണ്ട്. 9-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി അവിടെ വരുന്നുണ്ട്. ഈ കാര്യത്തിൽ എത്രയും വേഗം ഒരു തീരുമാനമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുചേർക്കാനുള്ള നടപടിയെടുക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

---

*അനുബന്ധമായി ചേർക്കുന്നു

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വനം വകുപ്പിന്റെ അംഗീകാരത്തോടുകൂടി ഈ കേസിൽ സുപ്രീം കോടതിയുടെ അന്തിമ വിധിക്കുശേഷം മാത്രമേ പട്ടയം കൊടുക്കാൻ കഴിയുള്ളൂവെന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിന്റെ മറ്റ് വിശദാംശങ്ങൾ പരിശോധിക്കാവുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (13) ഭൂമി സംബന്ധമായ പ്രശ്നങ്ങൾ

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട് പഞ്ചായത്തിൽ ആയിരത്തോളം കുടുംബങ്ങൾ അനുഭവിക്കുന്ന പ്രശ്നമാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ കുടുംബങ്ങൾ താമസിക്കുന്നത് കേരള എസ്റ്റേറ്റ് വില്ലേജിലാണ്. ആ കുടുംബങ്ങൾക്ക് 5-10 സെന്റ് ഭൂമി വീതമാണുള്ളത്. അവരുടെ ഭൂമിക്ക് നികുതി പോലും സ്വീകരിക്കാത്ത സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. അടൂർ പ്രകാശിനോട് പ്രത്യേകം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം തിരുവനന്തപുരത്ത് വില്ലേജ് ഓഫീസർ മുതൽ റവന്യൂ വകുപ്പുസെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർത്തതിന്റെ അടിസ്ഥാനത്തിൽ അന്ന് നികുതി സ്വീകരിക്കണമെന്ന തീരുമാനമായി. നികുതി എടുത്തുകഴിഞ്ഞതിനുശേഷമുള്ള സാഹചര്യമെന്തെന്നാൽ, അവർ ഭൂമി വിറ്റു കഴിഞ്ഞാൽ അത് പോക്കുവരവ് നടത്താനുള്ള സൗകര്യം ലഭ്യമാകുന്നില്ല. കൈവശഭൂമി രജിസ്ട്രേഷനുശേഷം പോക്കുവരവ് നടത്താത്തതിന് കാരണമായി പറയുന്നത് ഭൂപരിഷ്കരണ നിയമപ്രകാരം ഇളവനുവദിച്ച് കിട്ടിയ തോട്ടഭൂമി മുറിച്ച് വിൽക്കാനോ തരം മാറ്റാനോ പാടില്ലെന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടെന്നതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രയാസമെന്ന് പറയുന്നത് 3, 5, 10 സെന്റ് ഭൂമിയുള്ള ആയിരത്തോളം കുടുംബങ്ങൾക്ക് പോക്കുവരവ് ലഭിച്ചിട്ടില്ല. പക്ഷെ അവിടെയൊരു എസ്റ്റേറ്റ് ഉടമ 230-ഓളം ഏക്കർ ഭൂമിക്ക് പോക്കുവരവ് വാങ്ങി. അദ്ദേഹം ഹൈക്കോടതിയിൽ പോയി ഉത്തരവ് വാങ്ങിയതിനാൽ ആ എസ്റ്റേറ്റിന് പോക്കുവരവ് നടത്താൻ സൗകര്യം ലഭിച്ചു. പക്ഷെ 3-5 സെന്റ് ഭൂമിയുള്ള ആളുകൾ ഇപ്പോഴും പ്രയാസത്തിലാണ്. ഈ പാവപ്പെട്ട കുടുംബങ്ങൾക്ക് കോടതിയിൽപോയി 25,000-30,000 രൂപ കൊടുത്ത് പോക്കുവരവ് നടത്താനുള്ള അനുവാദം വാങ്ങാനുള്ള സാഹചര്യം ഇന്നില്ല. ഇതുമൂലം അവരുടെ ഭൂമി കുടുംബാംഗങ്ങൾക്കോ സ്വന്തം കുട്ടികൾക്കോ പോലും കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുവാനുള്ളത് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ഈ പാവപ്പെട്ടവർക്ക് പോക്കുവരവ് നടത്തിക്കൊടുക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കണമെന്നാണ്.

---

*അനുബന്ധമായി ചേർക്കുന്നു

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഈ വിഷയം കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81-ന്റെ ലംഘനമായതിനാലാണ് ഇത് കൊടുക്കാൻ കഴിയാത്തതെന്ന് അറിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ അക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കരം സ്വീകരിക്കാൻ കഴിയാത്തതും കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ 81-ാം വകുപ്പുപ്രകാരം മിച്ചഭൂമി ഇളവ് ചെയ്തിട്ടില്ലാത്ത ഭൂമിയുടെ നികുതി സ്വീകരിക്കുവാൻ തടസ്സങ്ങളില്ല. മറ്റ് പ്രശ്നങ്ങൾക്കാണ് തടസ്സമുള്ളത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (14) കരം അടയ്ക്കുന്നതിലെ തടസ്സം

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ പ്രതിനിധാനം ചെയ്യുന്ന പൂഞ്ഞാർ നിയോജകസമണ്ഡലം കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കിൽപ്പെട്ട പ്രദേശമാണ്. മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ മൂന്ന് സെന്റ് മുതൽ 4-5 ഏക്കർ ഭൂമി വരെ കൈവശമുള്ള കർഷകരുടെ ഭൂമി റീസർവ്വേ നടപടികൾക്കുശേഷം സർവ്വേ റെക്കോർഡുകളിൽ പുരയിടം എന്നതിനുപകരം തോട്ടം എന്ന് മാറ്റിയതിലൂടെ കരം അടയ്ക്കുന്നതിന് തടസ്സം നേരിട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ഉദാഹരണത്തിന് നിസ്സാരമായ ഒരു കാര്യം മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. സിബി തങ്കപ്പനും അദ്ദേഹത്തിന്റെ ഭാര്യയും സമർപ്പിച്ച പരാതിയാണിത്. "എന്റെ പേരിലുള്ള വസ്തു തോട്ടമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പഞ്ചായത്തിൽ നിന്നും വീട് നിർമ്മിക്കുന്നതിനും മറ്റുമുള്ള ആനുകൂല്യങ്ങൾ കിട്ടാതെ വന്നിട്ടുള്ളതും പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽപ്പെടുത്തി അംഗീകാരം കിട്ടിയിട്ടുണ്ടെങ്കിലും തോട്ടമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ആയതിന് തടസ്സം വരാൻ ഇടയുള്ളതുമാണ്. ഇതുമൂലം സ്വന്തമായി ഒരു പുര പണിത് താമസിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. എനിക്കോ എന്റെ ഭാര്യയ്ക്കോ കുട്ടികൾക്കോ ടി വസ്തുവല്ലാതെ സ്വന്തമായി വേറെ യാതൊരു സ്ഥലവും ഇല്ലാത്തതുമാണ്. ആകയാൽ സമക്ഷത്തിൽ ദയവുണ്ടായി എന്റെ വക മൂന്നര സെന്റ് വസ്തു തോട്ടം എന്ന് റവന്യൂ റെക്കോർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത് പുരയിടം എന്ന് മാറ്റി നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു." അങ്ങ് നിർബന്ധമായി ഈ റീസർവ്വേ റെക്കോർഡ് തിരുത്തി ഈ പാവങ്ങൾക്ക് ഒരു വീട് വയ്ക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, റീസർവ്വേ റെക്കോർഡുകളിൽ വന്നിട്ടുള്ള തിരുത്തലാണെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതിനുവേണ്ടി ഭൂരേഖാ തഹസീൽദാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സെക്ഷൻ 81 അനുസരിച്ച് തോട്ടത്തിന്റെ പരിധിയിൽ വരുന്ന വിഷയമാണെങ്കിൽ മാത്രമാണ് അതിന് സാധ്യമാകാതെ പോകുന്നത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

*അനുബന്ധമായി ചേർക്കുന്നു

## (15) ഡിവിഷൻ ഓഫീസ്

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, കൊണ്ടോട്ടിയിൽ വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ ഓഫീസ് സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷൻ വഴി ആവശ്യപ്പെടുന്നത്. നേരത്തേ അവിടെയുണ്ടായിരുന്ന സബ് ഡിവിഷൻ ഓഫീസ് ഇല്ലാതാക്കിയപ്പോൾ അത് പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ സമർപ്പിച്ച നിവേദനം (ഫയൽ നമ്പർ സി12/88/17 തീയതി 8-5-2017) ഇപ്പോഴും എം.ഡി.-യുടെ ആഫീസിൽ വിശ്രമിക്കുകയാണ്. മലപ്പുറം ജില്ലയിൽ ആകെ രണ്ട് ഡിവിഷൻ ഓഫീസുകളാണുള്ളത്. അതുകൊണ്ടുതന്നെ രണ്ട് ഇ.ഇ.-മാരുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥന്മാർ വളരെയധികം പ്രയാസപ്പെടുകയാണ്. ചീക്കോട് കുടിവെള്ള പദ്ധതി കൊണ്ടോട്ടിയിൽ വരുന്നതുവഴി ഇപ്പോൾത്തന്നെ 60 എം.എൽ.ഡി. വെള്ളത്തിന്റെ ശുദ്ധീകരണവും വിതരണവുമെല്ലാം നടത്തേണ്ട ഉത്തരവാദിത്വം അവർക്കുണ്ട്. മലപ്പുറം ജില്ലയിൽ 45 ലക്ഷം ജനസംഖ്യയുണ്ട്. അതിന്റെ പകുതിപോലും ജനസംഖ്യയില്ലാത്ത ജില്ലകളിൽ രണ്ടും മൂന്നും ഡിവിഷനുകളുണ്ട്. ചീക്കോട് കുടിവെള്ള പദ്ധതി വരുന്ന സാഹചര്യംകൂടി പരിഗണിച്ചുകൊണ്ട് കൊണ്ടോട്ടിയിൽ അടിയന്തരമായി ഒരു ഡിവിഷൻ ഓഫീസുകൂടി സ്ഥാപിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ചീക്കോട് പുതിയ പ്രോജക്ട് ഡിവിഷൻ തുടങ്ങാൻ കഴിയുന്നതല്ല. ഇതുവരെ ഭരണാനുമതി ലഭിക്കാത്ത പദ്ധതിയുടെ നടത്തിപ്പിനായി പുതിയ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (16) കുടിവെള്ള പദ്ധതി

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, 18.35 ച.കി.മീറ്റർ വിസ്തീർണ്ണവും നാല്പതിനായിരത്തിലധികം ജനസംഖ്യയുമുള്ള പഞ്ചായത്താണ് എന്റെ നിയോജക മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്ത്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റിയുടെ ഒരു സ്കീംപോലും അവിടെ നിലവിലില്ല. പത്തോ പതിനഞ്ചോ കുടുംബങ്ങൾക്ക് ഉപകാരപ്രദമാകുന്ന ചെറിയ പദ്ധതികൾ മാത്രമാണുള്ളത്. എന്റെ എം.എൽ.എ. ഫണ്ടിൽ നിന്നുതന്നെ ചെറുമുക്ക് കുടിവെള്ള പദ്ധതി, വെള്ളിയാമ്പുറം കുടിവെള്ള പദ്ധതി, കുണ്ടൂർ-കുട്ടക്കഴിഞ്ഞാൽ കുടിവെള്ള പദ്ധതി, കൊടിഞ്ഞി-അൽ അമീൻ നഗർ എന്നീ നാല് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻവേണ്ടി പണം അനുവദിക്കുകയുണ്ടായി. പക്ഷേ സോഴ്സിൽ വെള്ളം

*അനുബന്ധമായി ചേർക്കുന്നു

ലഭിക്കുന്നില്ലെന്ന കാരണംകൊണ്ട് നാല് പദ്ധതികളും ഉപേക്ഷിക്കേണ്ടിവന്നു. ആളുകൾ കിണർ നിർമ്മിക്കുന്നതിന് സ്ഥലം തരാൻ തയ്യാറാണ്. ഉദ്യോഗസ്ഥന്മാരും ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള യോഗങ്ങൾ പല തവണ നടന്നിരുന്നു. എല്ലാ ഭാഗങ്ങളിലേയ്ക്കും വെള്ളം കിട്ടുന്നതിനുള്ള സമഗ്ര കുടിവെള്ള പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കണം. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ബാക്കിക്കയം മൾട്ടി ജി.പി. ജലപദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ബാക്കിക്കയം റെഗുലേറ്ററിൽനിന്ന് ഇതിലേയ്ക്കാവശ്യമായ വെള്ളംകൂടി എടുക്കാനുള്ള രീതിയിലാണ് ചെയ്തിട്ടുള്ളത്. അങ്ങനെയൊരു പുതിയ സ്കീം ഉണ്ടാക്കിക്കൊണ്ട് നന്നമ്പ്ര പഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സമഗ്ര കുടിവെള്ള പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സർവ്വേ ജോലികൾ പൂർത്തിയാക്കുന്നതനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.*

## (17) മാറ്റിടാംപാറ സംരക്ഷിക്കൽ

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എന്റെ മണ്ഡലത്തിലുള്ള മൂന്ന് ഗുഹകൾ, കടയ്ക്കൽ-മാറ്റിടാംപാറ ഗുഹകൾ അങ്ങ് സന്ദർശിക്കണമെന്നും അവ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണ്. ഉടനെതന്നെ അദ്ദേഹത്തിന് സൗകര്യമുള്ള ഒരു ദിവസം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരും ഞാനും പ്രസ്തുത സ്ഥലം സന്ദർശിക്കുന്നതാണ്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു.

## (18) കയർ പ്രതിസന്ധി

ശ്രീ. വി. ജോയി: സർ, തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ കോവളം വരെ വരുന്ന പ്രദേശത്തെ അഞ്ചുതെങ്ങ്, വെട്ടൂർ കയർ മേഖല നേരിടുന്ന ഒരു പ്രതിസന്ധിയെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിരുന്നു. അത് ഇന്ന് വല്ലാത്ത പ്രതിസന്ധി നേരിടുകയാണ്. ആറാട്ടുപുഴ വൈക്കം മേഖലയെപ്പോലെയല്ല അഞ്ചുതെങ്ങ് മേഖല വരുന്നത്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

* അനുബന്ധമായി ചേർക്കുന്നു

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇക്കാര്യം സംബന്ധിച്ച് ഞാൻ വിശദമായി നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്. പ്രൊഡക്ടിവിറ്റി പഠിക്കുന്ന സംഘത്തിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കോസ്റ്റ് ഓഫ് പ്രൊഡക്ഷന്റെ കണക്കുകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞാൽ അഞ്ചുതെങ്ങ് കയറിന് പ്രത്യേക പൈതൃക പരിഗണന നൽകി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ചിറയിൻകീഴ് പ്രോജക്ടിലെ വർക്കല, കടയ്ക്കാവൂർ സർക്കിളുകളിലെ സംഘങ്ങളാണ് പ്രധാനമായും അഞ്ചുതെങ്ങ് മേഖലയിൽ വരുന്നത്. ഇവിടെ അഴുകൽ തൊണ്ടിന്റെ ചകിരി ഉപയോഗിച്ച് അഞ്ചുതെങ്ങ്, വെട്ടൂർ എന്നീ മേൽത്തരം കയറുകളാണ് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിൽ റാട്ടുകൾ ഉപയോഗിച്ച് പിരിക്കുന്ന കയറുകളിൽ ഏറ്റവും ഉയർന്ന നിലവാരം പുലർത്തുന്ന കയറാണ് അഞ്ചുതെങ്ങ് കയർ. ഇതിൽതന്നെ ഏറ്റവും കനംകുറഞ്ഞ തരത്തിൽ പിരിച്ചെടുക്കുന്ന കയറിനെ "വെട്ടൂർ തിൻ" എന്നും പറയുന്നു. ഈ ഇനം കയറുകൾക്ക് താരതമ്യേന ഉയർന്ന വിലയാണ് ലഭിക്കുന്നത്. ഫ്ലോർ-കവറിംഗുകൾ, മാറ്റിംഗുകൾ, റഗ്സ്, കാർപ്പെറ്റ് ഇവ ഉൽപ്പാദിപ്പിക്കുന്നതിനും കാർഷിക രംഗത്ത് ഹോപ്പ് കൾട്ടിവേഷനിലും ഇത് ഉപയോഗിക്കുന്നുണ്ട്. എന്നാൽ കൃത്രിമനാരുകളുടെ കടന്നുകയറ്റം പ്രധാനമായും ഈ വിഭാഗം കയറുകളുടെ ആഭ്യന്തര-വിദേശ വിപണികളെ ബാധിച്ചിട്ടുണ്ട്. ഈ കയറുകൾ ഉൽപ്പാദിപ്പിക്കുന്നതിന് അഴുകൽ തൊണ്ടിൽ നിന്നുമുള്ള ചകിരി ആവശ്യമായതിനാൽ ചകിരിവില പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരിയെക്കാൾ ഇരട്ടിയിൽ അധികം ആകുന്നുണ്ട്. കൂടാതെ തൊണ്ട് അഴുക്കലിന് പാരിസ്ഥിതികമായ പ്രശ്നങ്ങളുള്ളതിനാൽ മുൻകാലങ്ങളിലെ പോലെ വ്യാപകമായി കായലിൽ തൊണ്ട് പൂഴ്ത്തുന്നതിന് സാധിക്കുന്നില്ല. അതോടൊപ്പം തൊണ്ട് ലഭിക്കുന്നതിന് നേരിടുന്ന പ്രയാസം കാരണം ഈ മേഖലയിൽ അഞ്ചുതെങ്ങ്, വെട്ടൂർ കയറുകളുടെ ഉൽപ്പാദനം കുറഞ്ഞുവരുന്നുണ്ട്.

കടയ്ക്കാവൂർ കയർ സർക്കിളിന് കീഴിൽ 8 കയർ സഹകരണ സംഘങ്ങളും വർക്കല കയർ സർക്കിളിനുകീഴിൽ 8 കയർ സഹകരണ സംഘങ്ങളും ഉൾപ്പെടെ 16 കയർ സഹകരണ സംഘങ്ങളാണ് അഞ്ചുതെങ്ങ് മേഖലയിൽ പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ 588250 എണ്ണം, 2018-19 സാമ്പത്തിക വർഷത്തിൽ 1002278 എണ്ണം എന്നീ കണക്കുകളിലാണ് തൊണ്ടുകൾ ഈ സംഘങ്ങൾ സംഭരിച്ചിട്ടുള്ളത്. കഴിഞ്ഞ രണ്ടു വർഷക്കാലത്തെ കയർ ഉൽപ്പാദന വിപണന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | തൊണ്ട് സംഭരിച്ചത് (എണ്ണം) | | | കയർ കയർഫെഡ് വഴി സംഭരിച്ചത് (ക്വി) | | |
|---|---|---|---|---|---|---|
| | കടയ്ക്കാവൂർ | വർക്കല | ആകെ | കടയ്ക്കാവൂർ | വർക്കല | ആകെ |
| 2017-18 | 14550 | 573700 | 588250 | 610 | 504 | 1114 |
| 2018-19 | 84800 | 917478 | 1002278 | 473.62 | 465.10 | 938.72 |

ചിറയിൻകീഴ് കയർ പ്രോജക്ടിൽ 2017-18 വർഷത്തിൽ സംഘങ്ങൾ 5411.2 ക്വിന്റൽ കയർ ഉൽപ്പാദിപ്പിച്ചു. 2018-19 വർഷത്തിൽ സംഘങ്ങൾ 5632.2 ക്വിന്റൽ കയർ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. 4% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. കയർഫെഡ് വഴി 2017-18-ൽ 1.25 ലക്ഷം ക്വിന്റൽ കയറും 2018-19-ൽ 1.57 ലക്ഷം ക്വിന്റൽ കയറും സംഭരിച്ചിട്ടുണ്ട്. ഈ കണക്കുകൾ വച്ചു പരിശോധിക്കുമ്പോൾ അഞ്ചുതെങ്ങ് കയറിന്റെ ഉൽപ്പാദനം വളരെ കുറഞ്ഞ അളവിലാണ്. ആയതിനാൽ ഈ കയറിനെ പൈതൃക ഇനങ്ങളുടെ പട്ടികയിൽ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതാണ്.

ഈ മേഖലയിലെ കയർ തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകളിൽ പരിശീലനം നൽകി വൈക്കം കയർ ഉൾപ്പെടെയുള്ള കയറുകൾ പച്ചത്തൊണ്ടിന്റെ ചകിരിയിൽനിന്നും ഉൽപ്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പരമ്പരാഗതമായി അഴുകൽ തൊണ്ടിന്റെ ചകിരിയിൽ നിന്നും കയർ പിരിച്ചുവന്ന തൊഴിലാളികൾ പച്ചത്തൊണ്ടിൽ നിന്നുള്ള ചകിരി ഉപയോഗിച്ച് കയർ പിരിക്കുന്നതിന് വിസ്സമ്മതം പ്രകടിപ്പിക്കുന്നുണ്ട്.

തിരുവനന്തപുരം ജില്ലയിൽനിന്നും സംഭരിക്കുന്ന തൊണ്ടുപയോഗിച്ചാണ് കയറുൽപ്പാദനം നടക്കുന്നത്. ഇതിനായി വിഴിഞ്ഞം, പൂവാർ എന്നീ പ്രദേശങ്ങളിൽ നിന്നുള്ള തൊണ്ട് കച്ചവടക്കാരിൽനിന്നും കൂടാതെ പ്രാദേശികമായി സംഘങ്ങൾ നേരിട്ടും തൊണ്ട് സംഭരിക്കുന്നു. നാട്ടിൻപുറത്തെ ചെറിയ കടകളിൽ നാളികേരം വിൽക്കുമ്പോൾ ലഭ്യമാകുന്ന തൊണ്ട് സംഭരിക്കുന്നതിനുള്ള നടപടികൾ സംഘങ്ങൾ വഴി പ്രോജക്ട് ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതുവഴി പ്രതിദിനം 5000 തൊണ്ട് വരെ സംഭരിക്കാൻ കഴിയുന്നു. തൊണ്ട് സംഭരിക്കുന്നതിന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങളുടെ യോഗം രണ്ടുതവണ ചേരുകയും ബൈലാ തയ്യാറാക്കി രജിസ്ട്രേഷനുള്ള നടപടി

തുടങ്ങുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടുംബശ്രീ, നാളികേര ഉൽപ്പാദന സൊസൈറ്റികൾ എന്നിവ വഴി തൊണ്ട് സംഭരിക്കുന്നതിനും പ്രോജക്ട് ഓഫീസ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ 20000 ക്വിന്റൽ കയർ ഉൽപ്പാദിപ്പിക്കുന്നതിനാണ് ചിറയിൻകീഴ് കയർ പ്രോജക്ട് ലക്ഷ്യം വച്ചിട്ടുള്ളത്. ഇതിന് 2.40 കോടി തൊണ്ട് ആവശ്യമായി വരും. പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ കൂലി 350 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവരുടെ ജോലി ഭാരം സംബന്ധിച്ച് പഠിക്കുന്നതിന് സർക്കാർ നിയോഗിച്ച കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പച്ചത്തൊണ്ടിൽനിന്നും ലഭിക്കുന്ന ചകിരി ഉപയോഗിച്ച് വൈക്കം കയർ ഉൾപ്പെടെ മാർക്കറ്റിൽ ഡിമാന്റുള്ള കയറുകളിലേയ്ക്ക് പരിശീലനം നൽകി തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതാണ് ഈ പ്രദേശത്തിന്റെ കയർ മേഖലയുടെ നിലനിൽപ്പിന് സഹായകരമായ നടപടി. എന്നാൽ പൈതൃക ഇനം എന്ന നിലയ്ക്ക് അഞ്ചുതെങ്ങ് കയറിന് പ്രത്യേക പരിഗണന നൽകി ഇപ്പോൾ ഇവ ഉൽപ്പാദിപ്പിക്കുന്ന സംഘങ്ങളെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്

## (19) കന്യാസുരക്ഷാ പദ്ധതി

ശ്രീമതി സി. കെ. ആശ: സർ, ഇന്ത്യയുടെ രാഷ്ട്രപതി സ്ഥാനംവരെയെത്തിയ കേരളത്തിന്റെ ശ്രേഷ്ഠപുത്രൻ കെ. ആർ. നാരായണന്റെ പേരിൽ, അദ്ദേഹത്തെ ആദരിക്കുന്നതിന് ആരംഭിച്ച ഒരു പദ്ധതിയെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. കേരളീയരുടെ അഭിമാനം വാനോളം ഉയർത്തിക്കൊണ്ട് 1997 ജൂലൈ 25-ന് ദളിത് വിഭാഗത്തിൽ നിന്നുള്ള ആദ്യ പ്രസിഡന്റായി കെ. ആർ. നാരായണൻ സത്യപ്രതിജ്ഞ ചെയ്തപ്പോൾ അദ്ദേഹത്തിന്റെ ജില്ലയായ കോട്ടയം ജില്ലയിൽ ആരംഭിച്ചതാണ് കന്യാസുരക്ഷാ എന്ന പദ്ധതി. എൽ.ഐ.സി.-യും പോസ്റ്റൽ ഡിപ്പാർട്ടുമെന്റും സഹകരിച്ച് മഹിളാപ്രധാൻ ഏജന്റുമാരിലൂടെ ഈ പദ്ധതി നടപ്പിലാക്കി. ഇന്ത്യയുടെ മുൻപ്രസിഡന്റായ കെ. ആർ. നാരായണനെ അപമാനിക്കുന്ന പദ്ധതിയായി ഇത് മാറിയിരിക്കുകയാണ്. അദ്ദേഹം രാഷ്ട്രപതിയായ തീയതി മുതൽ കോട്ടയം ജില്ലയിൽ ജനിച്ച പെൺകുട്ടികളുടെ വിവാഹാവശ്യത്തിനായി വർഷംതോറും 260 രൂപ അടച്ച് കുട്ടിക്ക് 21 വയസ് പൂർത്തിയാകുമ്പോൾ ഒരു ലക്ഷം രൂപ ലഭിക്കുമെന്ന് പറഞ്ഞാണ് മഹിളാ പ്രധാൻ ഏജന്റുമാർ ഈ പദ്ധതിയിൽ ആളുകളെ ചേർത്തിരുന്നത്. എന്നാൽ ഇപ്പോൾ ഈ പദ്ധതിയിൽ ചേർന്നവർ കബളിപ്പിക്കപ്പെട്ട അവസ്ഥയിലാണ്. പണം പിൻവലിക്കാൻ എത്തുന്നവരോട് ഇപ്പോൾ പറയുന്നത് അടച്ച പണം മാത്രമേ ലഭിക്കുവെന്നാണ്. അതും മാസങ്ങൾ

നീണ്ട കാത്തിരിപ്പിനുശേഷം മാത്രമാണെന്നതാണ് വസ്തുത. മഹിളാ പ്രധാൻ ഏജന്റ് വെൽഫെയർ സൊസൈറ്റിക്കാണ് ഈ പദ്ധതിയുടെ ഇപ്പോഴത്തെ നടത്തിപ്പ് ചുമതല എന്നറിയുന്നു. മുൻരാഷ്ട്രപതിയുടെ മഹത്വത്തിന് കളങ്കമേൽപ്പിക്കുകയും കോട്ടയം ജില്ലയിലെ പെൺകുട്ടികളെ അപമാനിക്കുകയും ചെയ്യുന്ന രീതിയിൽ ഈ പദ്ധതി മാറിയതെങ്ങനെയെന്ന് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടിയെടുക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 15 വർഷം തുടർച്ചയായി പ്രീമിയം അടച്ചാൽ, കാലാവധി പൂർത്തിയാകുമ്പോൾ ഒരു ലക്ഷം രൂപ നൽകുമെന്ന വാഗ്ദാനം ജനങ്ങൾക്ക് നൽകിയതുമായി ബന്ധപ്പെട്ട ഒരു രേഖയും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. മറിച്ച് 20,000 രൂപയുടെ ലൈഫ് ഇൻഷ്വറൻസ് സംരക്ഷണവും തത്തുല്യമായ തുകയ്ക്കുള്ള അപകടമരണ ആനുകൂല്യവും ലഭിക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ മാസ്റ്റർ പോളിസി ഡോക്യുമെന്റിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും വിശദീകരിച്ചിട്ടുള്ളതും ആയതിന്റെ സംക്ഷിപ്തരൂപം ലഘുലേഖയായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള ആക്ഷേപമെന്തെങ്കിലുമുണ്ടെങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

പെൺകുട്ടി/പെൺകുട്ടികളുള്ള കോട്ടയം ജില്ലാ നിവാസികൾക്കായി 1997-ൽ എൽ.ഐ.സി.യുമായി സഹകരിച്ച് കോട്ടയം ജില്ലാ മഹിളാപ്രധാൻ വെൽഫെയർ സൊസൈറ്റി സംയുക്തമായി ആരംഭിച്ച ഗ്രൂപ്പ് സേവിംഗ്സ് ലിങ്ക്ഡ് ഇൻഷ്വറൻസ് പദ്ധതിയാണ് കന്യാസുരക്ഷാ പദ്ധതി. ഇതിന് ദേശീയ സമ്പാദ്യപദ്ധതി വകുപ്പുമായോ മറ്റേതെങ്കിലും വകുപ്പുമായോ പ്രത്യക്ഷത്തിൽ ബന്ധമില്ല. ഭാരതത്തിന്റെ രാഷ്ട്രപതിയായി ആദരണീയനായ കെ. ആർ. നാരായണൻ സ്ഥാനാരോഹണം ചെയ്തതിന്റെ സ്മരണയ്ക്കാണ് 1997 നവംബർ 1-ാം തീയതി ഈ പദ്ധതി ആരംഭിച്ചത്. ജീവിതാരംഭത്തിൽ രക്ഷിതാക്കളെ നഷ്ടപ്പെടുന്ന പെൺകുട്ടികൾക്ക് അവരുടെ വിവാഹ സമയത്ത് ഒരു സാമ്പത്തിക സഹായം നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് വിഭാവന ചെയ്തിരുന്നത്. പദ്ധതി ആരംഭിച്ച അവസരത്തിൽ അഞ്ച് വയസ്സിൽ താഴെ പ്രായമുള്ള പെൺകുട്ടികളുള്ളതും പിന്നീട് ഒരു വയസ്സിനുതാഴെ പ്രായമുള്ള പെൺകുട്ടികളുള്ളതുമായ രക്ഷിതാക്കൾക്കായിരുന്നു ഈ പദ്ധതിയിൽ ചേരുന്നതിന് അർഹതയുണ്ടായിരുന്നത്. അർഹരായ വ്യക്തികളെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് അപേക്ഷകൻ പൂർണ്ണ ആരോഗ്യവാനാണെന്ന സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട കോട്ടയം ജില്ലാ കളക്ടർ പ്രസിഡന്റായി രൂപീകരിച്ച കോട്ടയം ജില്ലാ മഹിളാ പ്രധാൻ വെൽഫെയർ സൊസൈറ്റിയായിരുന്നു

ഈ പദ്ധതിയിലെ മാസ്റ്റർ പോളിസി ഹോൾഡർ. നാളിതുവരെയായി ഈ പദ്ധതിയിൽ 1,29,000 ഗുണഭോക്താക്കൾ അംഗങ്ങളായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പ് നിർവ്വഹിക്കുന്ന നോഡൽ ഏജൻസി കോട്ടയം ജില്ലാ മഹിളാ പ്രധാൻ വെൽഫെയർ സൊസൈറ്റി (ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തത്-നമ്പർ കെ. 305/97) ആണ്. ഈ സൊസൈറ്റി അർഹരായ വ്യക്തികളെ അംഗങ്ങളായി ചേർക്കുകയും അവരിൽ നിന്നും വാർഷിക പ്രീമിയം ശേഖരിക്കേണ്ടതും നിശ്ചിത തീയതിക്കുമുമ്പായി എൽ.ഐ.സി.യിൽ അടയ്ക്കേണ്ടതുമാണ്.

പുത്രിയുടെ 15- ാം ജനനത്തീയതിക്കു മുമ്പുള്ള വാർഷിക പുതുക്കൽ തീയതി വരെയോ, അംഗത്തിന്റെ മരണം വരെയോ ഇതിൽ ഏതാണ് ആദ്യം സംഭവിക്കുന്നത് അതുവരെ പദ്ധതിയിൽ ചേരുമ്പോൾ മുതൽ ഓരോ വർഷവും 255 രൂപ വീതമാണ് പ്രീമിയമായി അടയ്ക്കേണ്ടിയിരുന്നത്. വാർഷിക പ്രീമിയമായ 255 രൂപയെ റിസ്ക് പ്രീമിയം (84 രൂപ), ആക്സിഡന്റ് പ്രീമിയം (18 രൂപ), സമ്പാദ്യ പ്രീമിയം (156 രൂപ) എന്നിങ്ങനെ വിഭജിച്ചിരുന്നു. മാസ്റ്റർ പോളിസി ഹോൾഡറായ കോട്ടയം ജില്ലാ മഹിളാ പ്രധാൻ ഏജന്റ്സ് വെൽഫെയർ സൊസൈറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി 5 രൂപ മാറ്റിവച്ചിരുന്നു.

പദ്ധതിയിൽ അംഗമായിട്ടുള്ള ഓരോ വ്യക്തിക്കും 20,000 രൂപയുടെ ലൈഫ് ഇൻഷ്വറൻസ് ആനുകൂല്യവും 20,000 രൂപയുടെ അപകടമരണ ആനുകൂല്യവും ലഭ്യമാക്കുമെന്നും കാലാവധി പൂർത്തിയാകുമ്പോഴുള്ള ക്ലെയിമുകളും മരണംമൂലം ഉണ്ടാകുന്ന ക്ലെയിമുകളും കാലാകാലങ്ങളിൽ എൽ.ഐ.സി. പ്രഖ്യാപിക്കുന്ന നിരക്കിലുള്ള പലിശ സഹിതം പുത്രിയുടെ വിവാഹത്തിനോ ഇരുപത്തൊന്നാം ജന്മദിനത്തിനോ (ഇതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത്) നൽകുന്നതാണെന്നും ഈ പദ്ധതിയുടെ മാസ്റ്റർ പോളിസി ഡോക്യുമെന്റ് പാർട്ട് മൂന്നിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ ലൈഫ് ഇൻഷ്വറൻസ് സംരക്ഷണം പ്രീമിയം അടയ്ക്കുന്ന കാലയളവിൽ മാത്രം ലഭിക്കുന്നതാണെന്നും സമ്പാദ്യ പ്രീമിയവും പലിശയും പദ്ധതിയുടെ കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കുന്നതാണെന്നും വ്യക്തമാക്കിയിരുന്നു.

പതിനഞ്ചു വർഷം തുടർച്ചയായി പ്രീമിയം അടച്ചാൽ കാലാവധി പൂർത്തിയാകുമ്പോൾ ഒരു ലക്ഷം രൂപ നൽകുമെന്ന വാഗ്ദാനവും പൊതുജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് നൽകിയിട്ടില്ല. മറിച്ച് 20,000 രൂപയുടെ ലൈഫ് ഇൻഷ്വറൻസ് സംരക്ഷണവും തത്തുല്യമായ തുകയ്ക്കുള്ള അപകടമരണ ആനുകൂല്യവും ലഭിക്കും എന്നാണ് വ്യക്തമാക്കിയിരുന്നത്. ഈ പദ്ധതിയുടെ മാസ്റ്റർ പോളിസി ഡോക്യുമെന്റിൽ പദ്ധതി സംബന്ധിച്ച എല്ലാ വിവരങ്ങളും വിശദീകരിച്ചിട്ടുള്ളതും ആയതിന്റെ സംക്ഷിപ്തരൂപം ലഘുലേഖയായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട കോട്ടയം ജില്ലാ കളക്ടർ പ്രസിഡന്റായി രൂപീകരിച്ച കോട്ടയം ജില്ലാ മഹിളാ പ്രധാൻ ഏജന്റ്സ് വെൽഫെയർ സൊസൈറ്റി ഈ പദ്ധതിയുടെ മാസ്റ്റർ പോളിസി ഹോൾഡർ എന്ന നിലയിലാണ് അംഗങ്ങളെ ചേർക്കുകയും അവരിൽനിന്നും വാർഷിക പ്രീമിയം തുക ശേഖരിച്ച് എൽ.ഐ.സി.യിൽ അടവാക്കുകയും ചെയ്തിരുന്നത്. ഇക്കാര്യങ്ങളെല്ലാം വളരെ സുതാര്യമായിട്ടാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതിയിൽ ചേർന്ന് പ്രീമിയം അടയ്ക്കുന്ന കാലപരിധിയിൽ രക്ഷിതാവിനെ നഷ്ടപ്പെട്ട 489 പെൺകുട്ടികൾക്ക് നാളിതുവരെയായി അവരുടെ വിവാഹത്തീയതി/21 വയസ്സ് പൂർത്തിയായ ഘട്ടത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. (ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു)* റിസ്ക് കവറേജ് ആനുകൂല്യം ലഭിക്കാത്തവർക്ക് സമ്പാദ്യ പ്രീമിയമായി അടവാക്കിയ തുകയും ഈ തുകയ്ക്ക് എൽ.ഐ.സി. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശയും ചേർന്ന തുകയാണ് അനുവദിച്ചു പോരുന്നത്.

ആദരണീയനായ മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ പേരിന് കളങ്കമുണ്ടാക്കുന്ന തരത്തിൽ യാതൊരു പ്രവൃത്തിയും ഈ പദ്ധതിയുടെ ഭാഗമായി ഉണ്ടായിട്ടില്ല. മറിച്ച് കോട്ടയം ജില്ലയിലെ നിരാലംബരായ നിരവധി കുടുംബങ്ങൾക്ക് സഹായഹസ്തമേകുന്നതിന് ഈ പദ്ധതിമൂലം കഴിഞ്ഞിട്ടുണ്ട്.

## (20) ധനസഹായം

ശ്രീ. സജി ചെറിയാൻ: സർ, ചരിത്രപ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയിൽ പത്തനംതിട്ട-ആലപ്പുഴ ജില്ലകളിലെ 52 കരകളിൽ നിന്നുള്ള 52 പള്ളിയോടങ്ങളാണ് പങ്കെടുക്കുന്നത്. ലക്ഷക്കണക്കിന് രൂപയാണ് ഇതിന്റെ സംരക്ഷണത്തിനുവേണ്ടി പിരിച്ചെടുത്ത് പ്രവർത്തനം നടത്തുന്നത്. ഓരോ വർഷവും ഇതിനുവേണ്ടിവരുന്ന ബാധ്യത വലിയ തോതിൽ വർദ്ധിക്കുകയാണ്. ലോക്കൽ ഫണ്ട് ആഡിറ്റർമാരുടെ ഒബ്ജക്ഷൻമൂലം അതത് പ്രദേശത്തെ ഗ്രാമ-ബ്ലോക്ക്-മുനിസിപ്പാലിറ്റി നൽകിയിരുന്ന ഗ്രാന്റ് ഇപ്പോൾ ലഭിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽത്തന്നെ ഇതുസംബന്ധിച്ച അഭിപ്രായം പറഞ്ഞിരുന്നു. പ്രളയത്തിലും ഈ വള്ളങ്ങൾക്ക് വലിയ തോതിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഒബ്ജക്ഷൻ മാറ്റാനും പ്രളയവുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടത്തിന് തുടർസഹായങ്ങൾ നൽകാനും ഗവൺമെന്റിന് കഴിയുമോ എന്നതു സംബന്ധിച്ചാണ് എന്റെ സബ്മിഷൻ.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഇത്തരത്തിലുള്ള ധനസഹായം പൈതൃക ജലോത്സവത്തിനോ വള്ളങ്ങൾക്കോ നൽകുന്നതിന് ധനകാര്യ വകുപ്പിന് എതിർപ്പില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നാൽ അതിന് പ്ലാൻ ഗൈഡ്‌ലൈൻസ് വരുത്തേണ്ടതുണ്ട്. ഗൈഡ്‌ലൈൻസ് വരുത്തുന്നതിനുവേണ്ടി മുൻകയ്യെടുക്കാമെന്ന് ബഹുമാനപ്പെട്ട അംഗത്തിന് ഉറപ്പ് നൽകുകയാണ്.

പ്രാദേശിക സർക്കാരുകൾക്ക് സർക്കാർ ജനറൽ പർപ്പസ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട് എന്നിങ്ങനെയാണ് തുക അനുവദിക്കുന്നത്. ഇത് കൂടാതെ ഓരോ പഞ്ചായത്തിനും അവരുടെ തനത് ഫണ്ടും ലഭ്യമാണ്. മേൽ ഫണ്ടുകൾ ചെലവഴിക്കുന്നതിനുള്ള നിശ്ചിതമായ മാർഗ്ഗരേഖകളും നിലവിലുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പഞ്ചായത്ത് ഫണ്ടുകൾ ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആറന്മുള ഉതൃട്ടാതി വള്ളംകളി നടത്തുന്നതിന് തുക ചെലവഴിക്കുന്നതിന് ധനകാര്യ വകുപ്പിന് വിയോജിപ്പില്ല.

## (21) ഭരണാനുമതി

<u>ശ്രീ. ആർ. രാജേഷ്:</u> സർ, പ്രത്യേകമായി ബഡ്ജറ്റിൽ പരാമർശിക്കപ്പെട്ട ഒരു ആശുപത്രിയാണ് മാവേലിക്കര ജില്ലാശുപത്രി. ഇൻകെൽ വഴി 126 കോടി രൂപയുടെ പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കി നൽകിയിട്ട് വളരെയേറെ നാളുകളായി. ബഹുമാന്യനായ മന്ത്രി പ്രത്യേക താത്പര്യമെടുത്ത് അനുവദിച്ചിട്ടും ചെറിയ ചെറിയ കാരണങ്ങളാൽ അന്തിമാനുമതി ലഭിക്കാൻ വൈകുകയാണ്. പ്രത്യേക താത്പര്യമെടുത്തുതന്നെ അന്തിമാനുമതിയും ലഭ്യമാക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്):</u> സർ, മാവേലിക്കര ആശുപത്രിയുടെ വികസനത്തിനായി 126 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച് വിശദമായ റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ വിസ്തീർണ്ണം ഇരുപതിനായിരം ചതുരശ്ര മീറ്ററിനേക്കാൾ കൂടുതലുള്ളതിനാൽ പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് അനിവാര്യമാണ്. ഇതുവരെ അത് ലഭിച്ചിട്ടില്ല. ലഭിച്ചുകഴിഞ്ഞാൽ അടിയന്തര നടപടി കൈക്കൊള്ളുന്നതാണ്.

മാവേലിക്കര ജില്ലാശുപത്രിയുടെ വികസനത്തിനായി 16-4-2018-ലെ സ.ഉ. (സാധാ) നമ്പർ 1247/2018/ആ.കു.വ പ്രകാരം 126.55 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും ഇൻകെൽ (INKEL) ലിമിറ്റഡിനെ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഭരണവകുപ്പ് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ ഇൻകെൽ തയ്യാറാക്കിയ 127.57 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്മേൽ നടത്തിയ പരിശോധനയെത്തുടർന്ന് സാങ്കേതിക അവലോകന റിപ്പോർട്ട് (പദ്ധതിയിൽ ഉൾപ്പെട്ട കെട്ടിടത്തിന്റെ വിസ്തീർണ്ണം 20000 ചതുരശ്ര മീറ്ററിൽ കൂടുതൽ ആയതിനാൽ പരിസ്ഥിതി ആഘാത

പഠന റിപ്പോർട്ടിന്മേലുള്ള അനുമതി ലഭ്യമാക്കാനുള്ള നിർദ്ദേശം ഉൾപ്പെടെ) ബന്ധപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഇൻകെൽ ലിമിറ്റഡിന് 28-2-2019-ൽ നൽകിയിട്ടുണ്ട്. ആയതിന്മേലുള്ള മറുപടി റിപ്പോർട്ട് ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി റിപ്പോർട്ടും പാരിസ്ഥിതിക അനുമതിയും ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി പദ്ധതി റിപ്പോർട്ടും അവലോകന റിപ്പോർട്ടും കിഫ് ബോർഡ് യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്.

## (22) പച്ചത്തേങ്ങ സംഭരണം

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ സബ്മിഷനുള്ള ഉത്തരവും സഭയിൽ പറയാൻ ആവശ്യപ്പെടണം. ഒരു പന്തിയിൽ രണ്ട് വിളമ്പ് പാടില്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഉത്തരം നേരിട്ടു പറഞ്ഞു. ഞങ്ങളുടെ സബ്മിഷനുള്ള മറുപടി മേശപ്പുറത്ത് വയ്ക്കരുത്.

മി. സ്പീക്കർ: അങ്ങനെയൊന്നുമില്ല.

ശ്രീ. കെ. സി. ജോസഫ്: പച്ചത്തേങ്ങ സംഭരണം സംബന്ധിച്ച് പ്രഖ്യാപനങ്ങൾ നടത്തുകയും കോൺഫറൻസ് വിളിച്ചുകൂട്ടുകയും ചെയ്തു. പക്ഷേ ഇപ്പോഴും സംഭരണം ആരംഭിക്കാത്തതിനാൽ കേരകർഷകർ പ്രതിസന്ധിയിലാണ്. അങ്ങ് പ്രഖ്യാപിച്ച 27 രൂപ വളരെ അപര്യാപ്തമാണ്. നാഫെഡിന്റെ വിലയുമായും ഇപ്പോഴത്തെ ജീവിത വിലസൂചികയുമായും ബന്ധപ്പെടുത്തി ആവശ്യമായ വർദ്ധനവ് വരുത്തണം. ദയവായി സംഭരണ വില 35 രൂപയെങ്കിലും നിശ്ചയിക്കണം. അടിയന്തരമായി സംഘങ്ങളിലൂടെയോ കാർഷിക സൊസൈറ്റികളിലൂടെയോ സംഭരണം ആരംഭിക്കുകയും വേണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, നേരത്തെ പറഞ്ഞതനുസരിച്ച് പച്ചത്തേങ്ങ സംഭരണം ഈ മാസം ആറാം തീയതി മുതൽ ആരംഭിക്കുകയാണ്. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് വച്ച് നിർവ്വഹിക്കാൻ പോവുകയാണ്. ഇവിടെ പ്രഖ്യാപിച്ചതനുസരിച്ചുള്ള സൊസൈറ്റികളെല്ലാം സെലക്ട് ചെയ്തിട്ടുണ്ട്. സൊസൈറ്റികൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. ഇവിടെ പറഞ്ഞപ്പോൾ 25 രൂപയായിരുന്നു സംഭരണവില. സംസ്ഥാന ഗവൺമെന്റ് 27 രൂപയ്ക്കാണ് നാളികേരം സംഭരിക്കുന്നത്.

## (23) കാർഷികവായ്പ എഴുതിത്തള്ളൽ

ശ്രീ. മോൻസ് ജോസഫ്: സർ, കാർഷിക വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ചുള്ള സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. കൃഷിയുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഇന്നലെ ചില തീരുമാനങ്ങൾ കൈക്കൊണ്ടതായി മാധ്യമങ്ങളിലൂടെ

മനസ്സിലാക്കുകയുണ്ടായി. എല്ലാ വിഭാഗം കർഷകർക്കും എത്രയുംപെട്ടന്ന് ആനുകൂല്യം ലഭ്യമാക്കാൻ കഴിയുന്ന നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പ്രളയക്കെടുതിയെത്തുടർന്നുണ്ടായ പ്രശ്നങ്ങളുൾപ്പെടെ വലിയ സാമ്പത്തിക പ്രശ്നങ്ങളിലൂടെ അവർ കടന്നുപോവുകയാണ്. വിലത്തകർച്ച പോലുള്ള കാര്യങ്ങളും കണക്കിലെടുത്തുകൊണ്ട് പരമാവധി സഹായനടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർഷകർക്കുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനാപരിധി എല്ലാ ജില്ലകളിലും 2011-ൽ നിന്നും 2014 വരെയാക്കിയിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയുള്ള എല്ലാ കടങ്ങളും കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ കടങ്ങളാണ് ഇപ്പോൾ നിയമ പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമാനുസരണം മാറ്റം വരുത്തേണ്ട തീരുമാനമനുസരിച്ച് അമ്പതിനായിരം മുതൽ ഒരു ലക്ഷം രൂപ വരെയുണ്ടായിരുന്ന കടാശ്വാസം ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം രൂപ വരെയാക്കി മാറ്റിക്കൊണ്ടുള്ള നിയമഭേദഗതിബിൽ ക്യാബിനറ്റ് അംഗീകരിച്ചു കഴിഞ്ഞു. അത് നിയമമാകുന്നതോടുകൂടി ആ പ്രശ്നത്തിന് പരിഹാരമുണ്ടാകും. കാർഷിക സഹകരണ ബാങ്കുകൾക്ക് പുറമെ മറ്റ് ബാങ്കുകളുടെ കടങ്ങൾകൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരണമെന്ന ആവശ്യം എസ്.എൽ.ബി.സി. അംഗീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട സമിതി ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരികയാണ്. അത് പൂർത്തിയാക്കുന്ന മുറയ്ക്ക് മറ്റ് ബാങ്കുകളുടെ കടങ്ങൾകൂടി ഇതിന്റെ പരിധിയിൽ വരുന്നതാണ്.

## (24) ജൂനിയർ ആർട്ടിസ്റ്റുകൾ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മലയാള സിനിമിയിൽ പ്രവർത്തിക്കുന്ന വലിയ നടീനടന്മാരെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യാറുണ്ട്, എല്ലാവരും മാധ്യമങ്ങളിൽ എഴുതാറുമുണ്ട്. പക്ഷെ, രാവിലെ മുതൽ വൈകുന്നേരം വരെ ചെറിയ ചെറിയ വേഷങ്ങൾ അഭിനയിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന അനേകം സഹോദരീ സഹോദരന്മാർ ജൂനിയർ ആർട്ടിസ്റ്റുകൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവരെ കൊണ്ടുവരുന്നത് ജൂനിയർ ആർട്ടിസ്റ്റ് സപ്ലയർമാരാണ്. അവർ ജൂനിയർ ആർട്ടിസ്റ്റുകളെ ചൂഷണം ചെയ്യുകയാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രാഥമികകൃത്യങ്ങൾ നിറവേറ്റാനുള്ള സൗകര്യംപോലുമില്ലാതെ കഷ്ടപ്പെടുകയാണ്. മാത്രമല്ല നല്ല അവസരങ്ങൾ നൽകാമെന്നും കൂടുതൽ പണം വാങ്ങിക്കൊടുക്കാമെന്നും പറഞ്ഞ് തൊഴിൽപരമായും ലൈംഗികപരമായും ചൂഷണം ചെയ്യുന്ന അവസ്ഥ ഇന്നും കേരളത്തിലുണ്ട്. അതാണ് പല കേസ്സുകളിലും പിടിക്കപ്പെടുമ്പോൾ സിനിമാനടി അല്ലെങ്കിൽ സിനിമാ നടൻ എന്ന നിലയിൽ ചീത്തപ്പേര് ഉണ്ടാകുന്നത്. ജൂനിയർ

ആർട്ടിസ്റ്റ് സപ്ലയർമാർ എന്ന വിഭാഗത്തിന് ഗവൺമെന്റ് നിയന്ത്രണമേർപ്പെടുത്തി അവർക്ക് ലൈസൻസ് നൽകിക്കൊണ്ടും അവരെ എണ്ണത്തിൽ നിയന്ത്രിച്ചുകൊണ്ടും അവർ സബ് കോൺട്രാക്റ്റ് ചെയ്യാതെയും നിയന്ത്രിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സാംസ്കാരിക വകുപ്പുമന്ത്രിയെന്ന നിലയിൽ നടപടി സ്വീകരിക്കുമോ; അതിനുവേണ്ടി മറ്റ് സംഘടനകളെ ചർച്ചയ്ക്ക് വിളിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, സിനിമാരംഗത്ത് ആശാസ്യകരമല്ലാത്ത കുറേ പ്രവണതകളുണ്ട്. അത് നിയന്ത്രിക്കുന്നതിന് ചലച്ചിത്ര രംഗവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള ശിപാർശകൾ സമർപ്പിക്കുന്നതിനുള്ള സമിതിയെയും നിയമിച്ചിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് സമഗ്രമായ നിയമനിർമ്മാണത്തിലേയ്ക്ക് പോകും. ഇതുപോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. അവയെല്ലാം ഇതിന്റെ ഭാഗമായി പരിഹരിക്കാൻ കഴിയും.

സംസ്ഥാനത്തെ ചലച്ചിത്ര-ടെലിഫിലിം നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിൽനിന്നും പുറപ്പെടുവിച്ച 17-8-2011-ലെ സ.ഉ. (കൈ) നമ്പർ 123/2011/ തൊഴിൽ വിജ്ഞാപനം നിലവിലുണ്ട്. ആയതിൻപ്രകാരം പ്രസ്തുത മേഖലയിലെ ജൂനിയർ ആർട്ടിസ്റ്റുകളുടെ മിനിമം വേതനം നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഈ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തൊഴിൽ ചൂഷണം സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ തൊഴിലും നൈപുണ്യവും വകുപ്പ് മുഖേന കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

സിനിമാ മേഖലയെ സംബന്ധിച്ച് പഠിച്ച് ആവശ്യമായ മാറ്റങ്ങളും പരിഷ്കാരങ്ങളും ശിപാർശ ചെയ്യുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായി ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയമിച്ചിരുന്നു. സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ഈ മേഖലയിൽ സമഗ്രമായ ഒരു നിയമനിർമ്മാണം നടത്തുന്നതിനും സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനും ഈ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ സിനിമാരംഗത്തെ ആശാസ്യമല്ലാത്ത പ്രവണതകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ചലച്ചിത്ര നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങി എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടും സാംസ്കാരിക വകുപ്പിന്റെ ചുമതലയിൽ സിനിമാ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനാണ് സർക്കാർ

തീരുമാനിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2018-ലെ സ.ഉ. (സാധാ) നമ്പർ 30/2018/സാംസ്കാരികകാര്യ വകുപ്പ് 20-5-2018-ലെ സ.ഉ. (സാധാ) നമ്പർ 363/2018/സാംസ്കാരികകാര്യ വകുപ്പ് ഉത്തരവുകൾപ്രകാരം വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് നടപടി സ്വീകരിച്ചുവരികയാണ്.

സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ നേരിടുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായശേഷം ആയതുകൂടി പരിശോധിച്ച് വിഷയത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

നിലവിൽ സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങൾപ്രകാരം ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള സിനിമാട്ടോഗ്രാഫ് ആക്ട്, സിനിമാ റെഗുലേഷൻ ആക്ട് എന്നിവ സാംസ്കാരിക വകുപ്പിന്റെ കീഴിലേയ്ക്ക് മാറ്റുന്നതിനായി കാര്യനിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ മന്ത്രിസഭ തീരുമാനിക്കുകയും ബഹുമാനപ്പെട്ട കേരള ഗവർണ്ണറുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കാര്യ നിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## (25) നിയമനം സ്ഥിരപ്പെടുത്തൽ

ശ്രീ. ഡി. കെ. മുരളി: സർ, തിരുവനന്തപുരം ജില്ലയിൽ ഗോത്രവർഗ്ഗക്കാർ കൂടുതൽ താമസിക്കുന്ന മേഖലയാണ് എന്റെ നിയോജക മണ്ഡലത്തിലെ പെരിങ്ങമല, നന്ദിയോട്, പാങ്ങോട് ഗ്രാമപഞ്ചായത്തുകൾ. വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ഈ വിഭാഗത്തിലുണ്ടെങ്കിലും മത്സരപ്പരീക്ഷകളിൽ ജയിച്ച് ജോലി ലഭിക്കാത്ത അവസ്ഥയുണ്ട്. ഈ സന്ദർഭത്തിലാണ് എൽ.ഡി.എഫ്. സർക്കാർ 'ഒരു കുടുംബത്തിന് ഒരു തൊഴിൽ' എന്ന സ്വാഗതാർഹമായ ഒരു പദ്ധതി ആവിഷ്കരിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം ജോലി ലഭിച്ച് 179 ദിവസം പൂർത്തിയായ ഭിന്നശേഷിക്കാർക്ക് ഒരു ഉത്തരവിലൂടെ ജോലി സ്ഥിരപ്പെടുത്തിക്കൊടുത്തിരുന്നു. ആ മോഡലിൽ ഗോത്രവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള ആളുകളെക്കൂടി സ്ഥിരപ്പെടുത്തിയാൽ വലിയ സഹായമായിരിക്കും. അതിന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതൊരു നല്ല നിർദ്ദേശമാണ്. പല രൂപത്തിലുള്ള ആളുകൾ വിവിധ മേഖലകളിൽ താത്കാലികമായി പ്രവർത്തിക്കുന്നുണ്ട്. അവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് പരിശോധിക്കുന്നതായിരിക്കും.

എൽ.ഡി.എഫ് സർക്കാർ ആവിഷ്കരിച്ച "ഒരു കുടുംബത്തിൽ ഒരാൾക്ക് ജോലി" എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി വിവിധ വകുപ്പുകളിൽ താൽകാലിക നിയമനം ലഭിച്ചിട്ടുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതിന് ഭിന്നശേഷിക്കാരെ മുൻപ് സ്ഥിരപ്പെടുത്തിയ മാതൃകയിൽ നടപടി സ്വീകരിക്കണമെന്നതുമാണ് സബ്മിഷനിലെ ആവശ്യം.

വിവിധ കാലഘട്ടങ്ങളിലായി വിവിധ സർക്കാർ വകുപ്പുകളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിലാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താൽക്കാലിക നിയമനം നടത്തുന്നത്. അപ്രകാരം ജോലി ലഭിച്ചവരിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുമുണ്ട്. പി.എസ്.സി മുഖേന പ്രസ്തുത തസ്തികയിൽ നിയമനം നടന്നാൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ പിരിഞ്ഞുപോകേണ്ടതാണ്. എന്നാൽ ചിലയിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി ജോലി ലഭിച്ചവർ തുടരുന്നുണ്ട്. അവരെ സ്ഥിരപ്പെടുത്തുന്ന വിഷയം നിലവിലുള്ള സർവ്വീസ് ചട്ടങ്ങളുടെയും സുപ്രീംകോടതി വിധികളുടെയും അടിസ്ഥാനത്തിൽ മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

ഈ സർക്കാർ ആവിഷ്കരിച്ച പട്ടികവർഗ്ഗ വിഭാഗത്തിലെ "ഒരു കുടുംബത്തിൽ ഒരാൾക്ക് ജോലി" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കർമ്മ പരിപാടി ആവിഷ്കരിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ വികസനം, ആഭ്യന്തരം, തൊഴിൽ, വ്യവസായം, വനം-വന്യജീവി, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുമായി ചർച്ച നടത്തിവരികയാണ്. സർക്കാർ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ, സാക്ഷരതാ സമിതി എന്നിവയിൽ കൂടുതൽ സ്ഥിരം തൊഴിലുകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽരഹിതരെ താത്കാലികമായി സ്പെഷ്യൽ ഡ്രൈവിലൂടെ നിയമിക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ചു വരികയാണ്. ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്താൻ കഴിയുക എന്നത് വിശദമായ പരിശോധനകൾക്ക് ശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

ഒരു പട്ടികവർഗ്ഗ കുടുംബത്തിലെ ഒരംഗത്തിനെങ്കിലും സ്ഥിരം ജോലി ലഭ്യമാക്കാൻ 2019-20 വാർഷിക പദ്ധതിയിൽ ലക്ഷ്യമിട്ടിട്ടുണ്ട്. പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ മേഖലയിൽ ജോലി നേടുന്നതിനായി എല്ലാ ജില്ലാ പട്ടികവർഗ്ഗ വികസന ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനങ്ങൾ എന്നിവ നടപ്പിലാക്കിവരുന്നു.

തൊഴിലുറപ്പ് പദ്ധതിയായ ട്രൈബൽ പ്ലസ് പദ്ധതിയിലൂടെ 23096 കുടുംബങ്ങൾക്ക് 100 ദിവസത്തിന് മുകളിൽ തൊഴിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ആധുനികവും പരമ്പരാഗതവുമായ മേഖലകൾ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽ നൽകുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാനുള്ള മില്ലറ്റ് വില്ലേജ്, അതിരപ്പിള്ളി അഗ്രി പ്രോജക്ട്, ആറളം, ചീങ്ങേരി, അട്ടപ്പാടി എന്നിവിടങ്ങളിലെ ഫാമുകളിൽ ആധുനിക കൃഷി സംരംഭങ്ങൾ എന്നിവയ്ക്കും ഊന്നൽ നൽകുകയാണ്.

ഗോത്രജീവിക പദ്ധതിപ്രകാരം തൊഴിൽരഹിതരായ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നിർമ്മാണ മേഖലയിൽ പരിശീലനം നൽകി 53 സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കുകയും 1170 പേർക്ക് ഇതിലൂടെ തൊഴിൽ ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പ്രസ്തുത സംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത്. ഗോത്രബന്ധു പദ്ധതി പ്രകാരം അഭ്യസ്തവിദ്യരായ 267 പട്ടികവർഗ്ഗക്കാരെ മെന്റർ ടീച്ചർമാരായി വയനാട്ടിലും അട്ടപ്പാടിയിലും നിയമിച്ചു. ഈ പദ്ധതി കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി 2729 പേർക്ക് താത്കാലികമായി നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി. മുഖേന പോലീസ്, എക്സൈസ് എന്നീ വകുപ്പുകളിലേയ്ക്ക് 100 പേർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും സ്ഥിര വരുമാനം ലഭ്യമാക്കുന്നതിനാണ് ഈ സർക്കാർ ലക്ഷ്യംവയ്ക്കുന്നത്.

## (26) റേഡിയോഗ്രാഫർ തസ്തിക

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകളടക്കമുള്ള സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയാണ് പൊതുജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത്. മികച്ച അടിസ്ഥാന സൗകര്യങ്ങൾ, വിദഗ്ദ്ധരായ ഡോക്ടർമാർ, സൗജന്യമായും മിതമായ നിരക്കിലും ലഭ്യമാകുന്ന സി.ടി. സ്കാൻ, മാമോഗ്രാഫി, എക്സ്-റേ തുടങ്ങിയ സേവനങ്ങൾ സർക്കാർ ആശുപത്രികളുടെ പ്രത്യേകതകളാണ്. എന്നാൽ ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന റേഡിയോഗ്രാഫർമാർ പ്രൊമോഷൻ സാദ്ധ്യതകളില്ലാതെ തുടരുന്നുവെന്ന പരാതി ഉന്നയിച്ചിട്ടുണ്ട്. ആവശ്യാനുസരണം റേഡിയോഗ്രാഫർമാരുടെ തസ്തികയില്ലാത്ത സാഹചര്യവുമുണ്ട്. അവരുടെ ആവശ്യം കണക്കിലെടുത്തും പൊതുജനതാല്പര്യം മാനിച്ചും റേഡിയോഗ്രാഫർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനും അർഹമായ പ്രൊമോഷൻ സാദ്ധ്യതകളുണ്ടാകുന്നതിനുമുള്ള ഭരണപരമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഡിയോഗ്രാഫർ വിഭാഗത്തിൽ 15 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. എന്നാൽ ഗ്രേഡ് 2-ൽ നിന്നും ഗ്രേഡ് 1-ലേയ്ക്കുള്ള പ്രൊമോഷനുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നില നിൽക്കുന്നതിനാൽ പുതുക്കിയ സീനിയോറിറ്റി പട്ടിക തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. കേസ് തീരുന്ന മുറയ്ക്ക് പട്ടിക തയ്യാറാക്കും. റേഡിയോഗ്രാഫർ ടീച്ചിംഗ് തസ്തികയിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ രണ്ട് തസ്തികകളുള്ളതിൽ ഒരെണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. അത് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

## (27) ട്രോമാകെയർ

ശ്രീ. റ്റി. വി. രാജേഷ്: സർ, ഉത്തര മലബാറിലെ ജനങ്ങളുടെ വലിയൊരു ആഗ്രഹവും പ്രതീക്ഷയുമായിരുന്നു പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്ത സർക്കാരിനും അതിന് മുൻകയ്യെടുത്ത ബഹുമാനപ്പെട്ട മന്ത്രിക്കും ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്. ഉത്തര മലബാറിലെ ജനങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന സർക്കാർ മെഡിക്കൽ കോളേജാണിത്. നിത്യേനയെന്നോണം അത്യാഹിത വിഭാഗത്തിൽ 150-നും 200 -നുമിടയിൽ ആളുകൾ ചികിത്സ തേടിയെത്തുന്നുണ്ട്. വിദഗ്ദ്ധ ഡോക്ടർമാരുടെ അഭാവവും ആധുനിക ചികിത്സാ ഉപകരണങ്ങളുടെയും രോഗനിർണ്ണയ ഉപകരണങ്ങളുടെയും കുറവുംമൂലം എത്തിച്ചേരുന്ന രോഗികളിൽ നല്ലൊരു വിഭാഗവും അഡ്മിഷൻ എടുക്കാതെ മംഗലാപുരത്തെ സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോകുകയാണ് ചെയ്യുന്നത്. ഒരു ന്യൂറോ സർജൻ അസിസ്റ്റന്റ് പ്രൊഫസർ മാത്രമാണ് അവിടെ ഇപ്പോഴുള്ളത്. രോഗികൾ എത്തിക്കഴിഞ്ഞാൽ, ഉള്ള ഡോക്ടർമാർ തന്നെ ഓപ്പറേഷൻ തിയേറ്ററിലോ റൗണ്ട്സിലോ ആയിരിക്കും. യഥാസമയം ബന്ധപ്പെട്ട ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്തതുകൊണ്ടാണ് ഇവർക്ക് മറ്റ് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ നിലവിലുള്ള എമർജൻസി മെഡിസിൻ സംവിധാനത്തെ ഒരു സമ്പൂർണ്ണ ട്രോമാകെയർ സംവിധാനമാക്കി ഉയർത്തണം. ന്യൂറോ സർജനും അതുപോലെതന്നെ ജനറൽ സർജറി, ഓർത്തോപീഡിയാട്രിക്സ് തുടങ്ങിയ വിഭാഗങ്ങളിലും ആവശ്യത്തിനുള്ള ഡോക്ടർമാരെ നിയമിക്കുകയും അതോടൊപ്പം മറ്റ് ആധുനിക ഉപകരണങ്ങളും ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തതിനുശേഷം ബഹുമാനപ്പെട്ട അംഗം പറഞ്ഞ കുറവുകളെല്ലാം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനാവശ്യമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആ മാസ്റ്റർപ്ലാനിൽ ഈ ട്രോമാകെയർ പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുകയാണ്

## (28) സ്കൂൾ കൗൺസിലർമാരുടെ വേതനം

ശ്രീ. എ. എൻ. ഷംസീർ: സർ, സ്കൂളുകളിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ ശമ്പളവർദ്ധനവുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പെൺകുട്ടികൾ ഉൾപ്പെടെ പല തരത്തിലുള്ള ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം കുട്ടികളെ ചൂഷണത്തിൽ നിന്നും മറ്റും മുക്തമാക്കാൻ സ്കൂളുകളിൽ പ്രവർത്തിക്കുന്ന കൗൺസിലർമാർ കഠിനാദ്ധ്വാനം തന്നെ ചെയ്യുന്നുണ്ട്. എം.എസ്.ഡബ്ല്യു., എം.എ. സൈക്കോളജി തുടങ്ങി ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ് ഇത്തരത്തിൽ ജോലി ചെയ്യുന്നത്. എന്നാൽ ഇവരുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതമായ വേതനം ഇവർക്ക് ലഭിക്കുന്നില്ല. സർക്കാരിൽ ഇവർ നിരന്തരം സമ്മർദ്ദം ചെലുത്തി, സമരം സംഘടിപ്പിച്ചു. പക്ഷേ വേണ്ടത്ര ഗുണമൊന്നും ഇതുമായി ബന്ധപ്പെട്ട് ലഭിച്ചില്ല. കരാർ ജീവനക്കാരോട് പലതരത്തിലുള്ള അനീതിയാണ് പലപ്പോഴും നാം പുലർത്താറുള്ളത്. കരാർ ജീവനക്കാർക്കായി സർക്കാർ ഈയിടെ ഇറക്കിയ ഗസറ്റിൽ, കൃത്യമായി മാന്യമായ ശമ്പളം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും സ്കൂൾ കൗൺസിലർമാരെ കുറിച്ച് അതിൽ പരാമർശമില്ല. ഈ ഘട്ടത്തിൽ സ്കൂൾ കൗൺസിലർമാർ നടത്തുന്ന സംഭാവനകളെ മാനിച്ചുകൊണ്ട് അവർക്ക് ജീവിക്കാനാവശ്യമായ, മാന്യമായ ഒരു ശമ്പളവർദ്ധനവ് നൽകേണ്ടതാണ്. ഈ പ്രശ്നം പരിഹരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കൂൾ കൗൺസിലർമാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ട്. 2016-ൽ 12,500 രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും അതിന്റെ കാറ്റഗറി നിശ്ചയിക്കാത്തതിനാൽ നടപ്പിലായിരുന്നില്ല. ഈ സർക്കാർ വന്നതിനുശേഷം 18,750 രൂപയായി ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ 5 വർഷം പൂർത്തിയായവർക്ക് 1,000 രൂപ വീതവും നൽകുന്നുണ്ട്. ഇവരെ കാറ്റഗറി 7-ൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ട്.

## (29) തസ്തിക ഉയർത്തൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ധാരാളം ഹോമിയോ ഡിസ്പെൻസറികൾ ആരംഭിച്ച സാഹചര്യത്തിൽ അതിനനുസരിച്ച് ചീഫ് മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കണമെന്നതാണ് എന്റെ അഭ്യർത്ഥന. നിലവിൽ ഇരുന്നൂറിലധികം മെഡിക്കൽ ഓഫീസർമാർ ചീഫ് മെഡിക്കൽ ഓഫീസർമാരുടെ വേതനം കൈപ്പറ്റുന്നവരാണ്. അതുകൊണ്ട് ഒരു സാമ്പത്തിക ബാദ്ധ്യതയുമില്ലാതെ മെഡിക്കൽ

ഓഫീസർമാരെ റീഡെസിഗ്നേറ്റ് ചെയ്താൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. 3:1 എന്ന റേഷ്യോപ്രകാരം 55 മെഡിക്കൽ ഓഫീസർമാരെയെങ്കിലും അടിയന്തരമായി റീഡെസിഗ്നേറ്റ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രസ്തുത വിഷയം അടുത്ത ശമ്പള പരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്ന നിർദ്ദേശം നൽകിക്കൊണ്ട് ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ ഈ പ്രശ്നം അടുത്ത ശമ്പള കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (30) ആശാവർക്കർമാർ

ശ്രീ. സി. കൃഷ്ണൻ: സർ, കേരളത്തിലെ ആശാവർക്കർമാർക്ക് ഇപ്പോൾ നൽകി വരുന്നത് ഓണറേറിയവും ഇൻസെന്റീവുമാണ്. നാലുമാസം കൂടുമ്പോഴാണ് ഈ തുക നൽകിവരുന്നത്. മാർച്ച് മാസം വരെയുള്ളത് ഇപ്പോൾ കുടിശ്ശികയാണ്. തുച്ഛമായ വരുമാനം കൊണ്ടാണ് അവർ ജീവിക്കുന്നത്. അതുകൊണ്ട് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ഓണറേറിയവും ഇൻസെന്റീവും അതത് മാസം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആശാവർക്കർ മാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 1,000 രൂപയായിരുന്നു ഓണറേറിയം ലഭിച്ചു കൊണ്ടിരുന്നത്. അതും 4 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു, പ്രതിമാസം കൊടുക്കാറുമില്ലായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഓണറേറിയം 4,500 രൂപയായി വർദ്ധിപ്പിക്കുകയും ഇൻസെന്റീവിലും കൃത്യമായ വർദ്ധനവ് വരുത്തിക്കൊണ്ട് പ്രതിമാസം 8,000 രൂപ ലഭ്യമാകുന്ന രീതിയിലാക്കിയിട്ടുണ്ട്. വിശദവിവരം ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്.* ഇൻസെന്റീവ് കൃത്യമായി കിട്ടുന്നവർക്ക് 8,000 രൂപ മുതൽ 8,500 രൂപ വരെ ലഭിക്കുന്നുണ്ട്. ഓണറേറിയം 7,500 രൂപയിലേയ്ക്ക് എത്തിക്കാമെന്നാണ് പറഞ്ഞി രുന്നതെങ്കിലും അതിനേക്കാൾ കൂടുതൽ ഇപ്പോൾ കൊടുക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ തുക കുറച്ചുകൂടി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## (31) സാമൂഹ്യാരോഗ്യ കേന്ദ്രം

ശ്രീ. എം. വിൻസെന്റ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിലെ പരാധീനതകളും പ്രയാസങ്ങളുമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. രണ്ട് സി.എച്ച്.സി.-കളാണുള്ളത്. അതിൽ പുല്ലുവിള സി.എച്ച്.സി.-യിൽ ഡോക്ടർമാരുടെ കുറവുണ്ട്. നേരത്തെ ഞാൻ അക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽ

---

*അനുബന്ധമായി ചേർക്കുന്നു

പ്പെടുത്തിയിട്ടുള്ളതാണ്. ഏഴ് ഡോക്ടർമാരുണ്ടായിരുന്നത് ഇപ്പോൾ അഞ്ചായി, അതിൽ തന്നെ രണ്ട് ഡോക്ടർമാർ വരുന്നില്ല. പൂവാർ സി.എച്ച്.സി.-യിൽ 4 ഡോക്ടർമാരുടെ കുറവുണ്ട്, നഴ്സമാരുടെയും കുറവുണ്ട്, ക്ലീനിംഗ് സ്റ്റാഫ് ഒരാൾ മാത്രമേയുള്ളൂ. തീരദേശ വികസന കോർപ്പറേഷനിൽ നിന്ന് എട്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ സാങ്കേതിക തടസ്സംമൂലം തുക ലഭിക്കുന്നില്ല. അക്കാര്യം പരിഹരിക്കണം. തീരദേശമേഖലയായതുകൊണ്ട് ഗൈനക്കോളജി വിഭാഗം കൂടി അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം. വിഴിഞ്ഞം സി.എച്ച്.സി.-യിൽ ദിവസേന 800 ഒ.പി.-യാണുള്ളത്. ഇവിടെ നിലവിലുള്ള സ്ഥലം മുഴുവനും ഉപയോഗിച്ചുകഴിഞ്ഞു. തുടർന്നുള്ള വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. മുക്കോല പി.എച്ച്.സി.-യിൽ ഒരു ഡോക്ടർ മാത്രമേയുള്ളൂ. ഈയാഴ്ച പള്ളിത്തുറ, കോട്ടപ്പുറം, കടയ്ക്കുളം ഭാഗങ്ങളിൽ നിന്നായി 42 വയറിളക്കം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലയിൽ ഏറ്റവും കൂടുതൽ പകർച്ചവ്യാധി ഭീഷണിയുള്ള അഞ്ച് വാർഡുകൾ ഉൾപ്പെട്ട പ്രദേശമാണത്. ഇവിടെ ലാബ് പ്രവർത്തിക്കുന്നില്ല. വെള്ളായണി പി.എച്ച്.സി.-യിൽ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നുവെങ്കിലും ഇപ്പോഴില്ല. ഡോക്ടർമാർ കൃത്യമായി വരുന്നില്ല. അയ്യങ്കാളി മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ, അഗ്രികൾച്ചർ കോളേജിന്റെ ഹോസ്റ്റൽ എന്നിവ ഉൾപ്പെടെ ആയിരക്കണക്കിന് വിദ്യാർത്ഥികളുള്ള സ്ഥലത്ത് ഡോക്ടർമാർ കൃത്യമായി വരാനും കിടത്തിചികിത്സ ഉറപ്പാക്കാനുമുള്ള നടപടി സ്വീകരിക്കണം. രാത്രിസമയത്ത് അയ്യങ്കാളി സ്കൂളിലെ കുട്ടികൾക്ക് എന്തെങ്കിലും പ്രയാസമുണ്ടായാൽ വാടകയ്ക്ക് വാഹനം പിടിച്ച് തിരുവനന്തപുരത്തേയ്ക്ക് പോകേണ്ട സ്ഥിതിയാണുള്ളത്. കല്ലിയൂർ പി.എച്ച്.സി.-യിൽ 20 കിടക്കകളും കെട്ടിടവുമുണ്ട്. അവിടെ ഐ.പി. വിഭാഗം അനുവദിക്കണം. ബാലരാമപുരത്ത് ഹെഡ് നഴ്സിന്റെ കുറവുണ്ട്, ആംബുലൻസുണ്ടെങ്കിലും ഡ്രൈവറില്ല. അതുപോലെതന്നെ തൈറോയ്ഡ് പരിശോധനയ്ക്കുള്ള സംവിധാനം ലാബിലില്ല. ഇത്തരം കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ മിക്കവാറും എല്ലാ ആശുപത്രികളുടെയും കാര്യമാണ് ഒരുമിച്ച് ഉന്നയിച്ചിരിക്കുന്നത്. അതിൽ സർക്കാരിന് അടിയന്തരമായി പരിഹരിക്കാൻ കഴിയുന്ന എല്ലാ കാര്യങ്ങളും പരിഹരിക്കാൻ തയ്യാറാണ്. ഇതിൽ വളരെ പ്രധാനപ്പെട്ടത്, പുല്ലുവിള സി.എച്ച്.സി.-യുമായി ബന്ധപ്പെട്ടാണ്. അവിടെ രണ്ട് ഡോക്ടർമാർ ഇടയ്ക്കിടയ്ക്ക് ലീവ് എടുക്കും. അവർക്കെതിരെ നടപടി സ്വീകരിക്കാൻ ശ്രമിക്കുമ്പോൾ അവർ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്ന് സ്റ്റേ വാങ്ങിക്കുകയാണ് ചെയ്യുന്നത്. ഇവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുകൊണ്ടുതന്നെ അവരെ മാറ്റി

നിർത്തേണ്ടതായി വരും. ബഹുമാനപ്പെട്ട അംഗം പറയുന്ന കാര്യങ്ങൾ ശരിയാണ്. അവർ സ്റ്റേ വാങ്ങിക്കുന്നതുകൊണ്ടാണ് പരിഹരിക്കാൻ താമസിച്ചുപോയത്. അവർക്ക് സ്റ്റേ കിട്ടുന്നത് എങ്ങനെയാണെന്ന് അറിയില്ല. ട്രിബ്യൂണലിന്റെ വിധിക്കെതിരെ സഭയിൽ മറ്റൊന്നും പറയാൻ സാധിക്കില്ല. അതുകൊണ്ട് അത്തരം അനാസ്ഥ കാണിക്കുന്ന ഡോക്ടർമാർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുശേഷം അവിടെ തസ്തിക ഒഴിവുവരുമ്പോൾ പുതിയ ആളെ നിയമിക്കുന്നതാണ്. നിയമനം നടത്താനുള്ള തടസ്സമാണ് ഞാൻ പറഞ്ഞത്. അംഗം പറഞ്ഞ കാര്യം വസ്തുതാപരമാണ്, അത് പരിഹരിക്കുന്നതാണ്.

കോവളം നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന 3 സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിലും 6 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല. ഈ ആശുപത്രികളിലെ ഡോക്ടർമാരുടെ അനുവദനീയ തസ്തികകൾ ചുവടെ ചേർക്കുന്നു.

സി.എച്ച്.സി. പുല്ലുവിള-3, സി.എച്ച്.സി. വിഴിഞ്ഞം -6, സി.എച്ച്.സി. പൂവാർ- 4, പി.എച്ച്.സി. വെള്ളായണി -2, പി.എച്ച്.സി. മുക്കോല -1, പി.എച്ച്.സി. ബാലരാമപുരം-4, പി.എച്ച്.സി. കഴിയൂർ - 1, പി.എച്ച്.സി. കോട്ടുകാൽ -2, പി.എച്ച്.സി. കാഞ്ഞിരംകുളം-1.

പുല്ലുവിള സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ- 2, സ്റ്റാഫ് നഴ്സ് -1, ലാബ് ടെക്നീഷൻ -1, ഫാർമസിസ്റ്റ് -1, നഴ്സിംഗ് അസിസ്റ്റന്റ് -2, ഒഫ്ത്താൽമിക് അസിസ്റ്റന്റ് -1, ഹോസ്പിറ്റൽ അറ്റന്റന്റ് -4, ജെ.എച്ച്.ഐ. -5 എന്നിവരുൾപ്പെടെ മൊത്തം 38 തസ്തികകളാണുള്ളത്.

കൂടാതെ എൻ.എച്ച്.എം. മുഖേന, ഡോക്ടർമാർ -2, സ്റ്റാഫ് നഴ്സ് -4, പാലിയേറ്റീവ് കെയർ നേഴ്സ് -2, ആർ.ബി.എസ്.കെ. നഴ്സ് -2, പി.ആർ.ഒ. -1 എന്നിവരും പ്രവർത്തിക്കുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ കായകല്പ ഫണ്ട് 68,000 രൂപയും ഉപാധിരഹിത ഫണ്ട് 90,000 രൂപയും എസ്.എസ്.എസ്. ഫണ്ട് (സ്വച്ഛ് സ്വസ്ഥ് സർവ്വത്ര) 1,90,170 രൂപയും വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

കോവളം നിയോജകമണ്ഡലത്തിലെ മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

1. <u>വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രം</u>

   തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയിൽ സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം സാമൂഹികാരോഗ്യകേന്ദ്രത്തിൽ 42 കിടക്കകളാണുള്ളത്. ഈ ആശുപത്രിയിൽ 5 ഡോക്ടർമാർ ഉൾപ്പെടെ 50 ജീവനക്കാരുടെ സേവനം ലഭ്യമാണ്.

ഇവിടെ പുതിയ ഐ.പി. ബ്ലോക്കിന്റെ നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിൽ നിന്നും 4.55 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ഈ ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾക്കായി എൻ.എച്ച്.എം. മുഖേന 2017-18-ൽ 9,10,000 രൂപയും 2018-19-ൽ 3,40,170 രൂപയും നൽകിയിട്ടുണ്ട്.

2. പൂവാർ സാമൂഹികാരോഗ്യ കേന്ദ്രം

പൂവാർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ-1, അസിസ്റ്റന്റ് സർജൻ -3, സ്റ്റാഫ് നഴ്സ് ഗ്രേഡ് I -1 ഉൾപ്പെടെ മൊത്തം 33 ജീവനക്കാർ ഈ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 48 കിടക്കകൾ അനുവദിച്ചിട്ടുണ്ട്.

ഈ ആശുപത്രിയിൽ സ്ഥിരം ജീവനക്കാർക്ക് പുറമെ എൻ.എച്ച്.എം. മുഖേന ഡോക്ടർമാർ-2, സ്റ്റാഫ് നഴ്സ് -4, എന്നിവരേയും എൽ.എസ്.ജി.ഡി. മുഖേന ഫിസിയോതെറാപ്പിസ്റ്റ് -1, പാലിയേറ്റീവ് സ്റ്റാഫ് നഴ്സ്-1 എന്നിവരെയും എച്ച്.എം.സി. മുഖേന ലാബ് ടെക്നീഷ്യൻ -2, ലാബ് അസിസ്റ്റന്റ് -1, ക്ലീനിംഗ് സ്റ്റാഫ് -1, ഒ.പി. സ്റ്റാഫ് -1, ഡ്രൈവർ -1 എന്നിവരേയും ആർ.എസ്.ബി.വൈ. മുഖേന സ്റ്റാഫ് നഴ്സ് -1, ഐ.സി.റ്റി.സി. കൗൺസിലർ -1, ലാബ് ടെക്നീഷ്യൻ -1 എന്നിവരെയും നിയമിച്ചിട്ടുണ്ട്.

പൂവാർ സി.എച്ച്.സി.-യിൽ എക്സ്റേ യൂണിറ്റിന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിവരുന്നു.

2017-18-ൽ എൻ.എച്ച്.എം. മുഖേന 5,48,500 രൂപയും 2018-19-ൽ 6,80,340 രൂപയും നൽകിയിട്ടുണ്ട്.

3. കുടുംബാരോഗ്യ കേന്ദ്രം, ബാലരാമപുരം

2017-18 വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ബാലരാമപുരം പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി. അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. (നിലവിൽ ഇവിടെ 4 ഡോക്ടർമാർ ഉൾപ്പെടെ മൊത്തം 33 ജീവനക്കാരാണുള്ളത്.)

ഈ കേന്ദ്രത്തിൽ ദിവസേന 265-ഓളം രോഗികൾ ഒ.പി.-യിൽ എത്താറുണ്ട്. കൂടാതെ 10 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഐ.പി. സൗകര്യവുമുണ്ട്.

കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഈ സ്ഥാപനത്തിൽ ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, നഴ്സസ് പ്രീചെക്കും കൗൺസിലിംഗും എൻ.സി.ഡി. ക്ലിനിക്ക് എന്നീ സേവനങ്ങൾ ചെയ്തുവരുന്നു.

ഒ.പി. സേവനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വൈകുന്നേരം 6 മണി വരെ ഒ.പി. പ്രവർത്തിക്കുന്നുണ്ട്.

4. <u>പ്രാഥമികാരോഗ്യ കേന്ദ്രം, കോട്ടുകാൽ</u>

2017-18-ൽ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോട്ടുകാൽ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. (നിലവിൽ ഇവിടെ രണ്ട് ഡോക്ടർമാർ ഉൾപ്പെടെ മൊത്തം 29 ജീവനക്കാരാണുള്ളത്.)

കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഇവിടെ ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ, എൻ.സി.ഡി. ക്ലിനിക്കുകൾ, കമ്പ്യൂട്ടറൈസ്ഡ് ടോക്കൺ സിസ്റ്റം, ഇരിപ്പിട സൗകര്യം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും ഒ.പി. സേവനം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുക എന്നീ സേവനങ്ങൾ ചെയ്തുവരുന്നു.

ഒ.പി. സേവനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

5. <u>പ്രാഥമികാരോഗ്യ കേന്ദ്രം, മുക്കോല</u>

മുക്കോല പ്രാഥമികാരോഗ്യ കേന്ദ്രത്തെ 2018-19 വർഷം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ ഇവിടെ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -1, ഫാർമസിസ്റ്റ് -1 എന്നിവരുൾപ്പെടെ മൊത്തം 24 ജീവനക്കാ രാണുള്ളത്. കൂടാതെ എൻ.എച്ച്.എം. മുഖേന ആർ.ബി.എസ്.കെ. നഴ്സിനെയും നിയമിച്ചിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്ത ആശുപത്രികളിൽ പുതിയ തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

ഈ ആശുപത്രിയിൽ വികസന പ്രവൃത്തികൾക്കായി 2017-18-ൽ എൻ.എച്ച്.എം. മുഖേന 87,500 രൂപയും 2018-19-ൽ 70,000 രൂപയും നൽകിയിട്ടുണ്ട്.

6. <u>പ്രാഥമികാരോഗ്യ കേന്ദ്രം, കാഞ്ഞിരംകുളം</u>

ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് -1, ഫാർമസിസ്റ്റ്-1 എന്നിവരുൾപ്പെടെ മൊത്തം 18 ജീവനക്കാരാണ് നിലവിലുള്ളത്.

7. <u>പ്രാഥമികാരോഗ്യ കേന്ദ്രം, വെള്ളായണി</u>

ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ -2, സ്റ്റാഫ് നഴ്സ് -1, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നിവരുൾപ്പെടെ മൊത്തം 15 ജീവനക്കാരാണ് നിലവിലുള്ളത്.

8. <u>പ്രാഥമികാരോഗ്യ കേന്ദ്രം, കല്ലിയൂർ</u>

ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ -1, സ്റ്റാഫ് നഴ്സ് -1, ഫാർമസിസ്റ്റ് -1 എന്നിവരുൾപ്പെടെ മൊത്തം 19 ജീവനക്കാരാണ് നിലവിലുള്ളത്.

ആരോഗ്യ മേഖലയിൽ ഈ സർക്കാർ നടപ്പിലാക്കി വരുന്ന ആർദ്രം പദ്ധതിയിൽ ആശുപത്രികളെ ഘട്ടംഘട്ടമായാണ് ഉൾപ്പെടുത്തുന്നത്. കോവളം മണ്ഡലത്തിലെ എല്ലാ ആശുപത്രികളും ഭാവിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്നതോടുകൂടി ആശുപത്രികളുടെ നിലവിലുള്ള അവസ്ഥ കൂടുതൽ മെച്ചപ്പെടുന്നതാണ്.

(32) <u>കൊല്ലം ബൈപ്പാസിലെ അപകടങ്ങൾ</u>

<u>ശ്രീ. എം. നൗഷാദ്</u>: സർ, കൊല്ലം ബൈപ്പാസിൽ നിരന്തരമായി ഉണ്ടാകുന്ന അപകടത്തെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ജനുവരി 15-നാണ് ബൈപ്പാസിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. ആറ് മാസം പൂർത്തിയാകുന്നതിന് മുമ്പുതന്നെ 81 അപകടങ്ങളാണ് ഈ ബൈപ്പാസിൽ ഉണ്ടായിട്ടുള്ളത്. അതിൽ 9 പേർ മരണപ്പെടുകയും ചെയ്തു. അപകടങ്ങൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് അമിതവേഗതയാണ്. അത് നിയന്ത്രിക്കേണ്ടത് പോലീസ് സംവിധാനമാണ്. നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട്, ബൈപ്പാസിൽ ലൈറ്റുകൾ മുഴുവൻ സ്ഥാപിച്ചതിനുശേഷം ഉദ്ഘാടനം നടത്തിയാൽ മതിയെന്ന് അവിടെ വിളിച്ചുചേർത്ത യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും അത് പൂർത്തീകരിക്കാതെ ഉദ്ഘാടനം നടത്താൻ ധൃതി കാണിച്ചവരെല്ലാം ഉദ്ഘാടനം നടത്തിപ്പോയി. ഇപ്പോൾ ബൈപ്പാസാകെ ഇരുട്ടിലാണ്. അവിടെ അടിയന്തരമായി

ലൈറ്റുകൾ സ്ഥാപിക്കണം. അതിനാവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുപോലെ 54 ഉപറോഡുകളുണ്ട്. അതിൽ ഏഴെണ്ണം പി.ഡബ്ല്യൂ.ഡി.-യുടേതാണ്. ഉപറോഡുകളെല്ലാം കുത്തനെയാണ് കിടക്കുന്നത്. അത് ബൈപ്പാസ് നിരപ്പിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി എല്ലാ റോഡുകൾക്കും ഒരു പാക്കേജ് അനുവദിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. അതല്ലെങ്കിൽ പി.ഡബ്ല്യൂ.ഡി. റോഡെങ്കിലും ആ തരത്തിലേയ്ക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതുപോലെ ക്യാമറകൾ സ്ഥാപിക്കുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിക്ക് 2,69,00,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അത് അനുവദിപ്പിച്ച് നൽകുന്നതിനുള്ള അടിയന്തര നടപടികളുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദേശീയപാത ഉദ്ഘാടനം ചെയ്യുന്നതിന് മുമ്പ് 25-11-2018, 26-2-2019 എന്നീ തീയതികളിലായി ബഹുമാനപ്പെട്ട എം.എൽ.എ.-യും ഞാനും കൂടി പങ്കെടുത്തുകൊണ്ട് രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. അതിൻപ്രകാരം ഏകദേശം 16 കോടി രൂപയുടെ അടങ്കൽ എൻ.എച്ച്.എ.ഐ.-ക്ക് അയച്ചെങ്കിലും അവർ നാളിതുവരെ പാസ്സാക്കിയിട്ടില്ല. ആ ദുർഘടാവസ്ഥയിൽ അതിലെ ഏഴ് ഐറ്റങ്ങൾ സംസ്ഥാന ഗവൺമെന്റ് പണം കൊടുത്ത് പൂർത്തീകരിക്കുകയുണ്ടായി. ഇപ്പോൾ 5,15,00,000 രൂപയ്ക്ക് ലൈറ്റിനുള്ള കോൺട്രാക്ട് സംസ്ഥാന ഗവൺമെന്റിന്റെ പണം ഉപയോഗിച്ച് കെൽട്രോണിന് കൊടുത്തിട്ടുണ്ട്. അവർ ഇപ്പോൾ തന്നെ പണി തുടങ്ങുന്നതാണ്. കാവനാട് ജംഗ്ഷനുമായി ബന്ധപ്പെട്ടുള്ളത് എൻ.എച്ച്.എ.ഐ.-യിൽ നിന്നും വന്നിട്ടില്ല. ലൈറ്റുംകൂടി സ്ഥാപിക്കുന്നതോടുകൂടി ഒമ്പത് ഐറ്റത്തിൽ എട്ടെണ്ണവും സംസ്ഥാന ഗവൺമെന്റിന്റെ പണം ഉപയോഗിച്ച് ചെയ്തിട്ടുണ്ട്. അതിൽ ഒരെണ്ണം കാവനാട് ജംഗ്ഷൻ വികസനമാണ്. അത് എൻ.എച്ച്.എ.ഐ.-യിൽ നിന്നും വരണം. അങ്ങ് പറഞ്ഞതുപോലെ 54 ഉപറോഡുകൾ വരുന്നുണ്ട്. അവിടെ ഇനി പുതിയതായി 8 സ്പീഡ് ലിമിറ്റ് ബോർഡുകളും 26 നോ പാർക്കിംഗ്, നോ ഓവർടേക്കിംഗ് ബോർഡുകളും സ്ഥാപിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുപോലെ 23 സർവയലൻസ് ക്യാമറയും 8 സ്പീഡ് ക്യാമറയും സ്ഥാപിക്കാനുള്ള നിർദ്ദേശം കളക്ടറേറ്റിൽ കൊടുത്തിട്ടുണ്ട്. മുഴവൻ റീച്ചുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കാനുള്ള വർക്ക് ഓർഡറാണ് കെൽട്രോണിന് നൽകിയിട്ടുള്ളത്.

## (33) റോഡ് വികസനം

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ രണ്ടാം തവണയാണ് അങ്കമാലി ടൗണിനെ കൊച്ചി എയർപോട്ടുമായി ബന്ധിപ്പിക്കുന്ന വേങ്ങൂർ-നായത്തോട് റോഡിന്റെ വികസനം സംബന്ധിച്ച് നിയമസഭയിൽ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇതിന്റെ

ആദ്യത്തെ ഒരു കിലോമീറ്റർ 15 മീറ്റർ ഭൂമിയേറ്റെടുത്ത് റോഡിന്റെ വീതി കൂട്ടിയിട്ടുണ്ട്. പ്രസ്തുത റോഡ് ടാർ ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മന്ത്രി ഒന്നരകോടി രൂപ അനുവദിച്ചിട്ടുണ്ട്. ടാറിംഗ് ജോലികൾ ആരംഭിക്കുകയാണ്. രണ്ടാംഘട്ടം ഒരു കിലോമീറ്റർ തുടങ്ങി മൂന്നര കിലോമീറ്റർ വരെയുള്ള ഭാഗം റോഡ് വീതികൂട്ടി പണിയുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി പ്രത്യേകമായ തുക അനുവദിക്കണം. ടാറിംഗ് ജോലികൾ പൂർത്തീകരിക്കാൻ വേണ്ടി തുക അനുവദിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രത്യേകമായ തുക അനുവദിച്ചെങ്കിൽ മാത്രമേ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അങ്കമാലി നഗരത്തെ കൊച്ചി വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന വളരെ സുപ്രധാനമായ റോഡാണ്. ഇവിടെയുള്ള എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ആളുകൾ കൊച്ചി വിമാനത്താവളത്തിലേയ്ക്ക് പോകുന്നതിനുവേണ്ടി ആശ്രയിക്കുന്ന റോഡാണ്. ഇതിന്റെ രണ്ടാംഘട്ട പ്രവൃത്തികൾക്ക് കൂടുതൽ ഫണ്ട് അനുവദിച്ചുകൊണ്ട് അത് പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഈ റോഡിന്റെ ആദ്യത്തെ ഒരു കിലോമീറ്ററിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ ഒരു കിലോമീറ്റർ റോഡിനായി 15 മീറ്റർ വീതിയിൽ സ്ഥലം എടുത്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന് ഏകദേശം 15 കോടി രൂപയായി എന്നാണ് പറയുന്നത്. ഇനി മൂന്നര കിലോമീറ്റർ സ്ഥലംകൂടി ഏറ്റെടുക്കണം. അതിന് 100 രൂപ പ്രൊവിഷനുള്ളതുകൊണ്ട് മരാമത്ത് വകുപ്പിന് പ്രൊപ്പോസൽ അയയ്ക്കാൻ പറ്റില്ല. തീർച്ചയായും പ്രവൃത്തി ചെയ്യേണ്ട റോഡാണ്. 20 കോടിയോളം രൂപ സ്ഥലത്തിനടക്കം വേണ്ടിവരും. തീർച്ചയായും ധനകാര്യവകുപ്പുവഴി സ്പെഷ്യൽ കിഫ്ബി പ്രോഗ്രാമായി നടപ്പിലാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതായിട്ടുണ്ട്.

## (34) നാഷണൽ സ്കിൽ പാർക്ക്

ശ്രീ. എം. രാജഗോപാലൻ: സർ, രാജ്യത്ത് തൊഴിലില്ലായ്മ പരിഹരിക്കാനുള്ള പ്രധാനമാർഗ്ഗങ്ങളിലൊന്ന് നൈപുണ്യ വികസനത്തിലൂടെ തൊഴിൽലഭ്യത വർദ്ധിപ്പിക്കുക എന്നുള്ളതാണ്. വിവിധ കോഴ്സുകൾ പൂർത്തിയാക്കി ജോലി തേടുന്ന കാസർഗോഡ് ജില്ലയിലെയും അനുബന്ധ പ്രദേശങ്ങളിലെയും അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ യുവതീയുവാക്കളിൽ ഏത് വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കും അവരവരുടെ തൊഴിൽ മേഖലകളിൽ പരിശീലനം നൽകി സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലും യഥേഷ്ടം ജോലി ലഭ്യമാക്കാൻ കഴിയും വിധത്തിൽ നൈപുണ്യ വികസനത്തിലൂടെ നിപുണരായ ഉദ്യോഗാർത്ഥികളെ വാർത്തെടുക്കാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനെയും കേരള അക്കാദമിക് ഫോർ സ്കിൽ എക്സലൻസിന്റെയും മാതൃകയിൽ എല്ലാ സെക്ടേഴ്സ് സ്കീം കൗൺസിലുകളെയും

ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നാഷണൽ സ്കിൽ പാർക്ക് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, മികച്ച തൊഴിൽ നൈപുണ്യ പരിശീലനത്തിനും ജോലി ലഭ്യതയ്ക്കുംവേണ്ടി എല്ലാ സെക്ടർ സ്കിൽ കൗൺസിലുകളെയും ഉൾപ്പെടുത്തി ഏത് യോഗ്യതയുള്ളവർക്കും ഉന്നത തരത്തിൽ പരിശീലനം നൽകുന്ന നാഷണൽ സ്കിൽ പാർക്ക് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

വിവിധ വ്യവസായ മേഖലകളുമായി സഹകരിച്ച് നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (NSDC) രൂപീകരിച്ചിരിക്കുന്ന സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാണ് സെക്ടർ സ്കിൽ കൗൺസിലുകൾ. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലായി, സംസ്ഥാന നൈപുണ്യ വികസന മിഷനായ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) മുഖേന കേന്ദ്ര പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയിലൂടെ (PMKVY 2016-2020) വിവിധ സെക്ടർ സ്കിൽ കൗൺസിലുകൾ നിർദ്ദേശിച്ചിരിക്കുന്ന ടെയ്‌ലർ, സി.സി.ടി.വി. ഇൻസ്റ്റലേഷൻ ടെക്നിഷ്യൻ, ഹാൻഡ് എംബ്രോയ്ഡർ, കസ്റ്റമർ കെയർ എക്സിക്യൂട്ടീവ്, മൊബൈൽ ഫോൺ ഹാർഡ്‌വെയർ റിപ്പയർ ടെക്നീഷ്യൻ തുടങ്ങിയ ജോബ് റോളുകൾക്കായുള്ള തൊഴിൽ പരിശീലനം 450 പേർക്ക് കാസർഗോഡ് ജില്ലയിൽ നിലവിൽ നൽകി വരുന്നു.

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ KASE എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 10 ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. അതിൽ ഒരെണ്ണം കാസർഗോഡ് ജില്ലയിലാണ് പ്രവർത്തിക്കുന്നത്.

ഇതിനുപുറമെ കാസർഗോഡ് ജില്ലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലായി 9 സർക്കാർ ഐ.ടി.ഐ.-കളിൽ 21 വിവിധ ട്രേഡുകളിലായി 1336 ട്രെയിനികളാണ് ഓരോ വർഷവും പരിശീലനം പൂർത്തിയാക്കുന്നത്. ഇതുകൂടാതെ കാസർഗോഡ് ജില്ലയിൽ 4 സ്വകാര്യ ഐ.ടി.ഐ.-കളും പട്ടികജാതി വികസന വകുപ്പിന്റെ കീഴിലായി 3 സർക്കാർ ഐ.ടി.ഐ.-കളും പ്രവർത്തിക്കുന്നുണ്ട്. മികച്ച തൊഴിൽ നൈപുണ്യ പരിശീലനത്തിനും ജോലി ലഭ്യതയ്ക്കും വേണ്ടി എല്ലാ സെക്ടർ സ്കിൽ കൗൺസിലുകളെയും ഉൾപ്പെടുത്തി ഏത് യോഗ്യതയുള്ളവർക്കും ഉതകുന്ന തരത്തിൽ പരിശീലനം നൽകുന്ന നാഷണൽ സ്കിൽ പാർക്ക് ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

## (35) ഐ.ടി.ഐ.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ മൂന്നാമത്തെ തവണയാണ് ഐ.ടി.ഐ. സ്ഥാപിക്കണമെന്ന ആവശ്യം സബ്മിഷനായി ഉന്നയിക്കുന്നത്. ഈ സബ്മിഷനിൽ ഉന്നയിക്കുന്ന കാര്യം പ്രാവർത്തികമാകുമെന്നോ അല്ലെങ്കിൽ സാധിക്കില്ലെന്നോ ഉള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി നൽകണം. ഇനി ഈ വിഷയവുമായി ബന്ധപ്പെട്ട് ഞാൻ സബ്മിഷൻ അവതരിപ്പിക്കില്ല. ഒരു ഐ.ടി.ഐ. നെടുമങ്ങാട് മണ്ഡലത്തിൽ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, 2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്ന വിഷയം ഉൾപ്പെട്ടിട്ടില്ല. നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്ന ഒരു ശിപാർശയും നിലവിലില്ല. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് നെടുമങ്ങാട് നിന്നും പന്ത്രണ്ട് കിലോമീറ്റർ ദൂരത്തിൽ ആര്യനാട് ഐ.ടി.ഐ. പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഐ.ടി.ഐ.-യിൽ ഒൻപത് ട്രേഡുകളിലെ 18 യൂണിറ്റുകളിലായി 333 ട്രെയിനികൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ഇതിൽ ആകെ സീറ്റുകളിൽ 51 ശതമാനം പട്ടികജാതി വിഭാഗങ്ങൾക്കും 25 ശതമാനം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇവിടെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ചിട്ടുള്ള സീറ്റുകളിലെല്ലാം തന്നെ പ്രസ്തുത വിഭാഗക്കാർ പ്രവേശനം നേടാത്ത അവസ്ഥയാണ് നിലവിലുള്ളത്.

നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന പേരുമല ഐ.ടി.ഐ.-യിൽ നിലവിലുള്ള ഭൗതിക സാഹചര്യം ഉൾപ്പെടുത്തി പുതിയ ട്രേഡ് ആരംഭിക്കാൻ കഴിയില്ല. ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. പുതിയ കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

ഐ.ടി.ഐ. പ്രവർത്തിക്കാൻ വേണ്ടിയുള്ള സ്ഥലമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ സൗജന്യമായി ലഭ്യമാകുകയാണെങ്കിൽ സാധ്യതാപഠനം നടത്തി നെടുമങ്ങാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## (36) വള്ളംകളി മത്സരം

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ അഭിമാനമായി മാറാൻ പോകുന്ന ജലോത്സവമായ കേരള ബോട്ട് റെയ്സ് ലീഗ് കേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും

എം.എൽ.എ.-മാരും പങ്കെടുത്ത യോഗതീരുമാനത്തിന്റെ ഭാഗമായി തെരഞ്ഞെടുത്തത് എന്റെ മണ്ഡലത്തിലെ പൂത്തോട്ടയാണ്. അവിടെ സംഘാടക സമിതി യോഗം വിളിച്ചുചേർത്ത് പരിപാടി ഗംഭീരമായി നടത്തുന്നതിനാവശ്യമായ ഒരുക്കങ്ങൾ നടന്നുവരികയായിരുന്നു. അതിനിടയിൽ പൂത്തോട്ടയിൽ നിന്ന് ജലോത്സവം മാറ്റി എന്നാണ് ഇപ്പോൾ അറിയാൻ കഴിയുന്നത്. ഇതുസംബന്ധിച്ച് നാളിതുവരെ ഒരറിയിപ്പും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും എനിക്ക് ലഭിച്ചിട്ടില്ല. മൂന്ന് ജില്ലകളുടെയും മൂന്ന് നിയോജക മണ്ഡലങ്ങളുടെയും കേന്ദ്രമായ പൂത്തോട്ടയിൽനിന്ന് ജലോത്സവം മാറ്റിയത് എന്തിനാണെന്നത് ഇപ്പോഴും ദുരൂഹമാണ്. അതുസംബന്ധിച്ച് ഉദ്യോഗസ്ഥതലത്തിൽ ഒരു ഗൂഢാലോചന നടന്നിട്ടുണ്ടോയെന്നുപോലും ഞാൻ സംശയിക്കുന്നുണ്ട്. കാരണം, ഈ നിമിഷം വരെയും ഇങ്ങനെയൊരു മാറ്റത്തെ സംബന്ധിച്ച് ജനപ്രതിനിധി എന്ന നിലയിൽ എന്നോട് ആരും സൂചിപ്പിച്ചിട്ടില്ല. ഞങ്ങൾ സംഘാടക സമിതിയുമായി മുന്നോട്ട് പോവുകയാണ്. അഥവാ അവിടെ നിന്ന് എന്തെങ്കിലും കാരണവശാൽ മാറ്റമുണ്ടെങ്കിൽ എന്റെ മണ്ഡലത്തിന്റെയും തൃക്കാക്കരയുടെയും അതിർത്തിയിലുള്ള ചമ്പക്കരയിൽ വച്ച് നടത്താവുന്നതാണ്. ഇപ്പോൾ തെരഞ്ഞെടുത്തതായി പറയുന്ന എറണാകുളം മുമ്പ് അനുചിതമായ സാഹചര്യങ്ങളാൽ വള്ളംകളി ഉപേക്ഷിക്കേണ്ടിവന്ന സ്ഥലമാണ്. ജലോത്സവം മാറ്റിയ സാഹചര്യം സംബന്ധിച്ച് അന്വേഷിക്കണമെന്നും ജനപ്രതിനിധിയോട് ഈ വിവരം കൈമാറാൻപോലും തയ്യാറാകാതിരുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കണമെന്നും പൂത്തോട്ടയിൽ തന്നെ ജലോത്സവം സംഘടിപ്പിക്കാൻ തയ്യാറാകണമെന്നുമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കേരളത്തിൽ വിനോദസഞ്ചാരികളുടെ വരവ് പൊതുവെ കുറവായ മൺസൂൺ കാലയളവിൽ കൂടുതൽ വിനോദസഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി ഒരു പുതിയ ടൂറിസം ഉൽപ്പന്നമെന്ന നിലയിലാണ് ചാമ്പ്യൻസ് ബോട്ട് ലീഗ് സംഘടിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. കേരളത്തിന്റെ വിവിധ ജലാശയങ്ങളിൽ നടക്കുന്ന വള്ളംകളി മത്സരങ്ങളെ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കായികമേളയായി അന്താരാഷ്ട്ര നിലവാരത്തിൽ അവതരിപ്പിച്ച് കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഐ.പി.എൽ. മാതൃകയിൽ ഈ വള്ളംകളി ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിൽ 12 വേദികളിലായി ലീഗ് അടിസ്ഥാനത്തിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ആലപ്പുഴയിൽ എല്ലാ വർഷവും ആഗസ്റ്റ് മാസത്തിൽ രണ്ടാം ശനിയാഴ്ച നടത്തിവരുന്ന നെഹ്റു ട്രോഫി വള്ളംകളിയിൽ ഏറ്റവും മികച്ച സമയത്തിൽ എത്തിച്ചേരുന്ന 9 ചുണ്ടൻ വള്ളങ്ങൾ ചാമ്പ്യൻസ് ബോട്ട് ലീഗിൽ മൽസരിക്കാൻ യോഗ്യത നേടുന്നതായിരിക്കും. നവംബർ 1-ന് കൊല്ലം അഷ്ടമുടി

കായലിൽ നടക്കുന്ന പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയോടെ മത്സരങ്ങൾ അവസാനിക്കുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കഴിഞ്ഞവർഷം തന്നെ ബോട്ട് ലീഗ് മത്സരം സംഘടിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ നമ്മുടെ നാട് നേരിട്ട പ്രളയത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ കഴിഞ്ഞ വർഷം മത്സരം സംഘടിപ്പിക്കാൻ കഴിഞ്ഞില്ല. ആദ്യം ബോട്ട് ലീഗ് സംഘടിപ്പിക്കാൻ ഉദ്ദേശിച്ചിരുന്ന കേന്ദ്രങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ ഉൾപ്പെട്ട പൂത്തോട്ടയും പരിഗണിച്ചിരുന്നു. വള്ളംകളി ലീഗ് സംഘടിപ്പിക്കുന്ന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കുന്നതിനായി ഈ രംഗത്തെ വിദഗ്ദ്ധന്മാരടങ്ങിയ ഒരു സാങ്കേതിക സമിതിയെ സർക്കാർ നിയോഗിച്ചിരുന്നു. എറണാകുളം ജില്ലയിലെ പൂത്തോട്ട, തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവ്, കോട്ടയം ജില്ലയിലെ കുമരകം എന്നീ മൂന്ന് വേദികളിൽ വള്ളംകളി നടത്തുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമല്ലെന്ന് വിദഗ്ദ്ധ സമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ആ വേദികളെ ഒഴിവാക്കുകയുണ്ടായി. ലോകത്തുതന്നെ ആദ്യമായിട്ടാണ് ഐ.പി.എൽ. മാതൃകയിൽ വള്ളംകളി മത്സരം സംഘടിപ്പിക്കുന്നത്. ഈ വർഷത്തെ വള്ളംകളി മത്സരത്തിനുശേഷം നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വേദികളിൽ ഏതെങ്കിലും അപര്യാപ്തത കണ്ടെത്തിയാൽ വേദികളിൽ മാറ്റം വരുത്തുന്നതാണ്. ബോട്ട് ലീഗിൽ കൂടുതൽ വേദികൾ ഉൾപ്പെടുത്തണോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്നതാണ്.

## (37) ടൂർ പാക്കേജ്

ശ്രീ. യു. ആർ. പ്രദീപ്: സർ, ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി കൈത്തറി മുണ്ടുകൾക്കും സാരികൾക്കും വളരെ പ്രശസ്തമാണ്. നൂറുകണക്കിന് നെയ്ത്തുകാർ കാലങ്ങളായി കുത്താമ്പുള്ളിയിൽ താമസിച്ചുവരുന്നുണ്ട്. അവിടത്തെ നെയ്ത്തുകാർ നെയ്യുന്ന സാരികളും മുണ്ടുകളും വളരെ പ്രശസ്തമാണ്. അവർക്ക് മാർക്കറ്റിംഗ് സൗകര്യമില്ലാത്തതുകൊണ്ട് വിപണി കണ്ടെത്താൻ കഴിയാത്ത അവസ്ഥയാണ്. ഇവരെ സഹായിക്കാനായി ടൂറിസം വകുപ്പിന്റെ ഉത്തരവാദിത്ത ടൂറിസത്തിൽ ഉൾപ്പെടുത്തി എന്തെങ്കിലും പദ്ധതി കൊണ്ടുവരാൻ കഴിയുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ചേലക്കര നിയോജകമണ്ഡലത്തിലെ കുത്താമ്പുള്ളി കൈത്തറി വസ്തുങ്ങളെ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അതിനെ PEPPER (People's Participation for Planning And Empowerment Through Responsible Tourism) എന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ പുതുതായി തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലൊന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിയോജക മണ്ഡലത്തിൽ വരുന്ന കുത്താമ്പുള്ളി ഉൾപ്പെടുന്ന തിരുവില്വാമല പഞ്ചായത്താണ്. ഇതിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ, പ്രദേശത്ത് പഠനം നടത്തുകയും വിനോദസഞ്ചാര സാദ്ധ്യത വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ കൈത്തറി പാരമ്പര്യം വിനോദസഞ്ചാരികൾക്ക് അനുഭവിച്ചറിയുന്നതിനുള്ള അവസരമൊരുക്കുകയും അതുവഴി തദ്ദേശീയർക്ക് കൂടുതൽ തൊഴിലവസരങ്ങളും മെച്ചപ്പെട്ട ജീവിത നിലവാരവും ഒരുക്കുക എന്നതുമാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ടൂറിസം ഗ്രാമസഭ രൂപീകരിക്കുക, ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തുക, എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകൾ സംഘടിപ്പിക്കുക, കുത്താമ്പുള്ളിയിലെ കൈത്തറി ഉല്പന്നങ്ങൾക്ക് വിപണന സാദ്ധ്യത ഒരുക്കുക, ടൂറിസ്റ്റുകൾക്കാവശ്യമായ ഹോം സ്റ്റേ, ഫാം സ്റ്റേ എന്നിവ തുടങ്ങുന്നതിനുള്ള പരിശീലനം സംഘടിപ്പിക്കുക, സ്ഥലത്തെക്കുറിച്ച് പ്രൊമോഷണൽ വീഡിയോ തയ്യാറാക്കുക എന്നിവയൊക്കെ പദ്ധതിയുടെ ഭാഗമായി കുത്താമ്പുള്ളിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്ന കേന്ദ്രങ്ങളിലെ കാർഷിക ഉല്പന്നങ്ങളും കരകൗശല ഉല്പന്നങ്ങളും കൈത്തറി ഉല്പന്നങ്ങളും വിപണനം ചെയ്യുന്നതിന് ഉത്തരവാദിത്ത മിഷന് പ്രത്യേക പദ്ധതിയുണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കുത്താമ്പുള്ളിയിലെ കൈത്തറി ഉല്പന്നങ്ങളുടെ ഓൺലൈൻ മാർക്കറ്റിംഗും കുത്താമ്പുള്ളിയിലേയ്ക്ക് വിനോദസഞ്ചാരികളെ ആകർഷിക്കാനുള്ള ടൂർ പാക്കേജും നടപ്പാക്കുന്നതാണ്. മൂന്ന് മാസത്തിനകം പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## (38) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കഴിഞ്ഞ 24 വർഷമായി മലബാർ ദേവസ്വം ബോർഡ് ജീവനക്കാർ അനുഭവിക്കുന്ന വളരെ പ്രയാസകരമായ സാഹചര്യങ്ങളെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അവർക്ക് വളരെ കുറഞ്ഞ തോതിലുള്ള ശമ്പളം മാത്രമേ ലഭിക്കുന്നുള്ളൂ, അതും കൃത്യസമയത്ത് കൊടുക്കുന്നില്ല. ഇതുസംബന്ധിച്ച് ഞാൻ നേരത്തെ ഒരു ചോദ്യം ചോദിച്ചിരുന്നു. അതിന് തൃപ്തികരമായ മറുപടി എനിക്ക് കിട്ടിയില്ല. അതുകൊണ്ട് അവരുടെ ശമ്പള പരിഷ്കരണം എത്രയുംവേഗം നടപ്പിലാക്കി കുടിശ്ശികയില്ലാതെ ജീവനക്കാർക്ക് മാസംതോറും ബാങ്കുകൾവഴി കൃത്യമായി ശമ്പളം എത്തിക്കാനും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും കൊച്ചിൻ ദേവസ്വം ബോർഡിന്റെയും സമാനതോതിലുള്ള ശമ്പളം അവർക്ക് ഉറപ്പുവരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. 1951-ലെ മലബാർ ഹിന്ദു റിലീജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് നമ്പർ 31-ന്റെ 2008-ലെ ഭേദഗതിപ്രകാരം ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് നിർത്തലാക്കിയാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1352-ഓളം ക്ഷേത്രങ്ങളും അവയിൽ 7000-ത്തിലധികം ജീവനക്കാരുമാണുള്ളത്. മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട നിലവിലെ നിയമവ്യവസ്ഥ പ്രകാരം ബോർഡിന് കീഴിലുള്ള ഓരോ ക്ഷേത്രങ്ങളും സ്വതന്ത്ര യൂണിറ്റുകളാണ്. ഓരോ ക്ഷേത്രത്തിനും ലഭിക്കുന്ന വരുമാനം അതാത് ക്ഷേത്രങ്ങളുടെ പേരിൽ അക്കൗണ്ട് ചെയ്യുകയും വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളെ സ്പെഷ്യൽ എ, ബി, സി, ഡി എന്നിങ്ങനെ ഗ്രേഡുകളാക്കിത്തിരിച്ച് ഓരോ ഗ്രേഡിലുമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് വ്യത്യസ്തങ്ങളായ ശമ്പള സ്കെയിൽ പ്രകാരം ശമ്പള നിർണ്ണയം നടത്തി അതാത് ക്ഷേത്രത്തിന്റെ വരുമാനത്തിൽനിന്നും ശമ്പളം നൽകിവരുന്ന സംവിധാനമാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലുള്ളത്. നിലവിൽ അടിസ്ഥാന ശമ്പളവും 275 ശതമാനം ഡി.എ.-യും എച്ച്.ആർ.എ.-യും (60/100 രൂപ) അടങ്ങുന്ന ശമ്പളമാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രജീവനക്കാർക്ക് നൽകിവരുന്നത്. പ്രതിവർഷ വരുമാനം മൂന്ന് ലക്ഷത്തിൽ താഴെയുള്ള സി, ഡി ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് താരതമ്യേന കുറഞ്ഞ വേതനമാണ് ലഭിക്കുന്നത്.

മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടത്തുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി പ്രതിമാസം 2,000 രൂപ വീതം ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മറ്റ് ദേവസ്വം ബോർഡുകളിൽനിന്നും വിഭിന്നമായ നിയമ വ്യവസ്ഥയാണ് മലബാർ ദേവസ്വം ബോർഡിനുള്ളത്. ക്ഷേത്രഭരണം അതാത് ക്ഷേത്രം ട്രസ്റ്റിമാരിൽ നിക്ഷിപ്തമാണ്. ക്ഷേത്രവരുമാനം അതാത് ക്ഷേത്രങ്ങളുടെ പേരിൽ അക്കൗണ്ട് ചെയ്യപ്പെടുന്നു. നിലവിലെ നിയമവ്യവസ്ഥയിൽ സമൂലമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ക്ഷേത്രഭരണം ബോർഡിന്റെ പൂർണ്ണ നിയന്ത്രണത്തിലാക്കുന്നതിനും ഫണ്ട് പൂളിംഗ് ഉൾപ്പെടെ നടപ്പിലാക്കുന്നതിനും കഴിയുകയുള്ളൂ. ഇതിനാവശ്യമായ നിയമഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

## (39) കുടിവെള്ള പദ്ധതി

ശ്രീമതി പി. അയിഷാ പോറ്റി: സർ, എന്റെ മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ വർഷങ്ങൾക്കുമുമ്പ് സെക്ടർ റിഫോംസ് പ്രോജക്ട്, അതായത് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിപ്രകാരം കൊടുത്തിരുന്ന 5 പദ്ധതികൾ പ്രവർത്തിക്കാതെ നിർജ്ജീവാവസ്ഥയിലാണ്. അതിന് നല്ല സോഴ്സുണ്ട്. ചെറിയ അറ്റകുറ്റപ്പണികൾ ചെയ്താൽ ആ പഞ്ചായത്തിലെ നൂറുകണക്കിന് ആളുകൾക്ക് കുടിവെള്ളം കൊടുക്കാൻ കഴിയും. ഇപ്പോൾ കിഫ്ബി പദ്ധതിയിൽ 16 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും അത് നടപ്പിലായി വരണമെങ്കിൽ വളരെയേറെ കാലതാമസമെടുക്കും. അങ്ങേയറ്റം രൂക്ഷമായ കുടിവെള്ളക്ഷാമമുള്ള പ്രദേശമാണിത്. ഈ സാങ്കേതിക തടസ്സങ്ങളുള്ളതുകൊണ്ട് അതിന് പണം കൊടുത്ത് ഒരു തരത്തിലും പുതുക്കിയെടുക്കാൻ കഴിയില്ല. അത് ഒഴിവാക്കി വൺ ടൈം റിപ്പയറിന് പണം നൽകി ടി പദ്ധതി പുനരുജ്ജീവിപ്പിച്ച് ആ സമിതിക്ക് കൊടുക്കാൻ തക്കവണ്ണമുള്ള സഹായമുണ്ടാകണമെന്നതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച പ്രശ്നത്തിൽ, ഇത് പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തി മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

കൊല്ലം ജില്ലയിലെ മൈലം ഗ്രാമപഞ്ചായത്തിലെ സ്വജൽധാര ഗ്രാമീണ കുടിവെള്ള പദ്ധതി (രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി) 2005-2010 വർഷം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതിയാണ്. ഈ പദ്ധതികളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനുമായി ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിരുന്നു. സ്വജൽധാര ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ത്രികക്ഷി കരാറിലെ ഖണ്ഡിക 32 പ്രകാരം പദ്ധതി പ്രവർത്തനരഹിതമാവുകയോ തർക്കത്തിൽപ്പെട്ട് മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതെ വരികയോ ചെയ്താൽ പദ്ധതിയുടെ സ്ഥാവരജംഗമ വസ്തുക്കൾ ഏറ്റെടുത്ത് പുതിയ സമിതി രൂപീകരിച്ച് പുനരുദ്ധരിക്കുന്നതിനുള്ള ചുമതല ഗ്രാമപഞ്ചായത്തിനാണ്. കാലപ്പഴക്കത്തിൽ പല പദ്ധതികളുടെയും മോട്ടോറുകൾ കേടാവുകയും വാഹനങ്ങൾ കയറി പൈപ്പുകൾ പൊട്ടുകയും ചെയ്തിട്ടുള്ളതാണ്. ഓരോ ഗുണഭോക്തൃ സമിതിയിലും 60 മുതൽ 80 വരെ കുടുംബങ്ങൾ ഗുണഭോക്താക്കളായിട്ടുണ്ട്. കേടായ മോട്ടോറുകൾ ശരിയാക്കുന്നതിനും പൊട്ടിയ പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള സാമ്പത്തിക ബാദ്ധ്യത ഗുണഭോക്തൃ സമിതികൾക്ക് താങ്ങാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. മൈലം ഗ്രാമപഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും കുടിവെള്ളം ലഭ്യമാക്കത്തക്കവിധം തലവൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി പഞ്ചായത്തിലെ ആക്കവിള വാർഡിൽ വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുള്ളതും

പൈപ്പ് ലൈൻ ഇടുന്നതിന് ടെണ്ടർ നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുള്ളതും പട്ടാഴി പൂക്കുന്നിമലയിലെ മെയിൻ വാട്ടർ ടാങ്കിൽനിന്നും വെള്ളം എത്തിക്കുന്നതിനും നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. അതിനോടൊപ്പം ഈ പദ്ധതികൾ പുനഃസംഘടിപ്പിക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്തി മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## (40) യു. പി. സ്കൂളായി ഉയർത്തൽ

ശ്രീ. കെ. ദാസൻ: സർ, ഇന്ത്യൻ നീതിപീഠത്തിലെ തിളങ്ങുന്ന വ്യക്തിത്വ മായിരുന്ന മൺമറഞ്ഞ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരെപ്പോലെയുള്ളവർ ആദ്യാക്ഷരം കുറിച്ച സ്കൂളാണ് കോതമംഗലം ഗവൺമെന്റ് എൽ.പി. സ്കൂൾ. 2006-2011-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി ഈ സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണമെന്ന നിർദ്ദേശം നൽകിയിരുന്നു. എന്തൊക്കെയോ സാങ്കേതിക കാരണങ്ങളാൽ അത് ഫലത്തിൽ വന്നില്ല. ഇന്ന് എൽ.പി. സ്കൂൾ വിഭാഗത്തിൽ കോഴിക്കോട് ജില്ലയിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നത് ഈ വിദ്യാലയത്തിലാണ്. കൊയിലാണ്ടി നഗരസഭയുടെ കീഴിലുള്ള ഈ സ്കൂളിന്റെ ഭൗതികവികസനത്തിനും അക്കാദമിക് പരിപാടികൾക്കും നഗരസഭയുടെ വിദ്യാഭ്യാസ ഫണ്ടുകൾ വർഷാവർഷം ലഭിക്കാറുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കാനുള്ള അഭ്യർത്ഥന മാനിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ പ്ലാൻ ഫണ്ടിൽനിന്നും ഒരു കോടി രൂപ അനുവദിച്ചിരുന്നു. ആയതിനാൽ ഈ സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് കോടതി നിർദ്ദേശിച്ച പ്രകാരം മാപ്പിംഗ് നടത്തി പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനത്തിലോ ഉത്തരവിലോ കോഴിക്കോട് ജില്ലയിലെ കോതമംഗലം എന്ന പ്രദേശം ഇപ്പോൾ ഉൾപ്പെട്ടിട്ടില്ല. ഇതിനെ സംബന്ധിച്ച് കൂടുതൽ പരിശോധിക്കാം.

പുതുതായി സ്കൂളുകൾ ആരംഭിക്കുകയോ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യുന്നത് കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V, ചട്ടം 2, 2A എന്നിവയിൽ പ്രതിപാദിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചാണ്. നമ്പർ 3060/2014 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതോ നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതോ സംബന്ധിച്ച് സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ

ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും ഏറ്റവും വിദ്യാഭ്യാസ ആവശ്യകതയുള്ള നാല് പ്രദേശങ്ങൾ കണ്ടെത്തി വിജ്ഞാപനം ചെയ്യുകയുമുണ്ടായി. വിദ്യാഭ്യാസ ആവശ്യകതയുണ്ടെന്ന് കണ്ടെത്തിയ മറ്റ് 82 പ്രദേശങ്ങളിലെ കുട്ടികൾക്ക് തൊട്ടടുത്ത സ്കൂളിൽ തുടർവിദ്യാഭ്യാസം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗതാഗതസൗകര്യം ലഭ്യമാക്കുന്നതിനായി 9-6-2017-ലെ സ.ഉ.(സാധാ)1813/2017/പൊ.വി.വ പ്രകാരം ഉത്തരവാകുകയുണ്ടായി. മേൽ വിജ്ഞാപനത്തിലോ ഉത്തരവിലോ കോഴിക്കോട് ജില്ലയിലെ കോതമംഗലം എന്ന പ്രദേശം ഉൾപ്പെട്ടിട്ടില്ല. കൂടുതൽ കാര്യങ്ങൾ പരിശോധിക്കാം.

(41) <u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, പുത്തൻകുരിശ് പഞ്ചായത്തിലെ അമ്പലമേട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കൊച്ചിൻ റിഫൈനറിയോട് ചേർന്നാണ് ഈ സ്കൂൾ പ്രവർത്തിക്കുന്നത്. കൊച്ചിൻ റിഫൈനറിയിൽനിന്നുള്ള വാതക ചോർച്ചയെത്തുടർന്ന് എഫ്.എ.സി.റ്റി.-യുടെ താല്ക്കാലിക സംവിധാനത്തിലേയ്ക്ക് ഈ സ്കൂളിനെ മാറ്റിയിരിക്കുകയാണ്. നൂറുകണക്കിന് കുട്ടികൾ പഠിക്കുന്ന അമ്പലമേട്ടിലെ ഏക സർക്കാർ സ്ഥാപനമായ ഈ സ്കൂൾ നിലനിൽക്കേണ്ടത് ആവശ്യമാണ്. കൊച്ചിൻ റിഫൈനറിയോട് ചേർന്നുകിടക്കുന്ന സ്ഥലമായതുകൊണ്ട് ഇനിയും വാതക ചോർച്ചയുണ്ടാകാൻ സാദ്ധ്യതയുള്ളതിനാൽ ബഹുമാനപ്പെട്ട എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുമായി അടിയന്തര യോഗം ചേർന്ന് അമ്പലമേട് സ്കൂൾ സ്ഥിതിചെയ്യുന്ന 5.40 ഏക്കർ ഭൂമി കൊച്ചിൻ റിഫൈനറിക്ക് കൈമാറിക്കൊണ്ട് പകരം ഇപ്പോൾ സ്കൂൾ താല്ക്കാലികമായി പ്രവർത്തിക്കുന്ന എഫ്.എ.സി.റ്റി.-യുടെ അഞ്ചേക്കർ സ്ഥലം സ്കൂളിന് കൈമാറാൻ തീരുമാനമായിട്ടുണ്ട്. പക്ഷേ പുതിയ അദ്ധ്യയനവർഷമായിട്ടും ഇതുവരെ ഫയലുകൾ നീങ്ങുന്നില്ല. ഇപ്പോൾ ആ ഫയൽ റവന്യൂ വകുപ്പിൽനിന്നും ഫിനാൻസ് വകുപ്പിൽ എത്തിയിട്ടുണ്ട്. പക്ഷേ ഇത് വളരെ പതുക്കെയാണ് പോകുന്നത്. കുട്ടികളുടെ പ്രശ്നമായതുകൊണ്ട് ഇത് വേഗത്തിലാക്കണം. കുന്നത്തുനാട്ടിലെ ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് 25 ദിവസംകൊണ്ട് ഭൂമി നികത്താൻ അനുമതി കൊടുത്ത ഗവൺമെന്റാണിത്. അവരോട് കാണിക്കുന്ന നീതിയെങ്കിലും ഈ കുട്ടികളുടെ വിഷയത്തിൽ കാണിക്കണം. കൊച്ചിൻ റിഫൈനറി സി.എസ്.ആർ. ഫണ്ടുപയോഗിച്ച് കെട്ടിടം പണിത് നൽകാൻ തയ്യാറാണ്. സർക്കാരിന് യാതൊരു നഷ്ടവുമുണ്ടാകില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി അങ്ങ് ഇടപെട്ട് വളരെ വേഗത്തിൽ ഈ ഫയൽ നീക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, എഫ്.എ.സി.റ്റി.-യിൽ നിന്നും ബി.പി.സി.എൽ. വാങ്ങിയ അഞ്ചേക്കർ സ്ഥലവും സ്കൂൾ കെട്ടിടവും അമ്പലമേട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിനായി ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട തുടർ നടപടികൾ വേഗത്തിൽ സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിന്റെയും സ്കൂൾ രക്ഷാകർത്തൃ സമിതിയുടെയും നിരന്തരമായ ആവശ്യം അംഗീകരിച്ചുകൊണ്ട് അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ സഹായങ്ങൾ എറണാകുളം ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.) ചെയ്യേണ്ടതാണെന്നും പരസ്പര കൈമാറ്റത്തിലൂടെ അധികമായി നൽകുന്ന 40 സെന്റ് ഭൂമിയുടെ വില ബി.പി.സി.എൽ. (കൊച്ചിൻ റിഫൈനറി) സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതാണെന്നുമുള്ള നിബന്ധനയ്ക്കുവിധേയമായി കുഴിക്കാട് ഗവൺമെന്റ് സ്കൂൾ നിൽക്കുന്ന മുഴുവൻ ഭൂമിയും (പുത്തൻകുരിശ് വില്ലേജിൽ ബ്ലോക്ക് നമ്പർ 39-ൽ റീ സർവ്വേ നമ്പർ 140-ൽപ്പെട്ട 218.50 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഭൂമി) ഒറ്റ പ്ലോട്ടായി ബി.പി.സി.എൽ.-ന് കൈമാറുന്നതിനും 5 ഏക്കർ 40 സെന്റ് വരുന്ന ടി സ്ഥലത്തിന് പകരമായി എഫ്.എ.സി.റ്റി.-യിൽനിന്നും ബി.പി.സി.എൽ. വിലയ്ക്കുവാങ്ങിയ (പുത്തൻ കുരിശ് വില്ലേജിൽ ബ്ലോക്ക് നം. 37-ൽ റീ സർവ്വേ നം. 205-ൽ ഉൾപ്പെട്ടുവരുന്ന) 5 ഏക്കർ സ്ഥലവും സ്കൂൾ കെട്ടിടവും അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി (കുഴിക്കാട്) സ്കൂളിനായി ഏറ്റെടുക്കാനും അനുമതി നൽകിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട തുടർനടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

### (42) നവീകരണ പ്രവർത്തനങ്ങൾ

ശ്രീ. ബി. ഡി. ദേവസ്സി: സർ, കഴിഞ്ഞ പ്രളയത്തിൽ അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിൽ വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. ഇത് ടൂറിസ്റ്റുകളുടെ വരവിനെ സാരമായി ബാധിക്കുകയും ചെയ്തു. ഈ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടിയുണ്ടാകണം. അതുപോലെ വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യമില്ലാത്തതുമൂലം അവിടെ വലിയ തോതിലുള്ള ഗതാഗതക്കുരുക്ക് അനുഭവപ്പെടാറുണ്ട്. അതിനാൽ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. പലപ്പോഴും റോഡിൽ മരങ്ങൾ വീണ് ഗതാഗതക്കുരുക്കുണ്ടാകാറുണ്ട്. അതുകൊണ്ട് അപകടകരമായ മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം. മാലിന്യങ്ങൾ നീക്കം ചെയ്യാൻ വി.എസ്.എസ്.-കൾക്കാവശ്യമായ

സാമ്പത്തിക സഹായം നൽകേണ്ടതുണ്ട്. അതുപോലെ വന്യജീവികളുടെ ആക്രമണം തടയാൻ ആർ.ആർ.പി. സംവിധാനം, സൗരോർജ്ജവേലി ഉൾപ്പെടെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തണം. അതിരപ്പിള്ളി, വാഴച്ചാൽ മേഖലയിലെ പുനർ നിർമ്മാണത്തിനും നവീകരണ പ്രവർത്തനങ്ങൾക്കും അടിയന്തര നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച എല്ലാ കാര്യങ്ങളും ചെയ്യുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പ് ഇതിനോടകം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട എം.എൽ.എ.-യെ കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം നടത്തി കാര്യങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

2018 ആഗസ്റ്റ് മാസത്തിലുണ്ടായ മഹാപ്രളയത്തിൽ വാഴച്ചാൽ - അതിരപ്പിള്ളി വനമേഖലയിലും ടൂറിസം മേഖലയിലും കനത്ത നാശനഷ്ടങ്ങളാണുണ്ടായത്. 24 സ്ഥലങ്ങളിൽ മണ്ണിടിച്ചിലും 300-400 മീറ്ററോളം ദൂരത്തിൽ പുഴയോരം ഇടിഞ്ഞു പോവുകയും പെരിങ്ങൽക്കുത്ത് ഡാം നിറഞ്ഞുകവിഞ്ഞതുമൂലം വളരെയധികം മത്സ്യസമ്പത്ത് നഷ്ടപ്പെടുകയും ഇടമലയാർ റിസർവ്വോയറിൽ ഒരു ആനക്കുട്ടിയുടെ ജഡം കാണപ്പെടുകയും വനമേഖലകളിലുള്ള കൂപ്പ് റോഡുകൾ പൂർണ്ണമായോ ഭാഗികമായോ ഒലിച്ചുപോവുകയും ഗതാഗതയോഗ്യമല്ലാതാവുകയും ചെയ്തു.

മഹാപ്രളയത്തിൽ ടൂറിസം മേഖലയിലുള്ള വാഴച്ചാൽ പിക്നിക്ക് സ്പോട്ടിൽ കൈവരി, ബാരിക്കേഡ്, കല്ലുപാകിയ നിരത്ത്, പ്രത്യേകമായി നിർമ്മിച്ച കുളം എന്നിവ പൂർണ്ണമായി നശിച്ചിട്ടുണ്ട്. കൂടാതെ അതിരപ്പിള്ളി വെള്ളച്ചാട്ടം ഭാഗത്ത് കൈവരി, വാച്ചർഷെഡ്, പ്ലാസ്റ്റിക് സെഗ്രിഗേഷൻ യൂണിറ്റ് എന്നിവയും അതിരപ്പിള്ളി ഭാഗത്തെ കുടിവെള്ള മോട്ടോർ പമ്പ് യൂണിറ്റിനും നാശനഷ്ടം സംഭവിച്ചു.

പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തകർന്ന ടോയ്ലറ്റ് ബ്ലോക്കുകൾ പുതുക്കിപ്പണിയുകയും വനമേഖലയിലെ തകർന്ന കൂപ്പ് റോഡുകളെല്ലാം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയിൽ സംഭവിച്ച തകരാറുകൾ പരിഹരിച്ചുവരുന്നതോടൊപ്പം വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങളൊരുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ കൂടുതൽ വികസന പ്രവർത്തനങ്ങളൊരുക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

അതിരപ്പിള്ളി-വാഴച്ചാൽ ടൂറിസം മേഖലയിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പ്രത്യേക വാഹന പാർക്കിംഗ് സംവിധാനം വനം വകുപ്പ് ഒരുക്കിയിട്ടുണ്ട്. എന്നാൽ അവധി ദിവസങ്ങളിലും ടൂറിസം സീസണുകളിലും

നിരവധി വിനോദസഞ്ചാരികൾ എത്തുന്നതിനാൽ നിലവിലുള്ള വാഹന പാർക്കിംഗ് സൗകര്യം അപര്യാപ്തമാണ്. ഇത് പരിഹരിക്കുന്നതിന് പാർക്കിംഗ് ഏരിയയ്ക്കാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കാറ്റത്തും മഴയത്തും റോഡിൽ വീഴുന്ന മരങ്ങൾ ഉടൻതന്നെ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

വാഴച്ചാൽ വനം ഡിവിഷനിൽ കണ്ണൻകുഴി മുതൽ മലക്കപ്പാറ വരെയുള്ള സ്ഥലങ്ങളിൽനിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി മലക്കപ്പാറ, തവളക്കുഴിപ്പാറ, ഷോളയാർ, വാച്ചുമരം, പുളിയിലപ്പാറ, പൊകലപ്പാറ വനസംരക്ഷണ സമിതി അംഗങ്ങളെ വർഷം മുഴുവൻ നിയോഗിച്ചുവരുന്നു. അതിരപ്പിള്ളി, വാഴച്ചാൽ ഇക്കോ ടൂറിസം മേഖലയിലെ വരുമാനത്തിൽനിന്നുമാണ് ഈ വാച്ചർമാർക്ക് പ്രതിദിനം 450 രൂപ നിരക്കിൽ വേതനം നൽകിവരുന്നത്. മറ്റ് വനസംരക്ഷണ സമിതികളെ ഉൾപ്പെടുത്തി മൂല്യവർദ്ധിത വന ഉല്പന്ന വിപണന കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്.

പ്രസ്തുത മേഖലയിൽ വന്യജീവി ആക്രമണം തടയുന്നതിനായി സൗരോർജ്ജ വേലി, എലിഫന്റ് പ്രൂഫ് ട്രഞ്ച് തുടങ്ങിയവ നിർമ്മിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ പ്രദേശങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വാഴച്ചാൽ വനം ഡിവിഷനിൽ സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിച്ചിട്ടില്ലെങ്കിലും വന്യജീവി ആക്രമണം രൂക്ഷമാകുന്ന സന്ദർഭങ്ങളിൽ സമീപ പ്രദേശങ്ങളിലുള്ള മറ്റ് ആർ.ആർ.റ്റി.-കളുടെ സേവനം ഉപയോഗപ്പെടുത്തുന്നതാണ്.

## (43) വനമേഖലയിലെ സർവ്വേ

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെയുള്ള മലയോര ഹൈവേ 1332 കിലോമീറ്ററാണ്. ഇതിൽ തിരുവനന്തപുരം, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലായി 161 കിലോമീറ്റർ വനഭൂമിയാണ്. ഈ വനഭൂമി വിട്ടുകിട്ടിയാൽ മാത്രമേ മലയോര ഹൈവേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച കാര്യങ്ങൾ പ്രായോഗികമായി പരിഗണിച്ച് പരമാവധി വേഗതയിൽ വനഭൂമി വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട ആലോചനകൾ നടത്തുന്നതിനായി ഈ മാസം 8-ാം തീയതി വനം വകുപ്പിലെയും പൊതുമരാമത്ത് വകുപ്പിലെയും ഉദ്യോഗസ്ഥരുടെ ഒരു യോഗം ഞാൻ വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ

നടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്രാനുമതി ലഭിക്കേണ്ട വിഷയമാണിത്. അതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

കേരളത്തിൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല മുതൽ കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് വരെയുള്ള നിർദ്ദിഷ്ട മലയോര ഹൈവേയുടെ 161.47 കിലോമീറ്റർ ദൂരം വനഭൂമിയിലൂടെ കടന്നുപോകുന്നു. ഇതിനായി ഉദ്ദേശം 66.20 ഹെക്ടർ വനഭൂമി ആവശ്യമാണ്. നിർദ്ദിഷ്ട മലയോര ഹൈവേയിൽ വനഭൂമി ആവശ്യമായിവരുന്ന സ്ഥലങ്ങളിൽ പി.ഡബ്ല്യൂ.ഡി., വനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധനയ്ക്ക് അനുമതി നൽകിയിരുന്നതും ഇതുപ്രകാരം പൊതുമരാമത്ത് വകുപ്പ് ആകെ 17 റീച്ചുകളിലെ 9 റീച്ചുകളിൽ സംയുക്ത പരിശോധന പൂർത്തിയാക്കി 1980-ലെ വന(സംരക്ഷണം) നിയമമനുസരിച്ച് നിർദ്ദിഷ്ട കേന്ദ്രസർക്കാർ അനുമതിക്കായി 11 പ്രൊപ്പോസലുകൾ ഫോറസ്റ്റ് ക്ലിയറൻസിന് അപേക്ഷിക്കേണ്ടതായ വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുള്ളതുമാണ്. പ്രൊപ്പോസലുകളുടെ തൽസ്ഥിതി വിവരം പ്രത്യേകം ലിസ്റ്റായി ചേർക്കുന്നു.*

മലയോര ഹൈവേയുമായി ബന്ധപ്പെട്ട് സംയുക്ത സർവ്വേയും പരിശോധനയും ആവശ്യമായി വനഭൂമി ഉൾപ്പെട്ടുവരുന്ന സ്ഥലങ്ങളിലെല്ലാം പൊതുമരാമത്ത് വകുപ്പിനാവശ്യമായ സഹകരണം നൽകുന്നതിന് അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ആകയാൽ പൊതുമരാമത്ത് വകുപ്പ് സൗകര്യപ്രദമായ സമയം സംയുക്ത പരിശോധനയും സർവ്വേയും പൂർത്തിയാക്കി ബാക്കിയുള്ള റീച്ചുകളിൽ കേന്ദ്രസർക്കാരിന്റെ വന (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി അപേക്ഷകൾ ഉചിതമാർഗ്ഗേണ ലഭ്യമാക്കുന്നപക്ഷം താമസംവിനാ വനംവകുപ്പ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിൽനിന്നും അറിവായ വിവരങ്ങളനുസരിച്ച് മലപ്പുറം ജില്ലയിൽ മുണ്ടേരി മുതൽ വയനാട് ജില്ലാതിർത്തിയിലെ അരണപ്പുഴ വരെയുള്ള ഉദ്ദേശം 12.23 കിലോമീറ്റർ ദൂരം റോഡിന്റെ സർവ്വേ കഴിഞ്ഞിട്ടുള്ളതാണ്.

## (44) ആർട്സ് ആന്റ് സയൻസ് കോളേജ്

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ മേഖലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണ മെന്നാണ് എന്റെ സബ്മിഷൻ. പതിമൂന്നോളം ഹയർസെക്കണ്ടറി സ്കൂളുകളുള്ള വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞാൽ ബിരുദ പഠനത്തിനുവേണ്ടി വിദ്യാർത്ഥികൾ വളരെയധികം പ്രയാസങ്ങൾ

---
*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയശതമാനമാണ് മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈവരിച്ചത്. എല്ലാ വിഷയങ്ങളിലും 'എ പ്ലസ്' നേടിയ കുട്ടികളുടെ എണ്ണവും വളരെ കൂടുതലായിരുന്നു. ഈ കുട്ടികൾക്ക് ഇഷ്ടമുള്ള കോളേജും ആവശ്യമുള്ള കോഴ്സും കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ വിഷയം ഉന്നയിച്ചുകൊണ്ട് ഞാൻ കഴിഞ്ഞവർഷം മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും നിവേദനം നൽകിയിരുന്നു. അതിനുശേഷം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്ഥലം സന്ദർശിക്കുകയും സാധ്യതാപഠനം നടത്തുകയും ചെയ്തിരുന്നു. കോളേജിനാവശ്യമായ സ്ഥലം വിട്ടുതരണമെന്നാവശ്യപ്പെട്ട് ഞാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി വി.സി.-ക്ക് അപേക്ഷ നൽകിയിരുന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് പ്രസ്തുത അപേക്ഷ സംബന്ധിച്ച് ചർച്ച ചെയ്യുകയും സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് വിടുകയും ചെയ്തിരിക്കുകയാണ്. നൂറുകണക്കിന് വിദ്യാർത്ഥികൾ ഉയർന്ന ഗ്രേഡ് വാങ്ങിയിട്ടുപോലും അവരുടെ ഉന്നതപഠനം എന്ന സ്വപ്നം പാഴാകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഉയർന്ന മാർക്ക് വാങ്ങിയ പാവപ്പെട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ദൂരെയുള്ള കോളേജുകളിൽ പോയി പഠിക്കാൻ അവരുടെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ല. ആയതിനാൽ വള്ളിക്കുന്ന് മണ്ഡലത്തിലെ തേഞ്ഞിപ്പലത്ത് സർക്കാർ മേഖലയിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കുന്നതിനും കോളേജിനാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്നതിനാവശ്യമായിട്ടുള്ള ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എം.എൽ.എ.-യുടെ ഈ അഭ്യർത്ഥന തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

## (45) കേബിൾ വലിക്കുന്നതിന് വാടക

ശ്രീ. മുരളി പെരുനെല്ലി: സർ, കേന്ദ്രസർക്കാരിന്റെയും TRAI-യുടെയും കുത്തകകൾക്കനുകൂലമായ നയങ്ങൾമൂലം പതിനായിരക്കണക്കിന് യുവതീ-യുവാക്കൾ പണിയെടുക്കുന്ന കേരളത്തിലെ ചെറുകിട കേബിൾ ടി.വി. മേഖല ഇന്ന് പ്രതിസന്ധിയിലാണ്. ഇതിനിടയിൽ കെ.എസ്.ഇ.ബി. വൈദ്യുതി പോസ്റ്റുകളിൽക്കൂടി വലിച്ചിരിക്കുന്ന കേബിളുകളുടെ വാടക കുടിശ്ശികയിനത്തിൽ ലക്ഷങ്ങളുടെ ബില്ലുകൾ ഇപ്പോൾ അയച്ചുകൊണ്ടിരിക്കുകയാണ്. ജൂലൈ 15-നുള്ളിൽ കുടിശ്ശിക തീർക്കുന്നില്ലെങ്കിൽ കേബിളുകൾ അഴിച്ച് മാറ്റുകയും കേബിൾ ശൃംഖല നിശ്ചലമാകുകയും ചെയ്യും. അതുവഴി കുത്തക മാധ്യമങ്ങൾക്ക് വളരെ അനുകൂലമാകുന്ന സ്ഥിതിവിശേഷമുണ്ടാകുകയും

ചെയ്യും. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ 506-ാം നമ്പറായി ചെറുകിട ഓപ്പറേറ്റർമാർക്ക് പ്രത്യേക പരിഗണന നൽകുമെന്നും വാടക കുറയ്ക്കുമെന്നും പറഞ്ഞിട്ടുണ്ട്. ആയതുകൊണ്ട് വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിനുള്ള വാടക കുറച്ചുകൊടുക്കണമെന്നാണ് ഈ സബ്മിഷൻ വഴി ഉന്നയിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പ്രതിപക്ഷനേതാവെന്ന നിലയിൽ ചെറുകിട കേബിൾ ഓപ്പറേറ്റേഴ്സ് എന്നെയും വന്ന് കണ്ടിരുന്നു. വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ശ്രീ. മുരളി പെരുനെല്ലി ഇവിടെ ഉന്നയിച്ചത്. വാടക വളരെയേറെ വർദ്ധിപ്പിച്ചതുമൂലം അവർക്ക് കേബിൾ ടി.വി. പ്രവർത്തനം നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. വലിയ കോർപ്പറേറ്റുകൾക്കൊന്നും ഇത് പ്രശ്നമല്ല. നമ്മുടെ നാട്ടിലെ ഓരോ പ്രദേശങ്ങളിലും ചെറിയതോതിൽ കേബിൾ ടി. വി. പ്രവർത്തനം നടത്തിവരുന്നവർക്ക് വലിയ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, വൈദ്യുതി പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിന് നിലവിലുള്ള വാടകയും വാർഷിക വർദ്ധനവും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റ് കോടതികളിലും നിലനിന്നിരുന്ന വിവിധ കേസ്സുകളിൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തീർപ്പുപ്രകാരം കേരള കേബിൾ ടി.വി. ഫെഡറേഷൻ ഉൾപ്പെടെയുള്ള കക്ഷികളുടെ അഭിപ്രായങ്ങൾകൂടി കണക്കിലെടുത്ത് 2012-ൽ തീരുമാനിച്ചതാണ്. കേബിൾ വാടക സംബന്ധിച്ച TRAI ഉത്തരവും ഈ രംഗത്ത് നിലനിൽക്കുന്ന കടുത്ത മത്സരങ്ങളും കേബിൾ ടി.വി. വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ ഇക്കാരണംക്കൊണ്ട് പോസ്റ്റ് വാടക കുറയ്ക്കാൻ കഴിയുന്നതല്ല. വാടകക്കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കിയും നിയമാനുസൃതം ഗഡുക്കൾ അനുവദിച്ചും കേബിൾ ഓപ്പറേറ്റർമാരുടെ ബാദ്ധ്യത പരിഹരിക്കുന്നതിന് ഉദാരമായ സമീപനം വൈദ്യുതി ബോർഡ് സ്വീകരിക്കുന്നുണ്ട്. വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ടുള്ള പൊതുജന ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് കേബിൾ ടി.വി. സംവിധാനം ഉപയോഗപ്പെടുത്തുന്നത് നല്ലതാണ്. വൈദ്യുതി ബോർഡും കേബിൾ ടി.വി. ഓപ്പറേറ്റർമാരും തമ്മിൽ ചർച്ച ചെയ്ത് പ്രായോഗികമായി എന്തൊക്കെ ചെയ്യാനാകും എന്നത് തീരുമാനിക്കാവുന്നതാണ്. കേബിൾ ടി. വി. ഓപ്പറേറ്റർമാരുടെ പ്രശ്നങ്ങളോട് തികച്ചും അനുഭാവപൂർണ്ണമായ സമീപനമാണ് വൈദ്യുതി ബോർഡിനും സർക്കാരിനുമുള്ളത്. കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് ബോർഡിന് വരുമാന നഷ്ടമുണ്ടാകാത്ത നിലയിൽ നിയമാനുസൃതമായ എല്ലാ സഹായവും നൽകുന്നതാണ്.

12.00 Noon]

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

(1 ) ലിസ്റ്റ് -1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 381/2019 | ജി.ഒ.(ആർറ്റി.) നമ്പർ 1312/2019/ഹോം | 20-5-2019 | അല്ല |
| 2 | 383/2019 | 32725/എസ്എസ്എ 2/2016/അഭ്യന്തരം | 26-3-2019 | അല്ല |

II. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു :

ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ ന മ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 367/2019 | ജി.ഒ.(പി.) നമ്പർ 29/2019/ആർഡി. | 30-5-2019 | അല്ല |

IV. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പ ർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർ ഷം | സ്വഭാവം | |
| 1 | ജസ്റ്റീസ് (റിട്ട) സി.എൻ.രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് (വിഴിഞ്ഞം സീപോർട്ട് പ്രോജക്ട്) | | അന്വേഷണ കമ്മീഷൻ റിപ്പോർട്ടും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടും | അതെ |

V. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു :

ചട്ടം 166(1) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പ ർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 382/2019 | ജി.ഒ.(പി.) നമ്പർ 52/2019/ഫിൻ. | 3-5-2019 | അല്ല |

VI. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് | 2017-18 | വാർഷിക റിപ്പോർട്ട് | അതെ |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2013-14<br>2014-15 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ | 2009-10 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

VIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

IX. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസ്സുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 357/2019 | ജി.ഒ.(പി.) നമ്പർ 37/2019/എൽബിആർ. | 12-5-2019 | അല്ല |
| 2 | 364/2019 | ജി.ഒ.(പി.) നമ്പർ 23/2019/എൽബിആർ. | 22-3-2019 | അല്ല |
| 3 | 371/2019 | ജി.ഒ.(പി.) നമ്പർ 32/2019/എൽബിആർ. | 9-4-2019 | അല്ല |
| 4 | 372/2019 | ജി.ഒ.(പി.) നമ്പർ 34/2019/എൽബിആർ. | 20-4-2019 | അല്ല |
| 5 | 376/2019 | സ.ഉ.(അച്ചടി) നമ്പർ 40/2019/തൊഴിൽ | 28-5-2019 | അല്ല |
| 6 | 379/2019 | ജി.ഒ.(പി.) നമ്പർ 42/2019/എൽബിആർ. | 29-5-2019 | അല്ല |
| 7 | 380/2019 | ജി.ഒ.(പി.) നമ്പർ 43/2019/എൽബിആർ. | 30-5-2019 | അല്ല |
| 8 | 397/2019 | ജി.ഒ.(പി.) നമ്പർ 46/2019/എൽബിആർ. | 8-6-2019 | അല്ല |
| 9 | 398/2019 | ജി.ഒ.(പി.) നമ്പർ 47/2019/എൽബിആർ. | 8-6-2019 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതി | 2013-14 - 2014-15 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(i) ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 363/2019 | ജി.ഒ.(പി.) നമ്പർ 54/2019/കോ-ഓപ്പ്. | 24-5-2019 | അല്ല |
| 2 | 378/2019 | ജി.ഒ.(പി.) നമ്പർ 55/2019/കോ-ഓപ്പ്. | 24-5-2019 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XI. ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

(i) ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | | ജി.ഒ.(എം.എസ്) നമ്പർ 58/2016/ആർഡി. | 27-1-2016 | അതെ |
| 2 | | ജി.ഒ.(എംഎസ്) നമ്പർ 74/2018/ആർഡി. | 27-2-2018 | അതെ |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | മഹാത്മാ ഗാന്ധി സർവ്വകലാശാല (വാല്യം I& II) | 2018 | വാർഷിക റിപ്പോർട്ട് | ഇല്ല |

(2) ലിസ്റ്റ് -2 പ്രകാരം ചട്ടം 47 (2) അനുസരിച്ചുള്ളത്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 22, 3866 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2402; പതിനഞ്ചാം സമ്മേളനത്തിലെ 532 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3493-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 1348-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2809-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(3) ലിസ്റ്റ് -3 (ചട്ടം 236 (6) അനുസരിച്ചുള്ളത്)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| (1) | (2) | (3) |

| (1) | (2) | (3) |
|---|---|---|
| XXIX — കൃഷി | 2013-14 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ( സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്) |
| | 2013-14 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ( കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ) |
| | 2014-15 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ( കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ) |
| | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ( കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ ) |
| | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ( സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്) |
| | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്) |
| II — സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ (ബി)വകുപ്പ് (സംസ്ഥാന ആസൂത്രണ ബോർഡ്) |

| (1) | (2) | (3) |
|---|---|---|
| XII — പോലീസ് | 2018-19 | വിജിലൻസ് വകുപ്പ് |
| XXVIII— പലവക സാമ്പത്തിക സർവ്വീസുകൾ-3454 | 2018-19 | ആസൂത്രണ സാമ്പത്തികകാര്യം (സെൻസസ് സർവ്വെയും സ്ഥിതിവിവര കണക്കുകളും) |
| XXXVII — വ്യവസായങ്ങൾ-2852 | 2018-19 | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (ആനുവൽ സർവ്വെ ഓഫ് ഇൻഡസ്ട്രീസ്) |

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ് / സ്ഥാപനം |
| XXXVII — വ്യവസായങ്ങൾ | 2018-19 | വ്യവസായ വകുപ്പ് (സെയിൽ-എസ്.സി.എൽ. കേരള ലിമിറ്റഡ്) |

## 4. റിപ്പോർട്ടുകളുടെ സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി (ശ്രീ. സി. കെ. ശശീന്ദ്രൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അംഗമായ ഞാൻ

2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

(2) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. ഡി. സതീശൻ: സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അമ്പത്തിമൂന്ന് മുതൽ അറുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. മുല്ലക്കര രത്നാകരനുവേണ്ടി ശ്രീ. കെ. ബാബു: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(4) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട്

ശ്രീ. സി. കൃഷ്ണൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

## VIII ക്രമപ്രശ്നം

1. നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ കൂടുതൽ പരിഗണിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, രണ്ടോ മൂന്നോ സെറ്റ് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളാണ് പലപ്പോഴും സഭയിൽ വരുന്നത്. നക്ഷത്രചിഹ്നമിട്ട നാല് സെറ്റ് ചോദ്യങ്ങളെങ്കിലും ഫ്ലോറിൽ വരത്തക്കവിധം അവ ക്രമീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് ചെയറിൽ നിന്നും നേരത്തെ റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. പക്ഷെ പലപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടിയും ഉപചോദ്യങ്ങളും വല്ലാതെ നീണ്ടുപോകുന്നു. അതുകൊണ്ട് നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളിലൂടെ സഭയിൽ അവതരിപ്പിക്കേണ്ട വളരെ പ്രധാനപ്പെട്ട ജനകീയ വികസന പ്രശ്നങ്ങൾ ഉന്നയിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയാണ്. അതുകൊണ്ട് അതുസംബന്ധിച്ച കൃത്യമായ റൂളിംഗ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. നേരത്തെ റൂളിംഗ് ഉണ്ടായതാണെങ്കിലും

ഒന്നുകൂടി ഓർമ്മിപ്പിക്കേണ്ടതുണ്ട്. എന്തായാലും ഇന്ന് സഭ അവസാനിക്കുകയാണ്. അടുത്ത സമ്മേളനത്തിലെങ്കിലും അത് പ്രയോഗത്തിൽ വരുത്തണം. നക്ഷത്ര ചിഹ്നമിട്ട നാല് സെറ്റ് ചോദ്യങ്ങളെങ്കിലും സഭയിൽ വരത്തക്കവിധത്തിൽ സമയം ക്രമീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാരും ചോദ്യം ഉന്നയിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും തയ്യാറാകണം. അങ്ങയുടെ ഭാഗത്തുനിന്നും കർശനമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ടെന്നാണ് ഈ ക്രമപ്രശ്നത്തിലൂടെ ഞാൻ ഉന്നയിക്കുന്നത്.

## 2. ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, നിയമസഭാ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം (47) പ്രകാരം ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രിമാർ സഭയിൽ നൽകാൻ ഉദ്ദേശിക്കുന്ന മറുപടികൾ ചോദ്യങ്ങൾക്ക് മറുപടി നൽകുന്ന ദിവസത്തിന്റെ തൊട്ടുമുമ്പത്തെ ദിവസം വൈകുന്നേരം 5.00 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടറിക്ക് കൈമാറേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ സഭയുടെ XV-ാം സമ്മേളനത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ച 572 ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിച്ചിട്ടില്ല. ഏറ്റവും കൂടുതൽ മറുപടി ലഭിക്കാനുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുമാണ്. 28-05-2019-ൽ 121 ചോദ്യങ്ങൾക്കും 20-06-2019-ൽ 139 ചോദ്യങ്ങൾക്കും 27-06-2019-ൽ 208 ചോദ്യങ്ങൾക്കും മറുപടി ലഭിക്കാനുണ്ട്. XIII-ാം സമ്മേളനത്തിലെ 28-11-2018-ലെ 17 ചോദ്യങ്ങൾക്കും 15-12-2018-ലെ 14 ചോദ്യങ്ങൾക്കും 12-12-2018-ലെ 10 ചോദ്യങ്ങൾക്കും XIV-ാം സമ്മേളനത്തിലെ 22-01-2019-ലെ 17 ചോദ്യങ്ങൾക്കും 6-2-2019-ലെ 22 ചോദ്യങ്ങൾക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നും ഇനിയും മറുപടി ലഭിച്ചിട്ടില്ല. ഇക്കാര്യം കഴിഞ്ഞ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 4-2-2019-ന് കത്തിലൂടെ അങ്ങയുടെ ശ്രദ്ധയിൽക്കൊണ്ടു വരികയും ഇതുപ്രകാരം പാർലമെന്ററികാര്യ വകുപ്പിൽനിന്നും 16-3-2019-ലെ എ 1/91/2019 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചുവെങ്കിലും ഈ സമ്മേളനത്തിലും കൃത്യമായ മറുപടി ലഭ്യമാക്കുന്നതിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു കാര്യംകൂടി പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും വിദേശത്ത് പോയതിനെപ്പറ്റി ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ചോദ്യത്തിന് വിവരം ശേഖരിച്ചു വരുന്നുവെന്നാണ് മറുപടി നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടെ ആരൊക്കെയാണ് പോയതെന്ന കാര്യം മുഖ്യമന്ത്രി എഴുതികൊടുത്താൽ അറിയാൻ സാധിക്കില്ലേ. ഇതന്വേഷിച്ച് കണ്ടുപിടിക്കേണ്ട കാര്യമുണ്ടോ? നിയമസഭ നടക്കുമ്പോൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം വന്നാൽ സഭയിൽ ചർച്ച ഉണ്ടാകാതിരിക്കാൻ ബോധപൂർവ്വമായി മറച്ചുവയ്ക്കുന്നതാണ്. ഇത് ഗൗരവമായ കാര്യമാണ്..

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട പി. ടി. തോമസ് ഉന്നയിച്ച വിഷയത്തിൽ ചില പ്രത്യേക ഇനങ്ങൾ പറഞ്ഞിട്ടുണ്ട്. അവയ്ക്കുള്ള മറുപടിയും പ്രത്യേകമായിത്തന്നെ പറയേണ്ടതായി വരും. ഭരണപരമായ കാരണങ്ങളാലും ചോദ്യങ്ങളുടെ മറുപടിക്കായി ഒന്നിലധികം വകുപ്പുകളിൽനിന്ന് വിവരം ശേഖരിക്കേണ്ടി വരുന്നതിനാലും നിയമസഭാ ചോദ്യങ്ങളുടെ മറുപടി നൽകുന്ന കാര്യത്തിൽ ചില അവസരങ്ങളിൽ കാലതാമസം ഉണ്ടാകാറുണ്ട്. ഇത് മനഃപൂർവ്വമായി ഉണ്ടാകുന്നതല്ല. എന്നിരുന്നാലും പരമാവധി ചോദ്യങ്ങൾക്ക് മറുപടി നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. മറുപടി നൽകാനുള്ള ചോദ്യങ്ങൾക്ക് അടിയന്തരമായി മറുപടി നൽകാനാവശ്യമായ കർശന നിർദ്ദേശം നൽകുന്നതാണ്. ഇതിൽ മനഃപൂർവ്വമായി ഏതെങ്കിലും ഉദ്യോഗസ്ഥൻ വീഴ്ച വരുത്തുന്നുവെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാരും നടത്തിയിട്ടുള്ള യാത്രയെപ്പറ്റി അദ്ദേഹം ചോദിക്കുമ്പോൾ, എല്ലാ മന്ത്രിമാരുടെയും യാത്രയുടെ വിവരങ്ങൾ ശേഖരിച്ചതിനുശേഷം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. അതാണ് വിവരം ശേഖരിച്ചുവരുന്നുവെന്ന് പറയാനിടയായത്. ഏതെങ്കിലും ഒരാളുടെ വിവരം മാത്രം പറയാൻ സാധിക്കുകയില്ല. ഏതായാലും സഭയിൽ നിന്നും എന്തെങ്കിലും മറച്ചുവയ്ക്കുക എന്ന ഉദ്ദേശ്യമില്ല. ഉള്ള കാര്യങ്ങൾ വസ്തുതാപരമായി റിപ്പോർട്ട് ചെയ്യുന്നതിനും ശേഖരിക്കുന്നതിനും വരുന്ന കാലതാമസമാണ് ഇതിനിടയാക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണഗതിയിൽ പാർലമെന്ററികാര്യ വകുപ്പ് കൈകാര്യം ചെയ്യുന്നതിന് ഒരു മന്ത്രിയുണ്ട്. സഭയുടെ കീഴ്‌വഴക്കമനുസരിച്ച് ചീഫ് വിപ്പിനെ നിയോഗിച്ചുകഴിഞ്ഞാൽ പാർലമെന്ററി കാര്യത്തിന്റെ ചുമതല ചീഫ് വിപ്പിൽ നിക്ഷിപ്തമാണ്. പക്ഷെ ഇതുവരെ സഭയെ അത് അറിയിച്ചിട്ടില്ല. പാർലമെന്ററികാര്യവകുപ്പിന്റെ ചുമതല ചീഫ് വിപ്പിലാണോ നിക്ഷിപ്തമായിട്ടുള്ളത്; അല്ലെങ്കിൽ ചീഫ് വിപ്പിന് എന്താണ് പ്രത്യേക അധികാരമുള്ളത്; സാധാരണഗതിയിൽ പാർലമെന്ററികാര്യ വകുപ്പിന്റെ ചുമതല ചീഫ് വിപ്പിന് കൈമാറേണ്ടതാണ്, അത് ഇതുവരെ കൈമാറിയിട്ടില്ല. അത് എന്തുകൊണ്ടാണെന്ന് അങ്ങയെ അറിയിച്ചിട്ടുണ്ടോ; അങ്ങയെ അറിയിച്ചിട്ടുണ്ടെങ്കിൽ അങ്ങേയ്ക്ക് അത് ഞങ്ങളെയും സഭയെയും അറിയിക്കാനുള്ള ബാധ്യതയുണ്ടെന്നാണ് എന്റെ വിശ്വാസം. അങ്ങ് അത് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: കഴിഞ്ഞ ദിവസമാണ് ശ്രീ. കെ. രാജനെ ചീഫ് വിപ്പായി നിയമിച്ചത്. ഇക്കാര്യത്തിൽ ഗവൺമെന്റാണ് നിലപാട് സ്വീകരിക്കേണ്ടത്. അതിന് സമയമെടുക്കും. ഗവൺമെന്റ് നിലപാട് സ്വീകരിച്ചതിനുശേഷം അറിയിക്കാം.

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഉന്നയിച്ച ക്രമപ്രശ്നവുമായി ബന്ധപ്പെട്ട് മറുപടി പറയുന്നതിന് മുമ്പ് ഒരു കാര്യം ചെയർ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. നിയമസഭാ നടപടിക്രമങ്ങളുടെ കീഴ്വഴക്കം പ്രകാരം 45 ഉപചോദ്യങ്ങൾ, സ്പീക്കർ ആവശ്യപ്പെടുമ്പോൾ ഏതൊരു അംഗത്തിനും ഏതൊരു വസ്തുത സംബന്ധിച്ച് മറുപടി നൽകുകയോ ആ വസ്തുത കൂടുതൽ വിശദമാക്കു ന്നതിലേയ്ക്ക് ഉപചോദ്യം ചോദിക്കുകയോ ചെയ്യാവുന്നതാണ്. സ്പീക്കർക്ക് ഏതെങ്കിലും ഉപചോദ്യം അത് മുഖ്യ ചോദ്യത്തിൽ നിന്നോ അതിന്റെ ഉത്തരത്തിൽ നിന്നോ ഉയരുന്നില്ലെന്നോ വിവരം ആവശ്യപ്പെടുന്നതിനുപകരം വിവരം നൽകുന്നെന്നോ അത് ഒന്നിൽക്കൂടുതൽ വ്യത്യസ്തമായ സംഗതികൾ ഉൾപ്പെടുന്നുവെന്നോ അതൊരു അഭിപ്രായത്തിന്റെ സ്ഥിരീകരണമോ നിരാകരണമോ ആവശ്യപ്പെടുന്നെന്നോ അത് ചോദ്യങ്ങളെ സംബന്ധിക്കുന്ന ചട്ടങ്ങളിൽ ഏതെങ്കിലും ലംഘിക്കുന്നുവെന്നോ അഭിപ്രായമുള്ളപക്ഷം അദ്ദേഹം അത് ക്രമത്തിൽ അല്ലെന്ന് വിധിക്കേണ്ടതാണ്. 26-ാം ചട്ടപ്രകാരം ചോദ്യങ്ങൾക്കുള്ള സമയത്ത് ഏതെങ്കിലും ചോദ്യമോ അല്ലെങ്കിൽ ഒരു ചോദ്യത്തിന് നൽകിയിട്ടുള്ള ഏതെങ്കിലും മറുപടിയോ സംബന്ധിച്ച് യാതൊരു ചർച്ചയും അനുവദിക്കാൻ പാടില്ലാത്തതാണ്. ഇതാണ് ചട്ടങ്ങളിൽ പറയുന്നത്. ഈ ചട്ടങ്ങളിൽ പറയുന്ന കാര്യം സ്ഥാപിക്കുന്നതിനുവേണ്ടി ശ്രമിക്കുന്ന ഓരോ സന്ദർഭങ്ങളിലും ബഹുമാനപ്പെട്ട അംഗങ്ങൾ എങ്ങനെയാണ് അതിനോട് പ്രതികരിക്കാറുള്ളതെന്നത് സ്വയം ആലോചിക്കുന്നത് നല്ലതാണ്. യഥാർത്ഥത്തിൽ നാലോ അഞ്ചോ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ സഭയിൽ വരത്തക്കവിധത്തിൽ സഹകരിച്ചുകൊണ്ട് ചോദ്യങ്ങൾ ചോദിക്കാനും പെട്ടെന്ന് ഉത്തരം പറയാനും കഴിഞ്ഞാൽ നമുക്ക് ധാരാളം ചോദ്യങ്ങൾ ഫ്ലോറിൽ കൊണ്ടുവരാനുള്ള അവസരമുണ്ടാകും. പക്ഷെ പലപ്പോഴും കിട്ടിയ സന്ദർഭങ്ങളിൽ ദീർഘമായ പ്രസംഗങ്ങൾക്കും സ്റ്റേറ്റുമെന്റുകൾക്കും വിവരങ്ങൾ അങ്ങോട്ട് നൽകുന്നതിനുംവേണ്ടി ഉപയോഗപ്പെടുത്തുന്നുവെന്ന ദൗർഭാഗ്യകരമായ സാഹചര്യമുണ്ട്. അത് ഏതായാലും മനസ്സിലാക്കിക്കൊണ്ട് അദ്ദേഹം ഉന്നയിച്ച വിഷയത്തെ സംബന്ധിച്ച് ഒരു നിലപാട് സ്വീകരിക്കാൻ പൊതുവായി കഴിയണം. അദ്ദേഹം ഉന്നയിച്ചത് വളരെ ഗൗരവമായ വിഷയം തന്നെയാണ്. ഇത് ആവർത്തിച്ച് സഭയിൽ പരാമർശിക്കുന്നതും പരിശ്രമിക്കുന്നതും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം നടപ്പിൽവരുത്തുന്നതിനും കൂടിയാണ്. എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ, കൂടുതൽ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ സഭയിൽ ചർച്ച ചെയ്യപ്പെടുന്നതിനുള്ള അവസരം നഷ്ടപ്പെടുന്ന സാഹചര്യമാണ് ഇതിന്റെ ഭാഗമായിട്ടുണ്ടാകുന്നത്. സഭയുടെ അടുത്ത സമ്മേളനം മുതൽ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും ക്രിയാത്മകമായി സഹകരിക്കുമെന്ന് ചെയർ പ്രതീക്ഷിക്കുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങൾ ചെയറിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് അറിയിക്കുന്നു.

ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് ഉന്നയിച്ച വിഷയം ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ 11 മന്ത്രിമാർ എല്ലാ ചോദ്യങ്ങൾക്കും ഉത്തരങ്ങൾ നൽകിയിട്ടുള്ളതായാണ് കാണുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ നൽകുന്നതിൽ പുരോഗതി ഉണ്ടായിട്ടില്ലെന്ന വാദം പൂർണ്ണമായും ശരിയല്ല; വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകാനുള്ളതെന്ന് ബഹുമാനപ്പെട്ട അംഗം നോട്ടീസിൽ ചൂണ്ടിക്കാട്ടിയതിൽ 28-5-2019-ലെ ഒഴികെ ഇത്രയധികം ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പെൻഡിംഗിലില്ലെന്നാണ് കാണുന്നത്. എന്നാൽ ചില ദിവസങ്ങളിലെ കുറച്ച് ഉത്തരങ്ങൾ പെൻഡിംഗിലുണ്ട്. അതിന് കാരണം ഭരണപരമായ താമസങ്ങളാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. പെൻഡിംഗ് അടിയന്തരമായി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. ഉത്തരങ്ങൾ നൽകുന്നതിലുള്ള കാലതാമസം സംബന്ധിച്ച് ഇതിനുമുമ്പും ചെയർ റൂൾ ചെയ്തിട്ടുള്ളതാണ്. ആ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സർക്കാർ 16-3-2019-ൽ ഒരു സർക്കുലർ പുറപ്പെടുവിച്ചതായി സഭയെ അറിയിക്കുന്നു. അത് നമുക്കെല്ലാവർക്കും അറിവുള്ളതാണ്. ടി സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും യഥാസമയം എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ ലഭ്യമാക്കണമെന്നും ചെയർ വീണ്ടും റൂൾ ചെയ്യുന്നു.

## ശ്രീ. എം. ഉമ്മർ 2-7-2019-ന് ഉന്നയിച്ച ക്രമപ്രശ്നത്തിൻമേലുള്ള റൂളിംഗ്

കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ആക്ടിലെ വ്യവസ്ഥ പ്രകാരം രൂപീകൃതമായ ബോർഡിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചെലവിനായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക സംബന്ധിച്ച XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ സൂക്ഷ്മ പരിശോധന സബ്ജക്ട് കമ്മിറ്റി തലത്തിലോ പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച വിശദമായ ചർച്ച സഭാ തലത്തിലോ നടക്കുന്നില്ലെന്നും സംസ്ഥാന ഗവൺമെന്റിന്റെ ഔദ്യോഗിക ഓഡിറ്റ് അതോറിറ്റികളൊന്നുംതന്നെ കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവുകൾ സമഗ്രമായി ഓഡിറ്റിംഗിന് വിധേയമാക്കുന്നില്ലെന്നും തന്മൂലം എക്സിക്യൂട്ടീവിന്റെ സാമ്പത്തിക കാര്യങ്ങളിന്മേൽ ലെജിസ്ലേച്ചറിനുള്ള ഭരണഘടനാദത്തമായ പരിശോധന അധികാരം പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യങ്ങളാണുള്ളതെന്നുമാണ് ചട്ടം 303 പ്രകാരം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

എന്നാൽ നിയമസഭ പാസ്സാക്കിയ നിയമത്തിലെ വ്യവസ്ഥകൾക്കകത്ത് നിന്നുമാത്രമാണ് കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം നടത്തുന്നതെന്നും ബോർഡിലെ നിധി വകമാറ്റി ചെലവഴിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി

ഒരു ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) രൂപീകരിച്ചിട്ടുണ്ടെന്നും ബോർഡിന്റെ ധനാഗമ മാർഗ്ഗങ്ങളും അവയുടെ വിനിയോഗവും സംബന്ധിച്ച് ഒരു സ്റ്റേറ്റ്മെന്റും ബോർഡിന്റെ ധനം ഉദ്ദേശിക്കപ്പെട്ട ആവശ്യങ്ങൾക്കായി ഫലപ്രദമായാണ് ഉപയോഗിച്ചതെന്നും മിച്ചമുള്ള ധനം കൈകാര്യം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ഫിഡിലിറ്റി സർട്ടിഫിക്കറ്റും സഭയുടെ മേശപ്പുറത്ത് വച്ചുവരുന്നതായും ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടിയായി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതോടൊപ്പം കിഫ്ബിയുമായി ബന്ധപ്പെട്ട ചെലവിനങ്ങളുടെ ഓഡിറ്റിംഗ് ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ നിർവ്വഹിച്ചുവരുന്നതായും ആക്ടിലെ 15, 16 വകുപ്പുകൾപ്രകാരം കിഫ്ബിയുടെ വാർഷിക റിപ്പോർട്ടും നിയമപരമായി ഓഡിറ്റ് ചെയ്യപ്പെട്ട വാർഷിക കണക്കുകളും ബന്ധപ്പെട്ട ഓഡിറ്റ് റിപ്പോർട്ടും സഹിതം എല്ലാവർഷവും നിയമസഭയുടെ മേശപ്പുറത്ത് വച്ചുവരുന്നതായും അതിനുപുറമെ സംസ്ഥാന ഗവൺമെന്റിന്റെ ഓഡിറ്റ് അതോറിറ്റിയായി C&AG-യുടെ ഓഡിറ്റിംഗും സമാന്തരമായി ചെയ്തുവരുന്നതായും ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിക്കുകയുണ്ടായി.

ഇവിടെ ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റിതലത്തിലുള്ള ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന, അതിനുശേഷമുള്ള സഭയിലെ ചർച്ചയും വോട്ടെടുപ്പും, ഓഡിറ്റ് ഖണ്ഡികകളെ സംബന്ധിച്ചുള്ള ധനകാര്യസമിതികളുടെ പരിശോധന എന്നിവ സംബന്ധിച്ച് കിഫ്ബിയുമായുള്ള സാധ്യതകൾ ചെയർ വളരെ വിശദമായി പരിശോധിക്കുകയുണ്ടായി.

ബഹുമാനപ്പെട്ട അംഗം തന്റെ ക്രമപ്രശ്നത്തിലൂടെ ചൂണ്ടിക്കാണിച്ചതുപോലെ കിഫ്ബിയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ "ധനാഭ്യർത്ഥന നമ്പർ XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന ശീർഷകത്തിലാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിവരുന്നത്. സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാകുന്ന പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച് സമിതിതലത്തിൽ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനും ആവശ്യമായ ശിപാർശകൾ സമർപ്പിക്കുന്നതിനും സമിതി അംഗങ്ങൾക്ക് അവസരം ലഭിക്കുന്നില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ വാദം വസ്തുതാപരമായി ശരിയല്ലെന്നാണ് കാണുന്നത്. ചട്ടപ്രകാരം ഈ ധനാഭ്യർത്ഥയിന്മേൽ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ശിപാർശകൾ നൽകുവാനുള്ള എല്ലാ അധികാരവും സമിതിക്കുണ്ട്. അതിൻപ്രകാരം ഇക്കഴിഞ്ഞ സൂക്ഷ്മപരിശോധന ഉൾപ്പെടെ കഴിഞ്ഞ കാലങ്ങളിലൊക്കെത്തന്നെ സബ്ജക്ട് കമ്മിറ്റിതലത്തിൽ ഈ ധനാഭ്യർത്ഥന പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടെന്നാണ് രേഖകളിൽനിന്നും വ്യക്തമാകുന്നത്.

എന്നാൽ പലവക സാമ്പത്തിക സർവ്വീസുകളെന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച് സഭയിൽ ചർച്ചയോ വോട്ടെടുപ്പോ നടക്കുന്നില്ലെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആക്ഷേപം വസ്തുതാപരമാണ്. ഒരു കീഴ്വഴക്കമെന്ന നിലയിൽ നമ്മുടെ സഭയിൽ അനുവർത്തിച്ചുവരുന്ന നടപടിക്രമപ്രകാരം മേൽപ്പറഞ്ഞ ധനാഭ്യർത്ഥനയുൾപ്പെടെ എട്ടോളം ധനാഭ്യർത്ഥനകൾ ചർച്ചയോ വോട്ടെടുപ്പോ കൂടാതെയാണ് സഭ പാസ്സാക്കുന്നത്. കിഫ്ബിപോലെ സുപ്രധാനമായ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രൊപ്പോസലുകൾ അടങ്ങുന്ന ധനാഭ്യർത്ഥനകൾ സാമ്പ്രദായികവും സാങ്കേതികവുമായ കാരണങ്ങളുടെ പേരിൽ വേണ്ടത്ര ചർച്ച കൂടാതെ സഭ പാസ്സാക്കുന്ന രീതി പുനഃപരിശോധിക്കപ്പെടേണ്ടതാണെന്ന തന്നെയാണ് ചെയറിന്റെയും പക്ഷം. ഇക്കാര്യത്തിൽ അടുത്ത വർഷംമുതൽ ആവശ്യമായ ക്രമീകരണം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണെന്നുകൂടി ചെയർ ഇത്തരുണത്തിൽ സഭയെ അറിയിക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച മറ്റൊരു സുപ്രധാന വിഷയം കിഫ്ബിയുമായി ബന്ധപ്പെട്ട ധനവിനിയോഗം സംബന്ധിച്ച ഓഡിറ്റിംഗ് സമ്പ്രദായത്തിലെ അപാകതയെക്കുറിച്ചാണ്. ആക്ടിലെ വ്യവസ്ഥകൾക്കും C &AG-യുടെ ഓഡിറ്റ് നിയമങ്ങൾക്കും വിധേയമായിട്ടുള്ളതും ശക്തവും സുതാര്യവുമായതുമായ ഒരു ഓഡിറ്റിംഗ് സമ്പ്രദായമാണ് കിഫ്ബിയിൽ നടപ്പാക്കിയിരിക്കുന്നതെന്നും ഇതുസംബന്ധിച്ചുള്ള ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ലെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചത്. വസ്തുതാപരമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന ശരിയാണെന്ന് കാണുന്നു. വിപുലവും അതിസങ്കീർണ്ണവുമായ പ്രക്രിയയും പ്രവർത്തന സംവിധാനങ്ങളും ഉൾക്കൊള്ളുന്ന കിഫ്ബിയുടെ ധനപരമായ ഇടപാടുകൾ കിഫ്ബി തന്നെ രൂപീകരിക്കുന്ന ഒരു സ്വതന്ത്ര ഓഡിറ്റ് നിരീക്ഷണ സംവിധാനമായ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) ഓഡിറ്റ് നടത്തുന്നതും അതിനുശേഷം പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതും നിയമാനുസൃതമാണെങ്കിൽപ്പോലും സഭയുടെയോ സഭാസമിതികളുടെയോ സ്ക്രൂട്ടിണിക്ക് പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടുകൾ വിധേയമാകുന്നില്ലെന്നത് ഒരു വലിയ പോരായ്മയായിത്തന്നെ കാണേണ്ടിവരുമെന്നാണ് ചെയറിന്റെ നിരീക്ഷണം. ഏതൊരു സ്ഥാപനത്തിന്റെയും വിശ്വാസ്യത ധനസംബന്ധമായ കാര്യങ്ങളിൽ പുലർത്തുന്ന നിതാന്ത ജാഗ്രതയും സൂക്ഷ്മതയും സുതാര്യതയും തന്നെയാണ്. അപ്രകാരം നോക്കുകയാണെങ്കിൽ കിഫ്ബി പോലുള്ള സ്ഥാപനത്തിന്റെ ധനസംബന്ധമായ കാര്യങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചതിനുശേഷം നിയമസഭയുടെ ബന്ധപ്പെട്ട സമിതികൾക്ക് അവ പരിശോധനയ്ക്ക് അവസരംകൂടി ലഭിക്കുകയാണെങ്കിൽ അതുവഴി സ്ഥാപനത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നിലനിർത്തുവാൻ കഴിയുമെന്നാണ് ചെയറിന്റെ ബലമായ വിശ്വാസം.

എന്നാൽ അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബോർഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചില ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ അത് ഒഴിവാക്കു ന്നതിനായി കിഫ്ബിയുടെ ഓഡിറ്റ് റിപ്പോർട്ടുകൾ സഭാസമിതികൾക്ക് പരിശോധി ക്കുവാൻ കഴിയത്തക്കവിധം സഭയുടെ നടപടിക്രമം ക്രമീകരിക്കേണ്ടതുണ്ട്. അതുവഴി എക്സിക്യൂട്ടീവിന് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പാക്കാനും സാമ്പത്തികകാര്യങ്ങളിൽ ലെജിസ്ലേച്ചറിനുള്ള പരിശോധനാധികാരം ചോർന്നു പോകാതെ സംരക്ഷിക്കപ്പെടാനും കഴിയുമെന്ന് ചെയർ നിരീക്ഷിക്കുന്നു. അതിനാവശ്യമായ ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ചെയർ സഭയെ അറിയിക്കുകയും ചെയ്യുന്നു.

## IX ഗവൺമെന്റ് പ്രമേയം (ചട്ടം 118)

### ആൾക്കൂട്ട കൊലപാതകങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, രാജ്യത്ത് വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ സംബന്ധിച്ച പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

"മനുഷ്യത്വത്തിനെതിരായ നിഷ്ഠുരമായ കുറ്റകൃത്യമാണ് ആൾക്കൂട്ട കൊലപാതകം. ആൾക്കൂട്ട കൊലപാതകത്തിന്റെ വലിയ ഒരു പ്രത്യേകത നീതി നിർവ്വഹണാധികാരം ഒരു കൂട്ടമാളുകൾ നിയമവിരുദ്ധമായി കൈയേൽക്കുന്നു എന്നതാണ്. സമൂഹത്തിൽ അധീശാധികാരമുള്ള ഒരു വരേണ്യ വിഭാഗം അവരുടെ താൽപ്പര്യ നിർവ്വഹണത്തിനായി വിയോജന നിലപാടുകളുള്ളവരെ ഉന്മൂലനം ചെയ്യാനുള്ള ഉപാധിയായി ഇതിനെ മാറ്റുന്നു. നീതിന്യായ വ്യവസ്ഥയിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിലും ആൾക്കൂട്ട ങ്ങൾക്ക് നിയമം കൈയിലെടുക്കാനുള്ള അവകാശമില്ല.

ഇന്ത്യയിൽ പലയിടത്തും അടുത്തകാലത്ത് ആൾക്കൂട്ടം നിയമം കൈയിലെടു ക്കുന്നതും തങ്ങൾക്ക് തോന്നുംപ്രകാരം നിയമവിരുദ്ധമായി തങ്ങളുടെ താൽപ്പര്യങ്ങൾ നിർബാധം നടത്തിയെടുക്കുന്നതും കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെട്ടു പോകുന്നതും നാം കാണുന്നു. ഇത് ഇന്ന് ആശങ്കാജനകമായ ഒരു തലത്തിലേയ്ക്ക് വളർന്നുനിൽക്കുന്നു.

തെറ്റുചെയ്യാത്തവരെ തെറ്റുചെയ്തവരെന്ന് മുദ്രയടിച്ച് കൊല്ലുന്ന സംഭവങ്ങൾ ആവർത്തിക്കാൻ അനുവദിച്ചാൽ ജനാധിപത്യ-നീതിന്യായ-ക്രമസമാധാന സംവിധാനങ്ങൾ സമ്പൂർണ്ണമായി തകരും. മനുഷ്യാവകാശങ്ങൾ മുതൽ പൗരാവകാശങ്ങൾവരെ ഇല്ലാത്ത അതിപ്രാകൃതമായ ഒരു അന്ധകാര യുഗത്തിലേക്ക് നാം നിപതിക്കും.

ഇക്കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ ദുർബല ജനവിഭാഗങ്ങൾക്ക്, പ്രത്യേകിച്ച് ന്യൂനപക്ഷത്തിനും ദളിത് വിഭാഗങ്ങൾക്കും ജീവിതം സുരക്ഷിതമല്ലെന്ന് ആവർത്തിച്ച് ബോധ്യപ്പെടുത്തുംവിധമുള്ള നിരവധി സംഭവങ്ങളുണ്ടായി. എല്ലാവരെയും ഉൾക്കൊണ്ടു പോകുക എന്നതിനുപകരം വൈവിധ്യങ്ങളെ അടിച്ചമർത്തി മുന്നോട്ടുപോകുക എന്ന പ്രവണത വർദ്ധിച്ചുവരികയാണ്.

ഇരുപത്തിരണ്ടുകാരനായ തബ്രേസ് അൻസാരിയെ മോഷണക്കുറ്റം ആരോപിച്ച് ആൾക്കൂട്ടം തല്ലിക്കൊല്ലുന്നതാണ് ഈയടുത്തിടെ ഝാർഖണ്ഡിൽ കണ്ടത്. തബ്രേസ് അൻസാരിയെ 'മറ്റൊരു മതത്തിന്റെ ആരാധനാമൂർത്തിക്ക് ജയ്' എന്നുവിളിക്കാൻ നിർബന്ധിക്കുകയും ഓരോ പ്രാവശ്യം വിളിച്ചുകഴിയുമ്പോഴും വീണ്ടും വിളിക്കാനായി പൊതിരെ തല്ലുകയും ചെയ്യുന്ന ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. മൂന്നുവർഷത്തിനിടയിൽ ഝാർഖണ്ഡിൽ മാത്രമുണ്ടായിട്ടുള്ള 18-ാമത്തെ ആൾക്കൂട്ട കൊലയാണ് തബ്രേസ് അൻസാരിയുടേത്.

2014-നുശേഷം ആൾക്കൂട്ട കൊലപാതകം മുമ്പത്തേതിനേക്കാൾ നാലിരട്ടി വർദ്ധിച്ചുവെന്നാണ് കണക്ക്. അവയിൽ ഭൂരിഭാഗവും ഗോരക്ഷകർ എന്നവകാശപ്പെടുന്നവർ നടത്തിയിട്ടുള്ളതാണ്. ഇത്തരം കുറ്റകൃത്യങ്ങൾ 2010-ൽ അഞ്ചുശതമാനമായിരുന്നത് 2017 ആകുമ്പോഴേക്കും 20 ശതമാനമായി ഉയർന്നു. പശു സംരക്ഷണവുമായി ബന്ധപ്പെട്ട് ആ വർഷങ്ങളിൽ കൊല്ലപ്പെട്ടത് 25 പേരാണ്.

ഉത്തർപ്രദേശിലെ ദാദ്രിയിൽ മാട്ടിറച്ചി കഴിക്കുകയും വീട്ടിൽ സൂക്ഷിക്കുകയും ചെയ്തുവെന്ന് ആരോപിച്ചാണ് അമ്പതുവയസ്സുകാരനായ മുഹമ്മദ് അഖ്‌ലാഖിനെ വീട്ടിൽ കയറി മർദ്ദിച്ചുകൊലപ്പെടുത്തിയത്. 2014-നുശേഷം വ്യാപകമായ ആൾക്കൂട്ട കൊലപാതക പരമ്പരയുടെ തുടക്കം അവിടെയായിരുന്നു.

അഖ്‌ലാഖിനെ വധിച്ച കേസിലെ പ്രതി ജയിലിൽ മരിച്ചപ്പോൾ മൃതദേഹത്തെ ദേശീയപതാക പുതപ്പിച്ചത് രാജ്യം ഞെട്ടലോടെയാണ് കണ്ടത്. അതേസമയം അഖ്‌ലാഖിന്റെ കുടുംബാംഗങ്ങൾക്കെതിരെ മാട്ടിറച്ചി വീട്ടിൽ സൂക്ഷിച്ചുവെന്ന വ്യാജകുറ്റം ചുമത്തി കേസെടുക്കുകയും അഖ്‌ലാഖിനെ ആക്രമിച്ച 15 പേർക്ക് എൻ.ടി.പി.സി.-യിൽ തൊഴിൽ നൽകുകയും ചെയ്തു. ആൾക്കൂട്ട കൊലപാതകങ്ങൾക്ക് ഉത്തരവാദിയായവർ ശിക്ഷിക്കപ്പെടുന്നില്ല എന്നു മാത്രമല്ല, അവർക്ക് അധികാര സ്ഥാനങ്ങളിൽനിന്ന് പ്രോത്സാഹനവും ലഭിക്കുന്നു എന്നാണ് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നത്.

പെഹ്‌ലുഖാന്റെ കേസിൽ - ജയ്പൂർ മേളയിൽനിന്ന് പശുക്കളെ വാങ്ങിയതിന്റെ രസീത് ഉണ്ടായിരുന്നിട്ടുകൂടി അദ്ദേഹത്തിന്റെ സഹോദരനും സുഹൃത്തുക്കൾക്കുമെതിരെ അനധികൃതമായി പശുവിനെ കടത്തിയെന്ന കേസാണ് രജിസ്റ്റർ ചെയ്തത്. അദ്ദേഹത്തെ കൊന്ന പ്രതികൾ മുഴുവൻ രാജസ്ഥാനിൽ കുറ്റവിമുക്തരാക്കപ്പെടുകയും ചെയ്തു.

ന്യൂനപക്ഷങ്ങൾക്കും ദളിതർക്കും ആദിവാസികൾക്കുമെതിരെ തങ്ങൾക്കുള്ള അധികാരം വ്യക്തമാക്കാനും പൊതുസമൂഹത്തിൽ അവർക്ക് സ്ഥാനമില്ല എന്ന് ഉറപ്പിക്കാനുമുള്ള സങ്കുചിത-വർഗ്ഗീയ ശക്തികളുടെ ഉപാധിയാണ് ആൾക്കൂട്ട കൊലകൾ എന്നാണ് ഇതിൽ നിന്നൊക്കെ മനസ്സിലാക്കേണ്ടത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സദാചാര കൊലപാതകങ്ങളും ദുരഭിമാനഹത്യയും നടക്കുന്നത് ഈ ദുരവസ്ഥയുടെ തീവ്രത വർദ്ധിപ്പിക്കുന്നു.

ജനാധിപത്യത്തെ കശാപ്പുചെയ്യും വിധത്തിൽ നിയമം കൈയിലെടുക്കുന്ന നടപടി ഉൽക്കണ്ഠ ഉളവാക്കുന്നു എന്നുപറഞ്ഞുകൊണ്ട് സുപ്രീംകോടതി തന്നെ കേന്ദ്ര സർക്കാരിനും ഉത്തർപ്രദേശ്, രാജസ്ഥാൻ, ഗുജറാത്ത്, ഹരിയാന, മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങൾക്കും നോട്ടീസ് അയച്ചിരുന്നു. മറ്റ് നിയമവിരുദ്ധ സംഘടനകളെപ്പോലെ ഗോരക്ഷാ സംഘങ്ങളെ എന്തുകൊണ്ട് നിരോധിച്ചുകൂടാ എന്നാണ് സുപ്രീംകോടതി ആരാഞ്ഞത്.

അധികാരത്തിന്റെയും പണത്തിന്റെയും പിൻബലമുണ്ടെങ്കിൽ നിയമം കൈയിലെടുക്കാമെന്നും ആരെയും എന്തും ചെയ്യാമെന്നുമുള്ള ചിന്ത രാജ്യത്ത് വളരുന്നത് രാഷ്ട്രസുരക്ഷയ്ക്കുതന്നെ ഭീഷണിയാണ്. ഇന്ത്യയുടെ വൈവിധ്യവും അഖണ്ഡതയും സംരക്ഷിക്കാനും ഓരോ ഇന്ത്യക്കാരന്റെയും സുരക്ഷിതത്വം ഉറപ്പുവരുത്താനും ആൾക്കൂട്ട കൊലപാതകങ്ങൾ നിർമാർജ്ജനം ചെയ്യേണ്ടതുണ്ട്. എല്ലാ മനുഷ്യരുമൊന്നാണെന്ന ചിന്ത പരക്കെ ഊട്ടിയുറപ്പിച്ചുകൊണ്ട് മാത്രമേ വർഗ്ഗീയ വിദ്വേഷത്തെയും അത് സൃഷ്ടിക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങളെയും ഇല്ലാതാക്കാനാകൂ.

'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനം' ചൂണ്ടിക്കാട്ടിത്തന്ന ഗുരുവിന്റെ നാടായ കേരളത്തിന് ഇന്ത്യയ്ക്കാകെ മനുഷ്യത്വത്തിന്റേതായ, വിവേകത്തിന്റേതായ, സ്നേഹ സാഹോദര്യങ്ങളുടേതായവഴി പറഞ്ഞുകൊടുക്കാൻ പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. എല്ലാവരും ആത്മ സഹോദരർ എന്ന സന്ദേശം മനുഷ്യരാശിക്ക് നൽകിയ നാടാണിത്. ആ സന്ദേശം ഉൾക്കൊള്ളുന്ന ഒരാൾക്കും ആൾക്കൂട്ട കൊലപാതകം പോലെയുള്ളവയ്ക്കെതിരെ ചിന്തയുടെയും കർമ്മത്തിന്റെയും രംഗത്ത് ഇറങ്ങാതിരിക്കാനാകില്ല. ഫാസിസത്തിന്റെ കരിനിഴലുകൾ നമ്മുടെ ജനാധിപത്യ സമൂഹത്തിൽ വീഴുന്നതിന്റെ ലക്ഷണങ്ങൾക്കെതിരെ പ്രതികരിക്കാതിരിക്കാൻ നമുക്ക് കഴിയില്ല.

ആൾക്കൂട്ട കൊലപാതകം എന്ന മനുഷ്യത്വവിരുദ്ധമായ നിഷ്ഠുരതയ്ക്കെതിരെ ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു. ഈ പ്രാകൃതത്വം അവസാനിപ്പിക്കണമെന്ന് ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്യുന്നു".

1.00 P.M.]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച പ്രമേയത്തെ പൂർണ്ണമായി പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ സഭയിൽ സബ്മിഷനായി ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഞാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഇതൊരു പ്രമേയമായി അവതരിപ്പിക്കണമെന്ന് ആവശ്യപ്പെട്ടത്. അതിന് തയ്യാറായ മുഖ്യമന്ത്രിയോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുകയാണ്. ഇന്ന് രാജ്യത്തൊട്ടാകെ ആൾക്കൂട്ട കൊലപാതകം ഒരു വലിയ മനുഷ്യാവകാശ പ്രശ്നമായി വളർന്നുവന്നിരിക്കുകയാണ്. ഫാസിസത്തിന്റെ എല്ലാ ശക്തിയും ഉപയോഗിച്ചു കൊണ്ടുള്ള ഏറ്റവും വലിയ ഉദാഹരണമാണിത്. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത്, പ്രത്യേകിച്ച് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമായ തോതിൽ പിന്നോക്ക ദളിത് ന്യൂനപക്ഷങ്ങൾക്കെതിരായിട്ടുള്ള പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഒരു ഭാഗമാണിത്. 2014-നുശേഷം രാജ്യത്ത് അധികാരത്തിൽ വന്ന ഒരു ഗവൺമെന്റ് ഇത്തരം പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവെന്നുള്ള ഒരു വസ്തുത നമ്മൾ കാണാതെ പോയിട്ട് കാര്യമില്ല. എന്തു കഴിക്കണം, എന്ത് ധരിക്കണം, എന്ത് സംസാരിക്കണം എന്നുള്ള മനുഷ്യന്റെ മൗലികമായ അവകാശങ്ങൾക്ക് നേരെയുള്ള കടന്നാക്രമണത്തിന്റെ ഭാഗമാണിത്. ഇത്തരം സംഭവങ്ങൾ വ്യാപകമാകുന്നു വെന്ന് മാത്രമല്ല, 27 വയസ്സുള്ള തബ്രേസ് അൻസാരിയും മുഹമ്മദ് അഖ്‌ലാഖിനെയുമൊക്കെ നിഷ്ഠൂരമായി കൊന്ന സംഭവങ്ങൾ ലോകത്തിന്റെ മനഃസാക്ഷിയെ ഞെട്ടിപ്പിച്ച ഒന്നാണ്. അതുപോലെതന്നെയാണ് ഈ പ്രമേയത്തിൽ പറഞ്ഞില്ലെങ്കിൽപോലും സഞ്ജീവ് ഭട്ടിന്റെ കാര്യം. സഞ്ജീവ് ഭട്ട് എന്നുപറയുന്ന ഒരു പോലീസുദ്യോഗസ്ഥനെ 30 വർഷം കഴിഞ്ഞ് ഒരു കേസിൽപ്പെടുത്തി ജീവപര്യന്തം ശിക്ഷിക്കാനുള്ള നടപടി ഫാസിസത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായി നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. ഇതെല്ലാം നടക്കുന്നത് നമ്മുടെ രാജ്യത്താണ്. മതേതരത്വം ഉയർത്തിപ്പിടിക്കുന്ന ഒരു രാജ്യത്ത് എന്ത് കഴിക്കണമെന്ന് തീരുമാനിക്കാനുള്ള മനുഷ്യന്റെ മൗലികമായ അവകാശത്തെ ചോദ്യം ചെയ്യുന്ന തരത്തിലേയ്ക്ക് ഈ പ്രവണതകൾ മാറിക്കൊണ്ടിരിക്കുന്നു. അതിന് ഭരണകൂടത്തിന്റെ പിന്തുണയുണ്ടാകും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇത്തരം സംഭവങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ ജോലി നൽകുന്നു. അതോടൊപ്പം തന്നെ ദേശീയ പതാക പുതപ്പിച്ച് അവരെ അഭിനന്ദിക്കുകയും ആദരിക്കുകയും ചെയ്യുന്നു. ഇതെല്ലാം നമ്മുടെ രാജ്യത്തിന്റെ മതേതരത്വത്തിന് ഏൽപ്പിക്കുന്ന ക്ഷതങ്ങളായിട്ടുവേണം നമുക്ക് കണക്കാക്കാൻ.

തീർച്ചയായും ആൾക്കൂട്ട കൊലപാതകത്തെ സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കണം. ദൗർഭാഗ്യകരമായ ഒരു കാര്യം ഇന്ന് പത്രത്തിൽ വന്ന വാർത്ത – 'പശുവിന്റെ പേരിൽ വീണ്ടും ആൾക്കൂട്ടക്കൊല- കാലിമോഷണം ആരോപിച്ച് ത്രിപുരയിൽ ഒരു യുവാവിനെ തല്ലിക്കൊല്ലുകയുണ്ടായി'. രണ്ടുദിവസം മുമ്പ് തല്ലിക്കൊന്ന വാർത്ത. "പശുവിന്റെ പേരിൽ മർദ്ദനം - കാസർഗോഡ് ഡ്രൈവറെയും സഹായിയെയും മർദ്ദിച്ച് വാഹനവുമായി കടന്നുകളഞ്ഞു. ജൂൺ 24." കർണ്ണാടകത്തിന്റെ അതിർത്തിയിലാണ്. അവിടെ നിന്നുപോലും പശുക്കടത്താരോപിച്ച് ഡ്രൈവർക്കും സഹായിക്കും ഏഴംഗ സംഘത്തിന്റെ മർദ്ദനം. ഇരുവരെയും അടിച്ചുവീഴ്ത്തിയ അക്രമിസംഘം പശുക്കളെയും പിക്അപ് വാനും കടത്തിക്കൊണ്ടുപോയി. നമ്മുടെ സംസ്ഥാനത്തുപോലും ഇത് കടന്നുവരാൻ മടി കാണിക്കുന്നില്ല എന്നുള്ളത് ആശങ്കാജനകമായ ഒരു കാര്യമാണ്. ഈ ഫാസിസ്റ്റ് നടപടികൾക്കെതിരായി സഭ ഒറ്റക്കെട്ടായി നിൽക്കണം. രാജ്യത്തുടനീളം വളർന്നുവരുന്ന ഇത്തരം പ്രവണതകൾക്കെതിരെ കേരള ജനത ഒറ്റക്കെട്ടായി നിൽക്കണം. ഇതിനെ എതിർക്കണം. ഇതിനെതിരായുള്ള ശക്തമായ ആശയപരവും നിയമപരവുമായ നടപടികൾ ഉണ്ടാകണമെന്നുള്ളതാണ് നമ്മുടെ എല്ലാവരുടെയും അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ രാജ്യത്ത് ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, മഹാനായ അയ്യങ്കാളി എന്നിവരെപ്പോലെയുള്ള മഹാന്മാരായ വ്യക്തികൾ ഉയർത്തിപ്പിടിച്ച മഹത്തായ സന്ദേശങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ വേണ്ടിയുള്ള പോരാട്ടങ്ങളുമായി നമുക്ക് മുന്നോട്ട് പോകണമെന്ന് തന്നെയാണ് എന്റെയും അഭിപ്രായം.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

പ്രമേയത്തിലെ അവസാനത്തെ ഖണ്ഡികയിൽ, " ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു" എന്ന ഭാഗം "നടപടികൾ സ്വീകരിക്കാനോ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനോ കേന്ദ്ര ഗവൺമെന്റും ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാന ഗവൺമെന്റുകളും തയ്യാറാകാത്തതിനെ ഈ സഭ അപലപിക്കുന്നു" എന്ന് മാറ്റുക.

ഒരു വാക്ക് പറയാനുള്ളത്, റൂൾ 118 പ്രകാരമുള്ള പ്രമേയം റൂൾ 300-ന്റെ രൂപത്തിൽ ഒരു സ്റ്റേറ്റ്മെന്റ് പോലെയായി. ഇതിന് ഷാർപ്നെസില്ല. ഈ പ്രമേയത്തിലെ ഓരോ വാക്കുകളും ഈ സഭയുടെ പൊതുവികാരമാണ്. പക്ഷേ അതീവ ഗുരുതരമായ വിഷയത്തിൽ നമ്മൾ ആരെയോ ഭയപ്പെടുന്നതുപോലെയാണ് പ്രമേയം തയ്യാറാക്കിയിരിക്കുന്നത്. ഇതൊരു സ്റ്റേറ്റ്മെന്റാണ്. എന്റെ ഭേദഗതി - പ്രമേയത്തിന്റെ അവസാനത്തെ ഖണ്ഡികയിൽ " ഈ സഭ ഏകകണ്ഠമായി പ്രതിഷേധിക്കുന്നു" എന്ന ഭാഗം "നടപടികൾ സ്വീകരിക്കാനോ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കാനോ

കേന്ദ്രഗവൺമെന്റും ബി.ജെ.പി. ഭരിക്കുന്ന പല സംസ്ഥാന ഗവൺമെന്റുകളും തയ്യാറാകാത്തതിനെ ഈ സഭ അപലപിക്കുന്നു" എന്നാക്കി മാറ്റണം. ഇതൊരു വെജിറ്റേറിയൻ റെസല്യൂഷനാണ്, ഇതിനൊരു പഞ്ചില്ല.

മി. സ്പീക്കർ: അതിനെക്കുറിച്ച് ഗവൺമെന്റ് പറയും.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പറഞ്ഞത്, അദ്ദേഹം ഇത് പരിഗണിക്കണം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളോട് ആർക്കും വിയോജിപ്പില്ല. കേരളത്തിന്റെ പൊതുവികാരമാണ്. പ്രതിക്കൂട്ടിൽ നിൽക്കുന്നത് ബി.ജെ.പി.-യല്ലേ; സൊഹ്റാബുദീൻ കേസിലെ പ്രതിയായ ഒരു വ്യക്തിയാണ് ഇന്ത്യയുടെ ആഭ്യന്തര വകുപ്പുമന്ത്രി. അമിത് ഷാ എന്നുപറയുന്ന ആഭ്യന്തര വകുപ്പുമന്ത്രി ഈ കേസിലെ പ്രതിയാണ്. അത്തരം കാര്യങ്ങളിൽ നമ്മൾ ഒളിച്ചുകളിക്കേണ്ട. കാര്യം വ്യക്തമായി തന്നെ പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രമേയത്തിന്റെ പൊതു സ്പിരിറ്റിനോട് യോജിക്കുകയാണ്. പക്ഷേ അതിനകത്ത് മൂന്നാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന 'തെറ്റ് ചെയ്യാത്തവരെ' എന്നതിനുപകരം 'നിരപരാധികളെ' എന്ന പരിഷ്കൃതമായ മലയാള പ്രയോഗം സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. രണ്ടാമതായി, പതിമൂന്നാം ഖണ്ഡികയിൽ, " സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനം" എന്നതിനുശേഷം "എന്ന ലോകോത്തര സന്ദേശം നൽകിയ ശ്രീനാരായണ ഗുരുവിന്റെ മണ്ണിൽ ദുരഭിമാനക്കൊല ഉണ്ടാകുന്നതും ദുഃഖകരമാണ്" എന്നുകൂടി ചേർക്കണം. നമ്മളൊരു പ്രമേയം അവതരിപ്പിക്കുമ്പോൾ സ്വയം വിമർശനം വേണമല്ലോ; ദുരഭിമാനക്കൊലയെ ഈ സഭ ഒത്തൊരുമിച്ച് എതിർത്തിട്ടുണ്ട്. ഇതിനുമുമ്പ് ഈ സഭ ഏകകണ്ഠമായി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഈ ദുരഭിമാനക്കൊലയും വർഗ്ഗീയച്ചുവയുള്ളതാണ്. അതിനെയും നമ്മൾ അപലപിക്കുന്ന ഭാഗം ചേർക്കണം. പക്ഷേ മൊത്തം സ്പിരിറ്റിനെ അംഗീകരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഈ പ്രമേയത്തിന്റെ അന്തഃസത്തയെ പരിപൂർണ്ണമായി അംഗീകരിക്കുകയാണ്. ഞാനൊരു ചെറിയ ഭേദഗതി മാത്രമാണ് പറയുന്നത്. പതിമൂന്നാം ഖണ്ഡികയിലെ "ഗുരുവിന്റെ" എന്നതിനുപകരം "ശ്രീനാരായണ ഗുരുവിന്റെ" എന്നുതന്നെ പറയണം. ഞാനത് പറയാൻ ഒരു കാരണമുണ്ട്. ഇന്ന് ഇന്ത്യയിൽ ജീവിച്ചിരിക്കുന്ന ചിന്തകനും എഴുത്തുകാരനുമായ രാമചന്ദ്രഗുഹ അദ്ദേഹത്തിന്റെ India After Gandhi എന്ന പ്രസിദ്ധമായ പുസ്തകത്തിൽ ശ്രീനാരായണ ഗുരുവിനെ വിശേഷിപ്പിച്ചിരിക്കുന്നത് ചെത്തുകാരുടെ നേതാവ് (Toddy tapers leader) എന്നാണ്. സാമൂഹിക പരിഷ്കർത്താവായി ലോകത്തെമ്പാടും അറിയുന്ന ശ്രീനാരായണ ഗുരുവിനെ അങ്ങനെ വിശേഷിപ്പിക്കുമ്പോൾ നമ്മൾ കേരളത്തിൽ നിന്നുപറയുമ്പോൾ ശ്രീനാരായണ ഗുരു എന്ന് പറഞ്ഞില്ലെങ്കിൽ ഗുരുഗോവിന്ദ്

സിംഗ്, ജഗദ്ഗുരു ശങ്കരാചാര്യ, ഗുരു ഗോപിനാഥ് അങ്ങനെ പലയാളുകളുണ്ട്. 'ശ്രീനാരായണ ഗുരു' എന്നുതന്നെ പറയണം എന്നാണ് എന്റെ ഭേദഗതി. രണ്ടാമതായി, പതിമൂന്നാം ഖണ്ഡികയിൽ "നാടായ" എന്നതിനുശേഷം " കേരളത്തിലും ഇത്തരം ഒരു സംഭവം ഉണ്ടായത് നമുക്ക് അഭിമാനിക്കാൻ കഴിയുന്നതല്ല" എന്നുകൂടി ചേർക്കണം. ബഹുമാന്യനായ തിരുവഞ്ചൂർ രാധകൃഷ്ണൻ പറഞ്ഞതുപോലെ നമ്മൾ കേരളത്തിന് മുമ്പിൽ, ഇന്ത്യയുടെ മുമ്പിൽ, ലോകത്തിന്റെ മുമ്പിൽ ഒരു പ്രമേയത്തോടെ കേരള നിയമസഭയുടെ അഭിപ്രായം പറയുകയാണ്. കേരള ജനതയുടെ അഭിപ്രായം പറയുകയാണ്. എന്തുകൊണ്ട് സ്വയം വിമർശനം/ആത്മവിമർശനം പാടില്ല. നമ്മുടെ നാട്ടിൽ ഇപ്രകാരമൊരു സംഭവം നടന്നിട്ടുണ്ട്. അതിൽ നമുക്ക് ദുഃഖമുണ്ട്, ഖേദമുണ്ട്. നമ്മുടെ മണ്ണിലും ഇതാവർത്തിക്കാൻ പാടില്ല. സ്വതന്ത്രമായി വോട്ട് ചെയ്യാനുള്ള അവകാശംപോലെ, അഭിപ്രായപ്രകടനം നടത്താനുള്ള അവകാശംപോലെ, ദുരഭിമാനക്കൊല നടത്തുന്നവർ ഇത് ഞങ്ങളുടെ അഭിപ്രായമാണെന്ന് കരുതിയി രിക്കുകയാണ്. അതുകൊണ്ട് നമ്മുടെ നാട്ടിലുണ്ടായതിനെ അപലപിക്കേണ്ടതും ഇതിനോടുള്ള സത്യസന്ധമായ സമീപനമാകണം, പ്രതീകമാകണം എന്നാണ് എന്റെ ഭേദഗതി.

ഡോ. എം. കെ. മുനീർ: സർ, ഈ നിയമസഭയിൽ ഒരു സബ്മിഷനിലൂടെ ഈ വിഷയം അവതരിപ്പിച്ചപ്പോൾ അതൊരു പ്രമേയമായി കൊണ്ടുവരാൻ തയ്യാറായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ എന്റെ നന്ദി അറിയിക്കാനും അഭിനന്ദിക്കാനും ഈ അവസരം വിനിയോഗിക്കുകയാണ്. അതിന് അവസരം ഒരുക്കിയതിൽ ബഹുമാനപ്പെട്ട സ്പീക്കറോടും ഇത് പ്രമേയമാക്കണമെന്ന് ശക്തമായി പറഞ്ഞ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും നന്ദി പറയുകയാണ്. ഭേദഗതിയായി തന്നില്ലെങ്കിലും പറയാൻ ആഗ്രഹിക്കുന്ന ഒരു കാര്യം, കേന്ദ്ര ഗവൺമെന്റ് ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നാണ്. രാജ്യസഭയിൽ ഇപ്പോൾതന്നെ ഒരു ബിൽ നിൽക്കുന്നുണ്ട്. ലിഞ്ചിംഗിനെതിരെ അതിന്റെ പ്രൊട്ടക്ഷനുവേണ്ടി 2017-ൽ കൊണ്ടുവന്ന ഒരു ബിൽ അവിടെ നിലവിലുണ്ട്. അത് ശ്രീ. കെ. ടി. എസ്. തുളസി എന്ന എം.പി.-യാണ് കൊണ്ടുവന്നിട്ടുള്ളത്. ആ ഒരു നിയമനിർമ്മാണം നടപ്പിലാക്കുന്നില്ലെങ്കിൽ, ഇന്ത്യൻ പീനൽ കോഡിനകത്ത് ഇപ്പോൾ ലിഞ്ചിംഗ് എന്ന പദമില്ല. അതുകൊണ്ടുതന്നെ പോലീസിന് ആൾക്കൂട്ട കൊലപാതകത്തിന്റെ പേരിൽ കൃത്യമായ വകുപ്പ് ചുമത്തി കേസെടുക്കാൻപോലും പറ്റുന്നില്ല. അതുകൊണ്ട് ഇതിന്റെ അവസാന ഭാഗത്ത്, ഞാൻ എഴുതി തന്നിട്ടില്ലെങ്കിലും പറയുകയാണ്, ഇപ്പോൾ വായിച്ചപ്പോൾ തോന്നിയതാണ്. ഇത് അവസാനിപ്പിക്കണമെന്ന് "ശക്തമായ ഭാഷയിൽ ആവശ്യപ്പെടുകയും ചെയ്യുന്നു" എന്ന് പറയുന്ന കൂട്ടത്തിൽ "കേന്ദ്രം ഇത് സംബന്ധിച്ചുള്ള നിയമനിർമ്മാണം എത്രയും പെട്ടെന്ന് ഉണ്ടാക്കണം" എന്നുകൂടി നമ്മളുടെ ഒരു ആവശ്യമായി ഉന്നയിക്കണം. ഇത് വന്നാൽ മറ്റ് പല സംസ്ഥാനങ്ങളിലും ഇതിന് അനുകൂലമായി നിൽക്കുന്നവരുടെ

പ്രമേയങ്ങൾക്കൂടി വരുമെന്ന ഒരു വിശ്വാസം എനിക്കുണ്ട്. കേരളം മാതൃകയായി, മറ്റുള്ള എല്ലാ വിഷയത്തിലും എന്നതുപോലെ ഇതിലും ഐകകണ്ഠ്യേന ഒരുമിച്ച് നിൽക്കാൻ സാഹചര്യം ഒരുക്കിയതിലുള്ള നന്ദി ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും സംസാരിക്കുമ്പോൾ അവസാനം പറഞ്ഞ കാര്യംതന്നെയാണ് പ്രധാനം. ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയെന്നത് വളരെ പ്രധാനമാണ്. അതുകൊണ്ടാണ് എല്ലാവർക്കും ഇതിന്റെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയുന്നത്. ചില കാര്യങ്ങൾ വിശദമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് രണ്ടാമത്തെ ഭേദഗതിയായി ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിഷ്കൃത മലയാളം പറഞ്ഞല്ലോ; അത് സ്വീകരിക്കാവുന്നതാണ്. അതുപോലെതന്നെ ബഹുമാന്യനായ പി. ടി. തോമസ് പറഞ്ഞ ' ഗുരുവിന്റെ ' എന്നതിനുപകരം 'ശ്രീനാരായണ ഗുരുവിന്റെ' എന്ന ഭേദഗതിയും അംഗീകരിക്കാം. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച രാജ്യത്ത് വർദ്ധിച്ചു വരുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ സംബന്ധിച്ച പ്രമേയം ഭേദഗതികളോടെ പാസ്സാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## X നിയമനിർമ്മാണകാര്യം

### (1) 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പിന്താങ്ങുന്നു. ഇന്ത്യയിൽ ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ സാമ്പത്തിക നയസമീപനങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാൻ ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരിശ്രമിക്കുന്ന ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള ഗവൺമെന്റ്. നമുക്ക് നൂറ്റാണ്ടുകളായി പകർന്നു കിട്ടിയ ചില മികവുകളിൽ ഏറ്റവും പ്രധാനം കേരളം ഉയർത്തിപ്പിടിക്കുന്ന മതസൗഹാർദ്ദമാണ്. ഇപ്പോൾ ആൾക്കൂട്ട കൊലപാതകത്തിന്റെ കാര്യം പറഞ്ഞു. കേരളം എത്രയോ കാലമായി ഇത്തരം കാര്യങ്ങളിൽനിന്നും വിമുക്തമായിട്ടുള്ള സംസ്ഥാനമാണ്. ഇവിടെ ആരോ പറഞ്ഞു, പാലസ്തീനിയൻ പ്രശ്നം തീരാൻ ഇസ്രായേൽ പ്രധാനമന്ത്രിയെയുംപാലസ്തീൻ പ്രസിഡന്റിനെയും രണ്ടാഴ്ച മട്ടാഞ്ചേരിയിൽ കൊണ്ടുവന്ന് താമസിപ്പിച്ചാൽ മതിയെന്ന്. ജൂതരും മുസ്ലീങ്ങളും ഇതര ജനവിഭാഗങ്ങളും തോളോട്ടുതോളുരുമ്മി സ്നേഹത്തിൽ കഴിയുന്നത് അറിയണമെങ്കിൽ നമ്മൾ ഫോർട്ട് കൊച്ചിയിൽ പോകണം. ലോകത്ത് എവിടെയെങ്കിലും മറ്റൊരു മതവിഭാഗത്തിന്റെ ആരാധനാലയത്തിൽനിന്നും പോകുന്ന ഘോഷയാത്ര ഒരു മുസ്ലീം പള്ളിയിൽ പോയി ആദരവ് അർപ്പിക്കുന്ന ഒരുദാഹരണം പറയാം; അതാണ് എന്റെ ജില്ലയിലെ എരുമേലിയിൽ എല്ലാ വർഷവും ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് നടക്കുന്നത്. ഇതെല്ലാം സ്ഥിരമായ ഒരു കാര്യമായതുകൊണ്ട് ഇതിന്റെ പ്രാധാന്യം നമ്മൾ മനസ്സിലാക്കുന്നില്ല. കേരളം ലോകത്തിന്റെ മുന്നിൽ ഉയർത്തിപ്പിടിക്കുന്ന വലിയ മതസൗഹാർദ്ദത്തിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണിത്. ഈ മതസൗഹാർദ്ദത്തിന്റെ അടിസ്ഥാനത്തിലാണ് നമ്മൾ വലിയ കുതിപ്പുകൾ നടത്തിയത്. കേരളം വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ നേടിയ നേട്ടങ്ങൾ ഈ സഭയിൽ അടക്കം പല ആവർത്തി എല്ലാവരും പറഞ്ഞിട്ടുള്ളതാണ്. ആരോഗ്യപരിപാലനരംഗവും വിദ്യാഭ്യാസ മേഖലയും സ്വകാര്യ മേഖലയിലേയ്ക്ക് വഴുതിപ്പോയിരുന്ന സ്ഥിതി ഗവൺമെന്റ് തിരിച്ചുപിടിച്ചു എന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടമായി നമ്മൾ കണക്കാക്കേണ്ടത്. അതുപോലെതന്നെ സ്ത്രീശാക്തീകരണമെല്ലാം ഇത്രയും പാഷണബിളായ വാക്ക് ആകുന്നതിന് എത്രയോ മുൻപ് കേരളം ഇന്ത്യയ്ക്കു മുന്നിൽ സംഭാവന ചെയ്ത സ്ത്രീകൾ ആരൊക്കെയാണ്; ഇന്ത്യയിലെ ആദ്യത്തെ വനിതാ ഹൈക്കോടതി ജഡ്ജി-അന്നാ ചാണ്ടി, സുപ്രീംകോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജി - മുസ്ലീം വനിതയായുള്ള ഫാത്തിമാ ബീവി, ആദ്യത്തെ വനിതാ ഐ.എ.എസ്. ഓഫീസർ - അന്ന മൽഹോത്ര, ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ ബൊട്ടാണിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഡയറക്ടറായി ജവഹർലാൽ നെഹ്റു തേടിപ്പിടിച്ച് നിയമിച്ച ജാനകി അമ്മാൾ എന്നിവരെല്ലാം നമ്മുടെ സ്വന്തമായിട്ടുള്ള മഹിളകളാണ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ 9 വനിതകളാണ് ഉണ്ടായിരുന്നത്.

അതിൽ ഒരാൾ കേരളത്തിൽനിന്നുള്ള ദളിത് വനിതയായ ദാക്ഷായണി വേലായുധനായിരുന്നു. അവർ ഭരണഘടന നിർമ്മാണസഭയിൽ ഏറ്റവും വലിയ സംഭാവന നൽകിയ വനിതയായി കണക്കാക്കപ്പെടുന്ന സ്ത്രീയാണ്. സ്വാതന്ത്ര്യസമരത്തിൽ വീരഗാഥ രചിച്ച ക്യാപ്റ്റൻ ലക്ഷ്മി, കേരള നിയമനിർമ്മാണ സഭയിൽ അനായാസമായി കാർഷിക നിയമങ്ങൾ പൈലറ്റ് ചെയ്ത് സാമൂഹിക രംഗത്ത് മാറ്റം സൃഷ്ടിച്ച നമ്മുടെ സ്വന്തം ശ്രീമതി കെ. ആർ. ഗൗരിയമ്മ. കേരളം ഇന്ത്യയ്ക്കും ലോകത്തിനും നൽകിയ സംഭാവനകളാണ് ഈ വനിതകൾ. ഇക്കാര്യങ്ങളിലെല്ലാം വളരെ മുന്നോട്ടുപോയ സംസ്ഥാനമാണ് നമ്മുടേത്. ആ മുന്നോട്ടുപോക്കിലെല്ലാം നമ്മൾ അഭിമാനിക്കുമ്പോൾ തന്നെ, ഈ അടിത്തറയിൽനിന്ന് ഒരു സാമ്പത്തിക കുതിപ്പ് നടത്താൻ കഴിഞ്ഞ എത്രയോ കാലമായി നമുക്ക് കഴിയാതെ വന്നു. അതിന്റെ കാരണമെന്താണ്; നമുക്ക് അതിനുള്ള സാമ്പത്തികമില്ല. ഈ സാമ്പത്തിക കുതിപ്പിനുവേണ്ടി പൈസ ഉണ്ടാക്കണമെങ്കിലോ, ഒരു out of the box ആയി ചിന്തിക്കുന്ന, വഴിവിട്ട് ചിന്തിക്കുന്ന ഒരു ഗവൺമെന്റുണ്ടാകണം. ആ ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റെയും ഡോ. ടി. എം. തോമസ് ഐസക്കിന്റെയും നേതൃത്വത്തിൽ കിഫ്ബി രൂപീകരിച്ചതു വഴി കേരളത്തിനും ലോകത്തിനും മാതൃക കാണിച്ചത്. കിഫ്ബിയെക്കുറിച്ച് വലിയ പരാതികളാണ്. ഞാനൊരു കാര്യം പറയട്ടെ, കിഫ്ബി വിജയിച്ചാൽ കേരളത്തിനു കൊള്ളാം. കിഫ്ബി പരാജയപ്പെട്ടാൽ കേരളം പോയി. ഇതൊരു സത്യമല്ലേ; " the proof of the pudding is in the eating" എന്ന് പറഞ്ഞതുപോലെ, കിഫ്ബി പദ്ധതിയുടെ കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കിഫ്ബി പദ്ധതി പ്രകാരമുള്ള പല കാര്യങ്ങളുടെയും പ്രവൃത്തികൾ തുടങ്ങിക്കഴിഞ്ഞു. അവ സമയബന്ധിതമായി പൂർത്തിയാക്കുകയാണ്. ഒരു ജനാധിപത്യ സംവിധാനത്തിൽ 'എട്ട് കുട്ടക്കേ ചോറും കറിയുമെന്ന് പറഞ്ഞാൽ ഏതെങ്കിലും പദ്ധതി നമ്മുടെ നാട്ടിൽ എവിടെയെങ്കിലും പൂർത്തിയാകുമോ? ഒരു പദ്ധതി തുടങ്ങുമ്പോൾ ഏതെല്ലാം തരത്തിലുള്ള തടസ്സങ്ങൾ വരും; ചില സ്ഥലത്ത് ജനങ്ങളുടെ പ്രതിഷേധം വരും. അതെല്ലാം മറികടന്ന് ജനാധിപത്യ രീതിയിലാണ് നമ്മൾ ഈ പദ്ധതികൾ പൂർത്തീകരിക്കുന്നത്. ആ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള വലിയ പരിശ്രമമാണ് കേരള ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് പ്രതിപക്ഷം സഹകരിക്കുകയാണ് വേണ്ടത്. അതിനുപകരം ഈ പദ്ധതിക്ക് ഇടംകോലിടുക, ഈ പദ്ധതിയെക്കുറിച്ച് നിരന്തരമായി തെറ്റായ പ്രചരണം നിയമസഭയ്ക്കകത്തും പുറത്തും നടത്തുക, ഒന്നും വിജയിക്കാൻ പോകുന്നില്ലെന്നും ഇവ കേരളത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവയ്ക്കുമെന്ന് പറയുകയും ചെയ്യുന്നത് അവസാനിപ്പിക്കണം. സാമ്പത്തിക ബാദ്ധ്യതയുണ്ട്. ആ സാമ്പത്തിക ബാദ്ധ്യതകൾ മറികടക്കാനുള്ള കാര്യങ്ങൾ കിഫ്ബി പദ്ധതിയിൽതന്നെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് എല്ലാവർക്കും അറിയാം. ഈ പദ്ധതി വിജയിപ്പിക്കുകയെന്നുള്ളത് കേരളത്തെ സംബന്ധിച്ച് ഏറ്റവും വലിയൊരാവശ്യമാണ്. മറ്റൊരു സംസ്ഥാന ഗവൺമെന്റും

ഏറ്റെടുക്കാൻ ധൈര്യപ്പെടാത്ത രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തതും അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. പ്രതിപക്ഷം ഈ അപവാദ പ്രചരണങ്ങൾ നിർത്തി കിഫ്ബി പദ്ധതിയുടെ വിജയത്തിനുവേണ്ടി ഒറ്റക്കെട്ടായി സഹകരിക്കണം. ഇത്തരം കാര്യങ്ങളെല്ലാം ചെയ്യുമ്പോൾ നമ്മുടെ സാമ്പത്തിക നില പരുങ്ങലിലാണെന്ന കാര്യം ഓർക്കണം. ജി.എസ്.റ്റി. നിലവിൽ വന്നതോടെ നികുതി പിരിവ് കുറഞ്ഞുവെന്നുള്ളത് ഒരു വസ്തുതയാണ്. അതിനൊരു പരിഹാരം കാണണം. ഇത് രണ്ടും സമാന്തരമായി മുന്നോട്ടുപോകണം. അതാണ് സുപ്രധാനമായ പ്രശ്നം. നികുതി പിരിവ് പഴയതുപോലെ വർദ്ധിത വീര്യത്തോടെ നടക്കണം. അതേസമയം കിഫ്ബി പദ്ധതികളുടെ പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുകയും വേണം. എങ്കിൽമാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ടു പോകാൻ കഴിയൂ. ഗവൺമെന്റ് ഒരു തരത്തിലുള്ള മതസ്പർദ്ധയും കേരളത്തിൽ അനുവദിക്കുന്നില്ല. ഒരുതരത്തിലും ജനാധിപത്യവിരുദ്ധമായ രീതിയിൽ ഏതെങ്കിലും കാര്യങ്ങൾ ആരെങ്കിലും ചെയ്യാൻ ശ്രമിച്ചാൽ ഗവൺമെന്റ് അതിനെ അനുവദിക്കുകയോ അതിന് കൂട്ടുനിൽക്കുകയോ ചെയ്യില്ല. നമ്മൾ ആൾക്കൂട്ട കൊലപാതകത്തിനെതിരെയുള്ള പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി. ആൾക്കൂട്ട കൊലപാതകത്തിന് ഇരയായവരുടെ പേരിൽ കോൺഗ്രസ് ഗവൺമെന്റ് കേസ്സെടുക്കുകയാണ്. മരിച്ചുപോയ പെഹ്‌ലുഖാനെതിരായി രാജസ്ഥാനിലെ ഗവൺമെന്റ് കുറ്റപത്രം തയ്യാറാക്കുകയും അത് കോടതിയിൽ സമർപ്പിക്കുകയും ചെയ്യുന്നു. ഉത്തർപ്രദേശിൽ ചെയ്തതു പോലെതന്നെ രാജസ്ഥാനിലും ചെയ്യുന്നു, അവർക്കെതിരെ ഗുരുതരമായ നിയമങ്ങൾ ഉപയോഗിച്ച് അതിലെ ഇരകൾക്കെതിരായി കേസ്സെടുക്കുന്നു. ഇത് എവിടത്തെ ന്യായമാണ്. കോൺഗ്രസ് പാർട്ടി ബി.ജെ.പി.-യുടെ മിമിക്രി ടീമായി നടക്കുകയാണോ? ബി.ജെ.പി. ചെയ്യുന്ന കാര്യങ്ങൾ ഏറ്റവും വികൃതമായി അനുകരിച്ചുകൊണ്ടിരിക്കുകയാണ്. രാജസ്ഥാനിലും മദ്ധ്യപ്രദേശിലും കോൺഗ്രസ് ഗവൺമെന്റുകൾ അധികാരത്തിൽ വന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം, ആൾക്കൂട്ട കൊലപാതകങ്ങളും മതന്യൂനപക്ഷങ്ങൾക്കെതിരെ നടത്തിയ നിരന്തരമായ ആക്രമണങ്ങളും ജനങ്ങൾക്കെതിരെ പൊതുവായി നടത്തിയ സാമ്പത്തിക ആക്രമണവുമാണെങ്കിൽ, അധികാരമേറ്റെടുത്തപ്പോൾ അവരത് മറക്കുകയും ബി.ജി.പി. സർക്കാരുകളുടെ നയസമീപനങ്ങൾ അതേ രീതിയിൽ ഈ ഗവൺമെന്റും പിന്തുടരുന്നുണ്ടെന്നുപറഞ്ഞാൽ അത് ഏറ്റവും വലിയ അപമാനമാണ്. ആ പാർട്ടിയിന്ന് നായകനില്ലാത്ത ഒരു രാഷ്ട്രീയ പാർട്ടിയാണ്. അത് അവരുടെ കാര്യമാണ്, ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പക്ഷെ വ്യത്യസ്തമായ ഒരു നയസമീപനവുമായി കോൺഗ്രസ് ഈ രാജ്യത്തിന്റെ മുമ്പിൽ നിൽക്കുന്നുണ്ടോ? ബി.ജെ.പി.-യുടെ വർഗ്ഗീയ സമീപനത്തോട് ചേർന്നുനിൽക്കുന്ന ഒരു സമീപനം സ്വീകരിച്ചുകൊണ്ട് അവർക്ക് എത്രകാലം മുന്നോട്ട് പോകാൻ കഴിയും? അതിനെപ്പറ്റി കേരളത്തിലെ കോൺഗ്രസ് നേതൃത്വത്തിന്റെ അഭിപ്രായമെന്താണ്? ആൾക്കൂട്ട കൊലപാതകത്തിനെതിരെയുള്ള പ്രമേയത്തെ ഐകകണ്ഠ്യേന പിന്തുണച്ച

കോൺഗ്രസ് രാജസ്ഥാൻ ഗവൺമെന്റും മദ്ധ്യപ്രദേശ് ഗവൺമെന്റും എടുത്ത കേസ്സിനെക്കുറിച്ച് എന്ത് പറയുന്നു? ഇതിനെല്ലാം അവരുടെ സഖ്യകക്ഷിയായ മുസ്ലീം ലീഗിനെപ്പോലെ ഒരു രാഷ്ട്രീയ പാർട്ടിക്ക് എന്ത് പറയാനുണ്ട്. ഈ കാര്യങ്ങളിലെല്ലാം ശക്തവും വ്യക്തവുമായ നിലപാടെടുക്കാൻ കഴിയാത്ത ദുർബലമായ ഒരു രാഷ്ട്രീയ നേതൃത്വവും രാഷ്ട്രീയ പാർട്ടിയുമാണ് ഇന്ന് കോൺഗ്രസ് എന്നുള്ളതിൽ ആർക്കും തർക്കം കാണില്ല. അവർ ഇടതുപക്ഷത്തിനെതിരെ പല നുണകളും തെറ്റിദ്ധാരണകളും പരത്തിക്കൊണ്ടിരിക്കുകയാണ്. പക്ഷെ ഇന്ത്യയുടെ രാഷ്ട്രീയ അന്തരീക്ഷത്തിൽ ജനങ്ങളുടെ സാമ്പത്തിക നയങ്ങൾ ഉയർത്തിപ്പിടിച്ച് ജനങ്ങൾക്കെതിരായ കടന്നാക്രമണങ്ങളെ ചെറുക്കുന്ന, മതനിരപേക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് ഇന്ത്യാരാജ്യത്ത് മുമ്പോട്ട് പോകുന്ന ഏക രാഷ്ട്രീയ ശക്തി ഇടതുപക്ഷമാണെന്നാണ് നമ്മൾ ഓർക്കേണ്ട സുപ്രധാനമായ കാര്യം. ഇടതുപക്ഷത്തെ ലോക്സഭാ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തി എന്നെല്ലാം പറഞ്ഞ് കോൺഗ്രസ്സുകാർ അഭിമാനിക്കുന്നുണ്ടാകാം. പക്ഷെ അതിന്റെ ഒരഹങ്കാരവും ആവശ്യമില്ല. ഇടതുപക്ഷം തിരിച്ചുവരും. ഈ സഭയിൽ പല ആവർത്തി പറഞ്ഞിട്ടുള്ളതുപോലെ പല പരാജയങ്ങളെയും അതിജീവിച്ച പാരമ്പര്യം ഇടതുപക്ഷത്തിനുണ്ട്. കാരണം, ഞങ്ങൾ ശരിയായ ഒരു രാഷ്ട്രീയ സാമ്പത്തിക നയസമീപനം കൈകാര്യം ചെയ്യുന്നവരാണ്. ജനങ്ങൾക്കൊപ്പം നിൽക്കുന്നവരാണ്. മതസൗഹാർദ്ദം കാത്ത് സൂക്ഷിക്കുന്നതിനുവേണ്ടി ഏതറ്റം വരെ പോകാനും തയ്യാറുള്ളവരാണ്. ഇന്ത്യാരാജ്യത്തിന്റെ സാമ്പത്തികനയം സാമ്രാജ്യത്വത്തിന് അടിമപ്പെടുത്തുന്നതിനെതിരായി നിരന്തരമായ പോരാട്ടം നടത്തുന്ന ശക്തിയാണ്. ഇതിലെല്ലാം ബി.ജെ.പി.-യും കോൺഗ്രസ്സും തമ്മിൽ ഏതെങ്കിലും തരത്തിൽ വ്യത്യാസമുണ്ടോ? നമ്മുടെ നാട്ടിലെ ഉദാരവൽക്കരണ സാമ്പത്തിക നയസമീപനത്തിൽ പാവങ്ങളുടെ സ്ഥാനമെവിടെയാണ്? ഉദാരവൽക്കരണം സൗജന്യ വിദ്യാഭ്യാസത്തിനെതിരാണ്, സൗജന്യ വൈദ്യസഹായത്തിന് എതിരാണ്, പാവങ്ങൾക്ക് വീട് വച്ച് കൊടുക്കുന്നതിനെതിരാണ്; ഒന്നും സൗജന്യമായി അവർ കൊടുക്കുന്നില്ല. നമ്മൾ എന്താണ് ചെയ്യുന്നത്? ഞങ്ങൾ ഈ നാട്ടിലെ എല്ലാ സാമൂഹിക സുരക്ഷാ പദ്ധതികളെയും വിപുലീകരിച്ച് കൊണ്ടുപോകുകയും മറുവശത്ത് അതിന്റെ സാമ്പത്തിക കുതിപ്പിനുവേണ്ടിയുള്ള വലിയ പരിശ്രമങ്ങൾ നടത്തുകയുമാണ്. അതാണ് ശ്രീ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടക്കുന്നത്. ഈ പരിശ്രമത്തിന് പൂർണ്ണ പിന്തുണ കൊടുത്തുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ പിന്താങ്ങുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പ്രിയപ്പെട്ട സുരേഷ് കുറുപ്പ് പ്രധാനപ്പെട്ട പദ്ധതികൾ നടപ്പാക്കുന്നതിന്റെ നേട്ടങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ഇതിനെ പ്രതിപക്ഷം അന്ധമായി എതിർക്കുകയോ അല്ലെങ്കിൽ പദ്ധതിക്ക് എതിര് നിൽക്കുകയോ അല്ല. ഇതിൽ വരുന്ന പല തരത്തിലുള്ള പാളിച്ചകൾ തിരുത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ്

യഥാർത്ഥത്തിൽ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്നത്. എന്റെ മണ്ഡലത്തിൽതന്നെ കിഫ്ബിയുമായി ബന്ധപ്പെട്ട് മൂന്ന് പ്രവൃത്തികൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റിൽ അവതരിപ്പിച്ചു. വളരെ സന്തോഷത്തോടെ ഞാനും അതിനെ ഉൾക്കൊള്ളുകയാണ് ചെയ്തത്. കാരണം ഭരണപക്ഷത്തിന് കുറച്ച് കൂടുതലും പ്രതിപക്ഷത്തിന് എന്തെങ്കിലും കിട്ടും എന്നുള്ള ധാരണയുണ്ട്. അതിലൊരു സന്തോഷമുണ്ട്. പക്ഷെ അനുവദിച്ചതൊന്നും കിട്ടുന്നില്ല. അങ്ങനെ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് എന്താണ് പ്രയോജനം; ആദ്യ വർഷം കടുത്തുരുത്തിയിൽ ഒരു കോടതി സമുച്ചയം പണിയുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപനം വന്നു. ഒന്നും നടന്നിട്ടില്ല. തുടർന്ന്, അതിനെക്കുറിച്ച് കിഫ്ബിയിൽ കത്തയച്ച് ചോദിക്കുമ്പോൾ കിട്ടിയ മറുപടി പരിശോധിച്ചുവരുന്നു എന്നാണ്. മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ ജന്മസ്ഥലമായ ഉഴവൂരിൽ ഒരു ബൈപ്പാസ് പ്രഖ്യാപിക്കുകയും കിഫ്ബിയിലെ ഉദ്യോഗസ്ഥന്മാർ അവിടെ വന്ന് പഠനം നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്കായി ഞാൻ പറയുകയാണ്. അങ്ങ് പ്രഖ്യാപിച്ച ഉഴവൂർ ബൈപ്പാസ് എന്ന പ്രൊപ്പോസലിനായി 20 കോടി രൂപ പ്രഖ്യാപിച്ചു. അതിൻമേൽ അവിടെയുള്ള എം.എൽ.എ.-യും ബന്ധപ്പെട്ട ആളുകളും പഠനം നടത്തി രണ്ട് റിപ്പോർട്ടുകൾ പൊതുവായി അംഗീകരിച്ചു കൊടുത്തു. അവസാനം കിഫ്ബി ഒറ്റയ്ക്ക് തീരുമാനിച്ചത്, ഗതാഗതക്കുരുക്കിന്റെ പ്രശ്നങ്ങളൊന്നും ഇല്ലാത്തതുകൊണ്ട് അവിടെ ബൈപ്പാസിന്റെ ആവശ്യമില്ലെന്നാണ്. അവർ അതിനെ തള്ളിക്കളഞ്ഞിരിക്കുന്നുവെന്നാണ് പറയുന്നത്. ഇതെന്തൊരു അനീതിയാണ്? അങ്ങ് വന്ന് പരിശോധിച്ചാൽ അവിടത്തെ ഗതാഗതക്കുരുക്കിനെപ്പറ്റി ബോധ്യമാകും. എം.സി. റോഡിന് സമാന്തരമായി കൂത്താട്ടുകുളം-കിടവൂർ-തിരുവല്ല റോഡ് പൊയ്ക്കൊണ്ടിരിക്കുകയാണ്. അത്രയേറെ തിരക്കുള്ള അവിടെ ഒരു ബൈപ്പാസ് വേണമെന്ന് എം.എൽ.എ.-മാരും നാട്ടുകാരും ആവശ്യപ്പെടുകയും ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ട് അവസാനം ആവശ്യമില്ലെന്ന് കിഫ്ബി പറയുന്നു. അത്തരത്തിലുള്ള അനീതികൾ സംഭവിക്കുകയാണ്. ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് ബൈപ്പാസിനായുള്ള ഒരു മിനി റോഡിനുള്ള വിഹിതം അങ്ങ് മൂന്നാമത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുകൊണ്ട് അതിന്റെ അപാകതയെപ്പറ്റി പറയുകയാണ് വെറുതെ എതിർക്കുന്നതല്ല, അത് തിരുത്തപ്പെടേണ്ടതുണ്ട്. ആ റോഡിന്റെ അലൈൻമെന്റ് പ്രഖ്യാപിച്ചു. അലൈൻമെന്റിനെപ്പറ്റി പറയുമ്പോഴോ സർവ്വെ നടത്തുമ്പോഴോ പത്ത് മീറ്ററെന്ന് പറയുന്നില്ല. നിലവിലുള്ള പി.ഡബ്ല്യൂ.ഡി. റോഡ് ഗ്രാമപ്രദേശങ്ങളിലൂടെ എട്ട് മീറ്റർ വീതിയിൽ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതിയാണ്. അതിന് എല്ലാ പ്ലാനുകളും പൂർത്തിയായതിനു ശേഷം അവസാനഘട്ടത്തിൽ പറയുകയാണ് പത്ത് മീറ്റർ വീതിയുണ്ടെങ്കിലേ റോഡ് പണി നടക്കുകയുള്ളൂവെന്ന്. നിലവിൽ എട്ട് മീറ്റർ മാത്രമേയുള്ളൂ. അവസാനം ആ പദ്ധതി ഉപേക്ഷിക്കേണ്ടിവന്നു. ഒന്നുകിൽ നിലവിലുള്ള എട്ട് മീറ്റർ വീതിയിൽ പി.ഡബ്ല്യൂ.ഡി. റോഡ് നന്നാക്കുന്നതിനുള്ള അനുമതി തരണം, അല്ലെങ്കിൽ ഒരു പുതിയ അലൈൻമെന്റ് സജസ്റ്റ് ചെയ്യുന്നതിനുള്ള അനുവാദം തരണം. ഇല്ലെങ്കിൽ

കിഫ്ബി ലാഭമാവുകയാണ്, കാരണം ഒരു പൈസപോലും മുടക്കേണ്ടിവരുന്നില്ല, കാര്യം നടക്കാതെ പോകുകയാണ്. ഇപ്പോൾ ശ്രീ. സുരേഷ് കുറുപ്പ് ചൂണ്ടിക്കാണിച്ചല്ലോ; അങ്ങേയ്ക്കുമറിയാം. രണ്ട് റെയിൽവേ മേൽപ്പാലങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അനുവാദം നൽകി. സന്തോഷത്തോടെ നമ്മളെല്ലാം സ്വീകരിച്ചതാണ്. പക്ഷെ ഇപ്പോൾ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും അനിശ്ചിതാവ സ്ഥയിലാണ്. ഇങ്ങനെയുള്ള ഒരു ദുരവസ്ഥ കിഫ്ബിയെ പിടികൂടിയിട്ടുണ്ട്, കിഫ്ബി പദ്ധതി പ്രയോജനകരമായി തീരണമെങ്കിൽ ഒരു പ്രത്യേക സമ്പ്രദായം, എൽ.എൽ.എ.-മാരുടെ കാര്യത്തിലെങ്കിലും അങ്ങ് ഉണ്ടാക്കിയാൽ വലിയ അനുഗ്രഹമാകും. ആ നിലയിലേയ്ക്ക് മാറട്ടെ എന്ന് മാത്രമാണ് സൂചിപ്പിക്കാനുള്ളത്. ഇന്നലത്തെ മലയാള മനോരമ പത്രത്തിൽ 'കരുണയുടെ വഴി അടയ്ക്കരുത്' എന്നൊരു എഡിറ്റോറിയൽ പ്രസിദ്ധീകരിച്ചിരുന്നു. അങ്ങ് അത് ശ്രദ്ധിച്ചുകാണുമെന്ന് ഞാൻ കരുതുകാണ്. എല്ലാ മാധ്യമങ്ങളും ഈ ദിവസങ്ങളിൽ അത് റിപ്പോർട്ട് ചെയ്തു. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സാർ ഇവിടെ അക്കാര്യം അവതരിപ്പിച്ച സമയത്ത് അങ്ങ് പുതിയ പദ്ധതിയിലേയ്ക്ക് ഇതിനെ മാറ്റുമെന്ന് വളരെ നല്ല നിലയിൽ മറുപടി പറഞ്ഞു. മുൻ ധനകാര്യവകുപ്പുമന്ത്രി കെ. എം. മാണി സാർ മുൻ സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഒരു പദ്ധതിയാണ് കാരുണ്യ പദ്ധതി. ആ പദ്ധതി ആ പേരിൽതന്നെ തുടരുകയാണ്. ഇപ്പോൾ പുതിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കൊണ്ടുവന്നു. പക്ഷെ ഇപ്പോൾ ഉണ്ടാകുന്ന ഒരു പ്രശ്നം അങ്ങ് പരിശോധിക്കേണ്ടത്, എല്ലാ ആശുപത്രികളിലും ജില്ലാ ലോട്ടറി ആഫീസുകളിലും ഇപ്പോൾ കൂട്ടക്കരച്ചിലാണ്. അർബുദം, ഹൃദ്രോഗം ഹീമോഫീലിയ പോലുള്ള അസുഖങ്ങളുള്ളവർ, അടിയന്തര ശസ്ത്രക്രിയ ചെയ്യേണ്ട ആളുകൾ എന്നിവർ ഈ സഹായം കിട്ടുമെന്ന് ധരിച്ച് കാരുണ്യയുടെ ജില്ലാ ആശുപത്രികളിൽ വരുമ്പോൾ അറിയുന്നത് സഹായം ഇല്ലെന്നുള്ളതാണ്. പുതിയ പദ്ധതി നടപ്പായി വരുന്നതിനും ഇൻഷ്വറൻസ് കമ്പനിയുമായി ധാരണയിൽ എത്തുന്നതിനുമൊക്കെ സമയം വേണ്ടി വരുന്ന സാഹചര്യം നിൽക്കുകയാണ്. അതുകൊണ്ട് അടുത്ത പദ്ധതി നടപ്പാക്കി അതിന്റെ പ്രയോജനം കിട്ടുന്നതുവരെയെങ്കിലും കാരുണ്യ പദ്ധതിയുടെ പ്രയോജനം എല്ലാ ലോട്ടറി ആഫീസുകളിലും തുടരാൻ കഴിയുന്ന ഒരു ക്രമീകരണം ഉണ്ടാക്കേണ്ടത് കേരളത്തിലെ പാവപ്പെട്ട മനുഷ്യർക്ക് ഏറ്റവും അത്യാവശ്യമായിരിക്കുകയാണ്. കരുണയുടെ ഒരു മുഖം ഇക്കാര്യത്തിൽ അങ്ങ് കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രതിസന്ധി പരിഹരിക്കുന്നതുവരെ കാരുണ്യ ലോട്ടറിയുടെ പ്രയോജനം ജനങ്ങൾക്ക് കിട്ടണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് പ്രതികാരപരമായ ഒരു ധനകാര്യ നയമാണ് സ്വീകരിക്കുന്നത്. കേരളത്തിന്റെ ധനസ്ഥിതിയെ ഏറെ പ്രതിസന്ധിയിലാക്കുന്നതിന് അത് ഇടയാക്കിക്കൊണ്ടിരിക്കുകയാണ്. കേരളം കടമെടുക്കുന്നതിനെ കർശനമായി കേന്ദ്രം നിയന്ത്രിക്കുകയാണ്. അതോടൊപ്പം

കേന്ദ്രഗവൺമെന്റിന്റെ വായ്പകളും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. വികസന പദ്ധതികളിൽ 996.54 കോടി രൂപയുടെ കുറവാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. മൂലധനച്ചെലവിന്റെ കുറവ് പരിഹരിക്കുന്നതിന് കിഫ്ബിയുടെ ധനസമാഹരണം നമുക്ക് വലിയ പ്രയോജനമാണ് ഇന്ന് സംഭാവന ചെയ്യുന്നതെന്ന് പറയാതെ തരമില്ല. കിഫ്ബി പദ്ധതിയെ മലർപ്പൊടിക്കാരന്റെ സ്വപ്നമെന്ന് പരിഹസിച്ചവർ കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് മണ്ഡലങ്ങളിൽ ആവേശപൂർവ്വം നേതൃത്വം നൽകുന്ന കാഴ്ചയാണ് ഇന്ന് കേരളത്തിലെ 140 മണ്ഡലങ്ങളിലും നാം കണ്ടു കൊണ്ടിരിക്കുന്നത്. ശ്രീ. മോൻസ് ജോസഫ് കിഫ്ബി പദ്ധതിയിൽ ഏറ്റെടുത്ത അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ചില അനുഭവങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിലുണ്ടായ ചില പ്രായോഗികമായ ബുദ്ധിമുട്ട് എന്താണെന്ന് എനിക്ക് നിശ്ചയമില്ല. എന്നാൽ ഒരു കാര്യം ഞാൻ പറയുകയാണ്, പതിറ്റാണ്ടുകളായി എന്റെ മണ്ഡലത്തിലെ ജനങ്ങൾ ആഗ്രഹിച്ചിരുന്ന രണ്ട് റെയിൽവെ മേൽപ്പാലങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് കിഫ്ബി എന്ന പദ്ധതി കേരളത്തിൽ ഉണ്ടാകേണ്ടിവന്നുവെന്നത് അഭിമാനപൂർവ്വം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതിൽ ഒരു പദ്ധതിയുടെ സ്ഥലമെടുപ്പ് പൂർത്തിയായി, ടെണ്ടർ നടപടികളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ആയിരം ദിനങ്ങൾക്കുള്ളിൽ കിഫ്ബി പദ്ധതിയിലൂടെതന്നെ 42,363 കോടി രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. 533 സ്വപ്നപദ്ധതികളാണ് പ്രവൃത്തിപഥത്തിൽ ഇതിനകം എത്തിയിട്ടുള്ളത്. അൻപതിനായിരം കോടി രൂപയുടെ പദ്ധതികൾ അഞ്ച് വർഷംകൊണ്ട് നടപ്പിലാക്കാനാണ് നാം ലക്ഷ്യമിട്ടത്. ആയിരംദിനം കൊണ്ടുതന്നെ ലക്ഷ്യത്തിനോടടുത്തെത്താൻ കഴിഞ്ഞുവെന്നത് ഈ പദ്ധതിയുടെ ഏറ്റവും മികച്ച നേട്ടമായി നമുക്ക് എടുത്തുകാണിക്കാൻ കഴിയുന്ന കാര്യമാണ്. ആധുനിക ചികിത്സയ്ക്ക് കിഫ്ബിയിൽ നിന്നും 2832.62 കോടി രൂപയുടെ പദ്ധതികൾക്കാണ് ഇതിനകം അംഗീകാരം നൽകിയത്. അടിസ്ഥാന സൗകര്യ വികസനത്തിനായി 1614.42 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ പരിചരണ മേഖലയിൽ മികച്ച മുന്നേറ്റമാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പത്ത് കാത്ത് ലാബുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ എന്നിവയ്ക്കായി 80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 44 പുതിയ ഡയാലിസിസ് സെന്ററുകൾ 69 കോടി രൂപ മുടക്കി പ്രവൃത്തിപഥത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. കൊച്ചി കാൻസർ സെന്ററിന് 384 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മലബാർ കാൻസർ സെന്ററിന് 170 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഓഖി പുനരധിവാസ പ്രവർത്തനങ്ങൾക്ക് 3800 കോടി രൂപയുടെ പദ്ധതികൾ ഇതിനകംതന്നെ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. ഓഖി ദുരന്തവുമായി ബന്ധപ്പെട്ട വിഷയം ചൂണ്ടിക്കാണിക്കുമ്പോൾ മറ്റ് ചില കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കടൽക്ഷോഭംമൂലം നമ്മുടെ തീരപ്രദേശം

അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. കടൽഭിത്തിയുടെ പുനർനിർമ്മാണം, പുലിമുട്ടുകളുടെ നിർമ്മാണം തുടങ്ങിയവയിലൊന്നും വേണ്ടത്ര തുക വകയിരുത്താൻ കഴിയാത്തതുമൂലം എത്രയോ കാലമായി കടൽക്ഷോഭത്തെ അതിജീവിക്കാനുള്ള പ്രവർത്തനങ്ങൾ നമുക്ക് മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല. അതിന് ഒരു പ്രത്യേക പരിഗണന നൽകി കൂടുതൽ പണം നീക്കിവയ്ക്കുന്നതിനുള്ള ഒരു സമീപനംകൂടി ഇത്തരുണത്തിൽ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ ഇന്ന് കുടിവെള്ളത്തിന്റെ വിഷയം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ വർഷവും നമുക്ക് മഴ ലഭിച്ചില്ല. കുടിവെള്ള പ്രശ്നം കൂടുതൽ വഷളാകാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ടുതന്നെ കുടിവെള്ളം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിന് മതിയായ പണം കണ്ടെത്താൻ നമുക്ക് സാധ്യമാകണം. ഇന്നലെകളിൽ നിന്നും വ്യത്യസ്തമായ ഒരു സമീപനം അക്കാര്യത്തിൽ സ്വീകരിക്കാനുള്ള സന്നദ്ധത ഉണ്ടാകണമെന്ന് ഞാൻ ഇത്തരുണത്തിൽ അഭ്യർത്ഥിക്കുകയാണ്. കേരളം അതിരൂക്ഷമായ പ്രയാസങ്ങളെയും പ്രതിസന്ധികളെയും നേരിടുന്നു. പ്രളയക്കെടുതി അതിനെ കൂടുതൽ രൂക്ഷമാക്കി. ആ പ്രളയത്തിൽ നിന്നും ഈ നാടിനെ സംരക്ഷിക്കാൻ, നമ്മുടെ നാടിന്റെ പുനരധിവാസവും പുനർനിർമ്മാണവും ഉറപ്പാക്കാൻ കേന്ദ്രത്തിൽ നിന്നും മതിയായ സഹായം ലഭിച്ചിട്ടില്ല എന്നുള്ളത് ഏവരും അംഗീകരിക്കുന്ന കാര്യമാണ്. ഇപ്പോൾ ആൾക്കൂട്ടകൊലപാതകത്തിനെതിരെ സഭ പ്രകടിപ്പിച്ച വികാരം ഈ നാടിന്റെ പൊതുവായ താത്പര്യങ്ങൾ സംരക്ഷിക്കാൻ എവിടെയും പ്രതിഫലിപ്പിക്കേണ്ടതല്ലേ? നിർഭാഗ്യവശാൽ രാഷ്ട്രീയ തിമിരം ബാധിച്ച പ്രതിപക്ഷ ബെഞ്ചുകൾക്ക് അത് കഴിയുന്നില്ല. പലപ്പോഴും കേന്ദ്ര നിലപാടുകളെ സാധൂകരിക്കാൻ ഇടയാക്കുന്ന തരത്തിലുള്ള വാദമുഖങ്ങൾ ഇവരുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നു വെന്നത് കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കുന്നതിനായി ഈ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങളെ തടയുന്നതാണെന്ന കാര്യം ദയവായി മനസ്സിലാക്കാൻ അവർ തയ്യാറാകണം. നമ്മുടെ രാജ്യം അപകടകരമായ ഒരു അവസ്ഥയിലൂടെയാണ് ഇന്ന് മുന്നോട്ടുപോകുന്നത്. ഇന്ത്യയെ ഒന്നാക്കിനിർത്താൻ പ്രേരകമാകുന്ന മതേതര ചിന്തകൾ ഇവിടെ കടപുഴകിക്കൊണ്ടിരിക്കുകയാണ്. മതേതരത്വത്തെ തകർക്കാനും വർഗ്ഗീയതയെ ആളിക്കത്തിക്കാനും ഭരണാധികാരികൾ തന്നെ തയ്യാറായി രംഗത്ത് നിൽക്കുമ്പോൾ അതിന്റെ ആപത്ത് മനസ്സിലാക്കിക്കൊണ്ട് മതേതര ചിന്താഗതിക്കാരെയും മതേതരവിശ്വാസികളെയും കൂട്ടിയോജിപ്പിച്ച് അതിനെ പ്രതിരോധിക്കാൻ ബാദ്ധ്യതപ്പെട്ട ഇന്ത്യയിലെ പ്രധാന പ്രതിപക്ഷ കക്ഷിയാണ് കോൺഗ്രസ് എന്നത് അവർതന്നെ സമ്മതിക്കുന്ന വസ്തുതയാണ്. പക്ഷേ ഇന്ന് കപ്പിത്താനില്ലാത്ത അവസ്ഥയിൽ ആ പ്രസ്ഥാനം ചെന്നുപെട്ടിരിക്കുകയാണ്. ഇതുകാരണം ജനങ്ങളിൽ ഭീതിയുണർത്തുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അവർക്ക് അതിന് പരിഹാരം കാണാൻ കഴിയുന്നില്ല. ജനങ്ങൾക്ക് വിശ്വാസമുള്ള, പൊതു

അംഗീകാരമുള്ള ഒരു നേതാവിനെ കണ്ടെത്താൻപോലും കഴിയാത്ത ഗതികേടിലാണ് ഇന്ന് കോൺഗ്രസ് അകപ്പെട്ടിരിക്കുന്നുവെന്നത് അവരിൽ ഒരു ഉത്കണ്ഠയും ഉണ്ടാക്കുന്നില്ല എന്നത് നിർഭാഗ്യകരമായ കാര്യമാണ് എന്നുകൂടി ഈ അവസരത്തിൽ ചൂണ്ടി കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയുടെ മതേതരത്വം കാത്തു സൂക്ഷിക്കാനും ജനങ്ങളുടെ ഐക്യം സംരക്ഷിക്കാനും തീർച്ചയായും കോൺഗ്രസ് എന്ന പ്രസ്ഥാനം ഒരു പുനരാലോചനയ്ക്ക് വിധേയമാകേണ്ടതുണ്ട്. ജനവിശ്വാസം വീണ്ടെടുക്കാൻ കഴിയുന്ന തരത്തിലുള്ള നിലപാടുകൾ സ്വീകരിക്കാൻ അവർ തയ്യാറാകേണ്ടതുണ്ടെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ബില്ലിനെ ഒരിക്കൽ കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, ലോകത്ത് മുഴുവൻ പോപ്പുലിസ്റ്റ് ഭരണകൂടങ്ങൾ അധികാരമേറ്റെടുത്തുകൊണ്ടിരിക്കുകയും ലിബറൽ ഡെമോക്രസി പൂർണ്ണമായും പാർശ്വവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരു കാലത്താണ് നമ്മൾ ഈ ധനവിനിയോഗ ബിൽ ഇവിടെ ചർച്ച ചെയ്യുന്നത്. ഒരു കമ്മ്യൂണിസ്റ്റ് ഭരണകൂടം എന്ന് വിശേഷിപ്പിക്കുമ്പോഴും അതിൽനിന്നും വളരെ അകന്ന് സഞ്ചരിക്കുന്ന ഒരു പോപ്പുലിസ്റ്റ് ചിന്താഗതി എങ്ങനെയോ മനസ്സിലേയ്ക്ക് കടന്നുവന്നിരിക്കുന്ന ഒരു സാഹചര്യം കേരളത്തിലും ഉണ്ടായിരിക്കുന്നുവെന്ന ദൗർഭാഗ്യകരമായ അവസ്ഥ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. പോപ്പുലിസ്റ്റ് ഭരണമാണ് യഥാർത്ഥത്തിൽ അമേരിക്കയിൽ ട്രംപ് കാഴ്ചവയ്ക്കുന്നത്. ആത്മാരാധനയാണ് അതിന്റെ ഒരു സവിശേഷത. ആത്മാരാധന തന്നെയാണ് ഇന്ത്യയിൽ ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയും പ്രയോഗിക്കുന്നത്. ആത്മാരാധനയിലൂടെ പോപ്പുലറായിട്ടുള്ള കുറേ പദ്ധതികൾ പ്രഖ്യാപിക്കുമെന്നതല്ലാതെ ജനങ്ങളുമായി യാതൊരു ആഭിമുഖ്യവുമില്ലാതെ, എല്ലാ ജനാധിപത്യ വ്യവസ്ഥിതികളേയും തട്ടിതരിപ്പണമാക്കിക്കൊണ്ട് മുന്നോട്ടുപോകുന്ന ഒരു സ്ഥിതിവിശേഷം ഇന്ത്യയിൽ ഉണ്ടായിരിക്കുന്നു. അതാണ് പല കാര്യങ്ങളിലും അവർക്ക് നിലപാടെടുക്കാൻ സാധിക്കാതെ വരുന്നത്. ആൾക്കൂട്ടകൊലപാതകത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിനെ അപലപിക്കുമ്പോഴും അതിനെതിരെ ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഒരിക്കലും ശ്രീ. നരേന്ദ്ര മോദി ശ്രമിക്കുന്നില്ല. കാരണം, അദ്ദേഹം അധികാരത്തിൽ വന്നതുതന്നെ പിങ്ക് റെവല്യൂഷൻ എന്ന തന്റെ കുപ്രസിദ്ധമായ പ്രസംഗത്തിലൂടെയാണ്. പിങ്ക് റെവല്യൂഷനെന്ന് പറഞ്ഞാൽ, മാംസഭുക്കുകൾക്കുമാത്രം ജീവിക്കാനുള്ളൊരു രാഷ്ട്രമായി ഇന്ത്യയെ മാറ്റാനുള്ള ശ്രമമാണ് കോൺഗ്രസ്സ് അടക്കം ചെയ്യുന്നതെന്ന് പറഞ്ഞുകൊണ്ടാണ് ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നത്. ഇവിടെ കോൺഗ്രസ്സിനെതിരെ സംസാരിക്കുന്നു. പക്ഷെ ഇത് കോൺഗ്രസ്സിനെ ദുർബല പ്പെടുത്തേണ്ട സമയമാണോ എന്നാണ് നമ്മൾ ആലോചിക്കേണ്ടത്. കോൺഗ്രസ്സിന് ബദലായി കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് വരാൻ സാധിക്കുമോ; ഇന്ത്യയിൽ നിങ്ങൾ പലതരത്തിലും അതിനുവേണ്ടി പരിശ്രമിച്ചില്ലേ; കൂടുതൽ ശിഥിലമാകുകയെന്നല്ലാതെ,

നിങ്ങളുടെ പ്രത്യയശാസ്ത്രംതന്നെ തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ഒരു സ്ഥിതി വിശേഷത്തിൽ, എങ്ങനെയാണ് കോൺഗ്രസ്സിന് ബദലായൊരു സംവിധാനത്തിലൂടെ നിങ്ങൾക്ക് ബി.ജെ.പി.-യിൽ നിന്നും ഇന്ത്യയെ മോചിപ്പിക്കാൻ സാധിക്കുക? എം. എൻ. വിജയൻ സാർ പറഞ്ഞിട്ടുള്ള വാക്കുകൾ ഇങ്ങനെയാണ്, 'ബുദ്ധനാണെങ്കിലും വിഷം കലർന്ന ഭക്ഷണം കഴിച്ചാൽ മരിക്കും. അതുകൊണ്ട് ഒരു ആശയം എപ്പോൾ നമ്മുടെ ജീവിതത്തിന് തടസ്സമായി തീരുന്നുവോ, അപ്പോൾ ആ ആശയം വലിച്ചെറിയുകയാണ് വേണ്ടത്. മനുഷ്യവർഗ്ഗത്തെ യോജിപ്പിക്കുന്ന ഒരു ആശയം മനുഷ്യവർഗ്ഗത്തെ ഭിന്നിപ്പിക്കുന്ന ആശയമായി തീരുമ്പോൾ അതിനെ വലിച്ചെറിയേണ്ടി വരും' എന്നാണ്. അത് സത്യത്തിൽ മാർക്സിസ്റ്റ് പാർട്ടിക്കുള്ള പാഠമായിട്ടാണ് എം. എൻ. വിജയൻ മുന്നോട്ടുവച്ചിട്ടുള്ളത്. ശബരിമല വിഷയത്തിലൂടെ കേരളത്തിലെ മനുഷ്യരെ ഭിന്നിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. മതം എന്നു പറയുന്നതിനോടൊപ്പം നിങ്ങൾ നിൽക്കുന്നുവെന്നും മതവികാരത്തെ മാനിക്കുന്നുവെന്നും പറയുമ്പോഴും ഒരു മതനിഷേധ നിലപാടാണ് എടുത്തിട്ടുള്ളത്. പോപ്പുലിസ്റ്റ് ഗവൺമെന്റിനെ പിൻപറ്റികൊണ്ട് കേരളത്തിലും ആ വിഷയത്തിൽ ജനങ്ങൾക്ക് മുന്നിൽ ഞങ്ങൾ നവോത്ഥാന നായകരാണെന്ന് കാണിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമമായിരുന്നു നിങ്ങൾ അവിടെ നടത്തിയിട്ടുള്ളത്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ശബരിമല വിഷയത്തെ ആസ്പദമാക്കി യു.ഡി.എഫ്.-ഉം ബി.ജെ.പി-യും ശക്തമായ സമരങ്ങളൊക്കെ നമ്മുടെ നാട്ടിൽ നടത്തി. നിയമനിർമ്മാണം നടത്തുമെന്ന് പ്രഖ്യാപിച്ചവർ ഇന്നലെ പാർലമെന്റിൽ പറഞ്ഞത്, പ്രസ്തുത വിഷയം ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ളതുകൊണ്ട് അത് സബ്ജുഡീസ് ആകുമെന്നാണല്ലോ; അപ്പോൾ ഇതുവരെ പറഞ്ഞ കാര്യങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണത്തിനുവേണ്ടി മാത്രമുള്ളതാണെന്ന് വ്യക്തമാകുകയാണ്. അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം പറയുമോ?

<u>ഡോ. എം. കെ. മുനീർ</u>: സർ, അവിടെ സ്വകാര്യ ബിൽ കൊണ്ടു വന്നതാരാണ്; ഐക്യജനാധിപത്യ മുന്നണിയുടെ എം.പി. ആയ ശ്രീ. എൻ. കെ. പ്രേമചന്ദ്രനാണ് ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ ബിൽ പാർലമെന്റിൽ കൊണ്ടു വന്നത്. നിങ്ങൾക്കവിടെ അവസരമുണ്ടായിരുന്നല്ലോ; എന്തുകൊണ്ട് അവിടെ സ്വകാര്യ ബിൽ കൊണ്ടുവരാൻ നിങ്ങളുടെ ഏക അംഗത്തിന് സാധിച്ചില്ല? യഥാർത്ഥത്തിൽ പറയുകയും പറയുന്നതിന് വിരുദ്ധമായി നിൽക്കുകയും ചെയ്യുന്നത് ആരാണെന്ന് നിങ്ങൾ പരിശോധിക്കുക. ഇപ്പോൾതന്നെ കുറച്ചാളുകളെ മാത്രം മുസ്ലീം ലീഗ് എന്നുപറയുന്ന പ്രസ്ഥാനത്തിന്റെ തലയിൽ കയറുന്നതിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്. പഴയൊരു സോവിയറ്റ് കമ്മ്യൂണിസ്റ്റ് സെൻട്രൽ കമ്മിറ്റിയുടെ എത്തിസ്റ്റ് അക്കാദമി, 1967-ഇറക്കിയിട്ടുള്ള ഒരു സർക്കുലർ എന്റെ ശ്രദ്ധയിലുണ്ട്.

ആ സർക്കുലറിൽ പറയുന്ന കാര്യം വളരെ ശ്രദ്ധാപൂർവ്വം നിങ്ങൾ കേൾക്കണം. അതിൽ പറയുന്നത്, 'മുസ്ലീങ്ങൾക്കിടയിൽ ആരായിരിക്കണം നിരീശ്വര പ്രചാരണം നടത്തേണ്ടത്, ആ സമുദായത്തിൽപ്പെട്ടവർ തന്നെയല്ലെങ്കിൽ അതത്ര ഫലപ്രദമാകില്ല കാരണം മറ്റുമതക്കാരാകുമ്പോൾ തങ്ങളുടെ മതത്തെ മാത്രമാണിവർ കുറ്റപ്പെടുത്തുന്നതെന്ന് കേട്ടിരിക്കുന്നവർക്ക് തെറ്റിദ്ധാരണയുണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് പ്രചാരകർ അതേസമുദായത്തിൽപ്പെട്ടവരും അവരുടെ ഭാഷ സംസാരിക്കുന്നവരുമായിരിക്കാൻ വേണ്ടി പ്രത്യേകം ശ്രദ്ധിക്കണം' എന്നാണ്. ഇതുതന്നെയാണ് കേരളത്തിൽ നമ്മൾ കാണുന്നത്. ചില ആളുകളെ എതിർക്കുന്നതിനുവേണ്ടി അതേവിഭാഗത്തിൽപ്പെടുന്നവരെ ആയുധമാക്കി മുന്നിൽ നിർത്തി, നിങ്ങൾ പഴയകാലത്തെ എത്തിസ്റ്റ് അക്കാദമിയുടെ ലഘുരേഖയിൽ പറഞ്ഞതുപോലെ, ലീഗിനെതിരെ ചില ആയുധങ്ങൾ അവിടെനിന്ന് എടുക്കുന്നുണ്ടെങ്കിൽ അത് ബൂമറാംഗ് പോലെ നിങ്ങൾക്കെതിരെതന്നെ തിരിച്ചുവരുമെന്ന് ഓർക്കുന്നത് നന്നായിരിക്കും. എവിടെ നിന്നൊക്കെയാണ് അവർ കുടിയേറിയതെന്ന് പരിശോധിക്കുക. 'സിമി'യിൽ അനാഥ രാഷ്ട്രീയത്തിന്റെ വക്താവായി നിന്നയാളെ എടുത്ത് പോറ്റിയത് ആദ്യം മുസ്ലീംലീഗാണ്. രണ്ടാനമ്മയാണ് ശരിക്കും മാർക്സിസ്റ്റ് പാർട്ടി. പോറ്റി വളർത്തിയ അമ്മയെ തള്ളിപറഞ്ഞിട്ടുള്ളവർക്ക്, രണ്ടാനമ്മയെ തള്ളിപറയാൻ അധികം സമയമൊന്നും എടുക്കില്ലായെന്നത് നിങ്ങൾ ഓർക്കുന്നത് നന്നായിരിക്കും. അതുകൊണ്ട് ഇത്തരത്തിലുള്ള ആളുകളെ ഉപയോഗിച്ച് ഞങ്ങളുടെ ചേരിയെ ദുർബലപ്പെടുത്താൻ ശ്രമിക്കുന്നതിനേക്കാൾ നല്ലത്, നിങ്ങളുടെ പ്രസ്ഥാനത്തിന് സംഭവിച്ചു കൊണ്ടിരിക്കുന്ന അപചയത്തെ കുറിച്ചോർത്ത് അതിനെ നന്നാക്കാനുള്ള പരിശ്രമം നടത്തുകയാണ് വേണ്ടത്.

ശ്രീ. മാത്യു ടി. തോമസ്: സർ, സി.പി.ഐ.(എം.)-ന്റെ എം.പി. ആയിരുന്ന ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയെ യു.ഡി.എഫ്.-ന്റെ എം.എൽ.എ. ആക്കിയതും അദേഹം ഇപ്പോൾ ബി.ജെ.പി.-ലേയ്ക്ക് പോയതിനെയുമാണോ അങ്ങ് ഉദ്ദേശിച്ചത്;

ഡോ. എം. കെ. മുനീർ: സർ, അതും ഇതുതന്നെയാണ്. അദ്ദേഹം എവിടെ നിന്നാണ് വന്നത്? ഇങ്ങനെയുള്ളവരെയൊക്കെ ഉത്പാദിപ്പിക്കുന്നത് നിങ്ങളാണ്. അതുകൊണ്ട് നിങ്ങൾ ഓർക്കേണ്ടത്, ഈ പറഞ്ഞ ആളും അവസാനം എവിടെ എത്തിച്ചേരുമെന്നത് പരിശോധിക്കുക. അതുകൊണ്ട് ഈ ആയുധമൊക്കെ വളരെ ശ്രദ്ധിച്ച് ഉപയോഗിക്കുന്നത് നന്നായിരിക്കും. അതേതായാലും ഞങ്ങളുടെ മേൽ കൊള്ളാൻപോകുന്നില്ലെന്ന് മാത്രമേ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. തലയിലുള്ളത് കക്ഷത്തുവച്ച് ആരുടെയും മുന്നിൽ ഓച്ഛാനിച്ച് നിൽക്കുന്ന പ്രസ്ഥാനമല്ല ഞങ്ങളുടേതെന്ന് ഓർമ്മപ്പെടുത്തുന്നു. ഞങ്ങൾ ഫാസിസത്തെ ശരിയായി വിശകലനം ചെയ്ത്, അതിലെന്താണ് അപകടം ചെയ്യുന്നതെന്ന് പുസ്തകത്തിൽ രേഖപ്പെടുത്തി നിങ്ങളുടെ മുന്നിൽ സമർപ്പിച്ചിട്ടുണ്ട്. അതൊന്ന് വായിച്ച് നോക്കുന്നത് നന്നായിരിക്കും.

അതുകൊണ്ട് ഫാസിസത്തെ നേരിടാൻ, നിങ്ങളിൽ നിന്ന് പാഠം പഠിക്കേണ്ട ഗതികേടൊന്നും ഞങ്ങൾക്കില്ല എന്നുമാത്രമെ ഇതുസംബന്ധിച്ച് ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ഡോ. എം. കെ. മുനീർ, പ്ലീസ് കൺക്ലൂഡ്. അങ്ങ് മൂന്ന് മിനിട്ട് സമയം കൂടുതലെടുത്തു.

ഡോ. എം. കെ. മുനീർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഞാൻ മൂന്ന് വർഷമായി കിഫ്ബി ഓഫീസിൽ കയറിയിറങ്ങി എന്റെ കാൽമുട്ട് തേഞ്ഞിട്ട് അതിനുവേണ്ടിയുള്ള ചികിത്സയിലാണ്. ഇപ്പോൾ ജില്ലാ ട്രഷറിയിൽ എത്തിയിരിക്കുന്ന പണം അവിടെനിന്ന് തരില്ലെന്ന് പറയുന്നു. അങ്ങ് 'കിഫ്ബി' 'കിഫ്ബി' എന്നുപറയുമ്പോൾ എനിക്ക് ഞെട്ടലാണ്. കാരണം ബഡ്ജറ്റിലുണ്ടായിരുന്ന ഒരു പ്രവൃത്തിയായിരുന്നു. അതിനെ കിഫ്ബിയിൽ ഇട്ടതോടുകൂടി ടെണ്ടർ സ്റ്റേജിലുള്ളൊരു പ്രവൃത്തി ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുന്നു. പുതിയപാലം പ്രദേശത്തുള്ള എല്ലാ രാഷ്ട്രീയക്കാരുടെയും സ്വപ്നം സാക്ഷാത്ക്കരിക്കാൻ അങ്ങ് എല്ലാ ട്രഷറികൾക്കും നിർദ്ദേശം കൊടുത്തശേഷം കിഫ്ബിയെക്കുറിച്ച് പ്രസംഗിക്കാൻ തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഈ പാപ്പരായ ഗവൺമെന്റിനുവേണ്ടി പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രികൊണ്ടുവന്ന ധനവിനിയോഗ ബില്ലാണിത്. ഒന്നുമില്ല കയ്യിൽ, പാപ്പരാണ്. പ്രത്യേകിച്ച്, കിഫ്ബികൂടി ഇല്ലെങ്കിൽ പിന്നെ ഭരണമുണ്ടോ? എങ്ങനെ ഭരിക്കാൻ കഴിയും; പാപ്പരായ ഒരു ഗവൺമെന്റിനെ കൊണ്ടുനടക്കുന്ന ഞാണിന്മേൽ കളിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളം കണ്ടതിൽ വച്ച് ഏറ്റവും നല്ല ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്ന് ഞാൻ പറഞ്ഞത് വെറുതെയല്ല. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രി അല്ലായിരുന്നുവെങ്കിൽ ഈ ഗവൺമെന്റ് പൂട്ടിക്കെട്ടിപോയേനേ. ഡോ. ടി. എം. തോമസ് ഐസക്കിനോട് എനിക്ക് ഒരുകാര്യം പറയാനുണ്ട്. അങ്ങയുടെ കയ്യിൽ ധനകാര്യവും കയറും വകുപ്പുണ്ട്. കയറും ധനകാര്യവും വകുപ്പുംകൂടി വേണ്ട. കയർ വകുപ്പ് ശ്രീ. കെ. കൃഷ്ണൻകുട്ടിക്കോ മറ്റാർക്കെങ്കിലുമോ കൊടുത്തേക്കൂ. കാരണം കയറും കണ്ടുകൊണ്ട് അങ്ങ് വല്ല ഗസ്റ്റ്ഹൗസിലും ബഡ്ജറ്റ് തയ്യാറാക്കാനിരുന്നാൽ സ്വയം കയറിൽ കേറി പോകുന്ന ഗതിയാകും. അതുകൊണ്ട് അത് മാറ്റണമെന്നാണ് എന്റെ അഭിപ്രായം.

കിഫ്ബിക്ക് ഞാൻ അനുകൂലമാണ്. എന്തെങ്കിലും കാണിച്ച് എവിടെ നിന്നെങ്കിലും പത്തുരൂപ ചക്രം കൊണ്ടുവന്ന് ഈ രാജ്യത്ത് കുറച്ച് വികസനപ്രവർത്തനം നടത്തുമ്പോൾ ആ കിഫ്ബിയെ കുറ്റപ്പെടുത്തുന്ന നടപടിയോട് എനിക്ക് അനുഭാവമില്ല.

പക്ഷെ കാരുണ്യ പദ്ധതിയിൽ ഇപ്പോൾ ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച കാര്യങ്ങൾ മോശമെന്ന് ഞാൻ പറയില്ല. പക്ഷെ കാരുണ്യ പദ്ധതി ബഹുമാനപ്പെട്ട കെ. എം. മാണി പ്രഖ്യാപിച്ചതാണ്. ആ കാരുണ്യ പദ്ധതിയുടെ തുക രണ്ട് ലക്ഷം രൂപ എന്നുള്ളതാണ് പ്രശ്നം. അതിന്റെ തുക അഞ്ച് ലക്ഷം രൂപയാക്കി ഉയർത്തികൊണ്ട് ആ പദ്ധതി അതേരീതിയിൽത്തന്നെ തുടരുകയാണെങ്കിൽ ഒരു കുഴപ്പവുമില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ഡോ. ടി. എം. തോമസ് ഐസക് ഇക്കാര്യത്തിൽ പുനർചിന്തനം നടത്തണമെന്നാണ് എന്റെ അഭിപ്രായം. തീർച്ചയായിട്ടും ആ നിലയിൽ മുമ്പോട്ട് പോയാൽ, ഒരു ചർച്ചയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തിയാൽ ഗുണകരമാകും എന്നുള്ള അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുകയാണ്. ഇന്നലെ ഞാൻ 2 മിനിറ്റ് സമയം മുസ്ലീം ലീഗിന്റെ ശ്രീ. എൻ. ഷംസുദ്ദീന് കൊടുത്തതിന് ഇവിടെ വലിയ തർക്കമാണ്. എന്റെ ഇഷ്ടപ്രകാരം എനിക്ക് അനുവദിച്ചു കിട്ടിയിരിക്കുന്ന സമയം, ബി.ജെ.പി.-യുടെ അല്ല, പി. സി. ജോർജായ ഞാൻ കൊടുത്തതാണ്. ആ സമയം ഉപയോഗിച്ച് പ്രസംഗിച്ച ശ്രീ. എൻ. ഷംസുദ്ദീന് ഒരു കുഴപ്പവുമില്ല, ഞാനത് അനുവദിച്ചുകൊടുത്തതാണ്. ആരും അതിന്മേൽ കരയേണ്ട. നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങൾക്കും തരാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബി.ജെ.പി. എം.എൽ.എ.-യായിട്ടുള്ള ശ്രീ. ഒ. രാജഗോപാലിന്റെ സമയവും എൻ.ഡി.എ.-യിൽ ചേർന്നിട്ടുള്ള അങ്ങയുടെ സമയവും മുസ്ലീം ലീഗിന്റെ അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉപയോഗിച്ചതിനെയാണ് ഞങ്ങൾ വിമർശിച്ചത്.

ശ്രീ. പി. സി. ജോർജ്: ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. ഞാൻ ഈ സഭയിൽ വന്നപ്പോൾ എൻ.ഡി.എ.-യിൽ ചേർന്നിട്ടില്ലായിരുന്നു, പരിപൂർണ്ണ സ്വതന്ത്രനായിരുന്നു. സ്വാഭാവികമായും ഈ സഭയിൽ വന്നപ്പോൾ ഞാനും ശ്രീ. ഒ. രാജഗോപാലും ഒറ്റയ്ക്ക് വന്നിരിക്കുന്നു. ഞാൻ ശ്രീ. കോവൂർ കുഞ്ഞുമോനെ വിളിച്ചപ്പോൾ അദ്ദേഹം ഞങ്ങളുടെകൂടെ കൂടിയില്ല. അല്ലെങ്കിൽ കൂട്ടിയേനെ. ഞാൻ ശ്രീ. ഒ. രാജഗോപാലിന്റെ സമയം കൂടി എടുത്തു. അപ്പോൾ രണ്ട് മിനിറ്റ് എനിക്കുണ്ടായിരുന്നു. ആ രണ്ട് മിനിറ്റ് എനിക്ക് ഇഷ്ടമുള്ളവർക്ക് ഞാൻ കൊടുക്കും. ഞാനാണ് എഴുതികൊടുക്കുന്നത്. നിങ്ങൾ സങ്കടപ്പെടേണ്ട, ആർക്കുവേണമെങ്കിലും, എന്നോട് ചോദിച്ചാൽ മതി, ഞാൻ തരാം. നിങ്ങൾ അതിനെക്കുറിച്ച് ഒരു വഴക്കുണ്ടാക്കേണ്ട കാര്യമില്ല.

ശ്രീ. എം. സ്വരാജ്: സത്യത്തിൽ ഇപ്പോൾ ബഹുമാനപ്പെട്ട അംഗത്തിന്റെ പാർട്ടിയേതാണ്?

ശ്രീ. പി. സി. ജോർജ്: എന്റെ പാർട്ടി കേരള ജനപക്ഷം(സെക്യുലർ). ഒരു മാറ്റവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ഡോ. എൻ. ജയരാജ്: അങ്ങ് കേരള കോൺഗ്രസ്സിലേയ്ക്ക് മടങ്ങും എന്നു പറയുന്നത് ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്... കൺക്ലൂഡ്.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ നിർത്തുകയാണ്. ഡോ. എൻ. ജയരാജ് ചോദിച്ച, കേരള കോൺഗ്രസ് ആണോയെന്ന്; ആ ഒരു ചോദ്യത്തിന് കൂടി ഉത്തരം പറഞ്ഞോട്ടെ. കേരള കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ഒരു പാർട്ടിയല്ല. പതിനാറ് പാർട്ടികൾ ചേരുന്നതാണത്. വളരുന്തോറും പിളരും പിളരുന്തോറും വളരും. അതെല്ലാം ഒന്നിക്കുന്ന സാഹചര്യമുണ്ടാക്കി ഒരുമിച്ച് പോകാൻ തയ്യാറായിട്ട് ഡോ. എൻ. ജയരാജും ശ്രീ. പി. ജെ. ജോസഫുമെല്ലാം ഒന്നിച്ച് വന്നാൽ അപ്പോൾ മടങ്ങിവരുന്നതിനെക്കുറിച്ച് പി. സി. ജോർജ് ആലോചിക്കാം.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. ഈ സഭയിൽ എൽ.ഡി.എഫ്. അംഗങ്ങളും യു.ഡി.എഫ്. അംഗങ്ങളുമുണ്ട്. എൽ.ഡി.എഫ്.-ൽ പ്രവർത്തിച്ച് യു.ഡി.എഫ്.-ൽ വന്നവരും യു.ഡി.എഫ്.-ൽ പ്രവർത്തിച്ച് എൽ.ഡി.എഫ്.-ൽ പോയവരുമൊക്കെയുണ്ടാകാം. പക്ഷേ എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലും ബി.ജെ.പി. മുന്നണിയിലും ഒരുപോലെ പ്രവർത്തിക്കാൻ കഴിഞ്ഞ ഒരംഗമായി ഈ സഭയിൽ ബഹുമാനപ്പെട്ട പി. സി. ജോർജ് മാത്രമാണുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ഒരു ചോദ്യം എനിക്ക് ചോദിക്കാനുണ്ട്. ഞാൻ സ്ഥിരമായി കാറിൽ യാത്രചെയ്യാറുള്ള ആളാണ്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഞാൻ കാറിൽ യാത്ര ചെയ്യാറുണ്ട്. എല്ലാ സ്ഥലത്തും ടൗണിൽ കുറച്ച് തടസ്സങ്ങളൊക്കെയുണ്ടാകും. ശ്രീ. മാത്യു ടി. തോമസിന്റെ നിയോജക മണ്ഡലമായ തിരുവല്ലയിൽ കൂടി പോകുമ്പോൾ അരമണിക്കൂർ ബ്ലോക്കാണ്. അക്കാര്യം പരിഹരിക്കണം.

ശ്രീ. മാത്യു ടി. തോമസ്: അത് ഉടനെ പരിഹരിക്കും. അവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വന്ന ബൈപ്പാസിന്റെ പണി പുരോഗമിക്കുകയാണ്. കയറും ധനകാര്യ വകുപ്പും ഒരുമിച്ച് നടത്തിക്കൊണ്ടുപോകുന്നതിൽ ഒരപകടവും ഉണ്ടാകാൻ പോകുന്നില്ല. കയർ ഇടുന്നതിനേക്കാളും വലിയ കുടുക്കിൽ ചെന്നു പെട്ടതുകൊണ്ടാണ് അങ്ങനെയൊക്കെ തോന്നിപ്പോകുന്നത്. മേയ് മാസം 27-ന് ആരംഭിച്ച സഭയാണ് ഇന്ന് അവസാനിക്കുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കുന്ന സമ്മേളനത്തിന് സാധാരണ നമ്മൾ മൺസൂൺ സമ്മേളനം എന്നാണ് പറയുന്നത്.

കോരിച്ചൊരിയുന്ന മഴയത്താണ് ഈ സമ്മേളനം നടക്കേണ്ടത്. പക്ഷേ ഇതുവരെ മഴ കിട്ടിയിട്ടില്ല. കഴിഞ്ഞ വർഷം മഹാപ്രളയമായിരുന്നു. അതിന്റെ തലേവർഷം വലിയ വരൾച്ചയായിരുന്നു. ഈ വർഷം മഴയില്ലെങ്കിൽ അടുത്ത വർഷം നാം എങ്ങനെയാണ് ഈ നാടിനെ മുന്നോട്ട് നയിക്കുകയെന്ന വലിയ പ്രശ്നം നമ്മുടെ മുന്നിലുണ്ട്. 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്' എന്ന അവസ്ഥയാണ്. ഒന്നുകിൽ മഴയില്ല അല്ലെങ്കിൽ മഹാപ്രളയം. പരമ്പരാഗത വികസന ദർശനത്തിന്റെ അടിസ്ഥാനത്തിൽ വികസനത്തിന്റെ ഓരോ നാമ്പിലും നാം നാശത്തിന്റെ വിത്ത് പാകുകയാണ്. അതിന് വ്യത്യസ്തമായി നീർത്തടാധിഷ്ഠിതമായ വികസനവും മലകൾ, പ്രകൃതി ഇവയെല്ലാം നിലനിർത്തിക്കൊണ്ട് എങ്ങനെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ഗൗരവമായ വിഷയം നമ്മൾ ചർച്ച ചെയ്യേണ്ടിയിരിക്കുന്നുവെന്നാണ് എനിക്ക് ഈ സഭയുടെ മുന്നിൽ വയ്ക്കാനുള്ള ഒരു നിർദ്ദേശം. അതുകൊണ്ട് നാം എന്നും സ്വീകരിച്ചുവരുന്ന പരമ്പരാഗത മാർഗ്ഗങ്ങളിൽനിന്നും എന്തെങ്കിലും വ്യതിചലനം ആവശ്യമുണ്ടോയെന്ന് മനസ്സുതുറന്ന് ആലോചിക്കേണ്ട നിർണ്ണായക ഘട്ടത്തിൽ നമ്മുടെ നാട് എത്തി നിൽക്കുന്നു. ആ വിഷയം വിസ്മരിക്കരുത് എന്നുമാത്രം ഞാൻ ഇത്തരുണത്തിൽ ഓർമ്മിപ്പിക്കുകയാണ്. മഹാപ്രളയത്തിനും അതിനുമുൻപുള്ള വരൾച്ചയ്ക്കും, ഓഖി ദുരന്തത്തിനും ശേഷമുള്ള അതിജീവനത്തിന്റെ നാളുകളിൽ ഏറ്റവും ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞൊരു ഗവൺമെന്റാണിത്. ആ ഗവൺമെന്റിന് വരുംനാളുകളിലും ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിയട്ടെയെന്ന് മാത്രം ആശംസിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുകയാണ്. ഗവൺമെന്റിനെതിരെ ഒട്ടനവധി ആക്ഷേപങ്ങളാണ് പ്രതിപക്ഷം ഇപ്പോൾ ഉന്നയിക്കുന്നത്. ഒപ്പം രാഷ്ട്രീയപരമായ കാര്യങ്ങൾ അതിശക്തിയായാണ് ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞത്. ഈ ഗവൺമെന്റ് ആയിരം ദിവസങ്ങൾ പൂർത്തിയാക്കിയപ്പോൾ ഒരു ലക്ഷം പേർക്കാണ് നിയമനം ലഭിച്ചത്. അതുപോലെതന്നെ ഒരു കാലഘട്ടത്തിലും ഇല്ലാത്ത അളവിലാണ് വിദ്യാഭ്യാസ രംഗത്ത് കുതിച്ചുചാട്ടം നടത്താൻ സാധിച്ചത്. ഇന്ന് രാവിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി 'എങ്ങനെയാണ് വിദ്യാഭ്യാസം' എന്നുള്ളതിനെ സംബന്ധിച്ച് വളരെ വ്യക്തമായി ഒരു ക്ലാസ്സിലൂടെ എല്ലാവരെയും ബോധ്യപ്പെടുത്തുകയുണ്ടായി. അത് സാധാരണഗതിയിൽ എല്ലാവർക്കും ബോധ്യപ്പെട്ട ഒരു വിഷയമായിരുന്നു. 12,620 കോടി രൂപയിൽനിന്നും 19,226 കോടി രൂപയിലേയ്ക്ക് ഹൈടെക് സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഓരോ വകുപ്പുകളിൽനിന്നും ആനുകൂല്യങ്ങളും പദ്ധതികളും കിട്ടാത്ത ഒരൊറ്റ എം.എൽ.എ. പോലും ഉണ്ടാകാനിടയില്ലെന്നുള്ളത് വസ്തുതയാണ്. അതാത് വകുപ്പുമന്ത്രിമാരുടെ

ഇടപെടലുകൾകൊണ്ട് നടത്തിയിട്ടുള്ള ഒട്ടനവധി ക്ഷേമ പദ്ധതികൾ ഈ നിയമസഭയിലെ എല്ലാ എം.എൽ.എ.-മാർക്കും ലഭിച്ചിട്ടുണ്ടെന്നുള്ളത് അനുഭവത്തിലൂടെ അറിയുന്നവരാണ് ഇവിടെയുള്ള എല്ലാവരും. എന്നാൽ പ്രതിപക്ഷത്തിരിക്കുമ്പോൾ ചില ആക്ഷേപങ്ങൾ ഉന്നയിക്കണമെന്ന് ഉദ്ദേശിച്ചുകൊണ്ടാണ് അവർ ഇതൊക്കെ പറയുന്നത്. ഇവിടെ ഡോ. എം. കെ. മുനീർ ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞു. ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രമേയം കൊണ്ടുവരികയും എല്ലാവരും അനുകൂലിക്കുകയും പാസ്സാക്കുകയും ചെയ്തിട്ടുള്ള ആ പ്രമേയത്തിന്റെ പ്രസക്തമായ വിഷയത്തെ സംബന്ധിച്ച് ഡോ. എം. കെ. മുനീർ ചിന്തിച്ചാൽ മതിയാകും. ഇന്ന് മുസ്ലീം ലീഗിന്റെ നേതാക്കന്മാരും എം.എൽ.എ.-മാരും കേരളത്തിൽ ഇപ്പോഴും പേടികൂടാതെ കടന്നുപോകുന്നത് ഇടതുപക്ഷം കേരളത്തിലുള്ളതുകൊണ്ട് മാത്രമാണ്. ഉത്തർപ്രദേശിൽ എന്താണ് മുസ്ലീം സമുദായത്തിന്റെ സ്ഥിതി? എവിടെയെങ്കിലും മുസ്ലീം സഹോദരന്മാരെ സഹായിക്കുന്ന തരത്തിലുള്ള പ്രസ്താവനയോ, മന്ത്രിമാരുടെ ഇടപെടലോ സമീപനമോ കോൺഗ്രസ്സ് എടുത്തിട്ടുണ്ടോ? കോൺഗ്രസ്സ് പാർട്ടിയെ മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷവും കൂടിയാണ് ഇല്ലാതാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങൾ സ്വയം ഇല്ലാതാകാൻ കോൺഗ്രസ്സിന്റെ നേതാക്കന്മാർ തന്നെയാണ് കാരണമെന്ന് ശ്രീ. രാഹുൽ ഗാന്ധി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

2.00 P.M.]

## XI അറിയിപ്പ്

ചട്ടം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ....ഓർഡർ... ചട്ടപ്രകാരം ധനവിനിയോഗ ബിൽ 2.00 മണിക്ക് വോട്ടിന് ഇടേണ്ടതുണ്ട്. എന്നാൽ ചർച്ച പൂർത്തിയാകാത്ത സാഹചര്യത്തിൽ സഭയുടെ അനുമതിയോടുകൂടി ചർച്ച തുടരുന്നു.

### നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. എസ്. രാജേന്ദ്രൻ (തുടർച്ച): സർ, കോൺഗ്രസ്സുതന്നെ ഇല്ലാതാകാൻ പോകുന്ന ഒരു സാഹചര്യത്തിലാണ് അവർ ഈ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതെന്നുള്ളത് ഡോ. എം. കെ. മുനീറിന് ഒന്നുകൂടി ബോധ്യപ്പെടേണ്ടതുണ്ട് എന്നുള്ള ഒരഭ്യർത്ഥനയാണ് അക്കാര്യത്തിൽ എനിക്കുള്ളത്. രണ്ടാമത്, ഇവിടെ ഒരു മതേതര ഗവൺമെന്റ് ഇന്ത്യയിൽ അതേപടി നിലനിൽക്കണമെന്നുള്ളതുകൊണ്ടാണ് യു.പി.എ. ഒന്നും രണ്ടും ഇന്ത്യയിലുണ്ടാകാൻ ഇടതുപക്ഷം ആ നിലപാട് സ്വീകരിച്ചത്. അതിന്റെ ഭാഗമായാണ് ഇപ്പോഴും ഇത്തരത്തിൽ ഒരു പ്രമേയം പാസ്സാക്കാൻ ഇടയായത്. മറ്റൊന്ന് മാർക്സിസത്തിന്റെ കാര്യം പറഞ്ഞു, അതൊരു ആശയം മാത്രമല്ല ശാസ്ത്രമാണ്. 18-ാം നൂറ്റാണ്ടിൽ ഗലീലിയോ ഗലീലി ലോകം

ഉരുണ്ടതാണെന്നും രാത്രിയും പകലുമുണ്ടാകാൻ കറങ്ങിവരികയാണെന്നും പറഞ്ഞു. അത് അന്ന് ആരെങ്കിലും വിശ്വസിച്ചോ? ആരും വിശ്വസിച്ചില്ല. അദ്ദേഹത്തെ അടിച്ചുകൊല്ലുകയാണ് ചെയ്തത്. അതുപോലെ ഇടതുപക്ഷത്തിന്റെ പ്രസക്തിയെ സംബന്ധിച്ച് മനസ്സിലാക്കി വരാൻ കുറച്ച് വൈകും. അതിൽ ഡോ. എം. കെ. മുനീറുംപെട്ടുപോയി. അദ്ദേഹത്തിന് തിരിച്ച് ഈ ചിന്താഗതിയിലേയ്ക്ക് വരാനുള്ള ഒരു സന്ദർഭമുണ്ടാകട്ടെ എന്നുമാത്രമാണ് ഈ അവസരത്തിൽ ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ടുതന്നെ ഇടതുപക്ഷത്തിന്റെ പ്രസക്തി ഉയർന്നുവരികയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യകാലഘട്ടത്തിൽ ബ്രിട്ടീഷുകാരുടെ പതാക താഴ്ന്നപ്പോഴും ഇന്ത്യയുടെ പതാക ഉയർന്ന സന്ദർഭത്തിലും ഗാന്ധിജി അവിടെയില്ലായിരുന്നു. ആ കാലഘട്ടത്തിൽ എന്തുമാത്രം കലാപങ്ങളായിരുന്നു ഇന്ത്യയിലുണ്ടായിട്ടുള്ളത്. ആ സന്ദർഭത്തിൽപ്പോലും കോൺഗ്രസ്സിന് ഈ രാജ്യത്ത് ഒന്നും ചെയ്യാനായില്ല. ഇന്ന് കോൺഗ്രസ് ഗവൺമെന്റുള്ള സംസ്ഥാനങ്ങളിൽ കലാപമുണ്ടാകുന്ന സന്ദർഭങ്ങളിലും അവർക്കൊന്നും ചെയ്യാനാകുന്നില്ല എന്നുള്ള വസ്തുതകളെല്ലാം യു.ഡി.എഫ്.-ന്റെ ഭാഗമായി നിൽക്കുന്ന മുസ്ലീം എം.എൽ.എ.-മാരും അവരുടെ ജനവിഭാഗങ്ങളും മനസ്സിലാക്കണമെന്നും അവർ സ്വയം ബോധ്യപ്പെട്ട സമീപനം വ്യക്തതയോടുകൂടി സ്വീകരിക്കണമെന്നുമുള്ള അഭ്യർത്ഥനയാണുള്ളത്. ഈ സർക്കാർ ചെയ്ത ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കിഫ്ബിയെ അത്ര ലളിതമായി എല്ലാവരും പുച്ഛിച്ചുപറയുന്നതിന്റെ കാര്യമെന്താണ്? അതുള്ളതുകൊണ്ടാണ് കോടിക്കണക്കിന് രൂപ ഓരോ മണ്ഡലങ്ങളിലും വിതരണം ചെയ്യുന്നതും നടപ്പിലാക്കുന്നതും പദ്ധതികളായി ഏറ്റെടുക്കുന്നതും. ആരോഗ്യ മേഖലയിലാണെങ്കിൽ ഡയാലിസിസ് യൂണിറ്റ്, കാത്ത് ലാബുകൾ എന്നിവ ഉൾപ്പെടെ ഒട്ടനവധി പദ്ധതികൾ ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു, അത്രയും തുക എവിടെ നിന്നാണ് കണ്ടെത്തി ഇപ്പോഴും മുന്നോട്ടുപോകുന്നത്? അൻപതിനായിരത്തിലധികമുള്ള ക്ലാസ് മുറികൾ ഹൈടെക്കായി ഉയർത്തിയത് എങ്ങനെയാണ്, അവർക്ക് വൻതുകകൾ കൊടുക്കാൻ പറ്റുന്നത് ഏത് നിലയിലാണ്? 529 കോടി രൂപയുടെ സ്റ്റേഡിയങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കാൻ പറ്റിയത് ഏത് നിലയിലാണ്? പൊതുമരാമത്ത് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 5905 കോടി രൂപ കിഫ്ബി നൽകിക്കഴിഞ്ഞിട്ടുണ്ട്. 50 പാലങ്ങൾ, 22 റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഉൾപ്പെടെ, 2901 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അനുമതി കൊടുക്കുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഏതെങ്കിലും ഒരു പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം എടുക്കുന്നുവെന്നുള്ളതുകൊണ്ട് പദ്ധതിയേ വേണ്ടായെന്ന് പറയുന്നത് ശരിയാണോയെന്ന വീണ്ടുവിചാരം അവർ നടത്തണമെന്നുള്ളതാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. അതുപോലെ ആദിവാസി മേഖലയിൽ ഒട്ടനവധി കാര്യങ്ങൾ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് മുൻകയ്യെടുത്തു. 42 ലക്ഷത്തിലധികം പുതിയ

കുടുംബങ്ങൾക്കാണ് പെൻഷൻ നൽകുന്നത്. അതുപോലെതന്നെ 70 ലക്ഷത്തിലധികം ആളുകൾക്കാണ് സൗജന്യമായി അരി നൽകിക്കൊണ്ടിരിക്കുന്നത്. ഈ പ്രളയത്തിൽ ഏറ്റവും വലിയ പ്രശ്നമുണ്ടായത് ഇലക്ട്രിസിറ്റി വകുപ്പുമായി ബന്ധപ്പെട്ടാണ്. രാവിലെ അടിയന്തരപ്രമേയത്തിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മോശക്കാരനാണെന്നുള്ള നില വരുത്തിത്തീർക്കാൻ ശ്രമിച്ചു. ഞാൻ പറയുന്നത്, 1735 വിതരണ ട്രാൻസ്ഫോർമറുകൾ വെള്ളത്തിൽ മുങ്ങി, 5276 കിലോമീറ്റർ വൈദ്യുതി ലൈനുകൾ പോയി, ഒരു ലക്ഷം പോസ്റ്റുകൾ തകർന്നു, 16158 ട്രാൻസ്ഫോർമറിൽനിന്നുള്ള വൈദ്യുതി വിതരണം തടസ്സപ്പെട്ടു. ഇതെല്ലാം പത്തുദിവസംകൊണ്ട് പ്രവർത്തനക്ഷമമാക്കി, ആശുപത്രികൾ, സ്കൂളുകൾ, ക്യാമ്പുകൾ എന്നിവിടങ്ങളിൽ വൈദ്യുതി കിട്ടത്തക്ക നിലയിലെത്തിക്കാൻ സാധിച്ചത് മാനേജ്മെന്റിന്റെ നല്ല ഇടപെടലുള്ളതുകൊണ്ടല്ലേ? 14 ചെറുകിട നിലയങ്ങളിൽ 19 ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം നിന്നുപോയി. അത് നിർത്തിവയ്ക്കേണ്ടിവന്നു. വിദ്യാർത്ഥികളുൾപ്പെടെയുള്ളവരെ ഏകോപിപ്പിച്ചുകൊണ്ടാണ് ഇതെല്ലാം നടത്തിയത്. കേരളത്തിൽ ഒരു നല്ല മാനേജ്മെന്റല്ലേ വൈദ്യുതി വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്നത്. അത് എന്താണ് കാണാതെ പോകുന്നത്. ഈ ദുരന്തത്തിൽ 350 കോടി രൂപയുടെ ഭൗതിക നഷ്ടവും 470 കോടി രൂപയുടെ ഉൽപ്പാദന നഷ്ടവും ഉൾപ്പെടെ 820 കോടി രൂപയുടെ നഷ്ടമുണ്ടായിയെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിനെയെല്ലാം എങ്ങനെ അതിജീവിക്കുമെന്നുള്ളത് സംബന്ധിച്ച് ആരെങ്കിലും ചിന്തിച്ചോ. എന്തെങ്കിലും ചെറിയ കാരണങ്ങൾകൊണ്ട് വിമർശനം നടത്താനാണ് ഈ കാലയളവിൽ പ്രതിപക്ഷം സമയം ഉപയോഗിക്കുന്നതെന്നും അത് ദൗർഭാഗ്യകരമാണെന്നും ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. എന്റെ മണ്ഡലത്തിലുള്ള ഒന്നുരണ്ട് മറ്റ് കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പണ്ട് അൻപതിനായിരത്തിലധികം കുടുംബങ്ങളും ഒന്നരലക്ഷത്തിലധികം ആളുകളും ജോലിചെയ്തിരുന്ന തോട്ടം മേഖല ഇപ്പോൾ പ്രതിസന്ധിയിലാണെന്നറിയാം. കൂലി വർദ്ധനവിന്റെ ചർച്ചയും പ്രതിസന്ധിയിൽ നിൽക്കുകയാണ്. അവിടെ പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി വ്യവസായം, കൃഷി എന്നീ വകുപ്പുകൾ കൂടിയാലോചിച്ചുള്ള ഒരു പുതിയ സമീപനം സ്വീകരിക്കേണ്ട സന്ദർഭമാണിപ്പോൾ. തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു, തൊഴിലാളികളുടെ പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഈ നിലയ്ക്കുള്ള പ്രയാസകരമായ സന്ദർഭങ്ങളെ ഒഴിവാക്കി ആ മേഖലയെ സഹായിക്കാൻവേണ്ടിയുള്ള സമീപനം സ്വീകരിക്കണമെന്ന് ഗവൺമെന്റിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനോടൊപ്പം വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധികൾ മറികടക്കാൻ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള ചില പുതിയ പദ്ധതികളടങ്ങിയ നിലപാടുകളിലേയ്ക്ക് ഗവൺമെന്റ് വരേണ്ടതുണ്ട്. അതിന്റെ വേഗത കൂട്ടണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ വനംവകുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

ഞങ്ങളുടെ ജില്ലയിൽ അധികമാണ്. വന്യജീവികൾ കൃഷി മേഖലയിലും താമസ സ്ഥലങ്ങളിലും കടന്നുകൂടുന്നുണ്ട്. അതിന്റെ എണ്ണം നിയന്ത്രിക്കാൻ എന്തെങ്കിലും ഒരു സംവിധാനം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഇടപെട്ട് ചെയ്യണം. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് എല്ലാ എം.എൽ.എ.-മാരെയും കാടുകളെപ്പറ്റി ബോധ്യപ്പെടുത്താനും കണ്ടറിയുന്നതിനുംവേണ്ടി 'കാടറിയാൻ' പരിപാടി കഴിഞ്ഞ വർഷം നടത്തി. അത് ഈ വർഷംകൂടി ആവർത്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മീഡിയകളുടെ പ്രചരണം സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. എല്ലാ പത്രങ്ങളെയും പത്ര പ്രവർത്തകരെയും പറയുന്നില്ല. പക്ഷെ ചിലരെങ്കിലും സ്വാർത്ഥ താൽപര്യത്തോടുകൂടി ചില വിഷയങ്ങളെ അവർ വിചാരിച്ച സ്ഥലത്തേയ്ക്ക് കൊണ്ടെത്തിക്കാൻവേണ്ടി പരിശ്രമിക്കുന്നുണ്ട്. സർക്കാരിന്റെ പദ്ധതികൾ തടസ്സപ്പെടുന്ന നിലയിലേയ്ക്കും ആ പ്രചരണങ്ങൾ എത്തുന്നു. അത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനവിനിയോഗ ബില്ലിനെ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഈ സർക്കാർ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പൂർണ്ണമായി എതിർക്കുകയാണ്. ഈ സർക്കാർ കഴിഞ്ഞ മൂന്ന് വർഷം കേരളത്തിന് സമ്മാനിച്ചത് ദുരന്തങ്ങളും അക്രമങ്ങളുമാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ സാമ്പത്തിക പ്രതിസന്ധിയാണ് നമ്മൾ നേരിടുന്നത്. അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കറിയാം. പക്ഷെ അദ്ദേഹം അറിയില്ലായെന്ന് നടിച്ചുകൊണ്ട് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാരിന്റെ പിടിപ്പുകേടും കെടുകാര്യസ്ഥതയും എല്ലാ രംഗത്തും ദൃശ്യമാണ്. 'ആത്മഹത്യയ്ക്കും കൊലയ്ക്കുമിടയിലൂടെ ആർത്തനാദംപോലെ പായുന്ന ജീവിതം' എന്ന് ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാട് പാടിയിട്ടുണ്ട്. ഈ ഭരണത്തിൽ കേരളത്തിലെ ഓരോ പൗരന്റെയും ജീവിതാവസ്ഥ ഒന്നുകിൽ കൊല്ലപ്പെടുക അല്ലെങ്കിൽ ആത്മഹത്യ ചെയ്യുക എന്നതാണ് നമ്മൾ കണ്ടുവരുന്നത്. ഏറ്റവും ഒടുവിൽ ഇടുക്കിയിലെ രാജ്കുമാർ കൊല്ലപ്പെട്ടതും ആന്തൂറിലെ സാജൻ പാറയിൽ ആത്മഹത്യ ചെയ്തതും നമുക്ക് കാണാൻ സാധിച്ചു. ഇങ്ങനെ ഈ ഗവൺമെന്റ് ജനവിരുദ്ധമായ നിലപാടുകളെടുത്തുകൊണ്ട് മുന്നോട്ട് പോകുമ്പോൾ നമുക്ക് എങ്ങനെ ഈ ബില്ലിനെ പിന്തുണയ്ക്കാൻ സാധിക്കും. ഞാൻ ഇന്ന് ഒരു സബ്മിഷൻ എഴുതികൊടുത്തിരുന്നതാണ്. പക്ഷെ ആ സബ്മിഷൻ അനുവദിച്ചില്ല. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് പൈസ നൽകിയിട്ടുണ്ട്. അതുപോലെതന്നെ മറ്റുള്ള കാര്യങ്ങൾക്കും തുക നൽകിയിട്ടുണ്ട്. വ്യാപാരികൾക്ക് ഒന്നും കൊടുത്തിട്ടില്ല. പ്രളയത്തിൽ നമ്മൾ കാണാതെ പോയ ഒരു കാര്യമുണ്ട്. പ്രളയം ബാധിച്ച് വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവരുണ്ട്. അവർക്ക്

ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായത്. പാവപ്പെട്ടവർ വാടക വീടുകളിൽ മാറിമാറിയാണ് താമസിക്കുന്നത്. പ്രളയത്തിൽ വീട്ടുപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്തെങ്കിലും സഹായം നൽകുമെന്ന് സർക്കാരിന് ഇതുവരെ പറയാൻ സാധിച്ചിട്ടില്ല. അത് വലിയൊരു വീഴ്ചയാണ്. കാരുണ്യ ബെനവലന്റ് പദ്ധതിയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ടി പദ്ധതി ഇന്ന് നിർത്തലാക്കിയിരിക്കുകയാണ്. റിലയൻസിലൂടെ പുതിയ ഇൻഷ്വറൻസ് സ്കീം കൊണ്ടുവരുമെന്ന് പറയുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും സൂചിപ്പിച്ചു. അതൊരു ഗൗരവമുള്ള വിഷയമായതുകൊണ്ട് ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നു. റിലയൻസിലൂടെ പുതിയ ഇൻഷ്വറൻസ് സ്കീം തുടങ്ങുന്നതുവരെയെങ്കിലും കാരുണ്യ ബെനവലന്റ് സ്കീം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കണം. പാവങ്ങൾക്കും മാരകമായ അസുഖങ്ങൾ ബാധിച്ചവർക്കും ഓപ്പറേഷനും മറ്റു ചികിത്സയ്ക്കും കാരുണ്യയിൽ നിന്ന് തുക അനുവദിച്ചിരുന്നുവെന്ന് നമുക്കറിയാം. ഇന്ന് ആ പദ്ധതി മുഖേന തുക ലഭിക്കാത്തതുകൊണ്ട് പാവപ്പെട്ട രോഗികൾ വലിയ പ്രയാസത്തിലായി നെട്ടോട്ടം ഓടുകയാണ്. അതുകൊണ്ട് കാരുണ്യ ബെനവലന്റ് പദ്ധതിയുമായി മുന്നോട്ട് പോകാൻ നമുക്ക് സാധിക്കണം.

ആൾക്കൂട്ട കൊലപാതകത്തിനെതിരെ ഇന്ന് ഇവിടെ പ്രമേയം പാസ്സാക്കി. നല്ല കാര്യം. അരിയിൽ ഷുക്കൂറിനെ എന്താണ് ചെയ്തതെന്ന് നമ്മൾ കണ്ടു. ആൾക്കൂട്ട കൊലപാതകമാണുണ്ടായത്. അവിടെ ഒരു പരസ്യ വിചാരണയാണ് നടന്നത്. ആ പരസ്യ വിചാരണയെക്കുറിച്ച് നിങ്ങളൊന്ന് ആത്മചിന്തനം നടത്തണം. മധു എന്ന ആദിവാസി ചെറുപ്പക്കാരനെയും കൊല ചെയ്യപ്പെടുന്ന സാഹചര്യമുണ്ടായി. ഇതൊക്കെ കേരളത്തിലാണ് നടന്നത്. അതാണ് ഇവിടെ സൂചിപ്പിച്ചത്. മതത്തിന്റെയും ജാതിയുടെയും രാഷ്ട്രീയത്തിന്റെയും പേരിൽ നടത്തുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ നിയന്ത്രിക്കേണ്ടതുണ്ട്.

ഇവിടെ ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് പറയുകയുണ്ടായി. ശ്രീ. രാഹുൽ ഗാന്ധി രാജിവച്ചു. ശ്രീ. രാഹുൽ ഗാന്ധി എന്തിനാണ് രാജിവച്ചത്, കപ്പിത്താനില്ല എന്നൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം ഒരു രാഷ്ട്രീയ പാർട്ടിക്ക് നേതൃത്വം നൽകി ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചു, തോൽവിയുണ്ടായി. ഇന്ത്യാ രാജ്യത്ത് ഒരു രാഷ്ട്രീയ പാർട്ടി നേതാവെന്ന നിലയിൽ ശ്രീ. രാഹുൽ ഗാന്ധി കാണിച്ച ആർജ്ജവം ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടി നേതാക്കൻമാർക്കുണ്ടോ; ശ്രീ. സീതാറാം യെച്ചൂരി നിലംപരിശായിപ്പോയില്ലേ? ഇതൊക്കെയാണ് ഈ രാജ്യത്ത് നടക്കുന്നത്. അപ്പോൾ ശ്രീ. രാഹുൽ ഗാന്ധി കാണിച്ച ആർജ്ജവം നിങ്ങൾക്കാർക്കും കാണിക്കാൻ സാധിക്കുകയില്ല. അതാണ് കോൺഗ്രസ്സിന്റെ സമീപനമെന്ന് നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. ആർ. രാജേഷ്: സർ, ശ്രീ. രാഹുൽ ഗാന്ധി രാജിവയ്ക്കണമെന്നാണോ അങ്ങയുടെ അഭിപ്രായം.

ശ്രീ. അൻവർ സാദത്ത്: സർ, അദ്ദേഹം രാജിവച്ചു കഴിഞ്ഞു. അദ്ദേഹം കാണിച്ച ആർജ്ജവത്തെയാണ് പോസിറ്റീവായി കാണേണ്ടത്.

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ശ്രീ. രാഹുൽ ഗാന്ധിയുടെ ചിത്രം ഉയർത്തിക്കാണിച്ചുകൊണ്ടാണ് കേരളത്തിലും ഇന്ത്യയിലും കോൺഗ്രസ് പാർട്ടി വോട്ട് പിടിച്ചത്. ശ്രീ. രാഹുൽ ഗാന്ധിയാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെയും പാർട്ടി സെക്രട്ടറി സഖാവ് കോടിയേരി ബാലകൃഷ്ണന്റെയും ചിത്രം മാത്രം വച്ചുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ഇടതുപക്ഷം വോട്ട് പിടിച്ചത്. കേരളത്തിലെ സി.പി.ഐ.-യുടെയും മറ്റ് ഘടക കക്ഷി നേതാക്കൻമാരുടെയൊന്നും ചിത്രം വച്ചില്ല. ബഹുമാന്യനായ ശ്രീ. അച്ചുതാനന്ദന്റെ ചിത്രംപോലും വച്ച് വോട്ട് പിടിച്ചില്ല. അങ്ങനെ ഈ രണ്ട് ചിത്രങ്ങൾ മാത്രം വച്ച് വോട്ട് പിടിച്ച് തെരഞ്ഞെടുപ്പിന് നേതൃത്വം കൊടുത്ത സഖാവ് പിണറായി വിജയൻ ധാർമ്മികമായി ശ്രീ. രാഹുൽ ഗാന്ധി കാണിച്ച മാതൃക ഉൾക്കൊണ്ടുകൊണ്ട് രാജി വയ്ക്കണമെന്ന അഭിപ്രായം താങ്കൾക്കുണ്ടോ?

ശ്രീ. അൻവർ സാദത്ത്: തീർച്ചയായിട്ടും. അതിനുള്ള ആർജ്ജവമില്ല. .......... (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്......(ബഹളം)...

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ നാട് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്ന് നമുക്കറിയാം. അപ്പോൾ നമ്മൾ ചെലവുകൾ ചുരുക്കണം. ഇന്ന് മലയാള മനോരമ അടക്കം എല്ലാ പത്രങ്ങളിലും എഴുതിയിരിക്കുന്ന വാർത്ത ഞാൻ വായിച്ചു. യൂറോപ്പിൽ പോയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സുരക്ഷ. എന്തിനാണ് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സുരക്ഷയെന്നാണ് ഞാൻ ചോദിക്കുന്നത്. ഇതിനുമുമ്പ് കേരളത്തിലെ എത്രയോ മുഖ്യമന്ത്രിമാർ, മന്ത്രിമാർ രാജ്യത്തിന് പുറത്ത് പോയിട്ടുണ്ട്. ആർക്കെങ്കിലും ഇങ്ങനെയൊരു സുരക്ഷ ഏർപ്പാടാക്കിയിട്ടുണ്ടോ? രാജ്യത്തിനകത്ത് അദ്ദേഹത്തിന് ഭീഷണിയുണ്ടെന്ന് നമുക്കറിയാം. അത് ഞാൻ സമ്മതിച്ചു. പക്ഷേ രാജ്യത്തിന് പുറത്ത് പോകുമ്പോൾ എന്തിനാണ് അദ്ദേഹത്തിന് സുരക്ഷ ഏർപ്പെടുത്തുന്നത്. ഡി.ജി.പി.-ക്ക് അദ്ദേഹത്തെ മണിയടിക്കാൻ വേണ്ടി വെറുതെ ഉണ്ടാക്കിയ ഒരു ഏർപ്പാടാണിതെന്നാണ് എനിക്ക് തോന്നുന്നത്. അല്ലാതെ അവിടെ അദ്ദേഹത്തിന് സുരക്ഷാ ഭീഷണിയൊന്നുമില്ല. അദ്ദേഹത്തിന് ആ രാജ്യത്ത് പോയി സുഖമായി തിരിച്ചുവരാം. ഇത് ധൂർത്താണ്; വേറെയൊന്നുമല്ല, ഡി.ജി.പി.-ക്ക് മുഖ്യമന്ത്രിയെ മണിയടിക്കാൻ കേരളത്തിന്റെ ഖജനാവിൽ നിന്നും കാശ് അനുവദിക്കാൻ പാടില്ല; അതാണ് വേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗത്തിന്റെ സമയം കഴിഞ്ഞു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്ത്യയിൽ നിന്നും സുരക്ഷ കാറ്റഗറിയിൽപ്പെട്ട ആളുകൾ വിദേശത്ത് പോകുമ്പോൾ അവർക്ക് സുരക്ഷ ഏർപ്പെടുത്താറുണ്ട്. ശ്രീമതി സോണിയ ഗാന്ധി, ശ്രീ. രാഹുൽ ഗാന്ധി ഇവരൊക്കെ വിദേശത്ത് പോകുമ്പോൾ സുരക്ഷ ഒരുക്കണമെന്നത് പ്രോട്ടോകോളിൽ വരുന്ന കാര്യമാണ്. അപ്പോൾ വിദേശത്തുപോയ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിക്ക് സുരക്ഷ ഒരുക്കുന്നതിൽ ഇങ്ങനെ പറയുന്നത് ശരിയാണോ?

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സ്വകാര്യ സുരക്ഷയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. അതിന്റെ ആവശ്യമുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞത്. ഒരു ഡിബേറ്റിന് അത് നല്ലതാണ്. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് മുതൽ ശ്രീ. വി. എസ് അച്യുതാനന്ദൻ, ശ്രീ. ഉമ്മൻ ചാണ്ടി വരെയുള്ള മുഖ്യമന്ത്രിമാർ വിദേശത്ത് പോയിട്ടുണ്ട്. അവർ ആരെങ്കിലും ഇങ്ങനെയൊരു സുരക്ഷയ്ക്കുവേണ്ടി പണം ഖജനാവിൽ നിന്ന് ചെലവഴിച്ചതായി ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഇന്നുള്ള സുരക്ഷാ ഭീഷണി ഇല്ലാതിരുന്നൊരു കാലത്തെക്കുറിച്ച് പറയരുത്. സുരക്ഷാ ഭീഷണിയുള്ള ഭരണാധികാരികൾക്കും രാഷ്ട്രീയ നേതാക്കൻമാർക്കും സുരക്ഷ നൽകുന്നുണ്ട്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ഇടതുപക്ഷത്തിന് മാത്രമല്ല, ഇന്ത്യയിലെ ഒട്ടനവധി നേതാക്കൾക്കും ഭീഷണികളുണ്ട്. ഇസഡ് കാറ്റഗറിവരെ ഇന്ന് എസ്കോർട്ട് ഉണ്ടെന്ന കാര്യം നിങ്ങൾ മനസ്സിലാക്കേണ്ടതാണ്. എല്ലാ പാർട്ടിയിൽപ്പെട്ടവർക്കും സെക്യൂരിറ്റിയുണ്ട്. ..... (ബഹളം).... നമ്മുടെ നിയമസഭയിൽ തന്നെ എത്ര അംഗങ്ങൾക്ക് സെക്യൂരിറ്റിയുണ്ട്. ഇത് നമ്മൾ മനസ്സിലാക്കണ്ടേ; കുറ്റപ്പെടുത്താൻവേണ്ടി യഥാർത്ഥ വസ്തുതകളിൽ നിന്ന് വ്യതിചലിക്കുന്നത് ശരിയല്ല. ശ്രീ. രാഹുൽ ഗാന്ധിയുടെ വിഷയം ഇവിടെ വലിച്ചിഴയ്ക്കുന്നത് എന്തിനാണ്? സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യൂ. നമ്മൾ സഞ്ചരിച്ച് എവിടെയോ എത്തുകയാണ്. സീനിയർ നേതാക്കളെങ്കിലും ഇതിലൊരു വഴികാട്ടിയാകുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. .......... (ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്. കൺക്ലൂഡ്.

ശ്രീ. അൻവർ സാദത്ത്: സർ, ആ വിഷയം വിട്ടു. നമുക്കെല്ലാവർക്കും കാര്യങ്ങൾ വ്യക്തമായി. ഇന്നലെ നടന്ന കെ.എസ്.യു.-വിന്റെ വിദ്യാർത്ഥി മാർച്ചിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. അഭിജിത്തിനെയും സംസ്ഥാന ഭാരവാഹികൾ അടക്കമുള്ളവരെയും അതിക്രൂരമായാണ് മർദ്ദിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്... കൺക്ലൂഡ്

ശ്രീ. അൻവർ സാദത്ത്: ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം എല്ലാ നേതാക്കൻമാരും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്നതല്ലേ; എന്നിട്ടാണ് ഇങ്ങനെയൊരു നരനായാട്ട് നടത്തിയത്. ഇനി രണ്ട് വർഷം ഇതുപോലുള്ള അടി കൊള്ളേണ്ടതാണെന്നാണ് അവിടെയുള്ള ഒരംഗം പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്... കൺക്ലൂഡ്

ശ്രീ. അൻവർ സാദത്ത്: ഇങ്ങനെ പറയാൻ നാണമാകില്ലേ; അതിലെല്ലാം ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്...

ശ്രീ. അൻവർ സാദത്ത്: ശ്രീ. എ. എൻ. ഷംസീറൊന്നും അടികൊണ്ടിട്ടില്ല. അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ഒരിക്കലും അങ്ങനെ പറയാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്... മൂന്ന് മിനിട്ട് കഴിഞ്ഞു.

ശ്രീ. പി. ടി. തോമസ്: സർ, ഇന്നലെ സെക്രട്ടേറിയറ്റിൽ നടന്ന നരനായിട്ടിനെപ്പറ്റിയാണല്ലോ ബഹുമാനപ്പെട്ട അംഗം പറയുന്നത്. ആ ജാഥയിൽ പങ്കെടുത്ത സ്നേഹ എന്ന പെൺകുട്ടി..............

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, ഞാൻ മൈക്ക് ഓഫ് ചെയ്യും. കൺക്ലൂഡ് ചെയ്യൂ. 3 മിനിറ്റ് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ടി. തോമസ്: സർ, ഈ സഭയിലെ അംഗമായ ശ്രീ. ഐ.സി. ബാലകൃഷ്ണന്റെ മകളടക്കം രണ്ട് പെൺകുട്ടികളെ ഭീകരമായി മർദ്ദിച്ചുവെന്ന് മാത്രമല്ല, സ്നേഹയുടെ പല്ലടിച്ചുതകർത്തു. അതുപോലെതന്നെ നിരവധി കുട്ടികളുടെ അണപ്പല്ല് തകർന്നു. ഒരാൾക്ക് മൂത്രമൊഴിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇത്രയും നിഷ്ഠൂരമായ ഒരു അക്രമം ഈ അടുത്തകാലത്തൊന്നും കേരളം കണ്ടിട്ടില്ല. ശ്രീ. പിണറായി വിജയന്റെ ഭരണത്തിലാണ് ഈ കുട്ടികളെ ഇങ്ങനെ പേപ്പട്ടിയെപ്പോലെ തല്ലുന്നതെന്ന് അങ്ങേയ്ക്ക് അറിയാമോ;

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........ഞാൻ മൈക്ക് ഓഫ് ചെയ്യും.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ അതാണ് പറഞ്ഞത്. ഇങ്ങനെയൊരു ഭരണം നടക്കുമ്പോൾ അത് പാടില്ലായെന്നാണ് എന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... കൺക്ലൂഡ് ചെയ്യൂ.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ അവസാനിപ്പിക്കുന്നു. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സിന്റെ ഒരാവശ്യമാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി ഉയർത്താൻവേണ്ടി ഫണ്ട് അനുവദിക്കണം. കാരണം അത് വലിയൊരു പ്രശ്നമാണ്. നമുക്കറിയാം ആ കുട്ടികളെ പരിചരിക്കുവാൻ .....(മൈക്ക് ഓഫ്)......

മി. ഡെപ്യൂട്ടി സ്പീക്കർ: കൺക്ലൂഡ് ചെയ്യൂ.......5 മിനിട്ടായി.

ശ്രീ. അൻവർ സാദത്ത്: സർ, സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചാൽ അത് ഏറ്റവും വലിയ കാരുണ്യ പ്രവൃത്തിയാണ്. ഞങ്ങളുൾപ്പെടെ ഫണ്ട് കൊടുക്കുമ്പോൾ ടെണ്ടർ എടുക്കാൻ ആളെ കിട്ടാത്ത ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. അത് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെ കേബിൾ ടി.വി.യുടെ കാര്യം ഇന്നിവിടെ സൂചിപ്പിക്കുകയുണ്ടായി. ............ (മൈക്ക് ഓഫ്).......ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. അതും പരിഹരിക്കണം. ഈ വക കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഒരു ഉത്തരവാദിത്വമില്ലായ്മയുണ്ട്. അതുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലിനെ ശക്തമായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, കാരുണ്യ പദ്ധതിയെക്കുറിച്ച് ഗൗരവമായ നിർദ്ദേശങ്ങളും വിമർശനങ്ങളുമാണ് ശ്രീ. മോൻസ് ജോസഫും ശ്രീ. അൻവർ സാദത്തും ഇവിടെ പറഞ്ഞത്. നാദാപുരം അംഗം ശ്രീ. ഇ. കെ. വിജയനും എന്നോട് ഇതേ പ്രശ്നം തന്നെ പറയുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ശ്രീ. അൻവർ സാദത്ത് കരുതുന്നതുപോലെയല്ല കാര്യങ്ങൾ. ഏപ്രിൽ ഒന്ന് മുതൽ ആരോഗ്യ സുരക്ഷാ പദ്ധതി നിലവിൽ വന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 3 മാസക്കാലം കാരുണ്യ പദ്ധതി തുടരുന്നതിന് തീരുമാനിച്ചു. ആ മൂന്ന് മാസത്തെ കാലാവധി അവസാനിക്കുകയാണ്. ഇപ്പോഴുള്ള സ്ഥിതി, നേരത്തെ ഹെൽത്ത് കാർഡുള്ള 42 ലക്ഷം കുടുംബങ്ങൾക്ക് ഏത് അക്രഡിറ്റഡ് ആശുപത്രിയിൽ പോയാലും 5 ലക്ഷം രൂപവരെയുള്ള ചികിത്സയ്ക്ക് അർഹതയുണ്ട്. ഏതെങ്കിലും അക്രഡിറ്റഡ് ആശുപത്രി അവരെ സ്വീകരിക്കുന്നില്ലെങ്കിൽ നമുക്ക് നടപടിയെടുക്കാം. പഴയ ആരോഗ്യ ഇൻഷ്വറൻസ് കാർഡുള്ളവരിൽ 60 ശതമാനം പേർ ഇപ്പോൾ തന്നെ പുതിയ കാർഡിലേയ്ക്ക് മാറി. പഴയ കാർഡേയുള്ളുവെങ്കിൽ അതുമായി ആശുപത്രിയിൽ പോയാൽ പുതിയ കാർഡിലേയ്ക്ക് മാറാം. പക്ഷേ ഒരു പ്രശ്നമുണ്ട്. 42 ലക്ഷത്തിൽ ഉൾപ്പെടാത്തതും 3 ലക്ഷം രൂപയിൽ താഴെ വരുമാനവുമുള്ള കുടുംബങ്ങൾക്ക് പ്രശ്നമുണ്ടാകും. വരുമാന സർട്ടിഫിക്കറ്റുമായി പുതിയ ആരോഗ്യ

പദ്ധതിയിൽ അംഗമല്ലാത്ത ആര് വന്നാലും അവർക്ക് മുമ്പെന്നപോലെ തന്നെ ചികിത്സ നൽകണമെന്നുള്ളതാണ് അക്രഡിറ്റഡ് ആശുപത്രികൾക്ക് നൽകിയിരിക്കുന്ന നിർദ്ദേശം. മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ സെന്റർ തുടങ്ങിയ കാൻസർ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി കൂടുതലായി വരുന്നത്. അവർക്ക് കർശനമായ നിർദ്ദേശവും ഔപചാരികമായ ഉത്തരവും നൽകാൻ കഴിയണം. അതിന്റെ അടിസ്ഥാനത്തിൽ മൂന്ന് ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ളതും ഇതിൽ ഉൾപ്പെടാത്തതുമായ ഒരാളാണെങ്കിൽ നേരത്തെയുള്ളതുപോലെതന്നെ ചികിത്സാ സൗകര്യം ലഭിക്കും. അവർക്ക് അക്രഡിറ്റഡ് ആശുപത്രിയിൽ പോയാൽ മതി. മൂന്നാമത്തേത്, ഹീമോഫീലിയ പോലുള്ള ചില കേസുകൾ ഇൻഷ്വറൻസ് പ്രോഗ്രാമിൽ വന്നിട്ടില്ല. അവർക്ക് പ്രത്യേകമായ ഉത്തരവ് നൽകി മുമ്പെന്നപോലെതന്നെ അല്ലെങ്കിൽ ഭേദഗതിയോടുകൂടി ഈ ആനുകൂല്യങ്ങൾ നൽകാനുള്ള ഏർപ്പാടുമുണ്ടാകും. അതിൽ അപാകതയുണ്ടെങ്കിൽ നിശ്ചയമായും പരിഹരിക്കും. കാരുണ്യ പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുംകൂടി ഒരുമിച്ചാൽ രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം കൊടുത്തുകഴിഞ്ഞു. അവർ നൽകേണ്ട ആനുകൂല്യം സർക്കാർ കാരുണ്യയുടെ പേരിൽ കൊടുക്കാൻ തുടങ്ങിയാൽ നാളെ നിങ്ങൾ തന്നെ പറയും ഇൻഷ്വറൻസ് കമ്പനിയെ രക്ഷിക്കാൻവേണ്ടി ചെയ്യുന്ന ഏർപ്പാടാണെന്ന്. രണ്ടാമത്തേത്, ആശുപത്രിക്ക് ചോയിസ് കൊടുത്താൽ, ആർ.സി.സി.യിൽ തന്നെ കാരുണ്യ പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും കൊടുത്താൽ, അവർ കാരുണ്യയെ എടുക്കുകയുള്ളൂ. കാരണം, വളരെ ഉദാരമായ സമീപനമാണ് കാരുണ്യക്കുള്ളത്. ഒരു കണക്കും ഇതുവരെ reconcile ചെയ്യാൻ കഴിഞ്ഞിട്ടില്ല. അവർ പറയുന്ന ഡിമാന്റനുസരിച്ച് പണം ട്രാൻസ്ഫർ ചെയ്ത് കൊടുക്കും. ഇത് അങ്ങനെ പറ്റില്ല. ഓരോരുത്തർക്കും വേണ്ടി കൃത്യമായി അക്കൗണ്ട് സൂക്ഷിച്ച് റെക്കോർഡ് ഉണ്ടാക്കേണ്ടിവരും. പുതിയ തസ്തിക സൃഷ്ടിക്കേണ്ടി വന്നാലും നേരത്തെ ഇല്ലാതിരുന്ന ഈ കാര്യത്തിന് മെഡിക്കൽ കോളേജുകളിൽ അക്കൗണ്ടിംഗ് സെൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അല്ലാതെ ഇത് മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കില്ല. നേരത്തെ നമ്മുടെ സ്കീമിലുണ്ടായിരുന്ന കാരുണ്യ പദ്ധതി ഇടത്തരമുള്ള ആശുപത്രികളിൽ വരുന്നില്ല. അതിന്റെ കാരണമെന്താണ്; ഇക്കാര്യത്തിൽ ലളിതമായിട്ടുള്ള ഒരു ഓപ്ഷനുണ്ട്. സർക്കാർ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം കൊടുത്തുകൊണ്ടിരിക്കുകയാണ്. അതേസമയം കാരുണ്യവഴി ഈ ആശുപത്രികൾക്ക് പണം നൽകിക്കൊണ്ടിരുന്നാൽ അതൊരു ഫിനാൻഷ്യൽ അരാചകത്വമല്ലേ; അതുകൊണ്ട് പുതിയ സ്കീം രണ്ടോ മൂന്നോ ആഴ്ച നടക്കട്ടെ. അതിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന പ്രായോഗികമായ ബുദ്ധിമുട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കും പ്രതിപക്ഷനേതാവിനുമൊക്കെ ഉന്നയിക്കാം, നമുക്ക് അതിന് പ്രായോഗികമായ പരിഹാരം കണ്ടെത്താം. അങ്ങനെയൊരു സമീപനമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വാശിയുടെ ഒരു

പ്രശ്നമേയല്ല. എനിക്ക് ശ്രീ. മോൻസ് ജോസഫിനോടും മറ്റുള്ള അംഗങ്ങളോടും പറയാനുള്ളത്, കെ. എം. മാണി സാറിനോടുള്ള ആദരവുകൊണ്ടുതന്നെയാണ് കാരുണ്യ എന്ന പേര് നൽകിയത്. അല്ലെങ്കിൽ വേറെ ആരുടെയെങ്കിലും പേരിടാമല്ലോ; കാരുണ്യ സ്കീം ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യ അഷ്വറൻസ് സ്കീമുകളിൽ ഒന്നായിരുന്നു. കഴിഞ്ഞതിന്റെ മുമ്പത്തെ വർഷം ഈ പരിപാടി ആവിഷ്കരിച്ചപ്പോൾ ഞാൻ നിയമസഭയിൽ എന്റെ പ്രസംഗത്തിൽ പറഞ്ഞതും ഈ വിഷയം തന്നെയാണ്. ഒരു ബേസിക്ക് ഇൻഷ്വറൻസ്, അതിനുമേൽ ഒരു അഷ്വറൻസ് നല്കി കാരുണ്യ അഷ്വറൻസ് പദ്ധതിയായിത്തന്നെ തുടരാൻ പറ്റുമെന്നുള്ള ധാരണയാണ്. ഒരുപക്ഷേ നിങ്ങൾ അഭിപ്രായപ്പെട്ടതുപോലെ ഈ ട്രാൻസിഷൻ പിരീഡിൽ പ്രശ്നങ്ങളുമുണ്ടാകും. വളരെ ജാഗ്രതയോടുകൂടി ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ് പൂർണ്ണമായി ഈ പദ്ധതി നടക്കുന്നത്. ധനവകുപ്പിന്റെ കീഴിലില്ല. ഇന്നലെ പ്രത്യേകം യോഗം ഇവിടെ ചേർന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ധാരണയിൽ എത്തിയിട്ടുണ്ട്. രണ്ടാമത്തെ പ്രശ്നം, കിഫ്ബിയുടെ പ്രോജക്ടുകൾ നടപ്പാക്കുന്നതിലുള്ള കാലതാമസത്തെക്കുറിച്ചാണ് ഉന്നയിക്കപ്പെട്ടത്. പൊതുകാര്യങ്ങളെക്കുറിച്ചല്ല. നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, 13,000 കോടി രൂപയുടെ ലാന്റ് അക്വിസിഷൻ നടപടികൾ മാറ്റിനിർത്തിയാലും ഇപ്പോൾ ഏതാണ്ട് 30,000 കോടി രൂപയുടെ പ്രോജക്ടുകൾ അംഗീകരിച്ച് ടെണ്ടർ നടപടികൾ കഴിഞ്ഞിരിക്കുകയാണ്. ആയിരമോ രണ്ടായിരമോ കോടി രൂപയുടെ പദ്ധതികൾ വർഷംതോറും അംഗീകരിച്ചു പോകുകയാണ്. ശ്രീ. മോൻസ് ജോസഫ് ഒരു ഫ്ലൈ ഓവറിന്റേയും ബൈപ്പാസിന്റേയും കാര്യം പറഞ്ഞു. എതൊക്കെ എം.എൽ.എ.-മാർ ഇത്തരത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ ആ എം.എൽ.എ.-മാരെയും കിഫ്ബിയുടെ പ്രതിനിധികളേയും വിളിച്ച് ഒരുമിച്ചിരുത്തി കാര്യങ്ങൾ ചർച്ച ചെയ്ത്, വ്യക്തത വരുത്തുന്ന തരത്തിലുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട ആർ. രാമചന്ദ്രൻ ഇവിടെ കടൽഭിത്തിയുടെ പ്രാധാന്യത്തെ കുറിച്ച് പറയുകയുണ്ടായി. ഇപ്പോൾ 300 കോടി രൂപ കിഫ്ബിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. അതിൽ ഒരു ഭാഗം ഭരണാനുമതി നൽകി ടെണ്ടറിലേയ്ക്ക് പോകുകയാണ്. ഒരു ഭാഗമെന്ന് പറയാൻ കാരണം, 1957 മുതൽ കല്ലിടാൻ തുടങ്ങിയിട്ടും എന്താണ് കൃത്യമായി ചെയ്യേണ്ടതെന്ന് ധാരണയില്ല. ഇപ്പോൾ കേരളത്തിൽ സ്വതന്ത്ര മത്സ്യ തൊഴിലാളി യൂണിയൻ പ്രധാനപ്പെട്ടൊരു ശക്തിയാണ്. അവരടക്കം തിരുവനന്തപുരം ഡയോസിസ് ഈ കല്ലുകെട്ട് പരിപാടിക്കെതിരായി ശക്തമായ നിലപാടെടുക്കുകയാണ്. വിശദമായ പഠനമില്ലാതെ നിങ്ങൾക്ക് ഓഫ്ഷോർ ബ്രേക്ക് വാട്ടർ ഉണ്ടാക്കാം. അതാണ് ഇപ്പോൾ പൂന്തുറയിൽ ചെയ്തുകൊണ്ടിരിക്കുന്നത്. മൂന്ന് കേന്ദ്രങ്ങളിൽ ഒരേസമയം ചെയ്യുന്നതും ഇതൊക്കെയാണ്. അതല്ലെങ്കിൽ പുലിമുട്ടിലേയ്ക്ക് പോകാം. പുലിമുട്ടിടുമ്പോൾ itinerant currents-ഉം മറ്റ് കാര്യങ്ങളും കൃത്യമായി നോക്കണം.

മറ്റൊന്ന്, കടൽഭിത്തി പണിയാം; ഈ ഭിത്തി ജിയോ ബാഗുകൾ ഉപയോഗിച്ച് ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ തിരയ്ക്ക് പൊക്കിയെടുക്കാൻ പറ്റില്ല. അത്രയും വലിയ ബാഗുകളാണ്. ഇതിൽ ഏതാണ് വേണ്ടതെന്നതിനെക്കുറിച്ച് ധാരാളം അവ്യക്തതകളുണ്ട്. ഒരു സംശയവും വേണ്ട, നമ്മുടെ പുനർനിർമ്മാണ പ്രക്രിയയിലെല്ലാം തീരദേശ സംരക്ഷണം പ്രധാനപ്പെട്ട ഒരു പ്രവർത്തനമായിരിക്കും.

ശ്രീ. എസ്. ശർമ്മ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ മൂന്ന് ഓപ്ഷൻ പറഞ്ഞു. ഇവ മൂന്നും ബാധകമാണ്. കേരളം രൂപീകൃതമായതിനുശേഷം കടലോരങ്ങൾ നിലനിൽക്കുന്നത് കടൽഭിത്തിയുടെ ഫലമായിട്ടാണ്. വെറുതെ പൂഴിമണ്ണ് തട്ടുത്ത് നിർത്തിയിട്ടല്ല. ബ്രേക്ക് വാട്ടറിന്റെ കാര്യത്തിലാണെങ്കിലും ഓഫ്ഷോർ ബ്രേക്ക് വാട്ടറിന്റെ കാര്യത്തിലാണെങ്കിലും അത് വിജയകരമാണ്. After effect എന്ന നിലയ്ക്ക് ചില പ്രത്യേക പ്രദേശങ്ങളിൽ ചില symptoms ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. പക്ഷെ അത് റെക്ടിഫൈ ചെയ്യാൻ മദ്രാസ് ഐ.ഐ.ടി. ഒരു പഠനം നടത്തി സമഗ്രമായൊരു പ്രൊപ്പോസൽ വച്ചിട്ടുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: എന്താണ് സമഗ്രമായിട്ടുള്ള പ്രൊപ്പോസൽ? തിരയൊടിയുന്നിടത്ത് താമസിക്കുവാൻ പാടില്ലെന്നും മാറിത്താമസിക്കണമെന്നും പറയുന്നു. അത് ഒന്നര-രണ്ട് കിലോമീറ്റർ അപ്പുറത്താണ്. കടലിന് കയറാനും ഇറങ്ങാനുമുള്ള സൗകര്യങ്ങൾ വേണം. അതൊരു നാച്ചുറൽ പ്രോസസാണ്. കടൽ കരയെ വിഴുങ്ങിക്കൊണ്ടിരിക്കില്ല. ഇവിടെ നിന്നെടുക്കുന്ന മണ്ണ് അപ്പുറത്തേയ്ക്ക് മാറ്റി വയ്ക്കും, വേറൊരിടത്തേത് ഇപ്പുറത്തേയ്ക്ക് മാറ്റും. ആകെ നോക്കിയാൽ സമാസമമാണ്. പക്ഷെ ഇന്ന് ഇന്ത്യാ രാജ്യത്തെ കോസ്റ്റൽ ലൈനെടുത്താൽ ഏറ്റവുമധികം കടൽ ആഘാതമുണ്ടായിക്കൊണ്ടിരിക്കുന്നത് കേരളത്തിലാണ്. ബാക്കി എല്ലാ സ്ഥലത്തും വയ്ക്കുന്നതുമെടുക്കുന്നതും സമാസമമാണെങ്കിൽ കേരളത്തിൽ 70 ശതമാനം എടുക്കുകയും 30 ശതമാനം വയ്ക്കുകയും ചെയ്യുന്ന അവസ്ഥയിലേയ്ക്ക് വന്നിരിക്കുകയാണ്. ഇതത്ര ലളിതമല്ല. സർക്കാർ ആവശ്യമായ നടപടിയെടുക്കുന്നുണ്ട്. ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 5 വർഷത്തേയ്ക്ക് 300 കോടി രൂപ കിട്ടിയ കാലം മാറ്റിനിർത്തിയാൽ ഏതെങ്കിലും വർഷം 330 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണത്തിന് ഫണ്ടനുവദിച്ച സമയമുണ്ടായിട്ടുണ്ടോ? ബന്ധപ്പെട്ട മന്ത്രിമാരും വകുപ്പുമുണ്ട്; എത്രയും പെട്ടെന്ന് അവർ തീരുമാനമെടുക്കട്ടെ; അത് ചെയ്യും. ആ വികാരം മനസ്സിലാക്കുന്നുണ്ട്. ചെല്ലാനത്ത് ഞാനും പോയതാണ്. പക്ഷെ വീണ്ടും ചെല്ലാനത്ത് പോകാൻ കഴിയുമോ എന്നെനിക്ക് സംശയമുണ്ട്. അവിടെ ചെയ്തുകൊണ്ടിരുന്ന പണി ചെയ്തിരുന്നുവെങ്കിൽ പ്രശ്നമില്ല. വലിയ ജിയോ ബാഗുകൾ നിരത്തി ഭിത്തിയുണ്ടാക്കാൻ പമ്പും മറ്റ് കാര്യങ്ങളും റെഡിയാക്കി. പക്ഷെ ഹാർബറിലെ മണ്ണെടുക്കണോ കടലിലെ മണ്ണെടുക്കണോ എന്നുള്ള തർക്കത്തിൽ മഴ വരുന്നതുവരെ ഒരുകാര്യവും ചെയ്യാതെയിരുന്നത് എന്തടിസ്ഥാനത്തിലാണ്? ഏതായാലും നമ്മൾ ഊർജ്ജിതമായി കാര്യങ്ങൾ ചെയ്യുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എസ്. ശർമ്മ പറഞ്ഞ അഭിപ്രായം തന്നെയാണ് എനിക്കുമുള്ളത്. ഞങ്ങളൊക്കെ കടലോര മേഖലയിലെ എം.എൽ.എ.-മാരാണ്. അങ്ങ് മൂന്നാല് ഓപ്ഷൻ പറഞ്ഞെങ്കിലും കഴിഞ്ഞ മൂന്ന് വർഷമായി ഒരു കല്ലും ഒരിടത്തുമിട്ടിട്ടില്ല. അത് ശരിയല്ല. പുലിമുട്ട് ഫലപ്രദമാണ്. ഇവിടെ മദ്രാസ് ഐ.ഐ.ടി. സ്റ്റഡി നടത്തിയാണ് പുലിമുട്ടുകൾ സ്ഥാപിക്കുന്നത്. പുലിമുട്ട് അശാസ്ത്രീയമാണെന്ന നിലപാട് ശരിയല്ല. ഈ മൂന്നുനാല് ഓപ്ഷൻ അങ്ങും ബഹുമാനപ്പെട്ട മത്സ്യബന്ധന വകുപ്പുമന്ത്രിയും പറഞ്ഞെങ്കിലും മൂന്ന് വർഷമായിട്ടും ഒരു കല്ലുപോലും കേരളത്തിന്റെ തീരപ്രദേശത്ത് ഇട്ടിട്ടില്ല. വളരെ ഗുരുതരമായ പ്രശ്നങ്ങളാണ്, കടലോരങ്ങളിൽ പോകാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ട് അടിയന്തരമായി തീരുമാനമെടുക്കണം. ഐ.ഐ.ടി. സ്റ്റഡി കഴിഞ്ഞ പ്രോജക്ടുകളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരദേശ എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചതാണ്. അതുകൊണ്ട് അടിയന്തരമായി അവിടെ പുലിമുട്ടുകൾ നിർമ്മിക്കാനുള്ള നടപടികളുമായിട്ടാണ് മുന്നോട്ട് പോകേണ്ടത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങയുടെ മണ്ഡലത്തിലടക്കം ടെണ്ടറായി എന്നാണ് എന്റെ ധാരണ; ടെണ്ടർ ആയിട്ടുണ്ട്. അടുത്ത മഴക്കാലത്ത് ഇത്തരത്തിലുള്ള തർക്കവും വിമർശനവും ഇല്ലാത്ത വിധത്തിൽ പ്രശ്നം പരിഹരിക്കാൻ മുൻകയ്യെടുക്കുന്നുണ്ട്. അവസാനം ഒരു പ്രശ്നം കൂടിയുള്ളത് സ്പെഷ്യൽ സ്കൂൾ സംബന്ധിച്ചുള്ളതാണ്. എയ്ഡഡ് സ്കൂളുകളായി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. അതേസമയം നൽകുന്ന ഫണ്ട് പൂർണ്ണമായിട്ടും അപര്യാപ്തമാണ്. വേറെ പല പ്രശ്നങ്ങളും എയ്ഡഡ് സ്കൂളുമായി ബന്ധപ്പെട്ട് വരുന്നുണ്ട്. എയ്ഡഡാക്കാൻ പോകുന്നുവെന്ന് പറഞ്ഞപ്പോൾ തന്നെ നിലവിലുള്ള അനേകം പേർ തൊഴിലിന് പുറത്ത് പോകുകയും വേറെ ആളുകൾ വരുകയുമൊക്കെ ചെയ്യുന്ന അവസ്ഥാ വിശേഷമുണ്ടായി. പക്ഷെ ഫണ്ട് പോരെന്നുള്ളത് വളരെ ശരിയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരാഴ്ചയ്ക്കു മുൻപ് ഇതുസംബന്ധിച്ചുള്ള ഒരു യോഗം വിളിച്ചു; കഴിഞ്ഞ വർഷം അനുവദിച്ച 40 കോടി രൂപ ഇവർക്ക് വിതരണം ചെയ്തിട്ടില്ലെന്നുള്ളതായിരുന്നു ഒരു ആക്ഷേപം. ആ ആക്ഷേപത്തിന് പരിഹാരം അടിയന്തരമായി കാണുന്നതാണ്. മുൻപ് ഏത് കാലത്ത് നൽകിയതിനേക്കാളും കൂടുതൽ പണം സ്പെഷ്യൽ സ്കൂളുകൾക്ക് നൽകും. അതിന് സർക്കാരിന് വിയോജിപ്പില്ല, ചെയ്യേണ്ട കാര്യം തന്നെയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, പ്രളയത്തിൽ അകപ്പെട്ട വീടുകളിലെ വീട്ടുപകരണങ്ങളടക്കം ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം വന്നിട്ടുണ്ട്. ഞാൻ നേരത്തെ പറഞ്ഞതുപോലെ, വാടക വീട്ടിൽ താമസിക്കുന്ന ആളുകളുണ്ട്. അവർക്ക് വീടില്ല; അവരുടെ സ്വത്തെന്ന് പറയുന്നത് വീട്ടുപകരണങ്ങളാണ്. ഇതെല്ലാം നഷ്ടപ്പെട്ട് ഇന്ന് വലിയ ദുരിതം അനുഭവിക്കുന്ന ഒരു വിഭാഗം ജനങ്ങളുണ്ട്. അവർക്ക് എന്ത് സഹായം നൽകുമെന്ന് സൂചിപ്പിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് പറഞ്ഞ പ്രശ്നം കണ്ടുകൊണ്ടാണ് Resurgent Kerala Loans തയ്യാറായത്. ആയിരത്തിൽപ്പരം കോടി രൂപ കുടുംബശ്രീ വഴി പ്രളയബാധിതമായി ഉപകരണങ്ങൾ നഷ്ടമായിട്ടുള്ളവർക്ക് നൽകിയിട്ടുണ്ട്. It has been done.

ശ്രീ. റോജി എം. ജോൺ: സർ, നിരവധി തവണ ഈ സഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്; ചെറുകിട വ്യാപാരികൾക്ക് പ്രളയാനന്തരം യാതൊരു വിധത്തിലുള്ള ആനുകൂല്യങ്ങളും ലഭിച്ചിട്ടില്ല. ഏകദേശം 43 കോടി രൂപ മാത്രമാണ് ഇതിനോടകം കേരളത്തിലെ ബാങ്കുകൾ ലോൺ കൊടുത്തിട്ടുള്ളത്. ചെറുകിട വ്യാപാരികൾക്ക് പലർക്കും ലോണെടുക്കാൻ സാധിക്കുന്നില്ല; അവർക്ക് ഇൻഷ്വറൻസ് കവറേജില്ല; മറ്റൊരു ആനുകൂല്യവും കിട്ടുന്നില്ല. പ്രളയത്തിൽ വെള്ളം കയറിയ വീടുകൾക്ക് പതിനായിരം രൂപ കൊടുത്തതുപോലെ ചെറുകിട വ്യാപാര സ്ഥാപനങ്ങളിൽ വെള്ളം കയറി നാശനഷ്ടം സംഭവിച്ചവർക്ക് ഒരു നിശ്ചിത തുക നൽകുവാൻ സർക്കാർ തയ്യാറാകുമോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നുള്ളതാണ് അഭ്യർത്ഥന.

ഡോ. ടി. എം. തോമസ് ഐസക്: സർ, ക്ഷേമനിധി ബോർഡിനാണ് ഇതിനുള്ള ചുമതല നിശ്ചയിച്ചിരിക്കുന്നത്. ക്ഷേമനിധി ബോർഡ് അവരുടെ അംഗങ്ങളായിട്ടുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. പുറത്തുള്ളവരെക്കുറിച്ച് അവരുമായി ചർച്ച ചെയ്ത് ഒരു ധാരണയിലെത്തും.

മി. സ്പീക്കർ: ചർച്ച കഴിഞ്ഞില്ലേ?

ശ്രീ. എം. വിൻസെന്റ്: സർ, കാരുണ്യ പദ്ധതിയെ സംബന്ധിച്ചിടത്തോളം, ഒരു രോഗി ആശുപത്രിയിൽ അഡ്മിറ്റായിരുന്നാലും ഓപ്പറേഷൻ തീയതി തീരുമാനിക്കുമ്പോൾ ആ തീയതിക്കുമുമ്പായി കാരുണ്യ പദ്ധതിയിൽ നിന്ന് അവർക്ക് തുക ലഭിക്കുന്ന ഒരു സാഹചര്യമുണ്ടാകും. ഡോക്ടറുടെ ബഡ്ജറ്റി നോടൊപ്പം ഫോം നൽകിയാൽ മാത്രം മതി അവർ തുക നൽകും. പുതിയ പദ്ധതി വരുമ്പോൾ ഇൻഷ്വറൻസ് കമ്പനികളുടെ നിബന്ധനകളും മറ്റും ബാധകമാകും. അവർ തുക നൽകാതിരിക്കുവാനാണ് ശ്രമിക്കുന്നതെന്നുള്ളതാണ് ഒന്നാമത്തെ കാര്യം. മറ്റൊന്ന്, തീരസംരക്ഷണവുമായി ബന്ധപ്പെട്ട് കണ്ടൽ കാടുകളും അതുപോലെ കോഴിക്കോട് ബീച്ചിൽ കാറ്റാടി മരങ്ങളും വച്ചുപിടിപ്പിച്ച് തീരസംരക്ഷണം നടത്താൻ നമുക്ക് സാധിക്കും. പ്രാദേശികവാസികളായ മത്സ്യത്തൊഴിലാളികളുടെ അനുഭവ സമ്പത്തുകൂടി തീരസംരക്ഷണത്തിന്റെ കാര്യത്തിൽ ശാസ്ത്രീയ പഠനങ്ങളോടൊപ്പം സമന്വയിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. അനിൽ അക്കര: സർ, മുമ്പ് കാരുണ്യ പദ്ധതി നൽകുന്ന സമയത്ത് റീ-ഇംബേഴ്സ്മെന്റാണ് ആശുപത്രിയിൽ നൽകിയിരുന്നത്. ഇപ്പോൾ ഇൻഷ്വറൻസ് കമ്പനിയിലേയ്ക്ക് പോകുമ്പോൾ IRDAI (Insurance Regulatory and Development Authority of India)-യുടെ റെഗുലേഷൻസ് അനുസരിച്ച് cash less ആയിട്ടേ നൽകുവാൻ കഴിയൂ, അതല്ലെങ്കിൽ റീഇംബേഴ്സ്മെന്റ് രോഗിക്കേ നൽകുവാൻ കഴിയൂ. ഈ ഇൻഷ്വറൻസ് സ്കീം നടപ്പിലാകുമ്പോൾ cash less നടക്കാൻ പോകുന്നില്ല. രോഗിക്ക് റീഇംബേഴ്സ്മെന്റ് നൽകുവാനേ ഇപ്പോഴത്തെ സാഹചര്യത്തിൽ കഴിയുകയുള്ളൂ. അതുകൊണ്ടാണ് പ്രധാനപ്പെട്ട ആശുപത്രികൾ ഇതിൽ നിന്ന് പിൻമാറുന്നത്. IRDAI-യുടെ നിയമമനുസരിച്ച് ഒരു കാരണവശാലും റീഇംബേഴ്സ്മെന്റ് തുക ആശുപത്രിക്ക് നൽകുവാൻ സാധിക്കുകയില്ല. രോഗിക്കേ നൽകുവാൻ കഴിയൂ, അത് ഫീസിബിളല്ല എന്നതുകൊണ്ടാണ് ആ പ്രശ്നത്തിലേയ്ക്ക് പോകുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ പറഞ്ഞത് ശരിയല്ല. എന്റെ അദ്ധ്യക്ഷതയിലുള്ള കൗൺസിലാണ് അംഗീകരിക്കുന്നത്. ഒന്നുകിൽ ബഹുമാനപ്പെട്ട കളക്ടർ തീരുമാനിക്കണം, അല്ലെങ്കിൽ ധനമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗത്തിൽ തീരുമാനിക്കണം. ഓട്ടോമാറ്റിക്കല്ല. അതേസമയം ഇപ്പോൾ ഹെൽത്ത് കാർഡുണ്ടെങ്കിൽ അക്രഡിറ്റേഷനുള്ള ആശുപത്രിയിൽ ചികിത്സ നിഷേധിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഇൻഷ്വറൻസ് കമ്പനി അഡ്വാൻസായി അംഗീകരിക്കും. രോഗി പോയാൽ ചികിത്സ ലഭിക്കും. അതിന്റെ തുക വാങ്ങുന്ന ചുമതലയ്ക്കായി കത്തിടപാടുകൾ നടത്തേണ്ടത് രോഗിയല്ല, ആശുപത്രിയാണ്. ഈ സംവിധാനമാണ് ചെയ്തിട്ടുള്ളത്. ഈ ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

<u>മി. സ്പീക്കർ</u>: ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>: സർ, 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി.

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി

17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ
20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. ഡി. കെ. മുരളി
37. ശ്രീ. മുരളി പെരുനെല്ലി
38. ശ്രീ. സി. കെ. നാണു
39. ശ്രീ. എം. നൗഷാദ്
40. ശ്രീ. യു. ആർ. പ്രദീപ്

41. ശ്രീ. എ. പ്രദീപ്കുമാർ

42. ശ്രീ. കെ. ഡി. പ്രസേനൻ

43. ശ്രീമതി യു. പ്രതിഭ

44. ശ്രീ. പുരുഷൻ കടലുണ്ടി

45. ശ്രീ. പി. ടി. എ. റഹീം

46. ശ്രീ. എം. രാജഗോപാലൻ

47. ശ്രീ. കെ. രാജൻ

48. ശ്രീ. ആർ. രാജേഷ്

49. ശ്രീ. റ്റി. വി. രാജേഷ്

50. ശ്രീ. രാജു എബ്രഹാം

51. ശ്രീ. ആർ. രാമചന്ദ്രൻ

52. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

53. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

54. പ്രൊഫ. സി. രവീന്ദ്രനാഥ്

55. ശ്രീ. സജി ചെറിയാൻ

56. ശ്രീ. എസ്. ശർമ്മ

57. ശ്രീ. സി. കെ. ശശീന്ദ്രൻ

58. ശ്രീ. വി. ശശി

59. ശ്രീ. ഐ. ബി. സതീഷ്

60. ശ്രീ. ബി. സത്യൻ

61. ശ്രീ. എ. എൻ. ഷംസീർ

62. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

63. ശ്രീ. ജി. സുധാകരൻ

64. ശ്രീ. വി. എസ്. സുനിൽ കുമാർ

65. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
66. ശ്രീ. കെ. സുരേഷ് കുറുപ്പ്
67. ശ്രീ. എം. സ്വരാജ്
68. ശ്രീ. പി. തിലോത്തമൻ
69. ശ്രീ. തോമസ് ചാണ്ടി
70. ഡോ. ടി. എം. തോമസ് ഐസക്
71. ശ്രീമതി വീണാ ജോർജ്ജ്
72. ശ്രീ. കെ. വി. വിജയദാസ്
73. ശ്രീ. ഇ. കെ. വിജയൻ
74. ശ്രീ. പിണറായി വിജയൻ
75. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. വി. ടി. ബൽറാം
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ഡോ. എൻ. ജയരാജ്
12. ശ്രീ. കെ. സി. ജോസഫ്

13. ശ്രീ. കെ. എൻ. എ. ഖാദർ
14. ശ്രീ. മോൻസ് ജോസഫ്
15. ഡോ. എം. കെ. മുനീർ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. റോജി എം. ജോൺ
20. ശ്രീ. കെ. എസ്. ശബരീനാഥൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. വി. ഡി. സതീശൻ
23. ശ്രീ. വി. എസ്. ശിവകുമാർ
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. പി. ടി. തോമസ്
26. ശ്രീ. പി. ഉബൈദുള്ള
27. ശ്രീ. എം. ഉമ്മർ
28. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി.സ്പീക്കർ: അനുകൂലിക്കുന്നവർ -75

പ്രതികൂലിക്കുന്നവർ -28

നിഷ്പക്ഷത പാലിക്കുന്നവർ -ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## (2) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

# XII ക്രമപ്രശ്നം

## 2019-ലെ കേരള ധനകാര്യ ബില്ലിൽ സെക്ഷൻ 33 A ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഈ ധനകാര്യ ബില്ലിന്റെ സെക്ഷൻ 4 (3) പ്രകാരം കേരള സ്റ്റാമ്പ് ആക്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 33 A വകുപ്പ് പുതിയതായി ഇതിനോട് കൂട്ടിച്ചേർക്കുന്ന ഭേദഗതിയാണ്. ഈ ഭേദഗതി 1908-ലെ രജിസ്ട്രേഷൻ ആക്ടിന്റെ സെക്ഷൻ 60, 61 എന്നിവയുടെ വയലേഷനാണ്. അതുകൊണ്ട് 33 A പിൻവലിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. 1959-ലെ കേരള സ്റ്റാമ്പ് ആക്ട് ഭേദഗതി ചെയ്യുകയാണെന്ന വ്യാജേന 1908-ലെ സെൻട്രൽ രജിസ്ട്രേഷൻ ആക്ട് ഭേദഗതി ചെയ്യുന്ന തരത്തിലാണ് കൊണ്ടുവന്നിട്ടുള്ളത്. സെൻട്രൽ ആക്ട് ഭേദഗതി ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അംഗീകാരം ആവശ്യമായിവരും. അത് ഒഴിവാക്കാൻ ഇതിനകത്ത് സെൻട്രൽ ആക്ടിൽപ്പെട്ട ഒരു വിഷയം കൂട്ടിച്ചേർത്ത് സ്റ്റാമ്പ് ആക്ടിലൂടെ കൊണ്ടുവന്നിരിക്കുകയാണ്. സ്റ്റാമ്പ് ആക്ടിന്റെ 45 A വകുപ്പ് പ്രകാരം രജിസ്ട്രേഷന് ഹാജരാക്കപ്പെട്ട ഡോക്യുമെന്റിൽ കുറ്റങ്ങളോ കുറവുകളോ ഉണ്ടോയെന്ന് പരിശോധിക്കേണ്ടത് രജിസ്റ്ററിംഗ് ഓഫീസറുടെ ബാധ്യതയാണ്. പുതിയ 33 A വകുപ്പ് പാസ്സാകുകയാണെങ്കിൽ, രജിസ്റ്ററിംഗ് ഓഫീസർ വെരിഫൈ ചെയ്ത്; സാറ്റിസ്ഫൈ ചെയ്ത്; രജിസ്റ്റർ ചെയ്ത് കൊടുത്തിട്ടുള്ളൊരു ഡോക്യുമെന്റ് ഏത് വ്യക്തിക്കുവേണ്ടിയാണോ രജിസ്റ്റർ ചെയ്തത് ആ വ്യക്തിയുടെ ബാധ്യതയായി മാറുകയാണ്. ഈ ഡോക്യുമെന്റ് ഹാജരാക്കുന്നതിന് മടികാണിക്കുകയാണെങ്കിൽ അതിന്റെ ശരിപകർപ്പ് ഒറിജിനലാണെന്ന് ധരിച്ച് impound (ജപ്തി) ചെയ്ത് ആ പ്രമാണം തന്നെ രജിസ്റ്ററിംഗ് അതോറിറ്റി കൈവശപ്പെടുത്തുന്ന സാഹചര്യമുണ്ട്. ഇതിൽ ഒരു ഹിയറിംഗ് വച്ചിട്ടുണ്ട്. അത് രജിസ്റ്റർ ചെയ്ത അതേ ഉദ്യോഗസ്ഥൻ തന്നെയാണ് നടത്തുന്നത്. ഇത് ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ വലിയ അഴിമതി നടത്തിക്കൊടുക്കുവാനുള്ള സൗകര്യമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് 33 A വകുപ്പ് അതിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. സെൻട്രൽ ആക്ടിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്, Registration of the document shall thereupon be deemed complete.

അങ്ങനെ complete ആക്കപ്പെട്ട ഒരു രജിസ്ട്രേഷൻ fully stamped ആണോ അല്ലയോ എന്ന് നോക്കേണ്ടത് registering authority-യുടെ ബാധ്യതയാണ്. ആ വെരിഫിക്കേഷനിൽ വീണ്ടും സ്റ്റാമ്പിന്റെ ഡെഫിസിറ്റുണ്ടെങ്കിൽ അതിന് ഏഴ് ദിവസം അനുവദിച്ച് കൊടുത്തശേഷമാണ് രജിസ്ട്രേഷൻ നടക്കുന്നത്. മാത്രമല്ല,

പത്ത് വർഷം വരെയുള്ളത് മുൻകാല പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. 2010-ലാണ് ഫെയർ വാല്യൂ ആദ്യമായി നിശ്ചയിക്കുന്നത്. അതിനുശേഷം 2014-ൽ വർദ്ധനവും മറ്റു കാര്യങ്ങളും വന്നിട്ടുണ്ട്. ഫെയർ വാല്യൂ നിശ്ചയിക്കുന്നതിനുമുമ്പുള്ള പിരീയഡുവരെ രജിസ്റ്റർ ചെയ്യപ്പെട്ട അനവധി ആധാരങ്ങളെ ബാധിക്കുന്ന തരത്തിലുള്ള ഒരു ഭേദഗതിയാണ് കൊണ്ടുവന്നിട്ടുള്ളത്. അത് ഒഴിവാക്കണമെന്നാണ് എന്റെ ആവശ്യം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനകാര്യ ബില്ലിലെ 4-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1959-ലെ കേരള മുദ്രപത്ര ആക്ടിലെ 33-A വകുപ്പ് മതിയായ മുദ്രവില പതിപ്പിക്കാതെ ഏതെങ്കിലും ഡോക്യുമെന്റ് തെറ്റായോ അല്ലെങ്കിൽ മറ്റുവിധത്തിലോ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ഡോക്യുമെന്റ് കക്ഷികളിൽനിന്നും രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ആവശ്യപ്പെടാവുന്നതും അത് impound ചെയ്യാവുന്നതും കുറവായ സ്റ്റാമ്പ് ഡ്യൂട്ടി എത്രയാണെന്ന് വ്യക്തമാക്കിക്കൊണ്ട് കളക്ടർക്ക് അയച്ചുകൊടുക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നു. മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത ഡോക്യുമെന്റാണെങ്കിൽ ഡെഫിസിറ്റായ സ്റ്റാമ്പ് ഡ്യൂട്ടി എപ്രകാരം ഈടാക്കാമെന്നതു സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. 1908-ലെ രജിസ്ട്രേഷൻ ആക്ടിൽ ആധാരം രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ, രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് മുതലായവ സംബന്ധിച്ചാണ് വ്യവസ്ഥ ചെയ്യുന്നത്. മേൽപ്പറഞ്ഞ വ്യവസ്ഥ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ളതല്ല. അതിനാൽ ബില്ലിലെ വ്യവസ്ഥ കേന്ദ്ര ആക്ടായ 1908-ലെ രജിസ്ട്രേഷൻ ആക്ടിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ടുള്ളതോ പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമോ അല്ല. 1959-ലെ കേരള മുദ്രപത്ര ആക്ടിൽ 33-ാം വകുപ്പ് പ്രകാരം ഒരു പബ്ലിക് ഓഫീസിന്റെ ചുമതലയുള്ള പോലീസ് ഓഫീസർ ഒഴികെയുള്ള ഏതൊരു ഉദ്യോഗസ്ഥനും അതുപോലെ തെളിവ് സ്വീകരിക്കാൻ അധികാരമുള്ള ഏതൊരു ഉദ്യോഗസ്ഥനും അദ്ദേഹത്തിനുമുൻപിൽ വരുന്ന മതിയായ സ്റ്റാമ്പ് ഡ്യൂട്ടി പതിപ്പിക്കാത്ത ഏത് ഡോക്യുമെന്റും impound ചെയ്യുന്നതിനുള്ള അധികാരവ്യവസ്ഥ ഇപ്പോൾത്തന്നെയുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം ഒരാൾ മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത് ആധാരം ഹാജരാക്കുമ്പോൾ മാത്രമേ ഒരു പബ്ലിക് ഓഫീസർക്ക് ആധാരം impound ചെയ്യുവാൻ സാധ്യമാവുകയുള്ളൂ. പ്രസ്തുത വ്യവസ്ഥ നിലനിർത്തിക്കൊണ്ടുതന്നെ രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് മതിയായ സ്റ്റാമ്പ് ഡ്യൂട്ടി നൽകാതെ രജിസ്റ്റർ ചെയ്ത ആധാരം വിളിച്ചുവരുത്തുന്നതിന് call for impound ചെയ്യുന്നതിന് ഈ വ്യവസ്ഥപ്രകാരം അധികാരം നൽകുകയാണ് ചെയ്യുന്നത്. മഹാരാഷ്ട്ര സംസ്ഥാന മുദ്രപത്ര ആക്ടിലും സമാനമായ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിലും ഇതിനെക്കുറിച്ച്

ചർച്ചകൾ നടന്നു. ഉദ്യോഗസ്ഥനും രജിസ്റ്റർ ചെയ്യുന്ന ആളും തമ്മിൽ active connivance ഇല്ലാതെ വില കുറച്ചുകാണിക്കുന്ന ഏർപ്പാട് നടക്കില്ല. അതിനാൽ മുദ്രപത്രത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കിയ ആൾ ഇന്നസെന്റും മറ്റേയാൾ എതിർവശത്തുനിൽക്കുന്ന ആളുമായി കാണുന്നത് ശരിയല്ല. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1959-ലെ കേരള മുദ്രപത്ര ആക്റ്റിൽ 33 A വകുപ്പായി ചേർക്കുന്ന വ്യവസ്ഥ 1908-ലെ രജിസ്ട്രേഷൻ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ ഉന്നയിച്ച ക്രമപ്രശ്നത്തിൽ അടങ്ങിയിരിക്കുന്ന വിഷയം നിലവിലുള്ള കേന്ദ്രനിയമത്തിന് എതിരോ സഭയുടെ നിയമനിർമ്മാണാധികാരത്തിന്റെ ലംഘനമോ അല്ലെന്ന് നിയമോപദേശം ലഭ്യമാകുന്ന സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടിന് വിയോജനകുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളാണ് ഇനി സംസാരിക്കാനുള്ളത്. സബ്ജക്റ്റ് കമ്മറ്റി II, V, VIII, IX, XIV എന്നീ അഞ്ച് സബ്ജക്റ്റ് കമ്മറ്റികളുടെ സംയുക്ത യോഗമാണ് 2019-ലെ കേരള ധനകാര്യ ബിൽ പരിഗണിച്ചത്. അതിൽ മൂന്ന് കമ്മിറ്റികളിലായി ഏഴ് അംഗങ്ങളാണ് റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ളത്. വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾ ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റിയുടെ വിഷയങ്ങളിൽ ഒതുങ്ങിനിന്ന് പരമാവധി ചുരുക്കി സംസാരിച്ചാൽ നന്നായിരിക്കും.

3.00 AM]

<u>ഡോ. എൻ. ജയരാജ്</u>: സർ, 2019-ലെ കേരള ധനകാര്യ ബില്ലിന്മേലുള്ള വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ഇവിടെ പ്രധാനമായും മുന്നോട്ടുവന്ന വിഷയം, പ്രളയക്കെടുതിയുമായി ബന്ധപ്പെടുത്തി ഒരു സെസ്സ് വഴി സർക്കാർ കൂടുതൽ നികുതി ഭാരം ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമം നടത്തുന്നുവെന്നതാണ്. സാമ്പത്തിക മാന്ദ്യത്തിനിടയിലൂടെ കടന്നുപോകുന്ന ഒരു സംസ്ഥാനത്ത്, ഇതിന്റെ പേരിൽ വീണ്ടും അധിക നികുതി ഈടാക്കുന്ന സംവിധാനം സ്വാഭാവികമായും നിത്യോപയോഗ സാധനങ്ങളുടെ വിലയോടൊപ്പം ഉൽപ്പന്നങ്ങളുടെ വിലയിലും മാറ്റമുണ്ടാക്കും. മാത്രമല്ല, ജനങ്ങൾക്ക് വലിയ നികുതിഭാരമുണ്ടാക്കുന്ന സാഹചര്യവുമുണ്ടാകും. ഇതുവരെ എത്ര തുക പല കേന്ദ്രങ്ങളിൽനിന്നും സാമ്പത്തിക സഹായമായി ലഭിച്ചുവെന്നുള്ളതും അത് എങ്ങനെ ചെലവഴിച്ചു എന്നുള്ളതിനെ സംബന്ധിച്ചുമുള്ള കൃത്യമായ കണക്ക് ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. യഥാർത്ഥത്തിൽ ഇത്തരമൊരു സെസ്സ് വേണമെങ്കിൽ ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്ന പ്രധാനപ്പെട്ട ഒരു

കാര്യമാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. 2005-ലെ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടും മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സുമായി ബന്ധപ്പെട്ട രണ്ട് ഗൈഡ് ലൈനുകളും നിലവിലുണ്ട്. ഈ രണ്ട് ഗൈഡ്ലൈനുകളിലും യഥാർത്ഥത്തിൽ ഒരു contradiction നിലനിൽക്കുന്നുണ്ട്. ഇത്തരം പ്രകൃതിദുരന്തങ്ങളുണ്ടാകുന്ന സാഹചര്യങ്ങളിൽ അവയെ നേരിടാൻ സർക്കാർ മുൻകയ്യെടുത്ത് 2005-ൽ നടപ്പിലാക്കിയ നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെയും മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സിലെ ഗൈഡ് ലൈനിലും ഉണ്ടായിട്ടുള്ള ഈ അപാകത അല്ലെങ്കിൽ dichotomy പരിഹരിക്കാൻ മുൻകയ്യെടുക്കാതെ ഒരു പുതിയ സെസ്സ് ഏർപ്പെടുത്തുന്നതാണോ പ്രായോഗികവും ബുദ്ധിപരവുമായ നിലപാട് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. N.D.M.A.(National Disaster Management Act)യുടെ section 2(d)(e) പ്രകാരം അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന സമഗ്രമായ എല്ലാതരത്തിലുമുള്ള പ്രകൃതിദുരന്തങ്ങളെയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ആ നിയമത്തിൽ ഒരു സമഗ്രതയുണ്ട്. നേരത്തെയുണ്ടായിരുന്ന നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിൽ മനുഷ്യനിർമ്മിതമോ പ്രകൃതിപരമോ ആയ ദുരന്തങ്ങൾ, അപകടങ്ങൾ, പ്രകൃതിനാശങ്ങൾ, മനുഷ്യർക്കോ വസ്തുക്കൾക്കോ പ്രകൃതിക്കോ ഉണ്ടാകുന്ന മാറ്റങ്ങളെല്ലാം ദുരന്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഗൈഡ്ലൈനിനുള്ളിൽ അടിയന്തരമായി ഇത്തരം സാഹചര്യങ്ങളിൽ ഇരയാകുന്നവർക്ക് നൽകുന്ന റിലീഫിനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. അതുകൊണ്ട് സംസ്ഥാനങ്ങളിൽ പ്രകൃതിദുരന്തമുണ്ടാകുമ്പോൾ ഗൈഡ്ലൈനാണോ ആക്ടാണോ മികച്ചത് എന്നുള്ള കാര്യത്തിൽ ക്ലാരിറ്റിയുടെ കുറവുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അത് ക്ലിയർ ചെയ്യാൻ തയ്യാറാകാതെ, ആ രൂപത്തിലുള്ള പണം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകാതെ ഒരു പുതിയ സെസ് കൊണ്ടുവരണമോ എന്നുള്ളതാണ് ഞാനിവിടെ ഉന്നയിക്കുന്ന പ്രധാനപ്പെട്ടൊരു കാര്യം. ഗവൺമെന്റ് ഓഫ് ഇന്ത്യ പ്രകൃതി ദുരന്തത്തെകുറിച്ച് രണ്ട് കാര്യങ്ങളാണ് പറയുന്നത്. ഒന്ന്, തീവ്രമായി കണക്കാക്കണം. രണ്ടാമത്തേത്, സംസ്ഥാന ഗവൺമെന്റിന് അവരുടെ കൈവശമുള്ള S.D.R.F.(State Disaster Response Fund)-ൽ നിന്നും ബാക്കി വരുന്ന തുകയെ ലഭിക്കുകയുള്ളൂ എന്നതാണ് പ്രധാനപ്പെട്ട കാര്യം. കേരളത്തിൽ കഴിഞ്ഞ മൂന്നുനാലു വർഷത്തെ കണക്ക് പരിശോധിച്ചാൽ S.D.R.F.(State Disaster Response Fund)-ലെ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ചെലവഴിച്ച തുകയുടെ ബാക്കി മാത്രമേ നൽകുവെന്നുള്ള ഒരു നിർദ്ദേശം നിലനിൽക്കുകയാണ്. ഇത്തരം തുക പുനർനിർമ്മാണത്തിനോ മറ്റുകാര്യങ്ങൾക്കോ മാറ്റി ചെലവഴിക്കാൻ നിലവിലുള്ള ഗൈഡ്ലൈൻ അനുസരിച്ച് സാധിക്കുകയില്ല. ചുരുക്കത്തിൽ S.D.R.F-നും N.D.R.F-നുമുള്ള തുക പുനർനിർമ്മാണത്തിന് ഉപയോഗിക്കാൻ കഴിയാത്തൊരു സാഹചര്യം നിലവിലുണ്ട്. ഏത് രീതിയിലുമുള്ള റീ-ബിൽഡിംഗിനും റീ-കൺസ്ട്രക്ഷനും പുനരധിവാസവുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക്

S.D.R.F.-ഉം N.D.R.F-ഉം ഉപയോഗിക്കുന്ന തരത്തിലേയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ സമ്മർദം ചെലുത്താൻ എന്തുകൊണ്ട് തയ്യാറാകുന്നില്ലെന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാര്യം. അങ്ങനെയത് മാറ്റിയെടുക്കാൻ കഴിഞ്ഞാൽ ഒരുപക്ഷേ ഇത്തരം സെസ്സുകൾ പോലെയുള്ള അധിക ബാദ്ധ്യതകൾ ഒഴിവാക്കാൻ കഴിയുമോ എന്നുള്ളത് ചിന്തിക്കേണ്ടൊരു കാര്യമാണ്. അതോടൊപ്പം പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് രണ്ടുമൂന്നു ഘടകങ്ങൾ പ്രധാനമായുമുണ്ട്. ഒന്ന് ലഘൂകരണം, അതോടൊപ്പം തന്നെയാണ് പുനരധിവാസവും. ഈ ഘടകങ്ങളിലെല്ലാം നിലവിലുള്ള ഗൈഡ്‌ലൈനുകളിൽ നമുക്ക് പണം ചെലവഴിക്കുന്നതിൽ ഒട്ടേറെ തടസ്സങ്ങളുണ്ടെന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ കൃത്യമായ ഒരു ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. രണ്ടാമത്തെ കാര്യം, ജി.എസ്.ടി.-യുടെ അടിസ്ഥാനപരമായ ഘടകം എന്നുപറയുന്നത്, അതിനൊരു ഫംഗ്ഷണൽ സിമെട്രിയുണ്ട് എന്നതാണ്. സെസ് ഏർപ്പെടുത്തുമ്പോൾ ഇതിന്റെ ഫംഗ്ഷണൽ സിമെട്രിയെ ബാധിക്കുമോയെന്നുള്ളതാണ് പ്രശ്നം. ഇതൊരു അക്കാഡമിക് ഇന്ററസ്റ്റിൽ സൂചിപ്പിച്ചുവെന്നേയുള്ളൂ. കാരണം, വൺ നേഷൻ വൺ ടാക്സ് എന്നാണ് പറയുന്നത്. സെസ് വരുന്നതോടുകൂടി അതിന്റെ ഫംഗ്ഷണൽ സിമെട്രിയെ ബാധിക്കാൻ സാധ്യതയുണ്ട്. ഇന്നല്ലെങ്കിൽ നാളെ ചർച്ച ചെയ്യപ്പെടേണ്ട ഒരു കാര്യമാണിത്. ഇതിനൊരു ജ്യോഗ്രഫിക്കൽ സിമെട്രിയുമുണ്ട്. അത് നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമോയെന്നുള്ളത് ഗൗരവമായിത്തന്നെ ചിന്തിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ചില കേന്ദ്രങ്ങളിൽനിന്ന് ഞാൻ മനസ്സിലാക്കിയ ഒരു കാര്യം, ഐ.ജി.എസ്.ടി. ഇന്റർസ്റ്റേറ്റ് സെയിൽസുമായി ബന്ധപ്പെട്ട ഒരു സംവിധാനമാണ്. സെസ് ഏർപ്പെടുത്തുന്നതിനുപകരം കോമ്പൻസേഷൻ സെസ്സിൽ സ്പെഷ്യൽ റേറ്റിൽ ലെവി ചെയ്യാൻ കഴിയുന്ന സമ്പ്രദായത്തെക്കുറിച്ച് ചില പരാമർശങ്ങൾ ഞാൻ വായിക്കാനിടയായി. അങ്ങനെ ഈ സെസ്സിനുപകരം കോമ്പൻസേഷൻ സെസുമായി ബന്ധപ്പെട്ട് സ്പെഷ്യൽ റേറ്റിൽ ലെവി ചെയ്യാൻ കഴിയുമോ എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം, ഇതിനകത്തു പറയുന്ന പ്രധാനപ്പെട്ട ഒരു നേട്ടം സെസ് ഒരിക്കലും ജി.എസ്.ടി.-യുടെ ഭാഗമായി വരുന്നില്ല എന്നുള്ളതാണ്. അതുകൊണ്ടുതന്നെ സെസിൽവരുന്ന അഡീഷണലായ ഏത് ലെവിയും ജി.എസ്.ടി.-യുടെ ഭാഗമായി വരുന്നില്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. സെസ് ഉൾപ്പെടുത്തുമ്പോഴുള്ള ഒരു കുഴപ്പം വളരെ സിമ്പിളായിട്ടുള്ള ഒരു സംവിധാനത്തെ അനാവശ്യമായി ആശയക്കുഴപ്പത്തിലാക്കാനുള്ള സാധ്യതകൾ ഭാവിയിലുണ്ടാകും. അത് കുറയ്ക്കാൻകൂടി സഹായകരമാകുന്ന തരത്തിൽ പ്രളയസെസ് ഒഴിവാക്കികൊണ്ട് കോമ്പൻസേഷൻ സെസിന്റെ സ്പെഷ്യൽ റേറ്റ് ലെവിയായി ചുമത്താൻ കഴിയുമോ എന്നുള്ളത് പ്രധാനപ്പെട്ട വിഷയമാണ്. പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ നിലവിലുള്ള ഗൈഡ്‌ലൈനിന്റെയും നിയമത്തിന്റെയും പരിധിക്കകത്ത് നിന്നുകൊണ്ട് നമുക്ക് അടിയന്തര ഘട്ടത്തിൽ ഫണ്ട് ഉപയോഗിക്കാൻ കഴിയാതിരിക്കുന്ന പ്രശ്നങ്ങൾ

പരിഹരിക്കാൻ കഴിയുമോയെന്നുള്ള കാര്യംകൂടി വളരെ പ്രധാനപ്പെട്ടതാണ്. ഫ്ലഡ് റിലീഫിനകത്തുവരുന്ന തുക, റവന്യൂ ഡിപ്പാർട്ട്മെന്റിൽനിന്ന് ഇതുപോലുള്ള സാഹചര്യങ്ങളിൽ തരുന്ന ഫണ്ട് എന്നിവ ചെലവഴിക്കാനുള്ള സമയപരിധി കേന്ദ്ര നിയമപ്രകാരം നേരത്തെ രണ്ടുവർഷമായിരുന്നത് ഒന്നരവർഷമായി കുറച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കണമെന്ന മാനദണ്ഡം വച്ചുകൊണ്ട് ഫണ്ട് വകമാറ്റി ചെലവഴിക്കാൻ സാധിക്കില്ല. കേരളം പോലുള്ള സംസ്ഥാനത്ത് ഇത്രയും വലിയ പ്രളയമുണ്ടായശേഷം ഒന്നരവർഷമെന്ന സമയപരിധിക്കുള്ളിൽ ഫണ്ട് ചെലവഴിക്കണമെന്നുള്ള ഗൈഡ്‌ലൈൻ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന സാഹചര്യമാണ്. ഈ രണ്ട് കാര്യങ്ങൾ വളരെ ഗൗരവമായി പരിഗണിക്കണം. ഇപ്പോൾ അധികമായി നിർദ്ദേശിക്കുന്ന സെസ് പിൻവലിച്ചുകൊണ്ട് നിലവിലുള്ള പരിധിക്കകത്തു നിന്നു കൊണ്ട് അതൊഴിവാക്കാൻ കഴിയുമോ എന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട കാര്യം. അങ്ങയുടെ മറുപടിയിൽ അത് സൂചിപ്പിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്.

മൂന്നാമത്തെ കാര്യം, വാറ്റ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ 31-3-2018-വരെയുള്ള അസസ്മെന്റുകൾക്ക് നികുതിയിൽ ഒരു കുറവും വരുത്താതെ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഈ വ്യവസ്ഥ പൊതുവിൽപ്പന നികുതിക്കുകൂടി 31-3-2018-വരെയുള്ള കാലയളവിലേയ്ക്ക് ബാധകമാക്കാൻ കഴിയുമോയെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. തന്മൂലം നികുതി തുകയിൽ കുറവുവരുന്നില്ല, സർക്കാരിന് നികുതി നഷ്ടമുണ്ടാകുന്നുമില്ല. ജി.എസ്.ടി. പൂർണ്ണമായും നടപ്പിലാക്കുമ്പോൾ പഴയ നിയമപ്രകാരമുള്ള കുടിശ്ശികകൾ തീർക്കുന്നതിന് സർക്കാരിന് ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട നികുതി നിർണ്ണയത്തിൽ പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്നുള്ള വസ്തുത നിലവിലുണ്ട്. അതുകൊണ്ട് ഇക്കാര്യം പരിഗണിക്കണം. ഇതിന് അങ്ങ് പറയാൻ പോകുന്ന മറുപടി, 'ഇത് കേന്ദ്ര പൊതുമഖലാ സ്ഥാപനങ്ങളുടെ പരിധിക്കകത്ത് വരുന്നതായതുകൊണ്ട് അതുൾപ്പെടുത്താൻ കഴിയുമോയെന്നുള്ള പ്രശ്നമുണ്ട്' എന്നായിരിക്കും. പക്ഷെ മുൻകാലങ്ങളിൽ അത്തരം സാഹചര്യങ്ങളിൽ നമ്മുടെ സംസ്ഥാനത്തിനകത്ത് നടക്കുന്ന ട്രാൻസാക്ഷനെ മാത്രമായി ഉൾപ്പെടുത്തിക്കൊണ്ട് ഒഴിവാക്കുന്ന ഒരു സമ്പ്രദായം സ്വീകരിച്ചിട്ടുണ്ട്. ഈ നികുതി അടയ്ക്കാൻ അവർ തയ്യാറാണ്. പക്ഷെ നിലവിൽ നിയമത്തിൽ പറഞ്ഞിരിക്കുന്നത് 2005 വരെയുള്ള കാലയളവാണ്. 31-3-2018 വരെ എക്സ്റ്റന്റ് ചെയ്യണമെന്നുള്ളതാണ് വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം.

കാരുണ്യ പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നം പറയാതിരിക്കാൻ കഴിയില്ല. കാരണം, കെ. എം. മാണി സാറിന്റെ സമയത്ത് കൊണ്ടുവന്ന, യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ഒരു സന്തതിയാണ് ഈ പദ്ധതി. ഇതിൽ എന്റെയൊരു ആശങ്ക അങ്ങിവിടെ ക്ലാരിഫൈ ചെയ്തു. പക്ഷെ, കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് മുമ്പിൽ ഞാനും ശ്രീ. റോഷി അഗസ്റ്റിനും കാരുണ്യ പദ്ധതി നിർത്തലാക്കരുതെന്നാ

വശ്യപ്പെട്ട് സത്യാഗ്രഹമിരുന്നു. പല കോണുകളിൽനിന്നും നിരവധി പരാതികൾ വരുന്നുണ്ട്. ആർ.സി.സി.-യിൽ ഒരു പെൺകുട്ടി ചികിത്സയ്ക്കു പോയപ്പോൾ 5 ലക്ഷം രൂപയുടെ പരിധിയിലുള്ള സംവിധാനത്തിൽ അവർക്ക് പണം നൽകാൻ കഴിയുകയില്ലെന്ന് പറഞ്ഞു. കോട്ടയം മെഡിക്കൽ കോളേജിലും സമാനമായ ഒരു പ്രശ്നമുണ്ടായി. കാരുണ്യ പദ്ധതി പ്രകാരം ഒന്നരലക്ഷം രൂപ നേരത്തെ പാസ്സായതാണ്. പക്ഷെ അവിടെ പോയപ്പോൾ കാരുണ്യ പദ്ധതി നിർത്തലാക്കിയതുകൊണ്ട് അസൗകര്യമുണ്ടെന്നാണ് അറിയിച്ചത്. ഒരുപക്ഷെ അങ്ങ് പറഞ്ഞ കാര്യങ്ങൾ ശരിയായിരിക്കാം. പക്ഷെ കൃത്യമായ ഒരു നിർദ്ദേശം പലപ്പോഴും രോഗികൾ പോകുമ്പോൾ ഉണ്ടാകുന്നില്ല. ഒരുപക്ഷെ, ഇതിന്റെ പ്രവർത്തനത്തിന്റെ കാലയള വിലുണ്ടാകുന്ന ഒരു അസൗകര്യമായിരിക്കാം. പക്ഷെ കാരുണ്യ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകത അതിന്റെ ട്രാൻസ്പരൻസിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വളരെ സുതാര്യവും ലഘുവുമായിരുന്നു, ഇടനിലക്കാരില്ലായിരുന്നു, എം.എൽ.എ.-യുടെയോ പഞ്ചായത്ത് അംഗത്തിന്റെയോ ശിപാർശ ആവശ്യമില്ലായിരുന്നു. വളരെ കൃത്യമായി രോഗിക്ക് ചികിത്സ ലഭിക്കുന്ന ഒരു സമ്പ്രദായമായിരുന്നു. ഇൻഷ്വറൻസിന്റെ പ്രധാനപ്പെട്ട ഒരു കാര്യം, ഇൻഷ്വറൻസ് കമ്പനിയുടെ സ്വഭാവം നമുക്കറിയാം, കാലക്രമേണ റിലയൻസിനെപ്പോലുള്ള സ്ഥാപനങ്ങൾ കടന്നു വരുമ്പോൾ ഓരോരോ പുതിയ കാണാച്ചരടുകൾ അതിന്റെ പിന്നാലെ കൊണ്ടുവന്ന് വളരെ ഭംഗിയായി നടന്നുകൊണ്ടിരുന്ന ഒരു പ്രക്രിയ ഇല്ലാതാക്കുകയോ നശിപ്പി ക്കുകയോ അല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാക്കുകയോ ചെയ്യുന്ന സാഹചര്യമുണ്ടാകുമോ എന്നുള്ളത് കാത്തിരുന്ന് കാണേണ്ട ഒരു കാര്യമാണ്. പക്ഷെ ഏതായാലും ട്രാൻസിഷൻ പിരീഡിൽ വലിയൊരാശങ്ക ആളുകൾക്കിടയിലുണ്ട്. അത് പരമാവധി ലഘൂകരിക്കാനോ ഇല്ലാതാക്കാനോ ഉള്ള ശ്രമങ്ങൾ തീർച്ചയായും ഉണ്ടാകണമെന്നാണ് സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. കാരുണ്യ ലോട്ടറിയും കാരുണ്യ പ്ലസും കൊണ്ടു വന്നത് യഥാർത്ഥത്തിൽ ഈ പ്രവർത്തനത്തിനുവേണ്ടി മാത്രമാണ്. കാരുണ്യ ഇല്ലാതാകുന്നതോടുകൂടി ആ രണ്ട് ലോട്ടറികളുടെ അവസ്ഥയെന്താകും? ഞാനുൾപ്പെടെ ഈ ഒരു ലോട്ടറി ടിക്കറ്റ് മാത്രം വാങ്ങുന്ന ആളുകളുണ്ട്. ലോട്ടറി ടിക്കറ്റ് എടുക്കുന്നത് സമ്മാനം കിട്ടാൻ വേണ്ടിയൊന്നുമല്ല. ഇതിന്റെ തുക ആർക്കെങ്കിലും പ്രയോജന പ്പെടുമെന്നുള്ള താൽപ്പര്യത്തിൽ കാരുണ്യ ലോട്ടറി എടുക്കുന്ന ഒട്ടേറെ ആളുകളുണ്ട്. അത് നഷ്ടപ്പെടുന്നുവെന്നത് ഒരു പ്രധാനപ്പെട്ട കാര്യമായി കാണേണ്ടതാണ്. പല ആശുപത്രികളും അക്രഡിറ്റേഷനിൽനിന്ന് മാറിനിൽക്കുന്ന അവസ്ഥയുണ്ട്. അത് വളരെ ഗൗരവമായി കാണേണ്ട കാര്യമാണ്. കാരുണ്യ പദ്ധതി കുറച്ചുകൂടി ലഘൂകരിച്ച് വളരെ പെട്ടെന്നുതന്നെ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. പ്രളയ സെസ്സ് പിൻവലിക്കാനുള്ള നടപടിയുണ്ടാകണം. അല്ലെങ്കിൽ സെസ്സിനുപകരം ഞാൻ നേരത്തെ സൂചിപ്പിച്ച മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് അത് നടപ്പാക്കാനുള്ള മാർഗ്ഗങ്ങളുണ്ടാകണമെന്ന് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. മറ്റ് കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിലെ മറ്റംഗങ്ങൾ സൂചിപ്പിക്കുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.

കേരളത്തിൽ വരാൻ പോകുന്ന കാലഘട്ടത്തിലെ നികുതി സമ്പ്രദായവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണിത്. നികുതി പിരിക്കുകയും മറ്റ് കാര്യങ്ങളൊക്കെ ചെയ്യുമ്പോഴും നമ്മുടെ എക്സ്പെൻഡിച്ചറിന്റെ ക്വാളിറ്റി വർദ്ധിപ്പിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. എക്സ്പെൻഡിച്ചർ ക്വാളിറ്റി വർദ്ധിപ്പിക്കാനുള്ള നടപടികളുണ്ടാകണം. കിഫ്ബിയുമായി ബന്ധപ്പെട്ട് ധാരാളം പദ്ധതികളുണ്ട്. അതിനെല്ലാം പരിഹാരം കാണണം. ഒരു കാര്യം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുകയാണ്. നമ്മുടെ ബഡ്ജറ്റ് സമ്പ്രദായത്തിൽ ഇനിയെങ്കിലും കുറേ മാറ്റങ്ങൾ വരണം. എല്ലാ വിഷയനിർണ്ണയ സമിതികളുടെയും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, കഴിഞ്ഞ വർഷം അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാത്തതുകൊണ്ട് ഈ വർഷം പുതിയ തുക അനുവദിക്കാൻ സാധ്യമല്ല എന്നാണ് ധനകാര്യ വകുപ്പ് നൽകുന്ന മറുപടി. എല്ലാവർഷവും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നമുക്കറിയാം നിശ്ചിത ശതമാനം തുക വർദ്ധിപ്പിച്ച് കാണിക്കുന്നതിനപ്പുറത്തേയ്ക്കുള്ള ഒരു എക്സർസൈസാണ് നടക്കുന്നത്. അനുവദിച്ച പണം കൃത്യമായി ചെലവഴിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ബാധ്യത കൂടിയുണ്ട്. ഓരോ വകുപ്പിനും നൽകുന്ന പണം ചെലവഴിക്കാതിരുന്നിട്ട് വീണ്ടും തുക ആവശ്യപ്പെടുന്ന പ്രക്രിയ സബ്ജക്ട് കമ്മിറ്റിയിൽ നിരന്തരം കാണുന്നതാണ്. പണം അനുവദിക്കുകയും നികുതി പിരിക്കുകയും ചെയ്യുന്നതിനുള്ള അനുവാദം നിയമസഭ തരുമ്പോൾ ചെലവഴിക്കാൻ വകുപ്പുകളെ ഏൽപ്പിക്കുന്ന പണം അവർ കൃത്യമായും സുതാര്യമായും നിഷ്പക്ഷമായും സമയബന്ധിതമായും ചെലവഴിക്കുന്നുവെന്ന കാര്യം ഉറപ്പുവരുത്തുമ്പോൾ മാത്രമേ നമ്മുടെ നിയമനിർമ്മാണ പ്രക്രിയ പൂർണ്ണമായ ലക്ഷ്യത്തിലേയ്ക്ക് എത്തുകയുള്ളൂവെന്ന കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ഞാൻ സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ദീർഘദൂരം നടന്നാണ് സ്കൂളിലേയ്ക്ക് പോയിരുന്നത്. പോകുന്ന വഴിക്ക് കൃഷ്ണൻകുട്ടി ചേട്ടന്റെ ചെറിയൊരു കടയുണ്ടായിരുന്നു. അതൊരു വലിയ കടയായിരുന്നില്ലെങ്കിലും ധാരാളം സാധനങ്ങൾ ആ കടയിലുണ്ടായിരുന്നു. എന്ത് ചോദിച്ചാലും കിട്ടും. പെൻസിൽ മുതൽ ഏത് സാധനം ചോദിച്ചാലും കിട്ടുന്നൊരു ചെറിയ കട. അദ്ദേഹം രാവിലെ ഏഴ് മണിക്ക് കട തുറക്കുകയും രാത്രി എട്ട് മണിക്ക് കട അടയ്ക്കുകയും ചെയ്യും. ഞാൻ എല്ലാ ദിവസവും അദ്ദേഹത്തിനൊരു സലാം കൊടുത്തുകൊണ്ട് ആ കടയുടെ മുന്നിലൂടെയാണ് സ്കൂളിൽ പോയിരുന്നത്. കുറച്ചുനാളുകൾ കഴിഞ്ഞപ്പോൾ കടയിലെ സാധനങ്ങൾ കുറയാൻ തുടങ്ങി. സാധനങ്ങൾ കുറഞ്ഞുകുറഞ്ഞ് ഒന്നുമില്ലാതായി. ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, കടയിൽ റോൾ ചെയ്തിരുന്ന പണമെടുത്ത് വേറെ ഏതോ ആവശ്യത്തിന് ഉപയോഗിച്ചതുകാരണം വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായി, അങ്ങനെയാണ്

കടയിൽ സാധനങ്ങൾ ഇല്ലാതായതെന്ന്. കടയിൽ സാധനങ്ങൾ ഇല്ലാതായെന്നു മാത്രമല്ല ഒരു ദിവസം ഒന്നും ഇല്ലാതായി. ഒഴിഞ്ഞ മിഠായിക്കുപ്പികൾ മാത്രമായി. പക്ഷെ അദ്ദേഹം എല്ലാദിവസവും രാവിലെ 7.00 മണിക്ക് കൃത്യമായി കട തുറക്കുകയും രാത്രി 8.00 മണിക്ക് കട അടയ്ക്കുകയും ചെയ്യും. ആളുകൾ കൂട്ടംകൂടി നിന്ന് കച്ചവടം നടന്നിരുന്ന സ്ഥാനത്ത് ആരുമില്ലാത്ത സ്ഥിതിയായി. ട്രഷറി ബഞ്ചിലിരിക്കുന്ന ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ കാണുമ്പോൾ എനിക്ക് ആ കൃഷ്ണൻകുട്ടി ചേട്ടനെയാണ് ഓർമ്മ വരുന്നത്. ഒഴിഞ്ഞ മിഠായി കുപ്പികൾ മാത്രമായി രാവിലെ 7.00 മണിക്ക് കട തുറക്കുകയും രാത്രി 8.00 മണിക്ക് കട അടയ്ക്കുകയും ചെയ്യുന്ന, ഒരു പണവും കയ്യിലില്ലാത്ത, ഒരുപാട് കാര്യങ്ങളെ കുറിച്ച് പറയുന്ന അദ്ദേഹത്തിന്റെ മുഖത്ത് യാതൊരു ഭാവഭേദവും ഉണ്ടായിരുന്നില്ല. കടകൾ നിറയെ സാധനമുണ്ടായിരുന്ന സമയത്തെ സ്ഥിതി തന്നെയായിരുന്നു അപ്പോഴും അദ്ദേഹത്തിന്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ മുഖത്തു നോക്കിയാലും അതുപോലെതന്നെയാണ്. ഒരു ഭാവഭേദവുമില്ല. പഴയതുപോലതന്നെ എല്ലാം കയ്യിലുണ്ടെന്നുള്ള വിചാരത്തിലാണ് അദ്ദേഹം നിൽക്കുന്നത്. കനത്ത ധനപ്രതിസന്ധിയിലൂടെയാണ് നമ്മുടെ സംസ്ഥാനം കടന്നുപോകുന്നത്. മഹാഭാരതത്തിൽ കവചകുണ്ഡലങ്ങൾ നഷ്ടപ്പെട്ട്, അവസാനം പഠിച്ച അസ്ത്രവിദ്യകൾ മറന്നുപോയി, തേരുകൾ ചെളിയിൽപൂണ്ട്, എന്ത് ചെയ്യണമെന്നറിയാതെ നിർവ്വികാരനായി നിൽക്കുന്ന കർണ്ണന്റെ അവസ്ഥയിലാണ് യഥാർത്ഥത്തിൽ അങ്ങ് നിൽക്കുന്നത്. കാരണം, എങ്ങനെ മുന്നോട്ടുപോകുമെന്ന് യാതൊരു പിടിയുമില്ലാത്ത ധനപ്രതി സന്ധിയാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തിന്റെ പൊതുകടം വർദ്ധിക്കുന്നത് നമുക്കറിയാം. 3 % ആണ്. FRBM Act (Fiscal Responsibility and Budget Management)-ന്റെ ലിമിറ്റിലാണ്. ഒരു വശത്ത് പൊതുകടം വർദ്ധിക്കുമ്പോൾ, ഗവൺമെന്റ് ഡെറ്റ് വർദ്ധിക്കുമ്പോൾ മറുവശത്ത് ഗവൺമെന്റ് ഗ്യാരണ്ടീഡ് ഡെറ്റ് എന്നുപറയുന്നൊരു പുതിയ വിഭാഗം ഉണ്ടാക്കിയിരിക്കുകയാണ്. കൗശലക്കാരനാണെന്നൊന്നും ഞാൻ പറയുന്നില്ല. അത് പറഞ്ഞാൽ അദ്ദേഹം തെറ്റിദ്ധരിക്കും. ഗവൺമെന്റ് ഗ്യാരണ്ടീഡ് ഡെറ്റ് എന്നുപറയുന്ന വലിയൊരു കടക്കെണിയിലേയ്ക്ക് കേരളം പോകുകയാണ്. എന്നാൽ ആ ഗവൺമെന്റ് ഗ്യാരണ്ടി ഉപയോഗിച്ച് ലോൺ വാങ്ങിയപ്പോൾ ഒരു ബാർഗെയിനിംഗുണ്ടായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത്, ഇവിടെ മസാല ബോണ്ടിന്റെയും 9.78 ശതമാനം പലിശയുടെയുമൊക്കെ കാര്യം പറഞ്ഞു. നമ്മുടെ ധനസ്ഥിതിക്ക് താങ്ങാവുന്ന പലിശയാണോ അത്? അദാനി വന്നാലും അംബാനി വന്നാലും ഒരു ഗവൺമെന്റ് വന്നാലും ലോകത്തിലെ ഫണ്ടിംഗ് ഏജൻസികളുടെ ആകർഷണം അംബാനിയും അദാനിയും ബിൽഗേറ്റ്സുമല്ല, ഗവൺമെന്റിന്റെ ഗ്യാരണ്ടിയാണ്. കാരണം, അത് sovereign guarantee ആണ്. ഫണ്ടിംഗ് ഏജൻസികളുടെ മുമ്പിലുള്ള ഏറ്റവും വലിയ ആകർഷണം sovereign

guarantee ആയി നിന്നപ്പോൾ ആ sovereign guarantee-യെ അടിസ്ഥാനപ്പെടുത്തിയുള്ള ബാർഗെയിനിംഗിന് നമ്മൾ പോയോ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

പ്രളയ സെസ് ഏർപ്പെടുത്തിയ കാര്യം ഡോ. എൻ. ജയരാജ് ഇവിടെ സംസാരിച്ചു. ഈ ബഡ്ജറ്റിൽ പ്രളയബാധിതമായ പ്രദേശങ്ങളിലെ ജനങ്ങളെ സഹായിക്കാൻവേണ്ടിയുള്ള വലിയൊരു സ്റ്റിമുലേഷൻ പാക്കേജ് അങ്ങയുടെ ഭാഗത്തു നിന്നുമുണ്ടാകുമെന്നാണ് ഞാൻ കരുതിയത്. കാരണം, നാഴികയ്ക്ക് നാൽപ്പതുവട്ടം കെയ്നീഷ്യൻ തിയറിയെക്കുറിച്ച് പറയുന്ന ആളാണ് അദ്ദേഹം. പ്രളയബാധിതമായ പ്രദേശങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം, അവിടത്തെ ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ട ആളുകളുടേതാണ്. സാമ്പത്തികമായ ക്രയവിക്രയങ്ങളാണ് അവിടെ തകരാറിലായിരിക്കുന്നത്. എന്റെ പോക്കറ്റിൽനിന്ന് രണ്ടാമന്റെ പോക്കറ്റിലേയ്ക്കും രണ്ടാമന്റെ പോക്കറ്റിൽനിന്ന് മൂന്നാമന്റെ പോക്കറ്റിലേയ്ക്കും കൈമാറ്റം ചെയ്യപ്പെടേണ്ട മാധ്യമമാണ് കറൻസി. അത് കൈമാറ്റം ചെയ്യപ്പെടണമെങ്കിൽ സാമ്പത്തികമായ ക്രയവിക്രയങ്ങളുണ്ടാകണം. പ്രളയബാധിത പ്രദേശങ്ങളിൽ ഇക്കണോമിക് ആക്റ്റിവിറ്റി പൂർണ്ണമായും തകർന്നുതരിപ്പണമായി കിടക്കുകയാണ്. നമ്മൾ കാണുന്നില്ലെന്ന് മാത്രമേയുള്ളൂ, യഥാർത്ഥത്തിൽ തകർന്നിരിക്കുകയാണ്. ആ പ്രദേശത്തെ ജനങ്ങളെക്കൂടി ബാധിക്കുന്ന തരത്തിലുള്ളൊരു പ്രളയ സെസ് ഏർപ്പെടുത്തുകയല്ല അവിടെ വേണ്ടത്, ഇക്കോണമിയെ സ്റ്റിമുലേറ്റ് ചെയ്യാനുള്ള പാക്കേജാണ് വേണ്ടത്. അതിനുപകരം പ്രളയ സെസ് ഏർപ്പെടുത്താനുള്ള തീരുമാനം അങ്ങ് പിൻവലിക്കണം. അങ്ങൊരു പോയിന്റ് പറഞ്ഞു, ' സംസ്ഥാനങ്ങൾക്ക് യാതൊരു അധികാരവുമില്ല, എല്ലാ അധികാരങ്ങളും കേന്ദ്രത്തിന്റെ കയ്യിലാണ്. അതുകൊണ്ട് സംസ്ഥാനത്തിനും ഒരധികാരമുണ്ടെന്ന് തെളിയിക്കാൻ കിട്ടിയ ഒരവസരമാണ്' എന്ന്. അത് പാസ്സാക്കാം. പക്ഷെ അത് നടപ്പാക്കണ്ട. നമുക്ക് അധികാരമുണ്ടെന്ന് കാണിച്ചാൽപോരെ; പ്രളയ സെസ് ഏർപ്പെടുത്താനുള്ള അധികാരം സംസ്ഥാനത്തിനുണ്ട്. അതിന്റെ ലെജിസ്ലേറ്റീവ് കോമ്പീറ്റൻസി ഞങ്ങൾക്കുണ്ട്. ഞങ്ങൾക്ക് നിയമം നിർമ്മിക്കാനുള്ള അധികാരമുണ്ട്, അത് നടപ്പാക്കാം. പക്ഷേ ഇന്നത്തെ കേരളത്തിന്റെ പ്രളയാനന്തര സാഹചര്യങ്ങൾ പരിഗണിച്ച് ഞങ്ങൾ ആ സെസ്സ് വാങ്ങുന്നില്ലെന്ന് തീരുമാനിച്ചാൽപോരെ. ഇപ്പോൾ നാട്ടിൻപുറത്ത് ചായയ്ക്ക് പത്ത് രൂപയാണ്. പഞ്ചസാരയ്ക്കും ചായപ്പൊടിക്കും വില കൂടിയാൽ അവർ ചായയ്ക്ക് 12 രൂപയാക്കും. ഒരാഴ്ച കഴിയുമ്പോൾ പഞ്ചസാരയുടെയും ചായപ്പൊടിയുടെയും വില നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കുറഞ്ഞാൽ 12 രൂപയുടെ ചായയ്ക്ക് 8 രൂപയോ 10 രൂപയോ ആക്കില്ല, 12 രൂപയായിത്തന്നെ തുടരും. അതാണ് വിലക്കയറ്റത്തിന്റെ പ്രശ്നം. ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ സൈക്കോളജിക്കലായിട്ടുള്ളൊരു ഇംപാക്റ്റ് ഇത് മാർക്കറ്റിലുണ്ടാക്കും. കൃത്രിമമായി ഉണ്ടാക്കുന്നതാണ്. യഥാർത്ഥത്തിൽ

ഉണ്ടാകുന്നതല്ല. ജി.എസ്.ടി. വന്നപ്പോൾ നമ്മൾ കണ്ടതുപോലെ ഒരു സെസ്സ് ഏർപ്പെടുത്തിയെന്ന് പറയുമ്പോൾ അപ്പോൾതന്നെ വിലകൂട്ടുന്ന ആളുകളാണ്. അതുകൊണ്ട് ആ സെസ് പിൻവലിക്കണം. പ്രളയം ഏറ്റവും കൂടുതൽ ബാധിച്ചത് കൃഷിയെയും അതിനോട് അനുബന്ധമായ മേഖലകളെയുമാണ്. അവിടത്തെ പ്ലാനാണ് 20% വെട്ടിച്ചുരുക്കിയത്. അതുപോലെ ആക്ടീവായി നിൽക്കേണ്ടത് ലോക്കൽ ബോഡികളാണ്. യഥാർത്ഥത്തിൽ ഡീ-സെൻട്രലൈസേഷന് പകരം റീ-സെൻട്രലൈസേഷനാണ് അങ്ങിപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കാരണം, മാർച്ച് 31 വരെ ലോക്കൽ ബോഡിയുടെ കൈവശമിരിക്കുന്ന പണം മാർച്ച് 31 കഴിഞ്ഞ് ഏപ്രിൽ 1-ന് സർക്കാരിന്റെ കൈവശമായിരിക്കും. ക്യൂ ബില്ലെന്നും സ്പിൽ ഓവർ എന്നുമൊക്കെ ഓമനപേരിട്ട് ആ പണം തിരിച്ചെടുക്കുകയാണ്. എന്നിട്ട് പിറ്റേ വർഷം അവർക്ക് കൊടുക്കേണ്ട പണത്തിൽനിന്ന് അത് കട്ട് ചെയ്യുകയാണ്. കുറച്ചുകഴിയുമ്പോൾ 50 ശതമാനംപോലും പദ്ധതി പ്രവർത്തനങ്ങൾക്ക് പണമില്ലാതെ വരികയാണ്. നഗരസഭകൾക്കെതിരെ വേറൊരു കാര്യംകൂടി ചെയ്തിട്ടുണ്ട്. അവരോട് പറയുകയാണ്, ' ഇപ്രാവശ്യം നിങ്ങൾക്ക് തന്നിരിക്കുന്ന പണത്തിന്റെ 90% ഞങ്ങൾ കെ.എസ്.ഇ.ബി.-ക്കും വാട്ടർ അതോറിറ്റിക്കും നൽകുകയാണ്,അവരുടെ ബില്ലിൽ നിങ്ങളുടെ അരിയേഴ്സുണ്ട്' എന്ന്. ഞാൻ മൂന്നുനാല് നഗരസഭയുടെ ബില്ലിനെക്കുറിച്ച് കെ.എസ്.ഇ.ബി.-യിലും വാട്ടർ അതോറിറ്റിയിലും വിളിച്ചു ചോദിച്ചു. വാട്ടർ അതോറിറ്റിയിലും കെ.എസ്.ഇ.ബി.-യിലും ബില്ല് കൊടുത്തിട്ടില്ല. നഗരസഭയുടെ അരിയേഴ്സ് കൊടുക്കാനെന്ന വ്യാജേന സർക്കാർ അതും പിടിച്ചുവച്ചിരിക്കുകയാണ്. പണമില്ലാത്തവരുടെ പ്രയാസം അവർക്കല്ലേ അറിയൂ. പണമില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് എന്തെല്ലാം രീതിയിലാണ്. കടം കൊടുക്കാമെന്ന് പറയും, അടുത്ത ആഴ്ച തരാമെന്ന് പറയും, അടുത്തയാഴ്ച ആളുവരുമ്പോൾ പിറ്റേ ആഴ്ചത്തേയ്ക്ക് അഡ്ജസ്റ്റ് ചെയ്യാൻ പറയും, പിന്നെ ഇവിടെനിന്ന് വാങ്ങി അവിടെ കൊടുക്കും. അങ്ങനെ യൊക്കെയുള്ള ബുദ്ധിമുട്ടിന്റെ ഇടയിൽ ലോക്കൽ ബോഡിയുടെ കാര്യം പോയി. നമ്മുടെ ഈ പ്ലാനിന്റെ 30 ശതമാനത്തിൽ കൂടുതൽ എക്സ്പെൻഡിച്ചറുണ്ടാകേണ്ട ഏറ്റവും വലിയ ആക്ടിവിറ്റി ഈ കാലഘട്ടത്തിൽ നടക്കേണ്ട സ്ഥലത്താണ് ഇതെല്ലാം തകരാറിലാകുന്നത്. ജി.എസ്.ടി. വന്നതിനുശേഷം നമ്മുടെ ധനകാര്യ ബില്ലിൽ ധാരാളം പരിമിതികളുണ്ട്. ആ പരിമിതികൾക്കകത്തുനിന്നുകൊണ്ടാണ് നമ്മൾ ഇതെല്ലാം ചെലവാക്കുന്നതും പുതിയ നികുതി നിർദ്ദേശങ്ങളുണ്ടാക്കുന്നതും. ഈ ധനകാര്യ ബില്ലിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം, ജി.എസ്.ടി.-യെ സ്ട്രീംലൈൻ ചെയ്യുന്നതിനുവേണ്ടിയുള്ളതാണ്. അങ്ങ് കഴിഞ്ഞ ദിവസം സംസാരിച്ചപ്പോൾ ആഗസ്റ്റ് മുതൽ എല്ലാം ശരിയാകുമെന്ന് പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. കഴിഞ്ഞ ധനാഭ്യർത്ഥന ചർച്ചയുടെ കാലത്തും ഈ ആഗസ്റ്റോടുകൂടി എല്ലാം ശിയാകുമെന്ന് അങ്ങ് പറഞ്ഞിരുന്നു. ആ ആഗസ്റ്റ് തന്നെയാണോ ഈ പ്രാവശ്യം പറഞ്ഞ ആഗസ്റ്റ്

എന്ന കാര്യത്തിൽ മാത്രമേയുള്ളൂ സംശയം. അക്കാര്യത്തിൽ ഞങ്ങളുടെ നിലപാട് വളരെ കൃത്യമായിരുന്നു. ജി.എസ്.ടി. വലിയ കുഴപ്പമുണ്ടാക്കുമെന്ന് ഞങ്ങൾ പറഞ്ഞിരുന്നു. പത്ത് ശതമാനത്തിൽ താഴെ മാത്രമേ നികുതി വരുമാനമുണ്ടാകുകയുള്ളൂവെന്ന് ഞങ്ങൾ ഓർമ്മപ്പെടുത്തി. ഈ ധനപ്രതിസന്ധി പരിഹരിക്കാൻ അനാവശ്യമായ ധൂർത്തുകൾ അവസാനിപ്പിക്കണം. ചില സ്ഥലങ്ങളിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. അങ്ങ് എക്സ്പെൻഡിച്ചറിന്റെ ആളാണ്. പക്ഷേ അത് ക്വാളിറ്റി എക്സ്പെൻഡിച്ചറാക്കാൻ അങ്ങ് ശ്രദ്ധിക്കണ്ടേ; ഞാൻ കഴിഞ്ഞ ദിവസം ഇവിടെ ഗൗരവതരമായ ഒരു ആരോപണം ഉന്നയിച്ചു. ബഹുമാനപ്പെട്ട മന്ത്രി എ. സി. മൊയ്തീനാണ് അതിന് മറുപടി പറഞ്ഞത്. അതിനോടൊപ്പം അങ്ങും മറുപടി പറഞ്ഞപ്പോൾ ആലപ്പുഴയുടെ കാര്യം പറയുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ പ്രളയകാലത്തെ ഈ പദ്ധതികൾ നടത്തിയത് റാം ബയോളജിക്കൽസ് എന്ന കമ്പനിയല്ല. വേറെ കമ്പനിയാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അന്നുതന്നെ പറഞ്ഞു, തിരുവനന്തപുരവും കൊച്ചിയും ഒഴികെയുള്ള ഏഴ് നഗരങ്ങളിലും സെപ്റ്റേജ് ആന്റ് സ്വീവേജിന്റെ ഡി.പി.ആർ. തയ്യാറാക്കാനുള്ള അനുമതി ലഭിച്ചിരിക്കുന്നത് റാം ബയോളജിക്കൽസിനാണ്. എന്തുകൊണ്ടാണ് തിരുവനന്തപുരത്തും കൊച്ചിയിലും കിട്ടാതിരുന്നത്? ശുചിത്വമിഷനിൽ ഈ കമ്പനിയെ എംപാനൽ ചെയ്യുന്നതിന് മുമ്പുതന്നെ തിരുവനന്തപുരത്തും കൊച്ചിയിലും അമൃത് പദ്ധതിയുടെ പരിപാടി തുടങ്ങിക്കഴിഞ്ഞു. തിരുവനന്തപുരത്ത് 112 പ്രോജക്ട്, അതാണ് കെ.ഡബ്ല്യു.എ.-യ്ക്ക് കൊടുത്തത്. ഇത് വരുന്നതിന് മുമ്പ് കെ.ഡബ്ല്യു.എ.-യ്ക്ക് കൊടുത്തു. എറണാകുളത്ത് കേന്ദ്ര സർക്കാർ എംപാനൽ ചെയ്ത ലിസ്റ്റിൽനിന്ന് കൊടുത്തു. ബാക്കി ഏഴ് നഗരങ്ങളിലും 23 പദ്ധതികൾ ഈ കമ്പനി നടത്തുകയാണ്. ഒറ്റ പദ്ധതി നടപ്പാകില്ല. ബഹുമാനപ്പെട്ട മന്ത്രി, 2020 ആകുമ്പോൾ ഈ ഉത്തരം എഴുതി നൽകിയ ഉദ്യോഗസ്ഥർക്കെതിരായി അങ്ങേയ്ക്ക് നടപടി എടുക്കേണ്ടിവരും. കാരണം ഈ coagulation എന്നുപറയുന്ന പദ്ധതി ഒറ്റ സ്ഥലത്തുപോലും നടപ്പാകില്ല. അത് വളരെ യാഥാർത്ഥ്യമാണ്. അവർ എന്തെല്ലാമാണ് ചെയ്തിരിക്കുന്നത്? ഇത് റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (ആർ.എഫ്.പി.) ആണ്. ഈ ആർ.എഫ്.പി. യഥാർത്ഥത്തിൽ 112 പേജാണ്. അത് ചില നഗരസഭകളിൽ 74 പേജായി വെട്ടിച്ചുരുക്കി കൊടുത്തു. 10 കോടി രൂപയുടെ വർക്ക് ചെയ്തതിന്റെ എക്സ്പീരിയൻസ് ചോദിച്ചപ്പോൾ, 10 കോടി രൂപ എന്നത് ആർ.എഫ്.പി.-യിൽ 50 ലക്ഷം രൂപ എന്നാക്കി ചുരുക്കി. 5 വർഷം എക്സ്പീരിയൻസ് എന്നുള്ളത് 3 വർഷമാക്കി ചുരുക്കി. ആർ.എഫ്.പി.-യിൽ വരെ കൃത്രിമം വരുത്തിയിട്ടാണ് ഈ കമ്പനിയെ അതിൽ ഉൾപ്പെടുത്തിയത്. ബഹുമാനപ്പെട്ട മന്ത്രി എന്നോട് അന്ന് ഉത്തരം പറഞ്ഞപ്പോൾ ഇത് ഇന്ത്യയിൽ മുഴുവൻ വളരെ വിജയകരമായ ഒരു പ്രോജക്ടാണെന്ന് പറഞ്ഞു. ചീഫ് എഞ്ചിനീയർ ഇതിന്റെ എക്സ്പെർട്ട് കമ്മിറ്റിയുടെ കൺവീനറാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. റ്റി.വി. രാജേഷ്)

ചീഫ് എഞ്ചിനീയർ മിഷൻ ഡയറക്ടർക്ക് അയച്ചിരിക്കുന്ന കത്തിൽ പറയുന്നത്, 'ഇ-കിഡ് റിയാക്ടർ ഉപയോഗിച്ചുള്ള സെപ്റ്റേജ് സ്വീവേജ് ട്രീറ്റ്മെന്റ് വിപുലമായ തോതിൽ ഇന്ത്യയിലെവിടെയും നടപ്പാക്കുന്നതായി അറിയുന്നില്ല. കൺസൾട്ടന്റ് അവകാശപ്പെട്ടതിൽനിന്നും വ്യത്യസ്തമായി കുറഞ്ഞ നിലവാരത്തിലുള്ള എഫ്ലുവന്റാണ് ടെസ്റ്റ് റിസൾട്ട് സൂചിപ്പിക്കുന്നത് എന്ന് കമ്മിറ്റി വിലയിരുത്തി. കൂടാതെ സെൻട്രൽ പബ്ലിക് ഹെൽത്ത് ആന്റ് എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ (CPHEEO) മാനുവൽ, സെൻട്രൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് മാനുവൽ, സെപ്റ്റേജ് ട്രീറ്റ്മെന്റ് മാന്വൽ എന്നീ ഗൈഡ്ലൈനുകളിലൊന്നുംതന്നെ സെപ്റ്റേജ് സ്വീവേജ് ട്രീറ്റ്മെന്റിനായി ഇ-കിഡ് റിയാക്ടർ ഇലക്ട്രോ കൊയാഗുലേഷൻ എന്ന സാങ്കേതികവിദ്യ പരാമർശിക്കപ്പെടുന്നില്ല. ആയതിനാൽ ഇ-കിഡ് റിയാക്ടർ ഉപയോഗിച്ചുള്ള ട്രീറ്റ്മെന്റ് ഒഴിവാക്കി പകരം അനുയോജ്യമായതും CPHEEO മാന്വൽ പ്രകാരമുള്ളതുമായ ബയോളജിക്കൽ ട്രീറ്റ്മെന്റ് ഉൾപ്പെടുന്ന രീതിയിൽ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിക്കുന്നതിന് കമ്മിറ്റി തീരുമാനിച്ചു. ആയതിനാൽ മേൽപ്രകാരം ഭേദഗതി വരുത്തി ഡി.പി.ആർ. എത്രയുംവേഗം സാങ്കേതികാനുമതിക്കായി സമർപ്പിക്കുന്നതിന് കൺസൾട്ടന്റിനുവേണ്ട നിർദ്ദേശം നൽകുന്നതിന് അഭ്യർത്ഥിക്കുന്നു ' എന്നാണ്. എക്സ്പെർട്ട് കമ്മിറ്റിയുടെ ഫൈൻഡിംഗാണ്. ഇന്ത്യയിൽ ഇത് ഇഫക്ടീവായി ചെയ്യുന്നുണ്ടെന്ന് ബഹു. മന്ത്രി നിയമസഭയിൽ മറുപടി പറഞ്ഞത് ഏത് രേഖയെ അടിസ്ഥാനമാക്കിയാണ്? ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റിയുടെ കൺവീനറായ ചീഫ് എഞ്ചിനീയർ സർക്കാരിനും മിഷനും കൊടുത്തിരിക്കുന്ന കത്തിലെ വിവരമാണിത്. ഡി.പി.ആർ. കൊടുത്തിരിക്കുന്ന ഈ കമ്പനിയോ അവർ കൊടുത്തിരിക്കുന്ന ടെക്നോളജിയോ ഒരു കാരണവശാലും ഫീസിബിളല്ല. ഒരാളും ടെണ്ടർ എടുക്കാൻ വരുന്നില്ല. കിച്ചൺ ബിന്നും പൈപ്പ് കമ്പോസ്റ്റും മാത്രമുണ്ടാക്കിയിരുന്ന ഒരു കമ്പനിയെ എല്ലാ ചട്ടങ്ങളും ലംഘിച്ചുകൊണ്ട് തെരഞ്ഞെടുത്തു. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീൽ ഇത് വാപ്കോസിനു തന്നെ കൊടുത്താൽ മതിയെന്നുള്ള തീരുമാനമെടുത്തിട്ടുണ്ടായിരുന്നല്ലോ. എംപാനൽ ചെയ്ത ശുചിത്വമിഷന്റെ ലിസ്റ്റിൽ നിന്നുതന്നെ വേണമെന്ന് നിർബന്ധം പിടിക്കേണ്ടെന്നും അല്ലാത്തവർക്കും ടെണ്ടർ കൊടുക്കാനുള്ള അനുവാദം കൊടുക്കണമെന്നും അന്ന് മന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ അദ്ധ്യക്ഷത വഹിച്ച ഒരു യോഗ തീരുമാനമുണ്ട്. ആ യോഗതീരുമാനത്തെപ്പോലും അട്ടിമറിക്കാൻതക്ക ശക്തരായ ഉദ്യോഗസ്ഥർ അങ്ങയുടെ വകുപ്പിലുണ്ടെന്ന് അങ്ങ് ഓർക്കണമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. അവരെ നിയന്ത്രിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒരുപാട് കാര്യങ്ങൾക്ക് നിങ്ങൾക്ക് ഉത്തരം പറയേണ്ടിവരും. ഏറ്റവും അവസാനത്തെ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് വായിച്ചാൽ നമ്മൾ ഞെട്ടിപ്പോകും.

"It is essential to appoint a Reputed Consultant/Accredited Agency, for effective project management support in the case of sewerage and septage projects undertaken by the ULB Engineering wing." ഈ കൺസൾട്ടന്റിനെക്കൊണ്ട് ഒരു കാര്യവും നടക്കില്ലെന്ന് ബോധ്യമായപ്പോൾ, ഇത് തട്ടിപ്പ് കൺസൾട്ടന്റാണെന്ന് ബോധ്യമായപ്പോൾ കമ്മിറ്റി ഇങ്ങനെ തീരുമാനിച്ചിരിക്കുന്നു, to appoint a new reputed consultant or accredited agency'. അപ്പോൾ കൺസൾട്ടന്റിനെവച്ച് ഇനിയും പണം കൊടുക്കാൻ പോകുകയാണോ ആ വർക്കിൽ? ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു, it is only a tip of an iceberg. ഇത് മഞ്ഞുമലയുടെ അഗ്രം മാത്രമാണ്. വി. ഡി. സതീശൻ ഉണ്ടയില്ലാത്ത വെടിയാണ് വച്ചതെന്ന് ഇവിടെ കഴിഞ്ഞ ദിവസം ശ്രീ. സി. ദിവാകരൻ പറഞ്ഞു. അദ്ദേഹമിപ്പോൾ ഇവിടെയില്ല, എങ്കിലും ഞാൻ അദ്ദേഹത്തോട് മറുപടി പറയുന്നു, ഞാൻ നടത്തിയത് ഒരു ട്രയൽ ഷോട്ടാണ്, ഫയറിംഗ് തുടങ്ങാൻ പോകുന്നതേയുള്ളൂ. കാരണം, ഈ കമ്പനിക്ക് വഴിവിട്ട് വകുപ്പിൽനിന്നും ചെയ്തുകൊടുത്ത സേവനങ്ങൾ എണ്ണിയെണ്ണി ഓരോന്നായി പുറത്തുവരും. കോടിക്കണക്കിന് രൂപയുടെ ഡീലാണ് ഒരു മുൻപരിചയവുമില്ലാത്തവർക്ക് കൊടുത്തത്. എന്ത് താല്പര്യമാണ് ഇതിലുള്ളത്. നഗരസഭാ സെക്രട്ടറിമാരെ വിളിക്കുന്നു, എല്ലാവരെയും വിളിക്കുന്നു. ഇന്നലെ അങ്ങ് നഗരസഭാ ചെയർമാന്മാരുടെയും സെക്രട്ടറിമാരുടെയും യോഗം വിളിച്ചുചേർത്തു. ഈ കമ്പനിക്കുവേണ്ടി തിരുവനന്തപുരത്തുനിന്നുമുണ്ടായ അനാവശ്യമായ ഇടപെടലിനെക്കുറിച്ചായിരുന്നു അവിടെ സെക്രട്ടറിമാർ തമ്മിൽ അനൗദ്യോഗികമായി ചർച്ച നടത്തിയത്. അവർ പറഞ്ഞ വിശദാംശങ്ങൾ authentic അല്ലാത്തതുകൊണ്ട് ഞാൻ ഇവിടെ പറയുന്നില്ല. പക്ഷെ ഒരു കാര്യം വ്യക്തമാണ്, out of the way ആണ് ശുചിത്വമിഷനിലേയ്ക്ക് ഈ കമ്പനിയെ എംപാനൽ ചെയ്തത്. രണ്ടാമത് അവർ കൊണ്ടുവന്നിരിക്കുന്ന ടെക്നോളജി ഫീസിബിളില്ലാത്ത ടെക്നോളജിയാണ്. ഒരു സ്ഥലത്തും ഇത് നടപ്പാക്കാൻ കഴിയില്ലെന്ന് എല്ലാ സെക്രട്ടറിമാരും നഗരസഭകളും തീരുമാനമെടുത്തിരിക്കുന്നു. കോഴിക്കോട് നഗരത്തിൽ സ്ഥലംപോലും കാണാതെയാണ് ഡി.പി.ആർ. തയ്യാറാക്കി കൊടുത്തത്. ഇത് സ്ഥാപിക്കുന്ന സ്ഥലം അറിയേണ്ടതല്ലേ; ആ സ്ഥലത്തെ എൻവയോൺമെന്റൽ ഇംപാക്ട്; ഇക്കോളജിക്കൽ, ജിയോളജിക്കൽ പ്രശ്നങ്ങൾ എന്നിവയെല്ലാം പരിഗണിച്ച് വേണ്ടേ ഡി.പി.ആർ. തയ്യാറാക്കാൻ. സ്ഥലംപോലും തീരുമാനിക്കാതെ ഡി.പി.ആർ. കൊടുത്തു. ഇപ്പോൾത്തന്നെ ചില മെഷിനറികൾ വാങ്ങാൻവേണ്ടി അവർക്ക് ഓർഡർ കൊടുത്തിരിക്കുകയാണ്. 9 ലക്ഷത്തിലധികം രൂപ അവർക്ക് കൊടുത്തിരിക്കുകയാണ്. ഒരു എക്വിപ്മെന്റ്, 200 എണ്ണത്തിനാണ് ഓർഡർ കൊടുത്തിരിക്കുന്നത്. ഒരെണ്ണത്തിന് 3 ലക്ഷം രൂപ വച്ച് അതേ സ്പെസിഫിക്കേഷനുള്ള സാധനം ഞാൻ വേണമെങ്കിൽ കോയമ്പത്തൂരിൽനിന്നും വാങ്ങി നൽകാം. ഇതിന്റെ പുറകിൽ തീവെട്ടിക്കൊള്ളയാണ് നടക്കുന്നത്. എന്താണ് ഇതിലെ താല്പര്യമെന്ന് അന്വേഷിക്കണം.

ഞാൻ ഇപ്പോഴും അങ്ങയെ കുറ്റപ്പെടുത്തുന്നില്ല. പക്ഷെ ഉദ്യോഗസ്ഥന്മാരെ അനാവശ്യമായി ന്യായീകരിച്ച്, അവർ എഴുതി നൽകിയത് അടിസ്ഥാനമില്ലാതെ നിയമസഭയിൽ പറഞ്ഞ എല്ലാ പോയിന്റും ഞാനിപ്പോൾ ക്ലിയർ ചെയ്തു. എനിക്കന്ന് അവസരം ലഭിച്ചില്ല. വളരെ ആധികാരികമായി അന്വേഷിച്ചു. ഇന്നിപ്പോൾ എല്ലാ മാധ്യമങ്ങളും ഇതുസംബന്ധിച്ച് പറഞ്ഞു. ഇതുവരെയുള്ള പ്രവർത്തനങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സംതൃപ്തി പ്രകടിപ്പിച്ചുവെന്ന് അങ്ങ് പറഞ്ഞു. രണ്ടായിരത്തി അഞ്ഞൂറ്റി ചില്വാനം കോടി രൂപയുള്ള ഈ പ്രോജക്ടിന്റെ ഒരു കമ്പോണന്റ് മാത്രമാണ് 627 കോടി രൂപയുടെ സെപ്റ്റേജ് ആന്റ് സ്വീവേജ് ട്രീറ്റ്മെന്റ്. ബാക്കിയുള്ള കാര്യങ്ങളിൽ സംതൃപ്തി പ്രകടിപ്പിച്ചുകാണും. ഈ കാര്യത്തിൽ ഗവൺമെന്റ് ഓഫ് ഇന്ത്യ പറഞ്ഞിരിക്കുന്നത് ഇതിന്റെ വേഗതയും ഇതിന്റെ കൺസൾട്ടൻസിയുടെ കോംപീറ്റൻസിയും പോരാ, ഈ വർഷം ഇത് പൂർത്തിയാക്കിയില്ലെങ്കിൽ ഈ പണം ഇത് നടപ്പാക്കുന്ന വേറെ സംസ്ഥാനങ്ങൾക്ക് കൊടുക്കുമെന്നാണ്. തിരുവനന്തപുരത്തും കൊച്ചിയിലുമാണ് വേറെ ഏജൻസികൾ. ബാക്കിയുള്ള എല്ലാ സ്ഥലത്തും ഇതാണ് നടക്കുന്നത്. ഈ കമ്പനി വീണ്ടും നുഴഞ്ഞുകയറി അവർക്ക് എക്സ്പീരിയൻസില്ലാത്ത സ്ഥലങ്ങളിൽനിന്നും ഓർഡറുകൾ വാങ്ങുകയാണ്. അങ്ങ് വ്യക്തിപരമായി നഗരസഭാ സെക്രട്ടറിമാരെ വിളിച്ച് അന്വേഷിക്കണം. ആരുടെ ഭാഗത്തുനിന്നാണ് ഇതിനുവേണ്ടി നിർബന്ധമുണ്ടായത്; ഏത് ഉദ്യോഗസ്ഥനാണ്, ഏത് രാഷ്ട്രീയ നേതാവാണ് വിളിച്ചത്; അവർക്ക് തന്നെ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആരാണ് പറഞ്ഞത്; ഡി.പി.ആർ. ഇംപ്ലിമെന്റ് ചെയ്യാതെ ഇവർക്ക് മുൻകൂറായി പണം കൊടുക്കണമെന്ന് നിർബന്ധിച്ച് പറഞ്ഞത് ആരാണ് എന്നതെല്ലാം സംബന്ധിച്ച് അങ്ങ് വ്യക്തിപരമായ അന്വേഷണം നടത്തി ബോധ്യപ്പെട്ടെങ്കിൽ മാത്രം ഔദ്യോഗികമായ അന്വേഷണം നടത്തിയാൽ മതിയെന്ന് ഞാൻ സൂചിപ്പിക്കുന്നു. നമുക്ക് ചുറ്റും നടക്കുന്ന നഗ്നമായ ഈ അഴിമതികളെ നമ്മൾ ചോദ്യം ചെയ്യണം. ഞാൻ ഉന്നയിച്ചത് രാഷ്ട്രീയമായ ആരോപണമല്ല. രാഷ്ട്രീയമായ ആരോപണമാണെങ്കിൽ എനിക്കത് ഡോ. കെ. ടി. ജലീലിനെതിരെയും ശ്രീ. എ. സി. മൊയ്തീനെതിരെയും ഉന്നയിക്കാമായിരുന്നു. ഞാൻ സദുദ്ദേശ്യത്തോടുകൂടി സഭയിൽ ലഭിക്കുന്ന അവസരമുപയോഗിച്ചുകൊണ്ട് സംസാരിക്കുന്നതാണ്. ഇനിയൊരിക്കൽ ഇതിനെ സംബന്ധിച്ച് എനിക്ക് പറയേണ്ടി വന്നാൽ നിങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്തി പറയാൻ ഞാൻ നിർബന്ധിതനാകും. കാരണം, ഇത്തരം കാര്യങ്ങൾ വളരെ വ്യക്തമായി മനസ്സിലായിട്ടും നടപടി സ്വീകരിക്കാതിരുന്നാൽ നിങ്ങൾകൂടി ഇവർക്ക് കൂട്ടുനിൽക്കുകയാണെന്ന് ധരിക്കേണ്ടിവരുമെന്ന് മാത്രം ഞാൻ സൂചിപ്പിക്കുന്നു. ഞാൻ വാപ്കോസിനെപ്പറ്റി പറഞ്ഞു. ഞാനത് പറയാൻ കാരണം, കേന്ദ്ര ഗവൺമെന്റിന്റെ ഡയറക്ഷനുണ്ട്. വാപ്കോസിന് കൊടുത്താൽ അവർക്ക് കൊടുക്കേണ്ട 23 കോടി രൂപ കേന്ദ്ര ഗവൺമെന്റ് പ്രോജക്ടിന് പുറത്ത്

കൊടുക്കുമെന്ന് പറഞ്ഞു. നിങ്ങൾ ഒരു ഏജന്റിനെ നിയമിച്ചാൽ ഈ പ്രോജക്ട് കോസ്റ്റിൽ നിന്നുതന്നെ കൊടുക്കണമെന്ന് പറഞ്ഞു. അതിപ്പോൾ 48 കോടി രൂപയായി. മറ്റേത് 23 കോടി രൂപയാണ്. അപ്പോൾ മന്ത്രി ഒരു വാചകം പറഞ്ഞത് ഞാൻ ശ്രദ്ധിച്ചു. വാപ്കോസിനുവേണ്ടി സംസാരിച്ചതുപോലെ തോന്നിയെന്ന് പറഞ്ഞു. ഞാൻ തന്നെ ഞെട്ടിപ്പോയി. ടെണ്ടറിലെല്ലാം അഴിമതിയാരോപണം ഉന്നയിക്കുമ്പോൾ മന്ത്രിമാർ സാധാരണ ടെണ്ടറിൽ എൽ.2 വന്നയാൾ നമ്മളെ സ്വാധീനിച്ച് എൽ.1-നെതിരായി ആരോപണം ഉന്നയിക്കുന്നതെന്ന ആക്ഷേപം പറയും. ഞാൻ പെട്ടെന്ന് ഷോക്കായി. ഞാൻ അന്വേഷിച്ചപ്പോൾ വാപ്കോസ് ആരാണ്; വാപ്കോസ് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു പബ്ലിക് സെക്ടർ സ്ഥാപനമാണ്. വാപ്കോസ് എന്നെ സ്വാധീനിച്ച് ഞാൻ നിയമസഭയിൽ പറഞ്ഞതാണോ? കേരളത്തിലെ എല്ലാ മാധ്യമങ്ങളും ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ കൊണ്ടുവന്നു. ഇതുസംബന്ധിച്ച മുഴുവൻ രേഖകളും ഞാൻ അങ്ങേയ്ക്ക് തരാം. കാരണം ഇപ്പോൾ അത് നിങ്ങൾക്കാർക്കും കിട്ടില്ല. ഈ വാർത്തകൾ വന്നതിനുശേഷം, ഈ ആരോപണം ഉന്നയിക്കപ്പെട്ടതിന് ശേഷം, അമൃത് മിഷന്റെ വെബ്സൈറ്റിൽ നിന്ന് ഈ വിശദാംശങ്ങൾ കാണാതെ പോയി. റാം ബയോളജിക്കൽസിന്റെ വെബ്സൈറ്റിൽ ഒന്നും കിട്ടില്ല. റാം ബയോളജിക്കൽസിന്റെ ഓഫീസിൽ നിന്നുവരെ എല്ലാ ഫയലുകളും കൊണ്ടുപോയി. പല സ്ഥലത്തെയും നഗരസഭകളിൽനിന്നും ഈ ഫയലുകൾ കൊണ്ടുപോയി. ഈ സാധനങ്ങളെല്ലാം കൊണ്ടുപോകാൻ എന്തൊരു സ്പീഡാണ്. കൊണ്ടുപോയ എല്ലാ സാധനങ്ങളും വെബ്സൈറ്റിൽ നിന്നും നീക്കം ചെയ്ത എല്ലാ സാധനങ്ങളും എന്റെ കൈവശമുണ്ട്. അങ്ങേയ്ക്കോ വേറെ ആർക്കെങ്കിലുമോ വേണമെങ്കിൽ പരിശോധിക്കാൻ അതിന്റെ എല്ലാ കോപ്പികളും തരാമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. വി. ഡി. സതീശനും ഡോ. എൻ. ജയരാജുമൊക്കെ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ഇവിടെ രണ്ടുമൂന്ന് കാര്യങ്ങളാണ് സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. നമ്മൾ ബിൽ പാസ്സാക്കുമ്പോൾ സ്വാഭാവികമായും അതിന്റെ നിയമസാധുതയും നൈതികതയും വയബിലിറ്റിയും പരിശോധിക്കും. ധനകാര്യ ബില്ലായതുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ബിൽ എത്ര ഗുണം ചെയ്യുമെന്ന് പരിശോധിക്കുന്നതാണ് അതിൽ ഏറ്റവും പ്രധാനം. ക്രമപ്രശ്നം ഉന്നയിച്ച ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ കേന്ദ്ര ആക്ടുമായി ഒരു പൊരുത്തക്കേട് ഇതിലുണ്ട്. രാഷ്ട്രപതിയുടെ മുൻകൂർ അനുമതി വാങ്ങേണ്ട സംഗതികൾ ഇതിലുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. അങ്ങേയ്ക്ക് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇത് അവതരിപ്പിക്കുന്നതെങ്കിലും അതിന് നല്ലൊരു സാധ്യതയുള്ളതായി ഞാൻ കാണുന്നു. 33 (എ) വകുപ്പുപ്രകാരം

അങ്ങ് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുന്നതിനുവേണ്ടി രജിസ്ട്രേഷൻ ആക്ടിൽ ഒരു ഭേദഗതി കൊണ്ടുവന്നു. അക്കാര്യം ഞാൻ സബ്ജക്ട് കമ്മിറ്റിയിലും അഭിപ്രായപ്പെട്ടതാണ്. ഭിന്നാഭിപ്രായമായതുകൊണ്ട് അത് ഇവിടെ ചുരുക്കിപ്പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് ഗവൺമെന്റിന്റെ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി കൊണ്ടുവരുന്ന നികുതി നിർദ്ദേശങ്ങളിൽ പലതിനോടും യോജിപ്പുണ്ടെങ്കിലും അത് നടപ്പിലാക്കുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കേണ്ടതല്ലേ? പിരിച്ചെടുക്കാൻ കഴിയാത്ത നികുതിയെക്കുറിച്ച് പരിശോധിച്ചാൽ വലിയൊരു സംഖ്യ കാണാൻ കഴിയും. എന്തുകൊണ്ടാണ് പിരിച്ചെടുക്കാൻ കഴിയാത്തതെന്ന് നോക്കുന്നില്ല, അതിനുശേഷം ആംനെസ്റ്റി കൊടുത്ത് എങ്ങനെ പിരിച്ചെടുക്കാൻ കഴിയുമെന്നുനോക്കി. രജിസ്ട്രേഷൻ ആക്ടിന്റെ 1-4-2016 മുതൽ 31-3-2018 വരെ 56428 കേസുകൾ പരിശോധിച്ചതിൽ വൺ ടൈം സെറ്റിൽമെന്റ് വച്ച് പിരിച്ചെടുക്കാൻ കഴിഞ്ഞത് 11,20,02,000 രൂപയാണ്. രജിസ്ട്രേഷൻ ആക്ടിൽ, നമ്മൾ പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്ന സംഖ്യ പിരിച്ചെടുക്കാനുള്ള സാധ്യതയുണ്ടോ? രജിസ്ട്രേഷന് വേണ്ടത്ര സ്റ്റാമ്പ് പതിപ്പിച്ചിട്ടില്ലെങ്കിൽ കർശനമായി പിരിച്ചെടുക്കുന്ന തിനുള്ള കുറേ നടപടികൾ അതിൽ സ്വീകരിക്കുന്നുണ്ട്. പുതുതായി കൊണ്ടുവന്ന ഭേദഗതി, ഒറിജിനൽ ഡോക്യുമെന്റ് ഹാജരാക്കുന്നില്ലെങ്കിൽ ഒറിജിനൽ ഡോക്യുമെന്റ് റദ്ദാക്കി അതിനുപകരം രജിസ്ട്രാർ ഓഫീസിലുള്ള ഡ്യൂപ്ലിക്കേറ്റ് ഡോക്യുമെന്റ് പരിഗണിക്കുകയാണ്. അതിനുള്ള ഭേദഗതി രജിസ്ട്രേഷൻ ആക്ടിലാണ് കൊണ്ടുവരേണ്ടത്. രജിസ്ട്രേഷൻ ആക്ടിൽ ഡോക്യുമെന്റ് റദ്ദാക്കണമെങ്കിൽ ഭേദഗതി കൊണ്ടുവരേണ്ടത് അതിലാണ്. ഇവിടെ നമ്മൾ ഷോട്ട്കട്ട് മെത്തേഡെന്ന നിലയിൽ സ്റ്റാമ്പ് ആക്ടിൽ ചെറിയ ഒരു മാറ്റം കൊണ്ടുവന്ന് അത് റദ്ദാക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അത് നിലനിൽക്കില്ലെന്നുമാത്രമല്ല, എങ്ങനെ ഇത് പിരിച്ചെടുക്കാൻ കഴിയും. ഫെയർ വാല്യുവിനെക്കുറിച്ച് പറയുമ്പോൾ, ഒരാൾ ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ രജിസ്റ്ററിംഗ് അതോറിറ്റി പറയുന്ന സ്റ്റാമ്പാണ് അയാൾ ഒടുക്കേണ്ടിവരുന്നത്. മാത്രമല്ല 2010-ന് ശേഷമേ ഫെയർ വാല്യു നിലനിൽക്കുന്നുള്ളൂ. ഒരു സർവ്വേ നമ്പരിൽ ഇത്ര ഫെയർ വാല്യു കൊടുക്കണമെന്ന് പറയുന്നതിനനുസരിച്ച് ഒരാൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ ഇപ്പോഴത്തെ ഭേദഗതിയിൽ പത്ത് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത ഡോക്യുമെന്റ് ബിലോ റേറ്റാണെങ്കിൽ അത് കണ്ടുപിടിച്ച് 25% ഫൈൻ ചുമത്തുകയാണ്. ഒരാൾ അസസ്മെന്റ് തെറ്റായി കൊടുത്ത് ടാക്സ് ഇവേഡ് ചെയ്യുകയാണെങ്കിൽ ഫൈൻ ചുമത്തുന്നതിന് യാതൊരു തകരാറുമില്ല. നികുതി കൊടുക്കുന്ന ഒരാൾ വന്ന് ഞാൻ ഇത്രയ്ക്ക് ഭൂമി രജിസ്റ്റർ ചെയ്യുന്നുവെന്നല്ല പറയുന്നത്. ഇത്ര വാല്യു എന്നത് ഉത്തരവാദപ്പെട്ട രജിസ്റ്ററിംഗ് ഓഫീസർ ഫെയർവാല്യുവിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നത്. അങ്ങനെ രജിസ്റ്റർ ചെയ്യുന്ന ഡോക്യുമെന്റ് ഒരു ഉദ്യോഗസ്ഥന് എപ്പോൾ വേണമെങ്കിലും വാങ്ങാമെന്നുണ്ട്. പത്ത് വർഷം മുമ്പുള്ള ഒരു ഡോക്യുമെന്റ് ഒരു പുതിയ

ഉദ്യോഗസ്ഥന് വേണമെങ്കിൽ പരിശോധിച്ച് പണം ഈടാക്കാൻ സാധിക്കുമെങ്കിൽ അദ്ദേഹത്തെ വരുത്തി നിങ്ങൾ ഇത്ര രൂപ ഒടുക്കേണ്ടി വരുമെന്ന് പറഞ്ഞാൽ അത് അഴിമതിക്കുള്ള വാതായാനങ്ങളായി തുറക്കുകയാണ്. പത്ത് വർഷം മുമ്പത്തെ ഡോക്യുമെന്റ് അതിനുമുമ്പേ കണ്ടുപിടിച്ചുകൂടെ? ഒരു ഡോക്യുമെന്റ് രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം സംവിധാനങ്ങളുണ്ട്; റവന്യൂ, രജിസ്ട്രേഷൻ, നികുതി വകുപ്പുകളുണ്ട്. ഈ വകുപ്പുകൾ ഒരു ഡോക്യുമെന്റ് തെറ്റാണോ ശരിയാണോയെന്ന് ഒന്നോ രണ്ടോ വർഷമെടുത്ത് പരിശോധിച്ചാൽ ഉടൻ തന്നെ നോട്ടീസ് കൊടുത്തുകൂടെ? അതൊന്നും ചെയ്യാനുള്ള സംവിധാനമില്ല. ഞാൻ ഭൂമി രജിസ്റ്റർ ചെയ്യുമ്പോൾ ഫെയർ വാല്യുവിൽ കുറവുണ്ടെങ്കിൽ അത് എന്റെ തകരാറല്ല. എന്റെ നിയോജക മണ്ഡലമായ മഞ്ചേരിയിലെ നറുകര വില്ലേജിൽ ഫെയർ വാല്യു വളരെ കൂടുതലായിരുന്നു. ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് ഫെയർ വാല്യു കൂടുതലാണെന്ന് കാണിച്ച് ഈ ഗവൺമെന്റിന്റെ കാലത്തും മുൻഗവൺമെന്റിന്റെ കാലത്തും എഴുതിക്കൊടുത്തിട്ടുണ്ട്. ഫെയർ വാല്യു അധികമാണോയെന്ന് ആർ.ഡി.ഒ.യും ഉദ്യോഗസ്ഥന്മാരും വന്ന് പരിശോധിച്ച്, നാട്ടിലില്ലാത്തൊരു വില ഫെയർ വാല്യു ആണെന്ന് പറയുന്നതുകൊണ്ട് ആളുകൾക്ക് രജിസ്റ്റർ ചെയ്യാൻ കഴിഞ്ഞില്ല. എങ്കിലും കുറച്ച് പേർ രജിസ്റ്റർ ചെയ്തു. ഇപ്പോൾ ഫെയർ വാല്യു കുറച്ചിട്ടുണ്ട്. എന്നാൽ ഫെയർ വാല്യു കൂടുതലായിരുന്നപ്പോൾ രജിസ്റ്റർ ചെയ്തവർക്ക് പണം തിരിച്ചുകൊടുക്കാൻ കഴിയുമോ? ഗവൺമെന്റിന്റെ തകരാറുകൊണ്ട് സംഭവിക്കുന്നതിന് ഒരാളെ ശിക്ഷിക്കുന്നത് നിയമവിരുദ്ധമാണെന്നാണ് ഞാൻ പറയുന്നത്. പത്ത് വർഷം മുമ്പുള്ളത് എന്ന് പറയുമ്പോൾ 2009-ലെ ഡോക്യുമെന്റും പരിശോധിക്കാമല്ലോ? 2009-ലുള്ള ആളുകളുടെ ഡോക്യുമെന്റ് പരിശോധിച്ചശേഷം അതിൽ വാല്യു കുറവാണെന്ന് കണ്ടാൽ 25% ഫൈൻ ചുമത്തുന്നതിൽ എന്ത് ലോജിക്കാണുള്ളത്. അയാൾ ടാക്സ് വെട്ടിച്ചതോ ഗാംബ്ലിംഗ് നടത്തിയതോ അല്ലല്ലോ; രാജ്യത്ത് നിലനിൽക്കുന്ന നിയമത്തിൽ ഉത്തമ വിശ്വാസത്തോടെ ഒരാൾ ഞാൻ ഇത്ര ഭൂമിയെടുത്തിട്ടുണ്ടെന്ന് പറഞ്ഞ് ഭൂമിയുടെ രേഖയുമായി, അടിയാധാരങ്ങളുമായി രജിസ്ട്രാർ ഓഫീസിൽ പോകുമ്പോൾ അതിൽ തെറ്റുണ്ടെങ്കിൽ കണ്ടുപിടിക്കേണ്ടത് ഉദ്യോഗസ്ഥനാണ്. ആ ഉദ്യോഗസ്ഥന് തെറ്റ് പറ്റിയാൽ ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിയുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഒരു പ്രദേശത്തെ ഇന്ന സർവ്വെ നമ്പറിൽ ഉൾപ്പെട്ട ഭൂമിക്ക് ഇത്രയാണ് ഫെയർ വാല്യുവെന്ന് പ്രമാണത്തിൽ തന്നെ കാണിക്കുന്നുണ്ട്. ഇത് രജിസ്റ്റർ ചെയ്തുതരണമെങ്കിൽ ഇത്ര രൂപയുടെ സ്റ്റാമ്പുള്ള പേപ്പർ കൊണ്ടുവരണമെന്ന് രജിസ്ട്രാർ പറയും. രജിസ്ട്രാർ പറയുന്നതനുസരിച്ചും ഗവൺമെന്റ് നിശ്ചയിച്ചതനുസരിച്ചും എല്ലാം അടച്ചുകഴിഞ്ഞശേഷം പത്ത് വർഷം

കഴിഞ്ഞ് ആധാരം തിരിച്ചുകൊണ്ടുവരണമെന്ന് പറയുമ്പോൾ, അയാൾ ഒറിജിനൽ ആധാരം ഹാജരാക്കിയില്ലെങ്കിൽ ഡ്യൂപ്ലിക്കേറ്റ്. രജിസ്ട്രാർ ഓഫീസിൽ നിന്നും ഫോട്ടോകോപ്പിയെടുത്ത് അത് ഒറിജിനലായി തീരുമാനിച്ച് മറ്റേ ആധാരം അസാധുവാക്കുന്ന ഒരു അവസ്ഥയുണ്ടാകുന്നു. അതിനിടയ്ക്ക് എത്ര തവണ ഈ ഭൂമി കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ടാകും. who is responsible? Who is liable? The Registrar is liable. He is fixing the stamp duty and the Government is fixing the fair value. മുഴുവൻ ജനങ്ങളെയും ബുദ്ധിമുട്ടിക്കുന്ന ഭേദഗതിയാണ് 33(എ)-യിൽ പറഞ്ഞിട്ടുള്ളതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, തീർച്ചയായും അതാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടി സി.& എ.ജി. റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങൾ വായിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്കസ് ചെയ്ത കാര്യമാണിത്. ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദറും അതിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഒരാൾ ഒരു ക്രൈം ചെയ്യുന്നു, ആ സമയത്തൊന്നും അത് കണ്ടുപിടിക്കുന്നില്ല. ഉദാഹരണത്തിന് ഒരു കൊലക്കേസ്. 30 വർഷം കഴിഞ്ഞ് കണ്ടുപിടിച്ചാലും അയാൾ 302-ൽപ്പെടും. നക്സലൈറ്റുകളെ വെടിവച്ചുകൊന്നയാൾ അക്കാര്യം വെളിപ്പെടുത്തിയത് എന്നാണ്; അയാൾ പ്രോസിക്യൂഷന് വിധേയനായി. അപ്പോൾ നിയമത്തിന്റെ സദുദ്ദേശ്യമെന്താണ്. ഒരു സബ് രജിസ്ട്രാറും ഒരാളും അണ്ടർ വാല്യുവേഷനുവേണ്ടി ഒത്തുകളിച്ച് സർക്കാരിന് ലഭിക്കേണ്ട ധനം കുറച്ച് രജിസ്റ്റർ ചെയ്തു. കേരളത്തിൽ സാർവ്വത്രികമായി നടന്നു വന്നത് ഇതാണ്. അത് എന്ന് വേണമെങ്കിലും പരിശോധിക്കാം. പക്ഷെ നിങ്ങളുടെയെല്ലാം ഇടപെടലിന്റെ ഫലമായി അത് പത്ത് വർഷമായി ചുരുക്കി. അതങ്ങ് വിട്ടുകളയുന്നതല്ലേ നല്ലത്. എല്ലാവരെയും ഇത് ബാധിക്കില്ല. അങ്ങനെ ഒരു കേസ് കണ്ടുപിടിച്ചാൽ നടപടിയെടുക്കാതെ എങ്ങനെ വിടാൻ സാധിക്കും?

ശ്രീ. എം. ഉമ്മർ: അങ്ങയുടെ സദുദ്ദേശ്യത്തെ ഞാൻ അംഗീകരിക്കാം. ഇത് കൊലക്കേസ് പോലെയല്ല. കൊലക്കേസിലെ കുറ്റവാളിക്ക് ഒരു ഇന്റൻഷനുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, എന്റെയടുത്ത് വന്ന പരാതികളിൽ പലതിലും തെളിവ് കിട്ടിയിട്ടുണ്ട്. സബ് രജിസ്ട്രാർക്ക് കാശ് കൊടുക്കുന്നതിന്റെ ഫലമായി 5 ലക്ഷം രൂപ കുറച്ചുകൊടുക്കുന്നു. അയാൾ ഒരു ലക്ഷം രൂപ സബ് രജിസ്ട്രാർക്ക് കൊടുത്തു, 4 ലക്ഷം രൂപ വെട്ടിക്കുന്നു. 99 ശതമാനം കേസിലും ഇതാണ് നടന്നുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള കേസുകൾ വരുന്നതുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. അതിൽ എന്തിനാണ് നമുക്ക് പ്രയാസം?

ശ്രീ. എം. ഉമ്മർ: നമുക്ക് പ്രയാസമുണ്ട്. നിഷ്കളങ്കനായ ബോണഫൈഡ് പർച്ചേസറിൽ നിന്ന് വാങ്ങുമ്പോഴേ ബുദ്ധിമുട്ടുള്ളൂ. അങ്ങ് ഏതായാലും ഭൂമി വാങ്ങുമ്പോൾ കൈക്കൂലി കൊടുക്കില്ലല്ലോ, ഉറപ്പാണല്ലോ. അങ്ങ് പോയി കുറച്ച് ഭൂമി രജിസ്റ്റർ ചെയ്തുവെന്ന് വിചാരിക്കുക. മന്ത്രിസ്ഥാനം കഴിഞ്ഞ് സ്വസ്ഥമായി വീട്ടിലിരിക്കുമ്പോൾ ഒരുദ്യോഗസ്ഥൻ അങ്ങേയ്ക്ക് പത്തുവർഷം കഴിഞ്ഞ് നോട്ടീസ് അയയ്ക്കുകയാണ്. അന്ന് അങ്ങ് വാങ്ങിയ ഭൂമിക്ക് വില കുറച്ചുകാണിച്ചതാണ്, വിലവ്യത്യാസമുണ്ടെന്ന് പറഞ്ഞാൽ അങ്ങ് കൊടുക്കാൻ നിർബന്ധിതനാകുകയാണ്.

ശ്രീ. ജി. സുധാകരൻ: ഞാനും കൊടുക്കണം. കൊടുക്കണമെന്ന ബോധമാണ് നിയമബോധം.

ശ്രീ. എം. ഉമ്മർ: ആരിൽ നിന്ന് പിടിക്കും. ഒരാൾ ഭൂമി വാങ്ങിയാൽ പത്ത് വർഷത്തിനിടയിൽ എത്ര ട്രാൻസാക്ഷനാണ് നടക്കുക?

ശ്രീ. ജി. സുധാകരൻ: രജിസ്റ്റർ ചെയ്യുമ്പോൾ കൊടുത്ത പൈസയുടെ ബെനിഫിറ്റ് അയാൾക്ക് കിട്ടിയതുകൊണ്ട് ആ ബെനിഫിറ്റ് സർക്കാരിലേയ്ക്ക് തിരിച്ചുകൊടുത്തേ പറ്റൂവെന്നതാണ് എന്റെ വാദം.

ശ്രീ. എം. ഉമ്മർ: ഞാൻ ബഹുമാനപ്പെട്ട സഭയുടെയും മന്ത്രിയുടെയും ശ്രദ്ധയിലേയ്ക്ക് സി.&എ.ജി.-യുടെ ചില പരാമർശങ്ങൾ കൊണ്ടുവരികയാണ്. The Government did not prescribe the detailed procedure for classification of land for the purpose of fixation of fair value. ആരുടെ കുറ്റമാണ്? Audit recommends that Government may:- ഗവൺമെന്റിനോട് റെക്കമെന്റ് ചെയ്യുകയാണ്.

- consider identification and fixation of fair value for each plot in all the villages in the State with the assistance of the Survey Department.
- Define the fifteen classifications of land prescribed for fair value fixation.
- Prescribe parameters to ascertain the market value of land for fixing the fair value.

ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രി ഇക്കാര്യങ്ങൾ ശ്രദ്ധിച്ചാൽ നന്നായിരുന്നു. സി.&എ.ജി.-യുടെ ചില അഭിപ്രായങ്ങളും ചില പരാമർശങ്ങളും ഞാൻ ഇവിടെ വായിക്കുകയാണ്.

- prescribe the uniform fair value for similar/comparable plots in the common boundaries or roads,

- consider looking into the irregularities in the fixation of fair value in the State to ensure that fixation of fair value is done based on a prescribed criteria.
- prescribe the procedure/guidelines for the fixation of value for buildings shown in the documents presented for registration.

ഇതൊക്കെ ചെയ്യാനാണ് ഓരോ ഡിപ്പാർട്ട്മെന്റിലും ഉദ്യോഗസ്ഥന്മാരെ ശമ്പളം കൊടുത്ത് നിയമിച്ചിരിക്കുന്നത്. അതല്ലാതെ ഒരാൾ മുമ്പ് രജിസ്റ്റർ ചെയ്തിട്ട് 10 കൊല്ലം മുമ്പ് കൈക്കൂലി കൊടുത്തുവെന്ന് എങ്ങനെയാണ് ഇപ്പോൾ അനുമാനിക്കുക. ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കുകയല്ലേ വേണ്ടത്. അതിനല്ലേ നമ്മൾ ശമ്പളം കൊടുക്കുന്നത്. ഒരുദ്യോഗസ്ഥനല്ല, അദ്ദേഹത്തിന്റെ മുകളിൽ ജില്ലാ ഉദ്യോഗസ്ഥനുണ്ട്, കളക്ടറുണ്ട്, ടാക്സേഷൻ ഡിപ്പാർട്ട്മെന്റ്, ഇവരൊക്കെ തന്നെ അവരുടെ നെഗ്ലിജൻസിനുവേണ്ടി ഒരു ബോണഫൈഡ് പർച്ചേസറെ ശിക്ഷിക്കുക എന്നുപറയുന്നത് നീതിനിഷേധമാണെന്നാണ് ഞാൻ പറയുന്നത്. ഈ പറയുന്ന ആഡിറ്റ് ഏതെങ്കിലും ഗവൺമെന്റ് നടപ്പിലാക്കാൻ നോക്കുന്നുണ്ടോ. ഭൂമി എന്നു പറയുന്നത് ഒരു സാധനം പോലെയല്ല. അവിടെ സ്ഥിരമായി നിൽക്കുകയല്ലേ. വില്ലേജ് ഓഫീസുണ്ട്, തഹസീൽദാരുണ്ട്, രജിസ്ട്രേഷൻ ഓഫീസുണ്ട്, എല്ലാ ഡിപ്പാർട്ടുമെന്റുകളാലും ചുറ്റപ്പെട്ടൊരു ഭൂമി, രേഖകളോടുകൂടി വർഷങ്ങളോളം നിൽക്കുന്ന ഭൂമി, അതിന് അടിയാധാരങ്ങളും ഫെയർവാല്യുവുമുണ്ട്. അത് നിശ്ചയിച്ച് കഴിഞ്ഞാൽ ഒരു കൊല്ലത്തിനുള്ളിൽ പോയിനോക്കി തെറ്റുണ്ടെങ്കിൽ പരിശോധിക്കണം. എന്നിട്ട് നികുതി ചുമത്തണം. ബഹുമാനപ്പെട്ട മന്ത്രി പത്തുവർഷമായി നിജപ്പെടുത്തിയെന്ന് പറഞ്ഞു. പത്തുകൊല്ലം കൊണ്ട് രാജ്യത്ത് എന്തെല്ലാം മാറ്റങ്ങളുണ്ടായി. എത്ര ട്രാൻസാക്ഷനുണ്ടായി. എന്നിട്ട് പത്തുകൊല്ലം മുമ്പ് നടന്നതിന് ആ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന് പറയുമ്പോൾ അദ്ദേഹം റിട്ടയർ ചെയ്തുകാണും. ഒന്നുകിൽ സമയം നിശ്ചയിക്കാതെ നികുതി ഈടാക്കാനുള്ള സംവിധാനങ്ങൾ, ഇവിടെ സി.&എ.ജി. പറഞ്ഞതുപോലെ കാര്യങ്ങൾ ചെയ്യണം. ടാക്സ് കിട്ടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. ടാക്സ് പിരിച്ചെടുക്കണമെങ്കിൽ കുറ്റമറ്റ രീതിയിലുള്ള സംവിധാനങ്ങൾ വേണം. അതാണ് ചെയ്യേണ്ടത്. അതല്ലാതെ രജിസ്ട്രേഷൻ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുപകരം സ്റ്റാമ്പ് ആക്ടിൽ ചെറിയൊരു ഭേദഗതി വരുത്തി ചുളുവിൽ ടാക്സ് പിരിച്ചെടുക്കാമെന്ന് വിചാരിച്ചാൽ ഒരിക്കലും പിരിച്ചെടുക്കാനാകില്ല. അതാണ് ഞാൻ പറഞ്ഞത്. മൂന്നുവർഷക്കാലത്തെ 54,000 കേസുകൾ പരിശോധിച്ചിട്ട് വെറും 11 കോടി രൂപയേ പിരിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞിട്ടുള്ളൂ. പിരിച്ചെടുക്കാൻ കഴിയുന്ന നികുതി ചുമത്തണം. അല്ലാതെ ആരെയും വേദനിപ്പിക്കാതെ പെട്രോളിയത്തിന് ഇത്ര ടാക്സ് ചുമത്താം, എക്സൈസിന് ഇത്ര ടാക്സ് ചുമത്താം, സിഗരറ്റ് വലിക്കാർക്ക്

പ്രശ്നമുണ്ടാകില്ല. അതുകൊണ്ട് ചുമത്താം. അങ്ങനെ ടാക്സ് ചുമത്തിയതുകൊണ്ട് കാര്യമില്ല. നികുതി പിരിച്ചെടുക്കാൻ കഴിയുന്ന വിധത്തിലേയ്ക്കുള്ള സംവിധാനമുണ്ടാക്കുക എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് 33A എടുത്തുകളയണം. ഇനി സ്റ്റാമ്പ് ആക്ടിൽ നിന്ന് ഗവൺമെന്റിന് നികുതി പിരിക്കണമെങ്കിൽ അതിനുള്ള മറ്റ് മാർഗ്ഗങ്ങൾ നോക്കണം. ഒരു നിശ്ചിത ഫെയർവാല്യുവിന് അനുസരിച്ച് നികുതി കൊടുക്കണമെന്ന് പറഞ്ഞാൽ ഒരാളും കൊടുക്കാതിരിക്കുന്ന പ്രശ്നമില്ല. അതാണ് ചെയ്യേണ്ടതെന്നുള്ളതെന്നാണ് എനിക്ക് പറയാനുള്ളത്.

അതുപോലെ വിനോദ നികുതി, സിനിമയ്ക്ക് നികുതി ചുമത്തിയതിന് എനിക്ക് വ്യക്തിപരമായി യാതൊരു വിരോധവുമില്ല. പക്ഷെ നമുക്ക് നിയമപരമായി നിലനിൽക്കാൻ കഴിയണ്ടേ. സിനിമയ്ക്ക് നികുതി നിലവിൽ 10 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഞാൻ അങ്ങേയ്ക്ക് കേരള ഹൈക്കോടതിയുടെ സ്റ്റേ സംബന്ധിച്ചുള്ള ഒരു പേപ്പർ കട്ടിംഗ് തരികയുണ്ടായി. സിനിമക്കാർ പോയി കേസ് കൊടുത്തപ്പോൾ ഹൈക്കോടതി വെറുതെ സ്റ്റേ കൊടുത്തതല്ല. അത് ഡബിൾ ടാക്സേഷനാണ്, ഭരണഘടനാ വിരുദ്ധമാണ്. ഇവിടെ ഈ സഭ ജി.എസ്.ടി. പാസാക്കിയപ്പോൾ അങ്ങ് അതിന്റെ ഒബ്ജക്ടീവ്സായി പറഞ്ഞതെന്താണ്? പല വിധത്തിലുള്ള നികുതികളുണ്ട്. കൂടാതെ ആഡംബര നികുതി, വിനോദ നികുതി എന്നിവയും ചുമത്തുന്നു. കേന്ദ്ര ചരക്കുസേവന നികുതിയായി കേന്ദ്ര സർക്കാർ പിരിക്കുന്ന സംസ്ഥാനത്തിനകത്തെ ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണത്തിന്മേൽ സംസ്ഥാന ചരക്കുസേവന നികുതിയായി സംസ്ഥാന സർക്കാർ നികുതി ചുമത്തി പിരിക്കുന്നതും ഇരട്ട ചുമത്തലാക്കാൻ ഉദ്ദേശിക്കുന്ന ചരക്കുസേവന നികുതിയിൽ കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ നിലവിൽ ചുമത്തിയിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ലയിപ്പിക്കാൻ പോകുകയാണ്. എന്നുപറഞ്ഞാൽ ഈ പറയപ്പെട്ട ആഡംബര നികുതിയും വിനോദ നികുതിയും ജി.എസ്.ടി.-യിൽ ലയിപ്പിച്ചിരിക്കുകയാണ്. അതുപറഞ്ഞാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇതിന് സ്റ്റേ കൊടുത്തിട്ടുള്ളത്. ഞാൻ ഈ ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും നിയമം പഠിപ്പിക്കാനോ നിയമജ്ഞാനയതുകൊണ്ടോ പറയുകയല്ല. പക്ഷെ നമ്മുടെ കൺമുമ്പിൽ ഒരു സാധാരണക്കാരന് വായിച്ചു നോക്കാവുന്ന സംഗതിയാണ്. ഇത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളത് എന്തിനാണെന്നറിയാമോ? This Court has considered the legal ground on which the proposed levy and collection of entertainment tax is challenged by the petitioners and prima facie is of the view that as long as the discontinuation of collection of entertainment tax with effect from 1-7-2017 through GO.(MS) No. 123/2017 is subsisting,... നമ്മൾ പാസ്സാക്കിയെടുത്ത ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പിരിക്കുന്നില്ലെന്ന് തീരുമാനിച്ച ഈ ജി.ഒ.-യുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ സ്റ്റേ കൊടുത്തിട്ടുള്ളത്. ഇനി നമ്മുടെ വക്കീലന്മാർക്ക്

എന്തു പറഞ്ഞാണ് വാദിക്കാൻ കഴിയുക. നമ്മൾ ദുർബലപ്പെടുത്തി, ഒരു നിയമം മറ്റൊന്നിനകത്ത് ഇന്റഗ്രേറ്റ് ചെയ്ത എന്റർടെയ്ൻമെന്റ് ടാക്സ് ഒരു വർഷം കഴിഞ്ഞാൽ വീണ്ടും ചുമത്താൻ സാധിക്കുമോ. അതാണ് കോടതിയിൽ ചലഞ്ച് ചെയ്തിട്ടുള്ളത്. അതുകൊണ്ട് വിനോദ നികുതി 10 ശതമാനം എന്നുള്ളത് ചുരുക്കണമെന്ന് ഞാൻ പറയുന്നില്ല. അത് നിയമപരമായി നിലനിൽക്കുകയില്ല എന്നുള്ളതാണ്. പിരിച്ചെടുക്കാൻ സാധിക്കുന്ന നികുതിയാകണമെങ്കിൽ നിയമപരമായി അതിനുള്ള സംവിധാനമുണ്ടാക്കണം. മോട്ടോർ വാഹന നികുതിയിൽ ഗവൺമെന്റ് വാഹനങ്ങൾക്ക് മാത്രം സർചാർജ്ജ് ഒഴിവാക്കിയത് ആർബിട്രറിയാണ്. മോട്ടോർ വാഹന നികുതിയെന്ന് പറയുമ്പോൾ, അത് ഗവൺമെന്റ് വാഹനമായാലും കെ.എസ്.ആർ.ടി.സി. ആയാലും അതിനൊക്കെ അതിന്റേതായ സംവിധാനത്തിൽ കൂടി ചെയ്യണ്ടേ. കേരള വാട്ടർ അതോറിറ്റിക്ക് സപ്ലിമെന്ററി ഗ്രാന്റായി 731 കോടി രൂപ സഹായം നൽകിയത് നല്ല കാര്യമാണ്. അതുപോലെ കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നതിനുവേണ്ടി അതുപോലൊരു തുക കൊടുക്കുക എന്നല്ലാതെ അവർക്ക് സർചാർജ്ജ് ബാധകമല്ലെന്ന് പറഞ്ഞുകൊണ്ട് കെ.എസ്.ആർ.ടി.സി.- യെ മാത്രം ഒഴിവാക്കിയാൽ അത് നിലനിൽക്കില്ല, അത് ആർബിട്രറിയാണ്. നിയമത്തിന്റെ മുമ്പിൽ രണ്ട് വാഹനങ്ങളും പൊതുആവശ്യത്തിനായി ഓടിക്കൊണ്ടിരിക്കുകയാണ്. പ്രൈവറ്റ് വാഹനക്കാർ വെറുതെ നിൽക്കുമോ? കെ.എസ്.ആർ.ടി.സി.-യെ മാത്രം സർചാർജ്ജിൽ നിന്ന് ഒഴിവാക്കി പ്രൈവറ്റ് വാഹനങ്ങൾക്ക് 40 ശതമാനം സർചാർജ്ജ് ഏർപ്പെടുത്തിയതുമൂലം ഭീമമായ തുകയാണ് നൽകേണ്ടിവരുന്നത്. കെ.എസ്.ആർ.ടി.സി. നഷ്ടത്തിലായതുകൊണ്ട് നമ്മൾ കോർപ്പറേഷനിലേയ്ക്ക് പണം കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ സർചാർജ്ജ് ഒഴിവാക്കിയതുകൊണ്ട് മാത്രം കെ.എസ്.ആർ.ടി.സി. രക്ഷപ്പെടാൻ പോകുന്നില്ല. അത് വേണമെങ്കിൽ പിന്നീട് ഗവൺമെന്റിന് ഒഴിവാക്കി കൊടുക്കാമെന്നല്ലാതെ, സർചാർജ്ജിൽ നിന്ന് കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കുമെങ്കിലും നിയമപരമായി ആർബിട്രറിയാണ്. എന്നുപറഞ്ഞാൽ, മോട്ടോർ വാഹന നികുതിയിൽ നിന്നും സ്റ്റാമ്പ് ഡ്യൂട്ടി നികുതിയിൽ നിന്നും ഇത്ര ശതമാനം തുക ലഭിക്കുമെന്ന് അങ്ങ് കണക്കുകൂട്ടിയതെല്ലാം സ്വപ്നമായി നിലനിൽക്കും. കേരള മണി ലെൻഡേഴ്സ് ആക്ട്- സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് 2 ശതമാനം പ്രോസസ്സിംഗ് ചാർജ്ജ് കൂട്ടിയിട്ടുണ്ട്. ഒരു മാസത്തെ പലിശയേക്കാൾ വലുതാണ് പ്രോസസ്സിംഗ് ചാർജ്ജ്. സ്വർണ്ണ പണയ വായ്പയിലൂടെ ഒരു ലക്ഷം രൂപ എടുത്താൽ 18 ശതമാനം പലിശയും രണ്ട് ശതമാനം പ്രോസസ്സിംഗ് ചാർജ്ജും കൊടുക്കണം. ഒരു മാസത്തേയ്ക്കാണ് വായ്പയെടുത്തതെങ്കിൽ ഒരു ലക്ഷം രൂപയ്ക്ക് 2,000 രൂപ പ്രോസസ്സിംഗ് ഫീ കൊടുക്കണം. ഒരു മാസത്തെ പലിശ 1,500 രൂപയാണ് വരുന്നത്. അതുകൊണ്ട് ഈ പ്രോസസ്സിംഗ് ഫീ എന്നുള്ളത് ഒരിക്കലും നിലനിൽക്കാൻ പാടില്ലാത്തതാണ്. വലിയൊരു സംഖ്യയാണ്. സ്വർണ്ണപണയ വായ്പ കൊടുക്കുന്ന സ്വകാര്യ പണമിടപാട്

സ്ഥാപനങ്ങൾക്ക് പ്രോസസ്സിംഗ് ഫീ വർദ്ധിപ്പിച്ച് കൊടുത്തത് എന്തിനാണ്? നാഷണലൈസ്ഡ് ബാങ്കായ കാനറാ ബാങ്കിന്റെ പ്രോസസ്സിംഗ് ഫീ എന്ന് പറയുന്നത് 0.35 ശതമാനമാണ്. സ്വകാര്യ ധനമിടപാട് സ്ഥാപനങ്ങൾക്ക് 2 ശതമാനം പ്രോസസ്സിംഗ് ഫീ അനുവദിച്ച് കൊടുത്തിട്ട് ഗവൺമെന്റിന് എന്ത് കാര്യമാണുള്ളത്. പ്രോസസ്സിംഗ് ഫീ എന്നുള്ളത് ഒരിക്കലും ന്യായീകരിക്കുന്നതല്ല. അത് എടുത്തുകളയണമെന്നാണ് എനിക്ക് പറയാനുള്ളത്.

പത്ത് ശതമാനം സെസ് പിരിക്കാനാണ് സംസ്ഥാന കൗൺസിലിനോട് ആവശ്യപ്പെട്ടത്. സെസ് ഏർപ്പെടുത്തുന്നതിലൂടെ കൂടുതൽ ആളുകളുടെ മേൽ ഭാരമേൽപ്പിക്കില്ലെന്നാണ് ഞാൻ വിചാരിച്ചത്. അങ്ങ് ഒരു ചോദ്യത്തിന് നൽകിയ ഉത്തരം കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. സംസ്ഥാനം നേരിടുന്ന പ്രളയ നഷ്ടം നികത്തുവാൻ സെസ് പിരിക്കുന്നതിന് ജി.എസ്.ടി. കൗൺസിലിന് അനുമതി നൽകിയിട്ടുണ്ടോ; എത്ര ശതമാനം സെസ് പിരിക്കാനാണ് ജി.എസ്.ടി. കൗൺസിലിന്റെ അനുമതി തേടിയതെന്നും; എത്ര ശതമാനം പിരിക്കുവാൻ അനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ എന്ന ശ്രീ. വി. ഡി. സതീശന്റെ ചോദ്യത്തിന്, ഉണ്ട്; പത്ത് ശതമാനം സെസ് പിരിക്കാനാണ് സംസ്ഥാന സർക്കാർ ശിപാർശ ചെയ്തത്. സംസ്ഥാനത്തിനുള്ള എല്ലാ അന്തിമ വിതരണത്തിനും ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കവിയാത്ത നിരക്കിൽ സെസ് ചുമത്തുവാൻ അനുമതി ലഭിച്ചിട്ടുണ്ടെന്നുള്ള ഉത്തരമാണ് അങ്ങ് നൽകിയിട്ടുള്ളത്. യഥാർത്ഥത്തിൽ ജി.എസ്.ടി. കൗൺസിലല്ലേ ഇവിടത്തെ പാവപ്പെട്ട ആളുകളെ സംരക്ഷിക്കാനുണ്ടായത്. നമ്മൾ പത്ത് ശതമാനം ചുമത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ജി.എസ്.ടി. കൗൺസിലാണ് പത്ത് ശതമാനം പാടില്ല, ഒരു ശതമാനം മാത്രമേ പിരിക്കാൻ പാടുള്ളൂവെന്ന് പറഞ്ഞത്. ഇവിടെ പ്രളയം കൊണ്ട് പൊറുതി മുട്ടിയ ജനങ്ങൾക്ക് കൊടുക്കുവാൻ കഴിയുന്ന സഹായങ്ങൾപോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് സംബന്ധിച്ച് ഒരുപാട് ചർച്ച ചെയ്തതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പ്രളയവുമായി ബന്ധപ്പെട്ട് ഓരോരുത്തരും അവരവരുടേതായ രീതിയിൽ പണം കൊടുത്തിട്ടുണ്ട്. അതിലേയ്ക്ക് ജനപ്രതിനിധികളും കച്ചവടക്കാരും സർക്കാർ ജീവനക്കാരും പണം കൊടുത്തിട്ടുണ്ട്, കൂടാതെ വിദേശത്തുനിന്നും പണം വന്നിട്ടുണ്ട്. അതുകൊണ്ട് ഈ ഒരു ശതമാനം പിരിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ജി.എസ്.ടി. കൗൺസിലിനോട് പത്ത് ശതമാനം സെസ് ചുമത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഒരു ശതമാനമാക്കി ചുരുക്കി തന്നത് അവരാണ്. യഥാർത്ഥത്തിൽ ഇവിടത്തെ പാവപ്പെട്ട, പ്രളയംകൊണ്ട് ബുദ്ധിമുട്ടുന്ന ആളുകളെ സംസ്ഥാന ഗവൺമെന്റല്ല സഹായിച്ചതെന്നാണ് ഈ ഉത്തരം കണ്ടപ്പോൾ എനിക്ക് തോന്നിയത്. പത്ത് ശതമാനത്തിൽ നിന്നും ഒരു ശതമാനമാക്കി ചുരുക്കി. ഇനി ഇങ്ങനെയൊക്കെ പിരിച്ചെടുത്താൽ തന്നെ ആകെ ലഭിക്കുന്നത് 600 കോടി രൂപയാണ്. പ്രളയ

സെസ് ചുമത്തി നമ്മൾ അവരിൽ നിന്ന് പണം വാങ്ങിയെന്ന ചീത്തപ്പേര് ബാക്കിയുണ്ടാകുമെന്നല്ലാതെ ഇതുകൊണ്ട് ഗവൺമെന്റിന് സാമ്പത്തികമായി നേട്ടമുണ്ടാകുമോ; കേരളത്തിലെ ജനങ്ങളെ എത്രമാത്രം ബാധിക്കും; അതുകൊണ്ട് നമുക്ക് നേട്ടമുണ്ടാകുമോ എന്നീ കാര്യങ്ങൾ കൂടി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

നമ്മൾ ലോകബാങ്കിൽ നിന്നും 1726 കോടി രൂപയും മസാല ബോണ്ടിൽ നിന്ന് 2150 കോടി രൂപയും കടമെടുത്തു. സാലറി ചലഞ്ചിലൂടെ 834 കോടി രൂപ ലഭിച്ചു. ജർമ്മൻ വികസന ബാങ്കിൽ നിന്ന് 1380 കോടി രൂപയും എ.ഡി.ബി.-യിൽ 1725 കോടി രൂപയും കേന്ദ്ര സഹായമായി 2904 കോടി രൂപയും ലഭിച്ചു. നെതർലാൻഡിൽ നിന്നും കാനഡ ബാങ്കിൽ നിന്നും പണം കടമെടുത്തു. ഇങ്ങനെ രാജ്യത്തിനകത്തും ലോകത്തിന് പുറമേയുമുള്ള ആളുകൾ നമ്മളെ സഹായിക്കുകയും നമ്മൾ കടമെടുക്കുകയും ചെയ്യുകയാണ്. ഈ കടം എങ്ങനെ കൊടുത്തു തീർക്കാമെന്നത് സംബന്ധിച്ച് അങ്ങേയ്ക്ക് ധാരണയുണ്ടാകും. ആളോഹരി കടബാധ്യതയെ സംബന്ധിച്ച് അങ്ങ് കഴിഞ്ഞ ദിവസം പറഞ്ഞ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലുണ്ടായിരുന്നതിനേക്കാൾ ഇരട്ടി കടബാധ്യത വർദ്ധിച്ചിട്ടുണ്ടെന്നുള്ളതാണ് അങ്ങ് തന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. മുമ്പൊക്കെ വിദേശത്ത് പോയി ഞാൻ കേരളീയനാണെന്ന് അഭിമാനത്തോടെ പറയാമായിരുന്നു. നാളെ ആരെങ്കിലും വിദേശ സന്ദർശനത്തിന് പോകുകയാണെങ്കിൽ കേരളത്തിൽ നിന്നാണ് വരുന്നതെന്ന് പറഞ്ഞാൽ ഇവിടെ നിന്ന് കുറച്ചുപണം വാങ്ങിയിട്ടുണ്ട്, അത് നൽകിയിട്ട് പോയാൽ മതിയെന്ന സ്ഥിതി വരാത്ത വിധത്തിൽ ഈ കടങ്ങൾ തിരിച്ചുകൊടുക്കാൻ സാധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇന്നലത്തെ പത്രം നോക്കിയപ്പോൾ ഞെട്ടിപ്പോയി. ചീഫ് സെക്രട്ടറിയെ ജയിലിലടയ്ക്കും എന്നാണ് സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. ചീഫ് സെക്രട്ടറിയെ ജയിലിലടയ്ക്കും എന്ന് പറഞ്ഞാൽ പിന്നെ ആർക്കാണ് രക്ഷയുള്ളത്. സുപ്രീം കോടതിയോട് സംസ്ഥാന ഗവൺമെന്റിന് എന്ത് ബഹുമാനമാണുള്ളത്. ഉടനെ ഉണർന്ന് പ്രവർത്തിക്കണ്ടേ; ഒരു സുപ്രീം കോടതിയോടുള്ള പ്രതിബദ്ധത വച്ച് രാജ്യത്ത് എന്തെല്ലാം കോലാഹലം ഉണ്ടാക്കി. സുപ്രീംകോടതിയാണ് വലുത്, രാജ്യത്തെ ഏറ്റവും വലിയ കോടതിയാണ്, ആ കോടതി പറഞ്ഞാൽ ഗവൺമെന്റിന് വേറെയൊന്നും ചെയ്യാനില്ലായെന്ന് പറഞ്ഞ് ആകെ പ്രശ്നമുണ്ടാക്കി. ഇപ്പോൾ ഇവിടത്തെ ചീഫ് സെക്രട്ടറിയെ കാണുന്നില്ല. എനിക്ക് തോന്നുന്നത് അദ്ദേഹം വാറണ്ട് പേടിച്ച് നടക്കുകയാണെന്നാണ്. അദ്ദേഹത്തെയും അറസ്റ്റ് ചെയ്യുമെന്ന് സുപ്രീം കോടതിയാണ് പറഞ്ഞിട്ടുള്ളത്. ഇനി വേറെ വാറണ്ടിന്റെ ആവശ്യമില്ല. അതുകൊണ്ട് ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കണം. അങ്ങയോട് വ്യക്തിപരമായും ധനകാര്യ

വകുപ്പുമന്ത്രിയെന്ന നിലയിലും വളരെ ബഹുമാനമാണുള്ളത്. അങ്ങ് വളരെ കൃത്യമായി കാര്യങ്ങൾ പഠിച്ച് ഈ സംസ്ഥാനത്തെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ നിന്ന് രക്ഷപ്പെടുത്താനുള്ള പല ശ്രമങ്ങളും നടത്തുന്നുണ്ട്. അറ്റ കൈക്കായിരിക്കും ഇങ്ങനെ ചെയ്യുന്നത്. മുമ്പ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആവേശത്തിൽ പറഞ്ഞതുപോലെ, 'കവിതകൾ എഴുതി കൂട്ടുവിൻ കൂട്ടുകാരെ' എന്ന്. അതുപോലെ അങ്ങയുടെ മുദ്രാവാക്യം 'കടംവാങ്ങി കൂട്ടുവിൻ കൂട്ടുകാരെ..' എന്നതിലേയ്ക്ക് മാറിയിട്ടുണ്ട്. അതുകൊണ്ട് ഇനിയെങ്കിലും കടം വാങ്ങൽ നിർത്തി വാങ്ങിയത് നാട്ടിൽ ചെലവഴിക്കാനെങ്കിലും ശ്രമിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

4.00 PM]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ശ്രീ. എം. ഉമ്മർ പറഞ്ഞതിനോട് ഒരു അനുബന്ധം കൂടി ചേർക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ കടത്തിന്റെ കണക്ക് മുന്നിൽ നിൽക്കുകയാണ്. കഴിഞ്ഞ സമ്മേളനത്തിൽ ശ്രീ. കെ. മുരളീധരൻ അങ്ങയോട് ചോദിച്ച ചോദ്യത്തിന് അങ്ങ് നൽകിയ ഉത്തരം, " അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ പൊതു കടം 1,09,730.97 കോടി രൂപയും താൽക്കാലിക കണക്കുകൾ പ്രകാരം 2018-19-ലെ പൊതുകടം 1,57,558.88 കോടി രൂപയുമാണ് " എന്നാണ്. ആ ഉത്തരം അങ്ങ് നിഷേധിക്കുമെന്ന് തോന്നുന്നില്ല. ഇപ്പോഴുള്ള ആളോഹരി കടം 69,690.38 രൂപയാണ്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായതിനുശേഷം ആളോഹരി കടം വർദ്ധിച്ചത് 27,000 രൂപയാണെന്നുള്ള യാഥാർത്ഥ്യം മറക്കരുത്. ഓരോ വ്യക്തിയും 69,690.38 രൂപയ്ക്ക് കടക്കാരായിരിക്കുകയാണ്. അങ്ങ് അധികാരത്തിൽ വന്നതിനുശേഷം വീണ്ടും നിരപരാധികളായ ആളുകളുടെ തലയിൽ 27,000 രൂപയുടെ പൊതുകടം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. 2017-2018-ൽ 25000 കോടി രൂപയുടെ പശ്ചാത്തല വികസന പദ്ധതികളാണ് അങ്ങ് പ്രഖ്യാപിച്ചത്. പക്ഷേ ഒന്നും നടന്നിട്ടില്ലെന്ന് അങ്ങേയ്ക്കും ഞങ്ങൾക്കും കേരളത്തിലെ എല്ലാവർക്കുമറിയാം. 2018-2019-ൽ 2000 കോടി രൂപയുടെ തീരദേശ പാക്കേജ് പ്രഖ്യാപിച്ചു. എന്താണ് നടന്നതെന്നുള്ളത് ഞാൻ വിശദീകരിക്കണ്ടല്ലോ? ഇത്തവണ 1000 കോടി രൂപയുടെ മറ്റൊരു തീരദേശ പാക്കേജ് കൂടി പ്രഖ്യാപിക്കുകയാണ്. പ്രഖ്യാപനം വളരെ ഗംഭീരമാണ്, പക്ഷേ കാര്യമായിട്ടൊന്നും നടക്കുന്നില്ല. ചായക്കടക്കാരൻ കൃഷ്ണൻകുട്ടിയെ കാണുമ്പോഴുണ്ടാകുന്ന വികാരമാണ് അങ്ങയെ കാണുമ്പോൾ തോന്നുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ ഇവിടെ പറയുകയുണ്ടായി. ചിട്ടി പൊട്ടിയ ഒരു തലയാളിനെ കാണുന്ന വികാരമാണ് എനിക്ക് അങ്ങയെ കാണുമ്പോൾ തോന്നുന്നത്. ഒരു വെപ്രാളവും ബഹളവുമാണ്. എന്നാൽ ചിട്ടി പൊട്ടിയെന്ന് പുറത്തുപറയാനും കഴിയില്ല. സാധാരണ ഒരാൾക്ക്

ചിട്ടി പൊട്ടിയാൽ അയാൾക്ക് അംബാസിഡർ കാറുണ്ടെങ്കിൽ അത് കൊടുത്തിട്ട് മറ്റൊരു ഇന്നോവ എടുക്കും. കാരണം ചിട്ടിയൊന്നും പൊട്ടിയിട്ടില്ല, എല്ലാം ഗംഭീരമായി പൊയ്ക്കൊണ്ടിരിക്കുന്നു എന്ന് ആളുകളെ ബോദ്ധ്യപ്പെടുത്താനായി കാണിക്കുന്ന നമ്പരാണിത്. ഇപ്പോൾ അങ്ങ് ചെയ്തിരിക്കുന്നതെന്താണ്? അങ്ങ് 21 കാർ വാങ്ങിയിട്ട് ഞങ്ങൾക്കൊന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിൽ ആഡംബരം ഒന്നുകൂടി ഉയർത്തിക്കാണിച്ചു. 'കോടി പുതപ്പിച്ച കാറുകൾ' എന്നാണ് ഇതിനെക്കുറിച്ച് മാധ്യമങ്ങളിൽ വന്നത്. സംസ്ഥാനത്തിന്റെ ഖജനാവ് കാലിയാണ്. ബഡ്ജറ്റിനെ പരിഹാസമായി കൊണ്ടു പോയാൽ സംസ്ഥാനത്തിന്റെ സ്ഥിതിയെന്താകുമെന്ന് പറയേണ്ട കാര്യമില്ലല്ലോ? ഇത്തവണ അങ്ങ് കുറേക്കൂടി പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. കുട്ടനാട്ടിലും വയനാട്ടിലുമായി 4700 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. കുട്ടനാട്ടിലെ പാവപ്പെട്ട ആളുകൾക്ക് വീടുവച്ച് കൊടുക്കാനുള്ള മാർഗ്ഗമെങ്കിലും നോക്കണ്ടേ; അവരുടെ വീടുകളിലെ ചട്ടിയും കലവും പോയതിനെങ്കിലും എന്തെങ്കിലും നഷ്ടപരിഹാരം കൊടുക്കണ്ടേ? അവർ കഞ്ഞിവച്ച് കഴിഞ്ഞോട്ടെ. ദുരിതമുണ്ടെങ്കിലും അവർ അടുപ്പ് പുകച്ച് ജീവിച്ചോട്ടെ. അതിനുള്ള എന്തെങ്കിലും മാർഗ്ഗമുണ്ടാക്കണ്ടേ? അതൊന്നും ചെയ്തിട്ടില്ല. അതുകൂടാതെ ഇപ്പോൾ ഇടുക്കിയിൽ 5000 കോടി രൂപയുടെ പുതിയ പാക്കേജ് വരികയാണ്. ഇടുക്കിയിൽ പോയി അതിനെക്കുറിച്ച് പറയാൻ കഴിയുമോ? അവിടെയുള്ളത് മറ്റൊരു പ്രശ്നമാണ്. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. കാരണം ബഡ്ജറ്റിനെ സംബന്ധിച്ച ചർച്ചയായതുകൊണ്ട് ഇടുക്കിയിലെ പ്രശ്നം അതിന്റെ അനുബന്ധമായി പറയുന്നില്ല. കടൽത്തീരത്ത് പോകാൻ കഴിയില്ലെന്ന് അങ്ങിവിടെ confess ചെയ്തതുപോലെ മലയോര പ്രദേശത്ത്, പ്രത്യേകിച്ച് ഇടുക്കിയിലും ഇപ്പോൾ പോകാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. അറിയാതെയാണെങ്കിലും നെടുങ്കണ്ടത്തുപോലും അങ്ങ് പോകരുത്. അവിടെയും പ്രശ്നമാകും. കടലിലുമില്ല, കരയിലുമില്ല, കുറച്ചുകൂടി കഴിഞ്ഞാൽ ആകാശത്തുമുണ്ടാകില്ല. അതാണ് ഇപ്പോഴത്തെ അവസ്ഥ. 2000 കോടി രൂപ, 4000 കോടി രൂപ, 5000 കോടി രൂപ എന്നുപറഞ്ഞ് നടന്നാൽ മതിയോ? ജനങ്ങളെ എത്രകാലം പറ്റിക്കാൻ കഴിയും?

നവകേരള സൃഷ്ടിക്കുവേണ്ടി സംസ്ഥാനത്ത് 25 ഇന പദ്ധതികളാണ് പ്രഖ്യാപിച്ചത്. അടുത്തകാലത്തായി നവകേരളത്തെക്കുറിച്ച് ഒന്നും പറയുന്നതേയില്ല. ഞങ്ങൾ അതിനെക്കുറിച്ച് പരിശോധിച്ചപ്പോൾ, ആക്രിക്കടയിൽ കിടക്കുന്ന സാധനങ്ങളെല്ലാം തല്ലിക്കൂട്ടി ഒരു മുറിയിലെത്തിക്കുന്നതുപോലെ, കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ തട്ടിക്കൂട്ടി കിടന്നിരുന്ന പദ്ധതികളെല്ലാംകൂടി ചേർത്ത് നവകേരള പദ്ധതിയെന്ന് പറഞ്ഞതാണ്. ഈ സംസ്ഥാനത്ത് എന്തെങ്കിലും നടന്നിട്ടുണ്ടോ? 25 ഹെഡ്ഡിംഗിലായി കേരളത്തിന്റെ പുനർസൃഷ്ടിക്കായി ചെയ്യുന്ന കാര്യങ്ങളാണ് പറഞ്ഞത്. പ്രളയത്തിൽ നിന്ന് കേരളത്തെ കരകയറ്റുന്നതിനു വേണ്ടി തലസ്ഥാനനഗരിയിൽ ഇലക്ട്രിക് ബസ് ഓടിക്കുമെന്നാണ് ബഡ്ജറ്റിൽ

പ്രഖ്യാപിച്ച ഒരു പദ്ധതി. അതോടുകൂടി പ്രളയത്തിൽനിന്ന് രക്ഷപെട്ടു. പ്രളയത്തിന്റെ പേരിൽ ഇലക്ട്രിക് ബസ് വന്നാൽ വെള്ളം അടിച്ച് ബസ്സിലിരിക്കുന്നവർകൂടി മരിക്കും. ഇലക്ട്രിക് ബസ് വാങ്ങിയാണോ പ്രളയത്തെ നേരിടാൻ പോകുന്നത്? വെള്ളത്തിൽനിന്ന് കരകയറുന്ന ലക്ഷണമൊന്നും കാണുന്നില്ല. അതിനു വേണ്ടിയാണ് ഇലക്ട്രിക് ബസ് വാങ്ങാൻ പറഞ്ഞത്. ഇപ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ സ്ഥിതി എന്തായി? അതിന്റെ സ്ഥിതി അങ്ങയേക്കാൾ കൂടുതൽ എനിക്കറിയാം. ആ കഥ പറഞ്ഞാൽ കഥനകഥയാകുമെന്നുള്ളതുകൊണ്ട് ഞാനത് വിശദീകരിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-യും ഇലക്ട്രിക് ബസും വെള്ളത്തിലായി.

ശ്രീ. കെ. സി. ജോസഫ്: സർ, ഇന്നലെ അങ്ങ് ആന്തൂരിൽ പോയിരുന്നോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർവ്വശ്രീ പി. ടി. തോമസ്, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, റോഷി അഗസ്റ്റിൻ, കെ. എം. ഷാജി എന്നിവരുൾപ്പെടെ ഞങ്ങൾ ഏഴ് എം.എൽ.എ.-മാർ ഇന്നലെ ആന്തൂരിൽ പോയി സാജന്റെ ഭാര്യ ബീനയെ കണ്ടു. അവരുടെ കരച്ചിൽ ഈ സർക്കാർ എങ്ങനെ താങ്ങും? ഹൃദയമുള്ള ഒരാളിന് നെഞ്ച് വേദനിച്ചുമാത്രമേ അവിടെനിന്നും ഇറങ്ങാൻ കഴിയൂ. എത്രയോ ദുഃഖകരമാണ് അവരുടെ അവസ്ഥ. ബീനയുടെ അമ്മയേയും അച്ഛനേയും മകനേയും ഞങ്ങൾ കണ്ടു. ആ കുടുംബം വേദനയിൽ മുങ്ങി നിൽക്കുന്നു. ഒരു പ്രവാസി പുതിയൊരു സംരംഭം ആരംഭിക്കുന്നതിനുവേണ്ടി സ്വന്തം നാട്ടിൽ വന്നപ്പോഴുണ്ടായ തീ തിന്നുന്ന അനുഭവങ്ങളല്ലേ പുറത്തുവന്നത്. അത് എത്രയോ ദുഃഖകരമാണ്. അവിടെ നീതിയുടെ ഒരംശം ഉണ്ടാകണ്ടേ? കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്നും കേരളത്തിലേയ്ക്ക് വന്നാൽ എല്ലാവരും രക്ഷപ്പെടുമെന്നും കൂടുതൽ ആളുകൾക്ക് തൊഴിൽ കൊടുക്കാമെന്നും ഒരു ബ്രെയിൻ ഡ്രെയിൻ എന്ന നിലയ്ക്ക് കേരളത്തിലെ ചെറുപ്പക്കാർ വിദേശത്തേയ്ക്ക് പോകാതെ അവരെ സംസ്ഥാനത്തുതന്നെ പിടിച്ചുനിർത്താൻ കഴിയുമെന്നും പറഞ്ഞ എല്ലാ വാക്കുകളും തകർക്കുന്നതല്ലേ ഈ ആന്തൂർ സംഭവം?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്നലെ ആന്തൂരിൽ പോയ വാർത്ത എല്ലാ പത്രങ്ങളിലുമുണ്ട്. ഇതുവരെ കേട്ടറിവ് മാത്രമായിരുന്ന ആ സ്ഥലത്ത് പോയി സ്ഥിതിഗതികൾ നേരിൽ കണ്ട് മനസ്സിലാക്കാനുള്ള അവസരം അങ്ങേയ്ക്കുണ്ടായി. Seeing is believing എന്നാണ് പറയാറുള്ളത്. അവിടത്തെ സ്ഥിതിഗതികൾ നേരിട്ട് മനസ്സിലാക്കിയപ്പോൾ അങ്ങേയ്ക്ക് എന്താണ് തോന്നിയത്? സാജന്റെ ആത്മഹത്യയ്ക്ക് ആരാണ് ഉത്തരവാദി; നേരിൽപ്പോയി കണ്ടപ്പോൾ അദ്ദേഹത്തെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിച്ച കാരണങ്ങളെന്താണെന്നാണ് അങ്ങേയ്ക്ക് മനസ്സിലായത്, വിശദീകരിക്കാമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ വേളയിൽ ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. പക്ഷേ എന്റെ മാർക്സിസ്റ്റ് സഹോദരന്മാർക്ക് കുറച്ചുകൂടി മനസ്സാക്ഷി ഉണ്ടാകണമേ എന്നൊരു ചിന്തയാണ് സത്യത്തിൽ എനിക്കുണ്ടായത്. ഞാനിത് രാഷ്ട്രീയമായി പറയുന്നതല്ല. അവിടെപ്പോയ ഏതൊരാളിനും തോന്നുന്നത് അതാണ്. ഏത് മനുഷ്യനും ഹൃദയം പൊടിയുന്ന ചിത്രമാണ് അവിടെ കണ്ടത്. ധനകാര്യ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഈ വിഷയം പറയാൻ കഴിയാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നേരത്തെ പറഞ്ഞതുപോലെ സാമ്പത്തിക അച്ചടക്കമില്ലാത്ത സർക്കാരാണിത്. അങ്ങൊരു വലിയ സ്വപ്നം വരച്ചുകാണിച്ചല്ലോ? അങ്ങയുടെ വകുപ്പിൽ ഡെപ്യൂട്ടി കമ്മീഷണർ - 7, അസിസ്റ്റന്റ് കമ്മീഷണർ - 19, സംസ്ഥാന നികുതി ഓഫീസർ - 33, അസിസ്റ്റന്റ് സംസ്ഥാന നികുതി ഓഫീസർ - 41 ഉൾപ്പെടെ ഏകദേശം നൂറോളം ഒഴിവുകളിൽ ഇപ്പോഴും നിയമനം നടത്തിയിട്ടില്ല. ഈ തസ്തികകളെല്ലാം ഒഴിച്ചിട്ടുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് പറഞ്ഞാൽ അങ്ങേയ്ക്കുപോലും അത് വിശ്വാസമാകുകയില്ലെന്ന് എനിക്കറിയാം. ഇത് ആരുടെ കുറ്റമാണ്; വെറെ ആരെയെങ്കിലും കുറ്റപ്പെടുത്താൻ കഴിയുമോ; സ്വന്തം വകുപ്പിൽ ഉദ്യോഗസ്ഥരെ വേണ്ടവിധം വിനിയോഗിക്കാതെ തസ്തികകൾ ഒഴിച്ചിടാതെ കാര്യക്ഷമമായി കൊണ്ടുപോകുന്നതിനുള്ള നടപടിയെടുക്കാത്തതിന്റെ ഉത്തരവാദിത്വം മറ്റാരുടെയെങ്കിലും തലയിൽ വയ്ക്കാൻ കഴിയുമോ?

ഇവിടെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ലെന്ന് ഞാൻ സൂചിപ്പിച്ചു. ധൂർത്തിനും പാഴ്ചെലവിനും ഒരതിരുമില്ലാതെ അഴിച്ചുവിട്ടിരിക്കുകയാണ്. 2015-2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം 1.09 ലക്ഷം രൂപയായിരുന്നത് ഇപ്പോൾ 1.57 ലക്ഷം രൂപയാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് 36 മാസത്തിനുള്ളിൽ 81,218.44 കോടി രൂപ കടം വാങ്ങിയിട്ടുണ്ട്. കിഫ്ബി വഴി കൊള്ളപ്പലിശയ്ക്ക് മസാല ബോണ്ടും മറ്റും വാങ്ങുന്നതു വഴിയുള്ള കടം ഇതിനും പുറത്താണ്. അകത്തും പുറത്തും കടമാണ്; അങ്ങ് പറഞ്ഞിട്ടുള്ള കിഫ്ബി മസാല ബോണ്ടുവഴിയുള്ള കടം ഇതിനേക്കാൾ അപ്പുറമാകും. നിലവിലുള്ള കടം 81,218.44 കോടി രൂപയാണ്. ഇത്രയും കടം വാങ്ങി ധൂർത്തടിച്ച മറ്റൊരു സർക്കാർ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? അതിനുള്ള ഒന്നാം സമ്മാനം ഈ സർക്കാരിനുള്ളതാണ്. അത് അർഹിക്കുന്ന ആൾ ധനകാര്യ വകുപ്പുമന്ത്രി തന്നെയാണ്. ഇത്രയും കടം വാങ്ങി ധൂർത്തടിക്കുന്ന ഈ ഗവൺമെന്റ് സംസ്ഥാനത്തെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത്? ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടനുസരിച്ച് ഈ വർഷം സർക്കാരിന് എടുക്കാവുന്ന കടം 24,000 കോടി രൂപയാണ്. അതിൽ 4,500 കോടി രൂപ നമ്മൾ ഇതിനോടകം എടുത്തുകഴിഞ്ഞു. സാമ്പത്തിക വർഷത്തിന്റെ ഈയൊരു പാദത്തിൽ സർക്കാരിന് എടുക്കാൻ കഴിയുന്ന കടത്തിന്റെ പരിധി

6,000 കോടി രൂപയാണ്. അതിൽ 4,000 കോടി രൂപയും എടുത്തുകഴിഞ്ഞു. ആ 6,000 കോടി രൂപയിൽ കേന്ദ്രഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് 4,000 കോടി രൂപ കുറയുകയും ചെയ്തു. വൻസാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംസ്ഥാനം പോകുന്നത്. ഈ സാമ്പത്തിക പ്രതിസന്ധിയുള്ളപ്പോഴാണ് മന്ത്രിസഭയുടെ രണ്ടാം വാർഷികത്തിന് 2.16 കോടി രൂപ ചെലവഴിച്ചത്. മന്ത്രിസഭയുടെ ആയിരം ദിവസം തികഞ്ഞപ്പോഴുള്ള ആഘോഷത്തിന് ചെലവഴിച്ചത് 9.6 കോടി രൂപയാണ്. ആയിരം ദിവസം പ്രമാണിച്ച് ട്രാൻസ്പോർട്ട് ബസ്സുകളിൽ പരസ്യം പതിച്ചതിനുമാത്രം ചെലവഴിച്ചത് 1.15 കോടി രൂപയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ബാനറുകളും ഫ്ലക്സുകളും കെട്ടാൻ ആളുകളെ ഏല്പിച്ചു. അത് കെട്ടിക്കഴിഞ്ഞപ്പോഴാണ് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽവന്നത്. അങ്ങനെ ചെലവ് പല രൂപത്തിലും കൂടിക്കൊണ്ടിരിക്കുകയാണ്.

മുഖ്യമന്ത്രിയുടെ സോഷ്യൽ മീഡിയ പ്രൊമോഷനുവേണ്ടിയുള്ള ചെലവ് ഒരു കോടി പത്ത് ലക്ഷം രൂപയാണ്. ലൈക്കും ഷെയറും വർദ്ധിപ്പിക്കാൻ എത്ര കോടി രൂപയാണ് ചെലവഴിച്ചത്? നമ്മുടെ സംസ്ഥാനത്തെ ഈ രൂപത്തിൽ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും? 'നാം മുന്നോട്ട്' എന്ന മുഖ്യമന്ത്രിയുടെ ടെലിവിഷൻ പരിപാടിക്കുവേണ്ടി 4.5 കോടി രൂപയാണ് ചെലവഴിച്ചത്. ഇപ്പോൾ 'നാം മുന്നോട്ടല്ല; പിറകോട്ടാണ്. 'നാം മുന്നോട്ട്' എന്ന പരിപാടിക്ക് 4.5 കോടി രൂപ ചെലവായെങ്കിൽ നമ്മൾ പിറകോട്ടു പോകുന്നതിന് എത്ര ചെലവാകുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? ഈ സംസ്ഥാനത്തെ നിങ്ങൾ പിറകോട്ട് വലിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനേക്കാൾ രസമുള്ളത്, നമ്മുടെ സർക്കാരിന്റെ വാർഷികാഘോഷത്തിന് സ്കൂൾ കുട്ടികൾക്ക് നെയിംസ്ലിപ്പും കത്തുകളും വിതരണം ചെയ്തതിന്റെ ചെലവ് 1.52 കോടി രൂപയായിരുന്നു. അത് അച്ചടിച്ചതിന്റെ ചെലവ് 2 കോടി രൂപയും അത് വിതരണം ചെയ്യാൻവേണ്ടി ഒന്നരക്കോടി രൂപയിൽ കൂടുതലും ചെലവഴിച്ചു. ദയവായി, ആ കണക്ക് ശാസ്ത്രജ്ഞനെ നമ്മുടെ ആസ്ഥാന കണക്ക് ശാസ്ത്രജ്ഞനായി ആദരിക്കണം.

ആഡംബര വാഹനങ്ങൾ വാങ്ങിക്കൂട്ടുന്ന സർക്കാർ, ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന് 12 പുതിയ വാഹനങ്ങൾ വാങ്ങിച്ചു. ഇപ്പോൾ 20 പുതിയ വാഹനങ്ങൾകൂടി വാങ്ങുന്നതിന് തീരുമാനമെടുക്കുകയാണ്. ഇല്ലാത്ത ഉദ്യോഗസ്ഥനും പുതിയ കാർ വാങ്ങിക്കൊടുത്തു. ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയപ്പോൾ വി.എച്ച്.എസ്.ഇ. ഡയറക്ടർ തസ്തിക ഇല്ലാതായി. ഉദ്യോഗസ്ഥരില്ലെങ്കിലും ഒരു വണ്ടി ഇരിക്കട്ടെ എന്ന മട്ടിൽ ഖജനാവ് തുറന്നിട്ടുകൊടുക്കാമോ? അങ്ങ് ഇത് നിയന്ത്രിക്കണ്ടേ; അങ്ങയെയല്ലേ ഞങ്ങൾക്ക് വിശ്വാസം; അങ്ങ് ഇക്കാര്യങ്ങളെല്ലാം കൃത്യമായി ചെയ്യേണ്ടതല്ലേ?

'പ്രത്യുൽപ്പാദനപരമാണ് നമ്മുടെ ചെലവാക്കൽ' എന്ന് അങ്ങയുടെ ഒരു പഴയ വാദഗതിയുണ്ട്. ഏതൊക്കെയാണ് പ്രത്യുൽപ്പാദനപരം? വാചക കസർത്ത് മാത്രം മുറയ്ക്ക് നടക്കുകയാണ്. പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട 16 കർഷകർ ആത്മഹത്യ ചെയ്തു. അതിനെക്കുറിച്ച് ഒരു നിമിഷം ആലോചിക്കേണ്ടതായിരുന്നു. ആ 16 കർഷകരുടെ ആത്മഹത്യയ്ക്കുശേഷം അവരുടെ കുടുംബത്തിന് 5 ലക്ഷം രൂപയും കൊടുത്ത് റീത്തും വച്ചാൽ നമ്മുടെ ഉത്തരവാദിത്വം തീരുമോ? ആ സാഹചര്യം മാറ്റുന്നതിനുവേണ്ടിയുള്ള ഒരു ക്രൈസിസ് മാനേജ്മെന്റ് സംസ്ഥാനത്തിന് വേണ്ടേ; ഇത്തരം ആത്മഹത്യ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടി സംസ്ഥാനം ചെയ്യണ്ടേ? എന്റെ പ്രസംഗം കഴിയുമ്പോൾ 16 കർഷകരല്ല, 15 കർഷകരാണ് ആത്മഹത്യ ചെയ്തതെന്ന് അങ്ങ് ചിലപ്പോൾ തർക്കിച്ചെന്നിരിക്കും. നിങ്ങളുടെ കാലത്ത് അതിനേക്കാൾ കർഷകർ ആത്മഹത്യ ചെയ്തില്ലേ എന്നൊരു ചോദ്യവും തിരിച്ചു ചോദിക്കും.

ശ്രീ. എം. സ്വരാജ്: സർ, ............ (മൈക്ക് ഓഫ്)...........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദിക്കുന്നത് വെറുതെയാണെന്ന് എനിക്കറിയാം. അങ്ങ് പക്കമേളം കൊട്ടുക്കുകയാണ്. കിഫ്ബിയുടെ പണം സ്വരൂപിക്കാൻവേണ്ടി മസാല ബോണ്ട് ഇറക്കിയതിന് പിന്നിൽ വലിയ കൊള്ളയും കമ്മീഷനുമുണ്ടെന്ന് നാട്ടിൽ വലിയ പ്രചാരണമാണ്. അങ്ങ് ഇതിനെ സംബന്ധിച്ച് സുതാര്യമായി ഒരു സ്റ്റേറ്റ്മെന്റ് നടത്തണം. ഇത് ട്രാൻസ്പരന്റാണെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തണം. കൊള്ളപ്പലിശയ്ക്ക് മസാല ബോണ്ടിറക്കി കേരളത്തെ ദ്രോഹിക്കുന്നതിന് ഇതുവരെയുള്ള ചെലവ് 2.29 കോടി രൂപയാണ്. ഇത് സത്യമാണോ അല്ലയോ എന്ന് പരിശോധിച്ചോളൂ. കിഫ്ബിയുടെ ഓഫീസ് എക്സ്പെൻഡിച്ചർ എത്ര കോടി രൂപയാണെന്ന് അങ്ങ് പരിശോധിക്കണം. അങ്ങ് ഓഫീസിൽ പോയി ഈ കണക്കൊക്കെ നോക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. അങ്ങ് നോക്കണം, ഇതിനകത്ത് ഏതെങ്കിലും എലിക്കുട്ടികൾ കയറിയിരിപ്പുണ്ടോയെന്ന് നമുക്ക് അറിയണ്ടേ? കിഫ്ബിയുടെ വാടക മാത്രം 1,99,59,511 രൂപയാണ്.

ശബരിമല സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് വനിതാമതിൽ സംഘടിപ്പിച്ചു. ഇപ്പോൾ വനിതാമതിലിന്റെ ഓർമ്മയ്ക്ക്, അത് ശാശ്വതീകരിക്കുന്നതിനുവേണ്ടി കേരളത്തിൽ അങ്ങോളമിങ്ങോളം, തെക്കു മുതൽ വടക്കുവരെ 640 കിലോമീറ്റർ പാതയോരത്ത് സ്മാരകം പണിയാൻ തീരുമാനിച്ചു. അങ്ങനെയൊരു സ്മാരകം പണിയുകയാണെങ്കിൽ അങ്ങ് കനകദുർഗ്ഗയുടെയും ബിന്ദുവിന്റെയും പ്രതിമ കൂടി വയ്ക്കാനുള്ള ചെലവ് ഇതിനകത്ത് എഴുതണം.

ശ്രീ. പി. ടി. തോമസ്: സർ, കനകദുർഗ്ഗയെ വിരാജ് പേട്ടയിൽ കൊണ്ടുപോയി താമസിപ്പിച്ച് ദേഹ ശുശ്രൂഷയൊക്കെ നടത്തി ഭക്ഷണവും കൊടുത്ത് വളരെ കഷ്ടപ്പെട്ടാണ് അവരെ തിരിച്ചുകൊണ്ടുവന്നതെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നടന്ന കാര്യങ്ങളൊക്കെ എനിക്ക് പറയാൻ സാധിക്കുമോ? അതൊക്കെ അവിടെ നിന്നോട്ടെ, ഞാൻ അതിലേയ്ക്കൊന്നും പ്രവേശിക്കുന്നില്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പദ്ധതി വിഹിത നിർവ്വഹണം ആകെ അട്ടിമറിച്ച ഒരു വർഷമായിരുന്നു കടന്നുപോയത്. പദ്ധതി വിഹിതത്തിന്റെ 69.16 ശതമാനം മാത്രമാണ് നമ്മൾ വിനിയോഗിച്ചത്. അങ്ങ് കണക്കുകൾ പരിശോധിക്കണം. ഭരണം സുഗമമായി മുന്നോട്ടുപോകുന്നു എന്ന് പറയുമ്പോൾ പദ്ധതി വിഹിതത്തിൽ എത്രയാണ് ചെലവഴിച്ചതെന്ന് നോക്കണ്ടേ? പദ്ധതി വിഹിതത്തിന്റെ 69.16 ശതമാനം മാത്രമാണ് ചെലവഴിച്ചത്. ധനകാര്യ ബില്ലിലൂടെ 1,785 കോടി രൂപയുടെ അധിക ഭാരമാണ് ഉണ്ടാകാൻ പോകുന്നത്. അതാണ് ഞങ്ങൾ വിമർശിക്കുന്നത്.

പ്രളയത്തിന്റെ പേരിൽ രണ്ട് വർഷത്തേയ്ക്ക് ഒരു ശതമാനം വച്ച് സെസ്സ് ചുമത്തുകയാണ്. ടാക്സിന് മുകളിൽ ടാക്സുണ്ടോ? അങ്ങ് സാമ്പത്തിക ശാസ്ത്രജ്ഞനാണ്. എനിക്ക് അങ്ങയുടെ ബുദ്ധിശക്തിയിൽ നല്ല വിശ്വാസമാണ്. അങ്ങ് ഇതൊക്കെ നോക്കിയിട്ടുണ്ടാകുമെന്ന് എനിക്കറിയാം. ടാക്സിന് മുകളിൽ എങ്ങനെയാണ് ടാക്സ് വരുന്നത്; അങ്ങ് സെസ്സ് എന്ന ഓമനപ്പേരിട്ടിട്ടുണ്ട്. പക്ഷെ അതും ടാക്സല്ലേ; ആ ടാക്സ് എങ്ങനെയാണ്, മൊത്തം വിലയുടെ ഒരു ശതമാനം. അതായത് ഒരു ലക്ഷം രൂപയ്ക്ക് ഒരാൾ സാധനം വാങ്ങിയാൽ അതിന്റെ ഒരു ശതമാനം തുക ഇതിലേയ്ക്ക് കൂട്ടുകയാണ്. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുത്തിട്ടില്ല. അതുകൊണ്ട് അങ്ങേയ്ക്ക് ഇതിന്റെ ഭാരം ഇപ്പോൾ പിടികിട്ടുകയില്ല. സിമന്റിനും കമ്പിക്കും വില കൂടില്ലേ; പ്രളയം കൊണ്ടുണ്ടാക്കിയ ഒരു ബുദ്ധിമുട്ടും ആ പ്രളയത്തോടൊപ്പം അടിച്ചേൽപ്പിക്കുന്ന മറ്റൊരു സാമ്പത്തിക ഭാരവുംകൂടി പാവപ്പെട്ടവന്റെ തലയിൽ വരികയല്ലേ? മനസ്സാക്ഷിയുള്ള ഏതെങ്കിലും ഒരു ഗവൺമെന്റ് ഇങ്ങനെ ചെയ്യുമോ? കേരളം മുഴുവൻ പ്രളയമാണ്. വെള്ളം മുഴുവൻ താഴേയ്ക്ക് ഒഴുകി, അതിന്റെ കാരണങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ഞാൻ എന്തെങ്കിലും പറഞ്ഞാൽ ശ്രീ. എം. എം. മണി ചാടി എഴുന്നേൽക്കും. അദ്ദേഹം എഴുന്നേൽക്കാതിരിക്കാൻ ഞാൻ അതിനെക്കുറിച്ചൊന്നും മിണ്ടുന്നില്ല. ഈ പ്രളയം മനുഷ്യ സൃഷ്ടിയാണെന്ന് ആർക്കാണ് അറിയാത്തത്. ആ പ്രളയത്തിൽനിന്നും കരകയറുന്നതിനായി കേരളം

ഒരുമിച്ച് യത്നിക്കുകയല്ലേ; ആ യത്നത്തിന്റെ അടിസ്ഥാനത്തിലല്ലേ ആഫ്രിക്കയിലും അമേരിക്കൻ ഐക്യനാടുകളിലും ജീവിച്ച മലയാളികൾ അവരുടെ കൈകളിലെ സമ്പത്ത് സർക്കാരിനെ ഏൽപ്പിച്ചത്? ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ അവർ കാണിച്ച കാരുണ്യമെങ്കിലും പാവപ്പെട്ട ആളുകൾക്കായി ഗവൺമെന്റ് ചെയ്യണ്ടേ? അതിനുപകരം നിങ്ങൾ രണ്ടാം നികുതി ഏർപ്പെടുത്തിയത് മനുഷ്യത്വപരമാണോ? പ്രളയ സെസ്സ് ഏർപ്പെടുത്തുന്നത് വരൾച്ചയുടെ കാലത്താണ്. കാലവർഷക്കെടുതിക്കുള്ള സെസ്സായി ഇതിനെ നിങ്ങൾ മാറ്റൂ. എന്നാൽ അതിലൊരു ലോജിക്കുണ്ടാകും. വെള്ളപ്പൊക്കം വന്നപ്പോൾ നമ്മൾ ബുദ്ധിമുട്ടി. അതു കഴിഞ്ഞപ്പോൾ കഠിനമായ വരൾച്ച വന്നു. വരൾച്ച വന്നപ്പോൾ പ്രളയത്തിന്റെ സെസ്സ് വരികയാണ്. അടുത്ത പ്രളയം വരുമ്പോഴേയ്ക്കും ഈ വരൾച്ചയുടെ സെസ്സ് അതിന്റെ പിന്നാലെ വരുമോ? ഗവൺമെന്റ് തീരുമാനമെടുക്കുമ്പോൾ ഒരു ലോജിക്കുണ്ടാകണ്ടേ? ഇതുവഴി ഒരു വർഷം 600 കോടി രൂപയാണ് സമാഹരിക്കുന്നത്. രണ്ട് വർഷത്തേയ്ക്ക് 1200 കോടി രൂപ. വൻവിലക്കയറ്റം സൃഷ്ടിക്കുന്ന ഈ നിർദ്ദേശം ദയവായി പിൻവലിച്ച് കേരള ജനതയെ രക്ഷിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊട്ടിപ്പോയ ചിറ്റാളൻ ഇരിക്കുന്നതുപോലെയാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നതെന്നാണ് എന്റെ പ്രസംഗത്തിന്റെ തുടക്കത്തിൽ ഞാൻ പറഞ്ഞത്. പ്രവാസി ചിട്ടിക്ക് കെ.എസ്.എഫ്.ഇ. ചെലവഴിച്ചത് 10.34 കോടി രൂപയും കിഫ്ബി വഴി ചെലവഴിച്ചത് 17.07 കോടി രൂപയുമാണ്. ഇതുവരെ ചെലവഴിച്ചത് 27.41 കോടി രൂപയാണ്. നമുക്ക് കിട്ടിയത് 8 കോടി രൂപയും. അതുകൊണ്ടാണ് ഞാൻ തുടക്കത്തിൽ അങ്ങനെ പറഞ്ഞത്.

കേന്ദ്ര പദ്ധതികൾ ചെലവഴിക്കുന്നതിൽ സംസ്ഥാനത്തെ സ്ഥിതിയെന്താണ്; കേരളത്തിലെ ആരോഗ്യസ്ഥിതിയെക്കുറിച്ച് പറയുന്നുണ്ടല്ലോ; നാഷണൽ ഹെൽത്ത് മിഷന്റെ വകയിൽ 260 കോടി രൂപയാണ് ഇപ്രാവശ്യം ചെലവഴിക്കാൻ സാധിക്കാത്തത്. ഹോർട്ടികൾച്ചർ വകുപ്പിന് അനുവദിച്ച കേന്ദ്ര വിഹിതം മുഴുവൻ ചെലവഴിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ടോ; യഥാസമയം കേന്ദ്രവിഹിതം ആവശ്യപ്പെടാൻ സാധിച്ചിട്ടുണ്ടോ; ഒരു ഗവൺമെന്റിലൂടെ നമ്മൾ പ്രതീക്ഷിക്കുന്നത് എന്താണ്? ഇക്കാര്യങ്ങളിലൊക്കെ തീരുമാനമുണ്ടാക്കാൻ കെൽപ്പുള്ള ഒരു രാഷ്ട്രീയ നേതൃത്വമല്ലേ നമ്മൾ പ്രതീക്ഷിക്കുന്നത്. അങ്ങ് നല്ല സമർത്ഥയായി ഇക്കാര്യങ്ങളൊക്കെ കൊണ്ടുപോകുന്നുവെന്ന് എന്നോട് പറഞ്ഞു. ഞാൻ തർക്കിക്കുന്നില്ല. എൻ.എച്ച്.എം.-ന്റെ 260 കോടി രൂപ ചെലവഴിച്ചില്ല. ഇത് വേദനിപ്പിക്കാനും ദുഃഖിപ്പിക്കാനുംവേണ്ടി പറയുന്നതല്ല, നന്നാക്കാൻ വേണ്ടി വിമർശിക്കുന്നതാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. ആ

നടപടിക്കുപകരം ഒരു മൂന്നാംമുറ ഇറക്കി പ്രസംഗിക്കുന്ന ആളിനെ അടിച്ചിരുത്തുന്നതല്ല യഥാർത്ഥത്തിൽ നന്നാകാനുള്ള ആദ്യത്തെ ലക്ഷണമെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. ഞാൻ ഈ ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, അങ്ങ് കിഫ്ബിയെ സംബന്ധിച്ചുള്ള കാര്യങ്ങൾ പറഞ്ഞു. കിഫ്ബി വഴി കേരളത്തിൽ ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ലഭിച്ചിട്ടുള്ള മണ്ഡലം അങ്ങയുടെതാണെന്ന് കേൾക്കുന്നു. അത് സത്യമാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഡോ. ടി. എം. തോമസ് ഐസക്കിനെ അപ്പുറത്ത് ഇരുത്തിക്കൊണ്ട് എനിക്ക് കള്ളം പറയാൻ സാധിക്കുകയില്ല. എനിക്ക് കിഫ്ബി വഴി ഒന്നാം വർഷത്തിൽ 16 കോടി രൂപ അനുവദിച്ചു. ഞാൻ സംസാരിക്കുന്ന ഈ നിമിഷം വരെ അതിന്റെ ഡി.പി.ആർ. ആയിട്ടില്ല, അതിന്റെ ഡി.പി.ആർ. എവിടെപ്പോയിയെന്ന് ആർക്കും അറിയുകയുമില്ല. എന്റെ മാത്രമല്ല എല്ലാവരുടെയും അനുഭവമാണ്, പൊതു അനുഭവമാണ്. ഇത് പറയിപ്പിക്കാൻ സാഹചര്യമൊരുക്കിത്തന്ന ശ്രീ. എം. സ്വരാജിനോട് നന്ദി അറിയിക്കുന്നു.

ശ്രീ. അനിൽ അക്കര: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ 'പയ്യാമ്പലം' എന്ന കവിതാ സമാഹാരം ഇന്ന് പ്രകാശനം ചെയ്യുകയാണ്. ആ പരിപാടിയിൽ പങ്കെടുക്കേണ്ട തിരക്കിലായതുകൊണ്ട് ഞാൻ അധികം സമയമെടുക്കുന്നില്ല. ഈ ഭേദഗതിയോടുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. അതിന്റെ പ്രധാനപ്പെട്ട കാരണം, എല്ലാവരും മാതൃകയായി കാണുന്ന വളരെ പ്രധാനപ്പെട്ട ഭരണഘടനാ സ്ഥാപനമാണ് കേരളത്തിലെ പഞ്ചായത്തുകൾ. ഇ.എം.എസ്.-ന്റെ ഭരണകാലം മുതൽ ഇന്ത്യയിലെ വിവിധ മോഡലുകളിൽ ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിച്ച ഒരു പഞ്ചായത്ത് മോഡലായിരുന്നു നമ്മുടേത്. പി. വി. നരസിംഹറാവുവിന്റെ കാലഘട്ടത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി രാജ്യത്തുണ്ടാക്കിയ ഏറ്റവും പ്രധാനപ്പെട്ട നിയമനിർമ്മാണങ്ങളിലൊന്നാണ് കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ടുകൾ. പരമാവധി വിഭവം ശേഖരിക്കുക എന്നതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. അതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾക്ക് കൈമാറിയ അധികാരങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട ധനസ്രോതസ്സ് വിനോദനികുതിയായിരുന്നു. പഞ്ചായത്ത് രാജ് ആക്ടിനുമുമ്പ് വിനോദനികുതിയിൽ നിന്നാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വരുമാനമുണ്ടായിരുന്നത്. ജി.എസ്.ടി., വാറ്റ് എന്നിവ വരുന്നതിനുമുമ്പ് പഞ്ചായത്ത്/നഗരസഭകളുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനങ്ങളിലൊന്നായിരുന്നു വിനോദനികുതി. എന്റെ നിയോജക മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്തിൽനിന്നാണ് കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദ നികുതി പിരിച്ചിരുന്നത്. അവിടെനിന്നും അവസാന വർഷം മൂന്ന് കോടി രൂപയാണ് പിരിച്ചെടുത്തത്. 28 ശതമാനം നികുതി ജി.എസ്.ടി.-യിലേയ്ക്ക് പോകുമ്പോൾ

കഴിഞ്ഞ വർഷം കിട്ടിയ നികുതിയുടെ 10 അല്ലെങ്കിൽ 11 ശതമാനം വർദ്ധിപ്പിച്ച് ഓരോ വർഷവും നൽകാമെന്നാണ് ജി.എസ്.ടി. വന്ന സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരുന്നത്. എന്നാൽ കഴിഞ്ഞ വർഷം 25 ലക്ഷം രൂപ മാത്രമാണ് സർക്കാർ തിരിച്ചുകൊടുത്തത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്ലാനിംഗ് ബോർഡ് മെമ്പറായിരുന്നു. അതിനുശേഷം ധനകാര്യ വകുപ്പുമന്ത്രിയായപ്പോഴാണ് പഞ്ചായത്തുകളോട് ഇത്രയുമധികം ക്രൂരത കാണിക്കുന്നത്. ഇന്നലെ സെന്റ്തോമസ് ഡേ ആയിരുന്നതുകൊണ്ട് നിയമസഭാ സമ്മേളനം ഇല്ലായിരുന്നു. അങ്ങ് ഇങ്ങനെ പഞ്ചായത്തുകളെ കൊല്ലാക്കൊല ചെയ്താൽ തോമാശ്ലീഹ പോലും അങ്ങയോട് പൊറുക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 100 ശതമാനം വിനോദ നികുതിയും പഞ്ചായത്തുകളുടെ കയ്യിലിരുന്നതാണ്. ഒരു ശതമാനംപോലും സർക്കാരിന് അർഹതപ്പെട്ടതായിരുന്നില്ല. മുഴുവൻ സംഖ്യയും പഞ്ചായത്തുകൾക്ക് ലഭിച്ചിരുന്നതാണ്. ജി.എസ്.ടി. വന്ന സമയത്ത് ആ നികുതി സർക്കാരിന് ലഭിച്ചു. ഇപ്പോഴത്തെ പ്രശ്നം, 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറവുവരുത്തിയ സമയത്ത് 10 ശതമാനം പഞ്ചായത്തുകളോട് അധികമായി പിരിക്കാൻ പറഞ്ഞിരിക്കുകയാണ്. ഈ വർഷം ഒരു രൂപപോലും പിരിക്കാൻ കഴിഞ്ഞിട്ടില്ല. കാരണം, ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഇപ്പോൾ നടപ്പിലാക്കുന്ന ആർദ്രം പദ്ധതിക്കുവേണ്ടി അധികമായി ഡോക്ടർമാരെയും നഴ്സുമാരെയും നിയമിക്കുകയാണ്. ആർദ്രം പദ്ധതിയുടെ ഭാഗമായി പല പഞ്ചായത്തുകളിലും ആംബുലൻസുൾപ്പെടെയുള്ള സംവിധാനങ്ങൾ വന്നു. പഞ്ചായത്തുകൾ മുഴുവൻ ഐ.എസ്.ഒ നിലവാരത്തിലായി, ഫ്രണ്ട് ഓഫീസുകൾ തുടങ്ങി. മനോഹരമായി പ്രവർത്തിക്കുന്ന കേരളത്തിന്റെ മുഖമായി പഞ്ചായത്തുകൾ മാറിയിരിക്കുകയാണ്. പഞ്ചായത്തുകൾക്ക് എവിടെ നിന്നാണ് പണം ലഭിക്കുന്നത്? സ്വാഭാവികമായും ഇതിനുവേണ്ടി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വിനോദ നികുതിയെ തന്നെയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഈ വർഷം പത്ത് ശതമാനം തുക പിരിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്തുകൾക്ക് എവിടെ നിന്നാണ് തുക ലഭിക്കുന്നത്? അഡീഷണൽ തുക എങ്ങനെ കൊടുക്കുമെന്നതിനെക്കുറിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. ഒരു കാര്യം ഉറപ്പാണ്, ജി.എസ്.ടി വന്നപ്പോൾ 18 ശതമാനം അധികമായി സർക്കാരിന് ലഭിച്ചുവെന്നത് സത്യമാണ്. യഥാർത്ഥത്തിൽ ആ 18 ശതമാനം തുകയും പൂർണ്ണമായും തിരിച്ചുകൊടുക്കേണ്ടതാണ്. ഇവിടെ തിയേറ്റർ ഉടമകളുമായിട്ടാണ് തർക്കം വന്നിട്ടുള്ളത്. പഞ്ചായത്തോ കോർപ്പറേഷനോ നഗരസഭകളോ ഇതിൽ കക്ഷിയല്ല. അവർക്ക് ഈ വർഷം പണം കിട്ടിയിട്ടില്ല. കഴിഞ്ഞ വർഷം കൊടുക്കാമെന്ന് പറഞ്ഞ തുകപോലും വന്നിട്ടില്ല. ആ വിഷയങ്ങളിലേയ്ക്കൊന്നും കടക്കേണ്ട എന്ന് വിചാരിച്ചാലും പറയാതിരിക്കാൻ കഴിയില്ല. കഴിഞ്ഞ വർഷത്തെ പ്ലാൻ 80 ശതമാനം ചെലവഴിച്ചുവെന്നാണ് പറയുന്നത്. അതിൽ 20 ശതമാനം മുൻവർഷത്തെ സ്പിൽ ഓവറാണ്. യഥാർത്ഥത്തിൽ

60 ശതമാനമാണ് ചെലവഴിച്ചത്. ഈ വർഷം എന്താണുണ്ടാകുന്നത്? ഈ വർഷം ഒരു പദ്ധതിയും പൂർണ്ണമായി ഏറ്റെടുക്കാൻ കഴിയില്ല. വടക്കാഞ്ചേരി നഗരസഭ 23 കോടി രൂപയാണ് Pradhan Manthri Awas Yojana (PMAY) പദ്ധതിയുമായി ബന്ധപ്പെട്ട് ലൈഫിൽ എടുത്തിട്ടുള്ളത്. സ്വാഭാവികമായും ഇനി വരാൻപോകുന്ന തിരിച്ചടവ്, ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ തിരിച്ചടവ്, അതിനുമുമ്പ് പഞ്ചായത്തുകൾ സ്വന്തമായി എടുത്ത പദ്ധതിയുടെ തിരിച്ചടവ് ഇവ മൂന്നുംകൂടി വരുമ്പോൾ തിരിച്ചടവിന്റെ സ്ഥാപനമായി പഞ്ചായത്തുകൾ മാറുകയാണ്. ഇതുമായി ബന്ധപ്പെട്ട വരുമാനം സ്വാഭാവികമായി കുറയുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ച ഇൻഷ്വറൻസ് പദ്ധതിയിൽ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റുണ്ട്. വളരെ ബുദ്ധിപൂർവ്വം അതിൽ ചേർത്ത ഒരു സൈലന്റ് എഗ്രിമെന്റുണ്ട്. എന്താണത്? ആശുപത്രിയിൽ എത്തുമ്പോൾ അഞ്ച് ലക്ഷം രൂപ ചികിത്സയുമായി ബന്ധപ്പെട്ട് ലഭിക്കുമെന്നാണ് ഇവിടെ പറയുന്നത്. 24 ലക്ഷം ബി.പി.എൽ. വിഭാഗത്തിലുൾപ്പെട്ടവർ കഴിഞ്ഞാൽ ഏതാണ്ട് 10 ലക്ഷത്തിനുമുകളിൽ ആളുകൾ നേരിട്ട് ഇൻഷ്വർ ചെയ്യുന്നവരാണ്. അഞ്ച് ലക്ഷം രൂപ റീഇംബേഴ്സ്മെന്റ് കിട്ടേണ്ട സ്കീമിൽ ഒരു കുടുംബം ഏറ്റവും ചുരുങ്ങിയത് 5000 രൂപയെങ്കിലും പ്രീമിയമായി അടയ്ക്കാതെ ആ കമ്പനിക്ക് മുന്നോട്ടുപോകാൻ കഴിയില്ല. സംസ്ഥാന ഗവൺമെന്റ് ആയിരത്തിയഞ്ഞൂറ് രൂപയിൽതാഴെ പ്രീമിയമായി അടച്ചാൽ റിലയൻസ് പോലുള്ള ഒരു കമ്പനിക്ക് എങ്ങനെയാണ് അഞ്ച് ലക്ഷം രൂപ ഒരു കുടുംബത്തിന് ചികിത്സാസഹായം നൽകാൻ സാധിക്കുന്നത്. ഒരുകാരണവശാലും ആ കമ്പനിക്ക് കൊടുക്കാൻ സാധിക്കില്ല. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മാത്രം ഈ സംവിധാനമുണ്ടാകുകയുള്ളൂവെന്ന ഒരു സൈലന്റ് എഗ്രിമെന്റ് ഇതിൽ നിലനിൽക്കു കയാണ്. അതുകൊണ്ട് മന്ത്രി പറയുന്ന അക്രെഡിറ്റഡ് ഹോസ്പിറ്റലുകളിൽ സി.പി.ഐ.(എം.)-ന്റെ നിയന്ത്രണത്തിലുള്ള പെരിന്തൽമണ്ണ ഇ.എം.എസ്. മെമ്മോറിയൽ ഹോസ്പിറ്റൽപോലും വരുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അവർപോലും സ്വന്തമായാണ് ഇൻഷ്വറൻസ് നടത്തുന്നത്. കേരളത്തിലെ അക്രഡിറ്റഡ് ഹോസ്പിറ്റലെന്നുപറയുന്നത് പൊള്ളയാണ്. ഒരു കാരണവശാലും അതിലേയ്ക്ക് വരുന്നതല്ല. റിലയൻസുമായി ബന്ധപ്പെട്ട കേരളത്തിലെ സർക്കാർ ആശുപത്രികളിൽ മാത്രം കാരുണ്യ പദ്ധതിയും ഇൻഷ്വറൻസ് പദ്ധതിയും നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇങ്ങനെയായാൽ കേരളത്തിലെ പഞ്ചായത്തുകൾ പൂർണ്ണമായി അപകടത്തിലേയ്ക്ക് പോകും. അധികാര വികേന്ദ്രീകരണത്തിന്റെ എല്ലാതലവും തകർക്കപ്പെടുകയാണ്. ഇ.എം.എസ് നമ്പൂതിരിപ്പാട് 1995 നവംബർ മാസം ഒന്നാം തീയതി അത് ഉദ്ഘാടനം ചെയ്യുമ്പോൾ ചെറിയ കുട്ടിയായിരുന്ന ഞാനും ആ ചടങ്ങിൽ പങ്കെടുത്തത് ഓർക്കുകയാണ്. ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് ഈ രീതിയിൽ പഞ്ചായത്തുകളെ ഹലാൽ ചെയ്ത് കൊന്നാൽ, ഇ.എം.എസ്.-ന്റെ ആത്മാവ്പോലും നിങ്ങളോട് പൊറുക്കില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദയവായി

പഞ്ചായത്തുകളിൽ നിന്നും ഇത് പിടിച്ചുപറിക്കരുത്. കഴിഞ്ഞ തവണ അങ്ങ് മന്ത്രിയായിരുന്ന സമയത്ത്, കേന്ദ്രഗവൺമെന്റ് യഥാർത്ഥ രീതിയിൽ സംസ്ഥാനത്തിന് തുക തന്നില്ലെങ്കിൽ കേന്ദ്രത്തിൽ നിന്നും പോക്കറ്റടിക്കുമെന്ന് പറഞ്ഞതുപോലെ, ഇന്ന് സംസ്ഥാനത്തെ ധനകാര്യമേഖല പൂർണ്ണമായി തകർന്ന സാഹചര്യത്തിൽ പഞ്ചായത്തുകളുടെ കയ്യിൽനിന്നും പോക്കറ്റടിക്കുന്നത് ഒഴിവാക്കണം. ഇത്തരത്തിലുള്ള നടപടികളിലേയ്ക്ക് പോകരുത്. ജി.എസ്.ടി.യുടെ പേരിൽ കിട്ടുന്ന വിനോദനികുതിയുടെ നൂറ് ശതമാനവും പഞ്ചായത്തുകൾക്ക് കൊടുക്കാൻ തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. ജി.എസ്.ടി. വന്നതോടുകൂടി വിനോദ നികുതി 18 ശതമാനമാക്കിയതിലൂടെ അഡീഷണലായി 10 ശതമാനം കൂടി വിനോദനികുതി ഏർപ്പെടുത്തുന്നതിൽ പ്രൊപ്പറൈറ്റി ഇഷ്യൂ ഉണ്ടെന്നുള്ളതാണ് നമ്മുടെ വാദം. നേരത്തെ ജി.എസ്.ടി. 28 ശതമാനമാക്കിയപ്പോൾതന്നെ പല ടിക്കറ്റുകൾക്കും എ ക്ലാസ് / ബി ക്ലാസ് / സി ക്ലാസ് സെന്ററുകളിൽ റേറ്റ് വളരെയധികം കൂടിയിട്ടുണ്ട്. വീണ്ടും 10 ശതമാനം വിനോദ നികുതികൂടി ചേർക്കുകയാണെങ്കിൽ സിനിമ കാണുന്ന സാധാരണക്കാർക്ക് അത് വലിയ ബുദ്ധിമുട്ടായി മാറും. അതുകൊണ്ട് 10 ശതമാനം എന്ന കണക്ക് നിയന്ത്രിക്കുകയോ ഇല്ലാതാക്കുകയോ ചെയ്യണമെന്ന വിയോജിപ്പാണ് പറഞ്ഞിരുന്നത്.

ഇവിടെ ഏറ്റവും കൂടുതൽ ചർച്ച ചെയ്തത് മസാല ബോണ്ടിനെക്കുറിച്ചാണ്. മസാല ബോണ്ടിനെക്കുറിച്ചൊക്കെ ധാരാളം ചോദ്യങ്ങൾ ഈ നിയമസഭാ കാലഘട്ടത്തിൽ ചോദിച്ചിരുന്നു. അതിൽ പലതിന്റെയും ഉത്തരങ്ങൾ വളരെ വൈകിയാണ് വന്നത്. അതിൽ ഏറ്റവും ശ്രദ്ധിക്കേണ്ടത് നിയമവകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഇന്ന് സഭയിൽ വായിച്ച റൂളിംഗിനെ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ നിയമസഭയ്ക്ക് കിഫ്ബിയും കിഫ്ബി ആക്ടിന് മുകളിലുള്ള ശക്തിയില്ലായ്മയെക്കുറിച്ചുമുള്ള ധ്വനികൾ അങ്ങയുടെ റൂളിംഗിലുണ്ടായിരുന്നു. അതിനകത്തുള്ള രണ്ട് പ്രശ്നങ്ങൾ ഞാൻ പറയാം. കിഫ്ബിയെക്കുറിച്ചും മസാലബോണ്ടിന്റെ നിയമ സാധ്യതകളെക്കുറിച്ചും നിയമവശങ്ങളെക്കുറിച്ചും ധാരാളം ചോദ്യങ്ങൾ ഞാനടക്കമുള്ള പ്രതിപക്ഷ എം.എൽ.എ.-മാർ ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയോട് ചോദിച്ചിരുന്നു. വളരെ വിഷമത്തോടെ പറയുകയാണ് ഡിലേ സ്റ്റേറ്റ്മെന്റ് വന്നു; പല ചോദ്യങ്ങളും സ്വീകരിച്ചില്ല. നിയമവകുപ്പിനോട് ചോദിച്ചതിൽ, ഒരു ചോദ്യമൊഴിച്ച് കിഫ്ബിയുമായി ബന്ധപ്പെട്ട ഒരൊറ്റ ചോദ്യത്തിനുപോലും നിയമവകുപ്പ് മറുപടി പറഞ്ഞില്ലെന്നുള്ളത് കേരള നിയമസഭയ്ക്കുതന്നെ അപമാനകരമാണ്. ഇന്ന് അങ്ങ് വായിച്ച റൂളിംഗ്, കഴിഞ്ഞ സഭയിൽ വായിച്ചിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട

നിയമ വകുപ്പുമന്ത്രി അതിന്റെ മറുപടി പറയുമായിരുന്നു. നിയമസഭയിലെ ഉദ്യോഗസ്ഥരോട് സംസാരിക്കുമ്പോൾ, കിഫ്ബിയുമായി ബന്ധപ്പെട്ട ഒരു ചോദ്യവും നിയമ വകുപ്പിലേയ്ക്ക് പോകേണ്ട എന്നാണ് പറയുന്നത്. ഇത് കേരള നിയമസഭയാണ്, 141 എം.എൽ.എ.-മാർക്കുള്ള പ്രൊട്ടക്ഷൻ തരേണ്ടത് നിയമസഭയാണ്. അതിന്റെ മറുപടികൾ നോക്കേണ്ടതും അതിന്റെ നിയമപരമായ കാര്യങ്ങൾ പഠിക്കേണ്ടതും നിയമവകുപ്പാണ്. ആ നിയമവകുപ്പ് കിഫ്ബിയുമായി ബന്ധപ്പെട്ട് എന്ത് ചോദ്യമുണ്ടെങ്കിലും അത് ധനകാര്യ വകുപ്പിലേയ്ക്ക് റീരൂട്ട് ചെയ്യുന്നത് കേരള നിയമസഭയോടും ഭരണഘടനയോടുമുള്ള കടുത്ത അനാദരവാണെന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

മസാല ബോണ്ടിനെക്കുറിച്ച് അടിയന്തരപ്രമേയ ചർച്ച നടന്നതാണ്. ഒന്നാം തീയതി സർവ്വശ്രീ എം. ഉമ്മർ, എൻ. എ. നെല്ലിക്കുന്ന്, ടി. എ. അഹമ്മദ് കബീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവർ ഉന്നയിച്ച ഒരു ചോദ്യത്തിനുള്ള മറുപടി ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ഇന്ന് വന്നിട്ടുണ്ട്. നമ്മൾ ധാരാളം ചർച്ച ചെയ്ത മസാല ബോണ്ടിന്റെ ഇന്ററസ്റ്റ് റേറ്റിനെക്കുറിച്ച് ചോദിച്ചപ്പോൾ സർക്കാർ പറഞ്ഞിരിക്കുന്നത്, നമ്മൾ ഇതുവരെ കിഫ്ബിക്കുവേണ്ടി റെയ്സ് ചെയ്ത ഫണ്ടിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ 250 കോടി രൂപ, 8.95 ശതമാനം പലിശ, പത്ത് വർഷത്തെ ലോൺ രണ്ട് വർഷം മൊറട്ടോറിയം, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 300 കോടി രൂപ, 9.15 ശതമാനം പലിശ, പത്ത് വർഷത്തെ ലോൺ രണ്ട് വർഷം മൊറട്ടോറിയം. NIDA (NABARD Infrastructur eDevelopment Assistance)-ന്റെ 200.8 കോടി രൂപ, 9.3 ശതമാനം പലിശ, 12 വർഷത്തെ ലോൺ രണ്ട് വർഷം മൊറട്ടോറിയം. പത്തുവർഷത്തെയും പന്ത്രണ്ടുവർഷത്തെയും ലോണെടുത്തപ്പോൾ എല്ലാത്തിനും രണ്ടുവർഷത്തെ മൊറട്ടോറിയം. ഞാൻ വീണ്ടും പറയുകയാണ്, 2150 കോടി രൂപ 9.32 ശതമാനത്തിന് വായ്പയെടുത്തപ്പോൾ ഒരു മൊറട്ടോറിയവുമില്ല, പത്തുവർഷവുമില്ല, പന്ത്രണ്ടുവർഷവുമില്ല. 5 വർഷം കൊണ്ട് ഏകദേശം 1200 കോടി രൂപ പലിശ കൊടുക്കുന്ന, നേരത്തെ ഞാൻ പറഞ്ഞതുപോലെ നിയമസഭയുടെ ഒരു ഓവർ സൈറ്റ് ഇല്ലാത്തതുകൊണ്ടായിരിക്കാം ഇത്തരത്തിലുള്ള തീരുമാനങ്ങൾ എടുത്തിരിക്കുന്നത്. ഇതുപോലുള്ള സമാനമായ പല പ്രവർത്തനങ്ങളും കാരണം അരാജകത്വത്തിലേയ്ക്ക് നമ്മൾ പോകുകയാണ്. കണക്കുകൾ ഞാൻ തന്നെ അന്ന് പറഞ്ഞതാണ്. മോട്ടോർ വെഹിക്കിൾ ടാക്സ് - 52000 കോടി രൂപയുടെ വാഹനങ്ങൾ വാങ്ങാതെ പല കമ്പനികളുടെയും ഡിപ്പോയിലും വെയർഹൗസിലും കിടക്കുകയാണെന്നാണ് കേന്ദ്ര ബഡ്ജറ്റിൽ പറയുന്നത്. അങ്ങനെയുള്ള കാലഘട്ടത്തിൽ കിഫ്ബിയുടെ പണം വരേണ്ടത് മോട്ടോർ വെഹിക്കിൾ ടാക്സിൽ നിന്നാണ്. നമുക്ക് ടാർജറ്റിൽ എത്താൻ കഴിയുന്നില്ല. ശരിയായ രീതിയിൽ ഫിസ്കൽ ഡിസിപ്ലിനും ടാക്സ് റവന്യൂവിന്റെ കാര്യങ്ങളും

നോക്കിയില്ലെങ്കിൽ വലിയൊരു പ്രശ്നത്തിലേയ്ക്ക് നമ്മൾ പോകും. പഴയ യു.എസ്.എസ്.ആർ.-ൽ ഇപ്പോഴത്തെ യുക്രൈനിലുണ്ടായ ഒരു ന്യൂക്ലിയർ ആക്സിഡന്റാണ് ചെർണോബില്ലിൽ ഉണ്ടായത്. ചെർണോബിൽ ആക്സിഡന്റ് ഉണ്ടായപ്പോൾ അതിന് കാരണക്കാരൻ സർക്കാരായിരുന്നു. ചെർണോബിൽ പ്രശ്നമുണ്ട്, റിയാക്ടറിൽ പ്രശ്നമുണ്ട്, അവിടെ ഗ്രാഫൈറ്റ് വീഴുന്നുവെന്ന് പല ആവർത്തി ഉദ്യോഗസ്ഥരും മറ്റ് ആളുകളും പറഞ്ഞപ്പോൾ അന്നത്തെ യു.എസ്.എസ്.ആർ.-ലുള്ള കമ്മ്യൂണിസ്റ്റ് സർക്കാർ അത് അമേരിക്ക അടക്കമുള്ള മറ്റ് രാജ്യങ്ങൾ ചെയ്യുന്ന ഒരു ലോബിയാണ്, പ്രൊപ്പോഗാൻഡയാണെന്ന് പറഞ്ഞ് അതിനെ തിരസ്കരിച്ചു. അങ്ങനെ തിരസ്കരിച്ചതിന്റെ ഭാഗമായിട്ടാണ് ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ ന്യൂക്ലിയർ ഡിസാസ്റ്റർ ചെർണോബില്ലിലുണ്ടായത്. ഞാൻ അത്രയും ഭീകരതയിലേയ്ക്ക് ഇന്നത്തെ സാമ്പത്തിക സ്ഥിതിയെ കാണിക്കാൻ ഉദ്ദേശിക്കുന്നതിന്റെ കാരണം, നമ്മൾ വിചാരിക്കുന്നതിനെക്കാൾ വലിയ ഒരു ഫിനാൻഷ്യൽ ക്രൈസിസിലേയ്ക്ക് കേരളം പോകുകയാണ്. അതിനുള്ള സത്വരമായ നടപടികൾ നമ്മൾ ഇപ്പോഴേ സ്വീകരിച്ചില്ലെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ഡി. സതീശനും പറഞ്ഞതുപോലെ കേരളത്തിലെ സാധാരണക്കാരായ ആളുകൾക്ക് വലിയ പ്രശ്നങ്ങളുണ്ടാകും. അതുണ്ടാകാനുള്ള അവസരം നമ്മൾ വരുത്തരുതെന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ.....Not in the seat.

ശ്രീ. എ. എൻ. ഷംസീർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് പലരും പല കാര്യങ്ങളും സംസാരിച്ചു. അവർക്കാർക്കും തന്നെ ഈ ഗവൺമെന്റ് മൂന്ന് വർഷം പിന്നിടുന്ന ഈ ഘട്ടത്തിൽ ഒരു വികസന പ്രവർത്തനവും നടത്തിയില്ലെന്നു പറയാൻ സാധിക്കില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട മൂന്ന് ക്രൈസിസുകളാണ് നമ്മൾ അതിജീവിച്ചത്. ഒന്ന്-ഓഖി, രണ്ട്-നിപ, മൂന്ന്-പ്രളയം. ഈ ദുരന്തങ്ങളെല്ലാം അതിജീവിച്ചിട്ടും കേരളം പിടിച്ചുനിന്നു. നമ്മുടെ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. അതാണ് പലരും ഇവിടെ സൂചിപ്പിച്ചത്. ഇന്ത്യൻ സമ്പദ്ഘടനയെ കുറിച്ച് ഊതി വീർപ്പിച്ച കുമിളകൾപ്പോലെയുള്ള പ്രഖ്യാപനങ്ങളായിരുന്നു കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയത്. ഇന്ത്യൻ സമ്പദ്ഘടന തകർച്ചയിലായിരുന്നുവെന്നാണ് ഇപ്പോൾ വെളിവാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒരു പക്ഷേ ഈ വിഷയം ഇവിടെ ചർച്ച ചെയ്യുമ്പോൾ തീർത്തും യാദൃശ്ചികമാകാം, നാളെ മോദിയുടെ രണ്ടാം സർക്കാരിന്റെ ആദ്യത്തെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെടുകയാണ്. ആ ബഡ്ജറ്റ് അവതരിപ്പി

ക്കപ്പെടുമ്പോൾ അതിനകത്ത് എന്തൊക്കെ austerity measures ഉണ്ടാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. പക്ഷേ ബഡ്ജറ്റിനെ വിശകലനം ചെയ്തുകൊണ്ട് സാമ്പത്തിക വിദഗ്ദ്ധരെല്ലാം ഒരുപോലെ പറയുന്നത്, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ രാജ്യത്ത് കടുത്ത measures എടുത്തുകൊണ്ടായിരിക്കും കേന്ദ്ര ഗവൺമെന്റ് മുന്നോട്ട് പോകുക എന്നാണ്. കേരളം ഈ മൂന്ന് വർഷക്കാലം വലിയ പ്രതിസന്ധിയെ അതിജീവിച്ചിട്ടും വികസന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടായോ; സാമൂഹികക്ഷേമ പെൻഷൻ ഇക്കഴിഞ്ഞ ഏപ്രിൽ മാസം വരെയുള്ളത് വിതരണം ചെയ്യാൻ സർക്കാരിന് കഴിഞ്ഞില്ലേ; ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നവർ യഥാർത്ഥത്തിൽ റിയാലിറ്റി ഷോയിലെ ജൂറിമാരെപ്പോലെയാണ്. റിയാലിറ്റി ഷോ കാണുന്നവർക്കറിയാം; റിയാലിറ്റി ഷോയിൽ എത്ര നന്നായി പാടിയാലും പറയും, നീ ഒന്നും ചെയ്തിട്ടില്ല; ആ പാട്ട് ശരിയായില്ല എന്നൊക്കെ. അതുപോലെ ഇതിനെ വിമർശിക്കുന്നതിനപ്പുറത്തേയ്ക്ക് ആത്മാർത്ഥമായി ഇവർക്ക് വിമർശനം ഉന്നയിക്കാൻ സാധിക്കുമോ; ഇവിടെ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഈ കാലയളവിൽ നടന്നു. കിഫ്ബിയെ സംബന്ധിച്ച് പറയുമ്പോൾ, 31 ഹെഡ്ഡുകളിലായി 536 പ്രോജക്ടുകളിൽ 42,306 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ നടന്നു. ഈ 42,306 കോടി രൂപയുടെ നിക്ഷേപം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഒരുപോലെ വീതിച്ചുനൽകാൻ സർക്കാരിനായില്ലേ; എനിക്കൊന്നും കിട്ടിയില്ലെന്ന് ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചു. എല്ലാ മണ്ഡലങ്ങളിലെയും എല്ലാ എം.എൽ.എ.-മാരും ചോദിക്കുന്ന പ്രൊപ്പോസലുകൾ സ്വീകരിക്കുകയാണ്. അതിൽ രാഷ്ട്രീയമില്ല. ഇടതോ വലതോ, ആരുമാകട്ടെ. ഞങ്ങളുടെ മണ്ഡലത്തിൽ റോഡ് വേണം എന്നുപറയുമ്പോൾ കൊടുക്കുന്നില്ലേ; ഡിസെന്റ് ചെയ്ത ആർക്കെങ്കിലും കിഫ്ബിയിലൂടെ ഞങ്ങൾക്കൊന്നും ലഭിച്ചില്ലെന്നുപറയാൻ സാധിക്കുമോ; വികസനത്തിന്റെ കാര്യത്തിൽ ഈ വണ്ടി അതിവേഗം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. അതിവേഗം മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് പ്രളയം വന്നത്. പ്രളയം വന്നില്ലെങ്കിൽ ഈ സർക്കാരിന്റെ വേഗത 150 കിലോമീറ്റർ ആകുമായിരുന്നു. എന്നിട്ടും 100-120-ലേയ്ക്ക് എത്തിയിട്ടുണ്ട്. മഹാപ്രളയം മഹാരാഷ്ട്രയെ പിടിച്ചു കുലുക്കിക്കൊണ്ടിരിക്കുകയാണ്. കേരളംപോലൊരു കൊച്ചുസംസ്ഥാനം അതിനെ അതിജീവിച്ച് മുന്നോട്ടുപോയി. അതിന് നിങ്ങളുടെ പിന്തുണയുമുണ്ട്. ഈ ഗവൺമെന്റ് മാത്രമാണ് അതിനെ അതിജീവിച്ചതെന്നുള്ള വാദമൊന്നും ഞങ്ങൾ ഉന്നയിക്കുന്നില്ല. ഇടത്-വലത് വ്യത്യാസമില്ലാതെ രാഷ്ട്രീയ പാർട്ടികളും ഭരണ നേതൃത്വവുമെല്ലാം യോജിച്ചു നിന്നപ്പോഴാണ് കേരളത്തിന് അതിജീവിക്കാൻ കഴിഞ്ഞത്. ഇവിടെ നിങ്ങളുടെ സമീപനമെന്തായിരുന്നു; നിങ്ങൾ ഇപ്പോൾ എല്ലാത്തിനെയും വിമർശിക്കുകയാണ്. പ്രളയാനന്തരമുള്ള കേരളത്തിന്റെ പുനർനിർമ്മാണത്തിനും വികസനത്തിനും ഉതകുന്ന ബഡ്ജറ്റ് സർക്കാർ അവതരിപ്പിച്ചു. നിങ്ങളുടെ പാർട്ടിയിലെ 19 പേർ ജയിച്ചല്ലോ;

ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കനത്ത പരാജയം സംഭവിച്ചു. 19 പാർലമെന്റംഗങ്ങൾ യു.ഡി.എഫ്.-ൽ നിന്ന് ജയിച്ചു. ആ 19 പാർലമെന്റംഗങ്ങൾക്ക് വോട്ട് ചെയ്ത ജനങ്ങളില്ലേ; അതിൽ നിങ്ങളുടെ ഹാർഡ് കോർ ഇല്ലേ; നിങ്ങളുടെ ഹാർഡ് കോറിലെ ജനങ്ങളെക്കൂടി ബാധിക്കുന്ന വിഷയമല്ലേ ഞങ്ങൾ അഡ്രസ് ചെയ്തത്. നിങ്ങൾ സ്വീകരിച്ച സമീപനമെന്താണ്; സാലറി ചലഞ്ചിന് പാര വച്ചു. ഇതല്ലേ നിങ്ങളുടെ സമീപനം; റോഡ് നന്നാക്കുന്നതും പാലം നിർമ്മിക്കുന്നതും പുതിയ വികസന പ്രവർത്തനം വരുന്നതുമെല്ലാം ഇടതുപക്ഷത്തിന്റെ മണ്ഡലങ്ങളിൽ മാത്രമാണോ; അല്ല. ഇടതുപക്ഷത്തിന് വോട്ട് ചെയ്തവർക്കുവേണ്ടി മാത്രമാണോ; അല്ല. ഇടത്-വലത് വ്യത്യാസമില്ലാതെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉതകുന്ന വികസന പ്രവർത്തനങ്ങൾക്കായിരുന്നു ഞങ്ങൾ നേതൃത്വം കൊടുത്തത്. നിർഭാഗ്യവശാൽ, നിങ്ങൾ സർക്കാർ ജീവനക്കാരെക്കൊണ്ട് അത് പൊളിക്കാനും പാര വയ്ക്കാനും ശ്രമിച്ചു. ഇപ്പോൾ വീണ്ടും ശ്രമിക്കുകയാണ്. മുംബൈയിൽ പ്രളയമാണ്. അതിന്റെ ഭാഗമായി സർവറിൽ തകരാർ വന്നു. ശമ്പളം ലഭിക്കുന്നത് അൽപ്പം വൈകി. നിങ്ങൾ എൻ.ജി.ഒ. അസോസിയേഷനെ ഇളക്കിവിട്ടിരിക്കുകയല്ലേ; ഇത് ശരിയാണോ; ഇങ്ങനെയൊരു മഹാപ്രളയം നടക്കുമെന്ന് നമുക്കാർക്കെങ്കിലും മുൻകൂട്ടി കാണാൻ സാധിക്കുമോ; മഹാരാഷ്ട്രയിൽ പ്രളയമുണ്ടായതിന്റെ ഭാഗമായി ശമ്പളം വൈകിയപ്പോൾ അതിനെപ്പോലും എതിർക്കുന്ന സമീപനമല്ലേ നിങ്ങൾ സ്വീകരിച്ചത്; അത് പരിഹരിക്കുമെന്ന് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഇവിടെ പ്രളയ സെസ് ഏർപ്പെടുത്തുന്നു. പ്രളയം വന്നുകഴിഞ്ഞാൽ അതിനെ അതിജീവിക്കാൻ വേണ്ടി സെസ് ഏർപ്പെടുത്തുമ്പോൾ അതിലെന്തിനാണ് പാര വയ്ക്കുന്നത്. പ്രളയത്തിനുവേണ്ടി ലഭിക്കുന്ന സെസ് ഞങ്ങളാരെങ്കിലും കൊണ്ടുപോകുന്നുണ്ടോ; കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടിയല്ലേ ഫണ്ട് വിനിയോഗിക്കുന്നത്. കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ആ ഫണ്ട് പൂർണ്ണമായും വിനിയോഗി ക്കുമ്പോൾ അതിനെ പിന്തുണയ്ക്കേണ്ടവർ എന്തിനാണ് അതിന് പാര വയ്ക്കുന്ന സമീപനം സ്വീകരിക്കുന്നത്? പ്രളയത്തിനുവേണ്ടിയുള്ള സെസ് പിരിക്കാൻ തീരുമാനിച്ചത് പുതിയ പാലങ്ങളും റോഡുകളും തകർന്നടിഞ്ഞ സ്കൂളുകളും നിർമ്മിക്കാനാണ്. വിദേശ സഹായം നൽകുന്നതിന് ഒരു രാജ്യം തയ്യാറായപ്പോൾ അതിനെ ബി.ജെ.പി. എതിർത്തു. അതേ സമീപനമല്ലേ കേരളത്തിലെ യു.ഡി.എഫ്.-ഉം സ്വീകരിക്കുന്നത്? മദ്യത്തിന് രണ്ടുശതമാനം നികുതി ഏർപ്പെടുത്തുന്നു. സിനിമാ ടിക്കറ്റിന് നികുതി ഏർപ്പെടുത്തുന്നു. 3000 ചതുരശ്ര അടിയിൽ കൂടുതലുള്ള വീടുകൾക്ക് നികുതി ഏർപ്പെടുത്തുന്നു. ഇതിലെന്താണ് കുഴപ്പമുള്ളത്? കേരളംപോലുള്ള സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോൾ ഈ സംസ്ഥാനത്തെ സഹായിക്കില്ലെന്ന വാശി കേന്ദ്രഗവൺമെന്റ് കാണിക്കുമ്പോൾ അതിന് പരിഹാരമുണ്ടാക്കാൻ, സ്വന്തം കാലിൽ നിൽക്കാനുള്ള ശേഷിക്കുവേണ്ടിയുള്ള ശ്രമം നടത്തുമ്പോൾ അതിനെയും

പാര വയ്ക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയാണോ എന്നുള്ളത് യു.ഡി.എഫ്. നേതൃത്വം ചിന്തിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ഞങ്ങൾ തുക നീക്കി വയ്ക്കുന്നത് എന്തിനുവേണ്ടിയാണ്; ഭൂരഹിത-ഭവനരഹിതർക്കുള്ള ഭവന സമുച്ചയത്തിനായി 1296 കോടി രൂപ മാറ്റിവയ്ക്കുന്നു. 2021-ൽ പിണറായി സർക്കാരിന്റെ ഒന്നാം കാലാവധി പൂർത്തീകരിക്കപ്പെടുമ്പോൾ ഭൂരഹിതരും ഭവനരഹിതരുമായ ഒരാളും കേരളത്തിലുണ്ടാകാൻ പാടില്ലെന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. എല്ലാവർക്കും ഭൂമിയും ഭവനവും ഉണ്ടാകണമെന്നുള്ള കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. അതിന്റെ ഭാഗമായാണ് ആ സമീപനങ്ങൾ സ്വീകരിക്കുന്നത്. പ്രളയദുരിതം കടക്കാൻ വേണ്ടി ജീവനോപാധി പാക്കേജ് 4700 കോടി രൂപ, പ്രളയബാധിത പഞ്ചായത്തുകൾക്ക് 250 കോടി രൂപയുടെ പ്രത്യേക സഹായം എന്നിവ ഈ ഗവൺമെന്റ് നൽകിയില്ലേ; ഇതിന് എവിടെ നിന്നാണ് കാശുണ്ടാക്കിയത്; ഞങ്ങൾക്ക് ഏതായാലും നോട്ടടിക്കാൻ പറ്റില്ലല്ലോ; നോട്ടടിക്കാനുള്ള അവകാശം ആരും ഈ ഗവൺമെന്റിന് നൽകിയിട്ടില്ലല്ലോ; ഇതൊരു ഫെഡറൽ സിസ്റ്റത്തിനുള്ളിൽ നിൽക്കുന്നതാണല്ലോ; ഇതിനെ മറികടക്കാൻ വേണ്ടിയാണ് ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത്. സ്ത്രീകൾക്കായുള്ള പദ്ധതികൾക്ക് 1420 കോടി രൂപ, മുഴുവൻ കുടുംബങ്ങൾക്കും ആരോഗ്യ പരിരക്ഷ എന്നിവയും ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചു, നാം മുന്നോട്ട് എന്നു പറഞ്ഞിട്ട് നാം പിന്നോട്ടല്ലേ പോകുന്നത് എന്ന്. നീതി ആയോഗിന്റെ അവാർഡ് വാങ്ങിയല്ലോ; ആരോഗ്യ മേഖലയിൽ കേരളം ഒന്നാം സ്ഥാനത്താണെന്നുള്ളത് കേരളത്തിലെയും ഇന്ത്യയിലെയും ദേശീയ മാധ്യമങ്ങൾ ഒരുപോലെ പറഞ്ഞല്ലോ. ആരോഗ്യമേഖലയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. ഇത്രയും വലിയ മൂന്ന് ദുരന്തങ്ങളുണ്ടായിട്ടും തലയെടുപ്പോടുകൂടി കേരളം മുന്നോട്ട് പോകുന്നുവെങ്കിൽ അത് കേരളത്തിലെ മുഖ്യമന്ത്രിയുടെയും ധനകാര്യ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ഇച്ഛാശക്തിയാണെന്ന കാര്യത്തിൽ നിങ്ങൾക്കാർക്കും ഒരു സംശയവും വേണ്ട. പ്രളയമുണ്ടായപ്പോൾ കടലിന്റെ മക്കളായിരുന്നു സൈന്യമായി പ്രവർത്തിച്ചതെന്ന് നമ്മൾ പറയുന്നു, അവരെ സഹായിക്കണ്ടേ; തീരദേശ വികസനത്തിനായി 1000 കോടി രൂപ, രണ്ടാം കുട്ടനാട് പാക്കേജിനായി 1000 കോടി രൂപ, പൊതുമരാമത്ത് വകുപ്പിന് 1367 കോടി രൂപ എന്നിങ്ങനെ നീക്കിവച്ചിട്ടുണ്ട്. ഒരു സംസ്ഥാനത്ത് അടിസ്ഥാന പശ്ചാത്തല വികസനം ഏറ്റവും അനിവാര്യമാണ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന്റെ ഭാഗമായി രണ്ട് വർഷംകൊണ്ട് 6000 കിലോമീറ്റർ റോഡ് നിർമ്മിക്കുമെന്നാണ് ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. ശബരിമലയുടെ കാര്യം ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചു. ഇപ്പോൾ എന്താണ് സ്ഥിതി; രണ്ടാൾ മുദ്രാവാക്യം വിളിച്ചാൽ നയം മാറ്റുന്ന ആൾക്കാരല്ല ഞങ്ങൾ. കോൺഗ്രസ്സിന്റെ നയമെന്തായിരുന്നു; സ്ത്രീകളോടുള്ള നിങ്ങളുടെ സമീപനം

എന്താണ്; അദ്ദേഹം അഭിഭാഷകനാണല്ലോ; equality എന്നാൽ തുല്ല്യത. ആ തുല്ല്യതയിൽ സ്ത്രീയില്ലേ; സ്ത്രീകളെ പ്രവേശിപ്പിക്കാമെന്ന് പറഞ്ഞപ്പോൾ അതിനെ സ്വാഗതം ചെയ്തവർ, പിന്നീട് ട്രെന്റ് നോക്കി അഭിപ്രായം മാറ്റിപ്പറഞ്ഞതുപോലെയുള്ള ശീലം ഇടതുപക്ഷക്കാർക്കില്ല. ഞങ്ങൾക്ക് ഇതിനകത്ത് വളരെ ക്ലിയർ കട്ടായ സ്റ്റാന്റുണ്ട്. ഞങ്ങൾ ഭക്തർക്കെതിരല്ല, ഭക്തിയെ സംരക്ഷിക്കുന്നവരുമാണ്. ശബരിമലയ്ക്കായി 739 കോടി രൂപ നീക്കിവച്ചില്ലേ; ഞങ്ങൾ ശബരിമലയെ തകർക്കാൻ ശ്രമിക്കു ന്നവരാണെങ്കിൽ, വിശ്വാസികൾക്ക് എതിരായിരുന്നുവെങ്കിൽ 739 കോടി രൂപ നീക്കിവയ്ക്കേണ്ട കാര്യം എന്താണ്? ഒരു തവണ തലയിൽ ചക്ക വീണ് മുയൽ ചത്തുവെന്നുള്ളതുകൊണ്ട് എല്ലാ കാലത്തും ചക്ക വീണാൽ മുയൽ ചാകുമെന്ന് നിങ്ങൾ വിചാരിക്കേണ്ട. നിങ്ങൾക്ക് 19 സീറ്റ് കിട്ടി. ജനവിധി ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷെ, അതിന്റെ മൂകളിൽ വിശ്വാസികളെ ഞങ്ങൾക്കെതിരായി തിരിച്ചുവിടാനല്ലേ നിങ്ങൾ ശ്രമിക്കുന്നത്. യു.ഡി.എഫ്.-ന്റെ പാർലമെന്റംഗം സ്വകാര്യ ബിൽ കൊണ്ടുവരാൻ ശ്രമിച്ചു. എന്താണ് പാർലമെന്റിൽ നിയമ വകുപ്പുമന്ത്രി പറഞ്ഞത്, നിയമനിർമ്മാണം നടക്കില്ലെന്നാണ്. മതസ്പർദ്ധ വളർത്തി; മതധ്രുവീകരണം ഉണ്ടാക്കി അതിലൂടെ നാല് വോട്ട് കിട്ടാൻ സാധിക്കുമോയെന്ന പരീക്ഷണമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇത് യു.ഡി.എഫ്. എന്ന രാഷ്ട്രീയ സംവിധാനത്തിന് ഭൂഷണമാണോ എന്നുള്ളത് യു.ഡി.എഫ്. നേതൃത്വം ചിന്തിക്ക ണമെന്നേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. കെ.എസ്.ആർ.ടി.സി.-ക്ക് 1000 കോടി രൂപ നീക്കിവച്ചില്ലേ; കെ.എസ്.ആർ.ടി.സി.-യുടെ നവീകരണത്തിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നു. ഇവിടെ നേരത്തെ ചർച്ച ചെയ്ത വിഷയമാണ് കാരുണ്യ പദ്ധതി. ഇടത്-വലത് വ്യത്യാസമില്ലാതെ കാരുണ്യ ബെനവലന്റ് ഫണ്ട് നിലനിർത്തണമെന്ന് എല്ലാവരും പറഞ്ഞു. 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന സമീപനം സ്വീകരിച്ചു. അതിനകത്ത് ചില അനിശ്ചിതത്വമു ണ്ടായിരുന്നു. കഴിഞ്ഞ ദിവസം ധനകാര്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ആ വിഷയം ചർച്ച ചെയ്തു. എം.സി.സി. എന്റെ നിയോജകമണ്ഡലത്തിനുള്ളിലാണ്. അവിടെ വരുന്ന രോഗികൾക്ക് ഇൻവെസ്റ്റിഗേഷനാണല്ലോ ഏറ്റവും പ്രധാനം. ഇൻവെസ്റ്റിഗേഷൻ നടത്താത്ത സാഹചര്യമുണ്ടായിരുന്നു. അത് പരിഹരിച്ചുവെന്ന് ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഞങ്ങൾക്ക് ഉറപ്പുനൽകിയിരിക്കുന്നു. ഇങ്ങനെ ആരോഗ്യ മേഖലയിൽ വലിയ രീതിയിലുള്ള മാറ്റത്തിന് ഈ ഗവൺമെന്റ് നേതൃത്വം കൊടുത്തുകൊണ്ടിരിക്കുന്നു. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ 55000 കോടി രൂപ ചെലവിൽ സമാന്തര റെയിൽപ്പാതയ്ക്കുള്ള പ്രവർത്തനം തുടങ്ങിയിരിക്കുന്നു. തുറമുഖ നഗരങ്ങളെ ബന്ധിപ്പിച്ച് 6000 കോടി രൂപ ചെലവിൽ സൈക്കിൾ ട്രാക്കോടുകൂടി തീരദേശ ഹൈവേയ്ക്കുവേണ്ടിയുള്ള പ്രവർത്തനം നല്ല രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ കേരളത്തിൽ

അതിന്റെ പ്രവർത്തനം വാർ ഫൂട്ടിംഗാണ്. കേരള ബാങ്ക് 2019-20 സാമ്പത്തിക വർഷം യാഥാർത്ഥ്യമാക്കാൻ പോകുന്നു. 20000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ, ഈ സാമ്പത്തിക വർഷം വ്യവസായ പാർക്കുകൾക്ക് 6100 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 15600 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ടൂറിസം, ഐ.ടി. മേഖലകൾക്കും ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന സമീപനങ്ങൾക്കുമാണ് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ എല്ലാ തലങ്ങളിലും വലിയ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഈ ഗവൺമെന്റ് നേതൃത്വം കൊടുക്കുമ്പോൾ യു.ഡി.എഫ്.-ന് പേടിയാണ്. ഇതെല്ലാം നടപ്പിലാക്കപ്പെട്ടാൽ ഈ ഗവൺമെന്റിന് തുടർച്ചയുണ്ടാകുമോയെന്ന ആശങ്കയാണ് ഇതിനെ എതിർക്കാൻ നിങ്ങളെ പ്രേരിപ്പിക്കുന്നത്. അന്ധമായ രാഷ്ട്രീയ വിദ്വേഷംകൊണ്ട് മാത്രമാണ് നിങ്ങൾ ഇതിനെ എതിർക്കുന്നത്. ഈ കടുത്ത പ്രതിസന്ധിയിൽപ്പോലും അതിനെ അതിജീവിച്ച് മുന്നോട്ടുപോകാൻ ഇടതുപക്ഷം കാണിക്കുന്ന രാഷ്ട്രീയ ഇച്ഛാശക്തിയെയല്ലേ നാം പിന്തുണയ്ക്കേണ്ടത്; അതിനുപകരം കുറ്റങ്ങളും കുറവുകളും കണ്ടെത്തി ഇതിനെ അട്ടിമറിക്കാനും കേരളത്തിന് തുരങ്കം വയ്ക്കാനും ശ്രമിക്കുമ്പോൾ അത് കേരള ജനത തിരിച്ചറിയുമെന്നേ എനിക്ക് സൂചിപ്പിക്കാനുള്ളൂ.

എന്താണ് ഇപ്പോൾ കോൺഗ്രസ്സിന്റെ അവസ്ഥ; ക്വിസ് പ്രോഗ്രാമുകൾ പോപ്പുലറാക്കിയത് ആരാണ്; പണ്ട് ക്വിസ് അധികം ആളുകൾ കാണില്ലായിരുന്നു. ആ ക്വിസ് പ്രോഗ്രാം പോപ്പുലറാക്കിയത് സ്റ്റാർ പ്ലസ് ആണ്. ശ്രീ. അമിതാഭ്ബച്ചൻ 'കോൻ ബനേഗാ ക്രോർപതി' എന്നൊരു പ്രോഗ്രാം അവതരിപ്പിച്ചതുകൊണ്ടാണ്. അതുപോലെ ശ്രീമതി സോണിയാ ഗാന്ധിയും ശ്രീ. രാഹുൽ ഗാന്ധിയും ചേർന്നു കൊണ്ട് ഒരു പുതിയ പ്രോഗ്രാം ആരംഭിച്ചിരിക്കുന്നു. 'കോൻ ബനേഗാ കോൺഗ്രസ് പ്രസിഡന്റ്'-ആരാണ് പുതിയ കോൺഗ്രസ് പ്രസിഡന്റ്. എന്തൊരു അവസ്ഥയാണിത്. സഖാക്കളെ നിങ്ങൾ തോറ്റില്ലേ എന്ന് ചോദിച്ച് ഞങ്ങളെ കളിയാക്കി. ഞങ്ങൾ തോറ്റു. തോറ്റ ഞങ്ങളിലല്ല ഇപ്പോൾ കുഴപ്പം. കുഴപ്പം നിങ്ങളിലല്ലേ; ഒരു ദേശീയ അദ്ധ്യക്ഷൻപോലും ഇല്ലാത്ത പാർട്ടിയല്ലേ എന്ന് നിങ്ങൾ ആലോചിക്കണം. അഞ്ച് വർഷം പ്രതിപക്ഷത്തിരിക്കുമ്പോഴേയ്ക്കും മാനസികനില തെറ്റിയൊരു നേതാവല്ലേ നിങ്ങളെ നയിക്കുന്നത്; Politics is a game of patience, രാഷ്ട്രീയം ക്ഷമയുടെ കലയാണ്. ശ്രീ. രമേശ് ചെന്നിത്തലയും കോൺഗ്രസിന്റെ നേതാക്കളും ശ്രീ. രാഹുൽ ഗാന്ധിയെ പഠിപ്പിക്കേണ്ടത് ക്ഷമയാണ് രാഷ്ട്രീയം എന്നാണ്. ഒരു തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോൾ നിരാശനായി 'എന്നെക്കൊണ്ടൊന്നും പറ്റില്ല' എന്ന് പറയുന്ന ഒരാൾക്ക് എങ്ങനെ ഈ വെല്ലുവിളികൾ നേരിടാൻ സാധിക്കും? ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും കോൺഗ്രസ്സുണ്ടെന്ന് നിങ്ങൾ പറഞ്ഞു, ഇല്ലെന്ന് പറയുന്നില്ല. ഈ തകർന്നടിഞ്ഞ കോൺഗ്രസ്സിനെ റീ-കൂപ്പ് ചെയ്യാൻ ശ്രമിക്കേണ്ട ശ്രീ. രാഹുൽ ഗാന്ധി മാളത്തിൽ ഓടി ഒളിച്ചുവെന്ന് മാത്രമല്ല, അദ്ദേഹം

ഇറ്റലിയിലേയ്ക്ക് തിരിച്ചുപോകുമെന്നാണ് പറഞ്ഞുകേൾക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ അവസ്ഥയിലേയ്ക്ക് എത്തിയില്ലേ; ആരാണ് അവരുടെ പുതിയ പ്രസിഡന്റ്; ശ്രീ. മോത്തിലാൽ വോറ, ശ്രീ. സുശീൽ കുമാർ ഷിൻഡെ, ശ്രീ. മല്ലികാർജ്ജുന ഖാർഗെ തുടങ്ങി എൺപതിനും തൊണ്ണൂറിനും ഇടയിൽ പ്രായമായ നേതാക്കന്മാരെ, മൂന്നുപേർ പിടിച്ചാൽ മാത്രം നടക്കാൻ സാധിക്കുന്ന നേതാക്കന്മാരെ ദേശീയ അദ്ധ്യക്ഷന്മാരാക്കേണ്ട ഗതികേടിലേയ്ക്കെത്തിയ ഒരു രാഷ്ട്രീയ പ്രസ്ഥാനത്തെക്കുറിച്ച് എന്ത് പറയാനാണ്. ഡെമോക്രസി ഡിഫൈൻ ചെയ്യുന്നുണ്ട്. Government of the people, by the people, for the people എന്നുള്ളതാണ്. അതുപോലെ Congress of the Gandhi, by the Gandhi, for the Gandhi എന്നാണ്. കോൺഗ്രസ് ഇപ്പോഴും ആ സൈക്കോ ഫാൻസ് യുഗത്തിലാണ്. ഈ മുഖസ്തുതി പറച്ചിൽ നിങ്ങൾ ഉപേക്ഷിക്കണം. മുഖസ്തുതി പറച്ചിൽ ഉപേക്ഷിച്ചുകൊണ്ട് നിങ്ങൾ ജനങ്ങളോട് കാര്യങ്ങൾ പറയണം. കോൺഗ്രസിനെ ആര് വേണമെങ്കിലും നയിച്ചോട്ടെ, അത് ഞങ്ങളുടെ വിഷയമല്ല.

മി. സ്പീക്കർ: യെസ്.....പ്ലീസ്...... ധനകാര്യ ബില്ലാണ്.

ശ്രീ. എ. എൻ. ഷംസീർ: കോൺഗ്രസ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനെ മുസ്ലീംലീഗ് പിന്തുണയ്ക്കുന്നു. മോബ് ലിഞ്ചിംഗിനെക്കുറിച്ച് ഇന്ന് unanimous ആയി ഒരു റെസല്യൂഷൻ അവതരിപ്പിച്ചു. തബ്രെസ് അൻസാരിയെന്ന ചെറുപ്പക്കാരനെ ലിഞ്ച് ചെയ്തു. ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം എത്ര മതന്യൂനപക്ഷങ്ങൾ അക്രമിക്കപ്പെട്ടു. ആ മതന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ എവിടെയെങ്കിലും കോൺഗ്രസ്സുണ്ടായോ; മുസ്ലീംലീഗ് ഒട്ടിപ്പിടിച്ചു നിൽക്കുകയല്ലേ; മുസ്ലീംലീഗ് ഒട്ടിപ്പിടിച്ച് കോൺഗ്രസ്സിനെ പിന്തുണയ്ക്കാൻ പോകുമ്പോൾ മതന്യൂനപക്ഷങ്ങളെ രക്ഷിക്കാൻ കോൺഗ്രസ് ഉണ്ടാകില്ലെന്ന് മുസ്ലീംലീഗ് ഓർക്കണം. മുസ്ലീംലീഗിന്റെ നേതാവ് പ്രസംഗിച്ചു - എസ്.എൽ.വി. (സ്ഥിരം ലീഗ് വിരോധികൾ) എന്ന്. ഞങ്ങൾ പറയുന്നു എസ്.എം.വി. (സ്ഥിരം മാർക്സിസ്റ്റ് വിരോധികൾ) ആണെന്ന്. അതിൽ എസ്.എം.വി.-1 ശ്രീ. പി. ടി. തോമസ് ആണ്. മാർക്സിസ്റ്റ് വിരോധം തലയ്ക്കുപിടിച്ച് ഏത് ഘട്ടത്തിലും മാർക്സിസ്റ്റ് പാർട്ടിയെ അക്രമിക്കാൻവേണ്ടി മാത്രം ഗവേഷണം നടത്തുന്ന ഒരു ഗവേഷകൻ. അതിന്റെ ഭാഗമായി ഇവിടെ രാവിലെ ചർച്ച നടന്നു. രാവിലെ നടന്ന ചർച്ച പാഠപുസ്തകത്തെപ്പറ്റിയാണ്.

ശ്രീ. പി. ടി. തോമസ്: ശ്രീ. എ. എൻ. ഷംസീർ, ഒന്ന് വഴങ്ങുമോ?

ശ്രീ. എ. എൻ. ഷംസീർ: ഞാൻ സംസാരിച്ചതിനുശേഷം വഴങ്ങാം. പാഠപുസ്തകത്തെപ്പറ്റി ചർച്ച നടന്നു. ഇവിടെ പാഠപുസ്തകംതന്നെ വിതരണം ചെയ്യാത്ത കാലമുണ്ടായിരുന്നില്ലേ. പഠനഭാരവും പാഠപുസ്തകത്തിന്റെ ഭാരവും കുറയ്ക്കണമെന്ന് ഇന്ന് രാവിലെ ചർച്ച ചെയ്യപ്പെട്ടപ്പോൾ യു.ഡി.എഫ്.-ന്റെ കാലത്ത് പാഠപുസ്തകമേ ഉണ്ടായിരുന്നില്ലെന്ന കാര്യം നാം മറന്നുപോകരുത്.

ശ്രീ. ആർ. രാജേഷ്: പാഠപുസ്തകത്തിന്റെ ഭാരം കുറയ്ക്കണമെന്ന് പറയുമ്പോൾ, യഥാർത്ഥത്തിൽ യു.ഡി.എഫ്.-ന്റെ അത്രത്തോളം എൽ.ഡി.എഫ്. ആയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കാരണം, പാഠപുസ്തകത്തിന്റെ ഭാരം ഇന്ത്യയിൽ ഏറ്റവും കുറച്ച സർക്കാർ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. ബാഗിനകത്ത് പാഠപുസ്തകമേ ഉണ്ടായിരുന്നില്ല. ബാഗിന്റെ ഭാരം കുറച്ച സർക്കാരാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരെന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: അത് പൂർണ്ണമായും ശരിയാണ്. മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, ലെഫ്റ്റിന് റെലവൻസ് ഇല്ലെന്നാണ്. ഞങ്ങൾക്ക് കയറ്റവും ഇറക്കവും ഉണ്ടായിട്ടുണ്ട്. സോവിയറ്റ് യൂണിയൻ തകർന്നടിഞ്ഞിട്ടുണ്ട്. അതുകേട്ട് ഞങ്ങളാരും പിന്തിരിഞ്ഞുപോയിട്ടില്ല. നിങ്ങൾക്ക് ഒരു പരാജയം സംഭവിച്ചപ്പോൾ ശ്രീ. രാഹുൽ ഗാന്ധി മാളത്തിൽ ഒളിച്ചില്ലേ; ലെഫ്റ്റ് റെലവന്റ് അല്ലായെന്ന് പറയുമ്പോൾ സ്കാന്റിനേവിയൻ രാജ്യങ്ങളിൽ ലെഫ്റ്റിന്റെ റെലവൻസാണ് വന്നുകൊണ്ടിരിക്കുന്നത്. ഡെൻമാർക്കിൽ വന്നു, സ്വീഡനിൽ വന്നു, ഫിൻലാന്റിൽ വന്നു, അതോടൊപ്പം ഇസ്താംബൂൾ മേയർ ലെഫ്റ്റാണ്. ലെഫ്റ്റ് എല്ലായിടത്തും ഉള്ളതാണ്. ലെഫ്റ്റിന് അപ്സ് ആന്റ് ഡൗൺസ് ഉണ്ടായിട്ടുണ്ടെന്നത് ശരിയാണ്. ചില ഘട്ടങ്ങളിൽ ഞങ്ങൾ ഉയർന്നിട്ടുണ്ട്, ചില ഘട്ടങ്ങളിൽ ഞങ്ങൾ താഴ്ന്നിട്ടുണ്ട്. ഇപ്പോൾ ഞങ്ങൾ ഇന്ത്യയിലും കേരളത്തിലും കുറച്ച് ഡൗണാണ്. അതിനർത്ഥം ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തിന് പ്രസക്തിയില്ലെന്നല്ല. ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം ലോകത്ത് മനുഷ്യകുലം ഉള്ളിടത്തോളംകാലം പ്രസക്തമാണ്. ആ നിലയിൽ ഞങ്ങൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തിന് പ്രസക്തിയുണ്ടാകും. ഇടതുപക്ഷത്തിനെ തുണവൽക്കരിച്ചുകൊണ്ടോ പൂർണ്ണമായും മാറ്റിനിർത്തിക്കൊണ്ടോ ഇന്ത്യയിലെ ജനങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയില്ല. ഞങ്ങൾ ഓപ്റ്റിമിസ്റ്റുകളാണ്, ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെ പെസിമിസ്റ്റല്ല. ഞങ്ങൾ പൂർണ്ണമായും ഓപ്റ്റിമിസ്റ്റുകളായതുകൊണ്ട്, അതിവിദൂരമല്ലാത്ത ഭാവിയിൽ ഇടതുപക്ഷം ഇന്ത്യയിൽ ശക്തിപ്പെടുമെന്ന് ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. ഈ തെരഞ്ഞെടുപ്പ് ഒരു ട്രെൻഡാണ്, ആ ട്രെൻഡ് എല്ലാക്കാലത്തും നിലനിൽക്കണമെന്നില്ല. ഈ ട്രെൻഡിൽ ഞങ്ങൾക്ക് തിരിച്ചടിയേറ്റു. കേരളത്തിൽ ഞങ്ങൾക്ക് തിരിച്ചടിയേറ്റപ്പോൾ ദേശീയ തലത്തിൽ കോൺഗ്രസ് തകർന്നടിഞ്ഞു. അതിനർത്ഥം കോൺഗ്രസ്സും ഇടതുപക്ഷവും തകർന്നുവെന്നല്ല. ഇടതുപക്ഷം ശക്തമായി തിരിച്ചുവരികതന്നെ ചെയ്യും. നല്ല മനക്കരുത്തോടുകൂടി മുന്നോട്ടുവച്ച കാൽ മുന്നോട്ട് എന്ന നിലയിൽ ശക്തമായി മുന്നോട്ടുപോകാൻ ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിൽ ഡോ. ടി. എം. തോമസ് ഐസക്കിനും ധനകാര്യ വകുപ്പിനും സാധിക്കും. അതിനെ പിന്തുണയ്ക്കാൻ ഇടതുപക്ഷവും ഈ നാട്ടിലെ സാധാരണ ജനങ്ങളുമുണ്ടാകുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനകാര്യ ബില്ലിനെ പിന്തുണയ്ക്കുന്നു.

5.00 PM]

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി ശ്രീ. ഇ. കെ. വിജയൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എനിക്കുമുമ്പ് സംസാരിച്ച ശ്രീ. എ. എൻ. ഷംസീർ കേരളത്തിന്റെ നേട്ടങ്ങൾ ഒന്നൊന്നായി എടുത്തുപറഞ്ഞിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസനമെന്ന് പറയുമ്പോൾ, സംസ്ഥാന രൂപീകരണത്തെത്തുടർന്ന് ഇതുപര്യന്തമുള്ള കേരളത്തിന്റെ വികസന ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നതും അത് പൂർത്തീകരണത്തിലേയ്ക്ക് എത്തുന്നതും. വിദ്യാഭ്യാസ മേഖലയിൽ സ്വീകരിക്കുന്ന നിലപാടുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു വിദ്യാലയത്തെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കെത്തിക്കാൻ പേര് കൊടുക്കാത്തതും അതിന്റെ പ്രവർത്തനം നടക്കാത്തതുമായ ഏത് മണ്ഡലമാണുള്ളത്; എട്ടുമുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള 45000-ത്തിലേറെ ക്ലാസ് മുറികൾ നവീന രീതിയിലേയ്ക്ക് മാറ്റിയില്ലേ; എൽ.പി./യു.പി. സ്കൂളുകളിൽ അതിന്റെ പ്രവർത്തനം ഈ അദ്ധ്യയനവർഷം മുതൽ ആരംഭിച്ചിരിക്കുകയാണ്. ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും പേരിൽ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും വിഭിന്നമായി മാറ്റാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. നമ്മുടെ ഭരണഘടന അനുശാസിക്കുന്ന മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന സ്ഥാപനമായി ഉയർത്തുകയാണ്. ഒരു ജനാധിപത്യ ഗവൺമെന്റിന്റെ ബാധ്യതയും ചുമതലയുമാണ് ഈ ഗവൺമെന്റ് നിർവ്വഹിക്കുന്നത്. അവിടെ ജാതിയുടെയും മതത്തിന്റെയും പണത്തിന്റെയും പരിഗണനയില്ല. എല്ലാ കുട്ടികൾക്കും പഠിക്കാനുള്ള അവസരം ലഭിക്കുന്ന നിലയിലേയ്ക്ക് സ്കൂളുകൾ മാറുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒന്നാം ക്ലാസ്സിൽ പഠനം ആരംഭിച്ച കുട്ടി പത്താം ക്ലാസ് കഴിയുമ്പോഴേയ്ക്കും, ലോകത്തിലെ പുത്തൻ അറിവുകൾ നേടുന്ന പുതിയ തലമുറയുടെ മുന്നോട്ടുപോക്കിന് സഹായകരമായ ഒരു വളർച്ച ആ കുട്ടിയിൽ കാണാൻ കഴിയും. അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോഴും എല്ലാവരും ആക്രമിക്കുന്നത് പ്രളയ സെസ്സിനെയാണ്. രണ്ട് വർഷത്തേയ്ക്ക് ഒരു ശതമാനം സെസ്സാണ് ചുമത്തുന്നത്. VAT-ഉം ആയി ബന്ധപ്പെട്ടും പെട്രോളിയം സെസുമായി ബന്ധപ്പെട്ടും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ടുതവണ സെസ് ചുമത്തിയിട്ടുണ്ട്. ഇവിടെ എം.ആർ.പി. വർദ്ധിക്കുന്നില്ലെന്ന് അതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചിട്ടുണ്ട്. അതിനാണ് ഈ രണ്ടുവർഷത്തേയ്ക്ക് ഒരു ശതമാനം നികുതിയെന്ന് പറഞ്ഞിട്ടുള്ളത്. കേരളം തകർന്നുപോയ സാഹചര്യത്തിൽ കേരളത്തെ സംരക്ഷിക്കേണ്ട ബാധ്യത

എല്ലാവരുടേതുമാണ്. എന്നാൽ, അതിൽ രാഷ്ട്രീയം കാണുന്ന സമീപനം കൈക്കൊള്ളുന്നത് ജനാധിപത്യ കേരളത്തിന് ഭൂഷണമാണോ; രാഷ്ട്രീയമെന്ന് പറയുന്നത് രാഷ്ട്ര സംബന്ധിയാണ്. അത് കക്ഷിരാഷ്ട്രീയമോ തെരഞ്ഞെടുപ്പ് രാഷ്ട്രീയമോ അല്ല. കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കാൻ 'നമ്മളൊന്ന്' എന്ന നിലയിൽ ആലോചിക്കേണ്ടതുണ്ട്. ആ നിലയിൽ ആലോചിക്കുന്നതിൽനിന്ന് നിങ്ങൾ പുറകോട്ടുപോയത് നല്ലതിനല്ല, അത് നമ്മുടെ നാട്ടിലെ സമൂഹത്തെ പഠിപ്പിക്കുന്നതും നല്ലതിനല്ല. ആ ചിന്തയിൽനിന്നും നിങ്ങൾ മാറേണ്ടതുണ്ട്. നമുക്ക് ഒരുമിച്ച് എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. പ്രളയമുണ്ടായപ്പോൾ സർക്കാർ ജീവനക്കാരുൾപ്പെടെയുള്ളവർ പണം നൽകേണ്ടതില്ലെന്ന ഒരു സമീപനം നിങ്ങൾ കൈക്കൊണ്ടു. സഹായം നൽകേണ്ടതില്ലെന്ന് സംഘടനകളോട് പറയുന്ന നിലപാട് നിങ്ങളെടുത്തു. ബി.ജെ.പി.-യും അങ്ങനെ പറഞ്ഞിരുന്നു. പക്ഷേ, അവർ അങ്ങനെ പറയുമെന്നും അവരുടെ അജണ്ടയെന്താണെന്നുള്ളതും നമുക്കറിയാമായിരുന്നു. പക്ഷെ എന്തുകൊണ്ട് യു.ഡി.എഫ്.-ന് അങ്ങനെയൊരു മാറ്റം വന്നു? കേരളത്തേയും ഇന്ത്യയേയും സംരക്ഷിക്കേണ്ട ബാധ്യത നമുക്കുണ്ട്. ഒരുമിച്ച് നിൽക്കേണ്ട സമയമാണിത്. ഒറ്റപ്പെട്ടുപോയ മനുഷ്യരുണ്ട്. അവിടെ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ബി.ജെ.പി.-യുമില്ല. കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനുള്ള ബാധ്യതയിൽനിന്നും നിങ്ങൾ ഒളിച്ചോടിയില്ലേ; ആ നില ശരിയാണോയെന്ന് ആലോചിക്കണമെന്ന് ഞാൻ വിനയപൂർവ്വം നിങ്ങളോട് സൂചിപ്പിക്കുകയാണ്.

ഇവിടെ സോഷ്യലിസത്തിനെതിരെയുള്ള ഒന്നുരണ്ട് പ്രസംഗങ്ങൾ ഇന്നും മറ്റുചില ദിവസങ്ങളിലും ഞാൻ കേൾക്കാനിടയായി. തീർച്ചയായും സോഷ്യലിസത്തിനെതിരെയുള്ള പോരാട്ടം ലോകത്ത് നടന്നത് ഇന്നും ഇന്നലെയൊന്നുമല്ല. സാമ്രാജ്യത്വത്തിന്റെ അജണ്ടയിലെ മുഖ്യ വിഷയമാണത്. 1957-ൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ താഴെയിറക്കാൻ പരിശ്രമം നടത്തിയത് വിമോചന സമരത്തിലൂടെയാണെങ്കിൽ, അതിന് നേതൃത്വം കൊടുത്ത ശ്രീമാൻ എ. കെ. ആന്റണി തന്നെ സൂചിപ്പിച്ചത്, അന്ന് കേരളത്തിൽ സി.ഐ.എ.-യുടെ സഹായം ലഭിച്ചിരുന്നുവെന്നാണ്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഭരണം വന്നാൽ അത് ഇന്ത്യയ്ക്ക് ആപത്താണെന്ന് അന്നേ മനസ്സിലാക്കിയതാണ്, അത് മനസ്സിലാക്കിയത് അമേരിക്കയാണ്. ഇന്നും സോഷ്യലിസത്തിനെതിരെ ഈ നിയമസഭയ്ക്കുള്ളിൽ ഉയരുന്ന ശബ്ദം, അമേരിക്കയുടെ അല്ലെങ്കിൽ സാമ്രാജ്യത്വത്തിന്റെ ശബ്ദമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ 'സോഷ്യലിസ്റ്റ് പാറ്റേൺ ഓഫ് സൊസൈറ്റി' എന്ന് എഴുതിച്ചേർത്തത് കോൺഗ്രസ്സാണ്. കോൺഗ്രസ്സിന്റെ കൂടി സഹായത്തോടെയാണ് ഭരണഘടനാ വിഷയം വന്നത്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് അന്ന് കോൺഗ്രസ്സിനെ നയിച്ചിരുന്നത്. എന്തുകൊണ്ടാണ് ഇന്ന് അതിൽ നിന്നൊരു മാറ്റം വന്നത്? സോഷ്യലിസമെന്ന് കേൾക്കുമ്പോൾ

എന്തുകൊണ്ടാണ് വിറളി പിടിക്കുന്നത്? സോവിയറ്റ് യൂണിയന്റെ തകർച്ച കമ്മ്യൂണിസ്റ്റ് പാർട്ടി വിലയിരുത്തിയിരുന്നു. അത് സോഷ്യലിസത്തിന്റെ തകർച്ചയല്ല, ഒരു മോഡലിന്റെ തകർച്ചയായിരുന്നുവെന്ന നിലയിലാണ് കണ്ടത്. അടുത്ത ദിവസങ്ങളിലെ പത്രങ്ങളിലും സോഷ്യലിസത്തിന്റെ മുന്നേറ്റത്തെക്കുറിച്ചുള്ള വാർത്തകൾ കാണുന്നുണ്ട്. പക്ഷെ അതിൽ ആഹ്ലാദിച്ച് തിമിർത്ത് ആടുന്നവരല്ല ഞങ്ങൾ. ഒട്ടേറെ തകർച്ചകൾ ഞങ്ങൾക്ക് സംഭവിച്ചിട്ടുണ്ട്. അതിനെ അതിജീവിക്കാൻ എന്താണ് മാർഗ്ഗം? ഇന്നത്തെ ലോക സാമ്രാജ്യത്വ ശക്തികൾക്കെതിരെയും ഇന്ത്യയിൽ ഇന്ന് ഭരിക്കുന്ന ഫാസിസ്റ്റ് ശക്തികൾക്കുമെതിരായ പോരാട്ടത്തെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകണം? ആരാണ് അതിന്റെ ശക്തികൾ? ഈ നാട്ടിലെ തൊഴിലെടുക്കുന്നവർ, കൃഷിക്കാർ മറ്റ് പാവപ്പെട്ട ജനവിഭാഗങ്ങൾ എന്നിവരുടെ ശക്തിയാണ് ഉയർത്തിക്കൊണ്ടുവരേണ്ടത്. അതാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം ഇന്ന് എണ്ണ ഉൽപ്പാദന രാഷ്ട്രങ്ങളിൽ (OPEC) ഉൾപ്പെടെയുണ്ടായ അനുഭവങ്ങൾ എന്താണ്? ഇറാക്കിലെ വിഷയം നമ്മൾ അറിഞ്ഞതാണ്. ലിബിയയിലെ വിഷയം നമ്മുടെ മുന്നിലുണ്ട്. എന്തിനേറെ കേരളം ഞെട്ടി വിറയ്ക്കേണ്ട സമയമാണിത്. ഡീഗോ ഗാർഷ്യ ദ്വീപിലേയ്ക്ക് ആയുധക്കപ്പലുമായി വന്നപ്പോൾ കേരളത്തിലെ എത്ര മേഖലകളിൽ പ്രതിഷേധങ്ങൾ ഉയർന്നു? കോൺഗ്രസ് ഭരിക്കുമ്പോൾ കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് ഡീഗോ ഗാർഷ്യ ദ്വീപിൽ അമേരിക്കയ്ക്ക് താവളമുണ്ടാക്കാൻ അവസരം നൽകിയത്. ഇന്ന് കേരളത്തിൽനിന്നുംപോയ മത്സ്യത്തൊഴിലാളികൾ എത്ര ദിവസമാണ് ഡീഗോ ഗാർഷ്യ ദ്വീപിൽ കിടന്നത്? ഇന്നവരുടെ ആയുധ താവളമാണ്. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കുശേഷം അങ്ങനെയൊരു മാറ്റം വന്നു. നേരത്തെ ഏഴാം കപ്പൽപ്പടയെപ്പറ്റി നമ്മൾ കേട്ടിരുന്നു. പക്ഷെ ഇന്ന് അങ്ങനെയൊരു ശക്തിയില്ലാത്തതിന്റെ അടിസ്ഥാനത്തിൽ, അങ്ങനെ കടന്നാക്രമിക്കുന്ന ഒരു സാഹചര്യത്തിലാണ് നിങ്ങൾ ഈ സോഷ്യലിസത്തിനെതിരായി അമേരിക്കയെ അനുകൂലിക്കുന്ന സമീപനങ്ങൾ ഉയർത്തുന്നത്. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സ്വീകരിച്ച നിലപാടുമായി ബന്ധപ്പെട്ട് സംസാരിച്ചത് ഞാൻ കേട്ടു. ഏറെ ബഹുമാന്യനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് സോവിയറ്റ് യൂണിയൻ സന്ദർശിച്ചപ്പോൾ ഒരു ചെറിയ പുസ്തകം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിനോടൊപ്പം പോയത് ചെർക്കളം അബ്ദുള്ളയാണെന്നാണ് ഞാൻ ഓർക്കുന്നത്. ആ പുസ്തകത്തിൽ അദ്ദേഹം പറയുന്നത്, ' ഒരു മതവിശ്വാസിയെന്ന നിലയ്ക്ക് എനിക്ക് നിസ്കരിക്കാനുള്ള എല്ലാ സൗകര്യങ്ങളും അവിടെ ലഭിച്ചു, പള്ളിയിൽ പോകുകയും നിസ്കരിക്കുകയും ചെയ്തു. പക്ഷെ പ്രായംചെന്നവരായിരുന്നു കൂടെയുണ്ടായിരുന്നവരിൽ അധികവും ' എന്ന് വായിച്ച ഒരോർമ്മ എന്റെ മനസ്സിലുണ്ട്. രണ്ട് വർഷത്തോളം ആ രാജ്യം സന്ദർശിച്ചവരേക്കാൾ, അവിടെ മതത്തെ തടയുന്ന നിലപാടുകൾ

സ്വീകരിച്ചിട്ടില്ലെന്ന് എഴുതിയത് സി. എച്ച്. മുഹമ്മദ് കോയ സാഹിബാണ്. ഇന്ത്യ സോവിയറ്റ് യൂണിയന്റെ രൂപീകരണത്തെത്തുടർന്ന് സ്വീകരിച്ച സമീപനമാണ് പഞ്ചവത്സര പദ്ധതി. ആ രാജ്യത്തിന്റെ സമ്പദ്ഘടന ശക്തിപ്പെടുത്താൻ സ്വീകരിച്ച നിലപാടുകളുമായി ബന്ധപ്പെട്ട് എങ്ങനെയത് ഇല്ലാതായി? ഇന്ന് അത്തരം പദ്ധതികളുണ്ടോ? ഈ അവസരത്തിൽ സോഷ്യലിസത്തിന്റെ മൂല്യങ്ങളെന്താണെന്ന് കണ്ടെത്തിക്കൊണ്ട് നിങ്ങൾ സംസാരിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ശ്രീ. പി. സി. ജോർജ് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിനെ കളിയാക്കിക്കൊണ്ട് കയർ വകുപ്പ് അദ്ദേഹത്തിൽനിന്നും ഒഴിവാക്കി മറ്റൊരു മന്ത്രിക്ക് കൊടുക്കണമെന്ന് പറയുന്നതുകേട്ടു. യാദൃശ്ചികമായല്ല കയർ വകുപ്പ് അദ്ദേഹത്തിന് ലഭിച്ചതെന്നാണ് എനിക്ക് തോന്നുന്നത്.

‘ കയറുപിരിക്കും തൊഴിലാളിക്കൊരു
കഥയുണ്ടുജ്ജ്വലസമരകഥ;
അതു പറയുമ്പോൾ എന്നുടെ
നാടിന്നഭിമാനിക്കാൻ വകയില്ലേ’

പുന്നപ്ര വയലാറിന്റെ നാടാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിനുവേണ്ടിയും ഈ രാജ്യത്തിന്റെ മാറ്റത്തിനുവേണ്ടിയും നേതൃത്വപരമായ പങ്കുകൊടുത്തത് കയർത്തൊഴിലാളികളാണ്. അതിന്റെ ഭാഗമായി തീർച്ചയായും ആ വകുപ്പ് കൈകാര്യം ചെയ്യുപ്പോൾ കേരളത്തിൽ തകർന്ന് തരിപ്പണമായിപ്പോയ, കയർ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സഹകരണസംഘങ്ങളെ മുന്നോട്ട് കൊണ്ടുവരാനുള്ള സമീപനങ്ങളാണ് കഴിഞ്ഞ ബഡ്ജറ്റുകളിലൂടെ അദ്ദേഹം ചെയ്തിട്ടുള്ളത്. തീർച്ചയായും അത് സ്വാഗതാർഹമാണ്. ആ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം. പരമ്പരാഗത വ്യവസായ മേഖലയെ ഇന്ത്യയിലാകമാനം തകർത്തു, കേരളത്തിലും തകർത്തു. അതിനെ മുന്നോട്ടുകൊണ്ടുപോകുന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥനയെ മാനിക്കുന്നു. ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളരെ ഗൗരവമുള്ള ചർച്ചയാണ് ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് നടന്നത്. അധികമൊന്നും പുറത്തേയ്ക്ക് സഞ്ചരിക്കാതെ ബില്ലിൽ ഒതുങ്ങിനിന്ന് വളരെ ഗൗരവമുള്ള വിമർശനങ്ങളും വിശകലനങ്ങളും അംഗങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഞാനും ആ രീതി തുടരാനാണ് ഉദ്ദേശിക്കുന്നത്. പക്ഷേ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെ അനുകരിക്കില്ല.

ശ്രീ. വി. ഡി. സതീശൻ പറഞ്ഞുതുടങ്ങിയത്, പ്രളയവും മറ്റുമെല്ലാം നിൽക്കുമ്പോൾ ഒരു stimulus package ആണ് ഉദ്ദേശിച്ചതെന്നും പക്ഷെ ഇവിടെ കിട്ടിയത് പ്രളയ സെസ്സാണെന്നും ഏത് കെയ്നീഷ്യൻ സിദ്ധാന്ത പ്രകാരമാണ് ഇങ്ങനെയൊരു മാന്ദ്യകാലത്ത് പുതിയ നികുതി ചുമത്താൻ ഉദ്ദേശിക്കുന്നതെന്നുമുള്ള ഗൗരവമായ ചോദ്യത്തോടെയാണ്. ഒരു സംസ്ഥാനത്തിനുള്ളിൽനിന്ന് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾക്ക് ചില പരിധികളൊക്കെയുണ്ട്. ഇന്നലെ ശ്രീ. വി. എസ്. ശിവകുമാർ ഉന്നയിച്ച പോയിന്റിലേയ്ക്ക് ഞാൻ വീണ്ടും പോവുകയാണ്. അദ്ദേഹം പറഞ്ഞത്, നമ്മുടെ ദേശീയ വരുമാനത്തെ നിർണ്ണയിക്കുന്നത് സ്വകാര്യ നിക്ഷേപം, സ്വകാര്യ ഉപഭോഗം, പൊതുനിക്ഷേപം, കയറ്റുമതി എന്നിങ്ങനെ നാലെണ്ണമാണ്. ദേശീയ വരുമാനം ' Y= C + I' (Consumption, Investment). നമ്മൾ ഒരു open economy ആയതുകൊണ്ട് രാജ്യത്തിന്റെ ഭാഗമല്ലേ; നമ്മുടെ കയറ്റുമതി ഒരു ഘടകമാണ്, +X. ' C + I-യെ നമുക്ക് പൊതു, സ്വകാര്യം ആയിട്ട് മാറ്റാം. അപ്പോൾ +G. ' Y= C + I + X + G.' ശ്രീ. വി. എസ്. ശിവകുമാറിന്റെ പ്രസംഗം മുഴുവനും ' C' താഴേയ്ക്കാണ്, ' I' താഴേയ്ക്കാണ്. ' M' താഴേയ്ക്കാണ് എന്നാണ്. ഞാനത് contest ചെയ്തില്ല. ' G' താഴേയ്ക്കാണെന്നുപറഞ്ഞാൽ contest ചെയ്യും. കാരണം, അങ്ങനെയല്ല. 15 ശതമാനംവച്ച് കൂടിക്കൊണ്ടിരിക്കുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ ' Y' എന്തിനെയാണ് നിർണ്ണയിക്കുന്നത്; ' C + I + M.' മൂന്നും താഴ്ന്നു. എങ്ങനെയാണ് നിങ്ങൾ നിങ്ങളുടെ വരുമാനം നിലനിർത്തുന്നത്; ഒറ്റവഴിയേയുള്ളൂ. ' G' ഉയരണം. അതാണ് stimulus package എന്നുപറയുന്നത്. അപ്പോൾ ' G' എങ്ങനെയാണ് ഉയർത്തുക; കെയിൻസ് പറഞ്ഞത് deficit financing ആണ്. I can't. അത് റിസർവ് ബാങ്കിൽനിന്നും തരാൻ പറയാൻ സാധിക്കില്ല, നോട്ട് അച്ചടിക്കാൻ പറ്റില്ല, ബഡ്ജറ്റിൽ വായ്പയെടുക്കാനും പറ്റില്ല. നമ്മൾ 50,000 കോടി രൂപ ബഡ്ജറ്റിന് പുറത്ത് എസ്.പി.വി. വഴി നിക്ഷേപിക്കുകയാണ്. വലിയൊരു ബൂസ്റ്റ് ' G-ക്ക് കൊടുക്കുകയാണെങ്കിൽ നമ്മുടെ വരുമാനം കൂടും. That is stimulus package. ഇന്നത്തെ സാഹചര്യത്തിൽ ഇതിന്റെ യുക്തിയെ ചോദ്യം ചെയ്യുന്നവർ യഥാർത്ഥത്തിൽ കേരളം അങ്ങ് താഴേയ്ക്ക് പൊയ്ക്കോട്ടെ, കൈകെട്ടി നിൽക്കാം എന്നുള്ളവരാണ്. നിങ്ങൾ അങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ അങ്ങ് ഉന്നയിച്ച ചോദ്യം വളരെ പ്രസക്തമാണ്. Deficit financing-നെക്കുറിച്ച് പറഞ്ഞുവന്നിട്ട് പിന്നെയും നികുതിയാണല്ലോ ചുമത്തുന്നത്. പ്രളയ ദുരിതബാധിതരുടെപേരിൽ ഈ പ്രതിസന്ധി കാലഘട്ടത്തിലും കേരളത്തിലെ ജനങ്ങളുടെമേൽ നികുതി ചുമത്തുകയാണല്ലോ എന്നതാണ് പ്രസക്തമായ ആ ചോദ്യം. അത് ഞാൻ പറഞ്ഞുകഴിഞ്ഞു. ബഡ്ജറ്റിന് പുറത്താണ് എസ്.പി.വി. വഴി 50,000 കോടി രൂപ എടുക്കുന്നത്. അതിനൊക്കെ അധികാരം ഇപ്പോഴുമുണ്ട്. കേന്ദ്രത്തോട് ചോദിക്കേണ്ടതില്ല. ഒരു ബോഡി

കോർപ്പറേറ്റാണെങ്കിൽ പബ്ലിക് സെക്ടറിലാണെങ്കിലും റേറ്റിംഗുണ്ടെങ്കിൽ അവർക്ക് വായ്പയെടുക്കാം. പക്ഷേ, റേറ്റിംഗുണ്ടെങ്കിലും അത് ചെയ്യണമെങ്കിൽ മിനിമം നമ്മുടെ regional budget കൺസോളിഡേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണെന്നെങ്കിലും പറയാൻ സാധിക്കണം. പക്ഷേ പ്രശ്നം, കേരളത്തിലെ ബഡ്ജറ്റ് അങ്ങനെയല്ല. കഴിഞ്ഞ മൂന്ന് വർഷമായിട്ട് മാത്രമല്ല, അതിന് മുൻപുള്ള മൂന്നുവർഷം അടക്കം താഴേയ്ക്കാണ്. ഇന്നത്തെ Fiscal Responsibility and Budget Management Act-ന്റെ ചട്ടക്കൂടിൽനിന്നുകൊണ്ട് ഇത്തരത്തിലുള്ള ഒരു stimulus package നടപ്പാക്കണമെങ്കിൽ ബഡ്ജറ്റിനുള്ളിൽ fiscal consolidation-നുള്ള പരിശ്രമം നടത്തിയേതീരൂ. അതുകൊണ്ടാണ് ഒരു ശതമാനം സെസ്, അല്ലെങ്കിൽ യൂസർ ഫീ, ബാക്കിയുള്ള സർവ്വീസ് ഫീകളൊക്കെ 5 ശതമാനം വർദ്ധിപ്പിക്കുക, നാനാവിധത്തിലുള്ള അംനസ്റ്റി വഴി പണം സമാഹരിക്കുക എന്നീ വഴികൾ നോക്കുന്നത്. റവന്യൂ ഡെഫിസിറ്റ് 3 ശതമാനത്തിലെത്തിയെന്ന് പറഞ്ഞല്ലോ. അതൊരു രണ്ടര ശതമാനമായി താഴ്ത്താം. എങ്കിൽ മൂന്നിൽനിന്ന് രണ്ടരയായി. അടുത്തവർഷം ഞങ്ങൾ രണ്ടാക്കും, താഴേയ്ക്ക് പോകും, എങ്കിലേ ഞങ്ങൾ fiscal consolidation-ന്റെ പാതയിലാണെന്ന് പറയാൻ സാധിക്കുകയുള്ളൂ. അങ്ങനെ ഈ fiscal strategy നടപ്പാക്കാം.

ഡോ. എൻ. ജയരാജ് സെസ്സിനെക്കുറിച്ച് വളരെ ശ്രദ്ധേയമായ നിരീക്ഷണങ്ങൾ നടത്തി. യഥാർത്ഥത്തിൽ, he raise the discussion in this House to a new level. 22-6-2019-ലെ Economic and Political Weekly-യിൽ, Dr. Vijay L. Kelkar, അദ്ദേഹം 13-ാം ധനകാര്യ കമ്മീഷൻ ചെയർമാനായിരുന്നു, Shri V. Bhasker അതിന്റെ ജോയിന്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു. അവർ രണ്ടുപേരും കൂടി ഒരു ലേഖനം എഴുതിയിരുന്നു. In fact, he was raising the points raise in that article. He raised some relevant issues. ഇവിടെ വാദിച്ചുകഴിഞ്ഞാൽ, കേരളം ചെയ്യുന്നതുപോലെ പ്രളയ സെസ്സാണോ ഉത്തമമായ disaster financing രീതി; നിങ്ങൾ ചോദിച്ച ചോദ്യത്തിനോട് ബന്ധപ്പെട്ടുതന്നെ പറയുന്നു, നമ്മുടെ ഡിസാസ്റ്റർ മാനേജ്മെന്റിന് ഇന്നുള്ള സമ്പ്രദായങ്ങൾ എന്ത്; അതിൽ മാറ്റം വരുത്തുകയല്ലേ വേണ്ടത് എന്നുള്ളതാണ്. Disaster Management Act-ലുള്ള വിശാലമായ കാഴ്ചപ്പാടും കേന്ദ്ര സർക്കാർ ഇറക്കുന്ന ഗൈഡ്‌ലൈൻസും തമ്മിൽ വൈരുദ്ധ്യമുണ്ട്. ആ ഗൈഡ്‌ലൈൻസ് പ്രകാരം കിട്ടുന്ന പണംപോലും സംസ്ഥാനത്തിന് ചെലവഴിക്കാൻ സാധിക്കുന്നില്ല. That was what he was saying. അപ്പോൾ ഏതെല്ലാം രീതിയിൽ ഇടപെടാം; ഒന്ന്, ശ്രീ. എം. ഉമ്മർ പറഞ്ഞതുപോലെ, 10 ശതമാനമാണ് നമ്മൾ ആവശ്യപ്പെട്ടത്. ഈ വാല്യുവിന്റെ പുറത്തുള്ള 10 ശതമാനം സെസ്സല്ല. മൊത്തം നികുതിയുടെ, നമുക്ക് കിട്ടുന്ന S.G.S.T.-യുടെ 10 ശതമാനം സെസ്സായിട്ട് അധികം പിരിക്കാൻ അനുവാദം

വേണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. Group of Ministers (GoM)-നെ നിയോഗിക്കേണ്ടിവന്നത് എന്തുകൊണ്ടാണെന്നറിയാമോ; അത്തരത്തിൽ ജി.എസ്.ടി.-യുടെ മേൽ ഒരു സെസ് എന്നത് ഇന്നത്തെ നിയമത്തിൽ അനുവദനീയമല്ല. അപ്പോൾ ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ, കോമ്പൻസേഷന്റെ മുകളിൽ അഡീഷണലായി പിരിക്കാം. അപ്പോൾ കേരളത്തിന് മാത്രമല്ലല്ലോ; എല്ലാ സംസ്ഥാനത്തും വരുന്നില്ലേ; അപ്പോൾ GoM വച്ചത് ഇങ്ങനെയൊരു പ്രത്യേക നിധി വച്ച് സംസ്ഥാനങ്ങളെ രക്ഷിക്കാനും സഹായിക്കാനുംവേണ്ടി ദേശീയ തലത്തിൽ കോമ്പൻസേഷന്റെ മുകളിൽ സെസ് വച്ച് നടത്താൻ സാധിക്കുമോ എന്നുള്ളതിനാണ്. രണ്ടാമതായി, ഈ 10 ശതമാനം സെസ് ജി.എസ്.ടി.-യുടെ മുകളിൽ വരുത്താൻ പറ്റുമോ എന്നുള്ളതാണ്. അതുപോലെ നിങ്ങൾ വേറൊരു എൻ.ഡി.ആർ.എഫ്. ഉണ്ടാക്കുകയാണ്. അതിൽ എങ്ങനെയാണ് ഓരോ സംസ്ഥാനത്തിനും വീതംവയ്ക്കേണ്ടത് തുടങ്ങിയ പുതിയ മാനദണ്ഡങ്ങളുടെ പ്രശ്നം വരികയാണ്. രണ്ടുമാസം ചർച്ച ചെയ്തിട്ടും സംസ്ഥാനങ്ങൾക്ക് യോജിക്കാൻ സാധിക്കുന്നില്ല. അതിന്റേതായുള്ള പ്രശ്നങ്ങൾ ധാരാളമുണ്ട്. ജി.എസ്.ടി.-യുടെ മുകളിൽ ഒരു സെസ് ചുമത്താൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. പിന്നെ കരണീയമായിട്ടുള്ള മാർഗ്ഗം ഇതാണ്. ഈ പേപ്പറിൽ അവർ ചൂണ്ടിക്കാണിക്കുന്നുണ്ട്, അതിന്റെയൊരു ബ്ലർബ് ഞാൻ വായിക്കാം, 'The procedure for States to draw funds or accepting foreign aid for disaster relief'. അതൊരു മാർഗ്ഗമാണ്. ഇതുപോലുള്ള മാർഗ്ഗങ്ങളുണ്ട്. അതല്ലെങ്കിൽ കേരളം ആവശ്യപ്പെട്ടതുപോലെ ടാർജറ്റഡ് വായ്പകളുണ്ട്. വേൾഡ് ബാങ്കിന്റെയും എ.ഡി.ബി.-യുടെയും വായ്പകളെല്ലാം പ്രളയ പുനർനിർമ്മാണത്തിനുവേണ്ടി ടാർജറ്റഡ് വായ്പകളായിരുന്നു. അത് എഫ്.ആർ.ബി.എം. ആക്ടിന്റെ പരിധിക്ക് മുകളിലാക്കാം. ഇതൊന്നും ചെയ്യാൻ സമ്മതിച്ചിട്ടില്ല. ആകെ നമുക്കുള്ള maneuverability 1% സെസ് മാത്രമാണ്. അതാണ് യാഥാർത്ഥ്യം. നമുക്ക് നികുതിയധികാരമുണ്ടെന്ന് തെളിയിക്കാൻ ഒരവസരം കിട്ടിയെന്ന സ്പിരിറ്റിലേയല്ല ഇക്കാര്യങ്ങൾ ചെയ്തത്. ഡോ. എൻ. ജയരാജ്, എന്റെ നിലപാടുകളെ പിന്താങ്ങിക്കൊണ്ടല്ലെങ്കിലും ഇതിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചതിൽ ഞാൻ അഭിനന്ദിക്കുന്നു. അതുകൊണ്ടാണ് ധനകാര്യ ബില്ലുമായി ബന്ധപ്പെട്ട് നടന്ന നമ്മുടെ ചർച്ച ഒരു പുതിയ മാനത്തിലാണെന്ന് ഞാൻ പറഞ്ഞത്. അത്തരത്തിൽ ഒരു ശതമാനം സെസ് ചുമത്തിയാൽ, നിങ്ങൾ പറഞ്ഞ വിലക്കയറ്റംപോലുള്ള കാര്യങ്ങളെല്ലാം ഉണ്ടാകുന്നുണ്ട്. ഞാനതിന് മറുപടിയും പറഞ്ഞിട്ടുണ്ട്. ഇതിന്റെ യുക്തി ഇതാണ്. 50,000 കോടി രൂപയുടെ ഈ നിക്ഷേപപദ്ധതി മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ പലരും കരുതുന്നതുപോലെ കൈവിട്ട കളിയല്ല. അങ്ങനെ കളിക്കാൻ പറ്റില്ല. എന്തുവന്നാലും സംസ്ഥാന ബഡ്ജറ്റ് fiscal consolidation -ലേയ്ക്ക് പോകണം. അല്ലാതെ മറ്റുരീതിയിൽ ബഡ്ജറ്റിൽ വായ്പയെടുത്ത് കാര്യങ്ങൾ നടത്തിക്കൊണ്ടു

പോകാമെന്നുള്ള സമീപനം ഉത്തരവാദിത്വബോധമുള്ള ഒരാൾക്ക് സ്വീകരിക്കാൻ കഴിയില്ല. അതിന്റെ അടിസ്ഥാനത്തിലാണ് കിഫ്ബിയെക്കുറിച്ചുള്ള ഒന്നുരണ്ട് വിമർശനങ്ങൾക്ക് ഈ സന്ദർഭത്തിൽ മറുപടി പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. അങ്ങേയ്ക്ക് നല്ല വാക്സാമർത്ഥ്യമുള്ളതുകൊണ്ട് എന്തെങ്കിലും കുറഞ്ഞുകഴിഞ്ഞാൽ എന്നെ വിടില്ലെന്ന് നന്നായിട്ടറിയാം. ആദ്യവർഷം ആകെ കിട്ടിയത് 16 കോടി രൂപയാണെന്ന് പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. നിങ്ങളുടെ മണ്ഡലത്തിലെ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം-38 കോടി രൂപ, 5 കോടി രൂപയുടെ ഒരു സ്കൂൾ, ബാക്കി ഏഴോ എട്ടോ സ്കൂളുകൾക്ക് പലതോതിലുള്ള പണം ലഭിച്ചിട്ടുണ്ട്. വാട്ടർ സപ്ലൈ സ്കീം (കോട്ടയം മുനിസിപ്പാലിറ്റി)-50 കോടി രൂപ, പ്രൊമോ ട്രാൻസ്മിഷൻ മെയിൻസിലെ ട്രാൻസ്മിഷൻ ലൈനുകൾ മാറ്റാൻ- 15 കോടി രൂപ, രജിസ്ട്രേഷൻ ഓഫീസ്-7 കോടി രൂപ, ഗവൺമെന്റ് കോളേജിലെ ഇൻഫ്രാസ്ട്രക്ചർ - 8 കോടി രൂപ. ജനറൽ ആശുപത്രിയുടെ വികസനം-174 കോടി രൂപ. അങ്ങനെ മൊത്തം 297 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ചെറിയ സ്കൂളുകൾക്കുള്ളത് ഉൾപ്പെടുത്തിയിട്ടില്ല. ആരോ വന്ന് 16 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കാൻ നോക്കി, ഒന്നും നടന്നില്ല എന്നൊക്കെയാണ് അങ്ങ് പറഞ്ഞത്. എന്നാൽ അങ്ങയുടെ മണ്ഡലത്തിൽ 62 കോടി രൂപയുടെ വർക്കുകൾ തുടങ്ങിക്കഴിഞ്ഞു. 23 കോടി രൂപയുടെ വർക്കുകൾക്ക് ടെണ്ടർ അപ്രൂവലായിട്ടുണ്ട്. 174 കോടി രൂപയുടെ പദ്ധതികൾ അപ്രൈസൽ ഘട്ടത്തിലാണ്, ബാക്കിയൊന്നുമില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് തന്നില്ലായെന്ന് ഞാൻ പറയില്ല. തന്നതിനൊക്കെ എനിക്ക് നന്ദിയുണ്ട്. പക്ഷേ അവിടെ ഒരുപണിയും തുടങ്ങുന്നില്ല, അതാണ് പറഞ്ഞത്. പേപ്പർ വർക്ക് പോരല്ലോ, അവിടെ പണി തുടങ്ങണ്ടേ? കോട്ടയം വാട്ടർ സപ്ലൈ സ്കീമിനെക്കുറിച്ച് പറഞ്ഞു, അത് ബഡ്ജറ്റിൽ വകയിരുത്തിയ തുകയാണ്. അതിനുശേഷം അങ്ങ് ആ പ്രവൃത്തി കിഫ്ബിയിലേയ്ക്ക് മാറ്റിയതാണ്, നന്ദിയുണ്ട്. അങ്ങനെ മാറ്റിയാലും എനിക്ക് സന്തോഷക്കുറവില്ല. വാട്ടർ സപ്ലൈ സ്കീമിനുള്ള 50 കോടി രൂപ ബഡ്ജറ്റിൽ വച്ചിരുന്നതാണ്. അങ്ങ് ഇത് നേരെ കിഫ്ബിയിലേയ്ക്ക് മാറ്റി, ഒരു വിരോധവുമില്ല, സർക്കാർ എടുക്കട്ടെ, എന്നാൽ നടപടി തുടങ്ങണ്ടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ വച്ചത് സദുദ്ദേശ്യത്തിലാണ്. ഇവിടെയാണെങ്കിൽ ഫണ്ടിന് ബുദ്ധിമുട്ടുണ്ടാകില്ല. ആ പ്രവൃത്തി ബഡ്ജറ്റിൽ ജലരേഖയായി ഇരിക്കേണ്ട, നടക്കട്ടെ എന്നുകരുതിയാണ് ചെയ്തത്. ഏതായാലും, 62 കോടി രൂപയുടെ വർക്ക് ടെണ്ടർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. 23 കോടി രൂപയുടെ വർക്കിന്റെ ടെണ്ടറിന് അപ്രൂവലായിട്ടുണ്ട്. 174 കോടി

രൂപയുടേത് അപ്രൈസൽ സമിതി ഡി.പി.ആർ. പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഒറ്റപ്പെട്ട ചില മണ്ഡലങ്ങളിൽ ചിലപ്പോൾ കുറവായിരിക്കും, അത് രാഷ്ട്രീയ പക്ഷഭേദത്തിന്റെ അടിസ്ഥാനത്തിലല്ല. ഓവർസൈറ്റ് തുടങ്ങിയ പല കാരണങ്ങൾ കൊണ്ടാകാം. ഒരു Bipartisan position ഇതിലെടുക്കണം. രാഷ്ട്രീയ വിവേചനം കിഫ്ബി വിതരണത്തിലുണ്ട് എന്നൊരാക്ഷേപം വരാൻ പാടില്ല. നമ്മൾ ഒരുമിച്ച് നിൽക്കേണ്ട കാര്യമാണെന്ന് നല്ല ഉത്തമബോദ്ധ്യമുള്ളതുകൊണ്ടാണ് സാധാരണ ഗതിയിലുള്ള പ്രശ്നങ്ങളൊന്നുമില്ലാതെ വിതരണം ചെയ്തത്. അതാണ് യാഥാർത്ഥ്യം. ശ്രീ. കെ. എസ്. ശബരീനാഥൻ ചോദിച്ച വിഷയം നമ്മൾ ചർച്ച ചെയ്ത് കഴിഞ്ഞതാണ്. What you must understand is; ബാങ്കിൽ നിന്നും അഞ്ഞൂറും ആയിരവും കോടി രൂപ കടമെടുക്കുന്നതല്ല പ്രശ്നം. 50000 കോടി രൂപ മൊബിലൈസ് ചെയ്യുന്ന പ്രശ്നമാണ്. നമ്മൾ എല്ലാവിധ സോഴ്സുകളും ടാപ്പ് ചെയ്യണം, ഓപ്പൺ ചെയ്ത് വയ്ക്കണം. എങ്കിലേ നമുക്ക് നേടാൻ പറ്റൂ. ഉദാഹരണത്തിന്, 5000 കോടി രൂപ ദേശീയപാതാ നിർമ്മാണത്തിന് വേണമെന്നിരിക്കട്ടെ, കിഫ്ബിയിൽ 13000 കോടി രൂപ സ്ഥലമെടുപ്പിനായി മാറ്റിവച്ചിട്ടുണ്ട്. അതിൽ നിന്നും ഇങ്ങോട്ട് മാറ്റാൻ പറ്റുമോ, ബോർഡ് അംഗീകരിക്കുമോ, അംഗീകരിച്ചുകഴിഞ്ഞാൽ, അടുത്തയാഴ്ച 5000 കോടി രൂപയുടെ ഡിമാന്റ് വരികയാണ്. ഇതിനുവരുന്ന പലിശച്ചെലവ് പത്തോ ഇരുപതോ വർഷം കഴിഞ്ഞ് നടപ്പാക്കുമ്പോൾ വരുന്ന അധികച്ചെലവിനേക്കാൾ എത്രയോ കുറവായിരിക്കുമെന്ന് ഞാൻ എത്രപ്രാവശ്യം പറഞ്ഞുകഴിഞ്ഞു. ചിലതിന് 9.5% വരും, മറ്റുചിലതിന് 3.5% പലിശ മതിയാകും, ഇതെല്ലാം ചേരുമ്പോഴേയ്ക്കും നമ്മൾ ബിസിനസ്സ് മോഡലിൽ പറഞ്ഞ 9%-ത്തിൽ താഴെകൊണ്ടുനിർത്താൻ സാധിക്കണം. 50,000 കോടി രൂപയുടെ നിക്ഷേപം നടത്താൻ പരിശ്രമം ചെയ്യുന്നുവെന്ന കാര്യം ഇന്നേവരെ ആരും ചെയ്തിട്ടില്ലെന്ന് പലരും മറന്നുപോകുന്നു. അപ്പോൾ നമുക്ക് അവിടെയും ഇവിടെയും കുറച്ച് എടുത്തുകൊണ്ട് മുമ്പോട്ടുപോകാൻ കഴിയില്ല. ഇവിടെ നിയമസഭയിൽ ചർച്ച ചെയ്യുന്നതിന് എന്താണ് പ്രശ്നമുള്ളത്? കഴിഞ്ഞ ഒരു വർഷക്കാലത്തിനിടെ ഈ നിയമസഭയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ള വിഷയം കിഫ്ബിയാണ്. ഇനിയിത് കൂടുതൽ ചിട്ടയായി നമ്മുടെ സബ്ജക്ട് കമ്മിറ്റികൾ പരിശോധിക്കണം, അങ്ങനെ ചെയ്യാമല്ലോ. ആർക്കെങ്കിലും മാറണമെന്ന് വല്ല താത്പര്യവുമുണ്ടോ? നമ്മൾ എന്ത് ചർച്ച ചെയ്യപ്പെടുമ്പോഴും, I beg my prayer again, ഇവിടെ ആകെ പ്രശ്നമാണ്, തർക്കമാണ് എന്നുള്ള മെസേജ് നാളെ പുറത്തുനിന്നുള്ള നിക്ഷേപകരിലേയ്ക്ക് എത്താൻ പാടില്ല. നമ്മൾ സ്വയം ചില കാര്യങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് ഞാൻ പറയുകയാണ്. ജനകീയാസൂത്രണം ആരംഭിച്ചു, You criticise to everything, ഭരണം മാറി, ജനകീയാസൂത്രണം മാറ്റാൻ പറ്റിയോ? സാദ്ധ്യമല്ല. പുലിപ്പുറത്ത് കയറിയാൽ ഇറങ്ങാൻ പ്രയാസമാണ്. You are there, you have to sit on there. ഈ സർക്കാർ തിരിച്ചുവരട്ടെ, അല്ലെങ്കിൽ വേറെ സർക്കാർ വരട്ടെ, ഈയൊരു

സംവിധാനം നമ്മുടെ സംസ്ഥാനത്തിന് ആകെയുള്ളതാണ്, ആ ഒരു സ്പിരിറ്റിൽ കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇതിൽ മറ്റൊരു വിമർശനം വന്നത്, നികുതി കുടിശ്ശിക, സ്റ്റാമ്പ് ഡ്യൂട്ടി, പഞ്ചായത്തിനുള്ള വിനോദനികുതി എന്നിവ സംബന്ധിച്ചാണ്. ശ്രീ. അനിൽ അക്കരെ പറഞ്ഞത് ശരിയല്ല. 92-കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി. ഇന്റർ സ്റ്റേറ്റ് ഡിസ്ട്രിബ്യൂഷനിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ നിശ്ചയമായിട്ടും പരിശോധിക്കാം. ഇത് tax on tax അല്ല. ഭരണഘടനാ ഭേദഗതിയിൽ ഏതൊക്കെ നികുതിയാണ് സബ്സ്യൂം ചെയ്തിട്ടുള്ളതെന്ന് ലിസ്റ്റ് ചെയ്തിട്ടുണ്ട്. വിനോദ നികുതി അതിൽപ്പെടുന്നതല്ല. എന്നിരുന്നാലും എല്ലാ സംസ്ഥാനങ്ങളും ചേർന്ന് വിനോദ നികുതി ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ഒരു അഭിപ്രായസമന്വയമുണ്ടാകണം. കാരണം, അതുമായി ബന്ധപ്പെട്ടുള്ള ഒരുപാട് സർവ്വീസുകൾ, ഗാമ്പ്ലിംഗ്, ലോട്ടറി എന്നിവയെല്ലാം വരുമ്പോൾ ഇതുംകൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ്. നമ്മൾ പ്രൊട്ടസ്റ്റ് ചെയ്തു. പ്രൊട്ടസ്റ്റ് ചെയ്തപ്പോൾ വന്ന മറുപടി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സമാന്തരമായി ചുമത്താം, അതിന് നിയമപരമായി യാതൊരു തടസ്സവുമില്ല എന്നുള്ളതാണ്. തമിഴ്നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത് ഇതല്ലേ; തമിഴ്നാട്ടിൽ പഴയ ഇരുപത്തിയഞ്ച് ശതമാനവും ഇരുപത്തിയെട്ട് ശതമാനവും ഒരുമിച്ചുവന്നു. കേരളത്തിൽ നമ്മൾ അത് പറ്റില്ലെന്ന് തീരുമാനിച്ചു. അത് വലിയൊരു ഭാരമാണ്. അതുകൊണ്ട് ഇരുപത്തിയെട്ട് ശതമാനമേയുള്ളൂ. ഇരുപത്തിയഞ്ച് ശതമാനത്തിന് മുടക്കേണ്ട. സംസ്ഥാന സർക്കാർ നേരിട്ട് ജി.എസ്.ടി.-വരുമാനത്തിൽ നിന്ന് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകിയേയ്ക്കാം, അതുകൊടുത്തു. പോരായ്മ വല്ലതുമുണ്ടെങ്കിൽ ഇനിയും കൊടുക്കാം. അപ്പോഴാണ് ഇരുപത്തിയെട്ട് ശതമാനം പതിനെട്ട് ശതമാനമാക്കിയത്. ഇരുപത്തിയെട്ട് ശതമാനം പതിനെട്ട് ശതമാനമാക്കി കഴിയുമ്പോൾ സംസ്ഥാന വിഹിതം എത്രയാകും; 9-ശതമാനമാകും. മുപ്പതോ നാൽപതോ കോടി രൂപയേ വരുകയുള്ളൂ. 120 കോടി രൂപയെങ്കിലും ഈ വർഷം കൈമാറണം. എന്താണോ കുറവ് അതിനുള്ള കോമ്പൻസേഷൻ കൊടുത്തു കൊണ്ടിരിക്കും. അത് സഭയിൽ പറഞ്ഞിട്ടുള്ളൊരു വാക്കാണ്. അതിനിത്രയും വികാര വിക്ഷുബ്ധനാകേണ്ട കാര്യമൊന്നുമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നമുക്കെല്ലാവർക്കും പ്രതിബദ്ധതയുണ്ട്. അല്പസ്വല്പ കുറച്ചിലുകളുണ്ടായെങ്കിലും പൂർണ്ണ പ്രതിബദ്ധത സഭയ്ക്കുള്ളതാണ്. അവർക്ക് നഷ്ടം വരാത്ത രീതിയിൽ പോകണം. പക്ഷെ ഇപ്പോൾ ഒരു ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. 10-ശതമാനം നികുതി എന്നാണ് കരട് ബില്ലിലുള്ളത്. അത് not exceeding ten percent എന്നാക്കി. കാരണം, സിനിമാ സംഘടനകളുമായി ചർച്ച ചെയ്തപ്പോൾ 28 ശതമാനത്തിന് മുകളിലേയ്ക്ക് പോകില്ലെന്ന് ഉറപ്പുനൽകിയിരുന്നു. 10 ശതമാനം നികുതി ചുമത്തിയാൽ അതിനോടൊപ്പം ജി.എസ്.ടി. കൂടി വരുമ്പോൾ ഇരുപത്തിയെട്ട് ശതമാനത്തിന് മുകളിൽ പോകും. അതുകൊണ്ട് not exceeding 10 percent എന്നാക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതുവരുമ്പോൾ ഫലത്തിൽ ലോക്കൽ ബോഡിസിന് ഈ 10 ശതമാനം കിട്ടില്ലല്ലോ.

ഡോ. ടി. എം. തോമസ് ഐസക്: സർ, കിട്ടില്ല. ഒൻപത് ശതമാനം ആയേക്കാം. ബാക്കി വരുന്ന തുകയുണ്ടല്ലോ. 128-ൽ എത്രയാണെന്ന് നോക്കിയിട്ട് ബാക്കി തുക ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്യും. As a commitment made by the Government, അത് മാറാൻ ഉദ്ദേശിക്കുന്നില്ല. അതാണ് അക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. നമ്മുടെ നികുതി കുടിശ്ശിക പന്ത്രണ്ടായിരം-പതിമൂന്നായിരം കോടി രൂപയുണ്ട്. ആ തുക നമ്മുടെ ആർ.ആർ.-ലേയ്ക്ക് അയച്ചുകഴിഞ്ഞാൽ കളക്ടർമാർ ഈ കക്ഷി നിലവിലില്ല, മറ്റ് സംസ്ഥാനങ്ങളിലാണ്, ഇവിടെ ട്രെയിസ് ചെയ്യാൻ കഴിയുന്നില്ല, മരിച്ചുപോയി എന്നൊക്കെ പറയുന്നത് നോൺ-കളക്റ്റബിൾ എന്നു പറഞ്ഞാലും ഒരാളും കളക്ഷൻ ലിസ്റ്റിൽ നിന്ന് മാറ്റുകയില്ല. അത് പിന്നീട് ആക്ഷേപവും അഴിമതിയും ആയാലോ; അപ്പോൾ കേരളം രൂപീകൃതമായ കാലംമുതൽ നോൺ-കളക്റ്റബിൾ കൂടിക്കൂടി വന്നിട്ടാണ് പതിമൂന്നായിരം കോടി രൂപയായിട്ടുള്ളത്. യഥാർത്ഥത്തിൽ പുതിയ അസസ്സ്മെന്റുകളെല്ലാം പൂർത്തിയാക്കുന്നതിനുമുമ്പ് കുടിശ്ശിക യായിട്ട് വരുന്നത് നാലായിരം കോടി രൂപയാണ്. അതാണ് നമ്മുടെ കളക്റ്റബിൾ ഡിമാന്റ്. Tax administration-നെക്കുറിച്ച് പറയുകയാണെങ്കിൽ it is a totally misleading picture. അത് പിരിക്കാൻ വേണ്ടി നമ്മൾ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുകയാണ്. കളക്ടർമാരുടെ യോഗത്തിൽ ആർ.ആർ. നടപടികൾ ശക്തിപ്പെടുത്തും. നികുതി തന്നാൽ മതി. പിഴയും പലിശയുമില്ല. കെ.ജി.എസ്.ടി.-യുടെ കാര്യം നമ്മൾ പറഞ്ഞു. ഇപ്പോൾ കെ.ജി.എസ്.ടി.-യിൽ ആരാണുള്ളത്; ഒന്ന്, പെട്രോളിയം കമ്പനികൾ, പലിശയും കാര്യങ്ങളും സ്വൽപ്പം വൈകിയാണെങ്കിലും അവർ തരും. എന്തിനാണ് ആ പണം വേണ്ടെന്ന് വയ്ക്കുന്നത്; പിന്നെ വരുന്നത് ബാർ ഹോട്ടലുകളുമാണ്. ബാർ ഹോട്ടലുകളുടെ ഫുഡ് ' വാറ്റ് ആണ്. കെ.ജി.എസ്.ടി.-അല്ല. അവർ വാങ്ങിച്ച മദ്യത്തിന്റെ മേലുള്ള കുടിശ്ശിക എന്തെങ്കിലുമുണ്ടെങ്കിൽ അത് ' വാറ്റ് മാത്രമാണ്. അതിനുവേണ്ടിയിട്ടാണ് ഇപ്പോൾ പലിശ waiver വേണ്ടെന്നുള്ള ധാരണയിലെത്തിയത്. ഇതാണ് അതിന്റെ യഥാർത്ഥ്യം. സർചാർജ്ജിന്റെ കാര്യം ശരിയാണ്. ഭാഗ്യവശാൽ 140 ഫ്ളീറ്റിൽ കൂടുതലുണ്ടെങ്കിൽ അത് സർചാർജ്ജിൽ വരും. 140 വാഹനമുള്ള ഏകസ്ഥാപനം കെ.എസ്.ആർ.ടി.സി. മാത്രമാണ്. കെ.എസ്.ആർ.ടി.സി.-യെ നമ്മൾ ഒഴിവാക്കിയിരിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കിയതിനോടല്ല എതിർപ്പ് പറഞ്ഞത്. അതൊരു ആർബിട്രറിയായിട്ട് നാളെ സ്വകാര്യ ഉടമകൾ കോടതിയിൽ പോയാൽ നിലനിൽക്കുമോ; ആർബിട്രറിയായിട്ട് വരില്ലേ. കെ.എസ്.ആർ.ടി.സി.-ക്ക് രക്ഷപ്പെടാൻ കൂടുതൽ തുക കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ കെ.എസ്.ആർ.ടി.സി.-യെ ഒഴിവാക്കിയത് ദോഷമായിട്ടല്ല പറഞ്ഞത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, വേറെയാരും കേസിന് വരില്ല. വേറൊരു സ്ഥാപനവുമില്ല. കെ.എസ്.ആർ.ടി.സി. മാത്രമാണ് ഇത്തരത്തിലുള്ളൊരു ഫ്ളീറ്റ് ഓണർ. ശ്രീ. അനിൽ അക്കര വീണ്ടും കാരുണ്യ പദ്ധതിയെക്കുറിച്ചു ചോദിച്ചു. കാരുണ്യയെക്കുറിച്ച് ഞാൻ രാവിലെ പറഞ്ഞുകഴിഞ്ഞതാണ്. വീണ്ടും ഞാൻ ആവർത്തിക്കുന്നില്ല. അദ്ദേഹം പറഞ്ഞ ഒരു കാര്യം തെറ്റാണ്. ഇത് കാഷ്‌ലെസ്സാണ്. രോഗിക്കല്ല, റീ-ഇംബേഴ്സ്മെന്റ് ആശുപത്രിക്കാണ്. നേരത്തെയുള്ള ആർ.എസ്.ബി.വൈ.-യെക്കാൾ കൂട്ടിയാണ് വച്ചിരിക്കുന്നത്. നാഷണൽ ലെവലിലുള്ള കോസ്റ്റിനെക്കാൾ അല്പം കൂട്ടിയാണ് വച്ചിരിക്കുന്നത്. സമാന്തരമായിട്ട് ഓപ്പണന്റായിട്ടുള്ള കാരുണ്യ നിന്നുകഴിഞ്ഞാൽ ഒരു സ്വകാര്യ ആശുപത്രിയും ഇതിലേയ്ക്ക് വരില്ല. ഞാനിന്ന് രാവിലെ ഇവിടെ അപ്രോപ്രിയേഷൻ ബില്ലിന്റെ കാര്യത്തിൽ പറഞ്ഞതു പോലെ, that is examined. എങ്ങനെ കൂടുതൽ നന്നാക്കാൻ പറ്റുമെന്ന് നോക്കാം. 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള, എന്നാൽ ഇൻഷ്വറൻസ് സ്കീമിൽ വരാത്ത രോഗികളുടെ കാര്യത്തിൽ they are guaranteed treatment in this places. സർക്കാർ ഈ അക്രഡിറ്റഡ് ആശുപത്രികൾക്ക് compensate ചെയ്യും. ഹീമോഫീലിയ പോലുള്ള രോഗികളുടെ കാര്യം, പ്രത്യേകമായിട്ട് ആ സ്കീമിനെ കാരുണ്യ എന്നുവിളിക്കണമോ; I am not against that. പക്ഷെ ഇത്രയും വലിയ പരിപാടിക്ക് കാരുണ്യയെന്ന് പേരിടുമ്പോൾ ഇതിനെ സ്പെഷ്യൽ കേസായി എടുക്കുന്നത് നല്ലതാണെന്നാണ് എന്റെ അഭിപ്രായം. എന്തായാലും ആരോഗ്യ വകുപ്പ് ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങളെടുക്കും.

ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ വീണ്ടും ചില ആരോപണങ്ങൾ ഉന്നയിച്ചു. ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്, നമ്മൾ ടെക്നോളജി മോശമെന്ന് പറഞ്ഞ് തർക്കിക്കേണ്ട. കൊച്ചി, കോഴിക്കോട് നഗരങ്ങൾക്ക് എന്തുപറ്റിയെന്ന് എനിക്കറിയില്ല. സെപ്റ്റേജ് ട്രീറ്റ്മെന്റിന്റെ പ്രശ്നം, ആലപ്പുഴയിൽ എത്ര ശ്രമിച്ചിട്ടും ഇതുവരെ സ്ഥലം കണ്ടുപിടിക്കാൻ പറ്റിയിട്ടില്ല. അപ്പോൾ ചെയ്യാൻ പറ്റുന്ന സ്മാൾ സ്കെയിൽ പ്ലാൻ, മൊബൈൽ പ്ലാൻ, electrocoagulation രീതി പ്രായോഗികമാകും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് മാത്രമായിട്ടുള്ളത് എറണാകുളത്ത് മാത്രമേയുള്ളൂ. കൊച്ചി ഐലന്റ്, ബ്രഹ്മപുരം എന്നിവിടങ്ങളിലാണ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് കേരളത്തിലാകെ നടക്കുന്നത്. മറ്റുള്ളത് സ്വീവറേജും-സെപ്റ്റേജും കൂടിയുള്ളതാണ്. ഇന്ത്യയിൽ തന്നെ ഏറ്റവും മനോഹരമായ, നല്ല രീതിയിൽ നടക്കുന്ന പ്ലാന്റ് ബ്രഹ്മപുരത്തുള്ളതാണ്. അതിന്റെ ടെക്നോളജിയാണ് ഏറ്റവും ലേറ്റസ്റ്റായിട്ടുള്ളത്. മറ്റേത് ചെറിയ ചെറിയ ഹോസ്പിറ്റലുകൾക്കുള്ള ടെക്നോളജിയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, എനിക്ക് അക്കാര്യത്തിൽ സർവ്വവിജ്ഞാനമൊന്നുമില്ല. പക്ഷേ, ഈയൊരു context-ൽ ഇത് ഫലപ്രദമാണെന്ന് കണ്ടു. ചെറുകിട പ്ലാന്റുകൾക്ക് വളരെ അനുയോജ്യവുമാണ്. അക്രഡിറ്റേഷൻ കൊടുത്ത് കാര്യങ്ങളെക്കുറിച്ചൊക്കെ പരിശോധന വേണമെങ്കിൽ ബന്ധപ്പെട്ട വകുപ്പ് നിശ്ചയമായും open minded ആയി അക്കാര്യങ്ങളൊക്കെ പരിശോധിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, I have quoted the report of the technical committee. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടാണ് ഞാൻ ക്വാട്ട് ചെയ്തത്. അതിനേക്കാൾ കേരളത്തിൽ ഏത് വലിയ എക്സ്പെർട്ടൈസാണുള്ളത്? ഒരു എക്സ്പെർട്ട് കമ്മിറ്റിയെ ഇക്കാര്യത്തിൽ നിയമിച്ചിട്ടുണ്ട്. ആ എക്സ്പെർട്ട് കമ്മിറ്റിയുടെ കൺവീനർ കൊടുത്തിരിക്കുന്ന കത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. This is not a feasible project. ഇത് ഇന്ത്യയിലെങ്ങും കാണുന്ന സംഭവമല്ല. ഇത് ചെറിയ കാര്യങ്ങൾക്ക് ചെയ്യുന്നതാണ്. അതുകൊണ്ട് ഇത് feasible അല്ലെന്നുള്ള റിപ്പോർട്ടാണ് ഞാൻ ഇവിടെ വായിച്ചത്. അതിനേക്കാൾ വലിയ എക്സ്പെർട്ടൈസ് ഇവിടെ കേരളത്തിൽ വേറെ ഏതാണ്? അല്ലെങ്കിൽ you appoint another technical committee.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചീഫ് എഞ്ചിനീയർ ഏത് ഡിസിപ്ലിനിലുള്ള ചീഫ് എഞ്ചിനീയറാണ്? അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം എന്തിലാണ്? എൽ.എസ്.ജി.ഡി.-യുടെ ചീഫ് എഞ്ചിനീയറുടെ വൈദഗ്ദ്ധ്യം നിർമ്മാണ പ്രവർത്തനത്തിലല്ലേ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, The mission appointed a technical committee. There are so many other technical members.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അത്തരത്തിൽ ഒന്ന് വയ്ക്കുമ്പോൾ ഇതിനേക്കാൾ മെച്ചപ്പെട്ട കമ്മിറ്റി വച്ച് പരിശോധിച്ചെന്ന് വരും. But anyway, ഇതിനൊന്നും ശാഠ്യമൊന്നുമില്ല. കാരണം, ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം ഇങ്ങനെ സെപ്റ്റേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഊർജ്ജിതമായിട്ടുള്ള ഒരു പരിപാടി അംഗീകരിച്ച് നടപ്പാക്കുകയാണ്. എവിടെയൊക്കെ സെപ്റ്റേജ് പ്ലാന്റ് വയ്ക്കാൻ പറ്റുമോ അവിടെയെല്ലാം സെപ്റ്റേജ് പ്ലാന്റ് ഉണ്ടാക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുകയാണ്. ഇതെല്ലാം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് പരിശോധിക്കും. അവസാനമായി ഒരു ചോദ്യം വന്നത്, പ്രളയത്തിനുവേണ്ടി കിട്ടിയിട്ടുള്ള പണം ചെലവഴിക്കാൻ ബാക്കി എത്രയുണ്ട്, സെസ് എന്താണ് തുടങ്ങിയവയെപ്പറ്റിയാണ്. ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ മറുപടി പറഞ്ഞുകഴിഞ്ഞതാണ്. അതിന്റെ വിശദാംശങ്ങൾ മുഴുവൻ ഞാൻ വായിക്കുന്നില്ല. CMDRF-ലേയ്ക്ക് ആകെ

വന്നിട്ടുള്ളത് 4,196 കോടി രൂപയാണ്. അതിന്റെ ബ്രേക്ക് അപ് വേണമെങ്കിൽ സഭയിൽ ലഭ്യമാക്കാവുന്നതാണ്. ഇതിൽ വിവിധ ഇനങ്ങളിലായി ആശ്വാസ ധനസഹായം, വീടിനുള്ള നഷ്ടപരിഹാരം, കെയർ ഹോം പ്രോജക്ടിനുവേണ്ടി നൽകിയത്, കർഷകാനുകൂല്യങ്ങൾ, മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിയത് തുടങ്ങിയവയെല്ലാം കഴിഞ്ഞ് രണ്ടായിരത്തോളം കോടി രൂപ ബാക്കിയുണ്ട്. അതിൽ 887 കോടി രൂപ committed ആണ്. ബാക്കി തീരദേശ പുനരധിവാസത്തിന് 1800 കോടി രൂപയുണ്ട്. മലയോരപ്രദേശങ്ങളിൽ മണ്ണിടിച്ചിലിന് വിധേയമാകുന്ന, അപകടസ്ഥലങ്ങളിലുള്ളവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 2000 കോടി രൂപ വേണ്ടേ? അതിനുപുറമേയാണ് നമ്മുടെ ഗ്രാമീണ റോഡുകൾ. അതുകൊണ്ട് ഒരുപാട് പണം സർക്കാരിന്റെ കയ്യിലിരിക്കുകയാണ്, എന്നിട്ടും ജനങ്ങളെ പിഴിയാൻ പോകുന്നു എന്നുള്ള രീതിയിൽ അതിനെ എടുക്കരുത്.

ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾക്കൊക്കെ ഞാൻ മറുപടി നൽകിക്കഴിഞ്ഞുവെന്ന് കരുതുന്നു. ഇനി clause by clause-ലേയ്ക്ക് പോകാം.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഇ. കെ. വിജയൻ അവതരിപ്പിച്ച 2 ബി നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2019-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

<u>Shri N. A. Nellikkunnu</u>: Sir, I move the following amendments :

109. In Clause 2, the word and symbols " namely:-" shall be deleted.

110. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, the word " thereunder" shall be deleted.

<u>Shri P. Ubaidulla</u>: Sir, I move the following amendment :

111. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the words " any court" the word " court" shall be substituted.

<u>Shri K. N. A. Khader:</u> Sir, I move the following amendments :

112. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the words " who is in" the words " against whom" shall be substituted.

113. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " due" the word " pending" shall be substituted.

119. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " reduction" the word " exemption" shall be substituted.

123. In section 3A (2) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " reduction" the word " exemption" shall be substituted.

134. In section 3A(5) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, after the word " option" the words " in the prescribed form" shall be inserted.

143. After the proviso to the section 3A(5) proposed to be inserted in the Kerala Surcharge on Taxes Act, 1957 by Clause 2, the following proviso shall be added :

" Provided further that with respect to demands which are not cleared on 31st March, 2020, the assessing authorities shall have the power to collect the pending amount without any exemption and shall initiate revenue recovery proceedings against such assessee which will then be binding on the revenue authorities and such assessee shall not be allowed further to settle the pending amount with reduction under the provisions of this Act" .

146. In section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " dealer" the word " assessee" shall be substituted wherever it occurs.

156. In the proviso to section 3A(8) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, after the word " paid" the words " or deposited" shall be inserted.

Shri Anwar Sadath: Sir, I move the following amendment :

117. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the words " a complete" the figures and symbol " 25%" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment :

118. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the words " a complete" the figures and symbol " 50%" shall be substituted.

Shri M. Ummer: Sir, I move the following amendments :

20. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, delete the word " interest"

122. In section 3A(1) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, the words " and on the penalty amount" shall be deleted.

130. In section 3A (2) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, the words " and such assessees shall not be liable for payment of any collection charges" shall be deleted.

144. In section 3A(6) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " date" substitute the words " last day of the month" .

148. In section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " six" substitute the word " nine" .

153. In section 3A(8) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " proof" substitute the word " receipts" .

157. The section 3A(9) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, shall be deleted.

Shri T. V. Ibrahim: Sir, I move the following amendment.

121. In section 3A(1) proposed to be inserted in the Kerala Surcharge on Taxes Act, 1957 by Clause 2, for the words " on the penalty" the word " penalty" shall be substituted.

On behalf of Shri P. K. Basheer, (Shri N. A. Nellikunnu): Sir, I move the following amendments.

124. In section 3A (2) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, the word " those" shall be deleted.

137. In section 3A(5) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the figures, letters and word " 30th September" the figures, letters and word " 31st December" shall be substituted.

Shri Abdul Hameed P. : Sir, I move the following amendments :

126. In section 3A (2) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause (2), the words " and the assessing authorities shall have the power to collect such amounts on settlement under sub-section (1) and where the amount is settled under sub-section (1), the assessing authorities shall withdraw the revenue recovery proceedings against such assessees which will then be binding on the revenue authorities and such assessees shall not be liable for payment of any collection charges" shall be deleted.

131. Section 3A(3) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2 shall be deleted.

133. In section 3A(4) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, the words " including surcharge and penalties" shall be deleted.

145. In section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause (2), the words " and other amounts due from the dealer under sub-section (1)" shall be deleted.

150. In section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " six" the word " ten" shall be substituted.

154. In section 3A(8) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2,

(1) For the words " of payments" the words " of such payments" shall be substituted

(2) Delete the words " in this regard" .

155. The proviso to section 3A(8) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, shall be deleted.

Shri Anoop Jacob: Sir, I move the following amendment :

142. In the proviso to section 3A(5) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " completed" the word " made" shall be substituted.

Shri. Sunny Joseph: Sir, I move the following amendment :

147. In section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957 by Clause 2, for the word " six" substitute the word " eight" .

Shri Manjalamkuzhi Ali: Sir, I move the following amendment :

152. In section 3A(7) proposed to be inserted in the Kerala Surcharge on Taxes Act, 1957 by Clause 2, the following proviso shall be added.

" The assessing authority shall determine the number of instalments admissible to each dealer on receipt of the option."

മി. സ്പീക്കർ: 138-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും 139-ാം നമ്പർ ഭേദഗതി 137-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 150-ാം നമ്പർ ഭേദഗതിക്കും 158-ാം നമ്പർ ഭേദഗതി 157-ാം നമ്പർ ഭേദഗതിക്കും 160-ാം നമ്പർ ഭേദഗതി 159-ാം നമ്പർ ഭേദഗതിക്കും സമാനമായതിനാൽ 138, 139, 149, 158, 160 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 109, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 112, 113, 119, 123, 134, 143, 146, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 120, 122, 130, 144, 148, 153, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 124, 137 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 126, 131, 133, 145, 150, 154, 155 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

Shri T. V. Ibrahim : Sir, I move the following amendments:

162. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " eighteen" substitute the word " nine" .

169. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " eighteen" substitute the word " fifteen" .

180. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, the words " and two percent processing charge" shall be deleted.

Shri V. K. Ebrahim Kunju :Sir, I move the following amendments:

165. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " eighteen" substitute the word " twelve" .

184. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " two" substitute the words " one and a half" .

Shri M. Vincent : Sir, I move the following amendment:

167. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " eighteen" substitute the word " thirteen" .

Shri K. C. Joseph : Sir, I move the following amendment:

171. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the words " eighteen per cent simple interest per annum and two" substitute the words " twelve per cent simple interest per annum and one" .

Shri P. T. Thomas : Sir, I move the following amendment:

172. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the words " eighteen per cent simple interest per annum and two" substitute the words " fourteen per cent simple interest per annum and one" .

173. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the words " eighteen per cent simple interest per annum and two percent processing charge" substitute the words " thirteen per cent simple interest per annum and one percent processing charge or in any other name" .

Shri M. Ummer : Sir, I move the following amendments:

178. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, after the word " simple" the words " and compound" shall be inserted. 178, 186

186. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the words " two percent processing charge" substitute the words " an amount of one hundred rupees up to loan amount of fifty thousand and two hundred rupees for loan amount in excess of fifty thousand as processing charge."

On behalf of Dr. M. K. Muneer, (Shri P. Ubaidulla) -Sir, I move the following amendment:

183. In section 7(1) proposed to be substituted in the Kerala Money-Lenders Act, 1958 by Clause 3, for the word " two" substitute the word " one" .

സർ, ഫിനാൻസ് ബില്ലിലെ മൂന്നാം വകുപ്പിൽ, Kerala Money-Lenders Act, 1958-ന്റെ 7(1) ഉപവകുപ്പിൽ പുതുതായി ചേർത്ത ഭേദഗതി പ്രകാരം ഏത് വായ്പയോടൊപ്പവും രണ്ട് ശതമാനം പ്രോസസിംഗ് ചാർജ്ജ് നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഒറിജിനൽ ബില്ലിൽ രണ്ട് ശതമാനം പ്രോസസിംഗ് ഫീ എന്ന ക്ലോസ് ഉണ്ടായിരുന്നില്ല. അത് പിന്നീട് കൂട്ടിച്ചേർത്തതാണ്.

മി. സ്പീക്കർ: അങ്ങ് ഇപ്പോൾ പറഞ്ഞത് 179-ാം ഭേദഗതി സംബന്ധിച്ചല്ലേ? അത് ശ്രീ. ടി. വി. ഇബ്രാഹിം മൂവ് ചെയ്ത 180-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ഇതിലൂടെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് ജനങ്ങളെ സംഘടിതമായും നിയമപരമായും കൊള്ളയടിക്കുന്നതിനുള്ള അവസരം ഒരുക്കുകയാണ്. ഉദാഹരണത്തിന്, ഒരു സ്വകാര്യ പണമിടപാട് സ്ഥാപനത്തിൽനിന്ന് ഒരു പാവപ്പെട്ട കർഷകൻ സ്വർണ്ണം പണയം വച്ച് പതിനായിരം രൂപ വായ്പ എടുത്തുവെന്ന് വിചാരിക്കുക. അതിന് പതിനെട്ട് ശതമാനം പലിശയാണ് വർഷത്തിൽ കൊടുക്കേണ്ടത്. അങ്ങനെയാകുമ്പോൾ 1,800 രൂപ വേണം. മാസത്തിൽ 180 രൂപ പലിശ കിട്ടും. എന്നാൽ ഒരു മാസം കഴിയുമ്പോൾ ഈ ലോൺ തിരിച്ചടയ്ക്കുമ്പോൾ പലിശയേക്കാൾ കൂടുതൽ പ്രോസസിംഗ് ഫീയായി തുക അടയ്ക്കേണ്ട സ്ഥിതിയാണുള്ളത്. ഇത് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾക്ക് അവസരമൊരുക്കുകയാണ്. ഇത് പകൽക്കൊള്ളയാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ വഴിവിട്ട് സഹായിക്കുന്നതിനുള്ള നീക്കമാണ് ഇതിലൂടെ നടത്തുന്നത്. 179-ാം നമ്പർ ഭേദഗതി അംഗീകരിച്ചാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതും ജനങ്ങളെ കൊള്ളയടിക്കുന്നതിൽ നിന്ന് രക്ഷിക്കാനും സാധ്യമാകും. അതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാൻ കഴിയില്ല. യഥാർത്ഥത്തിൽ ഇത് സബ്ജക്ട് കമ്മിറ്റിയിലെ ഒരു കൺസെൻസസ്സിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 162, 169, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 165, 184 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 172, 173 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 178, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ എം. കെ. മുനീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri Abdul Hameed. P. : Sir, I move the following amendments:

188. Clause 4(1)(a) shall be deleted.

195. In section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), the following shall be added at the end; " Disciplinary action shall be initiated against concerned registering officer under whose supervision such a wrong registration is made" .

204. In the entry in column (3) in clause (c) against serial number 5 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(a)(i), for the word " One" the word " Half" shall be substituted.

Shri Anoop Jacob : Sir, I move the following amendments:

189. In the Explanation to section 2 (f) proposed to be inserted in the Kerala Stamp Act 1959, by Clause 4(1)(a), for the words " attribution of" substitute the words " digitally authenticated" .

203. In section 33A(2) proposed to be insert in the Kerala Stamp Act, 1959 by Clause 4(3), insert the word " District" between the words " the" and " Collector" .

213. In the entry in column (3) against item (1) of serial number 6 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6) (b), for the word " ten " substitute the word " five" .

223. In the entry in column (2) against the item A (a) of Serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " lakhs" substitute the word " lakh" .

229. In the entry in column (2) against item A (b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " lakhs" substitute the word " lakh" .

233. In the entry in column (3) against item A (b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " lakhs" substituted the word " lakh" .

236. In the entry in column (3) against item B in serial number 35B of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " transferor" the word " transferors" shall be substituted.

247. In the entry in column (3) against item (b) in serial number 48 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(f), for the words " One thousand" the words " Five hundred" shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendment:

190. In the Explanation to section 2 (f) proposed to be inserted in the Kerala Stamp Act, 1959 by Clause 4(1)(a), for the word " record" the word " records" shall be substituted.

Shri M. Ummer : Sir, I move the following amendments:

192. In section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), " through mistake or otherwise" shall be deleted.

193. In section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), for the words " any registering officer" the words " Assistant Commissioner (Stamps)" shall be substituted.

194. In section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), the words " On failure to produce such original instrument by the party, a true copy of such instrument taken out from the registration record shall, for all purposes of this section, be deemed to be the original of such instrument" shall be deleted.

Shri K. N. A. Khader : Sir, I move the following amendments:

196. In the proviso to section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), for the word " ten" the word " five" shall be substituted.

200. In section 33A (2) proposed to be substituted in the Kerala Stamp Act, 1959 by Clause 4(3), the word " deficit" shall be deleted.

209. In the entry in column (2) against serial number 6 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the word " an" the word " any" shall be substituted.

245. In the entry in column (3) against item (b) in the serial number 48 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(f), for the words " Rupees One thousand" the words " Five Hundred rupees" shall be substituted.

Shri Anwar Sadath : Sir, I move the following amendments:

197. In the proviso to section 33A (1) proposed to be inserted in the Kerala Stamp Act, 1959 by Clause 4(3), for the word " ten" the word " thirteen" shall be substituted.

215. In the entry in column (3) against item (2) in serial number 6 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the words " rupees two hundred and a maximum of rupees ten thousand" the words " rupees three hundred and a maximum of rupees twenty thousand" shall be substituted.

243. In the entry in column (3) against item (b) in the serial number 48 of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(f), for the words, figures and symbol " 0.1 percent of the amount set forth in the instrument subject to a maximum of rupees one thousand" substitute the words, figures and symbol " 0.05 percent of the amount set forth in the instrument subject to a maximum of rupees four hundred" .

Shri K. C. Joseph : Sir, I move the following amendments:

205. In the entry in column (3) in clause (c) against serial number 5 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(a)(i), for the figures " 1000" the figures " 2000" shall be substituted.

230. In the entry in column (3) against item A (b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " one" the word " two" shall be substituted.

Shri Thiruvanchoor Radhakrishnan : Sir, I move the following amendments:

207. In the entry in column (3) in clause (c) against serial number 5 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(a)(i), for the figures " 1000" the figures " 4000" shall be substituted.

216. In the entry in column (3) against item (3) of serial number 6 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6) (b), for the words " one thousand" the words " three hundred " shall be substituted.

Shri Eldose P. Kunnapillil : Sir, I move the following amendments:

210. In the entry in column (3) against item (1) in serial number 6 of THE SCHEDULE proposed to be substituted in the Kerala

Stamp Act, 1959 by Clause 4(6)(b), for the words " rupees two hundred and a maximum of rupees ten thousand" the words " rupees three hundred and a maximum of rupees twenty thousand" shall be substituted.

225. In the entry in column (3) against item A (a) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " one" substitute the word " six" .

239. In the entry in column (3) against item C(a) of serial number 35B of THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the figures " 200" substitute the figures " 1000" .

Shri M. Vincent : Sir, I move the following amendments:

211. In the entry in column (3) against item (1) in serial number 6 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the words " rupees two hundred and a maximum of rupees ten thousand" the words " rupees three hundred and a maximum of rupees thirty thousand" shall be substituted.

222. In the entry in column (3) in clause (c) against serial number 10 in THE SCHEDULE proposed to be substituted in Kerala Stamp Act, 1959 by Clause 4(6) (c), for the words and figures " 5000 and a maximum of rupees 25 lakhs" the words and figures " 15000 and a maximum of rupees 30 lakhs" shall be substituted.

227. In the entry in column (2) against the item A (b) of serial number 35 B in the SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " ten" substitute the word " five" .

Shri Sunny Joseph : Sir, I move the following amendments:

212. In the entry in column (3) against item (1) in serial number 6 of THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6)(b), for the words " rupees two hundred and a maximum of rupees ten thousand" the words " rupees five hundred and a maximum of rupees twenty thousand" shall be substituted.

224. In the entry in column (3) against the item A (a) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " one" substitute the word " five" .

235. In the entry in column (3) against item B of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959, by Clause 4(6)(d), for the figure " 4" substitute the figure " 6" .

Shri P. T. Thomas : Sir, I move the following amendments:

220. In the entry in column (3) in clause (c) against serial number 10 in THE SCHEDULE proposed to be substituted in the Kerala Stamp Act, 1959 by Clause 4(6) (c), for the figures " 5000" the figures " 10000" shall be substituted.

232. In the entry in column (3) against item A (b) of serial number 35 B in THE SCHEDULE proposed to be inserted in the Kerala Stamp Act, 1959 by Clause 4(6)(d), for the word " ten" substitute the word " twenty" .

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 209-ാം നമ്പർ ഭേദഗതിയിൽ " an" എന്നതിനുപകരം "any" എന്നത് സ്വീകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 223, 233 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. അതുപ്രകാരം " lakhs" എന്നുള്ളതിന് " lakh" എന്നുമാത്രമാണ് വേണ്ടത്.

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 223, 233 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 188, 195, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 190-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 192, 193, 194 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 197, 215, 243 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 205, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 207, 216, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 210, 225, 239 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 211, 222, 227 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 212, 224, 235 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 220, 232 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

Shri Manjalamkuzhi Ali : Sir, I move the following amendment:

248. In the entry in column (2) against item (i) of clause (iii)(C)(c) of Article 3 in SCHEDULE II, proposed to be substituted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, for the word " case" the word " cases" shall be substituted.

Shri Sunny Joseph :Sir, I move the following amendment:

251. In the entry in column (3) against item (i) of clause (iii)(C)(c) of Article 3 in SCHEDULE II, proposed to be substituted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, for the figure " 2 " the figure " 1.5 " shall be substituted.

Shri Anoop Jacob : Sir, I move the following amendment:

252. In the entry in column (3) against item (i) of clause (iii)(C)(c) of Article 3 in SCHEDULE II, proposed to be substituted in the Kerala Court Fees and Suits Valuation Act, 1959 by Clause 5,

1. for the figure " 2" the figure " 1.5" shall be substituted.

2. for the word " twenty" the word " fifteen" shall be substituted.

Shri Eldose P. Kunnapillil : Sir, I move the following amendment:

254. In the entry in column (3) against item (ii) of clause (iii)(C)(c) of Article 3 in SCHEDULE II, proposed to be substituted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, for the figure " 5 " the figure " 3 " shall be substituted.

Shri M. Vincent : Sir, I move the following amendment:

255. In the entry in column (3) against item (ii) of clause (iii)(C)(c) of Article 3 in SCHEDULE II, proposed to be substituted in the Kerala Court Fees and Suits Valuation Act, 1959 by Clause 5, for the figure " 5 " the figure " 4 " shall be substituted.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 252-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

Shri T. V. Ibrahim : Sir, I move the following amendment :

266. In the proviso to section 3 proposed to be inserted in the Kerala Local Authorities Entertainments Tax Act, 1961 by Clause 6(ii), for the word " ten" substitute the word " eight" .

Shri P. T. Thomas : Sir, I move the following amendment:

268. In the proviso to section 3 proposed to be inserted in the Kerala Local Authorities Entertainments Tax Act, 1961 by Clause 6 (ii), for the words " ten percent" the words and symbol " four percent and the state shall make sure that the GST amount collected from entertainment is duly passed on to the local bodies," shall be substituted.

Shri Anwar Sadath : Sir, I move the following amendment :

270. In the proviso to section 3 proposed to be inserted in the Kerala Local Authorities Entertainments Tax Act, 1961 by Clause 6 (ii), for the words " ten percent" the words and symbol " seven percent and the state shall make sure that the GST amount collected from entertainment is duly passed on to the local bodies," shall be substituted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 266-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 270-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

Shri Thiruvanchoor Radhakrishnan : Sir, I move the following amendments :

272. Clause 7(1) shall be deleted.

292. In section 23 B(7) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for " March, 2020" , " December, 2019" shall be substituted.

Shri Abdul Hameed. P. : Sir, I move the following amendments :

279. In section 23B (1)(i) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the figures "2005" substitute the figures "2008".

280. In section 23B (1)(ii) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the figures, symbol and words "2005 to 31st March, 2018" substitute the figures, symbol and words "2008 to 31st March, 2019".

283. In section 23B(2) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(3), the words "revenue recovery proceedings have been initiated" shall be deleted.

284. Section 23B(3) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(3), shall be deleted.

286. In section 23B(5) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), the word "September" shall be substituted with the word "December".

290. In section 23 B(7) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the word "six" substitute the word "ten"

295. In section 23 B(9) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), shall be deleted.

Shri K. N. A. Khader : Sir, I move the following amendment :

274. In the proviso to section 5(2) (ii) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(1), for the word "leviable" the word "levied" shall be substituted.

Shri V. K. Ebrahim Kunju : Sir, I move the following amendment :

275. In the proviso to section 5(2) (ii) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(1), after the word "Government" insert the words "of Kerala".

On behelf of Dr. M. K. Muneer Shri P. Ubaidulla : Sir, I move the following amendment :

276. In the proviso to section 5(2) (ii) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(1), after the words " for the" insert the word " financial" .

Shri V. D. Satheesan : Sir, I move the following amendment :

277. Clause 7(2) shall be deleted.

Shri P. Ubaidulla : Sir, I move the following amendment :

278. In the proviso to section 7 proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(2), after the word " Government" insert the words " of Kerala" .

Shri M. Ummer : Sir, I move the following amendment :

281. In section 23B (1)(ii) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), the word and figures " 31st March, 2018" shall be substituted with the word and figures " June 30,2017" .

Shri Anoop Jacob : Sir, I move the following amendments.

282. In section 23B(1)(ii) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), after the word " interest" the word " thereon" shall be inserted.

288. In the proviso to section 23(B)(5), proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the word " completed" substitute the words " made on or" .

294. In the proviso to section 23 B(8) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the words " its interest" substitute the words " interest thereon" .

Shri Manjalamkuzhi Ali : Sir, I move the following amendments.

285. In section 23(B)(4) proposed to be inserted in the Kerala General Sales Tax Act, 1963 by Clause 7(3), the words " a year" shall be substituted with the words " one or more consecutive years" .

293. In section 23 B(8) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3), for the words " proof of payments" the words " proofs of payment" shall be substituted.

Shri K. C. Joseph : Sir, I move the following amendments.

287. In the proviso to section 23B(5) proposed to be substituted in the Kerala General Sales Tax Act, 1963 by Clause 7(3) for the figures " 30" the figures " 15 " shall be substituted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അനൂപ് ജേക്കബിന്റെ 294-ാം നമ്പർ ഭേദഗതി, 'its interest' എന്നതിനുപകരം ....'interest thereon' എന്ന ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 272, 292 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. അബ്ദുൽ ഹമീദ് അവതരിപ്പിച്ച 279, 280, 283, 284, 286, 290, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 274-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 275-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 281-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 282, 288 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 285, 293 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 287-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

<u>Shri Abdul Hameed. P.</u> : Sir, I move the following amendments :

296. In section 5A(1) proposed to be substituted in the Kerala Building Tax Act, 1975 by Clause 8(1), for the figures " 278. 7" the figures " 380" shall be substituted.

297. In section 5A(1) proposed to be substituted in the Kerala Building Tax Act, 1975, by Clause 8(1), for the figures " 1999" the figures " 2015" shall be substituted.

299. In section 5A(1) proposed to be substituted in the Kerala Building Tax Act, 1975 by Clause 8(1), the symbol " " " shall be added at the end of the sentence.

301. In the entry in column (2) against Sl. No. 1 of the TABLE in SCHEDULE II proposed to be inserted in the Kerala Building Tax Act, 1975 by Clause 8(2), for the figures " 278.7" the words and figures " 380" shall be substituted.

302. In the entry in column (2) against Sl. No. 2 of the TABLE in SCHEDULE II proposed to be inserted in the Kerala Building Tax Act, 1975 by Clause 8(2), for the figures " 278.7 " the figures " 380 " shall be substituted.

Shri M. Ummer : Sir, I move the following amendment :

298. In section 5A(1) proposed to be substituted in the Kerala Building Tax Act, 1975 by Clause 8(1), for the figures " 1999" the figures " 2013" shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendment :

300. In the heading of column (2) of the TABLE in SCHEDULE II proposed to be inserted in the Kerala Building Tax Act, 1975 by Clause 8(2), the word " Limit" shall be deleted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അബ്ദുൽ ഹമീദ് പി., അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതിയിൽ മൂന്ന് ക്വട്ടേഷൻ മാർക്ക് വന്നിട്ടുണ്ട്. ഭേദഗതിയോടുകൂടി closing quotation സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 299-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു. 296, 297, 301, 302 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 298-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

Shri Abdul Hameed. P. : Sir, I move the following amendment :

309. In section 25 proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 9(1), for the word "forty" substitute the word "thirty".

Shri M. Ummer : Sir, I move the following amendment :

310. The proviso to section 25 proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 9(1), shall be deleted.

Shri Manjalamkuzhi Ali : Sir, I move the following amendment :

311. In the proviso to section 25 proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 9(1), before the word "vehicles" insert the word "transport".

Shri T. V. Ibrahim : Sir, I move the following amendment :

313. In the proviso to section 25 proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 9(1), for the words "State Transport Undertaking" substitute the words "Kerala State Road Transport Corporation and Kerala Urban Road Transport Corporation".

Shri N. A. Nellikkunnu : Sir, I move the following amendment :

314. In the proviso to section 25 proposed to be substituted in the Kerala Motor Vehicles Taxation Act, 1976 by Clause 9(1), for the word "Undertaking" substitute the word "Undertakings".

Shri K. C. Joseph : Sir, I move the following amendment :

316. In the entries in column (3) under the heading "ONE TIME TAX" in Annexure-I proposed to be substituted in the Kerala Motor Vehicles Taxation Act, 1976 in serial number A by Clause 9(2),–

(i) against item 1, for the figure "9" substitute the figures "8.5";

(ii) against item 2, for the figures " 11" substitute the figures " 10.5" ;

(iii) against item 2A, for the figures " 21" substitute the figures " 20.5" ;

(iv) against item 4, for the figure " 7" substitute the figures " 6.5" ;

(v) against item 5, for the figure " 9" substitute the figures " 8.5" ;

(vi) against item 6, for the figures " 11" substitute the figures " 10.5" ;

(vii) against item 7, for the figures " 16" substitute the figures " 15.5" ;

(viii) against item 7A, for the figures " 21" substitute the figures " 20.5" .

മി. സ്പീക്കർ: 317, 318, 319, 320, 321, 322 എന്നീ ഭേദഗതികൾ 316-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

Shri Sunny Joseph : Sir, I move the following amendment :

323. In section 37C (1) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the word " March" the word " December" shall be substituted.

Shri Abdul Hameed. P. : Sir, I move the following amendment :

324. In section 37C (1) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the figures " 2017" the figures " 2018" shall be substituted.

On behelf of Shri P. K. Basheer Shri. N. A. Nellikunnu : Sir, I move the following amendment :

326. In section 37C (1) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the figures " 2017" the figures " 2019" shall be substituted.

Shri Eldose P. Kunnapillil : Sir, I move the following amendment :

327. In section 37C (5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the figures, letters and word " 30th September" the figures, letters and word " 31st December" shall be substituted.

Shri M. Vincent : Sir, I move the following amendment :

329. In the proviso to section 37C (5) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the figures " 30" the figures " 45" shall be substituted.

Shri P. T. Thomas : Sir, I move the following amendment :

332. In section 37C (7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the word " six" the word " eight" shall be substituted.

Shri Thiruvanchoor Radhakrishnan : Sir, I move the following amendment.

333. In section 37C (7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the word " six" the word " nine" shall be substituted.

Shri V. D. Satheesan : Sir, I move the following amendment :

334. In section 37C (7) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the word " six" the word " ten" shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendment :

337. In section 37C (8) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the words " proof of payments" the words " proofs of payment" shall be substituted.

Shri Anoop Jacob : Sir, I move the following amendment :

338. In the proviso to section 37C (8) proposed to be substituted in the Kerala Agricultural Income Tax Act, 1991 by Clause 10, for the words " its interest" the words " interest thereon" shall be substituted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 338-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

<u>Shri M. Ummer</u> : Sir, I move the following amendment :

340. In the proviso to section 25AA(1) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), the words " by adding fifty per cent" shall be deleted.

Shri V. D. Satheesan : Sir, I move the following amendment :

348. In the proviso to section 25AA(2)(a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), for the figures "20" the figures "35" shall be substituted.

Shri Anwar Sadath : Sir, I move the following amendment :

349. In section 25 AA (2) (a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), for the figures "20" the figures "40" shall be substituted.

Shri Anoop Jacob : Sir, I move the following amendments :

350. In section 25 AA (2) (a) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), after the words "per cent" add the words "of the".

351. In section 25 AA (2) (b) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), after the words "per cent" add the words "of the".

352. In section 25 AA (5) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), for the word "schedule substitute the word "scheduled".

354. In section 31 A (3) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(4), for the word "for" before the word "opting" substitute the word "before".

355. In the proviso to Section 31A (8) proposed to be substituted in the Kerala Value Added Tax Act, 2003 by Clause 11(4), for the words "its interest" substitute the words "interest thereon".

Shri Manjalamkuzhi Ali : Sir, I move the following amendment :

353. In section 25 AA (7) proposed to be inserted in the Kerala Value Added Tax Act, 2003 by Clause 11(2), the following proviso shall be inserted:

"The assessing authority shall determine the number of instalments admissible to each dealer on receipt of the option".

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. അനൂപ് ജേക്കബിന്റെ 355-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 355-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 348-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 350, 351, 352, 354 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ശ്രീ. വി. ടി. ബൽറാമിന്റെ 356-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു :

356. In Clause 12(1), for the figures, letters and word " 31st March " the figures, letters and word " 30th June" shall be substituted.

<u>Shri Sunny Joseph</u> : Sir, I move the following amendments :

358. In Clause 12(1), for the words " a complete" the figures and symbol " 30%" shall be substituted.

Shri K. C. Joseph : Sir, I move the following amendments :

359. In Clause 12(1), for the words " a complete" the figures and symbol " 35%" shall be substituted.

362. In Clause 12(5), for the figures and word " 30th September" the figures and word " 31st December" shall be substituted.

Shri Eldose P. Kunnapillil : Sir, I move the following amendments.

360. In Clause 12(1), for the words " a complete" the figures and symbol " 50%" shall be substituted.

Shri Anoop Jacob : Sir, I move the following amendments :

361. In Clause 12(3), for the word " for" the word " before" shall be substituted.

365. In the proviso to Clause 12(5), for the word " completed" the word " made" shall be substituted.

370. In Clause 12(7), for the words " and thereupon" the word " whereupon" shall be substituted.

371. In the proviso to Clause 12(8), for the words " its interest" the words " interest thereon" shall be substituted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 358-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 359, 362 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 360, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 361, 365, 370, 371 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

Shri Anoop Jacob : Sir, I move the following amendment :

372. In Clause 13(1), for the words " there under" the word " thereunder" shall be substituted.

Shri Manjalamkuzhi Ali : Sir, I move the following amendment :

379. In the proviso to Clause 13(1), after the word " assessment" the words " and return filed" shall be inserted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

Shri T. V. Ibrahim : Sir, I move the following amendments :

389. In Clause 14 (1), for the word "behalf" the word "regard" shall be substituted.

396. In Clause 14(1), for the word "notified" the word "published" shall be substituted.

398. In Clause 14(2), for the words "cess levied" the words "cess imposed" shall be substituted.

399. The heading in column (2) in the TABLE of Clause 14(2) shall be recast as follows:"Description of goods, services or both".

407. In Clause 14(3) (a), for the word "such" the word "proper" shall be substituted.

408. In Clause 14(3) (b), for the words "in such manner" the words "in proper manner" shall be substituted.

409. In Clause 14(3) (b), for the word "prescribed" the word "listed" shall be substituted.

Shri V. K. Ebrahim Kunju : Sir, I move the following amendment :

391. In Clause 14(1), for the words "providing reconstruction, rehabilitation and compensation" the words "Rebuild Kerala Initiative" shall be substituted.

Shri M. Ummer : Sir, I move the following amendment :

392. In Clause 14(1), for the words "for a period of two years" substitute the words and figures "upto 31st March, 2021".

Shri K.C. Joseph : Sir, I move the following amendment :

393. In Clause 14(1), for the words "two years" the words "one year" shall be substituted.

On behalf of Dr. M.K. Muneer, (Shri P. Ubaidulla) : Sir, I move the following amendment.

397. In Clause 14(1), after the words " notified by the " insert the word " State" .

Shri P. T. Thomas : Sir, I move the following amendment :

400. In the entry in column (3) against Sl. No.4 in the TABLE of Clause 14(2), for the figure " 1" the figures and symbol " 0.5" shall be substituted.

Shri Anoop Jacob : Sir, I move the following amendment :

410. In Clause 14(4), for the words " there under" in the last line the word " thereunder" shall be substituted.

ഡോ. ടി. എം. തോമസ് ഐസക്: സർ, ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 389, 396, 398, 399, 407, 408, 409 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 393-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 400-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

(ഭേദഗതിയില്ല)

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri T. V. Ibrahim : Sir, I move the following amendment :

102. In the enacting formula for the words " BE" the words " be" shall be substituted.

On behalf of Shri P. K. Basheer Shri. N. A. Nellikunnu: Sir, Imove the following amendment :

103. In Clause 1(1) the word " the" shall be deleted.

Shri P. Ubaidulla : Sir, I move the following amendment :

105. Clause 1(2) shall be recast as follows:

" (2) It shall come into force at once" .

Shri N. A. Nellikkunnu : Sir, I move the following amendment :

106. Clause 1(2) shall be recast as follows:

" (2) Save as otherwise provided in this Act, it shall deemed to have come into force on the 1st day of April, 2019."

Shri Abdul Hameed P.: Sir, I move the following amendment :

107. Clause 1(2) shall be recast as follows:

" (2) Save as otherwise provided in this Act, it shall deemed to have been come into force on the 1st day of April, 2019."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു; മറ്റ് ഭേഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 103-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ.............

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2019-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2019-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...................

പ്രതികൂലിക്കുന്നവർ...................

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീമതി ഗീതാ ഗോപി
17. ശ്രീ. ജോർജ് എം. തോമസ്
18. ശ്രീ. ചിറ്റയം ഗോപകുമാർ
19. ശ്രീ. സി. കെ. ഹരീന്ദ്രൻ

20. ഡോ. കെ. ടി. ജലീൽ
21. ശ്രീ. ജെയിംസ് മാത്യു
22. ശ്രീ. ജി. എസ്. ജയലാൽ
23. ശ്രീ. ഇ. പി. ജയരാജൻ
24. ശ്രീ. ജോൺ ഫെർണാണ്ടസ്
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. സി. കൃഷ്ണൻ
27. ശ്രീ. കെ. കൃഷ്ണൻകുട്ടി
28. ശ്രീ. കെ. കുഞ്ഞിരാമൻ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. വി. കെ. സി. മമ്മത് കോയ
31. ശ്രീ. എം. എം. മണി
32. ശ്രീ. മാത്യു ടി. തോമസ്
33. ശ്രീ. കെ. ജെ. മാക്സി
34. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
35. ശ്രീ. എ. സി. മൊയ്തീൻ
36. ശ്രീ. മുഹമ്മദ് മുഹസിൻ പി.
37. ശ്രീ. ഡി. കെ. മുരളി
38. ശ്രീ. മുരളി പെരുനെല്ലി
39. ശ്രീ. സി. കെ. നാണു
40. ശ്രീ. എം. നൗഷാദ്
41. ശ്രീ. യു. ആർ. പ്രദീപ്
42. ശ്രീ. എ. പ്രദീപ്കുമാർ
43. ശ്രീ. കെ. ഡി. പ്രസേനൻ

44. ശ്രീ. പുരുഷൻ കടലുണ്ടി
45. ശ്രീ. പി. ടി. എ. റഹീം
46. ശ്രീ. എം. രാജഗോപാലൻ
47. ശ്രീ. കെ. രാജൻ
48. ശ്രീ. ആർ. രാജേഷ്
49. ശ്രീ. റ്റി. വി. രാജേഷ്
50. ശ്രീ. കെ. രാജു
51. ശ്രീ. രാജു എബ്രഹാം
52. ശ്രീ. ആർ. രാമചന്ദ്രൻ
53. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
54. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
55. ശ്രീ. മുല്ലക്കര രത്നാകരൻ
56. പ്രൊഫ. സി. രവീന്ദ്രനാഥ്
57. ശ്രീ. സജി ചെറിയാൻ
58. ശ്രീ. എസ്. ശർമ്മ
59. ശ്രീ. സി. കെ. ശശീന്ദ്രൻ
60. ശ്രീ. വി. ശശി
61. ശ്രീ. ഐ. ബി. സതീഷ്
62. ശ്രീ. ബി. സത്യൻ
63. ശ്രീ. എ. എൻ. ഷംസീർ
64. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
65. ശ്രീ. വി. എസ്. സുനിൽ കുമാർ
66. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
67. ശ്രീ. കെ. സുരേഷ് കുറുപ്പ്

68. ശ്രീ. എം. സ്വരാജ്
69. ശ്രീ. പി. തിലോത്തമൻ
70. ശ്രീ. തോമസ് ചാണ്ടി
71. ഡോ. ടി. എം. തോമസ് ഐസക്
72. ശ്രീ. പി. ഉണ്ണി
73. ശ്രീമതി വീണാ ജോർജ്ജ്
74. ശ്രീ. കെ. വി. വിജയദാസ്
75. ശ്രീ. ഇ. കെ. വിജയൻ
76. ശ്രീ. പിണറായി വിജയൻ
77. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. മഞ്ഞളാംകുഴി അലി
3. ശ്രീ. അനൂപ് ജേക്കബ്
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
6. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
7. ശ്രീ. ടി. വി. ഇബ്രാഹിം
8. ശ്രീ. കെ. സി. ജോസഫ്
9. ശ്രീ. കെ. എൻ. എ. ഖാദർ
10. ശ്രീ. മോൻസ് ജോസഫ്
11. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
12. ശ്രീ. ഉമ്മൻ ചാണ്ടി
13. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

14. ശ്രീ. രമേശ് ചെന്നിത്തല

15. ശ്രീ. റോഷി അഗസ്റ്റിൻ

16. ശ്രീ. വി. ഡി. സതീശൻ

17. ശ്രീ. സണ്ണി ജോസഫ്

18. ശ്രീ. പി. ടി. തോമസ്

19. ശ്രീ. പി. ഉബൈദുള്ള

20. ശ്രീ. എം. ഉമ്മർ

21. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ: അനുകൂലിക്കുന്നവർ -77

പ്രതികൂലിക്കുന്നവർ -21

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## XIII അവകാശലംഘന പ്രശ്നങ്ങൾ

### അനുമതി നിഷേധിച്ചത്

മി. സ്പീക്കർ: പ്രളയ ദുരന്തം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 30-8-2018-ന് ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ചർച്ചയ്ക്ക് മറുപടി പറയവേ കേന്ദ്ര കാലാവസ്ഥ വകുപ്പിൽനിന്നും അതിതീവ്രമായ മഴയുണ്ടാകുമെന്ന മുന്നറിയിപ്പ് യഥാസമയം ലഭിച്ചില്ലെന്നും മുന്നറിയിപ്പുകളിൽ ന്യൂനതയുണ്ടായിരുന്നെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വസ്തുതാവിരുദ്ധമാണെന്നും ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, എം.എൽ.എ. ഒരു അവകാശലംഘന നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ 2018 ആഗസ്റ്റ് 30-ന് സഭയിൽ നടന്ന ചർച്ചയിൽ ഔദ്യോഗികമായി ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് മറുപടി നൽകിയതെന്നും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്നോ ഏതെങ്കിലും വിവരങ്ങൾ മറച്ചുവയ്ക്കണമെന്നോ ഉള്ള യാതൊരു ഉദ്ദേശവുമുണ്ടായിരുന്നില്ലായെന്നും അറിയിച്ചിരുന്നു. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവകാശലംഘനം ഉന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

പരിഗണനയിലിരിക്കുന്നത്

മി. സ്പീക്കർ: 20-5-2019-ലെ മെഡിക്കൽ കൗൺസിലിന്റെ കത്ത് പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സീറ്റ് സംവരണം അനുവദിച്ചത് സർക്കാർ മെഡിക്കൽ കോളേജുകൾക്ക് മാത്രമാണെന്നും ആയതിന് അപേക്ഷിക്കേണ്ട സമയപരിധിയാണ് പ്രസ്തുത കത്ത് മുഖാന്തരം നീട്ടിയതെന്നിരിക്കെ ഗവൺമെന്റ് ഈ കാര്യം മറച്ചുവച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും സീറ്റ് വർദ്ധനവിന് അപേക്ഷിക്കാൻ അനുമതി നൽകിയെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി നിയമസഭയെ മന:പൂർവ്വം തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചുവെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഒരു അവകാശലംഘന നോട്ടീസ് സമർപ്പിച്ചിട്ടുണ്ട്; ആയത് ചെയറിന്റെ പരിഗണനയിലാണ്.

## XIV പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, " സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് " എന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XV അവലോകനം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ 20 ദിവസം നീണ്ടുനിന്ന പതിനഞ്ചാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. അൻപത് വർഷത്തില ധികമായി നമ്മുടെ സഭയിലെ അംഗമായിരുന്ന കെ. എം. മാണിയുടെ ദേഹവിയോ ഗത്തിൽ അനുശോചനം രേഖപ്പെടുത്തി ആദ്യദിനമായ 2019 മേയ് 27-ന് സഭ പിരിയുകയാണുണ്ടായത്.

2019-2020 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകൾ വിശദമായി ചർച്ച ചെയ്ത് പാസ്സാക്കുക എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രധാന ഉദ്ദേശ്യം. 2019 മേയ് 27-ാം തീയതി ആരംഭിച്ച ഈ സമ്മേളനം ഇന്നവസാനിക്കുന്നത്

2019-ലെ കേരള ധനകാര്യബിൽ പാസ്സാക്കുന്നതുൾപ്പെടെയുള്ള ധനസംബന്ധമായ എല്ലാ നടപടികളും മാതൃകാപരമായും സമയബന്ധിതമായും പൂർത്തീകരിച്ചുകൊണ്ടാണ്. കഴിഞ്ഞ വർഷം മാർച്ച് 31-ന് മുൻപുതന്നെ ധനകാര്യ സംബന്ധമായ എല്ലാ നടപടികളും പൂർത്തീകരിക്കാൻ സഭയ്ക്ക് സാധിച്ചിരുന്നു. എന്നാൽ ഈ വർഷം ലോക്സഭ തെരഞ്ഞെടുപ്പ് പ്രക്രിയ ആരംഭിച്ചതുകാരണം വോട്ട്-ഓൺ-അക്കൗണ്ട് പാസ്സാക്കേണ്ടിവരികയും ബജറ്റ് നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയും ചെയ്തു.

പതിനഞ്ചാം സമ്മേളന കാലയളവിൽ സഭ സമ്മേളിച്ച 20 ദിവസങ്ങളിൽ 13 ദിവസം ധനാഭ്യർത്ഥന ചർച്ചകൾക്കായും 3 ദിവസം നിയമനിർമ്മാണത്തിനും 1 ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിൽ 2 ധനവിനിയോഗ ബില്ലുകൾക്കുപുറമേ കേരള പ്രൊഫഷണൽ കോളേജുകൾ (മെഡിക്കൽ കോളേജുകളിലെ പ്രവേശനം ക്രമവൽക്കരിക്കൽ) ബില്ലും സഭ പാസ്സാക്കി. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച ഒരു ദിവസം 5 സ്വകാര്യബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി. അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നീക്കിവയ്ക്കപ്പെട്ട സമയം ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിൽ നവാഗതരായ അംഗങ്ങൾ കാണിക്കുന്ന ഔത്സുക്യം അങ്ങേയറ്റം അനുകരണീയവും അഭിനന്ദനാർഹവുമാണ്.

പതിനാറ് അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകളാണ് സമ്മേളനകാലയളവിൽ സഭാതലത്തിൽ പരിഗണിക്കപ്പെട്ടത്. അതിൽ കിഫ്ബി ധനസമാഹരണത്തിന്റെ ഭാഗമായി പുറത്തിറക്കിയ മസാല ബോണ്ടുമായി ബന്ധപ്പെട്ട ദുരൂഹതമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന് ശ്രീ. കെ. എസ്. ശബരീനാഥൻ നൽകിയ നോട്ടീസ് 2019 മേയ് 28-ന് സഭ ചർച്ചചെയ്യുകയുണ്ടായി.

ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 570 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 6181 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 60 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 444 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ഒരു അടിയന്തരചോദ്യം അനുവദിക്കുകയും അതിന്മേൽ രണ്ടു ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർ അതത് ദിവസംതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കുന്നതിന് ശ്രദ്ധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു

സംരക്ഷണവും വകുപ്പുമന്ത്രി, വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവർ സമ്മേളന കാലയളവിൽത്തന്നെ തങ്ങളുടെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകി മാതൃകാപരമായി പ്രവർത്തിക്കുകയുണ്ടായി. അക്കാര്യത്തിൽ ചെയർ ബഹുമാനപ്പെട്ട മന്ത്രിമാരെ അഭിനന്ദിക്കുന്നു.

അതോടൊപ്പം 34 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 210 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ ഈ സമ്മേളന കാലയളവിൽ സഭയിൽ ഉന്നയിക്കപ്പെടുകയുണ്ടായി.

സംസ്ഥാനത്ത് ഏജന്റുമാർ മുഖേന വിൽക്കുന്ന ലോട്ടറികളുടെ ജി.എസ്.ടി. കുറച്ച് സർക്കാർ ലോട്ടറികളുടേതിന് തുല്യമാക്കാൻ നടക്കുന്ന ജി.എസ്.ടി. കൗൺസിലിന്റെ നീക്കം ഒഴിവാക്കണമെന്നും രാജ്യത്താകെ വർദ്ധിച്ചുവരുന്ന ആൾക്കൂട്ട കൊലപാതകം അവസാനിപ്പിക്കണമെന്നും ആവശ്യപ്പെടുന്ന രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഈ സമ്മേളനകാലത്ത് സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ അടൂർ പ്രകാശ്, കെ. മുരളീധരൻ, ഹൈബി ഈഡൻ, എ. എം. ആരിഫ് എന്നിവർ ഈ സമ്മേളനകാലത്ത് തങ്ങളുടെ നിയമസഭാംഗത്വം രാജിവയ്ക്കുകയുണ്ടായി.

സമ്മേളന കാലയളവിൽ സാംസ്കാരിക പരിപാടികളുടെയും സംഗീത സന്ധ്യകളുടെയും സമ്പന്നമായ അന്തരീക്ഷം ഉണ്ടായി. ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, സൂഫി സംഗീതം, ഖവാലി, നൃത്തസന്ധ്യ, ക്ലാസിക്കൽ നൃത്തം, മത്സ്യത്തൊഴിലാളി കലാസന്ധ്യ എന്നിങ്ങനെ വൈവിധ്യം നിറഞ്ഞ സമന്വയ സമൂഹത്തിന്റെ പ്രതിഫലനം ശ്രദ്ധേയമായി.

ലോകകപ്പ് ക്രിക്കറ്റ് ആവേശം ഏറ്റുവാങ്ങി കേരള പത്ര പ്രവർത്തക യൂണിയന്റെ ആഭിമുഖ്യത്തിൽ സാമാജികരും പത്രപ്രവർത്തകരും തമ്മിൽ ഇന്നലെ (3-7-2019) തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ ശ്രീ. കോവൂർ കുഞ്ഞുമോന്റെ നേതൃത്വത്തിലുള്ള സാമാജികരുടെ ടീമായ സ്പീക്കേഴ്സ് ഇലവൻ വിജയിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. സ്പീക്കേഴ്സ് ഇലവനെ വിജയിപ്പിച്ച എല്ലാ ടീം അംഗങ്ങൾക്കും ചെയറിന്റേയും സഭയുടേയും അഭിനന്ദനങ്ങൾ അറിയിക്കുകയാണ്.

സഭാസമ്മേളനം, നടപടി പൂർത്തിയാക്കി കൃത്യസമയത്തുതന്നെ പിരിയത്തക്കവിധം സമയം ക്രമീകരിക്കാൻ നിരന്തരം ശ്രമിക്കുന്നുവെങ്കിലും പലപ്പോഴും ശൂന്യവേളയിലെ നടപടിക്രമത്തിലും അംഗങ്ങളുടെ പ്രസംഗത്തിലും മന്ത്രിമാരുടെ മറുപടിയിലും സമയനിഷ്ഠ പാലിക്കുന്ന കാര്യത്തിൽ ഈ സമ്മേളനകാലത്തും വേണ്ടത്ര

വിജയിപ്പിക്കാൻ നമുക്ക് കഴിഞ്ഞില്ല. സമയനിഷ്ഠ ആന്തരികമായ ബോധ്യത്തിൽക്കൂടി സംഭവിക്കേണ്ടതാണ്. പരത്തിപ്പറഞ്ഞ് മലവെള്ളം ഒഴുക്കലല്ല, ചുരുക്കത്തിലുള്ള സൂക്ഷ്മമായ ജലസേചനമാണ് എന്തിനെയും പുഷ്കലമാക്കുക. അതിനാൽ പ്രതിഷേധങ്ങൾക്കിടയിലും ചെയർ അതിനായി ശ്രമിച്ചുകൊണ്ടേയിരിക്കും എന്ന് ഓർമ്മപ്പെടുത്തുന്നു. സമ്പൂർണ്ണമായും നിയമനിർമ്മാണത്തിനായി ഒരു പ്രത്യേക സമ്മേളനം ഉടൻതന്നെ ചേർന്നുകൊണ്ട് പ്രധാനപ്പെട്ട ബില്ലുകൾ നിയമമാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുമെന്ന് ചെയർ കരുതുകയാണ്.

പതിനഞ്ചാം സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യമാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ.. ഓർഡർ.. സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ വൈകുന്നേരം 6.12-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

**കേരള നിയമസഭാ സെക്രട്ടേറിയറ്റ് വിജ്ഞാപനം**

No.2479/Table-1/2019/Leg. Thiruvananthapuram, July 5, 2019

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനം 2019 ജൂലൈ 4-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിച്ചിരിക്കുന്നു.

In exercise of the powers conferred by the sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fifteenth Session of the Fourteenth Kerala Legislative Assembly with effect from July 4, 2019 at the conclusion of its sitting.

By order of the Governor,

C. Jos,

Secretary-in-Charge

## അനുബന്ധം

### (1) നക്ഷത്രചിഹ്നമിടാത്ത 4414-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

### തിരുവമ്പാടി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ

(4414)

ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതിയുള്ള തിരുവമ്പാടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഒന്നുംതന്നെയില്ല. ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളവയ്ക്ക് ഭരണാനുമതി ലഭിച്ചാലുടൻ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടിക്രമം പാലിച്ച് പ്രവൃത്തി ആരംഭിക്കാൻ സാധിക്കും.

20% തുക ബഡ്ജറ്റിൽ നീക്കിവച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

### 2. സബ്മിഷനുകൾക്കുള്ള മറുപടി

ഡോ. എം. കെ. മുനീർ എം.എൽ.എ.യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

ഡോ. ജേക്കബ് തോമസ് ഐ.പി.എസ്., വിജിലൻസ് ഡയറക്ടറായിരിക്കെ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പൂർണ്ണമായും കലാസാഹിത്യപരമോ ശാസ്ത്രസംബന്ധമോ അല്ലാതെ തന്റെ ഔദ്യോഗിക പദവിയിലൂടെ സ്വായത്തമാക്കിയ ഔദ്യോഗിക രഹസ്യങ്ങളും മറ്റ് വിവരങ്ങളും വെളിപ്പെടുത്തിയ കാര്യത്തിന് തിരുവനന്തപുരം ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ അനുമതിയോടെ Police Forces (Restriction of

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

Right)1966 നിയമത്തിലെ 3(1), (C) & 4 എന്നീ വകുപ്പുകൾപ്രകാരം 17-5-2019-ന് തിരുവനന്തപുരം ക്രൈംബ്രാഞ്ചിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു.

അന്വേഷണത്തിന്റെ സ്വാഭാവിക നടപടിക്രമങ്ങളുടെ ഭാഗമായി പുസ്തകത്തിന്റെ പ്രസാധകരിൽനിന്നും സ്ഥാപനത്തിലെ ബന്ധപ്പെട്ട ജീവനക്കാരിൽനിന്നും മൊഴി രേഖപ്പെടുത്തിയിട്ടുണ്ട്; ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് നോട്ടീസും നൽകിയിട്ടുണ്ട്. പ്രസാധകരുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ ഹനിക്കുന്നതോ വ്രണപ്പെടുത്തുന്നതോ ആയ യാതൊരുവിധ പ്രവർത്തികളും പോലീസിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ. ആർ. രാമചന്ദ്രൻ എം.എൽ.എ.യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണത്തിനായി തഴവ വില്ലേജിലെ 39.5 ആർ പുറമ്പോക്ക് ഭൂമി 6-7-2018-ലെ സർക്കാർ ഉത്തരവുപ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

പ്രസ്തുത സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് ജുഡീഷ്യൽ വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. കരുനാഗപ്പള്ളി തഹസീൽദാർ സമർപ്പിച്ച പ്രൊപ്പോസലിൽ ചില ന്യൂനതകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിച്ച് സ്ഥലത്തിന്റെ സ്കെച്ച്, മഹസ്സർ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ നൽകുന്നതിന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചാലുടൻ കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സർക്കാർ തലത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, മലിനീകരണ തോതനുസരിച്ച് വ്യവസായങ്ങളെയും ഇതര സ്ഥാപനങ്ങളെയും റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ് എന്നീ രീതിയിൽ തരംതിരിച്ചിട്ടുണ്ട്. മലിനീകരണ തോത് ഏറ്റവും കൂടിയവ റെഡ്ഡിലും തീരെ കുറഞ്ഞവ വൈറ്റിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഓറഞ്ച്, ഗ്രീൻ എന്നിവ മലിനീകരണ തോതിൽ മധ്യനില കൈക്കൊള്ളുന്നവയാണ്.

ഓട്ടോമൊബൈൽ സർവ്വീസിംഗ്, റിപ്പയറിംഗ് & പെയിന്റിംഗ് യൂണിറ്റുകളെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (CPCB), ഓറഞ്ച് കാറ്റഗറിയിൽ പെടുത്തിയിട്ടുള്ളതാണ്. ഇവ ജല മലിനീകരണം ഉണ്ടാക്കുന്നതായും ഹസാർഡസ്

വേസ്റ്റിൽ ഉൾപ്പെടുന്ന, വേസ്റ്റ് ഓയിൽ ഉൽപ്പാദിപ്പിക്കുന്നതായും CPCB വിലയിരുത്തുന്നുണ്ട്. ഇവയിൽ 100 കിലോ ലിറ്ററിൽ കൂടുതൽ മലിനജലം ഉണ്ടാക്കുന്ന യൂണിറ്റുകളെ റെഡ് കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

ഓട്ടോമൊബൈൽ റിപ്പയർ മേഖല ജല, വായു മലിനീകരണം ഉണ്ടാക്കാൻ സാധ്യതയുള്ള യൂണിറ്റുകളിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ Environment (Protection Act) 1986 പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം നിയമപരമായി കരസ്ഥമാക്കേണ്ടതാണ്.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 2006-നുശേഷം 2017 നവംബറിലാണ് കൺസന്റ് ഫീസിൽ ചെറിയ വർദ്ധനവ് വരുത്തിയത്. ഉടൻ ഒരു ഫീസ് വർദ്ധന ബോർഡിന്റെയും സർക്കാരിന്റെയും പരിഗണനയിലില്ല.

അഞ്ചുവർഷത്തെ തുക ഒരുമിച്ച് നൽകണമെന്ന നിബന്ധന ബോർഡോ സംസ്ഥാന സർക്കാരോ അടിച്ചേൽപ്പിച്ചതല്ല. മറ്റ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾ അഞ്ചുവർഷത്തെ സ്ഥാപനാനുമതി പത്രം/ പ്രവർത്തനാനുമതി പത്രം നൽകുന്നതിനാൽ കേരളത്തിലും അതേ രീതി പാലിക്കണമെന്ന കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശം പാലിക്കുകയാണുണ്ടായത്. അഞ്ചുവർഷത്തെ ഫീസ് വാങ്ങി അഞ്ചുവർഷത്തേയ്ക്കാണ് അനുമതിപത്രം നൽകുന്നത്.

ഓട്ടോമൊബൈൽ റിപ്പയർ മേഖലയെയോ മറ്റേതെങ്കിലും മേഖലയെയോ പ്രതികൂലമായി ബാധിക്കുന്ന നിബന്ധനകൾ ഒന്നുംതന്നെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അടിച്ചേൽപ്പിക്കുന്നില്ല.

## ശ്രീ. പി. ടി. എ. റഹീം, എം.എൽ.എ.യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

നിലവിലുള്ള കുന്ദമംഗലം കോടതി കെട്ടിടം അതിന്റെ പൈതൃകസ്വഭാവം നിലനിർത്തിക്കൊണ്ട് നവീകരിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ നൽകിയ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി നൽകിയ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

കോടതി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവിടെ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എം.എൽ.എ.യുടെ സബ്മിഷന് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നൽകിയ മറുപടി

മലപ്പുറം ജില്ലയിൽ വളാഞ്ചേരിയിൽ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പരുത്തി വില്ലേജിൽ 45 സെന്റ് റവന്യൂ പുറമ്പോക്ക് ഭൂമി അഗ്നിരക്ഷ സേവന വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. വളാഞ്ചേരിയിൽ ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിടനിർമ്മാണത്തിനായി വകുപ്പ് മേധാവി ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീ. ഐ. ബി. സതീഷ് എം.എൽ.എ.യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ മറുപടി

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യതയ്ക്കായി വ്യവസായ വകുപ്പിനുവേണ്ടി വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (K-Bip) എന്നിവ സംയുക്തമായി ഓൺലൈൻ വ്യാപാരത്തിനായുള്ള ഒരു സംവിധാനമായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ട് (www.keralasme. Kerala. gov.in/www.keralasme.org/ www.keralasme.com) ഈ വെബ്പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും.

എസ്.എം.ഇ പോർട്ടൽ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ഡീലർമാർ എന്നിവരുമായി ആശയവിനിമയം നടത്തുവാൻ സാധിക്കും. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് അവരുടെ ഉൽപ്പന്നങ്ങളെയും സേവനങ്ങളെയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കും.

എസ്.എം.ഇ. പോർട്ടലിന്റെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഓൺലൈൻ മുഖേന വ്യാപാര ചർച്ചകൾ നടത്തുവാനായി സാധിക്കും.
2. ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള ഡീലർമാരും കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളുമായി ബന്ധിപ്പിക്കുക.
3. സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭങ്ങളെക്കുറിച്ചും അവരുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുമുള്ള വിശദമായ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ഉൾപ്പെടുത്തുന്നു.

4. എസ്.എം.ഇ പോർട്ടലിൽ രജിസ്റ്റർ ചെയ്ത സംരംഭകർക്ക് ഐഡിയും (User ID), പാസ്‌വേർഡും (Password) നൽകും.

5. വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ തരംതിരിച്ചുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കും.

6. സൂക്ഷ്മ-ചെറുകിട, ഇടത്തരം സംരംഭകർക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള വ്യാപാര അന്വേഷണങ്ങൾ അപ്‌ലോഡ് ചെയ്യുവാനുള്ള സൗകര്യം എസ്.എം.ഇ പോർട്ടലിൽ ലഭ്യമാക്കുന്നു.

7. ദേശീയ-അന്തർദ്ദേശീയ തലത്തിൽ നേരിട്ട് ലഭിക്കുന്ന വ്യാപാര അന്വേഷണങ്ങളുടെ വിവരങ്ങൾ എസ്.എം.ഇ പോർട്ടലിൽ ലഭ്യമാകും.

8. ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിവിധ മേഖലകൾ/ഉൽപ്പന്നങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന വ്യാപാര മേളകൾ/എക്സിബിഷനുകൾ എന്നിവയുടെ വിവരങ്ങൾ എസ്.എം.ഇ. പോർട്ടലിൽ ലഭ്യമാക്കും.

9. എസ്.എം.ഇ. പോർട്ടൽ മുഖേന കേരളത്തിലെ ചെറുകിട സംരംഭങ്ങളുടെ നൂതനമായ ഉൽപ്പന്നങ്ങളുടെ സവിശേഷതകളും സാങ്കേതികതയും പ്രദർശിപ്പിക്കുവാൻ സാധിക്കും.

വ്യവസായ വകുപ്പ് രൂപീകരിച്ച ഈ വെബ്‌പോർട്ടൽ സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ-അന്തർദ്ദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമാകും.

കേരളത്തിലെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ സഹകരണത്തോടെ 14 ജില്ലകളിലും എസ്.എം.ഇ പോർട്ടൽ രജിസ്ട്രേഷനായുള്ള ബോധവൽക്കരണ പരിപാടികൾ 2018 മേയ്-ജൂൺ മാസങ്ങളിൽ സംഘടിപ്പിച്ചു. നിലവിൽ ആയിരത്തോളം കമ്പനികൾ ഈ വെബ്‌പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട ഇടത്തരം സംരംഭകരുടെ രജിസ്ട്രേഷൻ നടപടികൾ തുടർന്നുവരുന്നു.

ഈ വെബ് പോർട്ടൽ കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ ഉദ്ദേശിച്ചാണ് ആരംഭിച്ചതെങ്കിലും സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. ബി. സത്യൻ എം.എൽ.എ.യുടെ സബ്മിഷന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ നൽകിയ വിശദമായ മറുപടി

ആറ്റിങ്ങൽ മൂന്നുമുക്കിൽ പ്രവർത്തിച്ചുവരുന്ന സ്റ്റീൽ ഫാക്ടറി തുറന്ന് പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ജില്ലാ വ്യവസായ കേന്ദ്രം പഠനം നടത്തി വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. നിലവിൽ സ്റ്റീൽ ഫാക്ടറി പ്രവർത്തിച്ചിരുന്ന സ്ഥലം ഇന്ത്യാഗവൺമെന്റിന്റെ ഉടമസ്ഥതയിലാണ്. പ്രസ്തുത ഒരേക്കർ സ്ഥലം കേരള ഗവൺമെന്റിന് കൈമാറുകയാണെങ്കിൽ ലൈവ്‌ലിഹുഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്ററും ജില്ലാ വ്യവസായ കേന്ദ്രത്തിന് പരിശീലനത്തിനുള്ള കേന്ദ്രവും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് സമർപ്പിച്ചിട്ടുള്ളത്.

നിലവിൽ കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള പ്രസ്തുത ഭൂമി സംസ്ഥാന സർക്കാരിന് ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി കേന്ദ്ര സർക്കാരിന് 18.-11-2017-ൽ കത്തയച്ചിരുന്നെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള ഭൂമി സംസ്ഥാന സർക്കാരിന് ലഭ്യമായെങ്കിൽ മാത്രമേ സംസ്ഥാന സർക്കാരിന് പ്രസ്തുത സ്ഥലത്ത് ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ മറുപടി

വേളി അമ്യൂസ്മെന്റ് പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കുടിയൊഴിക്കപ്പെട്ട 18 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ടൂറിസം വകുപ്പിന്റെ കൈവശത്തിലുള്ള കടകംപള്ളി വില്ലേജിൽ സർവ്വേ 2796, 2797 എന്നിവയിൽപ്പെട്ട വസ്തു ടൂറിസം വകുപ്പ് നൽകാമെന്ന് സമ്മതിക്കുകയും ആയത് സർവ്വെ ചെയ്ത് ഡീമാർക്കേറ്റ് ചെയ്യുന്നതിന് റവന്യൂ വകുപ്പിനോടാവശ്യപ്പെടുകയുമുണ്ടായി. ആയതിൻ പ്രകാരം രണ്ട് തവണ സർവ്വെ ടീമിനെ അളവിനായി നിയോഗിച്ചെങ്കിലും പ്രസ്തുത വസ്തു സർവ്വെ ചെയ്യുവാൻ കഴിയാത്തവിധം കുറ്റിക്കാട് നിറഞ്ഞ് കാണപ്പെട്ടതിനെ തുടർന്ന് ആയത് സർവ്വെയ്ക്ക് അനുയോജ്യമാക്കി തരുവാൻ ടൂറിസം വകുപ്പിനോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ചില സാങ്കേതിക തടസ്സങ്ങൾ നിലവിലുള്ളതിനാൽ ടി നടപടികൾ റവന്യൂ വകുപ്പ് മുഖേന സ്വീകരിക്കണമെന്നും ആയതിനാവശ്യമായ തുക ടൂറിസം വകുപ്പിൽനിന്നും അനുവദിക്കുന്നതാണെന്നും ടൂറിസം വകുപ്പ് അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. ഉണ്ണി, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ഒറ്റപ്പാലം വില്ലേജിലെ 3.25 ഹെക്ടർ ഭൂമി ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി 3-5-2018-ലെ സ.ഉ. (സാധാ) നമ്പർ 792/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും 4-10-2018-ലെ ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം എൽ.എ.ഒ.-യെ നിയമിച്ചിട്ടുള്ളതുമാണ്.

റോഡിന്റെ അലൈൻമെന്റിനെതിരെ പ്രദേശവാസികളായ 32 പേർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 39213/2018 നമ്പരായി ഫയൽ ചെയ്ത കേസിന്റെ 4-12-2018-ലെ വിധിയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം സർക്കാർ പരിശോധിക്കുകയും ഏറ്റവും ദൈർഘ്യം കുറഞ്ഞതും കെട്ടിടം/കുഴിക്കൂർ ചമയങ്ങളുള്ള സ്ഥലമുടമകളുടെ എണ്ണം കുറവുള്ളതുമായ ഒറ്റപ്പാലം ബൈപ്പാസ് റോഡാണ് ഏറ്റവും അനുയോജ്യമായതെന്ന് കണ്ടെത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 3-6-2019-ലെ സ.ഉ. (സാധാ) 1419/2019/റവ. നമ്പർ ഉത്തരവിൽ പ്രദേശവാസികളുടെ ആവശ്യം നിരസിക്കുകയും 28-6-2019-ലെ സ.ഉ.(സാധാ) നമ്പർ 1676/2019/റവ. പ്രകാരം 2013-ലെ എൽ.എ.ആർ.ആർ. ആക്ടിലെ മാനദണ്ഡങ്ങൾക്കനുസൃതമായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്.

ഡോ. എൻ. ജയരാജ്, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ഉൾപ്പെട്ട ആലപ്ര വനപ്രദേശത്ത് താമസിക്കുന്ന കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് മുന്നോടിയായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളതാണ്. എന്നാൽ ടി വസ്തുക്കൾ ഉൾപ്പെടുന്ന പ്രദേശത്തിന്റെ പ്രമാണപരമായ അവകാശം സ്വകാര്യ വ്യക്തികൾക്ക് ബഹു. കേരള ഹൈക്കോടതി എം.എസ്.എ.1/81 നമ്പർ കേസിന്റെ വിധിപ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ടി വിധിക്കെതിരായി ബഹു. സുപ്രീംകോടതിയിൽ എസ്.എൽ.പി. കേസ് ഫയൽ ചെയ്യുന്നതിനും കേസ് വാദിക്കുന്നതിനുമായി സീനിയർ അഭിഭാഷകൻ അഡ്വക്കേറ്റ് കെ. വി. വിശ്വനാഥനെ ചുമതലപ്പെടുത്തി കൊണ്ട് ജി.ഒ.(ആർ.റ്റി.) നമ്പർ 212/2019/എഫ്& ഡബ്ല്യു.എൽ.ഡി. തീയതി 11-6-2019 നമ്പരായി വനം വകുപ്പ് ഉത്തരവായിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ വനം വകുപ്പിന്റെ അംഗീകാരത്തോടുകൂടി ടി കേസിൽ സുപ്രീംകോടതിയുടെ അന്തിമ വിധിക്കുശേഷം മാത്രമേ പട്ടയം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

കേരള ഭൂപരിഷ്കരണ നിയമത്തിന്റെ 81(1)(ഇ) വകുപ്പ് പ്രകാരം 1-1-1964-ലെ നില അനുസരിച്ച് ഭൂപരിധിയിൽ നിന്നും ഒഴിവാക്കിയ തോട്ടഭൂമി തോട്ടമായി നിലനിർത്തേണ്ടത് നിയമപരമായ ബാധ്യതയാണ്. ഒഴിവ് കിട്ടിയ തോട്ടഭൂമികൾ കൈമാറാമെങ്കിലും തരം മാറ്റാൻ സാധ്യമല്ല. ഇളവ് ലഭിച്ച ഭൂമി തരം മാറ്റിയാൽ അതിനെതിരെ താലൂക്ക് ലാന്റ് ബോർഡ് വീണ്ടും കേസ് എടുക്കണമെന്ന് 87(1) വകുപ്പ് വിശദീകരണം 2-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലമ്പൂർ താലൂക്കിൽ കേരളാ എസ്റ്റേറ്റ് വില്ലേജിൽ ഉൾപ്പെട്ട സ്ഥലം ഇത്തരത്തിൽ തോട്ടഭൂമിയായി ഇളവ് ലഭിച്ച ഭൂമിയാണ്. ഇളവ് ലഭിച്ചതിനുശേഷം ടി ഭൂമികൾ തരംമാറ്റി തുണ്ടുകളാക്കി പലർക്കും കൈമാറ്റം ചെയ്യുകയും അവർ അവിടെ വീടുവച്ച് താമസിക്കുകയും ചെയ്യുന്നു.

ഈ വിഷയം കേരള ഭൂപരിഷ്കരണ നിയമം, സെക്ഷൻ 81-ന്റെ ലംഘനമായതിനാലാണ് പുതുതായി രജിസ്ട്രേഷൻ ചെയ്യുന്ന ഭൂമികളുടെ പോക്കുവരവ് നടത്താതിരുന്നതും കരം സ്വീകരിക്കുവാൻ കഴിയാത്തതും. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ 81-ാം വകുപ്പുപ്രകാരം മിച്ചഭൂമി ഇളവ് നൽകിയിട്ടില്ലാത്ത ഭൂമികളുടെ നികുതി സ്വീകരിക്കുന്നതിന് തടസ്സങ്ങളില്ല.

ശ്രീ. പി. സി. ജോർജ്, എം.എൽ.എ.യുടെ സബ്മിഷന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ നൽകിയ വിശദമായ മറുപടി

മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ മൂന്ന് സെന്റ് മുതൽ നാലും അഞ്ചും ഏക്കർ വരെയുള്ള ഭൂമിയിൽ റീസർവ്വെ നടപടികൾക്കുശേഷം സർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ കരം അടവ് തടസ്സപ്പെടുത്തിയിട്ടില്ലാത്തതാണ്.

ടി വിഷയത്തിൽ സെറ്റിൽമെന്റ് രജിസ്റ്ററിനെ അടിസ്ഥാനമാക്കി റീസർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് പിശകായി ചേർത്തിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് പരിഹരിച്ച് നൽകുന്നതിന് തഹസിൽദാർ (ഭൂരേഖ)ക്ക് പൂർണ്ണ അധികാരമുള്ളതാണ്. റവന്യൂ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ടോ റീസർവ്വെ റെക്കോർഡുകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയതുകൊണ്ടോ അത്തരം ഭൂമികളെല്ലാം 81-ാം വകുപ്പ് പ്രകാരം ഇളവ് നേടിയതായിരിക്കണമെന്നില്ല. എന്തു തന്നെയായാലും ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ റീസർവ്വെ പിശകാണെങ്കിൽ ആയത് ഉടൻ പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ജില്ലയിലെ (ഭൂരേഖ) തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിൻ പ്രകാരം നടപടികൾ നടന്നുവരുന്നതുമാണ്.

ശ്രീ. ടി. വി. ഇബ്രാഹിം, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ വിശദമായ മറുപടി

ചീക്കോട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി ഏകദേശം 100 കോടി രൂപയുടെ ഭരണാനുമതി ലഭിക്കേണ്ടതായിട്ടുണ്ട്. പദ്ധതി നിർദ്ദേശം Rebuild Kerala Initiative (RKI)-യിൽ ഉൾപ്പെടുത്തുവാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്. ഇതിന് ഭരണാനുമതി ലഭിച്ചാൽ നിലവിലുള്ള മലപ്പുറം പ്രോജക്ട് ഡിവിഷൻ മുഖാന്തരം നടപ്പിലാക്കുന്നതാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിൽ പുതിയ പ്രോജക്ട് ഡിവിഷൻ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സ്ഥിതിയും മാനവവിഭവശേഷിയുമില്ല. ഈ സാഹചര്യത്തിൽ നിലവിലെ മാനവവിഭവശേഷി ഉപയോഗപ്പെടുത്തി ചീക്കോട് പദ്ധതിക്കായി പുതിയ പ്രോജക്ട് ഡിവിഷൻ തുടങ്ങുവാൻ കഴിയുന്നതല്ല. ഇതുവരെ ഭരണാനുമതി ലഭിക്കാത്ത പദ്ധതിയുടെ നടത്തിപ്പിനായി പുതിയ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്, എം.എൽ.എ.യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി നൽകിയ വിശദമായ മറുപടി

തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ തിരൂരങ്ങാടി മുനിസിപ്പാലിറ്റിക്കും പരപ്പനങ്ങാടി മുനിസിപ്പാലിറ്റിക്കും നന്നമ്പ്ര പഞ്ചായത്തിനും വേണ്ടിയുള്ള ശുദ്ധജല വിതരണത്തിനായി പുതിയ പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്.

ബാക്കിക്കയം റെഗുലേറ്റർ കം ബ്രിഡ്ജിന് മുകളിലായി സ്രോതസ്സും വെന്നിയൂർ മില്ല്പ്പടിക്ക് സമീപം സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 36 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയും തിരൂരങ്ങാടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉന്നതതല സംഭരണിയും (64 ലക്ഷം ലിറ്റർ കപ്പാസിറ്റി), പരപ്പനങ്ങാടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള ഉന്നതതല സംഭരണിയും (66 ലക്ഷം ലിറ്റർ കപ്പാസിറ്റി), നന്നമ്പ്ര പഞ്ചായത്തിൽ തട്ടത്തല സ്കൂളിന് സമീപം നന്നമ്പ്രയ്ക്ക് വേണ്ടിയുള്ള ഉന്നതതല സംഭരണിയും (20 ലക്ഷം ലിറ്റർ കപ്പാസിറ്റി) ഉൾപ്പെടുന്നതാണ് ഈ പദ്ധതി.

റോ വാട്ടർ പമ്പിംഗ് മെയിൻ ഏകദേശം 3.5 കിലോമീറ്ററും നന്നമ്പ്രയിലേക്കുള്ള ഗ്രാവിറ്റി ട്രാൻസ്മിഷൻ ലൈൻ 11 കിലോമീറ്ററും പരപ്പനങ്ങാടിയിലേക്ക് 10 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനും ആവശ്യമായിവരും. നന്നമ്പ്ര പഞ്ചായത്തിന്റെ സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. തിരൂരങ്ങാടി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളുടെ സർവ്വെ ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. സർവ്വെ ജോലികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.യുടെ സബ്മിഷന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ നൽകിയ മറുപടി

ചടയമംഗലം നിയോജകമണ്ഡലത്തിലെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മാറ്റിടാംപാറയും ഇതിനോട് ചേർന്നുള്ള പ്രകൃതിദത്ത ഗുഹകളും പുരാവസ്തു വകുപ്പ് പരിശോധിച്ച് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം ഉചിതമെന്ന് കാണുന്നപക്ഷം പ്രസ്തുത പാറക്കെട്ടുകളും ഗുഹകളും പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ബഹു. എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് സ്ഥലം സന്ദർശിക്കുന്നതാണ്. അതിനുമുമ്പ് പുരാവസ്തു ഡയറക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് വിലയിരുത്തുന്നതാണ്. റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ, എം.എൽ.എ.യുടെ സബ്മിഷന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ നൽകിയ വിശദമായ മറുപടി

കേരളത്തിൽ ആശാപദ്ധതി 2007-ലാണ് ആരംഭിച്ചത്. സമൂഹത്തെ, പ്രത്യേകിച്ച് ദുർബലവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യസേവനങ്ങളെക്കുറിച്ച് ബോധവത്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

കേരളത്തിൽ 14 ജില്ലകളിലായി നിലവിൽ 22230 പേർ ഗ്രാമപ്രദേശങ്ങളിലും 3650 പേർ നഗരപ്രദേശങ്ങളിലും 454 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26334 പേർ ആശാപ്രവർത്തകരായി പ്രവർത്തിച്ചുവരുന്നു.

വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന ഓണറേറിയവും പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആശാപ്രവർത്തകരുടെ പ്രതിമാസ ഓണറേറിയം പ്രതിമാസം 1,000 രൂപയായിരുന്നു. കൂടാതെ ഫെബ്രുവരി 2016 മുതൽ മേയ് 2016 വരെയുള്ള (4 മാസം) ഓണറേറിയം കുടിശ്ശികയുമായിരുന്നു, പ്രതിമാസം കിട്ടാറുമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ്

1000 രൂപയിൽ നിന്നും 4,500 രൂപയായി പ്രതിമാസ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുള്ളത്. 2016-17 ൽ 1,500 രൂപയായും 2017-18-ൽ 2000 രൂപയായും 2018-19 ൽ 4,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ആശ ഓണറേറിയം 4,000 രൂപയിൽ നിന്ന് 4,500 രൂപയായി ഉയർത്തിയിട്ടുണ്ട്.

ഇത് കൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവനസന്ദർശനങ്ങൾക്ക് പ്രതിമാസം 2,000 രൂപ നിശ്ചിത ഇൻസെന്റീവും നൽകിവരുന്നു. ഇതിനുപുറമെ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1,500 രൂപ മുതൽ 2,000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശാ പ്രവർത്തകർക്ക് ലഭിക്കുന്നുണ്ട്. ഈ വിധത്തിൽ 8,000 രൂപ മുതൽ 8,500 രൂപ വരെ പ്രതിമാസം ആശാ പ്രവർത്തകർക്ക് ലഭിക്കുന്നതാണ്.

ആശാ പ്രവർത്തകരുടെ ഇൻസെന്റീവും ഓണറേറിയവും കാലാനുസൃത മാറ്റങ്ങൾക്ക് വിധേയമാക്കി ആശ സോഫ്റ്റ്വെയർ വഴി അതത് ആശമാരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. ഇത് കൃത്യമായി പ്രതിമാസം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് നൽകുന്ന നിശ്ചിത ഇൻസെന്റീവുകൾ (പ്രതിമാസം 2000 രൂപ)

| | | |
|---|---|---|
| വാർഡിലുള്ള 50 വീടുകളിൽ സന്ദർശനം | 1,000 | പ്രവർത്തനപരിധിയിലെ എല്ലാ വീടുകളും ഒരു നിശ്ചിത കാലയളവിൽ പൂർത്തീകരിക്കും വിധം മാസത്തിൽ 50 വീടുകൾ സന്ദർശിച്ച് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന്. |
| ഗർഭിണികൾ, ഒരുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള വീടുകളിൽ 20 സന്ദർശനം. | 500 | പ്രവർത്തനപരിധിയിലെ ഗർഭിണികൾ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള വീടുകളിൽ സന്ദർശനം നടത്തുന്നതിന് (മാസത്തിൽ 20 വീടുകൾ) |
| ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പിലായ രോഗികളുള്ള വീടുകളിൽ 20 സന്ദർശനം | 500 | പ്രവർത്തനപരിധിയിലെ ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പിലായ രോഗികൾ ഉള്ള വീടുകൾ സന്ദർശനം നടത്തുന്നതിന് (മാസത്തിൽ 20 വീടുകൾ) |

4500 രൂപ പ്രതിമാസ ഓണറേറിയം നൽകുന്നതിനുള്ള 9 മാനദണ്ഡങ്ങൾ

വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക

വാർഡ് അവലോകന യോഗം നടത്തുക

സബ്സെന്റർ അവലോകന യോഗത്തിൽ പങ്കെടുക്കുക

പഞ്ചായത്ത് അവലോകന യോഗത്തിൽ പങ്കെടുക്കുക

ആർദ്രം മിഷന്റെ ഭാഗമായുള്ള ഡ്യൂട്ടി -1 (പി.എച്ച്.സി./സി.എച്ച്.സി.) 500

ആർദ്രം മിഷന്റെ ഭാഗമായുള്ള ഡ്യൂട്ടി -2 (സബ് സെന്റർ)

ഇമ്മ്യൂണൈസേഷൻ ക്ലിനിക്/ANC ക്ലിനിക് ഡ്യൂട്ടി

പാലിയേറ്റീവ് ഹോം കെയർ/NCD സ്ക്രീനിംഗ് ക്യാമ്പ്

ആരോഗ്യസംബന്ധിയായ ക്ലാസ്സ്/ചർച്ച/ആക്ടിവിറ്റി